# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

നാലാം സമ്മേളനം

2022 മാർച്ച് 17, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 187 -നമ്പർ 10

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### നാലാം സമ്മേളനം

2022 മാർച്ച് 17, വ്യാഴം

സ്പീക്കർ
ശ്രീ. എം. ബി. രാജേഷ്

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ

ചീഫ് എഡിറ്റർ
ശ്രീമതി വി. ചെറുപുഷ്പം

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

**ഉള്ളടക്കം** **പേജ്**

I. **ചോദ്യോത്തരങ്ങൾ**

(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**II. തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 3504-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

**III അടിയന്തരപ്രമേയം**

കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധി

- ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

(അവതരണാനുമതി നിഷേധിച്ചു)

**IV. ശ്രദ്ധ ക്ഷണിക്കൽ**

1. നദികളിലെ മണലും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ

- ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

2. ആശ്വാസകിരണം പദ്ധതി ഗുണഭോക്താക്കളും ഹീമോഫീലിയ രോഗികളും നേരിടുന്ന പ്രശ്നങ്ങൾ

- ശ്രീ. നജീബ് കാന്തപുരം

## V. സബ്മിഷൻ

1. ഒഴിവുകൾക്കാനുപാതികമായി പി.എസ്.സി. ലിസ്റ്റ്

- പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ)

2. പേരാമ്പ്രയിലെ ഭൂനികുതി പട്ടയ പ്രശ്നം

- ശ്രീ. ടി. പി. രാമകൃഷ്ണൻ

3. ഷണ്മുഖപുരം കോളനി നിവാസികളുടെ പട്ടയം

- ശ്രീ. ടി. ജെ. വിനോദ്

4. ആക്കുളം കായൽ പുനരുജ്ജീവനവും നീർത്തട സംരക്ഷണവും

- ശ്രീ. കടകംപള്ളി സുരേന്ദ്രൻ

5. പയ്യന്നൂർ നഗരസഭാ കുടിവെള്ള പദ്ധതി

- ശ്രീ. ടി. ഐ. മധുസൂദനൻ

6. ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട്

- ശ്രീമതി കെ. കെ. രമ

7. ചേറ്റുവ ഹാർബർ സബ്ഡിവിഷൻ ഓഫീസ്

- ശ്രീ. വി. ആർ. സുനിൽ കുമാർ

8. മലപ്പുറം കെ.എസ്.ആർ.ടി.സി. ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ്

- ശ്രീ. പി. ഉബൈദുള്ള

9. അരിവാൾ കോശ രോഗികളുടെ പ്രശ്നങ്ങൾ

- ശ്രീ. ഒ. ആർ. കേളു

10. അരുവിക്കരയിലെ ആരോഗ്യ സ്ഥാപനങ്ങളുടെ സമഗ്ര വികസനം

- ശ്രീ. ജി. സ്റ്റീഫൻ

## VI. റിപ്പോർട്ട് സമർപ്പണം

## VII. ധനകാര്യം

2021-2022 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളേയും 2011-2012, 2012-2013, 2013-2014, 2014-2015, 2015-2016 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധികധനാഭ്യർത്ഥനകളേയും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

## VIII നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും

(1) 2022-ലെ കേരള ധനവിനിയോഗ ബിൽ

(2) 2022-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ

(3) 2022-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ

(4) 2022-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ

(5) 2022-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ

(6) 2022-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ

**IX പ്രത്യേക പരാമർശം**

ചങ്ങനാശ്ശേരിയിൽ നടന്ന പോലീസ് അതിക്രമം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ)

**നിയമനിർമ്മാണകാര്യം (തുടർച്ച)**

**അനുബന്ധം I, II & III**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

നാലാം സമ്മേളനം

2022 മാർച്ച് 17, വ്യാഴം


---

വാല്യം 187} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 10

---


നിയമസഭ 2022 മാർച്ച് മാസം 17-ാം തീയതി വ്യാഴാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ *181

### ആഗോള നിക്ഷേപക സംഗമം

1 (*181) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രോണിക്സ്, ഭക്ഷ്യസംസ്കരണം തുടങ്ങിയ വ്യവസായങ്ങൾക്കായുള്ള പാർക്ക് അനുവദിക്കണമെന്നും അങ്ങനെ അനുവദിക്കുമ്പോൾ സംസ്ഥാനത്തെ ഭൂലഭ്യതയിലെ കുറവ് കണക്കിലെടുത്ത് യാഥാർത്ഥ്യബോധത്തോടെയുള്ള സമീപനമുണ്ടാകണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിക്ഷേപകാനുകൂല ഘടകങ്ങൾ സൃഷ്ടിച്ചുകൊണ്ട് ദേശീയ, അന്തർദ്ദേശീയ വ്യവസായികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും തെലങ്കാനയിലും യു.എ.ഇ.യിലും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന നിക്ഷേപക സംഗമങ്ങൾക്ക് മികച്ച പ്രതികരണം ലഭിച്ചിട്ടുണ്ടോയെന്നും

അസെൻഡ്-2020 ആഗോള നിക്ഷേപക സംഗമത്തിൽ ലഭിച്ച വാഗ്ദാനങ്ങൾ നിക്ഷേപമാക്കിത്തീർക്കാൻ വേണ്ട തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) നിക്ഷേപക സൗഹൃദാന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സഹായകരമാകുംവിധം വ്യവസായവുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും വരുത്തേണ്ട മാറ്റം സംബന്ധിച്ച് വിദഗ്ദ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിലെ പ്രധാന ശിപാർശകൾ വെളിപ്പെടുത്താമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ) ഇലക്ട്രോണിക്സ്, ഭക്ഷ്യസംസ്കരണം തുടങ്ങിയ സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് പര്യാപ്തമായ ഭൂമി വ്യവസായ വാണിജ്യ വകുപ്പ്/കെ.എസ്.ഐ.ഡി.സി./കിൻഫ്ര എന്നീ സ്ഥാപനങ്ങളുടെ പാർക്കുകളിൽ നിലവിൽ ലഭ്യമാണ്. കേരളത്തിന്റെ സവിശേഷ സാഹചര്യം പരിഗണിച്ച് കേന്ദ്രപദ്ധതികളിൽ ഭൂമി സംബന്ധിച്ച മാനദണ്ഡം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള മാനദണ്ഡം 200 ഏക്കറിൽ കുറയാതെയുള്ള ഭൂമിയുടെ ലഭ്യതയും കുറഞ്ഞത് 300 കോടി രൂപയുടെ നിക്ഷേപവും എന്നുള്ളതാണ്. എന്നാൽ വടക്ക് കിഴക്കൻ

സംസ്ഥാനങ്ങളിൽ ചില ഇളവുകൾ നൽകിക്കൊണ്ട് ഭൂമിയുടെ ലഭ്യത കുറഞ്ഞത് 100 ഏക്കറും കുറഞ്ഞ നിക്ഷേപം 150 കോടി രൂപയുമായി മാറ്റിയിട്ടുണ്ട്. ഇതേ മാനദണ്ഡത്തിന്റെ അടിസ്ഥാനം കേരളത്തിലും ബാധകമാക്കണമെന്നാണ് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്.

(ബി) സംസ്ഥാനത്തെ വ്യവസായ നിക്ഷേപ അന്തരീക്ഷം മെച്ചപ്പെടുത്താനും വ്യവസായികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാനുമുതകുന്ന ഒട്ടനവധി പദ്ധതികൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ തുടക്കംകുറിച്ചിരുന്നു. 2018-ൽ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം സർക്കാർ കൊണ്ടുവരികയുണ്ടായി. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ അതതു വകുപ്പുകൾ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ ലഭ്യമാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. മേൽ വിവരിച്ച പ്രകാരം അപേക്ഷയിന്മേൽ പരമാവധി 30 ദിവസത്തിനുള്ളിൽ എല്ലാ അനുമതികളും ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം

ഏർപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം 2019-ൽ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം സംസ്ഥാന സർക്കാർ പാസ്സാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ. നിർവ്വചനമനുസരിച്ച് 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്ത എം.എസ്.എം.ഇ. ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്.

വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ച് നടത്താനും അനാവശ്യ പരിശോധനകൾ ഒഴിവാക്കാനുംവേണ്ടി ഒരു ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം (Centralised Inspection System) രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനുംവേണ്ടി നിയമ പിന്തുണയുള്ള ഒരു പരാതി പരിഹാര കമ്മിറ്റി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും രൂപീകരിച്ചിട്ടുണ്ട്. 2022 സംരംഭക വർഷമായി ആചരിക്കാനും അതിന്റെ ഭാഗമായി ഈ വർഷംതന്നെ സംസ്ഥാനത്ത് ഒരു ലക്ഷം സ്ഥാപനങ്ങൾ പ്രവർത്തനമാരംഭിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വ്യവസായ സാധ്യതകളെ തുറന്നുകാട്ടുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ മാസം തെലങ്കാനയിൽ സംഘടിപ്പിച്ച ഇൻവെസ്റ്റ്മെന്റ് റോഡ് ഷോയിൽ തെലങ്കാനയിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന കമ്പനികളുടെയും വാണിജ്യ-വ്യവസായ അസോസിയേഷനുകളുടെയും മുപ്പതോളം ക്ഷണിക്കപ്പെട്ട പ്രതിനിധികൾ

പങ്കെടുക്കുകയുണ്ടായി. പ്രസ്തുത ഇൻവെസ്റ്റ്മെന്റ് റോഡ് ഷോയിൽ ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങളും മറ്റ് വിശദാംശങ്ങളും സർക്കാർതലത്തിൽ വിലയിരുത്തിവരുന്നു. ദുബായ് എക്സ്പോയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് പ്രതിനിധികളും യു.എ.ഇ.-യിൽ നടത്തിയ നിക്ഷേപ സംഗമത്തിന്റെ വിശദവിവരങ്ങൾ തയ്യാറാക്കാൻ വ്യവസായ വകുപ്പിന്റെ ഏജൻസിയായ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്)-നെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. രണ്ട് കമ്പനികൾ സ്ഥലം സന്ദർശിച്ച് ഇതിനകംതന്നെ തുടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അസെൻഡ്-2020 ആഗോള നിക്ഷേപക സംഗമത്തിൽ സമർപ്പിക്കപ്പെട്ട പദ്ധതികളെ വിലയിരുത്തി അവയിൽ സാധ്യമായവയുടെ തുടർപ്രവർത്തനങ്ങൾക്കായി കെ.എസ്.ഐ.ഡി.സി, കിൻഫ്ര, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് എന്നിവയിലെ ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർമാരാക്കി നിയമിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളിലെ തുടർനടപടികൾ ഏകോപിപ്പിക്കാൻ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ യോഗങ്ങൾ നടത്തിവരുന്നുണ്ട്. ഇതിൽ 808 കോടി രൂപയുടെ മൊത്തനിക്ഷേപമുള്ള 31 പദ്ധതികൾ നടപ്പാക്കാൻ

സാധിച്ചിട്ടുണ്ട്. കൂടാതെ 9345 കോടി രൂപയുടെ മൊത്തനിക്ഷേപമുള്ള 53 പദ്ധതികളുടെ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരികയാണ്. വിവിധ കാരണങ്ങളാൽ 27 പദ്ധതി നിർദ്ദേശങ്ങൾ ഉപേക്ഷിക്കുകയും 37 പദ്ധതികളിലെ തുടർനടപടികൾ തൽക്കാലത്തേയ്ക്ക് നിർത്തിവയ്ക്കുകയും ചെയ്തിരിക്കുന്നു.

(സി) സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഒട്ടേറെ വ്യവസ്ഥകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇവ ഒഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗങ്ങൾ നിർദേശിക്കാനും ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിരുന്നു. വ്യവസായ സമൂഹവും വിവിധ വ്യവസായ അസോസിയേഷനുകളുമായും കൂടിയാലോചനകൾ നടത്തി അവരുടെ പരാതികളും നിർദ്ദേശങ്ങളും സ്വീകരിച്ച്, പ്രസക്തമായ എല്ലാ നിയമങ്ങളുടെയും ചട്ടങ്ങളുടെയും സൂക്ഷ്മ വിശകലനം നടത്തി, അവയിൽ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് പ്രസ്തുത കമ്മിറ്റി സർക്കാരിലേയ്ക്ക്

സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ വിലയിരുത്തിവരികയാണ്.

ശ്രീ. എം. രാജഗോപാലൻ: സർ, ലോക വ്യാവസായിക ഭൂപടത്തിലേയ്ക്ക് കേരളത്തെ കൈപിടിച്ചുയർത്താൻ കേരള സർക്കാർ നടത്തുന്ന ശ്രമങ്ങൾ ശ്ലാഘനീയമാണ്. കോവിഡ് കാലത്തുപോലും ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന് കൂടുതൽ വിശ്വാസ്യതയുണ്ടാകുന്നുവെന്നത് അഭിമാനകരമാണ്. വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ 2022-23 സംരംഭക വർഷമായി ആചരിക്കുന്നതിനെക്കുറിച്ചും പദ്ധതികളെക്കുറിച്ചും സൂചിപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ പ്രവാസികൾക്കായി എന്തെങ്കിലും പ്രത്യേക ബോധവൽക്കരണ പരിപാടികൾ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ എന്തൊക്കെയാണ്?

ശ്രീ. പി. രാജീവ്: സർ, വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ 2022-23 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ സംബന്ധിച്ച് ഇതിനകംതന്നെ ആലോചിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണം, സഹകരണം, കൃഷി, ടൂറിസം, മൃഗസംരക്ഷണം തുടങ്ങി വിവിധ

വകുപ്പുമന്ത്രിമാരുമായുള്ള സെക്രട്ടറിതല, മന്ത്രിതല ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ വിപുലമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനോടകംതന്നെ ആറ് ഹാൻഡ്ബുക്കുകൾ തയ്യാറാക്കി. കേരളത്തിലെ മുഴുവൻ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാരുടെയും മുനിസിപ്പൽ ചെയർമാൻമാരുടെയും കോർപ്പറേഷൻ സെക്രട്ടറിമാരുടെയും യോഗം ചേരുകയുണ്ടായി. അതിൽ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും പങ്കെടുത്തിരുന്നു. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി പങ്കെടുത്തുകൊണ്ട് സഹകരണ ബാങ്ക് പ്രസിഡന്റ്/സെക്രട്ടറിമാരുടെ സംസ്ഥാനതല യോഗം ചേരുകയുണ്ടായി. ഈ സമ്മേളനത്തിന്റെ ഭാഗമായി ബഹുമാന്യരായ എം.എൽ.എ.മാരുടെ ഒരു യോഗവും ചേരണമെന്നാണ് കരുതിയിരുന്നത്. എന്നാൽ അതിന് കഴിയാതെപോയി; അടുത്ത സെഷനിൽ അത് സംഘടിപ്പിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ട്രേഡ് യൂണിയനുകളും വളരെ ക്രിയാത്മകമായ പിന്തുണയാണ് വാഗ്ദാനം ചെയ്തിട്ടുള്ളത്. ഈ പ്രവർത്തനങ്ങളിൽ ഹാൻഡ്ഹോൾഡ് സർവ്വീസ് നൽകാനായി സംസ്ഥാനതലത്തിൽ ഓരോ പഞ്ചായത്തിലും ഇന്റേണുകളെ തെരഞ്ഞെടുക്കാൻ തീരുമാനിച്ചു. എം.ബി.എ. പാസ്സായ 1115 ഇന്റേണുകളെ

തെരഞ്ഞെടുക്കാൻ സി.എം.ഡി. വഴി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇവരെ പഞ്ചായത്ത് കേന്ദ്രീകരിച്ച് ടാർജറ്റ് നിശ്ചയിച്ചുകൊടുക്കുന്നുണ്ട്. അതോടൊപ്പം ഓരോ പഞ്ചായത്തിന്റെയും മുനിസിപ്പാലിറ്റിയുടെയും കൈവശമുള്ള ഭൂമി സംബന്ധിച്ച് വിശദമായ പഠനം നടത്തി ഒരു കൈപ്പുസ്തകവും തയ്യാറാക്കിയിട്ടുണ്ട്. 167.74 ഏക്കർ ഭൂമി പഞ്ചായത്ത്/മുനിസിപ്പാലിറ്റികളുടെ കൈവശമുണ്ട്. സൊസൈറ്റികളുടെ കൈവശമുള്ള ഭൂമിയുടെ കണക്കും ബ്ലോക്ക് തിരിച്ച് തയ്യാറാക്കിയിട്ടുണ്ട്. പി.എസ്.യു.കളുടെ കൈവശമുള്ളതും ഉപയോഗയോഗ്യമായതുമായ 222 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. കിൻഫ്രയുമായി ചേർന്ന് എസ്.പി.വി. രൂപീകരിക്കാനുള്ള പദ്ധതിയും നേരത്തെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയും നടപ്പാക്കാൻ ശ്രമിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി പി.എസ്.യു.കളുടെ യോഗം വിളിച്ചിട്ടുണ്ട്. കൂടാതെ സി.പി.എസ്.ഇ. (സെൻട്രൽ പബ്ലിക് സെക്ടർ എന്റർപ്രൈസസ്)-കളുടെ യോഗവും ചേരുന്നുണ്ട്. ഗവേഷണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവയുമായി ചേർന്നുള്ള പ്രവർത്തനങ്ങളും ആലോചിച്ചുവരുന്നുണ്ട്. ഓരോ നിയോജകമണ്ഡലത്തിലെയും പ്രവർത്തനങ്ങൾക്ക് ബഹുമാന്യരായ

എം.എൽ.എ.മാർക്കൂടി നേതൃത്വം നൽകിയാൽ ഈ ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ശ്രീ. എം. രാജഗോപാലൻ: സർ, സംസ്ഥാനത്തിന്റെ വ്യാവസായിക പുരോഗതിക്കായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ഒരു ലക്ഷം സംരംഭക പദ്ധതിക്കായി പിന്തുണ നൽകുന്നതിനുപകരം പലപ്പോഴും ബാങ്കുകളിൽനിന്ന് നിഷേധാത്മക സമീപനമാണുണ്ടാകുന്നത്. നിലവിലെ പൊതുമേഖലാ ബാങ്കുകളുടെ സി.ഡി. റേഷ്യോ കുറയുന്നതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, ഇത് വളരെ ഗൗരവമായൊരു ചോദ്യമാണ്. കേന്ദ്ര ഗവൺമെന്റ് വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഹിതവും കുറയുന്ന കാര്യം ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. നിലവിൽ ദേശീയതലത്തിലുള്ള സി.ഡി. റേഷ്യോ (credit-deposit ratio) 71 ശതമാനമാണ്. 2020-ൽ കേരളത്തിന്റെ സി.ഡി. റേഷ്യോ 65.2 ശതമാനമായിരുന്നു. 2021-ൽ ഇത് 62.3 ശതമാനമായി വീണ്ടും താഴുകയാണ് ചെയ്തത്. തമിഴ്നാട്ടിൽ ഈ വർഷത്തെ സി.ഡി. റേഷ്യോ 101.7 ശതമാനവും തെലങ്കാനയിൽ കഴിഞ്ഞ വർഷം 103.6

ശതമാനവുമായിരുന്നു; ഇപ്പോൾ 93.2 ശതമാനമാണ്. ആന്ധ്രാപ്രദേശിൽ സി.ഡി. റേഷ്യോ 131.5 ശതമാനമാണ്. ഇതിനേക്കാൾ ഗൗരവമായി കാണേണ്ട വിഷയമാണ് കേരളത്തിലെ ബാങ്കുകളായി പരിഗണിക്കുന്ന ചില ബാങ്കുകളുടെ സി.ഡി. റേഷ്യോ. ഉദാഹരണത്തിന് കാത്തലിക് സിറിയൻ ബാങ്കിന്റെ സി.ഡി. റേഷ്യോ 38.43 ശതമാനം മാത്രമാണ്. ഫെഡറൽ ബാങ്കിന്റെയും സൗത്ത് ഇന്ത്യൻ ബാങ്കിന്റെയും സി.ഡി. റേഷ്യോ യഥാക്രമം 41.59%, 52.17% എന്നിങ്ങനെയാണ്. കേരളത്തിന് ഒരു ബാങ്കുണ്ടായിരുന്നു, എസ്.ബി.ടി.; അതിനെ എസ്.ബി.ഐ.യിൽ ലയിപ്പിക്കുന്നതിനെതിരെ കേരള സർക്കാർ നിലപാട് സ്വീകരിച്ചിരുന്നുവെങ്കിലും അതിനെ എസ്.ബി.ഐ.യിൽ ലയിപ്പിച്ചു. ഇപ്പോൾ എസ്.ബി.ഐ.യുടെ സി.ഡി. റേഷ്യോ കേവലം 50 ശതമാനമാണ്. എന്നാൽ കേരളത്തിൽ അധികം ഡെപ്പോസിറ്റില്ലാത്ത ബാങ്ക് ഓഫ് മഹാരാഷ്ട്രയുടെ സി.ഡി. റേഷ്യോ 328 ശതമാനമാണ്. ബാങ്കുകളുടെ ഈ സമീപനം വളരെ ഗൗരവമായി കാണേണ്ടതാണ്. കാനറാ ബാങ്ക് ലീഡ് ബാങ്ക് എന്ന നിലയിൽ ചില സമീപനങ്ങൾ സ്വീകരിച്ചിട്ടുണ്ട്. അവരുടെ സി.ഡി. റേഷ്യോ 93.14 ശതമാനമായി. ഈ പ്രശ്നം State Level Bankers' Committee (SLBC)-ൽ

അവതരിപ്പിക്കുന്നതിൽ മന്ത്രിയെന്ന നിലയിൽ ഞാൻതന്നെ പങ്കെടുക്കുകയുണ്ടായി. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും കാർഷിക മേഖലയിലെ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിന് ആ യോഗത്തിൽ പങ്കെടുത്തിരുന്നു. കശുവണ്ടി ഫാക്ടറികളുടെ കാര്യത്തിൽ 500 കോടി രൂപവരെ എഴുതിത്തള്ളാൻ കാനറാ ബാങ്ക് തയ്യാറായി. എന്നാൽ കേരളത്തിന്റേതാണെന്ന് കരുതപ്പെടുന്ന ഈ ബാങ്കുകൾ അങ്ങനെയൊരു സമീപനം സ്വീകരിക്കുന്നില്ല. കേരളം ഒറ്റക്കെട്ടായി ഇത് നേരിടണം. ഒരു ഘട്ടത്തിൽ നമ്മളെല്ലാവരും ഒരു രാഷ്ട്രീയ പ്രശ്നമായി ഇത് ഏറ്റെടുത്തിരുന്നു. അതേ ഗൗരവത്തിൽ ഈ പ്രശ്നം ഇപ്പോൾ ഏറ്റെടുക്കേണ്ടതുണ്ട്. അതോടൊപ്പം വായ്പയ്ക്കായി ബാങ്കുകളെ സമീപിക്കുന്നവരെ എങ്ങനെയെങ്കിലും ഒഴിവാക്കിവിടുന്ന രീതിയുണ്ടെന്ന് ചിലയിടങ്ങളിൽനിന്ന് പരാതികൾ വരുന്നുണ്ട്. അത്തരം കാര്യങ്ങളും ഗൗരവമായിത്തന്നെ കാണേണ്ടതുണ്ട്.

ശ്രീ. പി. ടി. എ. റഹീം: സർ, 'മീറ്റ് ദ ഇൻവെസ്റ്റർ' എന്ന നൂതന ആശയം നടപ്പാക്കുന്നതിന്റെ ഭാഗമായി വ്യവസായ രംഗത്തുണ്ടായ പുരോഗതിയും ഇതുമൂലം സംസ്ഥാനത്തുണ്ടായ നിക്ഷേപത്തിന്റെ പുരോഗതിയും വിലയിരുത്തുകയും 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്

സൂചികയിൽ കേരളത്തിന്റെ സ്ഥാനമുയർത്താൻ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ?

<u>ശ്രീ. പി. രാജീവ്</u>: സർ, നിക്ഷേപം ആകർഷിക്കുന്നതിനുവേണ്ടി ഗവൺമെന്റ് 'മീറ്റ് ദ മിനിസ്റ്റർ', 'മീറ്റ് ദ ഇൻവെസ്റ്റർ' എന്നീ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. 'മീറ്റ് ദ മിനിസ്റ്റർ' പരിപാടിയുടെ ഭാഗമായി പ്രധാനമായും അദാലത്തുകളാണ് സംഘടിപ്പിച്ചത്. മൂന്ന് ജില്ലകളൊഴികെയുള്ള എല്ലാ ജില്ലകളിലും അത്തരം പരിപാടി പൂർത്തീകരിച്ചു. 'മീറ്റ് ദ ഇൻവെസ്റ്റർ' പരിപാടിയുടെ ഭാഗമായി നിരവധി സ്ഥാപനങ്ങൾക്ക് നേരിട്ട് അവരുടെ പദ്ധതികൾ അവതരിപ്പിക്കാനുള്ള അവസരമാണ് നൽകിയത്. മന്ത്രിയോടൊപ്പം പ്രിൻസിപ്പൽ സെക്രട്ടറിമാർ, കെ.എസ്.ഐ.ഡി.സി. എം.ഡി., കിൻഫ്ര എം.ഡി., ഇൻഡസ്ട്രീസ് ഡയറക്ടർ തുടങ്ങിയവരെല്ലാം ചേർന്ന് ഇവരുടെ പ്രോജക്ട് കേൾക്കുകയും അവർ ഗവൺമെന്റിൽനിന്നും ആഗ്രഹിക്കുന്നത് എന്താണെന്നത് സംബന്ധിച്ച് അവതരിപ്പിക്കാൻ അവസരം നൽകുകയും ഇരുകൂട്ടരും തമ്മിൽ ചർച്ച ചെയ്ത് പ്രോജക്ട് മുന്നോട്ടുകൊണ്ടുപോകാവുന്നതാണെന്ന ധാരണയിലെത്തിയാൽ ഏതെങ്കിലും വകുപ്പിലെ മുതിർന്ന ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയമിക്കുകയുമാണ് ചെയ്യുന്നത്. ഇതിനകം 16 ഇൻവെസ്റ്റർമാരുമായി ചർച്ച

ചെയ്ത് 6380 കോടി രൂപയുടെ നിക്ഷേപ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അതിലെ ഓരോ കമ്പനിയുടെയും പേര് ഞാൻ പറയുന്നില്ല. ഇക്കാര്യത്തിൽ നല്ല രീതിയിലുള്ള ഇടപെടലുണ്ടായിട്ടുണ്ട്. ദുബായ് എക്സ്പോയുടെ ഭാഗമായി ഇൻവെസ്റ്റർമാരുമായി മീറ്റിംഗ് നടന്നിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ദുബായ് സന്ദർശനം ഏറെ ഫലപ്രദമായിരുന്നു. വളരെ ചുരുങ്ങിയ ദിവസത്തെ സന്ദർശനമായിരുന്നെങ്കിലും ദുബായ്, അബുദാബി ഉൾപ്പെടെയുള്ള എമിറേറ്റ്സിലെ ഓരോ ഭരണാധികാരിയെയും കാണാൻ കഴിഞ്ഞു. ഔദ്യോഗികവും ഔപചാരികവും എന്നതിനപ്പുറം വളരെ വൈകാരികമായ സ്വീകരണമാണ് ബഹുമാന്യനായ മുഖ്യമന്ത്രിക്ക് ഭരണാധികാരികൾ നൽകിയത്. അത് കേരളത്തോടുള്ള അംഗീകാരമായിത്തന്നെയാണ് നമ്മൾ കാണുന്നത്. ഇതിന്റെ ഭാഗമായി അബുദാബി ചേംബർ ഓഫ് കോമേഴ്സ് & ഇൻഡസ്ട്രി, ഇന്ത്യൻ ബിസിനസ്സ് & പ്രൊഫഷണൽ ഗ്രൂപ്പ്, ഇന്ത്യൻ ബിസിനസ്സ് & പ്രൊഫഷണൽ കൗൺസിൽ എന്നിവരുമായി ആശയവിനിമം നടത്തി. അതോടൊപ്പം one to one ആയ മീറ്റുകളും നടത്തുകയുണ്ടായി. ഇതിന്റെ ഫോളോഅപ്പിനുവേണ്ടിയുള്ള ഒരു സംവിധാനം ഇപ്പോൾ ഉണ്ടാക്കിയിട്ടുണ്ട്. രണ്ട് ഇൻവെസ്റ്റർമാർ ഇതിനകംതന്നെ വന്നു.

ഈ ചുരുങ്ങിയ സമയത്തിനുള്ളിൽത്തന്നെ ഒരു ഇൻവെസ്റ്റർക്ക് അങ്കമാലിയിൽ ഭൂമി അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് നൽകാൻ കഴിഞ്ഞിട്ടുണ്ട്. മറ്റൊരു ഇൻവെസ്റ്റർ ഇവിടെ വന്ന് സ്ഥലംകണ്ടു, അക്കാര്യത്തിലാവശ്യമായ തുടർനടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. പ്രേംകുമാർ: സർ, വ്യവസായ രംഗത്ത് വൻ കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിക്കാൻ തീരുമാനിച്ച കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയിൽ എല്ലാ മേഖലയിലുമുള്ള വ്യവസായ സംരംഭങ്ങൾക്ക് ക്ലസ്റ്ററുകളായി പ്രവർത്തിക്കാൻ സാധിക്കുകവഴി സംസ്ഥാനത്തിന് വലിയ തോതിലുള്ള വ്യവസായ നിക്ഷേപം ആകർഷിക്കാൻ സാധിക്കും. സംസ്ഥാനത്തിന്റെ വ്യാവസായിക പുരോഗതി പതിന്മടങ്ങ് വർദ്ധിപ്പിക്കാനുതകുന്ന ഈ പദ്ധതിക്കായി സ്ഥലമേറ്റെടുക്കുന്ന നടപടി സമയപരിധിക്കുള്ളിൽത്തന്നെ പൂർത്തിയാക്കാൻ സാധിക്കുമോ?

ശ്രീ. പി. രാജീവ്: സർ, കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായ സ്ഥലമേറ്റെടുക്കലിന്റെ കാര്യത്തിൽ കേരളം പുതിയൊരു ചരിത്രം സൃഷ്ടിക്കാൻ പോകുകയാണ്. 2021 മാർച്ച് മാസം അവസാനം നടപടിക്രമങ്ങൾ ആരംഭിക്കുകയും ഡിസംബർ മാസത്തോടെ ആദ്യഘട്ട

സ്ഥലമേറ്റെടുക്കൽ നടപടികൾ തുടങ്ങുകയും ചെയ്തു. പ്രസ്തുത പദ്ധതിക്കായി പാലക്കാട്ടും അയ്യമ്പുഴയിലുമായി 2135 ഏക്കർ ഭൂമി ഏറ്റെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ മേയ് മാസത്തോടുകൂടി പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ഭൂമിയുടെ 87 ശതമാനം അതായത് 1867 ഏക്കർ ഏറ്റെടുക്കുന്നതിനാവശ്യമായ നടപടി പൂർത്തിയാക്കി ഗവൺമെന്റിലേയ്ക്ക് കൈവശാവകാശം എത്തിച്ചേരുന്നതിന്റെ ഭാഗമായി പാലക്കാട് ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ (IMC) രൂപീകരിക്കാനും അയ്യമ്പുഴയിൽ ഗിഫ്റ്റ് (ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആൻഡ് ട്രേഡ്) സിറ്റി പദ്ധതിയുമാണ് ഉദ്ദേശിക്കുന്നത്. ഇന്റർനാഷണൽ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷനുകളെല്ലാം 'ഗിഫ്റ്റ്'-ന്റെ ഭാഗമായി കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അവർക്ക് പ്രത്യേക പരിഗണനകൾ നൽകിക്കൊണ്ട് ഇന്റർനാഷണൽ ജൂറിസ്ഡിക്ഷനനുസരിച്ച് ഗിഫ്റ്റ് സിറ്റിയിൽ പ്രവർത്തിക്കാമെന്നുള്ള വ്യവസ്ഥകൾ വരും. ഐ.ടി. മേഖല, ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് തുടങ്ങിയവയടക്കമുള്ള പരിസ്ഥിതി സൗഹൃദമായ സ്ഥാപനങ്ങളാണ് ഗിഫ്റ്റ് സിറ്റിയുടെ ഭാഗമായി ആരംഭിക്കുന്നത്. ഈ പദ്ധതി നമ്മുടെ വ്യവസായ മേഖലയുടെ കുതിച്ചുചാട്ടത്തിന് സഹായകരമായിരിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ശ്രീമതി ദെലീമ: സർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ ആധുനികവൽക്കരണം, വൈവിദ്ധ്യവൽക്കരണം, പുനരുജ്ജീവനം എന്നിവ മുൻനിർത്തി സർക്കാർ ആവിഷ്കരിച്ച മാസ്റ്റർ പ്ലാനുകളുടെ പുരോഗതി വ്യക്തമാക്കാമോ; അരൂർ മേഖലയിൽ മലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, രണ്ട് ചോദ്യങ്ങളാണുള്ളത്. അതിൽ പി.എസ്.യു.-വിനെ സംബന്ധിച്ച് നേരത്തെ വ്യക്തമാക്കിയിട്ടുള്ളതാണ്. മാസ്റ്റർ പ്ലാനുകൾ സബ്മിറ്റ് ചെയ്യുകയും വിദഗ്ദ്ധ സമിതി പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനത്തിന്റെയും ട്രേഡ് യൂണിയനുകളുമായും മാനേജ്മെന്റ് സ്റ്റാഫിന്റെ സംഘടനകളുമായും ചർച്ച ചെയ്ത് അവസാനരൂപം നൽകി. റിയാബിൽ ഇത് നടപ്പാക്കുന്നതിന് പ്രത്യേകമായ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു.) രൂപീകരിക്കുകയും പൊതുമേഖലയിലും സ്വകാര്യ മേഖലയിലും നല്ല എക്സ്പീരിയൻസുള്ള ഒരു ആളിനെ അതിന്റെ ചുമതലകൾ വഹിക്കുന്നതിന് നിശ്ചയിക്കുകയും ചെയ്തു. ഏഴ് മേഖലകളിൽ ഇപ്പോൾ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനുള്ള വിദഗ്ദ്ധരെ നിശ്ചയിച്ചുകൊണ്ടിരിക്കുകയാണ്. സമയബന്ധിതമായി ഈ പദ്ധതി

നടപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ കെ.എം.എം.എൽ.-ന്റെ ലാഭം 300 കോടി രൂപയിലേയ്ക്കെത്തുകയാണ്. ചരിത്രത്തിലെ ഏറ്റവും വലിയ ലാഭമാണിത്. കേരളത്തിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്ക് പരിശോധിച്ചപ്പോൾ ലാഭകരമാകുന്നുവെന്നതാണ് ആവേശകരമായ ചിത്രം. അതോടൊപ്പം പൊതുമേഖല സ്ഥാപനങ്ങളുടെ റിക്രൂട്ട്മെന്റ് ബോർഡിന്റെയും നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുപോലെ പി.എസ്.യു.-വിന്റെ സ്ഥലംകൂടി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പ്രത്യേകമായ സംവിധാനം ഇതിന്റെ ഭാഗമായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതുപോലെ എല്ലാ സ്ഥലങ്ങളിലും മാനദണ്ഡങ്ങൾക്കനുസരിച്ച് മാലിന്യ സംസ്കരണ സംവിധാനങ്ങൾ കൊണ്ടുവരാനും എല്ലാ വ്യവസായ പാർക്കുകളെയും ഇന്റർനാഷണൽ മാനദണ്ഡങ്ങൾക്കനുസരിച്ച് മാറ്റാനുമുള്ള ഒരു ബൃഹത് പദ്ധതിക്ക് സർക്കാർ രൂപം നൽകുന്നുണ്ടെന്ന കാര്യവും സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

<u>മി. സ്പീക്കർ</u>: ഇരുപത് അംഗങ്ങൾ ഉപചോദ്യത്തിന് അവസരം തേടിയിട്ടുണ്ട്. ഈ സഭാസമ്മേളനത്തിൽ ഇതുവരെയും അവസരം ലഭിക്കാത്തതിൽ പ്രസ്തുത അംഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരെ പരിഗണിച്ചതിനുശേഷം മാത്രമേ മറ്റംഗങ്ങളെ പരിഗണിക്കുകയുള്ളൂ. ഇനി പുതിയതായി റിക്വസ്റ്റ് ചെയ്യുന്നവരെ ഇതിൽ പരിഗണിക്കില്ല.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഈ വർഷത്തെ ബഡ്ജറ്റിലെ ശ്രദ്ധേയമായ ഒരു പ്രഖ്യാപനമാണ് ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ. അത് സ്വകാര്യ സംരംഭകർക്ക് സ്ഥലസൗകര്യവും സാങ്കേതിക സഹായവും നൽകുന്ന ഒരു നിർദ്ദേശമാണ്. എന്റെ നിയോജകമണ്ഡലത്തിലെ കേരള സിറാമിക്സ് ലിമിറ്റഡ്, കെൽ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കിനാവശ്യമായ സ്ഥലലഭ്യതയും സൗകര്യങ്ങളുമുണ്ട്. അതുകൊണ്ട് അവിടെ പ്രസ്തുത പാർക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ഓരോ ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കിലും 25000 മുതൽ 50000 വരെ ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു കെട്ടിടവും അടിസ്ഥാന വ്യാവസായിക സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള പുതിയൊരു സംവിധാനമാണിത്. അവിടെയുള്ള പൊതുമേഖലാ

സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ഇത് ബാധിക്കുന്നില്ല. വേണമെങ്കിൽ ബാക്ക്‌വേഡ് എക്സ്റ്റൻഷനാകാം; വ്യവസായത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ അവിടെ നിർമ്മിക്കുകയോ പ്രോഡക്ടിന്റെ വാല്യു അഡീഷന് ഈ സംവിധാനം ഉപയോഗപ്പെടുത്തുകയോ ചെയ്യാം. പ്രസ്തുത പദ്ധതിക്ക് 200 കോടി രൂപ കോർപ്പസ് ഫണ്ടായി വകയിരുത്തുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു പൈലറ്റ് പദ്ധതിയെന്ന നിലയിൽ അങ്ങയുടെ ജില്ലയിലെ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലാണ് ഇത് നടപ്പാക്കുന്നത്. കുണ്ടറയിലെ കേരള സിറാമിക്സ് ലിമിറ്റഡിൽ പത്ത് ഏക്കർ സ്ഥലവും കൊല്ലത്ത് അലിൻഡിൽ എട്ട് ഏക്കർ സ്ഥലവും ലഭ്യമാണ്. അലിൻഡിന് കുറച്ച് സാങ്കേതിക പ്രശ്നങ്ങളുണ്ടെന്ന് നിങ്ങൾക്കെല്ലാവർക്കും അറിയാം. ഇതുമായി ബന്ധപ്പെട്ട് കുണ്ടറയിൽ കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ 40 ഏക്കർ സ്ഥലവും പുനലൂർ മുനിസിപ്പാലിറ്റിയിൽ കേരള അഗ്രോ ഫ്രൂട്ട് പ്രോഡക്ട്സിന്റെ രണ്ട് ഏക്കർ സ്ഥലവും ചവറയിൽ KMML (Kerala Minerals and Metals Limited)-ന്റെ 38 ഏക്കർ സ്ഥലവും ലഭ്യമാണ്. കൊല്ലത്ത് ലഭ്യമായ സ്ഥലങ്ങളെല്ലാം സർക്കാർ പരിശോധിച്ചിട്ടുണ്ട്. പൈലറ്റ് പദ്ധതി വിജയകരമായാൽ മറ്റുസ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കാം.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, Micro, Small & Medium Enterprises (MSME)-ൽ സർവ്വീസ് സെക്ടറിന് പ്രത്യേകിച്ച് ഒരാനുകൂല്യവും നൽകുന്നില്ല. എന്തൊക്കെ നിർമ്മിച്ചാലും അതിന് സർവ്വീസ് വളരെ അത്യാവശ്യമാണ്. നിരവധി പേർ പ്രവർത്തിക്കുന്ന വലിയൊരു മേഖലയാണത്. ആദ്യം അതിന് സബ്സിഡി നൽകിയിരുന്നു. പക്ഷേ ഇപ്പോൾ നൽകുന്നില്ല. അതുകൊണ്ട് സബ്സിഡി പുനഃസ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, കേന്ദ്രസർക്കാരിന്റെ നിർവ്വചനമനുസരിച്ച് 50 കോടി രൂപവരെ നിക്ഷേപമുള്ള സംരംഭങ്ങൾ ഇപ്പോൾ എം.എസ്.എം.ഇ.-യിൽ ഉൾപ്പെട്ടിട്ടുണ്ട്. സർവ്വീസ്, മാനുഫാക്ചറിംഗ് തുടങ്ങിയവയെല്ലാംതന്നെ ഇതിന്റെ ഭാഗമായിട്ടാണ് വരുന്നത്. ഇവിടെ ചൂണ്ടിക്കാണിച്ച സർവ്വീസ് മേഖലയിലെ കാര്യങ്ങൾ ഗവൺമെന്റ് പരിശോധിക്കാം. യഥാർത്ഥത്തിൽ ഈ പ്രതിസന്ധി ഘട്ടത്തിലും എം.എസ്.എം.ഇ.കളുടെ കാര്യത്തിൽ നല്ല രീതിയിലുള്ള മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നതാണ് വസ്തുത. 2021 മേയ് മാസം മുതൽ ഇതുവരെയുള്ള കണക്കെടുത്താൽ 12443 പുതിയ എം.എസ്.എം.ഇ. യൂണിറ്റുകൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്. രണ്ട് ഗവൺമെന്റുകളുടെയുംകൂടി

കണക്കെടുത്താൽ ഏകദേശം 69,138 എം.എസ്.എം.ഇ. സംരംഭങ്ങളാണ് കേരളത്തിൽ ആരംഭിച്ചിട്ടുള്ളത്. കൂടാതെ ഒരു ലക്ഷം സംരംഭക പദ്ധതിയിൽ സർവ്വീസ് മേഖലയിലുള്ള സംരംഭങ്ങളെക്കൂടി പ്രോത്സാഹിപ്പിക്കാനാവശ്യമായ നടപടികൾ ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഇന്നലെ ബഡ്ജറ്റ് ചർച്ചയുടെ മറുപടിയിൽ, കൃഷിക്കാരെ വിദേശരാജ്യങ്ങളിലേയ്ക്ക് ട്രെയിനിംഗിന് അയയ്ക്കുന്നുവെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. അത് വളരെ നല്ല കാര്യമാണ്. അതുപോലെതന്നെ ഏറ്റവും കൂടുതൽ സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസുള്ളത് ചൈനയിലാണെന്നതുകൊണ്ട് സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസിന്റെ നിർമ്മാതാക്കളെ/ഓണേഴ്സിനെ ചൈനയിൽ അയച്ച് ട്രെയിനിംഗ് നൽകാൻ അങ്ങ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, അദ്ദേഹം ഈ മേഖലയിൽ വളരെ പരിചയസമ്പന്നനായ അംഗമാണ്. ഞങ്ങൾ ദുബായിൽ പോയപ്പോൾ കേരളത്തിൽനിന്നും FICCI (Federation of Indian Chambers of Commerce & Industry)-യുടെ പ്രതിനിധികൾ സ്വന്തം ചെലവിൽ അവിടെ

എത്തുകയും ആശയവിനിമയങ്ങളിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. മറ്റ് സ്ഥലങ്ങളിലും ആവശ്യമാണെങ്കിൽ പുതിയ സാങ്കേതികവിദ്യ, മാനേജ്മെന്റ് രീതികൾ, വിപണന രീതി തുടങ്ങിയവയൊക്കെ പരിചയപ്പെടുന്നതിന് ഇത്തരം സംഘടനകളുമായി ചർച്ച ചെയ്യുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

ശ്രീ. പ്രമോദ് നാരായൺ: സർ, മടങ്ങിവരുന്ന പ്രവാസികളെ കേരളത്തിലെ സംരംഭകത്വത്തിൽ പങ്കാളികളാക്കാൻ വകുപ്പ് നടത്തുന്ന ശ്രമങ്ങളെ അഭിനന്ദിക്കുകയാണ്. സംരംഭം ആരംഭിക്കുമ്പോഴുണ്ടാകുന്ന സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ തുടർന്നും ലഭ്യമാക്കാൻ പലപ്പോഴും നമുക്ക് കഴിയാത്തതിനാൽ പിന്നീട് വരുന്ന വെല്ലുവിളികളെ അതിജീവിക്കാൻ അവർ പ്രയാസപ്പെടുന്നു. അതുകൊണ്ട് ചുരുങ്ങിയത് മൂന്ന് വർഷമെങ്കിലും പ്രവാസി സംരംഭങ്ങളെ സ്റ്റാർട്ടപ് സംരംഭങ്ങളായി പരിഗണിച്ച് വിപണിയിൽനിന്നും അല്ലാതെയുമുണ്ടാകുന്ന വെല്ലുവിളികളെ അതിജീവിക്കാനാവശ്യമായ പരിരക്ഷ നൽകുമോ?

ശ്രീ. പി. രാജീവ്: സർ, പൊതുവായ നിർവ്വചനങ്ങൾക്കകത്തുനിന്നാണ് നമുക്ക് സ്റ്റാർട്ടപ്പുകൾ കൈകാര്യം ചെയ്യാൻ കഴിയുന്നത്. തിരിച്ചുവന്ന

പ്രവാസികളിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകുന്നതോടൊപ്പം നോർക്കയുമായി ചേർന്ന് ഈ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. പ്രവാസികൾക്കുൾപ്പെടെ സംരംഭകത്വത്തിന്റെ തുടക്കത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി എല്ലാ വ്യവസായ കേന്ദ്രങ്ങളും ഫെസിലിറ്റേഷൻ കേന്ദ്രങ്ങളാക്കി മാറ്റുന്നതോടൊപ്പം ജില്ലാതലത്തിൽ ടെക്നോളജി ക്ലിനിക്കുകളും ആരംഭിക്കുന്നുണ്ട്. ഏതെങ്കിലുമൊരു വ്യവസായത്തിന് തുടക്കത്തിൽത്തന്നെ മാനേജ്മെന്റ്, മാർക്കറ്റിംഗ്, ടെക്നോളജി എന്നിവയുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നമുണ്ടാകുമ്പോൾ ഈ ക്ലിനിക്കിനെ സമീപിച്ചാൽ അവർ പരിശോധിച്ച് വേണ്ട നിർദ്ദേശം നൽകും. കൂടാതെ ഓരോ മേഖലയിലും ലഭ്യമായ വിദഗ്ദ്ധർ, റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകൾ, മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവരുൾപ്പെടുന്ന വിദഗ്ദ്ധ സംഘത്തിന്റെ പാനൽ തയ്യാറാക്കിയിട്ടുണ്ട്. അവരെയും സമീപിക്കാവുന്നതാണ്. ഈ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമുള്ള റെമ്യൂണറേഷൻ സർക്കാർ നൽകുന്നതാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, അങ്ങും മുഖ്യമന്ത്രിയും നടത്തിയ ദുബായ് സന്ദർശനം ഫലപ്രദമായിരുന്നുവെന്ന് പറഞ്ഞു. എന്നാൽ 2019-ൽ

മുഖ്യമന്ത്രിയുടെ ജപ്പാൻ, കൊറിയ സന്ദർശനത്തിൽ നിരവധി കമ്പനികളുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ നീറ്റാ ജലാറ്റിൻ കമ്പനി 200 കോടി രൂപയുടെയും ടെറുമോ പെൻപോൾ 105 കോടി രൂപയുടെയും തോഷിബ ഉൾപ്പെടെയുള്ള മറ്റ് പല കമ്പനികളും പദ്ധതികൾ ആരംഭിക്കുമെന്നും ജപ്പാനിലെ 5 മേയർമാർ കേരളം സന്ദർശിക്കുമെന്നും പറഞ്ഞിരുന്നു. നീറ്റാ ജലാറ്റിൻ, ടെറുമോ പെൻപോൾ, തോഷിബ എന്നീ കമ്പനികളുടെ പദ്ധതികൾ ഏതുവരെയായി എന്ന് പറയാൻ കഴിയുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ദുബായ് എക്സ്പോ വിജയകരമായിരുന്നുവെന്നതിൽ അങ്ങേയ്ക്കും തർക്കമില്ല. അതിനുമുമ്പുള്ള സന്ദർശനത്തെ സംബന്ധിച്ചാണ് ഇവിടെ പറഞ്ഞത്. അതിൽ ഒരു ഭാഗം പറഞ്ഞത് ശരിയാണ്. നമ്മുടെ സന്ദർശനത്തിനുശേഷം ആരും പ്രതീക്ഷിക്കാത്ത ചില കാര്യങ്ങൾ ലോകത്ത് സംഭവിച്ചു. കോവിഡ് മഹാമാരി വന്നതോടുകൂടി അങ്ങോട്ടുമിങ്ങോട്ടുമുള്ള യാത്രകൾ അസാധ്യമായി. അങ്ങ് സൂചിപ്പിച്ച സന്ദർശനം നടന്നില്ലെങ്കിലും ഇന്ത്യ-ജപ്പാൻ കൊമേഴ്സ് അസോസിയേഷന്റെ കൊച്ചിയിലെ ആസ്ഥാനത്തുപോയി ഞാൻ തന്നെ സംസാരിച്ചു. അതിനുശേഷം ജപ്പാൻ പ്രതിനിധികൾ, ഗവൺമെന്റ് പ്രതിനിധികൾ, മേയർ എന്നിവരുമായി ഞങ്ങൾ ഓൺലൈനിൽ

ആശയവിനിമയം നടത്തി. മീറ്റ് ദ ഇൻവെസ്റ്റർ പരിപാടിയുടെ ഭാഗമായി നീറ്റാ ജലാറ്റിൻ കമ്പനിയുമായും ചർച്ച നടത്തി. ഭൂമിയുമായി ബന്ധപ്പെട്ടുള്ള ചെറിയ പ്രശ്നം കൂടി പരിഹരിച്ചാൽ അവർ ഇൻവെസ്റ്റ് ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുപോലെതന്നെ, അങ്ങ് പരാമർശിച്ച മെഡിക്കൽ ഡിവൈസസുമായി ബന്ധപ്പെട്ട കമ്പനിയുമായും ആശയവിനിമയം നടക്കുന്നുണ്ട്. അതിന് നമ്മൾ ഉദ്ദേശിച്ച വേഗതയിൽ പോകുന്നതിന് നിലവിലെ സാഹചര്യങ്ങൾ പരിമിതി സൃഷ്ടിച്ചിട്ടുണ്ടെങ്കിലും അത് തുടരുന്നതിനാവശ്യമായ സംവിധാനം ഇപ്പോൾ വകുപ്പിൽ ഒരുക്കിയിട്ടുണ്ട്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, അങ്ങയുടെ നേതൃത്വത്തിൽ വ്യവസായ വകുപ്പിന് വ്യവസായ സൗഹൃദാന്തരീക്ഷം ശക്തിപ്പെടുത്തി മുന്നോട്ടുപോകാൻ സാധിച്ചിട്ടുണ്ട്. ആയിരക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന റബ്ബർ അടക്കമുള്ള പരമ്പരാഗത തോട്ടം മേഖല, ഇറക്കുമതിയുടെയും വിലയിടിവിന്റെയുമൊക്കെ അടിസ്ഥാനത്തിൽ വലിയ പ്രതിസന്ധി നേരിടുന്ന ഈ തോട്ടം മേഖലയെ സംരക്ഷിക്കുന്നതിന് റബ്ബർ അധിഷ്ഠിത വ്യവസായങ്ങളെ പരിപോഷിപ്പിക്കാനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങളൊരുക്കുന്നതിന് നമുക്ക് സാധിക്കണം. ഇതുസംബന്ധിച്ച് ഒരു ആലോചന നടത്തി നമ്മുടെ

പ്ലാന്റേഷൻ മേഖലയെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മി. സ്പീക്കർ: പത്രം വായന സംബന്ധിച്ച ചട്ടം ഇന്നലെയും സഭയിൽ ഓർമ്മിപ്പിച്ചു. അത് നഗ്നമായി ലംഘിക്കുന്നത് ശരിയല്ല. ഇനി പ്രത്യേകം പേരെടുത്ത് പറയേണ്ടിവരും. പത്രം വായിക്കുമ്പോൾ ചെയർ കാണാതിരിക്കാനെങ്കിലും ശ്രദ്ധിക്കണമെന്ന് ഇന്നലെ പറഞ്ഞിരുന്നു.

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം പ്ലാന്റേഷൻ മേഖലയുമായി നല്ല പരിചയവും ബന്ധവുമുള്ള ആളാണ്. ബഡ്ജറ്റിലൂൾപ്പെടെ പ്രസ്തുത മേഖലയിൽ മാറ്റം വരുത്താൻ സാധിക്കുന്ന പ്രഖ്യാപനങ്ങളാണ് നടത്തിയിരിക്കുന്നത്. നിശ്ചിത ശതമാനം ഭൂമി മറ്റ് വിളകൾക്കുകൂടി വിനിയോഗിക്കാമെന്ന പ്രഖ്യാപനമുണ്ടായപ്പോൾ പല മേഖലകളിൽനിന്നും പല ആശയക്കുഴപ്പങ്ങളും വരികയുണ്ടായി. നമ്മുടെ രാജ്യത്ത് നിലവിലുള്ള ഭൂപരിഷ്കരണ നിയമത്തിൽത്തന്നെ ഇതിനുള്ള വകുപ്പുണ്ട്. ഇതുമായി ബന്ധപ്പെട്ട് 2005-ൽ കേരള നിയമസഭ നിയമം പാസ്സാക്കുകയുണ്ടായി. 2012-ലെ ആറാമത്തെ നിയമമായി പ്രസിഡന്റ് അത് അംഗീകരിച്ചിട്ടുമുണ്ട്. 5 ശതമാനം ഭൂമി വാനില, മെഡിക്കൽ പ്ലാന്റ്സ്, ഫലവർഗ്ഗങ്ങൾ തുടങ്ങിയ കൃഷികൾക്കും ടൂറിസത്തിനും വിനിയോഗിക്കാൻ നിലവിലുള്ള ഭൂപരിഷ്കരണ

നിയമത്തിൽ കൃത്യമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഭൂപരിഷ്കരണ നിയമത്തിൽ ഒരു തരത്തിലുള്ള മാറ്റത്തിന്റെയും ആവശ്യമില്ല. നിലവിലുള്ള നിയമമനുസരിച്ചുതന്നെ ഇത്തരം കാര്യങ്ങൾ ചെയ്യാൻ കഴിയുമെങ്കിലും അത് ശരിയായി ഉപയോഗിക്കാൻ നമുക്കൊരു സംവിധാനമില്ല. പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. അത് വന്നുകഴിഞ്ഞാൽ ഈ ഉത്തരവാദിത്വം ഏറ്റെടുക്കും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ റബ്ബർ മേഖലയിലെ മൂല്യവർദ്ധനവിനുവേണ്ടി റബ്ബർ കമ്പനി രൂപീകരിക്കുകയും മുൻ ഐ.എ.എസ്. ഉദ്യോഗസ്ഥയായ ശ്രീമതി ഷീലാ തോമസിനെ സി.എം.ഡി. ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്. കോട്ടയം ജില്ലയിൽ 24-ാം തീയതി റബ്ബർ മേഖലയിലെ സ്റ്റേക്ക് ഹോൾഡേഴ്സിന്റെ യോഗം ചേരുന്നുണ്ട്. 2022-2023 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഇതിനായി 10 കോടി രൂപ വകയിരുത്തിയ ധനകാര്യ വകുപ്പുമന്ത്രിക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. അതിവേഗത്തിൽത്തന്നെ അത് ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, വ്യവസായ സാദ്ധ്യതകളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി അങ്ങ് ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ യോഗം വിളിച്ചിരുന്നു. അതിന്റെ പ്രോഗ്രസ് എന്തായി എന്നെനിക്കറിയില്ല.

എന്റെ നിയോജകമണ്ഡലത്തിലെ എടരിക്കോടുള്ള രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളാണ് കെൽ-ഉം സ്പിന്നിംഗ് മില്ലും. അവിടെ കുറെ സ്ഥലം ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത സ്ഥലം പരമാവധി ഉപയോഗപ്പെടുത്തി വ്യവസായ സ്ഥാപനം ആരംഭിക്കാനായി എന്തെങ്കിലും ചർച്ച നടന്നിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, ഇക്കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ആശയവിനിമയ ചർച്ചകളിൽ വളരെ ക്രിയാത്മകമായ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ ഇതുസംബന്ധിച്ച് പഠനം ആരംഭിച്ചിരുന്നു. മലപ്പുറം ജില്ലയിൽ കെൽട്രോണിന്റെ കൈവശമുള്ള മൂന്നര ഏക്കർ സ്ഥലവും കെൽട്രോൺ ടൂൾ റൂം-കം-ട്രെയിനിംഗ് സെന്ററിന്റെ അഞ്ചേക്കർ സ്ഥലവും ഉപയോഗിക്കാൻ കഴിയാവുന്ന രൂപത്തിലുണ്ട്. ടെക്സ്റ്റൈൽ മില്ലിന്റെ സ്ഥലവും പരിഗണിക്കുന്നുണ്ട്. ടെക്സ്റ്റൈൽ രംഗത്ത് ഇപ്പോൾ നമുക്ക് വലിയ മുന്നേറ്റമാണുണ്ടായിട്ടുള്ളത്. ആദ്യമായി ആറ് ടെക്സ്റ്റൈൽ മില്ലുകൾ ലാഭത്തിലാക്കാൻ സാധിച്ചു. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ഭൂമിയും നേരത്തെ സൂചിപ്പിച്ച പദ്ധതിയുടെ ഭാഗമായി ക്രിയാത്മകമായി വിനിയോഗിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കും. അവിടെ പ്രവാസി സംരംഭകർ നല്ലരീതിയിൽ സഹകരിക്കുന്നതിന് ബഹുമാനപ്പെട്ട

എം.എൽ.എ.-മാർ മുൻകയ്യെടുത്തിട്ടുണ്ട്. വകുപ്പ് അത് ഉപയോഗിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ജി. സ്റ്റീഫൻ: സർ, വ്യവസായ മേഖലയുമായി ബന്ധപ്പെട്ട് നടത്തിവരുന്ന 'മീറ്റ് ദ മിനിസ്റ്റർ' പ്രോഗ്രാമിന് മികച്ച പ്രതികരണമാണ് ലഭിച്ചുവരുന്നത്. ജില്ലകൾതോറും നടത്തിവരുന്ന ഈ പരിപാടി എല്ലാവർഷവും നടപ്പാക്കാനും നിയോജകമണ്ഡലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി യഥാർത്ഥത്തിൽ ഒരുഘട്ടം കൊണ്ടുതന്നെ അവസാനിക്കേണ്ടതായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി നേരിട്ടുപോയി ഓരോ തർക്കങ്ങളും പരിഹരിക്കുകയെന്നത് ആ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്നുള്ളതിന്റെ തെളിവുകൂടിയാണ്. മന്ത്രിയെന്ന നിലയിൽ ഞാൻ പോയാലും ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാൻ മാത്രമേ സാധിക്കൂ. അതുകൊണ്ട് ഇപ്പോൾ സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് അഡ്രസ് മെക്കാനിസം രൂപീകരിച്ചിട്ടുണ്ട്. അതിന് നിയമങ്ങളും ചട്ടങ്ങളുമായിട്ടുണ്ട്. തീരുമാനം നടപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് ഒരു ദിവസത്തേയ്ക്ക് 250/- രൂപ മുതൽ 10,000/- രൂപ വരെ ഫൈൻ ഈടാക്കാനുള്ള അധികാരവും ഡിപ്പാർട്ട്മെന്റൽ

ഡിസിപ്ലിനറി ആക്ഷൻ ശിപാർശ ചെയ്യാനുള്ള അധികാരവും ഈ സംവിധാനത്തിന് നൽകിയിട്ടുണ്ട്. സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് അഡ്രസ് മെക്കാനിസം നിലവിൽ വന്നാൽ മന്ത്രിമാർ ഇത്തരം കാര്യങ്ങളിൽ ഇടപെടേണ്ടേതില്ലെന്ന സാഹചര്യം വരുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ: സർ, പാലക്കാട് കോച്ച് ഫാക്ടറിക്കുവേണ്ടിയുള്ള സ്ഥലമേറ്റെടുത്ത് കേന്ദ്ര സർക്കാരിന് കൈമാറിയിട്ട് വർഷങ്ങളായി. പക്ഷേ ഇതുവരെയും കോച്ച് ഫാക്ടറി ആരംഭിക്കുന്നത് സംബന്ധിച്ച ഒരു സൂചനയുമില്ല. പ്രസ്തുത സ്ഥലം എങ്ങനെയെങ്കിലും തിരിച്ചെടുത്ത് അവിടെ വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായതോ മറ്റേതെങ്കിലും തരത്തിലുള്ളതോ ആയ വ്യവസായം ആരംഭിക്കാനോ അങ്കമാലിയിലെ ഗിഫ്റ്റ് സിറ്റി മാതൃകയിൽ അത് ഉപയോഗപ്പെടുത്തുന്നതിനോ കഴിയുമോ? കോയമ്പത്തൂരിലെ ഐ.ടി. പാർക്കുകളിൽ എല്ലാ മൾട്ടി നാഷണൽ കമ്പനികൾക്കും കാമ്പസുണ്ട്. ഇന്നലെ ബഡ്ജറ്റിൽ ഐ.ടി. പാർക്കിന്റെ പ്രഖ്യാപനമുണ്ടായി. പാലക്കാടുള്ള ഈ സ്ഥലങ്ങളുപയോഗിച്ച് നമുക്ക് പുതിയൊരു ഐ.ടി. പാർക്കുൾപ്പെടെയുള്ള സംവിധാനങ്ങൾ എന്തുകൊണ്ട് പ്രൊപ്പോസ് ചെയ്തുകൂടാ; ഇതുസംബന്ധിച്ച് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാന്യനായ അംഗം ഉന്നയിച്ചത് വളരെ ഗൗരവമായ കാര്യമാണ്. ബഹുമാന്യനായ സ്പീക്കർ പാർലമെന്റ് അംഗമായിരുന്നപ്പോൾ സ്ഥിരം ഉന്നയിച്ചിരുന്ന വിഷയമാണ് കോച്ച് ഫാക്ടറിയുടേത്. നെടുമ്പാശ്ശേരിയിൽ ഒരു റെയിൽവേ സ്റ്റേഷനുവേണ്ടി ഇ. അഹമ്മദ് സഹമന്ത്രിയും ഞാൻ എം.പി.-യും ആയിരുന്നപ്പോൾ അദ്ദേഹത്തോടൊപ്പം പോയി തറക്കല്ലിട്ടതാണ്. ഇപ്പോൾ കല്ലുപോലും എവിടെയാണെന്നറിയില്ല. ഇതാണ് റെയിൽവേ പൊതുവേ കേരളത്തോട് സ്വീകരിച്ചുകൊണ്ടിരിക്കുന്ന സമീപനം.

<u>മി. സ്പീക്കർ</u>: കോച്ച് ഫാക്ടറിയുടെ സ്ഥലം ഇപ്പോൾ റെയിൽവേയുടെ കൈവശമാണ്.

<u>ശ്രീ. പി. രാജീവ്</u>: സർ, ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൊടുത്തുകഴിഞ്ഞതിനാൽ അവർ വിട്ടുതന്നാൽ മാത്രമേ ഇത്തരം കാര്യങ്ങളെക്കുറിച്ച് ആലോചിക്കാൻ കഴിയൂ. നമ്മൾ ഏറ്റെടുത്ത് സൗജന്യമായി കൈമാറിയ ഭൂമിക്കുതന്നെ കമ്പോളവില നൽകിയാൽ തിരിച്ചുനൽകാമെന്ന സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പ്രസ്തുത സ്ഥലം എങ്ങനെ വിനിയോഗിക്കാമെന്നുള്ളത് സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ

ശ്രദ്ധയിൽപ്പെടുത്താം.

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, വ്യവസായ രംഗത്ത് പുത്തനുണർവ് പകർന്നുകൊണ്ട് സർക്കാരും വ്യവസായ വകുപ്പുമന്ത്രിയും മുന്നോട്ടുപോകുകയാണ്. അങ്ങ് കണ്ണൂരിൽ മീറ്റ് ദ മിനിസ്റ്റർ പരിപാടിയിൽ പങ്കെടുത്തുകൊണ്ട് കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ 506 ഏക്കർ ഭൂമി കിൻഫ്ര ഏറ്റെടുക്കുന്നതിന്റെ നടപടികൾ വേഗത്തിലാക്കുമെന്ന് പറഞ്ഞു. എന്നാൽ പദ്ധതി ആരംഭിച്ച് രണ്ട് വർഷമായിട്ടും ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ കൊണ്ടുവന്ന പദ്ധതിയാണ്. കിൻഫ്രയിൽ ഒരു ഫുഡ് പാർക്ക് ആരംഭിക്കാനും പുത്തൻ സംരംഭം തുടങ്ങുന്ന പ്രവാസികളടക്കമുള്ളവർക്ക് വിവിധ ലൈസൻസുകൾക്കായി പ്രത്യേകിച്ച് പഞ്ചായത്ത്/ മുനിസിപ്പാലിറ്റിയിലൊക്കെ പോയാലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഒരു ഏകജാലക സംവിധാനം കൊണ്ടുവരാനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, നിലവിൽ കിൻഫ്രയുടെ എല്ലാ പാർക്കുകളിലും ഏകജാലക സംവിധാനമുണ്ട്. കെ-സ്വിഫ്റ്റ് വഴി ഓൺലൈനായാണ് എല്ലാം ചെയ്യുന്നതെങ്കിലും പഞ്ചായത്തിലെ ചില ഉദ്യോഗസ്ഥർ മുഖാമുഖം

കാണണമെന്ന് നിർബന്ധം പിടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടപ്പോൾ വകുപ്പുമന്ത്രിയും ഇടപെട്ടിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പ്രക്രിയ വേഗത്തിലാണ് നടപ്പാക്കുന്നത്. ബഹുമാന്യനായ അംഗം പറഞ്ഞ കാര്യം സംബന്ധിച്ച് അവിടെ ചർച്ച ചെയ്തിരുന്നു. നിയമപരമായി നമുക്ക് വേറെ പ്രശ്നങ്ങളൊന്നുമില്ലെങ്കിലും എല്ലാവരുമായി ചർച്ച ചെയ്താണ് എങ്ങനെ ഇത് വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയെന്ന് പ്ലാൻ ചെയ്യുന്നത്. മട്ടന്നൂരിലുള്ള സ്ഥലമേറ്റെടുക്കൽ പ്രക്രിയയ്ക്ക് മീറ്റ് ദ മിനിസ്റ്റർ പരിപാടിക്കുശേഷം വേഗത വന്നിട്ടുണ്ട്. ഞാൻ മനസ്സിലാക്കിയിടത്തോളം ഇന്നലെ അതിന്റെ തുടർനടപടികളുള്ള തീരുമാനവുമായിട്ടുണ്ട്. വളരെവേഗം അത് പൂർത്തീകരിക്കാം. ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ എപ്പോഴും ചോദിച്ചുകൊണ്ടിരിക്കുന്നൊരു പ്രശ്നമാണ്. കണ്ണൂർ ജില്ലയുടെ പൊതുവായൊരു വികാരമായാണ് ആ പ്രശ്നം രണ്ടുപേരും ശ്രദ്ധയിൽപ്പെടുത്തുന്നത്. അത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ജോയി: സർ, സ്വകാര്യ പാർക്കുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2017-ൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നെങ്കിലും ആയത് പ്രായോഗികതലത്തിൽ നടപ്പാക്കുന്നതിന് തടസ്സങ്ങളുള്ളതായി

മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ നിലവിലുള്ള തടസ്സങ്ങൾ ഒഴിവാക്കി സ്വകാര്യ മേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, നിലവിലുള്ള സാഹചര്യമെന്താണെന്ന് വേണ്ടത്ര മനസ്സിലാക്കാതെ മാധ്യമങ്ങളും പല ആളുകളും ചിലപ്പോൾ വിമർശനങ്ങൾ ഉന്നയിക്കുന്നതാണ് പൊതുവായ പ്രശ്നം. സ്വകാര്യ വ്യവസായ പാർക്കുകൾ എന്നത് നമ്മുടെ പുതിയ നയമേയല്ല. ഇതുസംബന്ധിച്ച് 2017 ജൂൺ മാസം 20-നുതന്നെ സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. അതുപ്രകാരം എന്തെല്ലാമാണ് വ്യവസ്ഥകൾ; എങ്ങനെ അപേക്ഷിക്കാം; അപേക്ഷിക്കാനുള്ള ഫോർമാറ്റ് എന്നിവയുൾപ്പെടെയുണ്ട്. 2017 മുതൽ 'സ്വകാര്യ വ്യവസായ പാർക്ക്' കേരള ഗവൺമെന്റിന്റെ നയമാണെങ്കിലും അതിലെ ചില വ്യവസ്ഥകൾ കാരണം പ്രായോഗികമാക്കാൻ കഴിഞ്ഞിട്ടില്ല. അപേക്ഷകൾ ലഭിച്ചുവെങ്കിലും ഒന്നിനും അംഗീകാരം നൽകാനും കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അതിവേഗത്തിൽ സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനാവശ്യമായ മാറ്റങ്ങൾ സർക്കാർ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. വൈകാതെതന്നെ അത് പ്രഖ്യാപിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ

2 (*182) ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പൊതുജനങ്ങൾക്കുകൂടി ഉപയോഗപ്രദമാകുംവിധം സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യാപാര വ്യവസായ സമുച്ചയങ്ങളിൽ പേ ആൻഡ് ചാർജ് അടിസ്ഥാനത്തിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇ-മൊബിലിറ്റി നയം കൊണ്ടുവരുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) എംപാനൽ ചെയ്ത വാഹന നിർമ്മാതാക്കളിൽനിന്ന് ഇലക്ട്രിക് വാഹനങ്ങൾ വിലകുറച്ച് വാങ്ങുന്നതിന് പൊതുജനങ്ങൾക്ക് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കുറഞ്ഞ ചെലവിൽ ഇലക്ട്രിക് ഓട്ടോറിക്ഷകൾ വാങ്ങുന്നതിന്

ഓട്ടോറിക്ഷ ഡ്രൈവർമാർക്ക് എനർജി മാനേജ്മെന്റ് സെന്റർ സഹായം നൽകുന്നുണ്ടോ; വിശദമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, (എ) ഉണ്ട്. പെട്രോൾ വില വർദ്ധനവുമൂലമുള്ള പ്രയാസം ഗണ്യമായി കുറയ്ക്കുക, പരിസ്ഥിതി മലിനീകരണം ലഘൂകരിക്കുക, ഊർജ്ജ സുരക്ഷ ഉറപ്പാക്കുക തുടങ്ങിയ സുപ്രധാനമായ, അടുത്ത തലമുറയെവരെ സ്വാധീനിക്കുന്ന വൻലക്ഷ്യങ്ങൾ മുന്നിൽക്കണ്ട് വൈദ്യുതി വാഹനങ്ങൾക്ക് സർക്കാർ അതീവ പ്രാധാന്യം നൽകിവരുന്നു. വൈദ്യുതി വാഹനങ്ങളുടെ ഉപയോഗത്തിനും വിപണിയുടെ ഉണർവ്വിനും സുപ്രധാനമായ പങ്ക് വഹിക്കേണ്ടത് ചാർജ്ജിംഗ് സംവിധാനങ്ങളുടെ പര്യാപ്തതയാണ്. കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-നെയാണ് നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. കെ.എസ്.ഇ.ബി.എൽ. ഇപ്രകാരം ഇ-മൊബിലിറ്റി ഇക്കോ സിസ്റ്റം വികസിപ്പിക്കുന്നതിന് സംസ്ഥാനത്തുടനീളം വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ശൃംഖല പടുത്തുയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രാരംഭ ഘട്ടമായി ആറ് ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം സ്ഥലത്ത്

വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 07-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തു. ഏതാനും മാസങ്ങൾക്കുള്ളിൽ എല്ലാ ജില്ലകളിലുമായി 56 സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതോടൊപ്പം ഇലക്ട്രിക് ഓട്ടോറിക്ഷകൾക്കും ഇരുചക്ര വാഹനങ്ങൾക്കുമായി കേരളത്തിലുടനീളം 1150 പോൾ മൗണ്ട് ചാർജ്ജിംഗ് സ്റ്റേഷനുകൾ, സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. 6 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. പൊതുജനങ്ങൾക്കുകൂടി ഉപയോഗപ്രദമാകുംവിധം സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യാപാര വ്യവസായ സമുച്ചയങ്ങൾ എന്നിവിടങ്ങളിൽ പേ ആൻഡ് ചാർജ് അടിസ്ഥാനത്തിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനോടൊപ്പം വൈദ്യുതി വകുപ്പിനുകീഴിലുള്ള അനെർട്ട് മുഖേന ഇലക്ട്രിക് കാറുകൾ ചാർജ് ചെയ്യുന്നതിനായി ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും നടപ്പാക്കിവരുന്നു. പൊതുജനങ്ങൾക്കുകൂടി ഉപയോഗപ്രദമാകുംവിധം സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യാപാര വ്യവസായ സമുച്ചയങ്ങൾ എന്നിവിടങ്ങളിൽ പേ ആൻഡ് ചാർജ് അടിസ്ഥാനത്തിൽ

ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുസ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രകാരം 10 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. 6 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. ഹോട്ടലുകളും മാളുകളും ഉൾപ്പെടെ സ്വകാര്യ മേഖലയിൽ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്നതിനുള്ള പദ്ധതി പ്രകാരം 4 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. ദേശീയപാത, എം.സി. റോഡ്, മറ്റ് പ്രധാന റോഡുകൾ എന്നിവയ്ക്ക് സമീപം കുറഞ്ഞത് രണ്ടര സെന്റ് (ഏകദേശം 1000 ചതുരശ്ര അടി) സർക്കാർ/പൊതുമേഖല സ്ഥലം 10 വർഷത്തേയ്ക്ക് ലീസിന് ലഭ്യമാക്കിയാൽ അനെർട്ടിന്റെ മുതൽ മുടക്കിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ്.

(ബി) ഫോസിൽ ഇന്ധനങ്ങളുടെ വില നാൾക്കുനാൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും അതിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്തും ഹരിത ഊർജ്ജം ഉപയോഗിക്കുന്ന വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 10-03-2019-ലെ ജി.ഒ. (എം.എസ്.) നമ്പർ 24/2019/ട്രാൻസ് പ്രകാരം' 'ഇലക്ട്രിക് വെഹിക്കിൾ പോളിസി'

(വൈദ്യുത വാഹന നയം) രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു+.

(സി) ഉണ്ട്. വൈദ്യുത വാഹനങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനും എണ്ണം വർദ്ധിപ്പിക്കുന്നതിനുമായി എനർജി മാനേജ്മെന്റ് സെന്റർ, ഇ-മൊബിലിറ്റി, ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് ഇൻഫ്രാസ്ട്രക്ചർ എന്നിവയുടെ പ്രയോജനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി " ഗോ ഇലക്ട്രിക് ക്യാമ്പയിൻ" നടത്തിവരുന്നു. ഇ.എം.സി.-യുടെ " ഗോ ഇലക്ട്രിക്" ക്യാമ്പയിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ വൈദ്യുത ഇരുചക്ര വാഹനങ്ങൾ വാങ്ങുവാനുള്ള സൗകര്യം സജ്ജമാക്കിയിട്ടുണ്ട്. കേന്ദ്ര ഊർജ്ജമന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കൺവെർജെൻസ് എനർജി സർവ്വീസസ് ലിമിറ്റഡുമായി (സി.ഇ.എസ്.എൽ.) ചേർന്നാണ് ഈ പദ്ധതി നടത്തുന്നത്. ഈ പദ്ധതിപ്രകാരം കേരളത്തിലെ പൊതുജനങ്ങൾക്ക് വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ഇലക്ട്രിക് ടൂ വീലറുകൾ വാങ്ങുവാൻ സാധിക്കും. ഈ പദ്ധതി നടപ്പാക്കുന്നതിനായി, സി.ഇ.എസ്.എൽ. ഇലക്ട്രിക് ടൂ വീലറുകളുടെ നിർമ്മാതാക്കളിൽനിന്ന്

+അനുബന്ധമായി ചേർത്തിട്ടുണ്ട്.

രാജ്യവ്യാപകമായി ടെണ്ടർ ക്ഷണിച്ച് 6 വാഹന നിർമ്മാതാക്കളെ എംപാനൽ ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് മേൽപ്പറഞ്ഞ വാഹന നിർമ്മാതാക്കളുടെ ഇലക്ട്രിക് ടൂ വീലറുകൾ www.MyEV.org.in എന്ന വെബ്സൈറ്റ്, MyEV മൊബൈൽ ആപ്പ് (ഗൂഗിൾ പ്ലേ സ്റ്റോറിലും, ആപ്പിൾ ആപ്പ്സ്റ്റോറിലും ലഭ്യമാണ്) എന്നിവ വഴി ബുക്ക് ചെയ്യാനുമുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. നിർമ്മാതാക്കളുടെ ഡീലർമാർ മുഖേനയാണ് വാഹനം വിതരണം ചെയ്യുന്നത്. ഇന്ത്യയിൽത്തന്നെ ആദ്യമായാണ് ഒരു പോർട്ടൽ മുഖാന്തരം ഇത്തരം വാഹനം വാങ്ങാനുള്ള സൗകര്യമൊരുക്കിയിട്ടുള്ളത്. ഈ പോർട്ടൽ മുഖാന്തരം വാങ്ങുന്ന ഇലക്ട്രിക് സ്കൂട്ടറുകൾക്ക് 23,100/- രൂപ മുതൽ 43,500/- രൂപ വരെ കേന്ദ്ര സർക്കാർ നൽകുന്ന FAME 2 സബ്സിഡി ലഭിക്കുന്നു. കൂടാതെ വിപണി വിലയേക്കൾ 3,000/- രൂപ വരെ വിലക്കുറവും ലഭിക്കുന്നു.

(ഡി) ഓട്ടോറിക്ഷ ഡ്രൈവർമാർക്ക് കുറഞ്ഞ ചെലവിൽ ഇലക്ട്രിക് ഓട്ടോറിക്ഷകൾ വാങ്ങുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ ഇപ്പോൾ സഹായമൊന്നും നൽകുന്നില്ല. ഓട്ടോറിക്ഷകൾക്ക് 99,540/- രൂപ വരെ കേന്ദ്ര സർക്കാർ FAME 2 സബ്സിഡി ബാറ്ററി കപ്പാസിറ്റിക്കനുസൃതമായി നൽകിവരുന്നു. കൂടാതെ കേരള ഗതാഗത വകുപ്പ് 30,000/- രൂപ വരെ

സബ്സിഡിയായി നൽകുന്നുണ്ട്.

ശ്രീ. സി. സി. മുകുന്ദൻ: സർ, ഇന്ധനവില കുതിച്ചുയരുന്ന സാഹചര്യത്തിൽ സാധാരണക്കാരന് താങ്ങാവുന്ന തരത്തിൽ വാഹനങ്ങൾക്കാശ്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ കേരളമെമ്പാടും വ്യാപിപ്പിക്കാനും അവ ചാർജ് ചെയ്യുന്നതിന് മിതമായ നിരക്ക് ഏർപ്പെടുത്തുവാനും ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഓരോ എം.എൽ.എ.-യും ആവശ്യപ്പെട്ടതനുസരിച്ച് അഞ്ച് ചാർജ്ജിംഗ് സ്റ്റേഷനുകൾ ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. പട്ടണപ്രദേശങ്ങളിൽ 15 ചാർജ്ജിംഗ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ, 2020-ൽ നേമം, ഓലൈ, പാലാരിവട്ടം, വിയ്യൂർ, നല്ലളം, ചൊവ്വ എന്നിവിടങ്ങളിലായി ആറ് ചാർജ്ജിംഗ് സ്റ്റേഷനുകളാണ് കെ.എസ്.ഇ.ബി.എൽ. അനുവദിച്ചത്. കെ.എസ്.ഇ.ബി.എൽ. ഇപ്പോൾ ചെയ്തുവരുന്നത് 56 എണ്ണമാണ്. അതിൽ അഞ്ച് എണ്ണം ഉദ്ഘാടനത്തിന് തയ്യാറായി. 26 എണ്ണം ഗതാഗത വകുപ്പിന്റെ ഫണ്ടിൽനിന്നും 30 എണ്ണം കേന്ദ്രഫണ്ടിൽ നിന്നുമാണ് ചെയ്യുന്നത്. ബാക്കിയുള്ളത് 15-5-2022-ൽ പൂർത്തീകരിക്കും. ഇതിന്റെ ചെലവ് 14.14 കോടി രൂപയാണ്. ഗതാഗത വകുപ്പ് 8.2 കോടി രൂപ നൽകാമെന്ന് പറഞ്ഞതിൽ 5 കോടി രൂപ

ലഭിച്ചിട്ടുണ്ട്. അനെർട്ട് 10 എണ്ണം പൂർത്തീകരിച്ചു (തിരുവനന്തപുരം-3, ആലപ്പുഴ-1, എറണാകുളം-1, പാലക്കാട്-1, കൊല്ലം-1, ഇടുക്കി-1, തൃശ്ശൂർ-1, കാസർഗോഡ്-1). ആറെണ്ണത്തിന്റെ ജോലികൾ പുരോഗമിക്കുന്നു. 15-5-2022-നുമുമ്പ് അവ പൂർത്തീകരിക്കും. സ്വകാര്യ വ്യക്തികൾ 21 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. സോളാർ പവേർഡ് ചാർജ്ജിംഗ് സ്റ്റേഷന്റെ പ്രവൃത്തി ഹരിപ്പാട്, റാന്നി എന്നിവിടങ്ങളിലും കോഴിക്കോട് ജില്ലയിലും പുരോഗമിക്കുന്നു. വാഹനങ്ങൾക്ക് മിതമായ നിരക്ക് ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

<u>ശ്രീ. സി. സി. മുകുന്ദൻ</u>: സർ, സംസ്ഥാന ഗവൺമെന്റ് മൊബിലിറ്റി ഫണ്ടുപയോഗിച്ച് ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അക്കാര്യം ഞാൻ നേരത്തെ പറഞ്ഞതാണ്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, 2050-ഓടെ കേരളത്തെ കാർബൺ സീറോ സംസ്ഥാനമാക്കി മാറ്റുമെന്നും ആ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ആയിരം ഇലക്ട്രിക് ഓട്ടോകൾ റോഡുകളിലിറക്കുമെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. ഇത്തരത്തിലുള്ള കാർ, ഓട്ടോറിക്ഷ,

ഇരുചക്ര വാഹനം തുടങ്ങിയവയൊക്കെ റോഡുകളിലിറക്കുന്ന മുറയ്ക്ക് എത്രമാത്രം മോണിറ്ററി ബെനിഫിറ്റ് ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഒരു മാസം 3000 കിലോ മീറ്റർ ദൂരം സഞ്ചരിക്കുന്ന ഒരു കാറിന് അഞ്ച് വർഷത്തെ ശരാശരി കണക്കാക്കുകയാണെങ്കിൽ മെയിന്റനൻസ്, പെട്രോൾ എന്നിവയുൾപ്പെടെ 45.12 ലക്ഷം രൂപയുടെ ചെലവ് വരും. പക്ഷേ, ഇലക്ട്രിക്കിലേയ്ക്ക് മാറിയാൽ 28.7 ലക്ഷം രൂപയായി ചെലവ് കുറയ്ക്കാൻ സാധിക്കും. കൂടാതെ വാഹനം ഓടുമ്പോഴുണ്ടാകുന്ന ലാഭവുമുണ്ട്.

ശ്രീ. ജി. എസ്. ജയലാൽ: സർ, കാർബൺ ബാറ്ററികൾ ചാർജ്ജ് ചെയ്യാനുപയോഗിക്കുന്ന വൈദ്യുതിയുടെ ഉറവിടംകൂടി അടിസ്ഥാനമാക്കിയാൽ മാത്രമേ ഹരിത വാഹനങ്ങൾ ആകുന്നുള്ളൂ. ജ്വലനത്തിലൂടെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയാണെങ്കിൽ ഫോസിൽ ഇന്ധനങ്ങളായ പെട്രോൾ, ഡീസൽ എന്നിവ ഉപയോഗിക്കുമ്പോഴുണ്ടാകുന്നതിനേക്കാൾ കൂടുതൽ മലിനീകരണ സാധ്യതയുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അതുകൊണ്ട് ബാറ്ററി ചാർജ്ജ് ചെയ്യാനുപയോഗിക്കുന്ന വൈദ്യുതി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ്, തിരമാല എന്നിവയിൽനിന്നും

ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, സോളാറിൽനിന്നും ബാറ്ററി ചാർജ്ജ് ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തിരമാലയിൽനിന്നുള്ള വൈദ്യുതി ഉപയോഗിച്ച് ചാർജ്ജ് ചെയ്യാനുള്ള സാങ്കേതികവിദ്യ ശരിയായിട്ടില്ല.

ശ്രീമതി സി. കെ. ആശ: സർ, ഇലക്ട്രിക് മൊബിലിറ്റി വ്യാപകമാക്കുന്നതിന്റെ ഭാഗമായി സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന ഡീസൽ-പെട്രോൾ വാഹനങ്ങൾ ഇലക്ട്രിക് വാഹനങ്ങളിലേയ്ക്ക് മാറ്റാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പുതിയ വാഹനങ്ങൾ വരുമ്പോൾ അതിന് മുൻഗണന കൊടുത്തുകൊണ്ട് പടിപടിയായി ഇലക്ട്രിക് വാഹനങ്ങളിലേയ്ക്ക് മാറാൻ തീരുമാനമെടുത്തിട്ടുണ്ട്.

ശ്രീ. സി. ആർ. മഹേഷ്: സർ, ചാർജ്ജിംഗ് സ്റ്റേഷനുമായി ബന്ധപ്പെട്ട വിഷയമല്ലെങ്കിലും എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട കാര്യമാണ് എനിക്ക് ചോദിക്കാനുള്ളത്. ആറ് പഞ്ചായത്തുകളും ഒരു മുനിസിപ്പാലിറ്റിയുമുള്ള കരുനാഗപ്പള്ളിയിൽ നിലവിൽ 66 KV സബ്സ്റ്റേഷനിൽ നിന്നാണ് വൈദ്യുതി ലഭിക്കുന്നത്. എന്തെങ്കിലും തടസ്സമുണ്ടായാൽ  പല പ്രദേശങ്ങളും മണിക്കൂറുകളോളം ഇരുട്ടിലാകുകയാണ്.

ഈ സബ്സ്റ്റേഷനെ 110 KV സബ്സ്റ്റേഷനാക്കാനുള്ള പ്രവർത്തനങ്ങൾ വർഷങ്ങളായി നടന്നുവരികയാണ്. അത് പൂർത്തീകരിക്കുന്നില്ല, നിർമ്മാണ പ്രവർത്തനങ്ങൾ വളരെ ഇഴഞ്ഞാണ് നടക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഈ പദ്ധതി പൂർത്തീകരിച്ച് ആ പ്രദേശത്തെ ഇരുട്ടിൽനിന്ന് വെളിച്ചത്തിലേയ്ക്ക് കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ വിഷയം ഗൗരവമായെടുത്ത് പ്രവൃത്തി പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ആലത്തൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച അഞ്ച് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ മൂന്നെണ്ണവും സ്ഥാപിക്കുന്നത് ആലത്തൂർ താലൂക്ക് കേന്ദ്രത്തിലാണ്. ആലത്തൂരിലെ 33 KV സബ്സ്റ്റേഷനെയാണ് പ്രസ്തുത ചാർജ്ജിംഗ് സ്റ്റേഷനുകൾ ആശ്രയിക്കുന്നത്. അവിടെ ചെറിയ തകരാറുണ്ടാകുന്നതുമൂലം ഇടയ്ക്കിടെ വൈദ്യുതി മുടങ്ങുന്നതിന് ബദൽ സംവിധാനമൊരുക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനമാരംഭിക്കുന്നതിനുമുമ്പ് ഈ പ്രശ്നം പരിഹരിക്കുന്നതിനായി ആലത്തൂരിലെ നിലവിലെ 33 KV സബ്സ്റ്റേഷന് അധീഷണലായി 33 KV ഫീഡറുകൂടി സ്ഥാപിക്കാൻ നടപടി

സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇത്തരത്തിലുള്ള എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അങ്ങ് പറഞ്ഞ കാര്യം എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്നുള്ളത് സംബന്ധിച്ച് ഗൗരവമായി ആലോചിക്കാം.

ശ്രീമതി കാനത്തിൽ ജമീല: സർ, കേരളത്തിന്റെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കൂടുതൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ. മുൻകയ്യെടുക്കുമോ; നിലവിലുള്ള ചാർജ്ജിംഗ് പോയിന്റല്ലാതെ കൂടുതൽ അനുവദിക്കാൻ കഴിയുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, തീർച്ചയായും. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആവശ്യമുള്ള സ്ഥലത്തെല്ലാം ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് മുൻഗണന നൽകുന്നതാണ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്വകാര്യ സംരംഭകരെ അനുവദിക്കുന്ന നയം സ്വീകരിക്കുമോ; അതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, സ്വകാര്യ സംരംഭകർക്ക് പ്രോത്സാഹനവും ചെറിയ രീതിയിൽ സബ്സിഡിയും കൊടുക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. പ്രത്യേകിച്ച് ഹോട്ടലുകൾ, മാളുകൾ തുടങ്ങി അരമണിക്കൂർ നേരം ഇരിക്കാൻ സൗകര്യമുള്ളിടത്തെല്ലാം ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന നയമാണ് രൂപീകരിച്ചിട്ടുള്ളത്.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ഇരുചക്ര വാഹനങ്ങൾക്കും മുച്ചക്ര വാഹനങ്ങൾക്കുമുള്ള ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നത്. ഇപ്പോൾ കൂടുതലായി വിപണിയിലിറങ്ങുന്നതും ആളുകൾ ഉപയോഗിക്കുന്നതും നാല് ചക്ര വാഹനങ്ങളാണ്. ഇത്തരം വാഹനങ്ങൾക്കായി ഒരു നിയോജകമണ്ഡലത്തിലെ ഒരു കേന്ദ്രത്തിലെങ്കിലും ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, സ്ലോ ചാർജ്ജിംഗിന് വീടുകളെത്തന്നെ ഉപയോഗിക്കുന്നതാണ് നല്ലത്. നൂറ് കിലോമീറ്ററിന് ഒന്നെങ്കിലുംവച്ച് ഹൈ സ്പീഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇതുമൂലം തിരുവനന്തപുരത്തുനിന്നും കാസർഗോഡുവരെയുള്ള ദീർഘദൂര യാത്രകൾ വലിയ വിഷമമില്ലാതെ ധൈര്യമായി പോകാൻ സാധിക്കും.

## ജി.എസ്.ടി. വരുമാനച്ചോർച്ച തടയാൻ സംവിധാനം

3 (*183) <u>ശ്രീ. പി. നന്ദകുമാർ:</u>
<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു:</u>
<u>ശ്രീ. എം. മുകേഷ്:</u>
<u>ശ്രീ. പി. വി. ശ്രീനിജിൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി.-യിലെ വരുമാനച്ചോർച്ച തടയുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പരിശീലനം നേടിയ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജി.എസ്.ടി. വകുപ്പ് പുനഃസംഘടിപ്പിച്ച് സുശക്തമായ ഓഡിറ്റ് വിഭാഗം രൂപീകരിക്കാൻ ആവശ്യമായ നടപടിയെടുത്തിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) നികുതിദായകർക്ക് തടസ്സമില്ലാതെ സേവനം ലഭ്യമാക്കുന്നതിനും നികുതി ഭരണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി പുതിയ സോഫ്റ്റ്‌വെയർ സംവിധാനത്തിലേയ്ക്ക് മാറിയിട്ടുണ്ടോ;

(ഡി) പുതിയ സോഫ്റ്റ്‌വെയർ സംവിധാനത്തിലേയ്ക്കുള്ള മാറ്റം കെട്ടിക്കിടക്കുന്ന നികുതി നിർണ്ണയ കേസ്സുകൾ തീർപ്പാക്കുന്നതിനെ എപ്രകാരം ബാധിക്കാനിടയുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ,

(എ) സംസ്ഥാനത്ത് ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ജി.എസ്.ടി. നിയമം നടപ്പാക്കിയശേഷം സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് സംസ്ഥാനത്ത് നികുതി ചോർച്ചയുണ്ടാക്കുന്നതുമായി ബന്ധപ്പെട്ട് പല അവലോകനങ്ങളും നടത്തിയിട്ടുണ്ട്. ജി.എസ്.ടി. പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിതമാണ്. ജി.എസ്.ടി. നിയമത്തിൽ മാറ്റം വരുത്തി കൂടുതൽ കർശന നിബന്ധനകളിലൂടെ വ്യത്യസ്തവും നൂതനവുമായ രീതിയിലുള്ള നികുതി വെട്ടിപ്പുകൾ തടയുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ്, അഡ്ജൂഡിക്കേഷൻ വിഭാഗങ്ങൾ കർശന പരിശോധനകളിലൂടെ നികുതി വെട്ടിപ്പുകൾ കണ്ടെത്തി നടപടി സ്വീകരിച്ചുവരുന്നുണ്ട്. പഴയ നിയമ സംവിധാനങ്ങളിലുണ്ടായിരുന്ന അസ്സെസ്സ്മെന്റ് പോലുള്ള സമ്പ്രദായങ്ങൾ മാറ്റി കൂടുതൽ പ്രൊഫഷണലായ ഓഡിറ്റ് സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പാക്കാനുദ്ദേശിക്കുന്നു. ജീവനക്കാർക്കുവേണ്ട പരിശീലനങ്ങളും മെച്ചപ്പെട്ട രീതിയിൽ നൽകിവരുന്നുണ്ട്. ഇതുകൂടാതെ, ജി.എസ്.ടി. നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിനെ

പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികളും പൂർത്തിയായിവരുന്നു. നികുതി വെട്ടിപ്പിനെ സംബന്ധിച്ച അവബോധമുണ്ടാക്കുന്നതിനും അവ തടയുന്നതിനും സർക്കാർ പൊതുജനങ്ങളെക്കൂടി പങ്കാളികളാക്കിക്കൊണ്ടുള്ള പല പദ്ധതികളും ആവിഷ്കരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പാക്കിയതുമായി ബന്ധപ്പെട്ട് ജി.എസ്.ടി. സംവിധാനത്തിനനുസൃതമായി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് വാണിജ്യനികുതി വകുപ്പിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തി വകുപ്പ് പുനഃസംഘടനയ്ക്കായി കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ നടപടികൾ സ്വീകരിച്ചു. പുതിയ നികുതി സംവിധാനം നടപ്പായതോടെ നികുതി ഭരണ സംവിധാനത്തിലും കാതലായ മാറ്റങ്ങൾ അനിവാര്യമാണെന്ന് കണ്ടതിനാൽ വകുപ്പുതലത്തിലും അതുമായി ബന്ധപ്പെട്ട ചില സത്വര നടപടികൾ സ്വീകരിച്ചു. VAT, GST എന്നിവ ഒരേ സമയം കൈകാര്യം ചെയ്യപ്പെടേണ്ടിയിരുന്നുവെങ്കിലും ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ ലഭ്യമായ ജീവനക്കാരെയുൾപ്പെടുത്തി ഓഡിറ്റ് ടീമുകൾ രൂപീകരിക്കുകയും അവർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) കേരളം 01-03-2022 മുതൽ GSTN വികസിപ്പിച്ച ബാക്കെൻഡിലേക്ക് മാറിയിട്ടുണ്ട്. 01-03-2022 മുതൽ സൂക്ഷ്മപരിശോധന, മൂല്യനിർണ്ണയം, ഓഡിറ്റ്, അപ്പീൽ, എൻഫോഴ്സ്മെന്റ്, റീഫണ്ട് തുടങ്ങിയ ബാക്കെൻഡ് ഫംഗ്ഷനുകൾക്കാണ് ഉദ്യോഗസ്ഥർ ഈ സംവിധാനം ഉപയോഗിക്കുന്നത്. പഴയ സംവിധാനങ്ങളിൽ തീർപ്പാക്കാത്ത എല്ലാ നടപടികളും ഉദ്യോഗസ്ഥർക്ക് പ്രവർത്തനം തുടരുന്നതിന് പുതിയ സംവിധാനത്തിലും ലഭ്യമാകും.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനായി വരുത്തുന്ന പരിഷ്കാരങ്ങളെ അഭിനന്ദിക്കുന്നു. വിദഗ്ദ്ധമായി ചെയ്യുന്ന നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിന് പഴയ രൂപത്തിലുള്ള കാഴ്ചപ്പാടും മാനദണ്ഡങ്ങളും മതിയാകില്ല. നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; അതിന് സാധിക്കുന്ന ഉദ്യോഗസ്ഥരെ നിശ്ചയിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയാണ്. പുതിയ സാങ്കേതിക മാർഗ്ഗങ്ങൾ വരുന്നതോടുകൂടി അതേ രീതിയിൽ ഡെവലപ് ചെയ്താണ് തട്ടിപ്പ്

നടത്തുന്നത്. ഇത് പല തരത്തിലാണ്. ഇന്നത്തെ പത്രത്തിൽ അത്തരത്തിലൊരു വാർത്ത വന്നിരുന്നു. പാസ്സും നമ്പരുമെല്ലാം ഒരു ലോറിയുടേതാണ്. എന്നിട്ടത് കാറിൽ ഫിറ്റ് ചെയ്ത് ഓടിച്ചുവന്നു. പരിശോധിക്കുമ്പോൾ നമ്പരല്ലേ ഐഡന്റിഫൈ ചെയ്യുകയുള്ളൂ. ഇവിടെ കാറിൽ വന്നിരിക്കുകയാണ്. ഇതുമാത്രമല്ല, ഐ.ടി. സംബന്ധമായ മാർഗ്ഗങ്ങൾ ഉപയോഗിച്ചുകൊണ്ട് ധാരാളം തട്ടിപ്പുകൾ നടക്കുന്നുണ്ട്. അതുകൊണ്ട് നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് പഴയ അസസ്സ്മെന്റ് രീതി മാത്രമല്ലാതെ ഓഡിറ്റ്, ഇന്റലിജൻസ്, ടാക്സ് പേയർ സർവ്വീസ് എന്നിങ്ങനെ മൂന്ന് വിംഗുള്ള ഒരു സംവിധാനമുണ്ടാക്കിയിരിക്കുകയാണ്. ഇതുസംബന്ധിച്ച് ഇന്നലെയും വളരെ വിശദമായി ചർച്ച ചെയ്തതാണ്. നികുതി വെട്ടിപ്പ് കണ്ടുപിടിക്കാൻ ഇന്റലിജൻസ് വിംഗുണ്ടാകും. അതുപോലെ വഴിയരികിലുള്ള കടകളിൽ കയറി സാധനങ്ങളെല്ലാമെടുത്ത് പരിശോധിക്കുകയല്ല, ഓഡിറ്റിംഗിലൂടെ കൃത്യമായി മനസ്സിലാക്കാനുള്ള സംവിധാനമുണ്ടാക്കുകയാണ് ചെയ്യുന്നത്; അതോടൊപ്പം ജനങ്ങൾക്ക് പരമാവധി സർവ്വീസ് ചെയ്തു കൊടുക്കുന്നതിനായി ടാക്സ് പേയർ സർവ്വീസുമുണ്ടാകും. ഇതിന്റെ നടപടിക്രമങ്ങളെല്ലാം ആയിട്ടുണ്ട്; ഉടൻതന്നെ അത് പൂർത്തീകരിക്കാൻ സാധിക്കും. നികുതി വകുപ്പിലെ മുഴുവൻ ഫയലുകളും

ഇപ്പോൾ ഇ-ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറിയിട്ടുണ്ട്. നികുതി തട്ടിപ്പ് കണ്ടെത്തുന്നതിന് വകുപ്പ് നിരവധി സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ക്യാമറ സ്ഥാപിച്ച് പുറത്തുനിന്നും വരുന്നവരെ നിരീക്ഷിക്കുന്നുണ്ട്. ഇ-വേ ബിൽ മുഖേന എത്രയാണ് വാങ്ങിയത്; അവർ എത്ര രൂപയുടെ സാധനംകൊണ്ടാണ് വരുന്നത്; ടാക്സ് എത്ര അടച്ചു, തുടങ്ങിയവ ഉദ്യോഗസ്ഥരുടെ കൈവശമുള്ള കമ്പ്യൂട്ടർ സിസ്റ്റത്തിലൂടെ കാണാനുള്ള സംവിധാനവുമുണ്ട്. പക്ഷേ, അതിലും തട്ടിപ്പുകൾ വരുന്നുണ്ട്. അതുകൊണ്ട് അക്കാര്യങ്ങളെല്ലാം പരിശോധിക്കുന്നുണ്ട്. ജി.എസ്.ടി. ഡിപ്പാർട്ടുമെന്റിന്റെ ഐ.ടി. സെക്ഷനിലേയ്ക്ക്, ജി.എസ്.റ്റി.എൻ.-ലേയ്ക്ക് നമ്മൾ വീണ്ടും വന്നിട്ടുണ്ട്. ജീവനക്കാർക്ക് ട്രെയിനിംഗ് കൊടുക്കുന്നതോടൊപ്പം ഏറ്റവും നന്നായി കാര്യങ്ങൾ ചെയ്യുന്നവർക്ക് ടാക്സ് പേയേഴ്സ് പ്രൊഫൈൽ കാർഡ് പോലെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും വെർച്വൽ ഐ.ടി. കേഡർ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എല്ലാ തരത്തിലുമുള്ള കാര്യങ്ങൾ ചെയ്യുന്നുവെന്നുമാത്രമല്ല, വലിയ തോതിലുള്ള തട്ടിപ്പുകൾക്കെതിരെ നടപടിയും സ്വീകരിച്ചു. സാധാരണഗതിയിൽ ജി.എസ്.ടി. വന്നതിനുശേഷം എടുക്കാത്ത തരത്തിലുള്ള ചില നടപടികളാണ് സർക്കാർ സ്വീകരിച്ചത്. വലിയ തട്ടിപ്പ്

കാണിച്ചവരെ അറസ്റ്റ് ചെയ്ത് ജയിലിലാക്കുന്നതടക്കമുള്ള തരത്തിലേയ്ക്ക് കർശനമായ നിലപാടുകളുമായാണ് പോകുന്നത്. നികുതി വെട്ടിപ്പ് തടയാനുള്ള എല്ലാ ശ്രമങ്ങളും വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകും.

ശ്രീ. പി. നന്ദകുമാർ: സർ, സ്വർണ്ണ വ്യാപാരത്തിലെ തട്ടിപ്പ് സംബന്ധിച്ച് ഒരു സ്വർണ്ണ വ്യാപാരിതന്നെ പറഞ്ഞകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ മേഖലയിലെ തട്ടിപ്പ് തടയാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, സ്വർണ്ണ വ്യാപാര മേഖലയിൽ നികുതി കാലോചിതമായി വർദ്ധിക്കുന്നില്ലെന്നുള്ള പ്രശ്നമുണ്ട്. അതുകൊണ്ടുതന്നെ ചില വ്യാപാരികൾ പറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോഴുള്ളതിനേക്കാളും നികുതി വർദ്ധിക്കണം. അതിനായി സംസ്ഥാന ഗവൺമെന്റ് ജി.എസ്.ടി. കൗൺസിലിൽ റിക്വസ്റ്റ് ചെയ്തതനുസരിച്ച് സ്വർണ്ണ വ്യാപര മേഖലയെ സംബന്ധിച്ച് ഒരു ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സിനെ രൂപീകരിച്ചിരുന്നു. കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നു അതിന്റെ കൺവീനർ. അത് നേരത്തെതന്നെ തുടങ്ങിയതാണ്. അതിന്റെ പ്രക്രിയ പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിനകത്തെങ്കിലും ഇ-വേ ബിൽ നടപ്പാക്കണമെന്ന് അതുവഴി പ്രൊപ്പോസ് ചെയ്തിട്ടുണ്ട്. എന്നാൽ പൊതുവെ

സ്വർണ്ണ വ്യാപാരികൾ ഇ-വേ ബിൽ അംഗീകരിക്കുന്നില്ല. ഗുജറാത്തിൽനിന്നോ കർണ്ണാടകയിൽനിന്നോ വിലപിടിപ്പുള്ള സ്വർണ്ണം കൊണ്ടുവരുമ്പോൾ ഇ-വേ ബിൽ ഉണ്ടെങ്കിൽ തട്ടിപ്പും കൊള്ളയുമൊക്കെ നടക്കുമെന്നാണ് അവർ പറയുന്നത്. അതുകൊണ്ട് അവർ ഇ-വേ ബിൽ അംഗീകരിക്കാത്തൊരു സ്ഥിതിയുണ്ട്. പക്ഷേ, സംസ്ഥാനത്തിനകത്ത് ഇ-വേ ബിൽ എന്നൊരു കൺസെപ്റ്റാണ് ഇപ്പോൾ വന്നിരിക്കുന്നത്. സ്വർണ്ണ വ്യാപാരമേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചിരുന്നു. സ്വർണ്ണ വ്യാപാരമേഖലയിൽ കുറേയേറെ നികുതി തട്ടിപ്പ് വരുന്നുണ്ടെന്നുതന്നെയാണ് മനസ്സിലാക്കുന്നത്. അതുകൊണ്ട് നികുതി പിരിവ് കർശനമാക്കുന്നതിലൂടെ കുറച്ചുകൂടി കാര്യക്ഷമമാക്കാൻ സാധിക്കുമെന്ന് കരുതുന്നു. അതിനനുസരിച്ചുള്ള നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ജി.എസ്.ടി. നിലവിൽ വന്നപ്പോൾ സിസ്റ്റത്തിലുള്ള ചില പ്രശ്നങ്ങൾമൂലം നികുതി പിരിച്ചെടുക്കുന്നതിൽ കാര്യമായ അപാകത സംഭവിച്ചു. ഇപ്പോൾ വലിയ തുക അടയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വ്യാപാരികൾക്ക് ഡിമാന്റ് നോട്ടീസ്

വന്നുകൊണ്ടിരിക്കുകയാണ്. ഇത്രയും തുക അടയ്ക്കാൻ സാധിക്കാതെ അവർ കോടതിയെ സമീപിക്കുന്നതുമൂലം നികുതി പിരിവ് നീണ്ടുപോകുന്ന സ്ഥിതിയാണ്. ഇത് പരിഹരിക്കാൻ ആംനെസ്റ്റി സ്കീം തയ്യാറാക്കുകയും അതിനനുസരിച്ച് വ്യാപാരി സൗഹൃദമായ നികുതി പിരിവിലേയ്ക്കാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, വ്യാപാരി സൗഹൃദമായിട്ടുള്ള നികുതി പിരിവ് തന്നെയാണ് വേണ്ടത്. ഇവിടെ പരാമർശിക്കപ്പെട്ടതുപോലെ വളരെ തെറ്റായ ചില അസസ്സ്മെന്റ് രീതികൾ നേരത്തെയുണ്ടായിട്ടുണ്ട്. എന്നാൽ ജി.എസ്.ടി. വന്നതിനുശേഷം അത്രത്തോളം വലിയ കാര്യങ്ങളുണ്ടാകുന്നില്ല. നേരത്തെ ഉദ്യോഗസ്ഥർ ആർബിട്രറിയായി പല കാര്യങ്ങളും ചെയ്തിരുന്നുവെന്ന പരാതികളുണ്ടായിരുന്നു. അതിന് അപ്പീൽ പ്രൊവിഷൻ മാത്രമേയുള്ളൂ. ഇപ്പോഴാണെങ്കിൽ വ്യാപാരി കൊടുക്കുന്നത് മാത്രമാണ് കണക്ക് എന്നുള്ള നിലയാണ്. ഈ പ്രശ്നങ്ങളെ സംബന്ധിച്ച് ഇന്നലെ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ തുടർന്നും നിയമപരമായ കാര്യങ്ങൾ ചെയ്യുന്നതാണ്. പഴയ വാറ്റ് നിയമ സംവിധാനങ്ങളെക്കുറിച്ചും പരിശോധിക്കേണ്ടതുണ്ട്. കാരണം, കണക്കുകൾ പ്രകാരം 13000 കോടി രൂപയുടെ ഡ്യൂസുണ്ട്. ഇവിടെ പറഞ്ഞതുപോലെ, 2000 കോടി രൂപയോ

അല്ലെങ്കിൽ 200 കോടി രൂപയോ ഒരു വ്യക്തി അടയ്ക്കണമെന്നാണ് കണക്ക്. അത് ഒരിക്കലും കിട്ടാത്ത തുകയാണെന്ന തരത്തിലുള്ള ചില പരാതികളുമുണ്ട്. അതിന്മേൽ എന്താണ് ചെയ്യാൻ സാധിക്കുക എന്നത് സംബന്ധിച്ച് നിയമപരമായി പരിശോധിക്കേണ്ടതുണ്ട്. പണം ഇത്രയും കിട്ടില്ലെന്ന് നമുക്കറിയാം. ആംനെസ്റ്റി നോക്കുമ്പോഴും അങ്ങനെയാണ്. വ്യാപാരികളെ ബുദ്ധിമുട്ടിക്കുന്ന സമീപനം ഒരു കാരണവശാലുമുണ്ടാകില്ല. അതേസമയം വ്യാപാരികൾ വാങ്ങുന്ന ടാക്സ് കൃത്യമായി ഗവൺമെന്റിലേയ്ക്ക് അടയ്ക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുണ്ട്. നമ്മുടെ സമൂഹത്തിന് ഏറ്റവും വലിയ സഹായം വ്യാപാരി വിഭാഗമാണെന്നതിൽ യാതൊരു തർക്കവുമില്ല. അതിൽ ചില ആളുകളെങ്കിലും വാങ്ങുന്ന നികുതി ഗവൺമെന്റിലേയ്ക്ക് അടയ്ക്കുന്നില്ലെന്ന പ്രശ്നം നിലനിൽക്കുന്നു. ഏറ്റവും നന്നായി നികുതി അടയ്ക്കുന്നവർക്ക് പ്രോത്സാഹനം കൊടുക്കുന്ന തരത്തിലുള്ള ചില പദ്ധതികളും സർക്കാർ ആലോചിക്കുന്നുണ്ട്.

<u>ശ്രീ. എം. മുകേഷ്</u>: സർ, കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് നൽകി വരുന്ന ജി.എസ്.ടി. നഷ്ടപരിഹാരം ജൂലൈ മാസത്തിൽ അവസാനിക്കുമ്പോൾ സർക്കാരിനുണ്ടാകുന്ന വരുമാനനഷ്ടം എത്രയാണ്; ഈ പ്രതിസന്ധി എങ്ങനെ മറികടക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ജൂൺ മാസം കഴിഞ്ഞാൽ

ജി.എസ്.ടി. നഷ്ടപരിഹാരം കിട്ടില്ലെന്നതാണ് ഇപ്പോഴത്തെ അവസ്ഥ. ജി.എസ്.ടി. നഷ്ടപരിഹാരം തുടർന്നും മുന്നോട്ട് കൊണ്ടുപോകണമെന്നും അത് കൂട്ടണമെന്നുമാണ് രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാ സംസ്ഥാനങ്ങളും ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ കേന്ദ്ര ഗവൺമെന്റ് അവരുടെ നിലപാട് അറിയിച്ചിട്ടില്ല. ഇപ്പോഴത്തെ സ്ഥിതിയനുസരിച്ച് 9000 കോടി രൂപയുടെയെങ്കിലും നഷ്ടം വരും. ഇപ്പോഴത്തെ സ്ഥിതിയിൽ ബിസിനസ്സ് വർദ്ധിച്ച് 14 ശതമാനം വാർഷിക വളർച്ചയിലേയ്ക്ക് എത്താൻ സാധിച്ചാൽ പ്രസ്തുത നഷ്ടം കുറയും. കഴിഞ്ഞ വർഷങ്ങളിലെ കണക്ക് നോക്കിയാൽ 8000-9000 കോടി രൂപയെങ്കിലും കുറവ് വരാവുന്നൊരു സ്ഥിതിയുണ്ട്. ജി.എസ്.ടി. നഷ്ടപരിഹാരം തുടരണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതോടൊപ്പം നമ്മുടെ സംസ്ഥാനത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ കൂടുതൽ വർദ്ധിപ്പിക്കാനുള്ള കാര്യങ്ങളും ചെയ്തുകൊണ്ടിരിക്കുകയാണ്. ഇത്തരം കാര്യങ്ങളിൽ കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും ചെയ്തേ മതിയാകൂവെന്നുള്ള നിലപാടാണ് എല്ലാ സംസ്ഥാനങ്ങൾക്കുമുള്ളത്. അക്കാര്യത്തിൽ ഒരു ഇടപെടലും പരിശോധനയും തുടർ നടപടികളുമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, ജി.എസ്.ടി. റിട്ടേണുകൾ

സമർപ്പിച്ചുതുടങ്ങിയത് 2017-18-ലാണ്. പക്ഷേ അന്ന് ഇതുമായി ബന്ധപ്പെട്ട് നിരവധി സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടായിരുന്നു. ആയതിനാൽ 2017-18, 2018-19 വർഷങ്ങളിലെ ജി.എസ്.ടി. റിട്ടേണുകളിൽ വന്നിട്ടുള്ള സാങ്കേതിക തെറ്റുകൾ തിരുത്താൻ അവസരം കൊടുക്കുമോ; അതിന്റെപേരിൽ വന്നിട്ടുള്ള പിഴ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? മഹാരാഷ്ട്ര പോലുള്ള ചില സംസ്ഥാനങ്ങൾ അത് നേരത്തെ ചെയ്തിട്ടുണ്ട്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, സാങ്കേതിക കാര്യങ്ങളിൽ ചിലത് വകുപ്പുതലത്തിൽ പരിശോധിക്കണം. അപ്പീൽ കൊടുക്കുന്നതിനുണ്ടായിരുന്ന ഉയർന്ന ഫീസും മറ്റും കുറയ്ക്കുന്നതിന് തയ്യാറായിട്ടുണ്ട്. സാങ്കേതികമായി പരിഹരിക്കാൻ സാധിക്കുന്ന എല്ലാ കാര്യങ്ങളും നിയമത്തിനകത്തുനിന്നുകൊണ്ട് ചെയ്യാവുന്നതാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, ജി.എസ്.ടി.-യിലേയ്ക്ക് മാറിയപ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നഷ്ടത്തിന് കേന്ദ്രസർക്കാർ നൽകുന്ന നഷ്ടപരിഹാരം ജൂലൈ മാസത്തോടുകൂടി അവസാനിക്കുകയാണെന്ന് അങ്ങ് ഇവിടെ സൂചിപ്പിച്ചു. ഇതുവരെയുണ്ടായ നഷ്ടം പൂർണ്ണമായും തരാമെന്ന കേന്ദ്രസർക്കാരിന്റെ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ; അത് ക്വാണ്ടിഫൈ ചെയ്ത് എത്ര രൂപയായിരുന്നു; അതിൽ എത്ര രൂപ ലഭിച്ചു എന്നുള്ളതാണ് ഒരു

വിഷയം. രണ്ടാമത്, നമുക്ക് ന്യായമായി കിട്ടേണ്ട വിഹിതം ഇനിയും കേന്ദ്രസർക്കാർ തരാനുണ്ടോ; ഈ രണ്ട് തുകകൾ എത്രവരും; അത് ലഭ്യമാകാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നഷ്ടത്തിന്റെ കാര്യത്തിൽ പഴയതുപോലെ വലിയ കുടിശ്ശികയില്ല. ഒന്നുരണ്ട് മാസത്തെ കുടിശ്ശികയേയുള്ളൂ. അതിന്റെ തുക എത്രയാണെന്ന് കൃത്യമായി പരിശോധിച്ചാലേ പറയാൻ കഴിയൂ. ഏകദേശം എണ്ണായിരത്തിലധികം കോടി രൂപയുടെ കുടിശ്ശിക കേന്ദ്ര ഗവൺമെന്റ് നമുക്ക് കടമെടുത്ത് തരികയാണ്. അക്കാര്യം നമ്മുടെ ബഡ്ജറ്റ് ഡോക്യുമെന്റിൽ പറഞ്ഞിട്ടുണ്ട്. പക്ഷേ ആ കടം നമ്മുടെ ബോറോയിംഗിൽ വരില്ല. അവരത് ഒരു ലോംഗ് ടേമിൽ തിരിച്ചടയ്ക്കും. അങ്ങനെ കേന്ദ്ര ഗവൺമെന്റ് നമ്മുടെ പേരിൽ ബോറോയിംഗ് നടത്തി തന്നിട്ടുണ്ട്. ഇനിയിപ്പോൾ കുറച്ച് പണംകൂടി ലഭിക്കും. പക്ഷേ അതുകഴിഞ്ഞുണ്ടാകുന്ന സ്ഥിതിയാണ് ഞാൻ നേരത്തെ പറഞ്ഞത്. ക്വാണ്ടിഫൈ ചെയ്തുവരുമ്പോൾ, അതിന്റെയൊരു ആവറേജ് എടുക്കുമ്പോൾ ഇത്രയും നഷ്ടമാണ് നമുക്കൊരു വർഷം വരാൻ പോകുന്നത്. 12000 കോടി രൂപ വരെ നമുക്ക് നഷ്ടപരിഹാരം കിട്ടിയ വർഷമുണ്ട്. നഷ്ടപരിഹാരം ലഭിക്കാതെ വരുമ്പോൾ, നമ്മുടെ ഇക്കോണമിയും

ഇന്ത്യയിലാകെയുള്ള ഇക്കോണമിയും അത്രയും വളർന്നില്ലെങ്കിൽ നഷ്ടം വരുമെന്നുള്ള സ്ഥിതി നിലനിൽക്കുന്നുണ്ട്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ജി.എസ്.ടി. നടപ്പാക്കിയപ്പോൾ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്, നമുക്ക് ഇൻഫോസിസിന്റെ അതിനൂതന സോഫ്റ്റ്‌വെയർ വേണ്ടെന്നും എൻ.ഐ.സി.-യുടേത് മതിയെന്നുമാണ്. നാല് വർഷം കഴിയുമ്പോൾ നമ്മൾ അതിൽ പൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്. വീണ്ടും പഴയതിലേയ്ക്ക് മടങ്ങിപ്പോകുകയാണ്. കർണ്ണാടക പോലെയുള്ള സംസ്ഥാനങ്ങൾ അവരുടെ സ്വന്തം സോഫ്റ്റ്‌വെയറിലാണ് ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. എന്തുകൊണ്ടാണ് കേരളം പോലുള്ള ഒരു സംസ്ഥാനത്ത് ഇത് പരാജയപ്പെടാൻ കാരണമെന്നുള്ളത് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇത് നടപ്പാക്കിത്തുടങ്ങുമ്പോൾ ജി.എസ്.ടി.എൻ. അത്രയും അഡ്വാൻസ്ഡായിരുന്നില്ല. അന്ന് കേരളത്തിലേതായിരുന്നു കുറച്ചുകൂടി അഡ്വാൻസ്ഡ്. ഇപ്പോൾ രണ്ടോ മൂന്നോ സംസ്ഥാനങ്ങളൊഴിച്ച് ബാക്കിയുള്ളവയെല്ലാം ജി.എസ്.ടി.എൻ. ബാക്കെൻഡിലേയ്ക്ക്, കേന്ദ്ര ഗവൺമെന്റിന്റെ ജി.എസ്.ടി.എൻ.-ലേയ്ക്ക് പോയിട്ടുണ്ട്. മുൻപ് നമ്മുടെ പല കാര്യങ്ങളും അവർ ഫോളോ

ചെയ്യുന്നുണ്ടായിരുന്നു. ഇപ്പോൾ അവരുടെ സിസ്റ്റം കുറച്ചുകൂടി ഡെവലപ് ചെയ്തിട്ടുണ്ട്. ഇതൊരു സാങ്കേതിക കാര്യമാണ്. രാഷ്ട്രീയ കാര്യമല്ല. നമ്മൾ എന്തുകൊണ്ടാണ് അത് ഉപയോഗിക്കുന്നതെന്ന് ചോദിച്ചാൽ, കേന്ദ്രത്തിൽ എന്തെങ്കിലും മാറ്റം വന്നുകഴിഞ്ഞാൽ അപ്പോൾത്തന്നെ ഇവിടെയും വരുമെന്നുള്ളൊരു ഗുണമുണ്ട്.

മി. സ്പീക്കർ: ഓർഡർ...... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കിഫ്ബിയുടെ പ്രധാന പദ്ധതികൾ

4 (*184) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. പി. പി. സുമോദ്:
ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മാതൃകയിലുള്ള കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളെടുക്കുന്ന വായ്പകൾ സർക്കാരിന്റെ കടക്കണക്കിൽപ്പെടില്ലെന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് ചില കേന്ദ്രങ്ങളും നിക്ഷിപ്ത താല്പര്യക്കാരും കിഫ്ബിയുടെ വിശ്വാസ്യത തകർക്കാൻ നടത്തുന്ന നീക്കം വസ്തുതകളുടെ അടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ?

ബഹുമാനപ്പെട്ട എം. പി. ശ്രീ. ജോൺ ബ്രിട്ടാസ് രാജ്യസഭയിലുന്നയിച്ച 1805 (സി) ചോദ്യത്തിന് ഉത്തരമായി 2021 ഡിസംബർ 14-ന് ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ നൽകിയ മറുപടിയിൽ (അനുബന്ധം+) പൊതുമേഖലാ സ്ഥാപനങ്ങൾ സമാഹരിക്കുന്ന എക്സ്റ്റേണൽ ബഡ്ജറ്ററി റിസോഴ്സസ് (EBRs) കേന്ദ്രസർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കിഫ്ബി വായ്പകളെ ഓഫ് ബഡ്ജറ്റ് കടമെടുപ്പായോ സർക്കാരിന്റെ നേരിട്ടുള്ള ബാദ്ധ്യതയായോ വ്യാഖ്യാനിക്കേണ്ടതില്ല. കിഫ്ബി ആന്വിറ്റി മാതൃകയിൽ അടിസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു തനത് സാമ്പത്തിക സംവിധാനമാണ്. അല്ലാതെ ബഡ്ജറ്റിനുപുറത്ത് കടമെടുക്കാനുണ്ടാക്കിയ ഒരു സംവിധാനമല്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സി.&എ.ജി.-യുടെ 2021-ലെ സംസ്ഥാനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ കിഫ്ബിയുടെ വായ്പകളെ സംബന്ധിച്ച പരാമർശങ്ങൾ ഏകപക്ഷീയവും മേല്പറഞ്ഞ വസ്തുതകൾക്ക് നിരക്കാത്തതുമായിരുന്നു. ആന്വിറ്റി മാതൃകയിലുള്ള കിഫ്ബിയുടെ പ്രവർത്തനരീതിയെ ബഡ്ജറ്റിനുപുറത്തുള്ള കടമെടുപ്പ് സംവിധാനമായി വ്യാഖ്യാനിച്ചിരുന്നു. റിപ്പോർട്ടിൽപ്പറയുന്ന കാലയളവിൽത്തന്നെ കേന്ദ്രസർക്കാരും ആന്വിറ്റി മാതൃകയിലുള്ള സാമ്പത്തിക ക്രയവിക്രയം നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഫണ്ട് കണ്ടെത്തി വിനിയോഗിച്ചിട്ടുണ്ട്. 76,435.45 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി അനുവർത്തിക്കുന്ന രീതിയിൽ ആന്വിറ്റി മാതൃകയിൽ ഫണ്ട് ചെയ്യുന്നതിന് ഉറപ്പ് നൽകിയിട്ടുണ്ട്. ആ സമയത്തുതന്നെ 41,292.67 കോടി രൂപയുടെ ആന്വിറ്റി ബാദ്ധ്യത കേന്ദ്രസർക്കാരിന് നിലനിൽക്കുന്നുണ്ടെന്നതും ശ്രദ്ധേയമാണ്. കിഫ്ബിയുടേത് ഓഫ് ബഡ്ജറ്റ് വായ്പകളാണെന്നും സർക്കാരിന്മേലുള്ള കണ്ടിജന്റ് ലയബിലിറ്റി അല്ലെന്നുമുള്ള നിഗമനം തെറ്റായതും കിഫ്ബിയുടെ അടിസ്ഥാന ധനകാര്യ മാതൃക വിശകലനം ചെയ്യാതെയും മനസ്സിലാക്കാതെയുമുള്ളതാണ്. ആയതിനാൽ 2019-ലെ സംസ്ഥാനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ

സി.&എ.ജി. നടത്തിയ സമാന പരാമർശങ്ങൾ നിയമസഭ നിരാകരിച്ചിരുന്നു.

(ബി) ഇപ്പോൾ കിഫ്ബി അനുമതി നൽകിയ ആറായിരത്തി തൊള്ളായിരത്തി നാല്പത്തിമൂന്ന് കോടി രൂപയുടെ പദ്ധതികളിൽ പ്രമുഖമായവ ഏതെല്ലാമെന്ന് അറിയിക്കുമോ; ഇവകൂടി ഉൾപ്പെടുമ്പോൾ കിഫ്ബി ഇതുവരെ ആകെ എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ?

കിഫ്ബിയുടെ ഇരുപതാമത് എക്സിക്യൂട്ടീവ് യോഗത്തിലും 43-ാമത് ബോർഡ് യോഗത്തിലുമായി 6,943.37 കോടി രൂപയുടെ 44 പുതിയ പദ്ധതികൾക്കാണ് ധനാനുമതി നൽകിട്ടുള്ളത്. ടി പദ്ധതികളിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ 4,397.88 കോടി രൂപയുടെ 28 പദ്ധതികൾക്കും ജലവിഭവ വകുപ്പിനുകീഴിൽ 273.52 കോടി രൂപയുടെ 4 പദ്ധതികൾക്കും ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുകീഴിൽ 392.14 കോടി രൂപയുടെ 7 പദ്ധതികൾക്കും വെസ്റ്റ്കോസ്റ്റ് കനാൽ വിപുലീകരണത്തിന് 3 പദ്ധതികളിലായി 915.84 കോടി രൂപയുടെ പദ്ധതിക്കും കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായി എറണാകുളം അയ്യമ്പുഴയിൽ ഗിഫ്റ്റ് (ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആൻഡ് ട്രേഡ്) സിറ്റിയുടെ

സ്ഥലമേറ്റെടുപ്പിനായി 850 കോടി രൂപയുടെ പദ്ധതിക്കും ആയുഷ് വകുപ്പിനുകീഴിൽ ഐ.ആർ.ഐ.എ.-യുടെ രണ്ടാംഘട്ട സ്ഥലമേറ്റെടുപ്പിനായി 114 കോടി രൂപയുടെ പദ്ധതിക്കുമാണ് അനുമതി നൽകിയത്. ഇതോടെ 962 പദ്ധതികളിലായി ആകെ 70,762.05 കോടി രൂപയുടെ അനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത്. അനുമതി നൽകിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

- ആനക്കാംപൊയിൽ-കല്ലാടി-മേപ്പാടി ടണൽ റോഡ് നിർമ്മാണത്തിനായി 2134.50 കോടി രൂപ;
- വെസ്റ്റ്കോസ്റ്റ് കനാൽ വിപുലീകരണത്തിനായി (മാഹി-വളപട്ടണം സ്ട്രെച്ച്, കോവളം-ആക്കുളം സ്ട്രെച്ച്, നീലേശ്വരം-ബേക്കൽ സ്ട്രെച്ച് എന്നിവയ്ക്കുവേണ്ടിയുള്ള സ്ഥലമേറ്റെടുപ്പിനായി) 915.84 കോടി രൂപ;
- ഗിഫ്റ്റ് സിറ്റിക്കുവേണ്ടിയുള്ള സ്ഥലമേറ്റെടുപ്പിനായി 850 കോടി രൂപ;
- ആലുവ-മൂന്നാർ റോഡ് നവീകരണത്തിന്റെ സ്ഥലമേറ്റെടുപ്പിനായി 653.06 കോടി രൂപ;
- കിഴക്കേക്കോട്ട-മണക്കാട് (അട്ടക്കുളങ്ങര) ഫ്ളൈഓവർ സ്ഥലമേറ്റെടുപ്പിനായി 95.28 കോടി രൂപ;
- തിരുവനന്തപുരം പേരൂർക്കട ഫ്ളൈഓവർ നിർമ്മാണത്തിനായി (മുമ്പ് അനുമതി നൽകിയ സ്ഥലമേറ്റെടുപ്പ് തുകയായ 43.29 കോടി രൂപയ്ക്കുപുറമെ) 50.67 കോടി രൂപ;

- മലയോര ഹൈവേയുടെ ഭാഗമായി ചെറങ്ങനാൽ - നേരിയമംഗലം സ്ട്രെച്ച് നവീകരണത്തിനായി 65.57 കോടി രൂപ;
- ആലപ്പുഴയിലെ തീരമേഖലകളായ ഒറ്റമശേരി, കാട്ടൂർ-പൊള്ളത്തായി, കക്കാഴം, നെല്ലാണിക്കൽ എന്നിവിടങ്ങളിലെ പുലിമുട്ട് നിർമ്മാണത്തിനും തീരദേശ സംരക്ഷണത്തിനുമായി 78.34 കോടി രൂപ;
- കാസർഗോഡ് ഗവൺമെന്റ് മെഡിക്കൽകോളജ് വികസനത്തിനായി 31.70 കോടി രൂപ;
- കോഴഞ്ചേരി ജില്ലാ ആശുപത്രി വികസനത്തിതനായി 30.35 കോടി രൂപ;
- റാന്നി താലൂക്കാശുപത്രി വികസനത്തിനായി 15.60 കോടി രൂപ

കിഫ്ബിയുടെ 43-ാമത് ബോർഡ് യോഗത്തിൽ അനുമതി നൽകിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) ഏറ്റെടുത്തിട്ടുള്ള പദ്ധതികളെല്ലാം ഉന്നതനിലവാരത്തിൽ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കുന്നുവെന്ന് ഉറപ്പുവരുത്താനുള്ള സംവിധാനത്തെക്കുറിച്ച് അറിയിക്കുമോ?

കിഫ്ബി ധനസഹായം നൽകുന്ന പദ്ധതികൾ ഗുണനിലവാരത്തോടുകൂടി സമയക്രമം പാലിച്ച് നടപ്പാക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വം എസ്.പി.വി.-ക്കും എസ്.പി.വി.-യെ നിയമിക്കുന്ന ഭരണ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വകുപ്പുകൾക്കുമാണ്. കിഫ്ബി ധനസഹായം നൽകി നടത്തുന്ന എല്ലാ പദ്ധതികളും നിർമ്മാണം പൂർത്തിയാകുമ്പോൾ എസ്.പി.വി. അവ അതാതു ഭരണ വകുപ്പുകൾക്ക് കൈമാറുന്നതാണ്. കിഫ്ബി ആക്ട് പ്രകാരമാണ് കിഫ്ബിയുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഇതുപ്രകാരം ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനാണ് സമയാസമയങ്ങളിൽ കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗം പരിശോധനകൾ നടത്തുന്നത്. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നത്. ഭരണവകുപ്പും എസ്.പി.വി.-യും കിഫ്ബിയും തമ്മിലുള്ള ത്രികക്ഷി കരാറിന്റെ അടിസ്ഥാനത്തിലാണ് ഓരോ നിർമ്മാണ പ്രവൃത്തിക്കും കിഫ്ബി ധനസഹായം നൽകുന്നത്. അതിന്റെ ഭാഗമായിത്തന്നെ ഗുണനിലവാര പരിശോധനകളുടെ അടിസ്ഥാനത്തിൽ കിഫ്ബി നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാൻ ഭരണവകുപ്പും എസ്.പി.വി.-യും ബാദ്ധ്യസ്ഥരുമാണ്. മൈക്രോസോഫ്റ്റ് പ്രോജക്ട് ഷെഡ്യൂളിംഗ്, ബി.ഐ.എം./വി.ഡി.സി. ബെയ്സ്ഡ് പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റം, ഡിസൈൻ റിവ്യൂ, പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് അപ്രൂവൽ, എസ്.പി.വി.-കൾക്കും കരാറുകാർക്കും ട്രെയിനിംഗുകൾ, എസ്.പി.വി.-കൾക്കുള്ള ഉപദേശക

സേവനങ്ങൾ തുടങ്ങിയ സംവിധാനങ്ങൾ ഗുണനിലവാരം ഉറപ്പുവരുത്തി സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുന്നതിന് സഹായകമാകുന്നു. നിർമ്മാണ പ്രവൃത്തികൾ വിലയിരുത്താൻ ഇൻസ്‌പെക്ഷൻ വിഭാഗം നിരന്തരമായി എസ്.പി.വി.-യിലെ ഉദ്യോഗസ്ഥരുമായി മീറ്റിംഗുകൾ നടത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ട്. സാങ്കേതിക കാര്യങ്ങളിലെ തടസ്സമൊഴിവാക്കാൻ കിഫ്ബിക്കുകീഴിലുള്ള ടെക്നിക്കൽ റിസോഴ്സ് സെന്റർ (ടി.ആർ.സി.) മുഖേന എസ്.പി.വി.-കൾക്ക് വേണ്ട സഹായങ്ങൾ ലഭ്യമാക്കുന്നുമുണ്ട്. കിഫ്ബിയുടെ ഇൻസ്‌പെക്ഷൻ വിഭാഗം സൂക്ഷ്മപരിശോധന നടത്തി ഫീൽഡ് ഒബ്സർവേഷൻ ഷീറ്റുകളും ടെക്നിക്കൽ ഒബ്സർവേഷൻ നോട്ടുകളും ഒബ്സർവേഷൻ മെമ്മോകളും ഇൻസ്‌പെക്ഷൻ റിപ്പോർട്ടുകളും നൽകുന്നുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ കിഫ്ബി നിശ്ചയിച്ച ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നിർത്തിവയ്ക്കുന്നതിന് നിർദ്ദേശം നൽകുന്നുണ്ട്. ഇൻസ്‌പെക്ഷൻ വിഭാഗം നൽകിയ എല്ലാ നിർദ്ദേശങ്ങളും പൂർത്തിയാക്കി ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം ഇവയെല്ലാം പിൻവലിക്കാറുണ്ട്. കിഫ്ബിയുടെ ഇൻസ്‌പെക്ഷൻ വിഭാഗം നിരന്തരമായി നടത്തിവരുന്ന പരിശോധനാ നടപടികളുടെ ഭാഗമായി കിഫ്ബി നിശ്ചയിച്ച, ഗുണനിലവാരമില്ലാത്തതിനാലും സമയക്രമം

പാലിക്കാത്തതിനാലും സംസ്ഥാനത്ത് നിർമ്മാണത്തിലിരുന്ന 47 പദ്ധതികൾ താല്ക്കാലികമായി നിർത്തിവയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റി പരിശോധന നടത്തി എല്ലാവിധ ന്യൂനതകളും പരിഹരിച്ചുവെന്ന് ഉറപ്പുവരുത്തിയശേഷം നിർത്തിവച്ചിട്ടുള്ള 44 നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പദ്ധതികൾ ന്യൂനതകൾ പരിഹരിക്കുന്ന മുറയ്ക്ക് പുനരാരംഭിക്കുന്നതാണ്.

## കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണം

5 (*185) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. വി. ജോയി:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ വികസനത്തിനും പൊതുവികസനത്തിനും തന്ത്രപ്രധാനവും അത്യന്താപേക്ഷിതവുമായ കൊച്ചിൻ റിഫൈനറി ഉൾപ്പെടുന്ന മഹാരത്ന സ്ഥാപനമായ ബി.പി.സി.എൽ. വിൽക്കാനുള്ള നീക്കത്തിൽനിന്ന് സംസ്ഥാന താല്പര്യം

പരിഗണിച്ച് പിന്മാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ.) കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കപ്പെടുന്നവയുടെ പട്ടികയിലുൾപ്പെടുത്തിയിട്ടുണ്ട്. ബി.പി.സി.എൽ. കൊച്ചി റിഫൈനറി സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിൽനിന്ന് പിന്മാറണമെന്ന് 17-10-2019, 18-03-2020 എന്നീ തീയതികളിലെ കത്തുകളിലൂടെ പ്രധാനമന്ത്രിയോടും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയോടും മുഖ്യമന്ത്രി ആവശ്യപ്പെട്ടിരുന്നു. കൊച്ചി റിഫൈനറിയുടെ സ്വകാര്യവൽക്കരണവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ തീരുമാനത്തിനെതിരെ ദേശീയ താല്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താല്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽത്തന്നെ നിലനിർത്തണമെന്നാവശ്യപ്പെട്ടുകൊണ്ടും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽനിന്നും കേന്ദ്രസർക്കാർ അടിയന്തരമായി പിന്മാറേണ്ടതുണ്ടെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19-ാം തീയതി കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയിട്ടുള്ളതും ആയത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്.

(ബി) സംസ്ഥാനത്തെ പൊതുജനാരോഗ്യ മേഖലയിൽ സവിശേഷ സാന്നിദ്ധ്യമായ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് സ്വകാര്യവൽക്കരിക്കാതെ സംസ്ഥാനത്തിന് വിട്ടുനൽകണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; സ്ഥാപനത്തിന്റെ വില്പനയ്ക്കുള്ള ലേലത്തിൽ പങ്കെടുക്കാൻ സംസ്ഥാനം താല്പര്യപത്രം നൽകാനുള്ള നടപടികളാരംഭിച്ചിട്ടുണ്ടോ?

കേന്ദ്രസർക്കാർ ഓഹരി വിറ്റഴിക്കാൻ തീരുമാനിച്ച എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് ഏറ്റെടുക്കാൻ കേരള സർക്കാർ തീരുമാനിക്കുകയും 11-02-2022-ലെ സ.ഉ. (കൈ) നം. 18/2022/ID ഉത്തരവിലൂടെ ലേല നടപടികളിൽ പങ്കെടുക്കാൻ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകവെ ലേലനടപടികളിൽ കേരള സർക്കാരിന് പങ്കെടുക്കാൻ സാധിക്കില്ലെന്ന നിഷേധാർഹമായ തീരുമാനമാണ് കേന്ദ്രസർക്കാർ കൈക്കൊണ്ടത്. പ്രസ്തുത നിലപാടിനെതിരെ 09-03-2022-ലെ മന്ത്രിസഭായോഗത്തിന്റെ തീരുമാനപ്രകാരം സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ്

കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിനുവേണ്ടി കെ.എസ്.ഐ.ഡി.സി. താല്പര്യപത്രം സമർപ്പിച്ചിട്ടുണ്ട്.

(സി) പാലക്കാടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തെ ഏറ്റെടുക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട് യൂണിറ്റിന്റെ ഓഹരികൾ വിറ്റഴിക്കാൻ കേന്ദ്രം തീരുമാനിച്ച സാഹചര്യത്തിൽ പ്രസ്തുത യൂണിറ്റ് ഏറ്റെടുക്കുന്ന കാര്യം കേരളം പരിഗണിക്കുകയും 20-07-2018-ലെ G.O. (Ms) No. 52/2018/ID പ്രകാരം ബുക്ക് മൂല്യത്തിന്റെ അടിസ്ഥാനത്തിൽ മൊത്ത ആസ്തി മൂല്യം (Net Asset Value) 53.02 കോടി രൂപയായി കണക്കാക്കി സ്ഥാപനം ഏറ്റെടുക്കാൻ ഉത്തരവായി. ഇതുസംബന്ധിച്ച് പരസ്പര ചർച്ചയ്ക്കുശേഷം തയ്യാറാക്കിയ കരട് MoU കേന്ദ്ര കാബിനറ്റ് അംഗീകാരത്തിനായി നൽകിയിട്ടും നാളിതുവരെ അനുകൂല പ്രതികരണമുണ്ടായിട്ടില്ല. അതിനിടെ പ്രസ്തുത സ്ഥാപനം നിലനിൽക്കുന്ന പാലക്കാട്ടെ ഭൂമിയുടെ വിലകൂടി അസ്സറ്റ് (ആസ്തി) ആയി കണക്കാക്കണമെന്ന നിലപാടാണ് കേന്ദ്രതലത്തിൽ സ്വീകരിച്ചിരിക്കുന്നത്. കേരളം വ്യവസായ ആവശ്യത്തിനായി ഏറ്റെടുത്ത് സൗജന്യമായി നൽകിയ 123.12 ഏക്കർ ഭൂമിയുടെ വിലകൂടി നൽകണമെന്ന കേന്ദ്ര ആവശ്യം ഇക്കാര്യത്തിലുള്ള

പുരോഗതി മന്ദീഭവിപ്പിച്ചു. ഇതുസംബന്ധിച്ച് വിവിധ കത്തുകളിലൂടെ കേരളത്തിന്റെ സമീപനം ബോദ്ധ്യപ്പെടുത്തിയിരിക്കുകയാണ്.

## ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സൂചികയിൽ കേരളത്തിന്റെ സ്ഥാനം

6 (*186) ശ്രീ. കെ. പ്രേംകുമാർ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ വ്യവസായ നിക്ഷേപ സാദ്ധ്യത കണക്കാക്കുന്നതിനുള്ള അളവുകോൽ എന്നനിലയിൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് എന്ന സൂചികയനുസരിച്ച് സംസ്ഥാനങ്ങളുടെ സ്ഥാനം നിർണ്ണയിക്കുന്ന രീതി, മാനദണ്ഡം എന്നിവ വ്യക്തമാക്കുമോ; ഇതിനായി സംസ്ഥാനങ്ങൾ പൂർത്തിയാക്കേണ്ട ദൗത്യങ്ങളും ഇവയിൽ കേരളം പൂർത്തിയാക്കിയവയും വിശദമാക്കുമോ;

(ബി) ഇതിനുവേണ്ടി നിർദ്ദേശിച്ച പരിഷ്കാരങ്ങൾ രൂപീകരിക്കുന്നതിലും നടപ്പാക്കുന്നതിലും സംസ്ഥാനം സ്ഥിരവും ആസൂത്രിതവുമായ പുരോഗതി കൈവരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ കേന്ദ്രം

നിശ്ചയിച്ച ലക്ഷ്യം നേടുന്നതിൽ സംസ്ഥാനം ക്രമാനുഗതമായ മുന്നേറ്റമുണ്ടാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ&ബി) കേന്ദ്രസർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡിപ്പാർട്ടുമെന്റ് ഫോർ പ്രമോഷൻ ഓഫ് ഇൻഡസ്ട്രി & ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി.) പുറത്തിറക്കുന്ന സ്റ്റേറ്റ് ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ (എസ്.ബി.ആർ.എ.പി.) പ്രകാരമാണ് സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗ് നിശ്ചയിക്കുന്നത്. എസ്.ബി.ആർ.എ.പി.-യിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ സംസ്ഥാനങ്ങൾ കൈവരിക്കുന്ന ഇംപ്ലിമെന്റേഷൻ സ്കോർ, പൂർത്തീകരിച്ച സേവനങ്ങളുടെ ഗുണഭോക്താക്കളിൽനിന്നും സർവ്വേ നടത്തി ശേഖരിക്കുന്ന ഫീഡ്ബാക് സ്കോർ എന്നിവയാണ് റാങ്കിംഗ് മാനദണ്ഡങ്ങളായി ഡി.പി.ഐ.ഐ.ടി. കണക്കാക്കുന്നത്. മേൽസൂചിപ്പിച്ച രീതിയിൽ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും റാങ്കിംഗ് നിർണ്ണയിക്കുന്നത് മൂന്നുഘട്ടങ്ങളായിട്ടാണ്. പൂർത്തീകരിച്ച ദൗത്യങ്ങളുടെ തെളിവ് നിശ്ചിത സമയത്തിനുള്ളിൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുക, ഗുണഭോക്താക്കളുടെ വിവരങ്ങൾ

അപ്‌ലോഡ് ചെയ്യുക എന്നിവയാണ് ആദ്യ രണ്ടുഘട്ടങ്ങൾ. ഡി.പി.ഐ.ഐ.ടി. അംഗീകരിച്ച തെളിവുകളുടെ ഗുണഭോക്താക്കളിൽനിന്നും അവർതന്നെ നടത്തുന്ന ഫീഡ്ബാക് സർവ്വേയാണ് മൂന്നാംഘട്ടം. ഫോൺ മുഖേനയോ എസ്.എം.എസ്./വാട്ട്സാപ്പ്/ഇ-മെയിൽ വഴിയുള്ള ലിങ്ക് മുഖേനയോ ആണ് ഡി.പി.ഐ.ഐ.ടി. നിശ്ചയിക്കുന്ന ഏജൻസി ഗുണഭോക്താക്കളിൽനിന്നും ഫീഡ്ബാക് സർവ്വേ നടത്തുന്നത്. ഈവിധം ലഭിക്കുന്ന വിവരങ്ങൾ അടിസ്ഥാനമാക്കി ഡി.പി.ഐ.ഐ.ടി. രൂപപ്പെടുത്തിയ ഒരു ഫോർമുല പ്രകാരമാണ് മൊത്തത്തിലുള്ള റാങ്കിംഗ് കണക്കുകൂട്ടുന്നത്. എസ്.ബി.ആർ.എ.പി.-യിലെ നിർദ്ദേശങ്ങൾ പൂർത്തീകരിച്ച് നടപ്പാക്കുന്നതിൽ കഴിഞ്ഞ നാലുവർഷം കേരളം വളരെയേറെ മുന്നേറിയിട്ടുണ്ട്. 2016-ൽ സംസ്ഥാനത്തിന്റെ ഇംപ്ലിമെന്റേഷൻ സ്കോർ 22.8 ശതമാനമായിരുന്നെങ്കിൽ, 2021-ൽ അത് 91 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്.

**മിൽമ മാതൃകയിൽ സഹകരണ വിപണന ശൃംഖല**

7(*187) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:</u>
<u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u>
<u>ശ്രീ. ഐ. ബി. സതീഷ്:</u>

ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും യോജിപ്പിച്ച് ഗ്രാമീണ മേഖലയുടെ പുരോഗതിക്കായി പ്രവർത്തിപ്പിക്കാൻ എന്തെങ്കിലും പദ്ധതികളുണ്ടോ?

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും യോജിപ്പിച്ച് ഗ്രാമീണ മേഖലയുടെ പുരോഗതിക്കായി നടപ്പാക്കുന്ന പ്രത്യേക പദ്ധതികൾ നിലവിലില്ല. എന്നാൽ സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും കാർഷിക ഉത്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുമായി 2 പുതിയ പദ്ധതികൾ നടപ്പാക്കുന്നതിന് അംഗീകാരം നൽകുകയും ടി പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 2021-22 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുള്ളതുമാണ്. പ്രാഥമിക കാർഷിക

വായ്പാ സഹകരണ സംഘങ്ങൾവഴി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി 400 ലക്ഷം രൂപയും കാർഷികോത്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 300 ലക്ഷം രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലുമുള്ള ഗ്രാമീണ വിപണികളുടെ വികസനത്തിനും നവീകരണത്തിനുമാണ് ടി പ്രദേശത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങളാരംഭിക്കുന്നത്. എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷൻ കേന്ദ്രങ്ങളിലും വിളവെടുപ്പ് കാലയളവിൽ കർഷകരിൽനിന്ന് കാർഷികോത്പന്നങ്ങൾ നേരിട്ട് സംഭരിക്കുന്നതിനും സംസ്കരിച്ച വസ്തുക്കൾ വിപണികളിലൂടെ ലഭ്യമാക്കുന്നതിനുമാണ് ടി പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ഉത്പാദനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെയും പ്രമുഖ മാർക്കറ്റിംഗ് സംഘങ്ങളുടെയും മാർക്കറ്റ്ഫെഡ്ഡിന്റേയും ഏകോപനത്തിലൂടെയാണ്

പദ്ധതി നടപ്പാക്കുന്നത്. മേൽപ്രകാരമുള്ള രണ്ട് പദ്ധതികളും സുഭിക്ഷ കേരളം പദ്ധതിയുടെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ചുള്ളതാണ്.

(ബി) ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ഉത്പാദകരുടെയും ഉപഭോക്താക്കളുടെയും താത്പര്യം സംരക്ഷിക്കുന്നതിനായി ഭക്ഷ്യോത്പന്നങ്ങൾക്ക് മിൽമ മാതൃകയിൽ സഹകരണ വിപണന ശൃംഖല സൃഷ്ടിക്കാനുദ്ദേശിക്കുന്നുണ്ടോ?

ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ഉത്പാദകരുടെയും ഉപഭോക്താക്കളുടെയും താത്പര്യം സംരക്ഷിക്കുന്നതിനായി ഭക്ഷ്യോത്പന്നങ്ങൾക്ക് സഹകരണ വിപണന ശൃംഖല സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ സഹകരണ മേഖലയിലെ ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ coopkerala എന്ന ഏകീകൃത സഹകരണ ബ്രാൻഡിലൂടെ വിപണിയിൽ സജീവമാക്കുകയെന്ന ലക്ഷ്യത്തോടെ " ബ്രാൻഡിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി 14 ജില്ലകളിലുമായി ഇതിനകം പൈലറ്റ് അടിസ്ഥാനത്തിൽ 14 സഹകരണ ഉത്പന്ന വിപണന ശാലകളായ കോപ്മാർട്ടുകൾ (coopmart) ആരംഭിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി കോപ്മാർട്ടുകളുടെ എണ്ണം

വർദ്ധിപ്പിക്കുന്നതിന്റെ സാദ്ധ്യത പരിശോധിച്ചുവരുന്നു. ഉത്പാദകരിൽനിന്നും സാധനങ്ങൾ ലഭ്യമാക്കി കോപ്മാർട്ടുകളിലെത്തിക്കുന്നതിനുള്ള ലോജിസ്റ്റിക് സംവിധാനം നിർവ്വഹിക്കുന്നതിനായി നോർത്ത് മലബാർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് സപ്ലൈ ആൻഡ് മാർക്കറ്റിംഗ് സൊസൈറ്റി (എൻ.എം.ഡി.സി.)-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ ഔട്ട്ലെറ്റുകളായ കോപ്മാർട്ടുകൾക്കാവശ്യമായ സാധനങ്ങളുടെ സ്റ്റോക്ക് വിവരം മനസ്സിലാക്കി മൊബൈൽ വഴിയോ വെബ്സൈറ്റ് മുഖേനയോ ഉത്പാദകർക്ക് ഓർഡർ നൽകി സാധനങ്ങൾ ലഭ്യമാക്കുവാൻ കഴിയുംവിധമുള്ള “ ഇ-സെല്ലിംഗ് മോബൈൽ ആപ്ലിക്കേഷൻ ആൻഡ് വെബ് ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ” തയ്യാറാക്കുന്നതിനുള്ള നടപടിയും അന്തിമഘട്ടത്തിലാണ്.

(സി) ഭക്ഷ്യ സംസ്കരണവും മൂല്യവർദ്ധിതോത്പന്നങ്ങളുടെ നിർമ്മാണവും ഗ്രാമ സമ്പദ്വ്യവസ്ഥയുടെ പുരോഗതിക്ക് അനിവാര്യ ഘടകങ്ങളായതിനാൽ ഈ രംഗങ്ങളിൽ ഫലപ്രദമായ രീതിയിലിടപെടാൻ കഴിയുന്ന തരത്തിലുള്ള സഹകരണ സംഘങ്ങൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ?

ഭക്ഷ്യ സംസ്കരണവും മൂല്യവർദ്ധിതോത്പന്നങ്ങളുടെ നിർമ്മാണവും ഗ്രാമ സമ്പദ്വ്യവസ്ഥയുടെ പുരോഗതിക്ക് അനിവാര്യ ഘടകങ്ങളായതിനാൽ ഈ രംഗങ്ങളിൽ ഫലപ്രദമായ രീതിയിലിടപെടാൻ കഴിയുന്ന തരത്തിലുള്ള രണ്ട് സഹകരണ സംഘങ്ങൾ ഇതിനകം രൂപീകരിച്ചിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പാലക്കാട് പാഡി പ്രൊക്വയർമെന്റ്, പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS) - ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പാലക്കാട്ടെ നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കുംവിധം നെല്ല് സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിനായി പാലക്കാട് ജില്ലയിലെ 36 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി PAPCOS രൂപീകരിച്ചു. അതിന്റെ അധീനതയിൽ അത്യാധുനിക റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു.

2. കേരള പാഡി പ്രൊക്യുർമെന്റ്, പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4505 (KAPCOS) - കേരള സംസ്ഥാനത്തെ കർഷകരിൽനിന്നും നെല്ല് സംഭരിച്ചും സംസ്കരിച്ചും കാർഷികോത്പന്നങ്ങൾ ജില്ലയ്ക്കകത്തും പുറത്തും വിപണനം നടത്തുക, സംസ്കരണ കേന്ദ്രങ്ങൾ, സംഭരണശാലകൾ എന്നിവ സ്ഥാപിക്കുക,

സർക്കാർ, അർദ്ധ-സർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ എന്നിവ വഴിയും ഓൺലൈൻ സംവിധാനത്തിലൂടെയും വിപണന സൗകര്യം ഏർപ്പെടുത്തുക, സ്വന്തമായി വിപണന കേന്ദ്രങ്ങൾ നടത്തുക, സംഘം പ്രവർത്തന പരിധിയിൽപ്പെട്ട മുഴുവൻ നെൽകൃഷിക്കാരെയും സഹായിക്കുക, സംസ്ഥാനത്ത് നെൽകൃഷി വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ പ്രവർത്തനപരിധിയായി KAPCOS എന്ന നെല്ല് സഹകരണസംഘം 2021 ആഗസ്റ്റ് 27-ന് രൂപീകരിച്ചു. കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഇതിൽ അംഗങ്ങളാണ്. സംഘത്തിന്റെ അധീനതയിൽ കുട്ടനാട്ടും അപ്പർ കുട്ടനാട്ടും പാലക്കാട് റൈസ് മിൽ മാതൃകയിൽ രണ്ട് ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചുവരുന്നു.

### പി.പി.പി. മാതൃകയിൽ വ്യവസായ പാർക്കുകൾ

8(*188) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യമേഖലയിലും സർക്കാർ-സ്വകാര്യ പങ്കാളിത്തത്തോടെ പി.പി.പി. മാതൃകയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

(ബി) സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് എത്ര ഏക്കർ സ്ഥലമാണ് ആവശ്യമായിട്ടുള്ളതെന്ന് അറിയിക്കുമോ?

സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് കോർപ്പറേഷൻ, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിൽ 15 ഏക്കറും അതിൽക്കൂടുതലും ഗ്രാമപഞ്ചായത്തുകളിൽ 25 ഏക്കറും അതിൽക്കൂടുതലും സ്ഥലമാണ് ആവശ്യമായിട്ടുള്ളത്.

## വികസന പദ്ധതികൾക്ക് വൈദ്യുതി ബോർഡിന്റെ സ്ഥലം

9(*189) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ സ്ഥലം ഏതെങ്കിലും വികസന പദ്ധതികൾക്ക് അനുവദിച്ച് നൽകുന്നതിനുള്ള അധികാരം നിയമപരമായി ആരിലാണ് നിക്ഷിപ്തമായിരിക്കുന്നതെന്ന് അറിയിക്കുമോ?

നിയമപരമായി വൈദ്യുതി ബോർഡിന്റെ സ്ഥലം സ്വന്തമാണെങ്കിലും സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ ബോർഡിന് പദ്ധതി/പദ്ധതിയേതര കാര്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുകയുള്ളൂ.

(ബി) മുൻ സർക്കാരിന്റെ കാലത്ത് ബോർഡിന്റെ സ്ഥലം ബോർഡിന്റെയോ സർക്കാരിന്റെയോ അനുമതിയില്ലാതെ ടൂറിസം വികസനത്തിനായി സൊസൈറ്റികൾക്ക് വിട്ടുനൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലത്ത് 8 സൊസൈറ്റികൾക്കാണ് വരുമാനം പങ്കിടൽ വ്യവസ്ഥയിൽ ടൂറിസം പ്രവർത്തനങ്ങൾക്കായി അനുമതി നൽകിയിട്ടുള്ളത്. അതിൽ 3 സൊസൈറ്റികൾക്ക് ബോർഡ് ഉത്തരവ് പ്രകാരവും ബാക്കി 5 സൊസൈറ്റികൾക്ക് ഹൈഡൽ ടൂറിസം ഗവേണിംഗ് ബോഡി ഉത്തരവ് പ്രകാരവുമാണ് അനുവാദം നൽകിയിട്ടുള്ളത്. ഇതുകൂടാതെ 4 സൊസൈറ്റികൾക്ക് കച്ചവട സ്ഥാപനങ്ങൾ നടത്തുന്നതിന്

മാസവാടക അടിസ്ഥാനത്തിൽ ഹൈഡൽ ടൂറിസം ഗവേണിംഗ് ബോഡി യോഗത്തിന്റെ തീരുമാനപ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(സി) എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കൈവശമുള്ള ഭൂമി ഫുൾ ബോർഡിന്റെ അനുമതി കൂടാതെ ചിലയിടങ്ങളിൽ 2015 മുതൽ ടൂറിസം വ്യവസായത്തിന് പാട്ടത്തിന് നൽകിയതായി കാണുന്നു. ഇക്കാര്യങ്ങളെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ഭക്ഷ്യ സംസ്കരണ വ്യവസായ യൂണിറ്റുകൾ

10(*190) <u>ശ്രീ. വി. ആർ. സുനിൽ കുമാർ:</u>
<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u>
<u>ശ്രീ. വി. ശശി:</u>

<u>ശ്രീ. വാഴൂർ സോമൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തനത് കാർഷികോത്പന്നങ്ങളിലധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കേരളത്തിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ യൂണിറ്റുകളുടെ പ്രാധാന്യംകൂടി കണക്കിലെടുത്ത് പ്രസ്തുത മേഖലയുടെ വികസനത്തിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റുവഴി 2012 മുതൽ സംരംഭക സഹായ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നീ മൂന്നുഘട്ടങ്ങളായാണ് സഹായം നൽകുന്നത്. സംരംഭക സഹായ പദ്ധതി പ്രകാരം ഉത്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15 ശതമാനം മുതൽ 30 ശതമാനംവരെ, പരമാവധി 40 ലക്ഷം രൂപവരെ ധനസഹായം നൽകുന്നു. കോവിഡ് 19-ന്റെ ഭാഗമായി പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പാക്കേജ് പ്രകാരം, സംരഭകത്വ സഹായപദ്ധതി പ്രകാരം പ്രത്യേകവിഭാഗത്തിലുൾപ്പെട്ട യുവാക്കൾ, വനിതകൾ, എസ്.സി./എസ്.ടി. വിഭാഗം എന്നിവർക്ക് അധികമായി നൽകുന്ന സബ്സിഡി 5 ശതമാനമെന്നത് 10 ശതമാനമായി വർദ്ധിപ്പിക്കുകയും പ്രത്യേക വിഭാഗത്തിൽ എൻ.ആർ.കെ.-യെക്കൂടി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യസംസ്കരണ മേഖലയിൽ 10 ശതമാനം

അധിക സബ്സിഡി നൽകിവരുന്നു. കൂടാതെ നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതി എന്നിവയും നടപ്പാക്കിവരുന്നു. വ്യവസായ വകുപ്പുവഴി നടപ്പാക്കിവരുന്ന ഉത്പാദന മേഖലയിലുള്ള സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിനുമേൽ സാമ്പത്തികസഹായം നൽകുന്ന പദ്ധതിയായ സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്.)-യിൽ ഭക്ഷ്യസംസ്കരണ മേഖലയെ മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തി അധിക സഹായമായി ആകെ സ്ഥിരനിക്ഷേപത്തിന്റെ 10 ശതമാനം പരമാവധി 10 ലക്ഷം രൂപ അധിക സബ്സിഡിയുൾപ്പെടെ 30 ലക്ഷം രൂപവരെ സബ്സിഡിയായി നൽകിവരുന്നു. വ്യവസായ വകുപ്പുവഴി നടപ്പാക്കുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ പി.എം.എഫ്.എം.ഇ. (Prime Ministers Formalization of Micro Food Processing Enterprises) പദ്ധതിവഴി സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയിലെ വായ്പാബന്ധിത പദ്ധതികൾക്ക് സാമ്പത്തികസഹായം നൽകുന്നു. വ്യക്തിഗത സംരംഭങ്ങൾക്ക് പദ്ധതി ചെലവിന്റെ 35 ശതമാനം, പരമാവധി 10 ലക്ഷം രൂപവരെയാണ് സബ്സിഡി. ജില്ലാതലത്തിൽ കണ്ടെത്തിയിട്ടുള്ള ഒ.ഡി.ഒ.പി. (One District One Product)

ഉത്പന്നത്തിന്റെ സംസ്കരണത്തിന് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ പ്രവർത്തിക്കുന്ന മറ്റ് ഭക്ഷ്യോത്പന്നങ്ങളുടെ സംസ്കരണ സ്ഥാപനങ്ങൾക്കും ഈ പദ്ധതി പ്രകാരമുള്ള സഹായം നൽകുന്നു. ജില്ലാ വ്യവസായ കേന്ദ്രങ്ങൾവഴി അനുയോജ്യരായ സംരംഭകരെ കണ്ടെത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഭക്ഷ്യസംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിന് കിൻഫ്ര അടൂർ, നെല്ലാട്, കാക്കഞ്ചേരി എന്നിവിടങ്ങളിൽ ഫുഡ് പാർക്കുകളും കാക്കഞ്ചേരിയിൽ ഒരു കാർഷികാധിഷ്ഠിത ഭക്ഷ്യസംസ്കരണ സ്പെഷ്യൽ ഇക്കണോമിക് സോണും സ്ഥാപിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ കിൻഫ്ര മെഗാ ഫുഡ് പാർക്കും ചേർത്തലയിൽ കെ.എസ്.ഐ.ഡി.സി. മെഗാ ഫുഡ് പാർക്കും സ്ഥാപിച്ചിട്ടുണ്ട്.

(ബി) കർഷകരുടെ ഉത്പന്നങ്ങൾക്ക് മികച്ച വിപണന സാദ്ധ്യതകളും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഭക്ഷണ പദാർത്ഥങ്ങളും ലഭ്യമാക്കുന്നതിന് മെഗാ ഫുഡ് പാർക്കുകളാരംഭിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

കർഷകരുടെ ഉത്പന്നങ്ങൾക്ക് മികച്ച വിപണന സാദ്ധ്യതകളും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഭക്ഷണപദാർത്ഥങ്ങളും

ലഭ്യമാക്കുന്നതിന് കിൻഫ്ര അടൂർ, നെല്ലാട്, കാക്കഞ്ചേരി എന്നിവിടങ്ങളിൽ ഫുഡ് പാർക്കുകളും കാക്കഞ്ചേരിയിൽ ഒരു കാർഷികാധിഷ്ഠിത ഭക്ഷ്യസംസ്കരണ സ്പെഷ്യൽ ഇക്കണോമിക് സോണും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിന്റെ മെഗാ ഫുഡ് പാർക്ക് സ്കീമിലുൾപ്പെടുത്തി 50 കോടി രൂപയുടെ ധനസഹായത്തോടുകൂടി പാലക്കാട് ജില്ലയിൽ 79 ഏക്കർ ഭൂമിയിൽ കിൻഫ്ര ഒരു മെഗാ ഫുഡ് പാർക്കും സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ആകെ ചെലവ് 119.02 കോടി രൂപയാണ്. പ്രസ്തുത പാർക്കിൽ അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, വികസിപ്പിച്ച റോഡുകൾ എന്നിവകൂടാതെ പ്രത്യേക അടിസ്ഥാനസൗകര്യങ്ങളായ കോൾഡ് സ്റ്റോറേജ്, റിപ്പനിംഗ് ചേമ്പർ, പായ്ക്ക് ഹൗസ്, വെയർ ഹൗസ്, സുഗന്ധവ്യഞ്ജന സംസ്കരണ സംവിധാനം, ഗുണനിലവാര ലാബുകൾ എന്നീ സൗകര്യങ്ങളും വികസിപ്പിച്ചിട്ടുണ്ട്. പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും 40 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. മത്സ്യസംസ്കരണ മേഖലയെ പോത്സാഹിപ്പിക്കുന്നതിനായി ആലപ്പുഴയിലെ ചേർത്തലയിലെ പള്ളിപ്പുറത്ത് കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ 84.03 ഏക്കറിൽ മെഗാ ഫുഡ് പാർക്ക് സ്ഥാപിച്ചിട്ടുണ്ട്.

(സി) ഭക്ഷ്യസംസ്കരണ വ്യവസായ മേഖലയിൽ കേരളത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ഒരു ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണമെന്ന ആവശ്യം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഇല്ല.

(ഡി) സീറോ വേസ്റ്റ് എന്ന കാഴ്ചപ്പാടോടെ മത്സ്യം ഉപയോഗിക്കാൻ കഴിയുന്ന മൂല്യവർദ്ധിത ഉത്പന്ന വ്യവസായങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകാനും കൂടുതൽ മിനി സീ ഫുഡ് പ്രോസ്സസിംഗ് പാർക്കുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ആലപ്പുഴയിലെ മെഗാഫുഡ് പാർക്കിന്റെ വിജകരമായ പ്രവർത്തനം മുൻനിർത്തിയും ഈ മേഖലയിലെ സംസ്ഥാനത്തിന്റെ പ്രാഗത്ഭ്യവും പ്രാധാന്യവും കണക്കിലെടുത്തും രണ്ടുമൂന്ന് മെഗാ സീ ഫുഡ് പാർക്കുകൾ ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഭക്ഷ്യസംസ്കരണ വകുപ്പുമന്ത്രിയെ നേരിൽകണ്ട് നിവേദനം സമർപ്പിച്ചിട്ടുണ്ട്.

**പാരമ്പര്യേതര ഊർജ്ജോത്പാദനം**

11(*191) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജോത്പാദനം വർദ്ധിപ്പിക്കുന്നതിന് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

സംസ്ഥാനത്ത് ഊർജ്ജോത്പാദനം വർദ്ധിപ്പിക്കുന്നതിന് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്തുന്ന നിരവധി നടപടികളിലൊന്നാണ് 'സൗര' പദ്ധതി. ഈ പദ്ധതി രണ്ടുഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്. ഇതിൽ 'സൗര ഫേസ് I' പ്രോഗ്രാം എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാവുന്ന പദ്ധതിയാണ്. നിലവിൽ ഈ പദ്ധതിയിൽ പുതിയ രജിസ്ട്രേഷനില്ല. പ്രസ്തുത പദ്ധതി 2022 മാർച്ച് മാസത്തോടെ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. 'സൗര' ഫേസ് II' സബ്സിഡി പദ്ധതിയാണ്. ഗാർഹിക ഉപഭോക്താക്കൾക്കാണ് ഈ പ്രോഗ്രാമിൽ പങ്കെടുക്കാനാവുക. പ്രസ്തുത പദ്ധതി 2022 ജൂൺ മാസത്തോടുകൂടി പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. സംസ്ഥാനത്തെ വിവിധ ഹരിത വൈദ്യുത പദ്ധതികളിൽനിന്നും 372.124 മെഗാവാട്ട്

വൈദ്യുതിയാണ് ഉത്പാദിപ്പിക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+. ബോർഡിന്റെ സ്വന്തം സ്ഥലത്ത് 13.25 മെഗാവാട്ട് ശേഷിയുള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുവഴി പ്രതിവർഷം ശരാശരി 9.77 മെഗാ യൂണിറ്റ് വൈദ്യുതി ഇപ്പോൾ ലഭിക്കുന്നുണ്ട്. ബോർഡിന്റെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സ്ഥാപിച്ച സോളാർ നിലയത്തിന്റെ ശേഷി 3.252 മെഗാവാട്ടാണ്. അവിടെനിന്നും പ്രതിവർഷം ശരാശരി 7.9 മെഗാ യൂണിറ്റ് വൈദ്യുതി ഇപ്പോൾ ലഭിക്കുന്നുണ്ട്. ബോർഡിന്റെ അധീനതയിലുള്ള ഫ്ലോട്ടിംഗ് സോളാർ റിസർവോയറുകൾ (0.51 മെഗാവാട്ട്), ഡാം ടോപ്പ് (0.45 മെഗാവാട്ട്), കനാൽ ടോപ്പ് (3 മെഗാവാട്ട്), കനാൽ ബാങ്ക് (1 മെഗാവാട്ട്) എന്നീ നിലയങ്ങളിൽ നിന്നായി പ്രതിവർഷം ശരാശരി 1.667 മെഗാ യൂണിറ്റ് വൈദ്യുതി ഇപ്പോൾ ലഭിക്കുന്നുണ്ട്. ബോർഡിന്റെ സ്വന്തം സ്ഥലത്ത് (ബി.ഡി.പി.പി., നെന്മാറ, ഏറ്റുമാനൂർ എന്നിവിടങ്ങളിലായി) 6.5 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയങ്ങളുടെ നിർമ്മാണം നടന്നുവരുന്നു. ഇവ പൂർത്തിയാകുമ്പോൾ 6.5 മെഗാവാട്ട് വൈദ്യുതി കൂട്ടിച്ചേർക്കാനാകും. എൻ.എച്ച്.പി.സി.-യും ഡബ്ല്യൂ.കെ.എൻ.സി.ഇ.പി.പി.എൽ.-ഉം ചേർന്ന് വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബോർഡിന്റെ നിയന്ത്രണത്തിലുള്ള ഡാമുകളിലും (8 എണ്ണം) കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള രണ്ട് റിസർവോയറുകളിലും സോളാർ നിലയങ്ങൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിൽ 100 മെഗാവാട്ട് ഗ്രിഡ് ബന്ധിത വിൻഡ് പവർ പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കേന്ദ്ര പദ്ധതിയായ പ്രധാനമന്ത്രി കുസും പദ്ധതിയിൽ ഉൾപ്പെടുത്തി 51 മെഗാവാട്ട് സോളാർ സ്ഥാപിക്കാനുള്ള എം.എൻ.ആർ.ഇ.-യുടെ അനുമതി ബോർഡിന് ലഭിച്ചിട്ടുണ്ട്. ഇതിൽ 40 മെഗാവാട്ട്, കർഷകർക്ക് സോളാർ സ്ഥാപിച്ച് ആനുകൂല്യം ലഭിക്കുന്നതിനും 11 മെഗാവാട്ട് ഫീഡർ സോളറൈസേഷനുമാണ്. ഇതിന്റെ നടപടി ആരംഭിച്ചിട്ടുണ്ട്. ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) 10MW/50MWh സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഊർജ്ജോത്പാദനം വർദ്ധിപ്പിക്കുന്നതിന് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി അനെർട്ട് മുഖേന താഴെപ്പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു.

1. സൗരോർജ്ജത്തെ നമ്മുടെ വൈദ്യുതി ആവശ്യത്തിനായി വിനിയോഗിക്കുന്നതിനുള്ള സംവിധാനമായ സോളാർ പവർ പ്ലാന്റുകൾ വീടുകളിലും സ്ഥാപനങ്ങളിലും വ്യാപകമാക്കുന്നതിനുവേണ്ടിയുള്ള വിവിധ പദ്ധതികൾ അനെർട്ട് മുഖേന നടപ്പാക്കിവരുന്നു. കേന്ദ്ര നവപുനരുപയോഗ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു.

2. കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രധാനമന്ത്രി കുസും പദ്ധതി സംസ്ഥാനത്ത് വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

3. റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ സംസ്ഥാനത്ത് അനെർട്ട് മുഖേന വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

4. ഇലക്ട്രിക് കാറുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതിനാൽ ഇവയ്ക്കാവശ്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ വ്യാപകമാകുന്നതാണ്. ഇത് സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം വർദ്ധിപ്പിക്കുന്നതാണ്. ആയതിനാൽ ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനനുയോജ്യമായ സ്ഥല ലഭ്യതയുള്ള സ്റ്റേഷനുകളിൽ ഇതിനായി സബ്സിഡി പദ്ധതി അനെർട്ട് മുഖേന നടപ്പാക്കുന്നതാണ്.

5. അനെർട്ട് മുഖേന കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുന്നയളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ നടത്തിവരുന്നു. അനുയോജ്യമായി കണ്ടെത്തുന്ന സ്ഥലങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടെ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഊർജ്ജോത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ ചെറുകിട ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ നടപടികളാരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി പുതിയ ജലവൈദ്യുത

പദ്ധതികൾക്ക് ഇംപ്ലിമെന്റേഷൻ കരാറുകൾ വയ്ക്കുകയും ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ പരീക്ഷിക്കാനും നടപടിയെടുത്തിട്ടുണ്ട്. കൂടാതെ സ്വകാര്യ സംരംഭക പ്രാതിനിധ്യം പ്രോത്സാഹിപ്പിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള ടെൻഡർ നടപടികൾ ആരംഭിക്കുകയാണ്.

(ബി) കേരളം ലക്ഷ്യമിടുന്ന സൗരോർജ്ജ സ്ഥാപിതശേഷി നേടുന്നതിന്റെ ഭാഗമായി സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

സൗരോർജ്ജ സ്ഥാപിതശേഷി നേടുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ. മുഖേന ഉദ്ദേശം 39,60,000 പ്രവൃത്തി ദിനങ്ങൾ (11000 തൊഴിലവസരങ്ങൾ) സൃഷ്ടിക്കപ്പെടും. കേരളം ലക്ഷ്യമിടുന്ന 3000 മെഗാവാട്ട് സൗരോർജ്ജ സ്ഥാപിതശേഷി നേടുന്നതിന്റെ ഭാഗമായി അനെർട്ട് മുഖേന ഏകദേശം 40 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുന്നതാണ്.

(സി) ജലസംഭരണികളിൽ കൂടുതൽ ഫ്ലോട്ടിംഗ് സോളാർ നിലയങ്ങൾ സ്ഥാപിക്കാനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ജലസംഭരണികളിൽ കൂടുതൽ ഫ്ലോട്ടിംഗ് സോളാർ നിലയങ്ങൾ സ്ഥാപിക്കാനുള്ള പദ്ധതികൾ പരിഗണനയിലുണ്ട്. ബോർഡിന്റെ

നിയന്ത്രണത്തിലുള്ള ഡാമുകളിലും (8 എണ്ണം) കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള രണ്ട് റിസർവോയറുകളിലും സോളാർ നിലയങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഇതിനായുള്ള സ്ഥല പരിശോധനകൾ നടന്നുവരുന്നു.

(ഡി) കെ.എസ്.ഇ.ബി.എൽ.-ന്റെ സൗര പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ഉപഭോക്താക്കൾക്ക് പ്രവൃത്തികളുടെ പുരോഗതി ഓൺലൈനായി ട്രാക്ക് ചെയ്യാൻ സൗകര്യമൊരുക്കുന്ന പ്രോജക്ട് മാനേജ്മെന്റ് പോർട്ടൽ നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ?

കെ.എസ്.ഇ.ബി.എൽ.-ന്റെ സൗര പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ഉപഭോക്താക്കൾക്ക് പ്രവർത്തന പുരോഗതി ഓൺലൈനായി ട്രാക്ക് ചെയ്യാൻ പ്രോജക്ട് മാനേജ്മെന്റ് പോർട്ടൽ നിലവിലുണ്ട്. ഈ ഏകജാലക പോർട്ടൽവഴി ഡെവലപ്പർ, കൺസ്യൂമർ തുടങ്ങിയവർക്ക് ദിവസേനയുള്ള റൂഫ്ടോപ്പ് സോളാറിന്റെ പുരോഗതി അവലോകനം ചെയ്യാവുന്നതാണ്. കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ അനെർട്ട് മുഖേന 25 മെഗാവാട്ട് ശേഷി സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. ഈ പദ്ധതി നടപ്പാക്കുന്നതിന് 'സൗരതേജസ്സ്' എന്നപേരിൽ അനെർട്ട് പ്രത്യേക

ക്യാമ്പയിൻ നടത്തിവരുന്നു. ഇതിൽ രജിസ്റ്റർ ചെയ്ത ഉപഭോക്താക്കൾക്ക് പ്രവൃത്തികളുടെ പുരോഗതി ഓൺലൈനായി ട്രാക്ക് ചെയ്യാൻ സൗകര്യമൊരുക്കുന്ന 'ബൈമൈസൺ' എന്ന പോർട്ടൽ അനെർട്ട് സജ്ജമാക്കിയിട്ടുണ്ട്.

## സഹകരണ മേഖലയുടെ ശാക്തീകരണം

12(*192) ശ്രീ. കെ. ആൻസലൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എം. വിജിൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) മൂലധന ശക്തികളുടെ താല്പര്യാനുസരണം വിവിധ കേന്ദ്രങ്ങൾ സംസ്ഥാനത്തെ സഹകരണമേഖലയെ തകർക്കാൻ നടത്തുന്നതായ ശ്രമങ്ങൾ അതിജീവിച്ചുകൊണ്ട് ജനവിശ്വാസം നേടിയെടുത്ത് പുരോഗതിയിലേയ്ക്ക് നയിക്കാൻ നടത്തുന്ന ഇടപെടലുകളെക്കുറിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് സഹകരണമേഖലയെ ശക്തിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും ജനോപകാരപ്രദമാക്കുന്നതിനും ഈ സർക്കാർ

നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന സഹകരണമേഖലയിൽ നിലവിലുണ്ടായിരുന്ന ത്രിതല സംവിധാനത്തിനുപകരം സഹകരണ മേഖലയുടെ അപ്പെക്സ് സ്ഥാപനമായ കേരള സംസ്ഥാന സഹകരണ ബാങ്കുമായി ജില്ലാ സഹകരണ ബാങ്കുകളെ ലയിപ്പിച്ച് ദ്വിതല സംവിധാനത്തിലേയ്ക്ക് സംസ്ഥാന സഹകരണമേഖലയെ മാറ്റുകയെന്ന ലക്ഷ്യത്തോടെ കേരളാ ബാങ്ക് രൂപീകരിച്ചു. സഹകരണ മേഖലയുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനായി വിവിധതലത്തിലുള്ള പദ്ധതികൾ കേരള ബാങ്ക് നടപ്പാക്കിവരുന്നു. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങളെ ഇടപാടുകാരുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നതിനുള്ള ബഹുമുഖ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കുടുംബശ്രീ, സ്വയംസഹായ സംഘങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ എന്നിവവഴി സ്ത്രീ ശാക്തീകരണത്തിനും ഉത്പാദന മേഖലയിലെ സ്വയംപര്യാപ്തതയ്ക്കുമുള്ള ശ്രമങ്ങളും കേരള ബാങ്ക് നടപ്പാക്കിവരുന്നു. വ്യാവസായിക-ഉത്പാദന മേഖലയിലെ വളർച്ചയ്ക്കായി 'സുവിധ പ്ലസ്' എന്നപേരിൽ കേരള ബാങ്ക് ഈട് രഹിത വായ്പ  അനുവദിച്ചുവരുന്നു. കേരള ബാങ്കിൽ കോർബാങ്കിംഗ് സംവിധാനം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത്

പ്രാവർത്തികമാകുന്നതോടുകൂടി എല്ലാ വിധത്തിലുമുള്ള ആധുനിക ബാങ്കിംഗ് സേവനങ്ങൾ അംഗ സംഘങ്ങൾക്കും ഇടപാടുകാർക്കും നൽകാൻ സാധിക്കുന്നു. കേരള ബാങ്കിന്റെ രൂപീകരണത്തോടെ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതരത്തിലുള്ള ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഐ.സി.ഡി.എം.എസ്. (Integrated Co-operative Department Management System) പദ്ധതി പ്രകാരം സഹകരണസംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി, ഫണ്ട് മാനേജ്മെന്റ് മൊഡ്യൂൾ എന്നീ സേവനങ്ങൾ ഓൺലൈൻവഴി നടപ്പാക്കിയിട്ടുണ്ട്. സഹകരണവകുപ്പ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി സി-ഡിറ്റ് മുഖേന നടപ്പാക്കിയിട്ടുള്ള ഐ.സി.ഡി.എം.എസ്. പ്രോജക്ടിലുൾപ്പെടുത്തി സഹകരണ സംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.

യുവജനങ്ങൾക്കായി യുവ സഹകരണ സംഘങ്ങളാരംഭിച്ചു. കലാകാരന്മാരുടെ ഉന്നമനം ലക്ഷ്യമിട്ട് ഒരു സഹകരണസംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചുവരുന്നു. ഒരു ജില്ലയിൽ ഒരു പട്ടികജാതി/പട്ടികവർഗ്ഗ യുവജനസംഘം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങളുടെ സമഗ്രമായ സമുദ്ധാരണത്തിനായി പുനർജ്ജനി പദ്ധതി ആവിഷ്കരിച്ചുവരുന്നു. സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ കുടിശ്ശിക തീർപ്പാക്കുന്നതിനായി 'നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി' നടപ്പാക്കിവരുന്നു. സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും ഒഴിവാക്കി. ബ്ലേഡ് പലിശക്കാർ ഗ്രാമീണ മേഖലയിലുണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതിവരുത്തുന്നതിനും സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയും കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് 'മുറ്റത്തെ മുല്ല' ഗ്രാമീണ ലഘു വായ്പാ പദ്ധതി. സംസ്ഥാനത്തെ 14 ജില്ലകളിലേയ്ക്കും ടി പദ്ധതി വ്യാപിപ്പിക്കുകയും വിജയകരമായി നടപ്പാക്കിവരികയുമാണ്. തീരദേശ മേഖലയിലെ താഴെത്തട്ടിലുള്ള

മത്സ്യവിപണനം നടത്തുന്നവർ, മത്സ്യ അനുബന്ധ മേഖലയിലെ തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ എന്നിവർക്കായി സ്നേഹതീരം എന്ന ലഘു വായ്പാ പദ്ധതി ആരംഭിക്കുകയാണ്. ഭിന്നശേഷി വിഭാഗക്കാർക്ക് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾവഴി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 9% പലിശ നിരക്കിൽ വായ്പാ പദ്ധതി ആരംഭിക്കുന്നത് പരിഗണനയിലാണ്. സഹകരണ പരീക്ഷാ ബോർഡിന്റെ പരീക്ഷാ നടത്തിപ്പ് പൂർണ്ണമായും ഓൺലൈനായി നടത്തുന്ന പദ്ധതി പൂർത്തീകരിക്കും. പരീക്ഷകൾ കുറ്റമറ്റതാക്കാൻ സഹകരണ പരീക്ഷാ ബോർഡ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കും. ആയതുപ്രകാരം ഉദ്യോഗാർത്ഥികൾക്ക് ഏറ്റവും വേഗത്തിൽ നിയമനം നൽകുവാൻ സാധിക്കും. സഹകരണസംഘങ്ങൾ മുഖേന കോപ്മാർട്ട് വെജ് ഫ്രെഷ് - പച്ചക്കറി സംഭരണ വിതരണ കേന്ദ്രങ്ങൾ, കേരളത്തിലെ സഹകരണ മേഖലയിലെ എല്ലാ ഉത്പന്നങ്ങളെയും ഏകീകൃത ബ്രാൻഡിംഗിനു കീഴിൽ കൊണ്ടുവരുന്നതിനായി നടപ്പാക്കിയ കോപ്മാർട്ടുകൾ, പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസ്സസിംഗ് ആൻഡ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS), സംസ്ഥാനത്ത് പാലക്കാട് ഒഴികെയുള്ള

ജില്ലകളിൽ പ്രവർത്തന പരിധിയായി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസ്സസിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ ആരംഭിച്ചു. കേരളത്തിന്റെ പുനർനിർമ്മാണത്തിന് കെയർ കേരള പദ്ധതി, പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രളയബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്കായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച റീസർജന്റ് കേരള ലോൺ സ്കീം (RKLS) എന്ന പദ്ധതി, " മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി" (CM's Helping Hand Loan Scheme - CMHLS), അട്ടപ്പാടിയിലെ ആദിവാസികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് നടപ്പാക്കിവരുന്ന അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ/കെ.എസ്.ആർ.ടി.സി. പെൻഷൻ എന്നിവയുടെ വിതരണം, കൃതി അന്താരാഷ്ട്ര പുസ്തക മേള, അക്ഷര-ഭാഷാ-സാഹിത്യ-സാംസ്കാരിക മ്യൂസിയം, വിലക്കയറ്റം തടയുന്നതിനായി 13 ഇന നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിലെ വിലയേക്കാൾ കുറച്ച് ജനങ്ങൾക്ക് ലഭ്യമാക്കുന്ന ഉത്സവകാല ചന്തകൾ, പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നടപ്പാക്കിയ 'ഹരിതം സഹകരണം', ഭക്ഷ്യ കാർഷിക മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനുള്ള സുഭിക്ഷ കേരളം പദ്ധതി, സഹകരണ നയം, റിസ്ക് ഫണ്ട് പദ്ധതി, അംഗ സമാശ്വാസ നിധി.

(ബി) സഹകരണ നിക്ഷേപം നാടിന്റെ വികസനത്തിനായി എന്ന മുദ്രാവാക്യത്തോടെ പ്രത്യേക നിക്ഷേപ സമാഹരണ യജ്ഞവും അംഗത്വവിതരണ പ്രചരണവും നടത്തുന്നുണ്ടോ; നിക്ഷേപ ഗ്യാരന്റി തുക വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. 2022 ഫെബ്രുവരി 21 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിലാണ് നിക്ഷേപ സമാഹരണ യജ്ഞം നടത്തുന്നത്. ഈ പ്രവർത്തന പരിപാടിയിൽ 6000 കോടി രൂപ സമാഹരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. യുവജനങ്ങളെയും സഹകരണ സംഘങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിനായി പ്രത്യേക പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നു. കോളേജ്, സ്കൂൾ വിദ്യാർത്ഥികൾക്കായി പ്രത്യേക നിക്ഷേപ പദ്ധതികളും സംഘടിപ്പിക്കുന്നുണ്ട്. ഒരു സംഘത്തിന്റെ പ്രവർത്തനപരിധിയിൽ ഒരു കുടുംബത്തിലെ ഒരാളെയെങ്കിലും അംഗമാക്കുന്നതിനും നിക്ഷേപം, വായ്പാ തുടങ്ങി ഏതെങ്കിലും തരത്തിലുള്ള ഇടപാട് നടത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിലെ നിക്ഷേപ ഗ്യാരന്റി തുക 2 ലക്ഷത്തിൽനിന്നും 5 ലക്ഷമായി ഉയർത്തുന്നത് പരിഗണനയിലാണ്.

(സി) സംഘങ്ങളുടെ സാമ്പത്തിക സുസ്ഥിരത ഉറപ്പുവരുത്തുന്നതിനായി ആധുനീകരണവും ഉപഭോക്താക്കളുടെ സൗകര്യവുംകൂടി പരിഗണിച്ച് ഇടപാട് സമയം വ്യത്യസ്തതരത്തിൽ ക്രമീകരിച്ചും സേവന വൈവിദ്ധ്യത്തിലൂടെയും കൂടുതൽ ഇടപാടുകാരെ ആകർഷിക്കാൻ പരിപാടിയുണ്ടോ; കടലാസ് സംഘങ്ങളെ നിർമ്മാർജനം ചെയ്യേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്തിട്ടുണ്ടോ?

കേരള ബാങ്ക് നിലവിൽ പ്രഭാത സായാഹ്ന ശാഖകൾ, ഞായറാഴ്ച പ്രവർത്തിക്കുന്ന ശാഖകൾ തുടങ്ങി വിവിധ സമയക്രമത്തിലുള്ള പ്രവർത്തനത്തിലൂടെ ഉപഭോക്താക്കൾക്ക് സഹായകമായി പ്രവർത്തിക്കുന്നു. ബാങ്കിന്റെ എച്ച്.ഒ. കേന്ദ്രീകരിച്ച് ബിസിനസ് വൈവിദ്ധ്യവൽക്കരണ ഉത്പന്ന നവീകരണ സെന്റർ (Business Diversification and Product Innovation Centre) പ്രവർത്തനമാരംഭിക്കുകയും ആധുനികവും ആകർഷകവുമായ പുതിയ സേവനങ്ങൾ ഇടപാടുകാർക്ക് ലഭ്യമാക്കുന്നതിന് ശ്രമിച്ചുവരികയും ചെയ്യുന്നു. രജിസ്റ്റർ ചെയ്തശേഷം പ്രവർത്തിക്കാത്ത സഹകരണ സംഘങ്ങളിൽ പ്രവർത്തിപ്പിക്കാൻ സാധിക്കുന്നവ പുനരുജ്ജീവിപ്പിക്കാൻ നടപടികൾ സ്വീകരിക്കാവുന്നതും ആയതിന് സാധിക്കാത്തതിന് സമാപ്തീകരണ നടപടികൾ കൈക്കൊള്ളാവുന്നതുമാണ്.

## വികസന, ആസൂത്രണ, നിർവ്വഹണ പ്രക്രിയകളുടെ ശാക്തീകരണം

13(*193) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) വികസന, ആസൂത്രണ, നിർവ്വഹണ പ്രക്രിയകളുടെ ശാക്തീകരണം ലക്ഷ്യമിട്ട് തയ്യാറാക്കിയ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രഥമ വാർഷിക പദ്ധതിയിൽ ഏതൊക്കെ മേഖലകൾക്കും പദ്ധതികൾക്കുമായി തുക വകയിരുത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ?

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഒന്നാം വർഷമായ 2022-23-ലേയ്ക്കുള്ള സംസ്ഥാന വാർഷിക പദ്ധതിയുടെ അടങ്കൽ തുക 30,370 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്രവിഹിതമായി പ്രതീക്ഷിക്കുന്നതും എൻ.സി.ഡി.സി. സഹായവുമുൾപ്പെടെ ആകെ അടങ്കൽ 39640.19 കോടി രൂപയുമാണ്. ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതമായ 8,048 കോടി രൂപകൂടി ഉൾപ്പെട്ടിരിക്കുന്നു. പട്ടികജാതി ഉപപദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതി എന്നിവയ്ക്ക് പ്രതീക്ഷിക്കുന്ന

കേന്ദ്രസഹായമായ 25 കോടി രൂപകൂടി കണക്കിലെടുത്താൽ 2022-23-ലെ മൊത്തം പദ്ധതി വിഹിതം 39665.19 കോടി രൂപയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികളുൾപ്പെടെ പട്ടികജാതി-പട്ടികവർഗ്ഗ ഉപപദ്ധതികൾക്കായി യഥാക്രമം 2,979.40 കോടി രൂപയും 859.50 കോടി രൂപയും സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിവിധ മേഖല തിരിച്ചുള്ള വിശദാംശം വിശദീകരണക്കുറിപ്പിൽ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) സംസ്ഥാനത്ത് പ്രാദേശിക സർക്കാരുകളെയും സഹകരണ സംഘങ്ങളെയും ഒപ്പംചേർത്ത് കൃഷി, വ്യവസായം, വിനോദസഞ്ചാരം, സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ മേഖലകളിൽ പദ്ധതി നിർവ്വഹണത്തിലൂടെ എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു; വിശദാംശം ലഭ്യമാക്കുമോ?

പദ്ധതി നിർവ്വഹണത്തിൽ പ്രാദേശിക സർക്കാരുകളെയും സഹകരണ സംഘങ്ങളെയും ഒപ്പംചേർത്തുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് 2022-23 വാർഷിക പദ്ധതിയിൽ സംസ്ഥാന സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. കാർഷിക ഗവേഷണവും വിദ്യാഭ്യാസവും പ്രോത്സാഹിപ്പിക്കൽ, ജൈവ കൃഷിയുടെയും ഉത്തമകൃഷി രീതികളുടെയും വ്യാപനം തുടങ്ങിയവയിലൂടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കാർഷിക മേഖലയിലെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക, വ്യാവസായിക സംരംഭങ്ങൾ സംസ്ഥാനത്ത് കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുകയും സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുകയും അതിലൂടെ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുക, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, വിദ്യാകിരണം, സമഗ്രശിക്ഷാ കേരള തുടങ്ങിയ പദ്ധതികളിലൂടെ സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസം ഉയർന്ന നിലവാരത്തിലാക്കുക, പ്രാദേശിക ഉത്പന്നങ്ങളുടെ വികസനവും വിപണനവും, വിനോദസഞ്ചാര സൗകര്യങ്ങളുടെ നിലവാരം മെച്ചപ്പെടുത്തൽ, വിനോദസഞ്ചാര പരിപാടികൾ പ്രോത്സാഹിപ്പിക്കൽ എന്നിവയിലൂടെ വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനവും വികസനവും ഉറപ്പുവരുത്തുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെകൂടെയുള്ള പങ്കാളിത്തത്തോടെ വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കി സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുക തുടങ്ങി വിവിധ മേഖലകളിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഇത്തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും സഹകരണസംഘങ്ങളെയും ഒപ്പം ചേർത്തുള്ള പദ്ധതി നിർവ്വഹണം സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ആറാം ധനകാര്യ കമ്മീഷൻ ശിപാർശ

പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം നിലവിലുള്ള 26 ശതമാനത്തിൽനിന്ന് 26.50 ശതമാനമായി ഉയർത്തിയിട്ടുണ്ട്. ഇതിനുപുറമേ, ലോകബാങ്ക് സഹായത്തോടെ 2100 കോടി രൂപ അടങ്കൽവരുന്ന സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടിന്റെ 2022-23 വർഷത്തെ വിഹിതമായി 100 കോടി രൂപ കോർപ്പറേഷനുകൾക്കും നഗരസഭകൾക്കുമായി വകയിരുത്തിയിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനമുൾപ്പെടെയുള്ള മേഖലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയുള്ള വിവിധ പദ്ധതി നിർവ്വഹണത്തിലൂടെ ഗുണപരമായ മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു.

## കെ.എസ്.ഇ.ബി.എൽ.-ന്റെ സാമ്പത്തിക സുസ്ഥിരത

14 (*194) ശ്രീ. എ. രാജ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) 2011-16-ലെ സർക്കാരിന്റെ കാലത്ത് 2014-ൽ കെ.എസ്.ഇ.ബി.എൽ. വൈദ്യുതി വാങ്ങുന്നതിനായി ചട്ടം ലംഘിച്ചുകൊണ്ട് കരാറിലേർപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച്

പരിശോധിക്കാൻ വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നോ; വിദഗ്ധ സമിതിയുടെ കണ്ടെത്തൽ എന്തായിരുന്നു; പതിനയ്യായിരത്തി അറുന്നൂറ് കോടി രൂപയുടെ അധിക ബാദ്ധ്യതയുണ്ടാകുമെന്ന് കണക്കാക്കുന്ന പ്രസ്തുത കരാർ റദ്ദാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഏർപ്പെട്ട DBFOO പ്രകാരം 2014-2015 കാലയളവിൽ ഒപ്പുവച്ച ചില ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകൾക്ക് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ ഇതുവരെ അനുമതി നൽകിയിട്ടില്ല. ബോർഡ് സർക്കാരിന് സമർപ്പിച്ച പ്രസ്തുത വിഷയം സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ച് ഉചിത ശിപാർശ സമർപ്പിക്കാൻ അഡീഷണൽ ചീഫ് സെക്രട്ടറി (ഫിനാൻസ്), പ്രിൻസിപ്പൽ സെക്രട്ടറി (പവർ), സെക്രട്ടറി (നിയമം), ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്നിവർ അംഗങ്ങളായിട്ടുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്യുമെന്റിനുവന്ന വ്യതിയാനങ്ങൾ സംസ്ഥാന ഗവൺമെന്റ് അംഗീകരിക്കേണ്ടതില്ലെന്നും ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ, ഈ ദീർഘകാല കരാറുകളിൽനിന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഇതേ വ്യവസ്ഥകളൊഴിവാക്കിയാൽ

ഉദ്ദേശം ഏകദേശം 800 കോടി രൂപയുടെ അധികബാധ്യത ഒഴിവാക്കാനാകുമെന്ന് അനുമാനിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ശിപാർശയിന്മേൽ ഗവൺമെന്റ് തീരുമാനമെടുക്കുന്നമുറയ്ക്ക് വൈദ്യുതി ബോർഡിന് അന്തിമ തീരുമാനങ്ങൾക്കായി സംസ്ഥാന റെഗുലേറ്ററി കമ്മീഷനെ സമീപിക്കുന്നതാണ്.

(ബി) കെ.എസ്.ഇ.ബി.എൽ.-ന്റെ സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കെ.എസ്.ഇ.ബി.എൽ.-ന്റെ സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. കൂടിയ പലിശനിരക്കിലുള്ള ലോണുകൾ തിരിച്ചടച്ചും കുറഞ്ഞ പലിശ നിരക്കിലുള്ള ലോണുകൾകൂടി പരിവർത്തനം ചെയ്തെടുക്കുന്നു.

2. നൂതന സാങ്കേതികവിദ്യകളുപയോഗിച്ച് പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്നതിലൂടെ ചെലവ് ചുരുക്കുന്നു.

3. കമ്പ്യൂട്ടർവത്കൃത ‘ ERP’ നടപ്പാക്കുന്നതുവഴി ജീവനക്കാരുടെ പുനർവിന്യാസത്തിലൂടെ ചെലവ് ചുരുക്കുന്നു.

4. കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി വാങ്ങൽ കരാറുകളിലേർപ്പെട്ട് വൈദ്യുതി വാങ്ങൽ ചെലവ്, കൂടുതൽ ചുരുക്കുന്നതിനുള്ള ശ്രമം നടത്തുന്നു.

5. കെ.എസ്.ഇ.ബി.എൽ-ന്റെ കുടിശ്ശിക കൂടുതൽ ഊർജ്ജിത ശ്രമങ്ങളിലൂടെ പിരിച്ചെടുക്കുന്നു.

(സി) വൈദ്യുതി പ്രസരണ, വിതരണരംഗം കാര്യക്ഷമമാക്കുന്നതിനും പ്രസരണ, വിതരണ നഷ്ടം കുറയ്ക്കുന്നതിനും നടപ്പിലാക്കിവരുന്ന ട്രാൻസ്ഗ്രിഡ്, ദ്യുതി പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്തിരുന്നോ; വിശദാംശം ലഭ്യമാക്കുമോ?

തുടർച്ചയായി ദ്യുതി പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്തെ വൈദ്യുതി മേഖലയെ ലോകോത്തരമാക്കുകയെന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷനിലുൾപ്പെടുത്തി വിതരണശൃംഖലയുടെ മെച്ചപ്പെടുത്തലിനും വികസനത്തിനുമായി നടപ്പാക്കിവരുന്ന പദ്ധതിയാണ് 'ദ്യുതി 2021.' ദ്യുതി പദ്ധതിയിൽ ലൈൻ നിർമ്മാണം, സ്റ്റാൻഡേർഡൈസേഷൻ പ്രവൃത്തികൾ, ട്രാൻസ്ഫോർമർ നിർമ്മാണം ഉൾപ്പെടെയുള്ള വികസന പ്രവൃത്തികൾക്കായി 3732.03 കോടി രൂപയും കേടായ മീറ്ററുകൾ മാറ്റിവയ്ക്കുന്നതിനായി 204.27 കോടി രൂപയും തുടർ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി 50 കോടി രൂപയും SCADA പ്രവൃത്തികൾക്ക് 50 കോടി രൂപയുമുൾപ്പെടെ 4036.30 കോടി രൂപയുടെ പദ്ധതി രേഖയാണ് തയ്യാറാക്കിയിരുന്നത്.

ആഗോളനിലവാരത്തിൽ തടസ്സരഹിതമായി, ഗുണമേന്മയേറിയ വൈദ്യുതി അപകടരഹിതമായി ഉപഭോക്താക്കൾക്ക് എത്തിച്ച് വൈദ്യുതി വിതരണരംഗം കാര്യക്ഷമമാക്കുന്നതിന് നടപ്പാക്കുന്ന "ദ്യുതി" പദ്ധതിയിലുൾപ്പെടുത്തി എച്ച്.ടി. ലൈൻ/ഭൂഗർഭ കേബിൾ നിർമ്മാണം, എൽ.ടി. ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ/ശേഷി വർദ്ധിപ്പിക്കൽ, ലൈനിന്റെ സ്ഥാപിതശേഷി കൂട്ടുന്ന പ്രവൃത്തികൾ, എച്ച്.ടി. ലൈനും ഇ.എച്ച്.ടി. ലൈനും റീ-കണ്ടക്ടറിംഗ് നടത്തുന്ന പ്രവൃത്തികൾ, ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും മറ്റ് പ്രതിഷ്ഠാപനങ്ങളുടെയും സ്റ്റാൻഡേർഡൈസേഷൻ പ്രവൃത്തികൾ, വിതരണനഷ്ടം കുറയ്ക്കുന്ന പ്രവൃത്തികൾ തുടങ്ങിയവ നടപ്പാക്കിവരുന്നു. 2018-ൽ ആരംഭിച്ച് 2022-ൽ പൂർത്തീകരിക്കാനുദ്ദേശിച്ചിരുന്ന ഈ പദ്ധതിയിൽ, 2018-2019 വർഷങ്ങളിലെ മഹാപ്രളയങ്ങൾ, കോവിഡ് 19-ന്റെ ഭാഗമായി ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ഡൗൺ എന്നിവകാരണം ഉദ്ദേശിച്ച പുരോഗതി കൈവരിക്കാനായില്ലെങ്കിലും ഈ പദ്ധതിയിൽ ഇതുവരെ 2061.17 കോടി രൂപയുടെ പ്രവൃത്തികൾ (ലൈൻ നിർമ്മാണം/ട്രാൻസ്ഫോർമർ സ്ഥാപിക്കൽ തുടങ്ങിയ വികസന പ്രവൃത്തികൾ, കേടായ മീറ്ററുകൾ മാറ്റിസ്ഥാപിക്കൽ തുടങ്ങിയവയുൾപ്പെടെ

പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ഇതുവരെ 654.70 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. തുടർ വൈദ്യുതീകരണത്തിനായി മാറ്റിവച്ച 50 കോടി രൂപയും മാർച്ച് 2021-ൽത്തന്നെ ചെലവഴിച്ചിട്ടുണ്ട്. വൈദ്യുതി പ്രസരണരംഗം കാര്യക്ഷമമാക്കുന്നതിനും പ്രസരണനഷ്ടം കുറയ്ക്കുന്നതിനുമായി നടപ്പാക്കിവരുന്ന ട്രാൻസ്ഗ്രിഡ് പദ്ധതികളുടെ പുരോഗതി മന്ത്രിതലത്തിലും ഡയറക്ടർ തലത്തിലും ചീഫ് എഞ്ചിനീയർ തലത്തിലും കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്യാറുണ്ട്. കേരളത്തിലെ വരുന്ന രണ്ട് ദശാബ്ദ കാലയളവിലേയ്ക്കുള്ള വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് പര്യാപ്തമായ രീതിയിൽ നിലവിലുള്ള പ്രസരണ ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും പുതിയ ലൈനുകളുടെയും സബ്സ്റ്റേഷനുകളുടെയും നിർമ്മാണത്തിനുമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് 2016-ൽ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുവഴി പ്രതിവർഷം 521 ദശലക്ഷം യൂണിറ്റ് വൈദ്യുതിനഷ്ടം കുറയ്ക്കുന്നതിനും വരുന്ന 25 വർഷത്തെ പ്രസരണ ആവശ്യകത നിറവേറ്റുന്നതിനും വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനും കഴിയും.

കെ.എസ്.ഇ.ബി.എൽ. ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ കിഫ്ബി (Kerala Industrial Investment Fund Board), പി.എസ്.ഡി.എഫ്. (Power System Development Fund), എം.എൻ.ആർ.ഇ. (Ministry of New & Renewable Energy) എന്നിവയുടെ ധനസഹായത്തോടെ ഏകദേശം 10,000 കോടി രൂപ ചെലവ് കണക്കാക്കിയുള്ള പ്രവൃത്തികളാണ് രണ്ട് ഘട്ടങ്ങളിലായി പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ കിഫ്ബി, പി.എസ്.ഡി.എഫ്. ധനസഹായത്തോടെ ആവിഷ്കരിച്ച പദ്ധതികളിൽ 178 കി.മി. 400 കെ.വി. ലൈനും 845 കി.മി. 220 കെ.വി. ലൈനുമുൾപ്പെടുന്ന 9 ലൈൻ പാക്കേജുകളും 12 സബ്സ്റ്റേഷനുകളുൾപ്പെടുന്ന 5 പാക്കേജുകളുമുണ്ട്. നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്ത പദ്ധതികളിൽ 6 സബ്സ്റ്റേഷനുകളും 178 സർക്യൂട്ട് കി.മീ. 400 കെ.വി. ലൈനും 465 സർക്യൂട്ട് കി.മീ. 220 കെ.വി. ലൈനും 548 സർക്യൂട്ട് കി.മീ. 110 കെ.വി. ലൈനുമുൾപ്പെടുന്നു. രണ്ടാംഘട്ടത്തിൽ കിഫ്ബി, എം.എൻ.ആർ.ഇ. എന്നിവയുടെ ധനസഹായത്തോടെ പൂർത്തീകരിക്കാൻ 11 ലൈൻ പാക്കേജുകളും 13 സബ്സ്റ്റേഷനുകളും വിഭാവനം ചെയ്തിട്ടുണ്ട്. ഒന്നാംഘട്ടം 2022-ലും രണ്ടാംഘട്ടം 2024-ലും പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

## രജിസ്ട്രേഷൻ വകുപ്പിൽ ആധുനീകരണം

15 (*195) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവിധ രജിസ്ട്രേഷൻ ഇടപാടുകൾക്കും ഇ-സ്റ്റാമ്പിംഗ് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ആധാരത്തിൽ വിരലടയാളവും ഇടപാടുകാരന്റെ ഫോട്ടോയും ഡിജിറ്റലായി രേഖപ്പെടുത്തുന്ന രീതി പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

നിലവിൽ ഒരു ലക്ഷം രൂപയ്ക്കുമുകളിൽ മുദ്രവിലവരുന്ന രജിസ്ട്രേഷൻ ഇടപാടുകൾക്ക് ഇ-സ്റ്റാമ്പിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു ലക്ഷം രൂപയ്ക്കുതാഴെ മുദ്രവിലവരുന്ന രജിസ്ട്രേഷൻ ഇടപാടുകൾക്കും ഇ-സ്റ്റാമ്പിംഗ് ഏർപ്പെടുത്തുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ആധാരത്തിൽ വിരലടയാളവും ഇടപാടുകാരന്റെ ഫോട്ടോയും ഡിജിറ്റലായി രേഖപ്പെടുത്തുന്ന രീതി പരിഗണനയിലുണ്ട്. നിലവിൽ സബ്‌രജിസ്ട്രാർ ഓഫീസുകളിൽ വിരൽപ്പതിപ്പെടുക്കുന്നതിന് വിരലിൽ മഷി പുരട്ടി

വിരലടയാളം വിരൽപ്പതിപ്പ് പുസ്തകത്തിൽ പതിക്കുന്ന രീതിയാണ് തുടർന്നുവരുന്നത്. ഇതിനുപകരമായി രജിസ്ട്രേഷനായി ആധാരം ഹാജരാക്കുന്ന കക്ഷികളുടെ വിരൽപ്പതിപ്പ് ഇലക്ട്രോണിക് ഉപകരണത്തിന്റെ സഹായത്താൽ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയശേഷം ആധാരത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഭാഗമായുള്ള പുറത്തെഴുത്തിൽ ഫോട്ടോയും വിരൽപ്പതിപ്പും പ്രിന്റ് ചെയ്തുവരുന്ന രീതിയാണ് അവലംബിക്കാനുദ്ദേശിക്കുന്നത്.

(ബി) രജിസ്ട്രേഷൻ വകുപ്പിൽ ആധുനീകരണത്തിന്റെ ഭാഗമായി എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പാക്കിവരുന്നത്; വിശദമാക്കുമോ?

1) ബാങ്കുകളിൽനിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലോണുകളുമായി ബന്ധപ്പെട്ട കരാറുകൾ ചെയ്യുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾ സന്ദർശിക്കാതെതന്നെ ഡിജിറ്റൽ രൂപത്തിൽ കരാറുകൾ തയ്യാറാക്കുന്നതിനായുള്ള സൗകര്യം;

2) രജിസ്ട്രേഷൻ സംവിധാനമായ 'PEARL' സാങ്കേതികമായി കൂടുതൽ മികവുറ്റതാക്കുന്നതിനായി ബ്ലോക്ക് ചെയിൻ അധിഷ്ഠിതമാക്കി 'Smart Contract' എന്ന ആശയം നടപ്പാക്കിക്കൊണ്ട് എല്ലാത്തരം ആധാരങ്ങൾക്കും ഡിജിറ്റൽ രൂപം;

3) മുൻ ആധാരവിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കും;

4) ആധാര പകർപ്പുകൾക്കായി അപേക്ഷാ കക്ഷികൾ ഓഫീസിൽ വരാതെതന്നെ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സൗകര്യം;

5) വിവാഹ രജിസ്ട്രേഷനായുള്ള അപേക്ഷാ നടപടിക്രമങ്ങൾ പൂർണ്ണമായും ഓൺലൈനിലാക്കും;

6) പാർട്ട്ണർഷിപ്പ്, സൊസൈറ്റി രജിസ്ട്രേഷൻ നടപടികൾ പൂർണ്ണമായും ഓൺലൈനിലാക്കും;

7) ചിട്ടി രജിസ്ട്രേഷന് പൂർണ്ണമായി ഡിജിറ്റൽ രൂപം;

8) ആധാരം ഹാജരാക്കിയ ദിവസംതന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിക്കൊണ്ട് അന്നേദിവസംതന്നെ ആധാരം മടക്കി നൽകുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി രജിസ്ട്രേഷനോടനുബന്ധിച്ചുള്ള വിവിധ നടപടിക്രമങ്ങളുടെ ലളിതവൽക്കരണവും ആധാര കക്ഷികളുടെ ഫോട്ടോയും വിരൽപ്പതിപ്പും കമ്പ്യൂട്ടർ മുഖാന്തരം എടുക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്;

9) രജിസ്ട്രാറുടെ മുമ്പാകെ ഹാജരാകേണ്ടതില്ലാത്ത ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ രജിസ്ട്രേഷൻ സാദ്ധ്യത പരിശോധിക്കും;

10) രജിസ്ട്രേഷൻ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സൗകര്യം;

11) എല്ലാ സബ്‌രജിസ്ട്രാർ ഓഫീസുകളിലെയും റിക്കാർഡ് മുറികൾ നവീകരിക്കുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള കോംപാക്ടറുകൾ സ്ഥാപിക്കും;

12) എല്ലാ സബ്‌രജിസ്ട്രാർ ഓഫീസുകളും ജനസൗഹാർദ്ദമാക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങളൊരുക്കും;

13) രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റ് കൂടുതൽ മികവുറ്റതാക്കും;

14) റവന്യൂ-സർവ്വേ വകുപ്പുകളുടെ ഡിജിറ്റൈസേഷൻ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് നിയമഭേദഗതിക്ക് വിധേയമായി ഏത് ആധാരവും സംസ്ഥാനത്തെ ഏത് ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം;

15) നിലവിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി;

**ഓരോ നിയോജകമണ്ഡലത്തിലും ഓരോ വ്യവസായ പാർക്ക്**

16 (*196) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:

<u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) തൊഴിൽ ലഭ്യത ഉറപ്പുവരുത്താൻ ഓരോ നിയോജകമണ്ഡലത്തിലും ഓരോ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

ഓരോ നിയോജകമണ്ഡലത്തിലും അനുയോജ്യമായ ഭൂമി ലഭ്യമാകുകയാണെങ്കിൽ വ്യവസായ പാർക്ക് ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. വ്യവസായ പാർക്ക് രൂപീകരിക്കുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങൾവഴി കണ്ടെത്തുന്ന ഭൂമി സൈറ്റ് സെലക്ഷൻ കമ്മിറ്റി പരിശോധിച്ച് അനുയോജ്യമാണെന്ന് കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ഈ ഭൂമി സർക്കാർ ഏറ്റെടുത്ത് അതിൽ വ്യവസായം തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കി വ്യവസായ പാർക്കായി പ്രഖ്യാപിക്കുന്നു. പാർക്കിൽ സംരംഭം ആരംഭിക്കാൻ താല്പര്യമുള്ള സംരംഭകരിൽനിന്നും അപേക്ഷ ക്ഷണിക്കുന്നു. ഈ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഒരു മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നു. ഈ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ, ജില്ലാതല ലാൻഡ് അലോട്ട്മെന്റ്

കമ്മിറ്റി പരിശോധിച്ച് അർഹരായ സംരംഭകർക്ക് പാർക്കുകളിൽ ഭൂമി അനുവദിക്കുന്നു.

(ബി) ഇത്തരം വ്യവസായ പാർക്കുകളിൽ പ്രാദേശികമായി ലഭ്യമാകുന്ന വസ്തുക്കൾ ഉപയോഗപ്പെടുത്തിയുള്ള സംരംഭങ്ങളും ഐ.ടി. ഉൾപ്പെടെയുള്ള സ്റ്റാർട്ടപ്പുകളും തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

വ്യവസായ വാണിജ്യ വകുപ്പിനുകീഴിൽ നിലവിലുള്ള വ്യവസായ പാർക്കുകളിൽ ഇനി അലോട്ട് ചെയ്യുന്നതിനുള്ള ഭൂമിയിൽ പ്രാദേശികാടിസ്ഥാനത്തിൽ പ്രാധാന്യമുള്ള വ്യവസായങ്ങൾ കണ്ടെത്തി അവകൂടി ഉൾപ്പെടുത്തി സംരംഭങ്ങൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(സി) പ്രസ്തുത പാർക്കുകളിൽ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് സർക്കാർ സബ്സിഡി നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

വ്യവസായ വാണിജ്യ വകുപ്പിനുകീഴിൽ നിലവിലുള്ള വ്യവസായ പാർക്കുകളിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം അപേക്ഷ സമർപ്പിക്കുന്നവർക്ക് സബ്സിഡി നൽകിവരുന്നുണ്ട്.

## സഹകരണ മേഖലയിൽ തൊഴിൽ കർമ്മ പരിപാടി

17 (*197) ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. എം. മണി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രണ്ടാം നൂറുദിന പരിപാടിയിൽ മേയ് മാസത്തിനുമുമ്പ് സഹകരണമേഖലവഴി ഇരുപതിനായിരം തൊഴിൽ സൃഷ്ടിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കർമ്മപരിപാടി തയ്യാറാക്കിയിട്ടുണ്ടോ?

സംസ്ഥാനത്ത് രണ്ടാം നൂറുദിന പരിപാടിയിലുൾപ്പെടുത്തി 2022 ഫെബ്രുവരി 10 മുതൽ മേയ് 20 വരെയുള്ള കാലയളവിൽ സഹകരണമേഖലവഴി 20000 തൊഴിൽ സൃഷ്ടിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ടി ലക്ഷ്യം കൈവരിക്കുന്നതിനുള്ള കർമ്മപരിപാടി തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി 500 സ്ഥിരം തൊഴിൽ സൃഷ്ടിക്കുന്നതിനും 19500 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിടുന്നു. സഹകരണ വകുപ്പ്/സഹകരണ സ്ഥാപനങ്ങൾ മുഖേന 500

സ്ഥിരം തൊഴിൽ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടുന്നു. കേരള ബാങ്ക് വായ്പകൾ മുഖാന്തരം 12000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ടി പദ്ധതി ലക്ഷ്യമിടുന്നു. ടി പദ്ധതി കെ. ബി. മിത്ര, കെ. ബി. പ്രവാസി ഭദ്രത, കെ. ബി. സുവിധ പ്ലസ്, കെ. ബി. യുവമിത്ര, കെ. ബി. സുവിധ, കെ. ബി. പ്രവാസി കിരൺ എന്നിങ്ങനെ 6 വായ്പാ പദ്ധതികളിലൂടെ നടപ്പിലാക്കുന്നു. ജില്ലകളിൽ പി.എ.സി.എസ്. മുഖേന വായ്പകൾ മുഖാന്തരം നടപ്പാക്കുന്ന തൊഴിലവസര പദ്ധതിയിലൂടെ 4600 പദ്ധതികളിലായി (വായ്പകൾ) 7000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടുന്നു. കൺസ്യൂമർ ഫെഡ്, മാർക്കറ്റ് ഫെഡ്, വനിതാ ഫെഡ്, റബ്ബർ മാർക്ക്, എസ്.സി./എസ്.ടി. ഫെഡ് തുടങ്ങിയ സഹകരണ അപ്പെക്സ് ഫെഡറേഷനുകൾ നേരിട്ട് നടത്തുന്ന പദ്ധതി മുഖാന്തരം 50 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടുന്നു. സഹകരണമേഖലയിലെ വായ്പേതര സംഘങ്ങൾ മുഖേന 450 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടുന്നു.

(ബി) സഹകരണമേഖലയുടെ ശാക്തീകരണത്തിനായുള്ള ഇടപെടലുകൾ എന്തൊക്കെയാണ്?

സഹകരണമേഖലയുടെ ശാക്തീകരണത്തിനായി സഹകരണവകുപ്പ് ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

1. ഗ്രാമീണമേഖലയിൽ കുടുംബശ്രീയുമായി സഹകരിച്ച് 'മുറ്റത്തെ മുല്ല്' ഗ്രാമീണ ലഘുവായ്പാ പദ്ധതി നടപ്പാക്കിവരുന്നു;
2. സംഘാംഗങ്ങളായ മാരകരോഗം ബാധിച്ചവർക്കും മാതാപിതാക്കൾ മരണപ്പെട്ട് അവരുടെ വായ്പയ്ക്ക് ബാദ്ധ്യതപ്പെട്ട പ്രായപൂർത്തിയാകാത്ത മക്കൾക്കും അംഗസമാശ്വാസ പദ്ധതി പ്രകാരം പരമാവധി 50,000/- രൂപ ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കും;
3. സഹകരണ മേഖലയിൽ നിക്ഷേപ തോത് വർദ്ധിപ്പിക്കുക, യുവതലമുറയെ സഹകരണ പ്രസ്ഥാനത്തിലേയ്ക്ക് ആകർഷിക്കുക, വികസനത്തിന് കരുത്തേകുക എന്നീ ലക്ഷ്യങ്ങളോടെ നിക്ഷേപ സമാഹരണ പദ്ധതി നടപ്പാക്കിവരുന്നു;
4. വായ്പക്കാരൻ മരണപ്പെട്ടാൽ 2 ലക്ഷം രൂപവരെ ധനസഹായം അനുവദിക്കുന്ന റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കിവരുന്നു;
5. സഹകരണ സംഘം ലിക്വിഡേഷനാകുന്ന സാഹചര്യത്തിൽ നിക്ഷേപകർക്ക് 2 ലക്ഷം രൂപവരെ ഗ്യാരന്റി നൽകുന്ന നിക്ഷേപ ഗ്യാരന്റി ഫണ്ട് സ്കീം നടപ്പാക്കിവരുന്നു;
6. ഭക്ഷ്യ കാർഷിക മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനുള്ള സുഭിക്ഷ കേരളം പദ്ധതിക്കാവശ്യമായ സാമ്പത്തിക സഹായം സഹകരണ സംഘങ്ങൾ വഴി നടപ്പാക്കുന്നു;
7. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി ഓരോ വർഷവും 1 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന ഹരിതം സഹകരണം പദ്ധതി നടപ്പാക്കിവരുന്നു;

8. വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി 10000/- രൂപ പലിശരഹിത വായ്പ നൽകുന്ന വിദ്യാതരംഗിണി പദ്ധതി നടപ്പാക്കി;
9. പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്ന പദ്ധതി നടപ്പാക്കുന്നു;
10. സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണ പദ്ധതി നടപ്പാക്കുന്നു;
11. കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണ പദ്ധതി നടപ്പാക്കിവരുന്നു;
12. അട്ടപ്പാടിയിലെ പട്ടിക ഗോത്ര വർഗ്ഗ വിഭാഗത്തിന്റെ ആരോഗ്യ സംരക്ഷണത്തിനായി സമഗ്ര ആരോഗ്യ പദ്ധതി നടപ്പാക്കുന്നു.

(സി) ഹ്രസ്വ കാലയളവിനുള്ളിൽത്തന്നെ പതിമൂവായിരത്തിലധികം ഇടത്തരം, ചെറുകിട, സൂക്ഷ്മ വ്യവസായങ്ങൾക്ക് വഴിയൊരുക്കാൻ കേരള ബാങ്കിന് കഴിഞ്ഞിട്ടുണ്ടോ; ഇതിനായി ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

കേരള ബാങ്കിന് ഹ്രസ്വ കാലയളവിനുള്ളിൽത്തന്നെ പതിമൂവായിരത്തിലധികം ഇടത്തരം, ചെറുകിട, സൂക്ഷ്മ വ്യവസായങ്ങൾക്ക് വഴിയൊരുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനായി ചുവടെപ്പറയുന്ന ആറുതരം വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

1. <u>കെ.ബി. മിത്ര വായ്പ (എം.എസ്.എം.ഇ.)</u>: സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്കുള്ള വായ്പാ പദ്ധതിയാണിത്. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളത് നവീകരിക്കുന്നതിനും വേണ്ടിയാണ് വായ്പ അനുവദിക്കുന്നത്. വർക്കിംഗ് ക്യാപിറ്റലായും കാലാവധി വായ്പയായും ഈ വായ്പ അനുവദിക്കുന്നു. വ്യക്തികൾക്ക് 60 ലക്ഷം രൂപവരെയും കമ്പനികൾക്ക് 1 കോടി രൂപവരെയുമാണ് വായ്പാ പരിധി. പരമാവധി 7 വർഷമാണ് തിരിച്ചടവ് കാലാവധി.

2. <u>കെ. ബി. പ്രവാസി ഭദ്രത:</u> കോവിഡ്-19 പ്രതിസന്ധിയിൽ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തിയ പ്രവാസികൾക്ക് നോർക്ക റൂട്ട്സിന്റെ സഹായത്തോടെ സ്വയംതൊഴിൽ സംരംഭങ്ങൾക്കായി അനുവദിക്കുന്ന വായ്പാ പദ്ധതിയാണ്. പുതിയ സംരംഭത്തിനും നിലവിലുള്ളവയുടെ നവീകരണത്തിനുമാണ് ഇത്തരം വായ്പ അനുവദിക്കുന്നത്. പരമാവധി 5 ലക്ഷം രൂപവരെയാണ് വായ്പാ പരിധി. തിരിച്ചടവ് കാലാവധി പരമാവധി 10 വർഷമാണ്.

3. <u>കെ. ബി. സുവിധ പ്ലസ് (എം.എസ്.എം.ഇ.)</u>: കോവിഡ്-19 പ്രതിസന്ധിയിൽ സാധാരണക്കാരന്റെയും കർഷകന്റെയും വരുമാനം ഉയർത്തുന്നതിന്റെ ഭാഗമായി സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും

ബസ് ഉടമകൾക്കും അനുവദിക്കുന്ന വായ്പയാണ് സുവിധ പ്ലസ്. ഇതിന്റെ വായ്പാ പരിധി പരമാവധി 5 ലക്ഷം രൂപ വരെയാണ്. തിരിച്ചടവ് കാലാവധി പരമാവധി 5 വർഷമാണ്.

4. കെ. ബി. യുവമിത്ര (എം.എസ്.എം.ഇ.): കേരള ബാങ്കിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് 35 വയസ്സിൽത്താഴെയുള്ള സംരംഭകർക്കായി നടപ്പാക്കിയ പദ്ധതിയാണ് കേരള ബാങ്ക് യുവമിത്ര. കേരള ബാങ്ക് എം.എസ്.എം.ഇ. വായ്പാ പദ്ധതിയുടെ ഭാഗമായാണ് യുവമിത്ര വായ്പാ പദ്ധതി നടപ്പാക്കുന്നത്. യുവസംരംഭകരുടെ തൊഴിലവസരവും വരുമാനവും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതിയാണിത്. ഉത്പാദന/സേവന/വ്യാപാര രംഗത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളിലേർപ്പെട്ടിരിക്കുന്ന യുവാക്കൾക്ക്/യുവതികൾക്ക് സ്വയംതൊഴിലിലൂടെ സാമ്പത്തികഭദ്രത ഉറപ്പാക്കാൻ ഈ പദ്ധതി സഹായിക്കും. വായ്പാ പരിധി 60 ലക്ഷം രൂപവരെയാണ്. കമ്പനികൾക്ക് 1 കോടി രൂപവരെയാണ്. പലിശ നിരക്ക് 8.75 ശതമാനമാണ്. തിരിച്ചടവ് കാലാവധി 7 വർഷമാണ് (84 മാസം).

5. കെ. ബി. സുവിധ: വായ്പക്കാരന്റെ തിരിച്ചടവുശേഷി ശാഖാ മാനേജർ വിലയിരുത്തി ആയതിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്ന

വായ്പയാണിത്. സാധാരണക്കാരായ തൊഴിലാളികൾ, ചെറുകിട വ്യാപാരികൾ, കർഷകർ, എം.എസ്.എം.ഇ., ടൂറിസം മേഖലയിലെ സംരംഭകർ, ഭൂവികസനത്തിനുള്ള ഉപകരണങ്ങളുടെ ഓപ്പറേറ്റർമാർ, കാർഷിക/കെട്ടിട കരാറുകൾ, ചെറുകിട നാമമാത്ര തുടങ്ങി നേരിട്ടോ അല്ലാതെയോ ഉത്പാദന പ്രവർത്തനങ്ങളിലേർപ്പെട്ട് വരുമാനം നേടുന്നവർക്കും ശരിയായ തിരിച്ചടവ് ശേഷിയുണ്ടെങ്കിലും ഇൻകം ടാക്സ് റിട്ടേൺ/സാലറി സ്ലിപ് എന്നിവ ഹാജരാക്കാൻ കഴിയാത്തവർക്കുമാണ് ഇത്തരം വായ്പ അനുവദിക്കുന്നത്. വാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ വർക്കിംഗ് ക്യാപിറ്റൽ ലോണായും അനുവദിക്കുന്നു. വായ്പാ പരിധി പരമാവധി 20 ലക്ഷം രൂപവരെയാണ്. തിരിച്ചടവ് കാലാവധി പരമാവധി 10 വർഷമാണ്.

6. <u>കെ. ബി. പ്രവാസി കിരൺ</u>: തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾക്ക് മൂലധനം/പലിശ സബ്സിഡിയുൾപ്പെടെ അനുവദിക്കുന്ന വായ്പയാണിത്. 24 ലക്ഷം രൂപവരെയുള്ള സംരംഭങ്ങൾക്കാണ് വായ്പ ലഭിക്കുന്നത്. നോർക്ക റൂട്ട്സുമായി സഹകരിച്ച് നടപ്പാക്കുന്ന വായ്പാ പദ്ധതിയാണിത്.

**ഹരിതോർജ്ജ പദ്ധതികൾ**

18 (*198) <u>ഡോ. സുജിത് വിജയൻപിള്ള</u>:

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>:

ശ്രീ. കെ. യു. ജനീഷ് കുമാർ:

ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) വൈദ്യുത വാഹന പ്രോത്സാഹന നയത്തിന് ലഭിക്കുന്ന മികച്ച പ്രതികരണങ്ങൾകൂടി കണക്കിലെടുത്ത് സംസ്ഥാനത്ത് തടസ്സമില്ലാതെ ആവശ്യാനുസരണം വൈദ്യുതി ലഭ്യമാക്കുന്നതിനാവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് അറിയിക്ക g മോ?

സംസ്ഥാനത്ത് തടസ്സമില്ലാതെ ആവശ്യാനുസരണം വൈദ്യുതി ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് പ്രസരണമേഖലയിൽ നടപ്പാക്കുന്ന 'ട്രാൻസ്ഗ്രിഡ്' പദ്ധതിയിലുൾപ്പെടുത്തി 400 കെ.വി.-യുടെ മൂന്ന് സബ്സ്റ്റേഷനുകളും 220 കെ.വി.-യുടെ 22 സബ്സ്റ്റേഷനുകളും 4390 സർക്യൂട്ട് കി.മീ. ഇ.എച്ച്.ടി. ലൈനുകളുമാണ് നിർമ്മിക്കാനുദ്ദേശിച്ചിട്ടുള്ളത്. ഇതിൽ 178 സർക്യൂട്ട് കി.മീ. 400 കെ.വി. ലൈനും 465 സർക്യൂട്ട് കി.മീ. 220 കെ.വി. ലൈനും 548 സർക്യൂട്ട് കി.മീ. 110 ലൈനും നിർമ്മാണം പൂർത്തിയാക്കി. 2022-2026 കാലയളവിൽ ഒരു 400 കെ.വി. സബ്സ്റ്റേഷന്റെയും പതിനൊന്ന് 220 കെ.വി. സബ്സ്റ്റേഷനുകളുടെയും ഒരു 110 കെ.വി. സബ്സ്റ്റേഷന്റെയും നിർമ്മാണം പൂർത്തിയാകുന്നതാണ്. കൂടാതെ 248 സർക്യൂട്ട് കി.മീ. 400 കെ.വി. ലൈനും 1000 സർക്യൂട്ട് കി.മീ.

220 കെ.വി. ലൈനും 750 സർക്യൂട്ട് കി.മീ. 110 കെ.വി. ലൈനും നിർമ്മാണം പൂർത്തിയാക്കാനുദ്ദേശിച്ചിട്ടുണ്ട്. ഇവ കൂടാതെ 2022-2023 സാമ്പത്തിക വർഷത്തെ തനത് പദ്ധതിയിലുൾപ്പെടുത്തി വ്യത്യസ്ത വോൾട്ടേജുകളിൽ 25 സബ്സ്റ്റേഷനുകളും 435 സർക്യൂട്ട് കിലോമീറ്റർ ഇ.എച്ച്.ടി. ലൈനുകളും നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആഗോള നിലവാരത്തിൽ തടസ്സരഹിതമായി, ഗുണമേന്മയേറിയ വൈദ്യുതി അപകടരഹിതമായി ഉപഭോക്താക്കൾക്കെത്തിച്ച് വൈദ്യുതി വിതരണരംഗം കാര്യക്ഷമമാക്കുന്നതിന് നടപ്പാക്കുന്ന 'ദ്യുതി' പദ്ധതിയിലുൾപ്പെടുത്തി എച്ച്.ടി. ലൈൻ/ ഭൂഗർഭ കേബിൾ നിർമ്മാണം, എൽ.ടി. ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ/ശേഷിവർദ്ധിപ്പിക്കൽ, ലൈനിന്റെ സ്ഥാപിതശേഷി കൂട്ടുന്ന പ്രവൃത്തികൾ, എച്ച്.ടി. ലൈനും എൽ.ടി. ലൈനും റീ-കണ്ടക്റ്ററിംഗ് നടത്തുന്ന പ്രവൃത്തികൾ, ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും മറ്റ് പ്രതിഷ്ഠാപനങ്ങളുടെയും സ്റ്റാൻഡേർഡൈസേഷൻ പ്രവൃത്തികൾ, വിതരണനഷ്ടം കുറയ്ക്കുന്ന പ്രവൃത്തികൾ തുടങ്ങിയവ നടപ്പാക്കിവരുന്നു. വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുവാനായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ

നിരീക്ഷണ നിയന്ത്രണ സംവിധാനമായ സ്കാഡ നടപ്പാക്കിയിട്ടുണ്ട്. കൺട്രോൾ സെന്ററുകളിൽനിന്നും 11 കെ.വി. വിതരണ ശൃംഖലയുടെ തത്സമയ നിരീക്ഷണത്തിനും തകരാറുകൾ കണ്ടെത്തുന്നതിനും അടിയന്തരമായി സപ്ലൈ പുനഃസ്ഥാപിക്കുന്നതിനും സ്കാഡ പദ്ധതി ഉപകരിക്കും. കമ്പി പൊട്ടിവീഴുന്നതുമൂലമോ ഇൻസുലേറ്റർ തകരാറിലാവുന്നതുകൊണ്ടോ എച്ച്.ടി. ലൈനുകളിൽ വൈദ്യുതി തടസ്സമുണ്ടാവുകയാണെങ്കിൽ തകരാറുണ്ടായ സ്ഥലം ഉടനടി അറിയുന്നതിനായി കമ്മ്യൂണിക്കേറ്റിംഗ് ഫോൾട്ട് പാസ് ഡിറ്റക്ടർ (CFPD) എന്ന ഉപകരണം കെ.എസ്.ഇ.ബി.എൽ. ജീവനക്കാർ സ്വന്തമായി വികസിപ്പിച്ച്, നിർമ്മിച്ച് സ്ഥാപിച്ചുവരുന്നു. കൂടാതെ 2022-23 മുതൽ 2024-25 സാമ്പത്തിക വർഷംവരെ നടപ്പാക്കാനായി, വിതരണശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS)-ന്റെ ഭാഗമായി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. വൈദ്യുതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വൈദ്യുതി തടസ്സമൊഴിവാക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിൽ ഭൂഗർഭ കേബിളുകൾ, എ, ബി, സി കണ്ടക്ടർ, കവചിത ചാലകങ്ങൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾ, ആർ.ഡി.എസ്.എസ്., ദ്യുതി 2.0 എന്നീ

പദ്ധതികളിലുൾപ്പെടുത്തിയിട്ടുണ്ട്. വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുകയെന്ന ലക്ഷ്യം മുൻനിർത്തി ആർ.ഡി.എസ്.എസ്. പദ്ധതിയിലുൾപ്പെടുത്തി കൂടുതൽ പ്രദേശങ്ങളിൽ സ്കാഡ, റിംഗ് മെയിൻ യൂണിറ്റുകൾ തുടങ്ങിയവ വ്യാപിപ്പിക്കുവാൻ കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നു. സംസ്ഥാനത്തെ വിവിധ ഹരിത വൈദ്യുതി പദ്ധതികളിൽനിന്നും 372.124 മെഗാവാട്ട് വൈദ്യുതിയാണ് ഉത്പാദിപ്പിക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ബോർഡിന്റെ സ്വന്തം സ്ഥലത്ത് 13.25 മെഗാവാട്ട് ശേഷിയുള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുവഴി പ്രതിവർഷം ശരാശരി 9.77 മെഗായൂണിറ്റ് ഇപ്പോൾ ലഭിക്കുന്നുണ്ട്;

2. ബോർഡിന്റെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സ്ഥാപിച്ച സോളാർ നിലയത്തിന്റെ ശേഷി 3.252 മെഗാവാട്ടാണ്. അവിടെനിന്നും പ്രതിവർഷം ശരാശരി 7.9 മെഗായൂണിറ്റ് വൈദ്യുതി ഇപ്പോൾ ലഭിക്കുന്നുണ്ട്;

3. ബോർഡിന്റെ അധീനതയിലുള്ള ഫ്ലോട്ടിംഗ് സോളാർ റിസർവോയറുകൾ (0.51 MW), ഡാം ടോപ്പ് (0.45 MW), കനാൽ ടോപ്പ് (3 MW), കനാൽ ബാങ്ക് (1 MW) എന്നീ നിലയങ്ങളിൽ നിന്നുമായി

പ്രതിവർഷം ശരാശരി 1.667 മെഗായൂണിറ്റ് വൈദ്യുതി ഇപ്പോൾ ലഭിക്കുന്നുണ്ട്;

4. ബോർഡിന്റെ സ്വന്തം സ്ഥലത്ത് (ബി.ഡി.പി.പി., നെന്മാറ, ഏറ്റുമാനൂർ) എന്നിവിടങ്ങളിലായി 6.5 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയങ്ങളുടെ നിർമ്മാണം നടന്നുവരുന്നു. ഇവ പൂർത്തിയാകുമ്പോൾ 6.5 മെഗാവാട്ട് വൈദ്യുതി കൂട്ടിച്ചേർക്കാനാകും;

5. എച്ച്.പി.സി.-ഉം ഡബ്ല്യൂ.കെ.എൻ.സി.ഇ.പി.പി.എൽ.-ഉം ചേർന്ന് വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു;

6. ബോർഡിന്റെ നിയന്ത്രണത്തിലുള്ള ഡാമുകളിലും (8 എണ്ണം) കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള രണ്ട് റിസർവോയറുകളിലും സോളാർ നിലയങ്ങൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു;

7. കേരളത്തിൽ 100 മെഗാവാട്ട് ഗ്രിഡ് ബന്ധിത വിൻഡ് പവർ പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു;

8. കേന്ദ്ര പദ്ധതിയായ പ്രധാനമന്ത്രി കുസും പദ്ധതിയിലുൾപ്പെടുത്തി 51 മെഗാവാട്ട് സോളാർ സ്ഥാപിക്കാനുള്ള എം.എൻ.ആർ.ഇ.-യുടെ അനുമതി ബോർഡിന് ലഭിച്ചിട്ടുണ്ട്. ഇതിൽ 40 മെഗാവാട്ട് കർഷകർക്ക് സോളാർ

സ്ഥാപിച്ച് ആനുകൂല്യം ലഭിക്കുന്നതിനും 11 മെഗാവാട്ട് ഫീഡർ സോളറൈസേഷനുമാണ്. ഇതിന്റെ നടപടി ആരംഭിച്ചിട്ടുണ്ട്;

9. ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) 10MW/50MWh സ്ഥാപിക്കാനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്.

(ബി) സോളാർ സിറ്റി പദ്ധതിയുടെ വിശദാംശവും പദ്ധതിയുടെ നേട്ടങ്ങളും മതിപ്പ് ചെലവും വിശദമാക്കുമോ?

ഓരോ സംസ്ഥാനത്തിലെയും ഒരു നഗരമെങ്കിലും സോളാർ നഗരമായി തെരഞ്ഞെടുക്കാനുള്ള കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ (എം.എൻ.ആർ.ഇ.) നിർദ്ദേശപ്രകാരം സംസ്ഥാന സർക്കാർ തലസ്ഥാന നഗരിയായ തിരുവനന്തപുരത്തെ സോളാർ സിറ്റിയായി തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ നോഡൽ ഏജൻസി അനെർട്ടാണ്. അനെർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസാണ് പദ്ധതി നടത്തിപ്പിനുള്ള നോഡൽ ഓഫീസർ. തിരുവനന്തപുരം നഗരത്തിലെ വൈദ്യുതി ആവശ്യം മുഴുവൻ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നാക്കി മാറ്റുകയെന്നതാണ് ലക്ഷ്യം. നിലവിൽ പ്രതിവർഷ വൈദ്യുതി ഉപഭോഗം ഏകദേശം 4.7 ലക്ഷം യൂണിറ്റാണ്. ഇത് പൂർണ്ണമായും സൗരോർജ്ജ നിലയങ്ങളിൽനിന്ന് ഉത്പാദിപ്പിക്കുന്നതിന് 118 മെഗാവാട്ട് ശേഷിയുള്ള

നിലയങ്ങൾ ആവശ്യമാണ്. ഇത് സ്ഥാപിക്കുന്നതിന് ഏകദേശം 470 കോടി രൂപ ചെലവ് കണക്കാക്കുന്നു. തിരുവനന്തപുരം നഗരത്തെ സോളാർ നഗരമാക്കി മാറ്റുന്നതിനുവേണ്ടി താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പാക്കുന്നതാണ്.

1. ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡിയോടെ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ;

2. നഗരത്തിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കൽ;

3. വിവിധ സ്ഥലങ്ങളിൽ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഇ.വി. ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കൽ;

4. നഗരത്തിലെ എല്ലാ ബസ് ഷെൽട്ടറുകളും സോളാറിൽ പ്രവർത്തിക്കുന്ന സ്മാർട്ട് ബസ് ഷെൽട്ടറുകളായി മാറ്റുക;

5. തിരുവനന്തപുരം നഗരത്തിലെ എല്ലാ സർക്കാർ വാഹനങ്ങളും ഇലക്ട്രിക് വാഹനങ്ങളായിമാറ്റുക. ഇതിനായി ആവശ്യാനുസരണം ഇലക്ട്രിക് വാഹനങ്ങൾ വാടകയ്ക്ക് ലഭ്യമാക്കുന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുക;

6. വിവിധതരം ഹരിതോർജ്ജ ഉപകരണങ്ങൾ വ്യാപിപ്പിക്കുക. കേന്ദ്ര നവ-പുനരുപയോഗ-ഊർജ്ജ മന്ത്രാലയത്തിന്റെയും സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെയും സംയോജിത പ്രവർത്തനത്തിലൂടെ തിരുവനന്തപുരം നഗരത്തെ സമ്പൂർണ്ണ ഹരിത നഗരമാക്കി മാറ്റാൻ കഴിയുന്നതാണ്.

(സി) പരിസ്ഥിതി സൗഹൃദോർജ്ജ പ്രോത്സാഹന നയത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സൗരപദ്ധതി കൂടുതൽ ആകർഷകമാക്കിയിട്ടുണ്ടോ; ഗാർഹിക മേഖലയിലെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പരിപാടിയുണ്ടോ; വിശദമാക്കുമോ?

പരിസ്ഥിതി സൗഹൃദോർജ്ജ പ്രോത്സാഹക നയത്തിന്റെ അടിസ്ഥാനത്തിൽ 'സൗര' പദ്ധതി ആകർഷകമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഗാർഹിക ഉപഭോക്താക്കൾക്കായി സൗര സബ്സിഡി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം ത്വരിതഗതിയിലാക്കാൻ നിലവിലുള്ള 3 കമ്പനികളെ കൂടാതെ 37 ഡെവലപ്പർമാരെക്കൂടി പുതുതായി എംപാനൽ ചെയ്തിട്ടുണ്ട്. പദ്ധതി കൂടുതൽ ആകർഷകവും സമയബന്ധിതവുമാക്കാൻ 'ഇ-കിരൺ മാനേജ്മെന്റ് പോർട്ടൽ' ട്രാക്കിംഗ് സംവിധാനത്തോടുകൂടി പൊതുജനങ്ങൾക്കായി സമർപ്പിക്കുകയുണ്ടായി. കൂടാതെ, എല്ലാ ഇലക്ട്രിക്കൽ

സബ്ഡിവിഷനുകളിലും സ്പോട്ട് രജിസ്ട്രേഷൻ കാമ്പയിനുകൾ സംഘടിപ്പിച്ചു. ഗാർഹിക മേഖലയിൽ ഊർജ്ജ കാര്യക്ഷമത വിലയിരുത്തുന്നതിനുള്ള രീതികൾ, ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങൾ, ഊർജ്ജ കാര്യക്ഷമമായ ഉപകരണങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും ഉൾക്കൊള്ളുന്ന പരിശീലന പരിപാടി നടത്തിവരുന്നു. ഗാർഹിക മേഖലയിൽ ഊർജ്ജസംരക്ഷണ രംഗത്ത് അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി സർക്കാരിതര സ്ഥാപനങ്ങൾ (NGO) വഴി 'ഊർജ്ജകിരൺ' എന്ന പേരിൽ ഊർജ്ജസംരക്ഷണ ക്ലാസുകളും പദ്ധതികളും നടപ്പാക്കിവരുന്നു. ആകാശവാണി, എഫ്.എം. റേഡിയോ, സോഷ്യൽ മീഡിയ എന്നീ മാധ്യമങ്ങളിൽക്കൂടി ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യവും ഗുണങ്ങളും ഗാർഹിക മേഖലയിൽ ഊർജ്ജ സംരക്ഷണം എങ്ങനെ നടത്താമെന്നുമുള്ള വിവരണവും നൽകിവരുന്നു. ഗാർഹിക ഉപഭോക്താക്കൾക്ക് അവരുടെ ഊർജ്ജ ഉപഭോഗം കണക്കാക്കാനും ഏറെ കുറയ്ക്കുവാനുമുള്ള മാർഗ്ഗങ്ങൾ കണ്ടെത്താൻ സഹായിക്കുന്നതിനായി 'ഹോം എനർജി അസ്സസ്മെന്റ് സ്കീം' ഇ.എം.സി. രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതി ദേശീയതലത്തിൽ ശ്രദ്ധ നേടുകയും 'ഹോം എനർജി അസസ്സർ' എന്ന പേരിൽ ദേശീയതലത്തിൽ നടത്താൻ കേന്ദ്രസർക്കാരിന്റെ ഊർജ്ജ മന്ത്രാലയത്തിന് കീഴിലുള്ള ബ്യൂറോ

ഓഫ് എനർജി എഫിഷ്യൻസി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായുള്ള സാങ്കേതിക സഹായം നൽകുന്നത് എനർജി മാനേജ്മെന്റ് സെന്ററാണ്.

## ചെറുകിട ജലവൈദ്യുത പദ്ധതികൾ

19 (*199) <u>ശ്രീ. ലിന്റോ ജോസഫ്</u>:
<u>ശ്രീ. എം. എം. മണി</u>:
<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സൗഹൃദ ഊർജ്ജോത്പാദന മാർഗ്ഗങ്ങളിൽ പ്രധാനപ്പെട്ട മേഖല എന്നനിലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്?

പരിസ്ഥിതി സൗഹൃദ ഊർജ്ജോത്പാദന മാർഗ്ഗങ്ങളിൽ പ്രധാനപ്പെട്ട മേഖല എന്നനിലയിൽ വിവിധ വൻകിട/ചെറുകിട ജലവൈദ്യുത പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നടപ്പാക്കിവരുന്നു. ഇതുസംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ ചെറുകിട ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കുന്നതിന് നടപടികൾ പുരോഗമിക്കുന്നു. ഇതിലേയ്ക്കായി പുതിയ ജലവൈദ്യുത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പദ്ധതികൾക്ക് ഇംപ്ലിമെന്റേഷൻ കരാറുകൾ വയ്ക്കുകയും ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ പരീക്ഷിക്കാനും നടപടിയെടുത്തിട്ടുണ്ട്. കൂടാതെ സ്വകാര്യ സംരംഭക പ്രാതിനിധ്യം പ്രോത്സാഹിപ്പിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള പുതിയ ടെൻഡർ നടപടികളാരംഭിച്ചിട്ടുണ്ട്.

(ബി) വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ഒരു സമഗ്ര സംയോജിത പദ്ധതി നിർവ്വഹണം സംബന്ധിച്ച നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡ് കേരള ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് രണ്ട് പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. (i) കുരിയാർകുട്ടി-കാരപ്പാറ വിവിധോദ്ദേശ്യ പദ്ധതി (ii) ട്വിൻ കല്ലാർ മൾട്ടി പർപ്പസ് സ്കീം. എനർജി മാനേജ്മെന്റ് സെന്ററിലെ ചെറുകിട ജലവൈദ്യുത സെൽ മുഖേന വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും സഹകരണ സംഘങ്ങൾവഴിയും ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കാനുള്ള ഒരു സമഗ്ര സംയോജിത പദ്ധതി നിർവ്വഹണം സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് ജലസേചന കനാലുകളിലും നീരൊഴുക്കുകളിലും ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യയുടെ സഹായത്തോടെ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് ജലസേചന കനാലുകളിലും നീരൊഴുക്കുകളിലും ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യയുടെ സഹായത്തോടെ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള മിനി മൈക്രോ ജലവൈദ്യുത പദ്ധതികൾ എനർജി മാനേജ്മെന്റ് സെന്റർ മുഖേനയാണ് നടപ്പാക്കുന്നത്. എന്നാൽ നിലവിലുള്ള പദ്ധതികളിൽനിന്ന് കപ്പാസിറ്റി അഡിഷൻവഴി വൈദ്യുതോത്പാദനം കഴിഞ്ഞ് പുറന്തള്ളുന്ന ജലമുപയോഗിച്ച് പ്രവർത്തിക്കുന്ന മിനി/മൈക്രോ ഹൈഡൽ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള വിശദമായ പഠനങ്ങൾ നടത്തിവരുന്നു. അപ്രകാരം നിലവിൽ 11 കിലോവാട്ട് സ്ഥാപിതശേഷിയുള്ള സ്ക്രൂ ടർബൈൻ പെരിങ്ങൽകുത്ത് പദ്ധതിയുടെ ടെയിൽ റേസ് ചാനലിൽ സ്ഥാപിച്ച് വിജയകരമായി പ്രവർത്തിച്ചുവരുന്നു. ഇതേരീതിയിൽ നടപ്പാക്കാൻ സാധിക്കുന്ന 36 കിലോവാട്ടിന്റെ മറ്റൊരു സ്ക്രൂ ടർബൈനും പെരിങ്ങൽകുത്ത് പദ്ധതിയിൽ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുന്നു.

പരിസ്ഥിതിക്കനുയോജ്യമാകുന്ന രീതിയിൽ ജലസേചന കനാലുകളിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വൈദ്യുത പദ്ധതികളുടെ ടൈൽ റേസുകളിലും ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യയുടെ സഹായത്തോടെ വൈദ്യുതി ഉത്പാദനം സാദ്ധ്യമാക്കുവാനായി ഇ.എം.സി., കെ.എസ്.ഇ.ബി.എൽ. ചേർന്നുള്ള പൈലറ്റ് പദ്ധതിക്ക് സർക്കാർ അനുമതി നൽകി ബഡ്ജറ്റിൽ തുക വച്ചിട്ടുണ്ട്.

**ഖാദി-കൈത്തറി മേഖലയുടെ ഉത്തേജനത്തിനായി പദ്ധതികൾ**

20 (*200) ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് കടുത്ത പ്രതിസന്ധിയിലാക്കിയ ഖാദി-കൈത്തറി മേഖലയുടെ ഉത്തേജനത്തിനായി പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; നൂൽക്ഷാമം പരിഹരിക്കാൻ ഇടപെടലുണ്ടാകുമോ?

സംസ്ഥാനത്ത് കോവിഡുമൂലം കടുത്ത പ്രതിസന്ധി സംജാതമായെങ്കിലും മുൻവർഷങ്ങളിലെന്നപോലെ 2020-21, 2021-2022

സാമ്പത്തിക വർഷങ്ങളിലും ഖാദി-ഗ്രാമ-വ്യവസായ ബോർഡിനുകീഴിലുള്ള 12,500 തൊഴിലാളികൾക്ക് ഇൻസെന്റീവ് അനുവദിച്ചുനൽകി. കൂടാതെ ഖാദി വസ്ത്രങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിനായി റിബേറ്റ് ഇനത്തിലുള്ള തുകയും അനുവദിച്ചു. എല്ലാ സർക്കാർ/അർദ്ധ സർക്കാർ അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ 2022 പുതുവർഷാരംഭം മുതൽ എല്ലാ ബുധനാഴ്ചകളിലും കൈത്തറി/ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്നും 07-12-2020-ലെ സി.ഡി.എൻ. 2/97/2020 ജി.എ.ഡി. നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചപ്രകാരം സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കാവശ്യമുള്ള കൈത്തറി/ഖാദി തുണിത്തരങ്ങൾ വാങ്ങണമെന്നും 11-01-2022-ലെ സി.ഡി.എൻ. 2/1/2022/പൊ.ഭ.വ. സർക്കുലർ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. അതിന്റെ ഫലമായി പ്രസ്തുത ഉത്പന്നങ്ങൾക്ക് വിപണിയിൽ ഉണർവ്വുണ്ടാക്കാനും വിപണി മെച്ചപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്. പല പൊതുമേഖലാ സ്ഥാപനങ്ങളും ഗവൺമെന്റ് സ്ഥാപനങ്ങളും കൈത്തറി മേഖലയിൽനിന്നും അവർക്കാവശ്യമായ തുണിത്തരങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ഖാദി-ഗ്രാമ-വ്യവസായ ബോർഡിൽ നൂൽ ക്ഷാമമില്ല. കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രതിസന്ധി നേരിട്ട

കൈത്തറി ഉത്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ മുൻകൂട്ടി അനുവദിച്ച 56 ദിവസത്തെ റിബേറ്റ് ദിനങ്ങൾക്കുപുറമെ 2020-21 സാമ്പത്തികവർഷം 50 അധിക റിബേറ്റ് ദിനങ്ങളും 2021-22-ൽ 6 അധിക റിബേറ്റ് ദിനങ്ങളും അനുവദിച്ചു. കൂടാതെ കൈത്തറി മേഖലയുടെ പുനരുജ്ജീവനത്തിനായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ താഴെപ്പറയുന്നു.

(1) <u>മൂലധന സഹായ പദ്ധതികൾ</u> - പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം

(2) പ്രോത്സാഹനത്തിനും വികസനത്തിനുമായുള്ള പദ്ധതികൾ

(i) <u>പ്രൊഡക്ഷൻ ഇൻസെന്റീവ്</u> - നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും പ്രചോദന പരിപാടി - 2021-22 സാമ്പത്തിക വർഷത്തിൽ 4 കോടി രൂപ അനുവദിച്ചുനൽകി. ഈ തുക വിവിധ ജില്ലകൾക്കും ഹാൻവീവിനുമായി 2018-19 സാമ്പത്തികവർഷം വരെയുള്ള പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നതിന് അനുവദിച്ചു. ടി തുക പൂർണ്ണമായും ഈ സാമ്പത്തിക വർഷംതന്നെ ചെലവഴിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ അഡീഷണൽ ആതറൈസേഷൻ മുഖേന 2 കോടി രൂപ

അനുവദിക്കുകയും ടി തുക തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകൾക്ക് അനുവദിച്ച് നൽകുകയും ചെയ്തു.

(ii) നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി.

(iii) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.

(iv) കൈത്തറി മേഖലയിൽ സ്വയംതൊഴിൽ സൃഷ്ടിക്കൽ/യുവവീവ് പദ്ധതി.

(v) നെയ്ത്ത് തൊഴിലാളികൾക്കുള്ള പ്രോത്സാഹന പരിപാടി

(vi) കൈത്തറി ഗ്രാമം, സമഗ്ര കൈത്തറി ഗ്രാമം എന്നിവ സ്ഥാപിക്കൽ.

(3) പ്രോത്സാഹനവും ക്ഷേമവും ലക്ഷ്യമാക്കിയുള്ള പദ്ധതികൾ

(a) അംശദാന മിതവ്യയ പദ്ധതി - ഹാൻഡ്‌ലൂം മേഖലയിലെ തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ക്ഷേമത്തിനും പ്രോത്സാഹനത്തിനും വേണ്ടിയുള്ളതാണ് ഈ പദ്ധതി. 2021-22 വർഷത്തിൽ അനുവദിച്ചിരുന്ന 1 കോടി രൂപ ഈ പദ്ധതിക്കായി വിതരണം

ചെയ്യുകയും അഡീഷണൽ ആതറൈസേഷൻ മുഖേന 1.5 കോടി രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

(b) കൈത്തറി സംഘങ്ങളുടെ ആധുനികവത്കരണവും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനവും.

(c) പരിശീലന, വൈവിദ്ധ്യശേഷി വികസന പരിപാടി.

(d) സ്കൂൾ യൂണിഫോം പദ്ധതി - നൂൽക്ഷാമം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രൈമറി കൈത്തറി നെയ്ത്ത് സംഘങ്ങൾക്കാവശ്യമായ നൂലുൾപ്പെടെയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങി വിതരണം ചെയ്യുന്നതിന് യാൺ ബാങ്കുകൾക്ക് മാർജിൻ മണി ലോൺ നൽകിവരുന്നു. കഴിനൂലിനും ചായത്തിനും സബ്സിഡിയും നൽകിവരുന്നു. സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി നൂൽ വിതരണം ചെയ്യുന്നതിന് പ്രൈമറി കൈത്തറി നെയ്ത്ത് സംഘങ്ങൾ, ഹാൻവീവ് എന്നിവയ്ക്കാവശ്യമായ നൂലിന്റെ ആവശ്യകത ശേഖരിച്ച് യാൺ പർച്ചേസ് കമ്മിറ്റികൂടി സമയബന്ധിതമായ നൂൽ വിതരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) കൈത്തറി ഉത്പന്നങ്ങൾക്ക് ആഭ്യന്തര, വിദേശവിപണിയിൽ വിശ്വാസ്യത ഉറപ്പാക്കി വില്പന പ്രോത്സാഹിപ്പിക്കുന്നതിന് കേരള കൈത്തറിമുദ്ര പതിപ്പിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ?

സംസ്ഥാന സർക്കാരിന്റെ വ്യവസായ വകപ്പിനുകീഴിൽ കൈത്തറി വസ്ത്ര ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി (ഐ.ഐ.എച്ച്.ടി.), വീവേഴ്സ് സർവ്വീസ് സെന്റർ (ഡബ്ല്യു.എസ്.സി.), ഹാൻവീവ്, ഹാന്റക്സ് എന്നിവയുടെ സഹകരണത്തോടെ ഈ പദ്ധതി നടപ്പാക്കാനാരംഭിച്ചു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി (എൻ.ഐ.എഫ്.ടി.) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് Knowledge Partner എന്നനിലയിൽ പ്രവർത്തന പങ്കാളിയാണ്. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട കൈത്തറി ഉത്പന്നങ്ങളെ ദേശീയ-അന്തർദ്ദേശീയ തലത്തിൽ ബ്രാൻഡ് ചെയ്യുക, കൂടുതൽ മെച്ചപ്പെട്ട വിപണി സാധ്യതകൾ കണ്ടെത്തുക, നൂതന ഡിസൈൻ ആശയങ്ങൾ കൈത്തറിയിൽ കൊണ്ടുവരിക, അതുവഴി കേരള കൈത്തറി മേഖലയെ മൊത്തത്തിൽ പുനരുജ്ജീവിപ്പിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം. കേരള കൈത്തറിക്ക് ഒരു സവിശേഷ മുദ്ര (കേരള ഹാൻഡ്‌ലൂം മാർക്ക്) രൂപകല്പന ചെയ്യുന്നതിന് ഐ.ഐ.എച്ച്.ടി.-യെ നിയോഗിക്കുകയും

ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി, വീവേഴ്സ് സർവ്വീസ് സെന്റർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, ഹാൻവീവ് എന്നിവരുടെ പ്രതിനിധികളടങ്ങിയ സമിതി "മുദ്ര" തെരഞ്ഞെടുക്കുകയും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 7-12-2021-ൽ "കൈത്തറി മുദ്ര" പ്രകാശനം ചെയ്തു. കൂടാതെ ഐ.ഐ.എച്ച്.ടി.വഴി കൈത്തറി മുദ്രയെ ഔദ്യോഗിക ട്രേഡ് മാർക്കായി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

(സി) ഖാദി ഉത്പന്നങ്ങളുടെ പ്രധാന ഭീഷണി അയൽ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന വ്യാജ ഖാദി ഉത്പന്നങ്ങളായതിനാൽ അത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആലോചിക്കുന്നുണ്ടോ?

കേരള ഖാദിഗ്രാമ വ്യവസായ ബോർഡിന്റെ ഷോറൂമുകൾവഴി വിറ്റഴിക്കുന്നതിനായി അയൽ സംസ്ഥാനങ്ങളിൽനിന്നെത്തുന്ന ഖാദി ഉത്പന്നങ്ങൾ ഖാദി കമ്മീഷൻ സർട്ടിഫൈ ചെയ്ത സ്ഥാപനങ്ങൾ മുഖേനയാണെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

**ഹൈഡൽ ടൂറിസം സെന്ററിന്റെ പദ്ധതികൾ**

21 (*201) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അൻവർ സാദത്ത്:

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ. ഹൈഡൽ ടൂറിസം സെന്ററിന്റെ ടൂറിസം പദ്ധതിയുടെ കരാർ കെ.എസ്.ഇ.ബി.എൽ.-ന് നഷ്ടമാണെന്ന് ഹൈഡൽ ടൂറിസം ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) പ്രസ്തുത സ്ഥലത്തുനിന്ന് മണ്ണും മരവും കടത്തിയ സംഭവമുണ്ടായിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും കേസ് നിലവിലുണ്ടോ; ഈ വകയിൽ കെ.എസ്.ഇ.ബി.എൽ.-ന് വലിയ നഷ്ടമുണ്ടായിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

മണ്ണും മരവും കടത്തിയതുമായി ബന്ധപ്പെട്ട ഒരു കേസും റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) കെ.എസ്.ഇ.ബി.എൽ. ഹൈഡൽ ടൂറിസം സെന്ററിന്റെ ടൂറിസം പദ്ധതികൾക്കായി ജൂനിയറായ ഒരു ചീഫ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നൂറുകണക്കിന് ഏക്കർ സ്ഥലം ബോർഡോ സർക്കാരോ അറിയാതെ പാട്ടത്തിന് നൽകിയെന്ന് ആക്ഷേപമുയർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും അന്വേഷണമോ നടപടിയോ ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

(സി&ഡി) കെ.എസ്.ഇ.ബി.എൽ.-ന്റെ കൈവശമുള്ള ഭൂമി ഫുൾ ബോർഡിന്റെ അനുമതി കൂടാതെ ചിലയിടങ്ങളിൽ 2015 മുതൽ ടൂറിസം വ്യവസായത്തിന് പാട്ടത്തിന് നൽകിയതായി കാണുന്നു. ഇക്കാര്യങ്ങളെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## വ്യവസായ ഇടനാഴികൾ സ്ഥാപിക്കാനുള്ള പ്രവർത്തന പുരോഗതി

22 (*202) ശ്രീ. ഡി. കെ. മുരളി:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ ഇടനാഴികൾ സ്ഥാപിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ ഭൂമിയേറ്റെടുക്കുന്ന നടപടികൾ പുരോഗമിക്കുന്നത് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിക്കുവേണ്ടിയാണ്. സംസ്ഥാനത്ത് കോറിഡോറുമായി ബന്ധപ്പെട്ട് പാലക്കാട് നോഡും കൊച്ചി നോഡുമാണ് വികസിപ്പിക്കുന്നത്. സംസ്ഥാനത്ത് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതി നടപ്പാക്കുന്നതിന്റെ നോഡൽ ഏജൻസിയാണ് കിൻഫ്ര. വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട് പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതുപ്രകാരം പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽ 298 ഏക്കറും പുതുശ്ശേരി സെൻട്രൽ-I വില്ലേജിൽ 653 ഏക്കറും പുതുശ്ശേരി സെൻട്രൽ-II വില്ലേജിൽ 558 ഏക്കറും പുതുശ്ശേരി സെൻട്രൽ-III വില്ലേജിൽ 375 ഏക്കറും അയ്യമ്പുഴയിൽ 'ഗിഫ്റ്റ് സിറ്റി' സ്ഥാപിക്കുന്നതിനായി 358 ഏക്കറുമുൾപ്പെടെ മൊത്തം 2242 ഏക്കർ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത്. ബാംഗ്ലൂർ വ്യവസായ ഇടനാഴി കോയമ്പത്തൂരിലേയ്ക്കും കൊച്ചിയിലേയ്ക്കും ദീർഘിപ്പിക്കുന്നതിന് കേന്ദ്ര

വാണിജ്യ മന്ത്രാലയത്തിനുകീഴിൽ നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് & ഇംപ്ലിമെന്റേഷൻ ട്രസ്റ്റ് (NICDIT) അംഗീകാരം നൽകി. ഇതേത്തുടർന്ന് പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരും എൻ.ഐ.സി.ഡി.ഐ.ടി.-യും കിൻഫ്രയും തമ്മിലുള്ള സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് (SSA) കൂടാതെ പദ്ധതി നടപ്പാക്കുന്നതിനുള്ള ഷെയർ ഹോൾഡേഴ്സ് എഗ്രിമെന്റ് (SHA) എൻ.ഐ.സി.ഡി.ഐ.ടി.-യും കിൻഫ്രയും 2020 ഒക്ടോബർ 22-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒപ്പുവച്ചു. ഒരു പ്രത്യേക കമ്പനി രൂപീകരിച്ച് ആ കമ്പനിയാണ് പദ്ധതി നടപ്പാക്കുന്നത്. കിഫ്ബിവഴിയാണ് പദ്ധതിക്കാവശ്യമായ ധനം സമാഹരിക്കുന്നത്. പദ്ധതിയുടെ മാർക്കറ്റ് ഡിമാന്റ് അസ്സസ്മെന്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിന് CH2M എന്ന ഏജൻസിയെ (ഇപ്പോൾ ജേക്കബ്സ് എന്നറിയപ്പെടുന്നു) എൻ.ഐ.സി.ഡി.ഐ.ടി. ചുമതലപ്പെടുത്തി. ഇതുമായി ബന്ധപ്പെട്ട പഠനം നടന്നുവരുന്നു. പദ്ധതി നടപ്പാക്കുന്നതിന് പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ പ്രതിനിധിയും എൻ.ഐ.സി.ഡി.ഐ.ടി.-യുടെ പ്രതിനിധിയുമുൾപ്പെടെയുള്ള അംഗങ്ങളുള്ള കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷൻ

(KICDC) എന്ന കമ്പനിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ബാധ്യതകളില്ലാതെയാണ് ഭൂമി കമ്പനിക്ക് കൈമാറുന്നത്. കേന്ദ്രസർക്കാർ ഭൂമിയുടെ വിലയ്ക്ക് തുല്യമായ ധനസഹായം നൽകും. വ്യവസായ ഇടനാഴി പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും പുരോഗതി അവലോകനം നടത്തുന്നുണ്ട്. വ്യവസായ ഇടനാഴിയുടെ ഭൂമി ഏറ്റെടുക്കലും തുടർപ്രവർത്തനങ്ങളും സസൂക്ഷ്മം വിലയിരുത്തുന്നതിനായി പോർട്ടൽവഴിയുള്ള മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) കൊച്ചി-പാലക്കാട് ഹൈടെക് വ്യവസായ ഇടനാഴിക്കായി ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തിയിട്ടുണ്ടോ; ആദ്യഘട്ടത്തിൽ എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുന്നതെന്ന് അറിയിക്കുമോ?

വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട് പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതുപ്രകാരം പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽ 298 ഏക്കറും പുതുശ്ശേരി സെൻട്രൽ-I വില്ലേജിൽ 653 ഏക്കറും പുതുശ്ശേരി സെൻട്രൽ-II വില്ലേജിൽ 558 ഏക്കറും പുതുശ്ശേരി സെൻട്രൽ-III വില്ലേജിൽ 375 ഏക്കറും എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ 'ഗിഫ്റ്റ് സിറ്റി' സ്ഥാപിക്കുന്നതിനായി

358 ഏക്കറുമുൾപ്പെടെ മൊത്തം 2242 ഏക്കർ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത്. പാലക്കാട്, എറണാകുളം ജില്ലകളിലെ ഭൂമി ഒറ്റഘട്ടത്തിൽ ഏറ്റെടുക്കുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്.

(സി) മലബാറിലെ വ്യവസായ വികസനത്തിന് വേഗത പകരാൻ ഉദ്ദേശിച്ചുകൊണ്ട് കണ്ണൂർ വിമാനത്താവളത്തിനുസമീപം അയ്യായിരം ഏക്കർ ഭൂമി ഏറ്റെടുക്കാൻ കിഫ്ബി ഫണ്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

മലബാറിലെ വ്യവസായ വികസനത്തിന് വേഗത പകരാൻ ഉദ്ദേശിച്ചുകൊണ്ട് നടപ്പാക്കുന്ന ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.+

(ഡി) രണ്ടര ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള തലസ്ഥാന-നഗര-പ്രദേശ വികസന പരിപാടിക്ക് കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ടോ; പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ?

ഉണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവുമായി ബന്ധപ്പെടുത്തി ഏകദേശം 78 കിലോമീറ്റർ നീളമുള്ള ഔട്ടർ റിംഗ് റോഡ് നഗരത്തിന്റെ വടക്കുഭാഗത്ത് നാവായിക്കുളത്തുനിന്ന് ആരംഭിച്ച് വെയിലൂർ, പള്ളിപ്പുറം,

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അണ്ടൂർക്കോണം, വട്ടപ്പാറ, അരുവിക്കര, ഊരൂട്ടമ്പലം, ബാലരാമപുരം കടന്ന് ബൈപ്പാസുമായി കൂടിച്ചേരുന്നു. ഈ പദ്ധതി മുഖ്യമായും തലസ്ഥാന നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളുടെ സുസ്ഥിരവും ശാസ്ത്രീയവും മികവുറ്റ ആസൂത്രണത്തിലധിഷ്ഠിതവുമായ വികസനമാണ് ലക്ഷ്യമിടുന്നത്. 45 മീറ്റർ വീതിയിലുള്ള നാലുവരി, പ്രധാന വണ്ടിപ്പാത പദ്ധതി ചെലവിന്റെ 100 ശതമാനവും സ്ഥലമേറ്റടുക്കലിന്റെ 50 ശതമാനവും വഹിച്ചുകൊണ്ട് എൻ.എച്ച്.എ.ഐ. വികസിപ്പിക്കുന്നതാണ്. സ്ഥലമേറ്റടുക്കലിന്റെ 50 ശതമാനവും ജി.എസ്.ടി. ഇളവും സർവ്വീസ് റോഡുകളുടെ നിർമ്മാണച്ചെലവും സ്ഥലമേറ്റെടുക്കലിന്റെ ചെലവും സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്. ഔട്ടർ റിംഗ് റോഡിന്റെ ഇരുവശവും 2.5 കിലോമീറ്റർ നീളത്തിൽ ഏകദേശം 400 സ്ക്വയർ കിലോമീറ്റർ തുടർച്ചയായുള്ള സ്ഥലം പ്രത്യേക നിക്ഷേപ മേഖലയായി (ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ) വികസിപ്പിക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്. ആയതിലേയ്ക്കായി ഒരു പ്രത്യേക നിയമനിർമ്മാണം (സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് റീജിയൺ ആക്ട്) നടത്തി മേൽസ്ഥലത്തെ ലോകോത്തര നിലവാരത്തിലുള്ള നിക്ഷേപസ്ഥാനമായി വികസിപ്പിക്കാനാണുദ്ദേശിക്കുന്നത്.

**സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാൻ നടപടി**

23 (*203) <u>ശ്രീ. പി. കെ. ബഷീർ:</u>
<u>ഡോ. എം. കെ. മുനീർ:</u>
<u>ശ്രീ. പി. ഉബൈദുള്ള:</u>
<u>ശ്രീ. യു. എ. ലത്തീഫ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി വിതരണം ചെയ്യുന്നതിനും വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനും കൂടുതൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിലൂടെ കഴിയുമെന്ന് കരുതുന്നുണ്ടോ?

സംസ്ഥാനത്ത് വൈദ്യുതിക്ഷാമം ഒരളവുവരെ പരിഹരിക്കുന്നതിന് സൗരനിലയങ്ങൾ സ്ഥാപിക്കുന്നതിലൂടെ സാധിക്കുന്നു. ഇതിനെ ലക്ഷ്യമാക്കി 1000 മെഗാവാട്ട് സൗരോർജ്ജം, സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കാനാണുദ്ദേശിക്കുന്നത്. ഇതിൽ സൗര പദ്ധതിയുടെ ഭാഗമായി 500 മെഗാവാട്ട് പുരപ്പുറ സൗരനിലയങ്ങളിൽനിന്നും ലഭ്യമാക്കാൻ ലക്ഷ്യമിടുന്നു. ഇത് രണ്ടുഘട്ടങ്ങളായയാണ് നടപ്പാക്കുന്നത്. ഒന്നാംഘട്ടം എല്ലാത്തരം ഉപഭോക്താക്കൾക്കും വേണ്ടിയുള്ളതാണ്. രണ്ടാംഘട്ടം സബ്സിഡി പ്രോഗ്രാമാണ്. ഇത് ഗാർഹിക ഉപഭോക്താക്കൾക്കുവേണ്ടി മാത്രമാണുള്ളത്. ഗ്രിഡ് ബന്ധിത സൗരോർജ്ജ നിലയങ്ങളിൽ

ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി ഗ്രിഡ്ഡുമായി ബന്ധിപ്പിക്കുന്നതിലൂടെ അവ സ്ഥാപിക്കുന്ന കെട്ടിടത്തിലെ വൈദ്യുതാവശ്യം നിറവേറ്റുന്നതിനും അധികമായി ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. ഗ്രിഡ്ഡിലേയ്ക്ക് നൽകുന്നതിനും കഴിയുന്നു. ഉപഭോക്താക്കൾ നിലവിലെ പ്രതിദിന ഉപഭോഗത്തിനനുസരിച്ചുള്ള വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുകയാണെങ്കിൽ ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജിനത്തിലുള്ള ചെലവ് ഒഴിവാക്കാൻ കഴിയുന്നതാണ്. കൂടുതൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിലൂടെ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യം നിറവേറ്റുന്നതിന് കഴിയും.

(ബി) സൗരോർജ്ജ നിലയങ്ങളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് കെ.എസ്.ഇ.ബി.എൽ. ഉത്പാദിപ്പിക്കുന്നത്; ഇത് വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

കേരളത്തിൽ സൗര പദ്ധതിയിലൂടെ നിലവിൽ 21.218 മെഗാവാട്ട് വൈദ്യുതിയാണ് ഉത്പാദിപ്പിക്കുന്നത്. ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നിരവധി നടപടികൾ

സ്വീകരിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം ത്വരിതഗതിയിലാക്കാൻ 'ഇ-കിരൺ മാനേജ്മെന്റ് പോർട്ടൽ' ട്രാക്കിംഗ് സംവിധാനത്തോടെ വികസിപ്പിച്ച് പൊതുജനങ്ങൾക്ക് സമർപ്പിച്ചിട്ടുണ്ട്. സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കാൻവേണ്ടി സോളാർ പാനൽ നിർമ്മാതാക്കളുടെയും ഇൻവെർട്ടർ നിർമ്മാതാക്കളുടെയും മീറ്റ് സംഘടിപ്പിച്ചു. കൂടാതെ, എല്ലാ ഇലക്ട്രിക്കൽ സബ്ഡിവിഷനുകളിലും സൗര സ്പോട്ട് രജിസ്ട്രേഷൻ കാമ്പയിനുകളും സംഘടിപ്പിക്കുകയുണ്ടായി.

**വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾ**

24 (*204)ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാണിജ്യമേഖലയ്ക്ക് ആകർഷകമായ പ്രതിച്ഛായ സൃഷ്ടിക്കുന്നതിനും അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കേരളത്തിലെ വാണിജ്യ മേഖലയ്ക്കാകർഷകമായ പ്രതിച്ഛായ സൃഷ്ടിക്കുന്നതിനായും അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനും സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ ആഗോളവിപണിയിൽ പരിചയപ്പെടുത്തി വിപണന സാദ്ധ്യത പ്രോത്സാഹിപ്പിക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുമായി 03-12-2018-ലെ ജി.ഒ.(ആർ.ടി.)നം. 1329/2018/വ്യ.വ. പ്രകാരം രൂപീകരിച്ച വാണിജ്യമിഷൻ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

(ബി) സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ ആഗോളവിപണിയിൽ പരിചയപ്പെടുത്തി വിപണന സാദ്ധ്യതയും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

കേരള ഉത്പന്നങ്ങളുടെ ബ്രാൻഡ് പ്രൊമോഷനും പ്രചരണത്തിനുമായി മേഖല തിരിച്ചുള്ള ബ്രാൻഡിംഗ്, പ്രദർശനങ്ങൾ, സംസ്ഥാനത്തിനകത്ത് ബി2 ബി മീറ്റുകൾ എന്നിവ നടത്തിയിട്ടുണ്ട്. കൂടാതെ അഗ്രി പ്രോസസ്സിംഗ്,

കൈത്തറി, കരകൗശല ഉത്പന്നങ്ങൾക്ക് ജി.ഐ. പദവി നിലനിർത്താൻ ബന്ധപ്പെട്ട വകുപ്പുകളിലൂടെ സഹായം എന്നിവ നൽകിയിട്ടുണ്ട്.

(സി) വാണിജ്യമിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ജില്ലകളിൽ പ്രാദേശിക വ്യാപാരമേളകൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കേരളത്തിലെ കരകൗശല മേഖലയുടെ പുനരുദ്ധാരണത്തിനും നിലനിൽപ്പിനുംവേണ്ടി വ്യവസായ വാണിജ്യവകുപ്പ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന മലബാർ ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചുവരുന്നു. കേരളത്തിലെ കരകൗശല മേഖലയെ ശക്തിപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, ഈ മേഖലയിലുള്ള വിദഗ്ധരുമായി സമ്പർക്കം പുലർത്തുക, കരകൗശലക്കാർക്ക് ഉപഭോക്താക്കളുമായി നേരിട്ട് ഇടപഴകാനുള്ള അവസരം ഒരുക്കികൊടുക്കുക, കേരളത്തിലെ പരമ്പരാഗതമായ കരകൗശല/കൈത്തറി ഉത്പന്നങ്ങൾ പ്രചരിപ്പിക്കുക, വിദേശികൾക്കും സ്വദേശികൾക്കും പരമ്പരാഗത കരകൗശല ഉത്പന്നങ്ങൾ കേരളത്തിന്റെ തനിമയോടെ പ്രദർശിപ്പിക്കാനുള്ള വേദിയൊരുക്കുക, സന്ദർശകർക്കും ഉപഭോക്താക്കൾക്കും സ്ഥാപനങ്ങൾക്കും കേരളത്തിലെ കരകൗശലക്കാരുടെ സാങ്കേതികമികവും കഴിവും

പ്രദർശിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് ഈ മേള സംഘടിപ്പിക്കുന്നത്. മുള മേഖലയിലെ വിപണന വികസനത്തിനായി വ്യവസായ വാണിജ്യ വകുപ്പിനുവേണ്ടി, കേരള സംസ്ഥാന ബാംബൂ മിഷൻ നടത്തിവരുന്ന പ്രധാനപ്പെട്ട മേളയാണ് 'കേരള ബാംബൂ ഫെസ്റ്റ്'. വ്യവസായ വാണിജ്യ വകുപ്പിനുവേണ്ടി, കേരള സംസ്ഥാന ബാംബൂ മിഷൻ 2004 മുതൽ കൊച്ചിയിൽ 'കേരള ബാംബൂ ഫെസ്റ്റ്' സംഘടിപ്പിച്ചുവരുന്നു. ഇതിലൂടെ ഗുണഭോക്താക്കൾക്ക് വിപണി കണ്ടെത്താനും ഉത്പന്ന വികസനത്തെക്കുറിച്ചുള്ള അറിവുനേടാനും വിവരങ്ങൾ പരസ്പരം പങ്കിടാനും ഒരു വേദിയൊരുക്കുന്നു. വാണിജ്യമിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിൽ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ശബരിമല തീർത്ഥാടന കാലത്തും 2020 ആറ്റുകാൽ പൊങ്കാല ഉത്സവത്തോടനുബന്ധിച്ചും വ്യവസായ വാണിജ്യ വകുപ്പ് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പ്രാദേശിക വ്യാപാരമേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ വ്യവസായ വാണിജ്യ വകുപ്പ് യുവജനങ്ങൾക്കുവേണ്ടി ഇ.ഡി. ക്ലബ്ബ് കോൺക്ലേവ് - എം.എസ്.എം.ഇ.- സമ്മിറ്റ് 2020 ജനുവരി 29, 30 തീയതികളിൽ ഉദയാ പാലസ് കൺവെൻഷൻ സെന്റർ, കവടിയാർ, തിരുവനന്തപുരത്തുവച്ച് സംഘടിപ്പിച്ചു.

(ഡി) വാണിജ്യ സംരംഭങ്ങളുടെ നവീകരണത്തിനായി ശേഷിവർദ്ധിപ്പിക്കൽ, സാങ്കേതികവിദ്യ ഏറ്റെടുക്കൽ, ക്ലസ്റ്റർ വികസനം തുടങ്ങിയവ വാണിജ്യമിഷൻ പദ്ധതിയുടെ ഭാഗമാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ സംരംഭങ്ങളുടെ നവീകരണത്തിന്റെ ശേഷി വർദ്ധിപ്പിക്കൽ, സാങ്കേതികവിദ്യ ഏറ്റെടുക്കൽ, ക്ലസ്റ്റർ വികസനം തുടങ്ങിയവയ്ക്കുള്ള കൈത്താങ്ങ് നൽകുക എന്നിവ വാണിജ്യമിഷന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.

**കെ.എസ്.ഇ.ബി.എൽ. പരിഷ്കാരങ്ങൾക്ക് മുൻകൂർ അനുമതി**

25 (*205) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ. പരിഷ്കാരങ്ങൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി വേണമെന്ന നിബന്ധന മറികടന്ന് കമ്പനി ഫുൾ ബോർഡ് അംഗീകാരംപോലുമില്ലാതെ 1200 കോടി രൂപയുടെ ബാധ്യത കെ.എസ്.ഇ.ബി.എൽ. ഏറ്റെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിലെ 'പരിഷ്കാരങ്ങൾ' എന്ന ചോദ്യത്തിലെ പരാമർശം "ശമ്പള പരിഷ്കരണം" സംബന്ധിച്ച വിഷയം കണക്കിലെടുത്താണ് സൂചിപ്പിച്ചിരിക്കുന്നതെന്നത് പരിഗണിച്ച് നൽകുന്ന വിശദീകരണം ചുവടെചേർക്കുന്നു.

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ 2016-ലെയും 2021-ലെയും ദീർഘകാല കരാറിനും ഓഫീസർ ശമ്പള പരിഷ്കരണത്തിനും 26-02-2016-ലെ B.O. (DB) No. 640/2016 (PS1/3764/2015) പ്രകാരവും 15-02-2021-ലെ B.O. (DB) No. 133/2021 (PS1/2617/PR/2018) പ്രകാരവും സംസ്ഥാന സർക്കാർ പ്രതിനിധികളുൾപ്പെടുന്ന ഡയറക്ടർ ബോർഡ് യോഗത്തിന്റെ അനുമതി/അംഗീകാരം ലഭിച്ചിട്ടുണ്ട്. 20-01-2016-ലെ ജി.ഒ.(പി)നം..7/2016/ധന ഉത്തരവിന്റെ മുപ്പത്തിയെട്ടാം ഖണ്ഡികയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപ്രകാരം പ്രസ്തുത ദീർഘകാല കരാറുകളും ഓഫീസർ ശമ്പള പരിഷ്കരണ ഉത്തരവുകളും സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. 2018-19 മുതൽ 2021-22 കാലയളവുവരെ ശമ്പള പരിഷ്കരണത്തിനായി 1036.41 കോടി രൂപ കെ.എസ്.ഇ.ആർ.സി. വകയിരുത്തിയിട്ടുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡ് ശമ്പള പരിഷ്കരണം നടത്തുന്നത് തൊഴിലാളികളും മാനേജ്മെന്റും തമ്മിലുള്ള

ഉഭയകക്ഷി ചർച്ചകൾക്കുശേഷം പുറപ്പെടുവിക്കുന്ന ദീർഘകാല കരാർ പ്രകാരമാണ്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെയും ഡയറക്ടർ ബോർഡ് യോഗത്തിന്റെ തീരുമാനങ്ങൾക്കും അംഗീകാരത്തിനും വിധേയമായി പുറപ്പെടുവിക്കുന്ന ശമ്പള പരിഷ്കരണം സംബന്ധിച്ച ഉത്തരവുകൾ, ബാധകമായ യാതൊരു നിയമങ്ങളെയും ലംഘിക്കുന്നവയല്ല. കെ.എസ്.ഇ.ബി. മെമ്മോറാണ്ടം ഓഫ് എഗ്രിമെന്റ്/ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ പ്രകാരം സർക്കാരിന്റെ ബാധകമായ നിർദ്ദേശങ്ങൾ കമ്പനിയിൽ നടപ്പാക്കേണ്ടതുണ്ട്. 2021-ൽ ഉത്തരവായ ശമ്പള വർദ്ധനയ്ക്ക് സർക്കാർ അനുമതി ഇതുവരെ ലഭ്യമായിട്ടില്ല. ആയത് പ്രതീക്ഷിച്ചുകൊണ്ടാണ് ബോർഡ് ഉത്തരവ് നടപ്പാക്കിയിട്ടുള്ളത്.

(ബി) ബോർഡിന്റെ ഔദ്യോഗിക വാഹനം ഉപയോഗിക്കാൻ അർഹതയില്ലാത്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വർഷങ്ങളോളം ലോഗ്ബുക്കിൽ രേഖപ്പെടുത്തി ആയിരക്കണക്കിന് കിലോമീറ്റർ യാത്രചെയ്ത സംഭവമടക്കം കെ.എസ്.ഇ.ബി.എൽ.-ൽ ധൂർത്ത് നടക്കുന്നുവെന്ന് കെ.എസ്.ഇ.ബി.എൽ. ചെയർമാൻ വെളിപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം സംഭവങ്ങളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) ചോദ്യത്തിൽ പരാമർശിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.എൽ. വിജിലൻസ് വിംഗ് അന്വേഷണം നടത്തുന്നുണ്ട്. ആയതുമായി ബന്ധപ്പെട്ട് വെഹിക്കിൾ മോണിറ്ററിംഗ് സെല്ലിൽനിന്നും മേൽപ്പറഞ്ഞ വിഷയത്തിനുവേണ്ടിയുള്ള ലോഗ്ബുക്കിന്റെ പകർപ്പും ബന്ധപ്പെട്ട കാലയളവിൽ ജോലി ചെയ്തിരുന്ന കോൺട്രാക്ട് ഡ്രൈവർമാരുടെ വിശദാംശങ്ങളും വിജിലൻസ് വിംഗ് ശേഖരിച്ച് അന്വേഷണം നടത്തുകയാണ്.

(ഡി) ഇപ്രകാരം വൈദ്യുതി ബോർഡിലുണ്ടായിട്ടുള്ള ബാദ്ധ്യതകൾ വൈദ്യുതി ചാർജ്ജ് വർദ്ധനവിലൂടെ ജനങ്ങളുടെമേൽ കെട്ടിവയ്ക്കാനാണ് കെ.എസ്.ഇ.ബി.എൽ. ശ്രമിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

വൈദ്യുതി നിയമം-2003, ദേശീയ താരിഫ് നയം-2016, റെഗുലേറ്ററി കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിരക്കിൽ വ്യത്യാസങ്ങൾ വരുത്തുന്നത്. റെഗുലേറ്ററി

കമ്മീഷൻ നിരക്കുകൾ പുതുക്കുമ്പോൾ പ്രധാനമായും കണക്കാക്കുന്ന ചെലവിനങ്ങൾ താഴെപ്പറയുന്നവയാണ്.

a) വൈദ്യുതിയുടെ ഉത്പാദന വാങ്ങൽ - ചെലവുകൾ (Generation & Power Purchase Cost)

b) പ്രവർത്തന പരിപാലന ചെലവുകൾ (Operation & Maintenance Cost)

c) പലിശ ചെലവുകൾ (Interest and Finance Charges)

d) മൂലധന ഓഹരിയുടെ മടക്ക വിഹിതം (Return on equity)

e) തേയ്മാന ചെലവുകൾ (Depreciation).

ഇപ്രകാരം കണക്കാക്കിയെടുക്കുന്ന മുഴുവൻ ചെലവുകളും വരുംവർഷങ്ങളിലെ പ്രതീക്ഷിത ഉപഭോഗത്തിന്, നിലവിലുള്ള നിരക്കിൽ കണക്കാക്കിയെടുക്കുന്ന മൊത്തം വരുമാനവും തമ്മിലുള്ള അന്തരമാണ് നിരക്കുകൾ പുതുക്കുമ്പോൾ പ്രധാനമായി പരിഗണിക്കുന്നത്. ടി ചെലവിനങ്ങൾ, കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങളിലെ വ്യവസ്ഥകളും മാനദണ്ഡങ്ങളും അനുസരിച്ച് നിജപ്പെടുത്തുന്നതിനാൽ, മുൻകാല ബാധ്യതാ കുടിശ്ശിക തുകകൾ താരിഫ് വർദ്ധനവിലൂടെ ഉപഭോക്താക്കൾക്ക് അധികഭാരമുണ്ടാകുന്നില്ല.

## സ്വകാര്യ ഉത്പാദകരിൽനിന്നും വൈദ്യുതി വാങ്ങുന്നതിന് റെഗുലേറ്ററി കമ്മീഷന്റെ അനുമതി

26 (*206) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് സ്വകാര്യ ഉത്പാദകരിൽനിന്നും വൈദ്യുതി വാങ്ങുന്നതിന് റെഗുലേറ്ററി കമ്മീഷന്റെ അനുമതി ആവശ്യമാണോയെന്ന് അറിയിക്കുമോ?

വൈദ്യുതി ബോർഡ് സ്വകാര്യ ഉത്പാദകരിൽനിന്നും വൈദ്യുതി വാങ്ങുന്നതിന് ഇലക്ട്രിസിറ്റി ആക്ടിന്റെ വകുപ്പ് 86 (ബി) അനുസരിച്ച് റെഗുലേറ്ററി കമ്മീഷന്റെ അനുമതി ആവശ്യമാണ്.

(ബി) ഇപ്രകാരം അനുമതി വാങ്ങാതെ വൈദ്യുതി വാങ്ങാനുള്ള ഇരുപത്തിയഞ്ച് വർഷത്തെ കരാർ നടപ്പാക്കിയിരിക്കുന്നതിലൂടെ പതിനയ്യായിരം കോടി രൂപയുടെ അധിക ബാധ്യത ബോർഡിനുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

അനുമതി വാങ്ങാതെ വൈദ്യുതി വാങ്ങാനുള്ള ഇരുപത്തിയഞ്ച് വർഷത്തെ കരാർ നടപ്പാക്കിയിരിക്കുന്നതിലൂടെ പതിനയ്യായിരം കോടി രൂപയുടെ അധിക ബാധ്യത ബോർഡിനുണ്ടായതായി കണ്ടെത്തിയിട്ടില്ല.

(സി) പ്രസ്തുത കരാർ റദ്ദാക്കണമെന്ന കേന്ദ്ര വൈദ്യുത മന്ത്രാലയത്തിന്റെ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

കരാർ റദ്ദാക്കാൻ കേന്ദ്ര വൈദ്യുതി മന്ത്രാലയം നിർദ്ദേശിച്ചിട്ടില്ല. എന്നാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഏർപ്പെട്ട DBFOO പ്രകാരം 2014-2015 കാലയളവിൽ ഒപ്പുവച്ച ചില ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകൾക്ക് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ ഇതുവരെ അനുമതി നൽകിയിട്ടില്ല. ബോർഡ് സർക്കാരിന് സമർപ്പിച്ച പ്രസ്തുത വിഷയം സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ച് ഉചിത ശിപാർശ സമർപ്പിക്കാൻ അഡീഷണൽ ചീഫ് സെക്രട്ടറി (ഫിനാൻസ്), പ്രിൻസിപ്പൽ സെക്രട്ടറി (പവർ), സെക്രട്ടറി (നിയമം), ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്നിവർ അംഗങ്ങളായിട്ടുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്യുമെന്റിനുവന്ന വ്യതിയാനങ്ങൾ സംസ്ഥാന ഗവൺമെന്റ് അംഗീകരിക്കേണ്ടതില്ലെന്നും കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ, ഈ

ദീർഘകാല കരാറുകളിൽനിന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഇതേ വ്യവസ്ഥകളൊഴിവാക്കിയാൽ ഏകദേശം 800 കോടി രൂപയുടെ അധിക ബാദ്ധ്യത ഒഴിവാക്കാനാകുമെന്ന് അനുമാനിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ശിപാർശയിന്മേൽ ഗവൺമെന്റ് തീരുമാനമെടുക്കുന്നമുറയ്ക്ക് വൈദ്യുതി ബോർഡിന് അന്തിമ തീരുമാനങ്ങൾക്കായി സംസ്ഥാന റെഗുലേറ്ററി കമ്മീഷനെ സമീപിക്കുന്നതാണ്.

## ഹൈഡൽ ടൂറിസം പദ്ധതികൾക്കായുള്ള കരാർ

27 (*207) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ. ഹൈഡൽ ടൂറിസം സെന്ററിന്റെ ടൂറിസം പദ്ധതികൾ നടപ്പിലാക്കാൻ മൂന്ന് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കും മൂന്ന് ചാരിറ്റബിൾ സൊസൈറ്റികൾക്കും കരാർ നൽകിയിട്ടുണ്ടോ?

കരാർ നൽകിയിട്ടുണ്ട്.

(ബി) പത്രങ്ങളിൽ പരസ്യം നൽകാതെ ഹൈഡൽ ടൂറിസം സെന്ററിന്റെ സൈറ്റിലും കെ.എസ്.ഇ.ബി.എൽ.-ന്റെ വെബ്സൈറ്റിലുംമാത്രം പരസ്യം നൽകിയാണ് ടെൻഡർ നടത്തിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഹൈഡൽ ടൂറിസം സെന്ററിന് വളരെ തുച്ഛമായ വരുമാനം ലഭിക്കുന്ന തരത്തിലാണ് ഈ കരാറുകളെല്ലാം ഒപ്പിട്ടിരിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ജി.എസ്.ടി. പിരിവ് ഊർജ്ജിതപ്പെടുത്താൻ നടപടി**

28 (*208) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം ധനകാര്യ കമ്മീഷന്റെ നിശ്ചയപ്രകാരം സംസ്ഥാനത്തിന് കേന്ദ്ര നികുതി വിഹിതമായി 3.5 ശതമാനം ലഭിച്ചിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ തീർപ്പുപ്രകാരം 1.925

ശതമാനമായി കുറഞ്ഞതുമൂലം പ്രതിവർഷമുണ്ടാകാവുന്ന ഏകദേശം പതിമൂവായിരം കോടി രൂപയുടെ വരുമാനനഷ്ടം സൃഷ്ടിക്കാനിടയുള്ള ധനപ്രതിസന്ധി മറികടക്കുന്നതിനും റവന്യൂകമ്മി നികത്തുന്നതിനും പ്രത്യേക ഗ്രാന്റ് അനുവദിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; വ്യക്തമാക്കുമോ?

13-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനത്തിനുലഭിച്ച കേന്ദ്ര നികുതിവിഹിതം 2.341 ശതമാനമാണ്. 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം നികുതിവിഹിതം ആദ്യവർഷം (2020-21) 1.943 ശതമാനമായും തുടർന്നുള്ള വർഷങ്ങളിൽ 1.925 ശതമാനമായും കുറഞ്ഞിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-26 കാലയളവിലേയ്ക്ക് സെക്ടർ സ്പെസിഫിക് ഗ്രാന്റിനത്തിൽ 2412 കോടി രൂപയും സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റിനത്തിൽ 1100 കോടി രൂപയും ശിപാർശ ചെയ്തിരുന്നെങ്കിലും ആയത് കേന്ദ്രസർക്കാർ പാർലമെന്റിനുമുമ്പാകെവച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് പ്രകാരം അംഗീകരിച്ചിരുന്നില്ല. കൂടാതെ കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ പ്രസ്തുത ഗ്രാന്റ് അനുവദിക്കുന്നതിനുള്ള അനുകൂല നടപടി

സ്വീകരിക്കണമെന്ന് 13-07-2021-ൽ പ്രധാനമന്ത്രിക്ക്, മുഖ്യമന്ത്രി നേരിട്ട് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ജി.എസ്.ടി. നഷ്ടപരിഹാരം അടുത്ത വർഷം ജൂലൈ മുതൽ ഇല്ലാതാകുന്നതുമൂലമുണ്ടാകുന്ന നികുതികുറവ് പരിഹരിക്കാൻ ജി.എസ്.ടി. പിരിവ് കൂട്ടുതൽ ഊർജ്ജിതപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

ജി.എസ്.ടി. നഷ്ടപരിഹാരം 2022 ജൂലൈ മുതൽ ഇല്ലാതാകുന്നതുമൂലമുണ്ടാകുന്ന നികുതികുറവ് പരിഹരിക്കാൻ ജി.എസ്.ടി. പിരിവ് കൂട്ടുതൽ ഊർജ്ജിതപ്പെടുത്താനുദ്ദേശിക്കുന്നു. ഇതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഓഡിറ്റ് വിഭാഗം കൂട്ടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ വകുപ്പിലെ ലഭ്യമായ ജീവനക്കാരെ ഉൾപ്പെടുത്തി ഓഡിറ്റ് ടീമുകൾ രൂപീകരിച്ചു. ഇവർക്കുവേണ്ട പരിശീലനവും നൽകുകയുണ്ടായി. ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് കൂട്ടുതൽ ശക്തമാക്കി. കൂടാതെ സൈബർ ഫോറൻസിക്, ഡാറ്റാ അനലിറ്റിക്സ്, എ.എൻ.പി.ആർ. മോണിറ്ററിംഗ് തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നികുതി പിരിവിൽ വിവര സാങ്കേതികവിദ്യ കൂട്ടുതലായി

ഉപയോഗിക്കുന്നതിനുള്ള പദ്ധതികളും ആലോചിച്ച് നടപ്പാക്കിവരുന്നു. ഇതുകൂടാതെ ജി.എസ്.ടി. സംവിധാനത്തിനനുസൃതമായി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തി പുന:സംഘടിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) സാമ്പത്തിക ബുദ്ധിമുട്ട് മറികടക്കുന്നതിന് മൂലധന ചെലവിലോ ക്ഷേമപദ്ധതികൾക്കായുള്ള വകയിരുത്തലിലോ കുറവുവരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

2022-23 സാമ്പത്തികവർഷം മൂലധനച്ചെലവിലോ ക്ഷേമപദ്ധതികൾക്കായുള്ള വകയിരുത്തലിലോ കുറവ് വരുത്തിയിട്ടില്ല. 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ മൂലധനച്ചെലവ്, ക്ഷേമപദ്ധതികൾ എന്നിവയ്ക്കായി വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ഇനം | (തുക കോടിയിൽ) | |
|---|---|---|
| | 2021-22 ബഡ്ജറ്റ് വിഹിതം | 2022-23 ബഡ്ജറ്റ് വിഹിതം |
| മൂലധനച്ചെലവ് | 14141.21 | 16521.62 |
| കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനുള്ള സഹായം | 8217.10 | 10793.51 |

| | | |
|---|---|---|
| തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും (പദ്ധതി) | 450.41 | 482.78 |
| പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമം (പദ്ധതി) | 2265.93 | 2969.14 |
| സാമൂഹ്യക്ഷേമം (പദ്ധതി) | 487.72 | 679.92 |

**സംസ്ഥാനത്തിനു പുറത്തുനിന്ന് വൈദ്യുതി**

29 (*209) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. ഉബൈദുള്ള:
ഡോ. എം. കെ. മുനീർ:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021 ഏപ്രിൽ-ജൂലൈ കാലയളവിൽ പുറത്തുനിന്ന് വൈദ്യുതി വാങ്ങിയിരുന്നോ?

വാങ്ങിയിരുന്നു. 2021 ഏപ്രിൽ-ജൂലൈ വരെയുള്ള കാലയളവിൽ 5768.611 ദശലക്ഷം യുണിറ്റ് വൈദ്യുതി പുറമേനിന്ന് വാങ്ങിയിരുന്നു.

(ബി) എങ്കിൽ ഇപ്രകാരം വൈദ്യുതി വാങ്ങുന്നതിന് ചെലവഴിച്ച തുക ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

ഇല്ല. 2021 ഏപ്രിൽ-ജൂലൈ വരെയുള്ള കാലയളവിൽ 2601.13 കോടി രൂപ വൈദ്യുതി വാങ്ങിയ ഇനത്തിൽ ചെലവഴിച്ചിരുന്നു. വൈദ്യുതി നിയമം-2003, ദേശീയ താരിഫ് നയം-2016, റെഗുലേറ്ററി കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിരക്കിൽ വ്യത്യാസങ്ങൾ വരുത്തുന്നത്. റെഗുലേറ്ററി കമ്മീഷൻ നിരക്കുകൾ പുതുക്കുമ്പോൾ പ്രധാനമായും കണക്കാക്കുന്ന ചെലവിനങ്ങൾ താഴെപ്പറയുന്നവയാണ്.

a) വൈദ്യുതിയുടെ ഉത്പാദന വാങ്ങൽ - ചെലവുകൾ (Generation & Power Purchase Cost)

b) പ്രവർത്തന പരിപാലന ചെലവുകൾ (Operation & maintenance cost)

c) പലിശ ചെലവുകൾ (Interest and Finance charges)

d) മൂലധന ഓഹരിയുടെ മടക്ക വിഹിതം (Return on equity)

e) തേയ്മാന ചെലവുകൾ (Depreciation)

ഇപ്രകാരം കണക്കാക്കിയെടുക്കുന്ന മുഴുവൻ ചെലവുകളും വരുംവർഷങ്ങളിലെ പ്രതീക്ഷിത ഉപഭോഗത്തിന്, നിലവിലുള്ള നിരക്കിൽ

കണക്കാക്കിയെടുക്കുന്ന മൊത്തം വരുമാനവും തമ്മിലുള്ള അന്തരമാണ് നിരക്കുകൾ പുതുക്കുമ്പോൾ പ്രധാനമായും പരിഗണിക്കുന്നത്. ടി ചെലവിനങ്ങൾ, കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങളിലെ വ്യവസ്ഥകളും മാനദണ്ഡങ്ങളുമനുസരിച്ച് നിജപ്പെടുത്തുന്നു. ഇപ്രകാരം വൈദ്യുതി വാങ്ങൽ ചെലവ് നിർണ്ണയിക്കുമ്പോൾ സംസ്ഥാനത്തെ കെ.എസ്.ഇ.ബി.എൽ.-ന്റെ നിലയങ്ങളിൽനിന്ന് പരമാവധി ഉത്പാദിപ്പിക്കാൻ കഴിയുന്ന വൈദ്യുതിയുടെ ലഭ്യത, (പ്രതീക്ഷിത ജലലഭ്യതയുടെ അടിസ്ഥാനത്തിൽ) കേന്ദ്ര നിലയങ്ങളിൽനിന്ന് സംസ്ഥാനത്തിന് അനുവദനീയമായ വൈദ്യുതിയുടെ ലഭ്യത, കെ.എസ്.ഇ.ബി. ലിമിറ്റഡ് റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടുകൂടി ഏർപ്പെട്ടിട്ടുള്ള long term/medium term കരാറിന്റെ ഭാഗമായി ലഭ്യമാകുന്ന വൈദ്യുതി എന്നിവയെല്ലാം പരിഗണിക്കാറുണ്ട്. ഈ ചെലവ് മാത്രമേ താരിഫിലൂടെ ഉപഭോക്താവിൽനിന്ന് ഈടാക്കാൻ അനുവദിക്കുകയുള്ളൂ.

(സി) അതിനായി സർചാർജ്ജ് ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

വൈദ്യുതി വാങ്ങുന്നതിന് ചെലവഴിച്ച തുക മുഴുവൻ ഇന്ധന സർചാർജ്ജിന്റെ രൂപത്തിൽ ഈടാക്കാൻ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ

വൈദ്യുതി വാങ്ങൽ/ഉത്പാദന ചെലവിൽ ഇന്ധന വിലയിലുണ്ടായ അധിക ബാധ്യത സർചാർജ്ജിന്റെ രൂപത്തിൽ ഈടാക്കാൻ താരിഫ് നിർണ്ണയ ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇപ്രകാരം 2021 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള ആദ്യപാദത്തിൽ ഇന്ധന വിലയിലുണ്ടായ വ്യതിയാനംമൂലം 8.96 കോടി രൂപ വൈദ്യുതി വാങ്ങൽ/ഉത്പാദന ചെലവിൽ ലാഭിക്കാൻ കഴിഞ്ഞതായി കണക്കാക്കി കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ അടുത്ത പാദത്തിൽ 5.50 കോടി രൂപയുടെ അധിക ബാധ്യതയുണ്ടായതായി കണക്കാക്കി കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്.

## കെ.എസ്.ഇ.ബി.എൽ.-ലെ നിയമനം സംബന്ധിച്ച അന്വേഷണം

30 (*210) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ൽ അനധികൃത നിയമനങ്ങൾ നടക്കുന്നുവെന്ന് കെ.എസ്.ഇ.ബി.എൽ. ചെയർമാൻ

വെളിപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ അനധികൃത നിയമനങ്ങൾ നടക്കുന്നുവെന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ പ്രസ്താവിച്ചിട്ടില്ല.

(ബി) കെ.എസ്.ഇ.ബി.എൽ.-ലെ ജീവനക്കാരെ നിയമിക്കുമ്പോൾ റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരം നേടണമെന്ന് വ്യവസ്ഥയുണ്ടോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ജീവനക്കാരെ നിയമിക്കുമ്പോൾ റെഗുലേറ്ററി കമ്മീഷന്റെ മുൻകൂർ അംഗീകാരം നേടണമെന്ന വ്യവസ്ഥയില്ല.

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ മുപ്പത്തിമൂവായിരം ജീവനക്കാരിൽ ആറായിരത്തോളം പേരുടെ നിയമനത്തിന് റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരം നേടിയിട്ടില്ലെന്നത് വസ്തുതയാണോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ മുപ്പത്തിമൂവായിരം ജീവനക്കാരിൽ ആറായിരത്തോളം പേരുടെ നിയമനത്തിന് റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരം ആവശ്യമില്ല. താരിഫിൽ ചെലവ് ഉൾപ്പെടുത്താനാണ് അനുമതി വേണ്ടത്.

(ഡി) ഫുൾ ബോർഡോ മാനേജിംഗ് ഡയറക്ടറോ അറിയാതെ തൊണ്ണൂറ് ഉദ്യോഗസ്ഥരെ വാട്സാപ് സന്ദേശം നൽകി നിയമിച്ചുവെന്ന കെ.എസ്.ഇ.ബി.എൽ. ചെയർമാന്റെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന്മേൽ അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

(ഡി&ഇ) നിയമനവുമായി ബന്ധപ്പെട്ട ഹൈക്കോടതി കേസിൽ വാട്സാപിൽ കമ്പനിയുടെ അഭിഭാഷകന് നിർദ്ദേശം നൽകിയെന്ന് ഒരു അച്ചടക്ക അന്വേഷണത്തിന്റെ റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട വസ്തുതകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ആലത്തൂർ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം

1(2405) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ പരിമിതികൾ പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

ആലത്തൂർ സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം പണിയുന്നതിന് സ്ഥലം സംബന്ധിച്ച ചില പ്രശ്നങ്ങൾ പരിഹരിക്കേണ്ടതായിട്ടുണ്ട്. സ്ഥലം ലഭ്യമായാൽ പുതിയ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

## വിലക്കയറ്റം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ

2(2406) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിലക്കയറ്റം തടയാനായി കഴിഞ്ഞ സർക്കാരും തുടർസർക്കാരും നടത്തിവരുന്ന പ്രവർത്തനങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ?

സർക്കാർ സംവിധാനങ്ങളായ സപ്ലൈകോ, കൺസ്യൂമർഫെഡ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് ഖജനാവിൽനിന്നും പണം നൽകി സബ്സിഡി ഇനത്തിൽ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതുവഴി വിലക്കയറ്റം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി 2019-2020-ൽ 132.22 കോടി രൂപയും

2020-2021-ൽ 3388.07 കോടി രൂപയും 2021-2022-ൽ 1826.19 കോടി രൂപയും ചെലവാക്കിയിട്ടുണ്ട്.

(ബി) വിലക്കയറ്റം തടയുന്നതിന് കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

വിലക്കയറ്റം തടയുന്നതിന് പ്രത്യേക കേന്ദ്ര സഹായമൊന്നും ലഭിക്കുന്നില്ല.

(സി) കേന്ദ്രസർക്കാർ നയത്തിന്റെ ഭാഗമായി പെട്രോൾ/ഡീസൽ വില നാൾക്കുനാൾ വർദ്ധിക്കുന്നത് സംസ്ഥാനത്തെ എപ്രകാരം ബാധിക്കുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

പെട്രോൾ/ഡീസൽ വില വർദ്ധിക്കുന്നത് നിത്യോപയോഗ സാധനങ്ങളുടെയും മറ്റ് സാധന സാമഗ്രികളുടെയും വിലയിൽ വലിയതോതിലുള്ള വർദ്ധനവിന് കാരണമായിട്ടുണ്ട്. തന്മൂലം വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനുവേണ്ടി പൊതുവിപണിയിലെ ഇടപെടലിന് പ്രതീക്ഷിച്ചതിലും കൂടുതൽ തുക ചെലവാക്കേണ്ടിവന്നിട്ടുണ്ട്.

**വാക്സിൻ വാങ്ങുന്നതിനായി വകയിരുത്തിയിട്ടുള്ള തുക**

3(2407) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് കോവിഡ് വാക്സിനേഷൻ സൗജന്യമാക്കിയ സാഹചര്യത്തിൽ കഴിഞ്ഞ ബഡ്ജറ്റിൽ സൗജന്യ വാക്സിൻ വാങ്ങുന്നതിനായി വകയിരുത്തിയിട്ടുള്ള 1000 കോടി രൂപ കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത തുക എപ്രകാരം വിനിയോഗിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

(എ&ബി) രാജ്യത്ത് കോവിഡ് വാക്സിനേഷൻ സൗജന്യമാക്കിയ സാഹചര്യത്തിൽ ജനങ്ങൾക്ക് സൗജന്യ കോവിഡ് വാക്സിൻ ലഭ്യമാക്കുന്നതുൾപ്പെടെയുള്ള കോവിഡ് നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ '2210-06-101-12-NV-കോവിഡ് 19 പകർച്ചവ്യാധി നിയന്ത്രണവും നിർവ്വഹണവും' എന്ന ശീർഷകത്തിൽ വകയിരുത്തിയ 1500 കോടി രൂപയിൽ 550 കോടി രൂപ 09-08-2021-ലെ സ.ഉ. (സാധാ) നം. 5368/2021/ധന., 27-10-2021-ലെ സ.ഉ. (സാധാ) നം. 6957/2021/ധന. എന്നീ ഉത്തരവുകൾ പ്രകാരം കോവിഡ് അനുബന്ധ ഉപകരണങ്ങളും ഉപഭോഗ സാമഗ്രികളും വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്

(KMSCL) അനുവദിച്ച് നല്കിയിട്ടുണ്ട്. ടി 550 കോടി രൂപയിൽ 465.29 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**ധനകാര്യ വകുപ്പിലെ വിവിധ വകുപ്പുകൾക്ക് ആസ്ഥാന മന്ദിരം**

4(2409) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള നാഷണൽ സേവിംഗ്സ്, സ്റ്റോർ പർച്ചേസ്, വാണിജ്യ നികുതി, കാർഷികാദായ നികുതി, ട്രഷറികൾ, ലോട്ടറി, സ്റ്റേറ്റ് ഓഡിറ്റ്, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്, സ്റ്റേറ്റ് ഇൻഷ്വറൻസ്, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, സ്റ്റാമ്പ് ആൻഡ് സ്റ്റാമ്പ് ഡ്യൂട്ടി എന്നീ വകുപ്പുകൾക്ക് സ്വന്തമായി ആസ്ഥാന മന്ദിരമുണ്ടോ; ഏതൊക്കെ വകുപ്പുകൾക്കാണ് സ്വന്തമായി ആസ്ഥാന മന്ദിരമില്ലാത്തത്;

(ബി) ഓരോ വകുപ്പും എത്ര രൂപ വാടകയിനത്തിൽ പ്രതിമാസവും പ്രതിവർഷവും നൽകിവരുന്നു; ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദമായ റിപ്പോർട്ട് നൽകുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## കോവിഡ് കാലത്തെ വരുമാനം

5(2410) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതികൂലമായി ബാധിച്ചിരുന്ന 2020-21 സാമ്പത്തിക വർഷത്തിൽ സർക്കാരിന്റെ പ്രധാന വരുമാന സ്രോതസ്സുകൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കുമോ?

സംസ്ഥാന തനത് നികുതി വരുമാനം, സംസ്ഥാന തനത് നികുതിയേതര വരുമാനം, കേന്ദ്ര നികുതി വിഹിതം, കേന്ദ്ര ധനസഹായം എന്നിവയാണ് സംസ്ഥാന സർക്കാരിന്റെ പ്രധാന റവന്യൂ വരുമാന സ്രോതസ്സുകൾ.

(ബി) പ്രസ്തുത കാലയളവിൽ ഓരോ ഇനത്തിലും ലഭിച്ച വരുമാനം എത്രവീതമാണെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

2020-21 സാമ്പത്തികവർഷം സംസ്ഥാനത്തിന് ലഭ്യമായ റവന്യൂ വരുമാനത്തിന്റെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ഇനം | തുക (കോടിയിൽ) |
|---|---|
| സംസ്ഥാന തനത് നികുതി വരുമാനം | 47660.84 രൂപ |
| സംസ്ഥാന തനത് നികുതിയേതര വരുമാനം | 7327.31 രൂപ |
| കേന്ദ്ര നികുതി വിഹിതം | 11560.40 രൂപ |

| | |
|---|---|
| കേന്ദ്ര ധനസഹായം | 31068.28 രൂപ |
| **ആകെ** | **97616.83 രൂപ** |

ഇതിനുപുറമേ ജി.എസ്.ടി. നഷ്ടപരിഹാര ഇനത്തിൽ കേന്ദ്ര സർക്കാരിൽനിന്നും 2020-21-ൽ വായ്പയായി 5766 കോടി രൂപ ലഭ്യമായിട്ടുണ്ട്.

**നെന്മാറ നിയോജകമണ്ഡലത്തിൽ നടപ്പാക്കാനുള്ള പദ്ധതികൾ**

6(2411) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ഏതെല്ലാം പദ്ധതികളാണ് നെന്മാറ നിയോജകമണ്ഡലത്തിൽ നടപ്പാക്കാനുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**നോളഡ്ജ് ഇക്കോണമി**

7(2412) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പ്രഖ്യാപിത നയമായ കേരള നോളഡ്ജ് ഇക്കോണമിയുടെ വികസന പൂർത്തീകരണത്തിനായുള്ള സർക്കാരിന്റെ പരിപാടികളെക്കുറിച്ച് വിശദമാക്കുമോ?

കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കും നൈപുണ്യങ്ങൾക്കുമനുസൃതമായ വിജ്ഞാന തൊഴിലുകളിലേർപ്പെടുന്നതിനായി ലോകത്തെമ്പാടുമുള്ള നവലോക തൊഴിലവസരങ്ങൾ കണ്ടെത്തി അവ പ്രാപ്തമാക്കാനാവശ്യമായ പരിശീലനം നൽകി, തൊഴിൽ നൽകുക എന്നതാണ് കേരള നോളഡ്ജ് ഇക്കോണമി മിഷൻ (Kerala Knowledge Economy Mission – KKEM) പദ്ധതിവഴി ലക്ഷ്യമിടുന്നത്. ഇതിന് കഴിയുന്നരീതിയിൽ തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും ഒരു പ്ലാറ്റ്ഫോമിൽ കൊണ്ടുവരാനും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഓരോരുത്തരുടെയും കഴിവും നൈപുണ്യവും കണ്ടെത്തി ആവശ്യമായ പരിശീലനവും സഹായവും നൽകാനും ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്നൊരു ഡിജിറ്റൽ പ്ലാറ്റ്ഫോം നിലവിൽ വന്നിട്ടുണ്ട്. കേരളത്തെ ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയാക്കി രൂപപ്പെടുത്തുന്ന വിധത്തിൽ,

അഭ്യസ്തവിദ്യരുടെ തൊഴിൽശേഷിയും നമ്മുടെ വിദ്യാഭ്യാസ മേഖലയെയും നവലോക തൊഴിലുകളിലേയ്ക്ക് പ്രാപ്തരാക്കാൻ സ്വദേശത്തും വിദേശത്തുമുള്ള വിവിധ നൈപുണ്യ പരിശീലന ഏജൻസികളും വ്യവസായ സമൂഹവുമായി ചേർന്നുകൊണ്ടുള്ള ഒരു പ്രവർത്തന പരിപാടിക്കാണ് കേരള നോളഡ്ജ് ഇക്കോണമി മിഷൻ ലക്ഷ്യമിടുന്നത്. കുടുംബശ്രീ, അസാപ്, KASE, ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ, ICTAK, സ്റ്റാർട്ടപ് മിഷൻ തുടങ്ങിയ സർക്കാർ - സർക്കാരിതര ഏജൻസികളുമായി ചേർന്ന് അഞ്ചുവർഷത്തിനകം 20 ലക്ഷം പേർക്ക് തൊഴിൽ നൽകുന്നതിനാണ് പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. പ്രാദേശിക സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായ കൃഷി, മൃഗസംരക്ഷണം, ഡയറി, എം.എസ്.എം.ഇ., വ്യവസായം തുടങ്ങിയവയെ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താലും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളായി ബന്ധിപ്പിച്ചും പ്രാദേശിക തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കാനും നോളഡ്ജ് ഇക്കോണമി മിഷൻ ലക്ഷ്യമിടുന്നു. സമൂഹത്തിലെ സാമൂഹ്യവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവർക്കും ദുർബ്ബല ജനവിഭാഗങ്ങൾക്കും തൊഴിൽ നൈപുണ്യം ആർജ്ജിക്കാനും പരിശീലനങ്ങളും സ്കോളർഷിപ്പുകളും ഇൻസെന്റീവുകളും ഏർപ്പെടുത്തിയിട്ടുണ്ട്. പരിശീലനങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങളുമായി

ചേർന്ന് പലിശരഹിത വായ്പയുള്ള സംവിധാനവും പദ്ധതി രേഖയിൽ വിഭാവനം ചെയ്യുന്നു.

(ബി) കേരളാ നോളഡ്ജ് ഇക്കോണമിയുടെ ഭാഗമായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ രൂപം കൊടുത്തുകൊണ്ടിരിക്കുന്ന റാന്നി സ്കിൽ ഹബ്ബ് പദ്ധതിയുടെ പൂർത്തീകരണത്തിനായി സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

റാന്നി നിയോജകമണ്ഡലത്തിൽ ഇന്നൊവേഷൻ ഹബ്ബ് ഉൾപ്പെടെയുള്ള സ്കിൽ പാർക്ക് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ കെ-ഡിസ്കിൽ ലഭ്യമായിട്ടുള്ളത് പരിശോധിച്ചുവരികയാണ്.

## നൂറുദിന കർമ്മ പദ്ധതി

8(2414) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വികസനം ലക്ഷ്യമിട്ട് ഈ സർക്കാർ പ്രഖ്യാപിച്ചതും നടപ്പാക്കിയതുമായ നൂറുദിന കർമ്മപദ്ധതിയുൾപ്പെടെയുള്ള വിവിധ പദ്ധതികളേതെല്ലാമെന്നും ഇതിനായി നാളിതുവരെ ചെലവാക്കിയ തുക എത്രയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കർമ്മപദ്ധതി സമ്പൂർണ്ണമായി നടപ്പാക്കാനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഇതിനായി കേന്ദ്രസഹായം ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനും അവ സമയബന്ധിതമായി (നൂറ് ദിവസത്തിനുള്ളിൽ) പൂർത്തീകരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് വിവിധ ഘട്ടങ്ങളിലായി നടപ്പാക്കിവരുന്ന കർമ്മ പദ്ധതിയാണ് നൂറുദിന കർമ്മപരിപാടി. ഇതിലുൾപ്പെട്ടിട്ടുള്ള പദ്ധതികൾക്കുള്ള ചെലവ് ബന്ധപ്പെട്ട വകുപ്പുകൾ മുഖേന നടപ്പാക്കുന്ന വാർഷിക പദ്ധതികളുടെ അടങ്കൽ തുകയിൽനിന്നാണ് ചെലവഴിക്കപ്പെടുന്നത്.

## വെർച്വൽ ഓഗ്മെന്റഡ് റിയാലിറ്റി സംവിധാനം

9(2415) <u>ശ്രീ. ഷാഫി പറമ്പിൽ:</u> താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വെർച്വൽ ഓഗ്മെന്റഡ് റിയാലിറ്റി സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി കുട്ടികൾക്ക് സ്കൂൾ അന്തരീക്ഷത്തിൽ പഠനം സാദ്ധ്യമാക്കുന്ന രീതിയിൽ ഒരു പൊതു ഓൺലൈൻ അദ്ധ്യയന സംവിധാനം സൃഷ്ടിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ

നാളിതുവരെ എത്ര തുക ധനകാര്യ വകുപ്പ് അനുവദിച്ച് നൽകിയിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി മുഖ്യ നിയന്ത്രണാധികാരിയായ 2202-02-800-47-ഐ.ടി.@സ്കൂൾ പദ്ധതി (പദ്ധതി) എന്ന ശീർഷകത്തിൽനിന്നുമാണ് വെർച്വൽ ഓഗ്മെന്റഡ് റിയാലിറ്റി സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി കുട്ടികൾക്ക് സ്കൂൾ അന്തരീക്ഷത്തിൽ പഠനം സാദ്ധ്യമാകുന്ന രീതിയിൽ പൊതു ഓൺലൈൻ അദ്ധ്യയന സംവിധാനം സൃഷ്ടിക്കുന്നതിനുവേണ്ട തുക കണ്ടെത്തേണ്ടത്. ടി ശീർഷകത്തിൽ നടപ്പുവർഷം 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മേൽ ആവശ്യത്തിനായി ടി ശീർഷകത്തിൽനിന്ന് പ്രത്യേകമായി ഒരു തുകയും ചെലവാക്കിയിട്ടില്ല. എന്നാൽ കൈറ്റ് വിക്ടേഴ്സിലൂടെ ഡിജിറ്റൽ ക്ലാസുകൾ സംപ്രേക്ഷണം ചെയ്യുന്നതിനോടൊപ്പം കുട്ടികൾക്ക് അദ്ധ്യാപകരുമായി നേരിട്ട് ആശയവിനിമയം നടത്തുന്നതിനുള്ള ഓൺലൈൻ സംവിധാനം കൈറ്റ് (Kerala Infrastructure and Technology for Education)-ന്റെ തനത് ഫണ്ട് പ്രയോജനപ്പെടുത്തി നിലവിലുള്ള സംവിധാനങ്ങൾ (ജി-സ്യൂട്ട് പ്ലാറ്റ്ഫോം) ഉപയോഗിച്ച് 8 മുതൽ 12 വരെയുള്ള ക്ലാസുകളിലെ 20

ലക്ഷത്തോളം കുട്ടികൾക്കും ഒരു ലക്ഷത്തോളം അദ്ധ്യാപകർക്കും സൗകര്യമൊരുക്കിയിട്ടുണ്ട്.

**എം.എസ്.എം.ഇ.-കൾക്ക് കുറഞ്ഞ പലിശ**

10(2416) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എസ്.എം.ഇ-കൾക്ക് 2021-22 സാമ്പത്തിക വർഷത്തിൽ അനുവദിച്ച വായ്പകൾക്ക് പലിശയിളവ് നൽകുന്നതിനായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

എം.എസ്.എം.ഇ.-കൾക്കനുവദിച്ച വായ്പകൾക്ക് പലിശയിളവ് നൽകുന്ന പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേനയാണ് നടപ്പാക്കുന്നത്. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതിപ്രകാരം 2021-22 സാമ്പത്തികവർഷം നാളിതുവരെ 82 യൂണിറ്റുകൾക്കായി 10.77 ലക്ഷം രൂപയും വ്യവസായ ഭദ്രത പദ്ധതിയിൽ നാളിതുവരെ 509 യൂണിറ്റുകൾക്കായി 90.77 ലക്ഷം രൂപയുമുൾപ്പെടെ ആകെ 101.54 ലക്ഷം രൂപ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന അനുവദിച്ച് നൽകിയിട്ടുണ്ട്.

## ഹെൽത്ത് ഗ്രാൻഡ് ഇനത്തിൽ കേന്ദ്രസർക്കാരിൽനിന്നും ലഭിക്കേണ്ട തുക

11(2417) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം ഹെൽത്ത് ഗ്രാൻഡ് ഇനത്തിൽ കേന്ദ്ര സർക്കാരിൽനിന്നും കേരളത്തിന് ലഭിക്കേണ്ട തുക എത്രയാണ്; പ്രസ്തുത തുക ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

558.98 കോടി രൂപയാണ് ഹെൽത്ത് ഗ്രാന്റിനത്തിൽ കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കേണ്ടത്. ഇതിൽ 427.13 കോടി രൂപ ലഭിച്ചിട്ടുണ്ട്. ആയത് കേന്ദ്ര സർക്കാർ ഇറക്കിയിട്ടുള്ള മാർഗ്ഗരേഖ പ്രകാരം ഈ ആവശ്യത്തിനായി പഞ്ചായത്ത് ഡയറക്ടറുടെയും നഗരകാര്യ ഡയറക്ടറുടെയും പേരിൽ തുടങ്ങിയിട്ടുള്ള PFMS ലിങ്ക്ഡ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് 10-12-2021-ലെ സ.ഉ. (സാധാ) നം. 8010/2021/ധന. ഉത്തരവ് പ്രകാരം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

(ബി) ഹെൽത്ത് ഗ്രാൻഡ് ഇനത്തിൽ കേന്ദ്ര സർക്കാരിൽനിന്നും തുക ലഭിച്ചിട്ടില്ലെങ്കിൽ ആയത് അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

2021-22 സാമ്പത്തികവർഷം 558.98 കോടി രൂപയാണ് 15-ാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റിനത്തിൽ സംസ്ഥാനത്തിനായി നീക്കിവച്ചിട്ടുള്ളത്. ഇതിൽ 427.13 കോടി രൂപയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ട്. 130.66 കോടി രൂപയുടെ അർബൻ കമ്പോണന്റിനായുള്ള പ്രൊപ്പോസൽ അനുമതിക്കായി കേന്ദ്രസർക്കാരിൽ നൽകിയിട്ടുണ്ട്. ഹെൽത്ത് ഗ്രാന്റായി ലഭിക്കുന്ന തുക തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരമാണ് വിനിയോഗിക്കുന്നത്.

**ഇലക്ട്രിക് വാഹന വായ്പ**

12(2418) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻബഡ്ജറ്റിൽ പ്രഖ്യാപിച്ചപ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ നാളിതുവരെ ഇലക്ട്രിക് ഇരുചക്ര വാഹനങ്ങളും ഓട്ടോറിക്ഷയും വാങ്ങുന്നതിനായി എത്ര രൂപയുടെ വായ്പ അനുവദിച്ച് നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

2021-22 സാമ്പത്തിക വർഷത്തിൽ ഇതുവരെ ഇലക്ട്രിക് ഇരുചക്ര വാഹനങ്ങളും ഓട്ടോറിക്ഷയും വാങ്ങുന്നതിനായി കേരള ഫിനാൻഷ്യൽ

കോർപ്പറേഷനിൽനിന്ന് 8 ലോണുകൾ അനുവദിച്ചു. ആകെ 17,59,400/- രൂപയാണ് അനുവദിച്ചത്.

(ബി) പ്രസ്തുത വായ്പകളുടെ പലിശയിളവിനത്തിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത വായ്പകളുടെ പലിശയിനത്തിൽ ഇതുവരെ 28,658/- രൂപയുടെ ഇളവ് നൽകിയിട്ടുണ്ട്.

**നോർക്ക സെൽഫ് എംപ്ലോയ്മെന്റ് സ്കീം**

13(2419) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുപ്രകാരം 2021-22 സാമ്പത്തികവർഷം നോർക്ക സെൽഫ് എംപ്ലോയ്മെന്റ് സ്കീംവഴി കുറഞ്ഞ പലിശയ്ക്ക് എത്ര കോടി രൂപയുടെ വായ്പ അനുവദിച്ചു നൽകിയിട്ടുണ്ട്?

2021-2022 സാമ്പത്തികവർഷം നാളിതുവരെ നോർക്ക സെൽഫ് എംപ്ലോയ്മെന്റ് സ്കീമായ പ്രവാസി ഭദ്രത പദ്ധതി മുഖേന കുറഞ്ഞ പലിശയ്ക്ക് വായ്പയിനത്തിൽ 83.34 കോടി രൂപയും എൻ.ഡി.പി.ആർ.ഇ.എം. (നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്) പദ്ധതി മുഖേന 6.89 കോടി രൂപയും അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത വായ്പയുടെ പലിശയിളവിനായി ആകെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പ്രവാസി ഭദ്രത പദ്ധതി മുഖേന പലിശയിളവ് അനുവദിച്ചിട്ടില്ല. എൻ.ഡി.പി.ആർ.ഇ.എം. പദ്ധതി മുഖേന പലിശയിളവിനായി 1.85 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ**

14(2420) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷനോ ലൈസൻസോ ഇല്ലാതെ സംസ്ഥാനത്ത് മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അമിത പലിശ ഈടാക്കി ജനങ്ങളെ പ്രത്യേകിച്ച് സ്ത്രീകളെ ചൂഷണം ചെയ്യുന്ന ഇത്തരം ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**സർഫാസി നിയമം**

15(2421) <u>ശ്രീ. തോമസ് കെ. തോമസ്</u>:
<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>:
<u>ശ്രീ. കെ. പി. മോഹനൻ</u>:
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർഫാസി നിയമം വന്നതിനുശേഷം സാധാരണക്കാർക്ക് സിബിൽ സ്കോർ ലഭിക്കാതെ ലോണുകൾ നേടാനാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ?

സിബിൽ സ്കോർ എന്നത് ഒരു വ്യക്തിയുടെയും സ്ഥാപനത്തിന്റെയും തിരിച്ചടവ് സ്വഭാവവുമായി ബന്ധപ്പെട്ടിരിക്കുന്നു. മുൻകാല വായ്പാ തിരിച്ചടവ്, വായ്പകൾ കിട്ടാക്കടമാകുക എന്നിവ സിബിൽ സ്കോറിനെ ബാധിക്കുന്ന ഘടകങ്ങളാണ്. വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും വായ്പാക്ഷമതയനുസരിച്ചാണ് സിബിൽ സ്കോർ നിർണ്ണയിക്കുന്നത്. വായ്പാതിരിച്ചടവ് മുടങ്ങിയതിലൂടെ സിബിൽ സ്കോറിൽ കുറവുവരികയും എന്നാൽ പിന്നീട് കുടിശ്ശികകളെല്ലാം കൃത്യമായി അടച്ചുതീർത്തിട്ടും സിബിൽ സ്കോറിൽ മാറ്റം വരുന്നില്ലെന്നും തന്മൂലം വായ്പ ലഭ്യമാകുന്നില്ലെന്നുമുള്ള പരാതികൾ സർക്കാരിൽ ലഭിച്ചിട്ടുള്ളതും ആയത് എസ്.എൽ.ബി.സി.

മുഖേന പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. സർഫാസി നിയമത്തിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ കൈക്കൊള്ളുന്ന നിയമ നടപടികൾമൂലം സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ബുദ്ധിമുട്ടുകളും ആശങ്കകളും ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത സ്ഥിതിവിശേഷം സംബന്ധിച്ച് പഠനം നടത്തി ശിപാർശകൾ സമർപ്പിക്കുന്നതിനായി ശ്രീ. എസ്. ശർമ്മ, എം.എൽ.എ. ചെയർമാനായി രൂപീകരിക്കപ്പെട്ട കമ്മിറ്റിയുടെ പഠന റിപ്പോർട്ട് പ്രകാരം സർഫാസി ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ നാളിതുവരെയും ഇക്കാര്യത്തിൽ ഒരു അനുകൂല തീരുമാനവും കേന്ദ്രസർക്കാരിൽനിന്നും ലഭിച്ചിട്ടില്ല.

## സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി

16(2422) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സാമ്പത്തിക പുനരുജ്ജീവന വായ്പാപദ്ധതി പ്രകാരം തൊഴിൽ സംരംഭങ്ങൾക്കുള്ള വായ്പാ പദ്ധതിയിനത്തിൽ എത്ര രൂപയുടെ വായ്പ നാളിതുവരെ അനുവദിച്ചിട്ടുണ്ട്?

കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതിപ്രകാരം കെ.എഫ്.സി. ഒന്നാംഘട്ടത്തിൽ 4770 ലക്ഷം രൂപയും രണ്ടാംഘട്ടത്തിൽ 7752.27 ലക്ഷം രൂപയും വായ്പയായി വിതരണം ചെയ്യുകയുണ്ടായി.

(ബി) എത്ര പുതിയ സംരംഭങ്ങൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട്; എത്ര സംരംഭങ്ങളുടെ പുനരുജ്ജീവനത്തിനായി വായ്പ അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതി പ്രകാരം ഒന്നാംഘട്ടത്തിൽ 1728-ഉം രണ്ടാംഘട്ടത്തിൽ 169-ഉം സംരംഭങ്ങൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട്.

**കിഫ്ബി ഫണ്ടുപയോഗിച്ച് പ്രവൃത്തി നടത്തുന്ന ഏജൻസികൾ**

17(2423) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ഫണ്ടുപയോഗിച്ച് റോഡുകളുടെയും കെട്ടിടങ്ങളുടെയും പ്രവൃത്തികൾ ചെയ്യുന്നതിന് ചുമതലപ്പെടുത്തിയ ഏജൻസികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

കിഫ്ബി ഫണ്ടുപയോഗിച്ച് റോഡുകളുടെയും കെട്ടിടങ്ങളുടെയും പ്രവൃത്തികൾ ചെയ്യുന്നതിന് ബന്ധപ്പെട്ട ഭരണവകുപ്പുകൾ നിയോഗിച്ചിട്ടുള്ള ഏജൻസികളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഇവരിൽ പലർക്കും സ്വന്തമായി എഞ്ചിനീയറിംഗ് സാധന സാമഗ്രികളില്ലാത്തതുകൊണ്ടോ സ്റ്റാഫുകളുടെ എണ്ണത്തിലുള്ള കുറവുകൊണ്ടോ പല പ്രവൃത്തികളും മന്ദഗതിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കിഫ്ബി ഫണ്ടുപയോഗിച്ച് പ്രവൃത്തി ചെയ്യുന്ന ഏജൻസികൾ സമയബന്ധിതമായി പ്രവൃത്തി ചെയ്യുന്നുവെന്നും അവർക്ക് മതിയായ സ്റ്റാഫുണ്ടെന്നും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

കിഫ്ബി മാനദണ്ഡപ്രകാരം കിഫ്ബി മുഖേന നടപ്പാക്കാൻ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ നിർവ്വഹണത്തിനായി ഏജൻസികളെ നിയമിക്കുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പാണ്. പദ്ധതി നിർവ്വഹണത്തിന് ഈ ഏജൻസികൾ പ്രാപ്തരല്ലെങ്കിൽ മാറ്റി നിയോഗിക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട ഭരണ വകുപ്പിന്റേതാണ്. എന്നിരുന്നാലും,

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികളുടെ ഗുണനിലവാരം, നിശ്ചിതസമയക്രമം എന്നിവ ഉറപ്പിക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ പദ്ധതികളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച അവലോകന യോഗങ്ങളും അത്യാധുനിക യന്ത്രസാമഗ്രികൾ ഉപയോഗിച്ചുള്ള പരിശോധനകളും നടത്തിവരുന്നു. കൂടാതെ പദ്ധതികൾക്കാവശ്യമായ സാങ്കേതിക ഉപദേശങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസികളുടെ ആവശ്യാനുസരണം നൽകിവരുന്നു. ഇതോടൊപ്പം കിഫ്ബി എസ്.പി.വി.-കളുടെ പ്രാപ്തി അർദ്ധ വാർഷികാടിസ്ഥാനത്തിൽ വിലയിരുത്തിവരുന്നു. ഈ റാങ്കിംഗിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണത്തിന് പ്രാപ്തരായ ഏജൻസികളെ തെരഞ്ഞെടുക്കാൻ ഭരണവകുപ്പിന് സാധിക്കുന്നു. പദ്ധതി നിർവ്വഹണത്തിന് മതിയായ സ്റ്റാഫുണ്ടെന്ന് ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് കിഫ്ബിയിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+. കിഫ്ബിയുടെ പരിശോധനയിൽ പദ്ധതി നിർവ്വഹണത്തിനാവശ്യമായ ജീവനക്കാരുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടാൽ, നിർവ്വഹണ ഏജൻസികൾക്ക് നൽകിവരുന്ന സെന്റേജ് ചാർജ്ജിൽ കുറവ് വരുത്തുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വൈക്കം നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികളുടെ പുരോഗതി

18(2424) ശ്രീമതി സി. കെ. ആശ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതി പ്രകാരം വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരം പുരോഗതി റിപ്പോർട്ട് സഹിതം ലഭ്യമാക്കുമോ?

വൈക്കം നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ വിവരം നിലവിലെ സ്ഥിതി സഹിതം അനുബന്ധമായി ചേർക്കുന്നു+.

(ബി) നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികളിൽ ഭരണാനുമതി പുതുക്കുന്നതിനായി ഏതെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കോട്ടയം ജില്ലയിലെ മുറിഞ്ഞപുഴയ്ക്കു കുറുകെ ഏറ്റുമാനൂർ - എറണാകുളം റോഡിനെയും കുന്നേരപറമ്പിനെയും ബന്ധിപ്പിക്കുന്ന വളയിൽക്കടവിൽ പാലം, കോട്ടയം ജില്ലയിലെ മൂവാറ്റുപുഴ നദിക്കുകുറുകെയുള്ള അക്കരപ്പാടം പാലത്തിന്റെ നിർമ്മാണം, കോട്ടയം ജില്ലയിൽ മൂവാറ്റുപുഴയാറിന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുറുകെയുള്ള മൂലേക്കടവ് പാലത്തിന്റെ നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് പുതുക്കിയ ധനാനുമതി ആവശ്യപ്പെട്ട് നിർദ്ദിഷ്ട എസ്.പി.വി. ആയ കെ.ആർ.എഫ്.ബി. കിഫ്ബിയിൽ ശിപാർശ സമർപ്പിക്കുകയും ആയതിന് കിഫ്ബിയിൽനിന്നും അംഗീകാരം നൽകിയിട്ടുള്ളതുമാണ്.

(സി) വൈക്കം നിയോജകമണ്ഡലത്തിലെ ചെമ്പ് വാലയിൽ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വിശദീകരിക്കുമോ?

വൈക്കം നിയോജകമണ്ഡലത്തിലെ ചെമ്പ് വാലയിൽ പാലത്തിന്റെ നിർമ്മാണത്തിനായി പുതുക്കിയ ധനാനുമതി ആവശ്യപ്പെട്ട് കെ.ആർ.എഫ്.ബി. കിഫ്ബിയിൽ ശിപാർശ സമർപ്പിക്കുകയും ആയതിന് 20.25 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുള്ളതുമാണ്.

**ഇരിക്കൂറിൽ കിഫ്ബി ഏറ്റെടുത്ത റോഡുകളുടെ പ്രവൃത്തി**

19(2425) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ഏറ്റെടുത്ത ആലക്കോട്-പൂവഞ്ചാൽ-മാവിൻതട്ട്-കാപ്പിമല, മണക്കടവ്-മൂരിക്കടവ്-കാപ്പിമല, ആലക്കോട്-പാത്തൻപാറ-വെള്ളാട്-നൂലിട്ടമല-കനകകുന്ന്

എന്നീ റോഡുകൾ കിഫ്ബി നിലവാരത്തിൽ നിർമ്മാണം നടത്തുന്നത് പ്രായോഗികമല്ലെന്ന കാരണത്താൽ പൊതുമരാമത്ത് വകുപ്പിന് തിരികെ നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ആലക്കോട്-പൂവഞ്ചാൽ-മാവിൻതട്ട്-കാപ്പിമല റോഡ് - പദ്ധതി കിഫ്ബി നിലവാരത്തിൽ നിർമ്മാണം നടത്തുന്നത് പ്രായോഗികമല്ലാത്തതിനാൽ കിഫ്ബി മുഖേന നവീകരിക്കാൻ സാധിക്കില്ലെന്ന് പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിട്ടുണ്ട്. (കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+)

മണക്കടവ്-മൂരിക്കടവ്-കാപ്പിമല-ആലക്കോട് റോഡ് - പദ്ധതിയിലെ മണക്കടവ്-മൂരിക്കടവ്-കാപ്പിമല സ്ട്രെച്ചിൽ ട്രാഫിക് കുറവായതിനാലും കിഫ്ബി നിലവാരത്തിൽ നിർമ്മാണം നടത്തുന്നത് പ്രായോഗികമല്ലാത്തതിനാലും കിഫ്ബി മുഖേന നവീകരിക്കാൻ സാധിക്കില്ലെന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. എന്നാൽ കാപ്പിമല മുതൽ ആലക്കോട് വരെയുള്ള സ്ട്രെച്ചിന്റെ വിശദ പദ്ധതി റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിക്കാൻ പദ്ധതി നിർവ്വഹണ ഏജൻസിയായ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.ആർ.എഫ്.ബി-യെ അറിയിച്ചിട്ടുണ്ട്. (കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+)

ആലക്കോട്-പാത്തൻപാറ-വെള്ളാട്-നൂലിട്ടമല-കനകക്കുന്ന് റോഡ് - ട്രാഫിക് കുറവായതിനാലും കിഫ്ബി നിലവാരത്തിൽ നിർമ്മാണം നടത്തുന്നത് പ്രായോഗികമല്ലാത്തതിനാലും കിഫ്ബി മുഖേന നവീകരിക്കാൻ സാധിക്കില്ലെന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. (കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+)

(ബി) ഉണ്ടെങ്കിൽ ഇവയ്ക്കുപകരം മറ്റ് റോഡുകൾ കിഫ്ബി ഏറ്റെടുക്കുന്നത് പരിഗണിക്കുമോ?

കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ ആകെ തുക 70,000 കോടി രൂപ കഴിഞ്ഞതിനാൽ നിലവിൽ പുതിയ പദ്ധതികളോ പകരം പദ്ധതികളോ പരിഗണിക്കുന്നില്ല.

## കിഫ്ബിയുടെ വരുമാന സ്രോതസ്സ്

20(2426) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീമതി കെ. കെ. രമ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ വരുമാന സ്രോതസ്സ് എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കിഫ്ബിവഴി നടപ്പാക്കുന്ന പദ്ധതികൾക്കുള്ള ചെലവിനും ലോണുകളുടെ തിരിച്ചടവിനുമായി മോട്ടോർ വാഹന നികുതിയുടെ ഒരു വിഹിതവും പെട്രോൾ/ഡീസൽ സെസ് മുഴുവനായും കിഫ്ബിക്ക് നൽകുന്നുണ്ട്. ഇതുകൂടാതെ കിഫ് ആക്ടിലെ വ്യവസ്ഥപ്രകാരം പ്രത്യേക ഗ്രാന്റും നൽകുന്നുണ്ട്. റവന്യൂ ജനറേറ്റിംഗ് പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് അതിൽനിന്നുള്ള തിരിച്ചടവും കിഫ്ബിക്ക് ലഭിക്കും.

(ബി) സിൽവർ ലൈൻ പദ്ധതി നടപ്പാക്കുന്നതിലൂടെ പെട്രോൾ, ഡീസൽ ഉപഭോഗത്തിലും വാഹന നികുതിയിനത്തിലും ക്രമാതീതമായ ഇടിവ് സംഭവിക്കുമോ; വ്യക്തമാക്കുമോ;

(സി) പെട്രോൾ, ഡീസൽ ഉപഭോഗത്തിലും വാഹന നികുതിയിനത്തിലും ഇടിവ് സംഭവിച്ചാൽ അത് കിഫ്ബിയുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമോ എന്ന് അറിയിക്കാമോ;

(ഡി) സംസ്ഥാനം പെട്രോൾ, ഡീസൽ വാഹനങ്ങളിൽനിന്നും

ഇലക്ട്രിക് വാഹനങ്ങളിലേയ്ക്ക് മാറുമ്പോൾ അത് കിഫ്ബിയുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമോ എന്ന് വ്യക്തമാക്കുമോ?

(ബി-ഡി) അടിസ്ഥാന സൗകര്യ പദ്ധതികളുടെ വരവോടെയോ കാർബൺ ഫൂട്ട്പ്രിന്റ് കുറയ്ക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി രൂപപ്പെടാൻ സാദ്ധ്യതയുള്ള ദേശീയ അന്തർദ്ദേശീയ നയങ്ങളുടെ അടിസ്ഥാനത്തിലോ മറ്റ് കാരണങ്ങളാലോ വാഹനനികുതിയുടെ വരുമാനത്തിലോ പെട്രോളിയം ഉത്പന്നങ്ങളുടെ സെസ്സിലോ എന്തെങ്കിലും കുറവ് സംഭവിച്ചാൽ അത്തരത്തിലുണ്ടാകുന്ന വരുമാന വിടവ് സർക്കാർ നികത്താൻ കിഫ് ആക്ട് വിവക്ഷിക്കുന്നുണ്ട്. ഇത്തരത്തിൽ 2021-22 സാമ്പത്തികവർഷം കോവിഡുമൂലമുണ്ടായ വരുമാനക്കുറവ് സർക്കാർ പരിഹരിക്കുകയും മോട്ടോർവാഹന നികുതിയുടെ വിഹിതത്തിനും പെട്രോൾ/ഡീസൽ സെസിനും പുറമേ കിഫ്ബിക്ക് 322 കോടി രൂപ പ്രത്യേക ഗ്രാന്റായി നൽകുകയും ചെയ്തു. അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ ലക്ഷ്യമിട്ടപോലെ പൂർത്തീകരിക്കുന്നതിനും പുതിയ പദ്ധതികൾ നടപ്പാക്കുന്നതിനും കിഫ്ബിയുടെ വരുമാനം പ്രതീക്ഷിത നിലവാരത്തിൽത്തന്നെ നിലനിർത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

## സംസ്ഥാനമെടുക്കുന്ന വായ്പകൾ

21(2427) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനമെടുക്കുന്ന വായ്പകൾക്ക് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്രസർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പാ പരിധി നിശ്ചയിച്ച് നൽകുന്നത്. പ്രസ്തുത വായ്പാ പരിധിക്കുപരിയായി സംസ്ഥാനം അധിക വായ്പയെടുക്കുകയാണെങ്കിൽ ആ തുക തുടർന്നുവരുന്ന വർഷത്തെ വായ്പ പരിധിയിൽ കുറവുവരുത്തുന്നതാണ്. സംസ്ഥാനം വായ്പാ പരിധി പൂർണ്ണമായും ഉപയോഗപ്പെടുത്താത്തപക്ഷം വായ്പയെടുക്കാത്ത തുക തുടർന്നുവരുന്ന വർഷത്തിലെ വായ്പാപരിധിയിൽ ചേർത്ത് വായ്പയെടുക്കുന്നതിന് കേന്ദ്രസർക്കാർ അനുവദിക്കുന്നതാണ്. കോവിഡ്-19 മഹാമാരി സംസ്ഥാന സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചതിന്റെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ വായ്പാപരിധി ജി.എസ്.ഡി.പി.-യുടെ 3 ശതമാനത്തിൽനിന്നും ജി.എസ്.ഡി.പി.-യുടെ 4 ശതമാനമായി

വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ഇതിൽ 3.5 ശതമാനം നിബന്ധനകളില്ലാതെയും 2021-22 വർഷത്തേയ്ക്ക് മൂലധന ചെലവിനത്തിൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള ലക്ഷ്യം കൈവരിക്കണമെന്ന നിബന്ധനയോടെയാണ് 0.50 ശതമാനം വായ്പ അനുവദിച്ചിട്ടുള്ളത്. കൂടാതെ, ഊർജ്ജമേഖലയിൽ വരുത്തേണ്ട പരിഷ്കാരങ്ങൾക്ക വിധേയമായി ജി.എസ്.ഡി.പി.-യുടെ 0.50 ശതമാനം അധിക വായ്പയും 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ സംസ്ഥാനത്തിന് ലഭ്യമാകുന്നതാണ്.

(ബി) സംസ്ഥാനമെടുക്കുന്ന വായ്പകളുടെ പലിശ നിരക്ക്, തിരിച്ചടവ് കാലാവധി, തിരിച്ചടവ് രീതികൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ?

ലിക്വിഡിറ്റി മാനേജ്മെന്റിന്റെ ഭാഗമായി പൊതു വിപണിയിൽനിന്നാണ് പ്രധാനമായും വായ്പയെടുക്കുന്നത്. അത്തരം വായ്പകളുടെ മെച്യൂരിറ്റി പിരീഡ് വിവിധ ഘടകങ്ങൾ പരിഗണിച്ച് ധനവകുപ്പ് തന്നെയാണ് തീരുമാനിക്കുന്നത്. പലിശ നിരക്ക് Market Based Price Discovery സമ്പ്രദായത്തിലൂടെയാണ് നിശ്ചയിക്കുന്നത്. ഇതുകൂടാതെ എൻ.എസ്.എസ്.എഫ്-ൽ നിന്നെടുക്കുന്ന വായ്പകളുടെ തിരിച്ചടവ് കാലാകാലങ്ങളിൽ ഗവൺമെന്റ് ഓഫ് ഇന്ത്യ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമാണ്. ഇതിനെല്ലാമുപരിയായി റിസർവ്

ബാങ്കിൽനിന്നും വെയ്സ് ആൻഡ് മീൻസ് അഡ്വാൻസുകളും സർക്കാർ എടുക്കാറുണ്ട്. ടി മുൻകൂറുകൾ റിസർവ് ബാങ്ക് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിബന്ധനകൾക്ക് വിധേയമാണ്. നബാർഡിൽനിന്നും അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി എടുക്കുന്ന വായ്പയുടെ പലിശ പൊതുവിപണി നിരക്കുകളിലുണ്ടാകുന്ന ഏറ്റക്കുറച്ചിലിനനുസരിച്ച് വ്യത്യാസപ്പെടുന്നതായിരിക്കും. വിവിധ സ്കീമുകൾക്കുള്ള നിലവിലെ പലിശനിരക്ക് ചുവടെ ചേർക്കുന്നു.

| സ്കീം | നിലവിലെ പലിശ നിരക്ക് |
|---|---|
| Rural Infrastructure Development Fund (RIDF) | 2.75% |
| Warehouse Infrastructure Fund (WIF) | 2.75% |
| Food Processing Fund (FPF) | 2.75% |
| Nabard Infrastructure Development Assistance (NIDA) | 9.25% |

നബാർഡിൽനിന്നും കടമെടുക്കുന്ന തുകയ്ക്ക് 2 വർഷത്തെ മൊറട്ടോറിയം കാലയളവുൾപ്പെടെ ആകെ തിരിച്ചടവ് കാലയളവ് കടമെടുത്ത തീയതി മുതൽ 7 വർഷമാണ്. പ്രസ്തുത വായ്പയുടെ മുതൽ (Principal Amount) 2 വർഷത്തെ

സമാശ്വാസ കാലയളവ് കഴിഞ്ഞ് 5 തുല്യവാർഷിക ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതും റിലീസ് ചെയ്യുന്ന ഓരോ തുകയ്ക്കുമുള്ള പലിശ അടുത്ത മാസം 1-ാം തീയതി മുതൽ കണക്കാക്കി 7 വർഷക്കാലയളവിൽ ത്രൈമാസ ഗഡുക്കളായും തിരിച്ചടയ്ക്കേണ്ടതാണ്.

(സി) സംസ്ഥാനം നാളിതുവരെ കിഫ്ബി മുഖേന സമാഹരിച്ചിട്ടുള്ള വായ്പകളുടെയും ധനസഹായങ്ങളുടെയും തുക എത്രയാണെന്ന് വ്യക്തമാക്കുമോ; ഇനം തിരിച്ചുള്ള വിശദാംശം നൽകുമോ;

(ഡി) ഈ വായ്പകളുടെയും ധനസഹായങ്ങളുടെയും തിരിച്ചടവ് വ്യവസ്ഥകൾ എന്തൊക്കെയാണെന്നും പലിശനിരക്കും തിരിച്ചടവ് കാലാവധിയും എത്രയാണെന്നും വ്യക്തമാക്കാമോ?

(സി&ഡി) സംസ്ഥാനം നാളിതുവരെ കിഫ്ബി മുഖേന സമാഹരിച്ചിട്ടുള്ള വായ്പകളുടെയും ധനസഹായങ്ങളുടെയും ഇനം തിരിച്ചുള്ള വിശദാംശങ്ങളും വായ്പാ തിരിച്ചടവ് കാലാവധിയും പലിശനിരക്കുകൾ സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.+

(ഇ) കിഫ്ബി മുഖേന സമാഹരിച്ചിട്ടുള്ള പണത്തിന്റെ പലിശയായി എത്ര തുകയാണ് നാളിതുവരെ തിരിച്ചടച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബി മുഖേന സമാഹരിച്ചിട്ടുള്ള പണത്തിന്റെ പലിശയായി നാളിതുവരെ തിരിച്ചടച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | പലിശയായി തിരിച്ചടച്ച തുക (തുക കോടിയിൽ) |
|---|---|
| 2017-18 | 2.65 |
| 2018-19 | 16.13 |
| 2019-20 | 362.28 |
| 2020-21 | 481.07 |
| 2021-22 (16-03-2022 വരെ) | 572.28 |
| **ആകെ** | **1,434.41** |

**കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

22(2428) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും എന്നാണ് അനുമതി നൽകിയതെന്നും ഇപ്പോൾ അവ ഏതുഘട്ടത്തിലാണെന്നും വിശദമാക്കുമോ?

പ്രസ്തുത പ്രവൃത്തികൾക്ക് അനുമതി നൽകിയ തീയതിയും നിലവിലെ സ്ഥിതിയും അനുബന്ധത്തിലുൾപ്പെടുത്തിയിട്ടുണ്ട്.+

**പുഴാതി, പള്ളിക്കുന്ന് സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ**

23(2429) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഴീക്കോട് നിയോജകമണ്ഡലത്തിലെ പുഴാതി, പള്ളിക്കുന്ന് എന്നീ സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ കിഫ്ബി ഫണ്ട് മുഖാന്തരം ആരംഭിച്ചിട്ടുണ്ടോ; പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതി വിവരങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

അഴീക്കോട് നിയോജകമണ്ഡലത്തിലെ പുഴാതി, പള്ളിക്കുന്ന് എന്നീ സ്കൂളുകളുടെ നിർമ്മാണപ്രവൃത്തികളുടെ നിലവിലെ സ്ഥിതിവിവരങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വൈപ്പിൻ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

24(2430) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളതും നാളിതുവരെ ആരംഭിക്കാത്തതുമായ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളതും നാളിതുവരെ ആരംഭിക്കാത്തതുമായ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പദ്ധതികൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ സാങ്കേതികാനുമതി, ടെൻഡർ, കരാർ നൽകൽ മുതലായവ സമയബന്ധിതമായി പൂർത്തീകരിച്ച് പണി തുടങ്ങുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട ഭരണ വകുപ്പ് ഏൽപ്പിച്ചിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസികൾക്കാണ്. കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സി.ഇ.ഒ.-യുടെ നേതൃത്വത്തിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അവലോകന യോഗം നട<u>ത്തു</u>കയും പദ്ധതി നടത്തിപ്പിനാവശ്യമായ നിർദ്ദേശങ്ങൾ കിഫ്ബിയിൽനിന്ന് നൽകിവരുകയും ചെയ്യുന്നു. ടി നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പ്രവൃത്തികൾ ആരംഭിക്കേണ്ടതിന്റെയും നടപ്പാക്കുന്നതിന്റെയും ചുമതല ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികൾക്കാണ്.

**ശ്രീകണ്ഠാപുരം-ചെമ്പൻതൊട്ടി-നടുവിൽ റോഡ് പദ്ധതി**

25(2431) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന ശ്രീകണ്ഠാപുരം-ചെമ്പൻതൊട്ടി-നടുവിൽ റോഡ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ശ്രീകണ്ഠപുരം-ചെമ്പൻതൊട്ടി-നടുവിൽ റോഡിന് കിഫ്ബിയുടെ പതിനഞ്ചാമത് എക്സിക്യൂട്ടീവ് കമ്മിറ്റി 31.91 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ടി പദ്ധതിയുടെ ടി.എസ്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാവശ്യമായ സർവ്വേ നടപടികൾ പുരോഗമിച്ചുവരികയാണ്. നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി പദ്ധതിയുടെ ടെൻഡർ നടപടികൾ സ്വീകരിക്കേണ്ട ഉത്തരവാദിത്വം ഭരണവകുപ്പ് നിയമിച്ച എസ്.പി.വി. ആയ കെ.ആർ.എഫ്.ബി.-യുടേതാണ്.

**ആലത്തൂരിലെ കിഫ്ബി പദ്ധതികൾ**

26(2432) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്നറിയിക്കുമോ; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദീകരിക്കുമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്+.

## കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

27(2433) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികളേതെല്ലാമാണെന്ന് അറിയിക്കുമോ?

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഇതിൽ ഭരണാനുമതി നൽകിയിട്ടുള്ളതും ഇനി ഭരണാനുമതി നൽകേണ്ടതുമായ പ്രവൃത്തികളേതെല്ലാമെന്ന് വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാലാകാലങ്ങളിലെ ബഡ്ജറ്റ് പ്രഖ്യാപനങ്ങളിൽ കിഫ്ബി മുഖേന നടപ്പാക്കാൻ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളും കിഫ്ബി മുഖേന നടപ്പാക്കുന്നതിന് മന്ത്രിസഭാ യോഗതീരുമാനം കൈക്കൊള്ളുന്നപക്ഷം അത്തരം പദ്ധതികളുമാണ് നിലവിൽ നടപ്പാക്കിവരുന്നത്. ഇതുസംബന്ധിച്ച മാനദണ്ഡങ്ങൾ 24-02-2018-ലെ സ.ഉ. (കൈ) നം. 69/2018/ധന. നമ്പർ ഉത്തരവുപ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരം പദ്ധതികൾ കിഫ്ബി മുഖേന നടപ്പാക്കുന്നതിനായി ഭരണാനുമതി പുറപ്പെടുവിക്കുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പാണ്. ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ എസ്.പി.വി.-കൾ വിശദമായ പദ്ധതി രേഖകൾ കിഫ്ബിയിൽ സമർപ്പിക്കുന്നമുറയ്ക്ക് അവ പരിശോധിച്ചശേഷം കിഫ്ബോർഡിന്റെ അംഗീകാരം ലഭ്യമാക്കി ധനാനുമതി പുറപ്പെടുവിക്കുന്നത് കിഫ്ബിയിൽ നിന്നാണ്. അപ്രകാരം, ഭരണവകുപ്പ് പുറപ്പെടുവിച്ച ഭരണാനുമതിയനുസരിച്ച് കിഫ്ബി ധനാനുമതി നൽകിയ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ പദ്ധതികളാണ് അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയിലുൾപ്പെടുത്തിയിരിക്കുന്നത്.+

## കിഫ്ബി മുഖേന നടത്തിയ പ്രധാന പ്രവർത്തനങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

28(2434) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ കിഫ്ബി മുഖേന നടത്തിയ പ്രധാന പ്രവർത്തനങ്ങളും അതിനായി ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

മുൻസർക്കാർ കിഫ്ബി മുഖേന അനുമതി നൽകിയ പദ്ധതികളും അതിനായി ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) ഈ സർക്കാർ നടത്താനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങളും അതിനായുണ്ടാകാവുന്ന സാമ്പത്തിക ബാദ്ധ്യതകളും സംബന്ധിച്ച വിശദാംശം അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിഫ്ബി മുഖേന അനുമതി നൽകിയ പദ്ധതികളുടെ അംഗീകരിച്ച തുകയുൾപ്പെടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

**ഫണ്ട് അനുവദിച്ച റോഡ് പ്രവൃത്തികൾ**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

29(2435) <u>ശ്രീ. മാത്യു ടി. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽനിന്നും ഫണ്ട് അനുവദിച്ച റോഡ് പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

ചിറ്റൂർ നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽനിന്നും ഫണ്ട് അനുവദിച്ച റോഡ് പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി വിവരങ്ങളും അടങ്കൽ തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത പ്രവൃത്തികളുടെ വിശദാംശം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.+

(സി) പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ?

പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.+

(ഡി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

കിഫ്ബി അംഗീകാരം നൽകിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ട ഉത്തരവാദിത്വം അതത് പദ്ധതി നിർവ്വഹണ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏജൻസികൾക്കാണ്. പദ്ധതികൾ കാലതാമസം കൂടാതെ പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായും എസ്.പി.വി.-കളുമായും നിശ്ചിത ഇടവേളകളിൽ പദ്ധതി അവലോകന യോഗങ്ങൾ നടത്തി എസ്.പി.വി.-കൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങളും സാങ്കേതിക നിർദ്ദേശങ്ങളും നൽകിവരുന്നുണ്ട്.

**ആദിവാസി വിഭാഗത്തിനായി പദ്ധതികൾ**

30(2436) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന ആദിവാസി വിഭാഗത്തിനായി ഇതുവരെ എത്ര രൂപയുടെ ഏതെല്ലാം പദ്ധതികൾ ഓരോ വർഷവും പ്രഖ്യാപിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

2016-17 സാമ്പത്തികവർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളുടെ ആധുനികവൽക്കരണത്തിനായി 150 കോടി രൂപയും മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ ആധുനികവൽക്കരണത്തിനായി 100 കോടി രൂപയും സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് ഫണ്ടിലുൾപ്പെടുത്തി പ്രഖ്യാപിച്ചിരുന്നു.

(ബി) വയനാട്ടിലെ ആദിവാസികൾക്ക് ഏതെല്ലാം പദ്ധതികൾക്ക് എത്ര രൂപവീതം അനുവദിച്ചു; വയനാട്ടിൽ ഏതെല്ലാം പദ്ധതികൾക്ക് എത്ര രൂപവീതം അനുവദിച്ചു; ആദിവാസികൾക്ക് അനുവദിച്ച പദ്ധതികളിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാത്തതുമായ പദ്ധതികൾ പ്രത്യേകം വ്യക്തമാക്കാമോ; ചെലവഴിച്ച തുകയുടെ കണക്ക് നൽകുമോ?

കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും ഉപകാരപ്രദമാകുന്ന രീതിയിൽ അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള പദ്ധതികളാണ് കിഫ്ബി മുഖാന്തരം നടപ്പാക്കിവരുന്നത്. കൂടാതെ ഇടുക്കി, വയനാട് മുതലായ ആദിവാസി ഭൂരിപക്ഷമുള്ള മേഖലയിൽ നടപ്പാക്കിവരുന്ന എല്ലാ പദ്ധതികളും ആ വിഭാഗത്തിന്റെ ഉന്നമനം ലക്ഷ്യമാക്കിയുള്ളതാണ്. വയനാട് ജില്ലയിൽ കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളുടെ നിലവിലെ സ്ഥിതിയുൾപ്പെടെയുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

## തിരൂരങ്ങാടിയിലെ കിഫ്ബി പ്രവൃത്തികൾ

31(2437) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം; എടരിക്കോട് ജി.യു.പി. സ്കൂൾ,

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ലാരി കെട്ടിട നിർമ്മാണം; ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ട് നവീകരണം; ചെട്ടിയാംകിണർ ജി.വി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം; ജി.എം.യു.പി. സ്കൂൾ, വെന്നിയൂർ കെട്ടിട നിർമ്മാണം; ജി.എം.യു.പി. സ്കൂൾ, കക്കാട് കെട്ടിട നിർമ്മാണം; ജി.എം.യു.പി. സ്കൂൾ, കൊടിഞ്ഞി കെട്ടിട നിർമ്മാണം എന്നീ കിഫ്ബി പ്രവൃത്തികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൂർത്തീകരിച്ച നടപടികളും ഇനി പൂർത്തീകരിക്കാനുള്ള നടപടികളും ഇവയുടെ നിർമ്മാണ പുരോഗതിയും പ്രവൃത്തി പൂർത്തീകരിക്കാനാകുന്ന സമയവും വിശദമാക്കുമോ?

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

## വണ്ടൂരിലെ കിഫ്ബി പ്രവൃത്തികൾ

32(2438) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 2016 ജൂൺ മുതൽ നാളിതുവരെ അനുവദിച്ച പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വിശദാംശം വർഷാടിസ്ഥാനത്തിൽ നൽകുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി വണ്ടൂർ നിയോജകമണ്ഡലത്തിൽ ജൂൺ 2016 മുതൽ നാളിതുവരെ അംഗീകരിച്ച പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

പ്രവൃത്തികളുടെ നിലവിലെ സ്ഥിതിവിവരങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്+.

(സി) മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടും ഇതുവരെ ആരംഭിക്കാത്ത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ സാങ്കേതികാനുമതി, ടെൻഡർ, കരാർ നൽകൽ മുതലായവ സമയബന്ധിതമായി പൂർത്തീകരിച്ച് പണി തുടങ്ങുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട ഭരണവകുപ്പ് ഏൽപ്പിച്ചിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസികൾക്കാണ്.

**തീരദേശ ഹൈവേ പദ്ധതി**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

33(2439) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിവഴി നടപ്പാക്കുന്ന തീരദേശ ഹൈവേ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

തീരദേശ ഹൈവേയുടെ 18.8 കിലോമീറ്റർ റോഡിന്റെ നിർമ്മാണം നടന്നുവരുന്നു. കൂടാതെ, 19.1 കിലോമീറ്റർ റോഡിന് സാമ്പത്തികാനുമതി നൽകുകയും ഭൂമി ഏറ്റെടുക്കുന്നതിനായി 35.8 കിലോമീറ്ററിന് സാമ്പത്തികാനുമതി നൽകുകയും ചെയ്തു. നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന്റെ നേതൃത്വത്തിൽ ബാക്കിയുള്ള തീരദേശ ഹൈവേയുടെ വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ അലൈൻമെന്റിന് അംഗീകാരം ലഭ്യമായിട്ടുണ്ടോ?

തീരദേശ ഹൈവേയുടെ അലൈൻമെന്റ് 21-05-2017-ലെ G.O.(Rt). No. 679/2017/PWD പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്.

(സി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ തീരദേശ ഹൈവേ കടന്നുപോകുന്ന പ്രദേശങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ തീരദേശ ഹൈവേയുടെ അലൈൻമെന്റ് ഫോർട്ട് വൈപ്പിൻ-പുതുവൈപ്പ് ബീച്ച് – മത്സ്യഫെഡ് ടൂറിസ്റ്റ് ഓഫീസ് - കടപ്പുറം - അണിയാൽ ബീച്ച് - കുഴുപ്പിള്ളി ബീച്ച് - ചെറായിബീച്ച്-മുനമ്പം എന്നീ സ്ഥലങ്ങളിലൂടെ കടന്നുപോകുന്നു.

(ഡി) നിയോജകമണ്ഡലത്തിൽ തീരദേശ ഹൈവേയ്ക്കായി സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിന്റെ പ്രാരംഭ നടപടിയായ ലാൻഡ് അക്വിസിഷൻ മാപ് തയ്യാറാക്കുന്ന നടപടികൾ നിർവ്വഹണ ഏജൻസി മുഖാന്തരം നടന്നുവരുന്നു. വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഏകദേശം 13.52 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്.

**വാമനപുരം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

34(2440) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ വാമനപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച പദ്ധതികളിൽ

ഇതുവരെ ആരംഭിക്കാൻ കഴിയാത്ത പദ്ധതികളുണ്ടോയെന്ന് വ്യക്തമാക്കുമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളതും നാളിതുവരെ ആരംഭിക്കാത്തതുമായ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) ഉണ്ടെങ്കിൽ എന്തുകൊണ്ടാണിവ ആരംഭിക്കാൻ കഴിയാത്തതെന്ന് വിശദമാക്കുമോ?

കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ സാങ്കേതികാനുമതി, ടെൻഡർ, കരാർ നൽകൽ മുതലായവ സമയബന്ധിതമായി പൂർത്തീകരിച്ച് പണി തുടങ്ങുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട ഭരണവകുപ്പ് ഏൽപ്പിച്ചിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസികൾക്കാണ്.

## തിരൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി പ്രവൃത്തികൾ

35(2441) <u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയ പ്രവൃത്തികളിൽ, ഇതുവരെ ആരംഭിക്കാത്തതും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തിയാക്കാത്തതുമായ പ്രവൃത്തികളേതൊക്കെയാണെന്ന് ഉത്തരവ് നമ്പർ, തീയതി എന്നിവയുൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

തിരൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയ പ്രവൃത്തികളിൽ, ഇതുവരെ ആരംഭിക്കാത്തതും പൂർത്തിയാക്കാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് ഉത്തരവ് നമ്പർ, തീയതി എന്നിവയുൾപ്പെടുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

കരാർ പ്രകാരം പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാകുന്നതു സംബന്ധിച്ച വിശദാംശങ്ങൾ ടി പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കിഫ്ബി അംഗീകാരം നൽകിയ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നത് പരിശോധിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും എന്ത് നടപടികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

കിഫ്ബി അംഗീകാരം നൽകുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ 24-02-2018-ലെ സ.ഉ. (കൈ) നം. 69/2018/ധന. ഉത്തരവുപ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബി പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി ബന്ധപ്പെട്ട എസ്.പി.വി.-കളുമായി നിരന്തരം ചർച്ചകൾ നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതോടൊപ്പം തുടർചർച്ചകളിൽ അവ വിലയിരുത്തി, കിഫ്ബി ഇടപെടലുകൾ ആവശ്യമുള്ളപക്ഷം സർക്കാരുമായി കൂടിയാലോചിച്ച് പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നത് ഉറപ്പാക്കുകയും ചെയ്യുന്നു.

**ഒറ്റപ്പാലത്ത് ഫിലിം സിറ്റി/കൾച്ചറൽ സൊസൈറ്റി**

36(2442) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഒറ്റപ്പാലത്ത് തിയേറ്റർ കോംപ്ലക്സോ ഫിലിം സിറ്റിയോ കൾച്ചറൽ സൊസൈറ്റിയോ നിർമ്മിക്കുന്നതിനായി കിഫ്ബി മുഖേനയോ മറ്റേതെങ്കിലും ഫണ്ടുകൾ മുഖേനയോ തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; വിശദമാക്കുമോ?

2017-18-ലെ ബഡ്ജറ്റ് പ്രസംഗം ഖണ്ഡിക 202-ൽ " ആധുനിക ചലച്ചിത്ര തിയേറ്റർ സമുച്ചയങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ

നിർമ്മിക്കുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് കിഫ്ബിയിൽനിന്നും 100 കോടി രൂപ നിക്ഷേപിക്കും" എന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഒറ്റപ്പാലത്ത് തിയേറ്റർ കോംപ്ലക്സോ ഫിലിം സിറ്റിയോ കൾച്ചറൽ സൊസൈറ്റിയോ നിർമ്മിക്കുന്നതിനായി പദ്ധതി റിപ്പോർട്ടൊന്നുംതന്നെ കിഫ്ബിയിൽ ഫണ്ടിംഗിനായി സമർപ്പിച്ചിട്ടില്ല.

**പാലക്കാട്-പൊള്ളാച്ചി റോഡ് നവീകരണം**

37(2443) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയായ പാലക്കാട് ജില്ലയിലെ പാലക്കാട് - പൊള്ളാച്ചി റോഡ് നവീകരണം ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

കിഫ്ബി പദ്ധതിയായ പാലക്കാട്-പൊള്ളാച്ചി റോഡിന്റെ വിശദപഠന റിപ്പോർട്ട് എസ്.പി.വി. ആയ കേരള റോഡ് ഫണ്ട് ബോർഡ് സാമ്പത്തികാനുമതിക്കായി സമർപ്പിക്കുകയും കിഫ്ബി ഡി.പി.ആർ. വിശദമായി പരിശോധിച്ച് ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട്

സമർപ്പിക്കുകയുമുണ്ടായി. റിപ്പോർട്ടിന് എസ്.പി.വി. തൃപ്തികരമായ മറുപടി നൽകുന്നമുറയ്ക്ക് പദ്ധതിക്ക് സാമ്പത്തികാനുമതി നൽകുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) എത്ര മീറ്റർ വീതിയിലാണ് റോഡ് നവീകരിക്കുന്നതെന്നും പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് ബാക്കിയുള്ളതെന്നും അറിയിക്കുമോ?

23 മീറ്റർ വീതിയിലാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിന് എസ്.പി.വി. മറുപടി നൽകുന്നമുറയ്ക്ക് പദ്ധതിക്ക് സാമ്പത്തികാനുമതി നൽകുന്നതിനുള്ള തുടർനടപടി കിഫ്ബി സ്വീകരിക്കുന്നതാണ്.

**കിഫ്ബി പദ്ധതികൾ**

38(2444) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബിയിലുൾപ്പെടുത്തി ഏതെല്ലാം പദ്ധതി/പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബിവഴി അനുമതി നൽകിയ പദ്ധതികളുടെ തുക, നിലവിലെ സ്ഥിതിയുൾപ്പെടെ ജില്ല തിരിച്ചുള്ള വിശദാംശം എന്നിവ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി തുക എത്രയാണെന്നും പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും പ്രവൃത്തി/ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബിവഴി അനുമതി നൽകിയ പദ്ധതികളുടെ തുക, നിലവിലെ സ്ഥിതിയുൾപ്പെടെ ജില്ല തിരിച്ചുള്ള വിശദാംശം എന്നിവ അനുബന്ധമായി ചേർക്കുന്നു+.

(സി) നിലവിൽ നടന്നുകൊണ്ടിരിക്കുന്ന ഏതെല്ലാം പദ്ധതി/പ്രവൃത്തികൾക്ക് എത്ര രൂപവീതം അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

നാളിതുവരെ കിഫ്ബി അനുമതി നൽകി നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ തുക, നിലവിലെ സ്ഥിതിയുൾപ്പെടെ ജില്ല തിരിച്ചുള്ള വിശദാംശം എന്നിവ അനുബന്ധമായി ചേർക്കുന്നു+.

(ഡി) പൊതുമരാമത്ത് പ്രവൃത്തികളിൽനിന്ന് വ്യത്യസ്തമായി കിഫ്ബി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികൾക്കുള്ള മാനദണ്ഡങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

മൈക്രോസോഫ്റ്റ് പ്രോജക്ട് ഷെഡ്യൂളിംഗ്, BIM/VDC ബെയ്സ്ഡ് പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റം, ഡിസൈൻ റിവ്യു, 21-05-2017 എക്സിക്യൂഷൻ ഡോക്യുമെന്റ് അപ്രൂവൽ, എസ്.പി.വി.-കൾക്കും കരാറുകാർക്കും ട്രെയിനിംഗുകൾ കൂടാതെ എസ്.പി.വി.-കൾക്കുള്ള ഉപദേശക സേവനങ്ങൾ തുടങ്ങിയ സംവിധാനങ്ങൾ കിഫ്ബിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തി സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുന്നതിനുംവേണ്ടി നിർമ്മിച്ചിട്ടുള്ളതാണ്. കിഫ്ബി പദ്ധതികളുടെ മാനദണ്ഡങ്ങൾ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള വിവിധ ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു+.

(ഇ) മാനദണ്ഡങ്ങളുടെയും ചട്ടങ്ങളുടെയും ആധിക്യം കാരണം കിഫ്ബി പ്രവൃത്തികൾ നിർവിഘ്നം തുടരാനും യഥാസമയത്ത് പൂർത്തീകരിക്കാനും കരാറുകാർക്ക് കഴിയുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

കിഫ്ബി പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുന്നതിനും വേണ്ടിയാണ് മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുള്ളത്. ഇത് കരാറുകാരും പദ്ധതി നിർവ്വഹണ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏജൻസികളും കൃത്യമായി പാലിച്ചാൽ ഉദ്ദേശിക്കുന്ന ഗുണഫലങ്ങളോടെ സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കും. മാനദണ്ഡങ്ങളുടെയും ചട്ടങ്ങളുടെയും ആധിക്യംമൂലം പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനാകുന്നില്ലെന്ന ആക്ഷേപം അടിസ്ഥാനമില്ലാത്തതാണ്.

## വെള്ളൂർ-പാടിയോട്ടുചാൽ റോഡ്

39(2445) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ വെള്ളൂർ-പാടിയോട്ടുചാൽ റോഡ് എന്ന പ്രവൃത്തിക്ക് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ കിഫ്ബിയുടെ ധനാനുമതിയുൾപ്പെടെയുള്ള തുടർനടപടികൾ നടക്കാതിരുന്നതെന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

വെള്ളൂർ-പാടിയോട്ടുചാൽ എന്ന പദ്ധതിക്ക് 01-11-2016-ലെ G.O. (Rt) No. 1502/2016/PWD ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ വിശദപഠന റിപ്പോർട്ട് പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിൽനിന്ന് ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ധനാനുമതിക്ക് സമർപ്പിക്കാനാവശ്യമായ നിർദ്ദേശം നൽകുമോ;

വ്യക്തമാക്കുമോ?

സർക്കാർ കിഫ്ബിയിലുൾപ്പെടുത്തി അംഗീകാരം നൽകുന്ന പ്രവൃത്തികളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം സമർപ്പിക്കേണ്ടത് ഭരണ വകുപ്പ് നിയമിച്ച എസ്.പി.വി.-കളാണ്.

**കൊടുവള്ളി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

40(2446) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കൊടുവള്ളി നിയോജകമണ്ഡലത്തിൽ കിഫ്ബിയിലുൾപ്പെടുത്തി നവീകരിക്കാൻ നിശ്ചയിച്ച സ്കൂളുകളുടെ പേര്, അനുവദിച്ച തുക, നിർവ്വഹണ ഏജൻസിയുടെ പേര് എന്നിവ വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കൊടുവള്ളി നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽനിന്നും അനുവദിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) നിയോജകമണ്ഡലത്തിലെ മേൽപ്പറഞ്ഞ വിദ്യാലയങ്ങളിലെ പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി വിശദീകരിക്കുമോ?

ഈ വിദ്യാലയങ്ങളിലെ പ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.+

**മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

41(2447) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ ഏജൻസികളുടെ വിശദവിവരം അറിയിക്കുമോ?

പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ ഏജൻസികളുടെ വിശദവിവരം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.+

(സി) ഓരോ പദ്ധതിയും നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഓരോ പദ്ധതിയുടെയും നിലവിലെ അവസ്ഥ അനുബന്ധത്തിലുൾപ്പെടുത്തിയിട്ടുണ്ട്.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടാമ്പിയിലെ കിഫ്ബി പദ്ധതികൾ

42(2448) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിൽ കിഫ്ബിവഴി നടപ്പാക്കുന്ന പദ്ധതികളേതെല്ലാമാണെന്ന് വിശദമാക്കുമോ?

പട്ടാമ്പി നിയോജകമണ്ഡലത്തിൽ കിഫ്ബിവഴി നടപ്പാക്കുന്നതിനായി അംഗീകരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിവരിക്കുമോ?

പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.+

(സി) പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ അവ എന്താണെന്ന് വിശദമാക്കുമോ?

കിഫ്ബി മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി ബഹുമാനപ്പെട്ട എം.എൽ.എ.-മാർ, ബന്ധപ്പെട്ട എസ്.പി.വി.-കൾ, ഭരണ വകുപ്പ്, സ്ഥാപന മേധാവികൾ എന്നിവരുമായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബിയിൽ നിരന്തരം ചർച്ചകൾ നടന്നുവരുന്നു. ടി ചർച്ചകളിൽ കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട എന്തെങ്കിലും തടസ്സം കിഫ്ബിയുടെ ശ്രദ്ധയിൽപ്പെടുന്നപക്ഷം അവ എത്രയുംവേഗം പരിഹരിച്ച് നിശ്ചിത കാലയളവിൽ പൂർത്തീകരിക്കുന്നതിന് എസ്.പി.വി.-കൾക്ക് നിർദ്ദേശം നൽകുന്നതോടൊപ്പം തുടർചർച്ചകളിൽ അവ വിലയിരുത്തി, കിഫ്ബിയുടെ ഇടപെടലുകൾ ആവശ്യമുള്ളപക്ഷം സർക്കാരുമായി കൂടിയാലോചിച്ച് അനന്തരനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പട്ടാമ്പി നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ നടപ്പാക്കുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**എയ്ഡഡ് വിദ്യാലയങ്ങളിൽ നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾ**

43(2449) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.ഡി.എഫ്., എ.ഡി.എസ്. ഫണ്ടുപയോഗപ്പെടുത്തി എയ്ഡഡ് വിദ്യാലയങ്ങളിൽ ഏതൊക്കെ പദ്ധതികൾ നടപ്പാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ; ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ ലഭ്യമാക്കുമോ?

നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04-08-2018-ലെ സ.ഉ. (അച്ചടി) നം. 119/2018/ധന. [അനുബന്ധം ക്രമനമ്പർ (xi)] പ്രകാരം, എയ്ഡഡ് സ്കൂളൊന്നിന് ഒരു വർഷം 10 ലക്ഷം രൂപയിൽ അധികരിക്കാത്ത എസ്റ്റിമേറ്റ് തുകയുള്ള ടോയ്‌ലെറ്റുകൾ/പാചകപ്പുര എന്നിവ നിർമ്മിക്കുന്നത് അനുവദനീയമാണ്. 18-08-2017-ലെ സ.ഉ. (അച്ചടി) നം. 109/2017/ധന. പ്രകാരം, സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണത്തിനായി ചലഞ്ച് ഫണ്ട് പദ്ധതിക്കായി ആസ്തിവികസന ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ. (അച്ചടി) നം. 161/2017/ധന. അനുബന്ധം 1, ക്രമനമ്പർ 29, 30, 31 എന്നിവ പ്രകാരം സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, സ്മാർട്ട് ക്ലാസ് റൂമുകളുടെ നിർമ്മാണം, ടോയ്‌ലെറ്റുകൾ, ടോയ്‌ലെറ്റുകളോടു ചേർന്ന് സാനിറ്ററി നാപ്കിൻ വെൻഡിംഗ് ഡിസ്പോസൽ മെഷീനുകൾ സ്ഥാപിക്കൽ, പാചകപ്പുരകൾ എന്നിവയുടെ നിർമ്മാണം, കുടിവെള്ളമെത്തിക്കുന്നതിനുള്ള പൈപ്പിടൽ,

ടാങ്ക് നിർമ്മാണം/വാങ്ങൽ, വാട്ടർ പ്യൂരിഫയർ വാങ്ങൽ, വാട്ടർ റീ-ചാർജ്ജിംഗ് സൗകര്യമൊരുക്കൽ, കുഴൽക്കിണർ നിർമ്മിക്കൽ തുടങ്ങിയവ അനുവദനീയമാണ്.

(ബി) പ്രസ്തുത ഫണ്ടുകൾ ഉപയോഗപ്പെടുത്തി ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ഗ്രന്ഥശാലകളിലും കലാ-കായിക മേഖലകളിലും ഏതൊക്കെ പദ്ധതികൾ നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ ലഭ്യമാക്കുമോ?

എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ. (അച്ചടി) നം. 161/2017/ധന. അനുബന്ധം 1, ക്രമനമ്പർ 39 പ്രകാരം, സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അംഗീകാരമുള്ള ലൈബ്രറികൾക്ക് കമ്പ്യൂട്ടറുകൾ, എൽ.സി.ഡി. പ്രൊജക്ടർ, വൈ ഫൈ, മൈക്ക്സെറ്റ് എന്നിവ വാങ്ങാവുന്നതാണ്. കൂടാതെ 27-05-2019-ലെ സ.ഉ. (അച്ചടി) നം. 60/2019/ധന. പ്രകാരം ഗ്രന്ഥശാല സംഘത്തിന്റെ അംഗീകാരമുള്ള വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും എം.എൽ.എ.-യുടെ പ്രത്യേക വികസന നിധിയിൽനിന്നും കെട്ടിട നിർമ്മാണത്തിന് തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി

ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിലെ അനുബന്ധം 1, ക്രമനമ്പർ 6 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ജില്ലാ/സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾക്ക് കലാ സാംസ്കാരിക സംഘടനകൾ എന്നിവയ്ക്ക് കെട്ടിടം പണിയുക, ജിംനാസ്റ്റിക് സെന്ററുകളിൽ സ്പോർട്സ് അസോസിയേഷനുകൾക്ക് കായിക വിദ്യാഭ്യാസ പരിശീലന സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് മൾട്ടി ജിം സൗകര്യമൊരുക്കുക എന്നിവ അനുവദനീയമാണ്.

**ദേവികുളം നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

44(2450) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22-ലെ ആസ്തിവികസന ഫണ്ടിൽനിന്നും ദേവികുളം നിയോജകമണ്ഡലത്തിലെ ആരോഗ്യ മേഖലയുടെ പ്രവർത്തനങ്ങൾക്കായി മാറ്റിവച്ച 4 കോടി രൂപയിൽ പ്രസ്തുത നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

2021-22 സാമ്പത്തിക വർഷത്തിൽ എം.എൽ.എ-മാർക്ക് പ്രതിവർഷം അനുവദിച്ചിട്ടുള്ള 5 കോടി രൂപയിൽനിന്നും 4 കോടി രൂപവീതം കോവിഡ് പ്രതിരോധ പ്രവൃത്തികൾക്കായി

വിനിയോഗിക്കുന്നതിനാണ് തീരുമാനമായിട്ടുള്ളത്. ദേവികുളം നിയോജകമണ്ഡലത്തിലെ ചിത്രപുരം സി.എച്ച്.സി.-യിൽ ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്.

(ബി) മേപ്പടി തുക ഏതെല്ലാം ആരോഗ്യ സ്ഥാപനങ്ങളിലെ ഏതൊക്കെ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രയോജനപ്പെടുത്തി എന്നത് സംബന്ധിച്ച വിശദാംശം നൽകുമോ?

കോവിഡ് പ്രതിരോധ പ്രവൃത്തികൾക്കായി നീക്കിവച്ച നാല് കോടി രൂപയിൽ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി നീക്കിവച്ച തുക വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടി പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകളും നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ നിയോജകമണ്ഡലം തിരിച്ചുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു+.

## ആസ്തി വികസന ഫണ്ടിലെ ടെൻഡർ സേവിംഗ്സ്

45(2451) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അങ്കമാലി നിയോജകമണ്ഡലത്തിൽ 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ ആസ്തി വികസന ഫണ്ടിൽ ടെൻഡർ സേവിംഗ്സ് ഇനത്തിൽ എത്ര രൂപ ബാക്കിയുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ?

നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ടെൻഡർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതൽ മാത്രമാണ് പ്രാബല്യമുള്ളത്. അങ്കമാലി നിയോജകമണ്ഡലത്തിലെ 2017-18 മുതൽ 2020-21 വരെയുള്ള കാലയളവിൽ ആസ്തിവികസന ഫണ്ടിലെ ടെൻഡർ സേവിംഗ്സ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| **വർഷം** | **തുക** |
|---|---|
| 2017-18 | 30,06,586/- |
| 2018-19 | 28,18,520.70/- |
| 2019-20 | 26,61,761.40/- |
| 2020-21 | 8,70,002.33/- |

## ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ

46(2452) <u>ശ്രീ. രമേശ് ചെന്നിത്തല:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതികളുടെ ഭരണാനുമതിയുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലാ

കളക്ടറേറ്റിൽനിന്നും അയച്ചിട്ടുള്ള ഏതെല്ലാം ഫയലുകളാണ് ധനകാര്യ വകുപ്പിന്റെ നോഡൽ സെന്റർ (ബി) വിഭാഗത്തിൽ തീർപ്പുകൽപ്പിക്കാനുള്ളത്; അറിയിക്കുമോ?

ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ആസ്തിവികസന പദ്ധതികളുടെ ഭരണാനുമതിയുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലാ കളക്ടറേറ്റിൽനിന്നും അയച്ചിട്ടുള്ള ഫയലുകളൊന്നും നിലവിൽ ധനകാര്യ നോഡൽ സെന്റർ (ബി) വിഭാഗത്തിൽ തീർപ്പുകൽപ്പിക്കാനില്ല.

(ബി) പ്രസ്തുത ഫയലുകൾ ധനകാര്യ വകുപ്പിൽ ലഭിച്ച തീയതിയും ഫയൽ പ്രോസസ്സിംഗ് നടത്തിയ തീയതിയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഫയലുകൾ അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി&സി) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ആസ്തിവികസന പദ്ധതികളുടെ ഭരണാനുമതിയുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലാ കളക്ടറേറ്റിൽനിന്നും 3 ഫയലുകളാണ് ധനകാര്യ വകുപ്പിന്റെ നോഡൽ സെന്റർ (ബി) വിഭാഗത്തിൽ ലഭിച്ചിരുന്നത്. 21-12-2021-ൽ ലഭിച്ച 8170 നമ്പർ പോർട്ടൽ ഫയൽ 11-01-2022-ൽ ഇ-ഓഫീസിൽ പ്രോസസ്സ്

ചെയ്യുകയും 02-02-2022-ൽ ലഭിച്ച 3157, 4530 നമ്പർ പോർട്ടൽ ഫയലുകൾ 10-02-2022-ൽ ഇ-ഓഫീസിൽ പ്രോസസ്സ് ചെയ്യുകയും ടി ഫയലുകളിലെ ഉത്തരവിൻപ്രകാരമുള്ള മറുപടി ആലപ്പുഴ ജില്ലാ കളക്ടർക്ക് നൽകിയിട്ടുമുണ്ട്. ആലപ്പുഴ ജില്ലാ കളക്ടർക്ക് നൽകിയ മറുപടിയുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+.

## ആസ്തിവികസന പദ്ധതിയിലെയും എസ്.ഡി.എഫ്.-ലെയും പ്രവൃത്തികൾക്ക് ഓൺലൈൻ സംവിധാനം

47(2453) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആസ്തിവികസന പദ്ധതിയിലെയും എസ്.ഡി.എഫ്.-ലെയും പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചതുമുതൽ പ്രവൃത്തികൾ ഏത് ഘട്ടംവരെയെത്തി എന്നത് സംബന്ധിച്ച വിശദാംശം ഓരോ നിയമസഭാ സാമാജികർക്കും ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആസ്തിവികസന പദ്ധതികൾ, എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധി പദ്ധതികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിപുലമായൊരു ഇ-നിയമസഭാ പോർട്ടൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ ആസ്തിവികസന ഫണ്ട്**

48(2454) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ ആസ്തിവികസന ഫണ്ടിൽനിന്നും 2021-22 സാമ്പത്തിക വർഷം ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി മാറ്റിവച്ച 4 കോടി രൂപയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ?

2021-22 സാമ്പത്തിക വർഷം ഓരോ എം.എൽ.എ.-മാർക്കും പ്രതിവർഷം അനുവദിച്ചിട്ടുള്ള 5 കോടി രൂപയിൽനിന്നും 4 കോടി രൂപവീതം കോവിഡ് പ്രതിരോധ പ്രവൃത്തികൾക്കായി വിനിയോഗിക്കുന്നതിനാണ് തീരുമാനമായിട്ടുള്ളത്. ഉടുമ്പൻചോല

നിയോജകമണ്ഡലത്തിലെ വണ്ടൻമേട് സി.എച്ച്.സി.-യിൽ ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്.

(ബി) ഈ തുക ഏതൊക്കെ ആരോഗ്യസ്ഥാപനങ്ങളിലെ എന്തൊക്കെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രയോജനപ്പെടുത്തി എന്നതുസംബന്ധിച്ച വിശദാംശം അറിയിക്കുമോ?

കോവിഡ് പ്രതിരോധ പ്രവൃത്തികൾക്കായി നീക്കിവച്ച നാലുകോടി രൂപയിൽ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി നീക്കിവച്ച തുക വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടി പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകളും നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ നിയോജകമണ്ഡലം തിരിച്ചുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു+.

## വൈപ്പിൻ നിയോജകമണ്ഡലത്തിൽ പ്രത്യേക വികസനനിധിയിൽ വിനിയോഗിക്കാതെ കിടക്കുന്ന തുക

49(2455) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ 2016 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രത്യേക വികസന നിധിയിൽ വിനിയോഗിക്കാതെ കിടക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ?

| Year | Expense | Balance | Excess Amount |
|---|---|---|---|
| 2016 - 2017 | 61,15,928 | 38,84,072 | - |
| 2017 -2018 | 65,69,232 | 34,30,768 | - |
| 2018-2019 | 67,86,744 | 32,13,256 | - |
| 2019-2020 | 91,14,680 | 8,85,320 | - |
| 2020-2021 | 1,45,57,122 | - | 45,57,122 |

(ബി) പ്രസ്തുത തുക വിനിയോഗിക്കുന്നതിനായി സർക്കാരിന്റെ പ്രത്യേകാനുമതി ആവശ്യമുണ്ടോ?

ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിന്റെ 12-12-2018-ലെ സ.ഉ. (അച്ചടി) നം. 194/2018/ധന. ഉത്തരവിലെ നിർദ്ദേശം 2 പ്രകാരം, ഒരു സാമ്പത്തികവർഷം ഒരു നിയോജകമണ്ഡലത്തിന് അനുവദിക്കുന്ന തുകയ്ക്കുള്ള പ്രവൃത്തികളുടെ ഭരണാനുമതി തൊട്ടടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ പുറപ്പെടുവിക്കേണ്ടതാണ്. ആയതിനാൽ അപ്രകാരം വിനിയോഗിക്കാത്ത തുക വിനിയോഗിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ പ്രത്യേകാനുമതി ആവശ്യമാണ്.

(സി) ഉണ്ടെങ്കിൽ പ്രത്യേകാനുമതി ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടിയെന്തെന്ന് വിശദമാക്കുമോ?

എം.എൽ.എ.-മാർ നൽകുന്ന അപേക്ഷ പ്രകാരമാണ് പ്രത്യേകാനുമതി നൽകിവരുന്നത്. പ്രത്യേക വികസനനിധിയിൽ കാലാവധി കഴിഞ്ഞ തുക വിനിയോഗിക്കുന്നതിന് പ്രത്യേക അനുമതിക്കായുള്ള ശിപാർശകളൊന്നും ലഭിച്ചിട്ടില്ല.

**ആസ്തിവികസന ഫണ്ടിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ**

50(2456) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആസ്തിവികസന ഫണ്ടിലുൾപ്പെടുത്തി നിയമസഭാ മണ്ഡലങ്ങളിൽ നടപ്പാക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

ആസ്തിവികസന ഫണ്ടിലുൾപ്പെടുത്തി നിയമസഭാ മണ്ഡലങ്ങളിൽ നടപ്പാക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ 04-08-2018-ലെ സ.ഉ. (അച്ചടി) നം. 119/2018/ധന. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. എം.എൽ.എ.-മാർ സമർപ്പിക്കുന്ന ശിപാർശകളിൽ പരമാവധി 7 പ്രവൃത്തി

ദിവസങ്ങൾക്കുള്ളിൽത്തന്നെ ജില്ലാ കളക്ടർമാർ നടപടി സ്വീകരിക്കേണ്ടതും ആവശ്യമായ പദ്ധതി രേഖകൾ (ഡി.പി.ആർ.) തയ്യാറാക്കുന്നതിനായി ആയത് അധികാരപ്പെട്ട ഉദ്യോഗസ്ഥന് അയയ്ക്കേണ്ടതുമാണ്. ശിപാർശ ചെയ്ത പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, അവ കെട്ടിടം, പാലം എന്നിവയുടെ നിർമ്മാണമാണെങ്കിൽ രണ്ടുമാസത്തിനകവും മറ്റ് പ്രവൃത്തികളാണെങ്കിൽ ഒരു മാസത്തിനകവും ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാർ/എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർ അവരവരുടെ ഡെലിഗേഷനനുസരിച്ച് തയ്യാറാക്കേണ്ടതാണ്. മാനദണ്ഡങ്ങൾക്ക് വിധേയമായി, എല്ലാ അനുബന്ധ രേഖകളും സഹിതം കളക്ടർമാർക്ക് ലഭ്യമാകുന്ന ശിപാർശകൾക്ക് ഒരാഴ്ചയ്ക്കകം ഭരണാനുമതി നൽകേണ്ടതും ആയതിന്റെ പകർപ്പ് ബന്ധപ്പെട്ട എം.എൽ.എ.-മാർക്ക് നൽകേണ്ടതുമാണ്. ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് അടുത്ത 14 ദിവസത്തിനുള്ളിൽത്തന്നെ സാങ്കേതികാനുമതി നൽകേണ്ടതാണ്. പ്രവൃത്തികളുടെ സിവിൽ, ഇലക്ട്രിക്കൽ ഘടകങ്ങൾക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ഒരുമിച്ച് നൽകേണ്ടതാണ്. ഇ-ടെൻഡർ നടപടികൾ ഒരു മാസത്തിനകം പൂർത്തീകരിച്ച് പ്രവൃത്തികൾ കാലതാമസംവിനാ പൂർത്തീകരിക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം

ബഹുമാനപ്പെട്ട എം.എൽ.എ.-മാരെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. 09-09-2021-ലെ സ.ഉ. (അച്ചടി) നം. 124/2021/ധന. പ്രകാരം, സിവിൽ വർക്കുകൾക്ക് ഭരണാനുമതി സാധുത കാലയളവ് 3 വർഷമാണ്. ഭരണാനുമതി പുറപ്പെടുവിക്കുന്ന പ്രവൃത്തികളുടെ നടപടിക്രമങ്ങൾ ഭരണാനുമതി പുറപ്പെടുവിച്ച തീയതി മുതൽ 3 വർഷത്തിനകം ആരംഭിച്ചില്ലെങ്കിൽ ആയവയ്ക്കായി പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണ്. പ്രവൃത്തികൾക്കുള്ള ശിപാർശകൾ സമയബന്ധിതമായി സമർപ്പിക്കാത്ത എം.എൽ.എ.-മാർക്ക് പ്രസ്തുത വിവരം ശ്രദ്ധയിൽപ്പെടുത്തുന്നതിനായി കത്തയയ്ക്കേണ്ടതാണ് തുടങ്ങിയ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## സ്വയംഭരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആസ്തിവികസന ഫണ്ട് അനുവദിക്കൽ

51(2458) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ നിയന്ത്രണത്തിലുള്ള ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. സെന്റർ തുടങ്ങിയ സ്വയംഭരണ വിദ്യാഭ്യാസ

സ്ഥാപനങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ എം.എൽ.എ. നിയോജകമണ്ഡല ആസ്തിവികസന ഫണ്ടുപയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. സെന്റർ തുടങ്ങിയ സ്വയംഭരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കീഴിൽവരുന്ന പ്രവൃത്തികൾ നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ല. സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ളതും ദീർഘകാലം നിലനിൽക്കുന്നതുമായ ആസ്തികൾ സൃഷ്ടിക്കുന്നതിനായിട്ടാണ് നിയോജകമണ്ഡല ആസ്തിവികസന ഫണ്ട് വിനിയോഗിച്ചുവരുന്നത്.

(ബി) ഇതുസംബന്ധിച്ച് ആവശ്യം ഉന്നയിച്ചുനൽകിയ കത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും പ്രസ്തുത ഫയൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച് ശിപാർശകളൊന്നും നിലവിൽ ലഭ്യമായിട്ടില്ല.

## ആസ്തിവികസന ഫണ്ടിലെ ടെൻഡർ സേവിംഗ്സ്

52(2459) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന ഫണ്ടുപയോഗിച്ച് നിയോജകമണ്ഡലങ്ങളിൽ ജനപ്രതിനിധികൾ നൽകുന്ന പ്രവൃത്തികളുടെ ടെൻഡർ സേവിംഗ്സ് ഉപയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഓരോ വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെൻഡർ അംഗീകരിച്ച് കഴിഞ്ഞിട്ടുണ്ടാകുന്ന ടെൻഡർ എക്സസ്/ടെൻഡർ സേവിംഗ്സ് ആ വർഷത്തെ പരമാവധി അഞ്ചുകോടി രൂപയിൽ കണക്കാക്കി കൂടുതൽ/കുറവുവരുന്ന തുക അടുത്തവർഷം അനുവദിച്ചിരിക്കുന്ന 5 കോടി രൂപയിൽ തട്ടിക്കിഴിക്കേണ്ടതാണ്. ആയതിനായി ഒരു സാമ്പത്തികവർഷം അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും ടെൻഡർ എക്സസ്/ടെൻഡർ സേവിംഗ്സ് ഒരുമിച്ച് പരിഗണിക്കേണ്ടതാണ്. ഇപ്രകാരം ടെൻഡർ എക്സസ്/ ടെൻഡർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം മുതൽ പ്രാബല്യമുണ്ട്.

(ബി) ടെൻഡർ സേവിംഗ്സ് ഉപയോഗാനുമതി ഏതുവർഷം മുതലുള്ള സേവിംഗ്സിനാണ് നൽകിയിട്ടുള്ളതെന്നും ഏറനാട് നിയോജകമണ്ഡലത്തിൽ ടെൻഡർ സേവിംഗ്സ് ഉപയോഗിച്ച് പുതിയ പ്രൊപ്പോസൽ നൽകാൻ കഴിയുന്നതരത്തിൽ ഇതുവരെയുള്ള ടെൻഡർ സേവിംഗ്സ് എത്രയുണ്ടെന്നും വർഷം തിരിച്ചുള്ള വിശദാംശം

വെളിപ്പെടുത്തുമോ?

ടെൻഡർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതൽ പ്രാബല്യമുണ്ട്. ഏറനാട് നിയോജകമണ്ഡലത്തിലെ ടെൻഡർ സേവിംഗ്സ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2017-18 | 5,51,939 |
| 2018-19 | 27,36,348 |
| 2019-20 | 4,69,694 |
| 2020-21 | 3,13,970 |

**ആസ്തിവികസന പദ്ധതി ടെൻഡർ സേവിംഗ്സ് തുക**

53(2460) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന പദ്ധതിപ്രകാരം ഇതുവരെ പൂർത്തിയാക്കിയിട്ടുള്ള ഓരോ പ്രവൃത്തിയിലും ടെൻഡർ സേവിംഗ്സായി എത്ര തുകയാണുള്ളതെന്ന് അറിയിക്കുമോ?

04-08-2018-ലെ സ.ഉ. (അച്ചടി) നമ്പർ 119/2018/ധന. പ്രകാരം 2017-18 സാമ്പത്തികവർഷം മുതലാണ് ടെൻഡർ സേവിംഗ്സിന് പ്രാബല്യമുള്ളത്. ആയതിനാൽ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ 2017-18 സാമ്പത്തികവർഷം മുതൽ എം.എൽ.എ. ആസ്തിവികസന പദ്ധതിപ്രകാരം ഇതുവരെ പൂർത്തിയായിട്ടുള്ള ഓരോ പ്രവൃത്തിയിലുമുള്ള ടെൻഡർ സേവിംഗ്സ് തുക നിർവ്വഹണ ഉദ്യോഗസ്ഥർ ലഭ്യമാക്കിയത് അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ആസ്തിവികസന ഫണ്ടിലെ ടെൻഡർ സേവിംഗ്സ് തുകയുപയോഗിച്ച് പുതുതായി എത്ര തുകയുടെ പ്രവൃത്തികൾ നിർവ്വഹിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

04-08-2018-ലെ സ.ഉ. (അച്ചടി) നമ്പർ 119/2018/ധന. പ്രകാരം ഓരോ വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെൻഡർ അംഗീകരിച്ച് കഴിഞ്ഞിട്ടുണ്ടാകുന്ന ടെൻഡർ എക്സസ്/ടെൻഡർ സേവിംഗ്സ് ആ വർഷത്തെ പരമാവധി അഞ്ചുകോടി രൂപയിൽ കണക്കാക്കി കൂടുതൽ/കുറവ് വരുന്ന തുക അടുത്തവർഷം അനുവദിച്ചിരിക്കുന്ന 5 കോടി രൂപയിൽ തട്ടിക്കിഴിക്കേണ്ടതാണ്. ആയതിനായി ഒരു സാമ്പത്തികവർഷം അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും ടെൻഡർ എക്സസ്/ടെൻഡർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സേവിംഗ്സ് ഒരുമിച്ച് പരിഗണിക്കേണ്ടതാണ്. ഇപ്രകാരം ടെൻഡർ എക്സസ്/ടെൻഡർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതൽ പ്രാബല്യമുണ്ട്. അതായത് നിയോജകമണ്ഡല ആസ്തിവികസന പദ്ധതി 2017-18-നുകീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെൻഡർ എക്സസ്/ടെൻഡർ സേവിംഗ്സ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2018-19-നുകീഴിൽ പരിഗണിക്കാവുന്നതാണ്. മാത്രമല്ല, ഒരു സാമ്പത്തിക വർഷത്തെ ടെൻഡർ സേവിംഗ്സ് അടുത്ത സാമ്പത്തിക വർഷത്തിൽ പരിഗണിക്കുമ്പോൾ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 ആയിത്തന്നെ നിജപ്പെടുത്തേണ്ടതുമാണ്.

**കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചെലവായ തുക**

54(2461) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ വെട്ടിച്ചുരുക്കിയ 2021-22 വർഷത്തെ എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടുപയോഗിച്ച് സംസ്ഥാനത്ത് നടത്തിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചെലവായ തുകയുടെ ജില്ലതിരിച്ചുള്ള കണക്ക് വിശദമാക്കുമോ?

2021-22 സാമ്പത്തികവർഷത്തിൽ ഓരോ എം.എൽ.എ.-മാർക്കും പ്രതിവർഷം അനുവദിച്ചിട്ടുള്ള 5 കോടി രൂപയിൽനിന്നും 4 കോടി രൂപവീതം കോവിഡ് പ്രതിരോധ പ്രവൃത്തികൾക്കായി വിനിയോഗിക്കുന്നതിനാണ് തീരുമാനമായിട്ടുള്ളത്. നീക്കിവച്ച തുക ചെലവഴിക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

**ആസ്തിവികസന ഫണ്ടിൽനിന്നും ബസ് വാങ്ങുന്നതിന് അനുമതി**

55(2462) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ തിനൂർ എൽ.പി. സ്കൂളിനും മുള്ളമ്പത്ത് എൽ.പി. സ്കൂളിനും എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും ബസ് വാങ്ങുന്നതിന് പ്രത്യേകാനുമതി ലഭ്യമാക്കുന്നതിന് നൽകിയ അപേക്ഷയിന്മേൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ബസ് വാങ്ങുന്നതിന് പ്രത്യേകാനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) നാദാപുരം നിയോജകമണ്ഡലത്തിലെ തിനൂർ എൽ.പി. സ്കൂളിന് വാഹനം വാങ്ങുന്നതിന് 2019-20 സാമ്പത്തികവർഷത്തെ

എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നതായും പ്രസ്തുത തുക വാഹനം വാങ്ങുന്നതിന് മതിയാകാത്തതിനാൽ 2018-19 സാമ്പത്തിക വർഷത്തെ ടെൻഡർ സേവിംഗ്സിൽനിന്ന് 6 ലക്ഷം രൂപകൂടി അനുവദിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതിനാണ് ജില്ലാ കളക്ടർക്ക് ശിപാർശ ലഭിച്ചിട്ടുള്ളത്. പ്രസ്തുത കത്തും ജില്ലാ കളക്ടറിൽനിന്ന് ലഭ്യമാക്കിയ റിപ്പോർട്ടും പരിശോധിച്ചതിൽ 2018-19 സാമ്പത്തിക വർഷത്തെ മുഴുവൻ പ്രവൃത്തികളും പൂർത്തിയായിട്ടില്ലെന്ന് കാണുന്നു. എല്ലാ പ്രവൃത്തികളും പൂർത്തിയായാൽ മാത്രമേ ടെൻഡർ സേവിംഗ്സുണ്ടോയെന്ന് അറിയാൻ കഴിയുകയുള്ളൂ. ടെൻഡർ സേവിംഗ്സിന്റെ വിവരം ജില്ലാ കളക്ടറിൽനിന്ന് ലഭിക്കുന്നമുറയ്ക്ക് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ശിപാർശയിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണ്. എന്നാൽ മുള്ളമ്പത്ത് എൽ.പി. സ്കൂളിന് എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും ബസ് വാങ്ങുന്നതിന് ശിപാർശ ലഭിച്ചിട്ടില്ല.

## സമ്പൂർണ്ണ തെരുവ് വിളക്ക് പദ്ധതി

56(2463) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ 2018-19, 2019-20 വർഷത്തെ നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തിയ എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ സമ്പൂർണ്ണ തെരുവ് വിളക്ക് പദ്ധതിയുടെ പ്രവൃത്തി നാളിതുവരെ തുടങ്ങാൻ കഴിഞ്ഞിട്ടില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസമുണ്ടായതിനുള്ള കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നുതുടങ്ങാൻ കഴിയുമെന്ന് വിശദീകരിക്കുമോ?

(എ&ബി) നെന്മാറ നിയോജകമണ്ഡലത്തിലെ 2018-19, 2019-20 വർഷത്തെ നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തിയ എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ സമ്പൂർണ്ണ തെരുവ് വിളക്ക് പദ്ധതിയുടെ പ്രവൃത്തി നാളിതുവരെ തുടങ്ങാൻ കഴിഞ്ഞിട്ടില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി പ്രവൃത്തി നടപ്പാക്കുന്നതിന് പാലക്കാട് ജില്ലാ കളക്ടറുടെ 18-02-2019-ലെ ആർ.ഡി.5/എ.ഡി.എസ്./3546/2018(9), 04-04-2020-ലെ ആർ.ഡി.5/ 3189/2019(1), 14-08-2020-ലെ ആർ.ഡി.3189/2019 എന്നീ നടപടിക്രമങ്ങൾ പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. തുടർന്ന് ടി പ്രവൃത്തിക്ക് മുൻകൂറായി തുക

അനുവദിക്കുന്നതിന് പ്രത്യേകാനുമതി നൽകുന്നതിനായി പാലക്കാട് ജില്ലാ കളക്ടറിൽനിന്നും ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ 24-09-2020-ലെ സ.ഉ. (സാധാ) നം. 5486/2020/ധന., 18-02-2021-ലെ സ.ഉ. (സാധാ) നം. 1483/2021/ധന. എന്നിവ പ്രകാരം ധനകാര്യ വകുപ്പിൽനിന്ന് പ്രത്യേകാനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. തുടർന്ന് പാലക്കാട് ജില്ലാ കളക്ടർ 13-01-2022-ലെ ഉത്തരവ് നമ്പർ ആർ.ഡി. 6/3189/2019(1), ആർ.ഡി. 6/3546/2018(9) എന്നിവപ്രകാരം പുതുക്കിയ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും മുൻകൂർ ഫണ്ട് അനുവദിക്കുന്നതിന് നാളിതുവരെ ആവശ്യപ്പെട്ടിട്ടില്ല. ടി ആവശ്യത്തിനായി ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് പ്രസ്തുത പ്രവൃത്തിക്ക് ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## സംസ്ഥാന ധനസ്ഥിതിയും കടമെടുപ്പ് പരിധിയും

57(2464) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനസ്ഥിതിയെ സംബന്ധിച്ച ഏറ്റവും ഒടുവിലത്തെ വിശദാംശം വെളിപ്പെടുത്താമോ; ഇത് മുൻവർഷത്തേക്കാൾ മോശമായ അവസ്ഥയിലാണോ; എങ്കിൽ കാരണം വിശദമാക്കുമോ?

നടപ്പ് സാമ്പത്തിക വർഷത്തെ (2021-2022) പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം ആകെ റവന്യൂ വരുമാനം 117888.16 കോടി രൂപയും ആകെ ചെലവ് 164800.19 കോടി രൂപയും റവന്യൂ കമ്മി, ധനകമ്മി യഥാക്രമം 23176.05 കോടി രൂപയും 37656.48 കോടി രൂപയുമാണ്. മുൻവർഷം RD/GSDP അനുപാതം 2.51 ശതമാനമായിരുന്നത് ശമ്പള/പെൻഷൻ പരിഷ്കരണം നടപ്പാക്കിയ നടപ്പുവർഷം ചെറിയതോതിൽ വർദ്ധിച്ച് 2.57 ശതമാനമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതേസമയം FD/GSDP അനുപാതം മുൻവർഷത്തെ 4.40 ശതമാനത്തിൽനിന്നും 4.17 ശതമാനമായി കുറയുമെന്നും പ്രതീക്ഷിക്കുന്നു.

(ബി) നടപ്പുവർഷം കേന്ദ്രം അനുവദിച്ച കടമെടുക്കാനുള്ള പരിധി എത്രയാണ്; കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും മൊത്തം വാങ്ങിയ വായ്പകളിൽ എത്ര ശതമാനം തുക മൂലധന നിക്ഷേപത്തിനായിമാത്രം ഉപയോഗിക്കുകയുണ്ടായി; പ്രത്യുത്പാദനപരമല്ലാത്ത ആവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ടിവന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

15-ാം ധനകാര്യ കമ്മീഷൻ ശിപാർശയനുസരിച്ച് 2021-22 വർഷത്തേയ്ക്ക് കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ച് നിൽകിയിട്ടുള്ള

കടമെടുപ്പ് പരിധി ജി.എസ്.ഡി.പി.-യുടെ (9,02,166 കോടി) 4% (36,087 കോടി) ആണ്. ഇതിനുപുറമേ, ഊർജ്ജ മേഖലയിലെ പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിന് വിധേയമായി 0.50% അധിക വായ്പ സംസ്ഥാനത്തിന് ലഭ്യമാക്കുന്നതാണ്. വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിതനിധിയിൽ മറ്റ് വരുമാനങ്ങൾകൂടി ഉൾപ്പെടുമെന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്രവീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാകില്ല.

**ധനകാര്യ വകുപ്പിൽനിന്നും നോഡൽ ഓഫീസർ**

58(2465) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2009-നുശേഷം ധനകാര്യ വകുപ്പിൽനിന്നും നോഡൽ ഓഫീസർമാരായി ജോലി ചെയ്യുന്ന എത്ര പേരുണ്ട്; വിശദമാക്കുമോ?

ധനകാര്യ വകുപ്പിൽ നിലവിൽ ലഭ്യമായ രേഖകളുടെ/വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2009-നുശേഷം ധനകാര്യ വകുപ്പിൽനിന്നും വകുപ്പിലെ ചുമതലകൾക്കുപുറമേ വിവിധ ചുമതലകൾക്കായി നോഡൽ

ഓഫീസർമാരായി നിലവിൽ ജോലി ചെയ്യുന്ന 25 പേരുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) പ്രസ്തുത ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർമാരായി നിയമിച്ചതിന്റെ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) നോഡൽ ഓഫീസർമാർക്ക് ഏതെങ്കിലും തരത്തിലുള്ള അലവൻസുകൾ നൽകുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

നോഡൽ ഓഫീസറായി നിയമിതരായ ജീവനക്കാർക്ക് അലവൻസുകളൊന്നും നൽകുന്നില്ല.

## മെഡിസെപ് ഇൻഷ്വറൻസ് പദ്ധതി

59(2466) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കും നടപ്പാക്കുന്ന മെഡിസെപ് ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം നൽകുമോ; ചികിത്സാ ചെലവിന്റെ പരിധി നിശ്ചയിച്ചിട്ടുണ്ടോ?

സർക്കാർ നിയമിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി ശിപാർശ ചെയ്ത പരിഷ്കരിച്ച ചികിത്സാ പദ്ധതികളും അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെയും അടിസ്ഥാനത്തിലുള്ള നിബന്ധനകളും ഉൾപ്പെടുത്തി പരിഷ്കരിച്ച Request For Proposal (RFP) 22-01-2021-ൽ പ്രസിദ്ധീകരിച്ച് റീ-ടെൻഡർ നടപടി ആരംഭിച്ചിരുന്നു. കേരള ഹൈക്കോടതിയിലേത് ഉൾപ്പെടെ കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിൻകീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐശ്ചികാടിസ്ഥാനത്തിലും പദ്ധതിയുടെ

ഗുണഭോക്താക്കളായിരിക്കും. കൂടാതെ സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവ്വകലാശാലകളിലേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാർ/പെൻഷൻകാർ/കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാന്മാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/കുടുംബ പെൻഷൻകാർ എന്നിവരും ഇവരുടെ ആശ്രിതരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. പട്ടികയിലുൾപ്പെടുത്തിയിട്ടുള്ള നിശ്ചിത ചികിത്സാ പ്രക്രിയകൾക്കും അവയ്ക്കനുബന്ധമായിവരുന്ന ഡേ കെയർ ചികിത്സാ പ്രക്രിയകൾക്കും ഗുണഭോക്താവിന് നേരിടേണ്ടിവരുന്ന ചെലവുകൾക്ക് പരിരക്ഷ നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിലെ ചികിത്സാ സംബന്ധമായ പ്രക്രിയകളുടെ ചെലവ്, മരുന്നുവില, ഡോക്ടർ/അറ്റൻഡന്റ് ഫീസ്, മുറി വാടക, പരിശോധനാ ചാർജ്ജുകൾ (Diagnostic), രോഗാനുബന്ധ ഭക്ഷണ ചെലവുകൾ എന്നിവ പരിരക്ഷയിലുൾപ്പെടും. നിലവിലുള്ള രോഗങ്ങൾക്കുൾപ്പെടെ ജീവനഭീഷണിയുള്ള അടിയന്തര സാഹചര്യങ്ങളിൽ

എംപാനൽ ചെയ്യപ്പെടാത്ത ആശുപത്രികളിലെ ചികിത്സയും പദ്ധതിയിൻകീഴിൽ പരിരക്ഷ ലഭിക്കുന്നതാണ്. പദ്ധതിയുടെ പരിരക്ഷ താഴെ വിവരിക്കുന്നതിൻപ്രകാരമായിരിക്കും.

<u>അടിസ്ഥാന പരിരക്ഷ</u> - പദ്ധതിയുടെ കീഴിൽവരുന്ന ആശുപത്രി ശൃംഖലയിലെ ഏതെങ്കിലും ആശുപത്രിയിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ തേടുന്ന അംഗീകൃത ചികിത്സകൾക്ക് ഓരോ കുടുംബത്തിനും മൂന്നുവർഷത്തെ പോളിസി പിരീഡിനകത്ത് പ്രതിവർഷം 3 ലക്ഷം രൂപ നിരക്കിലാണ് അടിസ്ഥാന പരിരക്ഷ. ഇതിൽ 1.5 ലക്ഷം രൂപ ഓരോ വർഷത്തേയ്ക്ക് നിശ്ചയിച്ചിട്ടുള്ളതും ആവശ്യം വരാത്തപക്ഷം ലാപ്സാകുന്നതുമാണ്. പ്രതിവർഷ കവറേജിൽ 1.5 ലക്ഷം രൂപ മൂന്നുവർഷത്തെ ബ്ലോക് പിരീഡിനകത്ത് എപ്പോൾ വേണമെങ്കിലും ഉപയോഗിക്കപ്പെടുന്നതരത്തിൽ ഫ്ലോട്ടർ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്. അടിസ്ഥാന പരിരക്ഷയിൽ,

(i) Procedure Cost

(ii) Implant Cost if any

(iii) Room charges എന്നിങ്ങനെ മൂന്ന് ഭാഗങ്ങളാണുള്ളത്.

മേൽ സൂചിപ്പിച്ച പരിരക്ഷ കൂടാതെ പട്ടികയിലുൾപ്പെടുത്തിയിരിക്കുന്ന അവയവമാറ്റ ചികിത്സാ പ്രക്രിയകൾക്ക് ഇൻഷ്വറൻസ് കമ്പനി 35 കോടി രൂപയിൽ കുറയാത്ത തുകയുൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിൽനിന്ന് (മൂന്നുവർഷത്തെ പോളിസി കാലയളവിനകത്ത്) വിനിയോഗിക്കാവുന്നതാണ്.

(ബി) സംസ്ഥാന സഹകരണ സ്പിന്നിംഗ് മിൽ ജീവനക്കാർക്കും റിട്ടയർ ചെയ്ത ജീവനക്കാർക്കും മെഡിസെപ് ഇൻഷ്വറൻസ് പദ്ധതി ബാധകമാക്കി ഉത്തരവ് നൽകിയിട്ടുണ്ടോ?

സംസ്ഥാന സഹകരണ സ്പിന്നിംഗ് മിൽ ജീവനക്കാർക്കും റിട്ടയർ ചെയ്ത ജീവനക്കാർക്കും മെഡിസെപ് ഇൻഷ്വറൻസ് പദ്ധതി ബാധകമാക്കിയിട്ടില്ലാത്തതിനാൽ ഇതുസംബന്ധിച്ച് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(സി) എങ്കിൽ ഉത്തരവിന്റെ പകർപ്പ് നൽകുമോ; ഇല്ലെങ്കിൽ അവർക്കുകൂടി മെഡിസെപ് ബാധകമാക്കുമോ?

മെഡിസെപ് പദ്ധതിയിൽ നിലവിൽ പ്രാതിനിധ്യമില്ലാത്ത സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അംഗത്വം നൽകുന്ന വിഷയം സർക്കാർ പരിഗണിക്കുമ്പോൾ ഉചിതമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

## പ്രോ-റാറ്റാ പെൻഷൻ

60(2467) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രോ-റാറ്റാ പെൻഷൻ നിലവിൽ നൽകിവരുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. 30-12-1978-ലെ സ.ഉ. (അച്ചടി) നം. 893/78/ധന., 02-06-1986-ലെ സ.ഉ. (അച്ചടി) നം. 397/86/ധന. എന്നിവ പ്രകാരം പൊതുതാല്പര്യാർത്ഥം അല്ലെങ്കിൽ സ്വന്തം താല്പര്യപ്രകാരം ഒരു ജീവനക്കാരൻ സർക്കാർ സർവ്വീസിൽനിന്നും ഒരു പൊതുമേഖലാ സ്ഥാപനത്തിൽ അന്യത്ര സേവനത്തിൽ പ്രവേശിക്കുകയും തുടർന്ന് ടി സ്ഥാപനം പ്രസ്തുത ജീവനക്കാരനെ ആഗിരണം (absorb) ചെയ്യുകയും ചെയ്യുന്ന സാഹചര്യത്തിൽ, പ്രസ്തുത പൊതുമേഖലാ സ്ഥാപനത്തിൽ പെൻഷൻ ആനുകൂല്യങ്ങളില്ലാത്തപക്ഷവും ടി ജീവനക്കാരന് 10 വർഷത്തിലധികം സർക്കാർ സർവ്വീസുള്ളപക്ഷവും ടിയാൻ പൊതുമേഖലാ സ്ഥാപനത്തിൽനിന്ന് വിരമിച്ചതിനുശേഷം ടിയാന്റെ സർക്കാർ സർവ്വീസിനാനുപാതികമായി കൊടുക്കുന്ന പെൻഷനെയാണ് പ്രോ-റാറ്റാ പെൻഷൻ എന്നുപറയുന്നത്.

(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ്, ഹൈക്കോടതി വിധി എന്നിവ ലഭ്യമാക്കുമോ?

പ്രോ-റാറ്റാ പെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട 30-12-1978-ലെ സ.ഉ. (അച്ചടി) നം. 893/78/ധന., 02-06-1986-ലെ സ.ഉ. (അച്ചടി) നം. 397/86/ധന. എന്നീ ഉത്തരവുകളും 04-12-1999-ലെ 74/99/ധന. നമ്പർ പരിപത്രവും ഇതോടൊപ്പം അറ്റാച്ച് ചെയ്ത് ലഭ്യമാക്കുന്നു+. ബഹുമാനപ്പെട്ട ഹൈക്കോടതി വിധി ലഭ്യമല്ല.

(സി) പ്രസ്തുത പെൻഷൻ ഏത് കാലയളവുവരെയുള്ളവർക്കാണ് നിലവിൽ നൽകിവരുന്നത്?

01-04-2013-നുമുമ്പ് സർവ്വീസിൽ പ്രവേശിച്ചവർക്കാണ് പ്രോ-റാറ്റാ പെൻഷൻ നൽകിവരുന്നത്.

(ഡി) പ്രസ്തുത പെൻഷൻ ലഭിക്കുന്നതിനായി നിലവിൽ എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട്; വിശദമാക്കുമോ;

(ഇ) അപേക്ഷിച്ച എത്രപേർക്ക് പ്രസ്തുത പെൻഷന് അർഹത നിഷേധിച്ചിട്ടുണ്ട്; ലിസ്റ്റ് ലഭ്യമാക്കുമോ?

(ഡി&ഇ) പ്രോ-റാറ്റാ പെൻഷൻ നൽകുന്നതിനായി അതത് പെൻഷൻ സാങ്ഷണിംഗ് അതോറിറ്റി മുമ്പാകെയാണ് അപേക്ഷ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമർപ്പിക്കേണ്ടതെന്നതിനാൽ സർക്കാരിൽ വിവരം ലഭ്യമല്ല.

## പെൻഷൻകാരുടെ ആനുകൂല്യ വിതരണം

61(2468) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പെൻഷൻകാർക്ക് കുടിശ്ശികയായി കിടക്കുന്ന ക്ഷാമബത്തയുടെ 3, 4 ഗഡു വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കുടിശ്ശിക സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം നൽകാൻ സാധിക്കാത്തതിന്റെ കാരണം അറിയിക്കുമോ?

(എ&ബി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും ചരക്കുസേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കേന്ദ്രസർക്കാർ കൃത്യസമയത്ത് നൽകാത്തതും പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും അതേസമയം, കോവിഡ് ദുരിതമനുഭവിക്കുന്ന ഘട്ടത്തിൽ സാധാരണ ജനജീവിതം സാദ്ധ്യമാക്കുകയെന്ന കർത്തവ്യത്തിന്റെ ഭാഗമായുള്ള സാമൂഹ്യക്ഷേമ ചെലവുകൾ (ഭക്ഷ്യകിറ്റ്, സാമൂഹ്യസുരക്ഷ

പെൻഷൻ തുടങ്ങിയവ), ആരോഗ്യരംഗത്ത് പുതുതായി സൃഷ്ടിക്കപ്പെട്ട സാമ്പത്തിക ഉത്തരവാദിത്വങ്ങൾ എന്നിവ ഏറ്റെടുക്കേണ്ടിവന്നതും സംസ്ഥാനത്ത് ഗുരുതര 'ലിക്വിഡിറ്റി' പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. എന്നാൽ ടി പ്രതിസന്ധിക്കിടയിലും ഏകദേശം 2600 കോടിയോളം വരുന്ന പെൻഷൻ പരിഷ്കരണ/പെൻഷൻകാരുടെ ക്ഷാമബത്ത കുടിശ്ശികയുടെ രണ്ട് ഗഡു വിതരണം ചെയ്തിരുന്നു. മേൽപ്രതിപാദിത സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലാണ് ക്ഷാമബത്ത കുടിശ്ശികയുടെ രണ്ട് ഗഡു വിതരണം ചെയ്യാൻ സാധിക്കാതിരുന്നത്.

(സി) പെൻഷൻകാർക്ക് നിലവിൽ എത്രശതമാനം ഡി.എ. കുടിശ്ശിക നൽകാനുണ്ട്; വ്യക്തമാക്കുമോ?

സംസ്ഥാന ശമ്പളപരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്തപ്രകാരമുള്ള സൂത്രവാക്യമുപയോഗിച്ചാണ് സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ഡി.എ./ഡി.ആർ. കണക്കാക്കുന്നത്. അതനുസരിച്ച് 01-07-2020 വരെയുള്ള ഡി.എ./ഡി.ആർ. അനുവദിച്ചിട്ടുണ്ട്. എന്നാൽ 01-01-2021 മുതൽ ഡി.എ./ഡി.ആർ. കണക്കാക്കിയിട്ടില്ല.

(ഡി) പെൻഷൻകാർക്ക് മേല്പറഞ്ഞ ആനുകൂല്യം നല്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി പരിഗണിച്ചുമാത്രമേ ഡി.എ./ഡി.ആർ. പ്രഖ്യാപിക്കാൻ നിർവ്വാഹമുള്ളൂ.

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും**

62(2469) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളവും വിരമിച്ച ജീവനക്കാരുടെ പെൻഷനും കൃത്യമായ ദിനത്തിൽത്തന്നെ വിതരണം ചെയ്തുവരുന്നുണ്ടോ?

സർക്കാർ ജീവനക്കാരുടെ ശമ്പളവും വിരമിച്ച ജീവനക്കാരുടെ പെൻഷനും കൃത്യമായി വിതരണം ചെയ്തുവരുന്നുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും വിരമിച്ച ജീവനക്കാരുടെ പെൻഷനും കൃത്യമായി വിതരണം ചെയ്യുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻകാരുടെ പെൻഷൻ കൃത്യമായി നൽകുന്ന കാര്യത്തിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

(ബി&സി) കോവിഡ് മഹാമാരിമൂലം കഴിഞ്ഞ രണ്ട് വർഷക്കാലമായി കെ.എസ്.ആർ.ടി.സി. ചരിത്രത്തിൽ നാളിതുവരെ അഭിമുഖീകരിക്കാത്ത

തരത്തിലുള്ള സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. കോവിഡിനെത്തുടർന്നുള്ള സാമ്പത്തിക പ്രതിസന്ധി നിമിത്തം 2020 മാർച്ച് മാസംമുതൽ 2021 സെപ്റ്റംബർ മാസംവരെ പൂർണ്ണമായും 2021 ഒക്ടോബർ മാസം മുതൽ നാളിതുവരെ ഭാഗികമായും സർക്കാർ നൽകുന്ന സാമ്പത്തിക സഹായത്താലാണ് ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. ഈ ഇനത്തിൽ 2020 മാർച്ച് മാസം മുതൽ നാളിതുവരെ 1831.67 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും ജീവനക്കാരുടെ ശമ്പളപരിഷ്കരണം 01/2022 മുതൽ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ ശമ്പള വിതരണത്തിനായി ആവശ്യമുള്ള തുകയായ 96 കോടി രൂപ സ്വന്തം വരുമാനത്തിൽനിന്നും കണ്ടെത്താൻ കഴിയാത്തവിധം സാമ്പത്തിക പ്രതിസന്ധിയിലായതിനാൽ സർക്കാർ ധനസഹായംകൂടി ലഭ്യമാക്കിയാണ് ശമ്പള വിതരണം നടത്തിവരുന്നത്. ഈ പ്രതിസന്ധി മറികടക്കുന്നതിനായി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ കെ.എസ്.ആർ.ടി.സി. ആവിഷ്കരിച്ച് നടപ്പാക്കിവരികയാണ്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിക്കുന്നമുറയ്ക്ക് ജീവനക്കാരുടെ ശമ്പളം കാലതാമസമില്ലാതെ കെ.എസ്.ആർ.ടി.സി.-യിൽനിന്നുതന്നെ

വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കടുത്ത സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് കോർപ്പറേഷന് സ്വന്തം വരുമാനത്തിൽനിന്നും പെൻഷൻ നൽകാൻ കഴിയാതെ വന്നതോടെ സർക്കാർ മുൻകയ്യെടുത്ത് കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ വിതരണം 2018 ഫെബ്രുവരി മാസം മുതൽ സഹകരണബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് മുടക്കം കൂടാതെ വിതരണം ചെയ്തുവരികയാണ്. ഇത്തരത്തിൽ ലഭ്യമാക്കുന്ന പെൻഷൻ തുക പലിശയുൾപ്പെടെ സർക്കാർ തന്നെയാണ് ആറുമാസത്തിനകം സഹകരണ ബാങ്കുകൾക്ക് മടക്കിനൽകുന്നത്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യംവഴി വിതരണം ചെയ്യുന്ന പെൻഷൻ സ്വാഭാവിക നടപടിക്രമങ്ങൾ പൂർത്തിയാക്കാനെടുക്കുന്ന കാലതാമസംമൂലമാണ് മാസം ആദ്യം വിതരണം ചെയ്യാൻ സാധിക്കാത്തത്. നിലവിൽ 2022 ഫെബ്രുവരി മാസം വരെയുള്ള പെൻഷൻ തുക മുടക്കം കൂടാതെ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും എല്ലാവർക്കും പെൻഷൻ എന്ന ആശയം നടപ്പാക്കുന്നതിന്റെ ഭാഗമായി പെൻഷനിലെ ഉയർന്ന തുകയിൽ സീലിംഗ് ഏർപ്പെടുത്തുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; വെളിപ്പെടുത്തുമോ?

പെൻഷനിലെ ഉയർന്ന തുകയിൽ സീലിംഗ് ഏർപ്പെടുത്തുന്നതിന് നിലവിൽ സർക്കാർ ആലോചിക്കുന്നില്ല.

**തൃക്കുന്നപ്പുഴ പഞ്ചായത്തിന് പുതിയ വാഹനം**

63(2470) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിൽ പഞ്ചായത്ത് വികസന ഫണ്ടിൽനിന്നും വാഹനം വാങ്ങുന്നതിന് പഞ്ചായത്ത് പ്രസിഡന്റ് നൽകിയിട്ടുള്ള കത്തിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) തീരദേശപ്രദേശത്ത് സ്ഥിതിചെയ്യുന്ന പ്രസ്തുത പഞ്ചായത്തിന്റെ പിന്നാക്കാവസ്ഥയും യാത്രാസൗകര്യങ്ങളുടെ കാര്യത്തിൽ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടുകളും കണക്കിലെടുത്ത് ഇക്കാര്യത്തിൽ പ്രത്യേകാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28-12-2021-ലെ സി 4-1030/2021 നമ്പർ കത്തിന്റെ പകർപ്പ് തുടർനടപടി സ്വീകരിക്കുന്നതിനായി 14-02-2022-ലെ 1985155/ഡെവ-3/20/22-ധന

നമ്പർ അനൗദ്യോഗിക കുറിപ്പുമുഖേന തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. ഭരണവകുപ്പ് ശിപാർശയോടെ ഫയൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി

64(2471) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം ലഭ്യമായിട്ടുള്ള അപേക്ഷകൾ എത്രയെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ കീഴിൽ സർക്കാർ സഹായം ലഭിക്കുന്നതിന് ആകെ 78062 അപേക്ഷകൾ ഇ.എൽ.ആർ.എസ്. പോർട്ടൽ മുഖേന ബാങ്കിൽ സമർപ്പിക്കപ്പെട്ടു.

(ബി) എത്ര അപേക്ഷകർക്ക് പദ്ധതിയുടെ ആനുകൂല്യം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പദ്ധതിയുടെ കീഴിൽ നാളിതുവരെ 21035 അപേക്ഷകളിലായി ആകെ 208.39 കോടി രൂപ സർക്കാർ വിഹിതമായി അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്ത 37467 അപേക്ഷകൾ ബാങ്കുതല

പരിശോധനയ്ക്കുശേഷം നിരസിച്ചിട്ടുണ്ട്.

(സി) നേരത്തെ അപേക്ഷ സമർപ്പിച്ചവർക്ക് പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമാകുമോ; ഇല്ലെങ്കിൽ ഇവരെ വീണ്ടും അപേക്ഷ സമർപ്പിക്കാൻ അനുവദിക്കുമോ?

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ കീഴിൽ സർക്കാർ സഹായം ലഭിക്കുന്നതിന് ഇ.എൽ.ആർ.എസ്. പോർട്ടലിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 31-01-2018 ആയിരുന്നു. പ്രസ്തുത തീയതിക്കകം അപേക്ഷ സമർപ്പിച്ച യോഗ്യരായ അപേക്ഷകർക്ക് അവരുടെ ഓൺലൈൻ അപേക്ഷ ബാങ്കുതല പരിശോധന കഴിഞ്ഞ് സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് ആനുകൂല്യം അനുവദിച്ചുവരുന്നുണ്ട്.

**ഇ.എൽ.ആർ.എസ്. പോർട്ടലിൽ സമർപ്പിച്ച അപേക്ഷ**

65(2472) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതിനായി രജിസ്റ്റർ നം. 5361510106 ആയി ഇ.എൽ.ആർ.എസ്. പോർട്ടലിൽ സമർപ്പിച്ചിരിക്കുന്ന സ്റ്റാൻഡേർഡ്

കാറ്റഗറി അപേക്ഷയ്ക്ക് എത്ര വർഷം ആനുകൂല്യം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ?

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതിനായി രജിസ്റ്റർ നം. 5361510106 ആയി ഇ.എൽ.ആർ.എസ്. പോർട്ടലിൽ സ്റ്റാൻഡേർഡ് കാറ്റഗറിയിൽ അപേക്ഷ സമർപ്പിച്ചിരുന്ന ബ്ലസ്സി ആർ. പി. എന്ന അപേക്ഷകയ്ക്ക് മൂന്നുവർഷത്തെ സർക്കാർ സഹായത്തിനാണ് അർഹതയുണ്ടായിരുന്നത്. ഇതിൽ ആദ്യ രണ്ടുവർഷത്തെ വിഹിതമായി 1,02,825/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) മൂന്നാമത്തെ വർഷത്തെ ആനുകൂല്യം ലഭിക്കുന്നതിന് ഇ.എൽ.ആർ.എസ്. പോർട്ടലിൽ ലോഗിൻ ചെയ്ത് പുതിയ വരുമാന സർട്ടിഫിക്കറ്റും എലിജിബിലിറ്റി സർട്ടിഫിക്കറ്റും അപ്‌ലോഡ് ചെയ്യാൻ അപേക്ഷകയ്ക്ക് കഴിയുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഇത്തരത്തിൽ ഒരു വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ കീഴിൽ സർക്കാർ വിഹിതം അനുവദിക്കണമെന്നപേക്ഷിച്ച് അപേക്ഷകയായ ബ്ലസ്സി ആർ. പി. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് നിവേദനം സമർപ്പിച്ചിരുന്നതും

ആയതിന് പുതിയ വരുമാന സർട്ടിഫിക്കറ്റും എലിജിബിലിറ്റി സർട്ടിഫിക്കറ്റും പോർട്ടലിൽ അപ്‌ലോഡ് ചെയ്ത് മൂന്നാം വർഷത്തെ വിഹിതത്തിന് അപേക്ഷ സമർപ്പിക്കേണ്ടതുണ്ടെന്ന് ടിയാരിയെ കത്തുമുഖേന അറിയിച്ചിരുന്നതാണ്. കൂടാതെ, അപേക്ഷകയെ ഫോണിൽ ബന്ധപ്പെടുകയും അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും അപേക്ഷക ഇപ്പോൾ അപേക്ഷ പുന:സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## വെൻച്വർ ക്യാപിറ്റൽ ഫണ്ട്

66(2473) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെറുകിട, ഇടത്തരം സംരംഭങ്ങളുടെയും സ്റ്റാർട്ടപ്പുകളുടെയും വളർച്ചയെ സഹായിക്കുന്നതിനായി വെൻച്വർ ക്യാപിറ്റൽ ഫണ്ട് രൂപീകരിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത ഫണ്ട് രൂപവത്കരിക്കുന്നതിന് ധനകാര്യ വകുപ്പ് എത്ര രൂപ അനുവദിച്ച് നൽകിയിട്ടുണ്ടെന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ?

നൂതന സങ്കേതങ്ങൾ ഉപയോഗപ്പെടുത്തുന്ന എല്ലാ മേഖലകളിലെയും സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിന് കേരള ബാങ്ക്,

കെ.എസ്.ഐ.ഡി.സി., കെ.എഫ്.സി., കെ.എസ്.എഫ്.ഇ. എന്നീ സ്ഥാപനങ്ങൾ സംയുക്തമായി ഒരു വെൻച്വർ ക്യാപിറ്റൽ ഫണ്ടിന് രൂപം നൽകുമെന്നും ഇതിലേയ്ക്ക് 50 കോടി രൂപ വകയിരുത്തുമെന്നും 2021-22-ലെ ആദ്യ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2021-22-ലെ ആദ്യ ബഡ്ജറ്റ് എസ്റ്റിമേറ്റിന്മേലുള്ള ഭേദഗതി പത്രികയിൽ ധനാഭ്യർത്ഥന നമ്പർ 37 വ്യവസായത്തിനുകീഴിൽ സർക്കാർ വിഹിതം ന്യൂ സർവ്വീസ് നടപടിക്രമം പാലിച്ചുകൊണ്ട് അനുവദിക്കുന്നതിലേയ്ക്കായി ടോക്കൺ വിഹിതം വകയിരുത്തി. ടി ആവശ്യത്തിലേയ്ക്കായി ഇതുവരെ തുകയൊന്നും വിനിയോഗിച്ചിട്ടില്ല.

## ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ അടിസ്ഥാനസൗകര്യ വികസനം

67(2474) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ഒക്ടോബർ രണ്ടിന് പ്രവർത്തനമാരംഭിച്ച ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കഴിഞ്ഞ ബഡ്ജറ്റിൽ പരാമർശിച്ച പ്രകാരം നാളിതുവരെ എത്ര തുക ധനകാര്യ വകുപ്പ് അനുവദിച്ച് നൽകിയിട്ടുണ്ട്;

(ബി) ഏതൊക്കെ ഇനത്തിലാണ് പ്രസ്തുത തുക അനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി 500 ലക്ഷം രൂപയും പദ്ധതിയേതര വിഹിതമായി 400 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ആയതിൽ പദ്ധതി ശീർഷകത്തിൽനിന്നും നാളിതുവരെ 440.23 ലക്ഷം രൂപയും പദ്ധതിയേതര ശീർഷകത്തിൽനിന്നും 200 ലക്ഷം രൂപയും അനുവദിച്ചുനൽകിയിട്ടുണ്ട്. കൂടാതെ 2021-22-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് പുതിയ ആസ്ഥാന മന്ദിരം പണിയുന്നതിന് പ്രത്യേക പണം അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. 2021-22-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനായി 10 കോടി രൂപ അധികമായി വകയിരുത്തുന്നുവെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ടി ആവശ്യത്തിലേയ്ക്കായി പ്രൊപ്പോസൽ ലഭ്യമാകാത്തതിനാൽ നാളിതുവരെ തുകയൊന്നും അനുവദിച്ചുനൽകിയിട്ടില്ല.

## മലബാർ ലിറ്ററി സർക്യൂട്ട്

68(2476) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച നാളിതുവരെ എത്ര തുക ധനകാര്യ വകുപ്പ് അനുവദിച്ചിട്ടുണ്ട്; ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

മലബാർ ലിറ്ററി സർക്യൂട്ട് പദ്ധതികൾക്കായി 25 കോടി രൂപയാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചത്. ഈ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന ഏജൻസിയെ തെരഞ്ഞെടുക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. പ്രസ്തുത പദ്ധതിക്കായി ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**വൈക്കം നിയോജകമണ്ഡലത്തിലെ പദ്ധതികൾ**

69(2477) ശ്രീമതി സി. കെ. ആശ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ വൈക്കം നിയോജകമണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾക്കാണ് ബഡ്ജറ്റിൽ തുക വകയിരുത്തി അനുമതി നൽകിയിട്ടുള്ളതെന്നും എത്ര തുകയാണ് വകയിരുത്തിയതെന്നും വിശദമാക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത പദ്ധതികളുടെ പുരോഗതി വിവരവും അറിയിക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ടോക്കൺ പ്രൊവിഷൻ അനുവദിക്കുന്ന പ്രവൃത്തികൾ**

70(2478) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ ഇരുപത് ശതമാനം ടോക്കൺ പ്രൊവിഷൻ അനുവദിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനായി പ്രത്യേക സമയപരിധിയോ കാലപരിധിയോ ധനകാര്യ വകുപ്പിൽനിന്നും നിഷ്കർഷിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ?

(എ&ബി) ഇല്ല.

(സി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി ഉൾപ്പെടെയുള്ള കാര്യങ്ങൾ വിലയിരുത്തുന്നതിന് ധനകാര്യ വകുപ്പിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

ബഡ്ജറ്റിൽ 20 ശതമാനം പ്രൊവിഷൻ അനുവദിക്കുന്ന പ്രവൃത്തിക്ക് വിവിധ വകുപ്പുകളിൽനിന്ന് പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് അനുസൃതമായി ആയത് പരിശോധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ അംഗീകാരത്തോടെ ഭരണാനുമതിക്ക് അനുമതി നൽകിവരുന്നു. കൂടാതെ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടത്തുന്ന ധനകാര്യ വകുപ്പ് പ്രതിനിധിയുൾപ്പെടുന്ന ഭരണാനുമതി കമ്മിറ്റിയിൽ പരിശോധിച്ചും ഭരണാനുമതി നൽകിവരുന്നു.

## പദ്ധതി നടത്തിപ്പ് വിഹിതം

71(2479) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷ ബഡ്ജറ്റിൽ വിവിധ വകുപ്പുകൾക്ക് നൽകിയ തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; സാമ്പത്തിക വർഷം അവസാനിക്കാൻ ദിവസങ്ങൾമാത്രം ശേഷിക്കെ വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുകയുടെ 40 ശതമാനംപോലും ചെലവഴിച്ചിട്ടില്ലെന്ന വാർത്തയുടെ നിജസ്ഥിതി വ്യക്തമാക്കാമോ; വരും ദിവസങ്ങളിൽ ബാക്കിയുള്ള തുക വിനിയോഗിക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കരാറുകാർ സമർപ്പിച്ച ബില്ലുകൾ ആവശ്യമായ ഫണ്ടില്ലാത്തതിനാൽ നൽകാൻ സാധിക്കാതെ വിവിധ വകുപ്പുകളിൽ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വകുപ്പുതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഇലക്ട്രോണിക് ബില്ലുകൾ സമർപ്പിച്ചാലും കടലാസ് പകർപ്പ് ആവശ്യപ്പെട്ടുകൊണ്ട് ട്രഷറികൾ ബില്ലുകൾ നിരസിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ധനകാര്യ കമ്മീഷൻ വിഹിതത്തിലുള്ള കുറവ്**

72(2480) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021 മുതൽ 2026 വരെയുള്ള കാലഘട്ടത്തിൽ സംസ്ഥാനത്തിന് അനുവദിക്കാൻ നിശ്ചയിച്ചിരിക്കുന്ന നികുതി വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ?

പതിനഞ്ചാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് 2021-2026 കാലയളവിൽ ശിപാർശ ചെയ്തിട്ടുള്ള നികുതി വിഹിതം 1.925 ശതമാനമാണ്.

(ബി) പതിനഞ്ചാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് അനുവദിക്കാൻ നിശ്ചയിച്ചിരിക്കുന്ന നികുതി വിഹിതത്തിൽ പതിനാലാം ധനകാര്യ കമ്മീഷനുമായി താരതമ്യം ചെയ്യുമ്പോൾ എത്രമാത്രം കുറവുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ ഏതൊക്കെ ഇനത്തിലുള്ള വ്യതിയാനമാണ് ഈ അവസ്ഥയ്ക്ക് കാരണമായതെന്ന് വിശദമാക്കുമോ?

പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം സംസ്ഥാനത്തിന്റെ നികുതി വിഹിതം 2.5 ശതമാനമായിരുന്നു. പതിനഞ്ചാം

ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം ആദ്യവർഷം (2020-21) നികുതി വിഹിതം 1.943 ശതമാനമായും തുടർന്നുള്ള വർഷങ്ങളിൽ (2021-2026) 1.925 ശതമാനമായും കുറഞ്ഞിട്ടുണ്ട്. 2020-21 വർഷത്തിൽ സംസ്ഥാനത്തിന് ലഭിച്ച നികുതി വിഹിതം 11560.40 കോടി രൂപയാണ്. പതിനാലാം ധനകാര്യ കമ്മീഷൻ പ്രകാരമുള്ള 2.5 ശതമാനം നികുതി വിഹിതം ലഭിച്ചിരുന്നെങ്കിൽ 2020-21 വർഷത്തിൽ ലഭിക്കേണ്ടിയിരുന്ന നികുതി വിഹിതം 14874.42 കോടി രൂപയാണ്. 2011-ലെ ജനസംഖ്യയാണ് ടേംസ് ഓഫ് റഫറൻസ് പ്രകാരം പതിനഞ്ചാം ധനകാര്യ കമ്മീഷൻ (1971-ലെ ജനസംഖ്യ ഉപയോഗിക്കുന്നതിനുപകരം) നികുതി വിഹിതം നിശ്ചയിക്കുന്നതിന് മാനദണ്ഡമാക്കിയത്. ഇത് ജനസംഖ്യാ നിയന്ത്രണം സാദ്ധ്യമാക്കിയ കേരളംപോലുള്ള സംസ്ഥാനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

(സി) പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റും പോസ്റ്റ് ഡെവല്യൂഷൻ ഗ്രാന്റും എത്രയെന്ന് വ്യക്തമാക്കുമോ?

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പോസ്റ്റ് ഡെവല്യൂഷൻ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി 19,891 കോടി രൂപയും (2021-22) 13174 കോടി

രൂപയും (2022-23) 4749 കോടി രൂപയും (2023-24) ശിപാർശ ചെയ്തിട്ടുണ്ട്.

(ഡി) പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നികുതി വിഹിത നിർണ്ണയം സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ വരുത്താൻപോകുന്ന വെല്ലുവിളികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം നികുതി വിഹിതം കുറയുന്നതുമൂലം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ വലിയ കുറവുണ്ടാകുന്നു. ഇതോടൊപ്പം കോവിഡ് പ്രതിസന്ധിമൂലം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം ഗണ്യമായി കുറയുന്നതും ചെലവുകൾ കുത്തനെ വർദ്ധിച്ചുവരുന്നതും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിക്കാനിടയുണ്ട്.

(ഇ) സെസ്സും സർച്ചാർജ്ജുകളും ഗണ്യമായി വർദ്ധിപ്പിച്ച് സംസ്ഥാനങ്ങളുടെ നികുതി വിഹിതം കുറയ്ക്കുന്ന കേന്ദ്രസർക്കാർ സമീപനത്തെ നേരിടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കാത്ത സെസ്സും സർചാർജ്ജും ഗണ്യമായി വർദ്ധിപ്പിച്ചതുകാരണം സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന നികുതി വിഹിതത്തിൽ കുറവുണ്ടായത് സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ

കുറവുണ്ടാകുന്നതിനിടയായിട്ടുണ്ട്. 30-12-2021-ൽ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുമായി നടന്ന 2022-23 വർഷത്തിലെ കേന്ദ്രബഡ്ജറ്റിന് മുന്നോടിയായുള്ള (Pre-Budget Speech) യോഗത്തിൽ (ഇനം-3) സെസ്സ്, സർചാർജ്ജ് എന്നിവ വർദ്ധിപ്പിക്കുന്നതുമൂലം കേന്ദ്രനികുതി വിഹിതത്തിൽ സാരമായ കുറവുണ്ടാകുന്നതിനാൽ പെട്രോൾ, ഡീസൽ എന്നിവയിലൂൾപ്പെടെ ചുമത്തിയിട്ടുള്ള സെസ്സും സർച്ചാർജ്ജും ഒഴിവാക്കുകയോ കുറയ്ക്കുകയോ ചെയ്യണമെന്നാവശ്യപ്പെട്ടിട്ടുണ്ട്.

## വാമനപുരം നിയോജകമണ്ഡലത്തിലെ പദ്ധതികൾ

73(2481) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ 2016-17 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തി അനുമതി നൽകിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിക്കും എത്ര തുക അനുവദിച്ചുവെന്നും അറിയിക്കുമോ;

(ബി) അവയിൽ ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയെന്ന് പുരോഗതി റിപ്പോർട്ട് സഹിതം വ്യക്തമാക്കുമോ?

(എ&ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**ബഡ്ജറ്റ് വിഹിതം ചെലവഴിക്കൽ**

74(2482) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയ തുകയിൽ എത്ര ശതമാനമാണ് ചെലവഴിക്കാൻ കഴിയാതെവന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) പട്ടികജാതി, പട്ടികവർഗ്ഗം ഉൾപ്പെടെയുള്ള പ്രധാന വകുപ്പുകളിൽ 50 ശതമാനം തുകപോലും ചെലവഴിച്ചിട്ടില്ലെന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(സി) പദ്ധതി തുക സമയബന്ധിതമായി ചെലവഴിക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**മാവേലിക്കര നിയോജകമണ്ഡലത്തിലെ പദ്ധതി/പ്രവൃത്തികൾ**

75(2483) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17, 2017-18, 2018-19, 2019-20, 2020-21 എന്നീ സാമ്പത്തികവർഷങ്ങളിലെ ബഡ്ജറ്റിലുൾപ്പെടുത്തി മാവേലിക്കര നിയോജകമണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തി/പദ്ധതികൾക്ക് അനുമതി നൽകിയെന്ന് വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തി/പദ്ധതികളുടെ നിലവിലെ സ്ഥിതിവിവരം വിശദമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**പ്രളയ സെസ്സും റീബിൽഡ് കേരളയും**

76(2484) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ബഡ്ജറ്റ് വിഹിതമായി 2019-20, 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ കേരള പ്രളയ സെസ്സ് ഉൾപ്പെടെ വിവിധ ഫണ്ടിംഗ് ഏജൻസികളിൽനിന്നും സമാഹരിച്ച വരുമാനത്തിൽനിന്നും ഓരോ സാമ്പത്തിക വർഷവും നീക്കിവച്ചിട്ടുള്ള തുക എത്രയാണെന്നും എത്ര തുകവീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) റീബിൽഡ് കേരള ഇനിഷ്യേറ്റീവിലേയ്ക്കുള്ള ധന സമാഹരണത്തിനായി പ്രളയ സെസ്സ് അല്ലാതെ ഏതൊക്കെ സ്രോതസ്സുകളിൽനിന്നും ധനസമാഹരണം നടത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ?

(എ&ബി) റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ബഡ്ജറ്റ് വിഹിതമായി 2019-20, 2020-21, 2021-22 സാമ്പത്തികവർഷങ്ങളിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അനുവദിച്ച തുക (രൂപ ലക്ഷത്തിൽ) | ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 2019-20 | 100,000.01 | 858.04 |
| 2020-21 | 100,000.01 | 61,240.27 |
| 2021-22 | 183,000.01 | 70,850.60 (15-03-2022 വരെ) |

പ്രളയ സെസ്സായി ആകെ 2171.17 കോടി രൂപയും ലോകബാങ്കിന്റെ വികസന നയവായ്പയായി 250 ദശലക്ഷം ഡോളറും കൂടാതെ ജർമ്മൻ ബാങ്കായ കെ.എഫ്.ഡബ്ല്യു.-ൽനിന്ന് 100 ദശലക്ഷം യൂറോയും ലഭ്യമായിട്ടുണ്ട്. കൂടാതെ ലോകബാങ്കിന്റെയും ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ആൻഡ് ഇൻവെസ്റ്റ് ബാങ്കിന്റെയും (AIIB) ഫ്രഞ്ച് വികസന ഏജൻസിയുടെയും (AFD) പങ്കാളിത്തത്തോടെ നടപ്പാക്കുന്ന

ഫലപ്രാപ്തിയധിഷ്ഠിത വായ്പാ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

## ക്ഷേമ പെൻഷൻ

77(2486) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നിലവിലുള്ള ഏതെല്ലാം ക്ഷേമ പെൻഷനുകൾ ഉയർത്തുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സർക്കാർ തീരുമാനമെടുത്തിട്ടില്ല.

## സാമൂഹ്യ സുരക്ഷാ പെൻഷനുകൾ

78(2487) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേമപെൻഷനിൽ പുതുതായി എത്ര അംഗങ്ങളെ ചേർത്തിട്ടുണ്ട്; ആകെ എത്ര ഗുണഭോക്താക്കൾ നിലവിലുണ്ട്; ഇവർക്കായി എത്ര കോടി രൂപ ഈ കാലയളവിൽ ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 374,296 അംഗങ്ങളെയാണ് പുതുതായി സാമൂഹ്യ സുരക്ഷാ പെൻഷനിൽ അംഗങ്ങളായി ചേർത്തിട്ടുള്ളത്. ക്ഷേമനിധി ബോർഡ് പെൻഷൻ ഒഴികെ ആകെ 5,194,930 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളാണുള്ളത് (16.03.2022-ലെ കണക്കുകൾ പ്രകാരം). ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കായി ആകെ 7338.95 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 2016 മേയ് മുതൽ 2022 ജനുവരി വരെയുള്ള കാലഘട്ടത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ എത്ര തവണ വർദ്ധിപ്പിച്ചു; വർദ്ധിപ്പിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ; സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കായി ഒരു മാസം സർക്കാർ എത്ര തുക ചെലവഴിക്കുന്നുണ്ട്?

എഴ് തവണ വർദ്ധിപ്പിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഓരോന്നും 01-06-2016-ൽ 1000/- രൂപയായും 01-04-2017 മുതൽ 1100/- രൂപയായും 01-04-2019 മുതൽ 1200/- രൂപയായും ഉയർത്തുകയും ഉയർന്ന നിരക്കിൽ പെൻഷൻ അനുവദിക്കപ്പെട്ടിരുന്നവർക്ക് അത് തുടർന്നും വാങ്ങുവാനും അനുവദിച്ചിരുന്നു. വിവിധ ക്ഷേമനിധി പെൻഷനുകൾക്കും ഈ വർദ്ധനവ് നടപ്പാക്കിയിട്ടുണ്ട്. 80 ശതമാനവും അതിൽ കൂടുതലും

വൈകല്യമുള്ളവർക്ക് 21-02-2018 മുതൽ പെൻഷൻ തുക 1100/- രൂപയിൽ നിന്നും 1300/- രൂപയാക്കി വർദ്ധിപ്പിച്ചിരുന്നു. തുടർന്ന് 01-04-2020 മുതൽ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ തുക 1300/- രൂപയായും 01-09-2020 മുതൽ 1400/- രൂപയായും 2021 ജനുവരി മുതൽ 1500/- രൂപയായും 2021 ഏപ്രിൽ മുതൽ 1600/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 2022 ഫെബ്രുവരി മാസത്തെ കണക്കുകൾ പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കായി 764.61 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഈ കാലഘട്ടത്തിൽ ആകെ എത്ര തുക സർക്കാർ ക്ഷേമ പെൻഷൻ നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഈ കാലഘട്ടത്തിൽ (2016 മേയ് മുതൽ 2022 ജനുവരി വരെ) ആകെ 36638.03 കോടി രൂപ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി സർക്കാർ ചെലവഴിച്ചിട്ടുണ്ട്.

## തൊഴിലില്ലായ്മ വേതനം

79(2488) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ പെൻഷനുകൾക്ക് അപേക്ഷിക്കാനുള്ള വരുമാന പരിധി എത്രയെന്ന് വിശദമാക്കുമോ;

(ബി) തൊഴിലില്ലായ്മ വേതനത്തിന് അപേക്ഷിക്കുന്നതിനുള്ള വരുമാന പരിധി എത്രയെന്ന് വിശദമാക്കാമോ; പ്രസ്തുത വരുമാന പരിധി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരുടെ എണ്ണം ജില്ല തിരിച്ച് നൽകാമോ?

(എ-സി) മറുപടി അനുബന്ധമായി ചേർക്കുന്നു.+

**നടുക്കാട് ഫിഷ് മാർക്കറ്റിന്റെ നിർമ്മാണം**

80(2489) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി നിർമ്മാണോദ്ഘാടനം ചെയ്ത നടുക്കാട് ഫിഷ് മാർക്കറ്റിന്റെ നിർമ്മാണം വേഗത്തിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

കിഫ്ബി ധനസഹായത്തോടെയുള്ള നടുക്കാട് ഫിഷ് മാർക്കറ്റിന്റെ നിർമ്മാണത്തിനായുള്ള ചുമതല കേരള സംസ്ഥാന തീരദേശ വികസന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോർപ്പറേഷനാണ്. പ്രസ്തുത ഏജൻസി പദ്ധതി വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആയതിന്റെ പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിൽ ഫണ്ടിംഗ് അനുമതിക്കായി സമർപ്പിച്ചതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

പുതുക്കിയ എസ്.ഒ.ആർ. പരിഗണിച്ചുകൊണ്ടുള്ള 2,51,18,000/- രൂപയുടെ എസ്റ്റിമേറ്റിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്.

**സ്മാർട്ട് കിച്ചൺ പദ്ധതി**

81(2490) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഇ.-യുമായി ചേർന്ന് നടപ്പാക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സ്മാർട്ട് കിച്ചൺ പദ്ധതിയുടെ ഭാഗമായി ധനകാര്യ വകുപ്പ് നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

സ്മാർട്ട് കിച്ചൺ പദ്ധതിയുടെ ഭാഗമായി ധനകാര്യ വകുപ്പ് നാളിതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല.

**കുണ്ടൂർ തോട് നവീകരണം**

82(2491) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണ പദ്ധതിക്ക് കിഫ്ബി അനുമതി ലഭ്യമാക്കിയിട്ടുണ്ടോ?

ഇല്ല.

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിച്ചാൽ നന്നമ്പ്ര, തെന്നല, ഒഴൂർ എന്നീ പഞ്ചായത്തുകൾക്കും തിരൂരങ്ങാടി നഗരസഭയ്ക്കും കുടിവെള്ളത്തിനും കൃഷിക്കും ഉപകാരപ്രദമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പദ്ധതിക്ക് കിഫ്ബിയുടെ അനുമതി ലഭ്യമാക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

(ബി&സി) കിഫ്ബിവഴി 50000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പാക്കുകയെന്ന മുൻസർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന്മേൽ ഏകദേശം 73500 കോടി രൂപ അടങ്കൽവരുന്ന പദ്ധതികൾക്ക് ഇതുവരെ കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞതിനാലും 12000 കോടി രൂപയിലധികം അടങ്കൽതുക വരുന്ന പദ്ധതികൾ പരിഗണനയിലുള്ളതിനാലും 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിന്റെ മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച 'കുണ്ടൂർതോട്

നവീകരണം' എന്ന പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കെ.ഐ.ഐ.ഡി.സി. സമർപ്പിച്ച 15 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് പരിഗണിക്കാൻ തൽക്കാലം നിർവാഹമില്ലെന്ന വിവരം ഭരണവകുപ്പിനെ കത്തുമുഖേന അറിയിച്ചിട്ടുണ്ട്. എന്നാൽ കിഫ്ബി അംഗീകരിച്ചിട്ടും പ്രവൃത്തി തുടങ്ങാത്തതും നടപ്പാക്കാൻ സാങ്കേതിക തടസ്സങ്ങളുള്ളതുമായ പദ്ധതികളൊഴിവാക്കുന്ന കാര്യത്തിൽ തീരുമാനമാകുന്നമുറയ്ക്ക് മുൻഗണനാടിസ്ഥാനത്തിൽ കൂടുതൽ പദ്ധതികൾ പരിഗണിക്കുന്നതാണ്.

## ആംനസ്റ്റി സ്കീം

83(2492) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021-22 സാമ്പത്തിക വർഷം ആംനസ്റ്റി സ്കീം പ്രകാരം പിരിച്ചെടുക്കാൻ ലക്ഷ്യമിട്ട തുക എത്രയായിരുന്നു; മുൻ വർഷത്തേതിൽനിന്നും ആംനസ്റ്റി സ്കീമിൽ എന്തൊക്കെ മാറ്റങ്ങളാണ് നടപ്പ് സാമ്പത്തിക വർഷമുണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 2021-2022 സാമ്പത്തിക വർഷം നികുതി കുടിശ്ശികയായി 12222.80 കോടി രൂപയുണ്ടായിരുന്നു. ഇത് 01-04-2021 വരെയുള്ള കുടിശ്ശികയാണ്. ഇതിൽ ആംനസ്റ്റി സ്കീംപ്രകാരം മൊത്തം

നികുതി കുടിശ്ശികയിന്മേൽ പിഴയും പലിശയും പൂർണ്ണമായും ഒഴിവാക്കി ബാക്കി നികുതി തുകയുടെ ഏറ്റവും കുറഞ്ഞത് 60 ശതമാനമാണ് (തവണകളായി അടച്ചാൽ 70%, ഒറ്റത്തവണയായി അടച്ചാൽ 60%) പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. ജി.എസ്.ടി.-ക്കുമുമ്പുള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ എത്രയും പെട്ടെന്ന് തീർപ്പാക്കി ജി.എസ്.ടി.-യിലേയ്ക്ക് കൂടുതൽ ശ്രദ്ധ നൽകുന്നതിന്റെ ഭാഗമായാണ് ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. കഴിഞ്ഞ വർഷത്തെ (2020-21) ആംനസ്റ്റി പദ്ധതി പ്രകാരം ഒരു വ്യാപാരിയുടെ എല്ലാ വർഷങ്ങളിലെയും നികുതി കുടിശ്ശിക ഒരുമിച്ചുമാത്രമേ ആംനസ്റ്റി ഓപ്റ്റ് ചെയ്യാൻ സാധിക്കുമായിരുന്നുള്ളൂ. ഇത് പല വ്യാപാരികളും ആംനസ്റ്റി പദ്ധതി സ്വീകരിക്കാതിരിക്കുന്നതിന് കാരണമായി. ഇതിൽനിന്നും വ്യത്യസ്തമായി ഈ വർഷത്തെ (2021-22) ആംനസ്റ്റി പദ്ധതിയിൽ വ്യാപാരികൾക്ക് ഓരോ വർഷത്തെയും നികുതി കുടിശ്ശികയിന്മേൽ ആംനസ്റ്റി ഓപ്റ്റ് ചെയ്യാനുള്ള അവസരം നൽകിയിട്ടുണ്ട്. ഇതുപ്രകാരം നിരവധി വ്യാപാരികൾ ആംനസ്റ്റി പദ്ധതി സ്വീകരിച്ച് കുടിശ്ശിക അടവാക്കിവരുന്നു. കഴിഞ്ഞ വർഷത്തെ (2020-21) ആംനസ്റ്റി പദ്ധതി പ്രകാരം മൊത്തം നികുതി കുടിശ്ശികയിന്മേൽ പിഴയും പലിശയും പൂർണ്ണമായും ഒഴിവാക്കി

ബാക്കി നികുതി തുകയുടെ ഏറ്റവും കുറഞ്ഞത് 40 ശതമാനമാണ് (തവണകളായി അടച്ചാൽ 50%, ഒറ്റത്തവണയായി അടച്ചാൽ 40%) അടയ്ക്കേണ്ടിയിരുന്നത്. എന്നാൽ ഈ വർഷത്തെ (2021-22) ആംനസ്റ്റി പദ്ധതിയിൽ മൊത്തം നികുതി കുടിശ്ശികയിന്മേൽ പിഴയും പലിശയും പൂർണ്ണമായും ഒഴിവാക്കി ബാക്കി നികുതി തുകയുടെ ഏറ്റവും കുറഞ്ഞത് 60 ശതമാനമാണ് (തവണകളായി അടച്ചാൽ 70%, ഒറ്റത്തവണയായി അടച്ചാൽ 60%) ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നത്.

(ബി) നടപ്പ് സാമ്പത്തികവർഷം നാളിതുവരെ ആംനസ്റ്റി സ്കീം പ്രകാരം എത്ര തുക പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

നടപ്പ് സാമ്പത്തിക വർഷം 2022 ഫെബ്രുവരി 28 വരെ ആംനസ്റ്റി സ്കീം പ്രകാരം 117.14 കോടി രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

**കേന്ദ്ര നികുതി വിഹിതം**

84(2493) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് എത്ര ഗഡുവായിട്ടാണ് കേന്ദ്ര നികുതി വിഹിതം നൽകുന്നതെന്ന് വ്യക്തമാക്കുമോ?

സാധാരണയായി സംസ്ഥാനത്തിന് 12 മുതൽ 14 ഗഡുക്കളായാണ് ഓരോ സാമ്പത്തിക വർഷവും കേന്ദ്ര നികുതി വിഹിതം ലഭിക്കുന്നത്.

(ബി) കഴിഞ്ഞ മൂന്നുവർഷങ്ങളിൽ കേന്ദ്രത്തിൽനിന്നും ലഭിച്ച നികുതി വിഹിതം പട്ടികയായി ലഭ്യമാക്കുമോ?

കഴിഞ്ഞ മൂന്നുവർഷങ്ങളിൽ കേന്ദ്രത്തിൽനിന്നും ലഭിച്ച നികുതി വിഹിതം താഴെപ്പറയുന്നു.

| വർഷം | തുക (കോടിയിൽ) |
|---|---|
| 2018-19 | 19038.17 |
| 2019-20 | 16401.05 |
| 2020-21 | 11560.40 |

(സി) കേന്ദ്ര ധനകാര്യ കമ്മീഷൻ ഇപ്പോൾ നിശ്ചയിച്ച നികുതി വിഹിതം എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ; ഇത് മുൻവർഷങ്ങളെ അപേക്ഷിച്ച് കുറഞ്ഞുവരുന്നുണ്ടോ; വിശദമാക്കുമോ?

15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനത്തിന് 2021-2026 കാലയളവിൽ നിശ്ചയിച്ചിട്ടുള്ള നികുതി വിഹിതം 1.925 ശതമാനമാണ്. 11-ാം ധനകാര്യ കമ്മീഷൻ മുതൽ സംസ്ഥാനത്തിന്

അനുവദിച്ചുവരുന്ന നികുതി വിഹിതത്തിൽ താഴെപ്പറയുംപ്രകാരമുള്ള കുറവുണ്ടായിട്ടുണ്ട്.

| (നികുതി വിഹിതം %) | | | | | |
|---|---|---|---|---|---|
| XI FC | XII FC | XIII FC | XIV FC | XV FC (2020-21) | XV FC (2021-26) |
| 3.057 | 2.665 | 2.341 | 2.5 | 1.943 | 1.925 |

(ഡി) ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം സംസ്ഥാനത്തിനുണ്ടായ വരുമാന നഷ്ടം നികത്താൻ കഴിഞ്ഞ മൂന്നുവർഷം കേന്ദ്രം അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; തുടർവർഷങ്ങളിലും ഈ ആനുകൂല്യം ലഭ്യമാകുമോ; വിശദമാക്കുമോ?

ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം സംസ്ഥാനത്തിനുണ്ടായ വരുമാന നഷ്ടം നികത്താൻ കഴിഞ്ഞ മൂന്നുവർഷം കേന്ദ്രം അനുവദിച്ച തുകയുടെ വിവരം ചുവടെചേർക്കുന്നു.

| സാമ്പത്തിക വർഷം | ജി.എസ്.ടി. കോമ്പൻസേഷൻ | | Total (Cr) |
|---|---|---|---|
| | കോമ്പൻസേഷൻ സെസ്സ് ഫണ്ടിൽ നിന്നും | Special Window Loan Fund-ൽ നിന്നും | |
| 2018-19 | 3532.00 | - | 3532.00 |
| 2019-20 | 8111.00 | - | 8111.00 |
| 2020-21 | 7062.96 | 5766.00 | 12828.96 |
| 2021-22 (28 Feb 2022 | - | 8739.31 | 8739.31 |

| | | | |
|---|---|---|---|
| വരെ) | | | |

ജി.എസ്.ടി നഷ്ടപരിഹാര കാലാവധി നീട്ടണമെന്ന ആവശ്യം കേരളം ഉൾപ്പെടെയുള്ള പല സംസ്ഥാനങ്ങളും ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. 2021 സെപ്തംബറിൽ നടന്ന നാൽപ്പത്തിയഞ്ചാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ ഇതുസംബന്ധിച്ച അജണ്ട വിഷയം ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. കോവിഡ് പ്രതിസന്ധിമൂലം സംസ്ഥാനങ്ങൾക്കുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടണമെന്ന ആവശ്യം പ്രസ്തുത മീറ്റിംഗിൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടുന്നതുസംബന്ധിച്ച് ജി.എസ്.ടി. കൗൺസിൽ ഇതുവരെ അനുകൂല തീരുമാനങ്ങളൊന്നും സ്വീകരിച്ചതായി കാണപ്പെടുന്നില്ല.

(ഇ) കേന്ദ്ര സർക്കാരിന്റെ സാമ്പത്തികനയം ഏതെല്ലാം രീതിയിലാണ് സംസ്ഥാനത്തിന്റെ വരുമാനത്തെ പ്രതിസന്ധിയിലാക്കുന്നതെന്ന് നേരത്തെ ലഭ്യമായിരുന്ന ധനലഭ്യതയെ മുൻനിർത്തി താരതമ്യ വിശകലനങ്ങളിലൂടെ വിശദമാക്കുമോ?

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം കുറയുന്നതിന് താഴെപ്പറയുന്നവ കാരണമായിട്ടുണ്ട്.

1. സംസ്ഥാനത്തിനുള്ള കേന്ദ്ര നികുതി വിഹിതത്തിൽ 11-ാം ധനകാര്യ കമ്മീഷൻ മുതൽ താഴെപ്പറയുന്ന വിധത്തിൽ കുറവുണ്ടായിട്ടുണ്ട്.

| | | | | | (നികുതി വിഹിതം %) |
|---|---|---|---|---|---|
| XI FC | XII FC | XIII FC | XIV FC | XV FC (2020-21) | XV FC (2021-26) |
| 3.057 | 2.665 | 2.341 | 2.5 | 1.943 | 1.925 |

2. 2022 ജൂൺ മാസം വരെയാണ് ജി.എസ്.ടി. കോമ്പൻസേഷനുള്ളത്. ജി.എസ്.ടി. കുടിശ്ശിക യഥാസമയം നൽകാത്തത് സംസ്ഥാനത്തിന്റെ വരുമാനത്തിൽ കുറവുവരുത്തിയിട്ടുണ്ട്.

3. പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-26 കാലയളവിലേയ്ക്ക് സെക്ടർ സ്പെസിഫിക് ഗ്രാന്റിനത്തിൽ 2412 കോടി രൂപയും സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റിനത്തിൽ 1100 കോടി രൂപയും ശിപാർശ ചെയ്തിരുന്നുവെങ്കിലും ആയത് കേന്ദ്രസർക്കാർ പരിഗണിച്ചിരുന്നില്ല.

4. സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കാത്ത സെസ്സും സർചാർജ്ജും ഗണ്യമായി വർദ്ധിപ്പിച്ചതുകാരണം സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന

നികുതി വിഹിതത്തിൽ കുറവുണ്ടായതും റവന്യൂ വരുമാനത്തിൽ കുറവുണ്ടാക്കുന്നതിനിടയായിട്ടുണ്ട്.

5. 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം ആർ.ഡി. ഗ്രാന്റ് ഇനത്തിൽ 2021-22-ൽ 19,891 കോടി രൂപയും 2022-23-ൽ 13,174 കോടി രൂപയും 2023-24-ൽ 4,749 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. ആർ.ഡി. ഗ്രാന്റ് കുറഞ്ഞുവരുന്നതും സംസ്ഥാനത്തിന്റെ ധനവിഹിതത്തിൽ കുറവുവരുത്തുന്നു.

**സാമ്പത്തിക പ്രതിസന്ധി നേരിടാൻ നടപടി**

85(2494) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം അഭിമുഖീകരിക്കുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളൊഴിവാക്കിയും ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിലൂന്നിനിന്നുകൊണ്ടുള്ള

നടപടികളിലൂടെ നിലവിലെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്.

(ബി) സാമ്പത്തിക പ്രതിസന്ധി വികസന പ്രവർത്തനങ്ങളെ നിശ്ചലമാക്കുന്ന സാഹചര്യം നിലനിൽക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം പ്രവൃത്തികളാണ് വെട്ടിച്ചുരുക്കേണ്ടിവന്നിട്ടുള്ളത്; വെളിപ്പെടുത്തുമോ?

ഇല്ല.

(സി) തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമാണ് കുറച്ചത്; വിശദമാക്കുമോ?

വെട്ടിക്കുറച്ചിട്ടില്ല. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഒന്നാമത്തെ റിപ്പോർട്ടിലെ 7-ാം നമ്പർ ശിപാർശ അംഗീകരിച്ചുകൊണ്ട് ഒരിക്കൽ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചുകഴിഞ്ഞാൽ സംസ്ഥാനത്തിന്റെ പദ്ധതി അടങ്കൽ വെട്ടിക്കുറച്ചാലും പ്രാദേശിക സർക്കാരുകൾക്കുള്ള പദ്ധതി വിഹിതം ഭാവിയിൽ കുറയ്ക്കില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, പ്രാദേശിക സർക്കാരുകൾക്കുള്ള വികസന ഫണ്ട് പദ്ധതി അടങ്കലിന്റെ 30 ശതമാനം ആകുന്നതുവരെ ഓരോ വർഷവും 0.5 ശതമാനം വീതം വർദ്ധിപ്പിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

**ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധനകൾ**

86(2495) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലംമുതൽ നാളിതുവരെ ധനകാര്യ പരിശോധനാ വിഭാഗം ഐ.ടി. വകുപ്പിൽ എത്ര പരിശോധനകൾ നടത്തിയിട്ടുണ്ടെന്നും ഏതൊക്കെ പ്രോജക്ടുകളുമായി ബന്ധപ്പെട്ടാണ് പരിശോധനകൾ നടത്തിയിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ?

2016 മേയ് മാസം മുതൽ നാളിതുവരെ ധനകാര്യ പരിശോധനാ വിഭാഗം ഐ.ടി. വകുപ്പിനുകീഴിലുള്ള വിവിധ സ്ഥാപനങ്ങളിലായി 12 പരിശോധനകൾ നടത്തിയിട്ടുണ്ട്. പരിശോധന നടത്തിയ സ്ഥാപനങ്ങളുടെ പേരുകൾ ചുവടെചേർക്കുന്നു.

1. സി-ഡിറ്റ്
2. കേരള സ്റ്റാർട്ടപ് മിഷൻ
3. കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (2018-ൽ നടത്തിയ പരിശോധന)
4. കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (2020-ൽ നടത്തിയ പരിശോധന)
5. ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ & ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ
6. ഐ.സി.ടി. അക്കാഡമി
7. കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ

8. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്മെന്റ് കേരള

9. ടെക്നോപാർക്ക്, തിരുവനന്തപുരം

10. ഇൻഫോ പാർക്ക്, എറണാകുളം

11. സൈബർ പാർക്ക്, കോഴിക്കോട്.

12. അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസ്, കൊല്ലം.

(ബി) പ്രസ്തുത പരിശോധനകളുടെ ഭാഗമായി എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടെന്ന് അവ സമർപ്പിച്ച തീയതി സഹിതം വ്യക്തമാക്കുമോ?

ഐ.ടി. വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിലെ പരിശോധനകളുടെ ഭാഗമായി 9 റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. പരിശോധനാ റിപ്പോർട്ടുകൾ ഭരണ വകുപ്പിന് സമർപ്പിച്ച തീയതി ചുവടെചേർക്കുന്നു.

| | | |
|---|---|---|
| 1 | കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 06-03-2019 |
| 2 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്മെന്റ് കേരള | 07-04-2021 |
| 3 | കേരള സ്റ്റാർട്ടപ് മിഷൻ | 12-04-2021 |
| 4 | ഐ.സി.റ്റി അക്കാഡമി | 16-04-2021 |
| 5 | കേരള സ്റ്റേറ്റ് ഐ.റ്റി മിഷൻ | 16-06-2021 |
| 6 | ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ & ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ | 16-04-2021 |
| 7 | ഇൻഫോപാർക്ക്, എറണാകുളം | 13-05-2021 |
| 8 | അക്ഷയ പ്രോജക്ട് ജില്ലാ ഓഫീസ്, കൊല്ലം | 12-10-2021 |
| 9 | സി-ഡിറ്റ് | 2-10-2021 |

മറ്റ് മൂന്ന് സ്ഥാപനങ്ങളിലെ (കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് 2020-ൽ നടത്തിയ പരിശോധന, ടെക്നോപാർക്ക്, തിരുവനന്തപുരം, സൈബർ പാർക്ക്, കോഴിക്കോട്) അന്വേഷണ റിപ്പോർട്ടുകൾ അംഗീകാരത്തിനായി സമർപ്പണത്തിലാണ്.

**ജലഗതാഗത വകുപ്പിലെ താൽക്കാലിക നിയമനം**

87(2496) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിൽ താൽക്കാലിക ജീവനക്കാരെ പുതുതായി നിയമിക്കുന്നത് വിലക്കിക്കൊണ്ട് ധനകാര്യ വകുപ്പിൽനിന്ന് ഏതെങ്കിലും തരത്തിലുള്ള ഉത്തരവിറങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സ്പാർക്കിൽ ടെമ്പററി എംപ്ലോയി നമ്പർ നൽകാത്തതാണ് താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് തടസ്സമെന്ന് ജലഗതാഗത വകുപ്പ് പറയുന്നതിൽ വസ്തുതയുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**മാതിരപ്പിള്ളി-കോഴിപ്പിള്ളി എൻ.എച്ച്. ബൈപ്പാസ് നിർമ്മാണം**

88(2497) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-മധുര ദേശീയപാതയിൽ എൻ.എച്ച്. 85-ൽ കോതമംഗലം നിയോജകമണ്ഡലത്തിൽ മാതിരപ്പിള്ളി-കോഴിപ്പിള്ളി എൻ.എച്ച്. ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിലെ ബി1/176/ഐ.എൻ.ഡി. &പി.ഡബ്ല്യൂ.ഡി./2021/ഫിൻ. (കമ്പ്യൂട്ടർ നമ്പർ 1799843) നമ്പർ ഫയലിലെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

കൊച്ചി-മധുര ദേശീയപാതയിൽ എൻ.എച്ച്. 85-ൽ കോതമംഗലം നിയോജകമണ്ഡലത്തിൽ മാതിരപ്പിള്ളി-കോഴിപ്പിള്ളി എൻ.എച്ച്. ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പ്രൊപ്പോസലിന്മേൽ പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായത്തിനായി അർദ്ധ അനൗദ്യോഗിക കുറിപ്പ് സമർപ്പിച്ചിരിക്കുകയാണ്. ആയതിന് മറുപടി ലഭ്യമായിട്ടില്ല.

(ബി) പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കൊച്ചി-മധുര ദേശീയപാതയിൽ എൻ.എച്ച്. 85-ൽ കോതമംഗലം നിയോജകമണ്ഡലത്തിൽ മാതിരപ്പിള്ളി-കോഴിപ്പിള്ളി എൻ.എച്ച്. ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി ധനകാര്യ വകുപ്പിൽ സമർപ്പിച്ചിട്ടില്ല.

(സി) പ്രസ്തുത ബൈപ്പാസ് സ്റ്റാൻഡ് എലോൺ പദ്ധതിയായി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

കൊച്ചി-മധുര ദേശീയപാതയിൽ എൻ.എച്ച്. 85-ൽ കോതമംഗലം നിയോജകമണ്ഡലത്തിൽ മാതിരപ്പിള്ളി-കോഴിപ്പിള്ളി എൻ.എച്ച്. ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

## നിലമ്പൂർ ബൈപ്പാസ് നിർമ്മാണം

89(2498) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ നിലമ്പൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് 2013 മുതൽ നാളിതുവരെ ധനകാര്യ വകുപ്പ്

പുറത്തിറക്കിയ ഭരണാനുമതി ഉത്തരവുകൾ, ധനാനുമതി ഉത്തരവുകൾ, സ്പഷ്ടീകരണ സംശയനിവാരണ ആശയ വിനിമയങ്ങൾ, അനുമതി നിഷേധ ഉത്തരവുകൾ, ഇതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾക്ക് നൽകിയ മറ്റ് ആശയ വിനിമയങ്ങൾ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

നിലമ്പൂർ ബൈപ്പാസുമായി ബന്ധപ്പെട്ട് ഇതുവരെ പുറപ്പെടുവിച്ച ഭരണാനുമതി ഉത്തരവുകൾ താഴെ കൊടുത്തിരിക്കുന്നു.

10-09-2013-ലെ GO(Rt) 1216/13/PWD ഉത്തരവ് പ്രകാരം നിലമ്പൂർ ബൈപാസ് നിർമ്മാണത്തിന് 21 കോടി രൂപയും സ്ഥലമേറ്റെടുക്കുന്നതിന് 14 കോടി രൂപയും ചേർത്ത് 35 കോടി രൂപയുടെ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് സ്ഥലം ഏറ്റെടുക്കലിനായി അനുവദിച്ച ആകെ 35.2 കോടി രൂപയിൽ 20 കോടി രൂപയുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് (LOC) അനുവദിച്ചിട്ടുണ്ട്.

| GO s | Amount |
|---|---|
| GO(Rt) 1216/13/PWD dt 10-09-2013 | Rs.35 Crore (14 crore for land acquisition and 21 crore for construction) |
| GO(Rt) 1568/16/PWD dt 15-11-2016 | Rs.1.2 Crore (for land acquisition) |
| GO(Rt) 1177/18/PWD dt 30-07-2018 | Rs.1.2 Crore (for land acquisition) |
| GO(Rt) 1979/18/PWD dt 22-12-2018 | Rs. 40 Crore (for construction) |
| GO(Rt)34/2021/PWD dt 11-10-2021 | Rs.1.2Crore (for land acquisition) |
| Comprehensive AS: GO(Rt) 90/2021/PWD dt 21-01-2021 | Rs. 140,43,02,265 (for land acquisition and construction ) |

15-11-2016-ലെ ജി.ഒ.(ആർ.ടി.)നം.1568/16/പി.ഡബ്ല്യു.ഡി.പ്രകാരം സ്ഥലമേറ്റെടുക്കലിനായി 1.20 കോടി രൂപകൂടി അനുവദിക്കപ്പെട്ടു. 30-07-2018-ലെ GO(Rt) 1177/18/PWD ഉത്തരവ് പ്രകാരം നിലമ്പൂർ ബൈപ്പാസ് നിർമ്മാണത്തിന് 10 കോടി രൂപകൂടി അനുവദിച്ചു. (2018-2019-ലെ വർക്ക്സ് ബഡ്ജറ്റിൽ 50 കോടി എസ്റ്റിമേറ്റ് തുകയ്ക്ക് 10 കോടി രൂപ 20 ശതമാനമായി അനുവദിച്ചിരുന്നു). 22-12-2018-ലെ ജി.ഒ.(ആർ.ടി.)നം.1979/18/പി.ഡബ്ല്യു.ഡി. പ്രകാരം നിലമ്പൂർ ബൈപ്പാസ് നിർമ്മാണത്തിനായി 40 കോടി രൂപകൂടി അനുവദിച്ചിട്ടുണ്ട്. 11-10-2021-ലെ ജി.ഒ.(ആർ.ടി.)നം. 34/21/പി.ഡബ്ല്യു.ഡി. പ്രകാരം 52,265/- രൂപകൂടി അനുവദിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിലും ചീഫ് ടെക്നിക്കൽ എക്സാമിനറുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും നിലമ്പൂർ ബൈപ്പാസ് നിർമ്മാണത്തിനും സ്ഥലമേറ്റെടുക്കലിനുമായി ആകെ 140,43,02,265/- രൂപയുടെ സമഗ്ര ഭരണാനുമതി ഉത്തരവ് 21-01-2021-ലെ ജി.ഒ.(ആർ.ടി.)നം. 90/2021/പി.ഡബ്ല്യു.ഡി. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കലിനായി അനുവദിച്ച ആകെ 35.2 കോടി രൂപയിൽ 20 കോടി രൂപയുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് (LOC) അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു+. നിലമ്പൂർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയോജകമണ്ഡലത്തിലെ നിലമ്പൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്പഷ്ടീകരണ സംശയ നിവാരണ ആശയ വിനിമയങ്ങൾ, അനുമതി നിഷേധ ഉത്തരവുകൾ, ഇതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾക്ക് നൽകിയ മറ്റ് ആശയ വിനിമയങ്ങൾ എന്നിവ ഈ വകുപ്പിൽ നിന്ന് നൽകിയിട്ടില്ല.

(ബി) പ്രസ്തുത ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ഓഫീസിൽനിന്നും 2013 മുതൽ നാളിതുവരെ വിവിധ വകുപ്പുകൾക്ക് നൽകിയ കത്തുകളുടെയും ആശയ വിനിമയങ്ങളുടെയും ഉത്തരവുകളുടെയും സംശയ നിവാരണങ്ങളുടെയും പകർപ്പുകൾ അനുവദിക്കുമോ?

നിലമ്പൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയം ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിക്കുകയും ഒരു സമഗ്ര ഭരണാനുമതി പുറപ്പെടുവിക്കാവുന്നതാണെന്ന് ഈ വിഷയവുമായി ബന്ധപ്പെട്ട ഫയലിൽ അഭിപ്രായപ്പെട്ടിട്ടുമുണ്ട്. ഈ അഭിപ്രായമല്ലാതെ മറ്റ് കത്തുകളോ ആശയവിനിമയങ്ങളോ സംശയനിവാരണങ്ങളോ ചീഫ് ടെക്നിക്കൽ എക്സാമിനർ നൽകിയിട്ടുള്ളതായി ലഭ്യമാക്കിയിട്ടില്ല. ഇവയുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) 1995 മുതൽ നാളിതുവരെ നിലമ്പൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെല്ലാം വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റുകളിലാണ് ടോക്കൺ ഇനത്തിലോ 20 ശതമാനം തുക വകയിരുത്തിയോ ഭരണാനുമതിയില്ലാത്ത മരാമത്ത് പണികളുടെ അനുബന്ധത്തിലോ നിർദ്ദേശങ്ങളുണ്ടായിരുന്നതെന്ന് വർഷം തിരിച്ച് വിശദമാക്കാമോ; ഇവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

2018-2019 ലെ വർക്ക്സ് ബഡ്ജറ്റിൽ 50 കോടി എസ്റ്റിമേറ്റ് തുകയ്ക്ക് 10 കോടി രൂപ 20 ശതമാനമായി അനുവദിച്ചിരുന്നു. 20% തുകയായ 10 കോടി രൂപയ്ക്ക് 30-07-2018-ലെ ജി.ഒ.(ആർ.ടി.)നം. 1177/18/പി.ഡബ്ല്യു.ഡി. പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു+.

(ഡി) പ്രസ്തുത ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് 2013 മുതൽ ധനകാര്യ വകുപ്പിൽനിന്നും എത്ര തുകയാണ് അനുവദിച്ചതെന്നും ആയത് ഏതൊക്കെ വർഷങ്ങളിലാണെന്നും ഏതൊക്കെ ഇനങ്ങളിലാണെന്നും അറിയിക്കുമോ; മേൽഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലമ്പൂർ ബൈപ്പാസുമായി ബന്ധപ്പെട്ട് ഇതുവരെ പുറപ്പെടുവിച്ച ഭരണാനുമതി ഉത്തരവുകൾ താഴെ കൊടുത്തിരിക്കുന്നു.

| GO s | Amount |
|---|---|
| GO(Rt) 1216/13/PWD dt 10-09-2013 | Rs.35 Crore (14 crore for land acquisition and 21 crore for construction) |
| GO(Rt) 1568/16/PWD dt 15-11-2016 | Rs.1.2 Crore (for land acquisition) |
| GO(Rt) 1177/18/PWD dt 30-07-2018 | Rs.1.2 Crore (for land acquisition) |
| GO(Rt) 1979/18/PWD dt 22-12-2018 | Rs. 40 Crore (for construction) |
| GO(Rt)34/2021/PWD dt 11-10-2021 | Rs.1.2Crore (for land acquisition) |
| Comprehensive AS: GO(Rt) 90/2021/PWD dt 21-01-2021 | Rs. 140,43,02,265 (for land acquisition and construction ) |

10-09-2013-ലെ GO(Rt) 1216/13/PWD ഉത്തരവ് പ്രകാരം നിലമ്പൂർ ബൈപാസ് നിർമ്മാണത്തിന് 21 കോടി രൂപയും സ്ഥലമേറ്റെടുക്കുന്നതിന് 14 കോടി രൂപയും ചേർത്ത് 35 കോടി രൂപയുടെ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് സ്ഥലം ഏറ്റെടുക്കലിനായി അനുവദിച്ച ആകെ 35.2 കോടി രൂപയിൽ 20 കോടി രൂപയുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് (LOC) അനുവദിച്ചിട്ടുണ്ട്. 15-11-2016-ലെ ജി.ഒ.(ആർ.ടി.)നം.1568/16/ പി.ഡബ്ല്യു.ഡി. പ്രകാരം സ്ഥലമേറ്റെടുക്കലിനായി 1.20 കോടി രൂപകൂടി അനുവദിക്കപ്പെട്ടു. 30-07-2018-ലെ GO(Rt) 1177/18/PWD ഉത്തരവ് പ്രകാരം നിലമ്പൂർ ബൈപ്പാസ് നിർമ്മാണത്തിന് 10 കോടി രൂപകൂടി അനുവദിച്ചു.

(2018-2019-ലെ വർക്ക്സ് ബഡ്ജറ്റിൽ 50 കോടി എസ്റ്റിമേറ്റ് തുകയ്ക്ക് 10 കോടി രൂപ 20 ശതമാനമായി അനുവദിച്ചിരുന്നു).

22-12-2018-ലെ ജി.ഒ.(ആർ.ടി.)നം.1979/18/പി.ഡബ്ല്യൂ.ഡി. പ്രകാരം നിലമ്പൂർ ബൈപ്പാസ് നിർമ്മാണത്തിനായി 40 കോടി രൂപകൂടി അനുവദിച്ചിട്ടുണ്ട്. 11-10-2021-ലെ ജി.ഒ.(ആർ.ടി.)നം. 34/21/പി.ഡബ്ല്യൂ.ഡി. പ്രകാരം 52,265/- രൂപകൂടി അനുവദിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിലും ചീഫ് ടെക്നിക്കൽ എക്സാമിനറുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും നിലമ്പൂർ ബൈപ്പാസ് നിർമ്മാണത്തിനും സ്ഥലമേറ്റെടുക്കലിനുമായി ആകെ 140,43,02,265/- രൂപയുടെ സമഗ്ര ഭരണാനുമതി ഉത്തരവ് 21-01-2021-ലെ ജി.ഒ.(ആർ.ടി.)നം. 90/2021/പി.ഡബ്ല്യൂ.ഡി. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കലിനായി അനുവദിച്ച ആകെ 35.2 കോടി രൂപയിൽ 20 കോടി രൂപയുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് (LOC) അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു+.

(ഇ) നിലമ്പൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ സമഗ്ര ഭരണാനുമതി ഉത്തരവിന്റെ പകർപ്പും ബൈപ്പാസ് അദ്യഘട്ടം പൂർത്തിയാക്കുന്നതിന് തുക ആവശ്യപ്പെട്ട് പൊതുമരാമത്ത്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പ് ധനകാര്യ വകുപ്പിന് നൽകിയ കത്തുകളുടെയും ലെറ്റർ ഓഫ് ക്രെഡിറ്റിന്റെയും പകർപ്പുകളും അനുവദിക്കാമോ; മേൽവിഷയം സംബന്ധിച്ച ധനകാര്യവകുപ്പിലെ ഫയൽ നമ്പർ അറിയിക്കുമോ?

സമഗ്ര ഭരണാനുമതി 21-01-2021-ലെ ജി.ഒ (പി) നം. 90/2021/പൊ.മ.വ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+. പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ മലപ്പുറം ജില്ലയിലെ നിലമ്പൂർ ബൈപ്പാസ് നിർമ്മാണ പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി ഭരണാനുമതി നൽകി ഉത്തരവ് ഉണ്ടാകുമാറാകണമെന്ന് അപേക്ഷിച്ചിരുന്നു. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+. സ്ഥലമേറ്റെടുക്കലിനായി അനുവദിച്ച ആകെ 35.2 കോടി രൂപയിൽ 20 കോടി രൂപയുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് (LOC) അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+. മലപ്പുറം ജില്ലയിലെ നിലമ്പൂർ ബൈപ്പാസ് നിർമ്മാണ പ്രവൃത്തി സംബന്ധിച്ച ഫയൽ നമ്പർ E: 1284471/I&PW-B1/276/2019-FIN ആണ്.

## കെ.എസ്.എഫ്.ഇ. ഇളവുകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

90(2499) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെത്തുടർന്ന് സാമ്പത്തിക പ്രതിസന്ധിയിലായ ഉപഭോക്താക്കൾക്ക് കെ.എസ്.എഫ്.ഇ. എന്തൊക്കെ ഇളവുകളാണ് നൽകുന്നതെന്ന് വിശദമാക്കുമോ?

ഇപ്പോൾ നിലവിലിരിക്കുന്ന ആശ്വാസ് 2021 എന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 31-03-2021-നുമുമ്പ് കുടിശ്ശികയായിട്ടുള്ള അക്കൗണ്ടുകൾക്ക് (റവന്യൂ റിക്കവറി നടപടികൾ നേരിടുന്നതും അല്ലാത്തതുമായ) കുടിശ്ശികയുടെ കാലപ്പഴക്കമനുസരിച്ച് 60 മുതൽ 90 ശതമാനംവരെ പലിശയിൽ ഇളവ് നൽകുന്നുണ്ട്. 31-03-2022 വരെയാണ് ഇതിന്റെ കാലാവധി.

(ബി) ഈ ഇളവുകൾ അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുകൂടി നീട്ടുന്നത് പരിഗണനയിലുണ്ടോ?

ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇത്തരത്തിൽ സാമ്പത്തിക പ്രയാസമനുഭവിക്കുന്ന ശ്രീ. കുഞ്ഞിരാമൻ, മീത്തലെ ചെറുവോട്ട്, തിരുവള്ളൂർ സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ശ്രീ. കുഞ്ഞിരാമൻ, മീത്തലെ ചെറുവോട്ട്, തിരുവള്ളൂർ എന്നയാൾ കെ.എസ്.എഫ്.ഇ. ആയഞ്ചേരി ശാഖയിൽ 2/2014-21 നമ്പർ ചിട്ടിയിലെ ചിറ്റാളനാണ്. ചിട്ടിപ്പണം കൈപ്പറ്റിയശേഷം തിരിച്ചടവിൽ മുടക്കം വന്നതിനെത്തുടർന്ന് കെ.എസ്.എഫ്.ഇ. കോഴിക്കോട് സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ (ആർ.ആർ.) ഓഫീസിൽ റവന്യൂ റിക്കവറി നടപടികൾ നേരിട്ടുവരുന്നതുമാണ്. 06-11-2021-ന് കെ.എസ്.എഫ്.ഇ. ചെയർമാൻ മുമ്പാകെ ശ്രീ. കുഞ്ഞിരാമൻ സമർപ്പിച്ച അപേക്ഷ 19-11-2021-നനടന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ അനുബന്ധ കമ്മിറ്റി പരിഗണിക്കുകയും അർഹമായതിനേക്കാൾ 10% കൂടുതൽ പലിശയിളവോടെ (90%) കുടിശ്ശിക തീർപ്പാക്കുന്നതിന് 15-12-2021 വരെ സമയം അനുവദിച്ചിരുന്നുവെങ്കിലും കുടിശ്ശിക തീർപ്പാക്കിയിട്ടില്ല. നിലവിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയായ 'ആശ്വാസ്-2021' പ്രകാരം 90% പലിശയിളവോടെയും സർക്കാർ കളക്ഷൻ ചാർജ്ജ് ഒഴിവാക്കിയും കുടിശ്ശിക തീർപ്പാക്കുന്നതിന് 31-03-2022 വരെ അവസരം ലഭിക്കുന്നതാണ്. എന്നാൽ 02-02-2022-ന് ശ്രീ. കുഞ്ഞിരാമൻ ധനകാര്യ വകുപ്പുമന്ത്രി മുമ്പാകെ സമർപ്പിച്ച അപേക്ഷ (FMO. 5912162) 27-02-

2022-ന് കെ.എസ്.എഫ്.ഇ.-യിൽ ലഭിക്കുകയും പ്രസ്തുത അപേക്ഷ ഇപ്പോൾ കമ്മിറ്റിയുടെ പരിഗണനയിലുമാണ്.

**തൊഴിലാളികളുടെ വിവിധ ആനുകൂല്യങ്ങൾ**

91(2500) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ വിവിധ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇ.എസ്.ഐ. പരിധി കഴിഞ്ഞവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനും പെൻഷനുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ?

അത്തരത്തിലുള്ള ഒരു ശിപാർശയും ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടില്ല.

**അക്രെഡിറ്റഡ് ഏജൻസികൾ മുഖാന്തരം നടത്തുന്ന പൊതുപ്രവൃത്തികൾ**

92(2501) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്രെഡിറ്റഡ് ഏജൻസികൾ മുഖാന്തരം സംസ്ഥാനത്ത് പൊതുപ്രവൃത്തികൾ നടത്തുമ്പോൾ ഒരു കോടി രൂപയിൽത്താഴെയുള്ള പ്രവൃത്തികൾ ടെൻഡർ കൂടാതെ നോൺ പി.എം.സി.-കളായ അക്രെഡിറ്റഡ് ഏജൻസികൾക്ക് നേരിട്ട് ഏൽപ്പിക്കാൻ സാധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; ഇതുസംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് നൽകുമോ?

സാധിക്കും. 04-07-2019-ലെ സ.ഉ. (പി) നം.77/2019/ധന. ഉത്തരവ് പ്രകാരം നോൺ പി.എം.സി. അക്രെഡിറ്റേഷൻ സ്റ്റാറ്റസുള്ള ഏജൻസികൾക്ക് ഒരുകോടി രൂപവരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ടെൻഡർ കൂടാതെ നേരിട്ട് ഏൽപ്പിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 17-01-2022-ലെ ജി.ഒ.(പി)നം.7/2022/ധന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)+

(ബി) ഇപ്രകാരം പ്രവൃത്തി ഏൽപ്പിക്കുമ്പോൾ ഒരേ മേഖലയിൽ ഒന്നിൽക്കൂടുതൽ നോൺ പി.എം.സി. അക്രെഡിറ്റഡ് ഏജൻസികളുള്ള സാഹചര്യത്തിൽ അക്രെഡിറ്റഡ് ഏജൻസിയെ എന്ത് മാനദണ്ഡം അടിസ്ഥാനമാക്കിയാണ് തെരഞ്ഞെടുക്കുന്നതെന്ന് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒരേ മേഖലയിൽ ഒന്നിൽക്കൂടുതൽ നോൺ പി.എം.സി.-കളായ അക്രെഡിറ്റഡ് ഏജൻസികളുണ്ടെങ്കിൽ ഇവയിൽ ഏത് തെരഞ്ഞെടുക്കണമെന്നത് സംബന്ധിച്ച് 17-01-2022-ലെ ജി.ഒ.(പി)നം.7/2022/ധന പ്രകാരം സർക്കാർ പ്രത്യേക മാനദണ്ഡങ്ങളൊന്നും നിശ്ചയിച്ചിട്ടില്ല. അക്രെഡിറ്റഡ് ഏജൻസികളുടെ പെർഫോമൻസ്, സർവ്വീസ് എന്നിവയുടെ അടിസ്ഥാനത്തിൽ എഗ്രിമെന്റ് അതോറിറ്റിക്ക് സ്വീകാര്യമായ നോൺ പി.എം.സി.-യെ പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ഏൽപ്പിക്കാവുന്നതാണ്.

**കെയർ ഇക്കോണമി**

93(2502) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെയർ ഇക്കോണമിയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി വയോജന പരിചരണം, ഭിന്നശേഷിക്കാരുടെ പരിചരണം തുടങ്ങിയവയിൽ പരിശീലനം നൽകുമെന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഈ സാമ്പത്തിക വർഷം ഇതുവരെ ധനകാര്യ വകുപ്പ് എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

## ജപ്തി നടപടികൾക്കുള്ള മൊറട്ടോറിയം

94(2503) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ, ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നാക്കവിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ തുടങ്ങി വിവിധ ഏജൻസികൾ മുഖേന നൽകിയിട്ടുള്ള വായ്പകളുടെ ജപ്തി നടപടികൾക്കുള്ള മൊറട്ടോറിയം 2021 ഡിസംബർ മാസം 31-ന് അവസാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോവിഡ് പ്രതിസന്ധി തുടരുന്ന സാഹചര്യത്തിൽ ടി സ്ഥാപനങ്ങളിൽനിന്നും ജപ്തി നടപടികൾക്കായി നോട്ടീസ് ലഭിച്ചതിനെത്തുടർന്ന് സംസ്ഥാനത്ത് ചിലർ ആത്മഹത്യ ചെയ്യുന്ന സാഹചര്യമുണ്ടായതും പൊതുജനങ്ങൾ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയും പരിഗണിച്ച് മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽനിന്നുള്ള ജപ്തി

നടപടികൾക്ക് ഒരു വർഷംകൂടി മൊറട്ടോറിയം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

മൊറട്ടോറിയത്തിന്റെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## റീബിൽഡ് കേരള പദ്ധതി

95(2504) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയത്തെത്തുടർന്ന് സർക്കാർ ആവിഷ്കരിച്ച റീബിൽഡ് കേരള പദ്ധതിയിൽ 13.82 ശതമാനം തുക മാത്രമാണ് ചെലവഴിച്ചതെന്നുള്ളത് പരിശോധിച്ചിട്ടുണ്ടോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പദ്ധതികൾ 14 വകുപ്പുകളിലായാണ് നടന്നുവരുന്നത്. ഇവയിൽ ഹ്രസ്വകാല, ദീർഘകാല പദ്ധതികളുണ്ട്. നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും പദ്ധതികൾക്കാവശ്യമായ തുക അതാതുവർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽനിന്ന് അനുവദിക്കുകയാണ് ചെയ്യുന്നത്. ഇതുവരെ ആകെ ആയിരം കോടി രൂപ ഇത്തരത്തിൽ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്.

റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഈ സാമ്പത്തിക വർഷം (14-03-2022 വരെ) 41.48 % തുക ചെലവഴിച്ചിട്ടുണ്ട്.

(ബി) റീബിൽഡ് കേരള പദ്ധതിക്കായി ലോക ബാങ്കിൽനിന്നും ലഭിച്ച ആയിരത്തി എഴുനൂറ്റി എൺപത് കോടി രൂപ വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

റീബിൽഡ് കേരള പദ്ധതികൾക്കായി ലോക ബാങ്കിൽനിന്ന് വികസന നയവായ്പയായി 250 ദശലക്ഷം ഡോളറാണ് (1779.58 കോടി രൂപ) ലഭ്യമായത്. ഈ തുക സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്കാണ് ലഭ്യമാകുന്നത്. ഇതിൽനിന്നും ഓരോ വർഷവും ബഡ്ജറ്റ് വിഹിതമായാണ് റീബിൽഡ് കേരളയ്ക്ക് തുക അനുവദിക്കുന്നത്. ഇത്തരത്തിൽ 2019-20, 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലായി ആകെ 3830 കോടി രൂപ ആർ.കെ.ഐ.-യ്ക്ക് വകയിരുത്തിയിട്ടുണ്ട്. പദ്ധതികളുടെ പുരോഗതി വിലയിരുത്തി ഓരോ ഘട്ടത്തിനും ആവശ്യമായ തുക അനുവദിക്കുകയാണ് ചെയ്യുന്നത്.

(സി) ലോക ബാങ്കിൽനിന്നും രണ്ടാം ഗഡു ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ രണ്ടാം ഗഡു ലഭിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

വികസനനയ വായ്പയുടെ രണ്ടാം ഗഡു സംബന്ധിച്ച അനുമതിക്കായി കേന്ദ്രസർക്കാരിനെ സമീപിച്ചെങ്കിലും എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും കോവിഡ് പ്രതിസന്ധി നേരിടുന്നതിനായി ദേശീയതലത്തിൽ വികസനനയ വായ്പയെടുക്കുന്നതിന് കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുള്ളതിനാൽ സംസ്ഥാനതലത്തിലുള്ള പ്രത്യേക വികസനനയ വായ്പ പരിഗണിക്കാനാകില്ലെന്ന് അറിയിച്ചതിനെത്തുടർന്ന്, ലോകബാങ്കിന്റെ നിർദ്ദിഷ്ട റസീലിയന്റ് കേരള പ്രോഗ്രാം ഡെവലപ്മെന്റ് പോളിസി ഓപ്പറേഷൻ (DPO-2), പ്രോഗ്രാം ഫോർ റിസൾട്ട് (PforR) രീതിയിലേയ്ക്ക് മാറ്റുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന്റെ അനുമതി തേടുകയും അംഗീകാരം ലഭിക്കുകയും ചെയ്തു. പ്രകൃതി ദുരന്തങ്ങളുടെ ഫലമായുണ്ടാകുന്ന ഭൗതികവും സാമ്പത്തികവുമായ ദുർബ്ബലാവസ്ഥ കുറയ്ക്കുന്നതിനും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുമായി പൊതു-സ്വകാര്യ ആസ്തികളുടെ അതിജീവനക്ഷമത ഉറപ്പിക്കുന്നതരത്തിൽ കൂടുതൽ മികവുള്ള പുനർനിർമ്മാണത്തിനുള്ള സാമ്പത്തിക പിന്തുണ തുടർന്നും ഉറപ്പാക്കുന്നതിനായി, പൂർത്തീകരിച്ച ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ വായ്പ അനുവദിക്കുന്ന, ഫലപ്രാപ്തി അധിഷ്ഠിത പരിപാടി (Program for Results-PforR) എന്ന തരത്തിലാകും

ആർ.കെ.ഡി.പി.-II. അപ്രകാരം, മൊത്തം 370 ദശലക്ഷം ഡോളറിന്റെ റസീലിയന്റ് കേരള പ്രോഗ്രാം ഫോർ റിസൾട്ട് പദ്ധതിയിൽ കോ-ഫിനാൻസിംഗ് മാതൃകയിൽ ലോകബാങ്കും ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കും ഫ്രഞ്ച് ബാങ്കായ AFD-യും വായ്പ നൽകും. ഇതിനായുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനാവശ്യമായ സ്വാഭാവികമായ കാലവിളംബം മാത്രമാണുണ്ടായിട്ടുള്ളത്.

## ഉത്സവ കച്ചവടക്കാർക്ക് ധനസഹായം

96(2505) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്സവങ്ങളോടനുബന്ധിച്ചുള്ള കച്ചവടം നടത്തി ഉപജീവനം കണ്ടെത്തിയിരുന്നവർ കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ദുരിതമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കച്ചവടക്കാർക്ക് നാളിതുവരെ എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരക്കാർക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) കോവിഡ് സാഹചര്യത്തിൽ വിവിധ ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് ആശ്വാസ ധനസഹായം നൽകിയ വകയിൽ സാമ്പത്തിക ഭദ്രത കുറഞ്ഞ ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ സർക്കാർ 1000 രൂപവീതം ആശ്വാസ ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ കോവിഡ് സാഹചര്യത്തിൽ സാമൂഹ്യ സുരക്ഷാ/ക്ഷേമ പെൻഷനുകൾ ലഭിക്കാത്ത ഓരോ ബി.പി.എൽ. (പി.എച്ച്.എച്ച്.), എ.എ.വൈ. കുടുംബത്തിനും സർക്കാർ രണ്ടുതവണ 1000 രൂപയുടെ ധനസഹായം അനുവദിച്ചിരുന്നു. എന്നാൽ ഉത്സവത്തോടനുബന്ധിച്ചുള്ള കച്ചവടം നടത്തി ഉപജീവനം കണ്ടെത്തുന്നവർക്ക് കോവിഡ് പ്രതിസന്ധി സാഹചര്യത്തിൽ പ്രത്യേകമായി ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് ഭരണ വകുപ്പിൽനിന്നും ശിപാർശകളൊന്നും ധനകാര്യ (തൊഴിൽ) വകുപ്പിൽ ലഭ്യമാക്കിയിട്ടില്ല. നിലവിൽ കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് അനുവദിച്ചിട്ടുള്ളതിനാലും ജനജീവിതം സാധാരണ നിലയിലേയ്ക്ക് വന്നിട്ടുള്ളതിനാലും മേൽവിഭാഗത്തിന് പ്രത്യേകമായി സാമ്പത്തിക സഹായം അനുവദിക്കേണ്ട സാഹചര്യം നിലവിലില്ല.

## സംസ്ഥാനത്തിന് നികുതി നിശ്ചയിക്കാൻ അധികാരമുള്ള കാര്യങ്ങൾ

97(2506) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം നിലവിൽ ഏതെല്ലാം കാര്യങ്ങളിലാണ് സംസ്ഥാനത്തിന് നികുതി നിശ്ചയിക്കാൻ അധികാരമുള്ളത്; വിശദീകരിക്കുമോ?

ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം കേരള പൊതുവില്പന നികുതി നിയമപ്രകാരം നികുതി നിശ്ചയിച്ചിരിക്കുന്ന പെട്രോൾ, ഡീസൽ, എ.റ്റി.എഫ്., വിദേശമദ്യം എന്നിവയിന്മേലും കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം നികുതി നിശ്ചയിച്ചിരിക്കുന്ന നാച്വറൽ ഗ്യാസിനും നികുതി നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാനത്തിനുണ്ട്.

(ബി) കേന്ദ്രസർക്കാർ ഇന്ധന നികുതി ഏകപക്ഷീയമായി ചുമത്തി വാങ്ങുന്നുവെന്നത് സംസ്ഥാനത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ ഒരു ലിറ്റർ പെട്രോളിൽനിന്നും വിവിധ സെസ്, സർചാർജ്ജുകളടക്കം എത്ര രൂപയാണ് കേന്ദ്രസർക്കാർ വാങ്ങുന്നത്; സംസ്ഥാനത്തിന് ലഭിക്കുന്നത് എത്ര രൂപയാണ്; വിശദമാക്കുമോ?

2014-ൽ കേന്ദ്രസർക്കാർ അധികാരത്തിലേറിയ സമയത്ത് ഓരോ ലിറ്റർ പെട്രോളിന്മേലും ഡീസലിന്മേലും ചുമത്തിയിരുന്ന കേന്ദ്ര നികുതികൾ യഥാക്രമം 9.48 രൂപ/ലിറ്റർ, 3.57 രൂപ/ലിറ്റർ എന്നിങ്ങനെയായിരുന്നത് നിലവിൽ യഥാക്രമം 27.9 രൂപ/ലിറ്റർ, 21.8 രൂപ/ലിറ്റർ എന്നിങ്ങനെ വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാന സർക്കാർ പെട്രോളിന്മേലും ഡീസലിന്മേലും ചുമത്തുന്ന നികുതി യഥാക്രമം 30.08 ശതമാനം, 22.76 ശതമാനം എന്നിവയാണ്. 2016-ൽ അധികാരത്തിൽ വന്നശേഷം സംസ്ഥാന സർക്കാർ നാളിതുവരെ പെട്രോൾ, ഡീസൽ നികുതി വർദ്ധിപ്പിച്ചിട്ടില്ല.

**മാതാപിതാക്കൾ മരണപ്പെട്ട കുട്ടികൾക്ക് ധനസഹായം**

98(2507) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് മഹാമാരിമൂലം മാതാപിതാക്കൾ മരണപ്പെട്ട കുട്ടികളുടെ സംരക്ഷണത്തിനായി സർക്കാർ പ്രഖ്യാപിച്ച പ്രത്യേക പാക്കേജിലെ ആനുകൂല്യങ്ങൾ നൽകുന്നതിനായി നാളിതുവരെ ധനകാര്യ വകുപ്പിൽനിന്നും എത്ര രൂപ അനുവദിച്ചിട്ടുണ്ട്; ഏതൊക്കെ ഇനത്തിലാണ് പ്രസ്തുത തുക അനുവദിച്ചതെന്നും എത്ര രൂപ ചെലവഴിച്ചെന്നും വ്യക്തമാക്കുമോ?

18-08-2021-ലെ ജി.ഒ. (ആർ.ടി.) നമ്പർ 5578/2021/ധന പ്രകാരം, കോവിഡ് മഹാമാരിമൂലം മാതാപിതാക്കൾ മരണപ്പെട്ട കുട്ടികളുടെ സംരക്ഷണത്തിന് കുട്ടികൾക്ക് ധനസഹായം നൽകുന്ന പദ്ധതിയുടെ നടത്തിപ്പിനായി 2235-02-102-23 (NP) എന്ന ശീർഷകത്തിൽ 3,20,00,000/- രൂപ നടപ്പു സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. കോവിഡ് ബാധിച്ച് മാതാപിതാക്കൾ രണ്ടുപേരും മരണപ്പെട്ട കുട്ടികൾക്കും അതോടൊപ്പം നേരത്തെ മാതാപിതാക്കളിലൊരാൾ മരണപ്പെടുകയും ശേഷിച്ച ആൾ കോവിഡുമൂലം മരണപ്പെട്ട് രക്ഷിതാക്കൾ പൂർണ്ണമായും നഷ്ടപ്പെട്ടതുമായ കുട്ടികൾക്ക് വനിത ശിശുവികസന വകുപ്പിൽനിന്ന് മൂന്നുലക്ഷം രൂപ സ്ഥിര നിക്ഷേപമായും 18 വയസ്സ് പൂർത്തിയാകുന്നതുവരെ 2000/- രൂപവീതം പ്രതിമാസവും അനുവദിക്കുന്നു. മേൽഅനുവദിച്ച 3,20,00,000/- രൂപ പദ്ധതിയുടെ ഗുണഭോക്താക്കളായ 103 കുട്ടികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ ഉള്ളടക്കം ചെയ്യുന്നു.+

## അധിക വിഭവ സമാഹരണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

99(2508) <u>ശ്രീ. മഞ്ഞളാംകുഴി അലി:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും പുതുതായി നികുതികൾ ഏർപ്പെടുത്തിയും നിലവിലുള്ള നിരക്കിൽ മാറ്റംവരുത്തിയും ഓരോവർഷവും ബഡ്ജറ്റിൽ അധികവിഭവ സമാഹരണത്തിലൂടെ എത്ര തുകവീതം സമാഹരിക്കുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്; വർഷവും അധിക വിഭവ സമാഹരണ ലക്ഷ്യവും വിശദമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ ഇനത്തിലും എത്ര തുക സമാഹരിക്കപ്പെട്ടുവെന്ന വിശദവിവരം നൽകുമോ?

(എ&ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും അധിക വിഭവ സമാഹരണത്തിലൂടെയും തനത് നികുതിയിനത്തിലൂടെയും പ്രതീക്ഷിച്ചിരുന്നതും ലഭ്യമായതുമായ തുകയുടെ വിശദാംശങ്ങളും അധിക വിഭവ മാഹാത്മ്യമുൾപ്പെടെ തനതുനികുതിയിൽ ഓരോ ഇനത്തിലും ലഭ്യമായ തുകയുടെ വിശദാംശങ്ങളും പട്ടികരൂപത്തിൽ അനുബന്ധമായി ചേർക്കുന്നു.+ നോട്ട് നിരോധനം, ചരക്കു സേവന നികുതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പാക്കിയപ്പോഴുണ്ടായ പാളിച്ചകൾ, തുടർച്ചയായ കാലവർഷക്കെടുതികളും പ്രളയവും, മഹാമാരിയായ കോവിഡ് 19-ന്റെ വ്യാപനം എന്നിവ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാന ലക്ഷ്യത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും ബഡ്ജറ്റിൽ തുക വകയിരുത്താത്തതും എന്നാൽ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതുമായ പദ്ധതികളുടെ തുക തമ്മിലുള്ള വ്യത്യാസം എത്രയായിരുന്നുവെന്ന് വിശദമാക്കാമോ; പ്രസ്തുത വ്യത്യാസം പരിഹരിക്കാനാവശ്യമായ വിഭവ സമാഹരണം കണ്ടെത്താൻ ഇതിനോടകം കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ?

ബഡ്ജറ്റിൽ തുക വകയിരുത്താത്തതും എന്നാൽ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതുമായ പദ്ധതികൾക്ക് ഉപധനാഭ്യർത്ഥന വഴിയാണ് തുക വകയിരുത്തിവരുന്നത്. സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയും പദ്ധതികളുടെ മുൻഗണനയും കണക്കിലെടുത്താണ് ഇത്തരത്തിലുള്ള ഓരോ പദ്ധതിക്കും തുക അനുവദിക്കുന്നത്.

**പി.എം.സി.-കളായ അക്രെഡിറ്റഡ് ഏജൻസികളുടെ സേവനം**

100(2509) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു പ്രവൃത്തികൾ നടപ്പാക്കുമ്പോൾ അക്രെഡിറ്റഡ് ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച 17-01-2022-ലെ 07/2022 നമ്പർ ഉത്തരവ് പ്രകാരം ഒരു കോടി രൂപയിൽത്താഴെയുള്ള പ്രവൃത്തികൾക്ക് ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട പി.എം.സി.-കളായ അക്രെഡിറ്റഡ് ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതില്ലെന്നും ഒരു കോടി രൂപയിൽത്താഴെയുള്ള പ്രവൃത്തികൾക്ക് നോൺ പി.എം.സി.-കളായ ഏജൻസികളുടെ സേവനം മാത്രമേ ഉപയോഗപ്പെടുത്താവൂവെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

04-07-2019-ലെ സ.ഉ. (പി) നം. 77/2019/ധന ഉത്തരവ് പ്രകാരം നോൺ പി.എം.സി. അക്രെഡിറ്റേഷൻ സ്റ്റാറ്റസുള്ള ഏജൻസികൾക്ക് ഒരു കോടി രൂപവരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ടെൻഡർ കൂടാതെ നേരിട്ടേൽപ്പിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 17-01-2022-ലെ ജി.ഒ.(പി)നം.7/2022/ധന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).+ എന്നാൽ പ്രസ്തുത ഉത്തരവിൽ ഒരു കോടി രൂപയിൽത്താഴെയുള്ള പ്രവൃത്തികൾക്ക് ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട പി.എം.സി.-കളായ അക്രെഡിറ്റഡ് ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതില്ലെന്നും നോൺ പി.എം.സി.-കളായ ഏജൻസികളുടെ സേവനം മാത്രമേ ഉപയോഗപ്പെടുത്താവൂ എന്നും നിഷ്കർഷിച്ചിട്ടില്ല.

(ബി) ഒരു കോടി രൂപയിൽത്താഴെയുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിന് നിലവിലെ സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി ടെൻഡർ നടപടികൾ സ്വീകരിച്ച് അക്രെഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുത്ത് പി.എം.സി. വ്യവസ്ഥയിൽ പ്രവൃത്തികൾ അക്രെഡിറ്റഡ് ഏജൻസികൾ മുഖാന്തരം നടപ്പാക്കുന്നതിന് നിയമപരമായ തടസ്സങ്ങൾ വല്ലതുമുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

തടസ്സങ്ങളൊന്നുംതന്നെയില്ല.

(സി) ഒരു കോടി രൂപയിൽത്താഴെയുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിന്, ടെൻഡർ നടപടികൾ സ്വീകരിച്ച് അക്രെഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുത്ത് പി.എം.സി. വ്യവസ്ഥയിൽ നടപ്പാക്കുന്നതിന് നോൺ പി.എം.സി.-കളായ അക്രെഡിറ്റഡ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏജൻസികളുടെ അനുവാദമോ നിരാക്ഷേപപത്രമോ ലഭ്യമാക്കണമെന്ന് ധനകാര്യ വകുപ്പ് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

വ്യവസ്ഥ ചെയ്തിട്ടില്ല.

**അക്രെഡിറ്റഡ് ഏജൻസികൾ മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾ**

101(2510) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്രെഡിറ്റഡ് ഏജൻസികൾ മുഖാന്തരം നടപ്പാക്കുന്ന പ്രവൃത്തികൾ ഒരു കോടി രൂപയിൽത്താഴെയാണെങ്കിൽ ടെൻഡർ കൂടാതെ നോൺ പി.എം.സി.-കളായ അക്രെഡിറ്റഡ് ഏജൻസികൾക്ക് നേരിട്ട് ഏൽപ്പിക്കാൻ സാധിക്കുമോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ?

സാധിക്കും. 04-07-2019-ലെ സ.ഉ. (പി) നം. 77/2019/ധന ഉത്തരവ് പ്രകാരം നോൺ പി.എം.സി. അക്രെഡിറ്റേഷൻ സ്റ്റാറ്റസുള്ള ഏജൻസികൾക്ക് ഒരു കോടി രൂപവരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ടെൻഡർ കൂടാതെ നേരിട്ടേല്പിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 17-01-2022-ലെ ജി.ഒ.(പി)നം.7/2022/ധന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇപ്രകാരം പ്രവൃത്തികൾ ഏൽപ്പിക്കുമ്പോൾ ഒരേ മേഖലയിൽ ഒന്നിൽക്കൂടുതൽ നോൺ പി.എം.സി.-കളായ അക്രെഡിറ്റഡ് ഏജൻസികളുണ്ടെങ്കിൽ അവയെ തെരഞ്ഞെടുക്കുന്നത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ?

ഒരേ മേഖലയിൽ ഒന്നിൽക്കൂടുതൽ നോൺ പി.എം.സി.-കളായ അക്രെഡിറ്റഡ് ഏജൻസികളുണ്ടെങ്കിൽ ഇവയിൽ ഏത് തെരഞ്ഞെടുക്കണമെന്നത് സംബന്ധിച്ച് 17-01-2022-ലെ ജി.ഒ. (പി)നം.7/2022/ധന പ്രകാരം സർക്കാർ പ്രത്യേക മാനദണ്ഡങ്ങളൊന്നും നിശ്ചയിച്ചിട്ടില്ല. അക്രെഡിറ്റഡ് ഏജൻസികളുടെ പെർഫോർമൻസ്, സർവ്വീസ് എന്നിവയുടെ അടിസ്ഥാനത്തിൽ എഗ്രിമെന്റ് അതോറിറ്റിക്ക് സ്വീകാര്യമായ നോൺ പി.എം.സി.-യെ പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ഏൽപ്പിക്കാവുന്നതാണ്.

## വികസന ഫണ്ടുകളുടെ വിവരങ്ങൾ

102(2511) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാർക്ക് adskerala എന്ന ലിങ്ക് മുഖേന ആസ്തി വികസന ഫണ്ട് ഫയലുകളുടെ നീക്കം സംബന്ധിച്ച വിവരങ്ങൾ

അറിയുന്നതിന് യൂസർ ഐ.ഡി., പാസ്‌വേർഡ് എന്നിവ ലഭ്യമാക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എം.എൽ.എ.-മാർക്ക് എസ്.ഡി.എഫ്., എ.ഡി.എഫ്. സംബന്ധിച്ച ഫയലുകളുടെ നീക്കങ്ങളറിയുന്നതിന് യൂസർ ഐ.ഡി., പാസ്‌വേഡ് എന്നിവ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2017-18 മുതലുള്ള നിയോജകമണ്ഡല ആസ്തി വികസന പദ്ധതികൾ (ADF), WWW.ads2.kerala.gov.in എന്ന പോർട്ടൽ മുഖേനയാണ് നിലവിൽ കൈകാര്യം ചെയ്തുവരുന്നത്. എം.എൽ.എ.-മാർക്ക് ആസ്തി വികസന ഫണ്ട് ഫയലുകളുടെ നീക്കം സംബന്ധിച്ച വിവരങ്ങളറിയുന്നതിന് യൂസർ ഐ.ഡി., പാസ്‌വേർഡ് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിക്ക് (SDF) നിലവിൽ അപ്രകാരം പോർട്ടൽ സൗകര്യമില്ല. എസ്.ഡി.എഫ്., എ.ഡി.എഫ്. പദ്ധതികൾകൂടി ഉൾപ്പെടുത്തി വിപുലമായൊരു ഇ-നിയമസഭാ പോർട്ടൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**ബാലുശ്ശേരി താലൂക്കാശുപത്രിക്ക് പുതിയ കെട്ടിടം**

103(2512) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി താലൂക്കാശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കിഫ്ബി എത്ര കോടി രൂപയുടെ ധനാനുമതിയാണ് നൽകിയിരിക്കുന്നത്?

കോഴിക്കോട് ബാലുശ്ശേരി താലൂക്കാശുപത്രിയുടെ നിർമ്മാണത്തിനായി കിഫ്ബി 18.582 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്.

(ബി) കിഫ്ബിയിൽനിന്നും പ്രസ്തുത കെട്ടിട നിർമ്മാണത്തിനുള്ള അന്തിമാനുമതി നൽകുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

പ്രസ്തുത പദ്ധതിക്കായി ഡി.എസ്.ആർ. റിവിഷൻ, ജി.എസ്.ടി. എന്നിവകാരണം പരിഷ്കരിച്ച എസ്റ്റിമേറ്റ് എസ്.പി.വി. ആയ വാപ്കോസ് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളത് പരിശോധനയിലാണ്. എത്രയും പെട്ടെന്നുതന്നെ കിഫ്ബി പുതുക്കിയ ധനാനുമതി നൽകുന്നതാണ്.

## സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനം

104(2513) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖാന്തരം അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കുന്ന സ്കൂളുകളുടെ നിലവിലെ അവസ്ഥയെന്താണെന്ന് അറിയിക്കുമോ?

കിഫ്ബി മുഖാന്തരം അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കുന്ന സ്കൂളുകളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത സ്കൂളുകളിൽ ഇനിയും പ്രവൃത്തി പൂർത്തിയാകാത്ത സ്കൂളുകൾ ഏതെല്ലാമാണെന്നും ആയതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ; ഇവ പൂർത്തീകരിക്കാൻ ഇനിയും എന്തെല്ലാം നടപടിക്രമങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത സ്കൂളുകളിൽ പ്രവൃത്തി പൂർത്തിയാകാത്ത സ്കൂളുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+ കിഫ്ബി അംഗീകരിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാനുള്ള ചുമതല ഭരണവകുപ്പ് നിർദ്ദേശിച്ചിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസികൾക്കാണ്. പ്രസ്തുത പദ്ധതി പൂർത്തിയാക്കാനുള്ള നടപടികൾ എസ്.പി.വി.-കൾ സ്വീകരിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കിഫ്ബി മുഖാന്തരം തലശ്ശേരി നിയോജകമണ്ഡലത്തിൽ പ്രവൃത്തി നടപ്പാക്കുന്ന സ്കൂളുകളിൽ കിഫ്ബിയുടെ ഭരണാനുമതി ഇതുവരെയും ലഭിക്കാത്ത സ്കൂളുകളുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണമെന്താണെന്നും ഇവ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഭരണ വകുപ്പാണ് ഭരണാനുമതി പുറപ്പെടുവിക്കുന്നത്. അതുപ്രകാരം പദ്ധതി നിർവ്വഹണ ഏജൻസികൾ സമർപ്പിക്കുന്ന ഡി.പി.ആർ. പരിഗണിച്ച് കിഫ്ബിയിൽനിന്നും ധനാനുമതി പുറപ്പെടുവിക്കുന്നമുറയ്ക്ക് അവ നടപ്പിലാക്കുന്നതിനുള്ള പ്രവൃത്തികൾ ബന്ധപ്പെട്ട എസ്.പി.വി.-കൾ സ്വീകരിക്കുന്നതാണ്.

**കുറ്റ്യാടി മണ്ഡലത്തിലെ എഫ്.ഡി.ആർ. റോഡുകൾ**

105(2514) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഫ്.ഡി.ആർ. സാങ്കേതികവിദ്യ ഉപയോഗിച്ച് കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഏതൊക്കെ റോഡ് പ്രവൃത്തികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

എഫ്.ഡി.ആർ. സാങ്കേതികവിദ്യ ഉപയോഗിച്ച് കുറ്റ്യാടി നിയോജകമണ്ഡലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന റോഡ് പ്രവൃത്തികളുടെ അന്തിമപട്ടിക തയ്യാറായിട്ടില്ല. വടകര-വലിയപള്ളി-ചേലക്കാട് റോഡ്, കുട്ടോത്ത്-അട്ടക്കുണ്ടുകടവ് റോഡ് എന്നിവിടങ്ങളിൽ സാധ്യതാപഠനം നടത്തി.

(ബി) എഫ്.ഡി.ആർ. സാങ്കേതികവിദ്യ ഉപയോഗിക്കുന്നതുമൂലം എന്തൊക്കെ മാറ്റങ്ങളാണ് റോഡുകൾക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സാധാരണ റോഡ് നിർമ്മാണത്തിൽനിന്നുപരിയായി എഫ്.ഡി.ആർ. സാങ്കേതികവിദ്യമൂലം ലഭിക്കുന്ന നേട്ടങ്ങൾ ചുവടെകൊടുക്കുന്നു.

1) നിർമ്മാണത്തിനുവേണ്ടിവരുന്ന സാമ്പത്തിക ചെലവിലുണ്ടാകുന്ന കുറവ്.

2) നിർമ്മാണത്തിനെടുക്കുന്ന സമയ ലാഭം

3) റോഡ് നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ ഉപയോഗം കുറയ്ക്കാൻ സാധിക്കുന്നു.

4) മണ്ണ് ഖനനത്തിനും നികത്തലിനുമുണ്ടാകുന്ന സമയ ലാഭം കൂടാതെ അതിനുവേണ്ടിയുള്ള സാമ്പത്തിക ചെലവും ഒഴിവാക്കാൻ സാധിക്കുന്നു.

(സി) കിഫ്ബി മുഖാന്തരം ഇത്തരം റോഡുകൾ നിർമ്മിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ?

കിഫ്ബി ധനസഹായത്തോടെ പത്തനംതിട്ട ജില്ലയിലെ ആനയടി-പഴക്കുളം-കുറംപല-കീഴുകുഴി-ചന്ദനപ്പള്ളി-കൂടൽ റോഡിലെ ആനയടി-പഴക്കുളം റീച്ചിലെ 5.9 കിലോമീറ്റർ റോഡ് പൈലറ്റ് പദ്ധതിയായി 2018 ഡിസംബറിൽ പൂർത്തീകരിച്ചു. 3 വർഷത്തിനുശേഷം 2021 ഡിസംബറിൽ നടത്തിയ പരിശോധനയിലും റോഡിന്റെ നിർമ്മാണത്തിൽ യാതൊരുവിധ കോട്ടവും സംഭവിച്ചിട്ടില്ലെന്ന് വിലയിരുത്തി.

## തൃശ്ശൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

106(2515) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരം പുരോഗതി റിപ്പോർട്ട് സഹിതം ലഭ്യമാക്കുമോ?

തൃശ്ശൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പാക്കാൻ അംഗീകാരം നൽകിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതികളിലേതെങ്കിലും ഭരണാനുമതി പുതുക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകളിലും കുടിവെള്ളമെത്തിക്കുന്നതിനായി കിഫ്ബി 185 കോടി രൂപ അനുമതി നൽകിയ പദ്ധതിയുടെ പുതുക്കിയ ഭരണാനുമതിക്കുവേണ്ടിയുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) കിഫ്ബി മുഖേന നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നതിന് സമർപ്പിച്ചിട്ടുള്ള പുതിയ പ്രൊപ്പോസലുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

തൃശ്ശൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പാക്കാൻ പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തൊട്ടുവൈ പാലത്തിന് കിഫ്ബി ഫണ്ട്

107(2516) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള വർക്കല ശിവഗിരിക്ക് സമീപമുള്ള തൊട്ടുവൈ പാലത്തിന് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

പ്രസ്തുത പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് പദ്ധതി നിർവ്വഹണ ഏജൻസിയായ കെ.ആർ.എഫ്.ബി. കിഫ്ബിയിൽ സമർപ്പിക്കുകയും ആയതിന്മേലുള്ള അവലോകന നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു. പദ്ധതിക്ക് സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിക്ക് കിഫ്ബി 10.47 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്.

## ദേശീയ സമ്പാദ്യ പദ്ധതി

108(2517) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ പദ്ധതിപ്രകാരം സംസ്ഥാനത്ത് നിലവിൽ ആകെ എത്ര എം.പി.കെ.ബി.വൈ. ഏജന്റുമാർ പ്രവർത്തിക്കുന്നുണ്ട്; ബ്ലോക്ക് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ ആകെ 8707 എം.പി.കെ.ബി.വൈ. ഏജന്റുമാർ പ്രവർത്തിച്ചുവരുന്നു. ബ്ലോക്ക് തിരിച്ചുള്ള കണക്ക് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ബി) ദേശീയ സമ്പാദ്യ പദ്ധതിപ്രകാരം സംസ്ഥാനത്തെ വിവിധ ബ്ലോക്കുകളിൽ പുതിയതായി മഹിളാ പ്രധാൻ ഏജന്റുമാരെ നിയമിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

തൽക്കാലം പരിഗണനയിലില്ല.

## ജി.എസ്.ടി. ഉദ്യോഗസ്ഥരുടെ ഇടപെടൽ

109(2518) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സൈറ്റുകളിൽനിന്ന് ബാക്കിവരുന്ന നിർമ്മാണ സാമഗ്രികൾ പണികൾ നടക്കുന്ന മറ്റ് ഭാഗങ്ങളിലേയ്ക്ക് വാഹനങ്ങളിൽ കയറ്റിക്കൊണ്ടുപോകുമ്പോൾ ജി.എസ്.ടി. ഉദ്യോഗസ്ഥരുടെ ഇടപെടൽ ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ജനങ്ങൾക്കും നിർമ്മാണ മേഖലയിലുള്ളവർക്കും ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ചെറുപുഴ സബ്ട്രഷറി നിർമ്മാണം

110(2519) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ചെറുപുഴ സബ്ട്രഷറി കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന നടപടികളുടെ പുരോഗതി വിശദമാക്കുമോ?

ചെറുപുഴ സബ്ട്രഷറി കെട്ടിടത്തിന്റെ സ്ഥലം ജനകീയ സമിതി വില കൊടുത്തുവാങ്ങി ട്രഷറി വകുപ്പിന്റെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഭൂമി കയ്യേറി ചെറുപുഴ ഗ്രാമപഞ്ചായത്ത്, പഞ്ചായത്തിന്റെ

പുതിയ കെട്ടിടം പണിതതായി ശ്രദ്ധയിൽപ്പെടുകയും ഇത് പരിഹരിച്ച് ട്രഷറി വകുപ്പിന്റെ പേരിൽ വാങ്ങിയിരുന്ന ഭൂമിയോട് ചേർന്നുള്ള പഞ്ചായത്തിന്റെയും സ്വകാര്യ വ്യക്തിയുടെയും ഭൂമി ട്രഷറിക്ക് വിട്ടുനൽകി ആയതിന്റെ സബ്ഡിവിഷൻ പൂർത്തിയാക്കി സബ്ട്രഷറി നിർമ്മാണത്തിനായി സ്ഥലം ലഭ്യമായിട്ടുണ്ട്. പുതിയ സൈറ്റ് പ്ലാനിനുവേണ്ടി വില്ലേജ് ഓഫീസിൽ അപേക്ഷ ലഭ്യമാക്കിയിട്ടുണ്ട്. പുതിയ സൈറ്റ് പ്ലാനനുസരിച്ച് കെട്ടിടത്തിന്റെ പുതുക്കിയ പ്ലാൻ തയ്യാറാക്കിയതിനുശേഷം നിർവ്വഹണ ഏജൻസി മുഖേന ഡി.പി.ആർ. തയ്യാറാക്കേണ്ടതായുണ്ട്. ഡി.പി.ആർ. ലഭ്യമാകുന്നമുറയ്ക്ക് ഭരണാനുമതി അനുവദിക്കുന്ന ശിപാർശ ധനകാര്യ വകുപ്പ് പരിശോധിക്കുന്നതാണ്.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഇൻകലിനെയാണോ ചുമതലപ്പെടുത്തിയത്; എങ്കിൽ ഇൻകൽ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഇൻകൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ പുതിയ നിർമ്മാണ പ്രവൃത്തികളൊന്നുംതന്നെ ഇൻകൽ ലിമിറ്റഡിന് നൽകേണ്ടതില്ലെന്ന്

27-08-2020-ലെ U.O. Note No. I&PW-B2/105/2020-Fin പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത സബ്ട്രഷറിക്കാവശ്യമായ സ്ഥലം എങ്ങനെയാണ് കണ്ടെത്തിയതെന്ന് അറിയിക്കുമോ?

ചെറുപുഴ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തളിപ്പറമ്പ് താലൂക്കിൽ വയക്കര വില്ലേജിൽ റീസർവ്വേ നമ്പർ 59/1-ൽപ്പെട്ട 5 സെന്റ് സ്ഥലം ജനകീയ സമിതി വിലകൊടുത്തുവാങ്ങി ട്രഷറി വകുപ്പിന്റെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകുകയാണ് ചെയ്തിട്ടുള്ളത്.

**പുതുക്കാട് സബ്ട്രഷറിക്ക് പുതിയ കെട്ടിടം**

111(2520) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമായ സാഹചര്യത്തിൽ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ?

പുതുക്കാട് സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നാളിതുവരെ ഭൂമി റവന്യൂ വകുപ്പിൽനിന്ന് കൈമാറി കിട്ടിയിട്ടില്ല. ഭൂമി

കൈമാറിക്കിട്ടുന്നമുറയ്ക്ക് കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത മേഖലയിൽ ഒരു മിനി സിവിൽസ്റ്റേഷൻ നിർമ്മിക്കുന്നതിന് നേരത്തെ സബ്ട്രഷറി ഓഫീസ് നിർമ്മാണത്തിനായി അനുവദിച്ച സ്ഥലത്തോട് ചേർന്നുകിടക്കുന്ന അറുപത് സെന്റോളംവരുന്ന സ്ഥലം അനുവദിച്ച സാഹചര്യത്തിൽ പ്രസ്തുത മിനി സിവിൽസ്റ്റേഷന്റെ ഭാഗമായി സബ്ട്രഷറികൂടി ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനാവശ്യമായ അനുമതിയും നടപടികളും സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പ്രസ്തുത വിഷയം സംബന്ധിച്ച് ധനകാര്യ വകുപ്പിന് ഔദ്യോഗികമായി അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. ശിപാർശ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

**ചാത്തന്നൂർ സബ്ട്രഷറി നിർമ്മാണം**

112(2521) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ സബ്ട്രഷറിക്കായുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

ചാത്തന്നൂർ സബ്ട്രഷറിയുടെ പുതിയ കെട്ടിടത്തിന്റെ സ്ട്രക്ചറൽ വർക്ക് പൂർണ്ണമായും പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ സ്ട്രോംഗ് റൂം, പെയിന്റിംഗ്, ടൈൽ വർക്കുകൾ എന്നിവയും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം പ്രവൃത്തികൾ അവശേഷിക്കുന്നുണ്ടെന്നും നിർമ്മാണം പൂർത്തീകരിച്ച് പ്രസ്തുത കെട്ടിടം എന്ന് ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നും അറിയിക്കുമോ?

കൗണ്ടർ നിർമ്മാണം, ഇലക്ട്രിക്കൽ വർക്ക്, ഡീസൽ ജനറേറ്റർ കമ്മീഷനിംഗ്, ഫർണിച്ചർ & ഫിറ്റിംഗ്സ്, ഗേറ്റ് ഫിറ്റിംഗ്സ് തുടങ്ങിയ ജോലികൾ പൂർത്തീകരിക്കാനുണ്ട്. സിവിൽ & ഇലക്ട്രിക്കൽ വർക്കുകൾ 20-03-2022-നകവും കൗണ്ടർ വർക്കുകൾ 10-04-2022-നകവും പൂർത്തീകരിക്കണമെന്ന് നിർവ്വഹണ ഏജൻസിയായ ഇൻകൽ ലിമിറ്റഡിനോട് നിഷ്കർഷിച്ചിട്ടുണ്ട്. കെട്ടിടംപണി പൂർണ്ണമായും പൂർത്തീകരിക്കുന്നമുറയ്ക്ക് ഉദ്ഘാടനം നിർവ്വഹിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

## കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ സബ്ട്രഷറി നിർമ്മാണം

113(2522) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി സബ്ട്രഷറി, കോട്ടയ്ക്കൽ സബ്ട്രഷറി എന്നിവയുടെ നവീകരണവുമായി ബന്ധപ്പെട്ട് ട്രഷറി വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

വളാഞ്ചേരി സബ്ട്രഷറി നിലവിൽ വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. കെട്ടിടത്തിന്റെ ചുവരുകളിൽ വിള്ളലുകൾവന്ന് അപകടാവസ്ഥയിലാണെന്നും അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തിത്തരണമെന്നും മുനിസിപ്പാലിറ്റി അധികൃതരെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പൽ ചെയർമാനും അസിസ്റ്റന്റ് എഞ്ചിനീയറും (ബിൽഡിംഗ്സ്, എൽ.എസ്.ജി.ഡി.) കെട്ടിടം പരിശോധിക്കുകയും പ്രസ്തുത ഓഫീസുമായി നടത്തിയ അന്വേഷണത്തിൽ അറ്റകുറ്റപ്പണികൾക്കുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതായും അറിയാൻ കഴിഞ്ഞിട്ടുണ്ട്. കോട്ടയ്ക്കൽ സബ്ട്രഷറി സ്വകാര്യ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിക്കുന്നത്. കെട്ടിടം നവീകരിക്കാൻ നടപടി ആരംഭിച്ചിട്ടില്ല. എന്നാൽ ട്രഷറി വകുപ്പ് ഐ.എസ്.ഒ.

സർട്ടിഫിക്കേഷൻ ആർജ്ജിക്കുന്നതിന്റെ ഭാഗമായി സി.സി.ടി.വി. സ്ഥാപിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സബ്ട്രഷറികളുടെ നിർമ്മാണത്തിനായി സ്ഥലം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

വളാഞ്ചേരി സബ്ട്രഷറിക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ 10 സെന്റ് സ്ഥലം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഈ നടപടികൾ പൂർത്തിയായശേഷം മാത്രമേ സ്ഥലം ട്രഷറി വകുപ്പിന് കൈമാറി കിട്ടുകയുള്ളൂ. കോട്ടയ്ക്കൽ സബ്ട്രഷറിക്ക് ഗവൺമെന്റ് ഉടമസ്ഥതയിലുള്ള സ്ഥലം ലഭ്യമാക്കുന്നതിനായി കെ.എ.എസ്.ആർ.എസ്., രജിസ്ട്രേഷൻ വകുപ്പ്, കോട്ടയ്ക്കൽ മുനിസിപ്പാലിറ്റി അധികൃതർ എന്നിവർക്ക് പല സന്ദർഭങ്ങളിലായി അപേക്ഷകൾ നൽകിയിരുന്നെങ്കിലും നിലവിൽ സ്ഥലം ലഭ്യമല്ലെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്.

**പയ്യന്നൂർ സബ്ട്രഷറി നിർമ്മാണം**

114(2523) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ സബ്ട്രഷറി നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

പയ്യന്നൂർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാരിൽനിന്നും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടുള്ളതും ഇതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകൽ ലിമിറ്റഡ്, കരാറുകാരനെ തെരഞ്ഞെടുത്തിട്ടുള്ളതുമാണ്. 04-11-2019-നാണ് നിർമ്മാണ പ്രവൃത്തികളാരംഭിച്ചത്. എന്നാൽ കോവിഡ് മഹാമാരിയെത്തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ നീണ്ടുപോകുകയാണുണ്ടായത്. നിലവിൽ കെട്ടിടത്തിന്റെ കോൺക്രീറ്റ് വർക്കുകൾ പൂർത്തിയായിട്ടുണ്ട്. പ്ലാസ്റ്ററിംഗ് വർക്കുകൾ നടന്നുവരുന്നു.

(ബി) നിർമ്മാണ പ്രവൃത്തി എപ്പോഴാണ് ആരംഭിച്ചതെന്നും നിർമ്മാണത്തിനനുവദിച്ച സമയം എത്രയാണെന്നും അറിയിക്കുമോ?

04-11-2019-നാണ് നിർമ്മാണ പ്രവൃത്തികളാരംഭിച്ചത്. 12 മാസമായിരുന്നു നിർമ്മാണ കാലാവധി.

(സി) പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

കോവിഡ് മഹാമാരിമൂലമുള്ള അപ്രതീക്ഷിത സാഹചര്യങ്ങളാണ് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിന്റെ കാരണം.

(ഡി) പ്രവൃത്തി സമയബന്ധിതമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ട്രഷറി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകൽ ലിമിറ്റഡ് അധികൃതരുമായി ഒരു യോഗം വിളിക്കുകയും ഇൻകൽ ലിമിറ്റഡിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്ന ട്രഷറി കെട്ടിടങ്ങളുടെ നിർമ്മിതിയിൽ നേരിടുന്ന കാലതാമസത്തെക്കുറിച്ച് യോഗത്തിൽ ചർച്ച ചെയ്യുകയും ചെയ്തു. സർക്കാരിന്റെ രണ്ടാം നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി, ഇപ്പോൾ നിർമ്മാണം നടന്നുവരുന്ന ട്രഷറികളുടെ നിർമ്മാണം ഏപ്രിൽ മാസത്തോടെ പൂർത്തീകരിക്കണമെന്നും എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും സമയബന്ധിതമായി വർക്ക് ഷെഡ്യൂൾ പ്രകാരം തീർത്തുനൽകണമെന്നും ഇൻകൽ ലിമിറ്റഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ട്രഷറി ഇടപാടുകാർക്ക് എ.ടി.എം.**

115(2524) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രഷറി ഇടപാടുകാർക്ക് എ.ടി.എം. സേവനം ആരംഭിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എ.ടി.എം. സേവനം ഏർപ്പെടുത്തി പെൻഷൻകാരുടെയും മറ്റിടപാടുകാരുടെയും തിരക്കൊഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ട്രഷറികളോടനുബന്ധിച്ച് എ.ടി.എം. സൗകര്യം ഏർപ്പെടുത്താനുള്ള പദ്ധതി നിലവിൽ പരിഗണനയിലില്ല. വാണിജ്യ ബാങ്കുകളുമായി ചേർന്ന് എ.ടി.എം. സൗകര്യം ഏർപ്പെടുത്താൻ സർക്കാർ തീരുമാനിച്ച പദ്ധതി റിസർവ് ബാങ്കിന്റെ അനുമതി ലഭിക്കാത്തതിനാൽ നാളിതുവരെയും നടപ്പാക്കാൻ സാധിച്ചിട്ടില്ല.

**അന്യത്രസേവന വ്യവസ്ഥയിലുള്ള പഞ്ചായത്ത് ജീവനക്കാരുടെ പി.എഫ്. അടവ്**

116(2525) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനപ്രതിനിധികളുടെ പേഴ്സണൽ സ്റ്റാഫായി അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന പഞ്ചായത്ത് ജീവനക്കാരുടെ പി.എഫ്.

(കെ.പി.ഇ.പി.എഫ്.) വിഹിതമായി അടയ്ക്കുന്ന തുകയുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട ട്രഷറികളിൽനിന്നും പഞ്ചായത്ത് ഡയറക്ടറേറ്റിൽ കൃത്യമായി ലഭ്യമാക്കാറുണ്ടോ?

ഉണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് കെ.പി.ഇ.പി.എഫ്. (കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്) ഓഫീസിൽനിന്നും തിരുവനന്തപുരം ജില്ലാ ട്രഷറിയോടാവശ്യപ്പെട്ടിരുന്ന വിശദാംശങ്ങൾ നൽകുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം അറിയിക്കുമോ?

കാലതാമസമുണ്ടായിട്ടില്ല. പഞ്ചായത്ത് വകുപ്പിൽനിന്നും ആവശ്യപ്പെട്ടിരുന്ന ഡീറ്റെയിൽഡ് റെസീപ്റ്റ് റിപ്പോർട്ട്, ഡേ ബുക്ക് പേമെന്റ് റിപ്പോർട്ട് എന്നിവ പതിവായി നൽകാറുണ്ട്. 2022 ജനുവരി വരെയുള്ള വിശദാംശങ്ങൾ 24-02-2022-ന് പഞ്ചായത്ത് വകുപ്പിന് നേരിട്ടും മാർച്ച് 2-ന് ഇ-മെയിൽ മുഖേനയും നൽകിയിട്ടുണ്ട്. കൂടാതെ നേരിട്ട് ചലാൻ ഒടുക്കുന്നവരുടെ കാര്യത്തിൽ ചലാൻ രസീതും ഷെഡ്യൂളുകളും 2022 ജനുവരി വരെയുള്ളത് 24-02-2022-നും 2022 ഫെബ്രുവരി മാസത്തെ വിശദാംശങ്ങൾ 15-03-2022-നും നൽകിയിട്ടുണ്ട്.

(സി) മേൽ ജീവനക്കാരുടെ പി.എഫ്. വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ സമയബന്ധിതമായി കെ.പി.ഇ.പി.എഫ്. ഓഫീസിന് ലഭ്യമാക്കുന്നതിന് എന്ത് ക്രമീകരണമാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

നിലവിൽ ട്രഷറിയിൽനിന്നും സമയബന്ധിതമായി വിശദാംശങ്ങൾ നൽകിവരുന്നുണ്ട്.

## ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റിന്റെ പലിശ നിരക്ക്

117(2526) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ മുൻവർഷങ്ങളിൽ ഫിക്സഡ് ഡെപ്പോസിറ്റിന് നിലനിന്നിരുന്ന 8.5 ശതമാനം പലിശനിരക്ക് പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഈ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഫിക്സഡ് ഡെപ്പോസിറ്റിന്റെ ഇപ്പോഴത്തെ മിനിമം കാലാവധി കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ 46 ദിവസം മുതൽ ഡെപ്പോസിറ്റ് ചെയ്യാനുള്ള സംവിധാനം ട്രഷറിയിലുണ്ട്. ഈ കാലാവധി കുറയ്ക്കുന്നത് നിലവിൽ പരിഗണനയിലില്ല.

## ട്രഷറിയിൽ ഇ-വാലറ്റ് സംവിധാനം

118(2527) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറി മുഖാന്തരം ഇ-വാലറ്റ് സംവിധാനം ആരംഭിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

അടുത്ത സാമ്പത്തിക വർഷം ടി.എസ്.ബി. ഓൺലൈൻ പോർട്ടലിനെ ഇ-ട്രഷറിയുമായി ബന്ധിപ്പിച്ച് ഇടപാടുകാർക്ക് സാദ്ധ്യമാകുന്നതരത്തിൽ ഒരു ഇ-വാലറ്റ് സംവിധാനം നടപ്പാക്കുമെന്ന് 2022-23-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഇ-വാലറ്റ് സേവനങ്ങൾ നടപ്പാക്കുന്നതിലൂടെ ഉപഭോക്താക്കൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നതെന്ന് വിശദീകരിക്കുമോ?

ഇ-വാലറ്റ് സേവനങ്ങൾ നടപ്പാക്കുന്നതിലൂടെ ഭാവിയിൽ യൂട്ടിലിറ്റി പേമെന്റുകളായ കെ.എസ്.ഇ.ബി., കേരള വാട്ടർ അതോറിറ്റി, ബി.എസ്.എൻ.എൽ., കെ.എസ്.എഫ്.ഇ. തുടങ്ങിയവയ്ക്കുള്ള പേമെന്റുകളും മറ്റും ടി.എസ്.ബി. ഓൺലൈൻവഴി നടത്താവുന്നതാണ്.

(സി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ ഒരുക്കുന്നതിന് നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (NIC)-മായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസുകളിലെ നിയമനം**

119(2528) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നിയമിക്കപ്പെട്ട താത്കാലിക ജീവനക്കാരെ പിരിച്ചുവിട്ട നടപടി മരവിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം അറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) പരിശോധിച്ചുവരുന്നു.

## ലോട്ടറി സമ്മാനത്തുകയുടെ വിനിയോഗം

120(2529) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭാഗ്യക്കുറി നറുക്കെടുപ്പിൽ വിജയികളാകുന്നവർ സമ്മാനമായി ലഭിച്ച തുക ശരിയായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് പരിശീലന ക്ലാസുകൾ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേരള സംസ്ഥാന ഭാഗ്യക്കുറി നറുക്കെടുപ്പിൽ വിജയികളാകുന്നവർ സമ്മാനമായി ലഭിച്ച തുക ശരിയായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് പരിശീലന ക്ലാസുകളാരംഭിക്കുന്നതിനുള്ള നടപടികൾ ഭാഗ്യക്കുറി ഡയറക്ടർ സ്വീകരിച്ചുവരുന്നു.

(ബി) പണം സുരക്ഷിതമായി ചെലവഴിക്കുന്നതിനും സാമ്പത്തിക ഉത്തരവാദിത്വം പാലിക്കുന്നതിനും സമ്മാനാർഹരെ സഹായിക്കുന്ന പരിശീലന ക്ലാസുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഇല്ല.

## ഇതര സംസ്ഥാന ഭാഗ്യക്കുറികളുടെ നിയന്ത്രണം

121(2530) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന ഭാഗ്യക്കുറികളെ നിയന്ത്രിക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ അധികാരം കേരള ഹൈക്കോടതി ശരിവച്ചതിനെത്തുടർന്ന് മേഘാലയ സർക്കാർ സുപ്രീം കോടതിയിൽ കേന്ദ്ര ലോട്ടറി നിയമങ്ങളിലും ചട്ടങ്ങളിലും സംസ്ഥാനങ്ങൾക്കുള്ള നിയന്ത്രണ അവകാശത്തെ ചോദ്യം ചെയ്ത് കേസ് നൽകിയിട്ടുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ സംസ്ഥാനം എന്തഭിപ്രായമാണ് അറിയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഇല്ല.

(സി) പ്രസ്തുത കേസിൽ സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിനായി നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഒ.എസ്. 1/2021 സുപ്രീംകോടതിയിൽ വിചാരണയ്ക്കുവരുമ്പോൾ സംസ്ഥാനത്തിനുവേണ്ടി ഹാജരാകാൻ സീനിയർ അഭിഭാഷകനായ ശ്രീ. പല്ലവ് ശിശോദിയയെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കേസിനുവേണ്ടി സംസ്ഥാന താല്പര്യം മുൻനിർത്തി സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് തയ്യാറാക്കി അഡ്വക്കേറ്റ് ജനറൽ ഓഫീസ് മുഖേന കോടതിയിൽ ഫയൽ ചെയ്യാൻ സുപ്രീംകോടതി സ്റ്റാൻഡിംഗ് കൗൺസിലിന് ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ കോടതി കേസുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ലോട്ടറി മാഫിയയുമായി ബന്ധമുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ബിനാമി ഭാഗ്യക്കുറി ഏജൻസികൾ

122(2531) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭാഗ്യക്കുറിയുടെ ഒരു ദിവസം നറുക്കെടുക്കുന്ന ടിക്കറ്റിൽ പരമാവധി എത്ര എണ്ണമാണ് ഒരു ഏജൻസിക്ക് അനുവദിച്ചുനൽകാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ; സംസ്ഥാനത്തെ

പല പ്രമുഖ ലോട്ടറി ഏജൻസികളും അനുവദനീയമായതിന്റെ പലമടങ്ങ് ടിക്കറ്റുകൾ ഉദ്യോഗസ്ഥരുടെ ഒത്താശയോടെ ബിനാമി ഏജൻസികൾ മുഖേന വാങ്ങി കച്ചവടം ചെയ്യുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

സാധാരണഗതിയിൽ ഒരു ഏജൻസിക്ക് പരമാവധി 48,000 ടിക്കറ്റുകളാണ് അനുവദിച്ചുനൽകുന്നത്. എന്നാൽ ക്ലബ്ബ് ചെയ്തിട്ടുള്ള ഏജൻസിക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 96,000 ടിക്കറ്റുകൾവരെ അനുവദിക്കുന്നുണ്ട്.

(ബി) മേൽപ്പറഞ്ഞ ആക്ഷേപത്തിന്റെ ഭാഗമായി ഏതെങ്കിലും ജീവനക്കാരെ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സ്ഥലം മാറ്റിയിരുന്നോ; ഏതൊക്കെ ഓഫീസുകളിൽ പ്രവർത്തിച്ചിരുന്ന ജീവനക്കാരെയാണ് ഇപ്രകാരം സ്ഥലംമാറ്റിയത്; പ്രസ്തുത ജീവനക്കാർക്ക് പഴയ ഓഫീസുകളിലേയ്ക്ക് വീണ്ടും നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഇല്ല.

(സി) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിനുകീഴിലുള്ള ഉദ്യോഗസ്ഥർക്കും അവരുടെ ഉറ്റ ബന്ധുക്കൾക്കും ലോട്ടറി ഏജൻസി ലൈസൻസ് അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം എത്ര ലൈസൻസുകൾ അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

2005-ലെ കേരള പേപ്പർ ലോട്ടറി നിയമമനുസരിച്ചും 2008-ലെ ഭേദഗതി നിയമമനുസരിച്ചും ഭാഗ്യക്കുറി വകുപ്പിലെ ജീവനക്കാരുടെ ബന്ധുക്കൾക്ക് ലോട്ടറി ഏജൻസി നൽകാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. ഏജൻസിക്കുള്ള അപേക്ഷകളിൽ ജീവനക്കാരന്റെ ബന്ധുവാണോ എന്ന് രേഖപ്പെടുത്തേണ്ടതില്ലാത്തതിനാൽ ഇതുസംബന്ധിച്ച വിശദാംശം ലഭ്യമല്ല.

(ഡി) ലോട്ടറി വകുപ്പിലെ ഉദ്യോഗസ്ഥർ ഒരു ടിക്കറ്റിന് അമ്പത് പൈസ നിരക്കിൽ കമ്മീഷൻ കൈപ്പറ്റി ലക്ഷക്കണക്കിന് ടിക്കറ്റുകൾ ബിനാമി ഏജൻസി മുഖേന സംസ്ഥാനത്തെ പ്രമുഖ ലോട്ടറി ഏജൻസികൾക്ക് വാങ്ങി നൽകുന്നുവെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഭാഗ്യക്കുറി സമ്മാനപദ്ധതി പരിഷ്കരണം

123(2532) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭാഗ്യക്കുറി സമ്മാന പദ്ധതി പരിഷ്കരിക്കണമെന്ന നിർദ്ദേശം സർക്കാർ മുമ്പാകെയുണ്ടോ; പ്രസ്തുത നിർദ്ദേശങ്ങൾ പരിഗണിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

നിലവിലുള്ള പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനഘടന പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണനയിലില്ല.

(ബി) സമ്മാനാർഹർ ക്ലെയിം ചെയ്യാത്തതിനെത്തുടർന്ന് കേരള ഭാഗ്യക്കുറി സമ്മാനങ്ങൾ സർക്കാരിലേയ്ക്ക് മുതൽക്കൂട്ടാറുണ്ടോ എന്നും കഴിഞ്ഞ അഞ്ചുവർഷമായി എത്ര രൂപയാണ് പ്രസ്തുത ഇനത്തിൽ ലഭിച്ചതെന്നും വ്യക്തമാക്കുമോ?

'2075-MGS(103) State Lotteries (97) Distribution of Prizes' എന്ന ശീർഷകത്തിൽ ബഡ്ജറ്റ് അലോട്ട്മെന്റ് പ്രകാരമാണ് സമ്മാന വിതരണം നടത്തിവരുന്നത്. ക്ലെയിം ചെയ്യാത്ത സമ്മാനത്തുക പ്രസ്തുത ശീർഷകത്തിൽത്തന്നെ അവശേഷിക്കാറാണുള്ളത്. കഴിഞ്ഞ അഞ്ച്

സാമ്പത്തികവർഷ കാലയളവിൽ 637,16,34,900/- രൂപ ക്ലെയിം ചെയ്യാതെ ശേഷിക്കുന്നുണ്ട്.

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ ഓഡിറ്റ്**

124(2533) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ 2012-13 സാമ്പത്തികവർഷം വരെയുള്ള ഓഡിറ്റ് നടപടികൾ മാത്രമാണ് സംസ്ഥാന ഓഡിറ്റ് വകുപ്പ് പൂർത്തീകരിച്ചിട്ടുള്ളതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ ഓഡിറ്റ് നടപടികൾ വൈകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; അടിയന്തരമായി ഓഡിറ്റ് പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോർപ്പറേഷന്റെ 2012-13 സാമ്പത്തികവർഷം വരെയുള്ള ഓഡിറ്റ് റിപ്പോർട്ടാണ് പുറപ്പെടുവിച്ചിട്ടുള്ളത്. 2013-2014 മുതൽ 2018-2019 സാമ്പത്തികവർഷം വരെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കുന്നതിന് ഓഡിറ്റ് വകുപ്പിൽനിന്നും കത്ത് നൽകിയിട്ടുണ്ട്. കൂടാതെ 2019-2020, 2020-2021 എന്നീ

സാമ്പത്തിക വർഷങ്ങളിലെ വാർഷിക കണക്കുകളും അടിയന്തരമായി ലഭ്യമാക്കി ഓഡിറ്റ് പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓഡിറ്റ്

125(2534) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറിൽ കൃത്രിമം കാണിച്ച് പണാപഹരണം നടത്തുന്നതായി ഓഡിറ്റ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) 2019 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ മേൽപ്പറഞ്ഞ പ്രകാരമുള്ള കൃത്രിമം ഓഡിറ്റ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണെന്ന് അറിയിക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ തിരുവനന്തപുരം കോർപ്പറേഷനിൽ 2019-2020 കാലയളവിൽ സോഫ്റ്റ്‌വെയറിലെ ഡാറ്റാ എൻട്രിയിൽ കൃത്രിമം കാണിച്ച് പണാപഹരണം നടത്തിയിട്ടുള്ളതായി ഓഡിറ്റ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിടനികുതി സംബന്ധിച്ച

സഞ്ചയ സോഫ്റ്റ്‌വെയറിൽ തെറ്റായ വിവരങ്ങളുൾപ്പെട്ടതിനാൽ എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപ്പഞ്ചായത്തിന് കെട്ടിടനികുതി ഇനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. 29-01-2022-ലെ (KSA.EKM/DD(E2)111/21 പ്രകാരം ടി വിഷയത്തിന്മേൽ പ്രത്യേക റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതേവിഷയത്തിൽ മലപ്പുറം ജില്ലയിലെ ചെറുകാവ് ഗ്രാമപഞ്ചായത്തിന് 3532/- രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ( ഓഡിറ്റ് റിപ്പോർട്ട് 2019-20, ഖണ്ഡിക 1-12).

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ ഉപയോഗിച്ചുവരുന്ന വിവിധ സോഫ്റ്റ്‌വെയറുകളിലുണ്ടായിട്ടുള്ള പോരായ്മകൾ ഓഡിറ്റ് വകുപ്പ് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ധനഇടപാടിനും കണക്കുസൂക്ഷിപ്പിനും ഉപയോഗിച്ചുവരുന്ന വിവിധ സോഫ്റ്റ്‌വെയറുകളിൽ ഉണ്ടായിട്ടുള്ള പോരായ്മകൾ ഓഡിറ്റ് വകുപ്പ് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് വകുപ്പ് ചൂണ്ടിക്കാണിച്ച പ്രസ്തുത വിഷയങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതായി അറിയിച്ചുകൊണ്ട് ഇൻഫർമേഷൻ കേരള മിഷൻ സർക്കാരിന് നൽകിയ കത്ത്

പരിശോധിച്ച് അഭിപ്രായമറിയിക്കുന്നതിനായി 22-02-2022-ലെ എസ്.എസ്.2/40/2020/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഓഡിറ്റ് വകുപ്പിന് കത്ത് നൽകുകയും അതുപ്രകാരം വരുത്തേണ്ട ക്രമീകരണങ്ങളും കൈക്കൊള്ളേണ്ട നടപടികളും സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ ഉപയോഗിച്ചുവരുന്ന വിവിധ സോഫ്റ്റ്‌വെയറുകളുടെ പ്രവർത്തനം പരിശോധിക്കുന്നതിന് ഓഡിറ്റ് വകുപ്പിലെ ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

വകുപ്പിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ഓഡിറ്റർമാർക്ക് നൽകുന്ന സ്റ്റാറ്റ്യൂട്ടറി ട്രെയിനിംഗിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിലവിൽ ഉപയോഗിച്ചുവരുന്ന സോഫ്റ്റ്‌വെയറുകളുടെ പ്രവർത്തനം പരിശോധിക്കുന്നതിനുള്ള പരിശീലനം നൽകിവരുന്നുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളിൽ പുതുതായി വിന്യസിക്കപ്പെട്ട സോഫ്റ്റ്‌വെയറായ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ILGMS)-ന്റെ പരിശോധനാ രീതിയെപ്പറ്റി വകുപ്പിലെ

ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനായി പരിശീലന ഷെഡ്യൂൾ വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷനുമായി ബന്ധപ്പെട്ട് സമയക്രമം തയ്യാറാക്കിവരുന്നു.

**കെ.എസ്.എഫ്.ഇ.-യുടെ കടമെടുക്കൽ**

126(2535) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ഏതെല്ലാം ബാങ്കുകളിൽനിന്ന് എത്ര രൂപവീതം ഏതെല്ലാം തീയതികളിൽ എത്ര ശതമാനം പലിശ നിരക്കിൽ കടമെടുത്തുവെന്നും എന്താവശ്യങ്ങൾക്കാണ് കടമെടുത്തതെന്നും വിശദമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ പ്രസ്തുത തുക ഉയർന്ന പലിശ നിരക്കിൽ ഇന്റർ കോർപ്പറേറ്റ് ലോണുകൾ നൽകുവാനാണ് വിനിയോഗിച്ചത്.

(ബി) കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് വായ്പയായി 03-03-2018-ൽ കെ.എസ്.എഫ്.ഇ. നൽകിയ 7.5 കോടി രൂപയും അതിന്റെ പലിശയിനത്തിലുമായി എത്ര രൂപ തിരിച്ചടച്ചുവെന്ന് അറിയിക്കുമോ; വായ്പ തുക നൽകാൻ എന്താണ് ജാമ്യമായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വീകരിച്ചതെന്നും വായ്പ തിരിച്ചുപിടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി വായ്പ തുക തിരിച്ചടച്ചിട്ടില്ല. സർക്കാർ ഗ്യാരന്റിയിലാണ് വായ്പ തുക അനുവദിച്ച് നൽകിയിരിക്കുന്നത്.

**കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ സ്ഥലം മാറ്റം**

127(2536) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥലംമാറ്റങ്ങൾ നടത്തുന്നത് സുതാര്യമാണെന്ന് ഉറപ്പുവരുത്തുന്നതിനായി സർക്കാർ നിശ്ചയിച്ച പ്രകാരം മുൻഗണന പട്ടിക പ്രസിദ്ധീകരിച്ച് ക്യൂ സമ്പ്രദായം പാലിക്കുന്ന രീതി കെ.എസ്.എഫ്.ഇ.-യിൽ നടപ്പാക്കിയിട്ടുണ്ടോ?

ഇല്ല.

(ബി) ഇല്ലെങ്കിൽ 15-05-2017-ൽ കെ.എസ്.എഫ്.ഇ. പുറത്തിറക്കിയ ട്രാൻസ്ഫർ നോംസിലെ വ്യവസ്ഥ 1 (3) പ്രകാരം മുൻഗണന പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിച്ചതിനുശേഷം ആ പട്ടികയിൽനിന്ന് ക്യൂ

സമ്പ്രദായം പാലിച്ച് സ്ഥലംമാറ്റം നടത്തുന്ന രീതി കെ.എസ്.എഫ്.ഇ.-യിൽ അടുത്ത ട്രാൻസ്ഫർ മുതൽ നടപ്പാക്കുമോ; വിശദമാക്കുമോ?

ജീവനക്കാരുടെ സംഘടനകളുമായി ചർച്ചകൾ നടത്തി നിലവിലുള്ള ട്രാൻസ്ഫർ നോംസ് പുതുക്കുന്ന നടപടികൾ തുടർന്നുവരുന്നതിനാലും ഓൺലൈൻ സംവിധാനം പൂർത്തിയാകാത്തതിനാലും മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കാൻ സാധിച്ചിട്ടില്ല.

**കെ.എസ്.എഫ്.ഇ.-യിലെ ജോബ് വർക്ക്**

128(2537) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ ഓഫീസ് അറ്റൻഡന്റ്, ജൂനിയർ അസിസ്റ്റന്റ് തുടങ്ങിയ തസ്തികകളിലെ ഒഴിവുകൾ തൊണ്ണൂറ് ദിവസത്തിൽക്കൂടുതലായാൽ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും പി.എസ്.സി. മുഖേനയും മാത്രമേ നികത്താവൂവെന്ന വ്യവസ്ഥ പാലിക്കാറുണ്ടോ?

ഉണ്ട്. കെ.എസ്.എഫ്.ഇ.-യിലെ എൻട്രി കേഡർ തസ്തികകളായ ഓഫീസ് അറ്റൻഡന്റ്, ജൂനിയർ അസിസ്റ്റന്റ് എന്നീ തസ്തികകളിലെ നിയമനങ്ങൾ പി.എസ്.സി. വഴിയാണ് നടത്തുന്നത്.

(ബി) ജോബ് വർക്ക് ചെയ്യുന്നതിനായി കെ.എസ്.എഫ്.ഇ.-യിൽ തസ്തികയുണ്ടോ; ജോബ് വർക്കടിസ്ഥാനത്തിൽ കെ.എസ്.എഫ്.ഇ.-യിൽ ജീവനക്കാരെ നിയമിച്ചിട്ടുള്ള തസ്തികകൾ ഏതെല്ലാം; ഇങ്ങനെ ജീവനക്കാരെ നിയമിക്കുന്നത് കെ.എസ്.എഫ്.ഇ. നേരിട്ടാണോ മറ്റേതെങ്കിലും ഏജൻസി വഴിയാണോ; ജോബ് വർക്കടിസ്ഥാനത്തിൽ എത്ര ജീവനക്കാർ കെ.എസ്.എഫ്.ഇ.-യിൽ ജോലി ചെയ്യുന്നുണ്ട്; ഇവർക്ക് 2020-21 സാമ്പത്തികവർഷം എത്ര രൂപ നൽകിയെന്ന് അറിയിക്കുമോ; 2021 ആഗസ്റ്റ് മാസം എത്ര രൂപ നൽകിയെന്ന് അറിയിക്കുമോ?

ജോബ് വർക്ക് ചെയ്യുന്നതിനായി കെ.എസ്.എഫ്.ഇ.-യിൽ തസ്തികയില്ല. എന്നാൽ, പി.എസ്.സി. വഴിയുള്ള നിയമനങ്ങൾക്ക് കാലതാമസം നേരിടുന്ന അവസരങ്ങളുൾപ്പെടെയുള്ള ഘട്ടങ്ങളിൽ ശാഖ/ഓഫീസുകളിലെ ദൈനംദിന പ്രവർത്തനങ്ങൾ മുടക്കം കൂടാതെ നിർവ്വഹിക്കുന്നതിനും ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം

നൽകുന്നതിനുമായി "ജോബ് വർക്ക്" അടിസ്ഥാനത്തിൽ യൂണിറ്റ് തലവന്മാർ ജോലികൾ നിർവ്വഹിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്താറുണ്ട്. അത്തരത്തിൽ ഡാറ്റാ എൻട്രി, ഫയലിംഗ്, വാഹനം ഓടിക്കുക തുടങ്ങിയ വർക്ക്മെൻ വിഭാഗത്തിലെ വിവിധ തസ്തികകൾക്ക് ബാധകമായ ജോലികൾ നിർവ്വഹിക്കാറുണ്ട്. അത്യാവശ്യ ഘട്ടങ്ങളിൽമാത്രം ഉപയോഗപ്പെടുത്തുന്ന സംവിധാനമായതിനാൽ ജോബ് വർക്ക് അടിസ്ഥാനത്തിൽ ജോലികൾ നിർവ്വഹിച്ച് നൽകുന്നവരുടെ എണ്ണം സംബന്ധിച്ച വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. 2020-2021 സാമ്പത്തികവർഷം ഹെഡ് ഓഫീസിൽ ജോബ് വർക്ക് അടിസ്ഥാനത്തിൽ ജോലികൾ പൂർത്തീകരിക്കാൻ ചെലവായത് 65,97,360/- രൂപയാണ്. 2021 ആഗസ്റ്റ് മാസം ചെലവായത് 6,16,495/- രൂപ.

(സി) കെ.എസ്.എഫ്.ഇ.-യുടെ ഒരു ശാഖയിൽ ഡിഇ 57503 എന്ന യൂസർ ഐഡി ഉപയോഗിച്ച് സ്ഥിര ജീവനക്കാരനല്ലാത്ത ഒരാൾ കാഷ്യറായി ജോലി ചെയ്തുവരുകയും 16-09-2021-ൽ ക്യാഷിൽ ഒരു ലക്ഷത്തിലധികം രൂപ കുറവുവരുകയും ചെയ്തതായി പരിശോധനയിൽ വെളിവായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇയാൾ എത്ര നാൾ

കെ.എസ്.എഫ്.ഇ.-യിൽ ജോലി ചെയ്തുവെന്നും ഇയാളുടെ വിദ്യാഭ്യാസ യോഗ്യത എന്താണെന്നും അറിയിക്കുമോ?

ഉണ്ട്. കഴിഞ്ഞ രണ്ടുവർഷ കാലയളവിൽ വിവിധ അവസരങ്ങളിൽ ടി വ്യക്തിയുടെ സേവനം ജോബ് വർക്ക് അടിസ്ഥാനത്തിൽ ശാഖയിൽ ഉപയോഗപ്പെടുത്തിയിരുന്നു. എന്നാൽ ക്യാഷ് കുറവുവന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾ ഉടനെ പണം അടപ്പിക്കുകയും ടി വ്യക്തിയെ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. "ജോബ് വർക്ക്" ആയതിനാൽ ടി വ്യക്തിയുടെ വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച രേഖകൾ ശാഖയിൽ സൂക്ഷിച്ചിട്ടില്ല.

(ഡി) ഇയാൾ ജോലി ചെയ്ത ശാഖയിലെ സ്വർണ്ണ ഉരുപ്പടികൾ സുരക്ഷിതമാണോ എന്നും ഇയാളെ ആര്, എങ്ങനെ, എന്തിന് നിയമിച്ചുവെന്നും വ്യക്തമാക്കുമോ; ഭാവിയിൽ ഇത്തരം സാഹചര്യമുണ്ടാകാതിരിക്കാൻ ശാഖകൾക്ക് എന്ത് നിർദ്ദേശം നൽകിയെന്നും അറിയിക്കുമോ?

കമ്പനിയുടെ ഇന്റേണൽ ഓഡിറ്റ് വിഭാഗം സ്വർണ്ണ ഉരുപ്പടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തിയിട്ടുണ്ട്. യൂണിറ്റ് തലവനാണ് ടി വ്യക്തിയുടെ സേവനം ജോബ് വർക്ക് അടിസ്ഥാനത്തിൽ ശാഖയിൽ ഉപയോഗപ്പെടുത്തിയത്. ബന്ധപ്പെട്ട അസിസ്റ്റന്റ് മാനേജർക്കെതിരെ ശിക്ഷാ

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, പി.എസ്.സി. വഴി ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്നമുറയ്ക്ക് "ജോബ് വർക്ക്" അടിസ്ഥാനത്തിലുള്ള സജ്ജീകരണങ്ങൾ ഒഴിവാക്കുന്നതിന് അസിസ്റ്റന്റ് ജനറൽ മാനേജർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## കെ.എസ്.എഫ്.ഇ. ചിട്ടി വ്യവസ്ഥകൾ

129(2538) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ചിട്ടികൾ പിടിച്ചുകഴിഞ്ഞശേഷം എല്ലാ ചിറ്റാളന്മാർക്കും വീതപ്പലിശ നൽകുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ?

കെ.എസ്.എഫ്.ഇ. ചിട്ടികളിലെ മുൻപൻ കമ്മീഷൻ കഴിച്ചുള്ള വീതപ്പലിശ (ലേലാദായം) അതാതു ചിട്ടികളിലെ എല്ലാ ചിറ്റാളന്മാർക്കും ചിട്ടി കിട്ടിയവരെന്നോ കിട്ടാത്തവരെന്നോ നോക്കാതെ തുല്യമായി വീതിക്കുന്നു.

(ബി) ചിട്ടി പിടിച്ചശേഷം മാസത്തവണ മുടങ്ങിയാൽ വീതപ്പലിശയ്ക്ക് അർഹതയില്ലാതെ വരുന്നതും മുടങ്ങിയ തുകയ്ക്ക് പിഴപ്പലിശ ഈടാക്കുന്നതും ചിട്ടി നിയമത്തിലെ ഏത് വ്യവസ്ഥ പ്രകാരമാണ്?

1982-ലെ ചിറ്റ് ഫണ്ട്സ് ആക്ട് വകുപ്പ് 6, 2012-ലെ കേരള ചിറ്റ് ഫണ്ട്സ് റൂൾ 14 എന്നിവ പ്രകാരം തയ്യാറാക്കിയിട്ടുള്ള ചിട്ടി ഉടമ്പടിയിലെ (Form VIII) ഖണ്ഡിക 18 (സി) അനുസരിച്ചാണ് ചിട്ടി പിടിച്ചശേഷം മാസത്തവണ മുടങ്ങിയാൽ വീതപ്പലിശയ്ക്ക് അർഹതയില്ലാതെ വരുന്നതും മുടങ്ങിയ തുകയ്ക്ക് പിഴപ്പലിശ ഈടാക്കുന്നതും.

(സി) ചിട്ടി നിയമത്തിൽ തവണ തുക മുടങ്ങിയാൽ വീതപ്പലിശയ്ക്ക് അർഹനല്ലെന്ന് പറഞ്ഞിട്ടുണ്ടോ; നിയമത്തിലെ ഏത് വ്യവസ്ഥ പ്രകാരമാണ് വീതപ്പലിശ നിഷേധിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ചിട്ടി വിളിച്ചെടുത്തശേഷം മുടക്കുവരുത്തുന്ന ചിറ്റാളന്മാർക്കാണ് വീതപ്പലിശയ്ക്ക് അർഹതയില്ലാത്തത്. 1982-ലെ ചിറ്റ് ഫണ്ട്സ് ആക്ട് വകുപ്പ് 6, 2012-ലെ കേരള ചിറ്റ് ഫണ്ട്സ് റൂൾ 14 എന്നിവ പ്രകാരം തയ്യാറാക്കി ചിറ്റാളന്മാർ ഒപ്പിട്ടുനൽകിയിട്ടുള്ള ചിട്ടി ഉടമ്പടിയിലെ (Form VIII) ഖണ്ഡിക 18 (സി) അനുസരിച്ചാണ് ചിട്ടി വിളിച്ചെടുത്തശേഷം മുടക്കുവരുത്തുന്ന ചിറ്റാളന്മാർക്ക് വീതപ്പലിശയ്ക്ക് അർഹതയില്ലാത്തത്.

(ഡി) ചിട്ടി നിയമത്തിൽ വീതപ്പലിശ ഈക്വൽ ഡിസ്ട്രിബ്യൂഷൻ ആണെന്ന് പറഞ്ഞിട്ടുണ്ടോ; ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

1982 -ലെ ചിറ്റ് ഫണ്ട്സ് ആക്റ്റ് വകുപ്പ് 6, 2012-ലെ കേരള ചിറ്റ് ഫണ്ട്സ് റൂൾ 14 പ്രകാരം തയ്യാറാക്കിയിട്ടുള്ള ചിട്ടി ഉടമ്പടിയിലെ (Form VIII) ഖണ്ഡിക 17 (ബി) പ്രകാരമാണ് ചിറ്റാളന്മാർക്ക് വീതപ്പലിശ തുല്യമായി വീതിക്കുന്നത് (ഈക്വൽ ഡിസ്ട്രിബ്യൂഷൻ).

**കെ.എസ്.എഫ്.ഇ.-ക്ക് കൂടുതൽ ശാഖകൾ**

130(2539) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കെ.എസ്.എഫ്.ഇ.-ക്ക് കൂടുതൽ ശാഖകൾ തുടങ്ങുന്നതിനും ഗ്രാമീണമേഖലയിൽ മൈക്രോ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉദ്ദേശിക്കുന്നുണ്ട്. അടുത്ത സാമ്പത്തിക വർഷം (2022-23) 50 സാധാരണ ബ്രാഞ്ചുകളും 32 മൈക്രോ ബ്രാഞ്ചുകളും ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു.

**കെ.എസ്.എഫ്.ഇ.-യുടെ പുതിയ പദ്ധതികൾ**

131(2540) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാരണം ഇപ്പോഴും സാമ്പത്തിക പ്രതിസന്ധി നേരിടുന്നവർക്കായി കെ.എസ്.എഫ്.ഇ. പുതിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കോവിഡ് സാഹചര്യത്തിൽ ചിട്ടി കുടിശ്ശികയായവർക്ക് എന്തെല്ലാം ഇളവുകളാണ് നൽകിയിട്ടുള്ളത്; വിശദീകരിക്കുമോ?

കോവിഡ് കാലത്ത് പ്രവാസജീവിതം അവസാനിച്ച് തിരിച്ചെത്തി നാട്ടിൽ സംരംഭങ്ങൾ തുടരാനുദ്ദേശിക്കുന്നവർക്കുവേണ്ടിയുള്ള പ്രവാസി ഭദ്രതാ മൈക്രോ സ്കീം എന്ന പദ്ധതി ഇപ്പോൾ നോർക്ക റൂട്ട്സിന്റെ സഹകരണത്തോടെ സജീവമായി നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ഇതുപ്രകാരം 5 ലക്ഷം രൂപ വരെയുള്ള വായ്പയാണ് ഗുണഭോക്താവിന് ലഭിക്കുക. മൂലധന സബ്സിഡിയായി വായ്പാ തുകയുടെ 25 ശതമാനം (പരമാവധി ഒരു ലക്ഷം രൂപവരെ) ഗുണഭോക്താവിന് ലഭിക്കുന്നതാണ്. 3 ശതമാനം പലിശ സബ്സിഡിയും ലഭിക്കും. പലിശ സബ്സിഡി കഴിച്ച് 6 ശതമാനം പലിശ മാത്രമേ ഗുണഭോക്താവ് വഹിക്കേണ്ടതുള്ളൂ. കെ.എസ്.എഫ്.ഇ.-യിലെ ചിട്ടി ഇടപാടുകാർക്ക് 2020 മാർച്ച് 21 മുതൽ 2021 ഒക്ടോബർ 26 വരെയുള്ള കാലയളവിൽ കുടിശ്ശികയായതും വിളിച്ചെടുക്കാത്തതുമായ അക്കൗണ്ടുകൾക്ക് ചിട്ടിത്തവണ സംഖ്യയിലെ

പലിശ പൂർണ്ണമായി ഒഴിവാക്കികൊടുത്തു. കുടിശ്ശിക വരുത്തിയതും വിളിച്ചെടുത്തതുമായ ചിട്ടി ഇടപാടുകാർക്ക് ഈ കാലയളവിൽ പിഴപ്പലിശ ഒഴിവാക്കി കൊടുത്തതിനുപുറമേ അർഹമായ വീതപ്പലിശയും നൽകി. പിഴപ്പലിശ ബാധകമായ എല്ലാ വായ്പാ പദ്ധതികളുടെയും 2020 മാർച്ച് 21 മുതൽ 2021 ഒക്ടോബർ 26 വരെയുള്ള കാലയളവിലെ തവണകൾക്ക് പിഴപ്പലിശ ഒഴിവാക്കി നൽകിയിട്ടുണ്ട്. കുടിശ്ശിക നിവാരണ സമാശ്വാസ പദ്ധതിയായി 2019-20 സാമ്പത്തിക വർഷം പ്രഖ്യാപിച്ച 'സുവർണ്ണജൂബിലി ഇളവ് - 2019' എന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (ഉപാധികളോടെ പലിശ തുകയിൽ 25 ശതമാനം മുതൽ 75 ശതമാനംവരെ പലിശയിളവോടെ) 15-03-2020 വരെയാണ് നിലവിലുണ്ടായിരുന്നതെങ്കിലും കോവിഡ്-19 മഹാമാരിയുടെ വ്യാപനത്തെത്തുടർന്ന് ഈ പദ്ധതിയുടെ കാലാവധി 30-06-2020 വരെ ദീർഘിപ്പിക്കുകയാണുണ്ടായത്. കോവിഡ് വ്യാപനം രൂക്ഷമായതിനെത്തുടർന്ന് 'ആശ്വാസ് - 2020' എന്നപേരിൽ സർക്കാർ അനുമതിയോടെ ആരംഭിച്ച പുതിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഉപാധികളോടെ റവന്യൂ റിക്കവറി നടപടികൾ നേരിടുന്ന അക്കൗണ്ടുകൾക്ക് പലിശ തുകയിൽ 80 ശതമാനംവരെയും റവന്യൂ

റിക്കവറിയാകാത്ത കുടിശ്ശിക അക്കൗണ്ടുകൾക്ക് 90 ശതമാനംവരെയും പലിശയിളവ് അനുവദിച്ചും സർക്കാർ കളക്ഷൻ ചാർജ്ജ് ഒഴിവാക്കിയും കുടിശ്ശിക തീർപ്പാക്കുന്നതിന് അവസരം നൽകിയിരുന്നു. ഈ പദ്ധതിയുടെ കാലാവധി 01-07-2020 മുതൽ 26-10-2021 വരെയായിരുന്നു. കോവിഡ്-19 മഹാമാരിയുടെ വ്യാപനം കുറയാത്ത സാഹചര്യം കണക്കിലെടുത്ത് 14-11-2021-ലെ സ.ഉ. (സാധാ.) നം. 764/2021/നി.വ. പ്രകാരം 'ആശ്വാസ് - 2021' എന്ന പുതിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കുടിശ്ശികയുടെ കാലപ്പഴക്കമനുസരിച്ച് ഉപാധികളോടെ പലിശ തുകയിൽ 60 മുതൽ 90 ശതമാനം വരെ ഇളവും സർക്കാർ കളക്ഷൻ ചാർജ്ജ് ഒഴിവാക്കിയും കുടിശ്ശിക തീർപ്പാക്കാൻ അവസരമുണ്ട്. 31-03-2022 വരെയാണ് ഈ പദ്ധതിയുടെ കാലാവധി.

## കോവിഡ് പ്രതിരോധ ഉത്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് വായ്പ

132(2541) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ ഉത്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് കെ.എഫ്.സി. മുഖേന 2021-22 സാമ്പത്തിക വർഷത്തിൽ എത്ര രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ട്?

കോവിഡ് പ്രതിരോധ ഉത്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് കെ.എഫ്.സി. മുഖേന 2021-22 സാമ്പത്തിക വർഷം 424.83 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഏതൊക്കെ സ്ഥാപനങ്ങൾക്ക് എത്ര രൂപ വീതമാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

Centroid Polymer Technologies, പാലക്കാട് - 324.83 ലക്ഷം രൂപ

Karimpanackal Air Products, പത്തനംതിട്ട - 100 ലക്ഷം രൂപ

**കെ.എഫ്.സി.-യിൽനിന്ന് അധിക വായ്പ**

133(2542) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എഫ്.സി.-യിൽനിന്ന് വായ്പയെടുത്ത് 2020 മാർച്ച് 31 വരെ കൃത്യമായി തിരിച്ചടച്ച പ്രവാസികൾക്കായി നാല്പത് ശതമാനം അധിക വായ്പ നൽകുന്നതിനായി കഴിഞ്ഞ ബഡ്ജറ്റിൽ നീക്കിവച്ച അഞ്ഞൂറ് കോടി

രൂപയിൽ നൂറ് കോടി രൂപപോലും നാളിതുവരെ ചെലവഴിക്കാൻ സാധിക്കാത്തതിന്റെ കാരണമെന്താണെന്ന് അറിയിക്കുമോ?

04-06-2021-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 94-ാം ഖണ്ഡിക പ്രകാരം ടൂറിസം-ചെറുകിട-വ്യവസായ മേഖലയിലെ സംരംഭകർക്ക് മൊത്തം 40 ശതമാനം അധികവായ്പ നൽകുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്. ഇപ്രകാരം ടൂറിസം-ചെറുകിട മേഖലയിൽ 134 യൂണിറ്റുകൾക്കായി 75.29 കോടി രൂപ വായ്പയായി അനുവദിച്ചിരുന്നു.

(ബി) പ്രസ്തുത പദ്ധതിപ്രകാരം അധിക വായ്പ ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്ര പേർക്ക് സഹായം അനുവദിച്ചിട്ടുണ്ട്; പദ്ധതിയുടെ വിശദാംശങ്ങൾ പ്രവാസികളെ അറിയിക്കുന്നതിനായി ഏത് രീതിയിലുള്ള പ്രചാരണം നടത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ?

അധിക വായ്പ ലഭിക്കുന്നതിനായി 134 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും അവർക്ക് വായ്പ അനുവദിച്ചിട്ടുള്ളതുമാകുന്നു. പ്രസ്തുത പദ്ധതി പ്രകാരം ടൂറിസം-ചെറുകിട-വ്യവസായ മേഖലയിലെ സംരംഭകർക്കാണ് കെ.എഫ്.സി. അധികവായ്പ അനുവദിച്ചിരുന്നത്. പ്രവാസികളെ ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല.

## കെ.എഫ്.സി.-യുടെ വായ്പ പദ്ധതികൾ

134(2543)ശ്രീ. പി. എസ്. സുപാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വാണിജ്യ മേഖലയ്ക്ക് വായ്പാ സഹായം ലഭ്യമാക്കുന്നതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം എത്രത്തോളം ഫലപ്രദമായിട്ടുണ്ട്; വിശദമാക്കുമോ?

കേരളത്തിന്റെ വ്യവസായ മേഖലയ്ക്ക് വായ്പാസഹായം ലഭ്യമാക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ കെ.എഫ്.സി.-യുടെ പങ്ക് വളരെ വലുതാണ്. നാളിതുവരെ കേരളത്തിലുടനീളം 65000 പ്രോജക്ടുകൾക്ക് കെ.എഫ്.സി. വായ്പാ സഹായം നൽകുകയുണ്ടായി. എം.എസ്.എം.ഇ. വായ്പവഴി ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. കൂടാതെ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് വായ്പ നൽകുന്നതിൽ കെ.എഫ്.സി. മുഖ്യപങ്ക് വഹിക്കുന്നു. 2020-21 സാമ്പത്തിക വർഷംമാത്രം കെ.എഫ്.സി. 4660 സംരംഭകർക്കായി ഏകദേശം 4164 കോടി രൂപയുടെ വായ്പാനുമതി നൽകുകയുണ്ടായി.

(ബി) ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിലും ലളിതമായ വ്യവസ്ഥയിലും വായ്പ ലഭ്യമാക്കാൻ കെ.എഫ്.സി. പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. വർഷന്തോറും 2000 സംരംഭകർക്ക് 5% പലിശ നിരക്കിൽ ലളിത വ്യവസ്ഥയിൽ വായ്പ നൽകുന്ന മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതി, കെ.എഫ്.സി. വഴി സർക്കാർ നടപ്പാക്കിവരുന്നു. നിലവിലുള്ള മറ്റ് വായ്പാ പദ്ധതികൾക്കുള്ള അടിസ്ഥാന പലിശ നിരക്ക് 8 ശതമാനമായും കുറച്ചിട്ടുണ്ട്.

(സി) വ്യവസായ വാണിജ്യ മേഖലയ്ക്ക് മെച്ചപ്പെട്ട വായ്പാ സഹായം ലഭ്യമാക്കുന്നതിനായി കെ.എഫ്.സി.-യുടെ വായ്പ നയം പരിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വായ്പാനയം പരിഷ്കരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 4500 കോടി രൂപയുടെ വായ്പാനുമതി നൽകാനും 3400 കോടി രൂപ വായ്പാ വിതരണം നടത്താനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ 50% എം.എസ്.എം.ഇ.-കൾക്കാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കോവിഡിന്റെ പശ്ചാത്തലത്തിൽ വ്യവസായ

മേഖലയെ സഹായിക്കാനായി കെ.എഫ്.സി. താഴെപ്പറയുന്ന പരിഷ്കാരങ്ങളാണ് പുതിയ വായ്പാനയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. കെ.എഫ്.സി. വായ്പകൾക്ക് ആർ.ബി.ഐ. നിബന്ധനകൾക്ക് വിധേയമായുള്ള മൊറട്ടോറിയവും തിരിച്ചടവ് പുന:ക്രമീകരണവും.

2. പ്രതിസന്ധിയിലായ ടൂറിസം, ചെറുകിട മേഖലകളിലെ വ്യവസായങ്ങൾക്ക് 20% അധിക വായ്പ.

3. കോവിഡ് പ്രതിരോധ ഉത്പന്ന നിർമ്മാണ സ്ഥാപനങ്ങൾക്ക് 90% വരെ വായ്പ.

4. ചെറുകിട വ്യവസായം, ആരോഗ്യ പരിപാലനം, ടൂറിസം മേഖലയിലെ യൂണിറ്റുകളുടെ കുറഞ്ഞ പലിശ 9.5 ശതമാനത്തിൽനിന്ന് 8 ശതമാനമായി കുറച്ചു. ഉയർന്ന പലിശ നിരക്ക് 12 ശതമാനത്തിൽനിന്ന് 10.50 ശതമാനമായി കുറച്ചു.

5. സ്റ്റാർട്ടപ്പുകൾക്ക് 10 കോടി രൂപവരെ വായ്പ.

6. വ്യവസായ എസ്റ്റേറ്റിലെ യൂണിറ്റുകൾക്ക് പ്രത്യേക വായ്പാ പദ്ധതി.

(ഡി) ആശയ രൂപീകരണം മുതൽ വളർച്ചയുടെ എല്ലാ ഘട്ടങ്ങളിലും സഹായം നൽകുന്നവിധം കെ.എഫ്.സി. സ്റ്റാർട്ടപ്പ് കേരള എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. സ്റ്റാർട്ടപ്പുകൾക്കായി കെ.എഫ്.സി. മൂന്ന് വായ്പാ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആശയത്തിൽനിന്നും ഉത്പാദനത്തിലേയ്ക്ക് നീങ്ങാൻ 25 ലക്ഷം രൂപയും വാണിജ്യവൽക്കരണത്തിന് 50 ലക്ഷം രൂപയും സ്കെയിലിംഗ് അപ്പിന് ഒരു കോടി രൂപയും നൽകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് കേരള പദ്ധതി. ഇതുകൂടാതെ സ്റ്റാർട്ടപ്പുകൾക്ക് അവരുടെ പർച്ചേസ് ഓർഡറുകൾ തീർപ്പാക്കുന്നതിനായി പ്രവർത്തന മൂലധനവായ്പ (10 കോടി രൂപവരെ), ഐ.ടി./ഹാർഡ്‌വെയർ അധിഷ്ഠിതമായ സ്റ്റാർട്ടപ്പുകൾക്ക് വെഞ്ച്വർ ഡെബ്റ്റ് വായ്പ (10 കോടി രൂപവരെ), സർക്കാർ ഡിപ്പാർട്ടുമെന്റിന്റെ ആവശ്യങ്ങൾക്കായി യു.എൻ.ഒ. നിർദ്ദേശിച്ചിട്ടുള്ള വസ്തുക്കളുടെ നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്നവർക്ക് സീഡ് വായ്പാ സഹായം (1 കോടി രൂപവരെ) എന്നിവയും നൽകുന്നുണ്ട്.

## കേരള ഫിനാൻഷ്യൽ കോർപ്പറേഷനിലെ നിയമനങ്ങൾ

135(2544) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും എത്ര പേർക്ക് താൽക്കാലിക നിയമനം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ 104 പേർക്ക് സ്ഥിരനിയമനം നൽകിയിട്ടുണ്ട്. താൽക്കാലിക ജീവനക്കാരായി നിലവിൽ 42 പേർ ജോലി ചെയ്തുവരുന്നു.

(ബി) പത്ത് വർഷത്തിനിടയിൽ താല്ക്കാലികമായോ സ്ഥിരമായോ നിയമനം ലഭിച്ചവരിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട എത്രപേർ ഉൾപ്പെട്ടിട്ടുണ്ടെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഈ കാലയളവിനുള്ളിൽ സ്ഥിരനിയമനങ്ങളിൽ എസ്.സി/എസ്.ടി. വിഭാഗത്തിൽ 8 പേരെ നിയമിച്ചിട്ടുണ്ട്. നിലവിലെ താല്ക്കാലിക ജീവനക്കാരിൽ 9 പേർ എസ്.സി./എസ്.ടി. ജീവനക്കാരാണ്. കോർപ്പറേഷനിലെ നിയമനങ്ങളിൽ സംവരണതത്വം പാലിക്കാറുണ്ട്.

**വായ്പയെടുത്തവർക്ക് ഇളവ്**

136(2545) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഇ., കെ.എഫ്.സി., സഹകരണ ബാങ്ക്, സൊസൈറ്റി തുടങ്ങിയ വിവിധ സർക്കാർ-അർദ്ധസർക്കാർ ധനകാര്യ സ്ഥാപനങ്ങളിൽനിന്നുമെടുത്ത വായ്പകൾ സാമ്പത്തിക പ്രയാസംമൂലം

തിരിച്ചടയ്ക്കാൻ കഴിയാതെ ജപ്തി നടപടികൾ നേരിടുന്നതും അല്ലാത്തതുമായ കേസുകളിൽ പാവപ്പെട്ട ജനങ്ങളെ സഹായിക്കുന്നതിനായി ഇളവുകളോ ആനുകൂല്യങ്ങളോ അനുവദിക്കുന്നകാര്യം പരിഗണനയിലുണ്ടോ എന്ന് വിശദമാക്കുമോ?

കെ.എസ്.എഫ്.ഇ.-യിൽനിന്നുമെടുത്ത വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാതെ ജപ്തി നടപടികൾ നേരിടുന്നതും അല്ലാത്തതുമായ അക്കൗണ്ടുകൾ തീർപ്പാക്കുന്നതിന് 2020-ൽ 'ആശ്വാസ്-2020' എന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും 2021-ൽ കുടിശ്ശികയുടെ കാലപ്പഴക്കമനുസരിച്ച് 60 മുതൽ 90 ശതമാനംവരെ പലിശയിളവ് നൽകിക്കൊണ്ട് 'ആശ്വാസ്-2021' എന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നിലവിലുള്ളതാണ്. 31-03-2022 വരെയാണ് ഈ പദ്ധതിയുടെ കാലാവധി. സാമ്പത്തിക പ്രയാസംമൂലം വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ നിഷ്ക്രിയ ആസ്തിയിലായ എല്ലാ വായ്പകൾക്കും "കോവിഡ് സ്പെഷ്യൽ സെറ്റിൽമെന്റ് അദാലത്ത് 2021" പ്രകാരമുള്ള പരമാവധി ആനുകൂല്യങ്ങൾ കെ.എഫ്.സി. നൽകിയിട്ടുള്ളതും ആയതുപ്രകാരം വായ്പ തീർപ്പാക്കാനുള്ള അവസാന തീയതി 31-03-2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതുമാണ്. സഹകരണ ബാങ്ക്, സൊസൈറ്റി തുടങ്ങിയവ 22-10-2021-ലെ ജി.ഒ.

(എം.എസ്.) നം. 201/2021/റവ പ്രകാരം അനുവദിച്ച മൊറട്ടോറിയത്തിന്റെ കാലാവധി നീട്ടുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**ജി.എസ്.ടി. വരുമാന ചോർച്ച**

137(2546) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി ചോർച്ച കണ്ടെത്തുന്നതിൽ ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

നികുതി ചോർച്ച കണ്ടെത്തുന്നതിൽ ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം നികുതി ചോർച്ചയുണ്ടാകുന്നു എന്നതുമായി ബന്ധപ്പെട്ട പല അവലോകനങ്ങളും സംസ്ഥാന ജി.എസ്.ടി. വകുപ്പ് നടത്തിയിട്ടുണ്ട്. ജി.എസ്.ടി. പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിതമായ ഒരു നികുതി സമ്പ്രദായമാകയാൽ നൂതനവും വ്യത്യസ്തവുമായ നികുതി വെട്ടിപ്പ് രീതികളാണ് കണ്ടുവരുന്നത്. അന്തർസംസ്ഥാന സപ്ലൈകൾക്കും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യം ലഭിക്കുമെന്നതിനാൽ ഇത് മുതലെടുത്ത് അനധികൃതമായി ഇൻപുട്ട് ടാക്സ് ക്ലെയിം ചെയ്യുന്നതുമൂലമുള്ള നികുതി വെട്ടിപ്പുകൾ ധാരാളമായി കണ്ടെത്തിയിട്ടുണ്ട്. ജി.എസ്.ടി. രജിസ്ട്രേഷൻ

നടപടികൾ ലളിതമാക്കിയതും ചെക്കുപോസ്റ്റ് സംവിധാനം പൂർണ്ണമായും നിർത്തലാക്കിയതും ജി.എസ്.ടി.-യുടെ തുടക്കത്തിൽ നികുതി വെട്ടിപ്പിന് കാരണമായിട്ടുണ്ട്. ജി.എസ്.ടി. നിയമത്തിൽ അവശ്യമാറ്റങ്ങൾ വരുത്തി കൂടുതൽ കർശന നിബന്ധനകളിലൂടെ ഇത്തരം നികുതിവെട്ടിപ്പുകൾ തടയുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാന ജി.എസ്.ടി. വകുപ്പിന്റെ ഇന്റലിജൻസ് ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച്, അഡ്ജൂഡിക്കേഷൻ വിഭാഗങ്ങൾ കൂടുതൽ കർശന പരിശോധനകളിലൂടെ നികുതി വെട്ടിപ്പുകൾ കണ്ടെത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ജി.എസ്.ടി. വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പാക്കിയതുമായി ബന്ധപ്പെട്ട് ജി.എസ്.ടി. സംവിധാനത്തിനനുസൃതമായി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് വകുപ്പിൽ ഘടനാപരമായ മാറ്റങ്ങൾവരുത്തി പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇന്റലിജൻസ് വിഭാഗം കൂടുതൽ ശക്തിപ്പെടുത്തൽ, ഡാറ്റാ അനലിറ്റിക്, എ.എൻ.പി.ആർ., മോണിറ്ററിംഗ് എന്നിവ വിപുലപ്പെടുത്തൽ തുടങ്ങിയ

നടപടികൾ സ്വീകരിച്ചുവരുന്നു. ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ ലഭ്യമായ ജീവനക്കാരെ ഉൾപ്പെടുത്തി ഓഡിറ്റ് ടീമുകൾ രൂപീകരിച്ച് ട്രെയിനിംഗ് നടത്തുകയും അതുവഴി ഓഡിറ്റ് പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കാനും ഉദ്ദേശിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ, സാങ്കേതികവിദ്യാ സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തി വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുള്ള നടപടികളും സ്വീകരിക്കാനുദ്ദേശിക്കുന്നു. വകുപ്പിലെ എല്ലാ വിഭാഗങ്ങളിലെയും ജീവനക്കാർക്കുവേണ്ടിയുള്ള സമഗ്ര പരിശീലന പരിപാടികളും നടത്തിവരുന്നു. നികുതിവെട്ടിപ്പ് തടയുന്നതിലേയ്ക്കായി പൊതുജനങ്ങളെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പദ്ധതികൾ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

## നികുതി വെട്ടിപ്പ് തടയുവാനും നികുതി പിരിവ് കാര്യക്ഷമമാക്കാനും നടപടി

138(2547) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി വെട്ടിപ്പ് തടയാനും നികുതി പിരിവ് കാര്യക്ഷമമാക്കാനുമായി നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സംസ്ഥാനത്ത് നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും വകുപ്പ് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. ജി.എസ്.ടി. വെട്ടിപ്പ് തടയുന്നതിനായി ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും വാഹന പരിശോധന, കട പരിശോധന, ടെസ്റ്റ് പർച്ചേസ്, എ.എൻ.പി.ആർ. (ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ ക്യാമറ) സംവിധാനം ഉപയോഗിച്ചുള്ള വാഹന പരിശോധന, വാണിജ്യ നികുതി ചെക്കുപോസ്റ്റുകൾ നിലനിന്നിരുന്ന പ്രദേശങ്ങളിൽ പ്രത്യേക സർവൈലൻസ് സ്ക്വാഡുകളെ ഉപയോഗിച്ചുള്ള പരിശോധന, ജി.എസ്.ടി. രജിസ്ട്രേഷൻ ബാധ്യതയുള്ളവരെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ജി.എസ്.ടി.-യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന ജി.എസ്.ടി. വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം സെക്ടർ തിരിച്ചുള്ള പരിശോധനകൾ വഴിയും ഡാറ്റ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും തട്ടിപ്പുകൾ തടയുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇത്തരം നികുതി വെട്ടിപ്പുകൾക്കെതിരെയുള്ള നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി നടത്തിയ പരിശോധനകളിൽ

വൻതുകകളുടെ ഇൻപുട്ട് ടാക്സ് തട്ടിച്ച നിരവധി കേസുകൾ ജി.എസ്.ടി. വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം കണ്ടെത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ നികുതി സംവിധാനം നടപ്പായതോടെ നികുതിഭരണ സംവിധാനത്തിലും കാതലായ മാറ്റങ്ങൾ അനിവാര്യമാണെന്ന് കണ്ടതിനാൽ അതുമായി ബന്ധപ്പെട്ട് വകുപ്പുതലത്തിലും ചില സത്വര നടപടികൾ സ്വീകരിച്ചു. ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ ലഭ്യമായ ജീവനക്കാരെയുൾപ്പെടുത്തി ഓഡിറ്റ് ടീമുകൾ രൂപീകരിച്ച് ട്രെയിനിംഗ് നടത്തുകയുണ്ടായി. എല്ലാ വിഭാഗങ്ങളിലെയും ജീവനക്കാർക്ക് പ്രയോജനപ്രദമാകുന്ന വിധത്തിൽ തുടർച്ചയായുള്ള പരിശീലന പരിപാടികളും വകുപ്പ് നടത്തിവരുന്നു.

(ബി) ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം സ്വർണ്ണ വ്യാപാരമുൾപ്പെടെയുള്ള പല മേഖലകളിലും ഉപഭോക്താക്കൾ കബളിക്കപ്പെടുന്നതും സംസ്ഥാനത്തിന് ലഭ്യമാകേണ്ട നികുതി ലഭിക്കാതിരിക്കുന്നതും പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. ബില്ല് ആവശ്യപ്പെടാൻ ഉപഭോക്താക്കൾക്ക് സ്വതവേയുള്ള വൈമുഖ്യം പ്രത്യേകിച്ചും സ്വർണ്ണവ്യാപാര മേഖലയിലുൾപ്പെടെ ദുരുപയോഗം ചെയ്യപ്പെടുന്നു. സ്വർണ്ണത്തിന്റെ ഉയർന്ന മൂല്യവും

അനായാസമായി ക്രയവിക്രയം ചെയ്യാനുള്ള സൗകര്യവും സ്വർണ്ണവ്യാപാര മേഖലയിൽ നികുതി വെട്ടിപ്പിനുള്ള സാദ്ധ്യതകളേറെ വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിനാൽ ഇത്തരം അനാരോഗ്യകരമായ പ്രവണതകളില്ലാതാക്കുന്നതിന്റെ ഭാഗമായി വകുപ്പ് പൊതുജനങ്ങൾക്കായുള്ള ബോധവൽക്കരണ പരിപാടികൾ വിവിധ പൊതുമാധ്യമങ്ങളിലൂടെ ചെയ്തുവരുന്നു. കെ.എസ്.ജി.എസ്.ടി. നിയമം 2017, വകുപ്പ് 31 പ്രകാരം ഒരു രജിസ്റ്റേർഡ് ടാക്സബിൾ പേഴ്സൺ നികുതി ബാധകമായ ഉത്പന്നങ്ങൾ റെസിപിയന്റിന് കൈമാറുന്ന സമയത്തുതന്നെ ടാക്സ് ഇൻവോയ്സും നൽകാൻ ബാദ്ധ്യസ്ഥനാണ്. ഇൻവോയ്സ് നൽകാതെ സാധനമോ സേവനമോ സപ്ലൈ ചെയ്യുക, തെറ്റായ ഇൻവോയ്സ് നൽകുക, സാധനമോ സേവനമോ സപ്ലൈ ചെയ്യാതെ ഇൻവോയ്സ് മാത്രം നൽകുക തുടങ്ങിയവയെല്ലാം വകുപ്പ് 122 പ്രകാരം ശിക്ഷാർഹമായ കുറ്റകൃത്യങ്ങളാണ്. ആയതിനാൽ ജി.എസ്.ടി. ഇന്റലിജൻസ് സ്ക്വാഡുകൾ ഇത്തരത്തിലുള്ള പരിശോധനകൾ നടത്തുകയും കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നപക്ഷം ശിക്ഷാനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(സി) നികുതി പിരിവ് ഉദ്യോഗസ്ഥ മേഖലയിലെ അഴിമതികളും കൈക്കൂലിയും ഇല്ലാതാക്കാനായി സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങളെന്തെല്ലാം; മുൻസർക്കാർ കാലയളവിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചുവെന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ജി.എസ്.ടി. പൂർണ്ണമായും വിവര സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി സമ്പ്രദായമാണ്. ജി.എസ്.ടി. രജിസ്ട്രേഷനായുള്ള അപേക്ഷ സമർപ്പിക്കൽ മുതൽ റിട്ടേൺ ഫയൽ ചെയ്യൽ, നികുതി, പിഴ, പലിശ എന്നിവയടയ്ക്കൽ, നോട്ടീസുകൾ, ഉത്തരവുകൾ എന്നിവ നൽകൽ, മറ്റ് അപേക്ഷകൾ, മറുപടികൾ തുടങ്ങിയവ സമർപ്പിക്കൽ, റീഫണ്ട് അനുവദിക്കൽ തുടങ്ങി എല്ലാ പ്രക്രിയകളും ഓൺലൈൻ സംവിധാനത്തിൽ നടത്തപ്പെടുന്നതിനാൽ നികുതിദായകന് നികുതി പിരിവ് ഉദ്യോഗസ്ഥരുമായി നേരിട്ടിടപെടേണ്ടുന്ന സാഹചര്യം വളരെ വിരളമാണ്. അതുകൊണ്ടുതന്നെ ജി.എസ്.ടി. സംവിധാനം ഉദ്യോഗസ്ഥ അഴിമതിക്കുള്ള സാദ്ധ്യതകളെ ഗണ്യമായി കുറയ്ക്കുന്ന ഒരു നികുതി സമ്പ്രദായം കൂടിയാണ്. എന്നിരുന്നാലും ഏതെങ്കിലും തരത്തിലുള്ള അഴിമതികൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം അത്തരം ഉദ്യോഗസ്ഥർക്കെതിരെ

വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. മുൻസർക്കാരിന്റെ കാലയളവിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും അഴിമതിയും കൈക്കൂലിയുമായി ബന്ധപ്പെട്ട് തൊണ്ണൂറുപേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

**കേരള നഴ്സസ് ആൻഡ് മിഡ്‌വൈഫ്സ് കൗൺസിൽ നൽകുന്ന സേവനങ്ങൾക്ക് ജി.എസ്.ടി.**

139(2548) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള നഴ്സസ് ആൻഡ് മിഡ്‌വൈഫ്സ് കൗൺസിൽ നൽകുന്ന സേവനങ്ങൾക്ക് ജി.എസ്.ടി. ബാധകമാണോ എന്ന് വിശദമാക്കുമോ?

കേരള നഴ്സസ് ആൻഡ് മിഡ്‌വൈഫ്സ് കൗൺസിൽ നൽകുന്ന സേവനങ്ങളുടെ വാർഷിക വിറ്റുവരവ് 20 ലക്ഷം രൂപയിൽ കൂടിയാൽ, കേരള ചരക്കുസേവന നികുതി നിയമപ്രകാരം പുറപ്പെടുവിച്ചിരിക്കുന്ന സർക്കാർ വിജ്ഞാപനം എസ്.ആർ.ഒ. 371/2017 പ്രകാരം നികുതി നിശ്ചയിച്ചിരിക്കുന്ന സേവനങ്ങളുടെ വിതരണം നടത്തുകയാണെങ്കിൽ ചരക്കുസേവന നികുതി ബാധകമാണ്.

## കരുനാഗപ്പള്ളിയിൽ കോടതി സമുച്ചയം

140(2549) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളിയിൽ കോടതി സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായെന്ന് വിശദീകരിക്കുമോ;

(ബി) കരുനാഗപ്പള്ളിയിൽ കോടതി സമുച്ചയം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയാണെന്ന് വിശദാംശം നൽകാമോ; ഇല്ലെങ്കിൽ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി വിശദമാക്കുമോ?

(എ&ബി) തഴവ വില്ലേജിലെ റീസർവ്വേ നം. 200/4-ലെ 39.56 ആർ ഭൂമി കരുനാഗപ്പള്ളി കോർട്ട് കോംപ്ലക്സ് നിർമ്മാണത്തിനായി ജുഡീഷ്യറിക്ക് കൈമാറുന്നതിലേയ്ക്കായി 27-10-2017-ൽ ഹൈക്കോടതി രജിസ്ട്രാർ സർക്കാരിൽ ഒരു പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ഇതിനെത്തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പ് 06-07-2018-ലെ സ.ഉ. (സാധാ) നം. 55/2018/ത.സ്വ.ഭ.വ. പ്രകാരം മേൽപ്പറഞ്ഞ ഭൂമിയുടെ അവകാശം റവന്യൂ വകുപ്പിന് കൈമാറുകയുണ്ടായി. പ്രസ്തുത ഭൂമി

ജുഡീഷ്യറിക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചുവരവെ, ഐ.എച്ച്.ആർ.ഡി.-യുടെ കൈവശമുള്ള കരുനാഗപ്പള്ളി വില്ലേജിലെ ബ്ലോക്ക് നം. 10-ലെ റീസർവ്വേ നം. 584/4-ൽ 59.45 ആർ ഭൂമി കരുനാഗപ്പള്ളി കോർട്ട് കോംപ്ലക്സ് നിർമ്മാണത്തിനും ജുഡീഷ്യൽ ഓഫീസ് ക്വാർട്ടേഴ്സിന്റെയും നിർമ്മാണത്തിനുവേണ്ടി പരിഗണിക്കണമെന്നും പ്രസ്തുത ഭൂമി ജുഡീഷ്യറി വകുപ്പിന് കൈമാറണമെന്നുള്ള ഹൈക്കോടതി രജിസ്ട്രാറുടെ പുതിയ പ്രൊപ്പോസൽ ലഭിച്ചു. ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള ഭൂമി കൈമാറുന്നതിൽ താമസം നേരിടുന്നതിനാൽ തഴവ ഗ്രാമപഞ്ചായത്തിലെ 39.56 ആർ ഭൂമിയിലെ റീസർവ്വെ നം. 200/4-ലെ ഭൂമി അനുവദിക്കണമെന്ന മുൻപ്രൊപ്പോസൽ വീണ്ടും പരിഗണിക്കണമെന്ന് വീണ്ടും ഹൈക്കോടതി രജിസ്ട്രാർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

**അഡ്വക്കേറ്റ് വെൽഫെയർ ഫണ്ട്**

141(2550) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിരമിക്കുന്ന/മരണപ്പെടുന്ന അഭിഭാഷകർക്ക് അഡ്വക്കേറ്റ് വെൽഫെയർ ഫണ്ടിൽനിന്നും നൽകിവരുന്ന തുക എത്രയാണ്; ഇത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ?

1980-ലെ കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് ആക്ടിന്റെ വകുപ്പ് 16(1) പ്രകാരം അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ടിൽ 15 വർഷത്തെ തുടർച്ചയായ അംഗത്വം പൂർത്തിയാക്കി പ്രാക്ടീസ് നിർത്തുമ്പോൾ ഒരംഗത്തിന് യഥാർത്ഥ പ്രാക്ടീസ് പൂർത്തിയാക്കുന്ന ഓരോ വർഷത്തിനും 25,000/- രൂപ എന്ന നിരക്കിൽ പരമാവധി മൊത്തം തുക 10 ലക്ഷം രൂപവരെ നിധിയിൽനിന്നും കൈപ്പറ്റുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. യഥാർത്ഥ പ്രാക്ടീസ് തുടരുന്ന സമയത്ത് ഒരംഗം മരണപ്പെടുന്ന സംഗതിയിൽ അയാൾ നാമനിർദ്ദേശം ചെയ്യുന്ന ആളിനോ അപ്രകാരം നാമനിർദ്ദേശം ചെയ്തയാൾ ഇല്ലെങ്കിൽ അയാളുടെ നിയമാനുസൃതമായ അനന്തരാവകാശികൾക്കോ മൂന്നുലക്ഷം രൂപ അല്ലെങ്കിൽ പ്രാക്ടീസ് പൂർത്തിയാക്കുന്ന ഓരോ വർഷത്തിനും 1980-ലെ കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് ആക്ടിന്റെ 16-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ നിർദ്ദേശിച്ചിരിക്കുന്ന നിരക്കിൽ പരമാവധി മൊത്തം പത്ത് ലക്ഷം രൂപയോ ഇതിൽ ഏതാണോ കൂടുതൽ അത് നിധിയിൽനിന്നും

കൈപ്പറ്റാൻ അർഹതയുണ്ടായിരിക്കുന്നതാണ്. മേൽപ്പറഞ്ഞ സാമ്പത്തിക സഹായങ്ങൾ വർദ്ധിപ്പിക്കുന്നകാര്യം പരിശോധിച്ചുവരുന്നു.

(ബി) വെൽഫെയർ ഫണ്ടിൽനിന്നും ചികിത്സാ ധനസഹായം നൽകുന്നുണ്ടോ; ഇതിനായി പരിഗണിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ടിൽനിന്നും ചികിത്സാ ധനസഹായം നൽകുന്നുണ്ട്. 1980-ലെ കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് ആക്ടിന്റെ വകുപ്പ് 18(b) പ്രകാരം ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്ക് വിധേയരാകുന്ന ഫണ്ടിലെ അംഗങ്ങൾക്ക് ക്യാൻസർ ചികിത്സയ്ക്കും മറ്റ് ഗുരുതരരോഗങ്ങളുടെ ചികിത്സയ്ക്കും മേജർ സർജിക്കൽ ഓപ്പറേഷനും മൂന്നുവർഷക്കാലയളവിൽ പരമാവധി ഒരു ലക്ഷം രൂപ ചികിത്സാ ധനസഹായമായി നൽകുന്നുണ്ട്. അപേക്ഷയോടൊപ്പം ഹാജരാക്കുന്ന എല്ലാ മെഡിക്കൽ രേഖകളുടെയും കൃത്യതയും സത്യസന്ധതയും സംബന്ധിച്ച് ട്രസ്റ്റി കമ്മിറ്റിക്ക് ബോദ്ധ്യപ്പെടുന്നപക്ഷം ചികിത്സാ ധനസഹായം അനുവദിക്കുന്നതാണ്.

## ഇലക്ട്രോണിക് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം

142(2551) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷനും അനുബന്ധ സ്ഥാപനങ്ങളും കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ അവയുടെ ലാഭ-നഷ്ടക്കണക്കുകൾ എത്രയെന്ന് വ്യക്തമാക്കുമോ?

കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷന്റെയും അനുബന്ധ കമ്പനികളുടെയും കഴിഞ്ഞ 5 വർഷത്തെ ലാഭ-നഷ്ടകണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അവസാനമായി ശമ്പള പരിഷ്കരണം നടപ്പാക്കിയതെന്നാണ്; കുടിശ്ശികയുൾപ്പെടെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷനിലെയും അനുബന്ധ കമ്പനികളിലെയും ജീവനക്കാർക്ക് 2012-17 കാലയളവിലെ ശമ്പളപരിഷ്കരണം നടപ്പാക്കിയത് 2017-ലാണ്. കെൽട്രോണിലെയും അനുബന്ധ കമ്പനികളിലെയും വർക്ക്മെൻ കാറ്റഗറിയിലെ ജീവനക്കാർക്ക് 2017-22 കാലയളവിലെ ശമ്പളപരിഷ്കരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് 08-02-2021-ൽ സർക്കാർ കെൽട്രോണിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കമ്പനിതലത്തിൽ തുടർനടപടി സ്വീകരിച്ചുവരുന്നു. മാനേജീരിയൽ കാറ്റഗറിയിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ സേവന-വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിയമിച്ച എക്സ്പെർട്ട് കമ്മിറ്റിയുടെ അന്തിമ തീരുമാനത്തിനനുസൃതമായി നടപ്പാക്കാവുന്നതാണെന്ന വിവരം കെൽട്രോൺ അധികൃതരെ അറിയിച്ചിട്ടുണ്ട്. ശമ്പള പരിഷ്കരണം നടപ്പാക്കുന്നമുറയ്ക്ക് മാത്രമാണ് ശമ്പള കുടിശ്ശികപോലുള്ള കാര്യങ്ങളിൽ അന്തിമ തീരുമാനമെടുക്കാനാകുന്നത്.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ വൈവിദ്ധ്യവൽക്കരണം**

143(2552) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈവിദ്ധ്യവൽക്കരണം നടത്തിയും പൊതുനിർമ്മാണ രംഗത്തേയ്ക്കും ജനറൽ സിവിൽ വർക്കുകളുടെ മേഖലയിലേയ്ക്കും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) പൊതുപ്രവൃത്തികളും നിർമ്മാണ മേഖലയിലെ പ്രവൃത്തികളും ഏറ്റെടുത്ത് നടപ്പാക്കാൻ സാധിക്കുന്ന വിധത്തിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ അക്രെഡിറ്റേഷൻ നേടിയെടുത്ത് അക്രെഡിറ്റഡ് ഏജൻസികൾ എന്നനിലയിൽ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

(എ-സി) വ്യവസായ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള കെമിക്കൽ, ഇലക്ട്രിക്കൽ, എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ്, ടെക്സ്റ്റൈൽസ്, സെറാമിക്സ് ആൻഡ് റിഫ്രാക്റ്ററീസ്, ട്രഡീഷണൽ ആൻഡ് ഇൻഫ്രാസ്ട്രക്ച്ചർ എന്നീ ഏഴ് സെക്ടറുകളിലായി പ്രവർത്തിക്കുന്ന

പൊതുമേഖലാ സ്ഥാപനങ്ങളുടെ അടുത്ത പത്തുവർഷത്തെ പ്രവർത്തനം മുന്നിൽകണ്ടുകൊണ്ട് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവൽക്കരണം, വിപുലീകരണം, വൈവിദ്ധ്യവൽക്കരണം എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾ കമ്പനികളുടെ മാസ്റ്റർപ്ലാനിന്റെ ഭാഗമായി രൂപീകരിച്ചിട്ടുണ്ട്. നിലവിൽ വ്യവസായ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്, കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്, ഇൻഫ്രാസ്ട്രക്ച്ചർ കേരള ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പൊതുപ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനുള്ള അക്രെഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. ആവശ്യംവരുന്നപക്ഷം കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പൊതുപ്രവൃത്തികളും നിർമ്മാണ

മേഖലയിലെ പ്രവൃത്തികളും ഏറ്റെടുത്ത് നടപ്പാക്കുന്നതിനായി അക്രെഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിന്റെ സമഗ്രവികസനം**

144(2553) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിനെ കേന്ദ്രീകരിച്ച് സംസ്ഥാനത്തെ ഇലക്ട്രോണിക്സ് ഹബ്ബാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉദ്ദേശിക്കുന്നുണ്ട്. കെൽട്രോണിനെ കേന്ദ്രീകരിച്ച് സംസ്ഥാനത്തെ ഇലക്ട്രോണിക്സ് ഹബ്ബാക്കി മാറ്റാനുള്ള നടപടികളുടെ ഭാഗമായി വ്യാവസായിക മേഖലയ്ക്ക് മുതൽക്കൂട്ടാവുന്നരീതിയിൽ വൈവിദ്ധ്യവൽക്കരണവും പുതിയ ഉത്പന്നങ്ങളുടെ നിർമ്മാണവും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ കമ്പനി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. നൂതന സാങ്കേതികവിദ്യയായ പ്രിന്റഡ് ഇലക്ട്രോണിക്സ് മേഖലയിലും സെമികണ്ടക്ടർ നിർമ്മാണ മേഖലയിലും കെൽട്രോണിന്റെ ചുവടുറപ്പിക്കുന്നതിനായി സാധ്യതാ പഠനം നടന്നുവരുന്നു. കെൽട്രോൺ സോളാർ പവർ കണ്ടീഷനിംഗ് യൂണിറ്റ്, സോളാർ പമ്പ് കൺട്രോളർ, വാണിജ്യാടിസ്ഥാനത്തിലുള്ള 5KVA യു.പി.എസ്., ലിഥിയം അയൺ

ബാറ്ററി അസംബ്ലിംഗ് പ്ലാന്റ് തുടങ്ങിയവയുടെ നിർമ്മാണം തുടങ്ങിയിട്ടുണ്ട്. അതോടൊപ്പം സാമൂഹിക പ്രതിബദ്ധതയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് മെഡിക്കൽ ഇലക്ട്രോണിക്സ് മേഖലയിൽ ക്രിട്ടിക്കൽ കെയർ വെന്റിലേറ്റർ, ഇൻഫന്റ് ബേബി വാർമർ, ശ്രവൺ മിനിഹിയറിംഗ് എയ്ഡ്, കോക്ലിയർ ഇംപ്ലാന്റ് സിസ്റ്റം തുടങ്ങിയ പദ്ധതികളും കെൽട്രോൺ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(ബി) കണ്ണൂർ ജില്ലയിലെ മാങ്ങാട്ടുപറമ്പിൽ സ്ഥിതിചെയ്യുന്ന പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ?

കണ്ണൂർ ജില്ലയിലെ മാങ്ങാട്ടുപറമ്പിൽ സ്ഥിതിചെയ്യുന്ന പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിന്റെ സ്ഥാപിത ലക്ഷ്യം ഇലക്ട്രോണിക്സ് കംപോണന്റ്സ് എന്ന വെർട്ടിക്കൽ ശ്രേണിയിലുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുക എന്നുള്ളതാണ്. 2030-ഓടുകൂടി വെർട്ടിക്കൽ ശ്രേണിയിലുള്ള ഉത്പന്നങ്ങളുടെ നിർമ്മാണത്തിൽ ഇന്ത്യയിലെ ഒന്നാം നമ്പർ കമ്പനിയാകുന്നതു കൂടാതെ ഈ ശ്രേണിയിലെ ലോകോത്തര ഉത്പാദകരിലൊന്നാകാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള മാസ്റ്റർപ്ലാൻ കമ്പനി

തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത മാസ്റ്റർപ്ലാൻപ്രകാരം ഇലക്ട്രോണിക്സ് കംപോണന്റ് ശ്രേണിയിലുള്ള പുതിയ ഉത്പന്നങ്ങളുടെ നിർമ്മാണത്തിനായി ചുവടെ ചേർക്കുന്ന വികസന പദ്ധതികളാണ് കമ്പനിയിൽ നടപ്പാക്കിവരുന്നത്.

**2021 - 2023 കാലഘട്ടത്തിൽ നടപ്പിലാക്കുന്ന ഷോർട്ട് ടേം പ്ലാൻ**

1. 18 കോടി രൂപ മുതൽമുടക്കിൽ ഇന്ത്യയിലെ ആദ്യ സൂപ്പർ കപ്പാസിറ്റർ ഉത്പാദന കേന്ദ്രം സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
2. 6 കോടി രൂപ മുതൽമുടക്കിൽ പുതിയ MPP Rectangular Capacitor ഉത്പാദന കേന്ദ്രവും പുതിയ KVAR കപ്പാസിറ്റർ ഉത്പാദന കേന്ദ്രവും സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

**2023 - 2025 കാലഘട്ടത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന മിഡ് ടേം പ്ലാൻ**

1. 20 കോടി രൂപ മുതൽമുടക്കി Li-ion Phosphate Battery ഉത്പാദനകേന്ദ്രം സ്ഥാപിക്കുന്ന പ്രോജക്ട്.
2. 10 കോടി രൂപ മുതൽമുടക്കിൽ MPP കപ്പാസിറ്ററിന്റെ പുതിയ BOPP Film Metallization Plant സ്ഥാപിക്കുന്ന പദ്ധതി.

2025-2030 കാലഘട്ടത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ലോംഗ്-ടേം പ്ലാൻ

1. 24 കോടി രൂപ മുതൽമുടക്കിൽ സൂപ്പർ കപ്പാസിറ്റർ ഉത്പാദന കേന്ദ്രത്തിന്റെ രണ്ടാം ഘട്ടം.
2. SMD കംപോണന്റ്സ് (സർഫേസ് മൗണ്ട് കംപോണന്റ്സ്) ഉത്പാദന കേന്ദ്രം തുടങ്ങുന്നതിനുള്ള പദ്ധതി.
3. Active Electronics Components (Diode, Thyristor, Power Ics, Active Sensors (I o T), Opto electronics components)-ന്റെ ഉത്പാദന കേന്ദ്രം ആരംഭിക്കുന്നതിനുള്ള പദ്ധതി.

**നീതി ആയോഗ് തയ്യാറാക്കിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ പട്ടിക**

145(2554) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ സ്വകാര്യവൽക്കരണ നയത്തിന്റെ ഭാഗമായി ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിക്കുന്നതെന്ന് കരുതപ്പെടുന്ന സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്നതിന്റെയും ഭാഗമായി നീതി ആയോഗ് തയ്യാറാക്കിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ

പട്ടികയിൽ കേരളത്തിലെ ഏതെല്ലാം സ്ഥാപനങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഈ നയങ്ങൾമൂലം എന്തെല്ലാം പ്രതിസന്ധികളാണ് കേരളത്തിനുണ്ടാവുകയെന്ന് വിശദമാക്കുമോ?

(എ-സി) ബി.പി.സി.എൽ., എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ്, ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട് തുടങ്ങിയ സ്ഥാപനങ്ങളാണ് പ്രസ്തുത പട്ടികയിലുൾപ്പെട്ടിരിക്കുന്നത്. ബി.പി.സി.എൽ. കൊച്ചി റിഫൈനറിയുടെ സ്വകാര്യവൽക്കരണവുമായി ബന്ധപ്പെട്ട കേന്ദ്രസർക്കാർ തീരുമാനത്തിനെതിരെ ദേശീയ താല്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താല്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽത്തന്നെ നിലനിർത്തണമെന്നും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽനിന്നും കേന്ദ്രസർക്കാർ അടിയന്തരമായി പിന്മാറണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19-ാം തീയതി കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയിട്ടുള്ളതും ആയത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്. കേന്ദ്രസർക്കാർ

ഓഹരി വിറ്റഴിക്കാൻ തീരുമാനിച്ച എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിനെ ഏറ്റെടുക്കാൻ കേരള സർക്കാർ തീരുമാനിക്കുകയും 11-02-2022-ലെ സ.ഉ.(കൈ)നം.18/2022/വ്യ.വ. ഉത്തരവിലൂടെ ലേല നടപടികളിൽ പങ്കെടുക്കാൻ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. സംസ്ഥാന സർക്കാരിനുവേണ്ടി കെ.എസ്.ഐ.ഡി.സി. താല്പര്യപത്രം സമർപ്പിച്ചിട്ടുണ്ട്. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട് യൂണിറ്റിന്റെ ഓഹരികൾ വിറ്റഴിക്കാൻ കേന്ദ്രം തീരുമാനിച്ച സാഹചര്യത്തിൽ പ്രസ്തുത യൂണിറ്റ് ഏറ്റെടുക്കുന്ന കാര്യം കേരളം പരിഗണിക്കുകയും 20-07-2018-ലെ സ.ഉ.(കൈ)നം. 52/2018/വ്യ.വ. പ്രകാരം ബുക്ക് മൂല്യത്തിന്റെ അടിസ്ഥാനത്തിൽ മൊത്ത ആസ്തിമൂല്യം (Net Asset Value) 53.02 കോടി രൂപയായി കണക്കാക്കി സ്ഥാപനം ഏറ്റെടുക്കാൻ ഉത്തരവായി. പരസ്പര ചർച്ചയ്ക്കുശേഷം ഇതുസംബന്ധിച്ച് തയ്യാറാക്കിയ കരട് MoU കേന്ദ്ര കാബിനറ്റ് അംഗീകരിക്കുന്നതിനായി നൽകിയിട്ടും നാളിതുവരെ അനുകൂല പ്രതികരണമുണ്ടായിട്ടില്ല. അതിനിടെ പ്രസ്തുത സ്ഥാപനം നിലനിൽക്കുന്ന പാലക്കാട്ടെ ഭൂമിയുടെ വിലകൂടി അസ്സറ്റ് (ആസ്തി) ആയി കണക്കാക്കണമെന്ന നിലപാടാണ് കേന്ദ്രതലത്തിൽ സ്വീകരിച്ചിരിക്കുന്നത്. കേരളം വ്യവസായ

ആവശ്യത്തിനായി ഏറ്റെടുത്ത് സൗജന്യമായി നൽകിയ 123.12 ഏക്കർ ഭൂമിയുടെ വിലകൂടി നൽകണമെന്ന കേന്ദ്രാവശ്യം ഇക്കാര്യത്തിലുള്ള പുരോഗതി മന്ദീഭവിപ്പിച്ചു. ഇതുസംബന്ധിച്ച് കേരളത്തിന്റെ സമീപനം വിവിധ കത്തുകളിലൂടെ കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്തിയിരിക്കുകയാണ്.

**കാരവൻ ടൂറിസം പദ്ധതി**

146(2555) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരവൻ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് കെ.എസ്.ഐ.ഡി.സി.-യിൽ പുതിയ വായ്പാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. കാരവൻ ടൂറിസം പദ്ധതി 'കാരവൻ കേരള'-യ്ക്ക് കരുത്തേകാൻ ടൂറിസ്റ്റ് കാരവനുകൾ വാങ്ങുന്നതിനും കാരവൻ പാർക്കുകൾ നിർമ്മിക്കുന്നതിനും അഞ്ച് കോടി രൂപവരെ വായ്പ നൽകുന്നു. ഓരോ വാഹനത്തിനും അമ്പത് ലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെയാണ് പരിധി. പുതിയ വാഹനങ്ങൾക്ക് മാത്രമാണ് വായ്പ ലഭിക്കുക. പലിശ 8.25

ശതമാനമാണ്. ഒരു വർഷത്തെ മൊറട്ടോറിയം കാലാവധിക്കുശേഷം 84 മാസങ്ങൾക്കുള്ളിൽ തുക തിരിച്ചടയ്ക്കണം.

(ബി) കോവിഡ് മഹാമാരി തുടരുന്ന സാഹചര്യത്തിൽ ടൂറിസം പ്രൊമോഷനുവേണ്ടി പ്രസ്തുത വായ്പയുടെ പലിശ നിരക്ക് കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പ്രസ്തുത വായ്പാ പലിശ നിരക്ക് മുമ്പ് 8.75 ശതമാനമായിരുന്നു. ഇപ്പോഴത് 8.25 ശതമാനമായി കുറച്ചിട്ടുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ കരാർ തൊഴിലാളികൾ**

147(2556) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിൽ എത്ര കരാർ തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിൽ 2526 കരാർ ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

(ബി) പ്രസ്തുത കരാർ തൊഴിലാളികളുടെ ശമ്പള ഇനത്തിൽ പ്രതിമാസം ചെലവഴിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ കരാർ തൊഴിലാളികൾക്ക് ശമ്പളം നൽകുന്ന ഇനത്തിൽ പ്രതിമാസം 5,16,61,546/- രൂപ ചെലവഴിക്കുന്നുണ്ട്. അതിനുപുറമേ കേരള ഖാദി ബോർഡിൽ 147 കരാർ തൊഴിലാളികൾക്ക് അവർ കൈവരിക്കുന്ന പ്രവർത്തന നേട്ടത്തിന്റെ (Target Achievement) അടിസ്ഥാനത്തിൽ 11,000 മുതൽ 18,000 രൂപവരെ പ്രതിമാസം ശമ്പളം നൽകിവരുന്നു.

**ഓരോ നിയോജകമണ്ഡലത്തിലും വ്യവസായ പാർക്കുകൾ**

148(2557) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ നിയോജകമണ്ഡലത്തിലും വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് പദ്ധതികളോ നിർദ്ദേശങ്ങളോ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

പരിശോധിച്ചുവരുന്നു.

(ബി) ഇതിനുവേണ്ടി എത്ര സ്ഥലമാണ് ആവശ്യമുള്ളതെന്ന് വിശദമാക്കുമോ?

വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് അവശ്യംവേണ്ട സ്ഥലത്തിന്റെ അളവ് സംബന്ധിച്ച് വ്യവസ്ഥകൾ നിലവിലില്ല. എന്നാൽ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് കോർപ്പറേഷൻ, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിൽ 15 ഏക്കറും അതിൽ കൂടുതലും ഗ്രാമപഞ്ചായത്തുകളിൽ 25 ഏക്കറും അതിൽ കൂടുതലും സ്ഥലമാണ് ആവശ്യമായിട്ടുള്ളത്.

**കെ-സ്വിഫ്റ്റ്, മീറ്റ് ദി ഇൻവെസ്റ്റർ പദ്ധതികൾ**

149(2558) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭകർക്കായി ഏർപ്പെടുത്തിയ ഓൺലൈൻ ഏകജാലക സംവിധാനമായ കെ-സ്വിഫ്റ്റിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. വ്യവസായ സംരംഭങ്ങൾക്കുവേണ്ട അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സഹായിക്കുന്ന ഓൺലൈൻ ഏകജാലക സംവിധാനമായ കെ-സ്വിഫ്റ്റ്, 2019 ഫെബ്രുവരിയിൽ നിലവിൽ വന്നു. നിലവിൽ 21 വിവിധ വകുപ്പുകളുടെ 79 അനുമതികളും

ലൈസൻസുകളും ഈ സംവിധാനം വഴി സംരംഭകന് ലഭ്യമാകും. കെ-സ്വിഫ്റ്റ് വഴി കൂടുതൽ വകുപ്പുകളുടെ സേവനങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പുതിയ സംരംഭങ്ങൾക്ക് അനുമതി നൽകുന്നതോടൊപ്പംതന്നെ നിലവിലുള്ള വ്യവസായങ്ങളുടെ അനുമതികൾ പുതുക്കിനൽകുന്നതിനും കെ-സ്വിഫ്റ്റ് ഇപ്പോൾ സജ്ജമാണ്. പൂർണ്ണനിലയ്ക്ക് സമർപ്പിച്ച അപേക്ഷകളിന്മേൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള അനുമതികൾ തീർപ്പുകൽപ്പിക്കുന്നതിന് കെ-സ്വിഫ്റ്റിൽ സംവിധാനമൊരുക്കിയിട്ടുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അപ്രകാരം നടപടിയെടുത്തില്ലെങ്കിൽ കൽപ്പിത അനുമതി നൽകുന്നതിനുംവേണ്ടിയാണ് ഈ സംവിധാനം രൂപകല്പന ചെയ്തിട്ടുള്ളത്. കൂടാതെ കെ.എസ്.ഐ.ഡി.സി., കിൻഫ്ര തുടങ്ങിയ ഏജൻസികളുടെ വ്യാവസായിക ഭൂമി അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കൽ, തൊഴിൽനികുതി ഒടുക്കുന്നതിനുള്ള സൗകര്യം എന്നിവ കെ-സ്വിഫ്റ്റിൽ ഒരുക്കിയിട്ടുണ്ട്. ഇതുകൂടാതെ, 2019-ൽ സർക്കാർ നടപ്പാക്കിയ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം പ്രകാരം കേന്ദ്രസർക്കാരിന്റെ എം.എസ്.എം.ഇ. നിർവ്വചനമനുസരിച്ച് 50 കോടി രൂപയിൽത്താഴെ നിക്ഷേപമുള്ളതും

മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം അടിസ്ഥാനമാക്കി ലഭ്യമാകുന്ന അക്നോളഡ്ജ്മെന്റ് സർട്ടിഫിക്കറ്റും കെ-സ്വിഫ്റ്റ് വഴിയാണ് നൽകിവരുന്നത്.

(ബി) മീറ്റ് ദി ഇൻവെസ്റ്റർ പദ്ധതിയുടെ ഭാഗമായി വ്യവസായ രംഗത്തുണ്ടായ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേരളത്തിൽ സംരംഭം ആരംഭിക്കാനും നിക്ഷേപം നടത്താനും സന്നദ്ധത പ്രകടിപ്പിക്കുന്ന സംരംഭകരെ നേരിൽ കാണുകയും അവർക്ക് സാദ്ധ്യമായ എല്ലാവിധ സഹായ സഹകരണങ്ങളും ഉറപ്പാക്കുകയും പദ്ധതി പുരോഗതി മന്ത്രിതലത്തിൽത്തന്നെ നേരിട്ട് വിലയിരുത്തുകയും ചെയ്യുന്ന ഒരു നൂതന ആശയമാണ് 'മീറ്റ് ദി ഇൻവെസ്റ്റർ'. പ്രസ്തുത പരിപാടിയിൽനിന്നും പരിണമിക്കുന്ന പദ്ധതികളുടെ തുടർനടപടികൾ സുഗമമാക്കുന്നതിനും അവർക്ക് നിയമപരമായി സാദ്ധ്യമായ എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുന്നതിനും കെ.എസ്.ഐ.ഡി.സി.-യെയും കിൻഫ്രയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. മറ്റ് വകുപ്പുകളിൽനിന്നുമുള്ള നടപടികളോ അനുമതികളോ ആവശ്യമായ ഘട്ടങ്ങളിൽ അവ സുഗമമാക്കാൻ അതത്

മന്ത്രിമാരുമായി നേരിട്ടുതന്നെ പ്രവർത്തിക്കുകയും സഹകരണം ഉറപ്പാക്കുകയും ചെയ്തുവരുന്നു.

## 2022 സംരംഭക വർഷം

150(2559) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായ വകുപ്പ് 2022 സംരംഭക വർഷമായി പ്രഖ്യാപിച്ചിട്ടുണ്ടോ; ഇതിനോടനുബന്ധിച്ച് എന്തൊക്കെ ആനുകൂല്യങ്ങളാണ് സംരംഭകർക്ക് ലഭ്യമാക്കാനുദ്ദേശിക്കുന്നത്?

2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ സംയോജിച്ചുള്ള പ്രവർത്തനത്തിലൂടെ സംസ്ഥാനത്ത് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനായുള്ള പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണം, സഹകരണം, കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, ടൂറിസം, നോർക്ക വകുപ്പുകളുമായും ബാങ്കുകൾ, കേരള ഫിനാൻസ് കോർപ്പറേഷൻ, വ്യവസായ അസോസിയേഷനുകൾ, ട്രേഡ് യൂണിയനുകൾ, പ്രൊഫഷണൽ അസോസിയേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ, സഹകരണ ബാങ്കുകളുടെ

അദ്ധ്യക്ഷന്മാർ, സംസ്ഥാന പ്ലാനിംഗ് ബോർഡ് എന്നിവരുമായി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ചർച്ചകൾ നടത്തുകയും പ്രസ്തുത പരിപാടിക്കാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും മറ്റ് സഹായ സഹകരണങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള തീരുമാനമായിട്ടുണ്ട്. സി.എം.ഡി. വഴി തദ്ദേശഭരണ സ്ഥാപനതലത്തിൽ പദ്ധതി നടത്തിപ്പിനായി 1155 ഇന്റേണുകളെ നിയമിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. സംരംഭകർക്കാവശ്യമായ പരിശീലനത്തിനുള്ള കൈപുസ്തകം, വീഡിയോ, പോസ്റ്ററുകൾ എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സംരംഭം ആരംഭിക്കുന്നവർക്ക് കേരളാ ബാങ്കുവഴി കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്ന പദ്ധതി ആവിഷ്ക്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**കെ.എസ്.ഐ.ഇ.-യുടെ സ്ഥലം കൈമാറ്റം**

152(2560) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഇ.-യുടെ കൈവശമുള്ള കോഴിക്കോട്ടെ കേരള സോപ്പിന്റെ സ്ഥലത്ത് കെ.എസ്.ഐ.ഇ.-യുടെ

വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി എന്തെങ്കിലും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

കെ.എസ്.ഐ.ഇ.-യുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി കോഴിക്കോട് കേരള സോപ്സിന്റെ സ്ഥലം ഉപയോഗിക്കുന്ന പദ്ധതികൾ പരിഗണനയിലാണ്.

(ബി) കെ.എസ്.ഐ.ഇ.-യുടെ താല്പര്യത്തിന് വിരുദ്ധമായി പ്രസ്തുത സ്ഥലം മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യാനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല.

**കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ നടപടി**

152(2561) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

(എ&ബി) കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിനും സംസ്ഥാനത്തെ വ്യവസായ നിക്ഷേപ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും വാണിജ്യ വ്യവസായ മേഖലയ്ക്ക് ഉണർവ്വേകാനുമുതകുന്ന ഒട്ടനവധി പദ്ധതികൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ തുടക്കംകുറിച്ചിരുന്നു. 2018-ൽ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം സർക്കാർ കൊണ്ടുവരികയുണ്ടായി. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം വ്യാവസായികാനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതത് വകുപ്പുകൾ ലഭ്യമാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. മേൽ വിവരിച്ചപ്രകാരം അപേക്ഷയിന്മേൽ പരമാവധി 30 ദിവസത്തിനുള്ളിൽ എല്ലാ അനുമതികളും ലഭ്യമാക്കാൻ കെ-സ്വിഫ്റ്റ് എന്നപേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ഇതോടൊപ്പം 2019-ൽ കേരള സൂക്ഷ്മ-ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം സംസ്ഥാന സർക്കാർ നടപ്പാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം

കേന്ദ്രസർക്കാരിന്റെ എം.എസ്.എം.ഇ. നിർവ്വചനമനുസരിച്ച് 50 കോടി രൂപയിൽത്താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്ത എം.എസ്.എം.ഇ. ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ച് നടത്താനും അനാവശ്യ പരിശോധനകൾ ഒഴിവാക്കാനുംവേണ്ടി ഒരു ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം (Centralised

Inspection System) രൂപീകരിച്ചിട്ടുണ്ട്. നിലവിൽ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധനാ സംവിധാനം ഒരുക്കിയിട്ടുള്ളത്. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്, തൊഴിൽ, ലീഗൽ മെട്രോളജി, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ പരിശോധനകൾ പോർട്ടലിലൂടെ കേന്ദ്രീകൃതമായി നടത്തും. പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ പരിശോധനകളാവശ്യമായ മറ്റ് വകുപ്പുകളെക്കൂടി ഈ കേന്ദ്രീകൃത പരിശോധനാ സംവിധാനത്തിൽ സംയോജിപ്പിക്കുന്നതാണ്. വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനുംവേണ്ടി നിയമ പിന്തുണയുള്ള ഒരു പരാതിപരിഹാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചത്. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഒട്ടേറെ വ്യവസ്ഥകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇവ

ഒഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും ഒരു എക്സ്റ്റേണൽ കമ്മിറ്റി രൂപീകരിച്ചിരുന്നു. വ്യവസായ സമൂഹവും വിവിധ വ്യവസായ അസോസിയേഷനുകളുമായും കൂടിയാലോചനകൾ നടത്തി അവരുടെ പരാതികളും നിർദ്ദേശങ്ങളും സ്വീകരിച്ച്, പ്രസക്തമായ എല്ലാ നിയമങ്ങളുടെയും ചട്ടങ്ങളുടെയും സൂക്ഷ്മവിശകലനം നടത്തി, അവയിൽ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങളടങ്ങിയ റിപ്പോർട്ട് പ്രസ്തുത കമ്മിറ്റി കഴിഞ്ഞ മാസം അവസാനത്തോടെ സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. 2022-നെ സംരംഭക വർഷമായി ആചരിക്കാനും അതിന്റെ ഭാഗമായി ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സ്ഥാപനങ്ങൾ ഈ വർഷം സംസ്ഥാനത്ത് പ്രവർത്തന നിരതമാക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണം, സഹകരണം എന്നീ വകുപ്പുമന്ത്രിമാരുമായി കൂടിയാലോചനകൾ നടത്തിയിരുന്നു. ഈ വകുപ്പുകളുടെ പങ്കാളിത്തത്തോടെയാണ് മേൽപ്പറഞ്ഞ ലക്ഷ്യം കൈവരിക്കാനുദ്ദേശിക്കുന്നത്. ഇതിനുള്ള വിശദമായ കർമ്മപദ്ധതി

തയ്യാറാക്കാൻ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിന് നടപടി

153(2562) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടി വിശദമാക്കുമോ?

കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിനും സംസ്ഥാനത്തെ വ്യവസായ നിക്ഷേപ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും വാണിജ്യ വ്യവസായ മേഖലയ്ക്ക് ഉണർവ്വേകുന്നതിനുമുതകുന്ന ഒട്ടനവധി പദ്ധതികൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ തുടക്കംകുറിച്ചിരുന്നു. 2018-ൽ സർക്കാർ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം കൊണ്ടുവരികയുണ്ടായി. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം വ്യാവസായികാനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി

ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ അതത് വകുപ്പുകൾ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ ലഭ്യമാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. മേൽവിവരിച്ച പ്രകാരം അപേക്ഷയിന്മേൽ പരമാവധി 30 ദിവസത്തിനുള്ളിൽ എല്ലാ അനുമതികളും ലഭ്യമാക്കാൻ കെ-സ്വിഫ്റ്റ് എന്നപേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ഇതോടൊപ്പം 2019-ൽ കേരള സൂക്ഷ്മ- ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം സംസ്ഥാന സർക്കാർ നടപ്പാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം കേന്ദ്രസർക്കാരിന്റെ എം.എസ്.എം.ഇ. നിർവ്വചനമനുസരിച്ച് 50 കോടി രൂപയിൽത്താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്ത എം.എസ്.എം.ഇ. ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന

നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ച് നടത്താനും അനാവശ്യ പരിശോധനകൾ ഒഴിവാക്കാനുംവേണ്ടി ഒരു ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം രൂപീകരിച്ചിട്ടുണ്ട്. നിലവിൽ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധനാ സംവിധാനം ഒരുക്കിയിട്ടുള്ളത്. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്, തൊഴിൽ, ലീഗൽ മെട്രോളജി, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ പരിശോധനകൾ കേന്ദ്രീകൃതമായി പോർട്ടലിലൂടെ നടത്തും. പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ പരിശോധനകളാവശ്യമായ മറ്റ് വകുപ്പുകളെക്കൂടി ഈ കേന്ദ്രീകൃത പരിശോധനാ സംവിധാനത്തിൽ സംയോജിപ്പിക്കുന്നതാണ്. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി

ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഒട്ടേറെ വ്യവസ്ഥകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇവ ഒഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും ഒരു എക്സ്റ്റേണൽ കമ്മിറ്റി രൂപീകരിച്ചിരുന്നു. വ്യവസായ സമൂഹവും വിവിധ വ്യവസായ അസോസിയേഷനുകളുമായും കൂടിയാലോചനകൾ നടത്തി അവരുടെ പരാതികളും നിർദ്ദേശങ്ങളും സ്വീകരിച്ച്, പ്രസക്തമായ എല്ലാ നിയമങ്ങളുടെയും ചട്ടങ്ങളുടെയും സൂക്ഷ്മ വിശകലനം നടത്തി, അവയിൽ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങളടങ്ങിയ റിപ്പോർട്ട് കഴിഞ്ഞ മാസം അവസാനത്തോടെ പ്രസ്തുത കമ്മിറ്റി സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. 2022-നെ സംരംഭക വർഷമായി ആചരിക്കാനും അതിന്റെ ഭാഗമായി ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സ്ഥാപനങ്ങൾ ഈ വർഷം സംസ്ഥാനത്ത് പ്രവർത്തന നിരതമാക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണം, സഹകരണം എന്നീ വകുപ്പുമന്ത്രിമാരുമായി കൂടിയാലോചനകൾ നടത്തിയിരുന്നു. ഈ വകുപ്പുകളുടെ പങ്കാളിത്തത്തോടെയാണ് മേൽപ്പറഞ്ഞ ലക്ഷ്യം

കൈവരിക്കാനുദ്ദേശിക്കുന്നത്. ഇതിനുള്ള വിശദമായ കർമ്മപദ്ധതി തയ്യാറാക്കാൻ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരളത്തിൽ വ്യവസായം ആരംഭിക്കുന്നവർക്ക് തൊഴിലാളി സമരങ്ങൾമൂലം വ്യവസായം പൂട്ടേണ്ട അവസ്ഥയുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) മാതമംഗലത്തും മാടായിയിലും പേരാമ്പ്രയിലുമുൾപ്പെടെ ആരംഭിച്ച വ്യവസായങ്ങൾ തൊഴിൽ സമരം കാരണം പൂട്ടേണ്ടിവരുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് വ്യവസായ വകുപ്പ് ആവശ്യമായ ഇടപെടൽ നടത്തുമോ എന്ന് വ്യക്തമാക്കുമോ?

(ബി&സി) സംസ്ഥാനത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും വ്യവസായങ്ങൾ ആരംഭിക്കുന്നതിനുമായി ചട്ടങ്ങളും നിയമങ്ങളും ഭേദഗതി ചെയ്തിട്ടുണ്ട്. തത്ഫലമായി സംസ്ഥാനം വ്യവസായ സൗഹൃദമായിക്കഴിഞ്ഞു. തുടർന്ന് വ്യവസായ സമൂഹത്തിൽനിന്നും മികച്ച പ്രതികരണം ലഭിക്കുകയും വമ്പിച്ച നിക്ഷേപത്തിന് താല്പര്യം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രാദേശികമായി ചില ഒറ്റപ്പെട്ട പ്രതിബന്ധങ്ങൾ രൂപപ്പെട്ടിട്ടുണ്ട്.

ഇക്കാര്യത്തിൽ വ്യവസായ സംരംഭകർക്കാവശ്യമായ നിയമപരമായ എല്ലാവിധ പരിരക്ഷയും ലഭ്യമാക്കുന്നതാണ്.

(ഡി) കേരളത്തിൽ വ്യവസായ നിക്ഷേപം നടത്താൻ താല്പര്യമുള്ള നിക്ഷേപകരുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനുംവേണ്ടി നിയമപിന്തുണയുള്ള ഒരു പരാതിപരിഹാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചത്. സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലുമായാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത്.

## 'കെ-സ്വിഫ്റ്റ്' പരിഷ്കരണം

154(2563) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭകർക്ക് വിവിധ അനുമതികൾ ലഭിക്കുന്നതിനുള്ള ഓൺലൈൻ ഏകജാലക സംവിധാനമായ കെ-സ്വിഫ്റ്റ് വീണ്ടും പരിഷ്ക്കരിക്കുന്നത് ആലോചനയിലുണ്ടോ; എങ്കിൽ എന്തൊക്കെ സേവനങ്ങളാണ് ഇതുവഴി സംരംഭകർക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ?

ഉണ്ട്. വ്യവസായ സംരംഭങ്ങൾക്കുവേണ്ട അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സഹായിക്കുന്ന ഓൺലൈൻ ഏകജാലക സംവിധാനമായ കെ-സ്വിഫ്റ്റ്, 2019 ഫെബ്രുവരിയിൽ നിലവിൽവന്നു. പുതിയ സംരംഭങ്ങൾക്ക് അനുമതി നൽകുന്നതോടൊപ്പംതന്നെ നിലവിലുള്ള വ്യവസായങ്ങളുടെ അനുമതികൾ പുതുക്കി നൽകുന്നതിനും കെ-സ്വിഫ്റ്റ് ഇപ്പോൾ സജ്ജമാണ്. പൂർണ്ണനിലയ്ക്ക് സമർപ്പിച്ച അപേക്ഷകളിന്മേൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ 30 ദിവസത്തിനുള്ളിൽ തീർപ്പുകൽപ്പിക്കുന്നതിന് കെ-സ്വിഫ്റ്റിൽ സംവിധാനമൊരുക്കിയിട്ടുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അപ്രകാരം നടപടിയെടുത്തില്ലെങ്കിൽ കല്പിത അനുമതി നൽകുന്നതിനും വേണ്ടിയാണ് ഈ സംവിധാനം രൂപകല്പന ചെയ്തിട്ടുള്ളത്. കെ-സ്വിഫ്റ്റിന്റെ നിലവിലെ പതിപ്പായ കെ-സ്വിഫ്റ്റ്-2.0

വഴി 21 വിവിധ വകുപ്പുകളുടെ 79 അനുമതികളും ലൈസൻസുകളും സംരംഭകന് ലഭ്യമാക്കിവരുന്നു. കൂടുതൽ വകുപ്പുകളുടെ സേവനങ്ങൾ കെ-സ്വിഫ്റ്റിന്റെ അടുത്ത പതിപ്പായ കെ-സ്വിഫ്റ്റ് 3.0-ൽ ലഭ്യമാക്കുന്നതാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ബാക്കിയുള്ള സേവനങ്ങളും ആരോഗ്യ വകുപ്പ്, ഡ്രഗ്സ് കൺട്രോൾ വകുപ്പ്, ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ, തീരദേശ പരിപാലന അതോറിറ്റി മുതലായ വകുപ്പുകളുടെ സേവനങ്ങളും കെ-സ്വിഫ്റ്റ് 3.0-ൽ വിഭാവനം ചെയ്യുന്നു. ഇതുകൂടാതെ പുതുക്കിയ പൊതു അപേക്ഷാ ഫോറം, അൻപത് കോടി രൂപയിൽക്കൂടുതൽ നിക്ഷേപമുള്ളതും ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സംരംഭങ്ങൾക്കുള്ള അനുമതികൾക്കായുള്ള മൊഡ്യൂൾ, കെ-സ്വിഫ്റ്റ് മൊബൈൽ ആപ് തുടങ്ങിയവയും കെ-സ്വിഫ്റ്റിന്റെ പരിഷ്കരിച്ച പതിപ്പിൽ വിഭാവനം ചെയ്യുന്നു.

(ബി) സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കായി പ്രത്യേക പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സ്റ്റാർട്ടപ്പുകളുടെ വളർച്ചയെ സഹായിക്കുന്നതിനും അതിനുവേണ്ടിയുള്ള ഒരു ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനുംവേണ്ടി കൊച്ചി ടെക്നോളജി ഇന്നവേഷൻ സോണിൽ ഡിജിറ്റൽ ഹബ്ബ് സ്ഥാപിച്ചു. സ്റ്റാർട്ടപ്പുകളെ

സഹായിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ നടപ്പാക്കിവരുന്ന പദ്ധതികൾ താഴെപ്പറയും പ്രകാരമാണ്.

1. ഇന്നവേഷൻ ഗ്രാന്റ്
2. സീഡ് വായ്പ സഹായം
3. വെർച്വൽ ഇൻകുബേഷൻ പരിപാടി
4. ഭൗതിക ഇൻകുബേഷനും സ്ഥലസൗകര്യവും
5. പേറ്റന്റ് സഹായ പദ്ധതി
6. ബിസിനസ് ഫോർ സ്റ്റാർട്ടപ്പ്സ്
7. ഗവൺമെന്റ് ആസ് എ മാർക്കറ്റ് പ്ലേസ്
8. ടെക്നോളജി കൊമേഴ്സ്യലൈസേഷൻ പദ്ധതി
9. ഫണ്ട് ഓഫ് ഫണ്ട് പദ്ധതി
10. അന്താരാഷ്ട്ര വിനിമയ പദ്ധതി

കേരളത്തിലെ സംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കെ.എസ്.ഐ.ഡി.സി. ആവിഷ്കരിച്ചിരിക്കുന്ന ധനസഹായ പദ്ധതിയാണ് പ്രാരംഭ മൂലധന സഹായം (സീഡ് ഫണ്ട് സഹായം). സംസ്ഥാനത്തെ യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും അവരെ തൊഴിലന്വേഷകരിൽനിന്നും

തൊഴിൽ ദാതാക്കളാക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയിൽ എല്ലാ മേഖലയിൽനിന്നുമുള്ള നൂതനവും വ്യാപാര യോഗ്യമായതുമായ സംരംഭങ്ങൾക്ക് ഇരുപത്തിയഞ്ച് ലക്ഷം രൂപവരെ മൂലധന സഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറ് ശതമാനമോ അല്ലെങ്കിൽ ഇരുപത്തിയഞ്ച് ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായമായി നൽകിവരുന്നത്. മേൽപ്പറഞ്ഞവയ്ക്കുപുറമേ, തങ്ങളുടെ ഉത്പന്നം/സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവൽക്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 50 ലക്ഷം രൂപവരെ നൽകുന്ന "സ്കെയിൽ അപ് സപ്പോർട്ട്" എന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി. നടപ്പാക്കിവരുന്നു. സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ കോഴിക്കോട് പ്രവർത്തിക്കുന്ന ബിസിനസ് ഇൻകുബേഷൻ സെന്റർ എല്ലാവിധ സൗകര്യങ്ങളുമൊരുക്കിയിട്ടുണ്ട്. പ്രസ്തുത സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ മാർഗ്ഗനിർദ്ദേശ സെമിനാറുകളും ചർച്ചാ യോഗങ്ങളും നടത്തിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ മേഖലയിൽ യുവജനങ്ങളെ സഹായിക്കുന്നതിന് 2021-22

വർഷത്തിലേയ്ക്കായി ഇന്നവേഷൻ ആക്സിലറേഷൻ സ്കീമിലുൾപ്പെടുത്തി കെ.എസ്.ഐ.ഡി.സി. മുഖേന നൂതന സംരംഭങ്ങൾ ആവിഷ്കരിക്കുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ 1100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ഒരു ലക്ഷം സംരംഭങ്ങൾ ഒരു വർഷം ആരംഭിക്കുന്നതിനായുള്ള പദ്ധതി**

155(2564) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പ് ഒരു ലക്ഷം സംരംഭങ്ങൾ ഒരു വർഷം ആരംഭിക്കുന്നതിനായുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

(എ&ബി) 2022-23 സാമ്പത്തികവർഷം സംരംഭക വർഷമായി പ്രഖ്യാപിച്ചുകൊണ്ട് വിവിധ വകുപ്പുകളുടെ സംയോജിച്ചുള്ള പ്രവർത്തനത്തിലൂടെ സംസ്ഥാനത്ത് ഒരു ലക്ഷം സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ സംയോജിച്ചുള്ള പ്രവർത്തനത്തിലൂടെ പ്രസ്തുത സാമ്പത്തിക വർഷം സംസ്ഥാനത്ത് ഒരു ലക്ഷം സംരംഭങ്ങൾ

ആരംഭിക്കുന്നതിനായുള്ള പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണം, സഹകരണം, കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, ടൂറിസം, നോർക്ക എന്നീ വകുപ്പുകളുമായും ബാങ്കുകൾ, കേരള ഫിനാൻസ് കോർപ്പറേഷൻ, വ്യവസായ അസോസിയേഷനുകൾ, ട്രേഡ് യൂണിയനുകൾ, പ്രൊഫഷണൽ അസോസിയേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ, സഹകരണ ബാങ്കുകളുടെ അദ്ധ്യക്ഷന്മാർ, സംസ്ഥാന പ്ലാനിംഗ് ബോർഡ് എന്നിവരുമായി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ചർച്ചകൾ നടത്തുകയും പ്രസ്തുത പരിപാടിക്കാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും മറ്റ് സഹായ സഹകരണങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള തീരുമാനമായിട്ടുണ്ട്. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സി.എം.ഡി. വഴി പദ്ധതി നടത്തിപ്പിനായി 1155 ഇന്റേണുകളെ നിയമിക്കുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നുണ്ട്. ഇതുകൂടാതെ സംരംഭകർക്കാവശ്യമായ പരിശീലനത്തിനുള്ള കൈപ്പുസ്തകം, വീഡിയോ, പോസ്റ്ററുകൾ എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംരംഭം ആരംഭിക്കുന്നവർക്ക് കേരളാ ബാങ്കുവഴി കുറഞ്ഞ പലിശ നിരക്കിൽ വായ്പ

ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

**വ്യവസായ വികസന പ്രവർത്തനങ്ങൾ**

156(2565) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തനത് ഉത്പന്നങ്ങൾ ഉപയോഗപ്രദമാക്കി നാടിന്റെ അഭ്യുദയവും സഹകരണവും ഉറപ്പാക്കി തൊഴിലവസരങ്ങളും വിഷമുക്ത ഉത്പന്നങ്ങൾ ഉറപ്പാക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സൂക്ഷ്മ ഭക്ഷ്യസംസ്കരണ സംരംഭങ്ങൾക്ക് സഹായം നൽകുന്ന പി.എം.എഫ്.എം.ഇ. പദ്ധതി, തനത് ഉത്പന്നങ്ങൾ ഉപയോഗപ്രദമായ രീതിയിൽ ഉപയോഗിക്കുന്നതിന് 'വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്ട് മാതൃകയിൽ നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിയിൽ പ്രവർത്തിക്കുന്നതോ പുതുതായി ആരംഭിക്കുന്നതോ ആയ 'വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്ട് സംരംഭങ്ങൾക്ക് പ്രത്യേക ധനസഹായവും കുടുംബശ്രീ അംഗങ്ങൾക്കും മറ്റ് ഗ്രൂപ്പുകൾക്കും സംരംഭം ആരംഭിക്കാൻ ധനസഹായവും മാർക്കറ്റിംഗ് മുതലായ സഹായവും നൽകിവരുന്നു. തനത് ഉത്പന്നങ്ങളുടെ

സംസ്കരണത്തിന് പൊതുസേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ഈ പദ്ധതിയിൽ സംവിധാനം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ സംരംഭക വർഷത്തിന്റെ ഭാഗമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയും തനത് ഉത്പന്നങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനുള്ള 'വൺ ലോക്കൽ ബോഡി വൺ പ്രോഡക്ട് പദ്ധതി നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ പ്രധാന കാർഷിക ഉത്പന്നങ്ങളിൽനിന്ന് ലഭ്യമാകുന്ന വെളിച്ചെണ്ണ, മറയൂർ ശർക്കര എന്നിവ കൂടുതൽ ഉത്പാദിപ്പിച്ച് ഇതര സംസ്ഥാനങ്ങളിൽനിന്നെത്തുന്ന വ്യാജ ഉത്പന്നങ്ങളൊഴിവാക്കാനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സംസ്ഥാനത്തെ തനത് വിഭവങ്ങളുടെ ഗുണമേന്മയും നിലവാരവും ഉറപ്പുവരുത്തുന്നതിന് മെയ്ഡ് ഇൻ കേരള ബ്രാൻഡിംഗ് നൽകുന്ന പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ Geographical Indications (GI) ഉള്ള മറയൂർ ശർക്കര മുതലായ ഉത്പന്നങ്ങളുടെ ഉപഭോക്താക്കളെയും യഥാർത്ഥ നിർമ്മാതാക്കളെയും

ബന്ധിപ്പിക്കുന്നതിനുള്ള ജി.ഐ. പോർട്ടൽ ആരംഭിക്കുന്നതിനുള്ള പ്രവർത്തനവും നടന്നുവരുന്നു.

(സി) ഒപ്പം കേരള വ്യവസായ വികസനം ലക്ഷ്യമിട്ട് മുൻസർക്കാർ നടത്തിയതും തുടർസർക്കാരും വ്യവസായ വകുപ്പും സ്വീകരിച്ചുവരുന്നതുമായ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സംസ്ഥാനം വ്യവസായ സൗഹൃദമാക്കുക വഴി വ്യവസായ വികസനം സാദ്ധ്യമാക്കുകയും ഉത്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുന്ന വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. അതിൻപ്രകാരം 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിൽനിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടലായി കെ-സ്വിഫ്റ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് മൂന്ന് വർഷത്തേയ്ക്ക് സംസ്ഥാന നിയമപ്രകാരമുള്ള ലൈസൻസുകൾ സ്വയം സാക്ഷ്യപ്പെടുത്തൽ വഴി മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ

സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കാൾസെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ വ്യവസായവുമായി ബന്ധപ്പെട്ട നിയമങ്ങൾ സുഗമമാക്കുന്നതിനും ഗുരുതരമല്ലാത്ത പിഴവുകൾക്ക് ശിക്ഷാ നടപടികൾ ഒഴിവാക്കുന്നതിനുമായുള്ള ഭേദഗതി വരുത്താനുള്ള നടപടികൾ വകുപ്പുതലങ്ങളിൽ സ്വീകരിച്ചുവരുന്നു. വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈനാക്കുന്നതിനും അവയെ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികളും ജില്ലാ സംസ്ഥാനതലങ്ങളിൽ ഏകജാലക ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. വിവിധ സേവനങ്ങളും മറ്റ് വിവരങ്ങളും സംരംഭകരിലെത്തിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ഒരു യൂട്യൂബ് ചാനൽ ആരംഭിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിലെ വിവിധ വകുപ്പുകളുടെ പരിശോധന നടപടികൾ ഏകോപിക്കുന്നതിനുള്ള കേരളാ സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം (K-CIS) നിലവിൽ വന്നിട്ടുണ്ട്. നിക്ഷേപകരുടെ പരാതി പരിഹരിക്കാൻ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സിവിൽ കോടതിയുടെ

അധികാരമുള്ള, ജില്ലാ-സംസ്ഥാനതല പരാതിപരിഹാര കമ്മിറ്റികൾ 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പ്രകാരം നിലവിൽ വന്നിട്ടുണ്ട്. കേരളത്തിന്റെ വ്യവസായ വികസനം ലക്ഷ്യമിട്ടും സംസ്ഥാനത്ത് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.25% - 10.25%) 100 കോടി രൂപവരെ വായ്പയായി നൽകിവരുന്നു. ഓരോ ആറ് മാസത്തിന്റെയും അവസാനം കുടിശ്ശികയില്ലായെങ്കിൽ പലിശ നിരക്കിൽ അര ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകിവരുന്നു. കൂടാതെ, ഈ പ്രോജക്ടുകളിൽ പ്രൊമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50% വരെ അൺസെക്യൂവേർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പാക്കുന്ന പ്രത്യേക സഹായ പദ്ധതിയായ ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം മുഖേന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക്

പ്രവർത്തന മൂലധന വായ്പയും ലഭ്യമാകും. പ്രസ്തുത സ്കീമിനെ രണ്ടായി തിരിച്ചിരിക്കുന്നു.

1. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ
2. സൂക്ഷ്മ സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ കൂടാതെ പ്രവാസികൾക്കായി കെ.എസ്.ഐ.ഡി.സി.-യും നോർക്കയും ചേർന്ന് അവതരിപ്പിച്ചിട്ടുള്ള പുതിയ പദ്ധതിയായ പ്രവാസി ഭദ്രതാ മെഗാ പദ്ധതി മുഖേന പ്രവാസികൾക്ക് 25 ലക്ഷം മുതൽ രണ്ട് കോടി രൂപവരെ വായ്പ അനുവദിക്കുന്നു.

കൂടാതെ കോൺട്രാക്ടർ ലോൺ സ്കീം മുഖേന സംസ്ഥാനത്ത് സർക്കാർ ഏൽപ്പിച്ച കരാറുകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് സ്ഥാപിതവും വായ്പായോഗ്യവുമായ അപേക്ഷകർക്ക് ഏറ്റെടുത്ത സർക്കാർ വകുപ്പുകൾ/ സംസ്ഥാന ഏജൻസികൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള ജോലിയുടെ ചെലവിന്റെ 60 ശതമാനം സാമ്പത്തിക സഹായം നൽകും. പ്രസ്തുത പദ്ധതിയുടെ തിരിച്ചടവ് കാലാവധി മൂന്നുവർഷമാണ്. പങ്കാളിത്ത സൗഹൃദ ടൂറിസം പദ്ധതി 'കാരവൻ കേരള'-യ്ക്ക് കരുത്തേകാൻ ടൂറിസ്റ്റ് കാരവനുകൾ വാങ്ങുന്നതിനും കാരവൻ പാർക്കുകൾ നിർമ്മിക്കുന്നതിനും അഞ്ചുകോടി രൂപവരെ വായ്പ നൽകുന്നു. പ്രധാന

പദ്ധതികളായ ലൈഫ് സയൻസ് പാർക്ക്, ചേർത്തലയിലെ മെഗാഫുഡ് പാർക്ക്, പാലക്കാടുള്ള ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്, കാക്കനാട് ബിസിനസ് ഇൻകുബേഷൻ/കൊമേഴ്സ്യൽ ഓഫീസ് കോംപ്ലക്സ്, അങ്കമാലിയിൽ ബിസിനസ് പാർക്ക്, കാസർഗോഡ് ഇൻഡസ്ട്രിയൽ സ്പേസ് കൂടാതെ ചേർത്തല, കണ്ണൂർ, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിൽ വ്യവസായ വളർച്ചാകേന്ദ്രങ്ങൾ എന്നിവ കെ.എസ്.ഐ.ഡി.സി. വഴിയും താഴെപ്പറയുന്ന പദ്ധതികൾ കിൻഫ്ര വഴിയും നടപ്പാക്കിവരുന്നു.

1. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി - പാലക്കാട്, കൊച്ചി
2. പെട്രോ കെമിക്കൽ പാർക്ക്, കൊച്ചി
3. ഡിഫൻസ് പാർക്ക്, പാലക്കാട്
4. മെഗാ ഫുഡ് പാർക്ക്, പാലക്കാട്
5. ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, കൊച്ചി
6. സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി
7. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കാക്കഞ്ചേരി, മലപ്പുറം
8. ഐ.ടി./ഐ.ടി. അധിഷ്ഠിത കെട്ടിട സമുച്ചയം-പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം & വീഡിയോ പാർക്ക്, തിരുവനന്തപുരം

## സ്വകാര്യ വ്യവസായ പാർക്കുകൾ

157(2566) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് സ്വകാര്യ സംരംഭകർക്ക് വ്യവസായ വകുപ്പ് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ?

സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ ജലം, റോഡ്, വൈദ്യുതി തുടങ്ങിയവ ലഭ്യമാക്കുന്നതിന് ഡെവലപ്പർക്ക് സഹായം നൽകുന്നതിനും അതിർത്തിവരെ വൈദ്യുതി എത്തിക്കുന്നതിനും രണ്ട് കോടി രൂപവരെ സർക്കാർ ധനസഹായം ലഭ്യമാക്കുന്നുണ്ട്. ഇത്തരത്തിൽ സ്ഥാപിക്കുന്ന വ്യവസായ എസ്റ്റേറ്റുകളെ സർക്കാർ വ്യവസായ മേഖലയായി പ്രഖ്യാപിക്കുന്നതു കൂടാതെ ഏകജാലക സംവിധാനമുൾപ്പെടെയുള്ള സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്യും.

(ബി) സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്നും ഇതുസംബന്ധിച്ച മാനദണ്ഡങ്ങളും നിബന്ധനകളും നിശ്ചയിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് പ്രത്യേക പദ്ധതി നിലവിലില്ല. ഇതുസംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 20-06-2017-ലെ സ.ഉ. (എം.എസ്) നമ്പർ 47/2017/ഐ.ഡി., 14-08-2018-ലെ സ.ഉ. (എം.എസ്.) നമ്പർ 64/2018/ഐ.ഡി. എന്നീ ഉത്തരവുകൾ പ്രകാരം നിലവിലുണ്ട്.

**ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ പ്രവർത്തിക്കാത്ത യൂണിറ്റുകൾ**

158(2567) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ സ്ഥലം കരസ്ഥമാക്കിയശേഷം പ്രവർത്തിക്കാത്ത യൂണിറ്റുകൾക്കുപകരം യൂണിറ്റുകളാരംഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വ്യവസായ വകുപ്പിനുകീഴിൽ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന വ്യവസായ എസ്റ്റേറ്റുകളിൽ സ്ഥലം കരസ്ഥമാക്കിയശേഷം പ്രവർത്തനം ആരംഭിക്കാത്തതും നിലവിൽ പ്രവർത്തിക്കാത്തതുമായ വ്യവസായ സംരംഭങ്ങൾക്കനുവദിച്ച സ്ഥലം തിരിച്ചെടുത്ത് അർഹരായ യൂണിറ്റുകൾക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇവയിൽ ചില യൂണിറ്റുകൾ

തിരിച്ചെടുക്കൽ നടപടിക്കെതിരെ കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിലുള്ള പാപ്പനംകോട് വ്യവസായ എസ്റ്റേറ്റിലെ മെ. ജനറൽ മെറ്റൽസ്, മെ. നോട്ടിക്കൽ ലൈൻസ് എന്നീ വ്യവസായ സ്ഥാപനങ്ങൾക്കനുവദിച്ച ഷെഡ്ഡുകൾ/സ്ഥാപനങ്ങൾ പ്രവർത്തന രഹിതമായതിനാൽ തിരിച്ചെടുത്തിരുന്നു. തിരിച്ചെടുക്കൽ നടപടിക്കെതിരെ യൂണിറ്റുടമകൾ കളക്ടർക്ക് പരാതി നൽകുകയും ഹൈക്കോടതിയിൽ കേസ് നൽകുകയും ചെയ്തു. ഇവ അന്തിമ തീരുമാനമാകുന്നമുറയ്ക്ക് മാത്രമേ തുടർനടപടി സ്വീകരിക്കാനാകൂ. സിഡ്കോയുടെ വർക്കല മിനിവ്യവസായ എസ്റ്റേറ്റിലെ ഷെഡ്ഡ് നമ്പർ 7 ശ്രീ. ഷിബുദാസ് എന്ന വ്യവസായിക്ക് മെ. ദാസ് ഇലക്ട്രോപ്ലേറ്റിംഗ് എന്ന യൂണിറ്റ് ആരംഭിക്കുന്നതിനായി അനുവദിച്ചിരുന്നു. യൂണിറ്റ് പ്രവർത്തന രഹിതമായതിനാലും വാടകയിൽ കുടിശ്ശിക വരുത്തിയതിനാലും തിരിച്ചെടുക്കൽ ഉത്തരവ് നൽകുകയുണ്ടായി. ടി ഉത്തരവിനെതിരെയുണ്ടായിരുന്ന കേസിൽ 30-01-2020-ലെ വിധിപ്രകാരം 3 ആഴ്ചയ്ക്കുള്ളിൽ ടി സ്ഥാപനം 50,000/- രൂപ സിഡ്കോയ്ക്ക് ഒടുക്കാൻ ഉത്തരവാകുകയും ചെയ്തു. ടിയാൻ 31-01-2020-ൽ പ്രസ്തുത തുക ഒടുക്കുകയും ചെയ്തു. 22-02-2021-ൽ യൂണിറ്റിന്റെ എവിക്ഷൻ നടപടികൾ

പൂർത്തിയാക്കി. നിലവിൽ ഷെഡ്ഡ് വ്യവസായ സംരംഭകർക്ക് അനുവദിക്കുന്നതിന് അപേക്ഷകൾ ലഭിക്കുകയും പ്രസ്തുത അപേക്ഷകൾ ജില്ലാതല ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റിയുടെ പരിഗണനയിലുമാണ്.

**ബാലുശ്ശേരി പറമ്പിൻമുകളിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്**

160(2568) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി പറമ്പിൻമുകളിൽ വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് വ്യവസായ വകുപ്പിന് എത്ര ഏക്കർ ഭൂമിയുണ്ടെന്നും ഇത് വ്യവസായ വകുപ്പിന് ഗ്രാമപഞ്ചായത്ത് വിട്ടുനൽകിയതാണോ എന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭൂമി ലഭിച്ചതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അറിയിക്കാമോ?

(എ-സി) ബാലുശ്ശേരി പറമ്പിൻമുകളിൽ വ്യവസായ വകുപ്പിനുകീഴിൽ ഭൂമിയില്ല. ടി മിനിവ്യവസായ എസ്റ്റേറ്റ് കോഴിക്കോട് ജില്ലാ മിനിവ്യവസായ

കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടേതാണ്. ഇവിടെ നിലവിൽ 7 യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

**കഞ്ചിക്കോട് വ്യവസായ മേഖലയിലേയ്ക്കുള്ള റോഡ് സൗകര്യം**

162(2569) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിലേയ്ക്കുള്ള റോഡ് ഗതാഗത സൗകര്യം വിപുലപ്പെടുത്തുന്നതിനും നിലവിലെ റോഡുകൾ നവീകരിക്കുന്നതിനും വ്യവസായ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിലുള്ള കഞ്ചിക്കോട് വ്യവസായ മേഖലയിലെ ആഭ്യന്തര റോഡ് ഗതാഗത സൗകര്യം വിപുലപ്പെടുത്തുന്നതിനും നിലവിലെ റോഡുകൾ നവീകരിക്കുന്നതിനും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 6,80,00,000/- (ആറ് കോടി എൺപത് ലക്ഷം രൂപ) രൂപയുടെ എസ്റ്റിമേറ്റ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## ഇംഗ്ലീഷ് ഇന്ത്യൻ ക്ലേയ്സ് ലിമിറ്റഡ്

161(2570) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിൽ എത്ര പൊതു-സ്വകാര്യമേഖല വ്യവസായ സ്ഥാപനങ്ങളാണ് അടച്ചുപൂട്ടിയതെന്ന് വ്യക്തമാക്കുമോ; അടച്ചുപൂട്ടിയ കമ്പനികൾ തുറന്ന് പ്രവർത്തിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിൽ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളൊന്നും അടച്ചുപൂട്ടിയിട്ടില്ല. എന്നാൽ, വ്യവസായ എസ്റ്റേറ്റുകളിൽ പ്രവർത്തിക്കുന്ന 19 എം.എസ്.എം.ഇ.-കളായ വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും 12443 സ്ഥാപനങ്ങൾ പുതുതായി ആരംഭിക്കുകയുംചെയ്തിട്ടുണ്ട്. ഇത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള കൈത്താങ്ങ് സഹായം നൽകിവരുന്നു. പ്രവർത്തന രഹിതമായിത്തീർന്ന എം.എസ്.എം.ഇ. യൂണിറ്റുകളെ മൂലധന ഗ്രാന്റുകളുടെയും പ്രവർത്തന മൂലധന പ്രോത്സാഹനങ്ങളുടെയും സഹായത്തോടെ പുനരുജ്ജീവിപ്പിക്കുകയും പുനരധിവസിപ്പിക്കുകയും ചെയ്യുന്നതിലേയ്ക്കായി വ്യവസായ വാണിജ്യ

ഡയറക്ടറേറ്റുവഴി Revival and Rehabilitation Scheme for Defunct MSMEs and Cashew Processing Units എന്ന പദ്ധതി നടപ്പാക്കിവരുന്നു.

(ബി) നിയമവിരുദ്ധമായി ഒന്നര വർഷത്തിലേറെയായി അടച്ചുപൂട്ടിയ തിരുവനന്തപുരത്തെ വേളിയിലുള്ള പ്രമുഖ കമ്പനിയായ ഇംഗ്ലീഷ് ഇന്ത്യൻ ക്ലേയ്സ് ലിമിറ്റഡ് തുറന്ന് തൊഴിലാളികളുടെ തൊഴിൽ പുനഃസ്ഥാപിക്കാൻ തയ്യാറാകാത്ത മാനേജ്മെന്റിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇ.ഐ.സി.എൽ. വേളി, തോന്നയ്ക്കൽ ഫാക്ടറികളിലെ തൊഴിലാളികൾക്കുവേണ്ടി തൊഴിൽ വകുപ്പുമായി മാനേജ്മെന്റ് ഒപ്പുവച്ച ത്രികക്ഷി കരാർ കാലാവധി കഴിഞ്ഞിട്ടും നടപ്പാക്കാത്ത മാനേജ്മെന്റിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇ.ഐ.സി.എൽ. നടത്തിവരുന്ന തൊഴിലാളി വിരുദ്ധവും ദ്രോഹപരവുമായ നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ബി-ഡി) ഇംഗ്ലീഷ് ഇന്ത്യൻ ക്ലേയ്സ് ലിമിറ്റഡ് കമ്പനി തുറന്ന് തൊഴിലാളികളുടെ തൊഴിൽ പുന:സ്ഥാപിക്കാൻ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിതലത്തിൽ ചർച്ചകൾ നടന്നുവരുന്നു. ഇ.ഐ.സി.എൽ. തൊഴിലാളികളുടെ ലേ ഓഫ് കോമ്പൻസേഷൻ സംബന്ധിച്ച ലേബർ കമ്മീഷണറുടെ അനുരഞ്ജന പരാജയ റിപ്പോർട്ട് ലഭ്യമായത് 11-03-2022-ലെ ജി.ഒ.(ആർ.ടി.)നം. 302/2022/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബഹുമാനപ്പെട്ട കൊല്ലം ലേബർ കോടതിക്ക് അഡ്ജ്യൂഡിക്കേഷനായി അയച്ചുകൊടുത്തിട്ടുണ്ട്. 1947-ലെ വ്യവസായ തർക്ക നിയമത്തിലെ സെക്ഷൻ 33 പ്രകാരം ബന്ധപ്പെട്ട അധികാരി മുമ്പാകെ നടക്കുന്ന അനുരഞ്ജനചർച്ചാ കാലയളവിൽ തൊഴിലാളികൾക്കുമേൽ യാതൊരുവിധത്തിലുമുള്ള നടപടിയെടുക്കുന്നതിനോ പിരിച്ചുവിടുന്നതിനോ പാടില്ല. എന്നാൽ മാനേജ്മെന്റിന്റെ ഭാഗത്തുനിന്ന് ഇതിന് വിരുദ്ധമായ നടപടികൾ കണ്ടെത്തിയതായി പരാതി ലഭിച്ചതിനെത്തുടർന്ന് 15-02-2022-ലെ ഐ.ആർ (4) 17739/2017 നമ്പർ നോട്ടീസ് പ്രകാരം മാനേജ്മെന്റിനോട് ആവശ്യപ്പെട്ട റിപ്പോർട്ട് ലഭിക്കാത്തതിനാൽ ലേബർ കമ്മീഷണർ മാനേജ്മെന്റിനെതിരെ പ്രോസിക്യൂഷൻ ഫയൽ ചെയ്യുന്നതിനുള്ള നടപടി

സ്വീകരിച്ചുവരുന്നു. അതോടൊപ്പം ടി സ്ഥാപനത്തിലെ തൊഴിലാളികൾക്കുവേണ്ടി തൊഴിൽ വകുപ്പുമായി മാനേജ്മെന്റ് ഒപ്പുവച്ച ത്രികക്ഷി കരാർ കാലാവധി കഴിഞ്ഞിട്ടും നടപ്പാക്കാത്ത മാനേജ്മെന്റിനെതിരെ തൊഴിൽ വകുപ്പിൽനിന്നും 25-02-2022 തീയതിയായി ഐ.ആർ. (4)17739/2017 നമ്പർ പ്രകാരം ഷോക്കോസ് നോട്ടീസ് നൽകുകയും ടി കരാറിൽ പറഞ്ഞിരിക്കുന്ന എല്ലാ നിബന്ധനകളും പാലിക്കണമെന്നും അല്ലെങ്കിൽ 1947-ലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് പ്രകാരം പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുമെന്നും അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പ് പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ സ്വീകരിച്ചുവരുന്നു.

## സ്വകാര്യമേഖലയിൽ - വ്യവസായ എസ്റ്റേറ്റുകൾ

162(2571) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u>
<u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u>
<u>ശ്രീമതി ശാന്തകുമാരി കെ.:</u>
<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾക്ക് അനുമതി നൽകുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതിനായി

സ്വീകരിച്ച നടപടികൾ നിലവിൽ ഏതുഘട്ടത്തിലാണ്; ആയതിനായി നിയമനിർമ്മാണം ആവശ്യമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനത്ത് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളാരംഭിക്കുന്ന പദ്ധതി നിലവിലുണ്ട്. നിലവിലുള്ള നയം ഭേദഗതി ചെയ്ത് പുതിയ നയം രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ അവശ്യംവേണ്ട അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, വെള്ളം, റോഡ് തുടങ്ങിയവ ലഭ്യമാക്കുന്നതിന് സർക്കാർ സഹായം ലഭ്യമാക്കുമോ; വ്യവസായത്തിനുവേണ്ട അനുമതികൾ ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സംവിധാനമൊരുക്കുമോ; ഇവ സംബന്ധിച്ച വിശദാംശം നൽകുമോ?

20-06-17-ലെ ജി.ഒ. (എം.എസ്.)നം. 47/2017/വ്യ.വ. പ്രകാരം അടിസ്ഥാന സൗകര്യങ്ങളായ ജലം, റോഡ്, വൈദ്യുതി തുടങ്ങിയവ ലഭ്യമാക്കുന്നതിന് ഡെവലപ്പർക്ക് സഹായം നൽകുന്നതിനും അതിർത്തിവരെ വൈദ്യുതി എത്തിക്കുന്നതിനും രണ്ടുകോടി രൂപവരെ സർക്കാർ ധനസഹായം ലഭ്യമാക്കുന്നതിന് വ്യവസ്ഥയുണ്ട്.

## ബി.പി.സി.എൽ.-ന്റെ പോളിയോൾസ് പദ്ധതി

163(2572) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ൽ പ്രധാനമന്ത്രി തറക്കല്ലിട്ട 11,130 കോടി രൂപയുടെ പോളിയോൾസ് പദ്ധതിയിൽനിന്ന് ബി.പി.സി.എൽ. പിന്മാറുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ചൂണ്ടിക്കാണ്ടി പദ്ധതി തുടരണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽനിന്നുള്ള പിന്മാറ്റം കൊച്ചിയിലെ പെട്രോകെമിക്കൽ പാർക്കിന്റെ വികസനത്തെ ബാധിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) പോളിയോൾസ് പദ്ധതി നടപ്പാക്കുന്നതിന് സർക്കാർതലത്തിൽ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(ബി&സി) വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ബി.പി.സി.എൽ. സംസ്ഥാനത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന വൻകിട പദ്ധതിയാണ് പോളിയോൾസ്. പ്രസ്തുത പദ്ധതിയുടെ feedstock പെട്രോകെമിക്കൽ

അധിഷ്ഠിത വ്യവസായങ്ങളുടെ അസംസ്കൃത വസ്തുവാണ്. ഈ അസംസ്കൃത വസ്തു അതേ സ്ഥലത്തുതന്നെ സംരംഭകർക്ക് ലഭ്യമാക്കുക എന്നതാണ് കിൻഫ്ര 25,000 കോടി രൂപ മുതൽമുടക്കി കൊച്ചിയിൽ സ്ഥാപിക്കുന്ന പെട്രോകെമിക്കൽ പാർക്കിന്റെ മുഖ്യ ആകർഷണം. ബി.പി.സി.എൽ.-ന്റെ പോളിയോൾസ് പദ്ധതി കൊച്ചിയിലെ പെട്രോകെമിക്കൽ പാർക്കിന്റെ വികസന സാദ്ധ്യതകളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്. പെട്രോകെമിക്കൽ പാർക്കിനാവശ്യമായ അസംസ്കൃത വസ്തു ലഭ്യമാക്കുന്നത് സംബന്ധിച്ച് സർക്കാർ, ബി.പി.സി.എൽ.-മായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

**കാർഷികോത്പന്നം അധിഷ്ഠിതമായ വ്യവസായ പദ്ധതികൾ**

164(2573) <u>ശ്രീ. കെ. ബാബു (നെന്മാറ):</u>
<u>ശ്രീ. ഒ. ആർ. കേളു:</u>
<u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u>
<u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികമേഖലയ്ക്കും വ്യവസായമേഖലയ്ക്കും ഒരുപോലെ പ്രയോജനപ്പെടുന്ന 'ഒരു ജില്ല ഒരുത്പന്നം' വ്യവസായ പ്രോത്സാഹന പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ; ഇതിന്റെ വിപുലീകൃത രീതിയിലുള്ള പദ്ധതിയെന്ന നിലയിൽ ഓരോ പഞ്ചായത്തിലും ഓരോ

ഉത്പന്നം എന്നതരത്തിൽ വ്യവസായ പ്രോത്സാഹനത്തിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് സഹായം നൽകുന്നതിനുള്ള കേന്ദ്ര ഭക്ഷ്യവ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Ministers Formalization of Micro Food Processing Enterprises) വ്യവസായ വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പാക്കിവരുന്നു. അസംഘടിത മേഖലയിലുള്ള സൂക്ഷ്മ വ്യക്തിഗത സംരംഭങ്ങളുടെ മത്സരശേഷി മെച്ചപ്പെടുത്തുന്നതിനും ആ മേഖലയുടെ ഔപചാരികവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും കാർഷികോത്പാദക സംഘടനകൾ (FPOs), സ്വയം സഹായ സംഘങ്ങൾ (SHGs), ഉത്പാദക സഹകരണ സംഘങ്ങൾ എന്നിവയെ അവയുടെ മൂല്യശൃംഖലകളിലാകമാനം പിന്തുണയ്ക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും ഓരോ ഉത്പന്നം എന്ന ആശയം ("One Local Body One Product") വ്യവസായ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പുമായി ചർച്ച ചെയ്തുവരുന്നുണ്ട്.

(ബി) പാലക്കാട് സംയോജിത റൈസ് ടെക്നോളജി പാർക്ക് രൂപീകരിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ?

പാലക്കാട് ജില്ലയിൽ കിൻഫ്ര മെഗാ ഫുഡ് പാർക്കിനുള്ളിൽ 5 ഏക്കർ സ്ഥലത്ത് 42.3 കോടി രൂപ ചെലവിലാണ് സംയോജിത റൈസ് ടെക്നോളജി പാർക്ക് ആരംഭിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ സിവിൽ പ്രവൃത്തികൾക്കായി ഇ-ടെൻഡർ നടപടികളിലൂടെ കരാറുകാരെ നിശ്ചയിച്ചു. പ്രസ്തുത പദ്ധതി 2023 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കുന്ന വിധത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(സി) റബ്ബർ കർഷകർക്കായി റബ്ബറധിഷ്ഠിത വ്യവസായങ്ങളുടെ ഹബ്ബ് സ്ഥാപിക്കാനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

മൂല്യവർദ്ധിത റബ്ബർ ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി "കേരള റബ്ബർ ലിമിറ്റഡ്" എന്നപേരിൽ, സിയാൽ മാതൃകയിൽ സർക്കാർ ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി 21-12-2021-ൽ എച്ച്.എൻ.എൽ., വെള്ളൂരിലെ കെ.ആർ.എൽ.-ന്റെ ഓഫീസ് ഉദ്ഘാടനം ചെയ്തു. ഏകദേശം 160 ഏക്കറിൽ റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങളായ സ്ഥലം, വഴി, വെളിച്ചം, വെള്ളം മുതലായവയും റബ്ബർ മൂല്യവർദ്ധിത ഉത്പന്നങ്ങൾ

നിർമ്മിക്കാൻവേണ്ട പൊതുവായ സൗകര്യങ്ങളും നൽകുകയാണ് കമ്പനിയുടെ ലക്ഷ്യം.

**നൂതന വ്യവസായ സ്ഥാപനങ്ങളാരംഭിക്കാൻ നടപടി**

165(2574) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളുടെയും എഞ്ചിനീയറിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഗവേഷണഫലങ്ങൾ ഏറ്റെടുത്ത് പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

സർവ്വകലാശാലകളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വ്യാവസായിക സാദ്ധ്യതയുള്ള ഗവേഷണഫലങ്ങൾ സംരംഭകരിലെത്തിക്കുന്നതിന് പ്രസ്തുത സ്ഥാപനങ്ങളുമായിച്ചേർന്ന് വിവിധ പരിശീലന പരിപാടികൾ നടത്തിവരുന്നു. ഇതുകൂടാതെ സർവ്വകലാശാലകളുടെയും എഞ്ചിനീയറിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഗവേഷണഫലങ്ങൾ സംരംഭമായി മാറ്റാൻ തയ്യാറാകുന്നവർക്ക് വ്യവസായ വകുപ്പിന്റെ വിവിധ ഓഫീസുകൾവഴി പ്രസ്തുത സംരംഭത്തിന്റെ വിവിധഘട്ടങ്ങളിലുള്ള പ്രവർത്തനങ്ങൾക്കാവശ്യമായ സഹായങ്ങൾ ഉറപ്പുവരുത്തുന്നതാണ്.

(ബി) സർവ്വകലാശാലകളിലെയും സർക്കാർ/സ്വകാര്യ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും കുട്ടികളുടെ ഗവേഷണഫലങ്ങൾ പ്രോത്സാഹനമില്ലാതെ എങ്ങുമെത്താതെപോകുന്ന അവസ്ഥയ്ക്ക് പരിഹാരമാകുന്ന ഈ വിഷയത്തിൽ പ്രത്യേക പരിഗണന കൊടുക്കുമോ?

സർവ്വകലാശാലകളിലെയും സർക്കാർ/സ്വകാര്യ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും കുട്ടികളിൽ സംരംഭകത്വം വളർത്തി അവരുടെ ആശയങ്ങളും ഗവേഷണഫലങ്ങളും ലാഭകരമായ വ്യവസായ സംരംഭങ്ങളായി മാറ്റാനുള്ള പരിശീലനവും ബോധവൽക്കരണവും നൽകുന്നതിന് സ്കൂൾ, കോളേജ്തലങ്ങളിൽ ഇ.ഡി. ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതുകൂടാതെ സർവ്വകലാശാലകളുടെയും എഞ്ചിനീയറിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഗവേഷണഫലങ്ങൾ സംരംഭമായി മാറ്റാൻ തയ്യാറാകുന്നവർക്ക് വ്യവസായ വകുപ്പിന്റെ വിവിധ ഓഫീസുകൾവഴി പ്രസ്തുത സംരംഭത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പ്രവർത്തനങ്ങൾക്കാവശ്യമായ സഹായങ്ങൾ ഉറപ്പുവരുത്തുന്നതാണ്.

(സി) ഉപയോഗമില്ലാതെ കിടക്കുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഇതിലൂടെ പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉപയോഗമില്ലാതെ കിടക്കുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പുനരുദ്ധരിക്കാൻ നിലവിൽ പദ്ധതികളില്ല.

## പാലക്കാട് ജില്ലയിലെ വ്യാവസായിക പദ്ധതികൾ

166(2575) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക്  നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പിനുകീഴിൽ പുതുതായി ആരംഭിക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ?

പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഷൊർണ്ണൂർ വ്യവസായ വികസന പ്ലോട്ടിൽ ഒരു ബഹുനില വ്യവസായ സമുച്ചയം വിഭാവനം ചെയ്യുകയും സർക്കാർ അനുമതിക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പാലക്കാട് റോഡ് വികസിപ്പിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്ന നടപടി തുടരുകയാണ്. ഇതിനായി കണ്ണമ്പ്രയിൽ 298 ഏക്കർ ഭൂമിയും പുതുശ്ശേരി സെൻട്രൽ I-ൽ 653 ഏക്കർ ഭൂമിയും പുതുശ്ശേരി സെൻട്രൽ II-ൽ 558 ഏക്കർ ഭൂമിയും പുതുശ്ശേരി സെൻട്രൽ III-ൽ 375 ഏക്കർ ഭൂമിയും

ഏറ്റെടുക്കാനുള്ള നടപടി പുരോഗമിക്കുന്നു. കിൻഫ്രയുടെ പാലക്കാട് കൊഴിഞ്ഞാംപാറ മെഗാ ഫുഡ്പാർക്കിൽ റൈസ് ടെക്നോളജി പാർക്ക് ആരംഭിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഈ പദ്ധതികളുടെ പ്രവൃത്തികൾ എന്നുമുതൽ ആരംഭിക്കുമെന്ന് വിശദമാക്കുമോ?

ഷൊർണ്ണൂർ വ്യവസായ പ്ലോട്ടിലെ ബഹുനില വ്യവസായ സമുച്ചയത്തിന് ഭരണാനുമതി നൽകുന്നതോടുകൂടി പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് കണക്കാക്കാൻ കഴിയുന്നതാണ്. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പാലക്കാട് റോഡ് വികസിപ്പിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു. ഭൂമി ഏറ്റെടുത്ത് പദ്ധതി നടപ്പാക്കുന്ന ചുമതല പ്രത്യേക ഉദ്ദേശ കമ്പനിക്ക് കൈമാറിയിരിക്കുകയാണ്. റൈസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പൂർത്തിയായി, നിർമ്മാണ പ്രവൃത്തികളാരംഭിച്ചുവരുന്നു.

**ടൂൾ റൂം-കം-ട്രെയിനിംഗ് സെന്റർ യൂണിറ്റിലെ ജീവനക്കാർ**

167(2576) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സിഡ്കോയുടെ കീഴിൽ കോഴിക്കോട് ഒളവണ്ണയിൽ പ്രവർത്തിക്കുന്ന ടൂൾ റൂം-കം-ട്രെയിനിംഗ് സെന്റർ യൂണിറ്റിലെ ജീവനക്കാരുടെ തൊഴിൽ വിഷയവുമായി ബന്ധപ്പെട്ട് നിലവിലുള്ള 597/എഫ് 2/2016/വ്യ.വ. നമ്പർ ഫയൽ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ കീഴിൽ കോഴിക്കോട് ഒളവണ്ണയിൽ പ്രവർത്തിക്കുന്ന ടൂൾ റൂം-കം-ട്രെയിനിംഗ് സെന്ററിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളുമായി ബന്ധപ്പെട്ട് നിലവിലുള്ള 597/എഫ്2/2016/വ്യ.വ. നമ്പർ ഫയലിൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവരികയാണ്. 06-11-2020-ൽ ചേർന്ന യോഗ  തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനത്തിലെ ജീവനക്കാർക്ക് ഭാവിയിൽ ശമ്പള ഘടനയിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ റിയാബ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. ആയതിൻപ്രകാരം റിയാബ് സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ട് സിഡ്കോയുടെ അഭിപ്രായത്തിനായി 17-11-2021-ൽ നൽകിയിട്ടുണ്ട്. സിഡ്കോയിൽനിന്നും പ്രൊപ്പോസൽ

ലഭിക്കുന്നമുറയ്ക്ക് സർക്കാർതലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

**ടൂൾ റൂം-കം-ട്രെയിനിംഗ് സെന്റർ**

168(2577) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോയുടെ കീഴിൽ കോഴിക്കോട് ഒളവണ്ണയിൽ പ്രവർത്തിക്കുന്ന ടൂൾ റൂം-കം-ട്രെയിനിംഗ് സെന്റർ യൂണിറ്റിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 06-11-2020-ൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം ടൂൾ റൂം സ്റ്റാഫ് പാറ്റേൺ സിഡ്കോയുമായി ചേർക്കുന്നത് സംബന്ധിച്ചും 01-07-2009 പ്രാബല്യത്തിൽ സിഡ്കോയിലെ ജീവനക്കാർക്കനുവദിച്ച ശമ്പളപരിഷ്കരണം ടൂൾ റൂം ജീവനക്കാർക്ക് അനുവദിക്കുന്നത് സംബന്ധിച്ചും റിയാബ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) റിയാബ് സമർപ്പിച്ച ശിപാർശ പരിശോധിച്ച് ടൂൾ റൂം സ്റ്റാഫ് പാറ്റേൺ സിഡ്കോയുമായി ചേർക്കാനും ജീവനക്കാർക്ക്

നാളിതുവരെയുള്ള ഇൻക്രിമെന്റ് അനുവദിക്കാനും സിഡ്കോ ജീവനക്കാർക്ക് അനുവദിച്ച 2009-ലെ ശമ്പള പരിഷ്കരണം ടൂൾ റൂം ജീവനക്കാർക്ക് അനുവദിക്കാനും നടപടി സ്വീകരിക്കുമോ?

(എ&ബി) 06-11-2020-ൽ ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ കീഴിൽ കോഴിക്കോട് ഒളവണ്ണയിൽ പ്രവർത്തിക്കുന്ന ടൂൾ റൂം-കം-ട്രെയിനിംഗ് സെന്ററിലെ ജീവനക്കാർക്ക് ഭാവിയിൽ ശമ്പളഘടനയിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ റിയാബ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. ആയതിൻപ്രകാരം റിയാബ് സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ട് സിഡ്കോയുടെ അഭിപ്രായത്തിനായി 17-11-2021-ൽ നൽകിയിട്ടുണ്ട്. സിഡ്കോയിൽനിന്നും റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് സർക്കാർതലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

## എം.എസ്.എം.ഇ. യൂണിറ്റുകൾ

169(2578) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19, പ്രളയം, മഹാമാരി തുടങ്ങിയ പ്രതിസന്ധികൾ കാരണം തകർന്ന എം.എസ്.എം.ഇ. യൂണിറ്റുകളുടെ പുനരുജ്ജീവനവും പുനരധിവാസവും എത്രത്തോളം നടത്താൻ കഴിഞ്ഞിട്ടുണ്ട്; തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കൾ എത്ര എണ്ണമുണ്ട്; പ്രവർത്തന രഹിതമായ എം.എസ്.എം.ഇ.-കൾ എത്ര എണ്ണമുണ്ട്; വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ?

പ്രവർത്തനരഹിതമായതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ എം.എസ്.എം.ഇ. യൂണിറ്റുകളെ മൂലധന ഗ്രാന്റുകളുടെയും പ്രവർത്തന മൂലധന പ്രോത്സാഹനങ്ങളുടെയും സഹായത്തോടെ പുനരുജ്ജീവിപ്പിക്കുകയും പുനഃരധിവസിപ്പിക്കുകയും ചെയ്യുന്നതിലേയ്ക്കായി വ്യവസായ വാണിജ്യ വകുപ്പുവഴി രണ്ട് പദ്ധതികൾ നടപ്പാക്കിവരുന്നു.

a. The Kerala stressed MSMEs Revival & Rehabilitation Scheme.
b. Revival and Rehabilitation Scheme for Defunct MSMEs and Cashew Processing Units.

കൂടാതെ 2018-19 വർഷങ്ങളിലുണ്ടായ പ്രളയം കാരണം ദുരിതത്തിലായ സംരംഭങ്ങളെ സഹായിക്കുന്നതിനായി Assistance to Rebuild Flood affected MSMEs, Interest Subvention to Rebuild Flood Affected MSMEs എന്നീ രണ്ട് പദ്ധതികൾ നടപ്പാക്കിയിരുന്നു.

തുടർന്ന് മുൻസർക്കാർ കോവിഡ്-19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ സഹായിക്കുന്നതിലേയ്ക്കായി വ്യവസായ ഭദ്രത പദ്ധതിക്ക് രൂപംനൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം നടപ്പാക്കുന്ന (Scheme for Interest Subvention on Term Loan and Working Capital Loan) പദ്ധതി പ്രകാരം 01-04-2020 മുതൽ 31-12-2020 വരെ എം.എസ്.എം.ഇ. യൂണിറ്റുകളെടുക്കുന്ന വായ്പകൾക്ക് 6 മാസത്തേയ്ക്ക് 50% താങ്ങ് പലിശ പരമാവധി ഓരോ ലോണിനും (Term Loan/Working Capital) 30,000/- രൂപ, പരമാവധി 60,000/- രൂപവരെ അനുവദിച്ചിരുന്നു. കൂടാതെ കോവിഡ് രണ്ടാം തരംഗത്തെത്തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി കോവിഡ്-19 സമാശ്വാസ പദ്ധതി എന്നപേരിൽ ഈ സർക്കാർ രൂപീകരിച്ച ദുരിതാശ്വാസ പാക്കേജുവഴി വ്യവസായഭദ്രത പലിശ ഇളവ് പദ്ധതി, സംരംഭ സഹായ പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി, നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി എന്നീ പദ്ധതികളിൽ കൂടുതൽ ഇളവുകൾ അനുവദിച്ചിരുന്നു. ടി പദ്ധതികൾവഴി നൽകിയ ധനസഹായം സംബന്ധിക്കുന്ന വിവരം ചുവടെചേർക്കുന്നു.

| പദ്ധതി | 2021-22 ഇതുവരെ | | 2020-21 | | 2019-20 | | 2018-19 | |
|---|---|---|---|---|---|---|---|---|
| | ചെലവഴിച്ച തുക (ലക്ഷം രൂപയിൽ) | അനുവദിച്ച യൂണിറ്റുകളുടെ എണ്ണം | ചെലവഴിച്ച തുക (ലക്ഷം രൂപയിൽ) | അനുവദിച്ച യൂണിറ്റുകളുടെ എണ്ണം | ചെലവഴിച്ച തുക (ലക്ഷം രൂപയിൽ) | അനുവദിച്ച യൂണിറ്റുകളുടെ എണ്ണം | ചെലവഴിച്ച തുക (ലക്ഷം രൂപയിൽ) | അനുവദിച്ച യൂണിറ്റുകളുടെ എണ്ണം |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| Interest Subvention on Term loan and Working Capital Loan [വ്യവസായ ഭദ്രത പലിശ ഇളവ് പദ്ധതി ] | 90.77 | 509 | 153.825 | 1061 | | | | |
| Kerala stressed MSMEs Revival and Rehabilitation | 37.55 | 157 | 163.35 | 7 | 1.14 | 1 | | |
| Revival and Rehabilitation Scheme for Defunct MSMEs and Cashew Processing Units | 32.95 | 12 | | | | | | |
| Assistance to rebuild flood affected MSMEs(flood rebuild schemes) | | | 276.7 | 61 | 26.35 | 175 | 159 | 148 |
| Interest subvention to rebuild flood affected MSMEs(flood rebuild schemes) | | | 386.73 | 250 | 4.65 | 6 | | |

തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കൾ, പ്രവർത്തനരഹിതമായ എം.എസ്.എം.ഇ.-കൾ എന്നിവയുടെ എണ്ണം സംബന്ധമായ കൃത്യമായ കണക്കുകൾ ശേഖരിച്ചിട്ടില്ല.

(ബി) വ്യാവസായിക പാർക്കുകളിൽ പുതിയ സംരംഭകരെ ആകർഷിച്ച് കൂടുതൽ നിക്ഷേപവും തൊഴിലവസരവും സൃഷ്ടിച്ചുകൊണ്ട് നിക്ഷേപ സൗഹൃദമാക്കി മാറ്റുന്നതിന്റെ ഭാഗമായി 2021-22 കാലയളവിൽ സംരംഭകർക്ക് ഭൂമി നിക്ഷേപ വിലയുടെ പലിശ ധനസഹായമായി നൽകാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമായ റിപ്പോർട്ട് നൽകുമോ?

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കിൻഫ്ര, കെ.എസ്.ഐ.ഡി.സി., സിഡ്കോ എന്നിവയുടെ അധികാരപരിധിയിൽ വരുന്ന വ്യവസായ എസ്റ്റേറ്റുകളിൽ ലീസ് വ്യവസ്ഥപ്രകാരം അനുവദിച്ച സ്ഥലത്തിന്റെ പലിശയുൾപ്പെടെയുള്ള ലീസ് പ്രീമിയം അടയ്ക്കുമ്പോൾ സംരംഭകർക്ക് വളരെയധികം സാമ്പത്തിക ബാദ്ധ്യത വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സാമ്പത്തിക ബാദ്ധ്യത പരിഹരിക്കുന്നതിനായി Interest subvention on deferred payments of land cost investments to Entrepreneurs in Industrial areas and parks എന്ന പദ്ധതി 05-08-2019-ലെ ജി.ഒ.(ആർ.ടി.)നം. 727/2019/വ്യ.വ.

പ്രകാരം നടപ്പാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം ലീസ് വ്യവസ്ഥയിൽ ഭൂമി അനുവദിക്കുന്ന സംരംഭകന് രണ്ടാമത്തെ ഗഡു അടയ്ക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് നൽകുന്നു. ഈ പദ്ധതിയിലുൾപ്പെടുത്തി കിൻഫ്രയുടെ കീഴിൽ വിവിധ ജില്ലകളിലുള്ള വ്യവസായ പാർക്കുകളിൽ ഭൂമി അനുവദിച്ചതുവഴി 31-01-2021 വരെ പലിശയിനത്തിൽ കിൻഫ്രയ്ക്ക് ലഭിക്കേണ്ട തുകയായ 96,38,417/- രൂപ അനുവദിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു.

**നാനോ യൂണിറ്റുകൾക്കായുള്ള മാർജിൻ മണി ഗ്രാന്റ്**

170(2579) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാനോ യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് 2021-22 കാലയളവിൽ എത്രപേർക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ട്; പ്രസ്തുത പദ്ധതിയിൽ വനിതകൾ, വികലാംഗർ, വിമുക്ത ഭടന്മാർ, പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എന്നിവർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

നാനോ യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് 2021-22 കാലയളവിൽ ഇതുവരെ 179 യൂണിറ്റുകൾക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ വനിതകൾ, വികലാംഗർ, വിമുക്ത ഭടൻമാർ,

പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എന്നിവർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | വനിതകൾ | വികലാംഗർ | വിമുക്ത ഭടന്മാർ | പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗം |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 7 | - | - | - |
| 2 | കൊല്ലം | 7 | - | - | 1 |
| 3 | പത്തനംതിട്ട | 6 | - | - | - |
| 4 | ആലപ്പുഴ | 11 | - | - | 2 |
| 5 | കോട്ടയം | 3 | - | - | - |
| 6 | ഇടുക്കി | 8 | - | - | 2 |
| 7 | എറണാകുളം | 21 | 2 | - | 2 |
| 8 | തൃശ്ശൂർ | 8 | 1 | - | - |
| 9 | പാലക്കാട് | 2 | - | - | - |
| 10 | മലപ്പുറം | 4 | - | - | - |
| 11 | കോഴിക്കോട് | 22 | - | - | - |
| 12 | വയനാട് | 1 | 1 | - | - |
| 13 | കണ്ണൂർ | 6 | - | - | - |
| 14 | കാസർഗോഡ് | 4 | - | - | - |
| | **ആകെ** | 110 | 4 | 0 | 7 |

(ബി) കരകൗശല തൊഴിലാളികൾക്ക് വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2021-2022 കാലയളവിൽ സ്വീകരിച്ച നടപടികളെന്തൊക്കെ; വിശദാംശം ലഭ്യമാക്കുമോ?

2021-22 കാലയളവിൽ കേരള സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ് അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (സുരഭി) ഷോറൂമുകളിൽ അവരുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 2021-22 കാലയളവിൽ കയർ കേരള ഓൺലൈൻ എക്സിബിഷനിൽ പങ്കെടുത്ത് വിപണനം നടത്തുന്നതിനുള്ള നടപടികൾ കാഡ്കോ സ്വീകരിച്ചിട്ടുണ്ട്. കോവിഡ്-19 വ്യാപന സാഹചര്യത്തിൽ മറ്റ് വിപണനമേളകൾ സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

**ചെറുകിട ഇടത്തരം വ്യവസായങ്ങൾ**

171(2580) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ഇടത്തരം വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. വ്യവസായ വകുപ്പ് ഈ മേഖലയിൽ ഉത്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. സർക്കാർ പദ്ധതികൾ

വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്കാവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങളൊരുക്കി നൽകിയും വ്യവസായം തുടങ്ങാനാവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയുംവഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിൽനിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടലായി കെ-സ്വിഫ്റ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേയ്ക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ് ഇൻകുബേഷൻ സെന്ററുകളും ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകളും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ എല്ലാ താലൂക്ക് വ്യവസായ ഓഫീസുകളെയും എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സൂക്ഷ്മ-ചെറുകിട-ഇടത്തരം

വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കാൾസെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി വ്യവസായ വാണിജ്യ വകുപ്പുവഴി താഴെപ്പറയുന്ന ധനസഹായ പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

1. സംരംഭക സഹായ പദ്ധതി (ESS)

2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി

3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്

4. പ്രവർത്തന രഹിതമായതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ എം.എസ്.എം.ഇ. സംരംഭങ്ങൾക്കുള്ള പദ്ധതികൾ

(a) Revival and Rehabilitation Scheme for Defunct MSMEs and Cashew processing units

(b) The Kerala stressed MSMEs Revival & Rehabilitation Scheme.

5. കോവിഡ്-19 കാരണം പ്രതിസന്ധിയിലോ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേയ്ക്കായി നടപ്പാക്കിയ വ്യവസായ ഭദ്രത പലിശ ഇളവ് പദ്ധതി (Scheme for Interest Subvention on TermLoan and working capital loan)

6. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി

7. സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾക്കുള്ള ക്ലസ്റ്റർ വികസന പദ്ധതി

8. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)

9. സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി.

(ബി) കുടുംബശ്രീ യൂണിറ്റുകൾക്ക് ചെറുകിട വ്യവസായങ്ങൾ നടത്തുന്നതിന് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ?

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചേർന്ന് നടപ്പാക്കിവരുന്ന പി.എം.എഫ്.എം.ഇ. പദ്ധതി പ്രകാരം ഭക്ഷ്യസംസ്കരണ യൂണിറ്റ് നടത്തിവരുന്ന കുടുംബശ്രീ അംഗങ്ങൾക്ക് സീഡ് കാപ്പിറ്റലായി 40,000 രൂപയ്ക്ക് അപേക്ഷിക്കാവുന്നതാണ്. കൂടാതെ ഭക്ഷ്യസംസ്കരണ രംഗത്ത് പ്രവർത്തിക്കുന്ന കുടുംബശ്രീ അംഗങ്ങൾക്കും ഗ്രൂപ്പിനും പുതിയ സംരംഭങ്ങളാരംഭിക്കുന്നതിനും നിലവിലെ സംരംഭങ്ങളുടെ രൂപവൽക്കരണത്തിനും ഈ പദ്ധതിപ്രകാരം 35% വായ്പാബന്ധിത സബ്സിഡി ലഭ്യമാകുന്നതാണ്. 2021-22 സാമ്പത്തിക വർഷം ഇതുവരെ 1440 കുടുംബശ്രീ അംഗങ്ങൾക്ക് ഈ പദ്ധതി പ്രകാരം സീഡ് കാപ്പിറ്റലായി 4,30,51,096 രൂപ അനുവദിച്ചിട്ടുണ്ട്. ചെറുകിട ഇടത്തരം വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ മുഖേന പൊതു അവബോധ പരിശീലനം, സംരംഭകത്വ പരിശീലനം, നൈപുണ്യ

പരിശീലനം എന്നിവ നടത്തിവരുന്നു. കൂടാതെ സൂക്ഷ്മ സംരംഭങ്ങളാരംഭിക്കുന്നതിനായി പലിശ സബ്സിഡി, സ്റ്റാർട്ടപ് ഫണ്ട്, കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട് തുടങ്ങി വിവിധതരത്തിലുള്ള സാമ്പത്തിക സഹായവും പിന്തുണാ സഹായവും കുടുംബശ്രീ മുഖേന ലഭ്യമാക്കിവരുന്നു. സൂക്ഷ്മ സംരംഭങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ, പെർഫോമൻസ് ഇംപ്രൂവ്മെന്റ് പരിശീലനം എന്നിവയും കുടുംബശ്രീ മുഖേന ലഭ്യമാക്കിവരുന്നു.

## എം.എസ്.എം.ഇ.-കളെ പ്രോത്സാഹിപ്പിക്കാൻ നടപടി

172(2581) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എം.എസ്.എം.ഇ.-കളെ പ്രോത്സാഹിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് എം.എസ്.എം.ഇ.-കളെ പ്രോത്സാഹിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. 7

നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിൽനിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടലായി കെ-സ്വിഫ്റ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ പുതുതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് മൂന്ന് വർഷത്തേയ്ക്ക് സംസ്ഥാന നിയമപ്രകാരമുള്ള ലൈസൻസുകൾ സ്വയം സാക്ഷ്യപ്പെടുത്തൽവഴി മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുള്ള, സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിലെ വ്യവസായവുമായി ബന്ധപ്പെട്ട നിയമങ്ങൾ സുഗമമാക്കുന്നതിനും ഗുരുതരമല്ലാത്ത പിഴവുകൾക്ക് ശിക്ഷാ നടപടികൾ ഒഴിവാക്കുന്നതിനുമായുള്ള ഭേദഗതി വരുത്താനുള്ള നടപടികൾ വകുപ്പുതലങ്ങളിൽ സ്വീകരിച്ചുവരുന്നുണ്ട്. വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈനാക്കുന്നതിനും അവയെ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു. ജില്ലാ-സംസ്ഥാന തലങ്ങളിൽ

ഏകജാലക ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സേവനങ്ങളും മറ്റ് വിവരങ്ങളും സംരംഭകരിലെത്തിക്കുന്നതിനായി വ്യവസായ വാണിജ്യ വകുപ്പ് ഒരു യൂട്യൂബ് ചാനൽ ആരംഭിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിലെ വിവിധ വകുപ്പുകളുടെ പരിശോധനാ നടപടികൾ ഏകോപിപ്പിക്കുന്നതിനുള്ള കേരളാ സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം (K-CIS) നിലവിൽ വന്നിട്ടുണ്ട്. നിക്ഷേപകരുടെ പരാതി പരിഹരിക്കാൻ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സിവിൽ കോടതിയുടെ അധികാരമുള്ള, ജില്ലാ-സംസ്ഥാനതല പരാതിപരിഹാര കമ്മിറ്റികൾ 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പ്രകാരം നിലവിൽ വന്നിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കാൾസെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ചെറുകിട, ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കാനും നിലവിലെ സംരംഭങ്ങൾ നടത്താനും കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനും കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ

8.25%-10.25%) 100 കോടി രൂപവരെ വായ്പയായി നൽകിവരുന്നു. ഭക്ഷ്യസംസ്കരണം, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിന് പ്രത്യേക പരിഗണന നൽകിവരുന്നതു കൂടാതെ കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകൾ പ്രഖ്യാപിച്ചതും വായ്പാ തുക ഉയർത്തിയതും അപേക്ഷാ ഫോറം ഇന്റർനെറ്റിൽ ലഭ്യമാക്കുന്നതും കോവിഡ്-19-നെ തുടർന്നുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി വ്യവസായ ഭദ്രത പാക്കേജും സമാശ്വാസ പദ്ധതി പാക്കേജും പ്രഖ്യാപിച്ചതുമൊക്കെ സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭം ആരംഭിക്കാനുദ്ദേശിക്കുന്ന വ്യവസായികൾക്കും നിലവിൽ വ്യവസായം നടത്തിക്കൊണ്ടിരിക്കുന്നവർക്കും ഒരുപോലെ പ്രോത്സാഹനവും സഹായവും നൽകാനുദ്ദേശിച്ചിട്ടുള്ളതും സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗവുമാണ്. സംസ്ഥാനത്ത് വ്യവസായികൾക്ക് എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കാനും ഒരു മികച്ച നിക്ഷേപ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനും സർക്കാർ മുൻകയ്യെടുത്ത് കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പാക്കുന്ന പ്രത്യേക സഹായ പദ്ധതിയാണ് ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം. സൂക്ഷ്മ-

ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക.

(ബി) പ്രസ്തുത സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ട്രെഡ്സ് (ട്രേഡ് റിസീവബിൾ ഡിസ്കൗണ്ടിംഗ് സിസ്റ്റം) നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ഉത്പന്നങ്ങൾക്കോ സേവനങ്ങൾക്കോ ഉള്ള തുക എം.എസ്.എം.ഇ.-കൾക്ക് താമസം കൂടാതെ ലഭ്യമാക്കുന്നതിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ വിവിധ ബാങ്കുകളുമായി ചേർന്ന് പ്രോത്സാഹിപ്പിക്കുന്ന സംവിധാനമാണ് ട്രെഡ്സ് (TReDS). ഈ സംവിധാനത്തിൽ സെല്ലർ ആയ എം.എസ്.എം.ഇ.-കൾക്ക് ഉത്പന്നത്തിന്റെയോ സേവനത്തിന്റെയോ ബിൽ അപ്‌ലോഡ് ചെയ്ത് 24 മണിക്കൂറിനകം ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് ബിൽ തുക ലഭിക്കുകയും ബയർ (buyer) ഈ തുക ധനകാര്യ സ്ഥാപനത്തിന് മുൻനിശ്ചയിച്ച വ്യവസ്ഥകൾക്കനുസൃതമായി നൽകുന്നതുമാണ് ഈ സംവിധാനത്തിന്റെ പ്രവർത്തനം. ഈ സംവിധാനത്തിലേയ്ക്ക് പൊതുമേഖലാ സ്ഥാപനങ്ങളെ ബയർ ആയി രജിസ്റ്റർ ചെയ്യിച്ച് പ്രൊക്യുയർമെന്റിൽ പങ്കെടുക്കുന്ന എം.എസ്.എം.ഇ.-കൾക്ക് ട്രെഡ്സ്

സമ്പ്രദായത്തിന്റെ ഫലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(സി) എം.എസ്.എം.ഇ.-കൾ ട്രെഡ്സ്-ൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശം വിശദമാക്കുമോ?

ട്രെഡ്സ് സംവിധാനത്തിന്റെ ഗുണങ്ങൾ എം.എസ്.എം.ഇ.-കൾക്ക് ലഭ്യമാകുന്നതിന് റിസർവ് ബാങ്ക് അംഗീകൃത ട്രെഡ്സ് പ്ലാറ്റ്ഫോമുകളിൽ സെല്ലർ ആയി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതുസംബന്ധിച്ച കൂടുതൽ വിവരങ്ങൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ FAQ പേജിൽ ലഭ്യമാണ്.

**ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ**

173(2582) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ എന്തെല്ലാം ചെറുകിട ഇടത്തരം വ്യാവസായിക സംരംഭങ്ങളാണ് ആരംഭിച്ചതെന്ന് വിശദമാക്കുമോ?

വ്യവസായ വാണിജ്യ വകുപ്പുവഴി സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതികളും നടപടികളുമാണ് സ്വീകരിച്ചുവരുന്നത്. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി ഈ മേഖലയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ DIC MIS പ്രകാരമുള്ള കണക്കുപ്രകാരം സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷക്കാലയളവിൽ കാർഷികാധിഷ്ഠിത ഭക്ഷ്യമേഖല, വസ്ത്രനിർമ്മാണ മേഖല, ജനറൽ എഞ്ചിനീയറിംഗ്, സിമന്റ് അധിഷ്ഠിത മേഖല, തടി അധിഷ്ഠിത മേഖല, പ്രിന്റിംഗ് & ബന്ധപ്പെട്ട മേഖല, പേപ്പർ അധിഷ്ഠിത മേഖല, വിവര സാങ്കേതികാധിഷ്ഠിത മേഖല തുടങ്ങി വിവിധ മേഖലകളിലുള്ള സംരംഭങ്ങളാണ് പ്രധാനമായും ആരംഭിച്ചിട്ടുള്ളത്.

(ബി) ഉത്പാദന മേഖലയിലും സേവന മേഖലയിലും സൂക്ഷ്മ-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇതിലൂടെ തൊഴിൽ മേഖലയ്ക്കുണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്പാദന മേഖലയിലും സേവന മേഖലയിലും സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2016 മേയ് മുതൽ 2021 ഏപ്രിൽ മാസം വരെയുള്ള മുൻസർക്കാരിന്റെ 5 വർഷക്കാലം DIC MIS പ്രകാരമുള്ള റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 69,138 എം.എസ്.എം.ഇ. സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ഇതിലൂടെ 6,448.81 കോടി രൂപയുടെ നിക്ഷേപവും 2,45,369 തൊഴിൽ ലഭ്യതയും സംഭവ്യമായിട്ടുണ്ട്.

(സി) മുൻസർക്കാരിന്റെ കാലത്ത് കൈവരിച്ച നേട്ടങ്ങൾ ഈ മേഖലയിൽ കഴിഞ്ഞ അഞ്ച് വർഷക്കാലം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ?

കഴിഞ്ഞ അഞ്ച് വർഷക്കാലം എം.എസ്.എം.ഇ. മേഖലയുടെ പുരോഗതിക്കായി നടപ്പാക്കിയ വിവിധങ്ങളായ പദ്ധതികളിലൂടെയും നിയമ നിർമ്മാണങ്ങളിലൂടെയും ടി മേഖലയിൽ മികച്ച നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

(ഡി) ഈ മേഖലയിൽ പുതിയ നിയമനിർമ്മാണം നടത്തുകവഴി പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; കുടിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിൽനിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടലായി

കെ-സ്വിഫ്റ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ പുതുതായി ആരംഭിക്കുന്ന, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സംസ്ഥാന നിയമപ്രകാരമുള്ള ലൈസൻസുകൾ സ്വയം സാക്ഷ്യപ്പെടുത്തൽവഴി മൂന്നുവർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുള്ള, സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കാൾസെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ വ്യവസായവുമായി ബന്ധപ്പെട്ട നിയമങ്ങൾ സുഗമമാക്കുന്നതിനും ഗുരുതരമല്ലാത്ത പിഴവുകൾക്ക് ശിക്ഷാ നടപടികൾ ഒഴിവാക്കുന്നതിനുമായുള്ള ഭേദഗതികൾ വരുത്താനുള്ള നടപടികൾ വകുപ്പുതലങ്ങളിൽ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈനാക്കുന്നതിനും അവയെ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാ-സംസ്ഥാനതലങ്ങളിൽ ഏകജാലക ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സേവനങ്ങളും മറ്റുവിവരങ്ങളും സംരംഭകരിൽ

എത്തിക്കുന്നതിനായി വ്യവസായ വാണിജ്യ വകുപ്പ് ഒരു യൂട്യൂബ് ചാനൽ ആരംഭിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിലെ വിവിധ വകുപ്പുകളുടെ പരിശോധന നടപടികൾ ഏകോപിക്കുന്നതിനുള്ള കേരള സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം നിലവിൽ വന്നിട്ടുണ്ട്. നിക്ഷേപകരുടെ പരാതി പരിഹരിക്കാൻ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സിവിൽ കോടതിയുടെ അധികാരമുള്ള, ജില്ലാ-സംസ്ഥാനതല പരാതിപരിഹാര കമ്മിറ്റികൾ 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പ്രകാരം നിലവിൽവന്നിട്ടുണ്ട്. കുടിൽ വ്യവസായങ്ങൾക്കായി വ്യവസായ വാണിജ്യ വകുപ്പുവഴി പദ്ധതികൾ നടപ്പാക്കുന്നില്ല. എന്നാൽ വീടിനോടനുബന്ധമായി നടത്തുന്ന ഗാർഹിക അതിസൂക്ഷ്മ സംരംഭങ്ങൾക്കായി പ്രത്യേക പലിശയിളവ് പദ്ധതി നടപ്പാക്കുന്നുണ്ട്. 5 എച്ച്.പി.-യോ അതിൽ താഴെയോ വൈദ്യുതി ഉപഭോഗമുള്ളതും 10 ലക്ഷത്തിൽത്താഴെ സ്ഥിരമൂലധന നിക്ഷേപം വരുന്നതുമായ ഉത്പാദന മേഖലയിലും ജോബ് വർക്ക് വിഭാഗത്തിലും എന്തെങ്കിലും മൂല്യവർദ്ധനവ് നടപ്പാക്കുന്ന സേവന മേഖലയിലുള്ള സംരംഭങ്ങളെയുമാണ് അതിസൂക്ഷ്മ ഗാർഹിക മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ മലിനീകരണ

നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ് അല്ലെങ്കിൽ ഗ്രീൻ വിഭാഗത്തിൽ ഉൾപ്പെടുന്നതുമായിരിക്കണം.

**ബാംബൂ കോർപ്പറേഷൻ**

174(2583) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംബൂ കോർപ്പറേഷന്റെ മുഴുവൻ ഡിപ്പോകളിലും ഗുണനിലവാരമുള്ള ഈറ്റ ഇറക്കുമതി ചെയ്യാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള മുഴുവൻ ഡിപ്പോകളിലും അനുമതി ലഭിച്ച കൂപ്പുകളായ റാന്നി/ഗുഡ്രിക്കൽ റേഞ്ചിലെ മൂഴിയാർ II, III, മലയാറ്റൂർ/ കുട്ടമ്പുഴ റേഞ്ചിലെ പൂയംകുട്ടി കൂപ്പ്, ഇടമലയാർ റേഞ്ച് കൊല്ലത്തിരുമേട് വാഴച്ചാൽ റേഞ്ചിലെയും ഗുണനിലവാരമുള്ള ഈറ്റയാണ് നൽകിവരുന്നത്.

(ബി) ഈറ്റ തൊഴിലാളികൾക്ക് ഏറ്റവും കുറഞ്ഞ വേതനം 600 രൂപയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സ്വീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, നിലവിൽ 104

കോടി രൂപ സഞ്ചിത നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. എങ്കിലും ഒരു ഈറ്റവെട്ട് തൊഴിലാളിക്ക് മിനിമം വേതനത്തിന്റെ ഭാഗമായി, 6 കെട്ട് ഈറ്റ വെട്ടിയാൽ 600/- രൂപയും ഇതിനുപുറമേ ഡി.എ. അനുവദിക്കുമ്പോൾ 149/- രൂപയുംകൂട്ടി ഒരാൾക്ക് 749/- രൂപയോളം ലഭ്യമാക്കുന്നുണ്ട്.

(സി) ബാംബൂ കോർപ്പറേഷനുകീഴിലെ വിവിധ ഡിപ്പോകളിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങളിൽ ഉദ്യോഗസ്ഥർ തിരിമറി നടത്തുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തുമോ; വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാതിയിന്മേൽ അന്വേഷണം നടത്തിവരുന്നു.

**ഈറ്റ വെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ ക്ഷാമബത്ത കുടിശ്ശിക**

175(2584) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനിൽ ഈറ്റ വെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ നിലവിലെ ക്ഷാമബത്ത കുടിശ്ശിക മുഴുവൻ വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ എന്നാണ് വിതരണം ചെയ്തതെന്നും തൊഴിലാളികൾക്ക് ആകെ എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്നും അറിയിക്കുമോ?

ഇല്ല. ഒക്ടോബർ 2015 മുതൽ മാർച്ച് 2017 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക 05-08-2021-നും ഏപ്രിൽ 2017 മുതൽ ജൂൺ 2018 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക 21-12-2021-നും വിതരണം ചെയ്തിട്ടുണ്ട്. ഈറ്റ വെട്ട് തൊഴിലാളികൾക്ക് ആകെ 77,61,039/- രൂപയും പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ആകെ 5,30,16,989 രൂപയും വിതരണം ചെയ്തിട്ടുണ്ട്.

(ബി) എത്ര മാസത്തെ കുടിശ്ശികയാണ് ഇപ്രകാരം നൽകിയിട്ടുള്ളതെന്നും ഇനി എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ടെന്നും അറിയിക്കുമോ?

ബാംബൂ കോർപ്പറേഷനിൽ ഈറ്റ വെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് 30 മാസത്തെ ക്ഷാമബത്ത കുടിശ്ശിക നൽകിയിട്ടുണ്ട്. ഫെബ്രുവരി 2022 വരെ 40 മാസത്തെ കുടിശ്ശിക നൽകാനുണ്ട്.

**കരകൗശല വികസന കോർപ്പറേഷൻ**

176(2585) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥാപനങ്ങളുടെ സ്വന്തം ചെലവിൽ സമ്മാനങ്ങളോ പാരിതോഷികങ്ങളോ നൽകുന്നത്

സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

നിലവിലില്ല.

(ബി) കരകൗശല വികസന കോർപ്പറേഷനിൽ 01-08-2016 മുതൽ 31-12-2021 വരെയുള്ള കാലയളവിൽ ലക്ഷക്കണക്കിന് രൂപയുടെ കരകൗശല ഉത്പന്നങ്ങളുംമറ്റും സമ്മാനങ്ങൾ നൽകാൻ എന്നപേരിൽ ഉദ്യോഗസ്ഥർ എടുത്തുകൊണ്ടുപോയതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത കാലയളവിൽ ഓരോ വർഷവും എത്ര തുകയുടെ സമ്മാനങ്ങൾ സൗജന്യമായി നൽകിയെന്നും സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചാണോ ഇവ നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കാലയളവിൽ ഓരോ വർഷവും വില്പന വിലയിൽ 250 രൂപയിൽക്കൂടിയ എത്ര രൂപയുടെ സമ്മാനങ്ങൾ സൗജന്യമായി

നൽകിയിരുന്നുവെന്നും ആർക്കൊക്കെയാണ് നൽകിയതെന്നും വെളിപ്പെടുത്തുമോ?

(സി&ഡി) പ്രസ്തുത കാലയളവിൽ സമ്മാനങ്ങളൊന്നും സൗജന്യമായി നൽകിയിട്ടില്ല.

**വ്യവസായ സൗഹൃദ സംസ്ഥാനം**

177(2586) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിനും വ്യവസായ നിക്ഷേപ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും വാണിജ്യ വ്യവസായ മേഖലയ്ക്ക് ഉണർവ്വേകുന്നതിനുമുതകുന്ന ഒട്ടനവധി പദ്ധതികൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ തുടക്കംകുറിച്ചിരുന്നു. 2018-ൽ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം സർക്കാർ കൊണ്ടുവരികയുണ്ടായി. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച്

വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള അനുമതികൾ അതത് വകുപ്പുകൾ ലഭ്യമാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിതാനുമതി ലഭ്യമാകുന്നതാണ്. മേൽവിവരിച്ച പ്രകാരം അപേക്ഷയിന്മേൽ പരമാവധി 30 ദിവസത്തിനുള്ളിൽ എല്ലാ അനുമതികളും ലഭ്യമാക്കാൻ കെ-സ്വിഫ്റ്റ് എന്നപേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ഇതോടൊപ്പം 2019-ൽ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം സംസ്ഥാന സർക്കാർ നടപ്പാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം കേന്ദ്രസർക്കാരിന്റെ എം.എസ്.എം.ഇ. നിർവ്വചനമനുസരിച്ച് 50 കോടി രൂപയിൽത്താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്ത എം.എസ്.എം.ഇ. ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന

നിയമങ്ങൾക്കുകീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ച് നടത്താനും അനാവശ്യ പരിശോധനകൾ ഒഴിവാക്കാനുംവേണ്ടി ഒരു ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം (Centralised Inspection System) രൂപീകരിച്ചിട്ടുണ്ട്. നിലവിൽ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധനാ സംവിധാനം ഒരുക്കിയിട്ടുള്ളത്. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്, തൊഴിൽ, ലീഗൽ മെട്രോളജി, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ പരിശോധനകൾ കേന്ദ്രീകൃതമായി പോർട്ടലിലൂടെ നടത്തും. പദ്ധതിയുടെ അടുത്തഘട്ടത്തിൽ പരിശോധനകൾ ആവശ്യമായ മറ്റ് വകുപ്പുകളെക്കൂടി ഈ കേന്ദ്രീകൃത പരിശോധനാ സംവിധാനത്തിൽ സംയോജിപ്പിക്കുന്നതാണ്. വിവിധ വകുപ്പുകൾ സംരംഭകർക്ക്

ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും നിയമ പിന്തുണയുള്ള ഒരു പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചത്. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഒട്ടേറെ വ്യവസ്ഥകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇവ ഒഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും ഒരു എക്സ്റ്റേണൽ കമ്മിറ്റി രൂപവത്കരിച്ചിരുന്നു. വ്യവസായ സമൂഹവുമായും വിവിധ വ്യവസായ അസോസ്സിയേഷനുകളുമായും കൂടിയാലോചനകൾ നടത്തി അവരുടെ പരാതികളും നിർദ്ദേശങ്ങളും സ്വീകരിച്ച്, പ്രസക്തമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും സൂക്ഷ്മ വിശകലനം നടത്തി, അവയിൽ കാലഹരണപ്പെട്ട നിബന്ധനകളൊഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങളടങ്ങിയ റിപ്പോർട്ട് പ്രസ്തുത കമ്മിറ്റി കഴിഞ്ഞ മാസം അവസാനത്തോടെ സർക്കാർ

മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. 2022-നെ സംരംഭക വർഷമായി ആചരിക്കാനും അതിന്റെ ഭാഗമായി ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സ്ഥാപനങ്ങൾ ഈ വർഷം സംസ്ഥാനത്ത് പ്രവർത്തന നിരതമാക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണം, സഹകരണം എന്നീ വകുപ്പുമന്ത്രിമാരുമായി കൂടിയാലോചനകൾ നടത്തിയിരുന്നു. ഈ വകുപ്പുകളുടെ പങ്കാളിത്തത്തോടെയാണ് മേൽപ്പറഞ്ഞ ലക്ഷ്യം കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനുള്ള വിശദമായ കർമ്മപദ്ധതി തയ്യാറാക്കാൻ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കെ-സ്വിഫ്റ്റ് പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട സംരംഭങ്ങൾക്ക് പെർമനന്റ് രജിസ്ട്രേഷൻ എടുക്കുന്നതിന് അനുവദിച്ചിട്ടുള്ള കാലാവധി എത്ര വർഷമാണെന്നും അതുവരെ ഇത്തരം സംരംഭങ്ങൾക്ക് എന്തെല്ലാം ഇളവുകളാണ് അനുവദിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ?

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ സുഗമമാക്കൽ നിയമം പ്രകാരം 50 കോടി രൂപയിൽത്താഴെ മുതൽമുടക്കുള്ളതും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്തതുമായ ഏതൊരു വ്യവസായ സംരംഭം

തുടങ്ങുന്നതിനും സംസ്ഥാന നിയമങ്ങൾക്ക് കീഴിൽവരുന്ന ചില അനുമതികളെടുക്കുന്നതിൽനിന്ന് 3 വർഷത്തെ ഇളവ് അനുവദിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, 1960-ലെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട്, 2013-ലെ കേരള ലിഫ്റ്റ് & എസ്കലേറ്റേഴ്സ് ആക്ട്, 1955-ലെ തിരുവിതാംകൂർ കൊച്ചി പബ്ലിക് ഹെൽത്ത് ആക്ട്, 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ട് എന്നീ നിയമങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള അനുമതികളെടുക്കുന്നതിൽനിന്നുമാണ് 3 വർഷത്തേയ്ക്ക് ഇളവ് നല്കിയിട്ടുള്ളത്. ഒരു സ്വയം സാക്ഷ്യപത്രം സമർപ്പിച്ച് കെ-സ്വിഫ്റ്റ് വഴി ഉടൻതന്നെ അനുമതിപത്രം എടുക്കാവുന്നതാണ്. 3 വർഷം കഴിഞ്ഞ് 6 മാസത്തിനുള്ളിൽ മേൽപ്പറഞ്ഞ അനുമതികൾ ലഭ്യമാക്കിയാൽ മതിയാകും. ഇക്കാലയളവിൽ വ്യവസായ സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ പരിശോധനകൾ നടത്തുന്നത് ഒഴിവാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത സംരംഭങ്ങളുടെ പ്രവർത്തനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നതെന്ന് അറിയിക്കുമോ?

2019-ലെ എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ ആക്ട് പ്രകാരം അക്നോളഡ്ജ്മെന്റ്, സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള എല്ലാ ലൈസൻസുകൾക്കും ബദലായി സംരംഭം തുടങ്ങി മൂന്ന് വർഷത്തേയ്ക്ക് ഉപയോഗിക്കാൻ സാധിക്കുന്ന രേഖയാണ്. ലൈസൻസെടുത്ത് പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് ലഭിക്കുന്ന എല്ലാ സേവനങ്ങളും ആനുകൂല്യങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഈ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നതാണ്.

(ഡി) താൽക്കാലിക രജിസ്ട്രേഷൻ സമയത്തുണ്ടാകുന്ന വീഴ്ചകളുടെ പേരിൽ പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ പരാതി ലഭിക്കുകയോ നടപടി സ്വീകരിക്കേണ്ടതായോ വരികയാണെങ്കിൽ ആയതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും ആർക്കാണ് അന്തിമ തീരുമാനമെടുക്കാനുള്ള അധികാരമെന്നും വ്യക്തമാക്കുമോ?

താൽക്കാലിക രജിസ്ട്രേഷൻ സമയത്തുണ്ടാകുന്ന പേരിലെ അക്ഷരത്തെറ്റ് മുതലായ ചെറിയ വീഴ്ചകൾ ചൂണ്ടിക്കാട്ടി ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇതിന്മേൽ തീരുമാനമെടുക്കാനുള്ള അധികാരം അതത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്കാണ്. രജിസ്ട്രേഷൻ ലഭിക്കാൻ സമർപ്പിക്കുന്ന സ്വയം

സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലത്തിൽ മനഃപൂർവ്വമായി തെറ്റായ വിവരം നൽകിയെന്ന് തെളിഞ്ഞാൽ അത്തരം സംരംഭത്തിന്റെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാനും സംരംഭകനെതിരെ അഞ്ച് ലക്ഷം രൂപവരെ പിഴ ചുമത്താനും കഴിയുന്നതാണ്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കേരള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡാണ് ഇത്തരം നടപടികളിൽ അന്തിമ തീരുമാനമെടുക്കുന്നത്.

## കൃഷിയോഗ്യമല്ലാത്ത തരിശായി കിടക്കുന്ന ഭൂമിയുടെ ഫലപ്രദമായ ഉപയോഗം

178(2587) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ മുളവുകാട് ഗ്രാമപഞ്ചായത്തിൽ വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിലേയ്ക്കുള്ള കണ്ടെയ്നർ റോഡിന്റെ ഇരുവശങ്ങളിലുമായി കൃഷിയോഗ്യമല്ലാത്തതും തരിശായി കിടക്കുന്നതുമായ ഇരുന്നൂറ്റിയമ്പത് ഏക്കറോളം ഭൂമിയുടെ ഫലപ്രദമായ ഉപയോഗം ലക്ഷ്യമിട്ട് സമർപ്പിച്ച നിവേദനത്തിൽ കിൻഫ്ര മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കുമോ?

(എ&ബി) എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽ മുളവുകാട് വില്ലേജിൽ ബ്ലോക്ക് നം. 2 റീ-സർവ്വേ നമ്പർ 3/30-ലുൾപ്പെട്ട 160 എക്കർ ഭൂമി കായലിനാൽ ചുറ്റപ്പെട്ടതും വെള്ളം കെട്ടിക്കിടക്കുന്നതുമായ ചതുപ്പ് നിലമായതിനാലും സ്ഥലത്തിന്റെ ഏറിയ ഭാഗവും കണ്ടൽക്കാട് നിറഞ്ഞതും നെൽവയൽ തണ്ണീർത്തട നിയമം 2008 പ്രകാരം തണ്ണീർത്തടത്തിന്റെ നിർവ്വചനത്തിലുൾപ്പെടുന്നതും കോസ്റ്റൽ റെഗുലേഷൻ സോണിന്റെ പരിധിയിലുൾപ്പെടുന്നതുമായതിനാൽ വ്യാവസായികാവശ്യത്തിന് ടി ഭൂമി അനുയോജ്യമല്ലെന്ന് കിൻഫ്ര മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മറ്റ് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

## കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ മൾട്ടിപർപ്പസ് ഇൻഡസ്ട്രിയൽ പാർക്ക്

179(2588) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ കിൻഫ്രയുടെ കീഴിൽ മൾട്ടിപർപ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് വ്യവസായ വകുപ്പുമന്ത്രിക്ക് എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) വിദ്യാഭ്യാസം, ഐ.ടി., കൃഷി, റബ്ബർ എന്നീ മേഖലകളുൾപ്പെടുത്തിയിട്ടുള്ള മൾട്ടിപർപ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

(എ-സി) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ കിൻഫ്രയുടെ കീഴിൽ മൾട്ടിപർപ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്ക് ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയ നിവേദനം കിൻഫ്ര പരിശോധിച്ചുവരുന്നു. വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം പദ്ധതിയുടെ ഫീസിബിലിറ്റി സ്റ്റഡിയും മാർക്കറ്റ് അസസ്സ്മെന്റും നടത്തി മാത്രമേ ഏതുതരം വ്യവസായത്തിനാണ് അനുയോജ്യമെന്നത് ഉൾപ്പെടെയുള്ള കാര്യത്തിൽ തീരുമാനമെടുക്കാൻ

സാധിക്കുകയുള്ളൂ. കൂടാതെ ഏറ്റെടുക്കുന്ന ഭൂമിയുടെ 77 ശതമാനം ഭൂമി വ്യവസായാവശ്യങ്ങൾക്ക് ഉപയോഗപ്രദമായിരിക്കണമെന്ന വ്യവസ്ഥയുമുണ്ട്.

## നിലമ്പൂർ താലൂക്കിലെ വ്യവസായ പാർക്കുകൾ

180(2589) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ താലൂക്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് വ്യവസായ പാർക്കുകളുള്ളതെന്നും ഓരോ പാർക്കും ആരുടെ ഉടമസ്ഥതയിലാണുള്ളതെന്നും ഓരോ പാർക്കിലും എത്ര സ്ഥലം വീതമുണ്ടെന്നും എത്ര വ്യവസായങ്ങളാണ് ഓരോ പാർക്കിലും നിലവിലുള്ളതെന്നും സ്ഥലം നൽകിയിട്ടും ഇതുവരെയും ആരംഭിക്കാത്ത വ്യവസായ യൂണിറ്റുകൾ എത്രയെന്നും എത്ര സ്ഥലം ഒഴിഞ്ഞുകിടക്കുന്നുവെന്നുമുള്ള വിശദവിവരം അറിയിക്കുമോ?

നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള മയ്യന്താണി രാജീവ് ഗാന്ധി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 5 ഏക്കർ സ്ഥലത്തിൽ 22 സംരംഭങ്ങൾ പ്രവർത്തിക്കുന്നു. ഇവിടെ 15 സെന്റ് സ്ഥലം ഒഴിഞ്ഞുകിടപ്പുണ്ട്. ഇവിടെ 19 സെന്റ് ഭൂമി അനുവദിച്ചിട്ടുള്ള ഒരു യൂണിറ്റ്

പ്രവർത്തനം തുടങ്ങിയിട്ടില്ല. വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 1.08 ഏക്കർ സ്ഥലമുണ്ട്. സ്ഥലം യൂണിറ്റുകൾക്ക് അനുവദിച്ച് നൽകിയിട്ടില്ല. മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള എരഞ്ഞിക്കുന്ന് പട്ടികജാതി വനിത ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 50 സെന്റ് സ്ഥലമുണ്ട്. ഇവിടെ 3 യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. സ്ഥലം ഒഴിഞ്ഞുകിടപ്പില്ല. പ്രവർത്തനം തുടങ്ങാത്തവരുമില്ല. പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പാണ്ടിക്കാട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 5.1 ഏക്കർ സ്ഥലവും 4500 സ്ക്വയർഫീറ്റ് കെട്ടിടവുമുണ്ട്. ഇവിടെ ഒരു വ്യവസായ യൂണിറ്റ് പ്രവർത്തിക്കുന്നു. കെട്ടിടം ഒഴികെയുള്ള സ്ഥലം ഒഴിഞ്ഞുകിടക്കുകയാണ്. സ്ഥലം അനുവദിച്ചിട്ടും തുടങ്ങാത്ത യൂണിറ്റുകളുമില്ല.

(ബി) വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിൽ നിലമ്പൂർ താലൂക്കിൽ എവിടെയെങ്കിലും സ്ഥലം ലഭ്യമാണോ; എങ്കിൽ വില്ലേജ്, വിസ്തീർണ്ണം തുടങ്ങിയ വിവരങ്ങൾ അറിയിക്കുമോ?

വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിൽ നിലമ്പൂർ, ചന്തക്കുന്നിൽ ആയൂർവ്വേദ ആശുപത്രിക്ക് സമീപം നിലമ്പൂർ വില്ലേജിൽ 20 സെന്റ് സ്ഥലമുണ്ട്.

(സി) നിലമ്പൂർ താലൂക്കിൽ പുതിയ വ്യവസായ പാർക്കുകൾ തുടങ്ങുന്നതിനുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ആയതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

നിലമ്പൂർ താലൂക്കിൽ ചുങ്കത്തറ വില്ലേജിൽ നാളികേരം, മറ്റ് കാർഷികോത്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്ന സംരംഭങ്ങൾക്കായി 100 ഏക്കർ വിസ്തൃതിയുള്ള പ്രത്യേക വ്യവസായ പാർക്കിന്റെ സാദ്ധ്യത പരിശോധിച്ചിരുന്നു. എന്നാൽ ടി സ്ഥലത്തിന്റെ ഉടമകൾ ഉയർന്ന നിരക്കിലുള്ള സ്ഥലവിലയും കോമ്പൻസേഷനും ആവശ്യപ്പെടുകയും തുക മുൻകൂറായി നൽകിയാൽ മാത്രമേ സ്ഥലം വിട്ടുനൽകാൻ കഴിയുകയുള്ളൂവെന്നും അറിയിച്ചിരിക്കുന്നു.

(ഡി) നിലമ്പൂർ താലൂക്കിൽ സ്വകാര്യ വ്യവസായ പാർക്കിനായി ആരെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെയെന്നും സ്ഥലം, വിസ്തീർണ്ണം തുടങ്ങിയ വിവരങ്ങളും ലഭ്യമാക്കുമോ?

ഇല്ല.

(ഇ) ചുരുങ്ങിയത് എത്ര സെന്റ് സ്ഥലമാണ് വ്യവസായ പാർക്കിന് ആവശ്യമുള്ളതെന്നും റബ്ബർതോട്ട ഭൂമി, ചരിവുകളുള്ള മലയോര ഭൂമി എന്നിവ ഇതിനായി പരിഗണിക്കുമോ എന്നും വിശദമാക്കുമോ?

വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് ചുരുങ്ങിയ സ്ഥലപരിധി നിർദ്ദേശിക്കപ്പെടുന്നില്ലെങ്കിലും ഇതിനായി വ്യവസായ വികസനത്തിന് അനുയോജ്യമായ സ്ഥലമാണ് തെരഞ്ഞെടുക്കേണ്ടത്. ഏറ്റെടുക്കുന്ന ഭൂമിയുടെ 75% സംരംഭകർക്ക് അനുവദിക്കാൻ കഴിയുന്നതായിരിക്കണം. പ്രസ്തുത സ്ഥലം ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയയിൽപ്പെടാത്തതും വൈദ്യുതി, ജലം എന്നിവ സുലഭമായിരിക്കേണ്ടതും മിതമായ നിരക്കിൽ ഏറ്റെടുക്കാനും വികസനം നടത്താനും കഴിയുന്നതുമായിരിക്കണം. പൊതുജന പ്രതിഷേധ സാദ്ധ്യത കുറവുള്ള പ്രദേശത്തിൽനിന്നായിരിക്കേണ്ടതും നിലവിലെ നിയമപ്രകാരം വീതിയുള്ളതും കണ്ടെയ്നർ, ട്രെയിലർ എന്നിവ പ്രവേശിക്കുന്നതിന് ദേശീയ/സംസ്ഥാന പാതയിലേയ്ക്ക് ബന്ധമുള്ളതുമായ റോഡുകളുണ്ടായിരിക്കേണ്ടതുമാകുന്നു. സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് നഗരസഭാ/കോർപ്പറേഷൻ പ്രദേശങ്ങളിൽ ചുരുങ്ങിയത് 15 ഏക്കറും അതിൽക്കൂടുതലും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ ചുരുങ്ങിയത് 25 ഏക്കറും അതിൽക്കൂടുതൽ സ്ഥലവുമാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

(എഫ്) കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരമുള്ള സംസ്ഥാനത്തെ പരിസ്ഥിതിലോല മേഖലകളിൽ സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകുമോ; വിശദമാക്കുമോ?

ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയയിൽപ്പെട്ട ഭൂമിയിൽ വ്യവസായ പാർക്കിന് അനുമതി ലഭിക്കുകയില്ല.

**പുതിയ വ്യവസായ പാർക്കുകൾ**

181(2590) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ വ്യവസായ പാർക്കുകളാരംഭിക്കുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കുമോ;

(ബി) പുതിയ വ്യവസായ പാർക്കുകളാരംഭിക്കാൻ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് സ്വകാര്യ വ്യവസായ പാർക്കുകളാരംഭിക്കുന്നതിന് മാനദണ്ഡങ്ങളും ചട്ടങ്ങളും നിലവിലുണ്ട്. ആയതിനായി ഒരു പൊതുനയം രൂപീകരിക്കുന്ന കാര്യം ഈ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. മുൻസർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിലെ മടിക്കൈ വില്ലേജിൽപ്പെട്ട 100 ഏക്കർ ഭൂമിയുടെ മുൻകൂർ കൈവശാവകാശം റവന്യൂ വകുപ്പിൽനിന്നും വ്യവസായ വകുപ്പിന് കൈമാറി

കിട്ടിയിട്ടുണ്ട്. പ്രസ്തുത എസ്റ്റേറ്റിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കിവരുന്നു.

**കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ ആധുനികവൽക്കരണം**

182(2591) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരിയിലും ചങ്ങനാശ്ശേരിയിലുമുള്ള കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളെ കൂടുതൽ ആധുനികവൽക്കരിച്ച് സംരംഭകർക്ക് ഫലപ്രദമായ സേവനങ്ങൾ ലഭ്യമാക്കുന്ന പദ്ധതിക്ക് രൂപം നൽകുമോ?

മഞ്ചേരിയിലും ചങ്ങനാശ്ശേരിയിലുമുള്ള പൊതുസൗകര്യ കേന്ദ്രങ്ങളെ ആധുനീകരിക്കുന്ന നടപടികൾക്കായി കർമ്മപദ്ധതിയിൽ എല്ലാ വർഷവും തുക വകയിരുത്തുന്നുണ്ട്. കൂടാതെ റബ്ബർ ഇന്റർമിക്സർ അടക്കമുള്ള മെഷിനറികൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും പരിഗണനയിലുണ്ട്. നൈപുണ്യ വികസനത്തിന്റെ ഭാഗമായി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ മഞ്ചേരിയിലും ചങ്ങനാശ്ശേരിയിലും അസാപ്, ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ സ്ഥാപനങ്ങളുമായി ചേർന്ന് പ്രായോഗിക പരിശീലനങ്ങൾ നടത്തിവരുന്നത് വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്നുണ്ട്. വർഷം

മുഴുവൻ "Bridging the Gap between Education System and Real Life" എന്ന നിലയിലേയ്ക്കുള്ള പരിശീലന പരിപാടികൾ നടത്തുന്നതരത്തിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്തുന്നതിനുള്ള ഇടപെടൽ നടത്തുന്നതിനുള്ള പദ്ധതികൾ വകുപ്പിന്റെ പരിഗണനയിലുണ്ട്. ഫിനിഷിംഗ് സ്കൂൾ നിലവാരത്തിലേയ്ക്കുകൂടി മഞ്ചേരി, ചങ്ങനാശ്ശേരി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളെ ആധുനീകരിക്കുന്നത് ആലോചനയിലുണ്ട്. കേരള സംസ്ഥാനത്തെ നോളഡ്ജ് ഇക്കോണമിയാക്കി മാറ്റാൻ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതിയുടെ ഭാഗമായി മഞ്ചേരി, ചങ്ങനാശ്ശേരി സി.എഫ്.എസ്.സി.-കൾ മാറുന്ന തരത്തിലുള്ള ആധുനികവൽക്കരണം വകുപ്പ് ആസൂത്രണം ചെയ്തുവരുന്നു. ഇതിന്റെ ഫലമായി തെക്കൻ കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ചങ്ങനാശ്ശേരിയിലും വടക്കൻ കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മഞ്ചേരിയിലെയും പൊതുസൗകര്യ കേന്ദ്രങ്ങളെ ഉപയോഗപ്പെടുത്തി വിദ്യാർത്ഥികൾക്ക് പഠന കാലയളവിൽ ഇൻഡസ്ട്രിയൽ എൻവയോൺമെന്റിലുള്ള പരിശീലനം നൽകുന്നതിന് സാധിക്കും. ഈ രണ്ട് സെന്ററുകളിലും ഇൻകുബേഷൻ സൗകര്യങ്ങളുള്ളതിനാൽ വിദ്യാർത്ഥികൾക്ക് ആത്മവിശ്വാസം നൽകുന്നതിനും കൂടുതൽ സ്റ്റാർട്ടപ്പുകൾ ഉയർന്നുവരുന്നതിനും കാരണമാകും.

സംരംഭകർക്കായി സി.എൻ.സി. മെഷീനടക്കമുള്ള ആധുനിക മെഷിനറികൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കിവരുന്നു.

**കാട്ടാക്കട താലൂക്ക് വ്യവസായ കേന്ദ്രം**

183(2592) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട താലൂക്ക് കേന്ദ്രമായി വ്യവസായ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടി സ്വീകരിക്കുമോ?

ഉണ്ട്. കാട്ടാക്കട ഉൾപ്പെടെ നിലവിൽ വ്യവസായ കേന്ദ്രങ്ങളില്ലാത്ത താലൂക്കുകളിൽ വ്യവസായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതു സംബന്ധിച്ച പ്രവൃത്തി പഠനത്തിന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ലഭ്യമാക്കുന്ന പ്രവൃത്തിപഠന റിപ്പോർട്ടും സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയും പരിഗണിച്ചുമാത്രമേ കാട്ടാക്കട ഉൾപ്പെടെയുള്ള താലൂക്കുകളിൽ വ്യവസായ കേന്ദ്രം ആരംഭിക്കുന്ന വിഷയത്തിൽ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**സംസ്ഥാന വ്യവസായ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ**

184(2593) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനുകീഴിൽ എത്ര ഉപവകുപ്പുകളും സ്ഥാപനങ്ങളുമുണ്ട്; വിശദമാക്കുമോ?

വ്യവസായ വകുപ്പിനുകീഴിൽ 2 ഉപവകുപ്പുകളും 49 സ്ഥാപനങ്ങളും നിലവിലുണ്ട്. മൈനിംഗ് &ജിയോളജി, ഹാൻഡ്‌ലൂം ടെക്സ്റ്റൈൽ എന്നീ ഉപവകുപ്പുകളും 42 പൊതുമേഖലാ സ്ഥാപനങ്ങളും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്, കേരള ഖാദിഗ്രാമ വ്യവസായ ബോർഡ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ, പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് & ഇന്റേണൽ ഓഡിറ്റ് ബോർഡ്, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ് ഡെവലപ്മെന്റ് എന്നീ സ്ഥാപനങ്ങളും നിലവിലുണ്ട്.

(ബി) പ്രസ്തുത വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ 2020-2021 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ച ഉപവകുപ്പുകൾ/സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളാണ് 2020-2021 സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചിട്ടുള്ളത്.

(സി) 2019-2020, 2021-2022 സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ഉപവകുപ്പുകൾ/സ്ഥാപനങ്ങൾ എത്ര തുക പദ്ധതിയിനത്തിൽ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ 2019-2020 സാമ്പത്തിക വർഷം 2248.07 ലക്ഷം രൂപയും 2021-2022 സാമ്പത്തിക വർഷം 4173.19 ലക്ഷം രൂപയും പദ്ധതിയിനത്തിൽ ചെലവഴിച്ചു. കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ 2019-2020 സാമ്പത്തിക വർഷം 6823.16 ലക്ഷം രൂപയും 2021-2022 സാമ്പത്തിക വർഷം 24951.41 ലക്ഷം രൂപയും പദ്ധതിയിനത്തിൽ ചെലവഴിച്ചു.

## ഈറ ഉത്പന്നങ്ങൾക്കായി കോമൺ ഫെസിലിറ്റി സെന്റർ

185(2594) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിൽ ഈറ ഉത്പന്നങ്ങളുടെ വിപണനത്തിനും സംസ്കരണത്തിനുമായി കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിന് കെ-ബിപ് തയ്യാറാക്കിയ പ്രൊപ്പോസലിന്മേൽ റിപ്പോർട്ട് സമർപ്പിക്കാൻ മറ്റൊരു ഏജൻസിയായ ബാംബൂ കോർപ്പറേഷനെ ഏൽപ്പിച്ചതിന്റെ കാരണമെന്താണെന്നും അപ്രകാരം റിപ്പോർട്ട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബാംബൂ കോർപ്പറേഷൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും വിശദമാക്കുമോ?

ഈറ, മുള ഉത്പന്നങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ വ്യവസായ വകുപ്പിനുകീഴിൽ കൈകാര്യം ചെയ്യുന്ന പൊതുമേഖലാ സ്ഥാപനമായതിനാലും ഈ പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ശിപാർശ ചെയ്യേണ്ടത് കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനായതിനാലുമാണ് കെ-ബിപ് തയ്യാറാക്കി നൽകിയ റിപ്പോർട്ട് പരിശോധിക്കുന്നതിന് ബാംബൂ കോർപ്പറേഷന് കൈമാറിയത്. പ്രസ്തുത റിപ്പോർട്ട് കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ പരിശോധിച്ചുവരുന്നു.

## വ്യവസായ സൗഹൃദമാക്കുന്നതിനുള്ള കർമ്മപദ്ധതികൾ

186(2595) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിനും വ്യവസായ നിക്ഷേപ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും വാണിജ്യ വ്യവസായ മേഖലയ്ക്ക് ഉണർവ്വേകാനുതകുന്ന ഒട്ടനവധി പദ്ധതികൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ തുടക്കംകുറിച്ചിരുന്നു. 2018-ൽ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം സർക്കാർ കൊണ്ടുവരികയുണ്ടായി. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള അനുമതികൾ അതത് വകുപ്പുകൾ ലഭ്യമാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിതാനുമതി ലഭ്യമാകുന്നതാണ്. മേൽവിവരിച്ച

പ്രകാരം അപേക്ഷയിന്മേൽ പരമാവധി 30 ദിവസത്തിനുള്ളിൽ എല്ലാ അനുമതികളും ലഭ്യമാക്കാൻ കെ-സ്വിഫ്റ്റ് എന്നപേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ഇതോടൊപ്പം 2019-ൽ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം സംസ്ഥാന സർക്കാർ നടപ്പാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം കേന്ദ്രസർക്കാരിന്റെ എം.എസ്.എം.ഇ. നിർവ്വചനമനുസരിച്ച് 50 കോടി രൂപയിൽത്താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള ചില ലൈസൻസുകളെടുക്കാതെ സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്ത എം.എസ്.എം.ഇ. ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള ചില അനുമതികളൊഴിവാക്കിക്കൊണ്ട് 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതിവരുത്തി പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് വ്യവസായ

പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ച് നടത്താനും അനാവശ്യ പരിശോധനകളൊഴിവാക്കാനും ഒരു ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം രൂപീകരിച്ചിട്ടുണ്ട്. നിലവിൽ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധനാ സംവിധാനമൊരുക്കിയിട്ടുള്ളത്. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്, തൊഴിൽ, ലീഗൽ മെട്രോളജി, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ പരിശോധനകൾ കേന്ദ്രീകൃതമായി പോർട്ടലിലൂടെ നടത്തും. പദ്ധതിയുടെ അടുത്തഘട്ടത്തിൽ പരിശോധനകളാവശ്യമായ മറ്റ് വകുപ്പുകളെക്കൂടി ഈ കേന്ദ്രീകൃത പരിശോധനാ സംവിധാനത്തിൽ സംയോജിപ്പിക്കുന്നതാണ്. വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനുംവേണ്ടി നിയമപിന്തുണയുള്ള ഒരു പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക

ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതി വരുത്തിക്കൊണ്ടാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചത്. സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലുമായാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത്. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഒട്ടേറെ വ്യവസ്ഥകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇവ ഒഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും ഒരു എക്സ്റ്റേണൽ കമ്മിറ്റി രൂപവൽക്കരിച്ചിരുന്നു. വ്യവസായ സമൂഹവും വിവിധ വ്യവസായ അസോസിയേഷനുകളുമായും കൂടിയാലോചനകൾ നടത്തി അവരുടെ പരാതികളും നിർദ്ദേശങ്ങളും സ്വീകരിച്ച്, പ്രസക്തമായ എല്ലാ നിയമങ്ങളുടെയും ചട്ടങ്ങളുടെയും സൂക്ഷ്മവിശകലനം നടത്തി അവയിൽ കാലഹരണപ്പെട്ട നിബന്ധനകളൊഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങളടങ്ങിയ റിപ്പോർട്ട് പ്രസ്തുത കമ്മിറ്റി കഴിഞ്ഞ മാസം അവസാനത്തോടെ സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. 2022 സംരംഭക വർഷമായി ആചരിക്കാനും അതിന്റെ ഭാഗമായി ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സ്ഥാപനങ്ങൾ ഈ വർഷം സംസ്ഥാനത്ത്

പ്രവർത്തനനിരതമാക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണം, സഹകരണം എന്നീ വകുപ്പുമന്ത്രിമാരുമായി കൂടിയാലോചനകൾ നടത്തിയിരുന്നു. ഈ വകുപ്പുകളുടെ പങ്കാളിത്തത്തോടെയാണ് മേൽപ്പറഞ്ഞ ലക്ഷ്യം കൈവരിക്കാനുദ്ദേശിക്കുന്നത്. ഇതിനുള്ള വിശദമായ കർമ്മപദ്ധതി തയ്യാറാക്കാൻ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**തിരുവനന്തപുരത്തെ ഇംഗ്ലീഷ് ഇന്ത്യൻ ക്ലേയ്സ് കമ്പനി**

187(2596) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ വേളിയിൽ പ്രവർത്തിച്ചുവന്നിരുന്ന ഇംഗ്ലീഷ് ഇന്ത്യൻ ക്ലേയ്സ് ലിമിറ്റഡ് എന്ന കമ്പനി മുന്നറിയിപ്പില്ലാതെ അടച്ചുപൂട്ടിയതിനെത്തുടർന്ന് തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) അടച്ചുപൂട്ടുന്നതിന് മുന്നോടിയായി നിയമാനുസൃതം സ്വീകരിക്കേണ്ട നടപടികൾ കൈക്കൊണ്ടിരുന്നോ; സംസ്ഥാനത്ത് നിലവിലുള്ള തൊഴിൽ നിയമങ്ങൾ കമ്പനി ഇക്കാര്യത്തിൽ പാലിച്ചിട്ടുണ്ടോ?

1947-ലെ വ്യവസായ തർക്ക നിയമത്തിലെ സെക്ഷൻ 25-FFA പ്രകാരം ഒരു സ്ഥാപനം അടച്ചുപൂട്ടാനുദ്ദേശിക്കുന്ന തീയതിക്ക് ഏറ്റവും കുറഞ്ഞത് 60 ദിവസം മുമ്പെങ്കിലും ഫോം-Q നോട്ടീസ് (1949-ലെ വ്യവസായ തർക്ക ചട്ടത്തിലെ റൂൾ-76 ബി പ്രകാരമുള്ള) സർക്കാരിന് നൽകി മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. ആയത് മാനേജ്മെന്റ് പാലിച്ചിട്ടില്ല.

(സി) പ്രസ്തുത സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് ആശ്വാസ സഹായം നൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

മെ. ഇംഗ്ലീഷ് ഇന്ത്യൻ ക്ലേയ്സ് ലിമിറ്റഡ് എന്ന സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറി എംപ്ലോയീസ് യൂണിയൻ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ചർച്ച നടത്തുകയും നിലവിൽ തോന്നയ്ക്കലിലെ യൂണിറ്റ് നന്നായി പ്രവർത്തിക്കുന്നുണ്ടെന്നും വേളിയിലെ

യൂണിറ്റിന്റെ പ്രവർത്തനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമല്ലാത്തതുകൊണ്ട് പ്രവർത്തനമാരംഭിക്കാൻ കാലതാമസമുണ്ടെന്നും കമ്പനി അധികൃതർ അറിയിക്കുകയുണ്ടായി. കൂടാതെ പ്രസ്തുത സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ലേബർ കമ്മീഷണർ മുമ്പാകെയും ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി മുമ്പാകെയും യോഗങ്ങൾ നടത്തിയിട്ടുണ്ട്. തൊഴിലാളികൾക്കുള്ള ഇടക്കാല ആശ്വാസമായി സ്ഥിരം തൊഴിലാളികൾക്ക് 25,000/- രൂപയും കരാർ തൊഴിലാളികൾക്ക് 10,000/- രൂപയും രണ്ട് ഗഡുക്കളായി നൽകിയിട്ടുണ്ട്.

## നാനോ വ്യവസായ ഭവന യൂണിറ്റുകൾ

188(2597) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാനോ വ്യവസായ ഭവന യൂണിറ്റുകൾക്ക് മാർജിൻ മണിയും പലിശ സഹായവും നൽകുന്നതിനായി നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിരുന്നത്?

നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതിയിൽ 100 ലക്ഷം രൂപയും ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതിയിൽ 200 ലക്ഷം രൂപയുമാണ്

നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിരുന്നത്. എന്നാൽ ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതിക്കായി കൂടുതൽ അപേക്ഷകൾ ജില്ലകളിൽ ലഭ്യമാകുകയും അനുവദിച്ച തുക പര്യാപ്തമല്ലാതെ വരികയും ചെയ്തതിനാൽ 09-02-2022-ലെ ജി.ഒ.(ആർ.ടി.)നം.883/2022/ധന നമ്പർ സർക്കാർ ഉത്തരവുപ്രകാരം 4,45,00,000/- രൂപ കൂടി റീ-അപ്രോപ്രിയേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

(ബി) നടപ്പുസാമ്പത്തിക വർഷം നാളിതുവരെ ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

നാളിതുവരെ അനുവദിച്ച/ചെലവഴിച്ച തുക സംബന്ധിച്ച വിവരം ചുവടെചേർക്കുന്നു.

14 ജില്ലകൾക്കായി നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതിയിൽ 100 ലക്ഷം രൂപ അനുവദിച്ചതിൽ നാളിതുവരെ 10.80 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതിയിൽ 14 ജില്ലകൾക്കായി 645 ലക്ഷം രൂപ അനുവദിച്ചതിൽ നാളിതുവരെ 474 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**ജില്ലാടിസ്ഥാനത്തിൽ പ്ലാസ്റ്റിക് മാലിന്യം റീ-സൈക്ലിംഗ് കേന്ദ്രങ്ങൾ**

189(2598) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് അതത് ജില്ലയിൽവച്ചുതന്നെ റീ-സൈക്ലിംഗ് നടത്തി പുനരുപയോഗം ഉറപ്പുവരുത്തുന്നതിനുള്ള മാസ്റ്റർപ്ലാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വ്യവസായികളുടെയും പങ്കാളിത്തത്തോടെ തയ്യാറാക്കി നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിച്ച് നടപടികൾ സ്വീകരിക്കുമോ?

പ്രാദേശിക ആവശ്യാനുസരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റീ-സൈക്ലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നമുറയ്ക്ക് സ്ഥാപനം ആരംഭിക്കുന്നതിനും നടത്തിപ്പിനും ആവശ്യമായ സഹായങ്ങൾ വ്യവസായ വകുപ്പിൽനിന്ന് നൽകുന്നതാണ്. സിപ്പെറ്റ്, കൊച്ചി എന്ന സ്ഥാപനം വ്യവസായ വകുപ്പ് മുഖാന്തരം റീ-സൈക്ലിംഗുമായി ബന്ധപ്പെട്ട സാങ്കേതികവിദ്യ വ്യവസായികൾക്ക് ലഭ്യമാക്കാനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. ഇതിനുപുറമേ പ്ലാസ്റ്റിക്, റബ്ബർ ഉത്പന്നങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട സേവനങ്ങൾ

നൽകുന്നതിനായി മഞ്ചേരിയിലും ചങ്ങനാശ്ശേരിയിലും ഓരോ പൊതുസേവന കേന്ദ്രങ്ങൾ വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

## വ്യവസായ മേഖലയിൽ കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിന് നടപടി

190(2599) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ മേഖലയിൽ കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനം വ്യവസായ സൗഹൃദമാക്കുകവഴി വ്യവസായ വികസനം സാദ്ധ്യമാക്കുകയും ഉത്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുന്ന പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിൽനിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടലായി കെ-സ്വിഫ്റ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ പുതുതായി ആരംഭിക്കുന്നതും

മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്തതുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സംസ്ഥാന നിയമപ്രകാരമുള്ള ലൈസൻസുകൾ സ്വയം സാക്ഷ്യപ്പെടുത്തൽവഴി മൂന്നുവർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ ഒരു കോൾ സെന്ററും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ വ്യവസായവുമായി ബന്ധപ്പെട്ട നിയമങ്ങൾ സുഗമമാക്കുന്നതിനും ഗുരുതരമല്ലാത്ത പിഴവുകൾക്ക് ശിക്ഷാ നടപടികൾ ഒഴിവാക്കുന്നതിനുമായി നിയമങ്ങളിൽ ഭേദഗതികൾ വരുത്താനുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നു. വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈനാക്കുന്നതിനും അവയെ കെ-സ്വിഫ്റ്റ് എന്ന ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു. ജില്ലാ/സംസ്ഥാന തലങ്ങളിൽ ഏകജാലക ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സേവനങ്ങളും മറ്റ്

വിവരങ്ങളും സംരംഭകരിലെത്തിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ഒരു യൂട്യൂബ് ചാനൽ ആരംഭിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിലെ വിവിധ വകുപ്പുകളുടെ പരിശോധനാ നടപടികൾ ഏകോപിപ്പിക്കുന്നതിനുള്ള കേരളാ സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം നിലവിൽ വന്നിട്ടുണ്ട്. നിക്ഷേപകരുടെ പരാതികൾ പരിഹരിക്കാൻ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സിവിൽ കോടതിയുടെ അധികാരമുള്ള, ജില്ലാ-സംസ്ഥാനതല പരാതി പരിഹാര കമ്മിറ്റികൾ 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പ്രകാരം നിലവിൽ വന്നിട്ടുണ്ട്. സംസ്ഥാനത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ നിക്ഷേപ സൗഹൃദമാക്കുന്നതിനുമായി നടപ്പാക്കിവരുന്ന മറ്റ് പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സംരംഭക സഹായ പദ്ധതി
2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി
3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്
4. പ്രവർത്തന രഹിതമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകളുടെ പുനരുജ്ജീവന പദ്ധതി
5. വ്യവസായ ഭദ്രതാ പദ്ധതി

6. പ്രൈം മിനിസ്റ്റേഴ്സ് ഫോർമുലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ്

7. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി

8. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി

9. സൂക്ഷ്മ ചെറുകിട സംരംഭകർക്കുള്ള ക്ലസ്റ്റർ വികസന പദ്ധതി

ഭക്ഷ്യസംസ്കരണം, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിന് പ്രത്യേക പരിഗണനയും നൽകിവരുന്നു. സംസ്ഥാനത്ത് ചെറുകിട, ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കാനും നിലവിലെ സംരംഭങ്ങൾ നടത്താനും കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.25%-10.25%) 100 കോടി രൂപവരെ വായ്പയായി നൽകിവരുന്നു. കുടിശ്ശികയില്ലെങ്കിൽ ഓരോ ആറ് മാസത്തിന്റെയും അവസാനം പലിശ നിരക്കിൽ അര ശതമാനംവരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകിവരുന്നു. കൂടാതെ, ഈ പ്രോജക്ടുകളിൽ പ്രൊമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50% വരെ അൺസെക്യേർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്. പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള പ്രോജക്ടുകളിൽ വായ്പ-ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈടില്ലാതെയും വായ്പ-ഇക്വിറ്റി അനുപാതം

2:1 വരെ 1.5:1-നുമുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നൽകിവരുന്നു. മറ്റ് പ്രോജക്ടുകൾക്ക് ഇത് യഥാക്രമം 1:1-ഉം 1.5:1-ഉം ആണ്. കൂടാതെ ഭക്ഷ്യസംസ്കരണം, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിന് കെ.എസ്.ഐ.ഡി.സി. പ്രത്യേക പരിഗണനയും നൽകുന്നുണ്ട്. കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകൾ പ്രഖ്യാപിച്ചതും വായ്പ തുക ഉയർത്തിയതും അപേക്ഷാ ഫോറം ഇന്റർനെറ്റിൽ ലഭ്യമാക്കുന്നതും കോവിഡ് 19-നെ തുടർന്നുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി വ്യവസായ ഭദ്രതാ പാക്കേജും സമാശ്വാസ പദ്ധതി പാക്കേജും പ്രഖ്യാപിച്ചതുമൊക്കെ സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭം ആരംഭിക്കാനുദ്ദേശിക്കുന്ന വ്യവസായികൾക്കും നിലവിൽ വ്യവസായം നടത്തിക്കൊണ്ടിരിക്കുന്നവർക്കും ഒരുപോലെ പ്രോത്സാഹനവും സഹായവും നൽകാനുദ്ദേശിച്ചിട്ടുള്ളതും സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുന്നതിന്റെയും ഭാഗമാണ്. സംസ്ഥാനത്ത് വ്യവസായികൾക്ക് എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കാനും ഒരു മികച്ച നിക്ഷേപ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനും സർക്കാർ മുൻകയ്യെടുത്ത് കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പാക്കുന്ന പ്രത്യേക സഹായ

പദ്ധതിയാണ് ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനവും വായ്പയും ലഭ്യമാക്കും. പ്രസ്തുത സ്കീമിനെ രണ്ടായി തിരിച്ചിരിക്കുന്നു.

1. <u>സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ</u> - ഇതിന്റെ ഭാഗമായി 25 ലക്ഷം മുതൽ രണ്ടുകോടി രൂപവരെ വായ്പയായി അനുവദിക്കുന്നു. മൂന്ന് ശതമാനം സർക്കാർ സബ്സിഡി നൽകുന്നതിനാൽ 7% പലിശയ്ക്ക് വായ്പ ലഭിക്കും. പ്രസ്തുത വായ്പ എം.എസ്.എം.ഇ. (ഉദ്യം) രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രൊപ്രൈറ്റർഷിപ്പ്, പാർട്ട്ണർഷിപ്പ്, ലിമിറ്റഡ് കമ്പനി തുടങ്ങിയവയ്ക്ക് ലഭ്യമാക്കുന്നതാണ്. ഒരു കോടി രൂപവരെയുള്ള വായ്പകൾക്ക് സേവന നിരക്ക് (പ്രോസസ്സിംഗ് ഫീസ്, അപ്ഫ്രണ്ട് ഫീസ് എന്നിവ) ഇല്ല. പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി 5 വർഷവും മാത്രമല്ല ഒരു വർഷത്തെ മൊറട്ടോറിയവും ലഭ്യമായിരിക്കുന്നതാണ്.

2. <u>സൂക്ഷ്മ സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ</u> - നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കാണ് പ്രസ്തുത വായ്പ ലഭ്യമാകാൻ അർഹത.

അവസാന രണ്ടുവർഷത്തെ വിറ്റുവരവിന്റെ 20 ശതമാനമായിരിക്കും വായ്പയായി ലഭിക്കുക. കുറഞ്ഞത് അഞ്ചുലക്ഷം രൂപയും പരമാവധി ഒരു കോടി രൂപയും എന്ന നിലയിലായിരിക്കും വായ്പ ലഭ്യത പരിമിതപ്പെടുത്തിയിരിക്കുക. പ്രസ്തുത മൂലധന വായ്പ 8 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ 9.75% പലിശ നിരക്കിൽ ടേം ലോണായിട്ടാണ് ലഭ്യമാക്കുന്നത്. വായ്പയുടെ പ്രോസ്സസിംഗിനായി 25,000 രൂപ മാത്രമാണ് ഫീസിനത്തിൽ ഈടാക്കാനുദ്ദേശിക്കുന്നത്. പ്രവാസികൾക്കായി കെ.എസ്.ഐ.ഡി.സി.-യും നോർക്കയും ചേർന്ന് അവതരിപ്പിച്ചിട്ടുള്ള പുതിയ പദ്ധതിയായ പ്രവാസി ഭദ്രതാ മെഗാ പദ്ധതി മുഖേന സംസ്ഥാന സർക്കാർ കെ.എസ്.ഐ.ഡി.സി. മുഖാന്തരം ഗുണഭോക്താക്കളായ പ്രവാസികൾക്കനുവദിക്കുന്ന വായ്പ 25 ലക്ഷം രൂപ മുതൽ രണ്ടുകോടി രൂപവരെയാണ്. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ദ്രവ്യ ലാഭം നേടുന്ന പബ്ലിക്/പ്രൈവറ്റ് ലിമിറ്റഡ് കമ്പനികൾ, സംസ്ഥാന-കേന്ദ്ര സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങളുമായുള്ള സംരംഭകർ നടത്തുന്ന യഥാർത്ഥ വ്യാപാര ഇടപാടുകളിൽനിന്നുണ്ടാകുന്ന ബില്ലുകൾ വാങ്ങുന്നതിനും കിഴിവ് ചെയ്യുന്നതിനും ബിൽ ഡിസ്കൗണ്ടിംഗ് സ്കീം നടപ്പാക്കുന്നു. സർക്കാർ സ്ഥാപനങ്ങൾ അനുവദിച്ച സാധുവായ കരാറുകൾ

വിതരണക്കാരൻ/കരാറുകാരൻ ഇതിനകംതന്നെ ആരംഭിക്കുകയും സർക്കാരിന്റെ ബഡ്ജറ്റ് വിഹിതംവഴി പദ്ധതിക്ക് ധനസഹായം നൽകുകയും ചെയ്താൽ അവർക്കും ഈ പദ്ധതി ബാധകമാണ്. പ്രസ്തുത സ്കീം മുഖേന നൽകുന്ന ധനസഹായം കോൺട്രാക്ട്/വാങ്ങപ്പെട്ട തുകയുടെ 80 ശതമാനമായി (ചുരുങ്ങിയത് 2 കോടി മുതൽ), ഒറ്റത്തവണ പരമാവധി 5 കോടി രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. ഇത് ആകർഷകമായ പലിശ നിരക്കിൽ 100% വരെ ലഭ്യമാക്കാവുന്നതും ഒരു വർഷത്തിനുള്ളിൽ അല്ലെങ്കിൽ ബില്ലിന്റെ കാലാവധി പൂർത്തിയാകുന്ന തീയതി ഏതാണോ ആദ്യം അന്നേ ദിവസത്തിനുള്ളിൽ തിരിച്ചടയ്ക്കാവുന്നതാണ്. ഇക്കാര്യത്തിൽ സർക്കാർ നൽകുന്ന പ്രോമിസറി നോട്ടുകൾക്കെതിരെയാണ് ധനസഹായം നൽകുന്നത്. കൂടാതെ കോൺട്രാക്ടർ ലോൺ സ്കീം മുഖേന സംസ്ഥാന സർക്കാർ ഏൽപ്പിച്ച കരാറുകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് സ്ഥാപിതവും വായ്പായോഗ്യവുമായ അപേക്ഷകർക്ക്, ഏറ്റെടുത്ത സർക്കാർ വകുപ്പുകൾ/സംസ്ഥാന ഏജൻസികൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള ജോലിയുടെ ചെലവിന്റെ 60% സാമ്പത്തിക സഹായം നൽകും. പ്രസ്തുത പദ്ധതിയുടെ തിരിച്ചടവ് കാലാവധി 3 വർഷമാണ്. പങ്കാളിത്ത സൗഹൃദ ടൂറിസം പദ്ധതി 'കാരവൻ

കേരള്'-യ്ക്ക് കരുത്തേകാൻ ടൂറിസ്റ്റ് കാരവനുകൾ വാങ്ങുന്നതിനും കാരവൻ പാർക്കുകൾ നിർമ്മിക്കുന്നതിനും അഞ്ചുകോടി രൂപവരെ വായ്പ നൽകുന്നു. ഒരു കാരവന് ഒരു കോടി രൂപ എന്ന നിരക്കിലോ ചെലവിന്റെ 70 ശതമാനമോ അഞ്ച് കാരവനുകൾ വരെ വാങ്ങുന്നതിന് ഒരു സംരംഭത്തിന് വായ്പ ലഭിക്കും. ഓരോ വാഹനത്തിനും അമ്പത് ലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെയാണ് പരിധി. പുതിയ വാഹനങ്ങൾക്കുമാത്രമാണ് വായ്പ ലഭിക്കുക. 8.75 ശതമാനമാണ് പലിശ. ഒരു വർഷത്തെ മൊറട്ടോറിയം കാലാവധിക്കുശേഷം 84 മാസങ്ങൾക്കുള്ളിൽ തുക തിരിച്ചടയ്ക്കണം.

(ബി) കോട്ടയം ജില്ലയിൽ മീറ്റ് ദി മിനിസ്റ്റർ പരിപാടിയിലൂടെ ലഭിച്ച പരാതികളിലും നിർദ്ദേശങ്ങളിലും എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കോട്ടയം ജില്ലയിൽവച്ച് നടത്തിയ മീറ്റ് ദി മിനിസ്റ്റർ പരിപാടിയിൽ ആകെ 128 പരാതികൾ ലഭിച്ചു. അതിൽ 115 പരാതികൾ ഇതുവരെ തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ള 13 പരാതികളിൽ സർക്കാർതലത്തിൽ നയപരമായ തീരുമാനങ്ങളാവശ്യമുള്ളതിനാൽ ആയതിനുള്ള തുടർനടപടി സ്വീകരിച്ചുവരുന്നു.

**തിരുവനന്തപുരം വിമാനത്താവളത്തിലെ കാർഗോ നടത്തിപ്പ് ചുമതല**

191(2600) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിമാനത്താവളത്തിലെ കാർഗോ നടത്തിപ്പിന്റെ ചുമതല വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കെ.എസ്.ഐ.ഇ. (കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്) ലിമിറ്റഡ് നിർവ്വഹിക്കുന്നുണ്ടോ; എങ്കിൽ എത്ര വർഷമായി പ്രസ്തുത ചുമതല നിർവ്വഹിക്കുന്നുണ്ടെന്ന് അറിയിക്കുമോ?

ഉണ്ട്. കഴിഞ്ഞ 43 വർഷങ്ങളായി തിരുവനന്തപുരം വിമാത്താവളത്തിലെ കാർഗോ ഓപ്പറേഷൻസ് കെ.എസ്.ഐ.ഇ. ലിമിറ്റഡ് ആണ് നടത്തിവരുന്നത്.

(ബി) പ്രസ്തുത വിമാനത്താവളത്തിന്റെ പ്രവർത്തനം അദാനി ഗ്രൂപ്പിന്റെ കീഴിലായതിനുശേഷം കെ.എസ്.ഐ.ഇ. ലിമിറ്റഡിന്റെ കാർഗോ നടത്തിപ്പ് ചുമതല സംബന്ധിച്ച് എന്തെങ്കിലും തീരുമാനം അദാനി ഗ്രൂപ്പ് എടുത്തിട്ടുണ്ടോ; എങ്കിൽ ലഭ്യമായ വിവരങ്ങൾ നൽകുമോ?

കെ.എസ്.ഐ.ഇ. ലിമിറ്റഡിന്റെ കാർഗോ നടത്തിപ്പ് ചുമതല സംബന്ധിച്ച് അദാനി ഗ്രൂപ്പുമായി ചർച്ചകൾ നടക്കുന്നുണ്ട്. പ്രാഥമിക

ചർച്ചകളിൽ എയർ കാർഗോ ഓപ്പറേഷൻസ് അദാനി ഗ്രൂപ്പ് സ്വന്തമായിത്തന്നെ നടത്തുമെന്നാണ് അറിയിച്ചിരിക്കുന്നത്.

(സി) പ്രസ്തുത വിമാനത്താവളത്തിലെ കാർഗോയുടെ നടത്തിപ്പ് ചുമതല കെ.എസ്.ഐ.ഇ. ലിമിറ്റഡിൽത്തന്നെ നിലനിർത്തുന്നതിനുള്ള എന്തെങ്കിലും സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റിയുടെ റെഗുലേറ്റഡ് ഏജന്റ് പദവി നേടിയെടുക്കുന്നതിന് എയർപോർട്ട് ഓപ്പറേറ്ററായ തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ എൻ.ഒ.സി. വേണമെന്ന് നിർദ്ദേശിച്ചതിൻപ്രകാരം എൻ.ഒ.സി.-ക്കായി ടി.ഐ.എ.എൽ./അദാനി ഗ്രൂപ്പിന് അപേക്ഷ സമർപ്പിച്ചെങ്കിലും നിരാകരിക്കുകയാണുണ്ടായത്. എന്നിരുന്നാലും ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റിയുടെ അംഗീകാരത്തിനായി തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് വഴി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

## ഡി.ഐ.ഡി.സി. കമ്മിറ്റികളുടെ പ്രവർത്തനം

192(2601) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ പുരോഗതി ലക്ഷ്യംവച്ചുകൊണ്ടുള്ള പ്രോജക്ടുകൾ രൂപീകരിച്ച് സമയബന്ധിതമായി നടപ്പാക്കാൻ കഴിയുന്നരീതിയിൽ നിലവിലെ ഡി.ഐ.ഡി.സി. കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

(എ&ബി) 27-11-1991-ലെ ജി.ഒ.(എം.എസ്.)നം. 142/91/വ്യ.വ. പ്രകാരമാണ് ജില്ലാ കളക്ടർ ചെയർമാനായും ജില്ലാവ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറായും ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കമ്മിറ്റി (ഡി.ഐ.ഡി.സി.) രൂപീകരിച്ചിട്ടുള്ളത്. വ്യവസായ സ്ഥാപനങ്ങളുടെ ക്ലിയറൻസിനായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുക, നല്ല വ്യാവസായികാന്തരീക്ഷം ഉറപ്പുവരുത്തുക, വ്യവസായ വികസന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക എന്നീ ഉദ്ദേശ്യങ്ങളോടുകൂടിയാണ് ടി കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്.

നിലവിൽ ഇത് ജില്ലകളിൽ യോഗം ചേരുന്നുണ്ട്. നിലവിലുള്ള വ്യവസായങ്ങളുടെ ലൈസൻസും സാമ്പത്തികവും സംബന്ധിച്ചതും പൊതുവായതുമായ വിവിധ പരാതികളാണ് കമ്മിറ്റിയിൽ കൈകാര്യം ചെയ്യുന്നത്. ഡി.ഐ.ഡി.സി. കമ്മിറ്റികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കരകൗശല വികസന കോർപ്പറേഷനിലെ സമ്മാന വിതരണം

193(2602) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സമ്മാനങ്ങൾ, പാരിതോഷികങ്ങൾ എന്നിവ അതത് സ്ഥാപനങ്ങളുടെ ചെലവിൽ നൽകുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഇല്ല.

(ബി) കരകൗശല വികസന കോർപ്പറേഷനിൽ 01-08-2016 മുതൽ 31-12-2021 വരെയുള്ള കാലയളവിൽ ലക്ഷങ്ങളുടെ കരകൗശല

ഉത്പന്നങ്ങളുംമറ്റും സമ്മാനങ്ങൾ നൽകാനെന്നപേരിൽ ചില ഉദ്യോഗസ്ഥർ എടുത്തുകൊണ്ടുപോയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കരകൗശല വികസന കോർപ്പറേഷനിൽ പ്രസ്തുത കാലയളവിൽ ഓരോ വർഷവും എത്ര രൂപയുടെ സമ്മാനങ്ങൾ സൗജന്യമായി നൽകിയെന്നും സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചാണോ സമ്മാനങ്ങൾ നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഡി) കരകൗശല വികസന കോർപ്പറേഷൻ പ്രസ്തുത കാലയളവിൽ ഓരോ വർഷവും വില്പന വില 250 രൂപയിൽക്കൂടിയ സമ്മാനങ്ങൾ ആർക്കൊക്കെയാണ് നൽകിയതെന്നും ഓരോരുത്തർക്കും എത്ര രൂപയുടെ സമ്മാനങ്ങളാണ് സൗജന്യമായി നൽകിയതെന്നുമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

(സി&ഡി) പ്രസ്തുത കാലയളവിൽ സമ്മാനങ്ങളൊന്നും സൗജന്യമായി നൽകിയിട്ടില്ല.

**ഗ്വാളിയോർ റയോൺസ് ഭൂമി തിരിച്ചെടുക്കാൻ നടപടി**

194(2603) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയോർ റയോൺസിന്റെ കൈവശമുള്ള സർക്കാർ ഭൂമി തിരിച്ചെടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

മാവൂർ ഗ്വാളിയോർ റയോൺസിന്റെ കൈവശമുള്ള ഭൂമി തിരികെ ഏറ്റെടുക്കുന്നതിനും ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങുന്നതിന് കിൻഫ്രയ്ക്ക് അനുവദിക്കുന്നതിനുമാണ് 10-10-2017-ലെ ജി.ഒ.(എം.എസ്.)നം. 97/2017/വ്യ.വ. പ്രകാരം ഉത്തരവായിരുന്നത്. എന്നാൽ ടി സർക്കാർ ഉത്തരവിനെതിരെ മാവൂർ ഗ്വാളിയോർ റയോൺസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ WP(C) 33103/2017 ആയി റിട്ട്ഹർജി ബോധിപ്പിക്കുകയും പ്രസ്തുത ഉത്തരവിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ഓർഡർ പുറപ്പെടുവിക്കുകയും ചെയ്തതിനാൽ ഭൂമി തിരികെ ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. നിലവിൽ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ബി) ഗ്വാളിയോർ റയോൺസിന് സ്വന്തമായി വാങ്ങിയ ഭൂമി കൃഷി ഭൂമിയായതിനാൽ ഭൂപരിഷ്കരണ നിയമമനുസരിച്ച് ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഭൂപരിഷ്കരണ നിയമമനുസരിച്ച് ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചിട്ടില്ല.

(സി) ഗ്വാളിയോർ റയോൺസിന് സർക്കാർ അക്വയർ ചെയ്തുകൊടുത്ത സ്ഥലം ഉദ്ദേശിച്ച ആവശ്യത്തിന് ഉപയോഗിക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ഹൈക്കോടതിയിലുള്ള കേസ് വേഗത്തിൽ തീർപ്പാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

അഡ്വക്കേറ്റ് ജനറലിന് അപേക്ഷ നൽകി കേസ് വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഗ്വാളിയോർ റയോൺസ് ഭൂമി കോഴിക്കോട് കോമൺവെൽത്ത് കമ്പനിയുടെ മാതൃകയിൽ ഏറ്റെടുക്കാൻ നിയമനിർമ്മാണം നടത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ നിലവിൽ ഇത്തരമൊരു നിർദ്ദേശം പരിഗണനയിലില്ല.

**ഉദ്യോഗസ്ഥർക്കെതിരെ പ്രോസിക്യൂഷൻ സാംഗ്ഷൻ**

195(2604) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനിംഗ് & ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കോടതിയിൽ കേസ് ചാർജ്ജ് ചെയ്യുന്നതിന്

സർക്കാരിൽനിന്നും പ്രോസിക്യൂഷൻ സാംഗ്ഷൻ നൽകുന്നതിനുമുമ്പായി സർവ്വീസിൽനിന്നും വിരമിച്ചവരുൾപ്പെടെയുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സർക്കാർ നേരിട്ട് ഹിയറിംഗ് നടത്തി കേസിന്റെ നിജസ്ഥിതി അറിയാൻ തയ്യാറാകുമോ?

1988-ലെ അഴിമതി നിരോധന നിയമപ്രകാരം അന്വേഷണാനുമതി, വിചാരണാനുമതി എന്നിവ സംബന്ധിച്ച് പ്രതിപാദിക്കുന്നത് യഥാക്രമം വകുപ്പ് 17(എ), 19 എന്നിവയിലാണ്. വകുപ്പ് 17(എ) എന്നത് അന്വേഷണാനുമതി സംബന്ധിച്ചും വകുപ്പ് 19 എന്നത് വിചാരണാനുമതി സംബന്ധിച്ചുള്ളതുമാണ്. ആയതിൽ വകുപ്പ് 17(എ)-യിലെ വ്യവസ്ഥപ്രകാരം പൊതുസേവകൻ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന്റെ ഭാഗമായി കൈക്കൊണ്ടിട്ടുള്ള തീരുമാനം/നൽകിയിട്ടുള്ള ശിപാർശ എന്നിവയുമായി ബന്ധപ്പെട്ട കുറ്റാരോപണം സംബന്ധിച്ച് നടത്തപ്പെടുന്ന അന്വേഷണം സർക്കാരിന്റെ ഉചിതമായ അനുമതിയോടുകൂടി മാത്രമായിരിക്കേണ്ടതാണ്. വകുപ്പ് 19-ലെ വ്യവസ്ഥപ്രകാരം, 1988-ലെ അഴിമതി നിരോധന നിയമത്തിൻകീഴിലുള്ള ഏതെങ്കിലും കുറ്റത്തിന് ഒരു പൊതുസേവകനെതിരെ കോടതി മുമ്പാകെ വിചാരണ നടപടിയെടുക്കുന്നതിന് മുന്നോടിയായി അങ്ങനെയുള്ള പൊതുസേവകനെ

ഔദ്യോഗിക സേവനത്തിൽനിന്നും നീക്കം ചെയ്യുന്നതിന് അധികാരപ്പെട്ട സർക്കാരോ അല്ലെങ്കിൽ ബന്ധപ്പെട്ട അധികാര സ്ഥാനമോ കുറ്റവിചാരണയ്ക്കുള്ള മുൻകൂർ അനുമതി നൽകേണ്ടതാണ്. എന്നാൽ അത്തരമൊരു അനുമതിക്കായി ഒരു സ്വകാര്യ വ്യക്തി അപേക്ഷ സമർപ്പിക്കുന്ന സാഹചര്യത്തിൽ മാത്രമാണ് പൊതുസേവകനെ നേരിൽ കേൾക്കുന്നത് സംബന്ധിച്ച് പ്രസ്തുത വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയതിനാൽ സ്വകാര്യ വ്യക്തികൾ അഴിമതി നിരോധന നിയമപ്രകാരം വിചാരണാനുമതിക്കായി സമർപ്പിക്കുന്ന അപേക്ഷയിലൊഴികെ കുറ്റാരോപിതരായ പൊതുസേവകനെ നേരിൽ കേൾക്കുന്നതിന് പ്രസ്തുത നിയമത്തിൽ പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടില്ല.

(ബി) മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ പതിന്നാല് ജില്ലാ ഓഫീസുകളും ഡയറക്ടറേറ്റും നിയമങ്ങൾ നടപ്പാക്കുന്നത് ഏകീകരിക്കുന്നതിനായി ഒരു കൈപ്പുസ്തകം അല്ലെങ്കിൽ മാന്വൽ തയ്യാറാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിലെ നിലവിലുള്ള നിയമങ്ങൾ സുതാര്യവും വ്യക്തതയുള്ളതുമാണ്. നിയമങ്ങളിൽ കൂടുതൽ വ്യക്തത വേണ്ടിവരുന്ന സാഹചര്യത്തിൽ മൈനിംഗ് ആൻഡ് ജിയോളജി ഡയറക്ടർ

സർക്കുലറുകളും കത്തുകളും നൽകാറുണ്ട്. ഇക്കാര്യത്തിൽ ഏകീകൃത സ്വഭാവം ഉറപ്പാക്കുന്നതിനുള്ള പൊതു നിർദ്ദേശങ്ങളടങ്ങിയ കൈപ്പുസ്തകം തയ്യാറാക്കുന്നതിന്റെ ആവശ്യകത പരിശോധിക്കാവുന്നതാണ്.

**കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ഭേദഗതി**

196(2605) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ സർക്കാർ അടിയന്തരമായി ഭേദഗതി ആവശ്യപ്പെട്ടതിനെത്തുടർന്ന് 01-01-2020-നും 03-01-2020-നും വ്യവസായ (എ) വകുപ്പിലേയ്ക്കയച്ച പ്രൊപ്പോസൽ നിയമ വകുപ്പിന്റെ പരിശോധനയ്ക്കുശേഷം അംഗീകരിച്ച് വ്യവസായ വകുപ്പിലേയ്ക്ക് തുടർനടപടിക്കായി അയച്ചെങ്കിലും പ്രസ്തുത ഭേദഗതി നാളിതുവരെ ചട്ടങ്ങളിൽ വരാത്തതിന്റെ കാരണം വിശദമാക്കുമോ; ചട്ടങ്ങളിൽ പ്രസ്തുത ഭേദഗതി വരുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) ചട്ടങ്ങളിൽ നിയമ വകുപ്പ് അംഗീകാരം നൽകിയ മേൽപ്പറഞ്ഞ ഭേദഗതികൾ വരുത്താതെ 2020 മേയ് മാസത്തിൽ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ഡയറക്ടറുടെ ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥൻ

സർക്കാരിൽനിന്നും ആവശ്യപ്പെടാതെതന്നെ സർക്കാരിലേയ്ക്കയച്ച ഭേദഗതി പ്രൊപ്പോസൽ അംഗീകാരം ലഭിച്ച് 12-06-2020-ന് ചട്ടങ്ങളിൽ ഭേദഗതിയായി വന്നതിന്റെ കാരണം വിശദമാക്കുമോ?

(എ&ബി) വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 21-11-2019-നുചേർന്ന യോഗനടപടി തീരുമാനമനുസരിച്ചുള്ള ഭേദഗതികൾ കൊണ്ടുവരാനാണ് തീരുമാനിച്ചത്. 01-01-2020-നും 03-01-2020-നും ഭരണവകുപ്പിന് ലഭ്യമാക്കിയ കരട് ചട്ടങ്ങൾ ടി യോഗതീരുമാനം അനുസരിച്ചുള്ളതായിരുന്നില്ല. ചില കരട് ഭേദഗതി ചട്ടങ്ങൾ ക്രമപ്രകാരമല്ലാത്തതിനാൽ ആയത് നിയമ വകുപ്പ് ഒഴിവാക്കുകയും ചിലത് ആക്ടനുസരിച്ച് ഭേദഗതി ചെയ്യുകയും ചെയ്തു. കരട് ഭേദഗതി ചട്ടങ്ങളിലുൾപ്പെടുത്തിയിട്ടുള്ള എല്ലാ ഭേദഗതികളും ആവശ്യമാണോ എന്നത് പരിശോധിക്കേണ്ടതും അതനുസരിച്ച് ഒരു തീരുമാനമെടുക്കേണ്ടതുമാണെന്ന് നിയമ വകുപ്പ് അഭിപ്രായപ്പെട്ടു. അപ്രകാരം ഭേദഗതി വരുത്തിയ കരട് ചട്ടങ്ങൾ നിയമ വകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്കായി അയയ്ക്കുകയും നിയമ വകുപ്പ് ബന്ധപ്പെട്ട ആക്ടുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സൂക്ഷ്മപരിശോധന നടത്തി ഭേദഗതി ചട്ടങ്ങൾ ക്രമത്തിലാണെന്ന അഭിപ്രായം അറിയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ ഭേദഗതി

ചട്ടങ്ങൾ മന്ത്രിസഭ അംഗീകരിക്കുകയും 12-06-2020-ലെ ജി.ഒ. (പി) 16/2020/വ്യ.വ. നം.(എസ്.ആർ.ഒ.391/2020) ആയി പുറപ്പെടുവിക്കുകയും ചെയ്തു.

## മണ്ണാർമല മലമ്പ്രദേശം റെഡ് സോൺ ആയി പ്രഖ്യാപിക്കുന്നതിനുള്ള നടപടി

197(2606) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017, 2018, 2019 വർഷങ്ങളിൽ ഉരുൾപൊട്ടലുണ്ടായ പെരിന്തൽമണ്ണ താലൂക്കിലെ മണ്ണാർമലയിലെ മലമ്പ്രദേശം റെഡ് സോണായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് നാട്ടുകാരുടെ നേതൃത്വത്തിലുള്ള പൗരസമിതി മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിനുനൽകിയ കത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

മണ്ണാർമല നിവാസികൾ സമർപ്പിച്ച പരാതികളുടെ അടിസ്ഥാനത്തിൽ ജില്ലാ ജിയോളജിസ്റ്റ് അന്വേഷണം നടത്തുകയും മണ്ണാർമലയിലുൾപ്പെട്ട കാര്യവട്ടം വില്ലേജിൽ കരിങ്കൽ ഖനനത്തിനായി ക്വാറിയിംഗ് ലീസ് അനുവദിക്കുന്നതിന് ഒരു സ്വകാര്യ വ്യക്തി സമർപ്പിച്ച അപേക്ഷയിൽ ടിയാന്റെ തന്നെ ആവശ്യപ്രകാരം നടപടികൾ

അവസാനിപ്പിച്ചിട്ടുള്ളതുമാണ്. ഏതെങ്കിലും ഒരു പ്രദേശത്തെ റെഡ് സോണിലുൾപ്പെടുത്തുന്നതിനുള്ള തീരുമാനം കൈക്കൊള്ളാനുള്ള അധികാരം ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കാണ്.

**മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ഭേദഗതി**

198(2607) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 12-06-2020-ന് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 104-ൽ ഭേദഗതി വരുത്തിയതുമൂലം പൊതുജനങ്ങളനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭേദഗതി പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർ നൽകുന്ന എൻ.ഒ.സി. ആദ്യം മൈനിംഗ് ആൻഡ് ജിയോളജി ഡയറക്ടർക്കും തുടർന്ന് ഡയറക്ടർ ശിപാർശ സഹിതം സർക്കാരിനും സമർപ്പിക്കേണ്ടതിനുപകരം റവന്യൂ ഡിവിഷണൽ ഓഫീസർ നൽകുന്ന എൻ.ഒ.സി. ജില്ലാ ജിയോളജിസ്റ്റ് മുമ്പാകെമാത്രം സമർപ്പിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 12-06-2020-ലെ കെ.എം.എം.സി. റൂൾ 104-ലെ ഭേദഗതി പ്രകാരം സർക്കാരിൽനിന്നും ലഭ്യമാകേണ്ട പ്രത്യേകാനുമതിക്ക് ആർ.ഡി.ഒ.-യുടെ നിരാക്ഷേപപത്രം നിർബന്ധമാക്കിയിട്ടുണ്ട്. 1957-ലെ Mines and Minerals (Development & Regulation) Act പ്രകാരം നിയമാനുസൃത ഖനനാനുമതിയില്ലാതെ ധാതുനീക്കം അനുവദിക്കാൻ സാധിക്കുകയില്ല. എന്നാൽ ഏതെങ്കിലും ഒരു ധാതു ഖനനം ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെയല്ലാതെ നീക്കം ചെയ്യേണ്ടതായി വരുമ്പോൾ ആർ.ഡി.ഒ.-യുടെ എൻ.ഒ.സി. അടക്കം മൈനിംഗ് & ജിയോളജി ഡയറക്ടറുടെ ശിപാർശയോടുകൂടി സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും സർക്കാർ അർഹമായ അപേക്ഷകളിൽ പ്രത്യേകാനുമതി നൽകിവരികയും ചെയ്യുന്നു. ലാഭേച്ഛയോടെയല്ലാതെ ഏതെങ്കിലും നിയമാനുസൃത ഉദ്ദേശ്യത്തിനായി ധാതു നീക്കം ചെയ്യേണ്ട ആവശ്യങ്ങൾക്ക് അനുമതി നൽകുന്നതിനായാണ് സർക്കാർ ചട്ടത്തിൽ ഇങ്ങനെ ഒരു ഇളവ് കൊണ്ടുവന്നത്. ടി ഉദ്ദേശ്യലക്ഷ്യം ഉറപ്പാക്കുന്നതിനാണ് സർക്കാർ ആർ.ഡി.ഒ.-യുടെ നിരാക്ഷേപപത്രം നിഷ്കർഷിച്ചിട്ടുള്ളത്. ചട്ടത്തിൽ ഇളവ് നൽകുന്നകാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

## മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അപേക്ഷകളിൽ നടപടി

199(2608) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് മണ്ണ് നീക്കം ചെയ്യുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കംചെയ്യുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് മറ്റ് അപാകതകളില്ലാത്തപക്ഷം സ്ഥല പരിശോധന നടത്തി താമസംവിനാ അനുമതി നൽകാറുണ്ട്. കൂടാതെ മൈനിംഗ് & ജിയോളജി വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ സ്ഥല പരിശോധന നടത്താനുണ്ടായിരുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് 02-02-2022-ലെ സ.ഉ. (സാധാ) നം. 94/2022/വ്യ.വ. പ്രകാരം ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിലെയും വിവിധ ജില്ലാ ഓഫീസുകളിലെയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിനുവേണ്ടി മണ്ണ് നീക്കം

ചെയ്യുന്നതിനുള്ള സ്ഥല പരിശോധന നടത്തി പാസ് അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് ഖനനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനം ഓൺലൈനാക്കുന്നതിനും സ്വീകരിച്ച നടപടികളെന്തെല്ലാം; വിശദമാക്കുമോ?

മൈനിംഗ് & ജിയോളജി വകുപ്പ് സംസ്ഥാനത്തുടനീളം അനുവദിച്ചിട്ടുള്ള വിവിധതരം ഖനനാനുമതികളുടെയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ക്വാറി, ക്രഷർ, ധാതുസംഭരണത്തിനുള്ള ഡിപ്പോകൾ എന്നിവയുടെയും സകലവിവരങ്ങളും ഒറ്റനോട്ടത്തിൽ പബ്ലിക് ഡൊമെയ്നിൽ ലഭ്യമാകുന്ന 'ഡാഷ്ബോർഡ്' സംവിധാനം (www.dashboard.kerala.gov.in), ഒരുക്കിയിട്ടുണ്ട്. ഒപ്പം വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ, മാനവശേഷി, ഏറ്റെടുത്ത് നടപ്പാക്കുന്ന പര്യവേക്ഷണ പ്രവർത്തനങ്ങൾ, ഖനനാനുമതികൾക്കായി അവലംബിച്ചുപോരുന്ന നിയമങ്ങൾ, ചട്ടങ്ങൾ, അവയുടെ ഭേദഗതികൾ, സുപ്രധാന സർക്കാർ ഉത്തരവുകൾ, പരിപത്രങ്ങൾ, റവന്യൂ വരുമാനം എന്നിവ പ്രതിപാദിക്കുന്ന വെബ്സൈറ്റ് (www.dmg.kerala.gov.in) നവീകരിച്ചിട്ടുമുണ്ട്. 2022-ൽ കേരളത്തെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി മാറ്റുന്നതിനുള്ള

സർക്കാരിന്റെ തീരുമാനം നടപ്പാക്കുന്നതിന്റെയും ജനങ്ങൾക്ക് പ്രദാനം ചെയ്യുന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെയും പ്രാരംഭ നടപടികളുടെ ഭാഗമായി ഖനന ഭൂവിജ്ഞാന വകുപ്പിലെ ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തുടനീളമുള്ള ജില്ലാ ഓഫീസുകളിലും സ്ക്വാഡ് ഓഫീസുകളിലും KSITM മുഖേന ഇ-ഓഫീസ് സംവിധാനം നടപ്പാക്കുന്നതിനായി കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് ലഭ്യമാകുന്നമുറയ്ക്ക് എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നിലവിൽവരുന്നതാണ്. സേവനാവകാശ നിയമപ്രകാരം മൈനിംഗ് & ജിയോളജി വകുപ്പ് നൽകുന്ന സേവനങ്ങൾ നാഷണൽ ഇൻഫർമാറ്റിക് സെന്റർ മുഖേന ഓൺലൈനാക്കുന്നതിനുള്ള നടപടികളും പൂർത്തീകരിച്ചുവരുന്നു.

**സംസ്ഥാനത്തെ ധാതുമണൽ നിക്ഷേപം**

200(2609) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധാതുമണൽ നിക്ഷേപത്തെ സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കാലയളവിലാണ് പഠനം നടത്തിയത്; കണ്ടെത്തലുകൾ വിശദമാക്കുമോ?

സംസ്ഥാനത്തെ ധാതുമണൽ നിക്ഷേപം സംബന്ധിച്ച് പഠനം നടത്തുന്നത് കേന്ദ്രസർക്കാരിന്റെ കീഴിലുള്ള അറ്റോമിക് എനർജി മന്ത്രാലയത്തിലെ Atomic Minerals Directorate for Exploration and Research ആണ്. 1970 കാലഘട്ടം മുതൽ മേൽവിവരിച്ച സ്ഥാപനം ധാതുമണൽ നിക്ഷേപം സംബന്ധിച്ച് പഠനം നടത്തിവരുന്നു.

(ബി) ഇത്തരം നിക്ഷേപങ്ങൾ ശരിയായി വിനിയോഗിച്ചില്ലെങ്കിൽ ഏതെല്ലാം തരത്തിൽ നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ധാതുമണൽ നിക്ഷേപങ്ങൾ ശരിയായി വിനിയോഗിച്ചിട്ടില്ലെങ്കിൽ ആയത് അനധികൃത കടത്തലിലൂടെ നഷ്ടപ്പെടുന്നതോടൊപ്പം കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണത്തിന് ഉപയോഗിക്കുന്നതായും കടൽക്ഷോഭത്തിലൂടെ നഷ്ടപ്പെടുന്നതായും നിക്ഷേപമുള്ളയിടങ്ങൾ മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇത്തരം ധാതുസമ്പത്തിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ടോ; വിശദമാക്കുമോ?

ചവറയിൽ സ്ഥിതിചെയ്യുന്ന കേരള ഗവൺമെന്റ് സ്ഥാപനമായ കേരള മിനറൽസ് & മെറ്റൽസിൽ മൂല്യവർദ്ധിത ഉത്പന്നങ്ങളായ ടൈറ്റാനിയം ഡയോക്സൈഡ്, ടൈറ്റാനിയം ടെട്രാ ക്ലോറൈഡ്, ടൈറ്റാനിയം സ്പോഞ്ച് മുതലായവ ഉത്പാദിപ്പിക്കുന്നുണ്ട്. ധാതുമണലായ ഇൽമനൈറ്റിൽനിന്നും ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ലിമിറ്റഡ് മൂല്യവർദ്ധിത ഉത്പന്നമായ ടൈറ്റാനിയം ഡയോക്സൈഡ് ഉത്പാദിപ്പിക്കുന്നുണ്ട്. മൂല്യവർദ്ധിത ഉത്പന്നങ്ങളായ ടൈറ്റാനിയം പിഗ്മെന്റ്, സിന്തറ്റിക് റൂട്ടെയിൽ, വെൽഡിംഗ് ഇലക്ട്രോഡ്സ്, സിൽമനൈറ്റ് പൗഡർ തുടങ്ങിയവയും ഐ.ആർ.ഇ.എൽ. ഉത്പാദിപ്പിക്കുന്നുണ്ട്.

(ഡി) ധാതുമണൽ ഉപയോഗപ്പെടുത്തുന്ന കൂടുതൽ സ്ഥാപനങ്ങൾ പൊതുമേഖലയിൽ സ്ഥാപിക്കാനുള്ള സാദ്ധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ധാതുമണൽ ഉപയോഗപ്പെടുത്തി കൂടുതൽ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന ഒരു ഇൻഡസ്ട്രിയൽ കോംപ്ലക്സ് പദ്ധതി നടപ്പാക്കുന്നതിന്റെ

ഭാഗമായി M/s. CRISIL Limited ഒരു മാർക്കറ്റ് സ്റ്റഡി നടത്തുകയും Titanium Metal based Mill Products, Zirconium Carbonate, Pearlescent Pigment എന്നീ ഉത്പന്നങ്ങൾക്ക് വിപണി സാദ്ധ്യതയുണ്ടെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിനും സാദ്ധ്യത വിലയിരുത്തലും കെ-ഡിസ്ക് മുഖേന പഠനം നടത്തിവരുന്നു.

**മണ്ണെടുക്കുന്നതിനുള്ള അപേക്ഷകളിൽ കാലതാമസം**

201(2610) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുനിർമ്മാണം, ഭൂമി പ്ലോട്ട് തിരിക്കൽ, മണ്ണ് നീക്കം ചെയ്യൽ എന്നിവയ്ക്കായി മൈനിംഗ് & ജിയോളജി വകുപ്പിൽ സമർപ്പിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാൻ കാലതാമസം നേരിടുന്നത് പരിഹരിക്കുമോ?

കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് മറ്റ് അപാകതകളില്ലാത്തപക്ഷം സ്ഥല പരിശോധന നടത്തി താമസംവിനാ അനുമതി നൽകാറുണ്ട്. കൂടാതെ

02-02-2022-ലെ സ.ഉ. (സാധാ)നം. 94/2022/ഐ.ഡി. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പിന്റെ 14 ജില്ലാ ഓഫീസുകളിലും കെട്ടിട നിർമ്മാണത്തിനായി സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി അദാലത്തുകൾ നടത്തി പാസ് അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(ബി) മണ്ണെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കാൻ നടപടി സ്വീകരിക്കുമോ; മണ്ണ് നീക്കം ചെയ്യുന്നതിനും മറ്റൊരിടത്ത് നിക്ഷേപിക്കുന്നതിനുമുള്ള അനുമതിക്കായി കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മൈനിംഗ് & ജിയോളജി ജില്ലാ ഓഫീസുകളിൽ അപേക്ഷ സ്വീകരിച്ച് നമ്പരിട്ട് നൽകാൻ കാലതാമസമുണ്ടാകുന്നത് പരിഹരിക്കുമോ; പ്രസ്തുത അപേക്ഷയിന്മേൽ നടപടി സ്വീകരിക്കാൻ കാലതാമസമെടുക്കുന്നതായുള്ള പരാതി പരിഹരിക്കുമോ?

(ബി&സി) 2015-ലെ കെ.എം.എം.സി. ചട്ടങ്ങളിലെ ചട്ടം 14 പ്രകാരമാണ് കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകുന്നത്. നിലവിൽ വാണിജ്യാടിസ്ഥാനത്തിലുള്ള മണ്ണ് ഖനനത്തിന് പാരിസ്ഥിതികാനുമതി

സഹിതം ചട്ടപ്രകാരമുള്ള ക്വാറിയിംഗ് പെർമിറ്റാണ് അനുവദിച്ചുവരുന്നത്. സർക്കാർ മേൽവിവരിച്ച ചട്ടങ്ങളിൽ ഭേദഗതികളിലൂടെ ആവശ്യമായ ഇളവുകൾ വരുത്തിയിട്ടുണ്ട്. മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതികളാണ് മൈനിംഗ് & ജിയോളജി വകുപ്പിൽനിന്നും നൽകിവരുന്നത്. എന്നാൽ മണ്ണ് നിക്ഷേപിക്കുന്ന വിഷയം ഈ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. അനുമതികൾ നൽകുന്നതിനാവശ്യമായ പൂർണ്ണമായ രേഖകൾ സമർപ്പിക്കുന്നതിൽ വരുന്ന കാലതാമസം നിമിത്തമാണ് സാധാരണയായി അപേക്ഷകൾ തീർപ്പാക്കാൻ വൈകുന്നത്. മൈനിംഗ് & ജിയോളജിയുടെ ജില്ലാ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ നമ്പരിട്ട് നൽകുന്നതിൽ സാധാരണയായി കാലതാമസം നേരിടാറില്ല. മണ്ണ് നീക്കം ചെയ്യുന്നതിന് ലഭിക്കുന്ന അപേക്ഷകൾ പ്രത്യേക അദാലത്തിലൂടെ സമയബന്ധിതമായി തീർപ്പ് കൽപ്പിച്ചുവരുന്നു.

(ഡി) ഓരോ ജില്ലയിലും എത്ര അപേക്ഷകൾ തീർപ്പാക്കാതെയുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇവയിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ഓരോ ജില്ലയിലും വിവിധ ഘട്ടങ്ങളിലായി നിലവിൽ തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്.

| ജില്ല | അപേക്ഷകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 255 |
| കൊല്ലം | 637 |
| പത്തനംതിട്ട | 366 |
| ആലപ്പുഴ | 30 |
| കോട്ടയം | 467 |
| ഇടുക്കി | 41 |
| എറണാകുളം | 75 |
| തൃശ്ശൂർ | 173 |
| പാലക്കാട് | 61 |
| മലപ്പുറം | 137 |
| കോഴിക്കോട് | 48 |
| വയനാട് | 81 |
| കണ്ണൂർ | 15 |
| കാസർഗോഡ് | 12 |

ഇവ സമയബന്ധിതമായി തീർപ്പാക്കുന്നതിന് മൈനിംഗ് & ജിയോളജി ഡയറക്ടർ പ്രത്യേകം നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും ആയതിന്റെ പുരോഗതി എല്ലാ ആഴ്ചയിലും വകുപ്പ് വിലയിരുത്തി വരികയുമാണ്.

## മണ്ണിന്റെ റോയൽറ്റിയുടെ അഞ്ചിരട്ടി തുക പിഴയടയ്ക്കണമെന്ന ചട്ടവ്യവസ്ഥയിൽ ഇളവ്

202(2611) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിന് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽനിന്നും പാസ് അനുവദിച്ച് ഒരു വർഷത്തിനകം കെട്ടിടത്തിന്റെ അടിത്തറയുടെ നിർമ്മാണമെങ്കിലും പൂർത്തീകരിക്കാത്തപക്ഷം നീക്കംചെയ്ത മണ്ണിന്റെ റോയൽറ്റിയുടെ അഞ്ചിരട്ടി വരുന്ന തുക പിഴയായി അടയ്ക്കണമെന്ന് ചട്ടങ്ങളിൽ വ്യവസ്ഥയുള്ളതിനാൽ ജനങ്ങൾ ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2015-ലെ കെ.എം.എം.സി. ചട്ടങ്ങളിലെ 14(2) പ്രകാരമാണ് കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അനുവദിക്കുന്ന ബിൽഡിംഗ് പെർമിറ്റ് പ്രകാരം നൽകുന്ന അനുമതികളിലെ വ്യാപക ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WPC 29710/2014, WPC 23251/2016 എന്നീ കേസുകളിലെ

വിധിന്യായത്തെത്തുടർന്നാണ് 2015-ലെ കെ.എം.എം.സി. ചട്ടങ്ങളിലെ ചട്ടം 14 ഭേദഗതി ചെയ്തത്. ഇതുപ്രകാരമാണ് കെട്ടിട നിർമ്മാണത്തിന്റെ അടിത്തറയെങ്കിലും ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കാത്തപക്ഷം നീക്കംചെയ്ത ധാതുവിന്റെ റോയൽറ്റിയുടെ അഞ്ചുമടങ്ങ് തുക ഈടാക്കാൻ ചട്ടം 14 (5) പ്രകാരം വ്യവസ്ഥ ചെയ്തത്.

(ബി) കോവിഡ്, പ്രകൃതി ദുരന്തങ്ങൾ എന്നിവമൂലം മണ്ണ് പൂർണ്ണമായും നീക്കം ചെയ്യാൻ സാധിക്കാതെ വന്നാലും പാസ് അനുവദിച്ച തീയതി മുതൽ ഒരു വർഷം കണക്കാക്കി വലിയ പിഴ അടയ്ക്കേണ്ടിവരുമെന്നതിനാൽ ഈ ചട്ട വ്യവസ്ഥയിൽ ഇളവ്‌വരുത്തി സർക്കുലർ പുറപ്പെടുവിക്കാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കുമോ?

കോവിഡ്, പ്രകൃതി ദുരന്തങ്ങൾ, മറ്റ് ഒഴിച്ചുകൂടാനാകാത്ത സാഹചര്യം എന്നിവമൂലമാണ് ധാതുനീക്കം സാധിക്കാതെ വന്നതെന്ന് തെളിയിക്കപ്പെടുന്ന സാഹചര്യത്തിൽ ആയതിന് ഇളവ് കൊടുക്കുന്നതിനുള്ള വിഷയം പരിശോധിക്കുന്നതാണ്.

**കുളം വൃത്തിയാക്കുന്നതിനുള്ള അനുമതി**

203(2612) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളം വൃത്തിയാക്കുന്നതിനുള്ള അനുമതിയുമായി ബന്ധപ്പെട്ട് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ പാലക്കാട് ജില്ലാ ഓഫീസിൽ 2020-21-ൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിച്ചുവെന്നും എത്ര അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാനുണ്ടെന്നും വിശദമാക്കുമോ?

കുളം വൃത്തിയാക്കി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്നാവശ്യപ്പെട്ട് പാലക്കാട് ജില്ലാ ഓഫീസിൽ 2020-21-ൽ 12 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. നടപടി സ്വീകരിച്ച അപേക്ഷകൾ - 7, നടപടി സ്വീകരിക്കാനുള്ള അപേക്ഷകൾ - 5

(ബി) പ്രസ്തുത ആവശ്യത്തിലേയ്ക്കായി 2021-22-ൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; ഇത്തരം അപേക്ഷകളിന്മേൽ നടപടി വൈകുന്നത് എന്തുകൊണ്ടാണ്; വിശദമാക്കുമോ;

(സി) ഇത്തരം അപേക്ഷകളിന്മേൽ നടപടി വൈകുന്നതുമൂലം പാലക്കാട് ജില്ലയിൽ നെൽക്വഷി ഉൾപ്പെടെയുള്ള മറ്റ് കാർഷിക വിളകൾ കൃഷി ചെയ്യുന്നതിന് ജലദൗർലഭ്യം അനുഭവപ്പെടുന്നതായി

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ;

(ഡി) കുളം വൃത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് 2021-22-ൽ ലഭിച്ച അപേക്ഷകളിൽ 2022 ഏപ്രിലിനുമുമ്പ് പാലക്കാട് ജിയോളജിസ്റ്റിന്റെ നടപടി പൂർത്തിയാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

(ബി-ഡി)

| | |
|---|---|
| 2021-22-ൽ ലഭിച്ച അപേക്ഷകൾ | 14 |
| നടപടികൾ സ്വീകരിച്ച അപേക്ഷകൾ | 10 |
| നടപടികൾ സ്വീകരിക്കാനുള്ള അപേക്ഷകൾ | 4 |

ബാക്കി അപേക്ഷകളിന്മേൽ നിയമാനുസൃത നടപടികൾ സ്വീകരിച്ച് അപേക്ഷ തീർപ്പാക്കുന്നതാണ്.

(ഇ) കുളം വൃത്തിയാക്കി ലഭിക്കുന്ന മണ്ണും മണലും ചെളിയും ട്രാൻസ്പോർട്ട് ചെയ്യാൻ സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റും സ്ഥലം ഉടമയിൽനിന്നുള്ള അഫിഡവിറ്റുംമാത്രം ഹാജരാക്കി ജിയോളജിസ്റ്റിൽനിന്നും പാസ് ലഭിക്കുന്നതിനായി നടപടിക്രമം ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

2015-ലെ കെ.എം.എം.സി. ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ കഴിയുന്ന പ്രായോഗിക നിർദ്ദേശങ്ങൾ പരിഗണിക്കുന്നതാണ്.

**ഹാൻവീവ് ജീവനക്കാരുടെ പ്രൊമോഷൻ**

204(2613) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനുകീഴിലുള്ള ഹാൻവീവിൽ ജീവനക്കാരുടെ നിയമനവും പ്രൊമോഷനും സംബന്ധിച്ച ചട്ടം തയ്യാറാക്കിയിട്ടുണ്ടോ; എന്നുമുതലാണ് പ്രസ്തുത ചട്ടം നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. 12-04-1996-ലെ സ.ഉ. (കൈ) നം. 102/96/വ്യ.വ. പ്രകാരം ഹാൻവീവിലെ ജീവനക്കാർക്ക് നിയമനവും പ്രൊമോഷനും സംബന്ധിച്ച നിയമന ചട്ടങ്ങൾ നിലവിലുണ്ട്.

(ബി) നിലവിലുള്ള ചട്ടമനുസരിച്ച് ഹാൻവീവിൽ സെയിൽസ് അസിസ്റ്റന്റ് തസ്തികയിൽനിന്നും സെയിൽസ് സൂപ്പർവൈസർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷനുള്ള യോഗ്യതയായ ബിരുദവും മൂന്നുവർഷത്തെ പ്രവൃത്തി പരിചയവുമുള്ളവരുടെ ലിസ്റ്റ്

തയ്യാറാക്കിയിട്ടുണ്ടോ; ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഈ യോഗ്യതയനുസരിച്ച് തയ്യാറാക്കിയ പ്രസ്തുത ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(സി) നിലവിൽ സെയിൽസ് സൂപ്പർവൈസർ തസ്തികയിൽ എത്ര ഒഴിവുകളുണ്ട്; സെയിൽസ് സൂപ്പർവൈസർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; പ്രൊമോഷൻ ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇതിൽ എത്ര പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്?

(ബി&സി) ഹാൻവീവിലെ നിലവിലെ നിയമന ചട്ടങ്ങൾ പ്രകാരം, സെയിൽസ് അസിസ്റ്റന്റ് തസ്തികയിൽനിന്ന് സെയിൽസ് സൂപ്പർവൈസർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ സീനിയോരിറ്റി പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 7 ജീവനക്കാർക്ക് സെയിൽസ് സൂപ്പർവൈസർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രൊമോഷൻ ലിസ്റ്റിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ഡി) 2012 മുതൽ സെയിൽസ് അസിസ്റ്റന്റ് തസ്തികയിൽ നിയമിതരായവരിൽ അർഹതയും യോഗ്യതയുമുള്ളവർക്ക് സെയിൽസ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സൂപ്പർവൈസർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) സെയിൽസ് അസിസ്റ്റന്റ് തസ്തികയിൽനിന്നും സെയിൽസ് സൂപ്പർവൈസർ തസ്തികയിലേയ്ക്ക് അർഹതയുള്ളവർക്ക് പ്രൊമോഷൻ നഷ്ടപ്പെടുന്നുവെന്ന വിഷയം സംബന്ധിച്ച് ഹാൻഡ്‌ലൂം ഡയറക്ടർക്കും ഹാൻവീവ് എം.ഡി.-ക്കും നിവേദനം ലഭിച്ചിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

(ഡി&ഇ) ഉണ്ട്. 07-12-2021-ലെ സ.ഉ. (കൈ) നം. 117/21/വ്യ.വ. ഉത്തരവുപ്രകാരം കോർപ്പറേഷനിലെ അർഹതയുള്ള ജീവനക്കാർക്ക് സെയിൽസ് സൂപ്പർവൈസർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കൈത്തറി മേഖലയുടെ സംരക്ഷണം

205(2614)ശ്രീ. കെ. ആൻസലൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. പി.വി.അൻവർ:
ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് നിയന്ത്രണങ്ങൾ നീങ്ങിയിട്ടും കരകയറാൻ കഴിയാത്ത കൈത്തറി മേഖലയെ സംരക്ഷിക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പാക്കിയ പദ്ധതികൾ വ്യക്തമാക്കുമോ?

കോവിഡ്-19 വ്യാപനത്തെത്തുടർന്ന് പ്രതിസന്ധിയിലായ കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി, എല്ലാ സർക്കാർ/അർദ്ധ സർക്കാർ/അദ്ധ്യാപകർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരും 2022 പുതുവർഷാരംഭം മുതൽ എല്ലാ ബുധനാഴ്ചകളിലും കൈത്തറി/ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്നും 07-12-2020-ലെ സി.ഡി.എൻ. 2/97/2020/പൊ.ഭ.വ. നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കാവശ്യമുള്ള കൈത്തറി/ഖാദി തുണിത്തരങ്ങൾ വാങ്ങണമെന്നും 11-01-2022-ലെ സി.ഡി.എൻ.2/1/2022/പൊ.ഭ.വ. സർക്കുലർ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. അതിന്റെ ഫലമായി, കൈത്തറി/ഖാദി ഉത്പന്നങ്ങൾക്ക് വിപണിയിൽ ഉണർവ്വുണ്ടാകുന്നതിനും വിപണി മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. പല പൊതുമേഖലാ സ്ഥാപനങ്ങളും ഗവൺമെന്റ് സ്ഥാപനങ്ങളും അവർക്കാവശ്യമായ തുണിത്തരങ്ങൾ

കൈത്തറി മേഖലയിൽനിന്നും വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ വിപണനത്തിൽ പ്രതിസന്ധി നേരിട്ട കൈത്തറി ഉത്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ മുൻകൂട്ടി അനുവദിച്ച 56 ദിവസത്തെ റിബേറ്റ് ദിനങ്ങൾക്കുംപുറമേ 2020-21-ൽ 50 അധിക ദിനങ്ങളും 2021-22 സാമ്പത്തിക വർഷം 6 അധിക റിബേറ്റ് ദിനങ്ങളും സ്പെഷ്യൽ റിബേറ്റ് ദിനങ്ങളായി അനുവദിച്ചു. കൂടാതെ കൈത്തറി മേഖലയുടെ പുനരുജ്ജീവനത്തിനായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ താഴെപ്പറയുന്നു.

1) മൂലധന സഹായ പദ്ധതികൾ, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം

2) <u>പ്രോത്സാഹനത്തിനും വികസനത്തിനുമായുള്ള പദ്ധതികൾ</u>

i) <u>പ്രൊഡക്ഷൻ ഇൻസെന്റീവ്</u> - നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും പ്രചോദന പരിപാടി. 2021-22 സാമ്പത്തിക വർഷത്തിൽ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 4 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. കൈത്തറി ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം, 2021-22 സാമ്പത്തിക വർഷം ഈ ഇനത്തിൽ അധിക ധനാനുമതിവഴി 2 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

ii) നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി

iii) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ

iv) കൈത്തറി മേഖലയിൽ സ്വയംതൊഴിൽ സൃഷ്ടിക്കൽ/യുവവീവ് പദ്ധതി

v) നെയ്ത്തുതൊഴിലാളികൾക്കുള്ള പ്രോത്സാഹന പരിപാടി

vi) കൈത്തറി ഗ്രാമം, സമഗ്ര കൈത്തറി ഗ്രാമം എന്നിവ സ്ഥാപിക്കൽ.

3) <u>പ്രോത്സാഹനവും ക്ഷേമവും ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ</u>

i) കൈത്തറി സംഘങ്ങളുടെ ആധുനികവത്കരണവും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനവും

ii) പരിശീലന വൈവിദ്ധ്യശേഷി വികസന പരിപാടി

iii) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി

(ബി) പരമ്പരാഗത വ്യവസായമെന്ന നിലയ്ക്ക് ഈ പ്രതിസന്ധി മറികടക്കുന്നതിന് സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

പ്രത്യേക സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ വെള്ളപ്പൊക്കവും കോവിഡും കാരണം വിപണനം നിലച്ചുപോയ ഘട്ടത്തിൽ

കൈത്തറി തുണിത്തരങ്ങൾ നല്ലരീതിയിൽ വിപണനം നടത്തുന്നതിനുള്ള എല്ലാ സഹായങ്ങളും സർക്കാർ ചെയ്യു.

(സി) കൈത്തറി മേഖലയുടെ പ്രധാന പ്രശ്നമായ നൂലിന്റെ ലഭ്യതക്കുറവും വിലക്കയറ്റവുംമൂലം പ്രതിസന്ധിയിലായ കൈത്തറി സംഘങ്ങൾക്ക് നൂലും ചായവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നൂൽ ക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രാഥമിക കൈത്തറി നെയ്ത്ത് സംഘങ്ങൾക്കാവശ്യമായ നൂലുൾപ്പെടെയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങി വിതരണം ചെയ്യുന്നതിന് യാൺ ബാങ്കുകൾക്ക് മാർജിൻ മണി ലോൺ നൽകിവരുന്നു. കഴിനൂലിനും ചായത്തിനും സബ്സിഡിയും നൽകിവരുന്നു. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി നൂൽ വിതരണം ചെയ്യുന്നതിന് പ്രാഥമിക കൈത്തറി നെയ്ത്ത് സംഘങ്ങൾ, ഹാൻവീവ് എന്നിവയ്ക്കുള്ള നൂലിന്റെ ആവശ്യകത ശേഖരിച്ച് യാൺ പർച്ചേസ് കമ്മിറ്റികൂടി സമയബന്ധിതമായി നൂൽ വിതരണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കൈത്തറി ഉത്പന്നങ്ങളുടെ വിപണനവും ഉത്പാദനവും പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

കൈത്തറി ഉത്പന്നങ്ങളുടെ വിപണനവും ഉത്പാദനവും പ്രോത്സാഹിപ്പിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

i) <u>എക്സിബിഷൻ ഗ്രാന്റ്</u> - കേരളത്തിലെ പരമ്പരാഗത നെയ്ത്ത് സംഘങ്ങൾക്ക് (ഹാന്റക്സ്, ഹാൻവീവ് എന്നിവയുൾപ്പെടെ) കേരളത്തിനകത്തോ പുറത്തോ ഉള്ള കൈത്തറി വിപണന മേളകളിൽ പങ്കെടുത്ത് സംഘങ്ങളുടെ ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ഗ്രാന്റ് അനുവദിച്ചുനൽകുന്ന പദ്ധതിയാണിത്. പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് കേരളത്തിനകത്ത് 10,000/- രൂപയോ കേരളത്തിനുപുറത്ത് 15,000/- രൂപയോ വില്പനയുടെ 10% തുകയോ ഏതാണോ കുറവ് ആയത് എക്സിബിഷൻ ഗ്രാന്റായി അനുവദിച്ചുനൽകുന്നു. ഹാന്റക്സ്, ഹാൻവീവ് എന്നിവയ്ക്ക് കേരളത്തിനകത്ത് 30,000/- രൂപയോ കേരളത്തിനുപുറത്ത് 40,000/- രൂപയോ വില്പനയുടെ 10% തുകയോ ഏതാണോ കുറവ് ആയത് എക്സിബിഷൻ ഗ്രാന്റായി അനുവദിച്ചുനൽകുന്നു. സംഘങ്ങളെ അവരുടെ കൈത്തറി ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

ii) <u>കയറ്റുമതി പ്രോത്സാഹന പദ്ധതി</u> - കൈത്തറി ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന കേരളത്തിലെ പ്രാഥമിക കൈത്തറി സംഘങ്ങൾ,

ഹാൻടെക്സ്, ഹാൻവീവ് എന്നിവയ്ക്ക് സ്ഥാപനം കയറ്റുമതി ചെയ്ത ഉത്പന്നങ്ങളുടെ വിലയുടെ 20% പരമാവധി 20 ലക്ഷം രൂപ പ്രതിവർഷം സബ്സിഡിയായി നൽകുന്ന ഒരു പദ്ധതിയാണിത്.

iii) <u>അവാർഡ്</u> - കൈത്തറി മേഖലയിലെ ഉത്പാദന വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി മികച്ച കൈത്തറി സംഘങ്ങൾക്ക് അവാർഡ് നൽകിവരുന്നു. നെയ്ത്തുകാരുടെ കലാപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിന് മികച്ച നെയ്ത്തുകാർക്കും അവാർഡ് നൽകുന്നുണ്ട്.

**ഹാൻടെക്സിന്റെ വിപണി മെച്ചപ്പെടുത്തൽ**

206(2615) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹാൻടെക്സിന്റെ വിപണി മെച്ചപ്പെടുത്തുന്നതിനും നൂതന സാങ്കേതികവിദ്യയുടെ പ്രയോഗം സാദ്ധ്യമാക്കി ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനും ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഹാൻടെക്സിന്റെ വിപണി മെച്ചപ്പെടുത്തുന്നതിന് പ്രധാനമായും വില്പനശാലകളുടെ നവീകരണം ലക്ഷ്യമിടുന്നു. ആയതുപ്രകാരം

പെരിന്തൽമണ്ണ ഷോറൂം നവീകരിക്കുന്നതിന് സർക്കാർ 40 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഓൺലൈൻ മാർക്കറ്റിംഗ് വിപുലപ്പെടുത്തുന്നതിന് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് ഇ-കോമേഴ്സ് പ്ലാറ്റ്ഫോം നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ വിപണിയുടെ ആവശ്യകതയനുസരിച്ച് വികസിപ്പിച്ച പുതിയ പാറ്റേണിലുള്ള കളറും ഡിസൈനും സമന്വയിപ്പിച്ച കുത്താംപുള്ളി സാരികൾ, ബാലരാമപുരം സാരികൾ, ഹാന്റക്സ് റെഡിമെയ്ഡ് ഷർട്ടുകൾ എന്നിവ നിർമ്മിച്ചുവരുന്നു.

**കോട്ടയം ടെക്സ്റ്റൈൽസിന്റെ പ്രവർത്തനം**

207(2616) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ടെക്സ്റ്റൈൽസ് തുറന്നു പ്രവർത്തിപ്പിച്ചതിനുശേഷമുള്ള കമ്പനിയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

15-11-2021 മുതൽ കോട്ടയം ടെക്സ്റ്റൈൽസ് തുറന്ന് പ്രവർത്തിപ്പിക്കുകയുണ്ടായി. പ്രവർത്തനം പുനരാരംഭിച്ചശേഷം 06-12-2021 മുതൽ മൂന്ന് ഷിഫ്റ്റിലും ഉത്പാദനം ആരംഭിച്ചിട്ടുണ്ട്. മില്ലിലെ

സ്ഥിരം - ബദൽ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ജോലി നൽകിവരുന്നു. ആദ്യഘട്ടമായി പ്രവർത്തിപ്പിക്കാൻ തീരുമാനിച്ച 40 മെഷീനുകളിൽ 24 മെഷീനുകൾ പ്രവർത്തനക്ഷമമാണ്. ഇതുവരെ 35 മുതൽ 40 ശതമാനംവരെ മെഷീൻ യൂട്ടിലൈസേഷൻ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ യൂണിറ്റിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന്റെ ഭാഗമായി ഈ സാമ്പത്തികവർഷം 320 ലക്ഷം രൂപ ബഡ്ജറ്റിൽ നിന്നുള്ള സഹായമായി നൽകിയിട്ടുണ്ട്.

(ബി) 2016-നുശേഷം റിട്ടയർ ചെയ്ത ജീവനക്കാരുടെ ഗ്രാറ്റുവിറ്റി കൊടുക്കാൻ കഴിയാത്ത സാഹചര്യം പരിഹരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

2016-നുശേഷം റിട്ടയർ ചെയ്ത ജീവനക്കാരുടെ ഗ്രാറ്റുവിറ്റി കൊടുക്കാൻ കഴിയാത്ത സാഹചര്യം പരിഹരിച്ചുവരുന്നു. ഈ ഇനത്തിൽ 2016-നുശേഷം 14 പേർക്കായി 35.37 ലക്ഷം രൂപ ഗ്രാറ്റുവിറ്റി നൽകി. ബാക്കി 12 പേർക്ക് നൽകാനുള്ള 26.88 ലക്ഷം രൂപ കൊടുക്കാനുള്ള നടപടികൾ മിൽ സ്വീകരിച്ചുവരുന്നു.

(സി) മില്ലിലെ ജീവനക്കാരുടെ സഹകരണസംഘത്തിന് നൽകാനുള്ള കുടിശ്ശിക കാരണം പ്രവർത്തനം നിലച്ചത് പുനരുജ്ജീവിപ്പിക്കാൻ മാനേജ്മെന്റ് നടപടി സ്വീകരിക്കുമോ?

മില്ലിലെ ജീവനക്കാരുടെ സഹകരണ സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി സഹകരണസംഘത്തിന് മിൽ നൽകാനുള്ള കുടിശ്ശിക തുകയിൽ 21.92 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(ഡി) എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിന് നൽകാനുള്ള കുടിശ്ശികയ്ക്ക് മാനേജ്മെന്റ് എന്ത് പരിഹാരമാണ് നിർദ്ദേശിക്കുന്നത്; മിൽ ആധുനികവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ?

പി.എഫ്. കുടിശ്ശികയിനത്തിൽ നൽകാനുള്ള 243 ലക്ഷം രൂപയിൽ 6.27 ലക്ഷം രൂപയാണ് അടച്ചിട്ടുള്ളത്. മില്ലിന്റെ പ്രവർത്തനം മുന്നോട്ട് പോകുന്നമുറയ്ക്ക് പി.എഫ്. കുടിശ്ശികയിലേയ്ക്കും അടവ് വരുത്തുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസ്റ്റർപ്ലാൻ പദ്ധതികളുടെ ഭാഗമായി കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണത്തിനായി 59.05 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ഇ) കോട്ടയം ടെക്സ്റ്റൈൽസിന്റെ വേദഗിരി കോമ്പൗണ്ടിൽ അധികമുള്ള ഭൂമിയിൽ വ്യവസായ പാർക്കും ഐ.ടി. പാർക്കും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഈ വിഷയത്തിൽ സർക്കാർ തീരുമാനമെടുത്തിട്ടില്ല.

**പുതുതായി ആരംഭിച്ച എം.എസ്.എം.ഇ.-കൾ**

208(2617) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മുതൽ 2022 ജനുവരി വരെയുള്ള കാലഘട്ടത്തിൽ കേരളത്തിൽ എത്ര എം.എസ്.എം.ഇ.-കൾ പുതുതായി ആരംഭിച്ചു; അതിലൂടെ എത്ര മുതൽമുടക്കുണ്ടായിട്ടുണ്ട്; എത്ര തൊഴിലുകൾ പ്രസ്തുത മേഖലയിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കുമോ?

വ്യവസായ വാണിജ്യ വകുപ്പിലെ DIC MIS പ്രകാരമുള്ള കണക്കുപ്രകാരം 2016 മേയ് മുതൽ 2022 ജനുവരിവരെ കേരളത്തിൽ 80,789 എം.എസ്.എം.ഇ.-കൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 7,702 കോടി രൂപയുടെ മുതൽമുടക്കുണ്ടായിട്ടുണ്ട്. കൂടാതെ എം.എസ്.എം.ഇ. മേഖലയിൽ 2,89,154 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. 2016 മേയ് മുതൽ 2022 ജനുവരി വരെ കെ.എസ്.ഐ.ഡി.സി. മുഖേന 189

വ്യവസായങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ആയതിലൂടെ സംസ്ഥാനത്ത് 1908.48 കോടി രൂപയുടെ നിക്ഷേപവും 7500-ൽപ്പരം തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) കോവിഡുകാലത്ത് എം.എസ്.എം.ഇ.-കൾക്കായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കി; ആകെ എത്ര തുക ചെലവഴിച്ചു?

കോവിഡ്-19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ സഹായിക്കുന്നതിലേയ്ക്കായി വ്യവസായ ഭദ്രത പദ്ധതിക്ക് മുൻസർക്കാർ രൂപംനൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം നടപ്പാക്കുന്ന പദ്ധതിയായ Scheme for interest Subvention on term Loan and Working Capital Loan പ്രകാരം 01-04-2020 മുതൽ 31-12-2020 വരെ എം.എസ്.എം.ഇ. യൂണിറ്റുകളെടുക്കുന്ന വായ്പകൾക്ക് 6 മാസത്തേയ്ക്ക് 50% താങ്ങ് പലിശ, ഓരോ ലോണിനും (Term Loan/Working Capital) 30,000/- രൂപ പരമാവധി 60,000/- രൂപവരെ അനുവദിച്ചിരുന്നു. വ്യവസായ ഭദ്രത പാക്കേജനുസരിച്ച് കെ.എസ്.ഐ.ഡി.സി.-യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പ്രവർത്തന മൂലധനത്തിനായി 200 ലക്ഷം രൂപവരെയുള്ള ഹ്രസ്വകാല വായ്പകളും പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടങ്ങിയ ഇളവുകളും

ലഭ്യമാക്കിയിരുന്നു. നിലവിലുള്ള സംരംഭകർക്ക് വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകുകയും നിലവിൽ അടച്ചുതീർക്കാനുള്ള പലിശ (പിഴപ്പലിശ ഒഴിവാക്കി) ഘട്ടംഘട്ടമായി അടച്ചുതീർക്കാനുള്ള സൗകര്യവും ലഭ്യമാക്കിയിരുന്നു. വായ്പയിൽ മുതൽ തിരിച്ചടവിന് ആറുമാസത്തെ മൊറട്ടോറിയവും നൽകിയിരുന്നു. കോവിഡ് രണ്ടാം തരംഗത്തെത്തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, കോവിഡ്-19 സമാശ്വാസ പദ്ധതി എന്നപേരിൽ ഈ സർക്കാർ ഒരു ദുരിതാശ്വാസ പാക്കേജ് രൂപീകരിച്ചിട്ടുണ്ട്. ഈ പാക്കേജനുസരിച്ച് പ്രവർത്തന മൂലധനത്തിനായി കുറഞ്ഞ പലിശനിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചുവരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേയ്ക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്ന് മാസത്തേയ്ക്കുള്ള പലിശ ഒഴിവാക്കൽ, മൂന്ന് മാസത്തേയ്ക്ക് കെ.എസ്.ഐ.ഡി.സി.-യുടെ എസ്.ഡി.എഫ്.-കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതുസൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ച് വർഷംകൊണ്ട് പലിശരഹിത അടവോടുംകൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽനിന്നും അർഹരായ സംരംഭകർക്കാവശ്യമായ ഭൂമി

അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.-യുമായി ബന്ധപ്പെട്ട് നടപ്പാക്കിവരുന്നു. വ്യവസായ ഭദ്രതാ പാക്കേജിലുൾപ്പെടുത്തി നടപ്പാക്കിവരുന്ന പലിശ ഇളവ് പദ്ധതിയിൽ 2020-21 സാമ്പത്തിക വർഷം 1061 യൂണിറ്റുകൾക്കായി 153.82 ലക്ഷം രൂപ ധനസഹായം നൽകിയിരുന്നു. കൂടാതെ നടപ്പ് സാമ്പത്തിക വർഷം നാളിതുവരെയായി 509 യൂണിറ്റുകൾക്കായി 90.77 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. സംരംഭക സഹായ പദ്ധതിപ്രകാരം നടപ്പ് സാമ്പത്തിക വർഷം നാളിതുവരെയായി 1117 യൂണിറ്റുകൾക്കായി 5782.5 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. നാനോ യൂണിറ്റുകൾക്കുള്ള ഗ്രാന്റ് പദ്ധതിവഴി നടപ്പ് സാമ്പത്തികവർഷം നാളിതുവരെയായി 173 യൂണിറ്റുകൾക്കായി 490.72 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശയിളവ് പദ്ധതി വഴി നടപ്പ് സാമ്പത്തികവർഷം നാളിതുവരെയായി 82 യൂണിറ്റുകൾക്കായി 10.77 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്.

## കൈത്തറി - ഖാദി വികസനം

209(2618) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കൈത്തറി-ഖാദി എന്നിവയുടെ വ്യാപനത്തിനായി നടപ്പാക്കിയ പദ്ധതികളെന്തെല്ലാം; വിശദമാക്കുമോ?

കേരളത്തിലെ പ്രധാന പരമ്പരാഗത തൊഴിൽ മേഖലകളായ കൈത്തറി-ഖാദി മേഖലകളുടെ വ്യാപനത്തിനായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

കോവിഡ് - 19 വ്യാപനത്തെത്തുടർന്ന് പ്രതിസന്ധിയിലായ കൈത്തറി/ഖാദി മേഖലയെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി, എല്ലാ സർക്കാർ/അർദ്ധ സർക്കാർ/അദ്ധ്യാപകർ/പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർ 2022 പുതുവർഷാരംഭം മുതൽ എല്ലാ ബുധനാഴ്ചകളിലും കൈത്തറി/ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്നും 07-12-2020-ലെ സി.ഡി.എൻ. 2/97/2020/പൊ.ഭ.വ. നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കാവശ്യമുള്ള കൈത്തറി/ഖാദി തുണിത്തരങ്ങൾ വാങ്ങണമെന്നും 11-01-2022-ലെ

സി.ഡി.എൻ. 2/1/2022/പൊ.ഭ.വ. സർക്കുലർ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. അതിന്റെ ഫലമായി, കൈത്തറി ഖാദി ഉത്പന്നങ്ങൾക്ക് വിപണിയിൽ ഉണർവ്വുണ്ടാക്കുന്നതിനും വിപണി മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.

**കൈത്തറി മേഖല**

1) കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി - 2016-2017 മുതൽ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പാക്കിവരുന്നു. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 1-7 വരെയും എയ്ഡഡ് സ്കൂളുകളിലെ 1-4 വരെയുമുള്ള വിദ്യാർത്ഥികൾക്ക് സൗജന്യമായി കൈത്തറി യൂണിഫോം തുണി നൽകുന്ന പദ്ധതിയാണിത്.

2) യുവവീവ് - കൈത്തറി/നെയ്ത്ത് വ്യവസായരംഗത്തേയ്ക്ക് തൊഴിൽരഹിതരായ യുവജനങ്ങളെ ആകർഷിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണിത്.

3) അംശദാനമിതവ്യയ ഫണ്ട് (Contributory Thrift Fund) - കൈത്തറി മേഖലയിലെ തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ക്ഷേമത്തിനും പ്രോത്സാഹനത്തിനും വേണ്ടിയുള്ള പദ്ധതിയാണിത്.

4) <u>ഒരു വീട്ടിൽ ഒരു തറി പദ്ധതി</u> - കേരളത്തിൽ ജനിച്ചതും 18-നും 55-നുമിടയിൽ പ്രായമുള്ളവരും സ്വന്തമായി തറിയില്ലാത്തതുമായ കൈത്തറി നെയ്ത്തുകാർക്ക് വീടിനോടുചേർന്നുള്ള പണിപ്പുരയിലോ സംഘം വർക്ക്ഷെഡ്ഡിലോ തറി സ്ഥാപിക്കുന്നതിന് ധനസഹായം നൽകുകയെന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയാണിത്.

5) <u>നാട്ടുകാണി ടെക്സ്റ്റൈൽസ് ഡൈയിംഗ് ആൻഡ് പ്രിന്റിംഗ് സെന്റർ സ്ഥാപിക്കൽ</u> - കൈത്തറി മേഖലയിൽ ഉത്പാദിപ്പിക്കുന്ന തുണിത്തരങ്ങളുടെ ഡൈയിംഗ്, പ്രിന്റിംഗ്, ഫിനിഷിംഗ് മുതലായി പ്രോസസ്സിംഗിനുള്ള സൗകര്യം കേരളത്തിൽത്തന്നെ ഒരുക്കുക എന്ന ലക്ഷ്യത്തോടെ അത്യാധുനിക സംവിധാനത്തിൽ പ്രവർത്തിക്കുന്ന ഒരു ഡൈയിംഗ് ആൻഡ് പ്രിന്റിംഗ് യൂണിറ്റ് കണ്ണൂരിലെ നാട്ടുകാണിയിലെ കിൻഫ്ര ടെക്സ്റ്റൈൽ പാർക്കിലെ 8.43 ഏക്കർ സ്ഥലത്ത് 25.56 കോടി രൂപ മുതൽമുടക്കിൽ സ്ഥാപിക്കുന്നതിനായുള്ള പദ്ധതിയാണിത്.

6) <u>സംസ്ഥാന കൈത്തറി റിബേറ്റ് പദ്ധതി</u> - കൈത്തറി തുണിത്തരങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്ന ഒരു പ്രധാന പദ്ധതിയാണിത്.

**ഖാദി മേഖല**

ഖാദി മേഖലയുടെ ശാക്തീകരണത്തിനായി കേരള ഖാദിഗ്രാമ വ്യവസായ ബോർഡിൽ ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

1. ഉത്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ
2. തൊഴിലാളികൾക്കുള്ള മിനിമം കൂലി പരിഷ്കരിക്കാനുള്ള നടപടികൾ
3. ഉത്സവബത്ത 1750 രൂപയാക്കി വർദ്ധിപ്പിച്ചത്
4. ഉത്പാദന ഇൻസെന്റീവ് ഇരട്ടിയാക്കി വർദ്ധിപ്പിച്ചത്. (നൂലിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 രൂപയും)
5. ഇ.എസ്.ഐ./ക്ഷേമനിധി ആനുകൂല്യങ്ങൾ
6. അധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉത്പാദനവും കൂലിയും ലഭിക്കാനുതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ
7. കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക്ഷെഡ് പദ്ധതി
8. തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം
9. ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായുള്ള "ഖാദി ഗ്രാമം" പദ്ധതി
10. സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവസ്തുപകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ
11. ഖാദിയിലെ വൈവിദ്ധ്യവൽക്കരണം

12. ചെറുകിട ഖാദി വ്യവസായ സംരംഭങ്ങൾക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായുള്ള സംസ്ഥാന സർക്കാരിന്റെ "എന്റെ ഗ്രാമം പദ്ധതി".

(ബി) ഈ മേഖലയിൽ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനായി പദ്ധതികളാവിഷ്കരിച്ചിട്ടുണ്ടോ?

കൈത്തറി-ഖാദി മേഖലകളിൽ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനായി പദ്ധതികളാവിഷ്കരിച്ചിട്ടുണ്ട്.

**കൈത്തറി മേഖല**

കൈത്തറി മേഖലയിൽ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി നിയമിക്കപ്പെട്ട പ്രൊഫഷണൽ ഡിസൈനർമാർ തുണിത്തരങ്ങളിൽ ഡിസൈൻ ചെയ്ത് വാല്യൂ അഡിഷൻ നടത്തുകയും വിവിധങ്ങളായ തുണിത്തരങ്ങൾ, റെഡിമെയ്ഡ് തുണിത്തരങ്ങൾ എന്നിവയുടെ ഡിസൈൻ, ഹോം ഫർണിഷിംഗ്, ഷോൾഡർ ബാഗ് മുതലായവയുടെ നിർമ്മാണം എന്നിവയിൽ ശ്രദ്ധിക്കുകയും സാരിയിൽ ഹാൻഡ് പെയിന്റിംഗ്, എംബ്രോയിഡറി, ബ്ലോക്ക് പ്രിന്റ്, ചുരിദാർ എംബ്രോയിഡറി തുടങ്ങി വിവിധങ്ങളായ ജോലികൾ നടത്തിവരികയും ചെയ്യുന്നു. കൂടാതെ, ഓർഗാനിക് കോട്ടൺ പദ്ധതി പ്രകാരം ഓർഗാനിക് കോട്ടൺ നൂല്, ഓർഗാനിക് ചായം എന്നിവ ഉപയോഗിച്ച്

കൈത്തറിയിൽ വസ്ത്രങ്ങളുടെ ഉത്പാദനം നടത്തുന്നതിന് നെയ്ത്തുകാർക്ക് പരിശീലനം നൽകുകയും അതുവഴി കൈത്തറി മേഖലയിൽ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിച്ചുവരികയും ചെയ്യുന്നു.

**ഖാദി മേഖല**

ഖാദി മേഖലയിൽ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി കേരള ഖാദിഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽ ആധുനിക രീതിയിലുള്ള തേൻ സംസ്കരണ യൂണിറ്റ് കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരിയിൽ സ്ഥാപിച്ചു. കിഴക്കമ്പലത്ത് സോപ്പുപൊടി നിർമ്മാണ/ബ്രാൻഡിംഗ് യൂണിറ്റും ബീ ഫെഡറേഷനിൽ (Bee Federation) ഗ്രേഡഡ് ഹണി ഉത്പാദനവും ആരംഭിച്ചു.

(സി) മൂല്യവർദ്ധിത കൈത്തറി ഉത്പന്നങ്ങളുടെ ബ്രാൻഡിംഗ് പദ്ധതിയെ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

സംസ്ഥാന സർക്കാരിന്റെ വ്യവസായ വകുപ്പിനുകീഴിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻ്റ്ലൂം ടെക്നോളജി (IIHT), വീവേഴ്സ് സർവ്വീസ് സെന്റർ (WSC), ഹാൻവീവ്, ഹാന്റക്സ് എന്നിവരുടെ സഹകരണത്തോടുകൂടി നടപ്പാക്കിവരുന്ന പദ്ധതിയാണ് മൂല്യവർദ്ധിത കൈത്തറി ഉത്പന്നങ്ങളുടെ ബ്രാൻഡിംഗ് പദ്ധതി. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട കൈത്തറി

ഉത്പന്നങ്ങളെ ദേശീയ-അന്തർദ്ദേശീയ തലത്തിൽ ബ്രാൻഡ് ചെയ്യുക, കൂടുതൽ മെച്ചപ്പെട്ട വിപണി സാദ്ധ്യതകൾ കണ്ടെത്തുക, നൂതന ഡിസൈൻ ആശയങ്ങൾ കൈത്തറിയിൽ കൊണ്ടുവരിക, അതുവഴി കേരള കൈത്തറി മേഖലയെ മൊത്തത്തിൽ പുനരുജ്ജീവിപ്പിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം. കേരള കൈത്തറിക്ക് ഒരു സവിശേഷ മുദ്ര (Kerala Handloom Mark), രൂപകല്പന ചെയ്തിട്ടുണ്ട്. കേരള കൈത്തറിയുടെ തനിമയും പെരുമയും ലോകമെങ്ങും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 07-12-2021-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൈത്തറി മുദ്ര പ്രകാശനം ചെയ്തു. കേരള കൈത്തറിയുടെ ഗുണമേന്മ ഉറപ്പാക്കിക്കൊണ്ട് കൈത്തറി ഉത്പന്നങ്ങൾക്ക് കേരള കൈത്തറി മുദ്ര അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കാട്ടാക്കട നിയോജകമണ്ഡലത്തിലുള്ള ഖാദി ബോർഡിന്റെ സ്ഥലം കയ്യേറിയത് ഒഴിപ്പിക്കാൻ നടപടി

210(2619) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ പള്ളിച്ചൽ ഇടയ്ക്കോടിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം കയ്യേറിയതൊഴിപ്പിച്ച് ബോർഡിന്റെ നിയന്ത്രണത്തിലാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; ആയതുസംബന്ധിച്ച് ഖാദി

ബോർഡ് റവന്യൂ വകുപ്പിനോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; തുടർനടപടികളെന്തെന്ന് വിശദമാക്കുമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ പള്ളിച്ചൽ ഇടയ്ക്കോടിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം കയ്യേറിയതൊഴിപ്പിച്ച് ബോർഡിന്റെ നിയന്ത്രണത്തിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നതിന്റെ ഭാഗമായി 14-06-2018-ന് ബോർഡ് റവന്യൂ വകുപ്പിനോട് ഈ വസ്തു കേരള ഖാദിഗ്രാമ വ്യവസായ ബോർഡ് ചെയർമാന്റെ പേരിൽ കരമൊടുക്കി ഉടമസ്ഥാവകാശം നൽകണമെന്ന് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു (പകർപ്പ് അനുബന്ധമായി ചേർക്കുന്നു)+. റവന്യൂ ഡിവിഷണൽ ഓഫീസർ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ സിവിൽ കോടതിയെ സമീപിച്ച് ടി സ്ഥലം ഖാദി ബോർഡിന്റെ അധീനതയിലാക്കുന്നതിന് അപേക്ഷ നൽകുകയും ആയതിന്മേൽ സിവിൽ നടപടികൾ തുടർന്നുവരികയും ചെയ്യുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## കാട്ടാക്കട നിയോജകമണ്ഡലത്തിലെ ഖാദി വ്യവസായ വകുപ്പിന്റെ ഭൂമിയെപ്പറ്റിയുള്ള വിവരങ്ങൾ

211(2620) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ ആറ് ഗ്രാമപഞ്ചായത്തുകളിലായി ഖാദി വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ ആറ് ഗ്രാമപഞ്ചായത്തുകളിലായി കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ പരിധിയിലുള്ള ഭൂമിയെ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത ഭൂമിയുടെ അളവും ഭൂമി ഏത് വില്ലേജിലാണെന്നും കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങളും നിലവിൽ ഉപയോഗിക്കാതെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലമുണ്ടെങ്കിൽ അവയുടെ വിവരങ്ങളും തരംതിരിച്ച് ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രസ്തുത ഭൂമിയുടെ അളവും ഭൂമി ഏത് വില്ലേജിലാണെന്നും കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു+. ഇതിൽ പ്രവർത്തിക്കാതെ കിടന്നിരുന്ന ചെമ്പനാംകോട് യൂണിറ്റ് പ്രവർത്തിപ്പിച്ച് തദ്ദേശവാസികൾക്ക് തൊഴിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പ്രവർത്തിക്കാതെ കിടക്കുന്ന ഇടയ്ക്കോട് യൂണിറ്റ് കയ്യേറ്റം ഒഴിപ്പിച്ച് പ്രവർത്തനസജ്ജമാക്കി തദ്ദേശീയർക്ക് തൊഴിൽ നൽകുന്നതിനുള്ള നിയമ നടപടികളും സ്വീകരിച്ചുവരുന്നു.

## കണ്ണൂർ കയർ പ്രോജക്ടിലെ സംഘങ്ങൾക്ക് സഹായം

212(2621) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ കയർ പ്രോജക്ടിന്റെ കീഴിൽ പ്രവർത്തിക്കുന്ന പല സംഘങ്ങളും അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടി സംഘങ്ങളെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉണ്ട്. കണ്ണൂർ കയർ പ്രോജക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത 80 യൂണിറ്റുകളിൽ 21 സഹകരണ സംഘങ്ങളിലാണ് നിലവിൽ ഉത്പാദന പ്രവർത്തനം നടന്നുവരുന്നത്. ചകിരിയുടെയും കയറിന്റെയും വിലക്കുറവ്, ഉത്പാദന ചെലവിനാനുപാതികമായി ഉത്പന്നങ്ങൾക്ക് വില

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ലഭിക്കാത്തത്, കോവിഡ് മഹാമാരി സൃഷ്ടിച്ച പൊതുമാന്ദ്യം എന്നിവ കണ്ണൂർ കയർ പ്രോജക്ടിനുകീഴിലുള്ള സംഘങ്ങളുടെ ഉത്പാദന വിപണന പ്രവർത്തനങ്ങളെ ഉൾപ്പെടെ കയർ വ്യവസായത്തെ മൊത്തത്തിൽ ബാധിച്ചിട്ടുണ്ട്. കയർ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ മുഖേന കണ്ണൂർ കയർ പ്രോജക്ടിനുകീഴിൽ വരുന്ന സംഘങ്ങൾക്കും അടിസ്ഥാന സൗകര്യ വികസന സഹായങ്ങളും മെഷിനറികളും ധനസഹായങ്ങളും ലഭ്യമാക്കി പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കയർ മേഖലയുടെ പുനരുദ്ധാരണം**

213(2622) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ മേഖലയുടെ ഉയർത്തെഴുന്നേൽപ്പിന് സഹായകരമായ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് കയർ മേഖലയുടെ ഉയർത്തെഴുന്നേൽപ്പിന് സഹായകരമായ ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

1. കയർ മേഖലയിൽ ക്ലസ്റ്റർ വികസന തൊണ്ടുശേഖരണ പരിപാടി.
2. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണവും പശ്ചാത്തല വികസനവും/ കയർ വ്യവസായത്തിലെ നിയന്ത്രിത യന്ത്രവൽക്കരണവും.
3. പരിശീലനവും മാനേജ്മെന്റ് മെച്ചപ്പെടുത്തലും.
4. കയർ സാങ്കേതികവിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്കുള്ള ധനസഹായം.
5. വിപണനം, പരസ്യ പ്രചാരണ വ്യാപാര എക്സിബിഷനുകൾ മുതലായവയ്ക്കും ഷോറൂമുകൾ സ്ഥാപിക്കുന്നതിനുമുള്ള ധനസഹായം.
6. കയർ, കയറുത്പന്നങ്ങൾ എന്നിവയുടെ വില്പനയ്ക്കുള്ള വിപണി വികസന സഹായം (50 ശതമാനം സംസ്ഥാനത്തിന്റെ തുല്യവിഹിതം)
7. ഉത്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.)
8. വില വ്യതിയാന സ്ഥിരതാ ഫണ്ട്.
9. കയർ ഭൂവസ്ത്ര വികസന പരിപാടി
10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം
11. കയർ വ്യവസായത്തിന്റെ പുന:സംഘടന – രണ്ടാംഘട്ടം.

(ബി) കടകംപള്ളി കയർ മാറ്റിംഗ്സ് സൊസൈറ്റിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ചിറയിൻകീഴ് പ്രോജക്ട് ഓഫീസിനുകീഴിൽ വരുന്ന കടകംപള്ളി കയർ മാറ്റ്സ് & മാറ്റിംഗ്സ് സൊസൈറ്റി ക്ലിപ്തം നമ്പർ ടി 891-ന് അടിസ്ഥാന സൗകര്യ വികസനത്തിനായി 26,51,799/- രൂപ (ഇരുപത്തിയാറ് ലക്ഷത്തി അമ്പത്തിയൊന്നായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റിയൊമ്പത് രൂപ മാത്രം) 12-12-2019-ലെ സ.ഉ. (ആർ.ടി.) നം. 1248/2019/വ്യ.വ. പ്രകാരം അനുവദിക്കുകയുണ്ടായി. കയർ വികസന വകുപ്പിനുകീഴിലെ കയർ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കേൽപ്പിച്ചിരുന്ന ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (യു.എൽ.സി.സി.എസ്.), ചിറയിൻകീഴ് പ്രോജക്ടിലെ സംഘങ്ങൾ പരിശോധിച്ചശേഷം കടകംപള്ളി കയർ മാറ്റ്സ് & മാറ്റിംഗ്സ് സൊസൈറ്റി ക്ലിപ്തം നമ്പർ ടി 891 സംഘത്തിന്റെ നിലവിലെ എസ്റ്റിമേറ്റ് പരിഷ്കരിച്ച് സമർപ്പിക്കുകയുണ്ടായി. തുടർന്ന് വർക്കിംഗ് ഗ്രൂപ്പ് പരിഷ്കരിച്ച എസ്റ്റിമേറ്റ് അംഗീകരിക്കുകയും 05-11-2020-ലെ സ.ഉ. (സാധാ) നം. 959/2020/വ്യ.വ.

സർക്കാർ ഉത്തരവുപ്രകാരം 46,72,942/- രൂപയുടെ (നാൽപ്പത്തിയാറ് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി തൊള്ളായിരത്തി നാൽപ്പത്തിരണ്ട് രൂപ മാത്രം) ഭരണാനുമതി നൽകുകയും അതിൻപ്രകാരം യു.എൽ.സി.സി.എസ്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുമുണ്ട്.

(സി) കയർ ഉത്പന്നങ്ങൾ വിപണനം നട<u>ത്തു</u>ന്നതിനും തൊഴിലാളികൾക്ക് തൊഴിൽസ്ഥിരത ഉറപ്പാക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

വർദ്ധിച്ച കയറുത്പാദനത്തിനനുസരിച്ച് വിപണി കണ്ടെ<u>ത്തു</u>ന്നതിനായി എം.എൻ.ആർ.ഇ.ജി.എസ്.-മായി ചേർന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മണ്ണ്-ജല സംരക്ഷണ പദ്ധതിക്കും റോഡ് നിർമ്മാണത്തിനും കയർഭൂവസ്ത്ര പദ്ധതി നടപ്പാക്കിവരുന്നു. 2020-21 വരെ 100 കോടി രൂപയുടെ കയർഭൂവസ്ത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം നാളിതുവരെ 40 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കുകയുണ്ടായി. കയറിന്റെയും കയറുത്പന്നങ്ങളുടെയും ആഭ്യന്തര വിപണി വിപുലീകരിക്കുന്നതിനായി "കയർ കേരള" എന്നപേരിൽ എല്ലാ വർഷവും അന്തർദ്ദേശീയ പ്രദർശനമേള സംഘടിപ്പിച്ചുവരുന്നു. കയറുത്പന്നങ്ങൾക്ക് പുതിയ ഉപയോഗ സാദ്ധ്യതകൾ

കണ്ടെത്തുന്നതിനായി കയർ അക്വസ്റ്റിക് പാനൽ, കയർ കോംപോസിറ്റ് ബോർഡ്, ബൈൻഡർലെസ് ബോർഡ്, കയർ ജിയോ-സെൽ, കയർ മൾച്ചിംഗ് മാറ്റ് തുടങ്ങിയ വൈവിദ്ധ്യങ്ങളായ ഉത്പന്നങ്ങൾ എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇവ വ്യാവസായികാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കയറിന്റെയും കയറുത്പന്നങ്ങളുടെയും വിപണി വിപുലീകരണത്തിനായി കയർ കാർണിവൽ, ബി ടു ബി, ബയർ-സെല്ലർ മീറ്റുകൾ എന്നിവയും നടത്തപ്പെടുന്നു. ഇത്തരം നടപടികളുടെ ഭാഗമായി തൊഴിലാളികളുടെ തൊഴിലവസരങ്ങളും തൊഴിൽസ്ഥിരതയും മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

## കയർ മേഖലയുടെ ഉന്നമനം

214(2623) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൗമ സൂചികമുദ്ര ലഭിച്ച പൈതൃക സമ്പത്ത് എന്നനിലയിൽ ആലപ്പുഴ കയർ രാജ്യാന്തര വിപണിയിൽ ബ്രാൻഡ് ചെയ്യാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ ട്രേഡ് മാർക്ക് ആക്ട്, 1999 പ്രകാരം, സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് 'കേരള കയർ' എന്ന ലോഗോ ബ്രാൻഡ് കയർ ത്രെഡ്, കയർ യാൺ, കയർ ജിയോ ടെക്സ്റ്റൈൽസ്, കാർപ്പെറ്റ്സ്, കാർപ്പെറ്റ്സ് ഫോർ ഓട്ടോമൊബൈൽസ്, മാറ്റ്സ് & മാറ്റിംഗ്സ്, ബാത്ത് റൂം മാറ്റ്സ്, ഡോർ മാറ്റ്സ്, ഫ്ലോർ മാറ്റ്സ്, ബാത്ത് റൂം റഗ്ഗ്സ്, ഡോർ റഗ്ഗ്സ്, ഫ്ലോർ റഗ്ഗ്സ്, റോപ്പ്, നെറ്റ്സ്, കോർഡ്സ് & ട്വയിൻസ്, ടെക്സ്റ്റൈൽ മെറ്റീരിയൽസ് എന്നീ കയറുത്പന്നങ്ങൾക്കുവേണ്ടി നേടിയെടുത്തിട്ടുണ്ട്. പത്ത് വർഷമാണ് ഇതിന്റെ കാലാവധി (2017 മുതൽ 2027 വരെ). ഇതുപയോഗിച്ച് കേരളത്തിൽനിന്നുള്ള ഉത്പന്നങ്ങളുടെ ഗുണനിലവാരം സ്റ്റാൻഡേർഡൈസ് ചെയ്യാനും കേരളത്തിൽനിന്നുള്ള കയർ/കയറുത്പന്നങ്ങൾ രാജ്യാന്തര വിപണിയിൽ ബ്രാൻഡിംഗ് ചെയ്യാനും വിപണനം ചെയ്യാനും സാധിക്കും.

(ബി) കയർ മേഖലയിലെ ചെറുകിട ഉത്പാദകരുടെ ഉത്പന്നങ്ങളുടെ സംഭരണവും വിപണനവും രാജ്യാന്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ കയർ പൊതുമേഖലാ സ്ഥാപനങ്ങളാണ് കയറുത്പന്നങ്ങളുടെ വിപണനം നിർവ്വഹിക്കുന്നത്. ആഭ്യന്തര വിപണി വികസിപ്പിക്കുന്നതിനായി റിലയൻസ്, വാൾമാർട്ട് കമ്പനികളുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. കേരളത്തിലെ കയർ വ്യവസായരംഗത്ത് പ്രവർത്തിക്കുന്ന സ്വകാര്യ സംരംഭകർ, കയറ്റുമതി സ്ഥാപനങ്ങൾ, കയർ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ എന്നിവർക്കുവേണ്ടി കയറിന്റെ സമസ്തമേഖലകളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള നൂതനവും സാങ്കേതികവും മാനേജ്മെന്റ് തലത്തിലുമുള്ള പരിശീലനം, സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്നു. കൂടാതെ കയർ സഹകരണസംഘങ്ങളിലെ സ്ത്രീ തൊഴിലാളികൾക്കായി ആധുനിക ഇലക്ട്രോണിക് റാട്ടുകൾ/ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളുപയോഗിച്ച് കയർപിരി പരിശീലനവും തടുക്കുകൾ നിർമ്മിക്കാനുള്ള പരിശീലനവും നൽകിവരുന്നു. കയർ മേഖലയുടെ പുനരുദ്ധാരണത്തിനും തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും മേഖലയിൽ കൂടുതൽ വൈവിദ്ധ്യവൽക്കരണം നടപ്പാക്കുന്നതിനുംവേണ്ടി ഇതിനോടകംതന്നെ ഇൻ-ഹൗസ്

പ്രോജക്ടിലൂടെയും മറ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളുമായി സഹകരിച്ചുകൊണ്ടും പുതിയ ഗവേഷണ പദ്ധതികളിലൂടെ നൂതനമായ ഉത്പന്നങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് അതിന്റെ ഗവേഷണങ്ങളുടെ ഭാഗമായി നിരവധി നൂതനമായ ഉത്പന്നങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കയർ ജിയോസെൽ, കയർ മൾച്ചിംഗ് മാറ്റുകൾ, അക്വാസ്റ്റിക് പാനലുകൾ, ബൈൻഡർലെസ് ബോർഡ് എന്നിവ ഗവേഷണത്തിന്റെ ഭാഗമായി വികസിപ്പിച്ചെടുക്കുകയും ഇവ വ്യാപാരാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കയറുത്പന്നങ്ങളുടെ വിപണി വിപുലീകരണം ലക്ഷ്യമാക്കിയാണ് കയറിന്റെയും മറ്റ് പ്രകൃതിദത്ത നാരുകളുടെയും അന്തർദ്ദേശീയ പ്രദർശന മേളയായ 'കയർ കേരള' നടത്തുന്നത്. 2021 'വെർച്വൽ കയർ കേരള'യിൽ 616.72 കോടി രൂപയുടെ വ്യാപാര കരാർ ഒപ്പിടുകയുണ്ടായി. ഇപ്രകാരം മേളകൾ സംഘടിപ്പിക്കുകവഴി ആഭ്യന്തര-വിദേശ വിപണികൾ വിപുലീകരിക്കുന്നതിന് കഴിയുന്നുണ്ട്.

(സി) പ്രസ്തുത മേഖലയിലെ പ്രാഥമിക സഹകരണ സംഘങ്ങൾ, സ്വകാര്യ സംരംഭങ്ങൾ, കയറ്റുമതി സ്ഥാപനങ്ങൾ എന്നിവയ്ക്കും തൊഴിലാളികൾക്കും നൂതനമായ പരിശീലനവും മേഖലയിൽ ഗവേഷണവും

സംഘടിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിക്കുന്നത്; വിശദമാക്കുമോ?

സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിലെ കയർ വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന സ്വകാര്യ സംരംഭകർ, കയറ്റുമതി സ്ഥാപനങ്ങൾ, കയർ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ എന്നിവർക്കുവേണ്ടി കയറിന്റെ സമസ്ത മേഖലകളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള നൂതനവും സാങ്കേതികവും മാനേജ്മെന്റ് തലത്തിലുള്ളതുമായ പരിശീലനം നടത്തിവരുന്നു. കൂടാതെ കയർ സഹകരണ സംഘങ്ങളിലെ സ്ത്രീ തൊഴിലാളികൾക്കായി ആധുനിക ഇലക്ട്രോണിക് റാട്ടുകൾ/ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളുപയോഗിച്ച് കയർപിരി പരിശീലനവും തടുക്കുകൾ നിർമ്മിക്കാനുള്ള പരിശീലനവും നൽകിവരുന്നു. കയർ മേഖലയുടെ പുനരുദ്ധാരണത്തിനും തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും മേഖലയിൽ കൂടുതൽ വൈവിദ്ധ്യവൽക്കരണം നടപ്പാക്കുന്നതിനുംവേണ്ടി ഇതിനോടകംതന്നെ ഇൻ-ഹൗസ് പ്രോജക്ടിലൂടെയും മറ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളുമായി സഹകരിച്ചുകൊണ്ടും പുതിയ ഗവേഷണ പദ്ധതികളിലൂടെ നൂതനമായ ഉത്പന്നങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. നാഷണൽ കയർ റിസർച്ച് &

മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് അതിന്റെ ഗവേഷണങ്ങളുടെ ഭാഗമായി നിരവധി നൂതനമായ ഉത്പന്നങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കയർ ജിയോസെൽ, കയർ മൾച്ചിംഗ് മാറ്റുകൾ, അക്വാസ്റ്റിക് പാനലുകൾ, ബൈൻഡർലെസ് ബോർഡ് എന്നിവ ഗവേഷണത്തിന്റെ ഭാഗമായി വികസിപ്പിച്ചെടുക്കുകയും ഇവ വ്യാപാരാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മണ്ണ്-ജല സംരക്ഷണത്തിന് ചരിവുപ്രദേശങ്ങളുടെ ബലപ്പെടുത്തലിനും നദീതടങ്ങളുടെയും നീർച്ചാലുകളുടെയും പാർശ്വഭിത്തി സംരക്ഷണത്തിനുമായി കാമ്പസിനുള്ളിലും പുറത്തുമായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് പലവിധ ഗവേഷണ പദ്ധതികൾ നടത്തിവരുന്നു.

## ഡീഫൈബറിംഗ് യന്ത്രങ്ങൾ

215(2624) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കയർ മേഖലയിൽ എത്ര കുതിരശക്തിയുള്ള ഡീഫൈബറിംഗ് യന്ത്രങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ കയർ മേഖലയിൽ സ്ഥാപിക്കുന്നതിനായി കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ് നിർമ്മിക്കുന്ന ഡീഫൈബറിംഗ് മെഷീനുകൾ 10HP, 20HP, 30HP, 50HP കുതിരശക്തിയുള്ളവയാണ്.

(ബി) പ്രതിദിനം എത്ര കിലോഗ്രാം ചകിരിയാണ് പ്രസ്തുത ഡീഫൈബറിംഗ് യന്ത്രങ്ങൾ മുഖേന ഉത്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പ്രതിദിനം 8000 മുതൽ 1,00,000 തൊണ്ടുവരെ ചകിരിയാക്കാൻ കഴിയുന്ന 128 ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുകവഴി ചകിരി ഉത്പാദനശേഷി 2020-21 വർഷം 29,000 ടണ്ണായി ഉയർന്നിട്ടുണ്ട്. 2021-22 ജനുവരിവരെ കേരളത്തിലെ ഡി.എഫ്. മില്ലുകളിൽനിന്ന് 39791 ക്വിന്റൽ ചകിരി കയർഫെഡ് സംഭരിച്ചിട്ടുണ്ട്.

(സി) കേരളത്തിന്റെ കയർ ഉത്പാദനശേഷി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് ആരംഭിച്ച കയർ രണ്ടാം പുനഃസംഘടനാ പദ്ധതിയുടെ ഭാഗമായി 100 കയർ സഹകരണ സംഘങ്ങളിൽ 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചു.

കൂടാതെ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി സംഘങ്ങൾക്ക് 26000 ഇലക്ട്രോണിക് റാട്ടുകളും നൽകിയിട്ടുണ്ട്. 2021-22 ഫെബ്രുവരി മാസം വരെ 16158 ടൺ കയർ ഉത്പാദിപ്പിച്ചിട്ടുണ്ട്.

**കയർ മേഖലയുടെ പുരോഗതി**

216(2625) ശ്രീ. എം. നൗഷാദ്:
ശ്രീ. എച്ച്. സലാം:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധിക്കിടയിലും കയറിന്റെയും കയറുത്പന്നങ്ങളുടെയും കയറ്റുമതിയും ആഭ്യന്തര വില്പനയും വർദ്ധിച്ചിട്ടുണ്ടോ; വർഷത്തിൽ ഇരുന്നൂറ് തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുകയെന്ന ലക്ഷ്യം നേടുന്നതിന് കയർ കോർപ്പറേഷന് കഴിഞ്ഞിട്ടുണ്ടോ?

കോവിഡ് പ്രതിസന്ധിക്കിടയിലും കയറിന്റെയും കയറുത്പന്നങ്ങളുടെയും കയറ്റുമതിയും ആഭ്യന്തര വില്പനയും വർദ്ധിച്ചിട്ടുണ്ട്. വർഷത്തിൽ ഇരുന്നൂറ് തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുകയെന്ന ലക്ഷ്യം നേടുന്നതിന് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് കഴിഞ്ഞിട്ടുണ്ട്.

(ബി) കയർമേഖല നേരിടുന്ന പ്രധാന പ്രശ്നമായ ചകിരി ദൗർലഭ്യത പരിഹരിക്കുന്നതിനും പച്ചത്തൊണ്ടിൽനിന്നും ചകിരി നിർമ്മിക്കാനുള്ള പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; തൊണ്ട് സമാഹരണം കാര്യക്ഷമമായി നടത്താനാകാത്തത് പരിഹരിക്കാൻ പദ്ധതിയുണ്ടോ?

കയർ വ്യവസായമേഖല നേരിട്ടുകൊണ്ടിരുന്ന ഏറ്റവും വലിയ പ്രതിസന്ധിയായിരുന്നു ചകിരിയുടെ ദൗർലഭ്യം. കേരളത്തിലെ കയർ മേഖലയിൽ നടപ്പാക്കുന്ന രണ്ടാം പുനഃസംഘടനാ പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്നാണ് ചകിരി ഉത്പാദനത്തിലെ സ്വയംപര്യാപ്തത. പച്ചത്തൊണ്ടിൽനിന്ന് നേരിട്ട് ചകിരി ഉത്പാദിപ്പിക്കുന്നതിനുള്ള ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. ഇതിനോടകംതന്നെ 8000 മുതൽ 100000 തൊണ്ടുവരെ ചകിരിയാക്കി മാറ്റാൻ കഴിയുന്ന 128 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുവഴി 2021 സെപ്തംബർ മാസത്തോടെ ചകിരി ഉത്പാദനശേഷി 29,000 ടണ്ണായി ഉയർന്നിട്ടുണ്ട്. തൊണ്ടിന്റെ ലഭ്യത കൂടുതലുള്ള വടക്കൻ മേഖലകളിൽ കൂടുതൽ ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനും സ്വകാര്യ സംരംഭകർക്ക് സബ്സിഡി നൽകി അവരെ ഈ മേഖലയിലേയ്ക്ക്

ആകർഷിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിജയകരമായിട്ടുണ്ട്. ഉയർന്ന ഉത്പാദനശേഷിയുള്ള അമ്പത് മില്ലുകൾ മലബാർ മേഖലയിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. തൊണ്ട് ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയ്ക്ക് തൊണ്ട് ലഭ്യമാക്കുന്നതിനായി ആലപ്പുഴ, വൈക്കം എന്നിവിടങ്ങളിൽ കയർ കൺസോർഷ്യം പ്രവർത്തിച്ചുവരുന്നു. കേരളത്തിലെ കയർ വ്യവസായ മേഖലയ്ക്കാവശ്യമായ ചകിരിയുടെ 48 ശതമാനം കേരളത്തിലെ ഡീ-ഫൈബറിംഗ് മില്ലുകളിൽനിന്ന് ലഭിക്കുന്നുണ്ട്. 2020-21 സാമ്പത്തിക വർഷം കേരളത്തിലെ ഡീ-ഫൈബറിംഗ് മില്ലുകളിൽനിന്ന് 35892 ക്വിന്റൽ ചകിരി കയർഫെഡ് സംഭരിച്ചിട്ടുണ്ട്. ഇത് മൊത്തം ചകിരി സംഭരണത്തിന്റെ 33 ശതമാനമാണ്. 2021-22 ജനുവരി വരെ 39791 ക്വിന്റൽ ചകിരി കേരളത്തിലെ ഡീ-ഫൈബറിംഗ് മില്ലുകളിൽനിന്ന് കയർഫെഡ് സംഭരിച്ചിട്ടുണ്ട്. ഇത് മൊത്തം ചകിരി സംഭരിച്ചതിന്റെ 48 ശതമാനമാണ്.

(സി) ഉത്പാദന വർദ്ധനവിനനുസരിച്ച് വിപണി വിപുലീകരണത്തിനും കയർ ഭൂവസ്ത്രമുൾപ്പെടെ ഉത്പന്ന വൈവിദ്ധ്യവൽക്കരണത്തിനും പ്രാധാന്യം നൽകുന്നുണ്ടോ?

ഉത്പാദന വർദ്ധനവിനനുസരിച്ച് വിപണി വിപുലീകരണത്തിനും കയർ ഭൂവസ്ത്രമുൾപ്പെടെ ഉത്പന്ന വൈവിദ്ധ്യവൽക്കരണത്തിനും പ്രാധാന്യം നൽകുന്നുണ്ട്. വർദ്ധിച്ച കയറുത്പാദനത്തിനനുസരിച്ച് വിപണി കണ്ടെത്തുന്നതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷനുമായി ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾക്കും റോഡ് നിർമ്മാണത്തിനും കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നു. 2020-21 വരെ 100 കോടി രൂപയുടെ കയർഭൂവസ്ത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം നാളിതുവരെ 40 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കുകയുണ്ടായി. കയറിന്റെയും കയറുത്പന്നങ്ങളുടെയും ആഭ്യന്തര വിപണി വിപുലീകരിക്കുന്നതിനായി എല്ലാ വർഷവും "കയർ കേരള" എന്നപേരിൽ അന്തർദ്ദേശീയ പ്രദർശനമേള സംഘടിപ്പിച്ചുവരുന്നു. കയറുത്പന്നങ്ങൾക്ക് പുതിയ ഉപയോഗ സാധ്യതകൾ കണ്ടെത്തുന്നതിനായി കയർ അക്വാസ്റ്റിക് പാനൽ, കയർ കോംപോസിറ്റ് ബോർഡ്, ബൈൻഡർലെസ് ബോർഡ്, കയർ ജിയോ-സെൽ, കയർ മൾച്ചിംഗ് മാറ്റ് തുടങ്ങിയ വൈവിദ്ധ്യങ്ങളായ ഉത്പന്നങ്ങൾ സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ്

ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ ഉത്പന്നങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കയറിന്റെയും കയറുത്പന്നങ്ങളുടെയും വിപണി വിപുലീകരണത്തിനായി കയർ കാർണിവൽ, ബി ടു ബി, ബൈയർ-സെല്ലർ മീറ്റുകൾ എന്നിവയും നടത്തിവരുന്നു.

**കയർ വികസന പദ്ധതികൾ**

217(2626) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർ വികസന വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്നതും നടപ്പിലാക്കുവാനുദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

കയർ വികസന വകുപ്പുമായി ബന്ധപ്പെട്ട് നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെച്ചേർക്കുന്നു.

1. കയർ രണ്ടാം പുനഃസംഘടന;

2. വിപണനം, പരസ്യ പ്രചരണ വ്യാപാര പ്രവർത്തനങ്ങൾ മുതലായവയ്ക്കും ഷോറൂമുകൾ സ്ഥാപിക്കുന്നതിനുമുള്ള ധനസഹായം;

3. അൻപത് ശതമാനം കേന്ദ്ര വിഹിതത്തോടെ കയറിന്റെയും കയറുത്പന്നങ്ങളുടെയും വില്പനയ്ക്കുള്ള വിപണി വികസന സഹായം;

4. കയർ ഭ്രവസ്ത്ര വികസന പരിപാടിയിലൂടെ കേരളത്തിലെ മുഴുവൻ കയർ തൊഴിലാളികൾക്കും തൊഴിലും കയറധിഷ്ഠിത വ്യവസായത്തിന്റെ സ്ഥിരതയും ഉറപ്പാക്കൽ;

5. കയർ സാങ്കേതിക വിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്കുള്ള ധനസഹായം;

6. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണവും പശ്ചാത്തല വികസനവും;

7. പരിശീലനവും മാനേജ്മെന്റ് മെച്ചപ്പെടുത്തലും;

8. ഉത്പാദനവും വിപണന പ്രചോദനവും;

9. വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് (ക്രയവിലസ്ഥിരതാ പദ്ധതി);

10. കയർ സഹകരണസംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം;

11. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി;

12. കയർ സഹകരണ സംഘങ്ങളിൽനിന്നും മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽനിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള പ്രത്യേക പദ്ധതി;

13. കയർ സഹകരണ സംഘങ്ങളുടെ പുനഃസംഘടനയും മാനേജീരിയൽ സബ്സിഡിയും.

കയർ വികസന വകുപ്പുമായി ബന്ധപ്പെട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ചുവടെച്ചേർക്കുന്നു.

1. പള്ളിപ്പുറം ഡെവലപ്മെന്റ് സെന്റർ ആലപ്പുഴ - ക്ലസ്റ്റർ രൂപീകരണം;

2. കണിച്ചുകുളങ്ങര, ആലപ്പുഴ - ബൈൻഡർലെസ് ബോർഡ് ഫാക്ടറി രൂപീകരണം;
3. സഹകരണ മേഖലയുടെ കീഴിൽ യന്ത്രവൽകൃത കയറുത്പന്ന നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കൽ.

**കുമ്പള മൊഗ്രാലിൽ കയർ ഡീ-ഫൈബറിംഗ് യൂണിറ്റ്**

218(2627) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പള പഞ്ചായത്തിലെ മൊഗ്രാലിൽ നടപ്പാക്കുന്ന കയർ ഡീ-ഫൈബറിംഗ് യൂണിറ്റ് നിലവിൽ ഏതുഘട്ടത്തിലാണ്; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

കുമ്പള പഞ്ചായത്തിലെ മൊഗ്രാലിൽ നടപ്പാക്കുന്ന കയർ ഡീ-ഫൈബറിംഗ് യൂണിറ്റിന്റെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി കയർഫെഡിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഡീ-ഫൈബറിംഗ് മിൽ സ്ഥാപിക്കുന്നതിന്റെ സാധ്യതാ പഠനറിപ്പോർട്ട് തയ്യാറാക്കുന്നതിനായി സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരളാ സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയുടെ സഹായം കയർഫെഡ് തേടിയിരിക്കുകയാണ്.

(ബി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

കേരളാ സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനി ലഭ്യമാക്കുന്ന സാധ്യതാപഠന റിപ്പോർട്ട് അടിസ്ഥാനമാക്കി കയർഫെഡ് തുടർനടപടി സ്വീകരിക്കുന്നതാണ്.

**ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കയർ സഹകരണസംഘങ്ങൾ**

219(2628) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന കയർ സഹകരണ സംഘങ്ങൾ ഏതൊക്കെയാണ്; പഞ്ചായത്ത്, നഗരസഭ അടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കുമോ?

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ പഞ്ചായത്ത്, നഗരസഭ അടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്ന കയർ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ ചുവടെചേർക്കുന്നു.

<u>പൂതക്കുളം പഞ്ചായത്ത്</u>

1. കലയ്ക്കോട് സി.വി.സി.എസ്. ലിമിറ്റഡ് നം. 203
2. പുത്തൻകുളം എസ്.സി.വി.സി.എസ്. ലിമിറ്റഡ് നം. 1197
3. നെല്ലേറ്റിൽ സി.വി.സി.എസ്. ലിമിറ്റഡ് നം. 643

<u>പരവൂർ നഗരസഭ</u>

1. പരവൂർ സി.വി.സി.എസ്. ലിമിറ്റഡ് നം. 3088
2. കുനയിൽ സി.വി.സി.എസ്. ലിമിറ്റഡ് നം. 636
3. കുറുമണ്ടൽ പരവൂർ സി.വി.സി.എസ്. ലിമിറ്റഡ് നം. 1215
4. ജവഹർലാൽ നെഹ്റു എസ്.സി.വി.സി.എസ്. ലിമിറ്റഡ് നം. 1214

(ബി) 2016 മുതൽ പ്രസ്തുത കയർ സഹകരണ സംഘങ്ങൾക്ക് ഓരോന്നിനും സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

2016 മുതൽ ഓരോ സഹകരണസംഘത്തിനും അനുവദിച്ച ആനുകൂല്യങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**കുണ്ടറ നിയോജകമണ്ഡലത്തിലെ കശുവണ്ടി ഫാക്ടറികൾ**

220(2629) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ സർക്കാർ/സ്വകാര്യ മേഖലകളിലായി എത്ര കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുണ്ടറ നിയോജകമണ്ഡലത്തിൽ സർക്കാർ/സ്വകാര്യ മേഖലകളിലായി ആകെ 73 കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നു.

(ബി) പ്രസ്തുത ഫാക്ടറികളിൽ 2021 ജനുവരി മുതൽ 2022 ഫെബ്രുവരി വരെ എത്ര തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കുമോ?

പ്രസ്തുത ഫാക്ടറികളിൽ 2021 ജനുവരി മുതൽ 2022 ഫെബ്രുവരി വരെ മൊത്തം 9248 തൊഴിൽദിനങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

## കശുവണ്ടി വ്യവസായത്തിന്റെ ആധുനികവൽക്കരണം

221(2630) ശ്രീ. വി. ജോയി:
ശ്രീ. എം. നൗഷാദ്:
ശ്രീമതി യു. പ്രതിഭ:
ഡോ.സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായം ആധുനികവൽക്കരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനുമായി പ്രത്യേകമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആവിഷ്കരിച്ചിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനായി പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപ്പെടുത്തി കശുവണ്ടി വികസന കേർപ്പറേഷന് 2020-21-ൽ 13.5 കോടി രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക വിനിയോഗിച്ച് തൊഴിലാളികളുടെ കുട്ടികൾക്കാവശ്യമായ തൊട്ടിൽപുര, തൊഴിലാളികൾക്കാവശ്യമായ ഡൈനിംഗ് ഹാൾ, ഡ്രസ്സിംഗ് റൂം, വായനാമുറി, ആധുനിക സൗകര്യങ്ങളോടുകൂടിയ ഇൻസിനറേറ്ററുകൾ പിടിപ്പിച്ച ശൗചാലയം, ആന്തരിക ഊഷ്മാവ് ക്രമീകരിക്കുന്നതിനാവശ്യമായ ടർബോ ഫാൻ, കാഷ്യൂപാർക്ക്, സി.സി.ടി.വി., സർവൈലൻസ് ക്യാമറ, കട്ടിംഗ് മെഷീനുകൾ, വൃത്തിയുള്ള പരിസരം, ചുമട് അനായാസമാക്കുന്ന ഹൈഡ്രോളിക് പുള്ളറ്റ് ട്രക്കുകൾ, ഷെഡ്ഡുകളുടെ ഊഷ്മാവ് ക്രമീകരിക്കുന്നതിനുള്ള തെർമ്മൽ സിസ്റ്റം, ആവശ്യത്തിന് കാറ്റും വെളിച്ചവും ഷെഡ്ഡുകളിൽ ലഭിക്കുന്നതിനുള്ള സംവിധാനം, ഭാഗികമായ യന്ത്രവൽക്കരണം എന്നിവ നടപ്പാക്കിയിട്ടുണ്ട്. 2016-17 മുതൽ 2020-21 വരെ കാപെക്സിന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവൽക്കരണത്തിനുമായി അനുവദിച്ച 5.19 കോടി രൂപ വിനിയോഗിച്ച് കാപെക്സിന്റെ

അധീനതയിലുള്ള പെരുമ്പുഴ ഫാക്ടറി പൂർണ്ണമായും പുനർനിർമ്മിക്കുകയും കാപെക്സിന്റെ ഹെഡ് ഓഫീസും 10 ഫാക്ടറികളും പാക്കിംഗ് സെന്ററും തമ്മിൽ ഇന്റഗ്രേറ്റഡ് സോഫ്റ്റ്‌വെയർകൊണ്ട് സി.സി.ടി.വി.-കൾ മുഖേന ബന്ധിപ്പിക്കുകയും കാപെക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലെ ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് ഷെഡ്ഡുകൾ എന്നിവ അറ്റകുറ്റപ്പണികൾ നടത്തുകയും 10 ഫാക്ടറികളിലേയ്ക്കാവശ്യമായ ടോയ്‌ലെറ്റ്, ചുറ്റുമതിൽ മുതലായവ നിർമ്മിക്കുകയും തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആധുനിക നിലവാരമുള്ള കട്ടിംഗ് മെഷീനുകൾ, പീലിംഗ് ടേബിളുകൾ, ഗ്രേഡിംഗ് ടേബിളുകൾ മുതലായവ വാങ്ങി 10 ഫാക്ടറികളിലായി സ്ഥാപിക്കുകയും ചെയ്തു. കൂടാതെ തോട്ടുപുര, ഗോഡൗണുകൾ, യാർഡുകൾ, കുടിവെള്ള സംഭരണികൾ മുതലായവ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) കശുവണ്ടി വ്യവസായത്തെ ശക്തിപ്പെടുത്താനാവശ്യമായ സാമ്പത്തിക ഇടപെടൽ, മാർക്കറ്റിംഗ്, മൂല്യവർദ്ധിത ഉത്പന്നങ്ങൾ എന്നിവ പ്രസ്തുത പദ്ധതി പരിഗണിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

പരിഗണിക്കുന്നുണ്ട്. കശുവണ്ടി വികസന കോർപ്പറേഷന്റെ ആധുനികവൽക്കരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനുമായി

ബഡ്ജറ്റിലുൾപ്പെടുത്തി പ്ലാൻ ഫണ്ടിൽനിന്നും പ്രത്യേക തുക ലഭ്യമാക്കുന്നത് കൂടാതെ, കോർപ്പറേഷൻ ഉത്പന്നങ്ങളുടെ ബ്രാൻഡ് ബിൽഡിംഗിനായും ബഡ്ജറ്റിൽ തുക വകയിരുത്തി ലഭ്യമാക്കിയിട്ടുണ്ട്. കശുവണ്ടി പരിപ്പിൽനിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളായ കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂ വിറ്റ, കാഷ്യൂ ബിറ്റ്സ്, ചോക്കോ കാജു, മിൽക്കി കാജു എന്നിവയും കശുമാങ്ങയിൽനിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളായ കാഷ്യൂ സോഡ, കാഷ്യൂ ആപ്പിൾ ജ്യൂസ്, കാഷ്യൂ സ്ക്വാഷ്, കാഷ്യൂ പൈൻ ജാം എന്നിവയും ഉത്പാദിപ്പിച്ച് വിപണനം നടത്തിവരുന്നു. കശുവണ്ടി പരിപ്പിന്റെയും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെയും വിപണനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഫ്രാഞ്ചൈസികൾ, ഫാക്ടറി ഔട്ട്ലെറ്റുകൾ മുതലായവ സ്ഥാപിക്കുകയും കുടുംബശ്രീ ജില്ലാമിഷൻ വിപണന ശൃംഖലവഴിയും കുടുംബശ്രീ വനിതകളടങ്ങിയ സംരംഭക ഗ്രൂപ്പുകൾ, കുടുംബശ്രീ കഫേകൾ, പിങ്ക് കഫേകൾ, കുടുംബശ്രീ ഹോം ഷോപ്പ് എന്നീ സംരംഭങ്ങൾ/ഡിസ്ട്രിബ്യൂട്ടേഴ്സ് മുഖാന്തരവും ശബരിമല ഔട്ട്ലെറ്റ് തുറന്നും വിപണനം വിപുലമാക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇതുവഴി കൂടുതൽ വിപണന സാദ്ധ്യതയുണ്ടാവുകയും ചെയ്യുന്നു. കൂടാതെ വിപണിയിലെ മാറ്റങ്ങൾക്കനുസൃതമായി കാഷ്യൂ കോർപ്പറേഷന്റെ ഓൺലൈൻ

വെബ്സൈറ്റ് വഴിയും ആമസോൺ വഴിയും കശുവണ്ടി പരിപ്പിന്റെയും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെയും വിപണനം ശക്തിപ്പെടുത്തുന്നുണ്ട്. കോർപ്പറേഷന്റെ പൊതുവായ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു. കാപെക്സിന് വർഷാവർഷം പദ്ധതി വിഹിതത്തിൽ ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗും കമ്പോള ബോധവൽക്കരണവും (H/A-2852-08-600-81) എന്ന കണക്കിനത്തിൽ തുക വകയിരുത്തി നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ 2016-21 കാലയളവിൽ കാപെക്സിന് 2.40 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. കശുവണ്ടി പരിപ്പിന്റെ വില്പന വർദ്ധിപ്പിക്കുന്നതിനായി വിവിധ എക്സിബിഷനുകളിൽ/സെമിനാറുകളിൽ പങ്കെടുക്കുകയും പത്രപരസ്യങ്ങൾ നൽകുകയും വൈവിദ്ധ്യമാർന്ന പൗച്ചുകളിൽ വിവിധ തരത്തിലുള്ള പരിപ്പുകൾ നിറച്ച് വില്പന നടത്തുകയും മൂല്യവർദ്ധിത ഉത്പന്നങ്ങളായ കാഷ്യൂ റോസ്റ്റഡ് ആൻഡ് സാൾട്ടഡ്, കാഷ്യൂ ചില്ലി, കാഷ്യൂ പെപ്പർ മുതലായവ ഉത്പാദിപ്പിച്ച് വില്പന നടത്തിവരികയും ചെയ്യുന്നു. ആഭ്യന്തര മാർക്കറ്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി റീട്ടെയിൽ സെയിൽസിനും ഫ്രാഞ്ചൈസി സെയിൽസിനും മുൻഗണന നൽകിവരുന്നതു കൂടാതെ വിവിധ സർക്കാർ

ഔട്ട്ലെറ്റുകൾ, പോലീസ് കാന്റീനുകൾ, കൺസ്യൂമർഫെഡ് മുതലായവവഴി വില്പന നടത്തുകയും ചെയ്തുവരുന്നു. നിലവിൽ കാപെക്സിന്റെ അധീനതയിലുള്ള ഫാക്ടറികളിൽ 4 ഔട്ട്ലെറ്റുകൾ തുടങ്ങുകയും അതുവഴി വില്പന നടത്തിവരികയും ചെയ്യുന്നു. 2016-17 കാലയളവിൽ 45.84 കോടി രൂപയും 2017-18 കാലയളവിൽ 86.86 കോടി രൂപയും 2018-19 കാലയളവിൽ 76.51 കോടി രൂപയും 2019-20 കാലയളവിൽ 85.18 കോടി രൂപയും 2020-21 കാലയളവിൽ കോവിഡ് മഹാമാരി കാപെക്സിന്റെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിച്ചുവെങ്കിലും 46.88 കോടി രൂപയുടെ വിറ്റുവരവും ലഭിക്കുകയുണ്ടായി. 28-02-2022 വരെ 57.52 കോടി രൂപയുടെ വിറ്റുവരവ് കാപെക്സ് കൈവരിക്കുകയുണ്ടായി. കാപെക്സ് ഫാക്ടറികളെല്ലാംതന്നെ നിലവിൽ തുടർച്ചയായി പ്രവർത്തിച്ചുവരികയാണ്.

(സി) സ്വകാര്യ കശുവണ്ടി വ്യവസായത്തിന് കൈത്താങ്ങായി സർക്കാർ പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; ഇതനുസരിച്ച് സഹായം ലഭ്യമാക്കുന്നുണ്ടോ; വിശദമാക്കുമോ?

പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി വ്യവസായമേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി മേഖലയെ

പുനരുജ്ജീവിപ്പിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് നടപ്പാക്കാൻ മുൻസർക്കാർ തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായി പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം തുറന്നുപ്രവർത്തിക്കാൻ ബുദ്ധിമുട്ട് നേരിട്ട 70 കശുവണ്ടി ഫാക്ടറികൾക്ക് സർക്കാർ പലിശ ഗ്യാരണ്ടി നൽകി ബാങ്കുകൾവഴി അധിക വായ്പ നൽകുകയുണ്ടായി. സ്വകാര്യ കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനമായി ബാങ്കുകൾ നൽകുന്ന പുതിയ വായ്പയുടെ പലിശ സർക്കാർ ഏറ്റെടുക്കുമെന്ന് 06-02-2019-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനത്തെത്തുടർന്ന് 2019-20 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇതിനായി 25 കോടി രൂപ പ്രഖ്യാപിക്കുകയും 304.44 ലക്ഷം രൂപ സർക്കാർ എസ്.എൽ.ബി.സി.-ക്ക് അനുവദിക്കുകയും ചെയ്തിരുന്നു. സ്വകാര്യ കശുവണ്ടി മേഖലയിൽ 2019-ൽ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ 'ഒറ്റത്തവണ തീർപ്പാക്കൽ' നടപ്പാക്കുന്നതിന് കൃത്യമായ ഫോർമുല രൂപീകരിക്കുന്നതിനും ബാങ്കിന് ശിപാർശ നൽകുന്നതിനുമായി സർക്കാർ പ്രതിനിധി, എസ്.എൽ.ബി.സി. കൺവീനർ, വ്യവസായികളുടെ പ്രതിനിധി എന്നിവരുൾപ്പെട്ട മൂന്നംഗ കമ്മിറ്റി രൂപീകരിക്കുകയും കശുവണ്ടി

വ്യവസായികളും ബാങ്ക് പ്രതിനിധികളും തമ്മിൽ ഒ.ടി.എസ്. സംബന്ധിച്ച് സമവായത്തിലെത്തുന്നതിനായി 30-12-2021-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് അന്തിമതീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മീറ്റിംഗ് കൈക്കൊണ്ട സുപ്രധാന തീരുമാനങ്ങൾ ചുവടെച്ചേർക്കുന്നു.

1. 31-01-2019 വരെ എൻ.പി.എ. ആയ അക്കൗണ്ടുകൾക്കുപകരം 31-03-2020 വരെ എൻ.പി.എ. ആയ അക്കൗണ്ടുകൾ ഈ പാക്കേജിന്റെ പരിധിയിലുൾപ്പെടുത്തിയിട്ടുണ്ട്.

2. രണ്ട് കോടി രൂപ വരെയുള്ള അക്കൗണ്ടുകൾക്ക് ഒ.ടി.എസ്. തുകയുടെ 50% അംഗീകരിച്ച് ഒ.ടി.എസ്. അനുവദിക്കുന്നതാണ്. രണ്ട് കോടി രൂപയ്ക്കുമുകളിൽ പത്ത് കോടി രൂപ വരെയുള്ള എൻ.പി.എ. അക്കൗണ്ടുകൾക്ക് ഒ.ടി.എസ്. തുകയുടെ 60% അംഗീകരിച്ച് ഒ.ടി.എസ്. അനുവദിക്കുന്നതാണ്.

3. ഒ.ടി.എസ്. സ്വീകരിക്കുന്ന അക്കൗണ്ട് ഹോൾഡർ 31-03-2022-നകം ബാങ്കുമായി കരാറിലേർപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ഒ.ടി.എസ്. സ്വീകരിച്ച് ബാധ്യത ഒഴിവാക്കുന്നതിന് ഒ.ടി.എസ്. സ്വീകരിക്കുന്ന തീയതി മുതൽ പരമാവധി ഒരു വർഷംവരെ സമയം അനുവദിക്കുന്നതാണ്.

5. ഒ.ടി.എസ്. സ്വീകരിക്കുന്നവർക്ക് ഒ.ടി.എസ്. തുകയുടെ 10% ഇനിഷ്യൽ പേമെന്റായി ബാങ്കുകളിലൊടുക്കുന്നതിന് ഒ.ടി.എസ്. സ്വീകരിക്കുന്ന തീയതി മുതൽ 2 മാസത്തെ സമയം അനുവദിക്കുന്നതാണ്.

മേൽ യോഗതീരുമാന പ്രകാരം വ്യവസായികൾ ബാങ്കുകളുമായി കരാറിലേർപ്പെടുന്നതോടെ കോവിഡുമൂലം അടച്ചിടൽ നേരിടേണ്ടിവന്ന ഭൂരിഭാഗം കശുവണ്ടി ഫാക്ടറികളും തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിക്കുന്നതാണ്. കശുവണ്ടി വ്യവസായ മേഖലയിലെ നിലവിലെ പ്രശ്നങ്ങളും പ്രതിസന്ധികളും സാദ്ധ്യതകളും വിലയിരുത്തുന്നതിനും ഭാവിപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി 18-01-2022-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും കശുവണ്ടി വ്യവസായികളുമായും തൊഴിലാളി സംഘടനാ നേതാക്കളുമായും കശുവണ്ടി വികസന കോർപ്പറേഷൻ/കാപെക്സ്/കാഷ്യൂ ബോർഡ്/കശുമാവ് കൃഷി വികസന ഏജൻസി എന്നിവയിലെ ഉന്നതാധികാരികളുമായും യോഗങ്ങൾ

നടത്തി. പ്രസ്തുത മീറ്റിംഗുകളിൽ കശുവണ്ടി മേഖലയെ പുനരുദ്ധരിക്കുന്നതിന് സാദ്ധ്യമായ എല്ലാ സഹായ സഹകരണങ്ങളും സർക്കാർ ഉറപ്പുനൽകുകയും കശുവണ്ടി വ്യവസായ മേഖലയിൽ സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപെക്സിന്റെയും പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പ്രവർത്തനങ്ങളിൽ പ്രൊഫഷണൽ സമീപനം കൊണ്ടുവരുന്നതിനും തീരുമാനമെടുക്കുകയും ചെയ്തു. കശുവണ്ടി മേഖലയുടെ പുനരുദ്ധാരണത്തിനും സമഗ്ര വികസനത്തിനുമായി 2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 95 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കോവിഡുമൂലം ജീവനോപാധികൾ നഷ്ടപ്പെട്ട ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനത്തിനും ആധുനീകരണത്തിനുള്ള മൂലധന സഹായത്തിനും പലിശ സഹായത്തിനും പുനരുദ്ധാരണത്തിനുമായി 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാങ്ക് ലോണുകൾക്ക് പലിശയിളവ് നൽകാനും തൊഴിൽ നൽകുന്നതിനനുസരിച്ച് മറ്റ് പ്രോത്സാഹന പദ്ധതികൾ നടപ്പാക്കാനുമായി 30 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കോവിഡാനന്തരം സ്വകാര്യ കശുവണ്ടി വ്യവസായ

മേഖല പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിന് ഈ പദ്ധതികൾ സഹായമാകുന്നതാണ്.

## കശുവണ്ടി വ്യവസായം

222(2631) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലോക്ഡൗൺമൂലം പ്രവർത്തനം നിലച്ചുപോയ കശുവണ്ടി ഫാക്ടറികളുടെ സാമ്പത്തിക തകർച്ച പരിഹരിക്കാനായി സർക്കാർ സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി വ്യവസായ മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് നടപ്പാക്കാൻ മുൻസർക്കാർ തീരുമാനിച്ചിരുന്നു. സ്വകാര്യ കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനമായി ബാങ്കുകൾ നൽകുന്ന പുതിയ വായ്പയുടെ പലിശ സർക്കാർ ഏറ്റെടുക്കുമെന്നുള്ള 06-02-2019-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനത്തെത്തുടർന്ന് ഇതിനായി 25 കോടി രൂപ 2019-20 വർഷത്തെ

ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും 304.44 ലക്ഷം രൂപ സർക്കാർ എസ്.എൽ.ബി.സി.-ക്ക് അനുവദിക്കുകയും ചെയ്തു. സ്വകാര്യ കശുവണ്ടി മേഖലയിൽ 2019-ൽ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതി നടപ്പാക്കുന്നതിന് കൃത്യമായ ഫോർമുല രൂപീകരിക്കുന്നതിനും ബാങ്കിന് ശിപാർശ നൽകുന്നതിനുമായി സർക്കാർ പ്രതിനിധി, എസ്.എൽ.ബി.സി. കൺവീനർ, വ്യവസായികളുടെ പ്രതിനിധി എന്നിവരുൾപ്പെട്ട മൂന്നംഗ കമ്മിറ്റി സർക്കാർ രൂപീകരിച്ചിരുന്നു. കശുവണ്ടി വ്യവസായികളും ബാങ്ക് പ്രതിനിധികളും തമ്മിൽ ഒ.ടി.എസ്. സംബന്ധിച്ച് സമവായത്തിലെത്തുന്നതിനായി 30-12-2021-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മൂന്നംഗ കമ്മിറ്റി യോഗം ചേരുകയും ഒ.ടി.എസ്. സംബന്ധിച്ച് അന്തിമതീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മീറ്റിംഗ് കൈക്കൊണ്ട സുപ്രധാന തീരുമാനങ്ങൾ ചുവടെച്ചേർക്കുന്നു.

1. 31-01-2019 വരെ എൻ.പി.എ. ആയ അക്കൗണ്ടുകൾക്കുപകരം 31-03-2020 വരെ എൻ.പി.എ. ആയ അക്കൗണ്ടുകൾ ഈ പാക്കേജിന്റെ പരിധിയിലുൾപ്പെടുത്തുന്നതാണ്.

2. രണ്ട് കോടി രൂപ വരെയുള്ള അക്കൗണ്ടുകൾക്ക് ഒ.ടി.എസ്. തുകയുടെ 50% അംഗീകരിച്ച് ഒ.ടി.എസ്. അനുവദിക്കുന്നതാണ്. രണ്ട് കോടി രൂപയ്ക്ക് മുകളിൽ പത്ത് കോടി രൂപവരെയുള്ള എൻ.പി.എ. അക്കൗണ്ടുകൾക്ക് ഒ.ടി.എസ്. തുകയുടെ 60% അംഗീകരിച്ച് ഒ.ടി.എസ്. അനുവദിക്കുന്നതാണ്.

3. ഒ.ടി.എസ്. സ്വീകരിക്കുന്ന അക്കൗണ്ട് ഹോൾഡർ 31-03-2022-നകം ബാങ്കുമായി കരാറിലേർപ്പെട്ട് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ഒ.ടി.എസ്. സ്വീകരിച്ച് ബാധ്യതയൊഴിവാക്കുന്നതിന് ഒ.ടി.എസ്. സ്വീകരിക്കുന്ന തീയതി മുതൽ പരമാവധി ഒരു വർഷംവരെ സമയം അനുവദിക്കുന്നതാണ്.

5. ഒ.ടി.എസ്. സ്വീകരിക്കുന്നവർ ഒ.ടി.എസ്. തുകയുടെ 10% ഇനിഷ്യൽ പേമെന്റായി ബാങ്കുകളിലൊടുക്കുന്നതിന് ഒ.ടി.എസ്. സ്വീകരിക്കുന്ന തീയതി മുതൽ 2 മാസത്തെ സമയം അനുവദിക്കുന്നതാണ്.

മേൽയോഗ തീരുമാനപ്രകാരം വ്യവസായികൾ ബാങ്കുകളുമായി കരാറിലേർപ്പെടുന്നതോടെ കോവിഡുമൂലം അടച്ചിടൽ നേരിടേണ്ടിവന്ന ഭൂരിഭാഗം കശുവണ്ടി ഫാക്ടറികളും തുറന്ന് പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നതാണ്. കശുവണ്ടി വ്യവസായ മേഖലയിലെ നിലവിലെ

പ്രശ്നങ്ങളും പ്രതിസന്ധികളും സാദ്ധ്യതകളും വിലയിരുത്തുന്നതിനും ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി 18-01-2022-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും കശുവണ്ടി വ്യവസായികളുമായും തൊഴിലാളി സംഘടനാ നേതാക്കളുമായും കശുവണ്ടി വികസന കോർപ്പറേഷൻ/കാപെക്സ്/കാഷ്യൂ ബോർഡ്/കശുമാവ് കൃഷി വികസന ഏജൻസി എന്നിവയിലെ ഉന്നതാധികാരികളുമായും യോഗങ്ങൾ നടത്തി. പ്രസ്തുത മീറ്റിംഗുകളിൽ കശുവണ്ടി മേഖലയെ പുനരുദ്ധരിക്കുന്നതിന് സാദ്ധ്യമായ എല്ലാ സഹായസഹകരണങ്ങളും സർക്കാർ ഉറപ്പുനൽകുകയും കശുവണ്ടി വ്യവസായ മേഖലയിൽ സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപെക്സിന്റെയും പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പ്രവർത്തനങ്ങളിൽ പ്രൊഫഷണൽ സമീപനം കൊണ്ടുവരുന്നതിനും തീരുമാനമെടുക്കുകയും ചെയ്തു. കശുവണ്ടി മേഖലയുടെ പുനരുദ്ധാരണത്തിനും സമഗ്രവികസനത്തിനുമായി 2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 95 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കോവിഡുമൂലം ജീവനോപാധികൾ നഷ്ടപ്പെട്ട ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന

മൂലധനത്തിനും ആധുനീകരണത്തിനുള്ള മൂലധന സഹായത്തിനും പലിശ സഹായത്തിനും പുനരുദ്ധാരണത്തിനുമായി 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാങ്ക് ലോണുകൾക്ക് പലിശയിളവ് നൽകാനും തൊഴിൽ നൽകുന്നതിനനുസരിച്ച് മറ്റ് പ്രോത്സാഹന പദ്ധതികൾ നടപ്പാക്കാനുമായി 30 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കോവിഡാനന്തരം സ്വകാര്യ കശുവണ്ടി വ്യവസായമേഖല പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിന് ഈ പദ്ധതികൾ സഹായമാകുന്നതാണ്. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിൽ പ്രമുഖമായ കശുവണ്ടി വ്യവസായം, പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് പ്രത്യേകിച്ചും സമൂഹത്തിലെ സാമൂഹികവും സാമ്പത്തികവുമായി താഴെക്കിടയിലുള്ള സ്ത്രീ തൊഴിലാളികൾക്ക് നേരിട്ട് തൊഴിൽ നൽകുന്ന മേഖലയായതിനാൽ സർക്കാർ ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സജീവമായ ഇടപെടൽ നടത്തിയിട്ടുണ്ട്. അത് തുടരുന്നതുമാണ്.

## പ്ലാന്റേഷൻ ഡയറക്ടറേറ്റ്

223(2632) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നത് ആലോചനയിലുണ്ടോ;

(ബി) എങ്കിൽ വ്യവസായ വകുപ്പുമായി സംയോജിച്ചുകൊണ്ട് പദ്ധതിക്ക് രൂപം നൽകുമോ?

(എ&ബി) ഉണ്ട്. വ്യവസായ വകുപ്പിനുകീഴിൽ ഒരു പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തോട്ടം മേഖലയുടെ വാണിജ്യ സാദ്ധ്യതയും മൂല്യവർദ്ധന സാദ്ധ്യതയും കണക്കിലെടുത്താണ് പ്ലാന്റേഷൻ ഡയറക്ടറേറ്റ് വ്യവസായ വകുപ്പിന്റെ കീഴിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്. മറ്റുവകുപ്പുകളുമായി കൂടിയാലോചിച്ച് പദ്ധതികൾ നടപ്പാക്കും.

## സൗരോർജ്ജ പാനലിൽനിന്നുള്ള അധിക വൈദ്യുതി

224(2633) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന സൗരോർജ്ജ പാനലിൽനിന്നും ഉത്പാദിപ്പിക്കപ്പെടുന്ന അധിക വൈദ്യുതി, വൈദ്യുതി വകുപ്പിനുതന്നെ നൽകുന്ന പദ്ധതിയുടെ വിശദാംശം നൽകുമോ?

ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന സൗരോർജ്ജ പാനലിൽനിന്നും ഉത്പാദിപ്പിക്കുന്ന അധിക വൈദ്യുതി, വൈദ്യുതി വകുപ്പിനുതന്നെ നൽകുന്ന പദ്ധതിയാണ് സൗര സബ്സിഡി പദ്ധതി. ഈ പദ്ധതിക്കായി 2019-20 വർഷത്തേയ്ക്ക് 50 മെഗാവാട്ടും 2020-21 വർഷത്തേയ്ക്ക് 200 മെഗാവാട്ടും ഉൾപ്പെടുത്താനാണ് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) കെ.എസ്.ഇ.ബി.എൽ.-ന് അനുമതി നൽകിയിരിക്കുന്നത്. ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമേ ഇതിൽ പങ്കെടുക്കാനാകൂ. പദ്ധതി നിർവ്വഹണത്തിനായി 37 കമ്പനികളെ എം.എൻ.ആർ.ഇ.-യുടെ മാനദണ്ഡങ്ങൾ പ്രകാരം കെ.എസ്.ഇ.ബി.എൽ. എംപാനൽ ചെയ്തിട്ടുണ്ട്. 2022 ജൂണിൽ പദ്ധതി പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. സബ്സിഡി സ്കീമിൽ നിലവിൽ 6.944 മെഗാവാട്ട് നിലയങ്ങൾ പൂർത്തീകരിച്ചു. ഗ്രിഡ് ബന്ധിത സൗരോർജ്ജ നിലയങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി ഗ്രിഡ്ഡുമായി ബന്ധിപ്പിക്കുന്നതിലൂടെ അവ സ്ഥാപിക്കുന്ന കെട്ടിടത്തിലെ

വൈദ്യുതാവശ്യം നിറവേറ്റുന്നതിനും അധികമായി ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. ഗ്രിഡ്ഡിലേയ്ക്ക് നൽകുന്നതിനും കഴിയുന്നു. ഇങ്ങനെ അധികമായി നൽകുന്ന വൈദ്യുതിക്ക് കെ.എസ്.ഇ.ബി.എൽ. ഒരു നിശ്ചിത നിരക്കിലുള്ള തുക ഉപഭോക്താക്കൾക്ക് പ്രതിവർഷം നൽകുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിക്ക് നൽകിവരുന്ന സബ്സിഡികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി പ്രകാരം ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി ലഭിക്കുന്നത്. 3 കിലോവാട്ട് വരെ സ്ഥാപിക്കുന്നതിന് എം.എൻ.ആർ.ഇ. നിശ്ചയിച്ചിട്ടുള്ള അടിസ്ഥാനവിലയുടെ 40 ശതമാനവും 3 കിലോവാട്ടിന് മുകളിൽ 10 കിലോവാട്ട് വരെ ശേഷിയുള്ള പ്ലാന്റിന് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്ന് 20 ശതമാനവും നിരക്കിലാണ് കേന്ദ്ര സബ്സിഡി ലഭിക്കുന്നത്. ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ടുവരെ (ഒരു വീടിന് പരമാവധി 10 കിലോവാട്ട്

എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി ലഭിക്കുന്നതാണ്. കെ.എസ്.ഇ.ബി.എൽ. എംപാനൽ ചെയ്ത ഡെവലപ്പർമാർ വഴിയാണ് പ്ലാന്റ് സ്ഥാപിക്കുന്നത്. ഈ പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. അനുമതി നൽകിയിട്ടുണ്ട്.

## സ്വകാര്യ ഉത്പാദകരിൽനിന്നും വൈദ്യുതി വാങ്ങൽ

225(2634) ഡോ. മാത്യു കുഴൽനാടൻ:
ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിറ്റിന് നാല് രൂപ ഇരുപത്തിയൊമ്പത് പൈസ നിരക്കിൽ ഇന്ത്യ തെർമൽ പവർ കമ്പനിയിൽനിന്നും ഇരുന്നൂറ് മെഗാവാട്ടും പവർ ലിമിറ്റഡിൽനിന്നും നൂറ്റിയമ്പത് മെഗാവാട്ടും വൈദ്യുതി വാങ്ങാനുള്ള കരാർ കഴിഞ്ഞ സർക്കാർ ഒപ്പിട്ടിരുന്നോ എന്ന് വ്യക്തമാക്കുമോ?

യൂണിറ്റിന് 4 രൂപ 29 പൈസ നിരക്കിൽ ഡിസംബർ 2014 കാലഘട്ടത്തിൽ 450 മെഗാവാട്ട് വൈദ്യുതി വാങ്ങാൻ കരാർ ഒപ്പിട്ടിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെച്ചേർക്കുന്നു.

| | |
|---|---|
| 100 മെഗാവാട്ട് | BALCO |

| | |
|---|---|
| 150 മെഗാവാട്ട് | ജിൻഡാൽ പവർ ലിമിറ്റഡ് |
| 100 മെഗാവാട്ട് | ജാബുവ പവർ ലിമിറ്റഡ് |
| 100 മെഗാവാട്ട് | ജെ. ഐ. ടി. പി. എൽ. |

(ബി) എങ്കിൽ പ്രസ്തുത കരാറുകൾക്ക് റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരം ലഭിച്ചിരുന്നോ; ഇല്ലെങ്കിൽ എന്ത് കാരണത്താലാണ് റെഗുലേറ്ററി കമ്മീഷൻ അംഗീകാരം നൽകാതിരുന്നതെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത കരാറുകളിൽ ആദ്യത്തേതിനൊഴികെ മറ്റുള്ളവയ്ക്ക് റെഗുലേറ്ററി കമ്മീഷന്റെ പൂർണ്ണ അംഗീകാരം ലഭിച്ചിട്ടില്ല. ഡി.ബി.എഫ്.ഒ.ഒ. ഡോക്യുമെന്റിൽനിന്നും വരുത്തിയിട്ടുള്ള വ്യതിയാനം കാരണമാണ് അംഗീകാരം ലഭിക്കാത്തത്.

(സി) പ്രസ്തുത കരാറിന്റെ നിരക്ക് കൂടുതലാണെന്ന് സി.&എ.ജി. റിപ്പോർട്ടിൽ പരാമർശമുണ്ടോ; വിശദാംശം നൽകുമോ?

നിരക്ക് കൂടുതലാണെന്ന് സി.&എ.ജി. റിപ്പോർട്ട് പരാമർശിക്കുന്നില്ല. എന്നാൽ ടി ദീർഘകാല കരാറുകളിലേർപ്പെട്ടുമ്പോഴുള്ള വ്യതിയാനം ഭാവിയിൽ കരാറിലേർപ്പെട്ടുമ്പോൾ വരാതിരിക്കാൻ മുൻകൂറായി ടെണ്ടറിംഗ് പ്രോസസ്സ് വ്യതിയാനങ്ങൾക്ക് അപ്രോപ്രിയേറ്റ് അതോറിറ്റിയിൽനിന്നും

അംഗീകാരം വാങ്ങേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കുറഞ്ഞനിരക്കിലേയ്ക്കുള്ള മാച്ചിംഗ് ഉറപ്പാക്കാതിരുന്നാൽ ധനനഷ്ടമുണ്ടാകുമെന്ന് സി.&എ.ജി. പരാമർശിക്കുന്നുണ്ട്. നിലവിൽ ഈ കരാറുകൾ സർക്കാർതലത്തിൽ പുനഃപരിശോധിച്ചുവരുന്നു.

## ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ

226(2635) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന നടപടി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ അവനവഞ്ചേരി ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ ഒരു ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ നിർമ്മാണം പൂർത്തിയായിവരുന്നു. ഏപ്രിൽ 2022-ഓടുകൂടി നിർമ്മാണ പ്രവർത്തനം പൂർണ്ണമായും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അതോടൊപ്പം താഴെപ്പറയുന്ന 5 സ്ഥലങ്ങളിൽ പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ ഇലക്ട്രിക് 2/3 വീലറുകൾക്കായി നിർമ്മിക്കുന്നതിനും തീരുമാനിച്ചിരിക്കുന്നു. 2

മാസംകൊണ്ട് ഈ സ്റ്റേഷനുകൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

1. തപസ്യ തിയേറ്ററിന് സമീപം
2. മാമം ജംഗ്ഷൻ
3. കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന് സമീപം
4. സിവിൽ സ്റ്റേഷന് സമീപം
5. കടുവാപ്പള്ളിക്ക് സമീപം.

**കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷൻ**

227(2636) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കൽ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതെന്നത് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അറിയിക്കുമോ?

(എ&ബി) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ചുവടെച്ചേർക്കുന്ന സ്ഥലങ്ങളിൽ പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. നിശ്ചയിച്ചിരിക്കുന്നു.

1. ആയഞ്ചേരി നാളോം കൊറോൽ
2. ആയഞ്ചേരി തെരുവ്
3. തീക്കുനി
4. അത്രൂർ
5. ചെറുപുറം

കേരളത്തിലുടനീളം 1140 പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകളുടെ ശൃംഖല നിർമ്മിക്കുന്നതിനുള്ള പദ്ധതിയിലുൾപ്പെടുത്തിയാണ് പ്രസ്തുത സ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കാൻ പദ്ധതിയിട്ടിരിക്കുന്നത്. ജൂലൈ 2022-ഓടുകൂടി പദ്ധതി പൂർണ്ണമായും പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗിന് ഈടാക്കാനുദ്ദേശിക്കുന്ന നിരക്ക് എത്രയാണെന്ന് അറിയിക്കുമോ?

കെ.എസ്.ഇ.ബി.എൽ. സ്ഥാപിക്കുന്ന ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ യൂണിറ്റിന് 13 രൂപ + ജി.എസ്.ടി.-യും സ്ലോ (Slow) ചാർജ്ജിംഗ് സ്റ്റേഷനുകളിൽ യൂണിറ്റിന് 9 രൂപ + ജി.എസ്.ടി. എന്ന നിരക്കിലുമാണ് വൈദ്യുതി ബോർഡ് ചാർജ്ജിംഗിന്

ഉപഭോക്താവിൽനിന്നും ഈടാക്കുന്നത്. അനെർട്ട് സ്ഥാപിക്കുന്ന ചാർജ്ജിംഗ് സ്റ്റേഷനുകളിൽ 2021 നവംബർ മുതൽ ഒരു വർഷത്തേയ്ക്ക് ചുവടെകൊടുത്തിരിക്കുന്ന പ്രകാരം നിരക്കുകൾ താത്കാലികമായി നിശ്ചയിച്ചിരിക്കുന്നു.

- രാവിലെ 6.00 മുതൽ വൈകിട്ട് 6.00 വരെ - യൂണിറ്റിന് 12 രൂപ.
- വൈകിട്ട് 6.00 മുതൽ രാത്രി 10.00 വരെ - യൂണിറ്റിന് 15 രൂപ
- രാത്രി 10.00 മുതൽ രാവിലെ 6.00 വരെ - യൂണിറ്റിന് 10 രൂപ.

**അന്തർസംസ്ഥാന വൈദ്യുതി പ്രസരണ ലൈനുകളിൽ ഓപ്പൺ അക്സസ്**

228(2637) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലയിൽ അന്തർസംസ്ഥാന വൈദ്യുതി പ്രസരണ ലൈനുകളിൽ ഓപ്പൺ അക്സസ് കൊണ്ടുവരാൻ കേന്ദ്രം തയ്യാറെടുക്കുന്നതായുള്ള വാർത്ത ശരിയാണോയെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി നിയമം, 2003 നിലവിൽ വന്നനാൾ മുതൽ രാജ്യത്ത് ഓപ്പൺ അക്സസ് നിലവിലുണ്ട്. 2004-ലാണ് കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ആദ്യമായി അന്തർ സംസ്ഥാന വൈദ്യുതി പ്രസരണ ലൈനുകളിൽ ഓപ്പൺ അക്സസ് നൽകുന്നതിനുള്ള റെഗുലേഷൻ

പുറപ്പെടുവിച്ചത്. ടി റെഗുലേഷൻപ്രകാരം ഓപ്പൺ അക്സസ് നൽകുന്നത് വൈദ്യുതി വാങ്ങൽ/വിൽക്കൽ കരാറടിസ്ഥാനത്തിലാണ്. കൃത്യമായും വൈദ്യുതി കടത്തിവിടുന്ന സ്ഥലവും (injection point) സ്വീകരിക്കുന്ന സ്ഥലവും (drawal point) സൂചിപ്പിച്ച് നൽകുന്ന അപേക്ഷയിന്മേലാണ് ഓപ്പൺ അക്സസ് അനുവദിക്കുന്നത്. ഒരു വൈദ്യുതി കരാറിന് നൽകുന്ന ഓപ്പൺ അക്സസ് മറ്റ് കരാറുകൾക്കുവേണ്ടി ഉപയോഗിക്കാൻ പറ്റുന്നതല്ല. എന്നാൽ കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 16-12-2021-ൽ കരട് സി.ഇ.ആർ.സി. (Connectivity and General Network Access to the Inter-State Transmission System) റെഗുലേഷൻ, 2021 പുറപ്പെടുവിച്ചിട്ടുണ്ട്. ഈ കരട് ചട്ടപ്രകാരം നിലവിലുള്ള ഓപ്പൺ അക്സസ് രീതിയിൽ മാറ്റമുണ്ട്. കരട് ചട്ടപ്രകാരം ഇന്റർ സ്റ്റേറ്റ് ട്രാൻസ്മിഷൻ സിസ്റ്റം ഉപയോഗിക്കുന്നതിന് "General Network Access" അപേക്ഷയാണ് നൽകേണ്ടത്. ഇതിന് യൂട്ടിലിറ്റികളുടെ വൈദ്യുതി വാങ്ങൽ/വില്പന കരാറുമായി ബന്ധമില്ല. ഓരോ യൂട്ടിലിറ്റികളും അവർക്ക് അന്തർസംസ്ഥാന പ്രസരണ ശൃംഖലയിൽ അക്സസ് ആവശ്യമുള്ള വൈദ്യുതിക്കനുസൃതമായി "General Network Access" എടുക്കേണ്ടതാണ്. ഈ ജി.എൻ.എ. പരിധിക്കുള്ളിൽ ഏത് കരാർ പ്രകാരമുള്ള വൈദ്യുതിയും കൊണ്ടുവരാൻ

സാധിക്കുന്നതാണ്. "General Network Access" ക്വാണ്ടത്തിനനുസൃതമായി ട്രാൻസ്മിഷൻ ചാർജ്ജ് നൽകേണ്ടതാണ്. ഈ പരിധി അധികരിച്ചാൽ അഡീഷണൽ ട്രാൻസ്മിഷൻ ചാർജ്ജ് നൽകേണ്ടതാണ്.

(ബി) ഓപ്പൺ അക്സസ് എന്നതുകൊണ്ട് എന്താണുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

വൈദ്യുതി നിയമം, 2003 അനുസരിച്ച് ഒരു ലൈസൻസിക്കോ ഒരു കൺസ്യൂമറിനോ ഒരു ജനറേറ്ററിനോ പ്രസരണവിതരണ ശൃംഖലകൾ റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിക്കുന്ന രീതിയിൽ നോൺ-ഡിസ്ക്രിമിനേറ്ററി അക്സസ് വഴി ഉപയോഗിക്കാൻ സാധിക്കുന്നതാണ്, 'ഓപ്പൺ അക്സസ്' എന്നതുകൊണ്ടുദ്ദേശിക്കുന്നത്.

(സി) പ്രസ്തുത വിഷയത്തിൽ അഭിപ്രായം തേടി കേരളത്തിന് കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നോട്ടീസ് നൽകിയിട്ടുണ്ടോ; എങ്കിൽ നോട്ടീസിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കരട് സി.ഇ.ആർ.സി. റെഗുലേഷൻ, 2021-മേലുള്ള അഭിപ്രായം എല്ലാ സ്റ്റേക്ക് ഹോൾഡേഴ്സിനോടും ആരാഞ്ഞിട്ടുണ്ട്.

(ഡി) മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വൈദ്യുതി കൊണ്ടുവരാൻ അന്തർസംസ്ഥാന വൈദ്യുതി ലൈനുകൾ ഉപയോഗിക്കാനുള്ള അനുമതി ആർക്കൊക്കെയാണുള്ളതെന്ന് അറിയിക്കുമോ?

നിലവിൽ ഡിസ്ട്രിബ്യൂഷൻ ലൈസൻസികൾക്കും ജനറേറ്റേഴ്സിനും ഒരു മെഗാവാട്ടിനുമുകളിൽ ഡിമാന്റുള്ള ഉപഭോക്താക്കൾക്കും ഓപ്പൺ അക്സസ് avail ചെയ്യാം. കാപ്റ്റീവ് കൺസ്യൂമേഴ്സിന് ഒരു മെഗാവാട്ട് മിനിമം ലിമിറ്റ് ബാധകമല്ല. ഇപ്രകാരമെടുക്കുന്ന ഓപ്പൺ അക്സസ് റെഗുലേറ്ററി കമ്മീഷന്റെ ഓപ്പൺ അക്സസ് റെഗുലേഷന് അടിസ്ഥാനമായിരിക്കണം.

(ഇ) പ്രസരണ ലൈനുകൾ സ്വതന്ത്രമാകുന്നതോടെ ഉണ്ടാകാൻപോകുന്ന മാറ്റങ്ങൾ, വീഴ്ചകൾ, കോട്ടങ്ങൾ, നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

മാറ്റങ്ങൾ: വൈദ്യുതി നിയമം, 2003 നിലവിൽ വന്നനാൾ മുതൽ രാജ്യത്ത് ഓപ്പൺ അക്സസ് നിലവിലുണ്ട്. 2004-ലാണ് കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ആദ്യമായി അന്തർ സംസ്ഥാന വൈദ്യുതി പ്രസരണ ലൈനുകളിൽ ഓപ്പൺ അക്സസ് നൽകുന്നതിനുള്ള റെഗുലേഷൻ പുറപ്പെടുവിച്ചത്. ടി റെഗുലേഷൻ പ്രകാരം ഓപ്പൺ അക്സസ് നൽകുന്നത് വൈദ്യുതി വാങ്ങൽ/വിൽക്കൽ കരാറടിസ്ഥാനത്തിലാണ്. കൃത്യമായും

വൈദ്യുതി കടത്തിവിടുന്ന സ്ഥലവും (injection point) സ്വീകരിക്കുന്ന സ്ഥലവും (drawal point) സൂചിപ്പിച്ച് നൽകുന്ന അപേക്ഷയിന്മേലാണ് ഓപ്പൺ അക്സസ് അനുവദിക്കുന്നത്. ഒരു വൈദ്യുതി കരാറിന് നൽകുന്ന ഓപ്പൺ അക്സസ് മറ്റ് കരാറുകൾക്കുവേണ്ടി ഉപയോഗിക്കുവാൻ പറ്റുന്നതല്ല. എന്നാൽ കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 16-12-2021-ൽ കരട് സി.ഇ.ആർ.സി. റെഗുലേഷൻ, 2021 പുറപ്പെടുവിച്ചിട്ടുണ്ട്. ഈ കരട് ചട്ടപ്രകാരം നിലവിലുള്ള ഓപ്പൺ അക്സസ് രീതിയിൽ മാറ്റമുണ്ട്. കരട് ചട്ടപ്രകാരം ഇന്റർ സ്റ്റേറ്റ് ട്രാൻസ്മിഷൻ സിസ്റ്റം ഉപയോഗിക്കുന്നതിന് "General Network Access" അപേക്ഷയാണ് നൽകേണ്ടത്. ഇതിന് യൂട്ടിലിറ്റികളുടെ വൈദ്യുതി വാങ്ങൽ/വില്പന കരാറുമായി ബന്ധമില്ല. ഓരോ യൂട്ടിലിറ്റികളും അവർ അന്തർസംസ്ഥാന പ്രസരണ ശൃംഖലയിൽ അക്സസ് ആവശ്യമുള്ള വൈദ്യുതിക്കനുസൃതമായി "General Network Access" എടുക്കേണ്ടതാണ്. ഈ ജി.എൻ.എ. പരിധിക്കുള്ളിൽ ഏത് കരാർ പ്രകാരമുള്ള വൈദ്യുതിയും കൊണ്ടുവരാൻ സാധിക്കുന്നതാണ്. "General Network Access" quantom-ന് അനുസൃതമായി ട്രാൻസ്മിഷൻ ചാർജ്ജ് നൽകേണ്ടതാണ്. ഈ പരിധി അധികരിച്ചാൽ അഡീഷണൽ ട്രാൻസ്മിഷൻ ചാർജ്ജ് നൽകേണ്ടതാണ്.

വീഴ്ചകൾ: കരട് റെഗുലേഷനനുസരിച്ച് ജനറേറ്റിംഗ് ചാർജ്ജിന് ട്രാൻസ്മിഷൻ ചാർജ്ജ് ബാധ്യതയില്ല. ഈ നിലയങ്ങളിൽനിന്ന് വൈദ്യുതി വാങ്ങുന്ന യൂട്ടിലിറ്റികൾ ട്രാൻസ്മിഷൻ ചാർജ്ജ് നൽകണം. എന്നാൽ ധാരാളം നിലയങ്ങൾ ഗുണഭോക്താക്കളില്ലാതെയാണ് ഷോർട്ട് ടേം മാർക്കറ്റിൽ വൈദ്യുതി വിൽക്കുന്നത്. ഈ നിലയങ്ങൾക്കുവേണ്ടിയുണ്ടാക്കിയ പ്രസരണ ലൈനുകളുടെ ട്രാൻസ്മിഷൻ ചാർജ്ജ്, ടി കരട് റെഗുലേഷൻ പ്രകാരം രാജ്യത്തെ എല്ലാ യൂട്ടിലിറ്റികൾക്കും ബാധ്യതയായി മാറുകയും ഇത് എല്ലാ സംസ്ഥാനങ്ങളുടെയും വൈദ്യുതി വാങ്ങുന്ന യൂട്ടിലിറ്റികളുടെയും ട്രാൻസ്മിഷൻ ചാർജ്ജ് കൂടാനുമിടയാക്കും. ഇതുകൂടാതെ മറ്റൊരു വീഴ്ചയെന്നത് ടി കരട് റെഗുലേഷൻ പ്രകാരം ജനറേറ്റേഴ്സ് റിലിൻക്വിഷ്മെന്റ് ചാർജ്ജ് അടയ്ക്കേണ്ടതില്ലെന്നതാണ്. നിലവിൽ ഒരു ജനറേറ്റർ പ്രസരണ ലൈനുകളുടെ അക്സസ് വേണ്ടെന്നുവയ്ക്കുകയാണെങ്കിൽ (relinquish ചെയ്യുമ്പോൾ) റെഗുലേഷൻ പ്രകാരമുള്ള റിലിൻക്വിഷ്മെന്റ് ചാർജ്ജ് അടയ്ക്കേണ്ടതാണ്. ഇത് മറ്റ് യൂട്ടിലിറ്റികളുടെ ട്രാൻസ്മിഷൻ ചാർജ്ജ് കുറയ്ക്കാൻ സഹായിക്കും. എന്നാൽ കരട് റെഗുലേഷൻ പ്രകാരം ഇത് waive ചെയ്തിരിക്കുകയാണ്. നിലവിൽ ഏകദേശം 37000 മെഗാവാട്ട് ജനറേഷൻ കപ്പാസിറ്റിയാണ് റിലിൻക്വിഷ് ചെയ്യാൻ അപേക്ഷ നൽകിയിരിക്കുന്നത്.

ഇവർക്ക് റിലിൻഗ്വിഷ്മെന്റ് ചാർജ്ജ് അടയ്ക്കാതെ എക്സിറ്റ് നൽകുകയാണെങ്കിൽ ഈ ജനറേറ്റേഴ്സിനുവേണ്ടി കൺസ്ട്രക്ട് ചെയ്ത് അസോസിയേറ്റഡ് ട്രാൻസ്മിഷൻ സിസ്റ്റത്തിന്റെ കോസ്റ്റ് മറ്റ് യൂട്ടിലിറ്റികൾ വഹിക്കേണ്ടിവരികയും ഇത് മറ്റ് യൂട്ടിലിറ്റികളുടെ ട്രാൻസ്മിഷൻ ചാർജ് കൂട്ടുകയും ചെയ്യും. ടി കരട് റെഗുലേഷനിലെ ചില നിബന്ധനകൾ കേന്ദ്ര ഊർജ്ജ മന്ത്രാലയം പുറപ്പെടുവിച്ച CERC (Electricity Transmission System Planning Development and Recovery of Inter-State Transmission Charges) Rules 2021-ന്റെ വ്യവസ്ഥകളനുസരിച്ചല്ല പുറപ്പെടുവിച്ചിട്ടുള്ളത്.

## ചാർജ്ജിംഗ് പോയിന്റുകൾ

229(2638) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓരോ നിയോജകമണ്ഡലത്തിലും പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന അഞ്ച് ചാർജ്ജിംഗ് പോയിന്റുകളിൽ ഉപഭോക്താക്കൾക്ക് ഫീസ് നിശ്ചയിക്കുന്നത് ഏത് രീതിയിലാണ്; അത് എത്രയാണെന്ന് വ്യക്തമാക്കുമോ?

ഓരോ നിയോജകമണ്ഡലത്തിലും ചുരുങ്ങിയത് 5 ചാർജ്ജിംഗ് പോയിന്റുകൾ ആരംഭിക്കാനുദ്ദേശിക്കുന്ന പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷൻ പദ്ധതിയിൽ 3.3 KW, AC സ്ലോ ചാർജ്ജറാണ് ഉപയോഗിക്കുന്നത്. പ്രധാനമായും ഇലക്ട്രിക് 2/3 വീലർ വാഹനങ്ങൾക്കുവേണ്ടിയാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. യൂണിറ്റിന് 9 രൂപ + ജി.എസ്.ടി. എന്ന നിരക്കിലാണ് ഉപഭോക്താക്കൾക്ക് ഫീസ് നിശ്ചയിച്ചിരിക്കുന്നത്.

## വൈദ്യുതി ഉത്പാദനം

230(2639) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ ഉത്പാദനത്തിൽ ഇടത്തരം കുടുംബങ്ങളെക്കൂടി ആകർഷിക്കുന്നതിന് പ്രത്യേക പദ്ധതി ആലോചനയിലുണ്ടോ; പ്രസരണനഷ്ടം ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡിയോടുകൂടി പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചുനൽകുന്ന സൗര സബ്സിഡി പദ്ധതി ഇപ്പോൾ നിലവിലുണ്ട്. ഈ പദ്ധതി വഴി എം.എൻ.ആർ.ഇ. നിശ്ചയിച്ച

ബെഞ്ച്മാർക്ക് നിരക്കിന്റെ 40% വരെ പരമാവധി സബ്സിഡി ലഭിക്കും. സബ്സിഡി തുക കുറച്ചുള്ള ബാക്കി തുകമാത്രം ഉപഭോക്താവ് നൽകിയാൽ മതിയാകും. ഈ പദ്ധതി ഇടത്തരം കുടുംബങ്ങൾക്കുകൂടി ആകർഷകമാണ്. വൈദ്യുതി പ്രസരണനഷ്ടം കുറച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രസരണ ശൃംഖലയുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷിവർദ്ധിപ്പിക്കൽ, സബ്സ്റ്റേഷനിലെ ട്രാൻസ്ഫോർമറുകളുടെ ശേഷിവർദ്ധിപ്പിക്കൽ, പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടേജിലേയ്ക്ക് ഉയർത്തൽ, പുതിയ കപ്പാസിറ്റർ ബാങ്കുകൾ സ്ഥാപിക്കൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം തുടങ്ങിയവ നടപ്പാക്കിവരുന്നു. പ്രസരണ ലൈനുകളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതിക്ക് രൂപം നൽകി പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത പദ്ധതിയുടെയും അനുബന്ധ പദ്ധതികളുടെയും പൂർത്തീകരണത്തോടെ പ്രസരണ നഷ്ടത്തിൽ 107 മെഗാവാട്ട് കുറവുണ്ടാകുമെന്ന് കണക്കാക്കുന്നു. ഇതുവഴി പ്രതിവർഷം 522 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ കഴിയും. എം.എൻ.ആർ.ഇ.

സംസ്ഥാനത്ത് നടപ്പാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ ഇടത്തരം കുടുംബങ്ങളെക്കൂടി ആകർഷിക്കുന്നതിനായി അനെർട്ട് പ്രമുഖ ബാങ്കുകളുമായി ചേർന്ന് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) സർക്കാർ/സ്വകാര്യ വ്യക്തികളുടെ തരിശ് ഭൂമി ഏറ്റെടുത്ത് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതി ആലോചനയിലുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ കർഷകർക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ കൃഷിയോഗ്യമല്ലാത്ത ഭൂമിയിൽനിന്ന് സൗരവൈദ്യുതി ഉത്പാദിപ്പിക്കുന്ന പി.എം. കുസും പദ്ധതി നടപ്പാക്കാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന് എം.എൻ.ആർ.ഇ.-യിൽനിന്നും പി.എം. കുസും കമ്പോണന്റ് A സ്കീം പ്രകാരം 40 മെഗാവാട്ടിനാണ് അനുമതി ലഭിച്ചിട്ടുള്ളത്. പദ്ധതിയുടെ ലക്ഷ്യങ്ങളിലൊന്ന് കൃഷിക്കാരുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുക എന്നതാണ്. സബ്സ്റ്റേഷനിൽനിന്ന് അഞ്ച് കിലോമീറ്റർ ചുറ്റളവിൽ സ്ഥിതിചെയ്യുന്ന കർഷകരുടെ കൃഷിയോഗ്യമല്ലാത്തതോ തരിശ്ശോ ആയ

ഭൂമിയിൽ 500 കിലോവാട്ട് മുതൽ 2 മെഗാവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതാണ് ഈ പദ്ധതി. കർഷകർക്ക് സ്വന്തം നിലയ്ക്കോ കുറച്ചുപേർ ചേർന്നോ കോ-ഓപ്പറേറ്റീവ്സ്/പഞ്ചായത്ത്/ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ/വാട്ടർ യൂസർ ഓർഗനൈസേഷൻ എന്നീ നിലയിലോ പദ്ധതിയിൽ പങ്കുചേരാവുന്നതാണ്. കർഷകർക്ക് സ്വന്തം ചെലവിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് അതിൽനിന്ന് ലഭിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന് വിൽക്കാം. പരമാവധി ഒരു യൂണിറ്റ് വൈദ്യുതിക്ക് 3.66 രൂപവരെ (ബിഡ്ഡിലെ സീലിംഗ് നിരക്ക്) ലഭിക്കും. എം.എൻ.ആർ.ഇ.-യുടെ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് കർഷകർ/കർഷക സംഘം/സഹകരണ സംഘങ്ങൾ/പഞ്ചായത്തുകൾ/കർഷക ഉത്പാദക സംഘടനകൾ (FPO)/വാട്ടർ യൂസർ അസോസിയേഷനുകൾ (WUA) മുതലായവയ്ക്ക് സ്വന്തം നിലയ്ക്ക് സോളാർ പ്ലാന്റ് സ്ഥാപിക്കാൻ കഴിയുന്നില്ലെങ്കിൽ ഡെവലപ്പർമാർ വഴിയോ അല്ലെങ്കിൽ പ്രാദേശിക DISCOM (KSEBL) വഴിയോപോലും സോളാർ പ്ലാന്റ് സ്ഥാപിക്കാൻ തെരഞ്ഞെടുക്കാം. അത്തരമൊരു സാഹചര്യത്തിൽ കക്ഷികൾ തമ്മിലുള്ള പരസ്പര ധാരണ പ്രകാരം ഭൂവുടമയ്ക്ക് പാട്ട വാടക ലഭിക്കും. എന്നാൽ

കെ.എസ്.ഇ.ബി.എൽ. സ്വന്തം മുതൽമുടക്കിൽ സ്ഥലം ഏറ്റെടുത്തുകൊണ്ട് ഈ പദ്ധതിയിൽ പ്ലാന്റുകളൊന്നും സ്ഥാപിക്കുന്നില്ല. താരിഫ് ബെയ്സ്ഡ് ബിഡ്ഡിംഗിലൂടെ സോളാർ പവർ ജനറേറ്റേഴ്സിനെ തെരഞ്ഞെടുക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. 05-11-2021-ൽ ടെൻഡർ ക്ഷണിക്കുകയും ആകെ 5.5 മെഗാവാട്ടിന്റെ ഓഫർ ലഭിക്കുകയുമുണ്ടായി. ശേഷിക്കുന്ന കപ്പാസിറ്റിക്ക് ഉടനെ ടെൻഡർ ക്ഷണിക്കുന്നതാണ്. ഇതിന്റെ തുടർനടപടികൾ പുരോഗമിക്കുന്നു. കർഷകർക്ക് സ്വന്തംനിലയ്ക്ക് സോളാർ പ്ലാന്റ് സ്ഥാപിക്കാൻ കഴിയുന്നില്ലെങ്കിൽ ഡെവലപ്പർ വഴി പ്ലാന്റ് സ്ഥാപിക്കാൻ കഴിയും. ഇതിനായി ഭൂമി പാട്ടത്തിന് നൽകുന്നതിലേയ്ക്കായി കർഷകനും ഡെവലപ്പറും തമ്മിൽ 25 വർഷത്തേയ്ക്ക് ഒരു ഉഭയകക്ഷി ഉടമ്പടിവയ്ക്കേണ്ടതുണ്ട്. അത്തരമൊരു സാഹചര്യത്തിൽ കക്ഷികൾ തമ്മിലുള്ള പരസ്പര ധാരണപ്രകാരം ഭൂവുടമയ്ക്ക് പാട്ട വാടക ലഭിക്കും. കർഷകർക്കും ഡെവലപ്പർമാർക്കും പദ്ധതിയുടെ ടെൻഡറിൽ പങ്കെടുക്കാം. പദ്ധതി സ്ഥാപിക്കുന്നതിനായി 25 വർഷത്തേയ്ക്ക് ഭൂമി പാട്ടത്തിന് നൽകാൻ തയ്യാറായ കർഷകരുടെ ഒരു പട്ടിക തയ്യാറാക്കുകയും ടെൻഡറിനോടൊപ്പം പ്രസിദ്ധീകരിക്കുകയും ചെയ്യുന്നതാണ്. ഡെവലപ്പർമാർക്ക് കർഷകരുമായുള്ള പാട്ടക്കരാർ നടപ്പാക്കുന്നതിനായി ടെൻഡറിൽ പ്രസിദ്ധീകരിച്ച കർഷകരുടെ

ഭൂമി തെരഞ്ഞെടുക്കാവുന്നതാണ്. ഇതുവരെ ആകെ 92 ഏക്കർ ഭൂമിയാണ് കർഷകർ ലീസിന് നൽകാൻ തയ്യാറായി നൽകിയിട്ടുള്ളത്.

(സി) കൂടിയ തോതിൽ വൈദ്യുതി ആവശ്യംവരുന്ന പൊതുകെട്ടിടങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വീടുകൾ എന്നിവയ്ക്ക് സോളാർ സംവിധാനം നിർബന്ധമാക്കുവാൻ ആലോചനയുണ്ടോ; വിശദമാക്കുമോ?

പരിശോധിക്കുന്നതാണ്.

(ഡി) വൈദ്യുതി വിതരണം ഭൂഗർഭ കേബിൾ ശൃംഖലയിലൂടെയാക്കുന്നതിന് നിലവിൽ ആലോചനയുണ്ടോ; പൊതുനിരത്തുകളിൽ വൈദ്യുതി വിതരണ സംവിധാനങ്ങൾക്ക് ഭീഷണിയാകുന്ന മരങ്ങളും മറ്റും മുറിച്ചുമാറ്റുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

RAPDRP പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗര പ്രദേശങ്ങളിലെ എച്ച്.ടി. വൈദ്യുതി ശൃംഖല അണ്ടർ ഗ്രൗണ്ട് കേബിളുകളാക്കി മാറ്റിയിട്ടുണ്ട്. താരതമ്യേന ചെലവേറിയ പദ്ധതിയായതുകൊണ്ടും ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതുകൊണ്ടും മറ്റ് സ്ഥലങ്ങളിൽ ഘട്ടംഘട്ടമായി

എച്ച്.ടി. വൈദ്യുതി ലൈനുകൾ അണ്ടർ ഗ്രൗണ്ട് കേബിളുകളാക്കാനാണ് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിരിക്കുന്നത്. വൈദ്യുതി വിതരണശൃംഖല ശക്തിപ്പെടുത്താനും വിതരണശൃംഖല ആധുനികവൽക്കരിക്കാനും 'ഊർജ്ജ കേരള മിഷനിൽ' ഉൾപ്പെടുത്തി കെ.എസ്.ഇ.ബി.എൽ. നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിതരണശൃംഖല നവീകരണ പദ്ധതിയായ 'ദ്യുതി'യിലും അടുത്ത അഞ്ചുവർഷത്തെ (2022-23 മുതൽ 2026-27 വരെ) കെ.എസ്.ഇ.ബി.എൽ.-ന്റെ പദ്ധതിയായ 'ദ്യുതി 2.0'-ലും കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ ആർ.ഡി.എസ്.എസ്.-ലും ഉൾപ്പെടുത്തി കൂടുതൽ സ്ഥലങ്ങളിൽ അണ്ടർ ഗ്രൗണ്ട് കേബിളുകൾ വ്യാപിപ്പിക്കാൻ കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നു. വൈദ്യുത വിതരണ സംവിധാനങ്ങൾക്ക് ഭീഷണിയാകുന്ന വൃക്ഷശിഖരങ്ങൾ മുറിച്ചുമാറ്റുന്നതിനും മഴക്കാലത്തിന് മുന്നോടിയായി നടത്തുന്ന അറ്റകുറ്റപ്പണികളുടെ ഭാഗമായി അതത് സെക്ഷൻ ഓഫീസുകളിൽ യഥാസമയം നടപടി സ്വീകരിച്ചുവരുന്നു. മരങ്ങൾ മുറിച്ചുമാറ്റുന്നതിന് വസ്തു ഉടമയ്ക്ക് നോട്ടീസ് കൊടുക്കുകയും അതേത്തുടർന്ന് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിനും ഡിസ്ട്രിക്ട് മജിസ്ട്രേറ്റിനും റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നുണ്ട്.

(ഇ) തിരുവനന്തപുരം സിറ്റിയിൽ തെരുവ് വിളക്കുകളുടെ ഉത്തരവാദിത്വം ആർക്കാണെന്ന് വിശദമാക്കുമോ?

തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും കേടായവ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള ഉത്തരവാദിത്വം നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായതിനാൽ തിരുവനന്തപുരം സിറ്റിയിലെ തെരുവ് വിളക്കുകളുടെ ഉത്തരവാദിത്വം തിരുവനന്തപുരം കോർപ്പറേഷനാണ്. പുതുതായി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി കോർപ്പറേഷൻ വർക്ക് ഡെപ്പോസിറ്റ് വ്യവസ്ഥയിൽ പണമടയ്ക്കുന്നമുറയ്ക്ക് ആവശ്യമായ ലൈനുകൾ വലിക്കുകയും തെരുവ് വിളക്കുകൾ വാങ്ങി നൽകുന്നമുറയ്ക്ക് അവ സ്ഥാപിച്ചുനൽകുകയും ചെയുന്നു. തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി, സാധനസാമഗ്രികൾ ലഭ്യമാക്കി വർക്ക് ഡെപ്പോസിറ്റ് വ്യവസ്ഥയിൽ അറ്റകുറ്റപ്പണികൾക്കാവശ്യമുള്ള തുക കെ.എസ്.ഇ.ബി.എൽ.-ൽ നിക്ഷേപിക്കുന്നതിനനുസരിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പാക്കാറുണ്ട്.

(എഫ്) ഐ.ടി. തലസ്ഥാനമായ കഴക്കൂട്ടം ഉൾപ്പെടുന്ന മേഖലകളിൽ വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

കഴക്കൂട്ടം മേഖലയിൽ വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുന്നതിനായി 11 കെ.വി. ഭൂഗർഭ വൈദ്യുതി വിതരണശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി റിംഗ് മെയിൻ സംവിധാനം ശക്തിപ്പെടുത്തുന്ന നടപടി പുരോഗമിച്ചുവരുന്നു. എൽ.ടി. വൈദ്യുതി വിതരണശൃംഖലയിലെ വൈദ്യുതി തകരാറുകൾ കുറയ്ക്കുന്നതിനായി എ.സി.എസ്.ആർ. കമ്പികൾ മാറ്റി പകരം എ.ബി.സി. ലൈനുകൾ വലിക്കുന്ന നടപടി പുരോഗമിക്കുന്നു. വിതരണശൃംഖല നവീകരണ പദ്ധതിയായ ദ്യുതിയിലുൾപ്പെടുത്തിയിട്ടുള്ള 45.09 ലക്ഷം രൂപയുടെ പ്രവൃത്തികൾ 2020-21, 2021-22 കാലയളവിലായി പൂർത്തീകരിക്കുകയും 20 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടന്നുവരികയും ചെയ്യുന്നു.

## ആദിവാസി മേഖലകളിലേയ്ക്ക് വൈദ്യുതീകരണം

231(2640) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിലെ കല്ലേലിമേട്, കുഞ്ചിപ്പാറ, തലവച്ചപ്പാറ, വാരിയം, തേര, ഉറിയൻപെട്ടി തുടങ്ങിയ ആദിവാസി മേഖലകളിൽ വൈദ്യുതീകരണം നടത്തിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ വൈദ്യുതീകരണത്തിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ പിന്നാക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. എസ്.ടി. കോളനികളുടെ വൈദ്യുതീകരണത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കുകയും ഫണ്ട് ലഭ്യമാക്കുന്നതിനായി പ്രസ്തുത ഡി.പി.ആർ. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഈ കോളനികളുടെ ലിസ്റ്റിൽ തലവച്ചപ്പാറ, കുഞ്ചിപ്പാറ, വാരിയം, തേര, ഉറിയൻപെട്ടി എന്നീ കോളനികളുൾപ്പെട്ടിട്ടുണ്ട്. എന്നാൽ കല്ലേലിമേട് ജനറൽ വിഭാഗത്തിൽപ്പെട്ട കോളനിയായതിനാൽ ഇതിലുൾപ്പെട്ടിട്ടില്ല.

(സി) മേൽപ്പറഞ്ഞ ഓരോ ആദിവാസി കോളനിയുടെയും വൈദ്യുതീകരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എത്ര തുകയുടെ എസ്റ്റിമേറ്റാണ് ഓരോ കോളനിക്കുംവേണ്ടി തയ്യാറാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

തലവച്ചപ്പാറ, കുഞ്ചിപ്പാറ എന്നീ കോളനികളിലേയ്ക്ക് വൈദ്യുതി എത്തിക്കേണ്ടത് കല്ലേലിമേട് വഴിയായതിനാൽ കല്ലേലിമേട്, തലവച്ചപ്പാറ,

കുഞ്ചിപ്പാറ എന്നീ കോളനികളിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനായി 4.07 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ വാരിയം, തേര, ഉറിയൻപെട്ടി എന്നീ കോളനികൾ ദുർഘട പ്രദേശങ്ങളാകയാൽ സോളാർ പാനലുകളുപയോഗിച്ച് അവിടെ വൈദ്യുതി ലഭ്യമാക്കുന്നതാണ് അഭികാമ്യമെന്നാണ് പട്ടികവർഗ്ഗ വികസന വകുപ്പിനോട് അറിയിച്ചിരിക്കുന്നത്. കൂടാതെ, സോളാർ പാനലുകൾ ലഭ്യമാക്കുന്നതിന്റെ സാധ്യത പരിശോധിക്കാനായി അനെർട്ട് ഡയറക്ടറോടും ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത കോളനികൾ വൈദ്യുതീകരിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമുള്ളതിനാൽ ആയത് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

വനം വകുപ്പിന്റെ അനുമതി ലഭ്യമായിട്ടില്ല. കല്ലേലിമേട് ജനറൽ വിഭാഗത്തിൽപ്പെടുന്ന കോളനിയായതുകൊണ്ട് വനാവകാശ നിയമത്തിൽപ്പെടാത്തതിനാൽ വനം വകുപ്പിന്റെ അനുമതി ലഭിക്കുന്നതിൽ തടസ്സം നേരിടുന്നു. തലവച്ചപ്പാറ, കുഞ്ചിപ്പാറ എന്നീ കോളനികളിലേയ്ക്ക് വനം വകുപ്പിന്റെ അനുമതിക്കായി കെ.എസ്.ഇ.ബി.എൽ. അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ഇ) ഏകദേശം അറുന്നൂറോളം ആദിവാസി കുടുംബങ്ങൾ താമസിക്കുന്ന മേൽപ്പറഞ്ഞ പ്രദേശങ്ങളിലേയ്ക്ക് അടിയന്തരമായി വൈദ്യുതി എത്തിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

വനം വകുപ്പിന്റെ അനുമതി, വൈദ്യുതീകരണത്തിനാവശ്യമായ തുക എന്നിവ ലഭ്യമാക്കുന്നമുറയ്ക്ക് കോളനികളുടെ വൈദ്യുതീകരണം നടപ്പാക്കുന്നതാണ്.

**തിരൂർ നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി**

232(2641) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നിലവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

തിരൂർ നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 110 കെ.വി. തിരൂർ സബ്സ്റ്റേഷന്റെ ശേഷി 37.5 MVA-യിൽനിന്നും 52.5 MVA ആയി ഉയർത്തുകയും 3 പുതിയ 11 കെ.വി. ഫീഡറുകൾ വൈദ്യുതി വിതരണത്തിനായി സജ്ജമാക്കുകയും ചെയ്തു. കുറ്റിപ്പുറം സബ്സ്റ്റേഷനിൽനിന്നും കല്പകഞ്ചേരി സബ്സ്റ്റേഷനിലേയ്ക്ക് ഒരു

33 കെ.വി. ഫീഡർ ലഭ്യമാക്കുന്ന പ്രവൃത്തി നടപ്പാക്കി. 33 കെ.വി. കല്പകഞ്ചേരി സബ്സ്റ്റേഷന്റെ ശേഷി 10 MVA-യിൽനിന്നും 16 MVA ആക്കി ഉയർത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 220 കെ.വി. സബ്സ്റ്റേഷൻ വെങ്ങാലൂരിൽ സ്ഥാപിക്കുന്നതിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. തിരൂർ നിയോജകമണ്ഡലത്തിൽ ദ്യുതി പ്രവൃത്തിയിലുൾപ്പെടുത്തി നിലവിൽ വോൾട്ടേജ് ക്ഷാമമുള്ള സ്ഥലങ്ങളിൽ സിംഗിൾ ഫേസ് ത്രീ ഫേസ് ആക്കി മാറ്റാനും പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനുമുള്ള പ്രവൃത്തികൾ ചെയ്തുവരുന്നു.

(ബി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കുന്നതും പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതും ഏതെല്ലാം സ്ഥലങ്ങളിലാണെന്ന് അറിയിക്കുമോ?

തിരൂർ നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ദ്യുതി പദ്ധതിയിലുൾപ്പെടുത്തി തിരൂർ ഈസ്റ്റ്, തിരൂർ വെസ്റ്റ്, പൊന്മുണ്ടം, ആലത്തിയൂർ, തിരുനാവായ, വെട്ടം, പുത്തനത്താണി, കാടാമ്പുഴ, കടുങ്ങാത്തുകുണ്ട്, ത്രുവക്കാട് എന്നീ സെക്ഷനുകളുടെ പരിധികളിലായി 155 ലൊക്കേഷനുകളിൽ (155

പ്രവൃത്തികൾ) 122.442 കിലോമീറ്റർ സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കി മാറ്റാനും 8 ട്രാൻസ്ഫോർമറുകൾ (തിരൂർ ഈസ്റ്റ് സെക്ഷനിലും വെട്ടം സെക്ഷനിലും ഒരു ട്രാൻസ്ഫോർമർ വീതവും ആലത്തിയൂർ, തിരുനാവായ സെക്ഷനുകളിൽ 3 ട്രാൻസ്ഫോർമർ വീതവും) സ്ഥാപിക്കാനുമുള്ള പ്രവൃത്തികൾ നിർദ്ദേശിച്ചിട്ടുണ്ട്.

## മോതി പമ്പ് ഹൗസിനായി 250 കെ.വി. ട്രാൻസ്ഫോമർ

233(2642) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട കുട്ടിലങ്ങാടി പഞ്ചായത്തിലെ മോതി പമ്പ് ഹൗസിൽ നിലവിലുള്ള പമ്പുസെറ്റ് പ്രവർത്തിക്കുന്നതിന് പലപ്പോഴും വോൾട്ടേജ് ക്ഷാമം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വോൾട്ടേജ് ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജലജീവൻ പദ്ധതിയിലുൾപ്പെടുത്തി 40 എച്ച്.പി.-യുടെ രണ്ട് പമ്പ് സെറ്റുകൾ സ്ഥാപിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള 100 കെ.വി. ട്രാൻസ്ഫോമർ മാറ്റി 250 കെ.വി. ട്രാൻസ്ഫോമർ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

23-02-2022-ന് അസിസ്റ്റന്റ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി പ്രസ്തുത പമ്പ് ഹൗസിലേയ്ക്ക് കണക്ഷൻ കൊടുക്കുന്ന ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്.

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ട്രാൻസ്ഫോമർ മാറ്റിസ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് അവശേഷിക്കുന്നത്; വ്യക്തമാക്കുമോ?

നിലവിലുള്ള 100 കെ.വി.എ. ട്രാൻസ്ഫോർമറിന്റെശേഷി വർദ്ധിപ്പിച്ച് 250 കെ.വി.എ. ട്രാൻസ്ഫോർമറാക്കി മാറ്റാനുള്ള 4,00,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. തുക അടയ്ക്കുന്നമുറയ്ക്ക് ജോലി പൂർത്തീകരിക്കുന്നതാണ്.

**ഊർജ്ജക്ഷമതാ പരിശോധന സംവിധാനം**

234(2643) <u>ശ്രീ. മോൻസ് ജോസഫ്</u>:
<u>ശ്രീ. പി. ജെ. ജോസഫ്</u>:
<u>ശ്രീ. അനൂപ് ജേക്കബ്</u>:
<u>ശ്രീ. മാണി. സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ വ്യവസായശാലകളിലെ യന്ത്രസംവിധാനത്തിന്റെ ഊർജ്ജക്ഷമത

പരിശോധിക്കാനും ക്ഷമത കുറഞ്ഞവയുടെ ന്യൂനതകൾ പരിഹരിക്കാനും ഏർപ്പെടുത്തിയിട്ടുള്ള പരിശോധന സംബന്ധിച്ച വിശദവിവരം നൽകുമോ?

കേരളത്തിൽ എല്ലാ വൻകിട ഊർജ്ജ ഉപഭോക്താക്കൾക്കും (HT&EHT കൺസ്യൂമേഴ്സ്) 01-01-2011-ലെ സ.ഉ. (സാധാ) നം. 2/2011/ഊ.വ. പ്രകാരം ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. എല്ലാ HT, EHT വിഭാഗത്തിൽവരുന്ന സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ വ്യവസായശാലകളും മേല്പറഞ്ഞ ഉത്തരവ് പാലിക്കേണ്ടതുണ്ട്. നിയുക്ത ഉപഭോക്താക്കളൊഴികെ എല്ലാ വൻകിട വൈദ്യുത ഉപഭോക്താക്കളും ഊർജ്ജ ഓഡിറ്റ് നടത്തുന്നതിന് 49 ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കി എനർജി മാനേജ്മെന്റ് സെന്ററിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇ.എം.സി. ഊർജ്ജ ഓഡിറ്റിന്റെ മേൽനോട്ടവും ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഊർജ്ജ സംരക്ഷണം നടത്തുന്നതിന്റെയും ഊർജ്ജനഷ്ടം പരിശോധിക്കുന്നതിന്റെയും പ്രാരംഭ നടപടിയായി കെ.എസ്.ഇ.ബി.എൽ. 17 സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റ് നടത്തുകയുണ്ടായി. തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം ദക്ഷിണ വ്യോമ കമാൻഡ്, കേരള യൂണിവേഴ്സിറ്റി, കാര്യവട്ടം, കോഴിക്കോട് ജില്ലാ

സഹകരണ ആശുപത്രി തുടങ്ങിയ ഹൈ ടെൻഷൻ ഉപഭോക്താക്കളും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഓഫീസ്, മിൽമ ഭവൻ, മൈനിംഗ് & ജിയോളജി വകുപ്പ്, ഡയറക്ടറേറ്റ് ഓഫ് അനിമൽ ഹസ്ബൻഡറി തുടങ്ങിയ ലോ ടെൻഷൻ ഉപഭോക്താക്കളും ഇതിലുൾപ്പെടുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട് ഫാക്ടറികളുടെ പ്രതിമാസ വൈദ്യുതി ഉപഭോഗത്തിലെ പ്രകടമായ ഏറ്റക്കുറച്ചിലുകൾ പരിശോധിക്കാൻ വൈദ്യുതി ബോർഡിൽ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ;

(സി) ഇത്തരത്തിൽ വൈദ്യുത ഉപഭോഗത്തിൽ വ്യവസായശാലകളുടെ പങ്ക് എത്രയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ സംബന്ധിച്ച് വ്യക്തമാക്കുമോ?

(ബി&സി) വ്യവസായശാലകളിൽ ഉപയോഗിക്കുന്ന യന്ത്രസംവിധാനത്തിന്റെ ഊർജ്ജക്ഷമത നിർണ്ണയിക്കുന്ന ഘടകങ്ങളിലൊന്നായ പവർ ഫാക്ടർ വൈദ്യുതി കണക്ഷൻ നൽകുന്നതിനുമുമ്പും ഊർജ്ജക്ഷമത ഉറപ്പുവരുത്തുന്നതിന് പ്രതിമാസ റീഡിംഗ് എടുക്കുമ്പോഴും പരിശോധിക്കുകയും പവർ ഫാക്ടർ കുറവുള്ളവയ്ക്ക് യന്ത്രങ്ങളിൽ ശരിയായ അളവിലുള്ള കപ്പാസിറ്ററുകൾ സ്ഥാപിച്ച് ആയത് പരിഹരിക്കാൻ നോട്ടീസ് നൽകുകയും ചെയ്യാറുണ്ട്. മികച്ച പവർ ഫാക്ടർ

നിലനിർത്തുന്ന ഉപഭോക്താക്കൾക്ക് കെ.എസ്.ഇ.ആർ.സി. നിശ്ചയിച്ച നിരക്കിലുള്ള ഇൻസെന്റീവ് വൈദ്യുതി ബില്ലിലൂടെ നൽകുകയും ചെയ്തുവരുന്നു.

(ഡി) ഏതെങ്കിലും മേജർ വ്യവസായ സ്ഥാപനങ്ങൾ വൈദ്യുതി ബോർഡ് ലഭ്യമാക്കുന്ന വൈദ്യുതിയോടൊപ്പം സ്വയം ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കുമോ?

താഴെപ്പറയുന്ന മേജർ വ്യവസായ സ്ഥാപനങ്ങൾ വൈദ്യുതി ബോർഡ് ലഭ്യമാക്കുന്ന വൈദ്യുതിയോടൊപ്പം ബ്രാക്കറ്റിൽ കാണിച്ചിട്ടുള്ള വൈദ്യുതി സ്വയം ഉത്പാദിപ്പിക്കുന്നു.

1. Indian Rare Earth (0.06 MW)
2. Kerala Water Authority (0.025 MW)
3. M/s. Palm Fibre (India) Private Limited (0.083 MW)
4. Sprint Technology's Private Limited (0.22 MW)
5. Malappuram Roller Flour Mills (0.18 MW)
6. Akay Flavours & Aromatics Private Limited (0.08 MW)
7. Mayithara Home Décor (0.12 MW)
8. PDDP Central Society, Kalady (0.05 MW)
9. BEML Limited, Palakkad Project (0.05 MW)

10. Indian Products Limited, Palakkad (0.24 MW)

11. Mothers's Agro Foods Private Limited (0.5 MW)

12. William Good Care & Sons India Limited (0.3 MW)

13. Aluminium Industries Limited (0.015 MW)

14. Nalakath Granites (0.99 MW)

15. Kerala Water Authority (0.1 MW)

16. Janatha Charitable Society (0.198 MW)

17. Veekesy Elastomers (0.25 MW)

18. Koncor Ingredients Limited, South Angamaly (0.212 MW)

19. Kerala Water Authority (0.04 MW)

20. Arbee Aquatic Proteins Private Limited (0.05 MW)

21. Aqua Star (0.03 MW)

22. Hibi One Ice Plant (0.1 MW)

23. Poornna Printer & Publishing House (0.05 MW)

24. Hindustan Uni Lever Limited (0.008 MW)

25. Neelambari Exports (0.0375 MW)

26. Blissful Garments Private Limited (0.05 MW)

27. M/s. Unistone Pavers & Blocks Private Limited (0.05 MW)

28. Malayala Manorama Works Unit, Kodimatha (0.005 MW)

29. M/s. Wave Online Infoway Private Limited (0.05MW)

30. KWA, Clear Water Pump House, Aruvikkara (0.05 MW)

31. Hindalco (3 MW)

32. ANERT (2 MW)

33. CIAL (39.4 MW)

34. KMRL (5.395 MW)

ആകെ 53.9885 MW

(ഇ) ചെറുകിട സംരംഭങ്ങൾക്ക് വൈദ്യുതി താരിഫ് മാറ്റുന്നതിനുള്ള നിബന്ധന വിശദമാക്കുമോ?

അപേക്ഷ നൽകുന്നമുറയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് വ്യാവസായിക ഉപയോഗത്തിനാണെന്ന് ബോദ്ധ്യപ്പെട്ടതിനുശേഷം താരിഫ് മാറ്റിനൽകുന്നുണ്ട്.

**ഇലക്ട്രിക്കൽ സൂപ്പർവൈസർ ഗ്രേഡ്-ബി പരീക്ഷ**

235(2644) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക്കൽ സൂപ്പർവൈസർ ഗ്രേഡ്-ബി ലൈസൻസ് ലഭിക്കുന്നതിനായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് നടത്തുന്ന ഇലക്ട്രിക്കൽ സൂപ്പർവൈസർ ഗ്രേഡ്-ബി പരീക്ഷ നടത്തുന്നതിന് കാലതാമസം നേരിടുന്നതെന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

നടത്തുന്നതിന് കാലതാമസമുണ്ടായിട്ടില്ല. എഴുത്തുപരീക്ഷ 28-12-2021-നും ഇന്റർവ്യൂ 20-01-2022, 21-01-2022, 22-01-2022 എന്നീ തീയതികളിലും നടത്തുകയുണ്ടായി. അടുത്ത എഴുത്തുപരീക്ഷ ഡിസംബർ 2022-നും ഉടൻതന്നെ ഇന്റർവ്യൂവും നടത്തുന്നതാണ്.

(ബി) പ്രസ്തുത പരീക്ഷ അടിയന്തരമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ബാധകമല്ല.

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ ഉപകരണങ്ങൾ വാങ്ങിയതിലെ ക്രമക്കേട്**

236(2645) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ ക്രമവിരുദ്ധമായി ഉപകരണങ്ങൾ വാങ്ങി സംസ്ഥാനത്തിന് സാമ്പത്തിക ബാധ്യത

വരുത്തിയതുമായി ബന്ധപ്പെട്ട് ധനകാര്യ പരിശോധനാ വിഭാഗം സമർപ്പിച്ച പരിശോധനാ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ധനകാര്യ പരിശോധനാ വിഭാഗം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട് പരിശോധിച്ച് ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ചട്ടപ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിക്കുകയും സർക്കാരിനുണ്ടായ സാമ്പത്തിക ബാധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കിയിട്ടുമുണ്ട്.

(ബി) റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(സി) ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയ ബാധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ?

ഹ്രസ്വ ചിത്ര നിർമ്മാണവുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടറായിരുന്ന ശ്രീ. എ. വി. ജയരാജൻ ചെലവാക്കിയ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുകകളുടേതായി സമർപ്പിച്ചിട്ടുള്ള വൗച്ചറുകളിലെ പരിശോധനയിൽ അംഗീകരിക്കാൻ കഴിയാത്തതായി കണ്ടെത്തിയിട്ടുള്ള 2,71,240/- രൂപ ടിയാനിൽനിന്നും ഈടാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

## മിനി ജലവൈദ്യുത പദ്ധതികൾ

237(2646) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി മിനി ജലവൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അനുമതി നൽകിയിട്ടുള്ള പദ്ധതികളും അവ ഓരോന്നിന്റെയും പുരോഗതിയും പ്രതീക്ഷിക്കുന്ന ഉത്പാദനശേഷിയും വ്യക്തമാക്കുമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെയും നടപ്പാക്കാനുദ്ദേശിക്കുന്ന ചെറുകിട ജല വൈദ്യുത പദ്ധതികളുടെയും വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+. സംസ്ഥാനത്ത് വൈദ്യുതിയുടെ ആഭ്യന്തരോത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2012-ൽ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നയപ്രകാരം സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ എനർജി മാനേജ്മെന്റ് സെന്റർ നടപ്പാക്കുന്നുണ്ട്. ഇ.എം.സി.-യിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെല്ലിന്റെ നേതൃത്വത്തിൽ 50.1 മെഗാവാട്ട് ശേഷിയുള്ള വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ സംസ്ഥാനത്ത് വൈദ്യുതോത്പാദനം സാധ്യമാക്കിയിട്ടുണ്ട്. അതിൽ 47 മെഗാവാട്ട് സ്വകാര്യ സംരംഭകർക്ക് അനുവദിച്ച പദ്ധതികളിൽനിന്നാണ് ഉത്പാദിപ്പിക്കുന്നത്. എനർജി മാനേജ്മെന്റ് സെന്റർ ഏറ്റവും ഒടുവിലായി ടെണ്ടർ ചെയ്ത പദ്ധതികളിൽ (അനുബന്ധമായി+ ചേർക്കുന്നു) മൂന്ന് പദ്ധതികളുടെ ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് 15-02-2022-ന് ഒപ്പിട്ടു. ഈ പദ്ധതികൾ നടപ്പാക്കുന്നതുവഴി 12.75 മെഗാവാട്ട് സ്ഥാപിതശേഷികൂടി കൈവരിക്കുവാൻ സാധിക്കും. ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പുവച്ച കമ്പനികൾ പദ്ധതിയുടെ സാങ്കേതിക - സാമ്പത്തിക പ്രായോഗികതാ റിപ്പോർട്ടുകൾക്ക് (Techno – Economic Feasibility Report) അനുമതി ലഭിച്ച് 36 മാസത്തിനുള്ളിൽ പദ്ധതി കമ്മീഷൻ ചെയ്യേണ്ടതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്മാർട്ട് മീറ്റർ

238(2647) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025-ഓടെ പ്രീപെയ്ഡ് സ്മാർട്ട് മീറ്ററുകൾ ഏർപ്പെടുത്തണമെന്ന് കേന്ദ്രം നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച സജ്ജീകരണങ്ങൾ എന്തൊക്കെയാണ്?

കേന്ദ്രസർക്കാർ 19-08-2021-ൽ പ്രസിദ്ധീകരിച്ച ഗസറ്റ് വിജ്ഞാപനം പ്രകാരം രാജ്യത്തെ കൃഷി ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ഒഴികെയുള്ള എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025 മാർച്ചോടെ പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഏർപ്പെടുത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ, ഡി.പി.ആർ. മുതലായവ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള ഡി.ആർ.സി. കമ്മിറ്റിയുടെ ശിപാർശയും സംസ്ഥാന മന്ത്രിസഭയുടെ അനുമതിയും ലഭ്യമാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിരിക്കുന്നു.

(ബി) ഇത് വൈദ്യുതി ബോർഡിന് എന്തെങ്കിലും സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എങ്ങനെയെന്ന് വിശദീകരിക്കുമോ?

മീറ്റർ വിലയുടെ 15% (അഥവാ പരമാവധി മീറ്ററിന് 900 രൂപവരെ) കേന്ദ്ര വിഹിതമായി "റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം" പദ്ധതി പ്രകാരം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ബാക്കി തുക സമാഹരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

## വെന്നിയൂർ സബ്സ്റ്റേഷൻ

239(2648) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വെന്നിയൂർ സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെ പുരോഗതികൾ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ; ഈ സബ്സ്റ്റേഷന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

വെന്നിയൂരിൽ പുതിയ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കേണ്ടത് അനിവാര്യമാണോ എന്ന് കണ്ടെത്തുന്നതിനായി സാങ്കേതികപഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാങ്കേതികപഠന

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്.

## വൈദ്യുതി ബോർഡിന്റെ ടെൻഡർ

240(2649) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് വിളിക്കാനുദ്ദേശിക്കുന്ന ടെൻഡറിന്റെ വിശദാംശങ്ങൾ കരാറുകാർക്ക് ബോർഡ് ഉദ്യോഗസ്ഥരുടെ സഹായത്താൽ ചോർത്തി നൽകുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

സൗര ടെൻഡറിൽ ടെൻഡർ കാറ്റഗറികൾ സംബന്ധിച്ച് മുൻകൂർ അറിവ് ലഭിച്ചുവെന്ന് കരാറുകാരുടെ സംഘടന കെ.എസ്.ഇ.ബി.എൽ.-നെ അറിയിച്ചിരുന്നു.

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ?

ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ രേഖാമൂലം താക്കീത് ചെയ്തിട്ടുണ്ട്.

(സി) ബോർഡിന് നഷ്ടമുണ്ടാക്കുന്നതും അതുവഴി ഉപഭോക്താക്കളെ താരിഫ് ഉയർത്തി കനത്ത ബുദ്ധിമുട്ടിലേയ്ക്ക് വഴിവയ്ക്കുന്നതുമായ കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടി ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

നഷ്ടമുണ്ടായിട്ടില്ലാത്തതിനാൽ മറ്റ് നടപടികളിലേയ്ക്ക് കടന്നിട്ടില്ല.

**കെ.എസ്.ഇ.ബി. ബിൽ ഇനത്തിൽ നൽകിയ സബ്സിഡി**

241(2650) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് കാലത്ത് കെ.എസ്.ഇ.ബി. ബിൽ ഇനത്തിൽ നൽകിയ സബ്സിഡി തുകയുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

കോവിഡ് കാലത്ത് ബിൽ ഇനത്തിൽ നൽകിയ സബ്സിഡി തുകയുടെ വിശദാംശങ്ങൾ താഴെക്കൊടുത്തിരിക്കുന്നു.

1. സംസ്ഥാന ഗവൺമെന്റ് കോവിഡ് മഹാമാരിയുടെ ഒന്നാം തരംഗവുമായി ബന്ധപ്പെട്ട് വിവിധ വിഭാഗം ഉപഭോക്താക്കളുടെ കഷ്ടതകൾ കണക്കിലെടുത്ത് 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ് ചാർജ്ജ്/ഡിമാൻഡ് ചാർജ്ജിൽ വ്യാവസായിക/വാണിജ്യ ഉപഭോക്താക്കൾക്കും സ്വകാര്യ ആശുപത്രികൾക്കും 25% ഇളവ്

അനുവദിക്കുകയും ബാക്കി തുക (75%) പലിശരഹിതമായി അടയ്ക്കുന്നതിന് 15-12-2020 വരെ സാവകാശം നൽകുകയും ചെയ്തിരുന്നു. ഈ ഇനത്തിൽ 76.62 കോടി രൂപയാണ് കെ.എസ്.ഇ.ബി.എൽ. ഇളവ് നൽകിയത്.

2. കോവിഡ് കാലത്ത് മിക്കവാറും എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും വലിയ തോതിലുള്ള ഉപഭോഗംമൂലം ഉയർന്ന വൈദ്യുതി ബില്ലുകൾ ലഭിച്ച സാഹചര്യത്തിൽ വർദ്ധനവുമൂലമുള്ള അധികഭാരം ലഘൂകരിക്കാൻ 26-06-2020-ലെ സ.ഉ. (സാധാ) നം. 80/2020/ഊ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സബ്സിഡി അനുവദിച്ചിരുന്നു. 20-04-2020 മുതൽ 19-06-2020 വരെ ലഭിച്ച ബില്ലുകളിൽ ശരാശരി ബിൽ തുകയേക്കാൾ കൂടുതലായി വരുന്ന ബിൽ തുകയുടെ നിശ്ചിത ശതമാനമാണ് സബ്സിഡിയായി നൽകിയത്. ദ്വൈമാസം 40 യൂണിറ്റ് വരെ ശരാശരി ഉപഭോഗമുള്ളതും 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ളതുമായ ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായി ലഭിക്കുന്ന വൈദ്യുതി ഉപഭോഗ പരിധിയില്ലാതെ സൗജന്യമായി (20-04-2020 മുതൽ 19-06-2020 വരെ ലഭിക്കുന്ന ബില്ലിൽ) നൽകിയിട്ടുണ്ട്. ഇതിനുപുറമേ ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള ഗാർഹിക ഉപഭോക്താക്കൾക്കുകൂടി 20-04-2020 മുതൽ 19-06-2020 വരെ ലഭിച്ച ബില്ലുകളിൽ ശരാശരി ബിൽ

തുകയേക്കാൾ കൂടുതലായി വന്ന ബിൽ തുകയുടെ നിശ്ചിത ശതമാനം അനുബന്ധത്തിൽ+ കാണിച്ചിരിക്കുന്ന നിരക്കിൽ സബ്സിഡിയായി നൽകിയിരുന്നു.

3. സിനിമ മേഖലയിലെ കോവിഡ് അനുബന്ധ കഷ്ടതകൾ കണക്കിലെടുത്ത് 28-01-2021-ലെ സ.ഉ. (സാധാ) നം. 14/2021/ഊ.വ നമ്പർ സർക്കാർ ഉത്തരവുപ്രകാരം സിനിമ തിയേറ്ററുകൾക്ക് 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ 01-06-2020-ലെ സ.ഉ. (സാധാ) നം. 67/2020/ഊ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നൽകിയ 25% ഇളവുകൾ 50% ആയി ഉയർത്തി നൽകുകയുണ്ടായി. തുടർന്ന് 2020 ജൂൺ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ 50% ഇളവും നൽകിയിരുന്നു. ഇളവ് കഴിച്ചുള്ള തുക അടയ്ക്കുന്നതിന് 6 തുല്യമാസ തവണകൾ അനുവദിക്കുകയും ചെയ്തിരുന്നു. എൽ.റ്റി. വിഭാഗത്തിൽ 371 സിനിമാ തിയേറ്ററുകൾക്കും എച്ച്.റ്റി. വിഭാഗത്തിൽ 113 തിയേറ്ററുകൾക്കുമായി 3.28 കോടി രൂപയുടെ ഇളവുകളാണ് നൽകിയത്. മേൽസൂചിപ്പിച്ച രണ്ട് സർക്കാർ ഉത്തരവുകൾക്കും വിധേയമായി 3.87 കോടി രൂപയുടെ ഇളവുകളാണ് ആകെ നൽകിയത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

4. കോവിഡിന്റെ രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റിന്റെ 28-06-2021-ലെ സ.ഉ. (സാധാ) നം. 84/2021/ഊ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, വാണിജ്യ/വ്യാവസായിക ഉപഭോക്താക്കൾക്ക് മേയ് 2021-ലെ ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ 25% ഇളവും സിനിമാ തിയേറ്ററുകൾക്ക് ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ 50% ഇളവും ബാക്കിയുള്ള തുക പലിശരഹിതമായി മൂന്ന് തവണകളായി അടയ്ക്കുന്നതിന് 30-09-2021 വരെ സാവകാശവും നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം സിനിമാ തിയേറ്ററുകൾക്ക് 38 ലക്ഷം രൂപയുടെയും വ്യവസായ വാണിജ്യ ഉപഭോക്താക്കൾക്ക് 24.37 കോടി രൂപയുടെയും ഇളവാണ് നൽകിയിട്ടുള്ളത്.

5. സംസ്ഥാനത്ത് നാളിതുവരെ കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് 279.82 കോടി രൂപയുടെ സബ്സിഡി വിവിധയിനം ഉപഭോക്താക്കൾക്കായി നൽകിയിട്ടുണ്ട്.

6. ഓൺലൈൻ വഴി പണമടയ്ക്കുന്നവർക്ക് ട്രാൻസാക്ഷൻ ചാർജ്ജ് ഒഴിവാക്കുകയും (31-07-2020 വരെ) ക്യാഷ് ബാക്ക് സൗകര്യം ഏർപ്പെടുത്തുകയും (31-12-2020 വരെ) 2020 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ

ബില്ലുകൾ 31-05-2020 വരെ പലിശരഹിതമായി അടയ്ക്കുന്നതിനുള്ള സാവകാശം നൽകുകയും ചെയ്തിരുന്നു.

**കെ.എസ്.ഇ.ബി.-യുടെ സ്ഥലം പാട്ടത്തിന് നൽകൽ**

242(2651) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ സ്ഥലം വാണിജ്യാവശ്യത്തിന് പാട്ടത്തിന് നൽകിയിട്ടുണ്ടോ എന്നറിയിക്കുമോ?

പാട്ടത്തിന് നൽകിയിട്ടുണ്ട്. ഹൈഡൽ ടൂറിസം പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി വിവിധ ടൂറിസം പദ്ധതികൾക്കായി സഹകരണ സംഘങ്ങൾക്ക് 35 ഏക്കർ 73.7 സെന്റ് സ്ഥലം നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അനുമതിയോടുകൂടി രണ്ട് സഹകരണ സംഘങ്ങൾക്കായി 25 ഏക്കർ സ്ഥലം വരുമാനം പങ്കിടൽ വ്യവസ്ഥയിൽ നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി.-യുടെ ബോർഡ് ഉത്തരവ് പ്രകാരം കല്ലാർകുട്ടി ഡാമിൽ ബോട്ടിംഗ് പ്രവർത്തനങ്ങൾക്കായിമാത്രം ഒരു സഹകരണസംഘത്തിന് അനുമതി നൽകിയിട്ടുണ്ട്. ഹൈഡൽ ടൂറിസം ഗവേണിംഗ് ബോഡിയുടെ അനുമതിയോടുകൂടി 10 ഏക്കർ 73.7 സെന്റ്

സ്ഥലം വരുമാനം പങ്കിടൽ വ്യവസ്ഥയിൽ വിവിധ സൊസൈറ്റികൾക്ക് നൽകിയിട്ടുണ്ട്.

(ബി) എങ്കിൽ എത്ര സ്ഥലം എവിടെയൊക്കെ നൽകിയിട്ടുണ്ടെന്നും ആർക്കൊക്കെ നൽകിയിട്ടുണ്ടെന്നും ഓരോ സ്ഥലത്തിനും പാട്ടത്തുക ഇനത്തിൽ എത്ര തുക ലഭിക്കുന്നുണ്ടെന്നും മറ്റുമുൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) റെഗുലേറ്ററി കമ്മീഷന്റെ അനുമതിയില്ലാതെ സ്വകാര്യ ഉത്പാദകരിൽനിന്ന് വൈദ്യുതി വാങ്ങാനുള്ള 25 വർഷത്തെ കരാറിലേർപ്പെട്ടതിനാൽ 15,000 കോടി രൂപയുടെ അധിക ബാധ്യതയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി&സി) റെഗുലേറ്ററി കമ്മീഷന്റെ അനുമതിയില്ലാതെ സ്വകാര്യ ഉത്പാദകരിൽനിന്ന് വൈദ്യുതി വാങ്ങാനുള്ള 25 വർഷത്തെ കരാറിലേർപ്പെട്ടതിനാൽ 15,000 കോടി രൂപയുടെ അധിക ബാധ്യതയുണ്ടായതായി കണ്ടെത്തിയിട്ടില്ല. റെഗുലേറ്ററി കമ്മീഷൻ അനുവദിക്കാതിരുന്ന 2014-15 കാലയളവിൽ ഒപ്പുവച്ച 4 കരാറുകളിൽ 800 കോടി രൂപയുടെ അധിക ചെലവുണ്ടാകുന്നതായി സി.&എ.ജി. റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത കരാർ അടിയന്തരമായി റദ്ദാക്കണമെന്ന് കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന്റെ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

പ്രസ്തുത കരാർ അടിയന്തരമായി റദ്ദാക്കണമെന്ന് കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന്റെ നിർദ്ദേശം ലഭിച്ചിട്ടില്ല. എന്നാൽ കേരള സർക്കാരോ കെ.എസ്.ഇ.ബി. ലിമിറ്റഡോ കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷനുമായി ബന്ധപ്പെട്ട് അംഗീകാരം ലഭിക്കാത്ത കരാറുകളുടെ അംഗീകാരത്തിനുവേണ്ട നടപടികൾ കൈക്കൊള്ളാനാണ് നിർദ്ദേശിച്ചത്. അതിൻപ്രകാരം, കേരള സർക്കാർ അഡീഷണൽ ചീഫ് സെക്രട്ടറി (ഫിനാൻസ്), പ്രിൻസിപ്പൽ സെക്രട്ടറി (പവർ), സെക്രട്ടറി (നിയമം), ചെയർമാൻ & മാനേജിംഗ് ഡയറക്ടർ കെ.എസ്.ഇ.ബി.എൽ. എന്നിവർ അംഗങ്ങളായിട്ടുള്ള ഒരു കമ്മിറ്റി രൂപീകരിച്ചു. കെ.എസ്.ഇ.ബി.എൽ. 2014-15 കാലയളവിലേർപ്പെട്ട DBFOO പ്രകാരമുള്ള ദീർഘകാല കരാർ പരിശോധിച്ചു. സ്റ്റാൻഡേർഡ് ബില്ലിംഗ് ഡോക്യുമെന്റിൽനിന്നും വന്ന വ്യതിയാനങ്ങൾ സംസ്ഥാന ഗവൺമെന്റ് അംഗീകരിക്കേണ്ടതില്ലെന്നും ശിപാർശ ചെയ്തിട്ടുണ്ട്. കമ്മിറ്റിയുടെ ശിപാർശയിന്മേൽ സർക്കാർ

തീരുമാനമെടുക്കുന്ന മുറയ്ക്ക് വൈദ്യുതിബോർഡ് സംസ്ഥാന റെഗുലേറ്ററി കമ്മീഷനെ തീരുമാനത്തിനായി സമീപിക്കുന്നതാണ്.

**ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കെ.എസ്.ഇ.ബി. ഓഫീസുകൾ**

243(2652) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമുള്ളതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ കെ.എസ്.ഇ.ബി. ഓഫീസുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമുള്ള കെ.എസ്.ഇ.ബി. ഓഫീസുകൾ ചുവടെ ചേർക്കുന്നു.

ചാത്തന്നൂർ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ്, ചാത്തന്നൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, പാരിപ്പള്ളി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, പരവൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്. ടി നിയോജകമണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. ഓഫീസുകൾ പൂതക്കുളം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, ആദിച്ചനല്ലൂർ ഓവർസിയർ ഓഫീസ് എന്നിവയാണ്.

(ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ കെ.എസ്.ഇ.ബി. തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാനുള്ള പദ്ധതികളൊന്നും ആസൂത്രണം ചെയ്തിട്ടില്ല.

**സ്വകാര്യ ഉത്പാദകരിൽനിന്നും വൈദ്യുതി വാങ്ങാനുള്ള കരാർ**

244(2653) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെഗുലേറ്ററി കമ്മീഷന്റെ അനുമതിയില്ലാതെ സ്വകാര്യ ഉത്പാദകരിൽനിന്നും വൈദ്യുതി വാങ്ങാനുള്ള 25 വർഷത്തെ കരാർ നടപ്പാക്കിയതുമൂലം വൈദ്യുതി ബോർഡിന് പതിനയ്യായിരം കോടി രൂപയുടെ അധികബാധ്യത ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

റെഗുലേറ്ററി കമ്മീഷന്റെ അനുമതിയില്ലാതെ സ്വകാര്യ ഉത്പാദകരിൽനിന്നും വൈദ്യുതി വാങ്ങാനുള്ള 25 വർഷത്തെ കരാർ നടപ്പാക്കിയതുമൂലം വൈദ്യുതി ബോർഡിന് പതിനയ്യായിരം കോടി രൂപയുടെ അധിക ബാധ്യതയുണ്ടാകുന്നതായി കണ്ടെത്തിയിട്ടില്ല.

(ബി) ആയതിന്റെ അടിസ്ഥാനത്തിൽ കരാർ റദ്ദാക്കാൻ ധനകാര്യ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതി ശിപാർശ ചെയ്തിട്ടുണ്ടോ?

2014-2015 കാലയളവിൽ ഒപ്പുവച്ച ചില ദീർഘകാല കരാറുകൾ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഇതുവരെ അംഗീകരിച്ചിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ. സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിക്കുന്നതിനാണ് സമിതി രൂപീകരിച്ചത്. കേരള സർക്കാരിന്റെ ധനകാര്യ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതി കരാർ റദ്ദാക്കാൻ ശിപാർശ ചെയ്തിട്ടില്ല. എന്നാൽ കെ.എസ്.ഇ.ബി.എൽ. DBFOO പ്രകാരമുള്ള ദീർഘകാല കരാറിൽ ഏർപ്പെട്ടപ്പോൾ സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്യുമെന്റിൽനിന്നും കെ.എസ്.ഇ.ബി.എൽ. വരുത്തിയിട്ടുള്ള വ്യതിയാനങ്ങൾ സംസ്ഥാന ഗവൺമെന്റ് അംഗീകരിക്കേണ്ടതില്ലെന്ന് സമിതി ശിപാർശ ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത കരാർ റദ്ദാക്കണമെന്ന് കേന്ദ്ര വൈദ്യുതി മന്ത്രാലയം നിർദ്ദേശം നൽകിയിട്ടുണ്ടോ?

പ്രസ്തുത കരാർ റദ്ദാക്കണമെന്ന് കേന്ദ്ര വൈദ്യുതി മന്ത്രാലയം നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ കേരള സർക്കാർ/ കെ.എസ്.ഇ.ബി.എൽ. കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷനുമായി ബന്ധപ്പെട്ട് അംഗീകാരം ലഭിക്കാത്ത കരാറുകളുടെ അംഗീകാരത്തിനുവേണ്ട നടപടി കൈക്കൊള്ളാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) ഇതുസംബന്ധിച്ച് ഉടൻ തീരുമാനമെടുക്കണമെന്നാവശ്യപ്പെട്ട് ബോർഡ് ചെയർമാൻ ചീഫ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി.എൽ. ചെയർമാൻ അംഗവും ധനകാര്യ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനുമായുള്ള സമിതിയുടെ ശിപാർശ കേരള സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ശിപാർശയിന്മേൽ സർക്കാർ തീരുമാനമെടുക്കുന്നമുറയ്ക്ക് വൈദ്യുതി ബോർഡ് സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ തീരുമാനങ്ങൾക്കായി സമീപിക്കുന്നതാണ്.

## ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതി

245(2654) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണെന്നും ആയത് എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ 94.06 ശതമാനം പണികൾ പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ ബാക്കി ജോലികൾ പുരോഗമിച്ചുവരികയാണ്. ഇലക്ട്രോ മെക്കാനിക്കൽ യന്ത്രസാമഗ്രികൾ ചൈനയിൽനിന്നും എത്തിക്കുന്നമുറയ്ക്ക് പദ്ധതി 2022-ൽത്തന്നെ കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത ജലവൈദ്യുത പദ്ധതിയിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നുവെന്നും ഇത് എത്ര കോടി രൂപയുടെ പദ്ധതിയാണെന്നും വിശദമാക്കുമോ?

24 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഈ പദ്ധതിയിൽനിന്നും പ്രതിവർഷം 83.5 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇത് 231.21 കോടി രൂപയുടെ പദ്ധതിയാണ്.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം സിവിൽ/ മെക്കാനിക്കൽ പ്രവൃത്തികളാണ് നടക്കുന്നതെന്നും ഇവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും പൂർത്തിയാക്കാത്തവ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും എന്തുകൊണ്ടാണ് പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണം വൈകുന്നതെന്നും വ്യക്തമാക്കുമോ?

<u>സിവിൽ വർക്കുകൾ</u>

| | | |
|---|---|---|
| 1. | പാലം നിർമ്മാണം | 100% പൂർത്തീകരിച്ചിട്ടുണ്ട് |
| 2. | പവർഹൗസ് നിർമ്മാണം | 98.70% |
| 3. | പവർ ചാനൽ നിർമ്മാണം | 99.50% |
| 4. | ടെയിൽ റേസ് ചാനൽ നിർമ്മാണം | 96.00% |
| 5. | സ്വിച്ച് യാർഡ് നിർമ്മാണം | 99.00% |
| 6. | അപ്രോച്ച് റോഡ് നിർമ്മാണം | 99.00% |

ശേഷിക്കുന്ന ജോലികൾ ഇലക്ട്രോ മെക്കാനിക്കൽ ജോലികൾ കഴിയുന്നമുറയ്ക്ക് പൂർത്തീകരിക്കാനാണുദ്ദേശിക്കുന്നത്. ഇലക്ട്രോ മെക്കാനിക്കൽ വർക്ക്സ് 86.1 ശതമാനം ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. പവർ ഹൗസ് എർത്ത് മാറ്റ്, ഡ്രാഫ്റ്റ്ട്യൂബ് ലൈനർ, EOT ക്രെയിൻ, സ്റ്റേയറിംഗ്, ഡിസ്ട്രിബ്യൂട്ടർ അസംബ്ലി എന്നിവ സ്ഥാപിച്ചിട്ടുണ്ട്. സ്വിച്ച് യാർഡ് പണികളും പുരോഗമിച്ചുവരികയാണ്. 31-05-2022-ൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. സ്റ്റേറ്റർ, റോട്ടർ, റണ്ണർ മുതലായ

യന്ത്രസാമഗ്രികൾ വിദേശത്തുനിന്നും എത്തിക്കുന്നമുറയ്ക്ക് പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കും.

**നിർമ്മാണ പ്രവർത്തനങ്ങൾക്കായി വസ്തു ഏറ്റെടുക്കൽ**

246(2655) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ പള്ളിവാസൽ വിപുലീകരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അജികുമാർ എ. എൻ., ആനിക്കാക്കുന്നേൽ വീട്, മീൻകെട്ട് എന്നയാളുടെ വസ്തു ഇലക്ട്രിസിറ്റി ബോർഡ് ഏറ്റെടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

ഏറ്റെടുത്തിട്ടില്ല. ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ബി) പ്രസ്തുത വസ്തുവിനുപകരമായി ഇലക്ട്രിസിറ്റി ബോർഡിന്റെ അധീനതയിലുള്ള സ്ഥലം പ്രസ്തുത ആൾക്ക് കൈമാറുന്നതിനും വീട് നിർമ്മിക്കുന്നതിനായി തുക അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. 22-11-2021-ലെ ബോർഡ് ഓർഡർ പ്രകാരം പള്ളിവാസൽ വില്ലേജിൽ സർവ്വേ നമ്പർ 272, ബ്ലോക്ക് നമ്പർ 14-ൽ, 4.99 സെന്റ്

സ്ഥലവും 4,00,000/- രൂപയും അനുവദിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് 24-11-2021-ന് സർക്കാർ ഉത്തരവായിട്ടുണ്ട്.

(സി) ഇലക്ട്രിസിറ്റി ബോർഡിന്റെ അധീനതയിലുള്ള സ്ഥലം പ്രസ്തുത ആൾക്ക് കൈമാറുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കാലതാമസം നേരിട്ടിട്ടില്ല. പ്രസ്തുത കെ.എസ്.ഇ.ബി. സ്ഥലം കൈമാറുന്ന നടപടി പുരോഗമിക്കെ ശ്രീ. അജികുമാർ പ്രസ്തുത കെ.എസ്.ഇ.ബി. സ്ഥലം പട്ടയമില്ലാത്ത ഭൂമിയാണെന്നുള്ള കാരണത്താൽ ടി വസ്തു അസൈൻ ചെയ്തുകിട്ടാൻവേണ്ടി ജില്ലാ കളക്ടറെ സമീപിക്കുകയും അതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയും ചെയ്യുകയാണുണ്ടായത്. ശ്രീ. അജികുമാർ പ്രസ്തുത കെ.എസ്.ഇ.ബി. ഭൂമി 03-03-2022-ൽ കൈമാറിയാൽ മതിയെന്നും ആറ് മാസത്തിനകം ക്വാർട്ടേഴ്സ് ഒഴിഞ്ഞുകൊള്ളാമെന്നും പറഞ്ഞ് കത്ത് നൽകിയിട്ടുണ്ട്. അതിൻപ്രകാരം ഭൂമി രജിസ്റ്റർ ചെയ്യുന്നതിനും കെ.എസ്.ഇ.ബി. ഭൂമി കൈമാറുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ മാസംതന്നെ നടപടികൾ പൂർത്തിയാക്കുന്നതാണ്.

## വടാന്തോൾ പ്രദേശത്ത് കാർഷികാവശ്യത്തിനായി വൈദ്യുതി എത്തിക്കൽ

247(2656) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിൽ വരന്തരപ്പിള്ളി പഞ്ചായത്തിലെ വടാന്തോൾ പ്രദേശത്ത് കാർഷികാവശ്യത്തിനായുള്ള ജലസേചനത്തിനായി 400 മീറ്ററോളം വരുന്ന പ്രദേശത്ത് വൈദ്യുതി എത്തിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രദേശത്ത് വൈദ്യുതി എത്തിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) പ്രസ്തുത കാർഷിക വൈദ്യുതി കണക്ഷൻ നൽകുന്നതിലേയ്ക്കായി 2,08,365/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. വൈദ്യുതീകരണത്തിനാവശ്യമായ തുക അപേക്ഷകർ അടയ്ക്കുകയോ മറ്റ് ഫണ്ടുകളിൽനിന്ന് കൈമാറുകയോ ചെയ്താൽ വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## ടെൻഡർ വിശദാംശം കരാറുകാരന് മുൻകൂട്ടി ലഭ്യമായ സംഭവം

248(2657) ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. അൻവർ സാദത്ത്:

ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് പദ്ധതി ടെൻഡർ ചെയ്യുന്നതിനുമുമ്പുതന്നെ ടെൻഡറിന്റെ വിശദാംശം ബന്ധപ്പെട്ട എഞ്ചിനീയർ കരാറുകാരെ അറിയിച്ച സംഭവമുണ്ടായിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് കരാറുകാരൻ കെ.എസ്.ഇ.ബി.-ക്ക് കത്ത് നൽകിയിട്ടുണ്ടോ: വിശദാംശം നൽകുമോ?

(എ&ബി) സൗര മെൻഡർ എംപാനൽഡ് ലിസ്റ്റിൽ ടെൻഡർ കാറ്റഗറികൾ അറിയാനിടയായെന്ന് കരാറുകാരുടെ സംഘടന കെ.എസ്.ഇ.ബി.എൽ.-നെ അറിയിച്ചിരുന്നു.

(സി) ടെൻഡറിന്റെ മുഴുവൻ വ്യവസ്ഥകളും മുൻകൂട്ടി കാണാൻ കഴിയുന്ന ടെൻഡർ രേഖകൾക്ക് വാണിജ്യ സുരക്ഷയില്ലെന്ന കെ.എസ്.ഇ.ബി. ചെയർമാന്റെ വാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുൻകൂട്ടി ടെൻഡർ വിശദാംശം അറിയിക്കുന്നതൊഴിവാക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് താക്കീത് നൽകിയിട്ടുണ്ട്. സുരക്ഷയില്ലെന്ന് അറിയിച്ചിട്ടില്ല.

(ഡി) ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ ഭാഗമായുള്ള കോട്ടയം, കോലത്തുനാട് ലൈൻസ് പദ്ധതിയുടെ ടെൻഡർ വ്യവസ്ഥകൾ ചോർന്നിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

ഈ പദ്ധതികളുടെ ടെൻഡർ രേഖകൾ ചോർന്നിട്ടില്ല.

(ഇ) അഴിമതി ആരോപണമുയർന്ന പ്രസ്തുത പദ്ധതിയുടെ ടെൻഡർ വ്യവസ്ഥകൾ ചോർന്നിട്ടുണ്ടോ എന്ന് പരിശോധിക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

കോട്ടയം, കോലത്തുനാട് ലൈൻസ് പാക്കേജുകൾ തുറന്ന ടെൻഡറും (Open Tender) റിവേഴ്സ് ഓപ്ഷനും ചെയ്യുന്നതിനായി കേന്ദ്രസർക്കാരിന്റെ കീഴിലുള്ള RECTPCL, PFC കൺസൾട്ടേഷൻ എന്നീ ഏജൻസികളെയാണ് ഏൽപ്പിച്ചിരുന്നത്. ടി ഏജൻസികളുടെ സൈറ്റിൽനിന്ന് ടെൻഡർ വ്യവസ്ഥകൾ ഡൗൺലോഡ് ചെയ്യാവുന്നതാണ്. എ, ബി പിരിവുകളിലെ പ്രസ്താവനയ്ക്ക് ട്രാൻസ്ഗ്രിഡുമായി ബന്ധമില്ല.

**കെ.എസ്.ഇ.ബി.-യിലെ സോഫ്റ്റ്‌വെയറുകളുടെ സുരക്ഷ**

249(2658) ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:

<u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകൾക്ക് സുരക്ഷാ പ്രശ്നങ്ങളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സുരക്ഷാ പ്രശ്നങ്ങൾ കണ്ടെത്തിയിട്ടില്ല.

(ബി) കെ.എസ്.ഇ.ബി.-യിലെ ആഭ്യന്തര ഉത്പന്നങ്ങളായ സോഫ്റ്റ്‌വെയറുകൾക്ക് വേണ്ടത്ര സുരക്ഷാ മാനദണ്ഡങ്ങളില്ലെന്നും പ്രോഗ്രാം കോഡിംഗിലെ പോരായ്മകളെ ദുരുപയോഗം ചെയ്യാമെന്നും കണ്ടെത്തിയിട്ടുണ്ടോ?

ഇല്ല. സൈബർ സെക്യൂരിറ്റി ഓഡിറ്റ് എല്ലാ സോഫ്റ്റ്‌വെയറുകൾക്കും നിർബന്ധമാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്തിന് പുറത്തുനിന്നുള്ളവർ കെ.എസ്.ഇ.ബി. ഉപഭോക്താക്കളുടെ വിവരം ചോർത്തി അവരുടെ ബാങ്ക് അക്കൗണ്ടിൽനിന്നും പണം തട്ടിയെടുക്കുന്നതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ഇലക്ട്രോണിക് പേമെന്റ് സൗകര്യപ്രദവും ആയാസരഹിതവുമായി നടത്താനായി മൊബൈൽ നമ്പർ ഉപയോഗിച്ച്

പേമെന്റ് നടത്താനും ഇത്തരത്തിൽ പേമെന്റ് നടത്തിയ ഉപഭോക്തൃ നമ്പറുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വെബ്സൈറ്റിൽനിന്നും ലഭിക്കാവുന്ന രീതിയും ക്രമീകരിച്ചിരുന്നു. കോവിഡുകാലത്ത് ഒട്ടനവധി ഉപഭോക്താക്കൾ ഈ സൗകര്യമുപയോഗിച്ച് ഓൺലൈൻ പേമെന്റുകൾ നടത്തിയിരുന്നു. അങ്ങനെ ലഭിച്ച വിവരങ്ങളുപയോഗിച്ച് ചില തട്ടിപ്പുകാർ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉപഭോക്താക്കളെ ബന്ധപ്പെട്ട് കബളിപ്പിക്കാൻ ശ്രമിച്ചതായി ചില പരാതികൾ ലഭിച്ചിരുന്നു. ഇത്തരം പരാതികളിന്മേൽ സംസ്ഥാന പോലീസിന്റെ സൈബർ വിഭാഗം അന്വേഷണം നടത്തിവരികയാണ്.

(ഡി) എങ്കിൽ ഇതുസംബന്ധിച്ച് വകുപ്പുതല അന്വേഷണം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച് സൈബർ പോലീസ് അന്വേഷണം നടത്തിവരികയാണ്. ആയതിൽ സുരക്ഷ വർദ്ധിപ്പിക്കലും നടത്തിവരുന്നു.

**കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ വിവിധ പദ്ധതി പ്രവൃത്തികൾ**

250(2659) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പിനുകീഴിൽ നടന്നുവരുന്ന വിവിധ പദ്ധതികളും പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും വിശദമാക്കുമോ?

(1) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ അമ്പലത്തറ 220 കെ.വി. സബ്സ്റ്റേഷനിൽ രണ്ടാമത്തെ 100 എം.വി.എ. 220/110 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. 2022 ഏപ്രിൽ മാസം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(2) കാഞ്ഞങ്ങാട് 110 കെ.വി. സബ്സ്റ്റേഷൻ കോമ്പൗണ്ടിൽ ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

(3) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ദ്യുതി പദ്ധതി പ്രകാരം 112 പ്രവൃത്തികൾ പൂർത്തിയായി. 52 പ്രവൃത്തികൾ നടന്നുവരുന്നു.

(4) തെരുവ് വിളക്കുകൾ എൽ.ഇ.ഡി. ആക്കി മാറ്റുന്ന നിലാവ് പദ്ധതിയുടെ ഒന്നാംഘട്ട പ്രകാരം 18 വാട്ട്സിന്റെ 1000 ബൾബുകളും 35 വാട്ട്സിന്റെ 742 ബൾബുകളും സ്ഥാപിച്ചിട്ടുണ്ട്. നിലാവിന്റെ രണ്ടാംഘട്ടം ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ വിവിധ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകളും ത്രീഫേസ് ലൈനുകളും സ്ഥാപിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ പ്രവർത്തന പുരോഗതിയും ലഭ്യമാക്കുമോ?

ദ്യുതി പദ്ധതി പ്രകാരമാണ് ട്രാൻസ്ഫോർമറുകളും ത്രീ ഫേസ് ലൈനുകളും സ്ഥാപിക്കുന്നത്. നിലവിലുള്ള 25 കെ.വി.എ., 63 കെ.വി.എ. ട്രാൻസ്ഫോർമറുകൾ 100 കെ.വി.എ. ആക്കുന്ന പ്രവൃത്തികളിൽ (upgradation) 8 എണ്ണം പൂർത്തിയായി. രണ്ട് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കൂടാതെ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ 6 എണ്ണം പൂർത്തീകരിക്കുകയും 3 പ്രവൃത്തികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. നിലവിലുള്ള സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസാക്കുന്ന പ്രവൃത്തിയും പുതിയതായി ത്രീ ഫേസ് ലൈൻ നിർമ്മിക്കുന്ന പ്രവൃത്തിയുംകൂടി 11 പ്രവൃത്തികൾ പൂർത്തിയായി. 3 പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

**ഡെപ്പോസിറ്റ് വർക്കുകൾ**

251(2660) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും കെ.എസ്.ഇ.ബി. മുഖേന നിർവ്വഹണം നടത്തുന്ന ഡെപ്പോസിറ്റ് വർക്കുകളുടെ വിശദവിവരം സെക്ഷൻ ഓഫീസ് തിരിച്ച് ലഭ്യമാക്കുമോ?

കാസർഗോഡ് ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും കെ.എസ്.ഇ.ബി. മുഖേന നിർവ്വഹണം നടത്തുന്ന ഡെപ്പോസിറ്റ് വർക്കുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പോസ്റ്റുകളുടെ ദൗർലഭ്യംമൂലം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടിരുന്നു. ഇവ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വാഴാനി ഡാമിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉത്പാദനം

252(2661) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വാഴാനി ഡാമിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉത്പാദനം ആരംഭിക്കുന്നതിനായി ഇറിഗേഷൻ വകുപ്പുമായി സംയോജിച്ച് സാധ്യതാ പഠനം നടത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഒരു സമിതി രൂപീകരിച്ച് സാധ്യതാ പഠനം സമയബന്ധിതമായി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വാഴാനി ഡാമിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉത്പാദനം ആരംഭിക്കുന്നതിനായി ഇറിഗേഷൻ വകുപ്പുമായി സംയോജിച്ച് സാധ്യതാ പഠനം നടത്തുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ജലവിഭവ വകുപ്പിൽനിന്നുമുള്ള ആവശ്യകത ലഭ്യമാകുന്നമുറയ്ക്ക് മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

## പുരപ്പുറ സൗരോർജ്ജ പദ്ധതി

253(2662) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സൗരോർജ്ജ പദ്ധതിയിലൂടെ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കാൻ കേന്ദ്രസർക്കാരിന്റെ നിർദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം നടപ്പാക്കുന്ന പുരപ്പുറ സൗര പദ്ധതിയിൽ ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡിയോടുകൂടി പുരപ്പുറ സൗരനിലയങ്ങൾ സ്ഥാപിക്കുന്നതിന് ഇഷ്ടമുള്ള കമ്പനികളെ തെരഞ്ഞെടുക്കത്തക്കവിധം നടപടിക്രമങ്ങൾ ലളിതമാക്കിക്കൊണ്ട് കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി പ്രധാനമായും താഴെപ്പറയുന്ന നിർദ്ദേശങ്ങളാണ് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം നൽകിയിരിക്കുന്നത്.

- പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ഡെവലപ്പർമാരുടെ ലിസ്റ്റ് ജില്ലാ/ഡിവിഷൻ അടിസ്ഥാനത്തിൽ തയ്യാറാക്കുക.
- പദ്ധതി സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനായി പ്രത്യേക ഹെൽപ്പ് ലൈൻ നമ്പർ ഏർപ്പെടുത്തുക.

- എം.എൻ.ആർ.ഇ. അനുവദിക്കുന്ന സബ്സിഡി 15 ദിവസത്തിനുള്ളിൽ ഡെവലപ്പർമാർക്ക് ഡിസ്കോം (വൈദ്യുതി വിതരണ കമ്പനി) മുഖേന വിതരണം ചെയ്യുക.
- പദ്ധതി സംബന്ധിച്ച് വ്യാപകമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക.

(ബി) വൈദ്യുതി ബോർഡോ സംസ്ഥാന ഏജൻസികളോ തെരഞ്ഞെടുത്ത് പട്ടികയിലുൾപ്പെടുത്തിയ കമ്പനികളിൽനിന്നും സോളാർ പാനൽ വാങ്ങണമെന്ന് നിബന്ധനയുണ്ടോ; എങ്കിൽ അത്തരം കമ്പനികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി പദ്ധതിയിൽ ഗ്രിഡ് ബന്ധിത സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം ലിസ്റ്റ് ചെയ്തിട്ടുള്ള സോളാർ പാനലുകൾ നിർബന്ധമായും ഉപയോഗിക്കണമെന്ന നിബന്ധനയുണ്ട്. ഡി.സി.ആർ. (Domestic Content Requirement) സോളാർ പാനലുകളായിരിക്കണം ഉപയോഗിക്കേണ്ടത്. 04-03-2022-ന് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം പുറത്തിറക്കിയിട്ടുള്ള ലിസ്റ്റിൽ വിവിധ ശേഷികളിലുള്ള സോളാർ പാനലുകളുടെ മോഡലും അവ നിർമ്മിക്കുന്ന കമ്പനികളുടെ വിവരവും

ഉൾപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ. കേന്ദ്ര മാനദണ്ഡപ്രകാരം എംപാനൽ ചെയ്തിട്ടുള്ള കമ്പനികൾ മുഖേനയാണ് നിലവിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നത്. അവയുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു+.

(സി) പുരപ്പുറത്ത് സോളാർ പാനൽ സ്ഥാപിക്കാനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് ആർക്കാണെന്നും അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി.എൽ. മുഖാന്തരം പുരപ്പുറ സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ സെക്ഷൻ ഓഫീസ് വഴിയോ/ഇ-കിരൺ പോർട്ടൽ വഴിയോ സമർപ്പിക്കാവുന്നതാണ്. അപേക്ഷ സമർപ്പിക്കാൻ ഉപഭോക്താവിന്റെ ടെലിഫോൺ നമ്പറും ഇലക്ട്രിസിറ്റി കൺസ്യൂമർ നമ്പറും ആവശ്യമാണ്. പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി പ്രകാരം നിലവിൽ കെ.എസ്.ഇ.ബി.എൽ. ഗാർഹിക വൈദ്യുതി കണക്ഷനുള്ളവരാണ് അപേക്ഷ നൽകേണ്ടത്. സോളാർ പാനൽ സ്ഥാപിക്കുന്നതിന് നിഴൽ പതിക്കാത്ത സൂര്യപ്രകാശം ലഭിക്കുന്ന തുറസ്സായ സ്ഥലം ആവശ്യമാണ്. അപേക്ഷകൾ മുൻഗണനാക്രമത്തിലാണ് പരിഗണിക്കുന്നത്. അനെർട്ട് മുഖേന സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് ഓൺലൈൻ വഴിയാണ് അപേക്ഷ നൽകേണ്ടത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാലതാമസം ഒഴിവാക്കുന്നതിനും സുതാര്യത ഉറപ്പിക്കുന്നതിനുംവേണ്ടി ഉപഭോക്താക്കൾ ഈ പദ്ധതിക്കുള്ള അപേക്ഷ സമർപ്പിക്കുന്നത് മുതൽ പ്ലാന്റ് സ്ഥാപിക്കുന്നതുവരെയുള്ള എല്ലാ നടപടിക്രമങ്ങളും നിർവ്വഹിക്കുന്നതിന് 'ബൈമൈസൺ' എന്ന ഓൺലൈൻ പോർട്ടൽ അനെർട്ട് സജ്ജമാക്കിയിട്ടുണ്ട്. അപേക്ഷ സമർപ്പിച്ചശേഷം എംപാനൽ ലിസ്റ്റിൽനിന്ന് അപേക്ഷകർക്കിഷ്ടമുള്ള കമ്പനിയെ തെരഞ്ഞെടുക്കാവുന്നതാണ്. പ്രസ്തുത കമ്പനി സ്ഥലം സന്ദർശിച്ച് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി കഴിഞ്ഞ് നിശ്ചയിച്ചിരിക്കുന്ന തുക കമ്പനിക്ക് നൽകി പ്ലാന്റ് സ്ഥാപിക്കാവുന്നതുമാണ്.

## കെ.എസ്.ഇ.ബി.-യിലെ ആശ്രിത നിയമനം

254(2663) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ ടെക്നിക്കൽ, നോൺ ടെക്നിക്കൽ വിഭാഗങ്ങളിലെ ആകെ സാംഗ്ഷൻഡ് സ്ട്രെങ്ത് എത്രയാണെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ടെക്നിക്കൽ വിഭാഗത്തിലെ സാംഗ്ഷൻഡ് സ്ട്രെങ്ത് 28235-ഉം നോൺ ടെക്നിക്കൽ വിഭാഗത്തിലെ സാംഗ്ഷൻഡ് സ്ട്രെങ്ത് 7949-ഉം ആണ്.

(ബി) കെ.എസ്.ഇ.ബി.-യിൽ ടെക്നിക്കൽ, നോൺ ടെക്നിക്കൽ വിഭാഗങ്ങളിൽ ആകെ സ്ഥിരം ജീവനക്കാർ എത്രയാണെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിൽ ടെക്നിക്കൽ വിഭാഗത്തിലെ ആകെ സ്ഥിരം ജീവനക്കാർ 26120-ഉം നോൺ ടെക്നിക്കൽ വിഭാഗത്തിലെ ആകെ സ്ഥിരം ജീവനക്കാർ 5248-ഉം ആണ്.

(സി) കെ.എസ്.ഇ.ബി.-യിൽ നിലവിലുള്ള സ്ഥിരം ജീവനക്കാരുടെ എത്ര ശതമാനമാണ് ആശ്രിത നിയമനംവഴി നിയമനം ലഭിച്ചവർ എന്നറിയിക്കുമോ; പ്രസ്തുത ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിലെ സ്ഥിരം ജീവനക്കാരുടെ നിലവിലുള്ള എണ്ണവും ആശ്രിത നിയമനംവഴി നിയമനം ലഭിച്ചവരുടെ എണ്ണവും ശതമാനവും തസ്തിക തിരിച്ച് അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) കെ.എസ്.ഇ.ബി.-യിൽ നിലവിൽ എത്ര ഓഫീസ് അറ്റൻഡന്റ്/പ്യൂൺ തസ്തികകളുണ്ടെന്നും ഈ തസ്തികകളിലേയ്ക്ക് പി.എസ്.സി. മുഖാന്തരം നിയമനം നടന്നിട്ട് എത്ര കൊല്ലമായെന്നും നിയമനങ്ങൾ ആശ്രിത നിയമനം വഴി മാത്രമാണോ നടത്തുന്നതെന്നും വിശദമാക്കുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അനുവദനീയമായ എണ്ണം 402 ആണ്. സർക്കാർ വകുപ്പുകളിലെ ജീവനക്കാരെക്കാളും അപകടസാദ്ധ്യത വളരെ കൂടിയ തൊഴിൽ അന്തരീക്ഷത്തിലാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഫീൽഡ് ജീവനക്കാർ ജോലി ചെയ്തുവരുന്നത്. അതുകൊണ്ടുതന്നെ വർഷന്തോറും ഫീൽഡ് ജീവനക്കാർക്ക് ജോലിക്കിടെ ധാരാളം അപകടമരണങ്ങൾ സംഭവിക്കുന്നുണ്ട്. ഇപ്രകാരം മരണപ്പെടുന്ന ബഹുഭൂരിപക്ഷം ജീവനക്കാരുടെയും ആശ്രിതരിൽ പലർക്കും അവരുടെ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് മാത്രമാണ് ബോർഡിൽ നിലവിലുള്ള സമാശ്വാസ നിയമന പദ്ധതി പ്രകാരം ജോലി ലഭിക്കാൻ അർഹതയുള്ളത്. ഇത്തരത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നടത്തുന്നതുവഴി ടി

തസ്തികയിലെ ജീവനക്കാരുടെ എണ്ണം കഴിഞ്ഞ ഏതാനും വർഷങ്ങളായി കൂടുതലാണ്. നിലവിൽ അനുവദനീയ എണ്ണമായ 402-നെതിരെ 410 ജീവനക്കാർ ജോലി ചെയ്തുവരുന്നു. മേൽസാഹചര്യത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്താൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

(ഇ) ഓഫീസ് അറ്റൻഡന്റ്/പ്യൂൺ തസ്തികയിൽനിന്നും സ്ഥാനക്കയറ്റം കിട്ടി ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ തുടരുന്ന എത്ര പേർ കെ.എസ്.ഇ.ബി.-യിൽ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

ഓഫീസ് അറ്റൻഡന്റ് തസ്തികയിൽനിന്നുള്ള സ്ഥാനക്കയറ്റ തസ്തികയല്ല ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തിക. ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് 2-ൽനിന്നും ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-1, സീനിയർ ഓഫീസ് അറ്റൻഡന്റ് എന്നിവയിലേയ്ക്ക് റേഷ്യോ പ്രൊമോഷനാണുള്ളത്. എന്നാൽ കേരള സർക്കാർ 03-01-2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 1/14/ഉ.ഭ.പ.വ പ്രകാരം എൽ.ഡി. ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്ക് അതത് വകുപ്പുകളിലെ ക്ലാസ് സബോർഡിനേറ്റ് സർവ്വീസിലുൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് കെ.പി.എസ്.സി. മുഖേന നിലവിൽ അനുവദിച്ചിട്ടുള്ള 10% തസ്തിക മാറ്റത്തിനുപുറമേ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ

റ്റൂളിലുൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിലുൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും (LD ക്ലാർക്ക്/LD ടൈപ്പിസ്റ്റ് എന്നീ തസ്തികകളുടെ ശമ്പളത്തെക്കാൾ താഴ്ന്ന സ്കെയിലിലുള്ളവർ) തസ്തിക മാറ്റം വഴി അതത് വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേയ്ക്കുകൂടി യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം മറികടന്ന് തസ്തികമാറ്റം അനുവദിച്ചുനൽകുന്നതിന് ചില ഉപാധികളോടെ ഉത്തരവായിട്ടുണ്ട്. ടി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 18-10-2014-ലെ B.O (CMD) No. 2696/2014 (Estt.II/ 4406/2014) അനുസരിച്ച് 01-11-2014-ന് 120 ഓഫീസ് അറ്റൻഡന്റ് വിഭാഗം ജീവനക്കാർക്ക് ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേയ്ക്ക് നിയമനം നൽകി (By-Transfer appointment). തുടർന്ന് 15-02-2021-ന് 76 ഓഫീസ് അറ്റൻഡന്റ് വിഭാഗം ജീവനക്കാർക്ക് ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേയ്ക്ക് നിയമനം നൽകി. നിലവിൽ ഓഫീസ് അറ്റൻഡന്റിൽനിന്നും ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് 10% ക്വാട്ടയിൽ നിയമനം ലഭിച്ച 93 പേർ ജോലി ചെയ്തുവരുന്നു.

(എഫ്) ഓഫീസ് അറ്റൻഡന്റ്/പ്യൂൺ തസ്തികയിലേയ്ക്കുള്ള നിയമനം പി.എസ്.സി.-ക്ക് വിടാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച് ഉത്തരവുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അനുവദനീയമായ എണ്ണം 402 ആണ്. സർക്കാർ വകുപ്പുകളിലെ ജീവനക്കാരെക്കാളും അപകടസാദ്ധ്യത വളരെ കൂടിയ തൊഴിൽ അന്തരീക്ഷത്തിലാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഫീൽഡ് ജീവനക്കാർ ജോലി ചെയ്തുവരുന്നത്. അതുകൊണ്ടുതന്നെ വർഷന്തോറും ഫീൽഡ് ജീവനക്കാർക്ക് ജോലിക്കിടെ ധാരാളം അപകടമരണങ്ങൾ സംഭവിക്കുന്നുണ്ട്. ഇപ്രകാരം മരണപ്പെടുന്ന ബഹുഭൂരിപക്ഷം ജീവനക്കാരുടെയും ആശ്രിതരിൽ പലർക്കും അവരുടെ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് മാത്രമാണ് ബോർഡിൽ നിലവിലുള്ള സമാശ്വാസ നിയമന പദ്ധതി പ്രകാരം ജോലി ലഭിക്കുവാൻ അർഹതയുള്ളത്. ഇത്തരത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നടത്തുന്നതുവഴി ടി തസ്തികയിലെ ജീവനക്കാരുടെ എണ്ണം കഴിഞ്ഞ ഏതാനും വർഷങ്ങളായി കൂടുതലാണ്. നിലവിൽ അനുവദനീയ എണ്ണമായ 402-നെതിരെ 410

ജീവനക്കാർ ജോലി ചെയ്തുവരുന്നു. മേൽസാഹചര്യത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻവഴി നിയമനം നടത്താൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

## ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ നിലാവ് പദ്ധതിയിലുള്ള പ്രവർത്തനങ്ങൾ

255(2664) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിലാവ് പദ്ധതിയിലുൾപ്പെടുത്തി നടത്തുന്ന പ്രവർത്തനങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിലാവ് പദ്ധതിയിലുൾപ്പെടുത്തി ഷൊർണ്ണൂർ ഇലക്ട്രിക്കൽ ഡിവിഷനുകീഴിൽ സ്ട്രീറ്റ് ലൈറ്റുകൾ താഴെപ്പറയും പ്രകാരം സ്ഥാപിച്ചിട്ടുണ്ട്.

| സെക്ഷൻ | പഞ്ചായത്ത് | സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം |
|---|---|---|
| ശ്രീകൃഷ്ണപുരം | തച്ചനാട്ടുകര | 166 |
| ലക്കിടി | മണ്ണൂർ | 18 |

## വെങ്ങാലൂർ സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുന്ന പദ്ധതി

256(2665) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിലെ വെങ്ങാലൂർ സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ തലക്കാട് വില്ലേജിൽപ്പെട്ട വെങ്ങാലൂരിൽ 220 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കാൻ വൈദ്യുതി ബോർഡ് ഭരണാനുമതി നൽകുകയും തുടർന്ന് പദ്ധതിക്കാവശ്യമായ 85.75 ആർ സ്ഥലം ആറ് സ്വകാര്യ വ്യക്തികളിൽനിന്നും വാങ്ങാൻ കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിട്ടുള്ളതുമാണ്. ഈ വസ്തു LAAR Act, 2013 അനുസരിച്ച് ഏറ്റെടുക്കാൻ സർക്കാർ ഉത്തരവുണ്ടായി. സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി സ്പെഷ്യൽ തഹസിൽദാർ എൽ.എ. ജനറൽ തിരൂർ ഓഫീസിൽനിന്നും ആവശ്യപ്പെട്ടതനുസരിച്ച് 3-12-2021-ന് 9,13,559 രൂപ കണ്ടിൻജൻസി ചാർജ്ജായും 06-01-2022-ന് 54,81,353/- രൂപ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജായും ബോർഡ് അടച്ചിട്ടുണ്ട്. തിരൂർ ആർ.ഡി.ഒ.-യുടെ നടപടിക്രമം പ്രകാരം സർവ്വേ നമ്പർ 179/3-10, 179/3-5, 179/3-3

എന്നിവയിൽപ്പെട്ട 28.31 ആർ വസ്തു 2008-ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിലുൾപ്പെട്ടിട്ടുള്ളതും ഡാറ്റാ ബാങ്കിൽനിന്നും നീക്കം ചെയ്യാൻ കഴിയുകയില്ലെന്ന് തിരൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ നടപടിക്രമം പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്. ബോർഡ് നിർമ്മിക്കാനുദ്ദേശിക്കുന്ന വെങ്ങാലൂർ സബ്സ്റ്റേഷന് ആവശ്യമായിവരുന്ന ഈ വസ്തുകൂടി പദ്ധതി പൂർത്തീകരണത്തിന് അത്യാവശ്യമാണ്. ആയതിനാൽ നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽനിന്നും ഈ വസ്തു ഒഴിവാക്കി കിട്ടുന്നതിന് കെ.എസ്.ഇ.ബി.എൽ. നടപടി സ്വീകരിച്ചുവരുന്നു.

(ബി) സ്ഥലം ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള നടപടികൾ അനിശ്ചിതാവസ്ഥയിൽ തുടരുന്ന സാഹചര്യത്തിൽ പ്രസ്തുത സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഉടനെ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

തിരൂർ നിയോജകമണ്ഡലത്തിൽ താഴെപാലത്ത് നിലവിലുള്ള 110 കെ.വി. സബ്സ്റ്റേഷൻ 220 ആയി ഉയർത്തുന്നതിനുള്ള സ്ഥലപരിമിതിയും 220, 110 കെ.വി. ലൈനുകൾ നിർമ്മിക്കുന്നതിനുള്ള അധിക വൈദ്യുതി ഇടനാഴി ഏറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടും കണക്കിലെടുത്താണ് പുതിയ

220/110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലം വെങ്ങാലൂരിൽ പരിഗണിച്ചത്. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ കുറച്ചുഭാഗം നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ പരിധിയിലാണ്. നെൽവയൽ, തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിക്കിട്ടുന്ന മുറയ്ക്കുമാത്രമേ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കഴിയുകയുള്ളു.

**പെരിന്തൽമണ്ണ കെ.എസ്.ഇ.ബി. സെക്ഷന്റെ വിഭജനം**

257(2666) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിശാസ്ത്രപരമായും ഉപഭോക്താക്കളുടെ എണ്ണത്താലും ഏറെ വലുപ്പമേറിയ പെരിന്തൽമണ്ണ കെ.എസ്.ഇ.ബി. സെക്ഷൻ വിഭജിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെവഴിക്കേണ്ടിവരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതുവഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ

പരിഗണനയിലില്ല. സ്മാർട്ട് മീറ്ററടക്കമുള്ള സാങ്കേതികവിദ്യ കടന്നുവരുന്ന സാഹചര്യത്തിൽ സേവന നിലവാരം മെച്ചപ്പെട്ടുമെന്ന് കാണുന്നു.

(ബി) മാരകരോഗം പിടിപെട്ടവരുള്ള നിർദ്ധന കുടുംബങ്ങൾക്ക് വൈദ്യുതി ചാർജ്ജിൽ ഇളവ് നൽകുന്നകാര്യം പരിഗണനയിലുണ്ടോ എന്ന് വിശദമാക്കുമോ?

നിലവിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതും 1000 വാട്ട്സ് വരെ കണക്റ്റഡ് ലോഡുള്ളതുമായ കാൻസർ ബാധിതന്റെ കുടുംബത്തിനും പോളിയോ/അപകടംമൂലം സ്ഥിരമായി അംഗവൈകല്യം സംഭവിച്ച വ്യക്തിയുടെ കുടുംബത്തിനും പ്രതിമാസം 100 യൂണിറ്റ് വരെ 1.50 രൂപ നിരക്കിലാണ് വൈദ്യുതി നൽകിവരുന്നത്. കൂടാതെ കാസർഗോഡ്, കാഞ്ഞങ്ങാട് താലൂക്കുകളിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ കുടുംബങ്ങൾക്ക് 150 യൂണിറ്റ് വരെ 1.50 രൂപ നിരക്കിലാണ് വൈദ്യുതി നൽകിവരുന്നത്. ഇതിനുപുറമേ ജീവൻ രക്ഷാ ഉപകരണങ്ങളുടെ സഹായത്തോടെ ജീവൻ നിലനിർത്തുന്ന രോഗികൾക്ക് ഉപകരണത്തിനാവശ്യമായ വൈദ്യുതി സൗജന്യമായാണ് നൽകിവരുന്നത്.

## കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾക്ക് സ്വന്തം കെട്ടിടം

258(2667) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ വെള്ളൂർ, പാടിച്ചാൽ, ചെറുപുഴ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾക്ക് സ്വന്തമായ കെട്ടിടം നിർമ്മിച്ച് അവിടേയ്ക്ക് മാറുന്നതിനുള്ള നടപടി ഏതുവരെയായെന്ന് വിശദമാക്കുമോ?

വെള്ളൂർ, ചെറുപുഴ എന്നീ സെക്ഷനുകൾക്കുവേണ്ടി പുതിയ കെട്ടിടം പണിയുന്നതിനുള്ള സ്ഥലം ട്രാൻസ്മിഷൻ വിഭാഗത്തിൽനിന്നും കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പാടിച്ചാൽ സെക്ഷൻ ഓഫീസിനുള്ള കെട്ടിടം പണിയുന്നതിനുള്ള എസ്റ്റിമേറ്റ് പുതുക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

## കർഷകർക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി

259(2668) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി പരിപോഷിപ്പിക്കാനും നിലനിർത്താനും പാടശേഖരങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ നെൽകൃഷിക്ക് കാർഷിക താരിഫിലാണ് (LT V(A)) വൈദ്യുതി നൽകിവരുന്നത്. ടി താരിഫ് മറ്റേതൊരു വിഭാഗത്തേക്കാളും കുറഞ്ഞ താരിഫ് നിരക്കാണ്. നിലവിൽ ടി താരിഫ് വൈദ്യുതിയുടെ ശരാശരി വിലയുടെ (Average cost of Supply) 50 ശതമാനത്തിൽത്താഴെ മാത്രമേ വരികയുള്ളൂ. സംസ്ഥാന ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ഭൂപരിധിയുള്ള കാർഷിക ഉപഭോക്താക്കൾക്ക് (കൃഷിഭവൻ മുഖേന വൈദ്യുതി ബിൽ തുക ലഭ്യമാക്കി) വൈദ്യുതി തികച്ചും സൗജന്യമായാണ് നൽകുന്നത്. നെൽകൃഷിക്ക് ഭൂവിസ്തൃതിയുടെ പരിധിയില്ലാതെയാണ് ആനുകൂല്യം നൽകിവരുന്നത്.

(ബി) കാർഷികമേഖലയ്ക്ക് നൽകുന്ന വൈദ്യുതി കണക്ഷൻ തടസ്സങ്ങളില്ലാതെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

സ്വീകരിച്ചിട്ടുണ്ട്. സാധാരണഗതിയിൽ തിരിച്ചറിയൽ രേഖയും ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയുംമാത്രം ഹാജരാക്കിയാൽ

വൈദ്യുതി കണക്ഷൻ നൽകുന്നവിധം ചട്ടങ്ങൾ മറ്റ് കണക്ഷനുകൾക്കെന്നപോലെ കാർഷിക കണക്ഷനുകൾക്കും പരിഷ്കരിച്ചിട്ടുണ്ട്. ഗവൺമെന്റ് സബ്സിഡി ലഭ്യമാക്കേണ്ട കാർഷിക കണക്ഷനുകൾക്ക് ഭൂവിസ്തൃതിയിലെ മാനദണ്ഡങ്ങൾക്കനുസൃതമായി ബന്ധപ്പെട്ട അധികാരിയിൽനിന്ന് അംഗീകാരപത്രമോ സർട്ടിഫിക്കറ്റോ ഹാജരാക്കുന്നപക്ഷം കാർഷിക കണക്ഷൻ നൽകുന്നുണ്ട്.

## വൈദ്യുതി ദൗർലഭ്യം മറികടക്കാൻ മുൻകരുതലുകൾ

260(2669) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വരൾച്ച രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വൈദ്യുതി ദൗർലഭ്യം മറികടക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ലോഡ്ഷെഡ്ഡിംഗോ പവർകട്ടോ ഇല്ലാത്ത സ്ഥിതിയിലേയ്ക്ക് സംസ്ഥാനത്തെ ഊർജ്ജരംഗം പ്രാപ്തമാക്കുന്നതിനുവേണ്ടി ആഭ്യന്തര ഉത്പാദനത്തിനുപുറമേ നിലവിൽ സംസ്ഥാനത്തിനുപുറത്തുള്ള സ്വതന്ത്ര ഉത്പാദകരിൽനിന്നും ദീർഘകാലാടിസ്ഥാനത്തിൽ 1215 മെഗാവാട്ട് വൈദ്യുതിയും കേന്ദ്ര വൈദ്യുതിനിലയങ്ങളിൽനിന്ന് 1741 മെഗാവാട്ട്

വൈദ്യുതിക്കുമുള്ള ദീർഘകാല കരാറുകളിൽ കെ.എസ്.ഇ.ബി.എൽ. ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ വേനൽക്കാലത്തെ വർദ്ധിച്ച വൈദ്യുതി ആവശ്യകത നിറവേറ്റാൻ ഈ കരാറുകൾക്കുപുറമേ അധിക വൈദ്യുതി കണ്ടെത്തേണ്ടതുണ്ടെന്ന് മുൻകൂട്ടി കണക്കാക്കി ആവശ്യമായ നടപടി സ്വീകരിക്കുകയുണ്ടായി. ഇവകൂടാതെ, സംസ്ഥാനം സ്വകാര്യ പാരമ്പര്യേതര ഊർജ്ജ ഉത്പാദകരുമായി വൈദ്യുതി വാങ്ങൽ കരാറിലേർപ്പെട്ടിട്ടുണ്ട്. വരൾച്ച രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വർദ്ധിച്ച ഉപഭോഗം മുന്നിൽ കണ്ടുകൊണ്ട് വേനൽക്കാലത്തേയ്ക്ക് ആവശ്യമുള്ള അധിക വൈദ്യുതി ലഭ്യമാക്കാൻ കെ.എസ്.ഇ.ബി.എൽ. നടത്തിയ ആസൂത്രണങ്ങളും മുന്നൊരുക്കങ്ങളും താഴെപ്പറയുന്ന പ്രകാരമാണ്.

1. ആഭ്യന്തര ജലവൈദ്യുത നിലയങ്ങളിൽനിന്നുള്ള വൈദ്യുതോത്പാദനം കാര്യക്ഷമമായി ക്രമീകരിക്കുകവഴി പദ്ധതി പ്രദേശങ്ങളിലെ വൈദ്യുതോത്പാദനത്തിനുള്ള ജലം വേനൽക്കാലത്തെ അധിക ഉത്പാദനത്തിനായി സംഭരിച്ചുവയ്ക്കുക.

2. വേനൽക്കാലത്ത് ആവശ്യമായ അധിക വൈദ്യുതി മറ്റ് സംസ്ഥാനങ്ങളുമായി ബാങ്കിംഗ് കരാറുകളിൽ ഏർപ്പെട്ട് കെ.എസ്.ഇ.ആർ.സി. അനുമതിയോടെ കണ്ടെത്തുകയും അപ്രകാരം

ലഭ്യമായ വൈദ്യുതി അടുത്ത കാലവർഷത്തിൽ തിരികെ നൽകുകയും ചെയ്യുക.

3. നിലവിലെ കരാറുകളിൽനിന്നുള്ള വൈദ്യുതിയിലും ആഭ്യന്തര ഉത്പാദനത്തിലും വരുന്ന കുറവ് നികത്താനായി ദൈനംദിന ആവശ്യങ്ങൾക്ക് പവർ എക്സ്ചേഞ്ചുകളിൽനിന്ന് താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങുക.

4. ഇവകൂടാതെ വേനൽക്കാലത്തെ വർദ്ധിച്ച ഉപഭോഗം കണക്കിലെടുത്ത് പ്രതീക്ഷിക്കാവുന്ന അധിക വൈദ്യുത കമ്മി കെ.എസ്.ഇ.ബി.എൽ. മുൻകൂട്ടി വിലയിരുത്തുകയും എം.ഒ.പി.-യുടെ DEEP പോർട്ടലിലൂടെ മത്സരാധിഷ്ഠിത ടെൻഡർ മുഖേന ലഭിച്ച നിരക്കുകൾ കെ.എസ്.ഇ.ആർ.സി.-യുടെ അനുമതിയോടെ ഹ്രസ്വകാല വൈദ്യുതി വാങ്ങൽ കരാറിലൂടെ പരമാവധി നികത്താനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു. വേനലായതിനാൽ ഊർജ്ജ ഉപഭോഗം കൂടുന്ന സാഹചര്യത്തിൽ പീക്ക് ടൈമിൽ ഊർജ്ജ ഉപഭോഗം കുറയ്ക്കുവാനുള്ള നിർദ്ദേശങ്ങളും എനർജി മാനേജ്മെന്റ് സെന്റർ വിവിധ ദൃശ്യ/പത്ര മാധ്യമങ്ങളിൽക്കൂടി നൽകിവരുന്നു.

(ബി) വൈകുന്നേരം 6.00 മണി മുതൽ രാത്രി 11.00 മണി വരെയുള്ള സമയത്ത് കേന്ദ്രപൂളിൽനിന്നും വൈദ്യുതി ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ടോ; ആയതുസംബന്ധിച്ച ഉപാധികളും നിബന്ധനകളും എന്തെല്ലാമാണ്?

വൈകുന്നേരം 6.00 മണി മുതൽ രാത്രി 11.00 മണി വരെയുള്ള സമയത്ത് കേന്ദ്രപൂളിൽനിന്നും വൈദ്യുതി ലഭ്യമാക്കുന്നതിന് നിലവിൽ കേന്ദ്രസർക്കാരിലേയ്ക്ക് അപേക്ഷയൊന്നും നൽകിയിട്ടില്ല. വേനൽക്കാലത്ത് പൊതുവേ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിനായി എസ്.പി.ആർ.സി. യോഗങ്ങളിൽ ഇടപെടലുകൾ നടത്തുന്നുണ്ട്. വൈകുന്നേരം 6 മണി മുതൽ രാത്രി 11 മണി വരെയുള്ള സമയത്ത് കേന്ദ്രപൂളിൽനിന്നും വൈദ്യുതി ലഭ്യമാകുന്നുണ്ട്.

(സി) സംസ്ഥാനത്ത് പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഏർപ്പെടുത്തേണ്ട സാഹചര്യം നിലവിലില്ല.

## പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ

261(2670) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ എവിടെയെല്ലാം സ്ഥാപിച്ചിട്ടുണ്ടെന്നും ഏറ്റവും അടുത്തുള്ളതും തിരക്കില്ലാത്തതും ഒഴിവുള്ളതുമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ കണ്ടെത്തുന്നതിന് എന്ത് സംവിധാനമാണ് കെ.എസ്.ഇ.ബി.എൽ. ഒരുക്കിയിട്ടുള്ളതെന്നും അറിയിക്കുമോ?

കെ.എസ്.ഇ.ബി.-യുടെ 10 പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകൾ പൈലറ്റ് അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിൽ ഓക്ടോബർ 9-ാം തീയതി മുതൽ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ വിപുലമായ രീതിയിൽ 1140 പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകൾ സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലുമായി ഇലക്ട്രിക് വാഹന ഉപഭോക്താക്കൾക്കായി സ്ഥാപിച്ചുവരുന്നു. ഒരു നിയോജകമണ്ഡലത്തിൽ ചുരുങ്ങിയത് 5 എണ്ണവും കോർപ്പറേഷൻ മേഖലകളിൽ 15 എണ്ണവും വരുന്ന രീതിയിൽ എം.എൽ.എ.-മാരുടെ നിർദ്ദേശപ്രകാരമാണ് ചാർജ്ജിംഗ് പോയിന്റുകൾക്കുള്ള സ്ഥലങ്ങൾ തെരഞ്ഞെടുത്തിട്ടുള്ളത്. ഏറ്റവും

അടുത്തുള്ളതും ഉപയോഗത്തിന് സജ്ജമായതുമായ ചാർജ്ജിംഗ് പോയിന്റുകൾ കണ്ടെത്താനും ചാർജ്ജിംഗ് സ്റ്റേഷനുകൾ ഉപയോഗിക്കാനും കേരള സ്റ്റാർട്ടപ് മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പായ ചാർജ്ജ് മോഡിന്റെ Charge MOD Mobile Application ഉപയോഗിക്കുന്നു. ഇത് പൂർണ്ണമായും തദ്ദേശീയമായി വികസിപ്പിച്ചതാണ്.

(ബി) കെ.എസ്.ഇ.ബി.-യുടെ പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളിലെ സംവിധാനം വ്യക്തമാക്കുമോ; ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിന് കെ.എസ്.ഇ.ബി. ഈടാക്കുന്ന നിരക്ക് എത്രയെന്നും ഇത് ഈടാക്കുന്നതെങ്ങനെയെന്നും വിശദമാക്കുമോ; നിലവിൽ സ്വകാര്യ ചാർജ്ജിംഗ് പോയിന്റുകളിൽ ഈടാക്കുന്ന നിരക്കുമായി താരതമ്യം ചെയ്യുമോ;

(സി) ഇലക്ട്രിക് വാഹനങ്ങൾ ഫുൾ ചാർജ്ജ് ചെയ്യുന്നതിന് എത്ര സമയം വേണ്ടിവരുമെന്നും ഒരു തവണ ചാർജ്ജ് ചെയ്താൽ എത്ര കിലോമീറ്റർ ദൂരം യാത്ര ചെയ്യാനാകുമെന്നും വാഹനങ്ങളുടെ ഇനംതിരിച്ച് വിശദമാക്കുമോ?

(ബി&സി )Automotive Research Association of India (ARAI) ടെസ്റ്റ് ചെയ്ത് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള Bharat-AC ഗണത്തിൽപ്പെടുന്ന

സിംഗിൾ ഫേസ് 3.3 KW എ.സി. ചാർജ്ജറാണ് പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ ഉപയോഗിക്കുന്നത്. ഇതുകൂടാതെ ഉപഭോക്താക്കളുടെയും ചാർജ്ജറിന്റെയും സുരക്ഷ മുന്നിൽക്കണ്ടുകൊണ്ട് സി.സി.ടി.വി., ജി.ഐ.ഒ. ലൊക്കേഷൻ എന്നീ ഫീച്ചേഴ്സും നൽകിയിരിക്കുന്നു. പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളിൽ (സ്ലോ ചാർജ്ജർ) യൂണിറ്റിന് 9 രൂപ + ജി.എസ്.ടി. എന്ന നിരക്കിലാണ് ഈടാക്കുന്നത്. കെ.എസ്.ഇ.ബി.-യുടെ നിരക്കുകൾ സംസ്ഥാനത്തെ മറ്റ് സ്വകാര്യ ചാർജ്ജിംഗ് സ്റ്റേഷനുകളേക്കാൾ 10 മുതൽ 50 ശതമാനംവരെ കുറവാണ്. ഓരോ ഇലക്ട്രിക് വാഹനവും അതിന്റേതായ പവർ/ബാറ്ററി തുടങ്ങിയവയാൽ വ്യത്യസ്തങ്ങളാണ്. അതിനാൽത്തന്നെ വിവിധ ചാർജ്ജിംഗ് രീതികൾ/ബാറ്ററിയുടെ നിലവിലുള്ള ചാർജ്ജ് എന്നിവയെ ആശ്രയിച്ച് ചാർജ്ജിംഗ് സമയവും ഒറ്റ ചാർജ്ജിൽ സഞ്ചരിക്കാൻ കഴിയുന്ന ദൂരവും (Range) വ്യത്യസ്തമായിരിക്കും. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വിവിധ മോഡൽ ഇലക്ട്രിക് കാറുകൾ ഫുൾ ചാർജ്ജ് ചെയ്യുന്നതിന് ഏകദേശം 30 മുതൽ 60 മിനിട്ടുകൾ വേണ്ടിവരും. സ്ലോ ചാർജ്ജിംഗ് സംവിധാനത്തിൽ ഇലക്ട്രിക് കാറുകൾ ഫുൾ ചാർജ്ജ് ചെയ്യുന്നതിന് ഏകദേശം 6 മുതൽ 10 മണിക്കൂർ സമയം വേണ്ടിവരും. ഇലക്ട്രിക് ആട്ടോറിക്ഷകൾ ഫുൾ ചാർജ്ജ്

ചെയ്യുന്നതിന് വിവിധ മോഡലുകളനുസരിച്ച് ഏകദേശം 2 മുതൽ 5 മണിക്കൂർ സമയം വേണ്ടിവരും. ഒരുതവണ ഫുൾ ചാർജ്ജ് ചെയ്താൽ ഇലക്ട്രിക് ആട്ടോറിക്ഷകൾക്ക് ഏകദേശം 60 മുതൽ 120 കിലോമീറ്റർ വരെ ദൂരം യാത്ര ചെയ്യാനാകും. ഇലക്ട്രിക് സ്കൂട്ടറുകൾ ഫുൾ ചാർജ്ജ് ചെയ്യുന്നതിന് വിവിധ മോഡലുകളനുസരിച്ച് ഏകദേശം 1 മുതൽ 4 മണിക്കൂർ സമയം വേണ്ടിവരും. ഒരു തവണ ഫുൾ ചാർജ്ജ് ചെയ്താൽ ഇലക്ട്രിക് സ്കൂട്ടറുകൾ ഏകദേശം 40 മുതൽ 150 കിലോമീറ്റർ വരെ ദൂരം യാത്ര ചെയ്യാനാകും.

(ഡി) ഒരു വാഹനത്തിന്റെ ചാർജ്ജിംഗിനുതന്നെ മിനിമം നാല് മണിക്കൂർ വേണ്ടിവരുന്ന സാഹചര്യത്തിൽ കൂടുതൽ ഇലക്ട്രിക് വാഹനങ്ങളുള്ള പട്ടണങ്ങളിൽ പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകൾ പ്രായോഗികമാകുമോ; വിശദമാക്കുമോ?

കെ.എസ്.ഇ.ബി.-യുടെ പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ പ്രധാനമായും ഇലക്ട്രിക് ഇരുചക്ര/മുച്ചക്ര വാഹനങ്ങൾക്കായി ക്രമീകരിച്ചിട്ടുള്ളവയാണ്. സാധാരണയായി ഇരുചക്ര / മുച്ചക്ര വാഹനങ്ങൾ ഫുൾ ചാർജ്ജ് ചെയ്യുന്നതിനായി 2 മുതൽ മൂന്നര മണിക്കൂറും 20 ശതമാനത്തിൽനിന്നും 80 ശതമാനംവരെ ചാർജ്ജ് ചെയ്യുന്നതിന് 1 മുതൽ ഒന്നര മണിക്കൂറുമാണെടുക്കുന്നത്. ഇരുചക്ര/മുച്ചക്ര വാഹനങ്ങൾക്ക് AC

Charging @ 3.3 KW Power മാത്രമേ അനുയോജ്യമായുള്ളൂ എന്നുള്ളതും എടുത്തുപറയേണ്ടതാണ്. ഇരുചക്ര/മുച്ചക്ര വാഹനങ്ങൾ മാത്രമല്ല ഹെവി വാഹനങ്ങളും പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനിൽ ചാർജ്ജ് ചെയ്യാം.

(ഇ) ചാർജ്ജിംഗ് സമയം ലാഭിക്കുന്നതിന് മുൻകൂട്ടി ചാർജ്ജ് ചെയ്ത് ബാറ്ററികൾ ഇലക്ട്രിക് വാഹനങ്ങൾക്ക് വാടകയ്ക്ക് നൽകുന്നതിന് കെ.എസ്.ഇ.ബി.-ക്ക് പദ്ധതിയുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള പദ്ധതി തയ്യാറാക്കുമോ?

ഇപ്പോൾ കെ.എസ്.ഇ.ബി.-ക്ക് പദ്ധതികളൊന്നും ഇല്ല. വാഹനങ്ങൾ അധികമില്ലാത്തതിനാലും ഇത്തരം പദ്ധതിയുടെ ടെക്നോളജി ശൈശവ ദശയിലായതിനാലും വളരെയധികം പഠനത്തിനും ഗവേഷണ വിശകലനത്തിനും ശേഷമേ കൃത്യമായ ഒരു സംവിധാനം വികസിപ്പിക്കാൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും കേരളത്തിൽ ചില സ്വകാര്യ സ്വാപ്പിംഗ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ. അതിലേയ്ക്ക് വേണ്ടുന്ന സൗകര്യങ്ങൾ കൃത്യമായി വിതരണ യൂട്ടിലിറ്റി എന്നനിലയിൽ നിർവ്വഹിച്ചുവരികയും ചെയ്യുന്നു. നിരവധി സ്വകാര്യ വാഹന നിർമ്മാതാക്കൾ ഇത്തരം ബാറ്ററി സ്വാപ്പിംഗ് പദ്ധതികൾ ആവിഷ്ക്കരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## വൈദ്യുതി ലൈനിലെ ജോലിക്കിടെയുണ്ടാകുന്ന അപകടം

262(2671) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കഴിഞ്ഞവർഷം എത്ര കെ.എസ്.ഇ.ബി. ജീവനക്കാർ വൈദ്യുതി ലൈനിലെ ജോലിക്കിടെ മരണപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ?

കണ്ണൂർ ജില്ലയിൽ കഴിഞ്ഞ വർഷം രണ്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർ വൈദ്യുതി ലൈനിലെ ജോലിക്കിടയിൽ അപകടം സംഭവിച്ച് മരണപ്പെട്ടിട്ടുണ്ട്. 08-07-2021-ൽ ഒരു ഉപഭോക്താവിന്റെ വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനിടയിൽ പോസ്റ്റിൽനിന്നും നിലത്തുവീണ് പയ്യന്നൂർ ഇലക്ട്രിക്കൽ സെക്ഷനിലെ ലൈൻമാനായ ഷാജി മരണപ്പെടുകയുണ്ടായി. 15-07-2021-ൽ പ്രകൃതിക്ഷോഭത്തിൽ പൊട്ടിവീണ വൈദ്യുതി കമ്പി കെട്ടുന്ന ജോലിക്കിടയിൽ തൊട്ടടുത്ത വീട്ടിൽ കൺസ്ട്രക്ഷൻ പർപ്പസിന് ഉപയോഗിച്ചിരുന്ന ജനറേറ്ററിൽനിന്നും വൈദ്യുതി പ്രവഹിച്ച് ഷോക്കേറ്റ് കോടിയേരി ഇലക്ട്രിക്കൽ സെക്ഷനിലെ ഇലക്ട്രിസിറ്റി വർക്കറായ സാജിദ് സി. മരണപ്പെടുകയുണ്ടായി.

(ബി) കെ.എസ്.ഇ.ബി.-യുടെ അനുമതിയില്ലാതെ ജനറേറ്ററുകൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. 10 KVA-യ്ക്കുമുകളിൽ ജനറേറ്ററുകൾ സ്ഥാപിക്കുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതി ആവശ്യമാണ്. എന്നാൽ 10 KVA-ക്കുതാഴെയുള്ള ജനറേറ്ററുകൾ സ്ഥാപിക്കുന്നതിന് നിലവിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതി വാങ്ങുന്നില്ല. കട്ടപ്പന ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പരിധിയിൽ നടന്ന അപകടവുമായി ബന്ധപ്പെട്ട് ഉപഭോക്താക്കളുടെ പ്രിമിസെസിൽ നിലവിലെ ചട്ടങ്ങൾ പ്രകാരമുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും അനധികൃതമായി സ്ഥാപിച്ചിട്ടുള്ളതുമായ ജനറേറ്ററുകൾ കണ്ടെത്തുന്നതിന് കെ.എസ്.ഇ.ബി.എൽ.-ഉം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും ചേർന്ന് സംയുക്ത പരിശോധന ആരംഭിച്ചിട്ടുണ്ട്.

(സി) ജനറേറ്ററുകളിൽനിന്ന് വൈദ്യുതി ലൈനിലേയ്ക്ക് വൈദ്യുതി തിരിച്ചുകയറി അപകടങ്ങളുണ്ടാകുന്നതിനെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കട്ടപ്പന ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പരിധിയിൽ നടന്ന അപകടവുമായി ബന്ധപ്പെട്ട് ഉപഭോക്താക്കളുടെ പ്രിമിസെസിൽ നിലവിലെ

ചട്ടങ്ങൾ പ്രകാരമുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും അനധികൃതമായി സ്ഥാപിച്ചിട്ടുള്ളതുമായ ജനറേറ്ററുകൾ കണ്ടെത്തുന്നതിന് കെ.എസ്.ഇ.ബി.എൽ.-ഉം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും ചേർന്ന് സംയുക്ത പരിശോധന ആരംഭിച്ചിട്ടുണ്ട്. അപാകത കണ്ടുപിടിച്ച ഉപഭോക്താക്കളുടെ പ്രിമിസെസിൽ അപാകത തിരുത്താനായി നോട്ടീസ് നൽകി, അനധികൃത ജനറേറ്ററുകൾ റെഗുലറൈസ് ചെയ്ത് സുരക്ഷിതമാക്കാനുള്ള നടപടി സ്വീകരിച്ചു. ഈ രീതിയിലുള്ള അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കേണ്ട മുൻകരുതലുകളെപ്പറ്റി മാധ്യമങ്ങൾ മുഖാന്തരം പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകി. സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് ജനറേറ്റർ സ്ഥാപിച്ചാൽ ജനറേറ്ററിൽനിന്നും ഇലക്ട്രിക് ലൈനിലേയ്ക്ക് സപ്ലൈ ബാക്ക് ഫീഡിംഗുണ്ടാകുന്നത് ഒഴിവാക്കാൻ കഴിയും. ജനറേറ്ററുകളിൽനിന്നും വൈദ്യുതി ലൈനിലേയ്ക്ക് വൈദ്യുതി തിരിച്ചുകയറി അപകടങ്ങളുണ്ടാകുന്നതിനെപ്പറ്റി നാളിതുവരെ പ്രത്യേക പഠനം നടത്തിയിട്ടില്ല. പക്ഷേ ഇത്തരത്തിലുണ്ടാകുന്ന അപകടം വിശദമായി അന്വേഷിക്കുകയും അതിന്റെ കാരണം കണ്ടുപിടിക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ ജനറേറ്റർ സ്ഥാപിക്കുമ്പോൾ ചെയ്ഞ്ച് ഓവർ സ്വിച്ചും വേണ്ട സുരക്ഷാ സംവിധാനങ്ങളും ശരിയായി

സ്ഥാപിക്കാതിരുന്നാലുണ്ടാകുന്ന ഗുരുതരമായ അപകടങ്ങളെപ്പറ്റി പൊതുജനങ്ങൾക്ക് അവബോധം നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

## വൈദ്യുതി വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് വിവിധ പദ്ധതികൾക്ക് അനുമതി

263(2672) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് ടൂറിസം പദ്ധതികൾ നടപ്പാക്കാൻ ആർക്കെങ്കിലും അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

വൈദ്യുതി ബോർഡിന്റെ ഡാം പ്രദേശങ്ങളിൽ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി ബോർഡിന്റെ കീഴിൽ 1955-ലെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടനുസരിച്ച് 1999-ൽ രൂപീകരിച്ച ഹൈഡൽ ടൂറിസം സെന്റർ എന്ന സ്ഥാപനത്തിന് അനുമതി നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായി 2015 ഡിസംബറിൽ ഇടുക്കി ജില്ലയിലെ മാട്ടുപ്പെട്ടി ഡാമിൽ വരുമാനം പങ്കിടൽ വ്യവസ്ഥയിൽ അമ്യൂസ്മെന്റ് പാർക്ക് ആരംഭിക്കുകയും തുടർന്ന് 2019-ൽ അമ്യൂസ്മെന്റ് പാർക്കുൾപ്പെടെയുള്ള വിവിധ ടൂറിസം പദ്ധതികൾക്കായി 8 കോ-

ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് വരുമാനം പങ്കിടൽ വ്യവസ്ഥയിലും 4 കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് മാസവാടക കരാർ പ്രകാരവും കച്ചവട സ്ഥാപനങ്ങളുടെ നടത്തിപ്പിനുമായി അനുമതി നൽകിയിട്ടുണ്ട്.

(ബി) വൈദ്യുതി വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് ഹൈഡൽ ടൂറിസത്തിനായി കേരള ഹൈഡൽ ടൂറിസം സെന്ററിന്റെ ഗവേണിംഗ് ബോഡി എത്ര കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; വിശദമാക്കുമോ?

കഴിഞ്ഞ സാമ്പത്തികവർഷം ഹൈഡൽ ടൂറിസത്തിന്റെ വിവിധ സെന്ററുകളിൽനിന്നും ലഭിച്ച വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടൂറിസം പദ്ധതികൾക്കായി 13.90 കോടി രൂപയ്ക്ക് ഹൈഡൽ ടൂറിസം ഗവേണിംഗ് ബോഡി അംഗീകാരം നൽകിയിട്ടുണ്ട്.

(സി) വൈദ്യുതി വകുപ്പിന്റെ ഏതൊക്കെ ഡാമുകൾ കേന്ദ്രീകരിച്ചാണ് അമ്യൂസ്മെന്റ് പാർക്കുകൾ കൊണ്ടുവരാൻ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്?

ഇടുക്കി ജില്ലയിലെ പൊൻമുടി ഡാം, മാട്ടുപ്പെട്ടി ഡാം, ശെങ്കുളം ഡാം, ആനയിറങ്കൽ ഡാം, മൂന്നാർ ഹൈഡൽ പാർക്ക് എന്നിവിടങ്ങളിൽ അമ്യൂസ്മെന്റ് പാർക്ക് ആരംഭിക്കുന്നതിന് 5 കോ-ഓപ്പറേറ്റീവ്

സൊസൈറ്റികൾക്കാണ് വരുമാനം പങ്കിടൽ വ്യവസ്ഥയിൽ അനുമതി നൽകിയിട്ടുള്ളത്.

(ഡി) വൈദ്യുതി വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് ഇടുക്കി ഡാം കേന്ദ്രീകരിച്ച് ലേസർ ഷോ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പ്രസ്തുത പദ്ധതി പരിഗണിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് പ്രാരംഭ നടപടികളാരംഭിച്ചിട്ടുണ്ട്. ആർ.എഫ്.പി. തയ്യാറാക്കിവരുന്നു.

(ഇ) സംസ്ഥാന വൈദ്യുതി വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് ഇടുക്കി ഡാമിനോട് ചേർന്ന് സ്വകാര്യ കമ്പനികൾക്ക് പുഷ്പകൃഷി ചെയ്യാൻ സ്ഥലം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഇല്ല.

**വൈദ്യുതി കണക്ഷനുകളുടെ ഉടമസ്ഥാവകാശം മാറ്റുന്നതിന് ഏകജാലക സംവിധാനം**

264(2673) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വൈദ്യുതി കണക്ഷനുകളുടെ ഉടമസ്ഥാവകാശം മാറ്റുന്നതിന് പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ജനങ്ങൾ ഓഫീസുകളിൽ

കയറിയിറങ്ങാൻ ഇടയാക്കാതെതന്നെ ഉടമസ്ഥാവകാശം മാറ്റുന്നതിന് വകുപ്പുകളെ തമ്മിൽ ഏകോപിപ്പിച്ചുകൊണ്ട് ഏകജാലക സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കെ.എസ്.ഇ.ബി. ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി. ഓഫീസിൽ പോകാതെതന്നെ ഫോൺ മുഖാന്തരം അപേക്ഷ രജിസ്റ്റർ ചെയ്യാനുള്ള വാതിൽപ്പടി സംവിധാനവും നിലവിലുണ്ട്. ഇതിൻ പ്രകാരം രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ വീട്ടിലെത്തി ആവശ്യമായ രേഖകൾ സ്വീകരിക്കുന്നതാണ്. ഇതിനായി ഉപഭോക്താവ് കെ.എസ്.ഇ.ബി. ഓഫീസിൽ പോകേണ്ടതില്ല. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഏകജാലക സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്ന കാര്യത്തിൽ പരിശോധിച്ച് തീരുമാനമെടുക്കാവുന്നതാണ്.

## സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി

265(2674) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ വിവിധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സൗര പുരപ്പുറ പദ്ധതിയുടെ കീഴിൽ സർക്കാർ സ്ഥാപനങ്ങളുടെ പുരപ്പുറത്ത് നിലയം സ്ഥാപിക്കുന്നതിന്റെ ഭാഗമായി എസ്.എം.വി. ഹൈസ്കൂൾ പൂഞ്ഞാറിൽ 62 കിലോവാട്ടിന്റെ സൗരനിലയ നിർമ്മാണം ഏകദേശം പൂർത്തിയായി, ഉടൻ കമ്മീഷൻ ചെയ്യുന്നതാണ്. കോരുത്തോട് സി.കെ.എം. ഹയർ സെക്കണ്ടറി സ്കൂളിന് 20 കിലോവാട്ടിന്റെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ ജി.യു.പി.എസ്. പതക്കച്ചിറ (20 KW), ജി.യു.പി.എസ്. പിണ്ണാക്കനാട് (16 KW), ജി.യു.പി.എസ്. തിടനാട് (65 KW), ജി.യു.പി.എസ്. കിടങ്ങൂർ (30 KW), ജി.റ്റി.എച്ച്.എസ്. എരുമേലി (15 KW) എന്നീ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പ്രാരംഭ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്.

(ബി) സർക്കാർ സ്ഥാപനങ്ങളിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി നടപ്പാക്കുന്നതിനായി ജില്ലാതലത്തിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ

എന്നും സ്ഥാപന മേധാവികൾ എപ്രകാരമാണ് പ്രസ്തുത പദ്ധതിക്കായി അപേക്ഷ സമർപ്പിക്കേണ്ടതെന്നും പദ്ധതിക്കായി സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്നും വ്യക്തമാക്കുമോ?

ഇക്കാര്യത്തിനായി ജില്ലാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.എൽ. ഓഫീസുകളെ സമീപിക്കാവുന്നതാണ്. സബ്സിഡിയില്ലാതെ എസ്റ്റിമേറ്റ് തുക അടച്ച് സൗരോർജ്ജ പദ്ധതികൾ നടപ്പാക്കാൻ താല്പര്യമുള്ള വകുപ്പ് മേധാവികൾക്ക് ചീഫ് എഞ്ചിനീയർ (റീസ്) & ചീഫ് സേഫ്റ്റി കമ്മീഷണർ, ഒമ്പതാം നില, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം-695004 എന്ന വിലാസത്തിൽ അപേക്ഷിക്കാവുന്നതാണ്. സർക്കാർ സ്ഥാപനങ്ങളിൽ പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 10 ശതമാനം ഇൻസെന്റീവ് നൽകുന്ന പദ്ധതിയാണ് അനെർട്ടിൽ നിലവിലുള്ളത്. ഇതിനായുള്ള അപേക്ഷ ക്ഷണിക്കുന്ന അവസരത്തിൽ അപേക്ഷ ലഭിക്കുന്നതിന്റെ മുൻഗണനാക്രമത്തിലാണ് സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത്. പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള തുക ലഭ്യമാണെങ്കിൽ സർക്കാർ സ്ഥാപനങ്ങൾക്ക് അനെർട്ട് മുഖേന ഡെപ്പോസിറ്റ്/കൺസൾട്ടൻസി വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാവുന്നതാണ്. ഇതിനായുള്ള സ്ഥല

പരിശോധന, എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെൻഡർ നടപടികൾ, നിർമ്മാണ മേൽനോട്ടം എന്നിവ അനെർട്ട് ചെയ്യുന്നതാണ്. അനെർട്ടിന്റെ ജില്ലാ ഓഫീസുകളിൽ ഇതിനുള്ള സംവിധാനമുണ്ട്.

## ഡിജിറ്റൽ മീറ്റർ

266(2675) ഡോ. എം. കെ. മുനീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈകുന്നേരം 6 മണി മുതൽ രാത്രി 10 മണി വരെ ഉപയോഗിക്കുന്ന വൈദ്യുതിക്ക് അധികനിരക്ക് ഈടാക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

നിലവിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവുകൾ പ്രകാരം 20 കിലോവാട്ടോ അതിൽക്കൂടുതലോ കണക്ടഡ് ലോഡുള്ള വ്യാവസായിക ഉപഭോക്താക്കൾക്കും ഹൈ ടെൻഷൻ, എക്സ്ട്രാ ഹൈ ടെൻഷൻ വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കൾക്കും (വാട്ടർ അതോറിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പമ്പിംഗ് സ്റ്റേഷനുകൾ, റെയിൽവേ ട്രാക്ഷൻ എന്നിവയൊഴികെ) ഒരു കലണ്ടർ വർഷത്തിലെ ഏതെങ്കിലും അർദ്ധവർഷത്തിലെ പ്രതിമാസ ശരാശരി

വൈദ്യുതി ഉപഭോഗം 500 യൂണിറ്റ് കൂടുതലായി വന്നിട്ടുള്ള ഗാർഹിക ഉപഭോക്താക്കളെ ടി.ഒ.ഡി. സമ്പ്രദായത്തിലേയ്ക്ക് മാറ്റുന്നതും തുടർന്ന് 500 യൂണിറ്റിൽക്കൂടുതൽ ഉപഭോഗം വരുന്ന മാസങ്ങളിൽ, ടി.ഒ.ഡി. താരിഫ് പ്രകാരമാണ് ബിൽ ചെയ്തുവരുന്നത്. ടി സമ്പ്രദായത്തിൽ മേൽപ്പറഞ്ഞതിൽ ഗാർഹിക ഉപഭോക്താക്കൾ ഒഴികെയുള്ളവർക്ക് രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണിവരെ സാധാരണ നിരക്കും തുടർന്ന് രാത്രി 10 മണി വരെയുള്ള പീക്ക് സമയത്ത് സാധാരണ നിരക്കിനെക്കാൾ 50% കൂടുതലും തുടർന്ന് രാവിലെ 6 മണി വരെയുള്ള ഓഫ് പീക്ക് സമയത്ത് സാധാരണ നിരക്കിന്റെ 75 ശതമാനവുമാണ് ഈടാക്കിവരുന്നത്. ടി.ഒ.ഡി. സമ്പ്രദായത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണി വരെ സാധാരണ നിരക്കും തുടർന്ന് രാത്രി 10 മണി വരെയുള്ള പീക്ക് സമയത്ത് സാധാരണ നിരക്കിനെക്കാൾ 20% കൂടുതലും തുടർന്ന് രാവിലെ 6 മണി വരെയുള്ള ഓഫ്പീക്ക് സമയത്ത് സാധാരണ നിരക്കിന്റെ 90 ശതമാനവുമാണ് ഈടാക്കിവരുന്നത്. പ്രസ്തുത സമ്പ്രദായം കൂടുതൽ ഉപഭോക്തൃ മേഖലയിലേയ്ക്ക് ബാധകമാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. പവർ എക്സ്ചേഞ്ചുകളെ ആശ്രയിച്ചാണ് സംസ്ഥാനത്ത് പീക്ക് സമയത്തെ

അധിക വൈദ്യുതി ഉപഭോഗം നിറവേറ്റുന്നത്. പവർ എക്സ്ചേഞ്ചുകളിലെ പീക്ക് സമയം എന്നത് വൈകുന്നേരം 5 മണി മുതൽ രാത്രി 11 മണി വരെയാണ്. ഈ സമയത്ത് വൈദ്യുതി വാങ്ങലിന് അധികവില നൽകേണ്ടിവരും. ഇത്തരത്തിൽ ബോർഡിനുണ്ടാകുന്ന അധിക ബാധ്യത ഒഴിവാക്കുന്നതിനുവേണ്ടി ടി സമയത്തെ ഉപഭോഗം പരിമിതപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള പീക്ക് സമയം 6 മുതൽ 10 വരെ എന്നത്, 5 മുതൽ 11 മണി വരെയാക്കി മാറ്റണമെന്ന ഒരു നിർദ്ദേശം ഈയിടെ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ താരിഫ് പെറ്റീഷനിലൂടെ കെ.എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിച്ചിട്ടുണ്ട്. ഈ മാറ്റം കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന മുറയ്ക്ക് നടത്താനുള്ള അനുവാദത്തിനാണ് റെഗുലേറ്ററി കമ്മീഷനിൽ സമർപ്പിച്ചിട്ടുള്ളത്.

(ബി) ഇതിനായി ഡിജിറ്റൽ മീറ്റർ വയ്ക്കാനുദ്ദേശിക്കുന്നുണ്ടോ?

കേന്ദ്രസർക്കാർ 19-08-2021-ൽ പ്രസിദ്ധീകരിച്ച ഗസറ്റ് പ്രകാരം രാജ്യത്തെ കൃഷി ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷനൊഴികെയുള്ള എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025 മാർച്ചോടെ പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഏർപ്പെടുത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി

നടപ്പാക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ, ഡി.പി.ആർ. മുതലായവ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള ഡി.ആർ.സി. കമ്മിറ്റിയുടെ ശിപാർശയും സംസ്ഥാന മന്ത്രിസഭയുടെ അനുമതിയും ലഭ്യമാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരിക്കുന്നു.

(സി) ഡിജിറ്റൽ മീറ്റർ വയ്ക്കുന്നതിന്റെ ചെലവ് എപ്രകാരമാണ് ഈടാക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

മീറ്റർ വിലയുടെ 15 ശതമാനം (അഥവാ പരമാവധി മീറ്ററിന് 900 രൂപ വരെ) കേന്ദ്ര വിഹിതമായി "റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം" പദ്ധതി പ്രകാരം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ബാക്കി തുക സമാഹരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

**വൈപ്പിൻ നിയോജകമണ്ഡലത്തിലെ വൈദ്യുത പ്രവർത്തനങ്ങൾ**

267(2676) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കുമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിനകീഴിൽ ട്രാൻസ്മിഷൻ സർക്കിൾ കളമശ്ശേരിക്ക് കീഴിലായി നടത്തിവരുന്ന പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

1. <u>14.1 കിലോമീറ്റർ ചെറായി ഞാറയ്ക്കൽ ഡി.സി. ലൈൻ നിർമ്മിക്കുന്ന പ്രവൃത്തി</u> - 14.1 കിലോമീറ്റർ ചെറായി ഞാറയ്ക്കൽ ഡി.സി. ലൈൻ നിർമ്മാണ പ്രവർത്തനത്തിനായുള്ള വർക്ക് ഓർഡർ നൽകി പ്രവൃത്തികളാരംഭിച്ചു. പ്രൊഫൈൽ സർവ്വേ നടപടികൾ പൂർത്തിയാവുകയും പ്രൊഫൈൽ ഡ്രോയിംഗ് അപ്രൂവൽ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ടവറുകളുടെ അടിത്തറ നിർമ്മിക്കുന്ന പ്രവർത്തനത്തിന്റെ മുന്നോടിയായുള്ള ഭൂപരിശോധന പ്രവൃത്തി അവസാന ഘട്ടത്തിലാണ്.

2. <u>66 കെ.വി. സബ്സ്റ്റേഷൻ ഞാറയ്ക്കൽ 110 കെ.വി. ആയി ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി</u> - 66 കെ.വി. സബ്സ്റ്റേഷൻ ഞാറയ്ക്കലിന്റെ ശേഷി 110 കെ.വി.-യിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി സബ്സ്റ്റേഷൻ കോമ്പൗണ്ടിൽ പ്രസ്തുത സ്ഥലത്ത് നിന്നിരുന്ന മരങ്ങൾ മുറിച്ചുമാറ്റുകയും പഴയ ക്വാർട്ടേഴ്സ് കെട്ടിടവും സ്റ്റോർ കെട്ടിടവും പൊളിച്ചുമാറ്റുകയും ചെയ്തിട്ടുണ്ട്. ആക്സിലറി ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ആർ.എം.യു. മാറ്റി സ്ഥാപിക്കുന്നതിനുള്ള

എസ്റ്റിമേറ്റുകൾ തയ്യാറായിക്കൊണ്ടിരിക്കുന്നു. യാർഡിലുള്ള സ്ട്രക്ചറുകൾ പൊളിച്ചുമാറ്റുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. സോയിൽ ടെസ്റ്റ് നടത്തിയിട്ടുണ്ട്. സബ്സ്റ്റേഷൻ ടോപ്പോഗ്രാഫിക് സർവ്വേ നടത്തി, ലേ ഔട്ട് അപ്രൂവലായിട്ടുണ്ട്. വൈപ്പിൻ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ സെക്ഷൻ അടിസ്ഥാനത്തിൽ ചുവടെച്ചേർക്കുന്നു.

1. <u>ഞാറയ്ക്കൽ സെക്ഷൻ</u>

a) 7.4 കിലോമീറ്റർ എച്ച്.റ്റി. എ.ബി.സി. വലിക്കുന്ന പ്രവർത്തനം 98% പൂർത്തീകരിച്ചിരിക്കുന്നു. 105.14 ലക്ഷം രൂപ ചെലവഴിച്ചു.

b) 0.4 കിലോമീറ്റർ എൽ.റ്റി. ഒ.എച്ച്. വലിക്കുന്ന പ്രവർത്തനം 100% പൂർത്തീകരിച്ചു. 1.52 ലക്ഷം രൂപ ചെലവഴിച്ചു.

c) 17.09 കിലോമീറ്റർ എൽ.റ്റി. എ.ബി.സി. വലിക്കുന്ന പ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതുവരെ 12.32 ലക്ഷം രൂപ ചെലവഴിച്ചു.

d) 0.4 കിലോമീറ്റർ എച്ച്.റ്റി. ഒ.എച്ച്. എ.ബി.സി. കൺവെർഷൻ വർക്കുകൾ 100% പൂർത്തീകരിച്ചു. 5.92 ലക്ഷം രൂപ ചെലവഴിച്ചു.

e) 9.92 കിലോമീറ്റർ എൽ.റ്റി. ഫേസ് കൺവെർഷൻ വർക്കുകൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതുവരെ 11.52 ലക്ഷം രൂപ ചെലവഴിച്ചു.

2. <u>വൈപ്പിൻ സെക്ഷൻ</u>

a) 12.23 കിലോമീറ്റർ എച്ച്.റ്റി. എ.ബി.സി. വലിക്കുന്ന പ്രവർത്തനം 95% പൂർത്തീകരിച്ചിരിക്കുന്നു. 174.23 ലക്ഷം രൂപ ചെലവഴിച്ചു.

b) 0.2 കിലോമീറ്റർ യു.ജി. കേബിൾ വലിക്കുന്ന പ്രവർത്തനം 100% പൂർത്തീകരിച്ചിരിക്കുന്നു. 3.45 ലക്ഷം രൂപ ചെലവഴിച്ചു.

c) 0.777 കിലോമീറ്റർ എൽ.റ്റി. ഒ.എച്ച്. വലിക്കുന്ന പ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതുവരെ 1.38 ലക്ഷം രൂപ ചെലവഴിച്ചു.

d) 2.882 കിലോമീറ്റർ എൽ.റ്റി. എ.ബി.സി. വലിക്കുന്ന പ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതുവരെ 8.26 ലക്ഷം രൂപ ചെലവഴിച്ചു.

e) 100 KVA (1 No.), 160 KVA (2 Nos) ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

f) 0.65 കിലോമീറ്റർ എൽ.റ്റി. ഫേസ് കൺവെർഷൻ വർക്കുകൾ 100% പൂർത്തീകരിച്ചു. 2.73 ലക്ഷം രൂപ ചെലവഴിച്ചു.

g) 0.39 കിലോമീറ്റർ എൽ.റ്റി. റീകൺഡക്ടറിംഗ് വർക്കുകൾ 100% പൂർത്തീകരിച്ച 0.18 ലക്ഷം രൂപ ചെലവഴിച്ചു.

3. <u>ചെറായി സെക്ഷൻ</u>

a) 2.65 കിലോമീറ്റർ സിംഗിൾ ഫേസ് 3 വയർ വൈദ്യുതി ലൈൻ എൽ.റ്റി. ത്രീ ഫേസ് 5 വയർ വൈദ്യുതി ലൈനാക്കുന്ന പ്രവൃത്തിയിൽ 2.35 കിലോമീറ്റർ പൂർത്തീകരിച്ചു. ഇതുവരെ 10 ലക്ഷം രൂപ ചെലവഴിച്ചു.

b) 47 കിലോമീറ്റർ എൽ.റ്റി. 3 ഫേസ് 5 വയർ വൈദ്യുതി ലൈനിന്റെ റീ-കണ്ടക്ടറിംഗ് പ്രവൃത്തി 31 കിലോമീറ്റർ പൂർത്തീകരിച്ചു. ഇതുവരെ 13.08 ലക്ഷം രൂപ ചെലവഴിച്ചു.

c) 103 എൽ.റ്റി. പോസ്റ്റുകളിൽ എർത്തിംഗ് നൽകുന്ന പ്രവൃത്തിയിൽ 64 എണ്ണം പൂർത്തീകരിച്ചു. ഇതുവരെ 0.58 ലക്ഷം രൂപ ചെലവഴിച്ചു.

d) 160 KVA-യുടെ 2 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു. 5.94 ലക്ഷം രൂപ ചെലവഴിച്ചു.

e) 2.565 കിലോമീറ്റർ എച്ച്.റ്റി. യു.ജി. കേബിൾ വലിക്കുന്ന പ്രവർത്തനം പൂർത്തീകരിച്ചു. 80.156 ലക്ഷം രൂപ ചെലവഴിച്ചു.

f) 18.426 കിലോമീറ്റർ എച്ച്.റ്റി. എ.ബി.സി. വലിക്കുന്ന പ്രവർത്തനം പൂർത്തീകരിച്ചിരിക്കുന്നു. 324.48 ലക്ഷം രൂപ ചെലവഴിച്ചു.

g) 9.096 കിലോമീറ്റർ എൽ.റ്റി. എ.ബി.സി. വലിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിരിക്കുന്നു. 112.15 ലക്ഷം രൂപ ചെലവഴിച്ചു.

(ബി) വൈപ്പിൻ-മുനമ്പം സംസ്ഥാന പാതയുടെ വീതികുറവും വർദ്ധിച്ചുവരുന്ന അപകടങ്ങളും കണക്കിലെടുത്ത് ഗതാഗതത്തിനും കാൽനട യാത്രക്കാർക്കും തടസ്സമായി നിൽക്കുന്ന ട്രാൻസ്ഫോർമറുകളും ഇലക്ട്രിക് പോസ്റ്റുകളും സൗകര്യപ്രദമായ സ്ഥലങ്ങളിലേയ്ക്ക് മാറ്റിസ്ഥാപിക്കാൻ പദ്ധതി ആവിഷ്കരിക്കുമോ; ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും അപേക്ഷ ലഭിക്കുന്നമുറയ്ക്ക് സ്ഥലത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് വർക്കിന്റെ എസ്റ്റിമേറ്റ് തുക കണക്കാക്കി പ്രസ്തുത വകുപ്പുകൾ തുകയടയ്ക്കുന്ന മുറയ്ക്ക് ട്രാൻസ്ഫോർമറുകളും ഇലക്ട്രിക് പോസ്റ്റുകളും മാറ്റി സ്ഥാപിക്കാവുന്നതാണ്.

**ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ**

268(2677)ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ദേശീയതലത്തിൽ തയ്യാറാക്കിയ ഊർജ്ജ കാര്യക്ഷമതാ സൂചികയിൽ കൂടുതൽ പോയിന്റുകൾ നേടി കേരളം മുമ്പിലെത്തിയിട്ടുണ്ടോ;

രാജ്യത്തെ മികച്ച ഊർജ്ജ സംരക്ഷണ പ്രവർത്തനത്തിനുള്ള ദേശീയ അവാർഡുകൾ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ദേശീയതലത്തിലെ 2020-ലെ ഊർജ്ജ കാര്യക്ഷമത സൂചികയിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടുള്ള ഗ്രൂപ്പ് 2-ൽ കേരളം രണ്ടാം സ്ഥാനത്താണ്. ഊർജ്ജസംരക്ഷണ പ്രവൃത്തികൾ നടപ്പാക്കിയതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ.-ന് 2014-ൽ ദേശീയ ഊർജ്ജ സംരക്ഷണ പുരസ്കാരം ലഭിച്ചിട്ടുണ്ട്. കൂടാതെ 2015, 2019, 2021 എന്നീ വർഷങ്ങളിൽ കെ.എസ്.ഇ.ബി.എൽ. സംസ്ഥാന ഊർജ്ജ സംരക്ഷണ പുരസ്കാരവും നേടിയിട്ടുണ്ട്. എനർജി മാനേജ്മെന്റ് സെന്റർ കേരളയുടെ വിവിധ മേഖലയിലെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ കണക്കിലെടുത്ത് 2008 മുതൽ 2020 വരെ വിവിധ സ്ഥാനങ്ങളിലായി ഡെസിഗ്നേറ്റഡ് ഏജൻസി വിഭാഗത്തിൽ ദേശീയ അവാർഡ് ലഭിച്ചിട്ടുണ്ട്. ഇതിൽ 2017 മുതൽ 2020 വരെ തുടർച്ചയായി ഒന്നാംസ്ഥാനം കരസ്ഥമാക്കി. മികച്ച ഡിമാൻഡ് സൈഡ് മാനേജ്മെന്റിനുള്ള ഇന്ത്യ പവർ അവാർഡ് 2010-ൽ ഇ.എം.സി.-ക്ക് ലഭിച്ചിട്ടുണ്ട്.

(ബി) കൃഷി, വൈദ്യുതി വിതരണം, ഗതാഗതം, വ്യവസായം, ഗാർഹികം തുടങ്ങിയ മേഖലകളിൽ ഊർജ്ജ കാര്യക്ഷമത

ഉറപ്പാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം നൽകുമോ?

വ്യവസായശാലകളിൽ ഉപയോഗിക്കുന്ന യന്ത്രസംവിധാനത്തിന്റെ ഊർജ്ജക്ഷമത നിർണ്ണയിക്കുന്നതിന്റെ ഘടകങ്ങളിലൊന്നായ പവർ ഫാക്ടർ, വൈദ്യുതി കണക്ഷൻ നൽകുന്നതിനുമുമ്പും ഊർജ്ജക്ഷമത ഉറപ്പുവരുത്തുന്നതിന് പ്രതിമാസ റീഡിംഗ് എടുക്കുമ്പോഴും പരിശോധിക്കുകയും പവർ ഫാക്ടർ കുറവുള്ളവയ്ക്ക് യന്ത്രങ്ങളിൽ ശരിയായ അളവിലുള്ള കപ്പാസിറ്ററുകൾ സ്ഥാപിച്ച് ആയത് പരിഹരിക്കാൻ നോട്ടീസ് നൽകുകയും ചെയ്യാറുണ്ട്. മികച്ച പവർ ഫാക്ടർ നിലനിർത്തുന്ന ഉപഭോക്താക്കൾക്ക് കെ.എസ്.ഇ.ആർ.സി. നിശ്ചയിച്ച നിരക്കിലുള്ള ഇൻസെന്റീവ് വൈദ്യുതി ബില്ലിലൂടെ നൽകുകയും ചെയ്തുവരുന്നു. കേരള സപ്ലൈ കോഡ് 2014-ലെ റെഗുലേഷൻ 17 പ്രകാരം ജലസേചനത്തിനുള്ള പമ്പുസെറ്റുകൾക്ക് കണക്ഷൻ/റീ-കണക്ഷൻ നൽകുമ്പോൾ ഐ.എസ്.ഐ. മുദ്രയുള്ളതും ഊർജ്ജ കാര്യക്ഷമതയുള്ളതുമായ പമ്പുസെറ്റുകൾ ഉപയോഗിക്കണമെന്ന് കെ.എസ്.ഇ.ബി.എൽ. നിഷ്കർഷിക്കുന്നു. ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ കാര്യക്ഷമതയോടെയുള്ള ഊർജ്ജ ഉപഭോഗം പ്രോത്സാഹിപ്പിക്കുന്നതിനും വൈദ്യുതി ഉപഭോഗം കുറയ്ക്കുവാനും ലക്ഷ്യമിട്ട്

കെ.എസ്.ഇ.ബി. ഡി.ഇ.എൽ.പി. പദ്ധതി, എഫ്.എഫ്.കെ. പദ്ധതി എന്നിവ നടപ്പാക്കിയിട്ടുണ്ട്. വൈദ്യുതി വിതരണനഷ്ടം കുറയ്ക്കുന്നതിനായി പാലക്കാട്, തിരൂർ സർക്കിളുകളിൽ യഥാക്രമം 40, 51.2 ലക്ഷം രൂപയുടെ എച്ച്.വി.ഡി.എസ്. പദ്ധതികൾ പൂർത്തീകരിക്കുകയും ഹരിപ്പാട് സർക്കിളിൽ ടി പ്രവൃത്തികൾ നടത്തിവരികയും ചെയ്യുന്നു. കൂടാതെ വൈദ്യുതി വിതരണ ട്രാൻസ്ഫോർമറുകൾ ഉന്നത നിലവാരത്തിലെത്തിക്കുന്നതിന്റെ ഭാഗമായി 94.9 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. 17 സ്ഥാപനങ്ങളിൽ ഊർജ്ജ സംരക്ഷണം നടത്തുന്നതിന്റെയും ഊർജ്ജനഷ്ടം പരിശോധിക്കുന്നതിന്റെയും പ്രാരംഭ നടപടിയായ എനർജി ഓഡിറ്റ് നടത്തുകയുണ്ടായി. ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കുന്നതിനായി ഫെബ്രുവരി 2022 മുതൽ മേയ് 2022 വരെയുള്ള കാലയളവിൽ ഊർജ്ജ ഉപഭോഗം കുറച്ച് ഊർജ്ജ സംരക്ഷണം നടപ്പാക്കുന്ന ഉപഭോക്താക്കൾക്ക് " ഊർജ്ജം കരുതി വയ്ക്കാം നാളേയ്ക്ക്" എന്ന പദ്ധതി പ്രകാരം ഉപഹാരം നൽകാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഉത്തരവായിട്ടുണ്ട്. കൂടാതെ ദേശീയ ഊർജ്ജ സംരക്ഷണ ദിനമായ ഡിസംബർ 14-ന് ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനായി ലഘുലേഖ വിതരണം ചെയ്യുകയും മറ്റ് ബോധവൽക്കരണ പരിപാടികൾ

നടത്തുകയും ചെയ്തു. കൂടാതെ ഇ.എം.സി. മുഖേന താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

- സംസ്ഥാനത്ത് ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ ഏർപ്പെടുത്തിയ ഊർജ്ജ സംരക്ഷണ അവാർഡ് എല്ലാ വർഷവും ദേശീയ ഊർജ്ജ സംരക്ഷണ ദിനമായ ഡിസംബർ 14-ന് നൽകിവരുന്നു.
- കേന്ദ്ര ഊർജ്ജ സംരക്ഷണ നിയമം, 2001 പ്രകാരം നിയുക്ത ഉപഭോക്താക്കളായി പ്രഖ്യാപിക്കപ്പെട്ട 20 വൻകിട ഊർജ്ജ ഉപഭോക്താക്കളുടെ വാർഷിക ഊർജ്ജ ഉപഭോഗത്തിന്റെ മേൽനോട്ടം നടത്തിവരുന്നു.
- പുതിയതായി നിർമ്മിക്കുന്ന വാണിജ്യ കെട്ടിടങ്ങളിൽ 100 KW/120 KVA-യ്ക്ക് മുകളിൽ വൈദ്യുതി ആവശ്യമുള്ള കെട്ടിടങ്ങൾക്ക് ഊർജ്ജസംരക്ഷണ നിയമപ്രകാരം എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് (ECBC) നിർബന്ധിതമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

- ഊർജ്ജ സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള സ്റ്റാൻഡേർഡ്സ് & ലേബലിംഗ് പരിപാടിയെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.
- 'ഫിലമെന്റ് രഹിത കേരളം' പദ്ധതി വഴി കേരളത്തിൽ 2020 മുതൽ ഊർജ്ജക്ഷമത കൂടിയതും കൂടുതൽ പ്രകാശം നൽകുന്നതുമായ എൽ.ഇ.ഡി. ബൾബുകൾ വ്യാപിപ്പിക്കുവാൻവേണ്ട പ്രവർത്തനങ്ങൾ നടത്തിവരുന്നു.
- കേരളത്തിലെ എല്ലാ വൻകിട വൈദ്യുത ഊർജ്ജ ഉപഭോക്താക്കൾക്കും ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കി 2011-ൽ സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള വ്യവസായ/വാണിജ്യ/കെട്ടിട മേഖലയിൽ സൗജന്യ ഊർജ്ജ ഓഡിറ്റ് പദ്ധതി നടപ്പാക്കിവരുന്നു.
- ഗ്രാമപഞ്ചായത്തുകളിൽ ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മാതൃകാ ഊർജ്ജകാര്യക്ഷമ ഗ്രാമപഞ്ചായത്ത് എന്ന പദ്ധതി നിലവിലുണ്ട്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഊർജ്ജ കാര്യക്ഷമത

വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇ.എം.സി. " ഊർജ്ജയാൻ" പദ്ധതി നടത്തിവരുന്നു.

- തിരുവനന്തപുരം ജില്ലയിലെ നേമം നിയോജകമണ്ഡലത്തിലെ സർക്കാർ സ്കൂളുകളുടെ ഊർജ്ജ ഓഡിറ്റ് പൂർത്തീകരിച്ചു. ഇതുകൂടാതെ കാട്ടാക്കട നിയോജകമണ്ഡലത്തിലെ തെരഞ്ഞെടുത്ത ഒരു സ്കൂളിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ഉപകരണങ്ങൾ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ ലൈറ്റുകളും ഫാനുകളും മാറ്റിസ്ഥാപിച്ചു.
- പാലക്കാട് ജില്ലയെ ഊർജ്ജ കാര്യക്ഷമമായ ജില്ലയായി മാറ്റുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത സർക്കാർ കെട്ടിടങ്ങളുടെയും വിദ്യാലയങ്ങളുടെയും ഊർജ്ജ ഓഡിറ്റ് നടന്നുവരുന്നു. മറ്റ് നിയോജകമണ്ഡലങ്ങളിലും മേല്പറഞ്ഞ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.
- കാർബൺ ന്യൂട്രൽ കാട്ടാക്കട പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട നിയോജകമണ്ഡലത്തിലെ 92 സർക്കാർ കെട്ടിടങ്ങളുടെ ഊർജ്ജ ഓഡിറ്റ് ആരംഭിച്ചു. സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച് കൈകാര്യം ചെയ്യുന്ന പൊതുകെട്ടിടങ്ങളിലും മറ്റ് സർക്കാർ കെട്ടിടങ്ങളിലും ഊർജ്ജ

ഓഡിറ്റിലൂടെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ തിരിച്ചറിയുകയും അത്തരം ഊർജ്ജ സംരക്ഷണ സാദ്ധ്യതകൾ ഉപയുക്തമായ രീതിയിൽ നടപ്പാക്കുകയുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

- " ചൈതന്യം" പദ്ധതിയുടെ ഭാഗമായി 2019-20 കാലയളവിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഊർജ്ജകാര്യക്ഷമത കുറഞ്ഞ വൈദ്യുത ഉപകരണങ്ങൾ മാറ്റി ഊർജ്ജകാര്യക്ഷമത കൂടിയവ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാന ഊർജ്ജ സംരക്ഷണ നിധിയിൽനിന്നും ഒരു കോടി രൂപ വിനിയോഗിച്ചാണ് പദ്ധതി നടപ്പാക്കിയത്. ഇതുകൂടാതെ ഗവൺമെന്റ് മെഡിക്കൽ കോളേജ്, തൃശ്ശൂർ; ചെസ്റ്റ് ഹോസ്പിറ്റൽ, തൃശ്ശൂർ; ഗവൺമെന്റ് മെഡിക്കൽ കോളേജ്, കളമശ്ശേരി; ജനറൽ ഹോസ്പിറ്റൽ, പാല; ഡിസ്ട്രിക്ട് ഹോസ്പിറ്റൽ, തൃശ്ശൂർ എന്നിവിടങ്ങൾ ഊർജ്ജകാര്യക്ഷമമാക്കിയിട്ടുണ്ട്. റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി, തിരുവനന്തപുരത്തും പാലക്കാട് സർക്കാർ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും പദ്ധതി നടപ്പാക്കിവരുന്നു.

- ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന തെരഞ്ഞെടുത്ത ഹൗസ്ബോട്ടിലെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഊർജ്ജക്ഷമത കൂടിയ ലോ വോൾട്ട് ഡി.സി. ഉപകരണങ്ങൾ ഘടിപ്പിക്കുകയും സൗര വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന പദ്ധതി 2021-ൽ പൂർത്തീകരിച്ചു.
- കുട്ടനാട്, തൃശ്ശൂർ, പൊന്നാനി കോൾ നിലയങ്ങളിൽ ഉപയോഗിക്കുന്ന ഊർജ്ജകാര്യക്ഷമത കുറഞ്ഞ പെട്ടിപറ പമ്പുകൾക്കുപകരം ഉപയോഗിക്കാൻ സാധിക്കുന്ന ഊർജ്ജകാര്യക്ഷമത കൂടിയ പമ്പുകൾ വികസിപ്പിച്ചു. കോട്ടയം ജില്ലയിലെ അയ്മനത്തും ആലപ്പുഴ ജില്ലയിലെ കുട്ടനാട് ആർ ബ്ലോക്കിലും പരീക്ഷണാർത്ഥം പമ്പ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നുണ്ട്.
- കാർഷിക മേഖലയിൽ ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടികൾ കേരളത്തിലുടനീളമുള്ള കൃഷി വിജ്ഞാന കേന്ദ്രങ്ങളുമായി ചേർന്ന് നടത്തിവരുന്നു.
- ഊർജ്ജ സംരക്ഷണ വിഷയത്തിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുന്നതിന്റെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികൾക്കായി നടപ്പാക്കിയ പദ്ധതിയാണ് സ്മാർട്ട് എനർജി പ്രോഗ്രാം. ഇതിന്റെ

ഭാഗമായി 8839 സ്കൂളുകളെ 41 വിദ്യാഭ്യാസ ജില്ലകളിൽനിന്നായി സംഘടിപ്പിച്ച് ഒരു ലക്ഷത്തോളം കുട്ടികളുടെ നേതൃത്വത്തിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി. ഈ പദ്ധതി മറ്റ് സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സൂക്ഷ്മ-ചെറുകിട സംരംഭങ്ങളിൽ ഊർജ്ജകാര്യക്ഷമത വരുത്തുന്നതിനും ഊർജ്ജ സംരക്ഷണത്തിനുള്ള അവസരങ്ങൾ മനസ്സിലാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ഊർജ്ജസംരക്ഷണ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

- ഗാർഹിക മേഖലയിലെ ഊർജ്ജ ഉപഭോക്താക്കൾക്ക് അവരുടെ ഊർജ്ജ ഉപഭോഗം കണക്കാക്കാനും കുറയ്ക്കുവാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുവാൻ സഹായിക്കുന്നതിനായി ഹോം എനർജി അസ്സസ്മെന്റ് സ്കീം ഇ.എം.സി. രൂപീകരിച്ചിട്ടുണ്ട്. ഹോം എനർജി അസ്സസ്മെന്റ് സർട്ടിഫിക്കറ്റ് കോഴ്സിന്റെ ആദ്യബാച്ച് പരിശീലനം പൂർത്തിയാക്കി. ഇതിന്റെ ഭാഗമായി 72 പേർ സർട്ടിഫിക്കറ്റ് നേടി. ഇവരുടെ സേവനം പ്രയോജനപ്പെടുത്തി ഹോം എനർജി അസ്സസ്മെന്റ് നടത്തുന്നതിനായുള്ള പ്രാരംഭ നടപടികളാരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി ദേശീയതലത്തിൽ ശ്രദ്ധനേടുകയും " ഹോം എനർജി

അസസർ" എന്നപേരിൽ ദേശീയതലത്തിൽ നടത്താൻ കേന്ദ്രസർക്കാരിന്റെ ഊർജ്ജ വകുപ്പിനുകീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി തീരുമാനിച്ചിട്ടുമുണ്ട്. ഇതിനായുള്ള സാങ്കേതിക സഹായം എനർജി മാനേജ്മെന്റ് സെന്ററാണ് നൽകുന്നത്.

- പൊതുജനങ്ങൾക്ക് ഊർജ്ജസംരക്ഷണ രംഗത്ത് അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി സർക്കാരിതര സ്ഥാപനങ്ങൾവഴി (NGO) ഊർജ്ജസംരക്ഷണ ക്ലാസുകളും പദ്ധതികളും നടപ്പാക്കിവരുന്നു. ഇലക്ട്രിക് വാഹനങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനും എണ്ണം വർദ്ധിപ്പിക്കുന്നതിനുമായി എനർജി മാനേജ്മെന്റ് സെന്റർ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.
- ഇ-മൊബിലിറ്റി, ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് ഇൻഫ്രാസ്ട്രക്ചർ എന്നിവയുടെ പ്രയോജനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി " ഗോ ഇലക്ട്രിക് ക്യാമ്പയിൻ" നടത്തിവരുന്നു. ഈ ക്യാമ്പയിനിന്റെ സംസ്ഥാനതല ഉദ്ഘാടനം 2021 ജൂൺ 5-ന് നടത്തുകയുണ്ടായി. ഈ ക്യാമ്പയിനിന്റെ ഭാഗമായി വർഷം മുഴുവനും എല്ലാ ആഴ്ചകളിലും ഓരോ വെബിനാർ സംഘടിപ്പിച്ചുവരുന്നു. 2021

ജൂൺ 10-ന് ഗോ ഇലക്ട്രിക് ക്യാമ്പയിനിന്റെ ഭാഗമായി പ്രധാന ഇലക്ട്രിക് വാഹനങ്ങളുടെ നിർമ്മാതാക്കളെയുൾപ്പെടുത്തി വെർച്വൽ എക്സിബിഷൻ സംഘടിപ്പിക്കുകയുണ്ടായി.

- ലോക പരിസ്ഥിതി ദിനമായ 2021 ജൂൺ 5-ന് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കൺവെർജെൻസ് എനർജി സർവ്വീസസ് ലിമിറ്റഡുമായി (സി.ഇ.എസ്.എൽ.) ഇ.എം.സി. കരാറിലേർപ്പെടുകയുണ്ടായി. ഈ പദ്ധതി പ്രകാരം കേരളത്തിലെ പൊതുജനങ്ങൾക്ക് വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ഇലക്ട്രിക് 2 വീലറുകൾ വാങ്ങുവാൻ സാധിക്കും. പോർട്ടൽ മുഖാന്തരം വില്പന നടത്തുന്ന തെരഞ്ഞെടുത്ത ഇലക്ട്രിക് 2 വീലറുകൾക്ക്, കേന്ദ്ര സർക്കാരിനുകീഴിലുള്ള മിനിസ്ട്രി ഓഫ് ഹെവി ഇൻഡസ്ട്രീസ്, FAME 2 സബ്സിഡി സ്കീം പ്രകാരം സബ്സിഡി ലഭിക്കുന്നതാണ്. 2021 ജൂൺ 11 മുതൽ, ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾക്കുള്ള സബ്സിഡി ഇൻസെന്റീവ് Rs.10000/KWh നിന്നും Rs. 15000/KWh ആയി ഉയർത്തിയിട്ടുണ്ട്. പരമാവധി വാഹനത്തിന്റെ വിലയുടെ 40 ശതമാനംവരെ സബ്സിഡി

ലഭിക്കും. " മാറാം ഇലക്ട്രിക് വാഹനങ്ങളിലേയ്ക്ക്" എന്ന സന്ദേശമുയർത്തിക്കൊണ്ട് എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം നഗരത്തിൽ 2021 ഡിസംബർ 13-ന് ഹരിത യാത്ര സംഘടിപ്പിച്ചു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പ്രത്യേകമായി എന്തെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സമീപകാലത്ത് (2019 മുതൽ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിൽ കമ്മീഷൻ ചെയ്ത പാരമ്പര്യേതര ഊർജ്ജ നിലയങ്ങളുടെ സ്ഥാപിതശേഷി ചുവടെ ചേർക്കുന്നു.

| | |
|---|---|
| കൊല്ലം | 90 KW |
| കോട്ടയം | 22 KW |
| ആറ്റിങ്ങൽ | 21 KW |
| കാസർഗോഡ് | 395 KW |
| വയനാട് | 72 KW |
| കോഴിക്കോട് | 504 KW |
| കണ്ണൂർ | 1120 KW |
| തിരുവനന്തപുരം | 436 KW |
| **ആകെ** | **2.66 MW** |

ഇപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ വൈദ്യുതി അവിടെത്തന്നെ ഉത്പാദിപ്പിക്കുന്നതിലൂടെ വൈദ്യുതി ലൈനുകൾ മുഖേനയുള്ള വിതരണനഷ്ടം കുറയ്ക്കാനും സ്ഥാപനങ്ങളുടെ വൈദ്യുതി ബിൽ കുറയ്ക്കാനും കഴിഞ്ഞു. കൂടാതെ കെ.എസ്.ഇ.ബി. എനർജി ഓഡിറ്റ് (ഊർജ്ജ നഷ്ടം പരിശോധിച്ച് ഊർജ്ജ സംരക്ഷണം നടത്തുന്നതിന്റെ പ്രാരംഭ നടപടി) നടപ്പാക്കിയ 17 സ്ഥാപനങ്ങളിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് കാര്യാലയവും ഉൾപ്പെടുന്നു. നിയോജകമണ്ഡലടിസ്ഥാനത്തിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇ.എം.സി. " ഊർജ്ജയാൻ" പദ്ധതി നടത്തിവരുന്നു. പദ്ധതിയിൽ തെരഞ്ഞെടുത്ത നിയോജകമണ്ഡലത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിക്കാറുണ്ട്. കൂടാതെ നിയോജകമണ്ഡലത്തിലെ തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ലൈറ്റുകളും ഫാനുകളും മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി സ്റ്റാർ റേറ്റഡ് എൽ.ഇ.ഡി. ലൈറ്റുകളും ഫാനുകളും ട്യൂബ് ലൈറ്റുകളും സ്ഥാപിക്കുന്നു. നിലവിൽ തൃശ്ശൂർ ജില്ലയിലെ 12 നിയോജകമണ്ഡലങ്ങളിലും തിരുവനന്തപുരം ജില്ലയിലെ 4

നിയോജകമണ്ഡലങ്ങളിലും പാലക്കാട് ജില്ലയിലെ 1 നിയോജകമണ്ഡലത്തിലും പദ്ധതി നടപ്പാക്കിവരുന്നു.

**കീഴായൂർ സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെ ഭാഗമായി വെട്ടിപ്പൊളിച്ച കീഴായൂർ റോഡ് പുനർനിർമ്മിക്കാൻ നടപടി**

269(2678) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കീഴായൂർ ഇലക്ട്രിസിറ്റി സബ്സ്റ്റേഷൻ നിർമ്മാണ പ്രവൃത്തികൾക്കായി വെട്ടിപ്പൊളിച്ച കീഴായൂർ റോഡ് കാൽനടപോലും അസാദ്ധ്യമാകുന്ന തരത്തിലാണുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി റോഡ് പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പട്ടാമ്പിയിലെ മരുതൂരിലുള്ള 33 കെ.വി. സബ്സ്റ്റേഷനിൽനിന്നും കീഴായൂരിൽ പുതിയതായി നിർമ്മിച്ച 110 കെ.വി. സബ്സ്റ്റേഷനിലേയ്ക്ക് 33 കെ.വി. കേബിളിടുന്നതിനായി കീഴായൂർ റോഡ് ഉപയോഗിച്ചിട്ടുണ്ട്. ഇതിന്റെ പെർമനന്റ് റെസ്റ്റൊറേഷനുവേണ്ടി കെ.എസ്.ഇ.ബി., പട്ടാമ്പി മുനിസിപ്പാലിറ്റിയിലേയ്ക്ക് 33,22,535/- രൂപ (മുപ്പത്തിമൂന്ന് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി അഞ്ഞൂറ്റി മുപ്പത്തിയഞ്ച് രൂപ) അടച്ചിട്ടുണ്ട്. ഇതിനുപുറമേ താൽക്കാലിക റെസ്റ്റൊറേഷനും ചെയ്തിട്ടുണ്ട്.

(ബി) കീഴായൂർ റോഡ് പുനർനിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിച്ച് റോഡ് ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കീഴായൂർ റോഡ് പുനർനിർമ്മിക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കേണ്ടത് പട്ടാമ്പി മുനിസിപ്പാലിറ്റിയാണ്.

**പുരപ്പുറ സൗരോർജ്ജ പദ്ധതി**

270(2679) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ആന്റണി ജോൺ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഗുണം കൂടുതൽ പേർക്കെത്തിക്കുന്നതിനും സൗരോർജ്ജ വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ അവബോധം ജനങ്ങളിലെത്തിക്കുന്നതിനും എന്തെല്ലാം പ്രചരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഗുണം കൂടുതൽ പേർക്കെത്തിക്കുന്നതിനും സൗരോർജ്ജ വൈദ്യുതി ഉത്പാദനം

വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ അവബോധം ജനങ്ങളിലെത്തിക്കുന്നതിനും കെ.എസ്.ഇ.ബി.എൽ. നിരവധി പ്രചരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. കേന്ദ്ര സഹായത്തോടെയുള്ള സബ്സിഡിയോടുകൂടി ഗാർഹിക ഉപഭോക്താക്കൾക്ക് 'സൗര' പദ്ധതി പ്രകാരം പുരപ്പുറങ്ങളിൽ സൗരനിലയം സ്ഥാപിക്കാം. ഇതിന്റെ പ്രചരണ പ്രവർത്തനങ്ങൾ അച്ചടി-ദൃശ്യ മാധ്യമങ്ങൾവഴി നടപ്പാക്കിവരുന്നു. ഏകജാലക സംവിധാനമായ 'ഇ-കിരൺ പോർട്ടൽ', ട്രാക്കിംഗ് സംവിധാനത്തോടെ നവീകരിച്ച് 'സൗര' പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനായി തയ്യാറാക്കിയിട്ടുണ്ട്. ഇതുവഴി ഉപഭോക്താവിന് രജിസ്ട്രേഷന്റെ നിലവിലെ സ്ഥിതിയറിയാൻ സാധിക്കും. ഇതുകൂടാതെ സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കാൻവേണ്ടി പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. പുതുതായി 37 ഡെവലപ്പർമാരെ എംപാനൽ ചെയ്ത് പദ്ധതി നിർവ്വഹണം ത്വരിതഗതിയിലാക്കി. സോളാർ പാനൽ, ഇൻവെർട്ടർ തുടങ്ങിയവയുടെ നിർമ്മാതാക്കളുടെ മീറ്റുകൾ സംഘടിപ്പിച്ചു. 'സൗര' പദ്ധതി കൂടുതൽ ജനപ്രിയമാക്കാൻ എല്ലാ ഇലക്ട്രിക്കൽ സബ്ഡിവിഷനുകളിലും സൗര സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ സംഘടിപ്പിച്ചു. അനെർട്ട് 'സൗരതേജസ്' എന്നപേരിൽ പ്രത്യേക

ക്യാമ്പയിൻ നടത്തിവരുന്നു. വിവിധ ഊർജ്ജമിത്ര കേന്ദ്രങ്ങൾ, റെസിഡൻഷ്യൽ അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവരെ ക്യാമ്പയിൻ പാർട്ട്ണർമാരായി തെരഞ്ഞെടുത്ത് അവർ മുഖേനയുള്ള സ്പോട്ട് രജിസ്ട്രേഷൻ, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. വിവിധ പത്രമാധ്യമങ്ങൾ, ടെലിവിഷൻ ചാനലുകൾ, സാമൂഹിക മാധ്യമങ്ങൾ, എഫ്.എം. സ്റ്റേഷനുകൾ എന്നിവവഴി പൊതുജനങ്ങളിൽ ഇതിന്റെ പ്രാധാന്യമെത്തിക്കുന്നതിനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. സൗരോർജ്ജ പദ്ധതി സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങളറിയുന്നതിനും സംശയ നിവാരണത്തിനുമായി പ്രത്യേക ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നമ്പർ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ പുരോഗതിയും സുതാര്യതയും ഉറപ്പാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ഇ-കിരൺ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

'ഇ-കിരൺ' പദ്ധതി 'സൗര' രജിസ്ട്രേഷനും പുരോഗതി അവലോകനത്തിനുംവേണ്ടി വികസിപ്പിച്ചെടുത്ത ഏകജാലക സംവിധാനമാണ്. ഗാർഹിക ഉപഭോക്താക്കൾക്കുള്ള സബ്സിഡി

പദ്ധതിയിലേയ്ക്ക് 'ഇ-കിരൺ പോർട്ടൽ' വഴി അപേക്ഷിക്കാം. 07-02-2022-ൽ കെ.എസ്.ഇ.ബി.എൽ. പ്രസ്തുത പദ്ധതി നവീകരിച്ച് ട്രാക്കിംഗ് സംവിധാനത്തോടെ പുറത്തിറക്കി. ഈ സംവിധാനംവഴി ഉപഭാക്താവിന് താൻചെയ്ത രജിസ്ട്രേഷൻ ഏത് സ്റ്റേജിലെത്തി നിൽക്കുന്നുവെന്ന് അറിയാൻ സാധിക്കും. കൂടാതെ ഡെവലപ്പർമാർ നടത്തുന്ന സൈറ്റ് സർവ്വേ പ്ലാന്റ് നിർമ്മാണം, കമ്മീഷനിംഗ് എന്നിവയുടെ നിലവിലെ സ്ഥിതി ഇ-കിരൺ മാനേജ്മെന്റ് പോർട്ടലിലൂടെ ഉപഭോക്താവിന് അറിയാൻ സാധിക്കും.

## ദ്യുതി പ്രോജക്റ്റിന്റെ പ്രവർത്തനം

271(2680) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 35-40 വർഷം പഴക്കമുള്ള ജനറേഷൻ യൂണിറ്റുകളുടെ നവീകരണവും ആധുനികവൽകരണവും വിപുലീകരണ പ്രവർത്തനങ്ങളും നടത്തുന്നതിന്റെ ഭാഗമായി ഏതെല്ലാം ജനറേഷൻ യൂണിറ്റുകളുടെ പുനരുദ്ധാരണവും നവീകരണ പരിപാടികളും 2021-22 കാലയളവിൽ നടത്തിയിട്ടുണ്ടെന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകുമോ?

2021-22 കാലയളവിൽ കുറ്റ്യാടി (3X25 MW to 3X27.5 MW) RMU (Renovation, Modernisation & Uprating) പദ്ധതിയുടെ

ഡ്രായിംഗ്/ഡിസൈൻ അപ്രൂവൽ പുരോഗമിക്കുകയാണ്. 26-12-2019-ലാണ് പദ്ധതി തുടങ്ങിയത്. 2023 സെപ്റ്റംബർ മാസം പദ്ധതി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. ഏപ്രിൽ 2022-ൽ പദ്ധതിയുടെ പവർഹൗസിലെ ജോലികൾ തുടങ്ങാനുദ്ദേശിക്കുന്നു.

(ബി) കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ ഗ്രിഡ് നവീകരിക്കുന്നതിനായി ആരംഭിച്ച ദ്യുതി പ്രോജക്ടിന്റെ നിലവിലെ പ്രവർത്തനം വിശദമാക്കുമോ?

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്തെ വൈദ്യുതി മേഖലയെ ലോകോത്തരമാക്കുകയെന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷനിലുൾപ്പെടുത്തി വിതരണശൃംഖലയുടെ മെച്ചപ്പെടുത്തലിനും വികസനത്തിനുമായി നടപ്പാക്കിവരുന്ന പദ്ധതിയാണ് ദ്യുതി. ദ്യുതി പദ്ധതിയിൽ 4036.30 കോടി രൂപയുടെ പദ്ധതി രേഖയാണ് തയ്യാറാക്കിയിരുന്നത്. ആഗോള നിലവാരത്തിൽ തടസ്സരഹിതമായി ഗുണമേന്മയേറിയ വൈദ്യുതി അപകടരഹിതമായി ഉപഭോക്താക്കൾക്കെത്തിച്ച് വൈദ്യുതി വിതരണരംഗം കാര്യക്ഷമമാക്കുന്നതിന് നടപ്പാക്കുന്ന " ദ്യുതി" പദ്ധതിയിലുൾപ്പെടുത്തി എൽ.ടി.ലൈൻ/എച്ച്.ടി.ലൈൻ/ഭൂഗർഭ കേബിൾ നിർമ്മാണം, ട്രാൻസ്ഫോർമർ

സ്ഥാപിക്കൽ/ശേഷിവർദ്ധിപ്പിക്കൽ, ലൈനിന്റെ സ്ഥാപിതശേഷി കൂട്ടുന്ന പ്രവൃത്തികൾ, എൽ.ടി. ലൈനും എച്ച്.ടി. ലൈനും റീ-കണ്ടക്റ്ററിംഗ് നടത്തുന്ന പ്രവൃത്തികൾ, ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും മറ്റ് പ്രതിഷ്ഠാപനങ്ങളുടെയും സ്റ്റാൻഡേർഡൈസേഷൻ പ്രവൃത്തികൾ, വിതരണനഷ്ടം കുറയ്ക്കുന്ന പ്രവൃത്തികൾ തുടങ്ങിയവ നടപ്പാക്കിവരുന്നു. 2018-ൽ ആരംഭിച്ച് 2022-ൽ പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിരുന്ന ഈ പദ്ധതിയിൽ 2018, 2019 വർഷങ്ങളിലെ മഹാപ്രളയങ്ങൾ, കോവിഡ് 19-ന്റെ ഭാഗമായി ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ഡൗൺ എന്നിവകാരണം ഉദ്ദേശിച്ച പുരോഗതി കൈവരിക്കാനായില്ലെങ്കിലും ഈ പദ്ധതിയിൽ ഇതുവരെ 2061.17 കോടി രൂപയുടെ പ്രവൃത്തികൾ (UG കേബിൾ, ABC എന്നിവ ഉൾപ്പെടെയുള്ള ലൈൻ നിർമ്മാണം/ട്രാൻസ്ഫോർമർ സ്ഥാപിക്കൽ തുടങ്ങിയ വികസന പ്രവൃത്തികൾ, കേടായ മീറ്ററുകൾ മാറ്റിസ്ഥാപിക്കൽ തുടങ്ങിയവയുൾപ്പെടെ) പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. ഇതിൽ 2021-22 സാമ്പത്തിക വർഷം ഇതുവരെ 654.70 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. തുടർ വൈദ്യുതീകരണത്തിനായി 72 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

## വാമനപുരം നിയോജകമണ്ഡലത്തിലെ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ

272(2681) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ എവിടെയൊക്കെ പ്രവർത്തന സജ്ജമാക്കാനാണ് ആലോചിക്കുന്നതെന്നും പ്രസ്തുത നടപടികളിലെ പുരോഗതിയും അറിയിക്കുമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ താഴെ സൂചിപ്പിച്ചിരിക്കുന്ന സ്ഥലങ്ങളിൽ പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുമായി മുന്നോട്ടുപോകുന്നു.

(1) ചുള്ളിമാനൂർ പെട്രോൾ പമ്പിന് സമീപം

(2) പനവൂർ സബ് സെന്ററിന് സമീപം

(3) നന്ദിയോട് മാർക്കറ്റിന് സമീപം

(4) പാലോട് ഹോസ്പിറ്റൽ ജംഗ്ഷൻ പഴയ ബസ്സ്റ്റാന്റ്

(5) ജവഹർ കോളനി

(6) മാണിക്കൽ ശിവക്ഷേത്രത്തിന് സമീപം

(7) ശാസ്താം കോവിലിന് സമീപം

(8) കല്ലറ ബസ്‌സ്റ്റേഷന് സമീപം

കേരളത്തിലുടനീളം 1140 പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇവ സ്ഥാപിക്കുന്നത്. ജൂലൈ 2022-ഓടുകൂടി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്വീകരിച്ചുവരുന്നു.

(ബി) ഏതെല്ലാം തരത്തിലുള്ള വാഹനങ്ങൾക്കാണ് പ്രസ്തുത സ്റ്റേഷനുകളിൽനിന്നും ചാർജ്ജ് ചെയ്യാൻ കഴിയുന്നതെന്ന് അറിയിക്കുമോ?

ഇരുചക്ര വാഹനങ്ങൾ, ഇലക്ട്രിക് ഓട്ടോറിക്ഷകൾ എന്നിവയാണ് പ്രധാനമായും പ്രസ്തുത സ്റ്റേഷനുകളിൽനിന്നും ചാർജ്ജ് ചെയ്യുന്നത്.

(സി) ഈ സേവനം സൗജന്യമാണോ; അല്ലെങ്കിൽ ചാർജ്ജിംഗ് നിരക്കുകൾ വിശദമാക്കുമോ?

പോൾ മൗണ്ടഡ് സ്ലോ ചാർജ്ജിംഗ് സ്റ്റേഷനുകളിൽ യൂണിറ്റിന് 9 രൂപ + ജി.എസ്.ടി. എന്ന നിരക്കിലാണ് ചാർജ്ജിംഗിന് നിരക്ക് നിശ്ചയിച്ചിരിക്കുന്നത്.

## ആലത്തൂരിലെ വൈദ്യുതി തടസ്സം

273(2682) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ കെ.എസ്.ഇ.ബി. സെക്ഷനുകീഴിലുള്ള സ്ഥലങ്ങളിൽ ഇടയ്ക്കിടെ വൈദ്യുതി തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കാര്യമായ തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും ആലത്തൂർ പുതിയങ്കം 33 കെ.വി. സബ്സ്റ്റേഷനിൽനിന്നും പുതിയങ്കം ഗാന്ധി ജംഗ്ഷൻ, സ്വാതി ജംഗ്ഷൻ വഴി 2.4 കി.മീ. 11 കെ.വി. ഭൂഗർഭ കേബിൾ സ്ഥാപിച്ചു. ആലത്തൂർ ടൗൺ പ്രദേശത്ത് ആശുപത്രികൾ, വ്യാപാര സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ മറ്റ് ഉപഭോക്താക്കൾ എന്നിവർക്ക് തടസ്സരഹിതമായി വൈദ്യുതി വിതരണം ചെയ്യുന്നതിനുള്ള പ്രവൃത്തിക്ക് വർക്ക് ഓർഡർ നൽകിയിരുന്നു. എന്നാൽ സ്വാതി ജംഗ്ഷനിൽ എൻ.എച്ച്. വശത്തിലൂടെ എൻ.എച്ച്. ക്രോസ് ചെയ്യുന്നതിന് സമർപ്പിച്ച അപേക്ഷ എൻ.എച്ച്.എ.ഐ. നിരസിച്ചതിനാൽ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞില്ല. ആലത്തൂർ സെക്ഷനിൽ കഴിഞ്ഞ മൂന്നുമാസം വൈദ്യുതി തടസ്സം സംബന്ധിച്ച

392 പരാതികളാണ് 1912 കസ്റ്റമർ കെയർ നമ്പരിൽ ലഭിച്ചത്. ഇവയെല്ലാംതന്നെ പരിഹരിച്ചിട്ടുണ്ട്. ആലത്തൂർ ടൗൺ മെയിൻ റോഡിലെ ഓവർ ഹെഡ് 11 കെ.വി. ലൈൻ (കിണ്ടിമുക്ക് മുതൽ മലമലമുക്ക് വരെ) 3 കി.മീ. ദൂരം ഭൂഗർഭ കേബിളാക്കാനുള്ള പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. റോഡിലൂടെ ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി പി.ഡബ്ല്യു.ഡി. റോഡ് സെക്ഷനിൽ അപേക്ഷിച്ചിട്ടുണ്ട്. എരിമയൂർ മലയപ്പതി ഭാഗത്തെ വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനായി ആലത്തൂർ ടൗൺ ഫീഡർ വാലി പറമ്പ് പ്രദേശത്തുനിന്നും 2.5 കി.മീ. ദീർഘിപ്പിച്ച് മടക്കുണ്ട് പ്രദേശത്ത് എത്തിക്കുന്നതിനുള്ള പദ്ധതി 2022-23 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കണ്ണമ്പുള്ളി സബ്സ്റ്റേഷനിൽനിന്നുള്ള വിതരണശൃംഖല ആലത്തൂർ സെക്ഷനുമായി ബന്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

(ബി&സി) കണ്ണമ്പുള്ളി സബ്സ്റ്റേഷനിൽനിന്നും ആലത്തൂർ പ്രദേശത്ത് നേരിട്ട് വൈദ്യുതി എത്തിക്കുന്നതിനായി ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി 2024-25 സാമ്പത്തിക വർഷത്തെ ആർ.ഡി.എസ്.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## വർക്കല നിയോജകമണ്ഡലത്തിൽ വൈദ്യുത മേഖലയിലെ പദ്ധതികൾ

274(2683) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവുകളിൽ വൈദ്യുതി മേഖലയിൽ എത്ര രൂപയുടെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

വർക്കല നിയോജകമണ്ഡലത്തിൽ മുൻസർക്കാരിന്റെ കാലയളവിൽ പ്രസരണ മേഖലയിൽ 10,75,55,231/- രൂപയുടെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. വർക്കല 110 കെ.വി. സബ്സ്റ്റേഷനിലെ നവീകരണ പ്രവർത്തനങ്ങൾക്കായി 9,98,00,000/- രൂപയും ഇടവക്കട്ടത്ത് വിളക്കുളത്ത് 33 കെ.വി. സ്ഥാപിക്കുന്നതിനായി 77,55,231/- രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. വർക്കല നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ പ്രസരണ മേഖലയിൽ ഇതുവരെ 6,91,649/- രൂപ ചെലവഴിച്ചിട്ടുണ്ട്. വർക്കല 110 കെ.വി. സബ്സ്റ്റേഷനിലെ നവീകരണ പ്രവർത്തനങ്ങൾക്കായിട്ടാണ് പ്രസ്തുത തുക ചെലവഴിച്ചിരിക്കുന്നത്. വർക്കല നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി, ഗ്രാമപ്രദേശങ്ങളിലെ വൈദ്യുതീകരണ

പ്രവർത്തനങ്ങൾക്കായി നടപ്പാക്കിയ DDUGJY പദ്ധതി, ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ച് നടത്തുന്ന " ദ്യുതി " പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നടത്തുന്ന പി.പി.എസ്. പദ്ധതി, ഐ.പി.ഡി.എസ്. പദ്ധതി തുടങ്ങിയവയിലുൾപ്പെടുത്തി 2747.02 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+. വർക്കല നിയോജകമണ്ഡലത്തിൽ മുൻസർക്കാരിന്റേയും ഈ സർക്കാരിന്റേയും കാലയളവിൽ സൗര ഒന്നാംഘട്ട പദ്ധതിയിൽ 18 സൗരനിലയങ്ങളും (71 കിലോവാട്ട് കപ്പാസിറ്റി വരുന്ന) രണ്ടാംഘട്ട സബ്സിഡി പദ്ധതിയിൽ 13 സൗരനിലയങ്ങളും (ആകെ 43.721 കിലോവാട്ട് കപ്പാസിറ്റി) കമ്മീഷൻ ചെയ്തു. ഒന്നാംഘട്ട പദ്ധതിക്ക് 31,95,000/- രൂപ അടങ്കൽ തുകയും രണ്ടാംഘട്ട പദ്ധതിക്ക് 26,22,000/- രൂപ അടങ്കൽ തുകയുമായി. ആകെ 58,17,000/- രൂപയുടെ പദ്ധതിയാണിത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വ്യക്തമാക്കുമോ?

വർക്കല നിയോജകമണ്ഡലത്തിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഇവയാണ്.

1. വർക്കല 110 കെ.വി സബ്സ്റ്റേഷന്റെ കൺട്രോൾ റൂം നവീകരണം (40,88,150/- രൂപ ടി പ്രവൃത്തിക്കായി 2022-23 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്).

2. കല്ലമ്പലം 33 കെ.വി. സബ്സ്റ്റേഷനിൽ കാലപ്പഴക്കം ചെന്ന 11 കെ.വി. ഫീഡർ പാനലുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി (4,03,576/- രൂപ ടി പ്രവൃത്തിക്കായി 2022-23 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്).

3. വിളക്കുളം 33 കെ.വി. സബ്സ്റ്റേഷനിൽ പുതുതായി 5 എം.വി.എ. 33/11 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി (85,00,000/- രൂപ പ്രവൃത്തിക്കായി 2021-22 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്).

കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ച് നടത്തുന്ന “ ദ്യുതി” പദ്ധതിയിലുൾപ്പെട്ട 166.29 ലക്ഷം രൂപയുടെ പ്രവൃത്തികൾ,

വഴിവിളക്കുകൾ എൽ.ഇ.ഡി. ആക്കി മാറ്റുന്ന നിലാവ് പദ്ധതി എന്നിവ വർക്കല നിയോജകമണ്ഡലത്തിൽ നടന്നുവരുന്നു. 2022-23 മുതൽ വൈദ്യുതി വിതരണരംഗം കാര്യക്ഷമമാക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. നടപ്പാക്കുന്ന ദ്യുതി 2.0, കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ ആർ.ഡി.എസ്.എസ്. എന്നിവയിൽ ഉൾപ്പെടുത്തി എച്ച്.ടി. ഒ.എച്ച്., എ.ബി.സി. ലൈൻ/ഭൂഗർഭ കേബിൾ നിർമ്മാണം, എൽ.ടി. ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ/ശേഷിവർദ്ധിപ്പിക്കൽ, ലൈനിന്റെ സ്ഥാപിതശേഷി കൂട്ടുന്ന പ്രവൃത്തികൾ, എച്ച്.ടി. ലൈനും ഇ.എച്ച്.ടി. ലൈനും റീ കണ്ടക്ടറിംഗ് നടത്തുന്ന പ്രവൃത്തികൾ, ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും മറ്റ് പ്രതിഷ്ഠാപനങ്ങളുടെയും സ്റ്റാൻഡേർഡൈസേഷൻ പ്രവൃത്തികൾ, വിതരണനഷ്ടം കുറയ്ക്കുന്ന പ്രവൃത്തികൾ തുടങ്ങിയവ നടപ്പാക്കാനുദ്ദേശിക്കുന്നു. വർക്കല നിയോജകമണ്ഡലത്തിൽ വൈദ്യുതി വാഹനങ്ങൾക്കായി 5 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുമായി കെ.എസ്.ഇ.ബി.എൽ. മുന്നോട്ടുപോകുന്നു. കേരളത്തിലുടനീളം 1140 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നത്. പദ്ധതി 2022 ജൂലൈ മാസത്തോടെ പൂർത്തീകരിക്കുന്നതായിരിക്കും.

## ഇരിക്കൂർ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം

275(2684) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ഇനി എത്ര കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകാനുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇനിയും കണക്ഷൻ ലഭിക്കാത്തവർക്ക് കണക്ഷൻ നൽകാൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ?

(എ&ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ഗാർഹിക വൈദ്യുതി കണക്ഷനുകളൊന്നും നൽകാനില്ല. എന്നാൽ നിലവിൽ 8 മീറ്റർ പോസ്റ്റിന്റെ ലഭ്യതക്കുറവുമൂലം 15-02-2022 മുതലുള്ള 30 സർവ്വീസ് കണക്ഷനുകൾ നൽകാനുണ്ട്. പോസ്റ്റിന്റെ ലഭ്യതക്കുറവ് പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## പട്ടികവർഗ്ഗ കോളനികളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ

276(2685) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ വൈദ്യുതി എത്താതിരുന്ന പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതിയെത്തിക്കാനായി നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ പിന്നാക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി സർക്കാർ നിർദ്ദേശമനുസരിച്ച് കെ.എസ്.ഇ.ബി.എൽ., എസ്.ടി. കോളനികളുടെ വൈദ്യുതീകരണത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കുകയും ഫണ്ട് ലഭ്യമാക്കുന്നതിലേയ്ക്കായി പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഗോത്രവർഗ്ഗ ഊരുകൾ വനാന്തർഭാഗത്ത് സ്ഥിതിചെയ്യുന്ന വിദൂര കോളനികളായതിനാൽ ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിന് വനത്തിൽക്കൂടി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുമെന്നതും വളരെ കുറച്ച് കണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടിവരുമെന്നതും ഈ പ്രദേശങ്ങളിൽ ഗ്രിഡ് വൈദ്യുതിയെത്തിക്കുന്നതിനുള്ള വെല്ലുവിളിയാണ്. പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും വൈദ്യുതീകരണത്തിനാവശ്യമായ തുക, വനം വകുപ്പിന്റെ അനുമതി എന്നിവ ലഭ്യമാക്കുന്നമുറയ്ക്ക്

കെ.എസ്.ഇ.ബി.എൽ. കോളനികളുടെ വൈദ്യുതീകരണം നടപ്പാക്കുന്നതാണ്.

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ പാട്യം പഞ്ചായത്തിലെ അമ്മാറമ്പ് ആദിവാസി കോളനിയിൽ വോൾട്ടേജ് ക്ഷാമം കാരണം കുടിവെള്ള വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

അമ്മാറമ്പ് കോളനിയിൽ 7 വീടുകളാണുള്ളത്. നിലവിൽ ഇവയ്ക്ക് സിംഗിൾ ഫേസ് കണക്ഷനുകളാണുള്ളത്. ഈ കോളനിയിലെ വോൾട്ടേജ് ക്ഷാമം സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടില്ല.

(സി) അമ്മാറമ്പ് ആദിവാസി കോളനിയിൽ ത്രീ ഫേസ് ലൈൻ വലിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ?

അമ്മാറമ്പ് ആദിവാസി കോളനിയിൽ ത്രീ ഫേസ് ലൈൻ വലിക്കുന്നതിന് സാങ്കേതികമായി തടസ്സങ്ങൾ നിലവിലില്ല.

(ഡി) നിരവധി വീടുകളുള്ള അമ്മാറമ്പ് ആദിവാസി കോളനിയെ അംബേദ്കർ പദ്ധതിയിലുൾപ്പെടുത്തി സാംസ്കാരിക നിലയമുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടെങ്കിലും വോൾട്ടേജ് ക്ഷാമം

പ്രയാസം സൃഷ്ടിക്കുന്നത് പരിഗണിച്ച് ത്രീ ഫേസ് ലൈൻ വലിച്ച് തെരുവ് വിളക്കുകളുൾപ്പെടെ സ്ഥാപിക്കുന്നതിന് പ്രത്യേക പാക്കേജ് നടപ്പാക്കുമോ?

തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും കേടായവ മാറ്റിസ്ഥാപിക്കുന്നതിനുമുള്ള ഉത്തരവാദിത്വം നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായതിനാൽ വർക്ക് ഡെപ്പോസിറ്റ് വ്യവസ്ഥയിൽ പണമടയ്ക്കുന്നമുറയ്ക്ക് ആവശ്യമായ ലൈനുകൾ വലിക്കുകയും തെരുവ് വിളക്കുകൾ വാങ്ങി നൽകുന്നമുറയ്ക്ക് അവ സ്ഥാപിച്ച് നൽകുകയും ചെയ്യാവുന്നതാണ്. പ്രസ്തുത കോളനിയിലെ വോൾട്ടേജ് ക്ഷാമം പരിശോധിച്ച് വേണ്ടനടപടി സ്വീകരിക്കാവുന്നതാണ്.

**<u>സൗരോർജ്ജ പ്ലാന്റുകൾക്കുള്ള</u> സബ്സിഡി**

277(2686) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ട് മുഖേന ഗാർഹികാവശ്യങ്ങൾക്ക് സബ്സിഡി നിരക്കിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നുണ്ടോ?

അനെർട്ട് മുഖേന ഗാർഹികാവശ്യങ്ങൾക്ക് സബ്സിഡി നിരക്കിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി സംസ്ഥാനത്ത്

നടപ്പാക്കുന്നുണ്ട്. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പദ്ധതിയാണ് ഇപ്പോൾ നിലവിലുള്ളത്. അനെർട്ട് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 'സൗര തേജസ്' എന്നപേരിൽ പ്രത്യേക ക്യാമ്പയിൻ നടത്തിവരുന്നു. ഇതുവരെ ഈ പദ്ധതിയിൽ 18 മെഗാവാട്ട് ശേഷിയുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചുകഴിഞ്ഞു. ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി ലഭിക്കുന്നത്. 3 കിലോവാട്ട് വരെ സ്ഥാപിക്കുന്നതിന് എം.എൻ.ആർ.ഇ. നിശ്ചയിച്ചിട്ടുള്ള അടിസ്ഥാനവിലയുടെ 40 ശതമാനവും 3 കിലോവാട്ടിന് മുകളിൽ 10 കിലോവാട്ട് വരെ ശേഷിയുള്ള പ്ലാന്റിന് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്ന് 20 ശതമാനവും നിരക്കിലാണ് കേന്ദ്രസർക്കാർ സബ്സിഡി ലഭിക്കുന്നത്. ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ട് വരെ (ഒരു വീട്ടിന് പരമാവധി 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി ലഭിക്കുന്നതാണ്.

(ബി) അനെർട്ട് നിർദ്ദേശിക്കുന്ന ഏജൻസി മുഖേന സ്ഥാപിച്ചാൽ മാത്രമേ സബ്സിഡി ലഭിക്കുകയുള്ളൂവെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഏജൻസികളെ നിശ്ചയിച്ചതിന്റെ മാനദണ്ഡം വിശദമാക്കുമോ?

കേന്ദ്ര നവപുനരുപയോഗ ഊർജ്ജ മന്ത്രാലയമാണ് അനെർട്ട് നടപ്പാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ പദ്ധതിക്ക് സബ്സിഡി നൽകുന്നത്. കേന്ദ്ര നവപുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ചാണ് പ്ലാന്റുകൾ സ്ഥാപിക്കേണ്ടത്. സംസ്ഥാനങ്ങളിലെ വൈദ്യുതി വിതരണ കമ്പനികൾ (ഡിസ്കോം) എംപാനൽ ചെയ്ത ഡെവലപ്പർമാർ വഴിയാണ് നിലവിൽ സബ്സിഡി പദ്ധതി പ്രകാരമുള്ള പ്ലാന്റ് സ്ഥാപിക്കേണ്ടത്. സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ. എംപാനൽ ചെയ്ത ഏജൻസികൾ (ഡെവലപ്പർമാർ) വഴിയാണ് അനെർട്ട് ഈ പദ്ധതി പ്രകാരമുള്ള പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നത്. കേന്ദ്ര നവപുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് കെ.എസ്.ഇ.ബി.എൽ. ആണ് ഏജൻസികളെ നിശ്ചയിച്ചിരിക്കുന്നത്.

(സി) വീടുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന എല്ലാവർക്കും ഏജൻസി നിബന്ധനയില്ലാതെ സബ്സിഡി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം കെ.എസ്.ഇ.ബി.എൽ. എംപാനൽ ചെയ്ത കമ്പനികൾക്ക് മാത്രമേ പുരപ്പുറ സൗരപദ്ധതിയിൽ നിലയങ്ങൾ സ്ഥാപിക്കാൻ കഴിയൂ. എന്നാൽ കേന്ദ്ര നവപുനരുപയോഗ ഊർജ്ജ മന്ത്രാലയം പുറപ്പെടുവിച്ചിരിക്കുന്ന പുതിയ മാനദണ്ഡങ്ങളനുസരിച്ച് നിലയങ്ങൾ സ്ഥാപിക്കുന്നതിന് ഇഷ്ടമുള്ള കമ്പനികളെ തെരഞ്ഞെടുക്കാവുന്നതാണ്. പുതിയ നിർദ്ദേശങ്ങൾ നിലവിൽ വന്നിട്ടില്ല. കേന്ദ്ര നവപുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി പ്രകാരമാണ് അനെർട്ട് വീടുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നത്. സംസ്ഥാനങ്ങളിലെ വൈദ്യുതി വിതരണ കമ്പനികൾ (ഡിസ്കോം) എംപാനൽ ചെയ്ത ഏജൻസികൾ (ഡെവലപ്പർമാർ) വഴിയാണ് സബ്സിഡി പദ്ധതി പ്രകാരമുള്ള പ്ലാന്റ് സ്ഥാപിക്കേണ്ടതെന്നാണ് നിലവിൽ കേന്ദ്ര നവപുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശം. വീടുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന എല്ലാവർക്കും ഏജൻസി നിബന്ധനയില്ലാതെ സബ്സിഡി

ലഭ്യമാക്കുന്ന വിഷയത്തിൽ കേന്ദ്ര നവപുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചതിനുശേഷം നടപടി സ്വീകരിക്കുന്നതാണ്.

## സുസ്ഥിര ഊർജ്ജ പരിഹാരമാർഗ്ഗങ്ങൾ

278(2687) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എ. രാജ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലം, സൗരോർജ്ജം, കാറ്റ് എന്നിവയെ പ്രയോജനപ്പെടുത്തിക്കൊണ്ട് സുസ്ഥിര ഊർജ്ജ പരിഹാരമാർഗ്ഗങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

സംസ്ഥാനത്തെ വിവിധ ഹരിത വൈദ്യുതി പദ്ധതികളിൽനിന്നും 372.124 മെഗാവാട്ട് വൈദ്യുതിയാണ് ഉത്പാദിപ്പിക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

1. ബോർഡിന്റെ സ്വന്തം സ്ഥലത്ത് 13.25 മെഗാവാട്ട് ശേഷിയുള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുവഴി പ്രതിവർഷം ശരാശരി 9.77 MU ഇപ്പോൾ ലഭിക്കുന്നുണ്ട്.

2. ബോർഡിന്റെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സ്ഥാപിച്ച സോളാർ നിലയത്തിന്റെ ശേഷി 3.252 മെഗാവാട്ടാണ്. അവിടെനിന്നും പ്രതിവർഷം ശരാശരി 7.9 MU വൈദ്യുതി ഇപ്പോൾ ലഭിക്കുന്നുണ്ട്.

3. ബോർഡിന്റെ അധീനതയിലുള്ള ഫ്ലോട്ടിംഗ് സോളാർ റിസർവോയറുകൾ (0.51 മെഗാവാട്ട്), ഡാം ടോപ്പ് (0.45 മെഗാവാട്ട്), കനാൽ ടോപ്പ് (3 മെഗാവാട്ട്), കനാൽ ബാങ്ക് (1 മെഗാവാട്ട്) ഈ നിലയങ്ങളിൽ നിന്നുമായി പ്രതിവർഷം ശരാശരി 1.667 MU വൈദ്യുതി ഇപ്പോൾ ലഭിക്കുന്നുണ്ട്.

4. ബോർഡിന്റെ സ്വന്തം സ്ഥലത്ത് (ബി.ഡി.പി.പി., നെന്മാറ, ഏറ്റുമാനൂർ) എന്നിവിടങ്ങളിലായി 6.5 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയങ്ങളുടെ നിർമ്മാണം നടന്നുവരുന്നു. ഇവ പൂർത്തിയാകുമ്പോൾ 6.5 മെഗാവാട്ട് വൈദ്യുതി കൂട്ടിച്ചേർക്കാനാകും.

5. NHPC-യും WKNCEPPL-യും ചേർന്ന് വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടികൾ നടന്നുവരുന്നു.

6. ബോർഡിന്റെ നിയന്ത്രണത്തിലുള്ള ഡാമുകളിലും (8 എണ്ണം) കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള രണ്ട് റിസർവോയറുകളിലും സോളാർ നിലയങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

7. കേരളത്തിൽ 100 മെഗാവാട്ട് ഗ്രിഡ് ബന്ധിത വിൻഡ് പവർ പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

8. കേന്ദ്ര പദ്ധതിയായ പി.എം.കുസും പദ്ധതിയിലുൾപ്പെടുത്തി 51 മെഗാവാട്ട് സോളാർ സ്ഥാപിക്കാൻ എം.എൻ.ആർ.ഇ.-യുടെ അനുമതി ബോർഡിന് ലഭിച്ചിട്ടുണ്ട്. ഇതിൽ 40 മെഗാവാട്ട് കർഷകർക്ക് സോളാർ സ്ഥാപിച്ച് ആനുകൂല്യം ലഭിക്കുന്നതിനും 11 മെഗാവാട്ട് ഫീഡർ സോളറൈസേഷനുമാണ്. ഇതിന്റെ നടപടി ആരംഭിച്ചിട്ടുണ്ട്.

9. ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) 10 മെഗാവാട്ട്/50 മെഗാവാട്ട് സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

10. കൺസ്യൂമേഴ്സ് (റൂഫ് ടോപ് ഇൻസ്റ്റലേഷൻ) - 200.76 മെഗാവാട്ട് (As on 31-01-2022)

11. സിയാൽ - 39.44 മെഗാവാട്ട്

12. അനെർട്ട്, കുഴൽമന്ദം- 2 മെഗാവാട്ട്

13. KMRI - 5.395 മെഗാവാട്ട്

14. HINDALCO- 3.00 മെഗാവാട്ട്

15. അമ്പലത്തറ സോളാർ പാർക്ക് - 50 മെഗാവാട്ട്

16. പൈവേളിക - 50 മെഗാവാട്ട്

സൗരോർജ്ജം പ്രയോജനപ്പെടുത്തിക്കൊണ്ട് ഊർജ്ജ പരിഹാര മാർഗ്ഗങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്റെ ഭാഗമായുള്ള നിരവധി നടപടികളിലൊന്നാണ് സൗരപുരപ്പുറ സബ്സിഡി പദ്ധതി. ഇതിന്റെ ഭാഗമായി ഗാർഹിക ഉപഭോക്താക്കൾക്ക് കേന്ദ്ര സബ്സിഡി ലഭിക്കുന്നതാണ്. 2019-20 വർഷത്തേയ്ക്ക് 50 മെഗാവാട്ടിന്റെയും 2020-21 വർഷത്തേയ്ക്ക് 200 മെഗാവാട്ടിന്റെയും സബ്സിഡി പദ്ധതിയിലുൾപ്പെടുത്താനാണ് കേന്ദ്ര നവപുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ-ന് അനുമതി നൽകിയിരിക്കുന്നത്. പദ്ധതി നിർവ്വഹണത്തിനായി കെ.എസ്.ഇ.ബി.എൽ. കേന്ദ്ര നവപുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് 37 കമ്പനികളെ എംപാനൽ ചെയ്തിട്ടുണ്ട്. സൗര പുരപ്പുറ സബ്സിഡി പദ്ധതി 2022 ജൂലൈയോടെ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് ഊർജ്ജോത്പാദനം വർദ്ധിപ്പിക്കുന്നതിന് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ് എന്നിവയെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി അനെർട്ട് മുഖേന വിവിധ പദ്ധതികൾ

ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. കേന്ദ്ര നവപുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ അനെർട്ട് മുഖേന 25 മെഗാവാട്ട് ശേഷി സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി നടപ്പാക്കുന്നതിന് 'സൗരതേജസ്' എന്നപേരിൽ പ്രത്യേക ക്യാമ്പയിൻ നടത്തിവരുന്നു. ഇതുവരെ ഈ പദ്ധതിയിൽ 18 മെഗാവാട്ട് ശേഷിയുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചുകഴിഞ്ഞു. പ്രധാനമന്ത്രി കുസും പദ്ധതി പ്രകാരം സംസ്ഥാനത്ത് കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്ന പദ്ധതി നടപ്പാക്കിവരുന്നു. വൈദ്യുതിയെത്താത്ത സ്ഥലങ്ങളിലെ കാർഷിക ഡീസൽ പമ്പുകൾ സോളാറിലേയ്ക്ക് മാറ്റുന്ന പദ്ധതിയും കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്ന പദ്ധതിയും അനെർട്ട് മുഖേന നടപ്പാക്കിവരുന്നു. ഈ പദ്ധതികൾ പ്രകാരം എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയുടെ 30 ശതമാനം കേന്ദ്രസർക്കാർ സബ്സിഡിയായി നൽകും. ടെൻഡർ നിരക്കിന്റെ 40 ശതമാനം ഗുണഭോക്താക്കളും ബാക്കി തുക അനെർട്ടുമാണ് നൽകുന്നത്.

റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ രാമക്കൽമേടിൽ സൗരോർജ്ജവും കാറ്റിൽനിന്നുള്ള ഊർജ്ജവും പ്രയോജനപ്പെടുത്തി ബാറ്ററി സംഭരണത്തോടുകൂടിയുള്ള അക്ഷയ ഊർജ്ജ പാർക്കിന്റെ ആദ്യഘട്ടമായി ഒരു മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ചു. അനെർട്ട് കേന്ദ്രസർക്കാർ സ്ഥാപനമായ സി-ഡാക്കുമായി ചേർന്ന് നടപ്പാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി തദ്ദേശീയമായി ഗ്രിഡ്-റ്റൈ ഇൻവർട്ടർ സാങ്കേതികവിദ്യ വികസിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ്/കൺസൾട്ടൻസി വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനവും അനെർട്ട് മുഖേന ചെയ്തുവരുന്നു. ഇലക്ട്രിക് കാറുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതിനാൽ ഇതിനാവശ്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ വ്യാപകമാകുന്നതോടുകൂടി സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം വർദ്ധിക്കുന്നതാണ്. ആയതിനാൽ ചാർജ്ജിംഗ്

സ്റ്റേഷനകളിൽ വൈദ്യുതി ഉത്പാദനത്തിന് അയോജ്യമായ സ്ഥലലഭ്യതയുള്ള സ്റ്റേഷനകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് മുഖേന സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. അനെർട്ട് നൽകിയ സാങ്കേതികാനുമതിയുടെ അടിസ്ഥാനത്തിൽ പാലക്കാട്, ഇടുക്കി ജില്ലകളിലായി സ്വകാര്യ പങ്കാളിത്തത്തോടെ 70 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയുന്നയളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള പഠനപ്രവർത്തനങ്ങൾ അനെർട്ട് നടത്തിവരുന്നു. പരിസ്ഥിതിക്ക് ഏറ്റവും അനുയോജ്യമായ വൈദ്യുതോർജ്ജ ഉത്പാദനം സാദ്ധ്യമാക്കുന്നതിലേയ്ക്കായി കനാലുകളിലെ ഒഴുക്കിൽനിന്നും ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള പൈലറ്റ് പദ്ധതി നടപ്പിലാക്കാനും പിക്കോ/മൈക്രോ-ഹൈഡ്രോ/മൈക്രോവിൻഡ്/ ഹൈബ്രിഡ് പവർ പ്രോജക്ടുകളുടെ സാങ്കേതികവിദ്യകൾ വഴിയുള്ള ഊർജ്ജോത്പാദനത്തിനുമുള്ള സാധ്യതാപഠനം നടത്താനും അനുയോജ്യമായ ഏജൻസികളെ എംപാനൽ ചെയ്യാനുമുള്ള താല്പര്യപത്രങ്ങൾ ഇ.എം.സി. ക്ഷണിച്ചിരുന്നു. കൂടാതെ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ എസ്.പി.വി. രൂപീകരിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ഇ.എം.സി. തദ്ദേശസ്വയംഭരണ വകുപ്പിനും സഹകരണവകുപ്പിനും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകളുടെ നിർദ്ദേശം ലഭിക്കുന്നമുറയ്ക്ക് ഇ.എം.സി. എസ്.എച്ച്.പി. സെൽ തെരഞ്ഞെടുത്തുവച്ചിട്ടുള്ള പദ്ധതികൾ ഈ മാതൃകയിൽ നടപ്പാക്കാനും ഉദ്ദേശിക്കുന്നുണ്ട്.

(ബി) പുനരുപയോഗ സ്രോതസ്സുകളിൽനിന്നും ഊർജ്ജോത്പാദനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സ്വീകരിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെ; വിശദാംശം നൽകുമോ?

പുനരുപയോഗ സ്രോതസ്സിൽനിന്നും ഊർജ്ജോത്പാദനം ഉറപ്പാക്കുന്നതിന്റെ ഭാഗമായുള്ള നിരവധി പ്രവർത്തനങ്ങളിലൊന്നായ സൗരപദ്ധതി പൂർത്തീകരണം ത്വരിതപ്പെടുത്താനും ജനകീയമാക്കാനുമായി കെ.എസ്.ഇ.ബി.എൽ. ഇ-കിരൺ എന്ന ഏകജാലക സംവിധാനം വികസിപ്പിച്ച് ജനങ്ങൾക്കായി സമർപ്പിച്ചു. ഈ പദ്ധതിവഴി എം.എൻ.ആർ.ഇ. നിശ്ചയിച്ച ബഞ്ച്മാർക്ക് കോസ്റ്റിന്റെ 40 ശതമാനംവരെ പരമാവധി സബ്സിഡി ലഭിക്കും. പദ്ധതിയെക്കുറിച്ച് ജനങ്ങളെ

ബോധവൽക്കരിക്കാനായി അച്ചടി-ദൃശ്യമാധ്യമങ്ങൾവഴി പ്രചരണം നടത്തുകയും എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിലും സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിൻ സംഘടിപ്പിക്കുകയും ചെയ്തു. പുനരുപയോഗ സ്രോതസ്സുകളിൽനിന്നും ഊർജ്ജോത്പാദനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി അനെർട്ട് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

1. സൗരോർജ്ജത്തെ നമ്മുടെ വൈദ്യുതി ആവശ്യത്തിനായി വിനിയോഗിക്കുന്നതിനുള്ള സംവിധാനമായ സോളാർ പവർ പ്ലാന്റുകൾ വീടുകളിലും സ്ഥാപനങ്ങളിലും വ്യാപകമാക്കുന്നതിനുവേണ്ടിയുള്ള വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു.

2. കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രധാനമന്ത്രി കുസും പദ്ധതി സംസ്ഥാനത്ത് വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

3. റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത

നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ സംസ്ഥാനത്ത് വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

4. ഇലക്ട്രിക് കാറുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതിനാൽ ഇവയ്ക്കാവശ്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ വ്യാപകമാക്കുന്നതോടെ സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം വർദ്ധിക്കുന്നതാണ്. ആയതിനാൽ ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതോത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അയോജ്യമായ സ്ഥലലഭ്യതയുള്ള സ്റ്റേഷനുകളിൽ സബ്സിഡി പദ്ധതി നടപ്പാക്കുന്നതാണ്.

5. കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുന്നയളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ നടത്തിവരുന്നു. അനുയോജ്യമായ സ്ഥലങ്ങളിൽ സ്വകാര്യപങ്കാളിത്തത്തോടെ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പുനരുപയോഗ സ്രോതസ്സുകളിൽനിന്നും ഊർജ്ജോത്പാദനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്റർ മുഖേന താഴെപ്പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

- ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ ഏറ്റവും അവസാനം വിളിച്ചിരുന്ന ടെൻഡർ നടപടികൾ പ്രകാരം ബൂട്ട് അടിസ്ഥാനത്തിൽ സർക്കാർ അലോട്ട് ചെയ്ത പദ്ധതികളിൽ മൂന്നെണ്ണത്തിന്റെ (ആറ്റില I - 6 മെഗാവാട്ട് (പാലക്കാട് ജില്ല), ആറ്റില II - 6 മെഗാവാട്ട് (പാലക്കാട് ജില്ല), കാഞ്ഞാപ്പുഴ - 0.75 മെഗാവാട്ട് (ഇടുക്കി ജില്ല) ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പിട്ടിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പാക്കുന്നതുവഴി 12.75 മെഗാവാട്ട് സ്ഥാപിതശേഷികൂടി കൈവരിക്കാൻ സാധിക്കും. ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പുവച്ച കമ്പനികൾ പദ്ധതിയുടെ സാങ്കേതിക-സാമ്പത്തിക പ്രായോഗികതാ റിപ്പോർട്ടുകൾക്ക് (Techno - Economic Feasibility Report) അനുമതി ലഭിച്ച് 36 മാസത്തിനുള്ളിൽ പദ്ധതി കമ്മീഷൻ ചെയ്യേണ്ടതാണ്.
- കനാലുകളിലെ ഒഴുക്കിൽനിന്നും ഹൈഡ്രോ കൈനറ്റിക് സാങ്കേതികം ഉപയോഗിച്ച് പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണത്തിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ മൂലത്തറ ലെഫ്റ്റ് ബാങ്ക് ഇറിഗേഷൻ കനാലിൽ 25 കിലോവാട്ടിന്റെയും ഇടുക്കി ജില്ലയിൽ ലോവർ പെരിയാർ ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയ്സിൽ 25 കിലോവാട്ടിന്റെയും ഹൈഡ്രോ കൈനറ്റിക്

സാങ്കേതികവിദ്യ അവലംബിച്ചുകൊണ്ടുള്ള പൈലറ്റ് പദ്ധതികൾ നടപ്പാക്കാനുള്ള വർക്ക് ഓർഡറുകൾ എംപാനൽ ചെയ്യപ്പെട്ട സാങ്കേതികവിദഗ്ദ്ധ കമ്പനികൾക്ക് നൽകിയിട്ടുണ്ട്. പൈലറ്റ് പദ്ധതിയുടെ വിജയം കണക്കിലെടുത്തുകൊണ്ട് ചിറ്റൂർപുഴ ജലസേചന പദ്ധതിയുടെ മൂലത്തറ ഇടത് കനാലിൽ 3 മെഗാവാട്ടുവരെ ഉത്പാദനം വർദ്ധിപ്പിക്കാനും ആലോചനയിലുണ്ട്.

(സി) ഗതാഗത മേഖലയിലെ ഊർജ്ജ ആവശ്യകതയുടെ നിശ്ചിത ശതമാനം വൈദ്യുതിയിൽനിന്നും കണ്ടെത്തുന്നതിന്റെ ഭാഗമായി പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

വൈദ്യുത വാഹനങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനാനുപാതികമായി ഗതാഗതമേഖലയുടെ ഊർജ്ജ ആവശ്യകതയുടെ നിശ്ചിത ശതമാനം വൈദ്യുതിയിൽനിന്നും കണ്ടെത്തേണ്ടതായിവരും. എന്നാൽ വായുമലിനീകരണം കുറയ്ക്കുന്നതിനായി ഈ വൈദ്യുതി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നും ഉത്പാദിപ്പിക്കേണ്ടതുണ്ട്. ഇത് ലക്ഷ്യംവച്ച് കെ.എസ്.ഇ.ബി.എൽ. റിന്യൂവബിൾ എനർജി പ്രോത്സാഹിപ്പിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. കെ.എസ്.ഇ.ബി.-യുടെ സ്വന്തം സ്ഥലത്തും സൗര പദ്ധതിയിലൂടെ ഉപഭോക്താക്കൾ വഴിയും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചുവരുന്നു.

2. സംസ്ഥാനത്തിനകത്ത് 100 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി നിലയങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഗ്രിഡ്ഡിലേയ്ക്ക് കടത്തിവിടുന്നതിനായി ടെൻഡർ ക്ഷണിച്ചിട്ടുണ്ട്.

3. ഡാമുകളിൽ 100 മെഗാവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിന് ടെൻഡർ ക്ഷണിച്ചിട്ടുണ്ട്.

4. സ്ഥിരതയില്ലാത്ത വൈദ്യുതി ഗ്രിഡ്ഡിൽ സംയോജിപ്പിക്കുമ്പോൾ ഉണ്ടാകാനിടയുള്ള പ്രശ്നങ്ങൾ പരിഹരിക്കാനായി ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിനും ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. ഗതാഗത മേഖലയിൽ ഇലക്ട്രിക് വാഹനങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ ഇത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വാഹന ഉപഭോക്താക്കൾക്കായി ദേശീയപാത, എം.സി. റോഡ്, മറ്റ് പ്രധാന റോഡുകൾ എന്നിവിടങ്ങളിലായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. പൊതുസ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രകാരം 10 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. 6

എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. ഹോട്ടലുകൾ, മാളുകൾ എന്നിവിടങ്ങളുൾപ്പെടെ സ്വകാര്യമേഖലയിൽ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്നതിനുള്ള പദ്ധതി പ്രകാരം 4 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. സംസ്ഥാനത്ത് ദേശീയപാത, എം.സി. റോഡുൾപ്പെടെയുള്ള പ്രധാന റോഡുകൾക്ക് സമീപമുള്ള ഹോട്ടലുകൾ, മാളുകൾ, മറ്റ് സ്വകാര്യസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഇലക്ട്രിക് കാറുകൾക്കായുള്ള ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ചാർജ്ജിംഗ് മെഷീന്റെ വിലയുടെ 25 ശതമാനം സബ്സിഡി നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

**കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കെ.എസ്.ഇ.ബി. ഓഫീസുകൾ**

279(2688) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമുള്ളതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ കെ.എസ്.ഇ.ബി. ഓഫീസുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓരോ കെ.എസ്.ഇ.ബി. ഓഫീസിനുമുള്ള വാടക നിരക്ക് എത്രയാണെന്ന് അറിയിക്കുമോ?

(എ&ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ വൈദ്യുതി ബോർഡിന് വിതരണമേഖലയിൽ സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകളൊന്നുംതന്നെയില്ല. കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകളും പ്രതിമാസ വാടകയും അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽ ഓഫീസ് കെട്ടിട നിർമ്മാണ പദ്ധതി ആസൂത്രണം ചെയ്തിട്ടില്ല. നിർമ്മാണത്തിനുള്ള സ്ഥലം സൗജന്യമായി ലഭ്യമാക്കുകയാണെങ്കിൽ പരിഗണിക്കാവുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ 11 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം

280(2689) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലേയ്ക്കായി അനുവദിച്ചിട്ടുള്ളതും ഭരണാനുമതി ലഭിച്ചതുമായ 11 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ 110 കെ.വി. പന്തലായനി സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി കൊയിലാണ്ടി താലൂക്കിലെ വിയ്യൂർ വില്ലേജിൽ അഞ്ച് സ്വകാര്യവ്യക്തികളുടെ പ്ലോട്ടുകളിൽനിന്നായി ആകെ 89.66 സെന്റ് ഭൂമി ഏറ്റെടുക്കാൻ ശിപാർശ ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ 89.66 സെന്റിൽനിന്നും 10 സെന്റ് കെ-റെയിൽ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ സാദ്ധ്യതയുണ്ടെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. ആയതിനാൽ കെ-റെയിൽ പദ്ധതിക്കായി ഏറ്റെടുക്കപ്പെടാൻ സാദ്ധ്യതയുള്ള ഭൂമിയുടെ വിവരങ്ങൾ സംബന്ധിച്ച് വ്യക്തത വരുത്താനും ബാക്കി ഭൂമി സബ്സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമാണോ എന്ന് അറിയിക്കാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക്

സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം കാലതാമസം കൂടാതെ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ?

സ്ഥലം ലഭിക്കുന്നമുറയ്ക്ക് ടി സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കഴിയും.

**കാസർഗോഡ് മൈലാട്ടിയിൽനിന്നും വിദ്യാനഗർ സബ്സ്റ്റേഷനിലേയ്ക്ക് 110 കെ.വി. ലൈൻ**

281(2690) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മൈലാട്ടിയിൽനിന്നും വിദ്യാനഗർ സബ്സ്റ്റേഷനിലേയ്ക്കുവരുന്ന 110 കെ.വി. ലൈനിന്റെ ശേഷി വർദ്ധിപ്പിക്കുന്ന ജോലി എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

കാസർഗോഡ് മൈലാട്ടിയിൽനിന്നും വിദ്യാനഗർ സബ്സ്റ്റേഷനിലേയ്ക്ക് വരുന്ന 110 കെ.വി. ലൈനിന്റെ ശേഷി വർദ്ധിപ്പിക്കുന്ന ജോലി 2023 മാർച്ചോടുകൂടി പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) വിദ്യാനഗർ സബ്സ്റ്റേഷനിൽനിന്ന് വിതരണം നിലയ്ക്കുമ്പോൾ പകരം സംവിധാനത്തിനായി സീതാംഗോളിയിൽ 110 കെ.വി. സബ്സ്റ്റേഷനുള്ള പ്രൊപ്പോസലുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ നിലവിലെ സ്ഥിതിയെന്താണെന്ന് വിശദമാക്കുമോ?

സീതാംഗോളിയിൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി ബേളൂർ വില്ലേജിൽ റവന്യൂ ഭൂമി കണ്ടെത്തി സാങ്കേതികപഠനം നടത്തുകയും അനുകൂല സാങ്കേതികപഠന റിപ്പോർട്ട് ലഭിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത സ്ഥലത്തേയ്ക്ക് റോഡ് ലഭ്യതയില്ലാത്തതുകൊണ്ട് ടി പ്രോജക്ട് നടപ്പാക്കാൻ കഴിഞ്ഞില്ല. ആയതിനാൽ ജനപ്രതിനിധികളുമായി ബന്ധപ്പെട്ട് അനുയോജ്യമായ സ്ഥലം കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അനുയോജ്യമായ സ്ഥലം കിട്ടുന്നമുറയ്ക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതിക്കുവേണ്ടി സമർപ്പിക്കുന്നതാണ്.

(സി) കാസർഗോഡ് ടൗണിൽ സ്ഥാപിച്ച 33 കെ.വി. സബ്സ്റ്റേഷനിലേയ്ക്കുള്ള പോസ്റ്റിൽക്കൂടിയുള്ള ഓവർ ഹെഡ് ലൈൻ ഭാഗികമായി മാറ്റി ഭൂഗർഭ കേബിൾ സ്ഥാപിക്കാൻ ആലോചനയുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

പ്രസ്തുത ലൈൻ നിർമ്മാണവേളയിൽത്തന്നെ പ്രായോഗികമായ സ്ഥലങ്ങളിലെല്ലാം ഭൂഗർഭ കേബിൾ സ്ഥാപിച്ചിട്ടുണ്ട്. പ്രായോഗികമല്ലാത്ത സ്ഥലങ്ങളിലാണ് ഓവർഹെഡ് ലൈൻ നിർമ്മിച്ചിട്ടുള്ളത്.

(ഡി) പ്രസ്തുത സബ്സ്റ്റേഷനിലേയ്ക്ക് അടിയന്തരഘട്ടങ്ങളിൽ വേറെ ഭാഗത്തുനിന്ന് വൈദ്യുതിയെത്തിക്കാനുള്ള ഏതെങ്കിലും പ്രൊപ്പോസലുകളുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

അടിയന്തരഘട്ടത്തിൽ ഉപഭോക്താക്കൾക്ക് ഇടതടവില്ലാതെ വൈദ്യുതി എത്തിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ളതിനാൽ പുതിയ പ്രൊപ്പോസലുകളൊന്നുംതന്നെയില്ല.

**കടമ്പഴിപ്പുറത്ത് കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ**

282(2691) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കടമ്പഴിപ്പുറത്ത് കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം വിട്ടുകിട്ടുന്നതുമായി ബന്ധപ്പെട്ട ഫയൽ നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇതുമായി ബന്ധപ്പെട്ട ഫയൽ നമ്പർ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണെന്നും ഫയൽ അവിടെ എത്തിയ തീയതി എന്നാണെന്നും വ്യക്തമാക്കുമോ?

(എ-സി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സെക്ഷൻ ഓഫീസും സബ്സ്റ്റേഷനും നിർമ്മിക്കുന്നതിന് കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിന്റെ കടമ്പഴിപ്പുറത്തുള്ള ജലവിഭവ വകുപ്പിന്റെ സ്ഥലം മാർക്കറ്റ് റേറ്റ് ഈടാക്കി കെ.എസ്.ഇ.ബി. ലിമിറ്റഡിന് കൈമാറുന്നതിന് അനുമതി നൽകുന്നതിനായി ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ പ്രോജക്ട്സ്, കോഴിക്കോട്) ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയോട് 09-06-2015-ൽ ശിപാർശ ചെയ്തിരുന്നു. (File No. E4-6558/2014). തുടർന്ന് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ പാലക്കാട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. (File No. 139/L1/2017/Revenue Department dated 7-10-2017). സ്ഥലം കെ.എസ്.ഇ.ബി. ലിമിറ്റഡിന് കൈമാറുന്നതിന് നിരാക്ഷേപപത്രം നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് 14-08-2018-ൽ ജലവിഭവ വകുപ്പ് സെക്രട്ടറിയോട് അഭ്യർത്ഥിച്ചിരുന്നു (File No. D

(D&IT)/D4/Govt.General/2018-19/0008). D(D&IT)/D/AEC/ Land/622/2020, 410/18-09-2020-ഉം 484/13-10-2020-ഉം പ്രകാരം സ്ഥലം കൈമാറി നൽകുന്നതിന് ജലവിഭവ വകുപ്പിൽനിന്നും നിരാക്ഷേപപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ആവശ്യത്തിന്മേൽ നടപടി കൈക്കൊള്ളാൻ ജലവിഭവ വകുപ്പിനോട് ഊർജ്ജ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട് (ഫയൽ നം. 60/സി3/2019/ഊർജ്ജം തീയതി 25-2-2019). കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വിവിധ പദ്ധതികൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ/കൈമാറ്റവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കുന്നതു സംബന്ധിച്ച് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുമായി 11-01-2022-ൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി നടത്തിയ യോഗത്തിൽ പ്രസ്തുത സബ്സ്റ്റേഷൻ/സെക്ഷൻ നിർമ്മാണത്തിനാവശ്യപ്പെട്ട കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിന്റെ 15 സെന്റ് സ്ഥലം കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകുന്നതിന് എതിർപ്പില്ലെന്ന് ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ റവന്യൂ വകുപ്പ് തീരുമാനമാനിച്ചിട്ടുണ്ട്.

## വാഴൂർ 110 കെ. വി. സബ്സ്റ്റേഷൻ ആരംഭിക്കാൻ നടപടി

283(2692) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ വാഴൂർ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന നടപടികൾ ഏതുഘട്ടത്തിലാണെന്നും നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നും വെളിപ്പെടുത്തുമോ?

വാഴൂർ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി വാഴൂർ കാനം കവലയ്ക്കുസമീപം സ്വകാര്യ വ്യക്തിയിൽനിന്ന് സ്ഥലം ഏറ്റെടുക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. 2021 ആഗസ്റ്റിൽ സ്ഥലം ഇലക്ട്രിസിറ്റി ബോർഡിന്റെ പേരിൽ രജിസ്റ്റർ ചെയ്തു. സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള ലേ ഔട്ട് തയ്യാറാക്കുകയും അതിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ ആയതിന്റെ പുതുക്കിയ ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. നിർമ്മാണ സ്ഥലം ക്രമപ്പെടുത്തുന്നതിലേയ്ക്ക് 2022 മാർച്ച് 10-ന് അധികമുള്ള മണ്ണ് നീക്കംചെയ്യുന്നതിനായുള്ള ലേലനടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ജിയോളജി വകുപ്പിന്റെ അനുമതി ലഭിക്കുന്നമുറയ്ക്ക് മണ്ണ് നീക്കംചെയ്യുന്ന

നടപടി ആരംഭിക്കുന്നതാണ്. ഇതിലേയ്ക്കാവശ്യമായ റോയൽറ്റി തുക അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സൈറ്റ് ലെവലിംഗ്, മതിൽ കെട്ടൽ എന്നിവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിക്കഴിഞ്ഞു. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ തുടങ്ങുന്നതാണ്. പദ്ധതി പൂർത്തിയാക്കാൻ പ്രതീക്ഷിക്കുന്ന തീയതി 01-08-2023, തുക 15.2 കോടി രൂപ.

## പുളിക്കൽ 110 കെ.വി. സബ്സ്റ്റേഷൻ

284(2693) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ പുളിക്കലിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ പുളിക്കൽ പ്രദേശത്ത് 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. പുളിക്കലിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതികപഠനം നടത്തുകയും ടി സബ്സ്റ്റേഷൻ അനിവാര്യമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പ്രഥമദൃഷ്ട്യാ

അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തിയതിൽ സ്ഥലം കൈമാറുന്നതിന് ഒരു വസ്തുവിന്റെ ഉടമ സമ്മതം അറിയിച്ചിട്ടുണ്ട്. പുളിക്കലിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 2013-ലാണ് ഭരണാനുമതി നൽകിയിരുന്നത്. ടി ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ പുതുതായി ഭരണാനുമതി നൽകേണ്ടതുണ്ട്. നിലവിലുള്ള റേറ്റുകളനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഇതിനുവേണ്ടി കണ്ടെത്തിയ സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പുളിക്കൽ സബ്സ്റ്റേഷനുള്ള പുതിയ ഭരണാനുമതി നൽകിയശേഷം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കാവുന്നതാണ്.

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിയുടെ കാലാവധി പുതുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

പുതുക്കിയ എസ്റ്റിമേറ്റ്, ഡി.പി.ആർ. എന്നിവയുടെ അടിസ്ഥാനത്തിൽ പുതിയ ഭരണാനുമതി നൽകാവുന്നതാണ്.

## കെ.എസ്.ഇ.ബി. മീറ്റർ റീഡർ നിയമനം

285(2694) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. മീറ്റർ റീഡർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ട (557/2014) എത്ര ഉദ്യോഗാർത്ഥികൾക്കാണ് നിയമനം ലഭിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി. മീറ്റർ റീഡർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ട (557/2014) 218 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) നിലവിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യാനുള്ളതെന്ന് അറിയിക്കുമോ;

(സി) ഒഴിവുകൾ നിലവിലുണ്ടെങ്കിൽ പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) 07-10-2021-ലെ ബോർഡ് ഉത്തരവ് നമ്പർ B.O. (FTD) No.744/2021 (No. EB4©/Recruitment/21-22)-ന്റെ വെളിച്ചത്തിൽ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ മീറ്റർ റീഡർ തസ്തികയിൽ ഒഴിവുകൾ നിലവിലില്ല.

## അമ്യൂസ്മെന്റ് പാർക്ക് നിർമ്മിക്കാൻ നൽകിയ ഭൂമിയിൽ ഏലം കൃഷി

286(2695)ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്യൂസ്മെന്റ് പാർക്ക് നിർമ്മിക്കാൻ രാജാക്കാട് സർവ്വീസ് സഹകരണ ബാങ്കിന് വൈദ്യുതി ബോർഡ് പെർമിസീവ് സാംഗ്ഷൻ നൽകിയ പൊന്മുടി ഡാമിന്റെ സംരക്ഷിത വൃഷ്ടിപ്രദേശത്ത് ഏലം കൃഷി ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ടോ?

അനുമതി നൽകിയിട്ടില്ല.

(ബി) പൊന്മുടി, ആനയിറങ്കൽ, മൂന്നാർ ഹെഡ് വർക്ക്, ചെങ്കുളം, ബാണാസുരസാഗർ എന്നീ ഡാമുകളുടെ സംരക്ഷിത വൃഷ്ടിപ്രദേശത്ത് അമ്യൂസ്മെന്റ് പാർക്ക് നിർമ്മിക്കാൻ ഡാം സേഫ്റ്റി അതോറിറ്റി അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പൊൻമുടി, ചെങ്കുളം, ആനയിറങ്കൽ, മൂന്നാർ ഹെഡ് വർക്സ്, ബാണാസുരസാഗർ എന്നീ ഡാം പ്രദേശങ്ങളിൽ അമ്യൂസ്മെന്റ് പാർക്ക്

നിർമ്മാണവുമായി ബന്ധപ്പെട്ട് ഡാം സേഫ്റ്റി അതോറിറ്റി നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

(സി) കരാർ വ്യവസ്ഥയ്ക്കനുസൃതമല്ലാതെയാണ് കരാർ നൽകിയ സൊസൈറ്റികൾ പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ കരാർ റദ്ദാക്കാൻ കെ.എസ്.ഇ.ബി. തയ്യാറാകുമോ?

അത്തരത്തിൽ കെ.എസ്.ഇ.ബി.എൽ. ഒരു കരാറിലും ഏർപ്പെട്ടിട്ടില്ല.

**കാർഷികാവശ്യത്തിന് വൈദ്യുതി**

287(2696) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാവശ്യത്തിന് വൈദ്യുതി നൽകുന്ന കാര്യത്തിൽ എന്തെല്ലാം ഇളവുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി, വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കിൽ LT V(A) കാർഷിക താരിഫിലാണ് നൽകിവരുന്നത്. താഴെപ്പറയുന്ന ഇളവുകളാണ് സംസ്ഥാനത്തെ കർഷകർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്.

1. 2012-13 സാമ്പത്തികവർഷം മുതൽ സംസ്ഥാനത്തെ കർഷകർ കമ്മീഷൻ നിശ്ചയിച്ചുവരുന്ന എനർജി ചാർജ്ജിൽ യൂണിറ്റൊന്നിന് 85

പൈസാ നിരക്കിൽ സംസ്ഥാന ഗവൺമെന്റ് സബ്സിഡി നൽകിവരുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട ഏകദേശം 4.5 ലക്ഷം ഉപഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭ്യമാകുന്നുണ്ട്. ടി ഇനത്തിൽ പ്രതിവർഷം ഏകദേശം 25 കോടിയോളം രൂപയാണ് നൽകിവരുന്നത്.

2. സംസ്ഥാന ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ഭൂപരിധിയുള്ള കാർഷിക ഉപഭോക്താക്കൾക്ക് കൃഷിഭവൻ മുഖേന വൈദ്യുതി ചാർജ്ജ് പൂർണ്ണമായും സൗജന്യമായി നൽകിവരുന്നു. ഏകദേശം 2.8 ലക്ഷം കാർഷിക ഉപഭോക്താക്കൾക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമാക്കിവരുന്നു. ടി ഉപഭോക്താക്കളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് 12 കോടിയോളം രൂപവരും.

3. ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ഭൂപരിധിയില്ലാത്ത കാർഷിക ഉപഭോക്താക്കൾക്ക് യൂണിറ്റൊന്നിന് 2.76 പൈസ നിരക്കിലാണ് നൽകിവരുന്നത്. അതായത്, ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിന്റെ പ്രിമിസെസിൽ എത്തിക്കുന്നതിനാവശ്യമായ ചെലവായ (Average Cost of Supply) 6.50 രൂപയേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് ടി വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകിവരുന്നത്.

(ബി) കാർഷികാവശ്യത്തിന് നൽകുന്ന വൈദ്യുതി മറ്റുകാര്യങ്ങൾക്ക് ഉപയോഗിക്കുന്നത് തടയാൻ നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ?

പ്രിമിസെസിൽ എത്തിക്കുന്നതിന് ചെലവായ (Average Cost of Supply) 6.50 രൂപയേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് ടി വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകിവരുന്നത്. സൗജന്യ വൈദ്യുതിയുടെ ദുരുപയോഗം തടയുന്നതിനായി കൃഷി വകുപ്പ് ഉദ്യോഗസ്ഥർ നിശ്ചിത ഇടവേളകളിൽ സ്ഥലപരിശോധന നടത്തുന്നുണ്ട്. ഇതുകൂടാതെ 22-09-2021-ലെ സർക്കാർ ഉത്തരവ് (കൈ) നം. 82/2021/കൃഷി പ്രകാരം വൈദ്യുതിയോ സർക്കാർ ഫണ്ടോ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ തുക സർക്കാർ ഫണ്ടുപയോഗിച്ച് ഒടുക്കാൻ പാടില്ലാത്തതാണെന്നും ഫണ്ടും വൈദ്യുതിയും ദുരുപയോഗം ചെയ്യുന്ന വ്യക്തികളുടെ/ഗ്രൂപ്പുകളുടെ/സമിതിയുടെ പട്ടിക കെ.എസ്.ഇ.ബി. തയ്യാറാക്കി ആറുമാസത്തിലൊരിക്കൽ ഉന്നതതല സമിതിയുടെ തീരുമാനത്തിനായി സമർപ്പിക്കേണ്ടതാണെന്നും ഉത്തരവായിട്ടുള്ളതാണ്.

(സി) ഓരോ കണക്ഷനുമുള്ള വൈദ്യുതിയുടെ ഉപഭോഗത്തിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ?

ഓരോ കണക്ഷനുമുള്ള വൈദ്യുതി ഉപഭോഗത്തിന് പ്രത്യേക പരിധി നിശ്ചയിച്ചിട്ടില്ല.

(ഡി) കുടിശ്ശികയുടെ പേരിൽ കാർഷികാവശ്യത്തിന് നൽകിവരുന്ന വൈദ്യുത കണക്ഷൻ വിച്ഛേദിക്കുന്ന കാര്യത്തിൽ ഉദാര സമീപനം സ്വീകരിക്കുമോ; വിശദമാക്കുമോ?

കൃഷി വകുപ്പിൽനിന്ന് ഏതെങ്കിലും കാരണവശാൽ ഫണ്ട് ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ കെ.എസ്.ഇ.ബി. കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുത കണക്ഷനുകൾ ഒരു കാരണവശാലും വിച്ഛേദിക്കാനോ ഇക്കാരണത്താലുണ്ടാകുന്ന സർചാർജ്ജ്/പിഴപ്പലിശ ഈടാക്കാനോ പാടുള്ളതല്ലെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.

**വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ**

288(2697) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത വാഹനങ്ങൾ വ്യാപകമാകുന്ന സാഹചര്യത്തിൽ കൂടുതൽ വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ

സ്ഥാപിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ നിർമ്മാണത്തിലിരിക്കുന്ന വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ?

(എ&ബി) കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-നെ നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇപ്രകാരം എല്ലാ ജില്ലകളിലുമായി ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ. പ്രവർത്തിക്കുന്നു. പ്രാരംഭഘട്ടമായി ആറ് ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം സ്ഥലത്ത് ഫോർവീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ ഇവയാണ്.

1. നേമം, തിരുവനന്തപുരം

2. ഓലൈ, കൊല്ലം

3. പാലാരിവട്ടം, എറണാകുളം

4. വിയ്യൂർ, തൃശ്ശൂർ

5. നല്ലളം, കോഴിക്കോട്

6. ചൊവ്വ, കണ്ണൂർ

ഇതിനുപുറമേ എല്ലാ ജില്ലകളിലുമായി 56 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾകൂടി നടന്നുവരികയാണ്. ഈ സ്റ്റേഷനുകളുടെ നിർമ്മാണം മേയ് 2022-ഓടുകൂടി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതോടൊപ്പം 10 പോൾ മൗണ്ടഡ് ഇലക്ട്രിക് വാഹന ചാർജ്ജിംഗ് പോയിന്റുകൾ കോഴിക്കോട് ജില്ലാ കോർപ്പറേഷൻ പരിധിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇരുചക്ര, മുച്ചക്ര (e-auto) വാഹനങ്ങൾക്കായി സ്ഥാപിക്കുകയും 09-10-2021-ന് പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തു. ഇവയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.എൽ. സംസ്ഥാനമൊട്ടാകെ ഇത്തരത്തിലുള്ള വൈദ്യുത വാഹന ചാർജ്ജിംഗ് പോയിന്റുകളുടെ ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും 1140 ചാർജ്ജിംഗ് പോയിന്റുകൾ കേരളത്തിലുടനീളം സ്ഥാപിക്കുന്നതിനായി തുടക്കമിടുകയും ചെയ്തിട്ടുണ്ട്. 6 മാസംകൊണ്ട് പദ്ധതി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

2022 ജൂലൈ മാസത്തോടുകൂടി പദ്ധതി പൂർണ്ണ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുകൂടാതെ സംസ്ഥാന സർക്കാരിനുകീഴിലുള്ള അനെർട്ട് മുഖേന ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിനായി കൂടുതൽ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നു. പൊതുസ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിപ്രകാരം പത്തെണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. ആറെണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലായി താഴെപ്പറയുന്ന സ്ഥലങ്ങളിൽ 10 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയായി നിലവിൽ പ്രവർത്തിച്ചുവരുന്നു.

1. അനെർട്ട് കേന്ദ്ര കാര്യാലയം, പി.എം.ജി., തിരുവനന്തപുരം
2. കാർ പാർക്കിംഗ് ഏരിയ (ഡി.ടി.പി.സി.), ശംഖുമുഖം, തിരുവനന്തപുരം
3. ഗവൺമെന്റ് ഗസ്റ്റ് ഹൗസ്, തൈക്കാട്, തിരുവനന്തപുരം
4. ടേക്ക് എ ബ്രേക്ക് (ഡി.ടി.പി.സി.), ചവറ, കൊല്ലം
5. ഓട്ടോ കാസ്റ്റ്, ചേർത്തല, ആലപ്പുഴ
6. ഡി.ടി.പി.സി. സെന്റർ, ഇടുക്കി

7. കെ.ടി.ഡി.സി. ടൂറിസ്റ്റ് റിസപ്ഷൻ സെന്റർ, മറൈൻ ഡ്രൈവ്, എറണാകുളം

8. കില ക്യാമ്പസ്, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ

9. കാഞ്ഞിരംപുഴ ഡാം, പാലക്കാട്

10. ഡി.ടി.പി.സി. വേ സൈഡ് അമിനിറ്റി സെന്റർ, നീലേശ്വരം, കാസർഗോഡ്

ആലപ്പുഴ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലായി താഴെപ്പറയുന്ന സ്ഥലങ്ങളിൽ 6 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു.

1. കെ.ടി.ഡി.സി. അഹാർ റെസ്റ്റോറന്റ്, കായംകുളം, ആലപ്പുഴ
2. കുളപ്പുള്ളി ബസ്സ്റ്റാന്റ്, ഷൊർണ്ണൂർ മുനിസിപ്പാലിറ്റി
3. കെ.ടി.ഡി.സി. അഹാർ റെസ്റ്റോറന്റ്, വടകര, കോഴിക്കോട്
4. മൂസക്കുട്ടി സ്മാരക മുനിസിപ്പൽ ബസ്സ്റ്റാൻഡ്, പെരിന്തൽമണ്ണ, മലപ്പുറം
5. ഡി.ടി.പി.സി. ലാൻഡ്, പിണറായി - പടനക്കര റിവർ സൈഡ് പാർക്ക്, കണ്ണൂർ
6. ചിറ്റൂർ മുനിസിപ്പൽ ഓഫീസ് പരിസരം, പാലക്കാട്

ഇവയിൽ ആദ്യത്തെ അഞ്ചിടത്തും ചാർജ്ജിംഗ് മെഷീന്റെ സ്ഥാപനം പൂർത്തിയായിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ. ഗ്രിഡ്ഡിൽനിന്നുള്ള വൈദ്യുത

കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കണക്ഷൻ ലഭിച്ചുകഴിഞ്ഞാൽ സ്റ്റേഷനുകൾ കമ്മീഷൻ ചെയ്യുന്നതാണ്. ചിറ്റൂർ മുനിസിപ്പൽ ഓഫീസ് പരിസരത്ത് സ്ഥാപിക്കുന്ന സ്റ്റേഷനുവേണ്ടിയുള്ള ചാർജ്ജിംഗ് മെഷീൻ സ്ഥലത്തെത്തിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ ഒരു ഇലക്ട്രിക് കാർ ചാർജ്ജ് ചെയ്യുന്നതിന് 20 മിനിട്ട് മുതൽ 45 മിനിട്ടുവരെ സമയം ആവശ്യമായതിനാൽ ഈ സമയത്ത് വിശ്രമിക്കാനുള്ള സ്ഥലം, വാഷ് റൂം സൗകര്യം, റിഫ്രഷ്മെന്റ് സൗകര്യം എന്നിവ ഉണ്ടായിരിക്കണം. ദേശീയപാത, എം.സി. റോഡ്, മറ്റ് പ്രധാന റോഡുകൾ എന്നിവയ്ക്കുസമീപം ഈ സൗകര്യങ്ങളുള്ളതും കുറഞ്ഞത് രണ്ടര സെന്റ് (ഏകദേശം 1,000 ചതുരശ്രയടി) സർക്കാർ/പൊതുമേഖല ഉടമസ്ഥതയിലുള്ളതുമായ സ്ഥലം 10 വർഷത്തേയ്ക്ക് ലീസിന് ലഭ്യമാക്കിയാൽ അനെർട്ടിന്റെ മുതൽമുടക്കിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണ് നിലവിലുള്ളത്. ഹോട്ടലുകൾ, മാളുകൾ എന്നിവിടങ്ങളുൾപ്പെടെ സ്വകാര്യമേഖലയിൽ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്നതിനുള്ള പദ്ധതിപ്രകാരം ആലപ്പുഴ (ഒന്ന്), പത്തനംതിട്ട (ഒന്ന്), കോഴിക്കോട് (രണ്ട്)

എന്നിവിടങ്ങളിലായി നാലെണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. സ്വകാര്യമേഖലയിൽ സ്ഥാപിക്കുന്ന ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾക്ക് ചാർജ്ജിംഗ് മെഷീന്റെ വിലയുടെ 25 ശതമാനം സബ്സിഡി നൽകുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്.

(സി) നിർമ്മാണം നടന്നുവരുന്ന വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിരിക്കുന്നത് ഏതെല്ലാം വകുപ്പുകളുടെ ഭൂമിയിലാണെന്ന് അറിയിക്കുമോ?

കെ.എസ്.ഇ.ബി.എൽ. നിർമ്മാണ പ്രവർത്തനം നടത്തിവരുന്ന വൈദ്യുതി വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളെല്ലാം കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. അനെർട്ട് മുഖേന നിർമ്മാണം നടന്നുവരുന്ന വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ലിസ്റ്റും സ്ഥലമുടമകളായ വകുപ്പുകളുടെ വിവരവും ചുവടെ ചേർക്കുന്നു.

1. കെ.ടി.ഡി.സി. അഹാർ റെസ്റ്റോറന്റ്, കായംകുളം, ആലപ്പുഴ - വിനോദ സഞ്ചാര വകുപ്പ്.
2. കുളപ്പുള്ളി ബസ്സ്റ്റാന്റ്, ഷോർണ്ണൂർ മുനിസിപ്പാലിറ്റി - തദ്ദേശസ്വയംഭരണ വകുപ്പ്.
3. ചിറ്റൂർ മുനിസിപ്പൽ ഓഫീസ് പരിസരം, പാലക്കാട് - തദ്ദേശസ്വയംഭരണ വകുപ്പ്.

4. കെ.ടി.ഡി.സി. അഹാർ റെസ്റ്റോറന്റ്, വടകര, കോഴിക്കോട് - വിനോദസഞ്ചാര വകുപ്പ്.

5. മൂസക്കുട്ടി സ്മാരക മുനിസിപ്പൽ ബസ്സ്റ്റാൻഡ്, പെരിന്തൽമണ്ണ, മലപ്പുറം – തദ്ദേശസ്വയംഭരണ വകുപ്പ്.

6. ഡി.ടി.പി.സി. ലാൻഡ്, പിണറായി - പടനക്കര റിവർ സൈഡ് പാർക്ക്, കണ്ണൂർ - വിനോദസഞ്ചാര വകുപ്പ്.

(ഡി) സ്ഥലസൗകര്യങ്ങൾ കണക്കിലെടുത്ത് വിവിധ സർക്കാർ സ്ഥാപനങ്ങളുടെയും സഹകരണസംഘങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരുടെയും ഭൂമിയിൽ സാദ്ധ്യതയ്ക്കനുസൃതമായ നിലയിൽ വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളും ചാർജ്ജിംഗ് പോയിന്റുകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സ്ഥലസൗകര്യങ്ങൾ കണക്കിലെടുത്ത് കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും വിവിധ സർക്കാർ സ്ഥാപനങ്ങളുടെയും സഹകരണസംഘങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരുടെയും ഭൂമിയിൽ സാദ്ധ്യതയ്ക്കനുസൃതമായ നിലയിൽ വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളും ചാർജ്ജിംഗ് പോയിന്റുകളും നിർമ്മിക്കുന്നതിനുള്ള പുതിയ പദ്ധതിയുടെ സാദ്ധ്യത പരിശോധിച്ചുവരുന്നു.

## വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ

289(2698) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത വാഹനം ചാർജ്ജ് ചെയ്യുന്നതിന് വൈദ്യുതി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-നെ നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇപ്രകാരം എല്ലാ ജില്ലകളിലുമായി ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നത് ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ. പ്രവർത്തിക്കുന്നു. പ്രാരംഭഘട്ടമായി ആറ് ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം സ്ഥലത്ത് ഫോർവീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ ഇവയാണ്.

1. നേമം, തിരുവനന്തപുരം

2. ഓലൈ, കൊല്ലം

3. പാലാരിവട്ടം, എറണാകുളം

4. വിയ്യൂർ, തൃശ്ശൂർ

5. നല്ലളം, കോഴിക്കോട്

6. ചൊവ്വ, കണ്ണൂർ

ഇതിനുപുറമേ എല്ലാ ജില്ലകളിലുമായി 56 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണപ്രവർത്തനങ്ങൾകൂടി നടന്നുവരികയാണ്. ഈ സ്റ്റേഷനുകളുടെ നിർമ്മാണം 2022 മേയ് മാസത്തോടുകൂടി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതോടൊപ്പം ഇരുചക്ര, മുച്ചക്ര (e-auto) വാഹനങ്ങൾക്കായി 10 പോൾ മൗണ്ടഡ് ഇലക്ട്രിക് വാഹന ചാർജ്ജിംഗ് പോയിന്റുകൾ കോഴിക്കോട് ജില്ലാ കോർപ്പറേഷൻ പരിധിയിൽ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കുകയും 09-10-2021-ന് പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തു. ഇവയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.എൽ. സംസ്ഥാനമൊട്ടാകെ ഇത്തരത്തിലുള്ള വൈദ്യുത വാഹന ചാർജ്ജിംഗ് പോയിന്റുകളുടെ ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും 1140 ചാർജ്ജിംഗ് പോയിന്റുകൾ കേരളത്തിലുടനീളം സ്ഥാപിക്കുന്നതിനായി തുടക്കമിടുകയും ചെയ്തിട്ടുണ്ട്. 6 മാസംകൊണ്ട് പദ്ധതി

പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. 2022 ജൂലൈ മാസത്തോടുകൂടി പദ്ധതി പൂർണ്ണ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുകൂടാതെ സംസ്ഥാന സർക്കാരിന് കീഴിലുള്ള അനെർട്ട് മുഖേന ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിനായി കൂടുതൽ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നു. പൊതുസ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രകാരം പത്തെണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. ആറെണ്ണത്തിന്റെ നിർമ്മാണപ്രവർത്തനം നടന്നുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഏറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലായി താഴെപ്പറയുന്ന സ്ഥലങ്ങളിൽ 10 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയായി നിലവിൽ പ്രവർത്തിച്ചുവരുന്നു.

1. അനെർട്ട് കേന്ദ്ര കാര്യാലയം, പി.എം.ജി., തിരുവനന്തപുരം
2. കാർ പാർക്കിംഗ് ഏരിയ (ഡി.ടി.പി.സി.) ശംഖുമുഖം, തിരുവനന്തപുരം
3. ഗവണ്മെന്റ് ഗസ്റ്റ് ഹൗസ്, തൈക്കാട്, തിരുവനന്തപുരം
4. ടേക്ക് എ ബ്രേക്ക് (ഡി.ടി.പി.സി.), ചവറ, കൊല്ലം
5. ഓട്ടോകാസ്റ്റ്, ചേർത്തല, ആലപ്പുഴ
6. ഡി.ടി.പി.സി. സെന്റർ, ഇടുക്കി

7. കെ.ടി.ഡി.സി. ടൂറിസ്റ്റ് റിസപ്ഷൻ സെന്റർ, മറൈൻ ഡ്രൈവ്, എറണാകുളം

8. കില ക്യാമ്പസ്, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ

9. കാഞ്ഞിരംപുഴ ഡാം, പാലക്കാട്

10. ഡി.ടി.പി.സി. വേ സൈഡ് അമിനിറ്റി സെന്റർ, നീലേശ്വരം, കാസർഗോഡ്

ആലപ്പുഴ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലായി താഴെപ്പറയുന്ന സ്ഥലങ്ങളിൽ 6 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു.

1. കെ.ടി.ഡി.സി. അഹാർ റെസ്റ്റോറന്റ്, കായംകുളം, ആലപ്പുഴ

2. കുളപ്പുള്ളി ബസ്സ്റ്റാന്റ്, ഷൊർണ്ണൂർ മുനിസിപ്പാലിറ്റി

3. കെ.ടി.ഡി.സി. അഹാർ റെസ്റ്റോറന്റ്, വടകര, കോഴിക്കോട്

4. മൂസക്കുട്ടി സ്മാരക മുനിസിപ്പൽ ബസ്സ്റ്റാൻഡ്, പെരിന്തൽമണ്ണ, മലപ്പുറം

5. ഡി.ടി.പി.സി. ലാൻഡ്, പിണറായി - പടനക്കര റിവർ സൈഡ് പാർക്ക്, കണ്ണൂർ

6. ചിറ്റൂർ മുനിസിപ്പൽ ഓഫീസ് പരിസരം, പാലക്കാട്

ഇവയിൽ ആദ്യത്തെ അഞ്ചിടത്തും ചാർജ്ജിംഗ് മെഷീന്റെ സ്ഥാപനം പൂർത്തിയായിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ. ഗ്രിഡിൽനിന്നുള്ള വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കണക്ഷൻ

ലഭിച്ചുകഴിഞ്ഞാൽ സ്റ്റേഷനുകൾ കമ്മീഷൻ ചെയ്യുന്നതാണ്. ചിറ്റൂർ മുനിസിപ്പൽ ഓഫീസ് പരിസരത്ത് സ്ഥാപിക്കുന്ന സ്റ്റേഷനുവേണ്ടിയുള്ള ചാർജ്ജിംഗ് മെഷീൻ സ്ഥലത്ത് എത്തിച്ചിട്ടുണ്ട്, തുടർനടപടി സ്വീകരിച്ചുവരുന്നു. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ ഒരു ഇലക്ട്രിക് കാർ ചാർജ്ജ് ചെയ്യുന്നതിന് 20 മിനിട്ട് മുതൽ 45 മിനിട്ടുവരെ സമയം ആവശ്യമായതിനാൽ ഈ സമയത്ത് വിശ്രമിക്കാനുള്ള സ്ഥലം, വാഷ് റൂം സൗകര്യം, റിഫ്രെഷ്മെന്റ് സൗകര്യം എന്നിവയുണ്ടായിരിക്കണം. ദേശീയപാത, എം.സി. റോഡ്, മറ്റ് പ്രധാന റോഡുകൾ എന്നിവയ്ക്കുസമീപം ഈ സൗകര്യങ്ങളുള്ളതും കുറഞ്ഞത് രണ്ടര സെന്റ് (ഏകദേശം 1,000 ചതുരശ്രയടി) സർക്കാർ/പൊതുമേഖല ഉടമസ്ഥതയിലുള്ളതുമായ സ്ഥലം 10 വർഷത്തേയ്ക്ക് ലീസിന് ലഭ്യമാക്കിയാൽ അനെർട്ടിന്റെ മുതൽമുടക്കിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതിയാണ് നിലവിലുള്ളത്. ഹോട്ടലുകൾ, മാളുകൾ എന്നിവിടങ്ങൾ ഉൾപ്പെടെ സ്വകാര്യമേഖലയിൽ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്നതിനുള്ള പദ്ധതിപ്രകാരം ആലപ്പുഴ (ഒന്ന്), പത്തനംതിട്ട (ഒന്ന്), കോഴിക്കോട് (രണ്ട്) എന്നിവിടങ്ങളിലായി നാലെണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി.

സ്വകാര്യ മേഖലയിൽ സ്ഥാപിക്കുന്ന ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾക്ക് ചാർജ്ജിംഗ് മെഷീന്റെ വിലയുടെ 25 ശതമാനം സബ്സിഡി നൽകുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്.

(ബി) ഓരോ നിയോജകമണ്ഡലത്തിലും എത്രവീതം ചാർജ്ജിംഗ് സ്റ്റേഷനുകളാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

ഓരോ നിയോജകമണ്ഡലത്തിലും ചുരുങ്ങിയത് 5 ചാർജ്ജിംഗ് പോയിന്റുകളും കോർപ്പറേഷൻ പരിധിയിലുള്ള മണ്ഡലങ്ങളിൽ കുറഞ്ഞത് 15 ചാർജ്ജിംഗ് പോയിന്റുകളും നിർമ്മിക്കുന്നതിനായി ഈ പദ്ധതി ലക്ഷ്യമിടുന്നു.

(സി) ഇതിന്റെ പരിപാലന ചുമതല, ചാർജ്ജിംഗ് ഫീസ് എന്നിവയെക്കുറിച്ച് വിശദമാക്കുമോ?

കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള ചാർജ്ജിംഗ് സ്റ്റേഷനുകളുടെ പരിപാലന ചുമതലയും കെ.എസ്.ഇ.ബി.എൽ.-ൽ നിക്ഷിപ്തമാണ്. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ യൂണിറ്റിന് 13 രൂപ + ജി.എസ്.ടി. എന്ന നിരക്കിലും പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ യൂണിറ്റിന് 9 രൂപ + ജി.എസ്.ടി. എന്ന നിരക്കിലുമാണ് ചാർജ്ജിംഗ് ഫീ ഈടാക്കുന്നത്. അനെർട്ടിന്റെ ചാർജ്ജിംഗ്

സ്റ്റേഷനുകളിൽ 2021 നവംബർ മുതൽ ഒരു വർഷത്തേയ്ക്ക് താല്ക്കാലികമായി നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾ ചുവടെ കൊടുത്തിരിക്കുന്നു.

1. രാവിലെ 6.00 മണി മുതൽ വൈകുന്നേരം 6.00 മണി വരെ - യൂണിറ്റിന് 12 രൂപ

2. വൈകുന്നേരം 6.00 മണി മുതൽ രാത്രി 10.00 മണി വരെ - യൂണിറ്റിന് 15 രൂപ
3. രാത്രി 10.00 മണി മുതൽ രാവിലെ 6.00 മണി വരെ - യൂണിറ്റിന് 10 രൂപ

(ഡി) ഈ പദ്ധതികൊണ്ട് സർക്കാർ എന്താണ് ലക്ഷ്യമാക്കുന്നതെന്ന് വിശദീകരിക്കുമോ?

ഈ പദ്ധതികളിലൂടെ ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## കക്കയത്ത് കെ.എസ്.ഇ.ബി.-യുടെ ഭൂമി ആരോഗ്യവകുപ്പിന് വിട്ടുനൽകുന്നതിന് നടപടി

290(2699) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന് കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലുള്ള ഭൂമി വിട്ടുനൽകുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നറിയിക്കുമോ;

(ബി) ആരോഗ്യവകുപ്പ് സമർപ്പിച്ച CEG/AE Civil/Land/2021-22/1184 നമ്പർ കത്തിന്മേൽ ഭൂമി ആരോഗ്യ വകുപ്പിന് വിട്ടുകൊടുക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ?

(എ&ബി) കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന് കെ.എസ്.ഇ.ബി.-യുടെ ഭൂമി വിട്ടുനൽകുന്നതിനായി കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ചിട്ടുള്ള അപേക്ഷ കെ.എസ്.ഇ.ബി.എൽ. കാര്യാലയത്തിൽ ലഭിച്ചിരുന്നു. പ്രസ്തുത അപേക്ഷയിന്മേൽ തീരുമാനമെടുക്കുന്നതിന് അവശ്യംവേണ്ട റവന്യൂ രേഖകൾ ശേഖരിക്കുന്നതിനും പ്രസ്തുത ഭൂമിയുടെ മ്യൂട്ടേഷൻ നടത്തിക്കിട്ടുന്നതിനുമായി അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ മ്യൂട്ടേഷൻ നടപടികൾ വൈകിയതുകാരണം കെ.എസ്.ഇ.ബി.-യുടെ ലാൻഡ് മാനേജ്മെന്റ് യൂണിറ്റിന്റെ സഹായത്താൽ 2021-22 വർഷത്തേയ്ക്കുള്ള ഭൂനികുതി ഒടുക്കുകയും ചെയ്തിരുന്നു. ഇതനുസരിച്ച്, വിഷയത്തിൽ ചീഫ് എഞ്ചിനീയർ (ജനറേഷൻ & പി.ഇ.ഡി.)-യുടെ കാര്യാലയം മുഖേന ലഭിച്ച അഭിപ്രായം, റവന്യൂ രേഖകൾ എന്നിവ കെ.എസ്.ഇ.ബി.എൽ. പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത ഭൂമി കെ.എസ്.ഇ.ബി.-യിൽനിന്നും വിട്ടുകിട്ടാത്തതുകൊണ്ട് ആരോഗ്യ വകുപ്പ് അനുവദിച്ച ഫണ്ട് വിനിയോഗിക്കാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വൈദ്യുതി ചാർജ്ജ് വർദ്ധനവ്**

291(2700) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) സംസ്ഥാനത്ത് 2001 മുതൽ 2021 വരെയുള്ള കാലയളവിൽ എത്രതവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്; ഉണ്ടെങ്കിൽ ഏതെല്ലാം വർഷത്തിലാണ് വർദ്ധിപ്പിച്ചത്; എത്ര രൂപവീതം വർദ്ധിപ്പിച്ചു; വിശദാംശം ലഭ്യമാക്കുമോ?

2001 മുതൽ 2021 വരെയുള്ള കാലയളവിൽ ഏഴുതവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്.

1. റെഗുലേറ്ററി കമ്മീഷന്റെ രൂപീകരണത്തിനുമുമ്പ് ഇലക്ട്രിസിറ്റി സപ്ലൈ ആക്ടിലെ വ്യവസ്ഥകളനുസരിച്ച് വൈദ്യുതി ബോർഡ് രണ്ടുതവണ താരിഫ് പരിഷ്കരിച്ചിട്ടുണ്ട്. 07-08-2001-ൽ സ്വമേധയാ പുറത്തിറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 10-08-2001 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധവും 24-10-2002-ലെ സ്വമേധയാ പുറത്തിറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01-10-2002 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധവും താരിഫ് പരിഷ്കരിച്ചിട്ടുണ്ടായിരുന്നു. 07-08-2001-ലെ താരിഫ് പരിഷ്കരണംമൂലമുണ്ടായ അധികവരുമാനം സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. 24-10-2002-ലെ താരിഫ് പരിഷ്കരണംമൂലം 25% അധികവരുമാനമുണ്ടായിട്ടുണ്ട്.

2. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 25-07-2012-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01-07-2012 മുതൽ നടപ്പാക്കിയതും 24% വർദ്ധനവ് രേഖപ്പെടുത്തിയതുമായ താരിഫ് പരിഷ്കരണത്തിലൂടെ 1652.36 കോടി രൂപയുടെ അധിക വരുമാനമുണ്ടായിട്ടുണ്ട്.

3. റെഗുലേറ്ററി കമ്മീഷന്റെ 30-04-2013-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01-05-2013 മുതൽ നടപ്പാക്കിയതും 9.1% വർദ്ധനവ്

രേഖപ്പെടുത്തിയതുമായ താരിഫ് പരിഷ്കരണത്തിലൂടെ 642.27 കോടി രൂപയുടെ അധിക വരുമാനമുണ്ടായിട്ടുണ്ട്.

4. റെഗുലേറ്ററി കമ്മീഷന്റെ 14-08-2014-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 16-08-2014 മുതൽ നടപ്പാക്കിയതും 6.7% വർദ്ധനവ് രേഖപ്പെടുത്തിയതുമായ താരിഫ് പരിഷ്കരണത്തിലൂടെ 963.40 കോടി രൂപയുടെ അധിക വരുമാനമുണ്ടായിട്ടുണ്ട്.

5. 17-04-2017-ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, സ്വമേധയാ പുറത്തിറക്കിയ താരിഫ് പരിഷ്കരണ ഉത്തരവുപ്രകാരം 18-04-2017 മുതൽ സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് പരിഷ്കരിച്ചിട്ടുണ്ടായിരുന്നു. 4.77% വർദ്ധനവ് രേഖപ്പെടുത്തിയ ടി താരിഫ് പരിഷ്കരണംമൂലം 550 കോടി രൂപയുടെ അധിക വരുമാനമുണ്ടായിട്ടുണ്ട്.

6. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 08-07-2019-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 7.32% വർദ്ധനവ് രേഖപ്പെടുത്തിയ താരിഫ് പരിഷ്കരണത്തിലൂടെ 902.94 കോടി രൂപയുടെ അധിക വരുമാനമുണ്ടായിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ലോഡ്ഷെഡ്ഡിംഗ് നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ ലോഡ്ഷെഡ്ഡിംഗില്ലാതായിട്ട് എത്രവർഷമായി?

(സി&ഡി)സംസ്ഥാനത്ത് നിലവിൽ ലോഡ്ഷെഡ്ഡിംഗില്ല. അപൂർവ്വം അവസരങ്ങളിൽ സാങ്കേതിക കാരണങ്ങൾമൂലം ഏർപ്പെടുത്തേണ്ടിവന്നിട്ടുള്ള വോൾട്ടേജ്/ലോഡ് നിയന്ത്രണമല്ലാതെ 2015 മുതൽ സംസ്ഥാനത്ത് ലോഡ്ഷെഡ്ഡിംഗ് നടപ്പാക്കിയിട്ടില്ല.

## കക്കയം കെ.എസ്.ഇ.ബി., K6 ഡിവിഷനിലെ സെക്യൂരിറ്റി ജീവനക്കാരുടെ വിരമിക്കൽ പ്രായം

292(2701) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കക്കയം കെ.എസ്.ഇ.ബി., K6 ഡിവിഷനിലെ സെക്യൂരിറ്റി ജീവനക്കാരുടെ വിരമിക്കൽ പ്രായം 62 വയസ്സാക്കുന്നതുമായി ബന്ധപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിൽ സ്വീകരിച്ച നടപടികളെന്താണെന്ന് അറിയിക്കാമോ?

കക്കയം ജനറേഷൻ ഡിവിഷനിലെ സെക്യൂരിറ്റി ജീവനക്കാരുടെ വിരമിക്കൽ പ്രായം 62 വയസ്സാക്കുന്നത് സംബന്ധിച്ച നിവേദനം കക്കയം ജനറേഷൻ ഡിവിഷൻ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. ഇക്കാര്യം സെക്യൂരിറ്റി ജീവനക്കാരുടെ നിയമന ഏജൻസിയായ KEXCON-നെ അറിയിച്ചിട്ടുണ്ട്.

(ബി) നിലവിൽ കെ.എസ്.ഇ.ബി.-യുടെ മറ്റ് ഡിവിഷനുകളിലെ സെക്യൂരിറ്റി ജീവനക്കാരുടെ വിരമിക്കൽ പ്രായം 62 ആണെന്നിരിക്കെ കക്കയം കെ.എസ്.ഇ.ബി., K6 ഡിവിഷനിൽ മാത്രം 60 വയസ്സാക്കി നിജപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കക്കയം ജനറേഷൻ ഡിവിഷനിൽ സെക്യൂരിറ്റി ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സാക്കി നിജപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത ഡിവിഷനിലെ സെക്യൂരിറ്റി ജീവനക്കാരുടെ വിരമിക്കൽ പ്രായം 62 വയസ്സാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

സെക്യൂരിറ്റി ജീവനക്കാരുടെ വിരമിക്കൽ പ്രായം 62 വയസ്സാക്കുന്നതിനായി കക്കയം ജനറേഷൻ ഡിവിഷനിൽ ലഭിച്ച നിവേദനം സംബന്ധിച്ച് സെക്യൂരിറ്റി ജീവനക്കാരുടെ നിയമന ഏജൻസിയായ KEXCON-നെ അറിയിച്ചിട്ടുണ്ട്.

**വ്യാജസന്ദേശം അയയ്ക്കുന്നവർക്കെതിരെ നടപടി**

293(2702) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബിൽ അടച്ചിട്ടില്ലാത്തതിനാൽ രാത്രികാലങ്ങളിൽ വൈദ്യുതി വിച്ഛേദിക്കുമെന്നതരത്തിൽ വ്യാജസന്ദേശങ്ങൾ ലഭിക്കുന്നതായുള്ള വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം സന്ദേശം അയയ്ക്കുന്നവരെ കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സന്ദേശം അയയ്ക്കുന്നവരെ കണ്ടെത്തുന്നതിനായി കേരളാ പോലീസിന്റെ സൈബർസെൽ മേധാവിയെ 28-12-2021-നും വീണ്ടും പരാതി ശ്രദ്ധയിൽപ്പെട്ടതിനാൽ സംസ്ഥാന പോലീസ് മേധാവിയെയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറെയും 28-02-202-നും രേഖാമൂലം അറിയിക്കുകയും സത്വരനടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് ആസ്ഥാനത്ത് കേരളാ പോലീസിന്റെ സൈബർസെൽ വിഭാഗം തെളിവെടുപ്പ് നടത്തുകയുണ്ടായി.

(ബി) ഇത്തരം വ്യാജ സന്ദേശങ്ങളിൽപ്പെട്ട് വഞ്ചിതരാകാതിരിക്കാൻ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉപഭോക്താക്കളിൽനിന്നും ബോർഡ് ജീവനക്കാർ എന്ന വ്യാജേന ചിലർ വൈദ്യുതി ബിൽ തുക കൈപ്പറ്റുന്നതായും അവ ഓഫീസിലടയ്ക്കാതെ ഉപഭോക്താക്കളെ ബുദ്ധിമുട്ടിക്കുന്നതായും ദുരുദ്ദേശപരമായ വ്യാജ എസ്.എം.എസ്. സന്ദേശങ്ങൾ വരുന്നതായും ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ ഉപഭോക്താക്കൾ ബിൽ തുക അടയ്ക്കുന്നതിന് ബോർഡ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾമാത്രം ഉപയോഗിക്കാൻ മാധ്യമങ്ങൾവഴി അറിയിപ്പ് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ നൽകിയ അറിയിപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+ ഉപഭോക്താക്കൾക്ക് പത്രദൃശ്യ മാധ്യമങ്ങളിലൂടെ നിശ്ചിത ഇടവേളകളിൽ മുന്നറിയിപ്പ് സന്ദേശം നൽകിവരുന്നു. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉപഭോക്താക്കൾക്ക് എസ്.എം.എസ്. ആയി മുന്നറിയിപ്പ് സന്ദേശം നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഔദ്യോഗിക സാമൂഹ്യ മാധ്യമങ്ങളായ ഫേസ്ബുക്ക്, ട്വിറ്റർ എന്നിവയിലൂടെയും വിവിധ ഓഫീസ് തലങ്ങളിലുള്ള വാട്സാപ്പ് ഗ്രൂപ്പുകളിലൂടെയും ബോധവൽക്കരണ സന്ദേശങ്ങൾ നൽകുന്നുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്ഭ

**രാജാക്കാട് സർവ്വീസ് സഹകരണ ബാങ്കിന് പാട്ടത്തിന് നൽകിയ ഭൂമി**

294(2703) ശ്രീ. ഷാഫി പറമ്പിൽ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്മുടിയിൽ രാജാക്കാട് സർവ്വീസ് സഹകരണബാങ്കിന് അമ്യൂസ്മെന്റ് പാർക്ക് നിർമ്മിക്കാൻ കെ.എസ്.ഇ.ബി. 15 വർഷത്തേയ്ക്ക് 21 ഏക്കർ ഭൂമി പാട്ടത്തിന് നൽകിയിരുന്നോ?

ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിനായി ഇടുക്കി ജില്ലയിലെ പൊൻമുടി ഡാമിൽ അമ്യൂസ്മെന്റ് പാർക്ക് ആരംഭിക്കുന്നതിന് രാജാക്കാട് സർവ്വീസ് സഹകരണബാങ്കിന് വരുമാനം പങ്കിടൽ വ്യവസ്ഥയിൽ അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ഭൂമി സർക്കാർ പുറമ്പോക്കാണെന്ന് റവന്യൂ വകുപ്പ് കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വില്ലേജ് റിക്കാർഡുകൾപ്രകാരം സർക്കാർ പുറമ്പോക്കായി കാണുന്നു. റവന്യൂ വകുപ്പ് ടി ഭൂമി കെ.എസ്.ഇ.ബി.-യുടെ ഭൂമിയാണോയെന്നുള്ളത് സംബന്ധിച്ച പരിശോധന നടത്തിവരുന്നു.

(സി) സർക്കാർ പുറമ്പോക്ക് ഭൂമി പാട്ടത്തിന് നൽകാനുള്ള അധികാരം കെ.എസ്.ഇ.ബി.-ക്കോ വൈദ്യുതി വകുപ്പിനോ ഉണ്ടോ എന്ന് വ്യക്തമാക്കുമോ?

02-04-2019-ലെ സ.ഉ. (കൈ)നം.116/2019/റവ. പ്രകാരം സർക്കാർ ഭൂമി പാട്ടത്തിന് നൽകുന്നതിനുള്ള അധികാരം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്.

(ഡി) അനധികൃതമായി നൽകിയ ഈ ഭൂമി തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

പൊൻമുടി ഡാമിന്റെ ക്യാച്ച്മെന്റ് ഏരിയയിൽപ്പെട്ട ടി ഭൂമി കെ.എസ്.ഇ.ബി.-ക്ക് കൈമാറിയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് കെ.എസ്.ഇ.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഡാം സേഫ്റ്റി, പാംബ്ല ഡിവിഷനും ചീഫ് എഞ്ചിനീയർ ജനറേഷൻ, മീൻകട്ട് സർക്കിളിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**സഹകരണ മേഖലയുടെ സമഗ്രവികസനം**

295(2704) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ സമഗ്രമായ മാറ്റം ലക്ഷ്യമിട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

സഹകരണ മേഖലയിൽ സമഗ്രമായ മാറ്റം ലക്ഷ്യമിട്ടും ജനോപകാരപ്രദമാക്കുന്നതിനും ഈ സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാന സഹകരണമേഖലയിൽ നിലവിലുണ്ടായിരുന്ന ത്രിതല സംവിധാനത്തിനുപകരം സഹകരണ മേഖലയുടെ അപ്പെക്സ് സ്ഥാപനമായ കേരള സംസ്ഥാന സഹകരണ ബാങ്കുമായി ജില്ലാ സഹകരണ ബാങ്കുകളെ ലയിപ്പിച്ച് ദ്വിതല സംവിധാനത്തിലേയ്ക്ക് സഹകരണ മേഖലയെ മാറ്റുകയെന്ന ലക്ഷ്യത്തോടുകൂടി കേരള ബാങ്ക് രൂപീകരിച്ചു. ത്രിതല സംവിധാനത്തിൽനിന്നും ദ്വിതല സംവിധാനത്തിലേയ്ക്കുള്ള മാറ്റം കേരള ബാങ്കിന്റെ അംഗങ്ങളും ഓഹരി ഉടമകളുമായ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ വളർച്ചയ്ക്കും മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഇടയാക്കി. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ അടിത്തറയായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾവഴി കേരളത്തിലെ ഗ്രാമീണ മേഖലയുടെ സമഗ്രപുരോഗതി ഉറപ്പാക്കാൻ സാധിച്ചു. സഹകരണ മേഖലയുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനായി കേരള ബാങ്ക് വിവിധ

തലത്തിലുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ഇടപാടുകാരുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നതിനുള്ള ബഹുമുഖ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കുടുംബശ്രീ, സ്വയം സഹായസംഘങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ എന്നിവവഴി സ്ത്രീ ശാക്തീകരണത്തിനും ഉത്പാദന മേഖലയിലെ സ്വയംപര്യാപ്തതയ്ക്കുമുള്ള ശ്രമങ്ങളും കേരള ബാങ്ക് നടപ്പാക്കിവരുന്നു. വ്യാവസായിക-ഉത്പാദന മേഖലയുടെ വളർച്ചയ്ക്കായി 'സുവിധ പ്ലസ്'എന്നപേരിൽ ഈട് രഹിത വായ്പ കേരള ബാങ്ക് അനുവദിച്ചുവരുന്നു. കേരള ബാങ്കിന്റെ രൂപീകരണത്തോടെ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതരത്തിലുള്ള ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം, പശ്ചാത്തലസൗകര്യ വികസനം, സംഘങ്ങളുടെ ശാക്തീകരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട നിരവധി പദ്ധതികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കർഷകർക്കാവശ്യമായ

പലിശരഹിത/കുറഞ്ഞ പലിശ വായ്പകൾ നബാർഡ്, കേരള ബാങ്ക് എന്നിവിടങ്ങളിൽനിന്ന് ലഭ്യമാക്കി പ്രാഥമിക സഹകരണസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്നതിനും അപ്രകാരം കർഷകർക്ക് നൽകുന്ന പലിശ സബ്സിഡി സംഘങ്ങൾക്ക് ലഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. സഹകരണ സംഘങ്ങളിലെ സേവനങ്ങൾ ഓൺലൈനാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും ഒഴിവാക്കി, ബ്ലേഡ് പലിശക്കാർ ഗ്രാമീണ മേഖലയിലുണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരുപരിധിവരെ അറുതിവരുത്തുന്നതിനും സഹകരണപ്രസ്ഥാനത്തെ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് സഹകരണ വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതിയാണ് 'മുറ്റത്തെ മുല്ല' ഗ്രാമീണ ലഘു വായ്പാ പദ്ധതി. സംസ്ഥാനത്തെ 14 ജില്ലകളിലേയ്ക്കും ടി പദ്ധതി വ്യാപിപ്പിക്കുകയും വിജയകരമായി നടപ്പാക്കിവരികയുമാണ്. കേരള സഹകരണ നിയമം വകുപ്പ് 56 (1) (സി), ചട്ടം 53 (എ) എന്നിവപ്രകാരം രൂപീകൃതമായ കേരള സഹകരണ അംഗ സമാശ്വാസ നിധിയിലൂടെ ഗുരുതര രോഗം ബാധിച്ചിട്ടുള്ള സഹകാരികൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. കേരള സഹകരണ

നിയമം വകുപ്പ് 57(എ) പ്രകാരം രൂപീകൃതമായ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നിയമാവലി വ്യവസ്ഥകൾക്കുവിധേയമായി വായ്പയെടുത്തശേഷം മരണപ്പെടുന്ന സഹകാരികൾക്ക് റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നു. സഹകരണ ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുക, വായ്പക്കാർക്ക് ആശ്വാസമാകുക എന്നീ ലക്ഷ്യങ്ങളോടുകൂടി 'നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' നടപ്പാക്കിവരുന്നു. യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവരുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യമാക്കിയും സംസ്ഥാനത്ത് യുവസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കലാകാരന്മാരുടെ ഉന്നമനം ലക്ഷ്യമിട്ട് കലാകാരന്മാർക്കായി ഒരു സഹകരണസംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചുവരുന്നു. സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി കൺസ്യൂമർഫെഡിന്റെ ത്രിവേണി സ്റ്റോറുകളിലൂടെയും പ്രാഥമിക സഹകരണസംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയേക്കാൾ വിലക്കുറവിൽ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ഓണം, ക്രിസ്തുമസ്, റംസാൻ എന്നീ ഉത്സവഘട്ടങ്ങളിൽ കൺസ്യൂമർഫെഡിന്റെ ത്രിവേണി

സ്റ്റോറുകളിലൂടെയും സർക്കാർ ധനസഹായത്തോടുകൂടി സഹകരണ സംഘങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് സബ്സിഡി വിപണികൾ നടത്തിവരുന്നു. വനിതാഫെഡ് വിവിധ പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതിലൂടെ വനിതകളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുകയെന്ന ഉദ്ദേശ്യത്തോടുകൂടിയും വനിതാ സഹകരണ സംഘങ്ങൾവഴി വായ്പകൾ നൽകിവരുന്നു. പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണസംഘങ്ങളുടെ സംരക്ഷണത്തിനായി താഴെപ്പറയുന്ന പദ്ധതികളിൽ ടി സംഘങ്ങൾക്ക് ധനസഹായം നൽകിവരുന്നു.

- പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ഒരു സംഘത്തിന് പ്രതിമാസം 10,000/- രൂപ നിരക്കിൽ ആദ്യത്തെ 5 വർഷവും ടി 5 വർഷത്തിനുള്ളിൽ സംഘം ലാഭകരമാകുന്നപക്ഷം അത്തരം സംഘങ്ങൾക്ക് പ്രതിമാസം 15,000/- രൂപ നിരക്കിൽ തുടർന്നുള്ള 3 വർഷവും മാനേജീരിയൽ സബ്സിഡി അനുവദിച്ചുവരുന്നു.
- സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രവർത്തന മൂലധന ഗ്രാന്റായി 5 ലക്ഷം രൂപവരെ അനുവദിച്ചുവരുന്നു. സംഘങ്ങളുടെ

ആഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിന് കെട്ടിട പുനരുദ്ധാരണ ഗ്രാന്റായി 5 ലക്ഷം രൂപവരെ അനുവദിച്ചുവരുന്നു. 4 ലക്ഷം രൂപവരെ സർക്കാർ ഓഹരി മൂലധനമായി അനുവദിച്ചുവരുന്നു.

- വിവിധ പ്രോജക്ടുകൾ നടപ്പാക്കി ടി സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് പുനരുദ്ധാരണ പദ്ധതിപ്രകാരം പരമാവധി 20 ലക്ഷം രൂപയും (ഓഹരി 5 ലക്ഷം രൂപ + സബ്സിഡി 15 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.
- പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ നടത്തുന്നതിനായി 5 ലക്ഷം രൂപ (ഓഹരി 1,50,000 രൂപ + സബ്സിഡി 3,50,000/- രൂപ) അനുവദിച്ചുവരുന്നു.
- നൂതന പദ്ധതികൾ നടപ്പാക്കി സംഘത്തിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്പെഷ്യൽ റിവൈവൽ സ്കീം പ്രകാരം 40 ലക്ഷം രൂപ (ഓഹരി 10 ലക്ഷം രൂപ + സബ്സിഡി 30 ലക്ഷം രൂപ) അനുവദിച്ചുവരുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് 50 ലക്ഷം രൂപവരെ (ഓഹരി 20 ലക്ഷം + സബ്സിഡി 30 ലക്ഷം) അനുവദിച്ചുവരുന്നു.

കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ അപ്പെക്സ് സഹകരണ സംഘമായ കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ വികസന പ്രവർത്തനങ്ങൾക്കും ധനസഹായങ്ങൾ നൽകിവരുന്നു. പ്രാഥമിക പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ സമഗ്ര പുനരുദ്ധാരണത്തിനായുള്ള പുനർജ്ജനി പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ ആരോഗ്യ സംരക്ഷണത്തിനായി 2018-ൽ സഹകരണ വകുപ്പ് ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സഹകരണ വകുപ്പ് സഹകരണ ആശുപത്രികളുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഈ പദ്ധതി ഇതിനകം നടപ്പാക്കിയിട്ടുണ്ട്. കോട്ടത്തറ ട്രൈബൽ ആശുപത്രിയിലെ പരിശോധനയിൽ വിദഗ്ദ്ധ പരിശോധനയും ചികിത്സയും ആവശ്യമാണെന്ന് കാണുന്നവർക്കാണ് പദ്ധതിയുടെ ഭാഗമായി ഇ.എം.എസ്. സഹകരണ ആശുപത്രിയിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ ചികിത്സ നൽകിയിട്ടുള്ളത്. കേരളത്തിലെ സഹകരണമേഖലയിലെ എല്ലാ ഉത്പന്നങ്ങളെയും ഏകീകൃത ബ്രാന്റിംഗിനുകീഴിൽ കൊണ്ടുവന്ന് വിപണി

ശൃംഖല കെട്ടിപ്പടുക്കുക, ഉപഭോക്താക്കൾക്ക് ഗുണമേന്മയേറിയ ഉത്പന്നങ്ങൾ ന്യായവിലയിൽ ലഭ്യമാക്കുക, ദേശീയ അന്തർദ്ദേശീയ വിപണിയിലേയ്ക്ക് ചുവടുവയ്ക്കുക, കേരളത്തിൽ പ്രധാന സ്ഥലങ്ങളിൽ ഔട്ട്‌ലെറ്റുകൾ സ്ഥാപിക്കുക, ഗുണനിലവാര പരിശോധനാ ലാബുകൾ സജ്ജമാക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെ ആരംഭിച്ച "ബ്രാന്റിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി സഹകരണ ഉത്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ മാർക്കായ കോ-ഓപ്പറേറ്റീവ് മാർക്കിന്റെ പ്രകാശനം നിർവ്വഹിക്കുകയും 14 ജില്ലകളിലും കോപ്മാർട്ടുകൾ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയിലുൾപ്പെടുത്തി സഹകരണമേഖലയിൽ 20,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. ഈ പദ്ധതിപ്രകാരം 500 സ്ഥിരം തൊഴിലുകളും കേരള ബാങ്കിൽനിന്നും വായ്പകൾ മുഖാന്തരം 12000 തൊഴിലവസരങ്ങളും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽനിന്നും വായ്പാ മുഖാന്തരം 7000 തൊഴിലവസരങ്ങളും സഹകരണ അപ്പെക്സ് ഫെഡറേഷനുകൾ മുഖേന 50 എണ്ണവും വായ്പേതര സഹകരണ സംഘങ്ങൾവഴി 450 എണ്ണവുമുൾപ്പെടെ ആകെ 20000

തൊഴിലുകൾ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യുവജനങ്ങളെ ഉൾപ്പെടുത്തി ഒരു ജില്ലയിൽ ഒരു സംഘം എന്നരീതിയിൽ 14 പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ രൂപീകരിക്കുന്നത് പരിഗണനയിലാണ്. തീരദേശ മേഖലയിലെ താഴെത്തട്ടിലുള്ള മത്സ്യവിപണനം നടത്തുന്നവർ, മത്സ്യ അനുബന്ധ മേഖലയിലെ തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ എന്നിവർക്കായി സ്നേഹതീരം എന്ന ലഘു വായ്പാപദ്ധതി ആരംഭിക്കുകയാണ്. ഭിന്നശേഷി വിഭാഗക്കാർക്ക് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾവഴി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 9% പലിശ നിരക്കിൽ വായ്പാ പദ്ധതി ആരംഭിക്കുന്നത് പരിഗണനയിലാണ്. പച്ചക്കറി സ്വയംപര്യാപ്തത നേടുന്നതിനായി 14 ജില്ലകളിലുമായി 500 ഏക്കർ പച്ചക്കറി കൃഷി നടത്തുന്നതിനും ആയത് ഗ്രാമീണ ചന്തകൾവഴി വിതരണം നടത്തുന്നതിനുമുള്ള പദ്ധതി ആരംഭിച്ചു. പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ വയോജനങ്ങൾക്ക് സുരക്ഷിതമായ ജീവിതമൊരുക്കുന്നതിനായി ഓൾഡേജ് ഹോമും പാലിയേറ്റീവ് കെയറും ആരംഭിക്കുന്നതാണ്. കേപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിംഗ് ദി ബെസ്റ്റ്-നെ തൊഴിൽ നൈപുണ്യ വികസന പരിശീലന

കേന്ദ്രമാക്കി ഉയർത്തുന്നതാണ്. സഹകരണ പരീക്ഷാ ബോർഡിന്റെ പരീക്ഷാ നടത്തിപ്പ് പൂർണ്ണമായും ഓൺലൈനായി നടത്തുന്ന പദ്ധതി പൂർത്തീകരിക്കും. പരീക്ഷകൾ കുറ്റമറ്റതാക്കാൻ സഹകരണ പരീക്ഷാ ബോർഡ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കും. ആയതുപ്രകാരം ഉദ്യോഗാർത്ഥികൾക്ക് ഏറ്റവും വേഗത്തിൽ നിയമനം നൽകാൻ സാധിക്കും. സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡുവഴി സഹകരണസംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് പരിരക്ഷ നൽകുന്ന നിലവിലെ പരിധിയായ 2 ലക്ഷം രൂപ 5 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നത് പരിഗണനയിലാണ്. കാലതാമസവും സമയനഷ്ടവുമില്ലാതെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി സഹകരണവകുപ്പിൽ സമ്പൂർണ്ണ ഇ-ആഫീസ് സംവിധാനം നടപ്പിൽവരുത്തുന്നതാണ്. സംസ്ഥാനത്തെ ചില സഹകരണസംഘങ്ങളിൽ അടുത്തകാലത്തായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള സാമ്പത്തിക ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ സഹകരണ ഓഡിറ്റ് വിഭാഗത്തെയും സഹകരണ വിജിലൻസ് സംവിധാനത്തെയും കാലോചിതമായി ശക്തിപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമഭേദഗതി സർക്കാരിന്റെ

പരിഗണനയിലാണ്. സഹകരണമേഖലയുടെ സമഗ്രവികസനമാണ് ഭേദഗതികൊണ്ട് ലക്ഷ്യമിടുന്നത്.

(ബി) സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേട് തടയാൻ കോ-ഓപ്പറേറ്റീവ് ഓഡിറ്റ് മോണിറ്ററിംഗ് ആൻഡ് ഇൻഫർമേഷൻ സിസ്റ്റം വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സഹകരണ വകുപ്പ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി സി-ഡിറ്റ് മുഖേന നടപ്പാക്കിയിട്ടുള്ള ICDMS (Integrated Co-operative Department Management System) പ്രോജക്ടിലുൾപ്പെടുത്തി സഹകരണസംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് ആൻഡ് ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ എല്ലാ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS വഴി ഓൺലൈനായി www.camis.kerala.gov.in എന്ന വെബ് പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഓൺലൈൻ സിസ്റ്റത്തിലൂടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും

താലൂക്ക് തിരിച്ച് മുഴുവൻ സംഘങ്ങളുടെയും പട്ടിക നിശ്ചിത കാലയളവിൽ ഓഡിറ്റ് ചെയ്യാവുന്ന വിവിധ വിഭാഗങ്ങളിൽപ്പെട്ട ആകെ സംഘങ്ങളുടെ എണ്ണം, ആയതിൽ ഓഡിറ്റ് പൂർത്തീകരിച്ചവയുടെ എണ്ണം, പൂർത്തീകരിക്കാൻ ബാക്കി നിൽപ്പുള്ളവയുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഓരോ സംഘത്തിന്റെയും അടിസ്ഥാനവിവരങ്ങളും ബാലൻസ്ഷീറ്റിന്റെ സംക്ഷിപ്തവും പൊതുജനങ്ങൾക്കുൾപ്പെടെ ലഭ്യമാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള ഡാഷ് ബോർഡുകളും ലഭ്യമാക്കിയിട്ടുണ്ട്. സംഘങ്ങളുടെ ഓഡിറ്റിൽ കണ്ടെത്തുന്ന ഗുരുതരമായ ക്രമക്കേടുകൾ, അതിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ തുടങ്ങിയ വിവരങ്ങൾ വകുപ്പിലെ ഉദ്യോഗസ്ഥരുടെ അറിവിലേയ്ക്കും തുടർനടപടി സ്വീകരിക്കുന്നതിനുമായി ലഭ്യമാക്കിയിട്ടുണ്ട്. കേരളത്തിലെ ഏത് സഹകരണ സംഘത്തെക്കുറിച്ചുമുള്ള അടിസ്ഥാനവിവരങ്ങൾ ലോകത്തിന്റെ ഏത് കോണിലുള്ളവർക്കും വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിന് സാധിക്കുന്നു. സഹകരണസംഘം രജിസ്ട്രാറുടെയും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെയും നിയന്ത്രണത്തിൽവരുന്ന സഹകരണസംഘങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിലൂടെ വകുപ്പുതല വിവരശേഖരണം സുഗമമാക്കുന്നതിനും സംഘങ്ങളുടെ പ്രവർത്തനം ഫലപ്രദമായി നിരീക്ഷിക്കുന്നതിനും

ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനും കഴിയുന്നതാണ്. പൊതുജനങ്ങൾക്ക് സഹകരണസംഘങ്ങളുടെ അടിസ്ഥാനവിവരങ്ങൾ ലഭ്യമാക്കുന്നതിലൂടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ജനങ്ങളുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ജനവിഭാഗത്തെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും കഴിയുന്നു.

**സഹകരണ വകുപ്പിലെ ഓഡിറ്റിന് എകീകൃത സോഫ്റ്റ്‌വെയർ**

296(2705) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിലെ ഓഡിറ്റിനുവേണ്ടി എകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കാനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ICDMS പദ്ധതിപ്രകാരം സഹകരണസംഘങ്ങളുടെ രജിസ്ട്രേഷൻ & ബൈലാ ഭേദഗതി, ഫണ്ട് മാനേജ്മെന്റ് മൊഡ്യൂൾ, ഓഡിറ്റ് മൊഡ്യൂൾ എന്നീ 3 സേവനങ്ങളാണ് ഓൺലൈൻവഴി നടപ്പാക്കിയിട്ടുള്ളത്.

ഓഡിറ്റ് മൊഡ്യൂൾ:- സഹകരണസംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട് സോഫ്റ്റ്‌വെയർ സംവിധാനത്തിൽ തയ്യാറാക്കി ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള മൊഡ്യൂളിന്റെ സോഫ്റ്റ്‌വെയർ ഡെവലപ്‌മെന്റ് നടപടികൾ അന്തിമഘട്ടത്തിലാണ്. യൂസർ ആക്സപ്റ്റൻസ് ടെസ്റ്റ് (UAT) നടപടികൾ പുരോഗമിക്കുന്നു.

(ബി) കേരള ബാങ്ക് രൂപീകരണംമൂലവും അർബൻ ബാങ്കിലെ ഓഡിറ്റ് സഹകരണ വകുപ്പിൽനിന്നും എടുത്തുമാറ്റിയതുമൂലവും വകുപ്പിലെ ജീവനക്കാരുടെ തസ്തികകൾ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് വകുപ്പിലെ ഒരു തസ്തികയും നഷ്ടപ്പെട്ടിട്ടില്ല. 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (അമെന്റ്മെന്റ്) ആക്ട് ഭേദഗതിപ്രകാരം അർബൻ സഹകരണബാങ്കുകളിൽ ചാർട്ടേഡ് അക്കൗണ്ടന്റുമാർ സാമ്പത്തിക ഓഡിറ്റ് നടത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാരണത്താൽ അർബൻ ബാങ്കിൽ നിലവിലുണ്ടായിരുന്ന സമകാലീന ഓഡിറ്റർമാർ തുടരേണ്ടതില്ലെന്ന് ബന്ധപ്പെട്ട അർബൻ ബാങ്ക് ഭരണസമിതികൾ തീരുമാനമെടുത്തിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റർമാരുടെ തസ്തിക നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. സംസ്ഥാന സർക്കാർ ഈ

വിഷയത്തിൽ അർബൻ ബാങ്കിന്റെ പ്രതിനിധികളുമായി ചർച്ച നടത്തുകയും അപ്പെക്സ് സ്ഥാപനങ്ങൾക്ക് സമാനമായി അർബൻ ബാങ്കുകളിൽ അഡ്മിനിസ്ട്രേറ്റീവ് ഓഡിറ്റ് നടത്തുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് സഹകരണ നിയമത്തിൽ മാറ്റംവരുത്തുന്നതിനും ഒന്നിലധികം സ്ഥാപനങ്ങളുടെ ഗ്രൂപ്പ് കൺകറന്റ് ഓഡിറ്റർ തസ്തിക സൃഷ്ടിച്ച് അഡ്മിനിസ്ട്രേറ്റീവ് ഓഡിറ്റ് നടത്തുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

(സി) കരുവന്നൂർ ബാങ്കിലെ ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ വകുപ്പിൽ ഓരേ തസ്തികയിൽ ദീർഘകാലം ജോലി ചെയ്തുവരുന്ന ജീവനക്കാരെ സ്ഥലംമാറ്റണമെന്ന തീരുമാനം ഓഡിറ്റ് വിഭാഗത്തിൽ നടപ്പാക്കിയോ എന്ന് വിശദമാക്കുമോ?

സഹകരണവകുപ്പിലെ ഓഡിറ്റ് വിഭാഗത്തിലെ ഗസറ്റഡ് തസ്തികകളിലെ ജീവനക്കാരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയായിവരുന്നു. 3 വർഷത്തിൽക്കൂടുതൽ ഒരേ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന നോൺ ഗസറ്റഡ് ജീവനക്കാരെ സ്ഥലം മാറ്റിനിയമിച്ചിട്ടുണ്ട്.

## വ്യാവസായിക-വാണിജ്യ-കാർഷിക മേഖലകളിലെ ഉത്തേജന പ്രവർത്തനങ്ങൾ

297(2706) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രാദേശികമായി ചെറുകിട, ഇടത്തരം വ്യാവസായങ്ങളെയും വാണിജ്യ മേഖലകളെയും കാർഷിക രംഗത്തെയും ഉത്തേജിപ്പിക്കുന്നതിന് സഹകരണ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പ്രാദേശികമായി ചെറുകിട, ഇടത്തരം വ്യവസായങ്ങളെയും വാണിജ്യ മേഖലകളെയും പരിപോഷിപ്പിക്കുന്നതിനായി വിവിധതരത്തിലുള്ള വായ്പാ പദ്ധതികൾ ലഘു ജാമ്യവ്യവസ്ഥയിലും ജാമ്യത്തോടുകൂടിയും കേരള ബാങ്ക് മുഖേന ലഭ്യമാക്കുന്നുണ്ട്. സർക്കാർ ടി മേഖലയ്ക്കായി ആവിഷ്കരിക്കുന്ന വിവിധ പദ്ധതികളുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുമായി ചേർന്നുകൊണ്ടും വായ്പാ പദ്ധതികളും കേന്ദ്രഗവൺമെന്റുമായി ചേർന്ന് വിവിധ സബ്സിഡി സ്കീമുകളും ആവിഷ്കരിച്ചിട്ടുണ്ട്. Agriculture Infrastructure Fund, Animal Husbandry Infrastructure Development Fund, Prime Minister Formalisation of Micro Food Processing

Enterprises തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ അർഹരായ കർഷകർക്ക് 3% പലിശ സബ്സിഡിയും നൽകിവരുന്നു. ആയതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## ഇലക്ട്രോണിക് പേമെന്റ് സൗകര്യം

298(2707) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ പുതിയ സഹകരണ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ ചെറിയ അർബൻ ബാങ്കുകൾ, കാർഷിക ക്രെഡിറ്റ് സംഘങ്ങൾ തുടങ്ങിയവയ്ക്ക് ഇലക്ട്രോണിക് പേമെന്റ് സൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടി ഒരു കമ്പനി രൂപീകരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് (പ്രൈമറി ബാങ്കുകൾ) ഈ കമ്പനിയുടെ സേവനം ലഭ്യമാകുമോ; വ്യക്തമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**രണ്ടാം നൂറുദിന പരിപാടികളിലെ പദ്ധതികൾ**

299(2708) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടികളിൽ സഹകരണ വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയിൽ സഹകരണ മേഖലയുമായി ബന്ധപ്പെട്ട് 17 പദ്ധതികളാണ് സഹകരണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്. ആയതുസംബന്ധിച്ച വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

1. <u>സഹകരണ മേഖലയിലൂടെ തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതി-</u>

സഹകരണ മേഖലയിലൂടെ തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതിപ്രകാരം സഹകരണ വകുപ്പ്/ബാങ്കുകൾ/സംഘങ്ങൾ എന്നിവവഴി 500 സ്ഥിരം തൊഴിലുകളും 19500 തൊഴിലവസരങ്ങളുമുൾപ്പെടെ ആകെ 20000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നു.

2. <u>കലാകാരന്മാരുടെ സഹകരണ സംഘം</u> - സംസ്ഥാനത്തെ എല്ലാ കലാകാരന്മാരുടെയും ഉന്നമനത്തിനായി സംസ്ഥാനമൊട്ടാകെ പ്രവർത്തന പരിധിയായി കോട്ടയം ആസ്ഥാനമാക്കി കലാകാരന്മാരുടെ ഒരു സഹകരണസംഘം രൂപീകരിക്കുന്ന പദ്ധതിപ്രകാരം കലാകാരന്മാരുടെ സഹകരണ സംഘം - Kerala State Artists & Artistes Co-operative Society Limited No. 4506 (AARTICS) എന്നപേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

3. <u>അശരണരായ സഹകാരികൾക്കുള്ള ആശ്വാസനിധി സ്കീം</u>- സഹകരണ രംഗത്ത് പ്രവർത്തിച്ചിട്ടുള്ളവരും വളരെക്കാലമായി സഹകരണമേഖലയുടെ സർവ്വതോന്മുഖമായ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുകയും സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കായി ജീവിതകാലം മുഴുവൻ പ്രയത്നിച്ചവരും വാർഷികവരുമാനം 3,00,000/- രൂപയിൽത്താഴെയുള്ളവരും നിരാലംബരുമായ സഹകാരികൾക്ക് രോഗശുശ്രൂഷയ്ക്കും ചികിത്സയ്ക്കുമായി പരമാവധി 50,000/- രൂപയും സഹകാരികൾ മരണപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെ കുടുംബത്തിന്/ആശ്രിതർക്ക് പരമാവധി 25,000/- രൂപയും ധനസഹായം നൽകുന്നതിനുമായിട്ടാണ് ടി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

4. <u>14 പട്ടികജാതി/പട്ടികവർഗ്ഗ യുവസഹകരണ സംഘങ്ങളുടെ രൂപീകരണം</u> - 14 ജില്ലകളിലായി 14 പട്ടികജാതി/പട്ടികവർഗ്ഗ യുവസഹകരണ സംഘങ്ങളുടെ രൂപീകരണം.

5. <u>സ്നേഹതീരം</u> - കേരളത്തിലെ മത്സ്യവിപണന തൊഴിലാളികൾക്ക് സഹകരണമേഖലവഴി ലളിതമായ നടപടിക്രമങ്ങളിലൂടെ വളരെ ചെറിയ സർവ്വീസ് ചാർജ്ജ് മാത്രം ഈടാക്കി പലിശരഹിത ദിന വായ്പ നൽകുന്നതാണ് ടി പദ്ധതി.

6. <u>സെമിസ് (CEMIS) (സഹകരണ ജീവനക്കാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി)</u> - സർക്കാർ ജീവനക്കാർക്ക് മെഡിസെപ് പദ്ധതി നടപ്പാക്കിയതിന് സമാനമായി സഹകരണ ജീവനക്കാർക്കും പെൻഷണേഴ്സിനും മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്ന പദ്ധതി.

7. <u>ഭിന്നശേഷി വിഭാഗത്തിലുൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ പദ്ധതി</u> - ഭിന്നശേഷി വിഭാഗത്തിലുൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 3,00,000/- രൂപ വായ്പ നൽകുന്ന പദ്ധതി.

8. <u>സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി</u> - സംസ്ഥാനത്തെ സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽവരുന്ന സഹകരണസംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കുക.

9. <u>ഇൻഡോർ ഫുട്ബോൾ/ക്രിക്കറ്റ്/ബാഡ്മിന്റൺ ടർഫുകൾ</u> - പ്രാഥമിക സഹകരണസംഘങ്ങളുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും ഓരോ ഇൻഡോർ ഫുട്ബോൾ/ക്രിക്കറ്റ്/ബാഡ്മിന്റൺ ടർഫുകൾ സജ്ജമാക്കുന്ന പദ്ധതി.

10. <u>പാലിയേറ്റീവ് കെയർ</u> - സംസ്ഥാനമൊട്ടാകെ ഹോസ്പിറ്റൽ സഹകരണസംഘങ്ങളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കുന്നു.

11. <u>സഹകരണമേഖലയിൽ ഒരു ഫുട്ബോൾ ക്ലബ്ബ്</u> - ഫുട്ബോൾ ആരാധകരുടെ ഉടമസ്ഥതയിൽ സർക്കാരിന് മുതൽമുടക്കോ ചെലവോ ഇല്ലാതെ ഒരു ഫുട്ബോൾ ക്ലബ്ബ് രൂപീകരിക്കുക.

12. <u>ഇ-ഓഫീസ്</u> - സഹകരണ വകുപ്പിന്റെ കീഴിൽവരുന്ന എല്ലാ ആഫീസുകളിലും പൂർണ്ണമായും ഇ-ഓഫീസ് സംവിധാനം നടപ്പാക്കുന്നു.

13. <u>പരീക്ഷാ ബോർഡിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ</u> - സഹകരണ പരീക്ഷാ ബോർഡ് പരീക്ഷാ സംവിധാനം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ സോഫ്റ്റ്‌വെയർ നടപ്പാക്കുന്നു.

14. <u>നിക്ഷേപ ഗ്യാരണ്ടി ഫണ്ട് തുക ഉയർത്തുന്നത് സംബന്ധിച്ച്</u> - കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡിൽ അംഗത്വമുള്ള സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾക്ക് നിലവിൽ നൽകിവരുന്ന 2 ലക്ഷം രൂപയുടെ ഗ്യാരണ്ടി 5 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്ന പദ്ധതി.

15. <u>കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) (നൈപുണ്യ വികസന പരിശീലന കേന്ദ്രം)</u> - കേപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിംഗ് ദി ബെസ്റ്റ് (KIMB)-നെ തൊഴിൽ നൈപുണ്യ വികസന പരിശീലന കേന്ദ്രമാക്കി ഉയർത്തുന്ന പദ്ധതി.

16. <u>പ്രാഥമിക വായ്പാ സഹകരണസംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കുക</u> - സഹകരണ വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന 1611 പ്രാഥമിക സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ്‌വെയർ നടപ്പാക്കുന്ന പദ്ധതി.

17. <u>സഹകരണ എക്സ്പോ 2022</u> - സഹകരണ മേഖലയിലെ എല്ലാ സഹകരണ സംഘങ്ങളെയും കോർത്തിണക്കി ഉത്പന്നങ്ങളും സേവനങ്ങളും പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുകയും സഹകരണമേഖലയിലെ പ്രതിസന്ധികളും സാദ്ധ്യതകളും സംബന്ധിച്ച് സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്യുന്ന സഹകരണ എക്സ്പോ സംഘടിപ്പിക്കും.

(ബി) 'മുറ്റത്തെ മുല്ല' പദ്ധതിപോലെ തീരദേശത്ത് സഹകരണമേഖല എന്തെങ്കിലും പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ?

ഉദ്ദേശിക്കുന്നുണ്ട്. കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് ബാങ്കിംഗ് രീതിയുടെ സങ്കീർണ്ണതകളില്ലാതെതന്നെ ദൈനംദിന വ്യാപാരത്തിനായി സഹകരണ സംഘങ്ങളിൽനിന്നും പരമാവധി 20,000/- രൂപവരെ പലിശരഹിത വായ്പയായി നൽകുന്ന സ്നേഹതീരം പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾക്ക് ആശ്വാസകരമായി മാറിയ മുറ്റത്തെ മുല്ല പദ്ധതിയുടെ മാതൃകയിലാണ് ടി പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. മത്സ്യത്തൊഴിലാളി മേഖലയിൽ എസ്.എ.എഫ്. (Society For Assistance To Fisher women)-ന്റെ സഹകരണത്തോടുകൂടിയാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. ആയിരം

രൂപയ്ക്ക് ഒരു ദിവസത്തേയ്ക്ക് ഒരു രൂപമാത്രം സർവ്വീസ് ചാർജ്ജായി ഈടാക്കി വായ്പ നൽകുന്നതിനാണുദ്ദേശിക്കുന്നത്.

**നവകേരളീയം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

300(2709) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരളീയം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ എത്രപേർക്ക് വായ്പാ ഇളവ് ലഭ്യമാക്കിയെന്ന് ബാങ്ക് തിരിച്ചുള്ള വിവരം അറിയിക്കുമോ?

നവകേരളീയം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ 2633 പേർക്ക് വായ്പാ ഇളവ് ലഭ്യമാക്കിയിട്ടുണ്ട്. ബാങ്ക് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത പദ്ധതിപ്രകാരം എറണാകുളം ജില്ലയിൽ കുടിശ്ശിക നിവാരണ അദാലത്ത് സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സഹകരണസംഘം രജിസ്ട്രാറുടെ സർക്കുലർ പ്രകാരം സംഘങ്ങളിൽ, കുടിശ്ശിക നിവാരണം പദ്ധതിപ്രകാരം അദാലത്തുകൾ നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതുപ്രകാരം എറണാകുളം ജില്ലയിൽ അദാലത്തുകൾ നടത്തിവരുന്നു.

**സഹകരണ മേഖലയിൽ മൂല്യവർദ്ധിത കാർഷികോത്പന്നങ്ങൾ**

301(2710) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് കർഷകരെ സഹായിക്കുന്നതിനായി സഹകരണ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കാർഷികോത്പന്നങ്ങളുടെ വിലയിടിവിന് പരിഹാരം കാണുന്നതിനായി മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനായി കർഷകരെ സഹായിക്കുന്നതിനുള്ള പുതിയ പദ്ധതികൾ സഹകരണമേഖലയിൽ ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കാർഷികമേഖലയിൽ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് കർഷകരെ സഹായിക്കുന്നതിനായി, കാർഷികോത്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള സഹായം എന്ന പദ്ധതി നിലവിലുണ്ട്. ടി പദ്ധതി നടപ്പാക്കുന്നതിന് 2021-22 സാമ്പത്തികവർഷത്തെ സംസ്ഥാന പദ്ധതിയിൽ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കാർഷികോത്പന്നങ്ങളുടെ വിലയിടിവിന് പരിഹാരം കാണുന്നതിനും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുമായി കാർഷികോത്പാദനം, സംഭരണം, വിപണനം എന്നീ മൂന്നുഘടകങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് കർഷകരെ സഹായിക്കുന്നതിനായി സംഭരണം, സംസ്കരണം, വിപണനം, മൂല്യവർദ്ധന എന്നീ ഘടകങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് സഹകരണമേഖലയിൽ Co-operative Initiative in Technology-driven Agriculture എന്ന പുതിയ പദ്ധതി 2022-23-ലെ ബഡ്ജറ്റിലുൾപ്പെടുത്തിയിട്ടുണ്ട്. ഏഴ് ഉപഘടകങ്ങളുൾപ്പെട്ടിട്ടുള്ള ടി പദ്ധതിയിൽ ആകെ 2250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആധുനിക സൗകര്യങ്ങളോട്ടുകൂടിയ സംഭരണം, ഗുണനിലവാരമനുസരിച്ച്

തരംതിരിക്കൽ, ശീതീകരണിയിൽ സൂക്ഷിക്കൽ, e-NAM മായി ബന്ധിപ്പിക്കൽ, കർഷക ഉത്പാദന സംഘങ്ങളെ പ്രോത്സാഹിപ്പിക്കൽ, മൂല്യവർദ്ധന തുടങ്ങിയ സൗകര്യങ്ങളുള്ള വിപണി ഒരു പഞ്ചായത്തിൽ ഒന്ന് എന്നകണക്കിൽ സ്ഥാപിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

## സഹകരണ അംഗ സമാശ്വാസ നിധി

302(2711) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീമതി ദെലീമ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ അംഗ സമാശ്വാസനിധിയിൽ സഹായധനം ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ വിശദമാക്കുമോ?

അർബുദം, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, വൃക്ക രോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായവർ, ഗുരുതര കരൾ രോഗം ബാധിച്ചവർ (ലിവർ സിറോസിസ്), ഗുരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ (ബൈപ്പാസ്/ഓപ്പൺ ഹാർട്ട് സർജറി), പരാലിസിസ്

ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി. ബാധിതർ, അപകടത്തിൽപ്പെട്ട് ശയ്യാവലംബരായവർ എന്നിവർക്കും മാതാപിതാക്കൾ മരിച്ചുപോയ സാഹചര്യത്തിൽ അവരെടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാകാത്ത കുട്ടികൾ എന്നിവർക്കുമാണ് സഹകരണ അംഗ സമാശ്വാസനിധി പദ്ധതിപ്രകാരം ധനസഹായം അനുവദിക്കുന്നത്. ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്ന വ്യക്തി ടി സംഘത്തിലെ 'എ' ക്ലാസ്സ് അംഗമായിരിക്കണം. മൂന്ന് ലക്ഷത്തിൽക്കൂടുതൽ വാർഷിക വരുമാനമുള്ള അപേക്ഷകർക്കോ ആശ്രിതർക്കോ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയില്ല. ഈ സ്കീമിൽനിന്നും ധനസഹായം നൽകുന്നത് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായിട്ടായിരിക്കും. ഒരിക്കൽ ആനുകൂല്യം ലഭിച്ച കുടുംബത്തിൽപ്പെട്ടവർക്ക് പിന്നീട് ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(ബി) പദ്ധതി പ്രകാരം ഏതൊക്കെ രോഗബാധിതർക്ക് എത്ര രൂപവരെ ധനസഹായം ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഈ സ്കീം പ്രകാരം നൽകുന്ന പരമാവധി ധനസഹായം 50,000/- (അൻപതിനായിരം രൂപ മാത്രം) രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

## കേരള ബാങ്കിലെ വായ്പ

303(2712) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ജില്ലാ സഹകരണബാങ്ക് കേരള ബാങ്കിൽ ലയിപ്പിച്ചതിനുശേഷം പ്രാഥമിക സഹകരണ സ്ഥാപനങ്ങൾക്ക് ഏതൊക്കെ വായ്പകളാണ് കേരള ബാങ്കിൽനിന്നും നൽകിവരുന്നത്; മുൻ ജില്ലാ സഹകരണ ബാങ്ക് നൽകിക്കൊണ്ടിരുന്ന വായ്പകൾ തുടർന്നും നൽകാൻ അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

പ്രാഥമിക സഹകരണസംഘങ്ങൾക്ക് നിലവിൽ കേരള ബാങ്കിൽനിന്നും അനുവദിച്ചുവരുന്ന വായ്പകൾ.

1) ജനറൽ ബാങ്കിംഗ് ക്യാഷ് ക്രെഡിറ്റ്.

2) വർക്കിംഗ് ക്യാപ്പിറ്റൽ ക്യാഷ് ക്രെഡിറ്റ്

3) സ്വർണ്ണപ്പണയ ക്യാഷ് ക്രെഡിറ്റ്

4) SHG, JLG, NHB, FPO, Micro Food Processing, MSME വായ്പകൾ.

5) 'KB സമഗ്ര' - അടിസ്ഥാനസൗകര്യ വികസന വായ്പ.

6) 'മുറ്റത്തെ മുല്ല്'  - വായ്പകൾക്കുള്ള പുനർവായ്പ.

7) വനിതാ സഹകരണസംഘങ്ങൾക്കുള്ള വിവിധയിനം വായ്പകൾ.

8) കാർഷിക വായ്പകൾ-ഹ്രസ്വകാലം, കാർഷിക വായ്പകൾ ദീർഘകാലം -നബാർഡ് പുനർവായ്പ.

9) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ബഹുമുഖ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്ന PACS as MSC പ്രോജക്ട് അടിസ്ഥാനമാക്കിയുള്ള വായ്പകൾ - നബാർഡ് സ്കീം.

കേരള ബാങ്ക് നടപ്പാക്കിയിട്ടുള്ള മേൽ സ്കീമുകൾക്കുപുറമേ മുൻ ജില്ലാ സഹകരണ ബാങ്കുകൾ നൽകിവന്നിരുന്ന മറ്റിതര വായ്പകൾ നിലവിലും തുടർന്നുവരുന്നുണ്ട്.

(ബി) കേരള ബാങ്കിൽനിന്നും നൽകുന്ന വായ്പകളുടെ പലിശനിരക്ക് ആരാണ് നിർണ്ണയിക്കുന്നതെന്ന് അറിയിക്കുമോ?

പലിശ നിർണ്ണയ ഉന്നതതല സമിതിയുടെ ശിപാർശപ്രകാരം സഹകരണസംഘം രജിസ്ട്രാർ നിശ്ചയിച്ചുനൽകുന്ന പലിശ നിരക്കിനുള്ളിൽനിന്ന് ബാങ്കിന്റെ MCLR (Marginal Cost for Lending Rate)-നുവിധേയമായി അസ്സറ്റ് ലയബിലിറ്റി കമ്മിറ്റി ശിപാർശപ്രകാരം കേരള ബാങ്ക് ഭരണസമിതിയാണ് പലിശ നിർണ്ണയിക്കുന്നത്.

(സി) പ്രസ്തുത ബാങ്കിലെ ജീവനക്കാരുടെ നിക്ഷേപ വായ്പയ്ക്ക് നിക്ഷേപത്തേക്കാൾ എത്ര ശതമാനമാണ് പലിശ ചാർജ് ചെയ്യുന്നതെന്നും റിട്ടയർ ചെയ്ത ജീവനക്കാരുടെ നിക്ഷേപങ്ങൾക്ക് അധിക പലിശ നൽകാൻ വ്യവസ്ഥയുണ്ടോയെന്നും വ്യക്തമാക്കുമോ?

കേരള ബാങ്കിലെ ജീവനക്കാർക്ക് നിക്ഷേപ വായ്പയ്ക്ക് നിക്ഷേപത്തിന് തുല്യമായ പലിശയാണ് ഈടാക്കിവരുന്നത്. റിട്ടയർ ചെയ്ത ജീവനക്കാർക്ക് സാധാരണ പലിശ നിരക്കിനേക്കാൾ ഒരു ശതമാനം പലിശ അധികം നൽകാറുണ്ട്. ആയത് നൽകുന്നത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാനദണ്ഡപ്രകാരവും ബാങ്കിന്റെ നിക്ഷേപ പോളിസിപ്രകാരവുമാണ്.

(ഡി) കേരള സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാർക്ക് അധിക യോഗ്യതയ്ക്കായി നൽകുന്ന അഡീഷണൽ ഇൻക്രിമെന്റിന് ഡി.എ. ബാധകമാണോ; സഹകരണസംഘം രജിസ്ട്രാറുടെ 25-02-2021-ലെ 14/2021 നമ്പർ സർക്കുലർ ഏതൊക്കെ സഹകരണ സ്ഥാപനങ്ങൾക്കാണ് ബാധകമായിട്ടുള്ളതെന്ന് വിശദമാക്കുമോ?

കേരള സംസ്ഥാന സഹകരണബാങ്കിലെ ജീവനക്കാർക്ക് അധിക യോഗ്യതയ്ക്ക് നൽകുന്ന അഡീഷണൽ ഇൻക്രിമെന്റിന് ഡി.എ. ബാധകമല്ല. ജീവനക്കാരുടെ അധിക യോഗ്യതയ്ക്കുനൽകുന്ന ഇൻക്രിമെന്റ്

അടിസ്ഥാനശമ്പളത്തിൽ ലയിപ്പിക്കാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാത്തരം പ്രാഥമിക സഹകരണസംഘം ജീവനക്കാരുടെയും (സംസ്ഥാനത്തെ അർബൻ സഹകരണ ബാങ്കുകളും പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകളും ഒഴികെ) ശമ്പളപരിഷ്കരണ ഉത്തരവിൽ വ്യക്തത വരുത്തുന്നതിനായിട്ടാണ് 25-02-2021-ലെ 14/2021-ാം നമ്പർ സർക്കുലർ സഹകരണസംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ളത്.

**കാർഷിക സ്വർണ്ണപ്പണയ വായ്പയുടെ സബ്സിഡി**

304(2713) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിൽ കാർഷിക സ്വർണ്ണപ്പണയ വായ്പയ്ക്ക് സബ്സിഡി ലഭിക്കാൻ കാലതാമസം വരുന്നുണ്ടെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

കേരള ബാങ്കിൽനിന്നും അനുവദിച്ചുവരുന്ന സ്വർണ്ണപ്പണയ കാർഷിക വായ്പകളിൽ കൃത്യമായി തിരിച്ചടവുവരുന്ന വായ്പകളിൽ 3% പലിശ സബ്സിഡി നബാർഡിൽനിന്നും ക്ലെയിം അനുവദിച്ചുനൽകുന്നമുറയ്ക്കാണ്

ഇടപാടുകാർക്ക് നൽകിയിരുന്നത്. ഇപ്പോൾ വായ്പക്കാർക്ക് യഥാസമയം സബ്സിഡി നൽകിവരുന്നു.

(ബി) സർക്കാരിൽനിന്നും സബ്സിഡി ആനുകൂല്യം ലഭിക്കുന്നതുവരെ കാത്തുനിൽക്കാതെ സമയബന്ധിതമായി സബ്സിഡി ആനുകൂല്യം വായ്പക്കാർക്ക് അനുവദിച്ച് നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

നബാർഡിൽനിന്നും പലിശ സബ്സിഡി അനുവദിച്ചുവരുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ, ബാങ്കിന്റെ 13-01-2022-ലെ ഭരണസമിതി തീരുമാനപ്രകാരം, വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന സമയത്തുതന്നെ സബ്സിഡി അനുവദിച്ചുനൽകിവരുന്നു.

## സർഫാസി നിയമത്തിന്റെ പരിധിയിൽവരുന്ന സഹകരണ സ്ഥാപനങ്ങൾ

305(2714) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഏതൊക്കെ സഹകരണ സ്ഥാപനങ്ങൾ/ബാങ്കുകൾ സർഫാസി നിയമത്തിന്റെ പരിധിയിൽ വരുന്നുവെന്നറിയിക്കുമോ?

സഹകരണ വകുപ്പിനുകീഴിൽ, ആർ.ബി.ഐ. ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണബാങ്ക്, 60 അർബൻ സഹകരണ ബാങ്കുകൾ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് എന്നിവയാണ് സർഫാസി നിയമത്തിന്റെ പരിധിയിൽവരുന്നത്.

(ബി) 2018 മുതൽ നാളിതുവരെ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഏതൊക്കെ സഹകരണ സ്ഥാപനങ്ങൾ/ബാങ്കുകൾ സർഫാസി നിയമമനുസരിച്ച് ഡിമാൻഡ് നോട്ടീസുകൾ/റിക്കവറി നോട്ടീസുകൾ നൽകിയിട്ടുണ്ടെന്നും അവ എത്രയെന്നും അറിയിക്കുമോ;

(സി) എത്ര കേസുകളിൽ എത്ര രൂപ റിക്കവറി നടത്തിയിട്ടുണ്ട്; വസ്തുവകകളുടെ അറ്റാച്ച്മെന്റ് നടത്തിയിട്ടുണ്ട്; വിശദീകരിക്കുമോ?

(ബി&സി) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളതായ 54 അർബൻ സഹകരണ ബാങ്കുകളും കേരള സംസ്ഥാന സഹകരണ ബാങ്കും മലപ്പുറം ജില്ലാ സഹകരണ ബാങ്കുംകൂടി 2018 മുതൽ നാളിതുവരെ സർഫാസി നിയമമനുസരിച്ച് ആകെ 68357 ഡിമാൻഡ് നോട്ടീസുകൾ/റിക്കവറി നോട്ടീസുകൾ നൽകിയിട്ടുള്ളതിൽ 3,76,324.3 ലക്ഷം രൂപ റിക്കവറി നടത്തിയിട്ടുള്ളതും 5266 എണ്ണത്തിൽ

വസ്തുവകകളുടെ അറ്റാച്ച്മെന്റും നടത്തിയിട്ടുണ്ട് (വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു).+

## കരുവന്നൂർ സഹകരണ ബാങ്കിലെ തട്ടിപ്പ്

306(2715)ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിയമത്തിലെ ചട്ടം 65 പ്രകാരമുള്ള അന്വേഷണത്തിൽ കരുവന്നൂർ സഹകരണ ബാങ്കിൽ കണ്ടെത്തിയ 226 കോടി രൂപയുടെ തട്ടിപ്പിന്റെ പരിധിയിൽവരാത്ത മറ്റെന്തെങ്കിലും ക്രമക്കേടുകൾ പിന്നീട് കണ്ടെത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകളെത്തുടർന്ന് സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് പ്രകാരം വായ്പ പലിശയുൾപ്പെടെ 1,02,55,49,364/- (102.55 കോടി) രൂപയുടെയും വ്യാപാര സ്റ്റോക്കിൽ കുറവിനത്തിൽ 1,69,34,445/- (1.69 കോടി) കോടി രൂപയുമുൾപ്പെടെ ആകെ 1,04,24,83,809/- (104.24 കോടി) രൂപയുടെ ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ട്. സർക്കാർ നിയോഗിച്ച ഉന്നതതല

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കമ്മിറ്റി റിപ്പോർട്ട് പ്രകാരം കരുവന്നൂർ സർവ്വീസ് സഹകരണബാങ്കിൽ വായ്പ വിതരണത്തിൽ 2,08,08,25,040/- (208.08 കോടി) രൂപയുടെയും പ്രതിമാസ നിക്ഷേപ പദ്ധതികളിൽ 9,42,27,982/- (9.42 കോടി) രൂപയുടെയും വ്യാപാര പ്രവർത്തനങ്ങളിൽ 1,83,36,511/- (1.83 കോടി) രൂപയുമുൾപ്പെടെ ആകെ 2,19,33,89,533/- (219.33 കോടി) രൂപയുടെ ക്രമക്കേടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റ് ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല.

(ബി) നബാർഡിന്റെ സഹായത്തോടെ നിർമ്മിച്ച മന്ദിരവും സ്ഥലവും ഈടുനൽകി ബാങ്കിന്റെ നവതി മന്ദിര നിർമ്മാണത്തിനായി 10 കോടി രൂപയുടെ ബാങ്ക് വായ്പയെടുത്തിട്ടുണ്ടോ?

നബാർഡിന്റെ സഹായത്തോടെ നിർമ്മിച്ച കെട്ടിടവും സ്ഥലവും പണയപ്പെടുത്തി ബാങ്കിന്റെ ലിക്വിഡിറ്റി പ്രതിസന്ധി പരിഹരിക്കുന്നതിനായി 10 കോടി രൂപ കേരള ബാങ്കിൽനിന്നും വായ്പയെടുത്തിട്ടുണ്ട്.

(സി) അംഗീകൃത പ്ലാൻ പ്രകാരമല്ല കെട്ടിടം നിർമ്മിച്ചിരിക്കുന്നതെന്നത് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

ഇക്കാര്യങ്ങളിൽ വിശദമായ അന്വേഷണം നടത്താനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഇരിങ്ങാലക്കുട മുൻസിപ്പാലിറ്റിയിൽനിന്നും അംഗീകാരം ലഭിച്ച ബിൽഡിംഗ് പെർമിറ്റ്, പ്ലാൻ എന്നിവപ്രകാരമാണ് ബാങ്കിന്റെ നവതി മന്ദിരം നിർമ്മിച്ചിട്ടുള്ളത്.

**സഹകരണ സംഘങ്ങൾ ടി.ഡി.എസ്. നൽകുന്ന നടപടി**

307(2716) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. ആക്ടിലെ 194 (എൻ) വകുപ്പുപ്രകാരം സഹകരണ സംഘങ്ങൾ വർഷം ഒരു കോടിയിലധികം തുക ബാങ്ക് അക്കൗണ്ടിൽനിന്നും പണമായി പിൻവലിച്ചാൽ രണ്ട് ശതമാനം ടി.ഡി.എസ്. നൽകണമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ആദായ നികുതി നിയമത്തിൽ പുതുതായി കൂട്ടിച്ചേർത്ത 194(എൻ) വകുപ്പ് പ്രകാരം സ്രോതസ്സിൽ രണ്ട് ശതമാനം നികുതി (TDS)

ഈടാക്കണമെന്നുള്ള വ്യവസ്ഥ സംഘങ്ങളുടെ നിലനിൽപ്പിനെത്തന്നെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത നടപടി പിൻവലിക്കണമെന്നും സഹകരണ സ്ഥാപനങ്ങൾക്ക് വരുമാന നികുതിയിൽ ഇളവ് നൽകണമെന്നുമുള്ള ആവശ്യം കേന്ദ്രസർക്കാരിന്റെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഇതിനുപുറമേ കേന്ദ്ര ആദായനികുതി നിയമത്തിൽ പുതുതായി കൂട്ടിച്ചേർത്ത 194 (എൻ) വകുപ്പിന്റെ പരിധിയിൽനിന്നും സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ ബാങ്കുകളെ ഒഴിവാക്കുന്നതിനായി കേന്ദ്ര ധനകാര്യ, കൃഷി വകുപ്പുമന്ത്രിമാർക്ക് നിവേദനം നൽകിയിട്ടുണ്ട്. എന്നാൽ അനുകൂല നടപടിയുണ്ടാകാത്തതിനാൽ വീണ്ടും ഈ വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 194 (എൻ) പ്രകാരം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽനിന്നും നികുതി ഈടാക്കുന്ന വിഷയത്തിൽ തുടർനടപടികൾ ചർച്ചചെയ്യാൻ സംസ്ഥാനത്തെ സഹകാരികളെയും വിഷയവിദഗ്ദ്ധരെയും പങ്കെടുപ്പിച്ച് ഒരു യോഗം സംഘടിപ്പിച്ചിരുന്നു. കൂടുതൽ ചർച്ചകൾക്കുശേഷം നിയമനടപടി സ്വീകരിക്കുന്നതിനുള്ള സാധ്യത ആരായുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**സഹകരണ ബാങ്കുകളിലെ കുടിശ്ശികയായ ലോണുകൾക്ക് സമാശ്വാസം**

308(2717) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരക രോഗങ്ങളും കോവിഡ് 19-ഉം സൃഷ്ടിച്ച രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിൽ സഹകരണ ബാങ്കുകളിലെ ലോൺ കുടിശ്ശികയായവർക്ക് തിരിച്ചടവിൽ ആനുകൂല്യങ്ങൾ നൽകുന്നകാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

മാരക രോഗങ്ങളും കോവിഡ് 19-ഉം സൃഷ്ടിച്ച രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിൽ സഹകരണ ബാങ്കുകളിലെ ലോൺ കുടിശ്ശികയായവർക്ക് തിരിച്ചടവിൽ ഇളവുകൾ നൽകിവരുന്നുണ്ട്. സംസ്ഥാനത്ത് കോവിഡ്-19 രോഗബാധയുണ്ടായതിനെത്തുടർന്ന് വിവിധ മേഖലകളിൽ കനത്ത സാമ്പത്തിക പ്രതിസന്ധിയുണ്ടായ പശ്ചാത്തലത്തിൽ എല്ലാ സഹകരണ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽനിന്നുമെടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 01-03-2020 മുതൽ 31-08-2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. സഹകരണ ബാങ്കുകളിൽനിന്ന് വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ളതും കോവിഡ് മഹാമാരി കാരണം ജീവിതം ദുസ്സഹമായിരിക്കുന്നതുമായ

വായ്പക്കാർക്ക് ആശ്വാസമാവുകയെന്ന ലക്ഷ്യത്തോടുകൂടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2021 ആഗസ്റ്റ് 16 മുതൽ നടപ്പാക്കിവരുന്നു. നിലവിൽ ടി പദ്ധതി 2022 മാർച്ച് 31-വരെ നടപ്പാക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. കേരള ബാങ്ക്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് എന്നീ ബാങ്കുകളിലും 2022 മാർച്ച് 31 വരെ ടി പദ്ധതി നടപ്പാക്കുന്നുണ്ട്. കൂടാതെ കോവിഡ്-19 പശ്ചാത്തലത്തിൽ കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷനിൽനിന്നും വായ്പയെടുത്ത അംഗസംഘങ്ങൾക്ക് ഡിമാൻഡ് കുടിശ്ശിക അടയ്ക്കുന്നതിന് സാവകാശം അനുവദിക്കുകയും പുതിയതായി അനുവദിച്ച വായ്പകളുടെയും നിലവിലുള്ള വായ്പകളുടെയും പലിശ നിരക്കിൽ ഒന്നര ശതമാനം കുറവുവരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) സഹകരണ ബാങ്കുകളിൽ നിലവിൽ ലോൺ കുടിശ്ശികയായവർക്ക് എന്തെല്ലാം സമാശ്വാസ പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് വിശദമാക്കുമോ?

സഹകരണ ബാങ്കുകളിൽ നിലവിൽ ലോൺ കുടിശ്ശികയായവർക്ക് നൽകിവരുന്ന സമാശ്വാസ പദ്ധതികളെ സംബന്ധിച്ച വിവരം ചുവടെചേർക്കുന്നു.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി:- സഹകരണ ബാങ്കുകളിൽനിന്ന് വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ളതും കോവിഡ് മഹാമാരി കാരണം ജീവിതം ദുസ്സഹമായിരിക്കുന്നതുമായ വായ്പക്കാർക്ക് ആശ്വാസമാവുകയെന്ന ലക്ഷ്യത്തോടുകൂടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2021 ആഗസ്റ്റ് 16 മുതൽ നടപ്പാക്കിവരുന്നു. നിലവിൽ ടി പദ്ധതി 2022 മാർച്ച് 31 വരെ നടപ്പാക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കിയും പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവ് നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകിയും വായ്പ കണക്ക് അവസാനിപ്പിച്ചുവരുന്നു. കേരള സംസ്ഥാന സഹകരണ ബാങ്ക് 2022 മാർച്ച് 31 വരെ ഈ പദ്ധതി നടപ്പാക്കുന്നുണ്ട്. ടി ബാങ്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ എന്നിവരെടുത്തിട്ടുള്ള ഒരു ലക്ഷം രൂപവരെയുള്ള കാലാവധികഴിഞ്ഞ വായ്പകളുടെ മുതൽമാത്രം ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് ടി പദ്ധതിയിലൂടെ അവസരം നൽകുന്നുണ്ട്. മലപ്പുറം ജില്ലാ സഹകരണബാങ്കും 2022 മാർച്ച് 31 വരെ ഈ പദ്ധതി നടപ്പാക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് കോവിഡ്-19

രോഗബാധയുണ്ടായതിനെത്തുടർന്ന് വിവിധ മേഖലകളിൽ കനത്ത സാമ്പത്തിക പ്രതിസന്ധിയുണ്ടായ പശ്ചാത്തലത്തിൽ എല്ലാ സഹകരണ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽനിന്നുമെടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 01-03-2020 മുതൽ 31-08-2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽനിന്നും സമർപ്പിച്ച അപേക്ഷകളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽനിന്നും ആകെ 408 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ കൂത്തുപറമ്പ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ നേരിട്ട് ലഭിച്ച 5 അപേക്ഷകളും കുടിശ്ശിക നിവാരണം പദ്ധതിയിലുൾപ്പെടുത്തി സഹകരണ സ്ഥാപനങ്ങളിൽ നടന്ന അദാലത്തുകളിൽ ലഭിച്ച 353 അപേക്ഷകളും ഉൾപ്പെടെ ആകെ 358 വായ്പാ അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

## പറവൂർ സഹകരണ ബാങ്ക്

309(2718) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറവൂർ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1759-മായി ബന്ധപ്പെട്ട ക്രമക്കേടുകളുടെ പരാതിയിന്മേൽ എന്തെല്ലാം അന്വേഷണങ്ങളാണ് നടക്കുന്നതെന്ന് വിശദമാക്കുമോ?

പറവൂർ സഹകരണ ബാങ്കിനെതിരെ ബിനാമി ഭൂമി ഇടപാട്, ആദായനികുതി ഇടപാട് എന്നീ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ നിയമം വകുപ്പ് 66 (2) പ്രകാരം പരിശോധന നടത്തുന്നതിന് ഉത്തരവാകുകയും പ്രസ്തുത അന്വേഷണം നടന്നുവരികയുമാണ്.

(ബി) പ്രസ്തുത ബാങ്കിലെ 2013 മുതൽ ആദായ നികുതി വകുപ്പുമായി ബന്ധപ്പെട്ട് നടന്ന ഇടപാടുകളിൽവന്ന ക്രമക്കേടുകളെ സംബന്ധിച്ച അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

പ്രസ്തുത ബാങ്കിലെ ആദായ നികുതി ഇടപാടുകളുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സഹകരണ നിയമം വകുപ്പ് 66 (2) പ്രകാരമുള്ള പരിശോധനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) 2016, 2017, 2018 വർഷങ്ങളിൽ ബാങ്കിലെ സ്വർണ്ണപ്പണ്ട പണയം ലേലനടപടികളിൽ എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടോ; ഇതുസംബന്ധിച്ച അന്വേഷണത്തിന്റെ വിവരങ്ങൾ വ്യക്തമാക്കുമോ?

പ്രസ്തുത ബാങ്കിലെ സ്വർണ്ണപ്പണയ വായ്പയ്ക്ക് ഈട് വച്ചിരുന്ന സ്വർണ്ണം ലേലം ചെയ്തതുസംബന്ധിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ പറവൂർ സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സഹകരണ അർബൻ ബാങ്ക് ജീവനക്കാരുടെ ശമ്പളപരിഷ്കരണം**

310(2719) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ അർബൻ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിലെ അനോമലി പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വിവിധ സർവ്വീസ് സംഘടനകൾ നിവേദനം നൽകിയിട്ടുണ്ടോ; പ്രസ്തുത

അനോമലികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. അനോമലികൾ പരിഹരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സഹകരണ അർബൻ ബാങ്കുകളെ ലയിപ്പിച്ച് ഒന്നാക്കുന്നതുസംബന്ധിച്ച് സർക്കാരിന് റിസർവ് ബാങ്കിന്റെ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സഹകരണ അർബൻ ബാങ്കുകളെ ലയിപ്പിച്ച് ഒന്നാക്കുന്നതുസംബന്ധിച്ച് റിസർവ് ബാങ്കിൽനിന്നും നിർദ്ദേശങ്ങളൊന്നുംതന്നെ ലഭിച്ചിട്ടില്ല.

**കുന്ദമംഗലം സഹകരണസംഘത്തിലെ ക്രമക്കേടുകൾ**

311(2720) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം ആസ്ഥാനമായി പ്രവർത്തിക്കുന്ന സഹകരണ സംഘത്തിലെ നിക്ഷേപകരുടെ പണം തിരികെ ലഭിക്കാത്തത് സംബന്ധിച്ച പരാതിയിൽ പോലീസ് കേസ്സെടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

കുന്ദമംഗലം ആസ്ഥാനമായി പ്രവർത്തിക്കുന്ന കുന്ദമംഗലം അർബൻ സഹകരണ സംഘത്തിലെ നിക്ഷേപകരുടെ പണം തിരികെ ലഭിക്കാത്തത് സംബന്ധിച്ച പരാതിയിൽ പോലീസ് കേസ്സെടുത്തിട്ടുണ്ട്. ആയതിന്റെ ക്രൈം നമ്പരും സെക്ഷനും ചുവടെപ്പറയുന്നു.

1. 660/2019 U/s. 120 B, 406, 409, 419, 420, 464, 471 r/w 34 IPC.
2. 335/2019 U/s. 120 B, 406, 408, 409, 420 r/w 34 IPC
3. 336/2019/U/s. 120B, 406, 408, 409, 420 r/w 34 IPC
4. 1130/2020 U/s. 420 r/w 34 IPC
5. 1131/2020 U/s. 420 r/w 34 IPC
6. 1144/2020 U/s. 420 r/w 34 IPC
7. 1148/2020 U/s. 420 r/w 34 IPC
8. 46/21 U/s. 420 r/w 34 IPC
9. 502/22 U/s. 420 r/w 34 IPC

(ബി) ഇതുവരെയായി നിക്ഷേപകർക്ക് പണം തിരികെ ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ നിക്ഷേപത്തുക വകമാറ്റി ചെലവഴിച്ചത് സംബന്ധിച്ച കേസ് ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

കുന്ദമംഗലം അർബൻ സഹകരണസംഘത്തിലെ നിക്ഷേപകരുടെ പണം തിരികെ ലഭിക്കാത്തതുസംബന്ധിച്ച പരാതിയിൽ പോലീസ് നടപടി സ്വീകരിച്ചുവരുന്നു.

**റീജിയണൽ/അർബൻ സഹകരണ ബാങ്കുകൾ**

312(2721) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന റീജിയണൽ/അർബൻ സഹകരണ ബാങ്കുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സഹകരണബാങ്കുകളുടെ ആസ്തി/ബാദ്ധ്യതകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന 60 അർബൻ സഹകരണ ബാങ്കുകൾ നിലവിലുണ്ട്. ആയവയുടെ പട്ടികയും പ്രസ്തുത സഹകരണ ബാങ്കുകളുടെ ആസ്തി/ബാദ്ധ്യതകൾ സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെഔദ്യോഗിക വെബ്സൈറ്റ്

**കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിലെ അനധികൃത നിയമനങ്ങൾ**

313(2722) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ മുൻ സഹകരണ സംഘം രജിസ്ട്രാറുടെ ഉത്തരവുകൾക്ക് വിരുദ്ധമായും പി.എസ്.സി. ചട്ടങ്ങൾക്ക് വിരുദ്ധമായും ഇല്ലാത്ത ഒഴിവുകളുള്ളതായി പി.എസ്.സി.-യെ തെറ്റിദ്ധരിപ്പിച്ച് ഫ്രഷ് ഒഴിവുകൾ റിപ്പോർട്ടുചെയ്ത് അനധികൃത നിയമനങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2019-ലെ കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സഹകരണസംഘം രജിസ്ട്രാർ പുറപ്പെടുവിച്ച ഉത്തരവിലും സഹകരണ വകുപ്പിന്റെ വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ടിലും കോഴിക്കോട് ജില്ലാ സഹകരണബാങ്കിൽ അനധികൃത നിയമനം നടന്നെന്ന് വ്യക്തമാകുന്നുണ്ടോ?

സഹകരണ വിജിലൻസിനെക്കൊണ്ട് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ

അടിസ്ഥാനത്തിൽ സഹകരണ വിജിലൻസിന്റെ നേതൃത്വത്തിൽ അന്വേഷണം പുരോഗമിച്ചുവരുന്നു.

(സി) എങ്കിൽ ഈ അനധികൃത നിയമനങ്ങൾമൂലം അവസരം നഷ്ടപ്പെട്ട കോഴിക്കോട് ജില്ലാ സഹകരണബാങ്ക് ക്ലാർക്ക്/കാഷ്യർ റാങ്ക് ലിസ്റ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവസരം നൽകുന്നതിനായി നടപടി സ്വീകരിക്കുമോ?

കോഴിക്കോട് ജില്ലാ ബാങ്ക് കെ.എസ്.സി.ബി.-യുടെ ഭാഗമായ സാഹചര്യത്തിൽ വിഷയത്തിലെ നിയമവിഷയങ്ങൾ പരിശോധിച്ചുമാത്രമേ ഒരു തീരുമാനത്തിലെത്താനാകൂ.

## സഹകരണ അർബൻ ബാങ്ക്

314(2723) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സഹകരണ നിയമപ്രകാരം 2020-21 സാമ്പത്തിക വർഷം സഹകരണ ഓഡിറ്റ് പൂർത്തീകരിക്കാതെ ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ ഓഡിറ്റ് റിപ്പോർട്ടുവച്ച് വാർഷിക പൊതുയോഗം കൂടിയിട്ടുള്ള സഹകരണ അർബൻ ബാങ്കുകളുടെ എണ്ണം എത്രയാണ്; ഇപ്രകാരം നിയമവിരുദ്ധമായി

വാർഷിക പൊതുയോഗം നടത്തിയ സഹകരണ അർബൻ ബാങ്കുകളുടെമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്?

കേരള സഹകരണ നിയമപ്രകാരം 2020-21 സാമ്പത്തികവർഷം സഹകരണ ഓഡിറ്റ് പൂർത്തീകരിക്കാതെ ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ ഓഡിറ്റ് റിപ്പോർട്ടുവച്ച് 46 സഹകരണ അർബൻ ബാങ്കുകൾ വാർഷിക പൊതുയോഗം കൂടിയിട്ടുണ്ട്. സഹകരണ നിയമത്തിൽ അർബൻ സഹകരണ ബാങ്കുകൾക്ക് ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ ഓഡിറ്റ് സംബന്ധിച്ച് പ്രതിപാദിച്ചിട്ടില്ല. എന്നാൽ റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ള ധനകാര്യ സ്ഥാപനങ്ങൾക്ക് ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ ഓഡിറ്റ് നിർബന്ധമാണ്. 2019-2020 വരെ ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ ഫിനാൻഷ്യൽ ഓഡിറ്റിനോടൊപ്പം സഹകരണവകുപ്പിന്റെ ഓഡിറ്റും നടന്നിരുന്നു. ഭൂരിഭാഗം അർബൻ സഹകരണ ബാങ്കുകളിലും സഹകരണ വകുപ്പിന്റെ സമകാല ഓഡിറ്റാണ് നടന്നിരുന്നത്. ഭരണസമിതികൾ തീരുമാനം കൈക്കൊണ്ട് ഓഡിറ്റ് ചെലവ് ഒടുക്കാത്തതിനാൽ യൂണിറ്റ് ഓഡിറ്റിലേയ്ക്ക് മാറേണ്ടിവന്നത് ഓഡിറ്റ് പൂർത്തിയാകുന്നതിന് കാലതാമസമുണ്ടാകുന്നതിന് കാരണമാണ്. റിസർവ് ബാങ്കിന്റെ നിർദ്ദേശപ്രകാരം ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ ഓഡിറ്റ്

റിപ്പോർട്ടാണ് ബാങ്കുകൾ പ്രസിദ്ധപ്പെടുത്തുന്നത്. സഹകരണ ഓഡിറ്റ് പൂർത്തിയാകാത്തതിനാലാണ് ചാർട്ടേർഡ് അക്കൗണ്ടന്റുമാർ സമർപ്പിച്ചിട്ടുള്ള ഓഡിറ്റ് റിപ്പോർട്ട് വിവരങ്ങൾ പൊതുയോഗത്തിൽ ചർച്ച ചെയ്യേണ്ടിവന്നത്. ആയതിനാൽ ഇത്തരത്തിൽ കൂടിയിട്ടുള്ള വാർഷിക പൊതുയോഗത്തിന്മേൽ മറ്റ് നടപടികൾ സ്വീകരിക്കേണ്ടതായി കാണുന്നില്ല.

**കണ്ണിമല സർവ്വീസ് സഹകരണബാങ്ക് അഴിമതി**

315(2724) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കണ്ണിമല സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 3978-ൽ ശബരിമല തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി ടൂറിസം വകുപ്പിൽനിന്ന് ലഭിച്ച 30 ലക്ഷം രൂപ യാതൊരു പ്രവർത്തനവും നടത്താതെ ഭരണസമിതിയും ജീവനക്കാരും ചേർന്ന് വീതിച്ചെടുത്തുവെന്ന ആരോപണത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കോട്ടയം ജില്ലയിലെ കണ്ണിമല സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 3978-ൽ ശബരിമല തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യ

വികസനത്തിനായി ടൂറിസം വകുപ്പിൽനിന്ന് ലഭിച്ച 30 ലക്ഷം രൂപ യാതൊരു പ്രവർത്തനവും നടത്താതെ ഭരണസമിതിയും ജീവനക്കാരും ചേർന്ന് വീതിച്ചെടുത്തുവെന്ന ആരോപണത്തിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കാഞ്ഞിരപ്പള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത അന്വേഷണം നടന്നുവരികയാണ്.

(ബി) പ്രസ്തുത ബാങ്കിന്റെ ഇരുന്നൂന്നിക്കര ബ്രാഞ്ച് കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തുകയുടെ അഞ്ചിരട്ടി മുടക്കിയതായി രേഖകളുണ്ടാക്കി പണം ഉദ്യോഗസ്ഥരും ബാങ്ക് ഭരണസമിതിയും ചേർന്ന് തട്ടിയെടുത്തുവെന്ന ആക്ഷേപത്തിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

പ്രസ്തുത ബാങ്കിന്റെ ഇരുന്നൂന്നിക്കര ബ്രാഞ്ച് കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തുകയുടെ അഞ്ചിരട്ടി മുടക്കിയതായി രേഖകളുണ്ടാക്കി, പണം ഉദ്യോഗസ്ഥരും ബാങ്ക് ഭരണസമിതിയും ചേർന്ന് തട്ടിയെടുത്തുവെന്ന ആക്ഷേപത്തിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കാഞ്ഞിരപ്പള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത അന്വേഷണം നടന്നുവരുകയാണ്.

(സി) പ്രസ്തുത ബാങ്കിലെ നിക്ഷേപങ്ങളിൽ തിരിമറി നടത്തിയതായുള്ള ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടന്നിട്ടുണ്ടോ; വിശദാംശം നൽകുമോ?

കണ്ണിമല സർവ്വീസ് സഹകരണബാങ്കിലെ അനധികൃത വായ്പാ വിതരണം, സാമ്പത്തിക ഇടപാട് എന്നിവ സംബന്ധിച്ച് കേരള സഹകരണ നിയമം വകുപ്പ് 66(2) പ്രകാരം പരിശോധന നടത്തുന്നതിന് കാഞ്ഞിരപ്പള്ളി അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിലെ മുണ്ടക്കയം യൂണിറ്റ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുകയും പരിശോധന നടന്നുവരികയുമാണ്.

(ഡി) മേൽപ്പറഞ്ഞ ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട അന്വേഷണം വൈകിപ്പിക്കുന്നതിന് ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അന്വേഷണം അടിയന്തരമായി പൂർത്തീകരിച്ച് കുറ്റക്കാരായവർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

മേൽപ്പറഞ്ഞ ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട അന്വേഷണം വൈകിപ്പിക്കുന്നതിന് ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് അതിൽ കുറ്റക്കാരെന്ന്

കണ്ടെത്തുന്നവർക്കെതിരെ സഹകരണ നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്.

**സഹകരണ വകുപ്പിന്റെ ശാക്തീകരണം**

316(2725) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കെയർ ഹോം പദ്ധതിപ്രകാരം എത്ര വീടുകളാണ് നിർമ്മിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

കെയർ ഹോം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2092 വീടുകൾ നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2022 മാർച്ച് 08 വരെ പദ്ധതി പ്രകാരം 2087 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലായി നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്ന 4 വീടുകളുടെയും ഡോക്യുമെന്റേഷൻ ഘട്ടത്തിലുള്ള ഒരു വീടിന്റെയും നിർമ്മാണം ഈ സർക്കാരിന്റെ കാലത്തുതന്നെ പൂർത്തീകരിച്ച് നൽകുന്നതിനാണുദ്ദേശിക്കുന്നത്. 2018-ലും 2019-ലുമുണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ്

മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ചുനൽകുന്നത് ലക്ഷ്യംവച്ചുകൊണ്ട് കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ടം ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 40 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന് സ്ഥലം ലഭ്യമായിട്ടുള്ള തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രാഥമിക പ്രവർത്തനങ്ങൾ നടന്നുവരുന്നു. അനുയോജ്യമായ സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് കോട്ടയം ജില്ലയിലും പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത 7 ജില്ലകളിലേയും ഭവനസമുച്ചയങ്ങളുടെ നിർമ്മാണം ഈ സർക്കാരിന്റെ കാലത്തുതന്നെ പൂർത്തീകരിച്ച് നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) വായ്പ കൃത്യമായും മുടക്കംകൂടാതെ ഒടുക്കുന്നവർക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതി ആലോചനയിലുണ്ടോ എന്ന് വിശദമാക്കുമോ?

വായ്പ കൃത്യമായും മുടക്കംകൂടാതെ ഒടുക്കുന്നവർക്ക് ഇളവുകൾ നൽകുന്നുണ്ട്. ആയതുസംബന്ധിച്ച് "കുടിശ്ശിക നിവാരണം-ഒറ്റത്തവണ

തീർപ്പാക്കൽ പദ്ധതി-2021" പദ്ധതിയിൽ വ്യവസ്ഥചെയ്ത് സഹകരണസംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച സർക്കുലറിലെ വ്യവസ്ഥകൾ ചുവടെചേർക്കുന്നു.

കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്കുള്ള ഇളവുകൾ.

1. വായ്പാ തിരിച്ചടവിനെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം സാദ്ധ്യമാക്കുന്നതിനായി 01-04-2020 മുതൽ കൃത്യമായി തവണ തുകകൾ അടച്ചുവരുന്ന വായ്പക്കാർക്ക് ടി വായ്പകളിൽ 2020-2021 സാമ്പത്തികവർഷം അടച്ച പലിശയിൽ ഇളവുകൾ നൽകാവുന്നതാണ്.

2. ഇത്തരത്തിൽ കണക്കാക്കുന്ന തുക ടി വായ്പയുടെ ബാക്കിനിൽക്കുന്ന തുകയിൽ വരവ് വയ്ക്കാവുന്നതും വായ്പ കണക്ക് അവസാനിപ്പിച്ചുകഴിഞ്ഞവർക്ക് രൊക്കം തുകയായി തിരികെ നൽകാവുന്നതുമാണ്.

3. നിലവിൽ കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് സംഘം/ബാങ്ക് തലത്തിൽ നിലവിൽ ഇളവുകൾ നൽകിയിട്ടുള്ളപക്ഷം ആയത് കണക്കിലെടുത്തുകൊണ്ടുമാത്രമേ അനുവദിക്കാവൂ. ഇപ്രകാരമുള്ള ഇളവ് സംഘം ഭരണസമിതിക്ക് അനുവദിക്കാവുന്നതാണ്.

4. ടി പദ്ധതി 2022 മാർച്ച് 31 വരെ നടപ്പാക്കുന്നതിന് സർക്കുലർ മുഖേന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സഹകരണ വകുപ്പിനെ ശാക്തീകരിക്കുന്നതിന് ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

1. സംസ്ഥാന സഹകരണ മേഖലയിൽ നിലവിലുണ്ടായിരുന്ന ത്രിതല സംവിധാനത്തിനുപകരം സഹകരണ മേഖലയുടെ അപ്പെക്സ് സ്ഥാപനമായ കേരള സംസ്ഥാന സഹകരണ ബാങ്കുമായി ജില്ലാ സഹകരണ ബാങ്കുകളെ ലയിപ്പിച്ച് ദ്വിതല സംവിധാനത്തിലേയ്ക്ക് സംസ്ഥാന സഹകരണ മേഖലയെ മാറ്റുകയെന്ന ലക്ഷ്യത്തോടെ കേരളാ ബാങ്ക് രൂപീകരിച്ചു. സഹകരണമേഖലയുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനായി വിവിധ തലത്തിലുള്ള പദ്ധതികൾ കേരള ബാങ്ക് നടപ്പാക്കിവരുന്നു. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ഇടപാടുകാരുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നതിനുള്ള ബഹുമുഖ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

2. കേരള ബാങ്കിന്റെ രൂപീകരണത്തോടെ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി കേരളത്തിന്റെ

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ലഭ്യമാക്കുന്ന തരത്തിലുള്ള ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഇ-ടെൻഡർ നടപടികൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു.

3. സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഐ.സി.ഡി.എം.എസ്. പദ്ധതി പ്രകാരം സഹകരണസംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി എന്നിവയ്ക്കുള്ള അപേക്ഷകൾ പൊതുജനങ്ങൾക്ക്/സഹകരണ സംഘങ്ങൾക്കുതന്നെ നേരിട്ട് ഓൺലൈനായി സമർപ്പിക്കുന്നതിനും ആയതിനുള്ള ഫീസ് ഒടുക്കുന്നതിന് ട്രഷറി ഓൺലൈൻ പേമെന്റ് ഗേറ്റ്‌വേയുമായി സംയോജിപ്പിച്ചിട്ടുള്ളതുമാണ്. നിലവിൽ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി എന്നിവയുടെ അപേക്ഷ സമർപ്പിക്കുന്നതും ആയത് രജിസ്റ്റർ ചെയ്തുനൽകുന്നതും ടി സംവിധാനത്തിലൂടെയാണ്. സംസ്ഥാന/എൻ.സി.ഡി.സി. പദ്ധതികളിലുൾപ്പെടുത്തി സഹകരണസംഘങ്ങൾക്ക് അനുവദിക്കുന്ന ധനസഹായം അനുവദിച്ചശേഷം പ്രസ്തുത തുകയുടെ തിരിച്ചടവ് കൃത്യമായി മോണിറ്റർ ചെയ്യുന്നതിലേയ്ക്കായിട്ടാണ് ഫണ്ട് മാനേജ്മെന്റ് മൊഡ്യൂൾ തയ്യാറാക്കിയിട്ടുള്ളത്. ധനസഹായം സംബന്ധിച്ച മുഴുവൻ വിവരങ്ങളും ഈ

മൊഡ്യൂളിൽനിന്നും ലഭ്യമാകുന്നതും ആയത് കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് കഴിയുന്നതുമാണ്. സഹകരണസംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട് സോഫ്റ്റ്‌വെയർ സംവിധാനത്തിൽ തയ്യാറാക്കി വിവരങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള മൊഡ്യൂളിന്റെ സോഫ്റ്റ്‌വെയർ ഡെവലപ്‌മെന്റ് നടപടികൾ അന്തിമഘട്ടത്തിലാണ്.

4. സഹകരണ വകുപ്പ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി സി-ഡിറ്റ് മുഖേന നടപ്പാക്കിയിട്ടുള്ള ഐ.സി.ഡി.എം.എസ്. പ്രോജക്ടിലുൾപ്പെടുത്തി സഹകരണസംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് ആൻഡ് ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ എല്ലാ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS-ലൂടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ് പേജിൽ ലഭ്യമാക്കിയിട്ടുണ്ട്.

5. യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവരുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യമാക്കിയും സംസ്ഥാനത്ത്

മുപ്പത് യുവസഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

6. കലാകാരന്മാരുടെ ഉന്നമനം ലക്ഷ്യമിട്ട് കലാകാരന്മാർക്കായി ഒരു സഹകരണസംഘം രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചുവരുന്നു.

7. സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കിടയിൽ സഹകരണമേഖലയെ ശക്തിപ്പെടുത്തുന്നതിനും പട്ടികജാതി-പട്ടികവർഗ്ഗക്കാരായ യുവജനങ്ങളുടെ കർമ്മശേഷി സഹകരണമേഖലയ്ക്ക് പ്രയോജനപ്പെടുത്തുന്നതിനും അവരെ സഹകരണമേഖലയുടെ നേതൃത്വനിരയിലേയ്ക്ക് കൊണ്ടുവരുന്നതിനും ലക്ഷ്യമിട്ട് ഈ സർക്കാരിന്റെ നൂറുദിന കർമ്മപരിപാടികളുടെ ഭാഗമായി ഒരു ജില്ലയിൽ ഒരു സംഘംവീതം പട്ടികജാതി-പട്ടികവർഗ്ഗ യുവസഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

8. സംസ്ഥാനത്തെ സഹകരണസംഘങ്ങളിലെ കുടിശ്ശിക തീർപ്പാക്കുന്നതിനായി 'നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി' ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി കുടിശ്ശിക വായ്പകൾ വിവിധ ഇളവുകളോടെ തീർപ്പാക്കാൻ അവസരം

ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ വായ്പാ ഒത്തുതീർപ്പുകളിലും പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കിനൽകുന്നു.

9. സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും ഒഴിവാക്കി, ബ്ലേഡ് പലിശക്കാർ ഗ്രാമീണ മേഖലയിലുണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരുപരിധിവരെ അറുതിവരുത്തുന്നതിനും സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് സഹകരണവകുപ്പ് നടപ്പാക്കിവരുന്ന പദ്ധതിയാണ് 'മുറ്റത്തെ മുല്ല' ഗ്രാമീണ ലഘു വായ്പാ പദ്ധതി. സംസ്ഥാനത്തെ 14 ജില്ലകളിലേയ്ക്കും ടി പദ്ധതി വ്യാപിപ്പിക്കുകയും വിജയകരമായി നടപ്പാക്കിവരികയുമാണ്.

10. തീരദേശ മേഖലയിലെ താഴെത്തട്ടിലുള്ള മത്സ്യവിപണനം നടത്തുന്നവർ, മത്സ്യ അനുബന്ധ മേഖലയിലെ തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ എന്നിവർക്കായി 'സ്നേഹതീരം' എന്ന ലഘു വായ്പാ പദ്ധതി ആരംഭിക്കുകയാണ്.

11. ഭിന്നശേഷി വിഭാഗക്കാർക്ക് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾവഴി ചെറുകിട തൊഴിൽ സംരംഭങ്ങൾ

ആരംഭിക്കുന്നതിനായി പരമാവധി 9% പലിശ നിരക്കിൽ വായ്പാ പദ്ധതി ആരംഭിക്കുന്നത് പരിഗണനയിലാണ്.

12. സഹകരണ പരീക്ഷാ ബോർഡിന്റെ പരീക്ഷാ നടത്തിപ്പ് പൂർണ്ണമായും ഓൺലൈനായി നടത്തുന്ന പദ്ധതി പൂർത്തീകരിക്കും. പരീക്ഷകൾ കുറ്റമറ്റതാക്കാൻ സഹകരണ പരീക്ഷാ ബോർഡ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കും. ആയതുപ്രകാരം ഉദ്യോഗാർത്ഥികൾക്ക് ഏറ്റവും വേഗത്തിൽ നിയമനം നൽകാൻ സാധിക്കും.

13. സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സഹകരണസംഘങ്ങൾ മുഖേന Co-opmart Veg Fresh എന്നപേരിൽ പച്ചക്കറി സംഭരണ വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള കേരള ഫാം ഫ്രെഷ് ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾസ് എന്നപദ്ധതി പ്രകാരം പച്ചക്കറി സംഭരണ വിതരണ കേന്ദ്രങ്ങളും മത്സ്യഫെഡുമായി ചേർന്ന് പ്രാഥമികസംഘങ്ങൾ മുഖേന മത്സ്യവിപണന കേന്ദ്രങ്ങളും ആരംഭിക്കുന്നതിന് സർക്കാർതലത്തിൽ തീരുമാനിക്കുകയും ആയതിൻപ്രകാരം മത്സ്യഫെഡിന്റെ ഔട്ട്ലെറ്റുകൾ ഫിഷ്മാർട്ട് എന്നപേരിൽ മത്സ്യവിപണന കേന്ദ്രങ്ങൾ സഹകരണസംഘങ്ങൾ മുഖേന ആരംഭിച്ചിട്ടുണ്ട്.

14. പാലക്കാട് ജില്ലയിലെ 36 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനങ്ങളാരംഭിച്ചുവരുന്നു. പാലക്കാട് ജില്ലയിൽ ഉത്പാദിപ്പിക്കുന്ന നെല്ല് മുഴുവൻ സംഭരിക്കുകയും സംസ്കരിച്ച് അരിയാക്കിമാറ്റി സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി സർക്കാരിന്റെ പൊതുമാർക്കറ്റിലേയ്ക്ക് നൽകുകയും ചെയ്യുന്നത് കൂടാതെ സ്വന്തം ബ്രാന്റിൽ ജില്ലയിലെ സഹകരണസംഘങ്ങൾവഴി വിപണന സ്റ്റാളുകൾ കണ്ടെത്തി വിപണനം നടത്തുകയും ചെയ്യുക എന്നതാണ് പ്രധാന ലക്ഷ്യം.

15. അട്ടപ്പാടിയിലെ ആദിവാസികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയുടെ നേതൃത്വത്തിൽ ഒരു സമഗ്ര ആരോഗ്യ പദ്ധതി വിജയകരമായി നടപ്പാക്കിവരുന്നു. കോളനികളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, ആരോഗ്യ കാര്യങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക, ആംബുലൻസ് സർവ്വീസ് എത്തിക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ പോഷകാഹാരങ്ങൾ നൽകുക

എന്നിവയുൾപ്പെടെ വിവിധ ആരോഗ്യ സംരക്ഷണ പദ്ധതികൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

16. സാഹിത്യ പ്രവർത്തക സഹകരണ സംഘം ക്ലിപ്തം നം. 2458-ന് അക്ഷര-ഭാഷാ-സാഹിത്യ-സാംസ്കാരിക മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ 2020 മുതൽ ഊർജ്ജിതമായി നടന്നുവരുന്നു.

17. ഉത്സവകാലങ്ങളിലെ വിലക്കയറ്റം തടയുന്നതിനായി 13 ഇന നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിലെ വിലയേക്കാൾ കുറച്ച് സർക്കാർ സബ്സിഡിയോടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഉത്സവചന്തകൾ നടത്തിവരുന്നു. ഇതുവഴി പ്രതിവർഷം 25 ലക്ഷം കുടുംബങ്ങൾക്ക് ആനുകൂല്യമെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

18. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി " ഹരിതം സഹകരണം" എന്നപദ്ധതി നടപ്പാക്കി.

19. കേരള സഹകരണ നിയമം വകുപ്പ് 56 (1) സി, ചട്ടം 53 എ എന്നിവപ്രകാരം രൂപീകൃതമായ കേരള സഹകരണ അംഗസമാശ്വാസ നിധിയിലൂടെ ഗുരുതരരോഗം ബാധിച്ചിട്ടുള്ള സഹകാരികൾക്ക് ധനസഹായം അനുവദിച്ചുവരുന്നു.

20. സംസ്ഥാനത്തെ ചില സഹകരണസംഘങ്ങളിൽ അടുത്തകാലത്തായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള സാമ്പത്തികക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ സഹകരണ ഓഡിറ്റ് വിഭാഗത്തെയും സഹകരണ വിജിലൻസ് സംവിധാനത്തെയും കാലോചിതമായി ശക്തിപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്. സഹകരണമേഖലയുടെ സമഗ്രവികസനമാണ് ഭേദഗതി ലക്ഷ്യമിടുന്നത്.

(ഡി) സഹകരണ വകുപ്പ് ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിനും ഓഡിറ്റ് പുനഃസംഘടന നടത്തുന്നതിനും ഈ സർക്കാർ സ്വീകരിക്കുന്ന നടപടി വിശദമാക്കുമോ?

സഹകരണ ബാങ്കുകളിലെ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചുവടെപ്പറയുന്ന നടപടി സ്വീകരിച്ചുവരുന്നു.

1. സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിലേയ്ക്കായി സഹകരണവകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പാക്കുന്നതിനുള്ള പ്രാരംഭനടപടികൾ വകുപ്പുതലത്തിൽ

സ്വീകരിച്ചുവരുന്നുണ്ട്. ഓഡിറ്റർമാർക്കായി ജില്ലാതല വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്.

2. കമ്പ്യൂട്ടർവത്കൃത സംഘങ്ങളിൽ ഓഡിറ്റ് കാര്യക്ഷമമായി നിർവ്വഹിക്കത്തക്കരീതിയിൽ ജില്ലാതലത്തിൽ ഓഡിറ്റർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

3. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (ഐ.സി.എം.)-ൽനിന്നുള്ള വിദഗ്ധരുടെ സേവനം ലഭ്യമാക്കി പരിശീലന പരിപാടി സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ സഹകരണ ഓഡിറ്റ് ഡയറക്ടർ ഐ.സി.എം. ഡയറക്ടറുമായി ചർച്ചചെയ്ത് തുടർനടപടി സ്വീകരിച്ചുവരുന്നു.

4. സ്വർണ്ണപ്പണയ പണ്ടങ്ങളുടെ പരിശോധന കാലാനുസൃതമായി കാര്യക്ഷമമായരീതിയിൽ നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

5. സഹകരണസംഘങ്ങളുടെ ഓഡിറ്റ് സംബന്ധിച്ച് വകുപ്പുതല ഓഡിറ്റർമാരുടെ ടൂർ, പ്രോഗ്രാം, ഡയറി വെരിഫിക്കേഷനുകൾ താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർമാരും ജില്ലാ ജോയിന്റ് ഡയറക്ടർമാരും കൃത്യമായി നടത്തിവരുന്നു.

6. വകുപ്പുതലത്തിൽ ഓഡിറ്റർമാരുടെ പ്രവൃത്തി അവലോകനം പ്രതിമാസം താലൂക്ക്/ജില്ലാ/സംസ്ഥാന തലത്തിലും നടത്തുന്നുണ്ട്.

7. പരിഷ്കരിച്ച ഓഡിറ്റ് മാന്വൽ പ്രകാരം ഓഡിറ്റ് നടത്തുന്നതിന് ഓഡിറ്റർമാർക്കാവശ്യമായ പരിശീലനം നൽകിവരുന്നു.

8. പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ഓഡിറ്റ് ഏകീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

9. അനുപാത വിശകലനം നടത്തി സംഘത്തിന്റെ സാമ്പത്തികനില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ഓഡിറ്റർമാർക്ക് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.

10. വസ്തു ജാമ്യത്തിലുള്ള വായ്പ അപേക്ഷയിന്മേൽ ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

11. ഓഡിറ്റ് സംബന്ധിച്ച വിവരങ്ങൾ ഓൺലൈനാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

12. ഓഡിറ്റ് ശക്തിപ്പെടുത്തുന്നതിനാവശ്യമായ ഭേദഗതികൾ സഹകരണ നിയമത്തിലുൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

13. സഹകരണവകുപ്പ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി സി-ഡിറ്റ് മുഖേന നടപ്പാക്കിയിട്ടുള്ള ICDMS പ്രോജക്ടിലുൾപ്പെടുത്തി സഹകരണസംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് CAMIS എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.

14. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണസംഘങ്ങളുടെ അടിസ്ഥാനവിവരങ്ങളും ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS-ലൂടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തരം പൊതുജനങ്ങൾക്ക് കാണുന്നതിനുള്ള സംവിധാനം നടപ്പാക്കിയിട്ടുണ്ട്.

(ഇ) സംഘങ്ങളിൽ ധനാപഹരണവും അഴിമതിയും നടത്തുന്നവരിൽനിന്നും റിക്കവറി നടത്തുന്നതിന് നിലവിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

സംഘങ്ങളിൽ ധനാപഹരണവും അഴിമതിയും നടത്തുന്നവരിൽനിന്നും റിക്കവറി നടത്തുന്നതിന് നിലവിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് സഹകരണനിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

(എഫ്) കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിനായി പ്രാഥമിക കാർഷിക സംഘങ്ങളുടെ നേതൃത്വത്തിൽ പ്രത്യേക പദ്ധതികൾ നടപ്പാക്കുമോ എന്ന് വിശദമാക്കുമോ; തരിശുഭൂമി ഏറ്റെടുത്ത് താല്പര്യമുള്ള സംഘങ്ങളുടെ നേതൃത്വത്തിൽ കൃഷി വ്യാപകമാക്കുന്നതിന് പ്രത്യേക പദ്ധതി ആലോചനയിലുണ്ടോ എന്ന് വിശദമാക്കുമോ?

ഭക്ഷ്യ-കാർഷിക മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനുവേണ്ടി കേരള സർക്കാർ പ്രഖ്യാപിച്ച സുഭിക്ഷകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് വിവിധ പരിപാടികൾ സംഘടിപ്പിച്ചു. സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുകീഴിൽ കുറഞ്ഞത് 50 സെന്റ് സ്ഥലമെങ്കിലും ഏറ്റെടുത്ത് മാതൃകാ കൃഷിത്തോട്ടം നിർമ്മിക്കുകയുണ്ടായി. സഹകരണസംഘങ്ങൾവഴി കർഷകർക്ക് വായ്പാ സഹായം ലഭ്യമാക്കുക, സംഘം അടിസ്ഥാനത്തിൽ കാർഷികോത്പന്നങ്ങൾ ആരംഭിക്കുക, സംഭരണകേന്ദ്രം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കുക എന്നിവയെല്ലാം ഇതിലുൾപ്പെടുന്നു. സഹകരണ സംഘങ്ങൾവഴി ഇതിനാവശ്യമായ സാമ്പത്തികസഹായം ഉറപ്പുവരുത്തുന്നു. സർക്കാരിന്റെ 2-ാം നൂറുദിന പരിപാടിയുമായി ബന്ധപ്പെട്ട് സഹകരണസംഘം

രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽവരുന്ന സഹകരണസംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് പച്ചക്കറി കൃഷി നടപ്പാക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിനുവേണ്ടി സംഘങ്ങൾക്ക് സ്വന്തം സ്ഥലമോ തരിശു ഭൂമിയോ പാടശേഖരമോ ഉപയോഗപ്പെടുത്താവുന്നതാണ്. സംഘം അടിസ്ഥാനത്തിൽ കാർഷികോത്പന്ന ചന്തകൾ ആരംഭിക്കുക, കാർഷികോത്പന്നങ്ങൾ സംഭരിച്ച് അതാതു പ്രദേശത്തെ ഗ്രാമീണ ചന്തകൾ, കോപ്മാർട്ടിന്റെ സ്റ്റാളുകൾ എന്നിവവഴി വിപണനം നടത്തുക എന്നിവയെല്ലാം ഇതിലുൾപ്പെടുന്നു. കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിനും കാർഷികോത്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിനുമായി പ്രാഥമിക കാർഷിക സംഘങ്ങളുടെ നേതൃത്വത്തിൽ കാർഷികോത്പാദനം, സംഭരണം, സംസ്കരണം, വിപണനം, മൂല്യവർദ്ധന എന്നീ ഘടകങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് സഹകരണ മേഖലയിൽ Co-operative Initiative in Technology-driven Agriculture എന്ന പുതിയ പദ്ധതി 2022-'23-ലെ ബഡ്ജറ്റിലുൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതി നടപ്പാക്കുന്നതിലൂടെ സഹകരണസംഘങ്ങളുടെ നേതൃത്വത്തിൽ തരിശുഭൂമി ഏറ്റെടുത്ത് കൃഷി വ്യാപകമാക്കുന്നതിന് സാധിക്കുന്നതാണ്.

(ജി) സ്റ്റാർട്ടപ് ബിസിനസുകളെ സഹായിക്കുന്നതിന് സഹകരണമേഖലയിൽ നൂതന പദ്ധതികളാരംഭിക്കുമോ എന്ന് വിശദമാക്കാമോ; സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ചെറുകിട ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ അലോചനയിലുണ്ടോ?

സ്റ്റാർട്ടപ് ബിസിനസുകളെ സഹായിക്കുന്നതിന് സഹകരണമേഖലയിൽ 30 യുവജന സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. യുവ സംരംഭകരെയും സേവന ദാതാക്കളെയും സഹകരണ മേഖലയിലേയ്ക്കും സഹകരണ തത്വങ്ങളിലേയ്ക്കും ആകർഷിക്കുക, സഹകരണ മേഖലയിൽ നൂതന ആശയങ്ങൾ നടപ്പാക്കി തൊഴിൽസാധ്യത ഉറപ്പാക്കി നാടിനും സമൂഹത്തിനും സാമ്പത്തിക പുരോഗതി കൈവരിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് യുവജന സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ രൂപീകരിച്ചിട്ടുള്ള ചില സഹകരണ സംഘങ്ങളുടെ നിയമാവലിയിൽ ഭക്ഷ്യസംസ്കരണവും വിപണനവും ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സഹകരണ വകുപ്പിനുകീഴിൽ 5 യുവജന സഹകരണ സംഘങ്ങൾക്ക് രൂപംനൽകുമെന്നും ടി സംഘങ്ങൾക്ക് ഇവന്റ് മാനേജ്മെന്റ്,

ഭക്ഷ്യവിതരണം എന്നിവയുമായി ബന്ധപ്പെട്ട് സ്റ്റാർട്ടപ് ആരംഭിക്കുന്നതിലേയ്ക്കായി 2 കോടി രൂപയും 2022-23-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സമഗ്ര കാർഷിക വികസന പദ്ധതിയിൽ (PACS-വഴി) ഉൾപ്പെടുത്തിയിട്ടുള്ള ഉപഘടകമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹകരണ സംരംഭകത്വം, സ്റ്റാർട്ടപ്പുകൾ എന്നിവയുടെ പ്രോത്സാഹനത്തിനായി ആകെ 5 കോടി രൂപ 2022-23-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കാർഷികരംഗത്ത് സംഭരണം, സംസ്കരണം, വിപണനം, മൂല്യവർദ്ധന എന്നീ ഘടകങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് സഹകരണമേഖലയിൽ Co-operative Initiative in Technology-driven Agriculture എന്ന പുതിയ പദ്ധതി 2022-23-ലെ ബഡ്ജറ്റിലുൾപ്പെടുത്തിയിട്ടുണ്ട്. ആധുനിക സൗകര്യങ്ങളോടുകൂടിയ സംഭരണം, ഗുണനിലവാരമനുസരിച്ച് തരംതിരിക്കൽ, ശീതീകരണിയിൽ സൂക്ഷിക്കൽ, e-NAM-മായി ബന്ധിപ്പിക്കൽ, കർഷകോത്പാദക സംഘങ്ങളെ പ്രോത്സാഹിപ്പിക്കൽ, മൂല്യവർദ്ധന തുടങ്ങിയ സൗകര്യങ്ങളുള്ള വിപണി ഒരു പഞ്ചായത്തിൽ ഒന്ന് എന്നകണക്കിൽ സ്ഥാപിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

## സഹകരണ സംഘങ്ങളുടെ നിയന്ത്രണം

317(2726)പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് എപ്രകാരം നിയന്ത്രണം ഏർപ്പെടുത്താനുള്ള നിർദ്ദേശങ്ങളാണ് കേന്ദ്രസർക്കാരിൽനിന്നും ലഭിച്ചിട്ടുള്ളത്?

സംസ്ഥാനത്ത് പ്രാഥമിക സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിൽനിന്നും നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ 1949-ലെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമം പാർലമെന്റ് പാസ്സാക്കിയതിനെത്തുടർന്ന് സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾ അവയുടെ പേരിൽ ബാങ്ക് എന്നപദം ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലെ വകുപ്പ് 3 പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നത് ഉറപ്പാക്കണമെന്ന് റിസർവ് ബാങ്ക് നിർദ്ദേശിച്ചിട്ടുണ്ട്. ടി ഭേദഗതി

നിയമപ്രകാരം ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്നീ പദങ്ങൾ ഉപയോഗിക്കാൻ ആർ.ബി.ഐ. ലൈസൻസില്ലാത്ത സഹകരണ സ്ഥാപനങ്ങൾക്ക് കഴിയുകയില്ല. ടി നിയമത്തിലെ വകുപ്പ് 3 പ്രകാരം, ഒരു പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘവും കാർഷിക വികസനത്തിനായി ദീർഘകാല വായ്പ നൽകുകയെന്നത് പ്രാഥമിക ഉദ്ദേശ്യമായും മുഖ്യ ബിസിനസ്സമായുള്ള ഒരു സഹകരണസംഘവും അവയുടെ പേരിന്റെ ഭാഗമായോ ബിസിനസിന്റെ ഭാഗമായോ ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്നീപദങ്ങൾ ഉപയോഗിക്കാതിരിക്കുകയും ചെക്കുകളുടെ drawee ആയി പ്രവർത്തിക്കാതിരിക്കുകയുമാണെങ്കിൽ അവയ്ക്ക് ടി നിയമം ബാധകമായിരിക്കുന്നതല്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ സർവ്വീസ് സഹകരണ ബാങ്കുകൾ എന്നപേരിൽ പ്രവർത്തിച്ചുവരുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, ചില പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾ എന്നിവ അവയുടെ പേരിൽ ബാങ്ക് എന്നപദം ഉപയോഗിച്ചുവരുന്നുണ്ട്. ആയതിനാൽ ടി സ്ഥാപനങ്ങളെ 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിന്റെ പരിധിയിൽനിന്ന്

ഒഴിവാക്കണമെങ്കിൽ അവയുടെ പേരിന്റെ ഭാഗമായുള്ള 'ബാങ്ക്' എന്നപദം ഒഴിവാക്കുകയും ഇടപാടുകാർക്ക് ചെക്ക് സംവിധാനം എവിടെയെങ്കിലും നൽകുന്നുണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നതുൾപ്പെടെ, ടി നിയമത്തിലെ വകുപ്പ് 3-നുവിധേയമായുള്ള നടപടികളും സ്വീകരിക്കേണ്ടതുണ്ട്. 22-11-2021-ൽ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ പുറപ്പെടുവിച്ചതും കേരളത്തിലെ പ്രമുഖ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചതുമായ ‘ Press Release 2021/2022/1230’ പ്രകാരം, 1949-ലെ ബി.ആർ. ആക്ടിൽ 2020 സെപ്തംബർ 29-നുവന്ന ഭേദഗതി നിർദ്ദേശപ്രകാരം (Act 39 of 2020) 1949-ലെ ബി.ആർ. ആക്ട് പ്രകാരം ഇളവ് ലഭിച്ചിട്ടുള്ളവരോ ആർ.ബി.ഐ.-യുടെ പ്രത്യേക അനുവാദമുള്ള സ്ഥാപനങ്ങളോ അല്ലാത്തവർ ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്നീപദങ്ങൾ പ്രസ്തുത സ്ഥാപനങ്ങളുടെ പേരിനോടൊപ്പം ഉപയോഗിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുള്ളതായി അറിയിക്കുന്നുവെന്നും ചില സഹകരണ സ്ഥാപനങ്ങൾ മേൽപ്പറഞ്ഞ ബി.ആർ. ആക്ടിലെ ഭേദഗതി വകുപ്പ് 7-ലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ബാങ്ക് എന്നപദം അവരുടെ പേരിനൊപ്പം ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായും ചില സഹകരണ സംഘങ്ങൾ അംഗങ്ങളല്ലാത്തവരിൽനിന്നും/നോമിനൽ അംഗങ്ങളിൽനിന്നും/

അസോസിയേറ്റ് അംഗങ്ങളിൽനിന്നും നിക്ഷേപം സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ആയത് ബി.ആർ. ആക്ടിന് വിരുദ്ധമാണെന്നും മേൽസാഹചര്യത്തിൽ ഇത്തരം സഹകരണ സ്ഥാപനങ്ങൾക്ക് ബി.ആർ. ആക്ട് പ്രകാരമുള്ള ലൈസൻസില്ലായെന്നും അവർക്ക് ബാങ്കിംഗ് ബിസിനസ് നടത്തുന്നതിന് അനുവാദമില്ലായെന്നും ഇത്തരം സഹകരണസംഘങ്ങളിലുള്ള നിക്ഷേപങ്ങൾക്ക് Deposit Insurance and Credit Guarentee Corportion (DICGC) നൽകുന്ന നിക്ഷേപങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമല്ലായെന്നും ഇത്തരത്തിൽ ബാങ്ക് എന്ന് അവകാശപ്പെട്ട് നിക്ഷേപങ്ങൾ സ്വീകരിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്കെതിരെ പൊതുജനങ്ങൾ ജാഗ്രത പുലർത്തണമെന്നും ഇടപാടുകൾ നടത്തുന്നതിനുമുമ്പായി റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ നൽകിയിട്ടുള്ള ബാങ്കിംഗ് ലൈസൻസ് പരിശോധിച്ച് ഉറപ്പാക്കണമെന്നും റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ നോട്ടീസിൽ പറയുന്നു. പ്രസ്തുത നോട്ടീസ് നിയമങ്ങൾക്കെതിരും സഹകരണസംഘങ്ങളിലെ അംഗങ്ങളിലും പൊതുജനങ്ങളിലും ആശയക്കുഴപ്പവും പരിഭ്രാന്തിയും സൃഷ്ടിക്കുമെന്നതിനാൽ ആയത് പിൻവലിക്കണമെന്നഭ്യർത്ഥിച്ച് റിസർവ് ബാങ്ക് ചീഫ് ജനറൽ മാനേജർക്ക് 01-12-2021-ൽ കത്ത് നൽകിയിരുന്നു. റിസർവ് ബാങ്ക്

ജനറൽ മാനേജരുടെ 19-01-2022-ലെ DoR.CO.Leg.No.S3433/09.11.001/2021-22 നമ്പർ കത്തുപ്രകാരം സംസ്ഥാനത്തെ പ്രാഥമിക സഹകരണസംഘങ്ങളുടെ പേരിന്റെ ഭാഗമായോ ബിസിനസിന്റെ ഭാഗമായോ ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്നീപദങ്ങൾ ഉപയോഗിക്കാതിരിക്കാനും Non-Members/Nominal Members/Associate Members എന്നിവരിൽനിന്നും നിക്ഷേപങ്ങൾ സ്വീകരിക്കാതിരിക്കാനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും അറിയിച്ചുകൊണ്ട് വീണ്ടും കത്ത് ലഭിച്ചിട്ടുണ്ട്.

(ബി) ഈ നിർദ്ദേശങ്ങൾ സഹകരണസ്ഥാപനങ്ങളെ എപ്രകാരം ബാധിക്കുമെന്നാണ് വിലയിരുത്തിയിരിക്കുന്നത്?

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളും സംസ്ഥാനത്തെ കാർഷിക മേഖലയുടെയും ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെയും നട്ടെല്ലായ സഹകരണമേഖലയിലെ സുപ്രധാന പങ്കുവഹിക്കുന്ന സ്ഥാപനങ്ങളാണ്. സർവ്വീസ് സഹകരണബാങ്കുകൾ എന്നപേരിലറിയപ്പെടുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കേവലം അവയിലെ അംഗങ്ങളുടെ സാമ്പത്തിക ഇടപാടുകൾ കൈകാര്യം

ചെയ്യുന്നതിലും കാർഷിക, കാർഷികാനുബന്ധ പ്രവർത്തനങ്ങൾ എന്നിവയിലുംമാത്രം ഒതുങ്ങിനിൽക്കുന്നതല്ല. അംഗങ്ങളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങളും സാമൂഹിക ഇടപെടലുകളും നടത്തിവരുന്ന സ്ഥാപനങ്ങളാണിവ. സാമൂഹിക സുരക്ഷാ പെൻഷൻ വിതരണം, കെ.എസ്.ആർ.ടി.സി. പെൻഷൻ കൺസോർഷ്യം/ വിതരണം, നീതി മെഡിക്കൽ സ്റ്റോർ, നീതി ലാബ്, ആംബുലൻസ് സർവ്വീസ്, ഡയാലിസിസ് സെന്ററുകൾ, നാളികേര സംസ്കരണ യൂണിറ്റുകൾ, വിവിധ സഹകരണ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങളുടെ വില്പനശാലകൾ, ഉത്സവകാല ചന്തകൾ തുടങ്ങിയവ നടത്തുക എന്നിങ്ങനെയുള്ള വിവിധ ജനോപകാരപ്രദമായ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ സാമൂഹിക സാമ്പത്തിക രംഗത്ത് പകരംവയ്ക്കാൻ കഴിയാത്ത സ്ഥാപനങ്ങളാണ് സർവ്വീസ് സഹകരണ ബാങ്കുകൾ. ദീർഘകാല കാർഷിക വായ്പാരംഗത്ത് മികച്ചരീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ. ടി സ്ഥാപനങ്ങൾ ബാങ്കിംഗ് നിയമത്തിന്റെ പരിധിയിൽവന്നാൽ അവയുടെ പ്രവർത്തനം ബാങ്കിംഗ് മേഖലയിൽ മാത്രമായി ചുരുക്കപ്പെടും. ഇത് സംസ്ഥാനത്തെ സാമൂഹിക സാമ്പത്തിക രംഗത്ത് അപരിഹാര്യമായ സ്ഥിതിവിശേഷം സൃഷ്ടിക്കുമെന്ന് കരുതുന്നു.

പബ്ലിക് ഇഷ്യൂസിലൂടെയും പ്രൈവറ്റ് പ്ലേസ്മെന്റിലൂടെയും ഇക്യുറ്റി/പ്രിഫറൻസ് ഓഹരി മൂലധനം സ്വരൂപിക്കുന്നതിനുള്ള വ്യവസ്ഥ, ഓഹരി തിരിച്ചുനൽകുന്നത് തടഞ്ഞുകൊണ്ടുള്ള വ്യവസ്ഥ തുടങ്ങിയ സഹകരണ തത്വങ്ങൾക്ക് വിരുദ്ധമായ വ്യവസ്ഥകളും ബാങ്കിംഗ് നിയമത്തിലുണ്ട്. ബാങ്കിംഗ് നിയമം ബാധകമായാൽ ടി വ്യവസ്ഥകൾ സഹകരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ താല്പര്യങ്ങളെ ബാധിക്കുമെന്നും കരുതുന്നു.

(സി) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

സഹകരണം ഒരു സംസ്ഥാന വിഷയമാണ്. അതിന്റെയടിസ്ഥാനത്തിലാണ് സംസ്ഥാന സഹകരണ നിയമം പാസ്സാക്കിയിട്ടുള്ളത്. ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതിനാൽ പ്രസ്തുത വിഷയങ്ങൾ സഹകാരികൾ, PACS Association ഭാരവാഹികൾ, സഹകരണസംഘം/ബാങ്ക് ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ എന്നിവരുമായി സർക്കാർ ചർച്ച നടത്തുകയുണ്ടായിട്ടുണ്ട്. റിസർവ്

ബാങ്കിന്റെ 22-11-2021-ലെ പത്രപരസ്യത്തെത്തുടർന്ന് ആയത് പിൻവലിക്കണമെന്നഭ്യർത്ഥിച്ച് റിസർവ് ബാങ്ക് ചീഫ് മാനേജർക്ക് 01-12-2021-ൽ കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയങ്ങളിൽ സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ച് ചർച്ച നടന്നുവരുന്നു.

## സഹകരണ ഫെഡറേഷനിലെ ഓഡിറ്റ്

318(2727) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>:

<u>ശ്രീ. കെ. പി. എ. മജീദ്</u>:

<u>ഡോ. എം. കെ. മുനീർ</u>:

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ സംസ്ഥാനതല അപ്പെക്സ് സംഘമായ സഹകരണ ഫെഡറേഷനിൽ യഥാസമയം ഓഡിറ്റ് നടക്കുന്നില്ലെന്നത് പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്. 2014-15 വരെയുള്ള ഓഡിറ്റ് നോട്ട് അംഗീകരിച്ചിട്ടുണ്ട്. ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഓഡിറ്റ് സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തതിനെത്തുടർന്ന് ഗ്രാന്റുകൾ ലഭിക്കുന്നതിൽ തടസ്സം നേരിട്ടിട്ടുണ്ടോ?

ഓഡിറ്റ് സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തതിനാൽ കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന് ഗ്രാന്റുകൾ ലഭിക്കുന്നതിന് തടസ്സം നേരിട്ടിട്ടില്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകിയ കോടികളുടെ ഗ്രാന്റുകളിൽ വെട്ടിപ്പ് നടത്തിയതായ പരാതികളിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികളിന്മേൽ നടത്തിയ അന്വേഷണങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകിയ ഗ്രാന്റുകളിൽ വെട്ടിപ്പ് നടത്തിയതായി കണ്ടെത്തിയിട്ടില്ല.

## അർബൻ ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

319(2728) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ മേലാർകോട് പഞ്ചായത്തിൽ അർബൻ ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ അതിന്റെ നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

നിർദ്ദിഷ്ട അർബൻ ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കുന്നതിനായി ഐ.സി.ഡി.എം.എസ്. സോഫ്റ്റ്‌വെയർ മുഖേന സമർപ്പിച്ച ഓൺലൈൻ അപേക്ഷയിലെ പ്രോജക്ട് റിപ്പോർട്ടിന്റെയും കരട് നിയമാവലിയുടെയും പ്രാരംഭ പരിശോധന നടന്നുവരുന്നു.

## എസ്.സി./എസ്.ടി. ഫെഡറേഷനിലെ ഓഡിറ്റ്

320(2729) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി./എസ്.ടി. ഫെഡറേഷനിൽ 2010-11 മുതൽ 2014-15 വരെയുള്ള കാലയളവിൽ സമർപ്പിച്ച തെറ്റായ ഓഡിറ്റ് റിപ്പോർട്ട് റിവൈസ് ചെയ്യാൻ ശിപാർശ ചെയ്ത് ഓഡിറ്റ് ഡയറക്ടർ 2021-ൽ ഗവൺമെന്റ് സെക്രട്ടറിക്ക് പരിശോധന റിപ്പോർട്ട് സമർപ്പിച്ചിട്ടും പ്രസ്തുത ഓഡിറ്റ്

റിപ്പോർട്ട് റിവൈസ് ചെയ്യാൻ ഉത്തരവ് നൽകാത്തതിനെക്കുറിച്ച് വിശദമാക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ 2010-11 മുതൽ 2014-15 വരെയുള്ള ഓഡിറ്റ് നിർവ്വഹണത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും ആകയാൽ ടി കാലയളവിലെ ഓഡിറ്റ് റിവൈസ് ചെയ്യണമെന്നും ആവശ്യപ്പെട്ട് സഹകരണ ഓഡിറ്റ് ഡയറക്ടർ 06-12-2021-ൽ സർക്കാരിൽ ശിപാർശ സമർപ്പിച്ചിരുന്നു. എന്നാൽ ഓഡിറ്റ് ഡയറക്ടർ വിശദ പരിശോധനകൾക്കുശേഷം ഒരിക്കൽ അംഗീകരിച്ച ഓഡിറ്റ് റിപ്പോർട്ട് വർഷങ്ങൾക്കുശേഷം റിവൈസ് ചെയ്യണമെന്ന് ശിപാർശ ചെയ്തതുസംബന്ധിച്ച് കൂടുതൽ വിശദീകരണം സർക്കാർ സഹകരണസംഘം രജിസ്ട്രാറിൽനിന്ന് ആരായുകയുണ്ടായി. സഹകരണസംഘം രജിസ്ട്രാർ ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാറെ (ഭരണം) ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ചുമതലപ്പെടുത്തുകയുണ്ടായി. ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) നടത്തിയ അന്വേഷണത്തിൽ ഒരിക്കൽ അംഗീകരിച്ച ഓഡിറ്റ് റിപ്പോർട്ട് റിവൈസ് ചെയ്യുന്നതിന് സഹകരണ നിയമത്തിൽ വ്യവസ്ഥയില്ലെന്നും ഫെഡറേഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ന്യൂനതകൾ കണ്ടെത്തുന്നപക്ഷം തുടർന്നുവരുന്ന ഓഡിറ്റ്

റിപ്പോർട്ടിൽ ആവശ്യമായ രേഖപ്പെടുത്തലുകൾവരുത്തി ന്യൂനതകൾ പരിഹരിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ഒരിക്കൽ അംഗീകരിച്ച ഫെഡറേഷന്റെ ഓഡിറ്റ് റിപ്പോർട്ട് റിവൈസ് ചെയ്യുന്നതിന് സഹകരണ നിയമത്തിൽ വ്യവസ്ഥയില്ലെന്നുള്ള വിവരം സഹകരണസംഘം രജിസ്ട്രാർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചുവരുന്നു.

(ബി) എസ്.സി./എസ്.ടി. ഫെഡറേഷന്റെ 2015-16 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് പൂർത്തിയാക്കി മുൻവർഷങ്ങളിലെ തെറ്റുകളുൾപ്പെടെ തിരുത്തി എത്ര ദിവസത്തിനുള്ളിൽ ഓഡിറ്റ് റിപ്പോർട്ട് ഫെഡറേഷന് സമർപ്പിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ ഇതുവരെയുള്ള ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സഹകരണസംഘം രജിസ്ട്രാർക്കും സഹകരണ ഓഡിറ്റ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 2010 മുതൽ 2015 വരെയുള്ള സഹകരണ വകുപ്പിലെ സീനിയർ ഓഡിറ്റർ എസ്.സി./എസ്.ടി. ഫെഡറേഷന്റെ ഓഡിറ്റ് റിപ്പോർട്ടിൽ ഗുരുതരമായ വീഴ്ച വരുത്തിയതായി ഓഡിറ്റ് ഡയറക്ടർ സഹകരണ വകുപ്പ് സെക്രട്ടറിക്ക് പരിശോധന റിപ്പോർട്ട് സമർപ്പിച്ചിട്ടും പ്രസ്തുത ഓഡിറ്റർക്കെതിരെ നിയമനടപടി സ്വീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) 2016 മുതൽ ആറുവർഷമായി ഒരേ സീറ്റിൽ അസിസ്റ്റന്റ് രജിസ്ട്രാർ ആയി ജോലിനോക്കിവരുന്ന സീനിയർ ഓഡിറ്ററെ അന്വേഷണവിധേയമായി സർവ്വീസിൽനിന്നും പുറത്തുനിർത്തി അച്ചടക്കനടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

(സി&ഡി) സഹകരണസംഘം രജിസ്ട്രാറുടെ ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഒരിക്കൽ അംഗീകരിച്ച ഓഡിറ്റ് റിപ്പോർട്ട് റിവൈസ് ചെയ്യുന്നതിന് സഹകരണ നിയമത്തിൽ വ്യവസ്ഥയില്ലെന്നും ഫെഡറേഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ന്യൂനതകൾ കണ്ടെത്തുന്നപക്ഷം തുടർന്നുവരുന്ന ഓഡിറ്റ് റിപ്പോർട്ടിൽ ആവശ്യമായ

രേഖപ്പെടുത്തലുകൾ വരുത്തി ന്യൂനതകൾ പരിഹരിക്കാവുന്നതാണെന്നും ഓഡിറ്ററുടെ ഭാഗത്ത് ഗുരുതരമായ വീഴ്ചകളൊന്നുംതന്നെ സംഭവിച്ചിട്ടില്ലായെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**വിരമിച്ച ജീവനക്കാരനുള്ള ഗ്രാറ്റുവിറ്റിയും മറ്റാനുകൂല്യങ്ങളും**

321(2730) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ജീവനക്കാരുടെ സഹകരണ സംഘത്തിൽ മുപ്പത്തിയഞ്ച് വർഷം സേവനം പൂർത്തിയാക്കി വിരമിച്ച ഒരു ജീവനക്കാരന് ഗ്രാറ്റുവിറ്റിയും മറ്റാനുകൂല്യങ്ങളും നൽകാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുണ്ടായിട്ടും ആയത് നൽകിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) 30-05-2020-ന് വിരമിച്ച പ്രസ്തുത ജീവനക്കാരന് എന്നത്തേയ്ക്ക് ആനുകൂല്യങ്ങൾ നൽകാൻ കഴിയുമെന്ന് അറിയിക്കുമോ?

(എ&ബി)) തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ക്യൂ. 2176 സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള എംപ്ലോയീസ് സഹകരണ സംഘത്തിന്റെ ആസ്ഥാനം സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് പത്തനാപുരം താലൂക്കിലേയ്ക്ക് മാറ്റുകയും

09-03-2020-ൽ പാർട്ട് ടൈം അഡ്മിനിസ്ട്രേറ്റർ ചാർജ്ജെടുക്കുകയും ചെയ്തിട്ടുണ്ട്. ഫാമിംഗ് കോർപ്പറേഷനിൽനിന്നുള്ള തൊഴിലാളികൾക്ക് നൽകിയ വായ്പാ തിരിച്ചടവ്, ജില്ലാ സഹകരണബാങ്കിൽ നിലനിൽക്കുന്ന ക്യാഷ് ക്രെഡിറ്റ് കുടിശ്ശിക, സംഘത്തിൽ നിലവിലുണ്ടായിരുന്ന സാമ്പത്തിക അച്ചടക്കമില്ലായ്മ എന്നിങ്ങനെ വിവിധ കാരണങ്ങളാൽ സംഘം സാമ്പത്തിക പ്രതിസന്ധി നേരിട്ടതിനെത്തുടർന്നാണ് സംഘം ഭരണസമിതി ഒന്നടങ്കം രാജിവച്ചിട്ടുള്ളതും പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററെ നിയമിക്കേണ്ട സാഹചര്യമുണ്ടായതും. ഈ കാലങ്ങളിൽ ഒരു ജീവനക്കാരൻ മാത്രമാണ് സംഘത്തിലുണ്ടായിരുന്നത്. സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള എംപ്ലോയീസ് സഹകരണ സംഘത്തിലെ ജീവനക്കാരനായിരുന്ന ടിയാൻ 28-6-1984 മുതൽ സേവനമനുഷ്ഠിച്ച് 2020 മേയ് മാസം 30-ാം തീയതി സർവ്വീസിൽനിന്നും വിരമിച്ചിട്ടുള്ളതാണ്. ശമ്പളയിനത്തിൽ കുടിശ്ശികയായ 5 മാസത്തെ ശമ്പള തുക 3,22,710/- രൂപയും ഗ്രാറ്റുവിറ്റിയിനത്തിൽ 3,00,000/- രൂപയും 18-03-2021-ൽ ടിയാൻ കൈപ്പറ്റിയിട്ടുള്ളതാണ്. ടിയാന് റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നതിന്റെ ഭാഗമായി സംഘത്തിന്റെ പേരിലുള്ള കേരള ബാങ്കിന്റെ പേട്ട ശാഖയിൽ ഡി.എച്ച്.എസ്. നം. 1392, 2,72,000/- രൂപയുടെ സ്ഥിരനിക്ഷേപം

പിൻവലിക്കുന്നതിന് പാർട്ട് ടൈം അഡ്മിനിസ്ട്രേറ്റർ 20-01-2021-ന് തീരുമാനമെടുത്തിട്ടുള്ളതും പേട്ട ബ്രാഞ്ചിൽ 16-02-2021-ൽ നേരിട്ട് അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്. എന്നാൽ കേരള ബാങ്കിന്റെ പേട്ട ശാഖയിൽ ക്യൂ. 2176 സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള എംപ്ലോയീസ് സഹകരണസംഘത്തിന്റെ പേരിൽ 2,09,21,788/- രൂപ മുതലിനത്തിലും 20,77,502/- രൂപ പലിശയിനത്തിലും കുടിശ്ശികയുള്ളതിനാൽ ടി ബാങ്കിന്റെ പേരിലുള്ള ഡി.എച്ച്.എസ്. നം. 1392 നിക്ഷേപം തിരികെ നൽകാൻ കേരള ബാങ്ക് തയ്യാറായിട്ടില്ല. പരാതിക്കാരന് സംഘത്തിൽനിന്നും ലഭിക്കേണ്ടതായി ടിയാൻ അവകാശപ്പെടുന്ന തുകകൾ കേരളാ ബാങ്കിലുള്ള സ്ഥിരനിക്ഷേപ തുകയേക്കാൾ വളരെ കൂടുതലാണ്. സംഘത്തിന് ലഭിക്കേണ്ടതായ തുകകൾ ഈടാക്കിയെടുക്കുന്നതിനുള്ള നടപടികൾ സംഘം അഡ്മിനിസ്ട്രേറ്റർ ത്വരിതപ്പെടുത്തിവരുന്നുണ്ട്. ടിയാൻ അവകാശപ്പെടുന്ന തുകകളുടെ കൃത്യത സർവ്വീസ് ബുക്ക് അടക്കമുള്ള രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തി ടിയാന് നൽകുന്നതിനുള്ള നടപടികൾ സംഘം അഡ്മിനിസ്ട്രേറ്റർ സ്വീകരിച്ചുവരുന്നുണ്ട്.

## സംസ്ഥാനത്തെ സഹകരണസംഘങ്ങളിലെ ക്രമക്കേടുകൾ

322(2731) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന ക്രമക്കേടുകൾ പരിഹരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

സഹകരണമേഖലയിൽ ക്രമക്കേട് കണ്ടെത്തുന്നതിനായി 1969-ലെ കേരള സഹകരണസംഘം നിയമത്തിലെ വകുപ്പ് 65, 66 എന്നിവപ്രകാരം അന്വേഷണം നടത്തുകയും പ്രസ്തുത അന്വേഷണത്തിൽ കുറ്റക്കാരാണെന്ന് കണ്ടെത്തുന്നവർക്കെതിരെ സഹകരണ നിയമത്തിലെ വകുപ്പ് 68 പ്രകാരം നടപടി സ്വീകരിക്കുകയും കുറ്റക്കാർ സംഘം ജീവനക്കാരാണെങ്കിൽ ഉദ്യോഗതലത്തിൽ അച്ചടക്കനടപടി സ്വീകരിക്കുകയും സംഘം ഭരണസമിതി അംഗമാണെങ്കിൽ ചട്ടം 44 പ്രകാരം അംഗത്വത്തിൽനിന്നും അയോഗ്യനാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതും വകുപ്പ് 65, 66 എന്നിവപ്രകാരം നടത്തുന്ന അന്വേഷണം/പരിശോധനയിൽ ഗുരുതരമായ

ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം വകുപ്പ് 32 പ്രകാരം ഭരണസമിതിയെ പിരിച്ചുവിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും ഗുരുതരമായ പണാപഹരണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ ഐ.പി.സി. പ്രകാരം ശിക്ഷാർഹമാണെന്ന് കാണുന്നപക്ഷം കുറ്റക്കാർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ സഹകരണനിയമം വകുപ്പ് 68 (എ) പ്രകാരം പ്രവർത്തിച്ചുവരുന്ന സഹകരണ വിജിലൻസ് സംവിധാനത്തിലൂടെ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സത്വര തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. സഹകരണ വിജിലൻസിലെ അന്വേഷണ ഉദ്യോഗസ്ഥരായ പോലീസുദ്യോഗസ്ഥർക്ക് സഹകരണ നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ പരിശീലനം നൽകി സഹകരണ വിജിലൻസ് സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ചില സഹകരണ സംഘങ്ങളിൽ മുക്കുപണ്ടങ്ങൾ ഉൾപ്പെടെയുള്ള സ്വർണ്ണപ്പണയ ക്രമക്കേടുകൾ കണ്ടെത്തിയ

സാഹചര്യത്തിൽ ടി ക്രമക്കേടുകൾ തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സഹകരണസംഘം രജിസ്ട്രാർ 22/2016, 13/2018 നമ്പർ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സഹകരണ സംഘങ്ങളുടെ ഓഡിറ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടുകൾ പരിശോധിക്കുന്നതുസംബന്ധിച്ച് സഹകരണസംഘം രജിസ്ട്രാർ 27/2017 നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ജോയിന്റ് രജിസ്ട്രാർമാരും അസിസ്റ്റന്റ് രജിസ്ട്രാർമാരും യൂണിറ്റ് ഇൻസ്പെക്ടർമാരും തങ്ങളുടെ അധികാരപരിധിയിൽപ്പെട്ട സഹകരണസംഘങ്ങളിൽ നടത്തിവരുന്ന ആകസ്മിക/വിശദപരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. കരുവന്നൂർ എസ്.സി.ബി.-യിൽനടന്ന സാമ്പത്തിക ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ ടി ഉദ്യോഗസ്ഥർ തങ്ങളുടെ അധികാരപരിധിയിൽ പ്രത്യേക വിശദപരിശോധനകളും നടത്തിവരുന്നു. സഹകരണ ഓഡിറ്റ് വിഭാഗത്തെ ശക്തമാക്കുന്നതിനും സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തുന്ന ഗുരുതരമായ ക്രമക്കേടുകൾ സ്പെഷ്യൽ റിപ്പോർട്ട് സഹിതം ഭരണവിഭാഗത്തെ അറിയിക്കുന്നതിനും ഓഡിറ്റർമാർക്ക് നിർദ്ദേശം

നൽകിയിട്ടുണ്ട്. അതോടൊപ്പം സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ വർദ്ധിച്ചുവരുന്ന സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനായി സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകളുൾപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സഹകരണസംഘങ്ങളിൽ ക്രമക്കേട് കണ്ടെത്തുന്ന പശ്ചാത്തലത്തിൽ നിലവിലെ ഓഡിറ്റ് സംവിധാനം സമഗ്രമായി പരിഷ്കരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിലേയ്ക്കായി സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭനടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. ഓഡിറ്റർമാർക്കായി ജില്ലാതല വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. കമ്പ്യൂട്ടർവത്കൃത സംഘങ്ങളിൽ ഓഡിറ്റ് കാര്യക്ഷമമായി നിർവ്വഹിക്കത്തക്കരീതിയിൽ ജില്ലാതലത്തിൽ ഓഡിറ്റർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (ഐ.സി.എം)-ൽനിന്നുള്ള വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കി പരിശീലന പരിപാടി

സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഐ.സി.എം. ഡയറക്ടറുമായി സഹകരണ ഓഡിറ്റ് ഡയറക്ടർ ചർച്ചചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. സ്വർണ്ണപ്പണയ പണ്ടങ്ങളുടെ പരിശോധന കാലാനുസൃതമായി കാര്യക്ഷമമായ രീതിയിൽ നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വകുപ്പുതല ഓഡിറ്റർമാരുടെ സഹകരണ സംഘങ്ങളുടെ ഓഡിറ്റ് സംബന്ധിച്ച് അവരുടെ ടൂർ, പ്രോഗ്രാം, ഡയറി വെരിഫിക്കേഷനുകൾ താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർമാരും ജില്ലാ ജോയിന്റ് ഡയറക്ടർമാരും കൃത്യമായി നടത്തിവരുന്നു. വകുപ്പുതലത്തിൽ ഓഡിറ്റർമാരുടെ പ്രവൃത്തി അവലോകനം പ്രതിമാസം താലൂക്ക്/ജില്ലാ/ സംസ്ഥാന തലങ്ങളിലും നടത്തുന്നുണ്ട്. പരിഷ്കരിച്ച ഓഡിറ്റ് മാന്വൽ പ്രകാരം ഓഡിറ്റ് നടത്തുന്നതിന് ഓഡിറ്റർമാർക്കാവശ്യമായ പരിശീലനം നൽകിവരുന്നു. പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ഓഡിറ്റ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അനുപാത വിശകലനം നടത്തി സംഘത്തിന്റെ സാമ്പത്തികനില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ഓഡിറ്റർമാർക്ക് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. വസ്തു ജാമ്യത്തിലുള്ള വായ്പ അപേക്ഷയിന്മേൽ

ഏകീകൃതസ്വഭാവം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓഡിറ്റ് സംബന്ധിച്ച വിവരങ്ങൾ ഓൺലൈനാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓഡിറ്റ് ശക്തിപ്പെടുത്തുന്നതിനാവശ്യമായ ഭേദഗതികൾ സഹകരണ നിയമത്തിലുൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണവകുപ്പ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി സി-ഡിറ്റ് മുഖേന നടപ്പിലാക്കിയിട്ടുള്ള ICDMS പ്രോജക്ടിലുൾപ്പെടുത്തി സഹകരണസംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് CAMIS എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെ അടിസ്ഥാനവിവരങ്ങളും ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS-ലൂടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തരം പൊതുജനങ്ങൾക്ക് കാണുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(സി) സഹകരണ സംഘങ്ങളിലെ ചിട്ടികളുടെയും അവയുടെ ജാമ്യവ്യവസ്ഥയും പണയ ഉരുപ്പടികളുടെ അളവും തൂക്കവും പരിശോധനയും

കർശനമാക്കുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദീകരിക്കുമോ?

സഹകരണ സംഘങ്ങളിൽ ചിട്ടിക്ക് സമാനമായ പ്രതിമാസ നിക്ഷേപ/വായ്പ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. ടി പദ്ധതികളുടെ ജാമ്യവ്യവസ്ഥകളെപ്പറ്റി ടി ഉപനിബന്ധനകളിലാണ് പ്രതിപാദിച്ചിട്ടുള്ളത്. സഹകരണസംഘം രജിസ്ട്രാറുടെ 13/18 സർക്കുലർ പ്രകാരം എല്ലാ സഹകരണ സംഘങ്ങളും സംഘത്തിൽ സൂക്ഷിച്ചിരിക്കുന്ന മുഴുവൻ സ്വർണ്ണ ഉരുപ്പടികളുടെയും തൂക്കത്തിലെ കൃത്യതയും പരിശുദ്ധിയും ഉറപ്പുവരുത്തുന്നതിന് സംഘം തലത്തിൽ സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ്, സംഘം ജീവനക്കാരിൽനിന്നും ഒരു പ്രതിനിധി, ഒരു ഭരണസമിതി അംഗം, ഒരു അപ്രൈസർ എന്നിവരുൾപ്പെട്ട പരിശോധന കമ്മിറ്റി രൂപീകരിച്ച് ഓരോ മൂന്നുമാസം കൂടുമ്പോഴും ഭൗതിക പരിശോധന നടത്തി വിലയിരുത്തി സാക്ഷ്യപത്രം സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. സംഘത്തിൽ സൂക്ഷിച്ചിട്ടുള്ള പ്രസ്തുത സാക്ഷ്യപത്രത്തിന്റെ പകർപ്പ് സഹകരണ ഓഡിറ്റർമാരുടെ പരിശോധനയ്ക്ക് ലഭ്യമാക്കി സാക്ഷ്യപ്പെടുത്തേണ്ടതായിട്ടുമുണ്ട്. ഏതെങ്കിലും ക്രമക്കേടുകൾ പിന്നീട്

കണ്ടെത്തുകയാണെങ്കിൽ ആയതിന്മേലുള്ള പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട കമ്മറ്റിക്കും ഭരണസമിതിക്കുമാണ്.

**യുവജന സഹകരണ സംഘങ്ങൾ**

323(2732) ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചിട്ടുള്ള യുവജന സഹകരണ സംഘങ്ങൾക്ക് പ്രവർത്തന സഹായത്തിന് സർക്കാർ ഏന്തെല്ലാം പദ്ധതികളാണാവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

എല്ലാ സംഘങ്ങൾക്കും മൂലധന ഇനത്തിൽ 10 ലക്ഷം രൂപ നൽകുന്ന ഒരു നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലാണ്. യുവജന സഹകരണ സംഘങ്ങളുടെ പ്രതിനിധികൾക്കായി സഹകരണ തത്വങ്ങൾ, അക്കൗണ്ടിംഗ്, സംരംഭകത്വം എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിരുന്നു. യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് സംഘം പ്രതിനിധികളുടെ അവലോകന യോഗം വിളിച്ചുചേർത്ത് അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. ടി സംഘങ്ങൾ അഭിമുഖീകരിക്കുന്ന സാമ്പത്തികപ്രതിസന്ധി തരണംചെയ്യുന്നതിന് കേരളാ ബാങ്കിൽനിന്നും കുറഞ്ഞ പലിശനിരക്കിൽ

വായ്പ ലഭ്യമാക്കുന്നതിന് ഒരു പ്രത്യേക പദ്ധതി തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിന് കേരള ബാങ്കിന്, രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സംഘങ്ങളെ സഹായിക്കുന്നതിനായി പ്രമുഖ സഹകരണ സ്ഥാപനങ്ങളുമായി ചേർന്ന് സംയുക്ത സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി ആലോചിച്ചുവരുന്നു.

(ബി) യുവജന സഹകരണ സംഘങ്ങൾക്ക് പ്രതിമാസ സമ്പാദ്യപദ്ധതി, സ്വർണ്ണപ്പണയ വായ്പ എന്നിവ ആരംഭിക്കുന്നതിന് അനുമതി നൽകുമോ?

യുവസംരംഭകരെയും സേവന ദാതാക്കളെയും സഹകരണ മേഖലയിലേയ്ക്കും സഹകരണ തത്വങ്ങളിലേയ്ക്കും ആകർഷിക്കുന്നതിനും സഹകരണമേഖലയിൽ നൂതന ആശയങ്ങൾ നടപ്പാക്കി തൊഴിൽസാധ്യത ഉറപ്പാക്കി നാടിനും സമൂഹത്തിനും സാമ്പത്തികപുരോഗതി കൈവരിക്കുകയെന്ന ലക്ഷ്യത്തിനുമായാണ് യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. യുവജന സഹകരണ സംഘങ്ങളുടെ ബൈലാ വ്യവസ്ഥ പ്രകാരം പ്രതിമാസ സമ്പാദ്യ പദ്ധതി, സ്വർണ്ണപ്പണയ വായ്പ എന്നിവ ആരംഭിക്കുന്നതിന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ആയതിനാൽ യുവജന സഹകരണ സംഘങ്ങൾക്ക് പ്രതിമാസ സമ്പാദ്യ

പദ്ധതി, സ്വർണ്ണപ്പണയ വായ്പ എന്നിവ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതുസംബന്ധിച്ച് നിലവിൽ ആലോചിച്ചിട്ടില്ല.

(സി) മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതിയിൻകീഴിൽ യുവജന സഹകരണ സംഘങ്ങൾ ഏറ്റെടുത്തിരിക്കുന്ന പ്രവർത്തനങ്ങൾക്ക് സഹായം നൽകാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതിയിൻകീഴിൽ യുവജന സഹകരണ സംഘങ്ങൾ ഏറ്റെടുത്തിരിക്കുന്ന പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

## കേരള ഗസറ്റഡ് ഓഫീസേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

324(2733) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗസറ്റഡ് ഓഫീസേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, തിരുവനന്തപുരത്തിന്റെ ഭരണസമിതി അംഗങ്ങൾ ആരെല്ലാമാണെന്ന് അറിയിക്കുമോ?

സംഘം ഭരണസമിതി അംഗങ്ങളുടെ പേരുവിവരം ചുവടെചേർക്കുന്നു.

1. ശ്രീ. എം. ഷാജഹാൻ, പ്രസിഡന്റ്

2. ഡോ. എസ്. എസ്. വിവേകാനന്ദൻ, വൈസ് പ്രസിഡന്റ്

3. ശ്രീ. സുധാകരൻ പി. പി.

4. ശ്രീ. എ. പി. അജിത്ത്

5. ശ്രീ. കെ. ജനാർദ്ദൻ

6. ശ്രീ. ജിനേഷ് വി. എം.

7. ഡോ. കെ. മാണിക്യരാജ്

8. ശ്രീ. എം. പ്രദീപ്കുമാർ

9. ശ്രീമതി എ. എസ്. ദേവി മീന

10. ശ്രീമതി കലാറാണി കെ. എസ്.

11. ശ്രീമതി പ്രീതി കെ. എസ്.

(ബി) പ്രസ്തുത സൊസൈറ്റി ഭരണസമിതി യോഗം കൂടുന്നതിന് അംഗങ്ങൾക്ക് എത്ര തുകയാണ് ഓണറേറിയമായി നൽകുന്നതെന്ന് വെളിപ്പെടുത്തുമോ?

ഓണറേറിയം നൽകുന്നില്ല.

(സി) ഇങ്ങനെ അംഗങ്ങൾക്ക് തുക അനുവദിക്കുന്നതുസംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഇതുസംബന്ധിച്ച പരാതി ലഭിച്ചിട്ടില്ല.

## പത്തനാപുരത്തെ റബ്ബർ വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വക ഭൂമി

325(2734) ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവർത്തനരഹിതമായ പത്തനാപുരം താലൂക്ക് റബ്ബർ വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വക 22.47 സെന്റ് ഭൂമി സർക്കാർ ഭൂമിയായി ഏറ്റെടുക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇതുസംബന്ധിച്ച് പത്തനാപുരം എം.എൽ.എ. 2018-ൽ നൽകിയ നിവേദനത്തിന്റെയടിസ്ഥാനത്തിൽ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിന് അനുകൂലമായ റിപ്പോർട്ട് വ്യവസായ വാണിജ്യ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ബഹുമാനപ്പെട്ട എം.എൽ.എ. 2018-ൽ നൽകിയ നിവേദനത്തിന്റെയടിസ്ഥാനത്തിൽ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പ് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളും സഹകരണ വകുപ്പിലെ ബി1 159 /2018 നമ്പർ ഫയലിന്റെ നിലവിലെ അവസ്ഥയും വിശദമാക്കുമോ;

(ഡി) ബന്ധപ്പെട്ട വകുപ്പിൽനിന്നും അനുകൂലമായ റിപ്പോർട്ട് ലഭ്യമായി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത ഫയലിൽ തീരുമാനമെടുക്കാതിരിക്കുന്നതിന്റെ കാരണം വിശദമാക്കുമോ;

(ഇ) പ്രസ്തുത ഭൂമി സർക്കാർ ഏറ്റെടുക്കണമെന്ന ആവശ്യം ഗൗരവകരമായി പരിഗണിച്ച് അനുകൂല നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(സി-ഇ) സഹകരണ നിയമത്തിൽ ഇളവനുവദിച്ച് 05-03-2022-ൽ പുറപ്പെടുവിച്ച സ.ഉ. (പി) നം. 25/2022/സഹ. നമ്പർ ഉത്തരവ് 07-03-2022-ലെ അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നം. 216/2022 ആയി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

## നീതി മെഡിക്കൽ സ്റ്റോർ

326(2735) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് സഹകരണസംഘങ്ങളുടെ കീഴിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകളാണ് പ്രവർത്തിക്കുന്നത്; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് സഹകരണ സംഘങ്ങളുടെ കീഴിൽ 1036 മെഡിക്കൽ സ്റ്റോറുകളാണ് പ്രവർത്തിക്കുന്നത്. അവയുടെ ജില്ല തിരിച്ചുള്ള എണ്ണം സംബന്ധിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) കോട്ടയം ജില്ലയിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകളാണ് പ്രവർത്തിക്കുന്നതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കോട്ടയം ജില്ലയിൽ 96 നീതി മെഡിക്കൽ സ്റ്റോറുകളാണ് പ്രവർത്തിക്കുന്നത്. വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) സഹകരണ സംഘങ്ങളുടെ കീഴിൽ പുതിയ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ?

സഹകരണ സംഘങ്ങളുടെ കീഴിൽ പുതിയ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമം ചുവടെചേർക്കുന്നു.

നീതി മെഡിക്കൽ സ്റ്റോർ തുടങ്ങുന്നതിന് നിയമാവലിയിൽ വ്യവസ്ഥയുണ്ടായിരിക്കണം. സംഘത്തിൽ പെയ്ഡ് സെക്രട്ടറിയും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുമുണ്ടായിരിക്കണം. സംഘത്തിന്റെ ഓഡിറ്റ് കുറഞ്ഞത് 3 വർഷമെങ്കിലും പൂർത്തിയായിരിക്കണം. നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനാവശ്യമായ ഫണ്ട് സംഘത്തിനുണ്ടെന്ന് ഉറപ്പുവരുത്തണം. നീതി മെഡിക്കൽ സ്റ്റോർ ആരംഭിച്ചാലുള്ള വിജയ സാദ്ധ്യത സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കി സമർപ്പിക്കണം. വാടക കെട്ടിടത്തിലാണ് സ്റ്റോർ ആരംഭിക്കുന്നതെങ്കിൽ 100/- രൂപ മുദ്രപത്രത്തിൽ വാടക കരാർ പത്രം സമർപ്പിച്ചിരിക്കണം. സ്വന്തം കെട്ടിടത്തിലാണ് സ്റ്റോർ തുടങ്ങാനുദ്ദേശിക്കുന്നതെങ്കിൽ സ്ഥലം, കെട്ടിട നമ്പർ, പഞ്ചായത്ത് ഇവയുൾപ്പെടുത്തിയിരിക്കണം. നിർദ്ദിഷ്ട നീതി മെഡിക്കൽ സ്റ്റോർ തുടങ്ങാനുദ്ദേശിക്കുന്ന സ്ഥലം സർക്കാർ ആശുപത്രികളുടെ (താലൂക്കാശുപത്രി, ജില്ലാശുപത്രി, സഹകരണ ആശുപത്രി, ജനറൽ ആശുപത്രി, മെഡിക്കൽ കോളേജ് ആശുപത്രി) സമീപ പ്രദേശമോ വില്പന കൂടുതലുള്ള പ്രദേശങ്ങളോ ആയിരിക്കണം. മേൽപരാമർശിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ചിട്ടുള്ള സംഘങ്ങളുടെ അപേക്ഷ അതത് ജില്ലകളിലെ ജോയിന്റ് രജിസ്ട്രാർമാർ (ജനറൽ) പരിശോധിച്ച് ക്രമപ്രകാരമാണെങ്കിൽ പ്രസ്തുത നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് അംഗീകാരം

നൽകിവരുന്നു.

## തലശ്ശേരി കേപ് എഞ്ചിനീയറിംഗ് കോളേജ്

327(2736) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കേപ് എഞ്ചിനീയറിംഗ് കോളേജുകളിൽ ടീച്ചിംഗ്, നോൺ ടീച്ചിംഗ് ജീവനക്കാരായി സ്ഥിരം തസ്തികയിൽ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്ന് കോളേജുകൾ തിരിച്ച് ലഭ്യമാക്കുമോ?

സംസ്ഥാനത്തെ കേപ് എഞ്ചിനീയറിംഗ് കോളേജുകളിൽ ടീച്ചിംഗ്, നോൺ ടീച്ചിംഗ് ജീവനക്കാരായി സ്ഥിരം തസ്തികയിൽ ജോലി ചെയ്യുന്നവരുടെ വിവരം കോളേജുകൾ തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

(ബി) സംസ്ഥാനത്തെ സഹകരണ വകുപ്പിനുകീഴിലുള്ള പ്രധാന കോളേജായ തലശ്ശേരി കേപ് എഞ്ചിനീയറിംഗ് കോളേജിൽ സ്ഥിരം ജീവനക്കാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാർ/ദിവസവേതന അഡ്ഹോക് വ്യവസ്ഥയിൽ നിയമനം നടത്തി ആയത് പരിഹരിച്ചുവരുന്നു.

(സി) തലശ്ശേരി കേപ് എഞ്ചിനീയറിംഗ് കോളേജിന്റെ അടിസ്ഥാനസൗകര്യ വികസനത്തിന് ഏതെങ്കിലും തരത്തിലുള്ള ഫണ്ട് വകയിരുത്തിട്ടുണ്ടോ; എങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കുമോ?

കേപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾക്കായി 2021-22 സാമ്പത്തികവർഷം 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തലശ്ശേരി കേപ്പ് എഞ്ചിനീയറിംഗ് കോളേജിന്റെ അടിസ്ഥാനസൗകര്യ വികസനത്തിന് 2021-22 സാമ്പത്തിക വർഷത്തിൽ 26,60,285/- രൂപ വകയിരുത്തി ചെലവാക്കിയിട്ടുണ്ട്.

## സഹകരണ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

328(2737) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണമേഖലയിൽ ആകെ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്തെ സഹകരണ മേഖലയിൽ 90 വിദ്യാഭ്യാസ സഹകരണ സ്ഥാപനങ്ങളും ഇവയ്ക്കുപുറമേ സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ 16 സഹകരണ പരിശീലന കേന്ദ്രങ്ങളും 12 സഹകരണ പരിശീലന കോളേജുകളും കൂടാതെ കിക്മ - എം.ബി.എ. കോളേജ്, ആർ. പരമേശ്വരൻ പിള്ള മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജ് എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## സഹകരണ മേഖലയിലെ ആശുപത്രികൾ

329(2738) <u>ശ്രീ. എം. നൗഷാദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണമേഖലയിൽ ആകെ എത്ര ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രികളുടെ ജില്ല തിരിച്ചുള്ള എണ്ണം ആശുപത്രികളുടെ പേരുസഹിതം വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് സഹകരണമേഖലയിൽ നിലവിൽ 80 സഹകരണ ആശുപത്രികൾ പ്രവർത്തിക്കുന്നു. കൂടാതെ, തിരുവനന്തപുരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലയിലെ കണ്ടല സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിൽ ഒരു ആശുപത്രിയും ആലപ്പുഴ ജില്ലയിൽ കേപ്പിന്റെ നിയന്ത്രണത്തിൽ പുന്നപ്ര സാഗര സഹകരണ ആശുപത്രിയും സഹകരണ മേഖലയിൽ പ്രവർത്തിച്ചുവരുന്നു. സഹകരണ ആശുപത്രികളുടെ ജില്ലതിരിച്ചുള്ള എണ്ണം പേരുസഹിതം അനുബന്ധമായി ചേർത്തിരിക്കുന്നു.+

## വായ്പ തിരിച്ചടവിന് സാവകാശം

330(2739) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂക്കര സഹകരണ ബാങ്കിൽനിന്ന് വായ്പാ തിരിച്ചടവ് നോട്ടീസ് ലഭിച്ചതിനെത്തുടർന്ന് തൃശ്ശൂർ നല്ലങ്കര സ്വദേശി വിജയൻ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഒല്ലൂക്കര സർവ്വീസ് സഹകരണബാങ്കിലെ എ. 26977-ാം നമ്പർ അംഗമായ നെല്ലങ്കറ ദേശത്ത് നെടുവീട്ടിൽ പരേതനായ വിജയൻ, ഭാര്യ മീനാക്ഷിയുടെ പേരിൽ ആധാരം പണയപ്പെടുത്തി 4,50,000/- രൂപ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

30-01-2014 തീയതിയിൽ വായ്പയെടുത്തിരുന്നു. ടി വായ്പയിലേയ്ക്ക് നാളിതുവരെ യാതൊരു തിരിച്ചടവും നടത്തിയിട്ടില്ല. ആയതിനാൽ നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി 2022-ന്റെ ഭാഗമായി നോട്ടീസ് നൽകുന്നതിന് ബാങ്ക് ജീവനക്കാർ ടിയാളുടെ വീട്ടിൽ പോകുകയും വിജയൻ നോട്ടീസ് കൈപ്പറ്റുകയും ചെയ്തു. 18-02-2022 തീയതിയിൽ ടിയാളുടെ മകൻ വിജീഷ് അദാലത്തിന് ഹാജരാവുകയും സ്ഥലം വില്പനയായിട്ടുണ്ടെന്നും മാർച്ച് 25-നകം വായ്പ തീർക്കാമെന്നും അറിയിച്ചു. വിജയൻ ആത്മഹത്യ ചെയ്തതുസംബന്ധിച്ച പോലീസിന്റെ പ്രഥമവിവര റിപ്പോർട്ടുപ്രകാരം ഒല്ലൂക്കര സർവ്വീസ് സഹകരണ ബാങ്കിലെ വായ്പ കുടിശ്ശിക നോട്ടീസ് സംബന്ധിച്ച് യാതൊരു പരാമർശവുമില്ലാത്തതും ടിയാന്റെ രോഗാവസ്ഥയാണ് ആത്മഹത്യയിലേയ്ക്ക് നയിച്ചതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) സമാന സംഭവങ്ങളൊഴിവാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

വായ്പക്കാരുടെ ബാധ്യതയും കുടിശ്ശികയും കുറയ്ക്കുന്നതിനും കോവിഡ്-19 മഹാമാരി കാരണം ജീവിതം ദുസ്സഹമായ വായ്പക്കാർക്ക് ആശ്വാസമാകുകയെന്ന ലക്ഷ്യത്തോടുകൂടിയും കുടിശ്ശിക വായ്പകൾക്ക് ലഭ്യമാക്കാവുന്ന പരമാവധി ഇളവുകൾ നൽകി വായ്പകൾ

അവസാനിപ്പിക്കുന്നതിലേയ്ക്കുമായി നവകേരളീയം കുടിശ്ശിക നിവാരണം പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

**ലോണുകളുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ**

331(2740) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മുത്തേടം അർബൻ സഹകരണ സംഘം, മലപ്പുറം ജില്ലാ സഹകരണബാങ്ക് എന്നിവയുടെ ഡയറക്ടർ ബോർഡ് അംഗമായിരുന്ന ശ്രീ. പി. ഇസ്മയിൽ (ഇസ്മയിൽ മുത്തേടം), പരശുനാംകുന്നൻ ഹൗസ്, കാരപ്പുറം (പി.ഒ.) - 679331 എന്നവരും കുടുംബവും സ്വന്തം പേരിലും ബിനാമി പേരുകളിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിൽനിന്നും ജില്ലാ ബാങ്കിന്റെ വിവിധ ബ്രാഞ്ചുകളിൽനിന്നും മറ്റ് സഹകരണ സംഘങ്ങളിൽനിന്നും വാങ്ങിയ ലോണുകളുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച് സഹകരണ നിയമം സെക്ഷൻ 65, 66 പ്രകാരം സമഗ്ര പരിശോധനനടത്തി നടപടി സ്വീകരിക്കാൻ മലപ്പുറം ജില്ലാ ജോയിന്റ് രജിസ്ട്രാർ പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) മേൽവിഷയത്തിൽ സഹകരണ നിയമം സെക്ഷൻ 65, 66 പ്രകാരം സമഗ്ര പരിശോധനക്കുള്ള ഉത്തരവ് നൽകുന്നത് സഹകരണ വകുപ്പ് പരിഗണിക്കുമോ; വിശദമാക്കുമോ?

ശ്രീ. ഇസ്മയിൽ മുത്തേടത്തിനെതിരെ ലഭ്യമായ പരാതികളിന്മേൽ പ്രാഥമിക പരിശോധനകൾ നടന്നുവരുന്നു. ഈ പരാതികളിന്മേൽ സഹകരണ നിയമം വകുപ്പ് 65, 66 പ്രകാരമുള്ള അന്വേഷണം ആവശ്യമാണെന്ന് കണ്ടെത്തുന്നപക്ഷം ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) മേൽക്രമക്കേടുകൾ നടത്തിയ വ്യക്തിക്കെതിരായ വകുപ്പുതല അന്വേഷണമുൾപ്പെടെയുള്ള നടപടികൾക്ക് കാലതാമസമുണ്ടാകുന്നതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഇസ്മയിൽ മുത്തേടത്തിനെതിരെ ലഭ്യമായ പരാതികളിന്മേലുള്ള പരിശോധന പൂർത്തിയാക്കിയതിനുശേഷം ആവശ്യമുള്ളപക്ഷം നടപടി സ്വീകരിക്കുന്നതാണ്.

## സഹകരണ സംഘം/ബാങ്ക് വായ്പ

332(2741) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘം/ബാങ്കുകളിൽനിന്നും വായ്പയെടുത്തശേഷം വ്യക്തി മരണപ്പെട്ടാൽ അവകാശികൾക്ക് നേരിടേണ്ടിവരുന്ന നിയമനടപടികളും ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വായ്പയെടുത്ത വ്യക്തി മരണപ്പെട്ടാൽ അത്തരം വായ്പകൾ ഇളവുകളോടെ തീർപ്പാക്കുന്നതിനായി നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ വ്യവസ്ഥകളുൾപ്പെടുത്തി സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. 2022 മാർച്ച് 31 വരെ ടി പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സഹകരണ ബാങ്കിനും മലപ്പുറം ജില്ലാ സഹകരണ ബാങ്കിനും അംഗീകരിച്ച് നൽകിയിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ആവശ്യമായ വ്യവസ്ഥകളുൾപ്പെടുത്തിയിട്ടുണ്ട്. അർഹമായ വായ്പകൾക്ക് റിസ്ക് ഫണ്ട് ആനുകൂല്യവും ലഭ്യമാക്കിവരുന്നു.

(ബി) വായ്പയ്ക്ക് ഈടായി നൽകിയ വസ്തുവകകൾ വിട്ടുനൽകാൻ തയ്യാറുള്ള അവകാശികൾക്ക് ബാങ്ക് നടപടികൾ മുഖേന പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുപരിഹരിക്കാൻ വേണ്ടനടപടി സ്വീകരിക്കുമോ?

വായ്പയ്ക്ക് ഈടായി നൽകുന്ന വസ്തുവകകൾ വായ്പ കുടിശ്ശികയാകുന്ന അവസരത്തിൽ നിയമനടപടികൾ പാലിച്ചുകൊണ്ട് ബന്ധപ്പെട്ട കക്ഷികളെ അറിയിച്ച് ബാങ്കുകൾ ലേലം ചെയ്യാറുണ്ട്.

## റിസ്ക് ഫണ്ട് വിതരണം

333(2742) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്തശേഷം മരണപ്പെടുന്നവർക്ക് റിസ്ക് ഫണ്ട് പ്രകാരം എത്ര തുകവരെയാണ് ഒഴിവാക്കിനൽകുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തുക ലഭിക്കുന്നതിന് നിലവിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വായ്പക്കാരൻ മരണപ്പെട്ടാൽ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി പ്രകാരം അന്നേദിവസം ബാക്കി നിൽപ്പുള്ള വായ്പ മുതലിൽ പരമാവധി രണ്ടുലക്ഷം രൂപയും വായ്പയെടുത്തശേഷം മാരകരോഗം പിടിപെടുകയും വായ്പ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്നതുമായ വായ്പക്കാർക്ക് വായ്പ ബാക്കി നിൽപ്പ് മുതലിനത്തിൽ പരമാവധി ചികിത്സാ ധനസഹായമായി ഒരുലക്ഷം രൂപയും അനുവദിച്ചുവരുന്നു. റിസ്ക് ഫണ്ട് അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കഴിയുന്നത്ര വേഗത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) നടപടികൾ ലളിതമാക്കി പ്രസ്തുത തുക അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

റിസ്ക് ഫണ്ട് അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി കഴിയുന്നത്ര വേഗത്തിൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അപേക്ഷകന് ഓൺലൈനായി അപേക്ഷ സമർപ്പിച്ച് സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ സംവിധാനം ബോർഡിൽ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ, കൂടുതൽ

ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.

(സി) കോവിഡ് സാഹചര്യത്തിലും മറ്റസുഖങ്ങൾമൂലവും ആറുമാസത്തിനകം തുകയടയ്ക്കാൻ കഴിയാതെ വായ്പക്കാരൻ മരണപ്പെടുന്ന സാഹചര്യത്തിൽ റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കാത്ത തരത്തിലുള്ള നിലവിലെ ചട്ടത്തിൽ ഇളവ് നൽകാൻ നടപടി സ്വീകരിക്കുമോ?

കോവിഡ് സാഹചര്യത്തിലും മറ്റസുഖങ്ങൾമൂലവും ആറുമാസത്തിനകം തുകയടയ്ക്കാൻ കഴിയാതെ വായ്പക്കാരൻ മരണപ്പെടുന്ന സാഹചര്യത്തിൽ റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കാത്ത സാഹചര്യമില്ല. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വായ്പയെടുത്തശേഷം മരണമടയുന്ന വായ്പാക്കാരന് ബോർഡിൽനിന്നും ധനസഹായം അനുവദിക്കുമ്പോൾ റിസ്ക് ഫണ്ട് നിയമാവലി ഖണ്ഡിക 4(ബി) പ്രകാരം കണക്കാക്കുന്ന കുടിശ്ശിക നിബന്ധനയിൽനിന്നും 01-03-2020 മുതൽ 31-08-2020 വരെയുള്ള ആറുമാസ മൊറട്ടോറിയം കാലയളവ് ബോർഡ് തീരുമാനപ്രകാരം ഇളവ് അനുവദിച്ചുവരുന്നുണ്ട്.

## റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി ലഭിച്ച അപേക്ഷകൾ

334(2743) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2021-22 വരെ വാമനപുരം നിയോജകമണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് ബാങ്ക് തിരിച്ച് അറിയിക്കുമോ?

വാമനപുരം നിയോജകമണ്ഡലത്തിൽനിന്ന് റിസ്ക് ഫണ്ട് സ്കീമിലുൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനായി 2016-17 മുതൽ 2021-22 വരെ 288 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രപേർക്ക് ആനുകൂല്യം നൽകിയെന്ന് ബാങ്ക് തിരിച്ച് അറിയിക്കുമോ?

വാമനപുരം നിയോജകമണ്ഡലത്തിൽനിന്ന് റിസ്ക് ഫണ്ട് സ്കീമിലുൾപ്പെടുത്തി 2016-17 മുതൽ 2021-22 വരെ 209 അപേക്ഷകളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ധനസഹായം അനുവദിച്ചിട്ടുള്ളതായി അറിയിക്കുന്നു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

## സഹകരണമേഖലയിലെ ജീവനക്കാർക്ക് മെഡിക്കൽ ഇൻഷ്വറൻസ്

335(2744) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എം. മുകേഷ്:
ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി ഏർപ്പെടുത്തിയ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപിൽ സഹകരണമേഖലയിലെ ജീവനക്കാരെയും പെൻഷൻകാരെയും ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന അതേ ഇൻഷ്വറൻസ് വ്യവസ്ഥകൾ തന്നെയാണോ ഇവർക്കും ബാധകമാവുക; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ സഹകരണ വകുപ്പിലെ എത്ര ജീവനക്കാർക്കും പെൻഷൻകാർക്കും ഇതിന്റെ നേട്ടം ലഭ്യമാകും; വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി ഏർപ്പെടുത്തിയ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപിൽ സഹകരണമേഖലയിലെ ജീവനക്കാരെയും പെൻഷൻകാരെയും ഉൾപ്പെടുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**സഹകരണ വകുപ്പ് ജീവനക്കാർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

336(2745)ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കായുള്ള ആരോഗ്യ ഇൻഷ്വൻസ് പദ്ധതിയായ മെഡിസെപ് മാതൃകയിൽ സഹകരണ വകുപ്പ് ജീവനക്കാർക്ക് നടപ്പാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) സർക്കാരിന്റെ നൂറുദിന കർമ്മപദ്ധതി പ്രകാരം നടപ്പിൽവരുത്താനുദ്ദേശിച്ചിട്ടുള്ള പദ്ധതിയാണ് സഹകരണ മേഖലയിലെ ജീവനക്കാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി. സഹകരണ

വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിലും ബോർഡുകളിലും തുടങ്ങി ആരൊക്കെയാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കൾ എന്നതുസംബന്ധിച്ച അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല. സഹകരണമേഖലയിലെ ജീവനക്കാർക്കുമാത്രമായി ഒരു പ്രത്യേക ഇൻഷ്വറൻസ് പദ്ധതിക്ക് രൂപംനൽകുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുകൾ നിലവിലുള്ള സാഹചര്യത്തിൽ, സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പിൽവരുത്തിയ മെഡിസെപ് പദ്ധതിയിൽ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരെക്കൂടി ഉൾപ്പെടുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**സഹകരണ വകുപ്പിനുകീഴിലെ ബോർഡുകളിലെ ശമ്പള പരിഷ്കരണം**

337(2746) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിനുകീഴിലുള്ള ഏതൊക്കെ ബോർഡുകളിൽ ശമ്പളപരിഷ്കരണം നടപ്പാക്കിയെന്ന് അറിയിക്കുമോ?

കേരള സംസ്ഥാന സഹകരണ വെൽഫെയർ ബോർഡ്, കേരള സംസ്ഥാന സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ്, കേരള

സംസ്ഥാന സഹകരണ വികസന ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽ ശമ്പളപരിഷ്കരണം നടപ്പാക്കിയിട്ടുണ്ട്.

(ബി) ഇനിയും ശമ്പള പരിഷ്കരണം നടത്താനുള്ള ബോർഡുകളിൽ ശമ്പള പരിഷ്കരണം എന്നത്തേയ്ക്ക് നടപ്പാക്കുമെന്ന് അറിയിക്കുമോ?

കേരള സംസ്ഥാന സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്, കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡ് എന്നിവിടങ്ങളിലെ ശമ്പളപരിഷ്കരണം സംബന്ധിച്ച പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ഏതൊക്കെ ബോർഡുകളിൽ സർക്കാരിന്റെ അനുവാദത്തോടെ ശമ്പളപരിഷ്കരണം നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാന സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ സർക്കാർ ജീവനക്കാർക്ക് ബാധകമായ ശമ്പള സ്കെയിലുകളും അലവൻസുകളുമാണ് അനുവദിച്ചുനൽകിയിട്ടുള്ളത്. 10-02-2021-ലെ ജി.ഒ. (പി) നം. 27/2021/ഫിൻ പ്രകാരം സർക്കാർ ജീവനക്കാർക്ക് നടപ്പാക്കിയ ശമ്പള പരിഷ്കരണത്തെത്തുടർന്ന് ബോർഡ് ഭരണസമിതിയുടെ 29-07-2021-ലെ 7-ാം നമ്പർ തീരുമാനപ്രകാരം ബോർഡിലെ ജീവനക്കാർക്ക് ശമ്പളപരിഷ്കരണം നടപ്പാക്കിയിട്ടുണ്ട്. സർക്കാർ ജീവനക്കാർക്ക്

നടപ്പാക്കിയ ശമ്പളപരിഷ്കരണ ഉത്തരവിനെത്തുടർന്ന് ഭരണസമിതിയുടെ അനുമതിയോടെ കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് വെൽഫെയർ ബോർഡിൽ ശമ്പള പരിഷ്കരണം നടപ്പാക്കിയിട്ടുണ്ട്.

## സഹകരണ പെൻഷൻ ബോർഡിലേയ്ക്ക് അടയ്ക്കാനുള്ള പെൻഷൻ വിഹിതം

338(2747) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ പെൻഷൻ ബോർഡിലേയ്ക്ക് ജീവനക്കാരുടെ പെൻഷൻ വിഹിതത്തിലെ കുടിശ്ശികയിനത്തിലും അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജിനത്തിലും കേരള ബാങ്ക് അടയ്ക്കാനുള്ള തുക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ; ഈ തുക എന്നത്തേയ്ക്ക് അടയ്ക്കാനാകുമെന്ന് അറിയിക്കുമോ?

ജീവനക്കാർ വിരമിക്കുന്ന സമയത്ത് കേരള ബാങ്കാണ് ജീവനക്കാരുടെ വിഹിതം നിശ്ചിത ഫോർമാറ്റിൽ കണക്കാക്കി സമർപ്പിക്കുന്നത്. ബേസിക് പേ + ഡി.എ.-യുടെ 12 ശതമാനമാണ് നിലവിലെ പെൻഷൻ വിഹിതം. ജീവനക്കാരുടെ ശമ്പള -സേവന വിവരങ്ങൾ ബാങ്കിന്റെ കൈവശമായതിനാൽ നിലവിലെ സാഹചര്യത്തിൽ പെൻഷൻ വിഹിതത്തിലെ കുടിശ്ശിക കണക്കാക്കാൻ പെൻഷൻ

ബോർഡിന് സാധിക്കുകയില്ല. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരം റീജിയണിലെ നിലവിലുള്ള ജീവനക്കാർക്കായി പെൻഷൻ ഫണ്ടിനത്തിൽ 24-05-2011ൽ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷനിൽനിന്നും തിരികെ ലഭിച്ച തുകയായ 3,07,27,867/- രൂപ അടയ്ക്കാനായി ബാക്കി നിൽപ്പുണ്ടെന്ന് കേരള ബാങ്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജിനത്തിൽ 10/2020 വരെ പലിശ ഉൾപ്പെടെ 17,42,14,135/- രൂപ കേരള ബാങ്ക് അടയ്ക്കാനുണ്ട്. മേൽതുക ഈടാക്കുന്നതിന് പെൻഷൻ സ്കീമിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പെൻഷൻ ബോർഡ് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രാഥമിക സഹകരണ ബാങ്കുകളിൽനിന്നും വിരമിച്ചവരിൽ എത്രപേരാണ് സംസ്ഥാന സഹകരണ പെൻഷൻ ബോർഡിൽനിന്നും ആനുപാതിക പെൻഷൻ വാങ്ങുന്നത്; ഈ ഇനത്തിൽ എത്ര രൂപയാണ് പ്രാഥമിക സഹകരണ ബാങ്കുകളിൽനിന്നും പെൻഷൻ ബോർഡിന് പിരിഞ്ഞുകിട്ടാനുള്ളത്?

പ്രാഥമിക സഹകരണ ബാങ്കിൽനിന്നും വിരമിച്ച 378 പെൻഷൻകാർക്കും 68 ഫാമിലി പെൻഷൻകാർക്കും ആനുപാതിക പെൻഷൻ അനുവദിച്ചിട്ടുണ്ട്. പെൻഷൻ അപേക്ഷ പരിശോധിക്കുന്ന

സമയത്തുമാത്രമേ കുടിശ്ശിക കണക്കാക്കാൻ സാധിക്കുകയുള്ളൂ. അപ്രകാരം കണക്കാക്കുന്ന കുടിശ്ശിക തുക ഈടാക്കുന്നതിനായി സംഘങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകുന്നുണ്ട്.

(സി) കുടിശ്ശിക തുക പിരിച്ചെടുക്കാൻ പെൻഷൻ ബോർഡ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; ഈ തുക എന്നത്തേയ്ക്ക് പിരിച്ചെടുക്കുമെന്ന് അറിയിക്കുമോ?

കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് പെൻഷൻ സ്കീമിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം റവന്യൂ വകുപ്പുമുഖേന റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാന സഹകരണ പെൻഷൻ ബോർഡിന്റെ ഫണ്ട് വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

സഹകരണ പെൻഷൻ പരിഷ്കരിക്കുന്നതിന് 09-03-2019-ലെ സ.ഉ. (സാധാ) നം. 183/2019/സഹ. പ്രകാരം ഗവൺമെന്റ് നിയോഗിച്ച കമ്മീഷൻ റിപ്പോർട്ടിൽ പരിഷ്കരണ ശിപാർശകളും ധനാഗമ മാർഗ്ഗങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. സമിതിയുടെ ശിപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്.

## സഹകരണ വകുപ്പിൽ ജീവനക്കാരുടെ ഓൺലൈൻ സ്ഥലം മാറ്റം

339(2748) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിലെ ജീവനക്കാരുടെ ഓൺലൈൻ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ സംബന്ധിച്ച് 25-02-2017-ലെ ജി.ഒ.(പി.)നം. 3/2017/പി&എ.ആർ.ഡി., 21-10-2021-ലെ ജി.ഒ.(ആർ.ടി.)നം. 155/2021/പി&എ.ആർ.ഡി. എന്നീ ഉത്തരവുകൾ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) സഹകരണ വകുപ്പിൽ ജീവനക്കാരുടെ ഓൺലൈൻ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 16-07-2021-ലെ ഒ.എ.നം. 1315/2021 ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് അറിയിക്കുമോ?

(എ&ബി) സഹകരണ വകുപ്പിലെ ജീവനക്കാരുടെ ഓൺലൈൻ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ സംബന്ധിച്ച് 25-02-2017-ലെ ജി.ഒ. (പി) നം. 3/2017/പി&എ.ആർ.ഡി., 21-10-2021-ലെ ജി.ഒ. (ആർ.ടി.) നം.

155/2021/പി&എ.ആർ.ഡി. എന്നീ ഉത്തരവുകൾ നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 16-07-2021-ലെ ഒ.എ.നം. 1315/2021 ഉത്തരവ് നടപ്പാക്കുന്നതിനുള്ള തുടർനടപടികളും കൈക്കൊണ്ടുവരുന്നു. ഇതിന്റെ ഭാഗമായി ജീവനക്കാരുടെ ജില്ലതിരിച്ചുള്ള വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ ശേഖരിക്കുകയും ഡാറ്റാബേസ് തയ്യാറാക്കി ക്രോഡീകരിക്കുന്നതിലേയ്ക്കായി സാങ്കേതിക സംവിധാനം ലഭ്യമാക്കാൻ നാഷണൽ ഇൻഫൊർമാറ്റിക് സെന്ററിന് (NIC) കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. പൊതുസ്ഥലംമാറ്റം സംബന്ധിച്ച നിർദ്ദേശങ്ങളുടെ കരടും വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ആയത് ഉദ്യോഗസ്ഥതലത്തിലും സർവ്വീസ് സംഘടനകളുമായുമുള്ള ചർച്ചകൾക്കുശേഷം ദ്രുതഗതിയിൽ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## സഹകരണ സംഘങ്ങളിലെ നിയമനങ്ങൾ

340(2749) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിലെ മുഴുവൻ നിയമനങ്ങളും സഹകരണ പരീക്ഷാ ബോർഡിന് വിടുമെന്ന തീരുമാനം നടപ്പിലായോ എന്നറിയിക്കുമോ?

സഹകരണ സംഘങ്ങളിലെ മുഴുവൻ നിയമനങ്ങളും സഹകരണ പരീക്ഷാ ബോർഡിന് വിടുന്ന വിഷയം സഹകരണ നിയമ സമഗ്ര ഭേദഗതിയിൽ പരിഗണനാ വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സഹകരണ വിജിലൻസിനെ കാര്യക്ഷമമാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സമീപകാലത്തായി കേരളത്തിലെ ചില സഹകരണസംഘങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്ന ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ സഹകരണ വിജിലൻസിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നിയമഭേദഗതി കൊണ്ടുവരുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

(സി) സഹകരണ വകുപ്പിനെ ആധുനികവൽക്കരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

സഹകരണ വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനായി ചുവടെ വിവരിക്കുംപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ഇ-ഓഫീസ്</u>:- സഹകരണവകുപ്പിൽ ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് എൻ.ഐ.സി.യുമായി ചേർന്ന് 2018 മുതൽ നടപ്പാക്കിയിട്ടുണ്ട്. KSWAN കണക്ടിവിറ്റി ലഭ്യമല്ലാത്ത ആഫീസുകളിൽ ബി.എസ്.എൻ.എൽ. ലീസ്ഡ് ലൈൻ കണക്ടിവിറ്റി ലഭ്യമാക്കുന്നതിനായി വർക്ക് ഓർഡർ നൽകിയിട്ടുള്ളതും കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതുമാണ്. 30-04-2022-നുമുമ്പായി സഹകരണവകുപ്പിനെ സമ്പൂർണ്ണ ഇ-ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറ്റാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

<u>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള ഏകീകൃത സോഫ്റ്റ്വെയർ</u>:- കേരള ബാങ്കിന്റെ രൂപീകരണത്തോടെ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ലഭ്യമാക്കുന്ന തരത്തിലുള്ള ഏകീകൃത സോഫ്റ്റ്വെയർ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, പ്രതിമാസ നിക്ഷേപ പദ്ധതി തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന

തരത്തിലാണ് ഏകീകൃത സോഫ്റ്റ്‌വെയറിനുള്ള ആർ.എഫ്.പി. തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങളിലെ അംഗങ്ങൾക്ക് ലഭ്യമാകുന്ന രീതിയിലും ഇടപാടുകളിൽ പരമാവധി സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകളുൾപ്പെടുത്തിയുമാണ് ആർ.എഫ്.പി. തയ്യാറാക്കിയിട്ടുള്ളത്.

ICDMS (Integrated Co-operative Department Management System):- സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ICDMS പദ്ധതി പ്രകാരം താഴെപ്പറയുന്ന 3 സേവനങ്ങൾ ഓൺലൈൻ വഴി നടപ്പാക്കിയിട്ടുണ്ട്.

i) സഹകരണസംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി:- സഹകരണസംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി എന്നിവയ്ക്കുള്ള അപേക്ഷകൾ പൊതുജനങ്ങൾക്ക്/സഹകരണ സംഘങ്ങൾക്കുതന്നെ നേരിട്ട് ഓൺലൈനായി സമർപ്പിക്കുന്നതിനും ആയതിനുള്ള ഫീസ് ഒടുക്കുന്നതിന് ട്രഷറി ഓൺലൈൻ പേമെന്റ് ഗേറ്റ് വേയുമായി

സംയോജിപ്പിച്ചിട്ടുള്ളതുമാണ്. നിലവിൽ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി എന്നിവയുടെ അപേക്ഷകൾ സമർപ്പിക്കുന്നതും ആയത് രജിസ്റ്റർ ചെയ്ത് നൽകുന്നതും ടി സംവിധാനത്തിലൂടെയാണ്.

ii) <u>ഫണ്ട് മാനേജ്മെന്റ് മൊഡ്യൂൾ</u>:- സംസ്ഥാന/എൻ.സി.ഡി.സി. പദ്ധതികളിൽ ഉൾപ്പെടുത്തി സഹകരണസംഘങ്ങൾക്ക് അനുവദിക്കുന്ന ധനസഹായം അനുവദിച്ചതിനുശേഷം ടി തുകയുടെ തിരിച്ചടവ് കൃത്യമായി മോണിറ്റർ ചെയ്യുന്നതിലേയ്ക്കായിട്ടാണ് ഫണ്ട് മാനേജ്മെന്റ് മൊഡ്യൂൾ തയ്യാറാക്കിയിട്ടുള്ളത്. ധനസഹായം സംബന്ധിച്ച മുഴുവൻ വിവരങ്ങളും ഈ മൊഡ്യൂളിൽനിന്നും ലഭ്യമാകുന്നതും ആയത് കൃത്യമായി മോണിറ്റർ ചെയ്യുന്നതിനും കഴിയുന്നതാണ്.

iii) <u>ഓഡിറ്റ് മൊഡ്യൂൾ</u> :- സഹകരണസംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട് സോഫ്റ്റ്‌വെയർ സംവിധാനത്തിൽ തയ്യാറാക്കി ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള മൊഡ്യൂളിന്റെ സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് നടപടികൾ അന്തിമഘട്ടത്തിലാണ്. യൂസർ അക്സ്പ്റ്റൻസ് ടെസ്റ്റ് (UAT) നടപടികൾ പുരോഗമിക്കുന്നു.

<u>സഹകരണ ഇലക്ഷൻ മാനേജ്മെന്റ് സിസ്റ്റം</u>:- സഹകരണസംഘങ്ങളുടെ ഇലക്ഷൻ നടത്തുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

<u>Co-operative Audit Monitoring & Information System (CAMIS)</u>:- ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണസംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാനവിവരങ്ങളും ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS-ലൂടെ പൊതുജനങ്ങൾക്കുൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഓൺലൈൻ സിസ്റ്റത്തിലൂടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും താലൂക്ക് തിരിച്ച് മുഴുവൻ സംഘങ്ങളുടെയും പട്ടിക, നിശ്ചിത കാലയളവിൽ ഓഡിറ്റ് ചെയ്യാവുന്ന വിവിധ വിഭാഗത്തിൽപ്പെട്ട ആകെ സംഘങ്ങളുടെ എണ്ണം, ആയതിൽ ഓഡിറ്റ് പൂർത്തീകരിച്ചവയുടെ

എണ്ണം, പൂർത്തീകരിക്കാൻ ബാക്കി നിൽപ്പുള്ളവയുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഓരോ സംഘത്തിന്റെയും അടിസ്ഥാനവിവരങ്ങളും ബാലൻസ് ഷീറ്റിന്റെ സംക്ഷിപ്തവും പൊതുജനങ്ങൾക്കുൾപ്പെടെ ലഭ്യമാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള ഡാഷ്ബോർഡുകളും ലഭ്യമാണ്. സംഘങ്ങളുടെ ഓഡിറ്റിൽ കണ്ടെത്തുന്ന ഗുരുതരമായ ക്രമക്കേടുകൾ, ക്രമക്കേടുകളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ തുടങ്ങിയ വിവരങ്ങൾ വകുപ്പിലെ ഉദ്യോഗസ്ഥരുടെ അറിവിലേയ്ക്കും തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി ലഭ്യമാക്കിയിട്ടുണ്ട്. CAMIS നടപ്പാക്കിയതിലൂടെ കേരളത്തിലെ ഏത് സഹകരണസംഘത്തെക്കുറിച്ചുള്ള അടിസ്ഥാനവിവരങ്ങളും ലോകത്തിന്റെ ഏത് കോണിലിരുന്നും ആർക്കും വിരൽത്തുമ്പിൽ ലഭിക്കുന്നതാണ്. സഹകരണസംഘം രജിസ്ട്രാറുടെയും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെയും കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണസംഘങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിലൂടെ വകുപ്പുതല വിവരശേഖരണം സുഗമമാക്കുന്നതിനും സംഘങ്ങളുടെ പ്രവർത്തനം ഫലപ്രദമായി നിരീക്ഷിക്കുന്നതിനും ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനും കഴിയുന്നതാണ്. സഹകരണസംഘങ്ങളുടെ അടിസ്ഥാന വിവരങ്ങൾ പൊതുജനങ്ങൾക്ക്

ലഭ്യമാക്കുന്നതിലൂടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ജനങ്ങളുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും യുവജനങ്ങളുൾപ്പെടെ കൂടുതൽ ജനവിഭാഗങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

കേരള സംസ്ഥാന സഹകരണ പരീക്ഷാ ബോർഡ് - പരീക്ഷാ നടപടികൾക്ക് ഓൺലൈൻ സംവിധാനം :- സഹകരണ പരീക്ഷാ ബോർഡ് വഴിയുള്ള നിയമനങ്ങൾക്ക് അപേക്ഷ ഓൺലൈൻവഴി സമർപ്പിക്കുന്നതിനും തുടർന്നുള്ള പരീക്ഷാ നടത്തിപ്പ്, മൂല്യനിർണ്ണയം, ഫലപ്രഖ്യാപനം തുടങ്ങിയവ ഓൺലൈനായി നടപ്പാക്കുന്നതിനുമുള്ള സംവിധാനം സി-ഡിറ്റിന്റെ സാങ്കേതിക സഹായത്തോടെ വികസിപ്പിച്ചിട്ടുണ്ട്. 2022 മാർച്ച് 31-ന് പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## സഹകരണ മേഖലയിൽ തൊഴിലവസരങ്ങൾ

341(2750) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയിലുൾപ്പെടുത്തി സഹകരണമേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് നടപ്പാക്കുന്ന രണ്ടാം നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി സഹകരണ വകുപ്പ്/സഹകരണ സ്ഥാപനങ്ങൾ മുഖേന 500 സ്ഥിരം തൊഴിൽ സൃഷ്ടിക്കുന്നതിനും കേരള ബാങ്ക് സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, സഹകരണ അപ്പെക്സ് ഫെഡറേഷനുകൾ, മറ്റ് സഹകരണ സംഘങ്ങൾ എന്നിവയിലൂടെ തൊഴിലധിഷ്ഠിതമായ സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾ, ചെറുകിട കച്ചവടം എന്നീ പദ്ധതികൾക്കായി വായ്പകൾ അനുവദിച്ചുകൊണ്ട് 19500 തൊഴിൽ/തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നു.

## സഹകരണ വകുപ്പിലെ ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തിക

342(2751) <u>ഡോ. എം. കെ. മുനീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ പുനഃസംഘടനയുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് രജിസ്ട്രാറിൽനിന്നും പ്രാഥമിക റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

എങ്കിൽ അതിൽ ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയുടെ കേഡർ സ്ട്രെംഗ്ത് വർദ്ധിപ്പിക്കാൻ നിർദ്ദേശമുണ്ടോ; എത്രയെണ്ണമാണ് വർദ്ധിപ്പിക്കാനായി നിർദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഉദ്യോഗസ്ഥ പാറ്റേൺ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികകളാണ് സൃഷ്ടിക്കാനുദ്ദേശിക്കുന്നത്?

(എ&ബി) സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ്/വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിലേയ്ക്കായി സഹകരണ നിയമത്തിലും ചട്ടത്തിലും കാലാനുസൃതമായ ഭേദഗതികൾ വരുത്തുന്നതിനും സഹകരണ വകുപ്പിന്റെ പുനഃസംഘടനയ്ക്കും ടീം ഓഡിറ്റ് സംവിധാനം അഴിച്ചുപണിയുന്നതിനും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പുവഴി പഠനം നടത്തുന്നതിലേയ്ക്കായി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് സഹകരണസംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ പഠന റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ആയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാനാണുദ്ദേശിക്കുന്നത്.

(സി) പുതുക്കിയ സ്പെഷ്യൽ റൂളനുസരിച്ച് സഹകരണ വകുപ്പിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ഓഡിറ്റർ ഒഴിവുകൾ നികത്തുന്നതിനുള്ള അനുപാതം എത്രയാണ്?

സഹകരണ വകുപ്പിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ഓഡിറ്റർ ഒഴിവുകൾ നികത്തുന്നതിനുള്ള അനുപാതം 40:40:20 (40% നേരിട്ടുള്ള നിയമനം, 40% യോഗ്യരായ യു.ഡി.ക്ലാർക്ക്/യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽനിന്നും തസ്തികമാറ്റം വഴിയുള്ള ഉദ്യോഗക്കയറ്റം, 20% ഗ്രാമസേവകരിൽനിന്നുമുള്ള തസ്തികമാറ്റം) ആണ്. 21-06-2021-ലെ ജി.ഒ. (പി)നം. 99/2021/സഹ പ്രകാരം ഗ്രാമസേവകരിൽനിന്നുമുള്ള സ്ഥാനമാറ്റം മുഖേനയുള്ള നിയമനത്തിന് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പ്രസ്തുത ഒഴിവുകൾ നേരിട്ടുള്ള നിയമനം മുഖേന നികത്താമെന്ന് ഭേദഗതി വരുത്തി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികകളിലേയ്ക്ക് പ്രൊമോഷൻവഴി നിയമനം നടത്താനായി മാറ്റിവയ്ക്കുകയും ഇപ്പോഴും യോഗ്യരായ ആളുകളില്ലാത്തതിനാൽ ഒഴിഞ്ഞുകിടക്കുന്നതുമായ ഒഴിവുകൾ നേരിട്ടുള്ള

നിയമനത്തിനായുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നികത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നിലവിലുള്ള വ്യവസ്ഥ പ്രകാരം സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികകളിലേയ്ക്ക് പ്രൊമോഷൻവഴി നിയമനം നടത്താനായി മാറ്റിവയ്ക്കുന്ന ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നികത്താൻ കഴിയില്ല.

**പട്ടികജാതി-പട്ടികവർഗ്ഗ ഫെഡറേഷനിലെ ഓഡിറ്റ്**

343(2752) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ ഫെഡറേഷനിലെ ജീവനക്കാർ നടത്തിയ സാമ്പത്തിക അഴിമതികളും 2010-11 മുതൽ 2014-15 വരെ ഫെഡറേഷനിൽ നടത്തപ്പെട്ട സഹകരണ വകുപ്പിന്റെ ഓഡിറ്റിൽ സീനിയർ ഓഡിറ്റർ വരുത്തിയ ഗുരുതര വീഴ്ചകളും കൃത്രിമങ്ങളും സംബന്ധിച്ച പരാതിയിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ സഹകരണ വകുപ്പ് സെക്രട്ടറി സഹകരണ ഓഡിറ്റ് ഡയറക്ടർക്ക് നിർദ്ദേശം

നൽകിയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് ഡയറക്ടർ സഹകരണ വകുപ്പ് സെക്രട്ടറിക്ക് രണ്ടുതവണ പരിശോധനാ റിപ്പോർട്ട് നൽകിയിരുന്നോ; വ്യക്തമാക്കുമോ;

(ബി) 2010-11 മുതൽ 2014-15 വരെയുള്ള തെറ്റായ ഓഡിറ്റ് റിപ്പോർട്ട് റിവൈസ് ചെയ്യാൻ 01-12-2021-ൽ ഓഡിറ്റ് ഡയറക്ടർ ശിപാർശ ചെയ്ത പരിശോധനാ റിപ്പോർട്ട് ഗവൺമെന്റ് സെക്രട്ടറിക്ക് സമർപ്പിച്ചിട്ടും ഓഡിറ്റ് റിപ്പോർട്ട് റിവൈസ് ചെയ്യാൻ ഉത്തരവിറക്കാത്തതിന്റെ കാരണം അറിയിക്കുമോ?

(എ&ബി) പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ 2010-11 മുതൽ 2014-15 വരെയുള്ള ഓഡിറ്റ് നിർവ്വഹണത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും ആകയാൽ ടി കാലയളവിലെ ഓഡിറ്റ് റിവൈസ് ചെയ്യണമെന്നും ആവശ്യപ്പെട്ട് സഹകരണ ഓഡിറ്റ് ഡയറക്ടർ 06-12-2021-ൽ സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിച്ചിരുന്നു. എന്നാൽ ഒരിക്കൽ ഓഡിറ്റ് ഡയറക്ടർ വിശദ പരിശോധനകൾക്കുശേഷം അംഗീകരിച്ച ഓഡിറ്റ് റിപ്പോർട്ട് വർഷങ്ങൾക്കുശേഷം റിവൈസ് ചെയ്യണമെന്ന് ശിപാർശ ചെയ്യുന്നതുസംബന്ധിച്ച് സഹകരണസംഘം രജിസ്ട്രാറിൽനിന്നും സഹകരണ ഓഡിറ്റ് ഡയറക്ടറിൽനിന്നും കൂടുതൽ

വിശദീകരണം ആരായുകയുണ്ടായി. തുടർന്ന് ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് സഹകരണസംഘം രജിസ്ട്രാർ ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാറെ (ഭരണം) സഹകരണസംഘം രജിസ്ട്രാർ ചുമതലപ്പെടുത്തുകയുണ്ടായി. ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) നടത്തിയ അന്വേഷണത്തിൽ ഒരിക്കൽ അംഗീകരിച്ച ഓഡിറ്റ് റിപ്പോർട്ട് റിവൈസ് ചെയ്യുന്നതിന് സഹകരണ നിയമത്തിൽ വ്യവസ്ഥയില്ലെന്നും ഫെഡറേഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ന്യൂനതകൾ കണ്ടെത്തുന്നപക്ഷം തുടർന്നുവരുന്ന ഓഡിറ്റ് റിപ്പോർട്ടിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ന്യൂനതകൾ പരിഹരിക്കാവുന്നതാണെന്നും ഓഡിറ്ററുടെ ഭാഗത്ത് ഗുരുതരമായ വീഴ്ചകളൊന്നുംതന്നെ സംഭവിച്ചിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരിക്കൽ അംഗീകരിച്ച ഫെഡറേഷന്റെ ഓഡിറ്റ് റിപ്പോർട്ട് റിവൈസ് ചെയ്യുന്നതിന് സഹകരണ നിയമത്തിൽ വ്യവസ്ഥയില്ലെന്നുള്ള വിവരം സഹകരണസംഘം രജിസ്ട്രാർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിരുന്നു. സഹകരണസംഘം രജിസ്ട്രാറും സഹകരണ ഓഡിറ്റ് ഡയറക്ടറും സമർപ്പിച്ച റിപ്പോർട്ടുകൾ സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു.

(സി) 2015-16 മുതൽ 2020-21 വരെയുള്ള ഓഡിറ്റ് സർട്ടിഫിക്കറ്റ് ഫെഡറേഷന് എന്നത്തേയ്ക്ക് നൽകും; അറിയിക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ ഇതുവരെയുള്ള ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സഹകരണസംഘം രജിസ്ട്രാർക്കും സഹകരണ ഓഡിറ്റ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ ഫെഡറേഷനിൽ ഓഡിറ്റ് സമകാലീനമായി നടത്തപ്പെടാത്തതുകൊണ്ട് ഫെഡറേഷന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പ്ലാൻ ഫണ്ടുകളും ഗ്രാന്റുകളും സബ്സിഡികളുമായി ലഭിക്കാതെപോയ തുകകൾ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിൽ സമകാലീനമായി ഓഡിറ്റ് നടത്തപ്പെടാത്തതുകൊണ്ട് ഫെഡറേഷന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പ്ലാൻ ഫണ്ടുകൾ, ഗ്രാന്റുകൾ, സബ്സിഡികൾ എന്നിവ ലഭിക്കാത്ത സാഹചര്യമുണ്ടായിട്ടില്ല.

(ഇ) 2010 മുതൽ 2015 വരെ സഹകരണ വകുപ്പിലെ സീനിയർ ഓഡിറ്റർ ശ്രീ. അയ്യപ്പൻ നായർ ഫെഡറേഷന്റെ ഓഡിറ്റ് റിപ്പോർട്ടിൽ തെറ്റായ കണക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കണക്കുകളിൽ കൃത്രിമം കാണിച്ചിട്ടുണ്ടെന്നും കാണിച്ച് ഓഡിറ്റ് ഡയറക്ടർ സഹകരണ വകുപ്പ് സെക്രട്ടറിക്ക് പരിശോധനാ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടും പ്രസ്തുത ഓഡിറ്റർക്കെതിരെ നിയമനടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ;

(എഫ്) പ്രസ്തുത വ്യക്തിയെ അന്വേഷണവിധേയമായി സർവ്വീസിൽനിന്നും പുറത്തുനിർത്തി അച്ചടക്ക നടപടികൾ സ്വീകരിക്കാൻ തയ്യാറാകാത്തതിന്റെ കാരണം വിശദമാക്കുമോ; നിലവിലുള്ള തസ്തികയിൽ 6 വർഷം തുടരാൻ ഇദ്ദേഹത്തെ അനുവദിച്ചതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

(ഇ&എഫ്) സഹകരണസംഘം രജിസ്ട്രാർ ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഒരിക്കൽ അംഗീകരിച്ച ഓഡിറ്റ് റിപ്പോർട്ട് റിവൈസ് ചെയ്യുന്നതിന് സഹകരണ നിയമത്തിൽ വ്യവസ്ഥയില്ലെന്നും ഫെഡറേഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ന്യൂനതകൾ

കണ്ടെത്തുന്നപക്ഷം തുടർന്നുവരുന്ന ഓഡിറ്റ് റിപ്പോർട്ടിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ന്യൂനതകൾ പരിഹരിക്കാവുന്നതാണെന്നും ഓഡിറ്ററുടെ ഭാഗത്ത് ഗുരുതരമായ വീഴ്ചകളൊന്നുംതന്നെ സംഭവിച്ചിട്ടില്ലെന്നും സഹകരണസംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിരുന്നു.

**സഹകരണ ചന്തകൾ**

344(2753) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉത്സവകാലത്തോ പുതുവത്സരത്തിലോ സഹകരണ ചന്തകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ചന്തകളാണ് ആരംഭിച്ചതെന്നും ആരംഭിച്ചിട്ടില്ലെങ്കിൽ കാരണമെന്താണെന്നും വ്യക്തമാക്കുമോ?

നടത്തിയിട്ടുണ്ട്. 2021 ആഗസ്റ്റ് 11 മുതൽ 20 വരെ 1929 വിപണികളിലായി കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ സർക്കാർ സബ്സിഡിയോടുകൂടി സഹകരണ ഓണം വിപണി നടത്തിയിട്ടുണ്ട്.

(ബി) സാധാരണക്കാർക്ക് ആശ്വാസമേകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള ഇത്തരം സംവിധാനങ്ങളിൽനിന്ന് പിൻവാങ്ങുന്നതിന്റെ കാരണം വിശദമാക്കുമോ?

സഹകരണവകുപ്പ് മുൻകാലങ്ങളിലേതുപോലെ ഈ സാമ്പത്തിക വർഷവും സഹകരണ വിപണി സംഘടിപ്പിച്ചിട്ടുണ്ട്.

(സി) സഹകരണ ചന്തകൾക്ക് സബ്സിഡി ലഭിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സബ്സിഡി ഉറപ്പുവരുത്തി വിജയകരമായി ചന്തകൾ നടത്താൻ വകുപ്പിന് കഴിയാത്തതെന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ?

സബ്സിഡി നിരക്കിൽ ഉത്സവകാല വിപണികൾ നടത്തുന്നതിന് കൺസ്യൂമർഫെഡ് മിതമായ വിലയ്ക്ക് മൊത്തമായി സാധനങ്ങൾ ശേഖരിച്ച് പ്രാഥമിക സഹകരണസംഘങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് സഹകരണ വിപണികൾ മുഖേന 13 ഇനം നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത അളവിൽ സബ്സിഡിയോടുകൂടി ഉത്സവകാലങ്ങളിൽ വില്പന നടത്തിവരുന്നുണ്ട്. വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതിന് ഗവൺമെന്റ് സബ്സിഡി അനുവദിക്കുന്നുണ്ട്.

## സഹകരണ ഓഡിറ്റ് വകുപ്പിന്റെ ആധുനികവൽക്കരണം

345(2754) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ ഓഡിറ്റ് വകുപ്പ് ആധുനികവൽക്കരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉണ്ട്. സഹകരണ ബാങ്കുകളിലെ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചുവടെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണ സംഘങ്ങളുടെ ഓഡിറ്റ് സമ്പ്രദായം ശക്തമാക്കുന്നതിന്റെ ഭാഗമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ IA&AS സർവ്വീസിൽനിന്ന് സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ ഗ്രേഡിലുള്ള ഉദ്യോഗസ്ഥയെ സഹകരണ ഓഡിറ്റ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിലേയ്ക്കായി സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ടീം ഓഡിറ്റ് നടത്തുന്നതുസംബന്ധിച്ച് ഒരു സ്കീം തയ്യാറാക്കി അതിന്റെ

അടിസ്ഥാനത്തിൽ ഓഡിറ്റ് നടത്തുന്നതാണ്. സഹകരണരംഗത്ത് ആശാസ്യമല്ലാത്ത പ്രവണതകൾ കൂടിവരുന്ന സാഹചര്യത്തിൽ സഹകരണ നിയമത്തിൽ സമഗ്ര ഭേദഗതി വരുത്തി ക്രിമിനൽ നടപടി നിയമപ്രകാരം ക്രമക്കേടുകൾ അന്വേഷിക്കുന്നതിന് കൂടുതൽ കർശന വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതാണ്. സംഘങ്ങളുടെ കണക്കുകൾ തയ്യാറാക്കുന്നതിന് പുതിയ നിയമ ഭേദഗതിയിൽ വ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതാണ്. കമ്പ്യൂട്ടർവത്കൃത സംഘങ്ങളിൽ ഓഡിറ്റ് കാര്യക്ഷമമായി നിർവ്വഹിക്കത്തക്ക രീതിയിൽ ജില്ലാതലത്തിൽ ഓഡിറ്റർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (ഐ.സി.എം.)-ൽനിന്നുള്ള വിദഗ്ധരുടെ സേവനം ലഭ്യമാക്കി പരിശീലന പരിപാടി സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ സഹകരണ ഓഡിറ്റ് ഡയറക്ടർ ഐ.സി.എം. ഡയറക്ടറുമായി ചർച്ച ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കാലാനുസൃതമായി സ്വർണ്ണപ്പണയ പണ്ടങ്ങളുടെ പരിശോധന കാര്യക്ഷമമായ രീതിയിൽ നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർമാരും ജില്ലാ ജോയിന്റ് ഡയറക്ടർമാരും കൃത്യമായി വകുപ്പുതല ഓഡിറ്റർമാരുടെ സഹകരണ

സംഘങ്ങളുടെ ഓഡിറ്റ് സംബന്ധിച്ച് അവരുടെ ടൂർ പ്രോഗ്രാം, ഡയറി വെരിഫിക്കേഷനുകൾ എന്നിവ നടത്തിവരുന്നു. വകുപ്പുതലത്തിൽ ഓഡിറ്റർമാരുടെ പ്രവൃത്തി അവലോകനം പ്രതിമാസം താലൂക്ക്/ജില്ലാ/ സംസ്ഥാനതലത്തിലും നടത്തുന്നുണ്ട്. പരിഷ്കരിച്ച ഓഡിറ്റ് മാന്വൽ പ്രകാരം ഓഡിറ്റ് നടത്തുന്നതിന് ഓഡിറ്റർമാർക്കാവശ്യമായ പരിശീലനം നൽകിവരുന്നു. പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ഓഡിറ്റ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അനുപാത വിശകലനം നടത്തി സംഘത്തിന്റെ സാമ്പത്തികനില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ഓഡിറ്റർമാർക്ക് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. വസ്തുജാമ്യത്തിലുള്ള വായ്പാപേക്ഷയിന്മേൽ ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓഡിറ്റ് സംബന്ധിച്ച വിവരങ്ങൾ ഓൺലൈനാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓഡിറ്റ് ശക്തിപ്പെടുത്തുന്നതിനാവശ്യമായ ഭേദഗതികൾ സഹകരണ നിയമത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണവകുപ്പ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി Centre for Development of Imaging Technology (C-Dit) മുഖേന നടപ്പാക്കിയിട്ടുള്ള Integrated Co-

operative Department Management System പ്രോജക്റ്റിൽ ഉൾപ്പെടുത്തി സഹകരണസംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണസംഘങ്ങളുടെ അടിസ്ഥാനവിവരങ്ങളും ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS-ലൂടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തരം പൊതുജനങ്ങൾക്ക് കാണുന്നതിനുള്ള സംവിധാനം നടപ്പാക്കിയിട്ടുണ്ട്.

**സഹകരണ വകുപ്പിൽ മെഡിസെപ് പദ്ധതി**

346(2755) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പാക്കിയ മെഡിസെപ് പദ്ധതി സഹകരണ വകുപ്പിനുകീഴിലുള്ള സഹകരണ സ്ഥാപനങ്ങൾ, അപ്പെക്സ് സ്ഥാപനങ്ങൾ, പെൻഷൻ ബോർഡ്, വെൽഫെയർ ബോർഡ്, ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ കീഴിലുള്ള വിവിധ

സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവർക്ക് നടപ്പാക്കുമോ എന്നും എന്നത്തേയ്ക്ക് നടപ്പാക്കാൻ സാധിക്കുമെന്നും അറിയിക്കുമോ?

സർക്കാരിന്റെ രണ്ടാം നൂറുദിന കർമ്മ പദ്ധതിപ്രകാരം നടപ്പിൽ വരുത്താനുദ്ദേശിച്ചിട്ടുള്ള പദ്ധതിയാണ് സഹകരണ ജീവനക്കാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി. സഹകരണ വകുപ്പിനുകീഴിലുള്ള സഹകരണ സ്ഥാപനങ്ങൾ, അപ്പെക്സ് സ്ഥാപനങ്ങൾ, പെൻഷൻ ബോർഡ്, വെൽഫെയർ ബോർഡ് തുടങ്ങി ആരൊക്കെയാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കൾ എന്നതുസംബന്ധിച്ച് അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല. സഹകരണമേഖലയിലെ ജീവനക്കാർക്കുമാത്രമായി ഒരു പ്രത്യേക ഇൻഷ്വറൻസ് പദ്ധതിക്ക് രൂപംനൽകുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുകൾ നിലവിലുള്ള സാഹചര്യത്തിൽ, സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുംവേണ്ടി നടപ്പിൽവരുത്തിയ മെഡിസെപ് പദ്ധതിയിൽ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരെക്കൂടി ഉൾപ്പെടുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

## സഹകരണ ഓഡിറ്റ്

347(2756) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിലെ ഓഡിറ്റിനായി ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കാനുള്ള നടപടികൾ ഏതുഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ?

സഹകരണവകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ICDMS പദ്ധതി പ്രകാരം സഹകരണസംഘങ്ങളുടെ രജിസ്ട്രേഷൻ & ബൈലാ ഭേദഗതി, ഫണ്ട് മാനേജ്മെന്റ് മൊഡ്യൂൾ, ഓഡിറ്റ് മൊഡ്യൂൾ എന്നീ 3 സേവനങ്ങളാണ് ഓൺലൈൻവഴി നടപ്പാക്കിയിട്ടുള്ളത്.

<u>സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി</u>:- സഹകരണസംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി എന്നിവയ്ക്കുള്ള അപേക്ഷകൾ പൊതുജനങ്ങൾക്ക്/സഹകരണസംഘങ്ങൾക്കുതന്നെ നേരിട്ട് ഓൺലൈനായി സമർപ്പിക്കുന്നതിനും ആയതിനുള്ള ഫീസ് ഒടുക്കുന്നതിന് ട്രഷറി ഓൺലൈൻ പേമെന്റ് ഗേറ്റ് വേ-യുമായി സംയോജിപ്പിച്ചിട്ടുള്ളതുമാണ്. നിലവിൽ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി

എന്നിവയുടെ അപേക്ഷകൾ സമർപ്പിക്കുന്നതും ആയത് രജിസ്റ്റർ ചെയ്ത് നൽകുന്നതും ടി സംവിധാനത്തിലൂടെയാണ്.

ഫണ്ട് മാനേജ്മെന്റ് മൊഡ്യൂൾ:- സംസ്ഥാന/എൻ.സി.ഡി.സി. പദ്ധതികളിൽ ഉൾപ്പെടുത്തി സഹകരണസംഘങ്ങൾക്ക് ധനസഹായം അനുവദിച്ചതിനുശേഷം ടി തുകയുടെ തിരിച്ചടവ് കൃത്യമായി മോണിറ്റർ ചെയ്യുന്നതിലേയ്ക്കാണ് ഫണ്ട് മാനേജ്മെന്റ് മൊഡ്യൂൾ തയ്യാറാക്കിയിട്ടുള്ളത്. ധനസഹായം സംബന്ധിച്ച മുഴുവൻ വിവരങ്ങളും ഈ മൊഡ്യൂളിൽനിന്നും ലഭ്യമാകുന്നതും ആയത് കൃത്യമായി മോണിറ്റർ ചെയ്യുന്നതിനും കഴിയുന്നതാണ്.

ഓഡിറ്റ് മൊഡ്യൂൾ:- സഹകരണസംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട് സോഫ്റ്റ്വെയർ സംവിധാനത്തിൽ തയ്യാറാക്കി ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള മൊഡ്യൂളിന്റെ സോഫ്റ്റ്വെയർ ഡെവലപ്മെന്റ് നടപടികൾ അന്തിമഘട്ടത്തിലാണ്. യൂസർ അക്സപ്റ്റൻസ് ടെസ്റ്റ് (UAT) നടപടികൾ പുരോഗമിക്കുന്നു.

(ബി) കേരള ബാങ്ക് രൂപീകരണംമൂലവും അർബൻ ബാങ്കിലെ ഓഡിറ്റിംഗ് സഹകരണ വകുപ്പിൽനിന്നും എടുത്തുമാറ്റിയതുകൊണ്ടും

ഒഴിവുണ്ടാകുന്ന സഹകരണ വകുപ്പിലെ തസ്തികകൾ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് വകുപ്പിലെ ഒരു തസ്തികയും നഷ്ടപ്പെട്ടിട്ടില്ല. 2020-ലെ Banking Regulations (Amendment) Act ഭേദഗതി പ്രകാരം ചാർട്ടേഡ് അക്കൗണ്ടന്റുമാർ അർബൻ സഹകരണ ബാങ്കുകളിൽ സാമ്പത്തിക ഓഡിറ്റ് നടത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാരണത്താൽ അർബൻ ബാങ്കിൽ നിലവിലുണ്ടായിരുന്ന സമകാലീന ഓഡിറ്റർമാർ തുടരേണ്ടതില്ലെന്ന് ബന്ധപ്പെട്ട അർബൻ ബാങ്ക് ഭരണ സമിതികൾ തീരുമാനമെടുത്തിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റർമാരുടെ തസ്തിക നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. സംസ്ഥാന സർക്കാർ അർബൻ ബാങ്കിന്റെ പ്രതിനിധികളുമായി ഈ വിഷയത്തിൽ ചർച്ച നടത്തുകയും അപ്പെക്സ് സ്ഥാപനങ്ങൾക്ക് സമാനമായി അർബൻ ബാങ്കുകളിൽ അഡ്മിനിസ്ട്രേറ്റീവ് ഓഡിറ്റ് നടത്തുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് സഹകരണ നിയമത്തിൽ മാറ്റംവരുത്തുന്നതിനും ഒന്നിലധികം സ്ഥാപനങ്ങളുടെ ഗ്രൂപ്പ് കൺകറന്റ്

ഓഡിറ്റർ തസ്തിക സൃഷ്ടിച്ച് അഡ്മിനിസ്ട്രേറ്റീവ് ഓഡിറ്റ് നടത്തുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

(സി) കരുവന്നൂർ ബാങ്കിലെ ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ സഹകരണ ഓഡിറ്റ് വിഭാഗത്തിൽ ഒരേ തസ്തികയിൽ ഒന്നര വർഷത്തിൽക്കൂടുതൽ ജോലി ചെയ്യുവരെ മാറ്റിനിയമിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

സഹകരണവകുപ്പിലെ ഓഡിറ്റ് വിഭാഗവുമായി ബന്ധപ്പെട്ട് ഗസറ്റഡ് തസ്തികയിലെ ജീവനക്കാരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയായിവരുന്നു. 3 വർഷത്തിൽക്കൂടുതൽ ഒരേതസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന നോൺ ഗസറ്റഡ് ജീവനക്കാരെ സ്ഥലംമാറ്റി നിയമിച്ചിട്ടുണ്ട്.

(ഡി) സഹകരണ സംഘങ്ങളിലെ പ്യൂൺ നിയമനങ്ങളുൾപ്പെടെ സഹകരണ വകുപ്പിലെ എല്ലാ നിയമനങ്ങളും സഹകരണ പരീക്ഷാ ബോർഡിന് വിടുമെന്ന തീരുമാനം നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

സഹകരണ സംഘങ്ങളിലെ പ്യൂൺ നിയമനങ്ങളുൾപ്പെടെ സഹകരണ വകുപ്പിലെ എല്ലാ നിയമനങ്ങളും സഹകരണ പരീക്ഷാ ബോർഡിന് വിടണമെന്ന വിഷയം സഹകരണ നിയമ സമഗ്ര ഭേദഗതിയിൽ

പരിഗണനാ വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ ചർച്ചകൾക്കുശേഷം ഇക്കാര്യത്തിൽ നയപരമായ തീരുമാനമെടുക്കാനാണുദ്ദേശിക്കുന്നത്.

(ഇ) സഹകരണ വകുപ്പിനെ ആധുനികവൽക്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; സഹകരണവകുപ്പിൽ അധുനികവൽക്കരണത്തിനായി പ്രത്യേക വിഭാഗം രൂപീകരിക്കുമോ?

സഹകരണ വകുപ്പിനെ ആധുനികവൽക്കരിക്കുന്നത് സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>ഇ-ഓഫീസ്</u>- സഹകരണവകുപ്പിൽ ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് നാഷണൽ ഇൻഫൊർമാറ്റിക് സെന്ററുമായി (എൻ.ഐ.സി.) ചേർന്ന് 2018 മുതൽ നടപ്പാക്കിയിട്ടുണ്ട്. 14 ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസുകളിലും 13 ജോയിന്റ് ഡയറക്ടർ (ഓഡിറ്റ്) ഓഫീസുകളിലും 16 അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസുകളിലും 6 അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്) ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. KSWAN കണക്ടിവിറ്റി ലഭ്യമല്ലാത്ത ആഫീസുകളിൽ BSNL leased line കണക്ടിവിറ്റി

ലഭ്യമാക്കുന്നതിനായി വർക്ക് ഓർഡർ നൽകിയിട്ടുള്ളതും കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. 30-04-2022-നുമുമ്പായി സഹകരണവകുപ്പ് സമ്പൂർണ്ണ ഇ-ആഫീസ് സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന് കഴിയുന്നതാണ്.

<u>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള ഏകീകൃത സോഫ്റ്റ്‌വെയർ</u>- കേരള ബാങ്കിന്റെ രൂപീകരണത്തോടെ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ലഭ്യമാക്കുന്ന തരത്തിലുള്ള ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, പ്രതിമാസ നിക്ഷേപ പദ്ധതി തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലാണ് ഏകീകൃത സോഫ്റ്റ്‌വെയറിനുള്ള ആർ.എഫ്.പി. തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ കേരള ബാങ്കിന്റെ കോർബാങ്കിംഗ് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക്

വിധേയമായി പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങളിലെ അംഗങ്ങൾക്ക് ലഭ്യമാകുന്ന രീതിയിലും ഇടപാടുകളിൽ പരമാവധി സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകള് ഉൾപ്പെടുത്തിയുമാണ് ആർ.എഫ്.പി. തയ്യാറാക്കിയിട്ടുള്ളത്.

ICDMS (Integrated Co-operative Department Management System)- സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ICDMS പദ്ധതി പ്രകാരം സഹകരണസംഘങ്ങളുടെ രജിസ്ട്രേഷൻ & ബൈലാ ഭേദഗതി, ഫണ്ട് മാനേജ്മെന്റ് മൊഡ്യൂൾ, ഓഡിറ്റ് മൊഡ്യൂൾ എന്നീ 3 സേവനങ്ങളാണ് ഓൺലൈൻവഴി നടപ്പാക്കിയിട്ടുള്ളത്.

സഹകരണ ഇലക്ഷൻ മാനേജ്മെന്റ് സിസ്റ്റം- സഹകരണസംഘങ്ങളുടെ ഇലക്ഷൻ നടത്തുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

Co-operative Audit Monitoring & Information System (CAMIS)- ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ

തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റത്തിലൂടെ (CAMIS) പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ്പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഓൺലൈൻ സിസ്റ്റത്തിലൂടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും താലൂക്ക് തിരിച്ച് മുഴുവൻ സംഘങ്ങളുടെയും പട്ടിക, നിശ്ചിത കാലയളവിൽ ഓഡിറ്റ് ചെയ്യാവുന്ന വിവിധ വിഭാഗത്തിൽപ്പെട്ട ആകെ സംഘങ്ങളുടെ എണ്ണം, ആയതിൽ ഓഡിറ്റ് പൂർത്തീകരിച്ചവയുടെ എണ്ണം, പൂർത്തീകരിക്കാൻ ബാക്കി നിൽപ്പുള്ളവയുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഓരോ സംഘത്തിന്റെയും അടിസ്ഥാനവിവരങ്ങളും ബാലൻസ്ഷീറ്റിന്റെ സംക്ഷിപ്തവും പൊതുജനങ്ങൾക്കുൾപ്പെടെ ലഭ്യമാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള ഡാഷ്ബോർഡുകളും ലഭ്യമാണ്. സംഘങ്ങളുടെ ഓഡിറ്റിൽ കണ്ടെത്തുന്ന ഗുരുതരമായ ക്രമക്കേടുകൾ, ക്രമക്കേടുകളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ തുടങ്ങിയ വിവരങ്ങൾ വകുപ്പിലെ ഉദ്യോഗസ്ഥരുടെ

അറിവിലേയ്ക്കും തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി ലഭ്യമാക്കിയിട്ടുണ്ട്. CAMIS നടപ്പാക്കിയതിലൂടെ കേരളത്തിലെ ഏത് സഹകരണ സംഘത്തെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങളും ലോകത്തിന്റെ ഏത് കോണിലിരുന്നും ആർക്കും വിരൽത്തുമ്പിൽ ലഭിക്കുന്നതാണ്. സഹകരണസംഘം രജിസ്ട്രാറുടെയും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെയും കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിലൂടെ വകുപ്പുതല വിവരശേഖരണം സുഗമമാക്കുന്നതിനും സംഘങ്ങളുടെ പ്രവർത്തനം ഫലപ്രദമായി നിരീക്ഷിക്കുന്നതിനും ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനും കഴിയുന്നതാണ്. സഹകരണസംഘങ്ങളുടെ അടിസ്ഥാന വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിലൂടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ജനങ്ങളുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും യുവജനങ്ങൾ ഉൾപ്പെടെ കൂടുതൽ ജനവിഭാഗങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

കേരള സംസ്ഥാന സഹകരണ സർവ്വീസസ് പരീക്ഷാ ബോർഡ് പരീക്ഷാ നടപടികൾക്ക് ഓൺലൈൻ സംവിധാനം - സഹകരണ പരീക്ഷാ ബോർഡുവഴിയുള്ള നിയമനങ്ങൾക്ക് ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ

ഓൺലൈൻവഴി സമർപ്പിക്കുന്നതിനും തുടർന്നുള്ള പരീക്ഷാ നടത്തിപ്പ്, മൂല്യനിർണ്ണയം, ഫലപ്രഖ്യാപനം തുടങ്ങിയവ ഓൺലൈനായി നടപ്പാക്കുന്നതിനുമുള്ള സംവിധാനം സി-ഡിറ്റിന്റെ സാങ്കേതിക സഹായത്തോടെ വികസിപ്പിച്ചിട്ടുണ്ട്. 2022 മാർച്ച് 31-ന് പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**സഹകരണമേഖലയിൽ ആർ.ബി.ഐ.-യുടെ ഇടപെടൽ**

348(2757) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർ.ബി.ഐ.-യുടെ ഭാഗത്തുനിന്നും സഹകരണമേഖലയെ ദുർബ്ബലപ്പെടുത്താനിടയാക്കുന്ന നടപടിയുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. 1949-ലെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമം പാർലമെന്റ് പാസ്സാക്കിയിരുന്നു. ടി ഭേദഗതി നിയമപ്രകാരം ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്നീ പദങ്ങളുപയോഗിക്കാൻ ആർ.ബി.ഐ. ലൈസൻസില്ലാത്ത സഹകരണ സ്ഥാപനങ്ങൾക്ക് കഴിയുകയില്ലെന്ന് വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്ത് നിലവിൽ പ്രാഥമിക കാർഷിക വായ്പാ

സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, ചില പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾ എന്നിവ 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാകണമെങ്കിൽ അവയുടെ പേരിന്റെ ഭാഗമായുള്ള 'ബാങ്ക്' എന്ന പദം ഒഴിവാക്കുകയും ഇടപാടുകാർക്ക് ചെക്ക് സംവിധാനം എവിടെയെങ്കിലും നൽകുന്നുണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നതുൾപ്പെടെ, ടി നിയമത്തിലെ വകുപ്പ് 3-നുവിധേയമായുള്ള നടപടികളും സ്വീകരിക്കേണ്ടതുണ്ട്. അപ്രകാരം മാറ്റങ്ങൾ വരുത്തിയില്ലെങ്കിൽ ടി സ്ഥാപനങ്ങൾ ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന സാഹചര്യമാണുള്ളത്. ടി നിയമത്തിലെ വകുപ്പ് (4) പ്രകാരം ബാങ്കിംഗ് റെഗുലേഷൻ നിയമത്തിലെ വകുപ്പ് 56-ൽ വരുത്തിയ ഭേദഗതികളിൽ പബ്ലിക് ഇഷ്യൂവിലൂടെയും പ്രൈവറ്റ് പ്ലേസ്മെന്റിലൂടെയും ഇക്യൂറ്റി/പ്രിഫറൻസ് ഓഹരി മൂലധനം സ്വരൂപിക്കുന്നതിനുള്ള വ്യവസ്ഥ, ഓഹരി മൂലധനം തിരിച്ചുനൽകുന്നത് തടഞ്ഞുകൊണ്ടുള്ള വ്യവസ്ഥ, ചില നിയമനങ്ങളിലുള്ള നിയന്ത്രണം, ചില ഭരണസമിതി അംഗങ്ങൾക്കും ചെയർമാനുമുള്ള യോഗ്യതാ ഓഹരികൾ, ഓഡിറ്റ്, ഭരണസമിതിയെ പിരിച്ചുവിടുന്നതിനുള്ള അധികാരം തുടങ്ങിയ

നിരവധി വ്യവസ്ഥകൾ ഇന്ത്യൻ ഭരണഘടനയിലെ സ്റ്റേറ്റ് ലിസ്റ്റിലെ എൻട്രി 32-ലെ incorporation, regulation and winding up of co-operative societies എന്നിവയുമായി ബന്ധപ്പെട്ടവയാണ്. ആയത് സംസ്ഥാന താല്പര്യത്തെയും സംസ്ഥാനത്ത് ബാങ്കിംഗ് റെഗുലേഷൻ നിയമം നിലവിൽ ബാധകമായിട്ടുള്ള സ്ഥാപനങ്ങളായ കേരള സംസ്ഥാന സഹകരണ ബാങ്ക്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്കുകൾ എന്നിവയെയും അവയിലെ അംഗങ്ങളുടെ താല്പര്യങ്ങളെയും ബാധിക്കുമെന്ന് കരുതുന്നു. റിസർവ് ബാങ്ക് ജനറൽ മാനേജരുടെ 09-04-2021-ലെ TVM.DOS.SED.No.S36/06.13.004/2021-22 നമ്പർ കത്തുപ്രകാരം 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലെ വകുപ്പ് 3 പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന് നിർദ്ദേശം ലഭിച്ചിരുന്നു. 22-11-2021-ൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പുറപ്പെടുവിച്ചതും കേരളത്തിലെ പ്രമുഖ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചതുമായ 'Press Release 2021-2022/1230' പ്രകാരം, 1949-ലെ ബി.ആർ. ആക്ടിൽ 2020 സെപ്റ്റംബർ 29-നുവന്ന ഭേദഗതി നിർദ്ദേശപ്രകാരം (Act 39 of 2020) 1949-ലെ ബി.ആർ. ആക്ട് പ്രകാരം ഇളവ് ലഭിച്ചിട്ടുള്ളവരോ ആർ.ബി.ഐ.-യുടെ പ്രത്യേക അനുവാദമുള്ള സ്ഥാപനങ്ങളോ അല്ലാത്തവർ ബാങ്ക്,

ബാങ്കർ, ബാങ്കിംഗ് എന്നീ പദങ്ങൾ പ്രസ്തുത സ്ഥാപനങ്ങളുടെ പേരിനോടൊപ്പം ഉപയോഗിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുള്ളതായി അറിയിക്കുന്നുവെന്നും ചില സഹകരണ സ്ഥാപനങ്ങൾ മേൽപ്പറഞ്ഞ ബി.ആർ. ആക്ടിലെ ഭേദഗതി വകുപ്പ് 7-ലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ബാങ്ക് എന്നപദം അവരുടെ പേരിനോടൊപ്പം ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായും ചില സഹകരണസംഘങ്ങൾ അംഗങ്ങളല്ലാത്തവരിൽനിന്നും/നോമിനൽ അംഗങ്ങളിൽനിന്നും/ അസോസിയേറ്റ് അംഗങ്ങളിൽനിന്നും നിക്ഷേപം സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ആയത് ബി.ആർ. ആക്ടിന് വിരുദ്ധമാണെന്നും മേൽസാഹചര്യത്തിൽ ഇത്തരം സഹകരണ സ്ഥാപനങ്ങൾക്ക് ബി.ആർ. ആക്ട് പ്രകാരമുള്ള ലൈസൻസില്ലെന്നും അവർക്ക് ബാങ്കിംഗ് ബിസിനസ് നടത്തുന്നതിന് അനുവാദമില്ലെന്നും ഇത്തരം സഹകരണ സംഘങ്ങളിലുള്ള നിക്ഷേപങ്ങൾക്ക് Deposit Insurance and Credit Guarentee Corporation (DICGC) നൽകുന്ന നിക്ഷേപങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമല്ലെന്നും ഇത്തരത്തിൽ ബാങ്ക് എന്ന് അവകാശപ്പെട്ട് നിക്ഷേപങ്ങൾ സ്വീകരിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്കെതിരെ പൊതുജനങ്ങൾ ജാഗ്രത പുലർത്തണമെന്നും ഇടപാടുകൾ

നടത്തുന്നതിനുമുമ്പായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നൽകിയിട്ടുള്ള ബാങ്കിംഗ് ലൈസൻസ് പരിശോധിച്ച് ഉറപ്പാക്കണമെന്നും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നോട്ടീസായി പൊതുജനങ്ങൾക്ക് അറിയിപ്പ് നൽകിയിരുന്നു. പ്രസ്തുത നോട്ടീസ് സഹകരണ നിയമത്തിന് വിരുദ്ധവും സഹകരണസംഘങ്ങളിലെ അംഗങ്ങളിലും പൊതുജനങ്ങളിലും ആശയക്കുഴപ്പവും പരിഭ്രാന്തിയും സൃഷ്ടിക്കുമെന്നതിനാൽ ആയത് പിൻവലിക്കണമെന്നഭ്യർത്ഥിച്ച് റിസർവ് ബാങ്ക് ചീഫ് ജനറൽ മാനേജർക്ക് 01-12-2021-ൽ സഹകരണസംഘം രജിസ്ട്രാർ കത്ത് നൽകിയിരുന്നു. റിസർവ് ബാങ്ക് ജനറൽ മാനേജരുടെ 19-01-2022-ലെ DoR.CO.Leg.No.S3433/09.11.001/2021-22 നമ്പർ കത്തുപ്രകാരം സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളുടെ പേരിന്റെ ഭാഗമായോ ബിസിനസിന്റെ ഭാഗമായോ ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്നീ പദങ്ങൾ ഉപയോഗിക്കാതിരിക്കാനും Non-members, Nominal members/Associate members എന്നിവരിൽനിന്നും നിക്ഷേപങ്ങൾ സ്വീകരിക്കാതിരിക്കാനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും വീണ്ടും കത്ത് ലഭിച്ചിട്ടുണ്ട്.

**രജിസ്ട്രേഷൻ വകുപ്പിലെ ആധുനികവൽക്കരണവും ഡിജിറ്റൈസേഷനും**

349(2758) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ രജിസ്ട്രേഷൻ വകുപ്പിലെ ആധുനികവൽക്കരണവും ഡിജിറ്റൈസേഷനുമായി ബന്ധപ്പെട്ട് വാല്യങ്ങളുടെ സ്കാനിംഗിനുവേണ്ടി വാർഷിക പ്ലാൻ ഫണ്ടിൽനിന്നും അനുവദിച്ചിട്ടുള്ള ആകെ തുക എത്രയെന്ന് അറിയിക്കുമോ?

2014-ൽ കേന്ദ്ര ധനസഹായത്താൽ ആരംഭിച്ച ഡിജിറ്റൈസേഷൻ പദ്ധതി 2018-2019 സാമ്പത്തികവർഷം മുതൽ സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിയായി പ്രഖ്യാപിച്ചുകൊണ്ട് സംസ്ഥാന ബഡ്ജറ്റ് വിഹിതമായാണ് തുക അനുവദിച്ചിട്ടുള്ളത്. വാർഷിക പദ്ധതിയായി പ്രഖ്യാപിച്ച വർഷം മുതൽ 2021 വരെ 3700 ലക്ഷം രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി ഏത് സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി സർക്കാർ ഏജൻസിയായ സി-ഡിറ്റ് എന്ന സ്ഥാപനത്തിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) സ്ഥാപനം 2014 മുതൽ 2021 വരെയുള്ള കാലയളവിൽ ഓരോ പേജിനും പ്രവൃത്തി ഏറ്റെടുത്ത റേറ്റ് എത്രയെന്ന് അറിയിക്കുമോ?

2014 കാലയളവുകളിൽ ഒരു പേജിന് 6.35/- രൂപ നിരക്കിലും 2018 മുതൽ ഒരു പേജിന് 4.10 രൂപ നിരക്കിലുമാണ് റേറ്റ് നിശ്ചയിച്ചുനൽകിയത്.

(ഡി) പ്രസ്തുത സ്ഥാപനം രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള വിവിധ സബ്‌രജിസ്ട്രാർ ഓഫീസുകൾ, രജിസ്ട്രേഷൻ ഐ.ജി.-യുടെ കാര്യാലയം എന്നിവിടങ്ങളിലെ വൈദ്യുതി, മറ്റുതരത്തിലുള്ള ഭൗതിക സൗകര്യങ്ങൾ എന്നിവ ഉപയോഗപ്പെടുത്തിയാണോ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; എങ്കിൽ അപ്രകാരം രജിസ്ട്രേഷൻ വകുപ്പിന് അധികമായി ചെലവായ തുക ടി സ്ഥാപനത്തിന് അതത് സമയം നൽകിയ തുകകളിൽനിന്ന് കുറവ് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സബ്‌രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന മുൻ ആധാരങ്ങളുടെ പകർപ്പുകൾക്ക് ഡിജിറ്റൽ രൂപം നൽകിക്കൊണ്ട് സേവന പ്രദാനം ആധുനികവൽക്കരിക്കുകയെന്ന ലക്ഷ്യത്തോടെ സബ്‌രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ സ്കാനിംഗ് ജോലികൾ ആരംഭിക്കുകയുണ്ടായി. തുടർന്ന് ഇതിനാവശ്യമായ കേന്ദ്ര ധനസഹായം

ലഭിക്കാതെവന്ന സാഹചര്യത്തിൽ 2018-2019 സാമ്പത്തിക വർഷത്തിൽ ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ ഒരു പ്രത്യേക പദ്ധതിയായി പ്രഖ്യാപിച്ചുകൊണ്ട് ബഡ്ജറ്റ് വിഹിതമായി തുക വകയിരുത്തിക്കൊണ്ട് ഭരണാനുമതി നൽകിയിരുന്നു. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിവരങ്ങളായതിനാൽ സർക്കാർ ഏജൻസിയായ സി-ഡിറ്റിനെ പദ്ധതി ചുമതല ഏൽപ്പിക്കാനും ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ടും ഒരു സാമ്പത്തിക വർഷത്തിലേയ്ക്കായി അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കുന്നതിനുമായി സബ്‌രജിസ്ട്രാർ ഓഫീസുകളിൽവച്ചുതന്നെ ആധാരങ്ങളുടെ സ്കാനിംഗ് ജോലികൾ നിർവ്വഹിക്കാൻ പ്രത്യേക നിർദ്ദേശവും നൽകിയിരുന്നു. ഇതുകൂടാതെ സ്കാനിംഗ് പൂർത്തിയാക്കിയ ആധാരങ്ങൾ ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റിയെടുക്കുന്നതിനോടനുബന്ധിച്ചുള്ള മറ്റ് സാങ്കേതിക ജോലികൾ ഷിഫ്റ്റ് അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലും നിർവ്വഹിച്ചിരുന്നു. പദ്ധതി വിഹിതം പൂർണ്ണമായി വിനിയോഗിക്കുന്നതിനും ഡിജിറ്റൈസേഷനുമായി ബന്ധപ്പെട്ട ആദ്യഘട്ട പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുംകൂടി ആസ്ഥാന കാര്യാലയത്തിലെ ഭൗതിക

സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയിരുന്നു. കാലപ്പഴക്കംമൂലം കേടുപാടുകൾ സംഭവിച്ചുകൊണ്ടിരിക്കുന്ന രജിസ്റ്റർ വാല്യങ്ങൾ സ്കാനിംഗിനായി പല സ്ഥലങ്ങളിൽ വിന്യസിക്കുന്നതിനും അവ തിരികെ കൊണ്ടുവരുന്നതിനുമായി വേണ്ടിവരുന്ന പ്രക്രിയ വാല്യങ്ങളുടെ സൂക്ഷിപ്പിനെ പ്രതികൂലമായി ബാധിക്കുവാനും അതുവഴി അവ കേടുവരാനുമുള്ള സാഹചര്യവുംകൂടി കണക്കിലെടുത്തുകൊണ്ട് സബ്‌രജിസ്ട്രാർ ഓഫീസുകളിലെ ഭൗതികസൗകര്യങ്ങളും ഉപയോഗപ്പെടുത്തിയിരുന്നു. ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്തുകൊണ്ടും സർക്കാർ അതീവ പ്രാധാന്യത്തോടെ നടപ്പാക്കുന്ന പദ്ധതി ചുരുങ്ങിയ കാലയളവിനുള്ളിൽ ലക്ഷ്യപ്രാപ്തിയിലെത്തിക്കുന്നതിനായി വകുപ്പിലെ ഭൗതിക സൗകര്യങ്ങളും വിനിയോഗിക്കേണ്ട സാഹചര്യം പരിഗണിച്ചുകൊണ്ടുമാണ് സി-ഡിറ്റ് ജോലികൾ നിർവ്വഹിച്ചുവന്നിരുന്നത്. ഈ സൗകര്യങ്ങൾ വിനിയോഗിക്കുന്ന കാര്യങ്ങളുംകൂടി കണക്കിലെടുത്തുകൊണ്ട് സ്കാനിംഗിനായുള്ള നിരക്കുകൾ 4.25 രൂപയിൽനിന്നും 4.10 രൂപ എന്നനിരക്കിലേയ്ക്ക് കുറയ്ക്കുകയും ചെയ്തിരുന്നു. ആയതിനാൽ ഭൗതിക സൗകര്യങ്ങൾ വിനിയോഗിച്ച ഇനത്തിൽ പ്രത്യേകമായ ബിൽ

തുകയിൽനിന്നും കുറവുചെയ്യേണ്ട സാഹചര്യമുണ്ടായിരുന്നില്ല.

(ഇ) പ്രസ്തുത സ്ഥാപനത്തിന് 2014 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷക്കാലയളവിൽ പദ്ധതി പൂർത്തീകരണത്തിനായി രജിസ്ട്രേഷൻ വകുപ്പ് അനുവദിച്ചുനല്കിയ തുകകളുടെ കണക്കും സ്ഥാപനം തുക കൈപ്പറ്റിയ തീയതികളും വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2018-19 സാമ്പത്തികവർഷം മുതലാണ് വാർഷിക പ്ലാൻ ഫണ്ടിലുൾപ്പെടുത്തി ഡിജിറ്റൈസേഷനുമായി ബന്ധപ്പെട്ട് വാല്യങ്ങളുടെ സ്കാനിംഗിനുവേണ്ടി തുക അനുവദിച്ചുനൽകിയത്. മേൽകാലയളവിനുമുമ്പ് കേന്ദ്ര ധനസഹായത്താലാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. സി-ഡിറ്റിന് അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| അനുവദിച്ച തീയതി | അനുവദിച്ച തുക |
|---|---|
| 30-09-2014 | 87,86,580 |
| 29-09-2018 | 59,99,096 |
| 13-02-2019 | 2,44,12,857 |
| 04-10-2019 | 3,00,00,000 |
| 27-10-2020 | 4,76,35,542 |
| 15-12-2020 | 2,51,92,192 |
| 25-03-2021 | 1,39,99,975 |

(എഫ്) മേൽ പദ്ധതിപ്രകാരം സ്കാനിംഗ് പൂർത്തിയാക്കിയ ആധാരങ്ങളുടെ പകർപ്പ് പൊതുജനങ്ങൾക്ക് നാളിതുവരെ ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പദ്ധതിപ്രകാരം സ്കാനിംഗ് നടത്തിയിട്ടുള്ളതിന്റെ വിവരം പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിന് വിഭാവനം ചെയ്തിട്ടുള്ളത് ബ്ലാക്ക് ആന്റ് വൈറ്റിലാണോ കളർ പ്രിന്റിലാണോ എന്ന് അറിയിക്കുമോ?

സ്കാനിംഗ് പൂർത്തിയാക്കിയ ആധാരങ്ങളുടെ പകർപ്പ് ഓൺലൈനിൽ നൽകുന്നതിനുള്ള ഇലക്ട്രോണിക് സംവിധാനത്തിന്റെ രൂപകല്പന പൂർണ്ണതോതിൽ പൂർത്തിയായിട്ടില്ല. ആയത് പരീക്ഷണാടിസ്ഥാനത്തിൽ കൊട്ടാരക്കര പ്രിൻസിപ്പൽ സബ്‌രജിസ്ട്രാർ ഓഫീസിൽ തുടക്കം കുറിച്ചുവെങ്കിലും കൂടുതൽ സുരക്ഷിതമാക്കുന്നതിനായും ഇത്തരം സേവനങ്ങൾക്ക് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള സുരക്ഷാക്രമീകരണങ്ങൾകൂടി ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. ഇതിനായി PEARL പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സുരക്ഷാ ഓഡിറ്റ് നടന്നുവരികയാണ്. ആയത് പൂർത്തിയാക്കിയതിനുശേഷം സേവന പ്രദാനം കുറ്റമറ്റരീതിയിൽ ആധാര

പകർപ്പുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിൽ സംസ്ഥാനത്തെ സബ്‌രജിസ്ട്രാർ ഓഫീസുകളിൽ ബ്ലാക്ക് & വൈറ്റ് പ്രിന്ററുകൾ മാത്രമാണുള്ളത്. കൂടാതെ രജിസ്ട്രേഷൻ വകുപ്പിൽ പുതുതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന വിവിധ സേവനപ്രദാനങ്ങൾക്ക് നൂതനമായ സാങ്കേതികവിദ്യകൾ പരീക്ഷിക്കുന്നതോടൊപ്പം സ്കാൻ ചെയ്ത വിവരങ്ങൾ ബ്ലാക്ക് & വൈറ്റിലാണോ കളർ പ്രിന്റിലാണോ എന്നതുസംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

(ജി) രജിസ്ട്രേഷൻ വകുപ്പിൽ ആധാര സ്കാനിംഗുമായി ബന്ധപ്പെട്ട് ഏതെങ്കിലും ജീവനക്കാരനെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉണ്ട്. മലപ്പുറം ജില്ലയിലെ വാഴക്കാട് സബ്‌രജിസ്ട്രാർ ഓഫീസിൽ 2020, 2021 വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത 995 ആധാരങ്ങൾ കളർ സ്കാൻ ചെയ്യുന്നതിനുപകരം ബ്ലാക്ക് & വൈറ്റിൽ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്തതായി മലപ്പുറം ജില്ലാ രജിസ്ട്രാർ (ജനറൽ) റിപ്പോർട്ട് ചെയ്യുകയും പ്രസ്തുത വിഷയം, ആധാരങ്ങൾ സ്കാൻ ചെയ്യുന്നതുസംബന്ധിച്ച് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയത്തിൽനിന്നും 12-12-2019-ലെ IGR/1423/2018/RR9 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 6 നിർദ്ദേശം

പാലിക്കുന്നതിൽ സബ്‌രജിസ്ട്രാറിന്റെ ഭാഗത്ത് വീഴ്ചയുണ്ടായതായികണ്ട് വാഴക്കാട് സബ്‌രജിസ്ട്രാർ ശ്രീ. എ. പി. ശ്യാമസുന്ദരനെ 31-01-2022-ലെ ഇ 9-611/2022 നമ്പർ ഉത്തരവുപ്രകാരം സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിരുന്നു.

**സമ്മതപത്രം നൽകിയിട്ടുള്ള ഭൂമി രജിസ്ട്രേഷൻ**

350(2759) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് രജിസ്ട്രേഷൻ ഫീസ് നിലവിലുള്ള നിയമപ്രകാരം ഒഴിവാക്കിയിട്ടുണ്ടോ?

17-11-2015-ലെ ജി.ഒ.(പി)നം.201/2015/ടിഡി (SRO No.755/2015) പ്രകാരം ഭാരത സർക്കാരോ കേരള സർക്കാരോ ഗുണഭോക്താക്കളായിട്ടുള്ളതും രജിസ്ട്രേഷൻ ഫീസ് ഒടുക്കുന്നതിന് ബാദ്ധ്യസ്ഥവുമായ വിലയാധാരങ്ങളുടെ രജിസ്ട്രേഷനുകൾക്ക് രജിസ്ട്രേഷൻ ഫീസ് ഇളവ് അനുവദിച്ചിട്ടുള്ളതാണ്. ടി ഉത്തരവിന്റെ വിശദീകരണത്തിൽ റെയിൽവേ വികസനം, റോഡുവികസനം മുതലായവയ്ക്ക് അടിയന്തരസാഹചര്യത്തിൽ ഭൂമി വിലകൊടുത്ത് വാങ്ങുമ്പോൾ ഭാരത

സർക്കാരോ കേരള സർക്കാരോ ഗുണഭോക്താക്കളായിട്ടുള്ളതും രജിസ്ട്രേഷൻ ഫീസ് ഒടുക്കുന്നതിന് ബാദ്ധ്യസ്ഥവുമായ വിലയാധാരങ്ങളുടെ രജിസ്ട്രേഷനുകൾക്ക് പൊതുതാല്പര്യാർത്ഥം രജിസ്ട്രേഷൻ ഫീസ് ഇളവ് അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ളതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

(ബി) ശ്രീകാര്യം മേൽപ്പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ആരുടെ പേരിലാണ് രജിസ്റ്റർ ചെയ്യുന്നതെന്ന് വിശദമാക്കാമോ; ജില്ലാ കളക്ടറുടെയോ ഗവർണ്ണറുടെയോ പേരിൽ സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കാൻ വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കാമോ; നിയമപ്രകാരം ശ്രീകാര്യം മേൽപ്പാലം നിർമ്മാണത്തിന് ഏറ്റെടുക്കുന്ന ഭൂമിയിൽ സമ്മതപത്രം നൽകിയിട്ടുള്ള ഭൂവുടമകളുടെ ഭൂമി രജിസ്റ്റർ ചെയ്യുന്നതിന് രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കുമോയെന്ന് വിശദമാക്കുമോ?

07-03-2022-ലെ കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കത്തിൽ പ്രസ്തുത ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കുന്നത് കേരളാ ഗവർണ്ണർക്കുവേണ്ടി ജില്ലാ കളക്ടറാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ഗുണഭോക്താക്കളായിട്ടുള്ളതും സർക്കാർ രജിസ്ട്രേഷൻ ഫീസ് ഒടുക്കുന്നതിന് ബാദ്ധ്യസ്ഥവുമായ വിലയാധാരങ്ങളുടെ രജിസ്ട്രേഷനുകൾക്കാണ് ജി.ഒ.(പി)നം.201/2015/ടിഡി (SRO

No.755/2015) പ്രകാരം രജിസ്ട്രേഷൻ ഫീസിൽ ഇളവ് അനുവദിച്ചിട്ടുള്ളത്. ഗവർണ്ണറുടെയോ ജില്ലാ കളക്ടറുടെയോ പേരിൽ സർക്കാർ ഗുണഭോക്താവായി ഭൂമി ഏറ്റെടുക്കുമ്പോൾ അപ്രകാരമുള്ള വിലയാധാരങ്ങളുടെ രജിസ്ട്രേഷന് സർക്കാർ രജിസ്ട്രേഷൻ ഫീസ് ഒടുക്കേണ്ട സംഗതികളിൽ ടി ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കിയിട്ടുള്ളതാണ്. ശ്രീകാര്യം മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് മേൽ ഉത്തരവിന്റെ പരിധിയിൽവരാത്ത ആധാരങ്ങൾക്ക് ഫീസ് ഇളവുകൾ നൽകണമെന്ന ശിപാർശകളൊന്നും ഈ വകുപ്പിന്റെ പരിഗണനയിലില്ല.

(സി) നിലവിൽ ഭൂമി രജിസ്ട്രേഷന് ഏർപ്പെടുത്തിയിരിക്കുന്ന ടോക്കൺ സംവിധാനം പൊതുജനങ്ങൾക്കും സബ്‌രജിസ്ട്രാർ ആഫീസുകൾക്കുമുണ്ടാക്കിയിരിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സബ്‌രജിസ്ട്രാർ ആഫീസുകൾ പുതിയതായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ?

തിരുവനന്തപുരം ജില്ലയിലെ പനവൂർ, തിരുമല, കൊല്ലം ജില്ലയിലെ കോട്ടുക്കൽ, പത്തനംതിട്ട ജില്ലയിലെ പള്ളിക്കൽ പഞ്ചായത്തിലെ പഴകുളം, ഇടുക്കി ജില്ലയിലെ കുമിളി, എറണാകുളം ജില്ലയിലെ പള്ളുരുത്തി, മലപ്പുറം ജില്ലയിലെ തിരൂരങ്ങാടിയിലെ ചെറുമുക്ക്, കണ്ണൂർ ജില്ലയിലെ മയ്യിൽ, കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ എന്നീ സ്ഥലങ്ങളിൽ പുതിയ ഓഫീസുകൾ ആരംഭിക്കണമെന്ന നിവേദനങ്ങൾ ലഭ്യമായതുപ്രകാരം, ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

**രജിസ്ട്രേഷൻ നടപടിക്രമങ്ങളുടെ ലളിതവൽക്കരണം**

351(2760) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

12-09-2021-ലെ ജി.ഒ. (ആർ.ടി) 618/2021 പ്രകാരം സംസ്ഥാനത്തെ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലളിതവൽക്കരിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച സോഫ്റ്റ്‌വെയർ പരിഷ്കരണ നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ?

12-09-2021-ൽ പുറപ്പെടുവിച്ച ജി.ഒ. (ആർ.ടി) 618/2021/നി.വ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം സംസ്ഥാനത്തെ രജിസ്ട്രേഷൻ

നടപടിക്രമങ്ങൾ ലളിതവൽക്കരിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച സോഫ്റ്റ്‌വെയർ പരിഷ്കരണവുമായി ബന്ധപ്പെട്ട് നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (NIC) മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുള്ള സോഫ്റ്റ്‌വെയറിന്റെ രൂപകല്പന പുരോഗമിക്കുകയാണ്.

## രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണം

352(2761) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം കാലോചിതമായി നവീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം കാലോചിതമായി നവീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിന്റെ ഭാഗമായി താഴെപ്പറയുന്ന നവീകരണ പദ്ധതികളാണ് പരിഗണനയിലുള്ളത്.

1) എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപ്പത്രങ്ങൾക്കുപകരമായി സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് സൗകര്യം;

2) ബാങ്കുകളിൽനിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലോണുകളുമായി ബന്ധപ്പെട്ട കരാറുകൾ ചെയ്യുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾ സന്ദർശിക്കാതെതന്നെ ഡിജിറ്റൽ രൂപത്തിൽ കരാറുകൾ തയ്യാറാക്കുന്നതിനായുള്ള സൗകര്യം നടപ്പാക്കുകയുണ്ടായി;

3) രജിസ്ട്രേഷൻ സംവിധാനമായ 'PEARL' സാങ്കേതികമായി കൂടുതൽ മികവുറ്റതാക്കുന്നതിനായി ബ്ലോക്ക് ചെയിൻ അധിഷ്ഠിതമാക്കിക്കൊണ്ട് 'smart contract' എന്ന ആശയം നടപ്പിലാക്കിക്കൊണ്ട് എല്ലാത്തരം ആധാരങ്ങൾക്കും ഡിജിറ്റൽ രൂപം;

4) ആധാരപ്പകർപ്പുകൾക്കായി അപേക്ഷാ കക്ഷികൾ ഓഫീസിൽ വരാതെതന്നെ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സൗകര്യം;

5) വിവാഹ രജിസ്ട്രേഷനായുള്ള അപേക്ഷാ നടപടിക്രമങ്ങൾ പൂർണ്ണമായും ഓൺലൈനിലാക്കും;

6) പാർട്ട്ണർഷിപ്പ്, സൊസൈറ്റി രജിസ്ട്രേഷൻ നടപടികൾ പൂർണ്ണമായും ഓൺലൈനിലാക്കും;

7) ചിട്ടി രജിസ്ട്രേഷന് പൂർണ്ണമായി ഡിജിറ്റൽ രൂപം;

8) ആധാരം ഹാജരാക്കിയ ദിവസംതന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിക്കൊണ്ട് അന്നേദിവസംതന്നെ ആധാരം മടക്കി നൽകുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി രജിസ്ട്രേഷനോടനുബന്ധിച്ചുള്ള വിവിധ നടപടിക്രമങ്ങളുടെ ലളിതവൽക്കരണവും ആധാരകക്ഷികളുടെ ഫോട്ടോയും വിരൽപ്പതിപ്പും കമ്പ്യൂട്ടർ മുഖാന്തരം എടുക്കുന്നതിനുള്ള സൗകര്യങ്ങളേർപ്പെടുത്തുന്നതാണ്;

9) രജിസ്ട്രാറുടെ മുമ്പാകെ ഹാരാകേണ്ടതില്ലാത്ത ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ രജിസ്ട്രേഷൻ സാധ്യത പരിശോധിക്കും;

10) രജിസ്ട്രേഷൻ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സൗകര്യം;

11) എല്ലാ സബ്‌രജിസ്ട്രാർ ഓഫീസുകളിലെയും റിക്കാർഡ് മുറികൾ നവീകരിക്കുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള കോംപാക്ടറുകൾ സ്ഥാപിക്കും;

12) രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റ് കൂടുതൽ മികവുറ്റതാക്കും;

13) റവന്യൂ-സർവ്വേ വകുപ്പുകളുടെ ഡിജിറ്റൈസേഷൻ പദ്ധതി പൂർത്തിയാകുന്നമുറയ്ക്ക് ഏത് ആധാരവും രജിസ്ട്രേഷൻ നിയമ

ഭേദഗതിക്കനുസൃതമായി സംസ്ഥാനത്തെ ഏത് സബ്‌രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം.

(ബി) സബ്‌രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം ജനസൗഹൃദമാക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സബ്‌രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം ജനസൗഹൃദമാക്കുന്നതിന് 30-05-2020-ലെ സ.ഉ. (സാധാ) നം. 373/2020/നി.വ. നമ്പർ ഉത്തരവ് പ്രകാരം സബ്‌രജിസ്ട്രാർ ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2020-21 സാമ്പത്തികവർഷത്തിൽ 2030-03-001-95-00-67-00-N-V (Basic Amenities to Public) എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 4.5 കോടി രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി ലഭിച്ചു. ഇതിൽനിന്നും സംസ്ഥാനത്തെ 315 സബ്‌രജിസ്ട്രാർ ഓഫീസുകളിലും പത്ത് കസേരകൾവീതം വിതരണം ചെയ്യുന്നതിന് സിഡ്കോയുമായി 12-11-2020-ലെ കരാർ പ്രകാരം 1,48,64,850 (ഒരു കോടി നാല്പത്തിയെട്ട് ലക്ഷത്തി അറുപത്തിനാലായിരത്തി എണ്ണൂറ്റിയമ്പത് രൂപ) രൂപയുടെ വർക്ക് ഓർഡർ നൽകുകയും ആയതിൻപ്രകാരം സിഡ്കോ 315 ഓഫീസുകളിലും

കസേര വിതരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സബ്‌രജിസ്ട്രാർ ഓഫീസുകളിൽ വാട്ടർടാങ്ക്, വാട്ടർപമ്പ്, കിണർ, കുഴൽക്കിണർ, ശുചിമുറി മുതലായവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 89,21,900 (എൺപത്തിയൊൻപത് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി തൊള്ളായിരം) രൂപയും പ്രസ്തുത ശീർഷകത്തിൽനിന്നും വിനിയോഗിച്ചിട്ടുണ്ട്. സബ്‌രജിസ്ട്രാർ ഓഫീസുകളിലെ റെക്കാർഡുകൾ സൂക്ഷിക്കുന്നതിന് 37 ഓഫീസുകളിൽ ആധുനികരീതിയിലുള്ള കോംപാക്ടറുകൾ സ്ഥാപിച്ചു.

(സി) രജിസ്ട്രേഷൻ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

1) എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപ്പത്രങ്ങൾക്കുപകരമായി സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് സൗകര്യം;

2) ബാങ്കുകളിൽനിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലോണുകളുമായി ബന്ധപ്പെട്ട കരാറുകൾ ചെയ്യുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾ സന്ദർശിക്കാതെതന്നെ ഡിജിറ്റൽ രൂപത്തിൽ കരാറുകൾ തയ്യാറാക്കുന്നതിനായുള്ള സൗകര്യം നടപ്പാക്കുകയുണ്ടായി;

3) രജിസ്ട്രേഷൻ സംവിധാനമായ 'PEARL' സാങ്കേതികമായി കൂടുതൽ മികവുറ്റതാക്കുന്നതിനായി ബ്ലോക്ക് ചെയിൻ അധിഷ്ഠിതമാക്കിക്കൊണ്ട് 'smart contract' എന്ന ആശയം നടപ്പാക്കിക്കൊണ്ട് എല്ലാത്തരം ആധാരങ്ങൾക്കും ഡിജിറ്റൽ രൂപം;

4) മുൻ ആധാരവിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കും;

5) ആധാരപ്പകർപ്പുകൾക്കായി അപേക്ഷാ കക്ഷികൾ ഓഫീസിൽ വരാതെതന്നെ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സൗകര്യം;

6) വിവാഹ രജിസ്ട്രേഷനായുള്ള അപേക്ഷാ നടപടിക്രമങ്ങൾ പൂർണ്ണമായും ഓൺലൈനിലാക്കും;

7) പാർട്ട്ണർഷിപ്പ്, സൊസൈറ്റി രജിസ്ട്രേഷൻ നടപടികൾ പൂർണ്ണമായും ഓൺലൈനിലാക്കും;

8) ചിട്ടി രജിസ്ട്രേഷന് പൂർണ്ണമായി ഡിജിറ്റൽ രൂപം;

9) ആധാരം ഹാജരാക്കിയ ദിവസംതന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിക്കൊണ്ട് അന്നേ ദിവസംതന്നെ ആധാരം മടക്കി നൽകുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി രജിസ്ട്രേഷനോടനുബന്ധിച്ചുള്ള വിവിധ നടപടിക്രമങ്ങളുടെ

ലളിതവല്ക്കരണവും ആധാര കക്ഷികളുടെ ഫോട്ടോയും വിരൽപതിപ്പും കമ്പ്യൂട്ടർ മുഖാന്തരം എടുക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്;

10) രജിസ്ട്രാറുടെ മുമ്പാകെ ഹാരാകേണ്ടതില്ലാത്ത ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ രജിസ്ട്രേഷൻ സാധ്യത പരിശോധിക്കും;

11) രജിസ്ട്രേഷൻ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സൗകര്യം;

12) രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റ് കൂടുതൽ മികവുറ്റതാക്കും;

13) റവന്യൂ-സർവ്വേ വകുപ്പുകളുടെ ഡിജിറ്റൈസേഷൻ പദ്ധതി പൂർത്തിയാകുന്നമുറയ്ക്ക് ഏത് ആധാരവും സംസ്ഥാനത്തെ ഏത് സബ്‌രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം;

14) രജിസ്ട്രേഷൻ, റവന്യൂ, സർവ്വേ എന്നീ വകുപ്പുകളിൽനിന്നുള്ള വിവിധ സേവനങ്ങൾക്ക് ഏകജാലക സംവിധാനം.

(ഡി) സബ്‌രജിസ്ട്രാർ ഓഫീസുകളിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബിവഴി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

സബ്രജിസ്ട്രാർ ഓഫീസുകളിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബിവഴി 51 കെട്ടിടങ്ങളുടെ നിർമ്മാണ പദ്ധതിക്കും ഒരു കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കുമായി 05-12-2017-ലെ സ.ഉ. (സാധാ) നം. 995/2017/നിവ. പ്രകാരം 100 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ഇതിൽ 28 കെട്ടിടങ്ങളുടെ പ്രവർത്തനോദ്ഘാടനവും ഒരു കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിയും നടക്കുകയുണ്ടായി. ബാക്കി ഓഫീസുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

**രജിസ്ട്രേഷൻ നടപടികൾ ഓൺലൈനിൽ**

353(2762) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എല്ലാ രജിസ്ട്രേഷൻ നടപടികളും ഓൺലൈൻ മുഖേന നടത്തുന്നതുമായി ബന്ധപ്പെട്ട് സർക്കാർ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

രജിസ്ട്രേഷൻ നടപടികളുടെ ലളിതവൽക്കരണവുമായി ബന്ധപ്പെട്ട് 12-09-2021-ലെ ജി.ഒ.(ആർ.ടി.)നം. 618/2021/നി.വ. നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ രീതിയായ

ഇടതുപെരുവിരൽ തുമ്പിൽ മഷിപുരട്ടി ആധാരത്തിന്റെ പുറത്തെഴുത്തിലും തമ്പ് ഇംപ്രഷൻ രജിസ്റ്ററിലും വിരൽ പതിപ്പുകൾ പതിപ്പിക്കുന്നതിനുപകരമായി രജിസ്ട്രേഷനായി ആധാരം ഹാജരാക്കുന്ന കക്ഷികളുടെ വിരൽപതിപ്പ് ഇലക്ട്രോണിക് ഉപകരണത്തിന്റെ സഹായത്താൽ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയശേഷം ആധാരത്തിലെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഭാഗമായുള്ള പുറത്തെഴുത്തിൽ ഫോട്ടോയും വിരൽപതിപ്പും പ്രിന്റ് ചെയ്തുവരുന്ന രീതിയാണ് രജിസ്ട്രേഷൻ നടപടിയുടെ ഭാഗമായി നടപ്പാക്കാനുദ്ദേശിച്ചിട്ടുള്ളത്.

## വാടാനപ്പള്ളി സബ്‌രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിടം

354(2763) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ വാടാനപ്പള്ളി സബ്‌രജിസ്ട്രാർ ഓഫീസിനായി പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കെട്ടിടനിർമ്മാണം പൂർത്തീകരിച്ചതെന്നാണെന്ന് അറിയിക്കുമോ?

(എ&ബി) മണലൂർ നിയോജകമണ്ഡലത്തിലെ വാടാനപ്പള്ളി സബ്‌രജിസ്ട്രാർ ഓഫീസിനായുള്ള പുതിയ കെട്ടിടം നിർമ്മാണഘട്ടത്തിലാണ്.

(സി) പ്രസ്തുത ഓഫീസിനായി പണിത കെട്ടിടത്തിന്റെ റിക്കാർഡ് റൂം അപര്യാപ്തമാണെന്നതിനാൽ പ്രസ്തുത കെട്ടിടത്തിലേയ്ക്ക് ഓഫീസിന്റെ പ്രവർത്തനം മാറ്റാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഓഫീസിന് പുതിയ റിക്കാർഡ് റൂം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(സി&ഡി) ഉണ്ട്. പുതിയ കെട്ടിടത്തിൽ സബ്‌രജിസ്ട്രാർ ഓഫീസിന് ലഭ്യമായ ഒന്നാം നിലയിൽ നിർമ്മിച്ച റിക്കാർഡ് റൂമിൽ സബ്‌രജിസ്ട്രാർ ഓഫീസിന്റെ ബൃഹത്തായ റിക്കാർഡുകളുൾക്കൊള്ളാനുള്ള സ്ഥലപരിമിതിമൂലം ഓഫീസിന് മുകൾഭാഗത്തായി പുതിയൊരു റിക്കാർഡ് റൂം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പുതുക്കിയ എസ്റ്റിമേറ്റും പ്ലാനും അടങ്ങിയ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ഇത് പരിശോധിച്ചുവരുന്നു.

(ഇ) പുതിയ കെട്ടിടത്തിലേയ്ക്ക് ഓഫീസിന്റെ പ്രവർത്തനം മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് ഓഫീസ് പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതാണ്.

**വർക്കല സബ്‌രജിസ്ട്രാർ ഓഫീസ്**

355(2764) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല സബ്‌രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

2016-17 ബഡ്ജറ്റ് പ്രകാരം കിഫ്ബി പദ്ധതിമുഖേന നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വർക്കല സബ്‌രജിസ്ട്രാർ ഓഫീസിന് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകുകയും പ്രസ്തുത നിർമ്മാണപ്രവൃത്തിക്ക് 19-01-2021-ൽ 1,58,32,062/- രൂപയുടെ സാങ്കേതികാനുമതി ലഭിക്കുകയുമുണ്ടായി. 20-01-2021-ൽ ഓൺലൈനിലൂടെയും പത്രങ്ങളിലൂടെയും ദർഘാസ് ക്ഷണിക്കുകയുണ്ടായെങ്കിലും നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച്

പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലും കോവിഡ്-19 മഹാമാരി പടർന്നതിനോടനുബന്ധിച്ച് ലോക്ഡൗൺ നിലവിൽവന്നതിനാലും ടെൻഡർ കമ്മിറ്റി കൂടാൻ സാധിച്ചിരുന്നില്ല. തത്സമയം ദർഘാസിന്റെ ഫേം പിരീഡ് കഴിഞ്ഞതിനാൽ, ഫേം പിരീഡ് ദീർഘിപ്പിച്ച് നൽകണമെന്നാവശ്യപ്പെട്ടെങ്കിലും നിർമ്മാണ വസ്തുക്കൾക്ക് അഭൂതപൂർവ്വമായ വിലവർദ്ധന ഈ കാലയളവിലുണ്ടായിട്ടുള്ളതുകൊണ്ട് ക്വാട്ട് ചെയ്ത നിരക്കിൽ പണി പൂർത്തീകരിക്കുവാൻ സാധിക്കില്ലെന്നും ഫേം പിരീഡ് ദീർഘിപ്പിച്ച് നൽകാൻ താല്പര്യമില്ലെന്നും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരനും 2nd lowest ക്വാട്ട് ചെയ്ത കരാറുകാരനും അറിയിച്ച സാഹചര്യത്തിൽ, പ്രസ്തുത ദർഘാസ് റദ്ദുചെയ്ത് 23-07-2021-ൽ ഓൺലൈനിലൂടെയും ദിനപത്രങ്ങളിലൂടെയും പുനർദർഘാസ് ക്ഷണിക്കുകയുണ്ടായി. പ്രസ്തുത ദർഘാസിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.എസ്. രതീഷിന്റെ ദർഘാസ് ടെൻഡർ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചു. 21-10-2021-നനടന്ന ടെൻഡർ കമ്മിറ്റി പ്രവൃത്തി കോമ്പസിറ്റ് വർക്കായി വീണ്ടും ടെൻഡർ ചെയ്യുവാൻ നിർദ്ദേശിച്ചെങ്കിലും PRICE-2 എന്നത് PRICE-3 യിലേയ്ക്കും DSoR 2016 എന്നത് DSoR 2018-ലേയ്ക്കും മാറ്റംവന്ന സാഹചര്യത്തിൽ, പ്രവൃത്തി

ടെൻഡർ ചെയ്യുന്നതിനുമുമ്പ് എസ്റ്റിമേറ്റ് റീ-കാൽക്കുലേറ്റ് ചെയ്യേണ്ടതായിട്ടുണ്ട്. ആയതിൻപ്രകാരം എസ്റ്റിമേറ്റ് റീ-കാൽക്കുലേറ്റ് ചെയ്ത് ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**രജിസ്ട്രേഷൻ ഐ.ജി.-യുടെ സർക്കുലർ**

356(2765) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ പുറപ്പെടുവിച്ച ഐ.ജി.ആർ./3749/2021/ഇ 8 നമ്പർ സർക്കുലർ പ്രകാരം വകുപ്പിലെ പുരുഷ അറ്റൻഡർമാർ തുടർച്ചയായി എത്ര മണിക്കൂർ സേവനമനുഷ്ഠിക്കേണ്ടതായുണ്ടെന്ന് വിശദമാക്കുമോ; ഇത്തരത്തിൽ സർക്കുലർ പുറപ്പെടുവിച്ചത് ചട്ടലംഘനമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ?

പകൽ ഡ്യൂട്ടി നോക്കേണ്ട ജീവനക്കാർ രാവിലെ 9.30 മുതൽ വൈകുന്നേരം 5.30 വരെയും രാത്രി കാവൽ ഡ്യൂട്ടി നോക്കേണ്ട ജീവനക്കാർ വൈകുന്നേരം 5.30 മുതൽ അടുത്ത ദിവസം രാവിലെ 9.30 വരെയുമാണ് ഡ്യൂട്ടി നോക്കേണ്ടത്. ടേൺ അടിസ്ഥാനത്തിൽ ജില്ലയിലെ ഒരു പുരുഷ ഓഫീസ് അറ്റൻഡന്റിനെ 15 ദിവസം രാത്രി കാവലിന് നിയോഗിക്കാനാണ്

നിർദ്ദേശിച്ചിട്ടുള്ളത്. കേരള രജിസ്ട്രേഷൻ മാന്വൽ ഉത്തരവ് നമ്പർ 33 [2021- ലെ കേരള രജിസ്ട്രേഷൻ മാന്വൽ പാർട്ട് II (വാല്യം 1)-ലെ ഉത്തരവ് നമ്പർ 35] പ്രകാരം കാവലില്ലാതെ ഒരുസമയത്തും ഒരു രജിസ്ട്രേഷൻ ആഫീസും ഇടാൻ പാടില്ലാത്തതാണ്. സബ്‌രജിസ്ട്രാർ ആഫീസുകളിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള വിലപ്പെട്ട രേഖകളുടെയും ഇലക്ട്രോണിക് ഉപകരണങ്ങളുടെയും പണത്തിന്റെയും സംരക്ഷണത്തിന് രാത്രി കാവൽ അത്യന്താപേക്ഷിതമാണ്. രാത്രി കാവൽ നോക്കുന്ന ഓഫീസ് അറ്റൻഡന്റുമാർ ഓഫീസ് അടയ്ക്കുന്നതുമുതൽ പിറ്റേദിവസത്തെ ഡ്യൂട്ടിയിലെ ആളെത്തുന്നതുവരെ ആഫീസിന് കാവൽ നിൽക്കേണ്ടതാണ്. പ്രസ്തുത സർക്കുലറിൽ ചട്ടലംഘനമുണ്ടോ എന്നതുസംബന്ധിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടില്ല.

(ബി) ഓഫീസ് കാവൽ നിർവ്വഹിക്കുന്നതിന് ആളെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് നികുതി (ഇ) വകുപ്പിന്റെ ജി.ഒ. (ആർ.റ്റി) നം.778/2014/നി.വ. പ്രകാരമുള്ള ഉത്തരവ് നാളിതുവരെയും നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ?

26-09-2014-ലെ ജി.ഒ. (ആർ.റ്റി) നം. 778/2014/നി.വ. ഉത്തരവ് പ്രകാരം ഓഫീസ് കാവൽ നിർവ്വഹിക്കുന്നതിന് KEXCON ഏജൻസി

മുഖാന്തരം ആളെ നിയമിക്കുന്നതിനും 01-07-2017-ലെ സ.ഉ. (സാധാ) നം. 536/2017/നി.വ. പ്രകാരം ഇതിനായി ഒരു ഡ്യൂട്ടിക്ക് 675/- രൂപ നിരക്കിൽ ഒരുദിവസം 2 ഡ്യൂട്ടിക്ക് 1350/- രൂപയും പ്രതിമാസം പരമാവധി 18,900/- രൂപയുമായി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ 05-01-2014-ൽ KEXCON-മായി നടത്തിയ ചർച്ചയിൽ, 8 മണിക്കൂർ കൂടുതൽ ജോലി ചെയ്യണമെന്നതിനാൽ ഒരുദിവസം രണ്ട് ഡ്യൂട്ടിയായി പരിഗണിച്ച് ശമ്പളം നൽകുന്നതിന് KEXCON ആവശ്യം ഉന്നയിച്ചിരുന്നു. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഇതുമായി ബന്ധപ്പെട്ട് മനുഷ്യാവകാശ കമ്മീഷന് രജിസ്ട്രേഷൻ വകുപ്പ് എന്ത് വിശദീകരണമാണ് നൽകിയതെന്ന് വ്യക്തമാക്കുമോ?

01-07-2017-ലെ സ.ഉ.(സാധാ) നം. 536/2017/നി.വ. പ്രകാരം KEXCON-ൽനിന്നും 311 സബ്‌രജിസ്ട്രാർ ഓഫീസുകളിലും (നിലവിൽ 315 ഓഫീസുകൾ) ആളെ നിയമിക്കുന്നതിന് ഉത്തരവായിട്ടുണ്ടെന്നും ടി ഉത്തരവുപ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## ആധാരം എഴുത്തുകാരുടെ കൂലി

357(2766) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ രജിസ്ട്രേഷൻ ഓഫീസുകളുടെ മുന്നിലും വ്യത്യസ്ത ആധാരങ്ങൾ എഴുതുന്നതിനുള്ള ആധാരം എഴുത്തുകാരുടെ കൂലി പ്രദർശിപ്പിച്ചിട്ടുണ്ടോ; അറിയിക്കുമോ?

പ്രദർശിപ്പിച്ചിട്ടുണ്ട്.

(ബി) വ്യത്യസ്ത ആധാരങ്ങൾ എഴുതുന്നതിനുള്ള കൂലി എത്രയാണെന്ന് വ്യക്തമാക്കുമോ?

29-08-2009-ലെ 1572-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച 29-08-2009-ലെ എൽ 1-15679/2009-ാം നമ്പർ വിജ്ഞാപനപ്രകാരം പരിഷ്കരിച്ച നിരക്കിലുള്ള ആധാരം എഴുത്തുകാരുടെ ഫീസ് പട്ടിക സംബന്ധിച്ച വിജ്ഞാപനത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു+.

(നക്ഷത്രചിഹ്നമിടാത്ത 2408, 2413, 2457, 2475, 2485 എന്നീ നമ്പർ ചോദ്യങ്ങൾ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**10.00 a.m]**

## II തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 3504-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളത്തിൽ 05-08-2021-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3504-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളത്തിൽ 05-08-2021-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3504-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

**10.01 a.m]**

## III അടിയന്തരപ്രമേയം

കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധി

മി. സ്പീക്കർ: സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുഗതാഗത സംവിധാനമായ കെ.എസ്.ആർ.ടി.സി.യെ നിഷ്ക്രിയമാക്കുന്നതിന്

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഷെഡ്യൂളുകൾ വെട്ടിക്കുറച്ചും സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നയിച്ചും സ്ഥലവും സമ്പത്തും വിനിയോഗിച്ച് പുതിയ കമ്പനി രൂപീകരിച്ചും തകർച്ചയിലേയ്ക്ക് തള്ളിവിട്ടതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, 1965-ൽ രൂപീകരിച്ച കെ.എസ്.ആർ.ടി.സി. വർഷങ്ങളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സംവിധാനമാണ്. ഈ 56 വർഷങ്ങളിൽ ഏകദേശം 34 വർഷം കോൺഗ്രസ്സും 22 വർഷം സി.പി.ഐ.(എം.)-ഉം നയിച്ച മുന്നണികളാണ് കേരളം ഭരിച്ചത്. കെ.എസ്.ആർ.ടി.സി.-യിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ കഴിയാതെപോയതിന് ആരെയാണ് കുറ്റപ്പെടുത്തേണ്ടതെന്ന് എനിക്കറിയില്ല. രൂപീകരിച്ച അന്നുമുതൽ കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാണ്. 1970-ലെ നഷ്ടം 4 കോടി രൂപ, 1980-ൽ 20 കോടി രൂപ, 1990-ൽ 100 കോടി രൂപ,

അങ്ങനെ കൂടിക്കൂടി 2022-ൽ ഈ മാസം പൂർത്തിയാകുമ്പോൾ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞദിവസം പറഞ്ഞതുപോലെ 2000 കോടി രൂപയാണ് നഷ്ടം. കോവിഡ് മഹാമാരി ഏറ്റവും കൂടുതൽ പ്രതിസന്ധിയുണ്ടാക്കിയത് ഗതാഗത മേഖലയിലാണ്. അതിൽ ഏറ്റവും വലിയ പ്രതിസന്ധി നേരിടുന്നത് ഇന്ത്യയിലെതന്നെ ഏറ്റവും വലിയ പൊതുമേഖലാ സംവിധാനമായ കെ.എസ്.ആർ.ടി.സി. ആണ്. കോവിഡ് മഹാമാരിമൂലം ഒരു വശത്ത് യാത്രക്കാർ തീരെയില്ലാത്ത അവസ്ഥ. അതുകാരണം വരുമാനം കുത്തനെ ഇടിഞ്ഞു. മറുവശത്ത് മാറിമാറി ഭരിച്ച കേന്ദ്രസർക്കാരുകളുടെ തെറ്റായ നയങ്ങളും നിലപാടുകളുംമൂലം ഇന്ധനവിലയിലുണ്ടാകുന്ന ഭീകരമായ വർദ്ധനവ്. സാധാരണയായി റീട്ടെയിൽ വിലയേക്കാൾ 10 ശതമാനമെങ്കിലും വില കുറച്ചാണ് ബൾക്ക് പർച്ചേസറായ കെ.എസ്.ആർ.ടി.സി.ക്ക് ഇന്ധനം ലഭിച്ചുകൊണ്ടിരിക്കുന്നത്. 31-12-2021-ൽ ബൾക്ക് പർച്ചേസും റീട്ടെയിൽ പർച്ചേസും തമ്മിലുള്ള വിലയുടെ വ്യത്യാസം 10.72 രൂപയാണ്. അത് കുറവാണ്. ഇന്നലെയായപ്പോൾ വർദ്ധനവ് എത്രയാണെന്ന് അറിയാമോ? 82 രൂപയിൽ നിന്ന് 121 രൂപയായി വർദ്ധിച്ചു. ഒരു ലിറ്റർ ഡീസലിന് മൂന്നു മാസംകൊണ്ട് കൂടിയത് 38.61 രൂപയാണ്. 15-3-2022-ൽ ഒരു ലിറ്റർ ഡീസലിന് 100.25

രൂപയായിരുന്നു, പിറ്റേദിവസമായപ്പോൾ 121.36 രൂപയായി. ഒറ്റ ദിവസം കൊണ്ട് 21.11 രൂപയുടെ വർദ്ധനവുണ്ടായി. ഈ വർദ്ധനവുമൂലം കെ.എസ്.ആർ.ടി.സി.ക്ക് പ്രതിദിനം 75 ലക്ഷം രൂപ മുതൽ 83 ലക്ഷം രൂപയുടെ അധികചെലവാണ് വരുന്നത്. ഇന്നലത്തെ ഒരു ദിവസത്തെ വർദ്ധനവുമൂലം ഒരു മാസം 22 മുതൽ 25 കോടി രൂപയുടെ അധിക ചെലവാണ് വരാൻ പോകുന്നത്. പൊതു ഗതാഗത മേഖലയെ തകർക്കുകയെന്ന ഗൂഢലക്ഷ്യത്തോടെയും പ്രതികാര ബുദ്ധിയോടുകൂടിയുമാണ് കേന്ദ്ര സർക്കാർ നീങ്ങിക്കൊണ്ടിരിക്കുന്നത്. നീതിക്ക് നിരക്കാത്ത നടപടികളാണ് കേന്ദ്രസർക്കാർ തുടരുന്നത്. ഈ അനീതിക്കെതിരെ നീതിപീഠത്തെ സമീപിക്കുകയല്ലാതെ ജനാധിപത്യ രാജ്യത്ത് നമുക്കെന്താണ് ചെയ്യാൻ കഴിയുന്നത്? കെ.എസ്.ആർ.ടി.സി. ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചപ്പോൾ ഹൈക്കോടതിയെ സമീപിക്കാനാണ് പറഞ്ഞത്. ഇന്ന് ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ ഈ അനീതിക്കെതിരെ കേസ് ഫയൽ ചെയ്യുകയാണ്. ലോകത്തൊരിടത്തുമില്ലാത്ത അനീതിയാണിത്. റീട്ടെയിൽ പർച്ചേസിനേക്കാൾ ബൾക്ക് പർച്ചേസിന് കൂടുതൽ വില നൽകണമെന്നത് ഏറ്റവും വിചിത്രമായ വാദമാണ്. കൂടുതൽ വാങ്ങുമ്പോൾ സാധാരണ

വിലകുറച്ചാണ് നൽകാറുള്ളത്. ഈ പ്രതികൂല സാഹചര്യത്തിലും കെ.എസ്.ആർ.ടി.സി. തളരാതെ മുന്നോട്ടുപോകുന്നത് കേരളത്തിന്റെ കരുത്തനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളം ഭരിക്കുന്നതുകൊണ്ടു മാത്രമാണ്. കെ.എസ്.ആർ.ടി.സി.യെ തകർച്ചയിൽനിന്നും രക്ഷിക്കാൻ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്തെ പ്രൊഫ. സുശീൽഖന്ന റിപ്പോർട്ടിലെ പുനരുദ്ധാരണ പരിപാടികൾ ഒന്നൊന്നായി നടപ്പാക്കിവരികയാണ്. ഇതിന്റെ ആദ്യപടിയായി, പ്രകടനപത്രികയിലെ വാഗ്ദാനം നിറവേറ്റിക്കൊണ്ട് കെ.എസ്.ആർ.ടി.സി.യെ കാര്യക്ഷമമാക്കുന്നതിന് രണ്ടാം പിണറായി വിജയൻ സർക്കാർ അധികാരമേറ്റെടുത്ത് ഒരു മാസത്തിനുള്ളിൽത്തന്നെ പ്രൊഫഷണൽസിനെ മാത്രം ഉൾപ്പെടുത്തി പതിറ്റാണ്ടുകൾക്കുശേഷം ഡയറക്ടർ ബോർഡ് പുന:സംഘടിപ്പിക്കുകയുണ്ടായി. കെ.എസ്.ആർ.ടി.സി.യുടെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർവൽക്കരിക്കണമെന്ന ലക്ഷ്യത്തോടെ മുഴുവൻ ജീവനക്കാരുടെയും ശമ്പളവും സർവ്വീസ് സംബന്ധമായ വിവരങ്ങളും ജി-സ്പാർക്ക് വഴി ഓൺലൈനാക്കുന്ന ദൗത്യം കഴിഞ്ഞ ജൂൺ മാസത്തിൽ പൂർത്തിയാക്കി. യു.ഡി.എഫ്. ഗവൺമെന്റിന്റെ തലതിരിഞ്ഞ നയംമൂലം

കെ.എസ്.ആർ.ടി.സി.യുടെ പെൻഷൻ നിലച്ചതിന്റെ ഫലമായി ജീവനക്കാരെ ആത്മഹത്യയിലേയ്ക്ക് തള്ളിവിട്ടവരാണ് ഈ അടിയന്തരപ്രമേയം കൊണ്ടുവന്നിരിക്കുന്നത്. 2018-ൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിന്റെ തീരുമാനപ്രകാരമാണ് സഹകരണ ബാങ്കുകളുടെ കൺസോർഷ്യം വഴി എൽ.ഡി.എഫ്. സർക്കാർ ഇന്നും കെ.എസ്.ആർ.ടി.സി.-യിലെ വിരമിച്ച ജീവനക്കാർക്ക് മുടങ്ങാതെ പെൻഷൻ കൊടുത്തുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ മാസത്തെ പെൻഷനും കൊടുത്തുകഴിഞ്ഞു. നീണ്ട 11 വർഷത്തിനുശേഷം കെ.എസ്.ആർ.ടി.സി.യുടെ ചിരകാല സ്വപ്നമായ ശമ്പളപരിഷ്കരണം യാഥാർത്ഥ്യമാക്കിയത് എൽ.ഡി.എഫ്.-ന് തുടർഭരണം ലഭിച്ചതുകൊണ്ടുമാത്രമാണ്. യു.ഡി.എഫ്. ഭരിച്ചപ്പോൾ കൊടുത്ത മാസ്റ്റർ സ്കെയിൽ എത്രയായിരുന്നു? ഇന്ന് അടിയന്തരപ്രമേയം കൊണ്ടുവന്നിരിക്കുന്നത് മുൻഗതാഗത വകുപ്പുമന്ത്രിയാണല്ലോ; അദ്ദേഹത്തിന്റെ കാലത്ത് അടിസ്ഥാന ശമ്പളം/മാസ്റ്റർ സ്കെയിൽ 8730 രൂപയായിരുന്നു. ഈ സർക്കാർ അധികാരമേറ്റപ്പോൾ കൊടുത്ത മാസ്റ്റർ സ്കെയിൽ 23,000 രൂപയാണ്. 8370-ൽ നിന്ന് 23,000 രൂപയിലേയ്ക്ക് മാസ്റ്റർ

സ്കെയിൽ ഉയർത്തിയ സർക്കാരാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരിക്കുമ്പോൾ 8370 രൂപയായിരുന്ന മാസ്റ്റർ സ്കെയിൽ, ബഹുമാനപ്പെട്ട പിണറായി വിജയൻ മുഖ്യമന്ത്രിയായപ്പോൾ 23,000 രൂപയായി ഉയർത്തി. പുതിയ സ്കെയിലിൽ കഴിഞ്ഞ മാസത്തെയും ഈ മാസത്തെയും ശമ്പളം കൊടുത്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതുവരെ കെ.എസ്.ആർ.ടി.സി.യുടെ ഇന്ധന പമ്പുകളിൽനിന്നും കെ.എസ്.ആർ.ടി.സി. ബസുകൾ മാത്രമാണ് ഇന്ധനം നിറച്ചുകൊണ്ടിരുന്നത്. എന്നാൽ 'യാത്രാ ഫ്യൂവൽ' പദ്ധതിപ്രകാരം കെ.എസ്.ആർ.ടി.സി.യുടെ ഇന്ധന പമ്പുകൾ പൊതുജനങ്ങൾക്കുകൂടി ഉപകാരപ്രദമാകുംവിധം തുറന്നുകൊടുത്തു. അതുമൂലം വരുമാനം കൂടുകയും ജനങ്ങൾക്ക് നല്ല ഇന്ധനം ലഭിക്കുകയും ചെയ്യുന്നു. ഏതാനും മാസങ്ങൾകൊണ്ട് കെ.എസ്.ആർ.ടി.സി.-യുടെ പമ്പുകൾ പൊതു ജനങ്ങൾക്ക് ഘട്ടംഘട്ടമായി തുറന്നുകൊടുക്കും. ദീർഘദൂര ബസുകൾ കേന്ദ്രീകൃത നിയന്ത്രണ സംവിധാനത്തിനുകീഴിൽ കാര്യക്ഷമമായി ഓടിക്കാൻ രൂപീകരിച്ച 'കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ്' എല്ലാ കടമ്പകളും കടന്ന് യാഥാർത്ഥ്യമായിക്കഴിഞ്ഞു. പുതിയ 8 എ.സി. സ്ലീപ്പർ മൾട്ടി ആക്സിൽ വോൾവോ ബസുകൾ ആദ്യമായി തിരുവനന്തപുരത്ത് എത്തിക്കഴിഞ്ഞു, അത്

ഈ മാസം സർവ്വീസ് ആരംഭിക്കും. ഇത് കെ.എസ്.ആർ.ടി.സി.യുടെ ചരിത്രത്തിലുണ്ടായിട്ടില്ല. അടുത്തമാസമാകുമ്പോൾ പുതിയ 116 ആധുനിക ബസുകളാണ് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ ഭാഗമായി ദീർഘദൂര സർവ്വീസ് നടത്താൻ പോകുന്നത്. എൻ.എച്ച്.-ലൂടെയും എം.സി. റോഡിലൂടെയും പോകുന്ന ബസുകളെ ബന്ധിപ്പിക്കുന്ന ബൈപ്പാസ് റൈഡർ ബസുകളും സമാന്തരമായി ആരംഭിക്കാനുള്ള നടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞു. സിറ്റി സർവ്വീസുകളെല്ലാം ഇലക്ട്രിക് ബസുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി തലസ്ഥാനത്ത് 50 പുതിയ ഇലക്ട്രിക് ബസുകൾ അടുത്തമാസം ഓടിത്തുടങ്ങുകയാണ്. അടുത്ത 6 മാസത്തിനകം കിഫ്ബിയുടെ ധനസഹായത്തോടെ വാങ്ങുന്ന 310 സി.എൻ.ജി. ബസുകളുൾപ്പെടെ 476 പുതിയ ബസുകൾ കെ.എസ്.ആർ.ടി.സി.യുടെ ഭാഗമാകുകയാണ്. ഈ ബസുകളുൾപ്പെടെ 1336 പുതിയ ബസുകൾ അടുത്ത 18 മാസങ്ങൾക്കുള്ളിൽ കെ.എസ്.ആർ.ടി.സി.യിൽ എത്തും. ഇപ്പോൾ സ്ക്രാപ്പ് ചെയ്യേണ്ട 856 ബസുകളുണ്ട്. സ്ക്രാപ്പ് ചെയ്യേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട മുൻഗതാഗത വകുപ്പുമന്ത്രിക്കറിയാം. അതിന് ആദ്യം വിവിധ കമ്മിറ്റികൾ പരിശോധിക്കണം; അതിൽ നല്ല സാധനങ്ങൾ എടുത്തുമാറ്റുന്നതിന് സ്ട്രിപ്പിംഗ് നടത്തണം; അതുകഴിഞ്ഞ് കമ്മിറ്റി അപ്പെറ്റ്

വാല്യൂ ഫിക്സ് ചെയ്യണം. ഇതിനുശേഷമാണ് എം.എസ്.ടി.സി. (മെറ്റൽ സ്ക്രാപ് ട്രേഡ് കോർപ്പറേഷൻ) വഴി ലേലം ചെയ്യുന്നത്. ഒരു സുദീർഘ പ്രോസസ്സാണിത്. ഏതാണ്ട് 80 ബസുകൾ ഈ പ്രോസസ്സിലൂടെ വിറ്റുകഴിഞ്ഞു, ബാക്കിയുള്ളവ ഏതാനും നാളുകൾക്കുള്ളിൽ വിറ്റുപോകും. നഗരങ്ങളിലെ യാത്രാസൗകര്യം മെച്ചപ്പെടുത്താൻ വിദേശരാജ്യങ്ങളിൽ മാത്രം കണ്ടിട്ടുള്ള സിറ്റി സർക്കുലർ ബസ് സർവ്വീസുകൾ പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ഏകദേശം റൂട്ടുകളിലും ആരംഭിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം നഗരത്തിൽമാത്രം 82 ബസുകൾ സർവ്വീസ് ആരംഭിച്ചു. ഫിഷറീസ് വകുപ്പുമായി കൈകോർത്ത് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ ഉറച്ചപിന്തുണയോടുകൂടി മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സൗജന്യമായി യാത്രചെയ്യാൻ 'സമുദ്ര' ബസ് സർവ്വീസ് ആരംഭിച്ചിട്ട് ആറ് മാസമായി. മത്സ്യവിപണന സ്ത്രീകൾക്ക് സൗജന്യമായി ബസ് യാത്രാ സൗകര്യമൊരുക്കിയ ഇന്ത്യയിലെ ആദ്യത്തെ സർക്കാരാണ് പിണറായി വിജയൻ സർക്കാർ. സർവ്വീസ് യോഗ്യമല്ലാത്ത പഴയ ബസുകൾ കണ്ടം ചെയ്യുക മാത്രമല്ല ചെയ്യുന്നത്. മിൽമ, കെ.ടി.ഡി.സി., കുടുംബശ്രീ, ഹോർട്ടികോർപ്പ് തുടങ്ങിയ നിരവധി സ്ഥാപനങ്ങളുമായി കൈകോർത്ത്

'ഷോപ്പ് ഓൺ വീൽസ്' പദ്ധതി കഴിഞ്ഞ പത്തുമാസക്കാലമായി വിജയകരമായി മുന്നോട്ടുപോകുകയാണ്. കെ.എസ്.ആർ.ടി.സി.-യുടെ കണ്ടം ചെയ്യേണ്ട അഞ്ച് ബസുകൾ ലോഡ്ജുകളാക്കിമാറ്റി മൂന്നാറിൽ വിജയകരമായി പ്രവർത്തിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി. മുന്നോട്ടുവയ്ക്കുന്ന ടൂർ പാക്കേജുകൾ കേരള ജനത ഒറ്റക്കെട്ടായി ഇരുകയ്യും നീട്ടിയാണ് സ്വീകരിച്ചിരിക്കുന്നത്. സ്ത്രീകൾ/കുട്ടികൾ മാത്രമായി കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ടൂർ പോകുന്നു. കേരളത്തിൽ ഇന്ന് അതൊരു ഹരമായി മാറിയിരിക്കുന്നു. അങ്ങനെ കഴിഞ്ഞ പത്തുമാസത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണ പദ്ധതികൾ ഒന്നൊന്നായി യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. ബസ് സർവ്വീസ് എത്തപ്പെട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ പുതിയ സർവ്വീസുകൾ ആരംഭിക്കാനും പല കാരണങ്ങൾകൊണ്ട് നിലച്ചുപോയ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുനരാരംഭിക്കാനും ലക്ഷ്യമിട്ട് തദ്ദേശസ്വയംഭരണ വകുപ്പുമായി കൈകോർത്തുകൊണ്ട് 'ഗ്രാമവണ്ടി' പദ്ധതി ആരംഭിക്കാനുള്ള നടപടി പൂർത്തിയായിക്കഴിഞ്ഞു. പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി. മുന്നോട്ടുപോകുമ്പോൾ ഇന്ധനവില വർദ്ധിപ്പിച്ച് അതിനെ തകർക്കാൻ ബി.ജെ.പി. സർക്കാർ ശ്രമിക്കുമ്പോൾ, കേരള

ജനതയുടെ വികാരമായ ആനവണ്ടിയെ തളർത്താൻ, പതിനായിരക്കണക്കിന് ജീവനക്കാരുടെ ജീവിത സ്വപ്നങ്ങളെ പിച്ചിചീന്താൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ യു.ഡി.എഫ്. കൂട്ടുനിൽക്കരുത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, 'ആനന്ദലബ്ധിക്കിനി എന്തുവേണ്ടൂ' എന്ന മട്ടിലാണ് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി പ്രസംഗിച്ചത്. " ...... to constitute KSRTC-SWIFT, a legally independent company for ten years." കെ.എസ്.ആർ.ടി.സി. ഇത്രയും ഭംഗിയായി പ്രവർത്തിക്കുന്നെങ്കിൽ പിന്നെ എന്തിനാണ് ഇങ്ങനെയൊരു പുതിയ കമ്പനി രൂപീകരിക്കുന്നത്? അതാണ് ജീവനക്കാരുടെ പ്രധാന പ്രശ്നം. അങ്ങ് എന്നെ ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ച കാര്യങ്ങൾ ആ സ്ഥാപനത്തിലെ സി.ഐ.ടി.യു.-വിനെ ബോദ്ധ്യപ്പെടുത്താൻ സാധിക്കുമോ? എന്നോട് പറഞ്ഞാൽ ഞാൻ കേട്ടിരിക്കാം, കാരണം നിയമസഭയിലല്ലേ പറയുന്നത്. പക്ഷേ സി.ഐ.ടി.യു.-ക്കാർ ഇത് കേൾക്കുമോ? കേൾക്കില്ലെന്ന് എന്നെക്കാൾ നന്നായി അറിയാവുന്നയാൾ അങ്ങാണ്. പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധനവിന്റെ കാര്യത്തിൽ കേന്ദ്രഗവൺമെന്റ് ചെയ്ത കാര്യത്തെ നൂറ് ശതമാനം ഞങ്ങൾ എതിർക്കുകയാണ്. ബൾക്ക്

പർച്ചേസിന്റെ പോസിബിലിറ്റി ഉണ്ടായിരുന്നത് അവർ ഇല്ലാതാക്കി. അതിനോട് ഞങ്ങൾ യോജിക്കുന്നില്ല. അതിനെതിരെ ഗവൺമെന്റ് കോടതിയിൽ പോയി. അതിൽ കക്ഷി ചേരാൻ ഞങ്ങളും തയ്യാറാണ്. പക്ഷേ അതിൽ വേറൊരു മാർഗ്ഗമുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനംമൂലമുണ്ടായ നഷ്ടം നികത്തുന്നതിന് സംസ്ഥാന ഗവൺമെന്റ് സബ്സിഡി നൽകുന്നതിനെക്കുറിച്ച് അങ്ങ് ഒന്നും സംസാരിച്ചില്ല. അത് നൽകണ്ടേ; അങ്ങനെ ഈ പ്രശ്നം പരിഹരിക്കണ്ടേ; സി.ഐ.ടി.യു. അടക്കമുള്ള യൂണിയനുകൾ ആവശ്യപ്പെട്ട കാര്യം അങ്ങ് കേൾക്കാതെ പോയതെന്തുകൊണ്ടാണ്? പാവപ്പെട്ട ജനങ്ങളുടെ ഗതാഗത മാർഗ്ഗമായ 'ആനവണ്ടി'യെന്ന് വിളിക്കുന്ന കെ.എസ്.ആർ.ടി.സി. സർക്കാരിന്റെ തെറ്റായ നിലപാടുമൂലം പരിതാപകരമായ അവസ്ഥയിലാണെന്നുള്ള യാഥാർത്ഥ്യം നിലനിൽക്കുകയാണ്. സിൽവർ ലൈനിന്റെ ഫിനാൻഷ്യൽ ട്രാക്ക് ക്ലിയറാക്കുന്നതിനുവേണ്ടി കെ.എസ്.ആർ.ടി.സി. അടക്കമുള്ള പൊതുഗതാഗത സംവിധാനത്തെ മനഃപൂർവ്വം തഴയുന്നതായിട്ടാണ് ഈ സമൂഹം വിലയിരുത്തുന്നത്. കെ.എസ്.ആർ.ടി.സി. എന്ന പൊതുമേഖലാ സ്ഥാപനത്തെ ഉന്മൂലനം ചെയ്യാനുള്ള നടപടിയാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. 2016-ൽ എൽ.ഡി.എഫ്. ഗവൺമെന്റ്

അധികാരത്തിൽ വന്നപ്പോൾ തുടക്കത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് 5200 ഷെഡ്യൂളുകളും 6200 ബസുകളും ഉണ്ടായിരുന്നു. അതിനുകാരണം അതിനുമുമ്പ് യു.ഡി.എഫ്.-ന്റെ കാലത്ത് 5200 ഷെഡ്യൂളുണ്ടായിരുന്നു എന്നതാണ്. ഞങ്ങൾ സ്വീകരിച്ച നടപടിയുടെ പിന്തുടർച്ച എവിടെവച്ചാണ് തകർന്നുപോയതെന്നാണ് എന്റെ ചോദ്യം. ഇന്ന് 3300 ബസുകൾ മാത്രമാണ് കെ.എസ്.ആർ.ടി.സി.-ക്കുള്ളതെന്ന യാഥാർത്ഥ്യം അങ്ങ് മറക്കരുത്. ഷെഡ്യൂളുകൾ അതനുസരിച്ച് വെട്ടിക്കുറയ്ക്കുകയാണ്. ഇവിടെയിരിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ പറയട്ടെ, അവരുടെ നാട്ടിൽ സർവ്വീസ് നടത്തിക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി. ബസുകളുടെ ഷെഡ്യൂളുകൾ പഴയതുപോലെയുണ്ടോ എന്ന്? ഇല്ലെന്ന് എനിക്കറിയാം. അതാണ് പ്രധാന പ്രശ്നം. ഷെഡ്യൂളുകളെല്ലാം വെട്ടിച്ചുരുക്കി. 48,000 തൊഴിലാളികളുണ്ടായിരുന്ന കെ.എസ്.ആർ.ടി.സി.-യിൽ ഇപ്പോൾ 27,000 തൊഴിലാളികൾ മാത്രമാണുള്ളത്. ബാക്കിയുള്ളവരെ പിരിച്ചുവിട്ടു. അതിനുശേഷം കെ-സ്വിഫ്റ്റ് കമ്പനി രൂപീകരിച്ച് പിൻവാതിൽ നിയമനം നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. 17 ലക്ഷം കിലോമീറ്റർ സർവ്വീസ് നടത്തിക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി. ഇപ്പോൾ അങ്ങ് പറഞ്ഞ ഗ്രാമവണ്ടി, ടൂർ വണ്ടി, സ്ത്രീകളുടെ വണ്ടി തുടങ്ങിയ

എല്ലാംകൂടി ചേർന്നാലും 10 ലക്ഷം കിലോമീറ്റർ സർവ്വീസായി ചുരുങ്ങിപ്പോയി. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ജൻറം ബസുകളടക്കം 2752 പുതിയ ബസുകൾ വാങ്ങിയിരുന്നു. അങ്ങ് ഫയലും കണക്കുകളും പരിശോധിക്കു. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിലിരുന്നപ്പോൾ ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കാലം മുതല്, 4000 ബസുകൾ വാങ്ങുമെന്ന് വിവിധ ബഡ്ജറ്റുകളിലായി പറഞ്ഞു. ഇന്നുവരെ നിരത്തിലിറങ്ങിയത് 110 ബസുകൾ മാത്രമാണ്. വിവിധ ഡിപ്പോകളിൽ നല്ലനിലയിൽ ഓടിക്കൊണ്ടിരുന്ന 2885 ബസുകൾ നിരത്തിലിറക്കാതെ പല സ്ഥലങ്ങളിലായി ഒതുക്കിയിട്ടിരിക്കുകയാണ്. തിരുവനന്തപുരത്തെ ഈഞ്ചയ്ക്കലിൽ പോയാൽ അത് കാണാം. 2885 ബസുകൾ ഓഫ് റോഡാക്കിയും പുതിയവ വാങ്ങാതെയും കെ.എസ്.ആർ.ടി.സി.-യെ ശുഷ്കിച്ച സ്ഥാപനമാക്കിയതിന്റെ പിന്നിൽ സിൽവർലൈൻ അജണ്ടയുണ്ട് എന്നുതന്നെയാണ് കേരള സമൂഹം കരുതുന്നത്. പ്രതിദിനം ആറ് കോടി രൂപ വരുമാനമുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ അങ്ങയുടെ കണക്കനുസരിച്ച് നാല് കോടി രൂപയാണ് വരുമാനം. ഒരു ദിവസം ആറ് കോടി രൂപ ഉണ്ടായിരുന്നത് നാല് കോടി രൂപയായി കുറഞ്ഞാൽ ഒരു വർഷത്തിൽ എത്ര കുറവുണ്ടാകുമെന്നുള്ളത്

കണക്കുകൂട്ടിയാൽ മതി. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എറണാകുളം കേന്ദ്രീകരിച്ച് ആരംഭിച്ച കെ.യു.ആർ.ടി.സി. എന്നത് സബ്സിഡിയറി കമ്പനിയാണ്. ഞങ്ങൾ കെ.എസ്.ആർ.ടി.സി.-യെ വെട്ടിമാറ്റി മറ്റൊരു സ്വതന്ത്ര സ്വിഫ്റ്റ് കമ്പനി രൂപീകരിക്കുകയല്ല ചെയ്തത്. ആ സബ്സിഡിയറി കമ്പനിയാണ് കേരളത്തിൽ ഏറ്റവും ലാഭകരമായി സർവ്വീസ് നടത്തിക്കൊണ്ടിരുന്നതെന്നുള്ള യാഥാർത്ഥ്യം അങ്ങേയ്ക്ക് അറിയാവുന്നതല്ലേ? എന്നാൽ എൽ.ഡി.എഫ്. സർക്കാർ ആരംഭിച്ച കെ-സ്വിഫ്റ്റ് എന്ന സ്വതന്ത്ര കമ്പനി കെ.എസ്.ആർ.ടി.സി.-യെ ഉന്മൂലനം ചെയ്യുന്നതിന് വേണ്ടിയുള്ളതാണെന്നാണ് ജീവനക്കാരുടെയും പൊതുജനങ്ങളുടെയും അഭിപ്രായം. കെ.എസ്.ആർ.ടി.സി.-യിലെ 8,600 താത്കാലിക ജീവനക്കാരെ ഇതിനോടകം പിരിച്ചുവിട്ടിട്ടുണ്ട്. 48,000 ജീവനക്കാരിൽ നിന്നും 27,000-ലേയ്ക്ക് വരുന്ന വഴിയാണിത്. ഈ പിരിച്ചുവിടലിന്റെ ലക്ഷ്യം പിൻവാതിൽ നിയമനമാണെന്ന് എല്ലാവർക്കുമറിയാം. കെ.എസ്.ആർ.ടി.സി.-യുടെ ബസും ലാഭകരമായ റൂട്ടുകളും സ്വിഫ്റ്റ്-ന് നൽകി കെ.എസ്.ആർ.ടി.സി.-യെ കുളംതോണ്ടുന്നതിനുള്ള നടപടി ദയവായി നിർത്തിവയ്ക്കണമെന്നാണ് ഞങ്ങളുടെ അഭ്യർത്ഥന. പുതിയ കമ്പനിക്ക് സർക്കാരിന്റെ പണം, സ്ഥലം തുടങ്ങിയവയെല്ലാം നൽകുകയാണ്.

കെ.എസ്.ആർ.ടി.സി.-യുടെ വസ്തുവകകൾ 30 വർഷത്തേയ്ക്ക് പാട്ടത്തിന് കൊടുത്തുകൊണ്ടേയിരിക്കുകയാണ്. 14,000 സ്ക്വയർ ഫീറ്റുള്ള ട്രാൻസ്പോർട്ട് ഭവൻ സ്ക്വയർ ഫീറ്റിന് 10 രൂപവച്ച് 30 വർഷത്തേയ്ക്ക് പാട്ടത്തിന് കൊടുത്തില്ലേ; അതുമൂലം ഒരു ചെറിയ മുറിയിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ഓഫീസ് ചുരുക്കേണ്ടിവന്നില്ലേ? നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ ഓഫീസ് പ്രവർത്തിക്കുന്നത് അവിടെ ഒരു മൂലയിലാണ്. ട്രാൻസ്പോർട്ട് ഭവൻ എന്നെല്ലാം നമുക്ക് മേനി പറയാം, പക്ഷേ ഭവൻ ഇപ്പോൾ പ്രവർത്തിക്കുന്നത് ഒരു ചെറിയ മുറിയിലാണ്. കെ.എസ്.ആർ.ടി.സി.-യുടെ തമ്പാനൂരിലെയും വികാസ് ഭവൻ ഡിപ്പോയിലെയും സ്ഥലം പാട്ടത്തിന് കൊടുത്തില്ലേ; ശ്രീ. എച്ച്. സലാമിന് അറിയാമല്ലോ, ആലപ്പുഴയിലെ കെ.എസ്.ആർ.ടി.സി.യുടെ സ്ഥലവും പാട്ടത്തിന് പോയില്ലേ? തേവരയിലെ അഞ്ചര ഏക്കർ സ്ഥലമടക്കം പതിനെട്ടോളം സ്ഥലങ്ങൾ 30 വർഷത്തേയ്ക്ക് പാട്ടത്തിന് കൊടുത്തു. കെ.എസ്.ആർ.ടി.സി.-ക്ക് ഇതുകൊണ്ട് എന്ത് ലാഭം കിട്ടിയെന്നാണ് അങ്ങ് പറയുന്നത്? നിങ്ങൾ യു.ഡി.എഫ്.-നെ കുറ്റപ്പെടുത്തിയല്ലോ, ആ കുറ്റപ്പെടുത്തൽ രാഷ്ട്രീയപരമാണ്. നിങ്ങൾ ഇനിയും കുറ്റപ്പെടുത്തിക്കോളൂ, അതിലൊന്നും ഞങ്ങൾക്ക് തർക്കമില്ല. 418 ഏക്കർ സ്ഥലം കെ.എസ്.ആർ.ടി.സി.-യുടെ സ്വന്തംവകയാക്കി മാറ്റിയത്

ഉമ്മൻ ചാണ്ടി ഗവൺമെന്റ് കേരളം ഭരിച്ച കാലത്താണെന്നുള്ള യാഥാർത്ഥ്യം നിങ്ങൾ മറക്കരുത്. അങ്ങ് തലയ്ക്ക് കൈവയ്ക്കേണ്ടതില്ല! ലാൻഡ് അക്വിസിഷനുവേണ്ടി ഞങ്ങൾ പ്രത്യേകം തഹസീൽദാരെ നിയോഗിച്ചു, അതിനുശേഷം റിക്കാർഡുകൾ കൊണ്ടുവന്ന് എല്ലാം പരിശോധിച്ച് ഭൂമി മുഴുവൻ കെ.എസ്.ആർ.ടി.സി.-യുടേതാക്കിമാറ്റി. ആ ഭൂമിയാണ് 30 വർഷത്തേയ്ക്ക് പാട്ടത്തിന് കൊടുക്കുന്നതിന് തീരുമാനിച്ചതെന്ന യാഥാർത്ഥ്യം മറക്കരുത്. ജീവനക്കാരുടെ ശമ്പളത്തിൽനിന്നും റിക്കവർ ചെയ്യുന്ന എൻ.പി.എസ്. തുകയും മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്കടയ്ക്കേണ്ട തുകയും അടയ്ക്കുന്നില്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ബഡ്ജറ്റിൽ വകയിരുത്തിയ 225 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് ഇന്നേവരെ ട്രാൻസ്ഫർ ചെയ്ത് കിട്ടിയിട്ടില്ലെന്ന യാഥാർത്ഥ്യം മറന്നുപോകരുത്. അങ്ങയിലും ആരോ കൺകെട്ട് പണി നടത്തുന്നുണ്ട്, കാര്യങ്ങൾ വേറേ രൂപത്തിൽ എഴുതിത്തരികയാണ്; എന്നാൽ യാഥാർത്ഥ്യം മറ്റൊരു രൂപത്തിൽ നിൽക്കുകയാണ്. പെൻഷൻ കാര്യത്തിൽ കെ.എസ്.ആർ.ടി.സി.യും സർക്കാരും തമ്മിൽ 50% വച്ച് വീതിച്ചിരുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം ആ തീരുമാനം ചരിത്രപരമായിരുന്നു. ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ പെൻഷന്റെ 50% ഗവൺമെന്റ്

അടയ്ക്കാമെന്ന് തീരുമാനമെടുത്തത് ഉമ്മൻ ചാണ്ടി ഗവൺമെന്റാണെന്ന സത്യം അങ്ങ് മറക്കരുത്. 50% തുക ഗവൺമെന്റ് അടച്ചാൽ ബാക്കി 50% തുക കെ.എസ്.ആർ.ടി.സി. അടയ്ക്കാമെന്ന് അന്ന് കെ.എസ്.ആർ.ടി.സി.-യുടെ ചാർജ്ജുണ്ടായിരുന്ന ഞാൻ പറഞ്ഞു. അങ്ങനെ ഒരുമിച്ചുനിന്ന് പെൻഷൻ മുഴുവൻ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. സഹകരണ ബാങ്കിൽനിന്നും വായ്പയെടുത്ത് അങ്ങ് ഇപ്പോൾ പെൻഷൻ കൊടുക്കുന്നുണ്ട്. പ്രസ്തുത വായ്പയുടെ പലിശ എത്രയാണെന്ന് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ പറയട്ടെ. സർക്കാർ കൊടുക്കുന്ന അമ്പത് ശതമാനവും കെ.എസ്.ആർ.ടി.സി.യുടെ അമ്പത് ശതമാനവും വന്നാൽപ്പിന്നെ എങ്ങനെയാണ് പലിശയ്ക്കെടുക്കേണ്ടി വരുന്നത്? വായ്പയെടുത്താൽ എന്തായാലും ഈ പലിശ മുഴുവൻ നമ്മൾ തിരിച്ചുകൊടുക്കണ്ടേ? അതിനുള്ള തുകകൂടി നമുക്ക് വരുമാനമായി കിട്ടാതെ നിവൃത്തിയില്ലല്ലോ?

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, .....

മി. സ്പീക്കർ: ഇരിക്കൂ.... അദ്ദേഹം പ്രസംഗം അവസാനിപ്പിക്കാൻ പോകുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ വഴങ്ങേണ്ടതില്ലല്ലോ?

മി. സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞു, പ്രസംഗം അവസാനിപ്പിച്ചാൽ മതി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട സ്പീക്കർ സമ്മതിക്കുന്നില്ല, അതുകൊണ്ട് എനിക്ക് സമ്മതമാണെന്ന് അതിനർത്ഥമില്ല, എന്നാലും ബഹുമാനപ്പെട്ട സ്പീക്കറും അതുതന്നെ പറഞ്ഞു.

മി. സ്പീക്കർ: എങ്കിലും കാര്യം സ്പീക്കറുടെ ചെലവിലായി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, യു.ഡി.എഫ്. സർക്കാർ കെ.എസ്.ആർ.ടി.സി.-യുടെ ദിവസ വരുമാനത്തിൽനിന്നും 10% തുക പെൻഷൻ ഫണ്ടായി മാറ്റിവച്ചിരുന്നു. സത്യം പറഞ്ഞാൽ, ഉറുമ്പ് ശേഖരിക്കുന്നതുപോലെ ഈ തുകയെല്ലാം സംഭരിച്ചാണ് ഞങ്ങൾ അന്ന് പെൻഷൻ കൊടുത്തതെന്നുള്ള സത്യം അങ്ങെങ്കിലും മറക്കരുതെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന ഈ സംവിധാനമാണ് കെ.എസ്.ആർ.ടി.സി.-യെ മാറ്റിമറിച്ചത്. കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക ക്ലേശം അങ്ങേയ്ക്ക് നന്നായി അറിയാമല്ലോ, പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് എല്ലാവരുടെയും കയ്യിൽനിന്നും കിട്ടാവുന്ന തുകയെല്ലാം സംഭരിച്ചാണ് കെ.എസ്.ആർ.ടി.സി.-യെ ഞങ്ങൾ ഒരുവിധത്തിൽ

മുമ്പോട്ടുകൊണ്ടുപോയത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്, ഇപ്പോൾത്തന്നെ മന്ത്രി സംസാരിച്ചതിനേക്കാൾ കൂടുതൽ സമയം അങ്ങേയ്ക്ക് ലഭിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, രണ്ട് മിനിറ്റുകൂടി, മന്ത്രി ഇനിയും എന്നേക്കാൾ കൂടുതൽ സംസാരിക്കും, അങ്ങനെ കൂടുതൽ സംസാരിക്കില്ലെങ്കിൽ ഞാൻ ഇപ്പോൾ ഇരുന്നോളാം. അദ്ദേഹം മന്ത്രിയായതുകൊണ്ട് അങ്ങേയ്ക്ക് കൂടുതൽ സമയം കൊടുക്കേണ്ടി വരും, ഞാൻ മന്ത്രിയല്ലാത്ത ആളല്ലേ, അതുകൊണ്ട് എനിക്ക് ഇങ്ങനെ ചെയ്യേണ്ടിവരും.

മി. സ്പീക്കർ: അങ്ങ് മന്ത്രിയായിരുന്ന ആളാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സൗജന്യയാത്രയെക്കുറിച്ച് പറഞ്ഞു. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട പാവപ്പെട്ട കുട്ടികൾക്കും ബി.പി.എൽ. വിഭാഗത്തിലുള്ള കുട്ടികൾക്കും ഇന്ത്യയിലാദ്യമായി കെ.എസ്.ആർ.ടി.സി. ബസിൽ സമ്പൂർണ്ണ സൗജന്യ യാത്ര അനുവദിച്ചത് ഉമ്മൻ ചാണ്ടി ഗവൺമെന്റാണെന്ന യാഥാർത്ഥ്യം അങ്ങ് മറക്കരുത്. അങ്ങയുടെ പ്രതിനിധികൾ അന്ന് ഈ സഭയിലുണ്ടായിരുന്നു. അവരിൽ ചിലർ ആ തീരുമാനത്തെ എതിർത്തത് ഞാൻ ഓർക്കുകയാണ്, ദൈവമായിട്ട് അവരെ പിന്നീട് ഇങ്ങോട്ട് മടക്കിക്കൊണ്ടുവന്നിട്ടില്ല,

അതുകൊണ്ടുതന്നെ എനിക്കവരോട് തിരിച്ചുചോദിക്കാനും പറ്റുന്നില്ല. എനിക്ക് ഒരു വാക്ക് മാത്രമേ പറയാനുള്ളൂ. അശ്വത്ഥാമാവിന്റെ കഥ അങ്ങേയ്ക്കറിയാമല്ലോ, അശ്വത്ഥാമാവ് വരും എന്നുള്ള പ്രതീക്ഷയോടെ, നമ്മുടെ വലിയ കെ-റെയിൽ ഒരു അശ്വത്ഥാമാവിന്റെ രൂപത്തിൽ എത്തുമെന്ന പ്രതീക്ഷയോടുകൂടി ഈ പാവപ്പെട്ട ആനവണ്ടിയെ അങ്ങ് കുത്തിക്കൊല്ലരുതെന്ന് വിനയപൂർവ്വം ഞാൻ ഓർമ്മിപ്പിക്കുകയാണ്. കെ.എസ്.ആർ.ടി.സി.യെ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇവിടെ ജീവനക്കാർ സമരത്തിലാണ്, ജനങ്ങൾ അസംതൃപ്തിയിലാണ്, കെ.എസ്.ആർ.ടി.സി.-യിൽ സ്ഥിരമായി യാത്ര ചെയ്തുകൊണ്ടിരിക്കുന്ന ആളുകളും വളരെ വിഷമിക്കുന്ന കാലഘട്ടമാണ്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്തേ മതിയാകുവെന്ന് ഞാൻ വിനയപൂർവ്വം അപേക്ഷിക്കുന്നു.

മി. സ്പീക്കർ: ഈ അധികസമയം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് മാത്രം നൽകിയ പരിഗണനയാണ്, അതൊരു കീഴ്വഴക്കമാക്കരുത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, മുൻഗതാഗത വകുപ്പുമന്ത്രിയായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഈ കുരിശ് ചുമക്കാൻ തയ്യാറാകരുതായിരുന്നു. നാമെല്ലാം അങ്ങയെക്കുറിച്ച് നല്ലപോലെ

അറിയാവുന്നവരാണല്ലോ. മനഃസാക്ഷിക്ക് വിരുദ്ധമായി മനസ്സില്ലാമനസ്സോടെയാണ് അങ്ങ് ഈ കുരിശ് ഏറ്റെടുത്തതെന്ന് പ്രസംഗം കേട്ടിരുന്ന എല്ലാവർക്കും മനസ്സിലായി. അങ്ങ് വസ്തുതാവിരുദ്ധമായ എന്തെല്ലാം കാര്യങ്ങളാണ് പറഞ്ഞത്. ഉമ്മൻ ചാണ്ടി സർക്കാർ അങ്ങനെ ചെയ്തു, എൽ.ഡി.എഫ്. സർക്കാർ എന്തുചെയ്തു തുടങ്ങിയ ചോദ്യങ്ങളൊക്കെ ചോദിച്ചു. ഞാൻ പറയട്ടെ, 2011-16 കാലത്ത് അങ്ങും രണ്ടര വർഷക്കാലം ഗതാഗത വകുപ്പിന്റെ മന്ത്രിയായിരുന്നല്ലോ; ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയിരിക്കുമ്പോൾ 2011-16 കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് യു.ഡി.എഫ്. ഗവൺമെന്റ് നൽകിയത് വെറും 1543.86 കോടി രൂപയാണ്. ഞാൻ വെല്ലുവിളിക്കുന്നു, ഞാൻ ഇത് സഭയിലാണ് പറയുന്നത്. ഒന്നാം പിണറായി വിജയൻ സർക്കാർ അധികാരത്തിലിരുന്ന 2016 മുതൽ 2021 വരെയുള്ള കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചത് 4924 കോടി രൂപയാണ്. ഞങ്ങൾ ഈ വർഷം ഇതുവരെ കൊടുത്തത് 1868 കോടി രൂപയാണ്, ഇനിയും ധനകാര്യ വകുപ്പുമന്ത്രി ഏകദേശം 140 കോടി രൂപയെങ്കിലും നൽകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ...(ബഹളം)..... തടസ്സപ്പെടുത്താനാണ് പ്രതിപക്ഷം വെറുതെ ശബ്ദമുണ്ടാക്കുന്നത്, ഞാൻ വഴങ്ങുന്നില്ല.. ... എന്റെ മറുപടി കഴിഞ്ഞശേഷം നിങ്ങൾക്ക് പറയാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട വകുപ്പുമന്ത്രി, അങ്ങ് ചെയറിനെ നോക്കി സംസാരിക്കു.

ശ്രീ. ആന്റണി രാജു: സർ, 2022-ൽ മാത്രം 1868 കോടി രൂപ, അതായത് ഉമ്മൻ ചാണ്ടി സർക്കാർ 5 വർഷംകൊണ്ട് കൊടുത്തത് 1543 കോടി രൂപയാണെങ്കിൽ ഞങ്ങൾ ഒരു വർഷംകൊണ്ട് 1868 കോടി രൂപ കൊടുത്തു. ആരാണ് കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കാൻ നിൽക്കുന്നത്; നിങ്ങളാണോ? നിങ്ങളുടെ കാലത്തെ ഒരു അഴിമതി ഞങ്ങൾ വന്നതിനുശേഷം കണ്ടുപിടിച്ച ഒരു കഥയുണ്ടല്ലോ? യു.ഡി.എഫ്.-ന്റെ കാലത്തെ, അതായത് 2010 മുതൽ 2013 വരെയുള്ള സാമ്പത്തിക വർഷത്തെ കണക്കുകളിൽ 100.75 കോടി രൂപയുടെ ക്രമക്കേടുകൾ ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യിലെ നിർമ്മാണ പ്രവർത്തനങ്ങളിലെ അഴിമതിക്ക് നേതൃത്വംകൊടുത്ത ചീഫ് എഞ്ചിനീയറെ സസ്പെന്റ് ചെയ്ത ഗവൺമെന്റാണിത്. കളക്ഷനെക്കുറിച്ച് അങ്ങിവിടെ പറഞ്ഞു, ഞാൻ പറയുന്നതൊന്നും അങ്ങ് കേൾക്കുന്നില്ല, അങ്ങുകൂടി കേൾക്കണം.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, മന്ത്രി പറയുന്നത് അങ്ങ്

കേൾക്കുന്നില്ലെന്നാണ് പരാതി.

<u>ശ്രീ. ആന്റണി രാജു</u>: സർ, കേൾക്കില്ല, ബോധപൂർവ്വമാണ്. എത്ര സമർത്ഥമായാണ് അങ്ങ് കണക്കുകൾ വഴിതെറ്റിച്ച് കാട്ടിയത്. യഥാർത്ഥ കണക്കുകൾ ഞാൻ പറയാം. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 2016 മാർച്ച് 15-ലെ കളക്ഷൻ 4.99 കോടി രൂപയായിരുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ,.....

<u>ശ്രീ. ആന്റണി രാജു</u>: ഞാൻ പറഞ്ഞുകഴിഞ്ഞശേഷം അവസാനം അവസരം തരാം. ഇവർ ബോധപൂർവ്വം പ്രസംഗം തടസ്സപ്പെടുത്തുകയാണ്, പ്രസംഗം കേൾക്കുന്നതിൽ അസഹിഷ്ണുത കാണിക്കുകയാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഗതാഗത വകുപ്പുമന്ത്രിയായിരിക്കുമ്പോൾ 2016 മാർച്ച് 15-ലെ കളക്ഷൻ 4.99 കോടി രൂപയായിരുന്നു. 2022 മാർച്ച് 15-ലെ കളക്ഷന്റെ കണക്ക് ഇന്നലെ ലഭിച്ചു. അദ്ദേഹം പറഞ്ഞത്, ഞങ്ങൾക്ക് കിട്ടിയ മാക്സിമം കളക്ഷൻ 4 കോടി രൂപയ്ക്ക് താഴയാണെന്ന് ഞാൻ പറഞ്ഞുവെന്നാണ്. 2016-ലെ 4.99 കോടി രൂപയുടെ സ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-യുടെ ഇന്നലത്തെ കളക്ഷൻ 5,98,29,477 രൂപയാണ്. ചാർജ്ജ് കൂട്ടിയില്ലല്ലോ; ഇനി ചാർജ്ജ് വർദ്ധിപ്പിക്കേണ്ടതുണ്ടോയെന്ന് പറയൂ; ചാർജ്ജ് വർദ്ധിപ്പിച്ചാൽ അതിനും

നിങ്ങൾ സമരം നടത്തും. യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനായിരുന്നല്ലോ അല്പം ഭേദമായൊരു മന്ത്രി. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽപ്പോലും കെ.എസ്.ആർ.ടി.സി.-യുടെ മാക്സിമം കളക്ഷൻ 5.5 കോടി രൂപയായിരുന്നു. ബസുകളുടെ എണ്ണം കുറച്ച്, ആളുകൾ കയറിയില്ലെന്ന് അങ്ങ് പറഞ്ഞല്ലോ; അങ്ങയുടെ ഭരണകാലത്ത്, ആളുകൾ ബസിൽ കയറിയ സമയത്ത് ലഭിച്ച മാക്സിമം കളക്ഷൻ 5.5 കോടി രൂപയാണ്. വണ്ടി ഓടാതെ, ആളുകൾ കയറാതെ, എങ്ങനെയാണ് ഇന്നലത്തെ കളക്ഷൻ 5.98 കോടി രൂപയായത്? വസ്തുതകളെ അങ്ങ് വളച്ചൊടിക്കരുത്. അങ്ങ് പറഞ്ഞതിൽ കുറച്ച് യാഥാർത്ഥ്യങ്ങളുണ്ട്. ഇപ്പോഴത്തെ അവസ്ഥ എന്താണ്? കോവിഡ് മഹാമാരി വന്നപ്പോൾ എ.സി. ബസുകളിൽ കയറാൻ ആളുകൾ വിമുഖത കാണിക്കുന്നതിനാൽ കുറെ എ.സി. ബസുകൾ മാറ്റിയിട്ടിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ കോവിഡ് മഹാമാരിക്ക് തൊട്ടുമുമ്പ് കെ.എസ്.ആർ.ടി.സി.-യുടെ 4553 ബസുകൾ സർവ്വീസ് നടത്തിയില്ലേ. അന്ന് പ്രൈവറ്റ് ബസുകാർ നടത്തിയ സർവ്വീസ് എത്രയാണെന്ന് അറിയാമോ? അന്ന് 12500 പ്രൈവറ്റ് ബസുകൾ സർവ്വീസ് നടത്തിയിരുന്നു. ഇപ്പോൾ വെറും 7000 പ്രൈവറ്റ് ബസുകളാണ് സർവ്വീസ് നടത്തുന്നത്. ഗതാഗത വകുപ്പുമന്ത്രി എന്ന നിലയ്ക്ക് ഞാൻ മോട്ടോർ

വെഹിക്കിൾ ഡിപ്പാർട്ടുമെന്റിൽനിന്ന് ഇന്ന് രാവിലെയെടുത്ത കണക്കാണ്. 7000 ബസുകളെന്ന് പറയുമ്പോൾ വെറും 55% പ്രൈവറ്റ് ബസുകൾ മാത്രമാണ് ഇപ്പോൾ സർവ്വീസ് നടത്തുന്നത്. 45% ശതമാനം പ്രൈവറ്റ് ബസുകൾക്ക് സർവ്വീസ് നടത്താൻ കഴിയുന്നില്ല. അതുമായി താരതമ്യപ്പെടുത്തുമ്പോൾ 3883 ബസുകളാണ് കെ.എസ്.ആർ.ടി.സി. ഇന്നലെ സർവ്വീസ് നടത്തിയത്. അങ്ങ് പറഞ്ഞ 3300 ബസുകളല്ല, 3883 ബസുകളാണ് സർവ്വീസ് നടത്തിയത്. എത്ര ശതമാനമാണെന്നറിയോ; ഈ പ്രതികൂല സാഹചര്യത്തിലും കെ.എസ്.ആർ.ടി.സി.-യുടെ 85% ബസുകൾ സർവ്വീസ് നടത്തുകയാണ്. ഞങ്ങൾ നിർത്തിവച്ചതും ഓടാൻ കഴിയാത്തതും വെറും 15% ബസുകൾ മാത്രമാണ്. 45% പ്രൈവറ്റ് ബസുകളുടെ സർവ്വീസ് നിർത്തിവച്ചു. അതിൽ ആർക്കും പരാതിയില്ലല്ലോ; ഒന്നുമില്ലെങ്കിലും നിങ്ങൾക്ക് പരാതി പറയാനായി ഒരു കെ.എസ്.ആർ.ടി.സി.-യെങ്കിലും ഉണ്ടല്ലോ; വെറും 15 ശതമാനം ബസുകളുടെ സർവ്വീസാണ് ഞങ്ങൾ നിർത്തിവച്ചത്. അത് എന്തുകൊണ്ടാണ്; ഏതൊക്കെ ബസുകളാണ് നിർത്തിവച്ചത്? സി-കാറ്റഗറി (സി-പൂൾ) ബസുകളുടെ സർവ്വീസാണ് നിർത്തിവച്ചത്. അതായത് EPKM (Earnings Per Kilometre) 30 രൂപയിൽത്താഴെയുള്ള സർവ്വീസുകൾ. അവയുടെ സർവ്വീസുകൊണ്ട് ഡീസൽ

ചെലവിന്റെ പകുതിപോലും ലഭിക്കുന്നില്ല. അങ്ങനെയുള്ള സി-പൂളിലെ 538 ബസുകൾ ഈ സാഹചര്യത്തിൽ നിർത്താതിരിക്കാൻ പറ്റുമോ? അങ്ങ് മന്ത്രിയായിരുന്നെങ്കിൽ ഈ സമയത്ത് 3000 ബസുകൾ നിർത്തുമായിരുന്നു. കെ.എസ്.ആർ.ടി.സി. ഏറ്റവും മോശമായ സി-പൂളിലെ 538 ബസുകളുടെ സർവ്വീസ് മാത്രമാണ് നിർത്തിച്ചത്. അതൊഴിവാക്കിയാൽ 4015 ബസുകൾ ഓടണം. അങ്ങനെ നോക്കുമ്പോൾ 3883 ബസുകൾ സർവ്വീസ് നടത്തുന്ന സ്ഥാനത്ത് സി-പൂൾ മാറ്റിനിർത്തിയാൽ ഇനി ഓടാനുള്ളത് 132 ബസുകളാണ്. അധികംവൈകാതെ ആ 132 ബസുകളും സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലം പാട്ടത്തിന് കൊടുത്തതിനെക്കുറിച്ച് അങ്ങ് പറഞ്ഞു. ആലപ്പുഴയിൽപ്പോലും പാട്ടത്തിന് കൊടുത്തുവെന്ന് പറയാൻ അങ്ങേയ്ക്ക് എങ്ങനെ ധൈര്യം വന്നു; ആലപ്പുഴയിൽ കിഫ്ബി ധനസഹായത്തോടെ മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണം ആരംഭിച്ചു. ആർക്ക് പാട്ടത്തിന് കൊടുത്തുവെന്നാണ് അങ്ങ് പറയുന്നത്? അതുപോലെ തമ്പാനൂർ സെൻട്രൽ ഓഫീസിലെ സ്ഥലം പാട്ടത്തിന് കൊടുത്തുവെന്ന് പറഞ്ഞു. കേരള സ്റ്റേറ്റ് വിമൻസ് ഡെവലപ്മെന്റ് കോർപ്പറേഷന് 12500 സ്ക്വയർ ഫീറ്റ് പാട്ടത്തിന് കൊടുത്തു. അത് ഇനിയും കൊടുക്കും. ഇത്

സർക്കാർ സ്ഥാപനമാണ്. കുത്തക മുതലാളിമാർക്കല്ല കൊടുത്തത്. അതിനെയെല്ലാം അങ്ങ് വളരെ ബോധപൂർവ്വം, തന്ത്രപൂർവ്വം വഴിതിരിച്ചുവിട്ട് സഭയെയും നാട്ടുകാരെയും തെറ്റിദ്ധരിപ്പിക്കാൻ നടത്തുന്ന നീക്കം ഒട്ടും ശരിയല്ല. ഈ ഗവൺമെന്റ് വന്നശേഷം ഞങ്ങളാരും പാട്ടത്തിന് കൊടുത്തിട്ടില്ല. അങ്ങ് മന്ത്രിയായിരുന്നപ്പോൾ പാട്ടത്തിന് കൊടുത്തത് തുടരുന്നുവെന്നേയുള്ളൂ, അല്ലാതെ ഞങ്ങൾ കൊടുത്തതൊന്നുമല്ല. പാട്ടത്തിന് കൊടുത്തത് തെറ്റായിരുന്നുവെങ്കിൽ അങ്ങ് മന്ത്രിയായിരുന്നപ്പോൾ എന്തുകൊണ്ടാണ് അത് റദ്ദാക്കാത്തത്; എന്തുകൊണ്ടാണ് ഒഴിപ്പിച്ച് വിടാത്തത്? അതുകൊണ്ട് അങ്ങയിൽനിന്ന് ഞാനിത് പ്രതീക്ഷിച്ചതല്ല. മറ്റാരെങ്കിലും പറഞ്ഞെങ്കിൽ മനസ്സിലാക്കാം. കാരണം അങ്ങ് ഗതാഗത വകുപ്പുമന്ത്രിയായിരുന്ന ഒരാളും ഇതെല്ലാം അറിയാവുന്ന ആളുമാണ്. അങ്ങയുടെ തലയിൽ ഈ കുരിശുകൊണ്ട് വച്ചതാണെന്ന് എനിക്ക് മനസ്സിലായി. പക്ഷേ, അങ്ങ് ഈ യാഥാർത്ഥ്യങ്ങൾ മറന്നുകൊണ്ട് സംസാരിച്ചതിൽ ദുഃഖമുണ്ട്. ഇവിടെ അദ്ദേഹം സ്വിഫ്റ്റ് കമ്പനിയെക്കുറിച്ച് പറഞ്ഞു. സ്വിഫ്റ്റിനെതിരെ അങ്ങയുടെ യൂണിയൻ കേസിന് പോയല്ലോ; സ്വിഫ്റ്റിലേയ്ക്ക് ആളുകളെ നിയമിച്ച് സർവ്വീസ് നടത്താൻ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിട്ടിരിക്കുന്നു. നിങ്ങളുടെ കേസ്സിപ്പോൾ

വരാന്തയിലാണ്. അതുകൊണ്ട് സ്വിഫ്റ്റിനെതിരെ നിങ്ങൾ പറഞ്ഞതൊക്കെ പാഴ്വാക്കാണെന്ന് എല്ലാപേർക്കും ബോദ്ധ്യമായിരിക്കുന്നു. ഐ.എൻ.ടി.യു.സി.-യും കേസിന് പോയി. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുവാദത്തോടുകൂടി ഞങ്ങൾ പരസ്യം ചെയ്ത് നടപടിക്രമങ്ങളിലൂടെ സ്വിഫ്റ്റിനായി ഡ്രൈവർ കം-കണ്ടക്ടർമാരെ നിയമിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുവാദത്തോടുകൂടിയാണ് നിയമിച്ചത്. ഐ.എൻ.ടി.യു.സി. കൊടുത്ത കേസ് നിലനിന്നില്ലല്ലോ? നിയമത്തിന് വിധേയമായി പ്രവർത്തിച്ചതുകൊണ്ടാണ് സ്വിഫ്റ്റിന് പച്ചക്കൊടി കാണിക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതി തയ്യാറായത്. സ്വിഫ്റ്റ് വന്നതുകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ കുഴിച്ചുമൂടുമെന്ന് അങ്ങ് പറയേണ്ട കാര്യമില്ല. അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട ഹൈക്കോടതി എങ്ങനെയാണ് ഇതിന് അനുവാദം നൽകുന്നത്? ഒരുപാട് കാര്യങ്ങൾ പറയാനുണ്ടെങ്കിലും സമയമില്ലാത്തതിനാൽ ഞാൻ ചുരുക്കുകയാണ്. എനിക്ക് ഒരു കാര്യമേ പറയാനുള്ളൂ, ഇവർ ചെയ്യുന്നത് എന്താണെന്ന് ഇവരറിയുന്നില്ല. ഇവരോട് പൊറുക്കേണമേ എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളത്തിലെ സാധാരണക്കാരന്റെ ഏറ്റവും വലിയ അഭയമായ പൊതുഗതാഗത സംവിധാനം എത്രമേൽ മോശമായാണ് പ്രവർത്തിക്കുന്നതെന്ന് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിലും പൊതുഫോക്കസിലും കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞങ്ങൾ അടിയന്തരപ്രമേയം കൊണ്ടുവന്നത്. ഇന്ന് രാവിലെ ചോദ്യോത്തരവേളയിൽ കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെ.എം.എം.എൽ. വലിയ ലാഭത്തിലാണ് പ്രവർത്തിക്കുന്നതെന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞു. ആ പറഞ്ഞ ഉശിരോടുകൂടിയാണ് കെ.എസ്.ആർ.ടി.സി.-യെന്ന മറ്റൊരു പൊതുമേഖലാ സ്ഥാപനത്തിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ സംസാരിച്ചത്. അദ്ദേഹത്തിന്റെ സംസാരം കേട്ട് കെ.എം.എം.എൽ.-നേക്കാൾ ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണോ കെ.എസ്.ആർ.ടി.സി.-എന്ന്

സംശയിച്ചുപോയാൽ കുറ്റപ്പെടുത്താൻ പറ്റില്ല. ഇതിനെല്ലാത്തിനും ഉദാഹരണമായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഒറ്റ മറുപടിമാത്രം മതിയാകും. അദ്ദേഹം പറഞ്ഞത്, യു.ഡി.എഫ്.-ന്റെ കാലത്ത് 1500 കോടി രൂപ കൊടുത്തു; ഞങ്ങളുടെ കാലത്ത് 5000 കോടി രൂപ കൊടുത്തുവെന്നാണ്. അന്ന് 1500 കോടി രൂപ കൊടുത്താൽ തീരുന്ന കുഴപ്പമേ അവിടെ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ 5000 കോടി രൂപ കൊടുത്താലും തീരാത്തത്ര പ്രശ്നമാണ്. അതിന്റെ വ്യത്യാസം മനസ്സിലായില്ലേ; യു.ഡി.എഫ്. ഭരണകാലത്തെ കെ.എസ്.ആർ.ടി.സി.-യുടെയും ഇപ്പോഴത്തെ കെ.എസ്.ആർ.ടി.സി.-യുടെയും സ്ഥിതിയെന്താണ്; അവിടത്തെ നഷ്ടമെന്താണ്; ബുദ്ധിമുട്ടുകളെന്താണ്; പ്രയാസങ്ങളെന്താണ്? ഇതൊക്കെ വളരെ വ്യക്തമായി മനസ്സിലാകുന്ന രീതിയിലാണ് കാര്യങ്ങൾ പറഞ്ഞിട്ടുള്ളത്. പുതിയ ബസ് വാങ്ങുന്ന കാര്യം പറഞ്ഞപ്പോൾ നിങ്ങളെല്ലാവരും കയ്യടിച്ചു. ഇപ്പോൾ പത്തെണ്ണം വാങ്ങിക്കും, അടുത്തമാസം വേറെ പത്തെണ്ണം വാങ്ങിക്കും. ആറുവർഷം കൊണ്ട് 110 ബസുകളല്ലേ നിങ്ങൾ വാങ്ങിയത്; യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 2700 ബസുകളാണ് വാങ്ങിയത്. അതിൽ 140 ബസുകൾ കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ ലഭിച്ച ജൻറം ബസുകളാണ്. ആ കാലഘട്ടത്തിൽ 2700-

ലധികം ബസുകളാണ് ആകെ വാങ്ങിയത്. അതിന്റെ വ്യത്യാസം മനസ്സിലായോ? എല്ലാം ഗംഭീരമായി പോകുകയാണെന്നാണ് മന്ത്രി പറയുന്നത്. അതിൽ യാതൊരു അടിത്തറയുമില്ല. കഴിഞ്ഞമാസത്തെ വരുമാനം 127 കോടി രൂപ, ചെലവ് 171 കോടി രൂപ, നഷ്ടം 44 കോടി രൂപ, പെൻഷന്റെ ബാദ്ധ്യത 70 കോടി രൂപ, അങ്ങനെ 114 കോടി രൂപയുടെ ബാദ്ധ്യതയാണുണ്ടായിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറയുന്ന ഒരു കാര്യം ഞാൻ സമ്മതിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയംമൂലം ഡീസലിന്റെ ബൾക്ക് പർച്ചേസിന് കൂടുതൽ തുക കൊടുക്കേണ്ട സ്ഥിതിയാണിന്നുള്ളത്. അതിനെതിരെ സമരം ചെയ്യുന്നതിനും ശക്തമായ നിലപാട് സ്വീകരിക്കുന്നതിനും ഞങ്ങൾ കൂടെയുണ്ട്. ഡീസലിന്റെ ബൾക്ക് പർച്ചേസ് ചാർജ്ജ് വർദ്ധിപ്പിച്ചതുമൂലം കെ.എസ്.ആർ.ടി.സി. പോലുള്ള ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ തകർച്ചയാണുണ്ടായത്. അതുമൂലമുള്ള നഷ്ടംകൂടി നികത്തേണ്ട സ്ഥിതിയായിരിക്കുന്നു. ഇവിടെ പെട്രോളിയം ഉത്പന്നങ്ങളുടെ വിലക്കയറ്റത്തിന്റെ ചർച്ച നടന്നു. പെട്രോളിയം ഉത്പന്നങ്ങളുടെ വില കൂടിയതുകൊണ്ട് കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് അയ്യായിരം കോടി രൂപയുടെ അധിക വരുമാനം സംസ്ഥാന ഗവൺമെന്റിന് ലഭിച്ചു. നിങ്ങൾ

അതിൽനിന്നൊരു തുകയെടുത്ത് കെ.എസ്.ആർ.ടി.സി.-ക്ക് ഫ്യൂവൽ സബ്സിഡി കൊടുക്കണമെന്ന് ഞാൻ അന്നൊരു നിർദ്ദേശം വച്ചിരുന്നു. സംസ്ഥാനത്തിന്റെ നികുതി വേണ്ടെന്ന് വച്ചുകൊണ്ട് ഈ അധിക വരുമാനത്തിൽനിന്ന് കെ.എസ്.ആർ.ടി.സി.-ക്ക് ഫ്യൂവൽ സബ്സിഡി കൊടുക്കാൻ പറഞ്ഞിട്ട് സർക്കാർ അതൊന്നും ചെയ്തില്ലല്ലോ? ഷെഡ്യൂളുകളുടെ സ്ഥിതി എന്താണ്? മഹാമാരി വന്നിട്ടുണ്ടെന്ന യാഥാർത്ഥ്യം മനസ്സിലാക്കുന്നു. പക്ഷേ മഹാമാരി വന്ന സാഹചര്യത്തിൽനിന്ന് മാറ്റമുണ്ടായപ്പോൾ ഒരു പൊതുമേഖലാ സ്ഥാപനമെന്നുള്ള നിലയിൽ അത് കൈകാര്യം ചെയ്യുന്നതിൽ നിങ്ങൾ പരാജയപ്പെട്ടു. 5200 ഷെഡ്യൂളുകളാണ് ഓടിയിരുന്നത്. 85% ഷെഡ്യൂളുകളും ഓടുന്നുണ്ടെന്ന് അങ്ങ് പറഞ്ഞു. ഇവിടെ ഇരിക്കുന്ന ഏതെങ്കിലുമൊരു എം.എൽ.എ.-യോട് സ്വകാര്യമായി ചോദിച്ചാൽ ആരും ഇത് സമ്മതിച്ചുതരില്ല. എം.എൽ.എ.-മാരുടെ നിയോജകമണ്ഡലത്തിൽ നേരത്തെ ഓടിക്കൊണ്ടിരുന്ന ബസുകളുടെ 85% ഇപ്പോൾ ഓടുന്നുണ്ടോ? നിങ്ങൾ കുറെ കാര്യങ്ങൾ ആരംഭിച്ചുവെന്ന് പറഞ്ഞു: ആദ്യം മനസ്സിലാക്കേണ്ടത് കെ.എസ്.ആർ.ടി.സി. എന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ ഫംഗ്ഷൻ എന്താണ്? കേരളത്തിലെ എല്ലാ

ഭാഗങ്ങളിലേയ്ക്കും, പ്രൈവറ്റ് ബസ് റൂട്ടില്ലാത്ത പ്രദേശങ്ങളിൽപ്പോലും വാഹന സൗകര്യമുണ്ടാക്കി കൊടുക്കുക, സാധാരണക്കാരായ ആളുകൾക്ക് യാത്ര ചെയ്യാനുള്ള സൗകര്യം ചെയ്തുകൊടുക്കുക എന്നുള്ളതാണ്. ഷെഡ്യൂളുകൾ റദ്ദാക്കിയതുമായി ബന്ധപ്പെട്ട് എന്റെ നിയോജകമണ്ഡലത്തിലെ നിരവധി പ്രശ്നങ്ങൾ മന്ത്രിക്ക് എഴുതിത്തരാം. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഷെഡ്യൂളുകൾ റദ്ദാക്കിയിരിക്കുകയാണ്. നമ്മുടെ നാട്ടിൽ അറുന്നൂറ്-എഴുന്നൂറ് രൂപ കൂലി ലഭിക്കുന്ന സാധാരണക്കാരായ കൂലിപ്പണിക്കാർ 200 രൂപ കൊടുത്ത് ഓട്ടോറിക്ഷയിൽ യാത്ര ചെയ്യേണ്ടിവരുന്നു. കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തിയിരുന്ന നാഷണലൈസ്ഡ് റൂട്ടിലൂടെ ഏതെങ്കിലുമൊരു പ്രൈവറ്റ് വാഹനം പോയാൽ അത് നിയമലംഘനമാകും. കാരണം അത് ദേശസാത്കരിക്കപ്പെട്ട റൂട്ടാണ്. ഇപ്പോഴുള്ള സംഭവമെന്താണ്? ദേശസാത്കരിക്കപ്പെട്ട റൂട്ടിൽ പ്രൈവറ്റ് ബസിന് അനുമതി കൊടുക്കുകയുമില്ല, കെ.എസ്.ആർ.ടി.സി. ബസ് ഓടുകയുമില്ല. അതിന്റെ ഇരകളാരാണ്; അതിൽ ബുദ്ധിമുട്ടുന്നവർ ആരാണ്? സാധാരണക്കാരായ ജനങ്ങളാണ്. അതുകൊണ്ടാണ് ഞങ്ങൾ ഈ വിഷയം ഇവിടെ കൊണ്ടുവന്നത്; സാധാരണക്കാരന്റെ കുരിശാണ് ഞങ്ങൾ ഏറ്റുപിടിച്ച്

ഇവിടെ കൊണ്ടുവന്നത്. ഓരോ നിയോജകമണ്ഡലത്തിലുമുള്ള എം.എൽ.എ.-മാരോടും നെഞ്ചിൽ കൈവച്ച് ചോദിക്കണം; ആ നാട്ടിലെ പാവപ്പെട്ടവരും സാധാരണക്കാരും പരാതികളുമായി നിങ്ങളുടെ ഓഫീസുകളിൽ വന്നിട്ടില്ലേ; കെ.എസ്.ആർ.ടി.സി. ബസ് ഓടാത്തതും ഷെഡ്യൂളുകൾ റദ്ദ് ചെയ്ത കാര്യവും പറഞ്ഞുകൊണ്ട് വിദ്യാർത്ഥികളുടെ രക്ഷാകർത്താക്കൾ, പി.ടി.എ.-കൾ, അദ്ധ്യാപകർ തുടങ്ങിയവരെല്ലാം നിങ്ങളെ സമീപിച്ചിട്ടില്ലേ? കുഞ്ഞുങ്ങൾക്ക് സ്കൂളിൽ പോകാൻ കഴിയുന്നില്ല. തിരുവനന്തപുരത്ത് മന്ത്രിയുടെ മൂക്കിനുതാഴെ, ബസ് സ്റ്റോപ്പിൽ നൂറുകണക്കിന് വിദ്യാർത്ഥികൾ ക്യൂ നിൽക്കുന്നത് രണ്ടാഴ്ച മുമ്പല്ലേ പത്രത്തിൽ വന്നത്. ഇവിടത്തെ എല്ലാ പത്രങ്ങളിലും ജില്ലാ എഡിഷനിലും വാർത്ത വന്നില്ലേ? ബസ്സില്ലാത്തതുകൊണ്ട് നൂറുകണക്കിന് കുട്ടികൾ കാത്തുനിൽക്കുന്നു. വരുന്ന ബസുകളിൽ കയറാൻപോലും കഴിയാത്തത്ര ആളുകൾ കാത്തുനിൽക്കുന്നു. ലാഭമുണ്ടാക്കുന്നതിനുവേണ്ടി കെ.എസ്.ആർ.ടി.സി. പല കാര്യങ്ങളും ചെയ്യുന്നുണ്ട്. അതിനോടൊന്നും ഞങ്ങൾക്ക് എതിർപ്പില്ല. പക്ഷേ കെ.എസ്.ആർ.ടി.സി.-യുടെ മേജർ ഫംഗ്ഷൻ ചെയ്യുന്ന കാര്യത്തിൽ നിങ്ങൾ ദയനീയമായി പരാജയപ്പെട്ടു. അതിനെ ട്രാക്കിൽ കൊണ്ടുവരണം. ഞങ്ങൾ സംസാരിക്കുന്നത്

സാധാരണക്കാർക്കുവേണ്ടിയാണ്. നേരത്തെ അവിടെ 48000 തൊഴിലാളികളുണ്ടായിരുന്നു. ഇപ്പോൾ 27000 തൊഴിലാളികളാണുള്ളത്. അപ്പോൾ ഇരുപതിനായിരം തൊഴിലാളികളുടെ ശമ്പളം കൊടുക്കുന്നതിന്റെ ബാദ്ധ്യതകൂടി നിങ്ങൾക്ക് കുറഞ്ഞു. ശമ്പള പരിഷ്കരണം നടത്തി. പക്ഷേ അന്ന് 48000 തൊഴിലാളികളുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 27000 തൊഴിലാളികൾ മാത്രമാണുള്ളത്. നിങ്ങൾക്കറിയാമല്ലോ, കെ.എസ്.ആർ.ടി.സി. ബസ് പ്രതിദിനം 17 ലക്ഷം കിലോമീറ്റർ സർവ്വീസ് നടത്തുമായിരുന്നു. ഇപ്പോൾ 10 ലക്ഷം കിലോമീറ്ററേ സർവ്വീസ് നടത്തുന്നുള്ളൂ. പക്ഷേ ദീർഘദൂരം ഓടുന്നത് അഞ്ചുവർഷം പഴക്കമുള്ള ബസുകളാണ്. പുതിയ ബസുകളാണ് ദീർഘദൂര സർവ്വീസ് നടത്തിയിരുന്നത്. അത് ആദ്യം ഏഴ് വർഷം പഴക്കമുള്ള ബസുകൾ എന്നാക്കി, പിന്നീട് ഒൻപത് വർഷമാക്കി. ഇപ്പോൾ ഒൻപത് വർഷവും കഴിഞ്ഞ ബസുകളാണ് ദീർഘദൂര സർവ്വീസുകൾ നടത്തുന്നത്.

കെ.എസ്.ആർ.ടി.സി. പെൻഷൻ എപ്പോഴാണ് കൊടുക്കുന്നത്? ഇതുമായി ബന്ധപ്പെട്ട് ജനപ്രതിനിധികൾക്ക് എത്ര ഫോൺ വിളികളാണ് വരുന്നത്? ഞാൻ എം.എൽ.എ.-മാരോട് ചോദിക്കുകയാണ്, പെൻഷൻ ലഭിക്കാത്തതു സംബന്ധിച്ച് ഇവരുടെ ഫോൺ കോൾ ലഭിക്കാത്ത

ഏതെങ്കിലും എം.എൽ.എ.-മാരുണ്ടോ; മരുന്ന് വാങ്ങാൻ നിവൃത്തിയില്ലെന്ന് പറഞ്ഞ് കരയുന്നവരുണ്ട്. ഏതെങ്കിലുമൊരു ദിവസം പെൻഷൻ കൊടുക്കുന്നുണ്ട്. അത് അവിടത്തെ ഏറ്റവും പരിതാപകരമായ സാമ്പത്തികാവസ്ഥയെയാണ് കാണിക്കുന്നത്. നിങ്ങൾ പണം കയ്യിൽ വച്ചിട്ട് പെൻഷൻ കൊടുക്കാതിരിക്കുകയാണെന്ന് പറയുന്നില്ല. ഞങ്ങൾ അങ്ങനെ ആരോപിക്കുന്നില്ല. പക്ഷേ പെൻഷൻ കൊടുക്കാൻ കഴിയുന്നില്ല. അത്രമാത്രം തകർച്ചയിലേയ്ക്ക് ഈ പൊതുമേഖലാ സ്ഥാപനം പോകുകയാണ്. ഒന്നുരണ്ട് വർഷംകൊണ്ടല്ല, കഴിഞ്ഞ കുറെ വർഷങ്ങളായി ഇത് തുടരുകയാണ്. ഇപ്പോൾ വിവിധ സ്ഥലങ്ങളിൽ ബസുകൾ ഒതുക്കിയിട്ടിരിക്കുകയാണ്. ആലുവ, എടപ്പാൾ, ഈഞ്ചയ്ക്കൽ, തേവര, ചടയമംഗലം, ആറ്റിങ്ങൽ തുടങ്ങിയ സ്ഥലങ്ങളെല്ലാം കെ.എസ്.ആർ.ടി.സി. ബസുകളുടെ ശവപറമ്പായി മാറിയിരിക്കുകയാണ്. ലോക്ഡൗൺ കാലത്ത് ആദ്യം നിങ്ങളൊരു നല്ല പ്ലാൻ ചെയ്തു. ബസുകൾ റൊട്ടേഷൻ അടിസ്ഥാനത്തിൽ സർവ്വീസ് നടത്താൻ തീരുമാനിച്ചു. അപ്പോൾ എല്ലാ ബസുകളും ഓടിക്കാൻ സാധിക്കും. കാരണം, ഡീസൽ വാഹനമായതിനാൽ വെറുതെ കിടന്നാൽ നശിച്ചുപോകും. എന്നാൽ ഇൻഷ്വറൻസ് കൊടുക്കണമെന്നതുകൊണ്ട് റൊട്ടേഷൻ വേണ്ടെന്നും കുറച്ച് ബസുകൾ മാത്രം

ഓടിയാൽ മതിയെന്നും പിന്നീട് തീരുമാനിച്ചു. അതുകാരണം ധാരാളം ബസുകൾ വെറുതെകിടന്ന് നശിക്കുകയാണ്. മൂവായിരത്തോളം കെ.എസ്.ആർ.ടി.സി. ബസുകൾ ആക്രിയായി മാറുകയാണ്. ആ ഇനത്തിൽ മാത്രം 700 കോടി രൂപയുടെ നഷ്ടം കെ.എസ്.ആർ.ടി.സി.-ക്കുണ്ടാകാൻ പോകുകയാണ്. അതിന്റെ ചിത്രങ്ങൾ സോഷ്യൽ മീഡിയയിലൂടെ വ്യാപകമായി പ്രചരിക്കപ്പെടുകയാണ്. എന്നിട്ട് എന്തൊരു പ്രതിപക്ഷമാണെന്ന് ഞങ്ങളോട് ചോദിക്കുകയാണ്. ഒരു അടിക്കുറിപ്പാണ് - 'ബസുകൾ കിടന്ന് ആക്രിയാകുന്നു. എറണാകുളത്തെ കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിനടുത്ത് ബസുകൾ കിടന്ന് ആക്രിയാകുന്നു. കോടിക്കണക്കിന് രൂപയുടെ ആസ്തിയാണ്; സർക്കാരിന്റെ പൊതുസ്വത്താണ് ഇങ്ങനെ തുരുമ്പെടുത്ത് നശിച്ചുപോകുന്നത്. നിങ്ങൾ എന്ത് പ്രതിപക്ഷമാണ്, ഇതൊന്നും നിയമസഭയിൽ ഉന്നയിക്കാൻ നിങ്ങൾക്ക് കഴിയുന്നില്ലല്ലോ' എന്ന് ജനങ്ങൾ ഞങ്ങളോട് ചോദിക്കുകയാണ്. ഇത് ഈ നാട്ടിലെ ജനങ്ങൾ വഹിക്കുന്ന ഒരു കുരിശാണ്. ആ കുരിശുമായാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ഞങ്ങളുമൊക്കെ വന്നിരിക്കുന്നത്. ആ കുരിശ് ഇവിടെ ഒന്നിറക്കി വയ്ക്കാൻ പറ്റുമെന്ന് വിചാരിച്ച്, നിങ്ങൾ ഉചിതമായ തീരുമാനമെടുത്ത് ഇത് പരിഹരിക്കുമെന്ന് കരുതിയാണ് പറയുന്നത്.

വിദ്യാർത്ഥികളുടെ കൺസഷനുമായി ബന്ധപ്പെട്ട് നടത്തിയ പ്രസ്താവന അങ്ങ് പിൻവലിച്ചുവെന്ന് പറഞ്ഞതുകൊണ്ടാണ് ഉന്നയിക്കാതിരുന്നത്. കൺസഷന്റെ കാര്യത്തിൽ അങ്ങ് വിദ്യാർത്ഥികൾക്ക് അപമാനകരമായ ഒരു സ്റ്റേറ്റുമെന്റ് കൊടുത്തു. അങ്ങ് ഒരു കാര്യം ആലോചിക്കണം. നാട്ടിലെ സ്കൂളുകളിൽ ഉച്ചഭക്ഷണം കൊടുക്കുന്നുണ്ട്. കഞ്ഞിയും പയറുമായിരുന്നു ആദ്യം കൊടുത്തിരുന്നത്. ഞാനാണ് ആദ്യമായി 2008-ൽ അത് ഉച്ചഭക്ഷണമാക്കി മാറ്റിയത്. സ്പോൺസർ ചെയ്ത ഒരു സ്കീമാണ് പ്രഖ്യാപിച്ചത്. ഇക്കാര്യം പ്രഖ്യാപിച്ചപ്പോൾ ഉച്ചഭക്ഷണത്തിന് മൂവായിരം കുട്ടികളേ ഉണ്ടാവുകയുള്ളൂ എന്നായിരുന്നു എന്റെ ധാരണ; ലിസ്റ്റ് വന്നപ്പോൾ പതിനേഴായിരം കുട്ടികളുണ്ടായിരുന്നു. ഒരു പൊതി ചോറ് വീട്ടിൽനിന്നും കൊടുത്തുവിടാൻ കഴിയാത്തത്രയും വലിയ പ്രശ്നമുണ്ടോ എന്ന് ഞാൻ അന്വേഷിച്ചു. രാവിലെ ഭക്ഷണം കഴിക്കാതെ വരുന്ന കുട്ടികൾ ധാരാളമുണ്ടെന്നും ഞങ്ങൾ ശനിയാഴ്ചയും ഞായറാഴ്ചയും വീട്ടിലിരുന്ന് ഭക്ഷണം കഴിക്കുമ്പോൾ ഈ കുട്ടികൾ ഭക്ഷണം കഴിച്ചിട്ടുണ്ടോയെന്നോർത്ത് കണ്ണ് നിറയുമെന്നുമാണ് അദ്ധ്യാപകർ എന്നോട് പറഞ്ഞത്. പല കുടുംബങ്ങളിലും വരുമാനമില്ല; വരുമാനമുള്ളവർ ചിലപ്പോൾ അത് വീട്ടിൽ കൊടുക്കുന്നില്ല. പല കുടുംബത്തിന്റെയും സ്ഥിതി അതാണ്. ഉച്ചഭക്ഷണത്തിനുപോലും

നിവൃത്തിയില്ലാത്ത ആളുകളുണ്ട്. അപ്പോൾ രണ്ടും മൂന്നും കുട്ടികൾ പഠിക്കുന്ന ഒരു വീട്ടിൽ ദിവസവും 5 രൂപയും 10 രൂപയും കൊടുത്ത് കെ.എസ്.ആർ.ടി.സി. ബസിൽ പോകാൻ സാധിക്കുമോ? കൺസഷനെന്ന് പറയുന്നത് ഔദാര്യമാണോ? പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഇവിടെ ഇരിക്കുകയല്ലേ? നമ്മുടെ കുട്ടികൾ പഠിക്കാൻ പോകുമ്പോൾ അവർക്ക് ന്യായമായ കൺസഷൻ കൊടുക്കേണ്ടേ? അത് ബി.പി.എൽ.-കാർക്ക് മാത്രം കൊടുത്താൽ മതിയോ? ഇടത്തരം കുടുംബങ്ങളിൽ മരുന്ന് വാങ്ങാൻപോലും നിവൃത്തിയില്ലാതെ കഷ്ടപ്പെടുന്ന എത്രയോ ആളുകളുണ്ട്. അതുകൊണ്ട് അങ്ങനെയൊരു തീരുമാനം ഗവൺമെന്റ് എടുക്കരുത്. അത്തരമൊരു സമീപനം കുട്ടികളോട് കാണിച്ചാൽ നിങ്ങൾ ഇടതുപക്ഷ സർക്കാരല്ല, വലതുപക്ഷ സർക്കാരാണെന്ന് ഞങ്ങൾക്ക് പറയേണ്ടിവരും. അതുകൊണ്ട് ആ സമീപനം ഇത്തരം കാര്യങ്ങളിലുണ്ടാകരുത്. കെ.എസ്.ആർ.ടി.സി. ഒരു സർവ്വീസാണ്. കെ.എസ്.ആർ.ടി.സി.-ക്ക് ലാഭമുള്ളത് ദീർഘദൂര സർവ്വീസുകളിലാണ്. മലയോര ആദിവാസി മേഖലകൾ, ഭൂമിശാസ്ത്രപരമായി ഒറ്റപ്പെട്ട സ്ഥലങ്ങൾ തുടങ്ങിയ സർവ്വീസുകൾ ലാഭകരമല്ലാത്തതാണ്. അവിടെ കൊടുക്കുന്നത് സർവ്വീസാണ്. അത് ലാഭമുണ്ടാക്കാനുള്ള സ്ഥാപനം മാത്രമല്ല, വലിയ നഷ്ടം

വരുത്തരുതെന്നാണ്, പക്ഷേ ആ സർവ്വീസ് ഉണ്ടാകണം. നിങ്ങളിപ്പോൾ ചെയ്യതെന്താണ്? സ്വിഫ്റ്റ് എന്ന പേരിൽ ഒരു കമ്പനിയുണ്ടാക്കി അതിൽ ദീർഘദൂര സർവ്വീസുകളും ലാഭമുള്ളതും മാത്രം ഉൾപ്പെടുത്തി. ആ കമ്പനിയുടെ പ്രത്യേകതയെന്താണ്? ആ കമ്പനിയിൽ കരാർ തൊഴിലാളികളാണുള്ളതെന്നാണ് എന്റെ ധാരണ. എനിക്ക് തെറ്റുപറ്റിയതാണെങ്കിൽ അങ്ങ് തിരുത്തണം. പെർമനന്റ് തൊഴിലാളികളല്ല ഈ പുതിയ കമ്പനിയിലുള്ളത്. അത് ഇടതുപക്ഷ നയമാണോയെന്ന് നിങ്ങളൊന്ന് പരിശോധിക്കണം. ലാഭമുള്ള സർവ്വീസ് മാത്രം സ്വിഫ്റ്റ് കമ്പനിക്ക് കൊടുക്കുകയാണ്. അങ്ങനെയാകുമ്പോൾ അത് നല്ല ലാഭത്തിൽപോകും. ഒരു സ്വകാര്യ കമ്പനി നടത്തുന്നപോലെ ലാഭത്തിൽ പോകും. അപ്പോൾ സംഭവിക്കാൻ പോകുന്നതെന്താണെന്നറിയാമോ? കെ.എസ്.ആർ.ടി.സി.-യുടെ ബാക്കിയുള്ള 85% സർവ്വീസുകളും വലിയ നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുകയും സ്വിഫ്റ്റ് കമ്പനി നിലനിൽക്കുകയും ചെയ്യും. ഞങ്ങൾ ഈ പറയുന്നത് രേഖയിലുണ്ടാകുമല്ലോ. ഞാൻ കഴിഞ്ഞ ദിവസം സൂചിപ്പിച്ചതുപോലെ സ്വാഭാവികമായ മരണത്തിന് അത് വിധിക്കപ്പെടും; ദയാവധം, അതാണ് സംഭവിക്കാൻ പോകുന്നത്. സിൽവർ ലൈൻ പദ്ധതിക്കുവേണ്ടി രണ്ടുലക്ഷം കോടി രൂപ ചെലവാക്കുമ്പോൾ

കെ.എസ്.ആർ.ടി.സി.-യെ രക്ഷിച്ചെടുക്കാൻ രണ്ടായിരം കോടി രൂപ ചെലവാക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ലെങ്കിൽ നിങ്ങൾ ഒരു ഇടതുപക്ഷ ഗവൺമെന്റല്ല, വലതുപക്ഷ വ്യതിയാനം സംഭവിച്ച ഗവൺമെന്റാണെന്ന് ഞങ്ങൾ ഉറപ്പിച്ചുപറയും. ...(ബഹളം)...... കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനത്തെ രക്ഷിക്കാൻ കഴിയാത്തതിലും അതിനുള്ള ഉചിതമായ നടപടി സ്വീകരിക്കാത്തതിലും അതിശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതിൽനിന്ന് ഒരു കാര്യം വളരെ വ്യക്തമാണ്. കെ.എസ്.ആർ.ടി.സി.-യെ ഡൗൺസൈസ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഇവിടെ ഞങ്ങളിത് ഉന്നയിക്കണമെന്നുപറഞ്ഞ് തൊഴിലാളികളും പൊതുജനങ്ങളുമൊക്കെ നൽകിയ പരാതികളിലും ഇതുതന്നെയാണ് പറയുന്നത്. കെ.എസ്.ആർ.ടി.സി. ബസിനെ പാലുവണ്ടി, പലചരക്കുവണ്ടി, മത്സ്യവണ്ടി അങ്ങനെ പലതുമാക്കി. അത് ഒരുതരം ഡൗൺസൈസിംഗാണ്. കെ.എസ്.ആർ.ടി.സി.-യുടെ പ്രതാപകാലം കഴിഞ്ഞു. ഇനി ഇങ്ങനെ

പലതിനും ഉപയോഗിക്കാം. ഇതൊക്കെ ഒരുതരം സ്ക്രാപ്പിംഗാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ, സകലസ്ഥലത്തും ബസുകൾ കുന്നുകൂടിക്കിടക്കുകയാണ്; സ്ക്രാപ്പായിക്കൊണ്ടിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി. ബസിന്റെ സമയം കഴിഞ്ഞുവെന്ന നിലയിൽ ഒറിജിനൽ പ്രവൃത്തികളിൽനിന്നും മാറി മറ്റുപല ആവശ്യങ്ങൾക്കും അതിനെ ഉപയോഗിച്ച് ഉന്തിത്തള്ളി കൊണ്ടുപോകുന്നൊരു സ്ഥിതിയാണ്. അത്രയ്ക്കേ പറ്റുകയുള്ളൂ. ഇതിലേറെ കഴിയില്ലെന്ന ഒരു നിലപാടാണ് കെ.എസ്.ആർ.ടി.സി.-യുടെ കാര്യത്തിൽ സർക്കാർ സ്വീകരിച്ചിരിക്കുന്നത്. അത് തുറന്നു പറയുന്നതിന് പകരം എല്ലാം വളരെ ഉഷാറാക്കാമെന്ന് പറയുന്നു. പാലുവണ്ടി, പയറുവണ്ടി, മത്സ്യ വണ്ടി എന്നൊക്കെ പറഞ്ഞപ്പോൾ എല്ലാത്തിനും കയ്യടിക്കുകയാണ്. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ഇതൊക്കെ വലിയ കാര്യമായി  അവതരിപ്പിച്ച് പ്രസംഗിച്ചുവെന്നല്ലാതെ സമയബന്ധിതമായി ശമ്പളവും പെൻഷനും കൊടുക്കുക, മോഡണൈസ് ചെയ്യുക തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് യാതൊന്നും പറഞ്ഞില്ല. വലിയ ജനകീയ പ്രശ്നമെന്ന നിലയിൽ പൊതുജനങ്ങളുടെയിടയിൽ നിൽക്കുന്ന ഒരു വിഷയമാണിത്. കെ.എസ്.ആർ.ടി.സി.-യെ വളരെ ശോചനീയമായ അവസ്ഥയിൽനിന്ന് രക്ഷിക്കാൻ സർക്കാരിന് കൺസ്ട്രക്ടീവായ എന്തെങ്കിലും

പദ്ധതിയുണ്ടോ എന്നതാണ് പ്രശ്നം. അത് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കിയിട്ടില്ല. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഉപനേതാവും സൂചിപ്പിച്ചതുപോലെ ഒരു സർവ്വീസ് സെക്ടർ എന്ന നിലയിൽ കേരളത്തിലെ സാധാരണക്കാരായ ജനങ്ങളുടെ ഏക ആശ്രയമാണ് കെ.എസ്.ആർ.ടി.സി. ബസുകൾ. അത് ഏറ്റവും കാര്യക്ഷമമായി പ്രവർത്തിപ്പിക്കുകയെന്ന സദുദ്ദേശ്യത്തോടുകൂടിയാണ് പ്രതിപക്ഷം അടിയന്തരപ്രമേയം കൊണ്ടുവന്നത്. ഈ വിഷയം ചർച്ച ചെയ്തിരുന്നുവെങ്കിൽ സർക്കാരിന് കൂടുതൽ സഹായകരമാകുമായിരുന്നു. കൂടുതൽ കാര്യങ്ങൾ ചെയ്യുന്നതിനുള്ള ക്രിയേറ്റീവായ ചർച്ചയായി അത് മാറുമായിരുന്നു. അതിന് തയ്യാറാകാതെ പ്രതികാരബുദ്ധിയോടെ സർക്കാർ നിലപാടിൽ ഉറച്ചുനിന്നുകൊണ്ട് ഈ സമീപനത്തെ കണ്ടതുതന്നെ തെറ്റായിപ്പോയി. കോവിഡ് സാഹചര്യത്തിനുശേഷം കുട്ടികളുൾപ്പെടെ

യാത്രയിലേയ്ക്ക് വരുമ്പോൾ ബസിന്റെ ലഭ്യതക്കുറവിന്റെ പ്രശ്നങ്ങൾ ഗുരുതരമാകുകയാണ്. കേരളത്തിന്റെ പൊതുവായ ആവശ്യമെന്ന നിലയിൽ അതെല്ലാം ഗൗരവമായി ചർച്ച ചെയ്യേണ്ടതായിരുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭവിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, ബഹുമാനപ്പെട്ട മന്ത്രി സി-പൂളിലെ 538-ഓളം വാഹനങ്ങൾ നിർത്തലാക്കിയതിനെക്കുറിച്ച് സൂചിപ്പിച്ചു. വരുമാനം കുറവാണെന്നതാണ് അങ്ങ് സൂചിപ്പിച്ച കാരണം. ഇവിടെ പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതും ഇതുതന്നെയാണ്. ലാഭം മാത്രം ലക്ഷ്യം വച്ച് പ്രവർത്തിക്കാൻ കഴിയുന്ന ഒന്നല്ല കെ.എസ്.ആർ.ടി.സി. ഇത് റൂറൽ ഏരിയകളിലൂടെ പോകുന്ന വാഹനങ്ങളായിരിക്കാം. യാത്രക്കാരുടെ എണ്ണം കുറവായതിനാലാണ് ഇത്തരം വാഹനങ്ങൾ നിർത്തലാക്കിയതെന്നാണ് അങ്ങയുടെ മറുപടിയിൽനിന്ന് മനസ്സിലാക്കാൻ സാധിച്ചത്. ഇതുപോലുള്ള വാഹനങ്ങൾ നിർത്തലാക്കുന്നത് യാത്രാക്ലേശം വർദ്ധിപ്പിക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ വലിയ രീതിയിലുള്ള പ്രശ്നങ്ങളും പ്രതിസന്ധികളും ഉടലെടുത്തുകൊണ്ടിരിക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്.

ഇവിടെ ഈ വിഷയം ചർച്ചചെയ്തിരുന്നെങ്കിൽ കൂടുതൽ ക്രിയാത്മകമാകുമായിരുന്നു. ഞങ്ങളേക്കാൾ കൂടുതൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഒരുപക്ഷേ ഭരണപക്ഷത്തിനുതന്നെ പറയാനുണ്ടാകുമായിരുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, സാധാരണക്കാരുടെ ആശ്രയമായ കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി വിവരിച്ചതുപോലെ ലാഘവത്തോടെ കാണേണ്ട വിഷയമല്ലിത്. വളരെ ഗുരുതരമായ പ്രശ്നമാണ്. ഗ്രാമവണ്ടികൾ നല്ല ആശയമാണ്. പക്ഷേ തദ്ദേശസ്ഥാപനങ്ങൾക്ക് അതിന്റെ ചെലവ് വഹിക്കാനുള്ള കഴിവില്ല. ഡീസലിന്റെ വില വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വലിയ ബുദ്ധിമുട്ടാണ്. വളരെ ഗൗരവമായ ഇത്തരം വിഷയങ്ങൾ നമ്മൾ ഒരുമിച്ച് ചർച്ചചെയ്ത് പരിഹാരം കാണേണ്ടതാണ്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം വീണ്ടും ഹാജരായി.)

**10.55 a.m.]**

**IV ശ്രദ്ധക്ഷണിക്കൽ**

(1) നദികളിലെ മണലും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും ഗൗരവതരമായ ഒരു വിഷയത്തിലേയ്ക്കാണ് എനിക്ക് ശ്രദ്ധക്ഷണിക്കാനുള്ളത്. കഴിഞ്ഞ മൂന്ന് വർഷമായി നാം വലിയ പ്രളയത്തെ അഭിമുഖീകരിക്കുകയാണ്. 2021 ഒക്ടോബർ 16-നുണ്ടായ മഹാപ്രളയമാണ് എന്റെ നിയോജകമണ്ഡലത്തെ ഏറ്റവും ദോഷകരമായി ബാധിച്ചത്. എന്റെ നിയോജകമണ്ഡലത്തിലെ പ്രധാന നദികളായ പമ്പ, മീനച്ചിലാർ, അഴുതയാർ, മണിമലയാർ, പുല്ലകയാർ എന്നിവയിലും അവയുടെ പോഷകനദികളിലും പ്രളയത്തെത്തുടർന്ന് വലിയ അളവിൽ എക്കലും ചെളിയും മണ്ണും വലിയ പാറക്കല്ലുകളും നിറഞ്ഞിരിക്കുകയാണ്. നദിയുടെ ജലവാഹകശേഷി അല്ലെങ്കിൽ നീരൊഴുക്ക് തടസ്സപ്പെടുംവിധം നദികളാകെ

നികന്ന് പോയിരിക്കുകയാണ്. ഇപ്പോൾ കരയും പുഴയും ഏതാണ്ട് ഒരേ ലെവലിലാണ്. ഇത് പുന:ക്രമീകരിച്ച് നദികളെ പഴയനിലയിലാക്കാത്തപക്ഷം വലിയ ആപത്തിലേയ്ക്കായിരിക്കും കാര്യങ്ങൾ പോകുന്നത്. ഇറിഗേഷൻ വകുപ്പിന്റെ പിന്തുണയോടുകൂടി ഈ വിഷയവുമായി ബന്ധപ്പെട്ട് എന്റെ നിയോജകമണ്ഡലത്തിൽ ഒരു ജനകീയ മുന്നേറ്റം നടത്തുകയുണ്ടായി. ഇക്കഴിഞ്ഞ 12-ാം തീയതി ഈരാറ്റുപേട്ടയിൽ 'മീനച്ചിലാർ പുനർ ജനനി' എന്ന പേരിൽ ഒരു വലിയ പ്രവർത്തനം കാഴ്ചവച്ചു. ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ ജില്ലാ ചെയർപേഴ്സൺ എന്ന നിലയിൽ ജില്ലാ കളക്ടർ ഡി.എം.684/2022 ആയി ഒരു ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ ഇറിഗേഷൻ-റവന്യൂ വകുപ്പുകൾ, ഈരാറ്റുപേട്ട നഗരസഭ, ഹരിത കേരളം മിഷൻ, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി അംഗങ്ങൾ, സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ തുടങ്ങി എല്ലാവരും ചേർന്ന് നദീശുചീകരണം നടത്തി. നദികളിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ രണ്ട് ദിവസം കൊണ്ട് രണ്ടായിരത്തിലധികം ടിപ്പറുകളിലായി പുറത്തേയ്ക്ക് കൊണ്ടുപോയിട്ടും ആകെയുള്ളതിന്റെ പത്തിലൊന്നുപോലും നീക്കാൻ കഴിഞ്ഞില്ല. നഗരസഭാ അതിർത്തിയിലൂടെ ആകെ 1.5 കിലോമീറ്റർ ദൂരം മാത്രമേ പുഴ

ഒഴുകുന്നുള്ളൂ. അവിടെ ശുചീകരിച്ചപ്പോഴുള്ള സ്ഥിതിയാണിത്. എന്റെ നിയോജകമണ്ഡലത്തിലെ കൂട്ടിക്കൽ ഏറ്റവുമധികം പ്രളയബാധിത പഞ്ചായത്താണ്. അവിടത്തെ പുല്ലകയാറിലൂടെയാണ് നൂറിലധികം ഉരുൾപൊട്ടലുകളുടെ ജലം ഒഴുകിപ്പോയത്. അതുകൊണ്ടാണ് പുല്ലകയാർ കരകവിഞ്ഞ് ആ പ്രദേശമാകെ വെള്ളത്തിനടിയിലായത്. ബഹുമാനപ്പെട്ട മന്ത്രിമാരൊക്കെ അവിടെ സന്ദർശിച്ചതാണ്. പുഴയിൽ ആനയുടെ വലിപ്പമുള്ള പാറക്കല്ലുകളാണ് നില്ക്കുന്നത്. അത് ഒരു നിലയിലും നമുക്ക് മാറ്റാൻ കഴിയില്ല. അതിനാൽ അത് പൊട്ടിച്ച് ആറിന്റെ തീരം കെട്ടിയാൽ തീരം സംരക്ഷിക്കപ്പെടുകയും പുഴയിലെ തടസ്സം മാറ്റുകയും ചെയ്യാം. മുൻ പ്രളയങ്ങളുടെ വെളിച്ചത്തിൽ റവന്യൂ വകുപ്പ് 24-12-2019-ൽ ജി.ഒ.(ആർ.ടി.)നം.3880/2019/RD ആയി ഒരു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ പ്രധാനപ്പെട്ട ഒരു ഭാഗം ഞാൻ വായിക്കാം: "As per Section 24, 34 of the Disaster Management Act 2005, State Disaster Management Executive Committee and District Disaster Management Authority can take necessary steps to 'remove debris, conduct search and carry out operations'. With regard to the authority of Section 33 of Disaster Management Act 2005, the

Hon'ble High Court of Utharakhand in WP(C) No. 93/2015 has ordered that, "if the dredging is undertaken for the purpose of maintaining water bodies, no clearance of Ministry of Environment and Forests is required". As per Section 72 of the Disaster Management Act, this Act overrides the other Acts."

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഞാൻ സൂചിപ്പിച്ചത് ഗവൺമെന്റ് ഉത്തരവിന്റെയും ബഹുമാനപ്പെട്ട ഉത്തരാഖണ്ഡ് ഹൈക്കോടതിയുടെ ഉത്തരവിന്റെയും വെളിച്ചത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിന്റെ സെക്ഷൻ 72 പ്രകാരം എക്കൽ നീക്കം ചെയ്യുന്നതിന് നദീസംരക്ഷണ മണൽവാരൽ നിയന്ത്രണ നിയമമോ വനസംരക്ഷണ നിയമമോ ഒന്നും തടസ്സമല്ല. നദികൾ ആഴപ്പെടുത്തുന്നതിനോ മുമ്പില്ലാത്തവിധം വിപുലപ്പെടുത്തുന്നതിനോ പരിസ്ഥിതി ക്ലിയറൻസടക്കം ആവശ്യമുണ്ട്. എന്നാൽ നിലവിലുണ്ടായിരുന്ന സ്ഥിതി പുന:സ്ഥാപിക്കുന്നതിന് നിയമ തടസ്സങ്ങളില്ലെന്നുള്ളത് സുവ്യക്തമാണ്. ആദരണീയനായ മുഖ്യമന്ത്രിതന്നെ പുഴയ്ക്ക് ഒഴുകാനുള്ള സ്ഥലം ക്രമീകരിക്കുന്നതിനുവേണ്ടി 'റൂം ഫോർ ദി റിവർ' എന്ന കൺസപ്റ്റ് മുന്നോട്ടുവച്ചിരിക്കുകയാണ്. അത് യാഥാർത്ഥ്യമാക്കി കേരളം മുഴുവൻ

നടപ്പാക്കണം. അല്ലാത്തപക്ഷം വലിയ ദുരന്തം അഭിമുഖീകരിക്കേണ്ടി വരുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇക്കാര്യത്തിൽ ജലവിഭവ വകുപ്പ് നല്ല ഹോംവർക്ക് നടത്തിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മുടെ 44 നദികളിൽ മേജർ റിവറുകളിൽ മാത്രം 3 കോടി മീറ്റർ ക്യൂബ് മാലിന്യങ്ങൾ അടിഞ്ഞുകൂടിയിട്ടുണ്ടെന്നാണ് വകുപ്പ് കണക്കാക്കിയിട്ടുള്ളത്. അതൊക്കെ അടിയന്തരമായി നീക്കം ചെയ്യണം. കാരണം, മേയ്, ജൂൺ മാസമാകുമ്പോഴേയ്ക്കും കാലവർഷം ആരംഭിച്ചാൽ മാലിന്യങ്ങൾ നീക്കം ചെയ്യാൻ കഴിയില്ല. തുടർച്ചയായി മഴപെയ്യുമ്പോൾത്തന്നെ വെള്ളപ്പൊക്കം പഴയപടി ആവർത്തിക്കപ്പെടുകയും നമ്മുടെ നാട് വലിയ ദുരിതക്കയത്തിലേയ്ക്ക് പോകുകയും ചെയ്യും. അതുകൊണ്ട് നദികളിലെ മാലിന്യങ്ങൾ നീക്കം ചെയ്യണം. അതിന് ഞാനിവിടെ സൂചിപ്പിച്ച ഈരാറ്റുപേട്ട മാതൃകയുണ്ട്. ഇപ്പോൾ ജലവിഭവ വകുപ്പുതന്നെ എറണാകുളത്ത് 'ബ്രേക്ക് ത്രൂ', 'വാഹിനി' എന്നീ പദ്ധതികൾ ആവിഷ്കരിച്ചതായി മനസ്സിലാക്കുന്നു. ഇതൊക്കെ സംസ്ഥാനത്ത് വെള്ളപ്പൊക്ക ബാധിതവും പുഴകൾ വലിയ രൂപത്തിൽ ഒഴുകുന്നതുമായ പ്രദേശങ്ങളിലെല്ലാം നടപ്പാക്കണം. അങ്ങനെ ചെയ്താൽ മൂന്ന് ലക്ഷ്യങ്ങളാണ് സാധിക്കുക. ഒന്ന്, വെള്ളപ്പൊക്കം അതിജീവിക്കാൻ കഴിയും. രണ്ട്, കോടിക്കണക്കിന്

രൂപയുടെ ധാതുവസ്തുക്കളാണ് നമ്മുടെ പുഴകളിലുള്ളത്; അത് നമ്മുടെ റവന്യ വരുമാനമാക്കിമാറ്റി പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയും. മൂന്ന്, ഇന്നലെ നമ്മളെല്ലാവരും ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട പ്രസന്റേഷനിൽ പങ്കെടുത്തു. കേരളം മുഴുവൻ കുടിവെള്ളം എത്തിക്കാൻ പോകുകയാണ്. ഇതിനൊക്കെ ജലസ്രോതസ്സ് എവിടെനിന്നാണ്? അതുകൊണ്ട് നമ്മുടെ നദികളിലും പുഴകളിലുമുള്ള ജലസ്രോതസ്സ് നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും ഇത്തരത്തിലുള്ള പ്രവർത്തനം നടത്തണം. അല്ലെങ്കിൽ ജൽജീവൻ മിഷന്റെ പ്രവർത്തനങ്ങൾ നമുക്ക് യാഥാർത്ഥ്യമാക്കാൻ കഴിയില്ല. ഐക്യരാഷ്ട്രസഭ വെള്ളപ്പൊക്കത്തിനുശേഷം നടത്തിയ പഠന റിപ്പോർട്ടിലെ ഒരു കാര്യം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. " The Post-Disaster Needs Assessment Report prepared by the UN after studying the floods had highlighted the need for an Integrated Water Resources Management (IWRM) in the state. The report states IWRM as one of the four pillars of 'Build Back Better and Faster Recovery Strategy' for Kerala" . അത് ഇംപ്ലിമെന്റ് ചെയ്യണം. ബഹുമാനപ്പെട്ട മന്ത്രിയാണ് ഈരാറ്റുപേട്ടയിലെ പ്രവർത്തനം ഉദ്ഘാടനം ചെയ്തത്. അദ്ദേഹത്തിന്

അതിനെക്കുറിച്ച് നല്ല ധാരണയുണ്ട്. തീർച്ചയായും ഇത് യാഥാർത്ഥ്യമാക്കി ഒരു നാടിനെ സംരക്ഷിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. സെബാസ്റ്റ്യൻ കുളത്തുങ്കൽ ഇവിടെ കൊണ്ടുവന്ന ശ്രദ്ധക്ഷണിക്കൽ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിന്റെ മാത്രം കാര്യമായി ഉൾക്കൊള്ളാൻ കഴിയുന്നതല്ല. കേരളത്തിലുണ്ടായിട്ടുള്ള ഒരു പൊതുവിഷയമാണ് അദ്ദേഹം ഇവിടെ അവതരിപ്പിച്ചത്. കേരളത്തിൽ അടിക്കടിയുണ്ടാകുന്ന പ്രളയവും മണ്ണിടിച്ചിലും ഉരുൾപൊട്ടലുംമൂലം വലിയ അളവിൽ ചെളിയും മണ്ണും എക്കലും അടിഞ്ഞുകൂടി നദികളുടെ സ്വാഭാവിക നീരൊഴുക്കിനെ തടസ്സപ്പെടുത്തുകയും നദികളുടെ ആഴവും വീതിയും കുറഞ്ഞുവരികയും ചെയ്യുന്നു. തൻമൂലം മഴക്കാലത്ത് വെള്ളപ്പൊക്കത്തിന് ആക്കം കൂട്ടുന്നു. കൃത്യമായ ഇടവേളകളിൽ എക്കലും ചെളിയും മാറ്റി സ്വാഭാവിക ഒഴുക്ക് പുന:സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയാണ് അദ്ദേഹം ഇവിടെ അവതരിപ്പിച്ചത്. ഇതിനായി ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് ഓരോ നദിയുടെയും ചുമതല നേരത്തെതന്നെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുകയും അവരുടെ നേതൃത്വത്തിൽ പ്രാഥമിക പരിശോധനയും

വിവരശേഖരണവും നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജലസേചന വകുപ്പിന്റെ കീഴിലുള്ള കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (KERI) നേതൃത്വത്തിൽ 2021-ലെ പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച അച്ചൻകോവിൽ, പമ്പ, മണിമല, മീനച്ചിൽ, മൂവാറ്റുപുഴ എന്നീ നദികളിൽ പര്യവേക്ഷണം നടത്തി സാമ്പിളുകൾ ശേഖരിച്ച് വിശകലനം നടത്തിയതിൽനിന്നും നദികളിലും കൈവഴികളിലും വലിയ തോതിൽ ചെളിയും എക്കലും പാറയും മറ്റ് പാഴ്വസ്തുക്കളും അടിഞ്ഞുകൂടിയതായി കണ്ടെത്തിയിട്ടുണ്ട്. ഇത് ഘട്ടംഘട്ടമായി മാത്രമേ പൂർണ്ണമായും നീക്കം ചെയ്യാൻ സാധിക്കുകയുള്ളൂ. ഇതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽത്തന്നെ തദ്ദേശസ്വയംഭരണം, MGNREGS (Mahatma Gandhi National Rural Employment Guarantee Scheme), ജലസേചനം, റവന്യൂ എന്നീ വകുപ്പുകളുടെ ഏകോപനത്തോടും ജനകീയ പങ്കാളിത്തത്തോടും നദികളിലും കൈവഴികളിലും അടിഞ്ഞുകൂടിയ മണ്ണ്, ചെളി, എക്കൽ, മറ്റ് പാഴ്വസ്തുക്കൾ എന്നിവ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ജലസേചന വകുപ്പ് മുഖാന്തരം നടത്തിവരുന്നു. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പഞ്ചായത്ത് പ്രതിനിധികളുമായും ജലസേചന -റവന്യൂ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായും നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ മൂന്ന് മാർഗ്ഗങ്ങളിലൂടെ നദികളിൽ

അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്. പഞ്ചായത്തുകളുടെ സഹായത്തോടെ MGNREGS ഉപയോഗിച്ച് നദികളിലെ മണ്ണും ചെളിയും മിതമായ ചെലവിൽ നീക്കം ചെയ്തുവരുന്നു. ജില്ലാ കളക്ടറുടെയും ജലസേചന വകുപ്പിന്റെയും മേൽനോട്ടത്തിൽ ചെക്ക് ഡാം, റെഗുലേറ്റർ, വി.സി.ബി. എന്നിവയിൽ അടിഞ്ഞുകൂടിയ മണ്ണ്, ചെളി എന്നിവ പുഴയിൽനിന്നും മാറ്റി സുരക്ഷിതമായ പ്രദേശത്ത് സൂക്ഷിക്കാവുന്നതാണ്. ഇവ നിർമ്മാണ പ്രവർത്തനങ്ങൾക്ക് യോജിച്ചവയാണെങ്കിൽ റവന്യൂ വകുപ്പിന്റെ മേൽനോട്ടത്തിൽ ലേലം ചെയ്ത് ആവശ്യക്കാർക്ക് നൽകാവുന്നതാണ്. മേൽപ്പറഞ്ഞ മാർഗ്ഗങ്ങൾ നടപ്പാക്കാൻ സാധിക്കാത്ത പ്രദേശങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ മണ്ണും ചെളിയും നീക്കം ചെയ്യാവുന്നതും അതിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് യോഗ്യമായവ റവന്യൂ വകുപ്പിന്റെ മേൽനോട്ടത്തിൽ ലേലം ചെയ്ത് സർക്കാരിലേയ്ക്ക് മുതൽക്കൂട്ടാവുന്നതുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ എന്നിവരുടെ സഹകരണത്തോടുകൂടി തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചുകൊണ്ട് ജനപങ്കാളിത്തത്തോടെ നദികളിലെയും കൈവഴികളിലെയും എക്കലും ചെളിയും നീക്കം ചെയ്യൽ മഴക്കാലത്തിന് മുമ്പ് പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. കൂടാതെ,

ജലസേചന വകുപ്പിന്റെ കീഴിലുള്ള ഡാമുകളിൽ അടിഞ്ഞുകൂടിയ വസ്തുക്കൾ നീക്കം ചെയ്യുന്ന പ്രവൃത്തികൾ സർക്കാരിന്റെ വിവിധ ഉത്തരവുകൾ പ്രകാരം നടന്നുവരുന്നു. മംഗലം ഡാമിൽ പ്രസ്തുത പ്രവൃത്തി പുരോഗമിക്കുന്നു. ചുള്ളിയാർ, വാളയാർ, മീങ്കര ഡാമുകളിൽ പ്രസ്തുത പ്രവൃത്തികളുടെ കരാർ നടപടികൾ പുരോഗമിക്കുകയാണ്. മഞ്ഞുമ്മൽ, ചെങ്ങണാംകുന്ന് റെഗുലേറ്ററുകളിൽ അടിഞ്ഞുകൂടിയ വസ്തുക്കൾ നീക്കം ചെയ്തുകഴിഞ്ഞു. പുറപ്പള്ളിക്കാവ്, പൂക്കോട്ടുമന, ചെറുതുരുത്തി റെഗുലേറ്ററുകളിൽനിന്നും വസ്തുക്കൾ നീക്കം ചെയ്യാനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ ഈരാറ്റുപേട്ട നഗരസഭയുടെ പ്രവൃത്തി ഞാൻ നേരിട്ട് കണ്ടതാണ്. ഏതാണ്ട് 1.5 കി.മീ. ദൂരമേയുള്ളൂ. പക്ഷേ ഇത്രയും ദിവസം ജോലി ചെയ്തിട്ടും അതിന്റെ പത്തിലൊരംശം മാലിന്യംപോലും മാറ്റാൻ സാധിച്ചിട്ടില്ലെന്ന് ഇവിടെ സൂചിപ്പിച്ചു. എം.എൽ.എ.-യുടെ നേതൃത്വത്തിൽ നഗരസഭ, എം.പി., സന്നദ്ധ പ്രവർത്തകർ, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി അംഗങ്ങൾ, ഹരിത കേരളം മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ടവർ ഉൾപ്പെടെ എല്ലാവരും ഇതിന്റെ ഭാഗമായി മാറിയിട്ടുണ്ട്. കേരളത്തിലെമ്പാടും പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനുള്ള ശ്രദ്ധേയമായ നീക്കം ജനപ്രതിനിധികളുടെ

ഭാഗത്തുനിന്നുകൂടിയുണ്ടാകണം. ഇതിന്റെ ഗൗരവം മനസ്സിലാക്കി ബഹുമാന്യനായ മുഖ്യമന്ത്രിതന്നെ വിളിച്ചുചേർത്ത മീറ്റിംഗിൽ തദ്ദേശസ്വയംഭരണം, റവന്യൂ, വൈദ്യുതി, വനം വകുപ്പുമന്ത്രിമാരടക്കം ഞങ്ങളെല്ലാവരും പങ്കെടുത്തു. ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടനുസരിച്ച് മാലിന്യം നീക്കം ചെയ്യുന്നതിന് തടസ്സമില്ലെന്നാണ് അതിലെടുത്ത കർശനമായ തീരുമാനം. എം.എൽ.എ. വായിച്ച 2019-ലെ ഉത്തരവ് വളരെ വ്യക്തമാണ്. അതുകൊണ്ടുതന്നെ അത്തരം കാര്യങ്ങളുടെ ഭാഗമായി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തു. റവന്യൂ വകുപ്പുമന്ത്രി അക്കാര്യം നല്ല രീതിയിൽ മോണിറ്റർ ചെയ്യുന്നുണ്ട്. നമ്മുടെതന്നെ നേതൃത്വത്തിൽ അത്തരം ജോലികൾ ചെയ്യാനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതിന് യാതൊരു തടസ്സവുമില്ല. ജലനിർഗ്ഗമന സ്രോതസ്സുകളിലെ നീരൊഴുക്ക് തുടർന്നും നല്ല നിലയിൽ പോകാൻ അനുവദിച്ചില്ലെങ്കിൽ വരാൻ പോകുന്ന കാലവർഷത്തെ അതിജീവിക്കാൻ ബുദ്ധിമുട്ടാകുമെന്നതിനാൽ കാലേകൂട്ടിയെടുത്തിരിക്കുന്ന ഈ തീരുമാനം വളരെ നല്ല നിലയിൽ പ്രാവർത്തികമാക്കേണ്ടതുണ്ട്. അതുകൊണ്ട് കക്ഷിരാഷ്ട്രീയ വ്യത്യാസമെന്യേ ഇത്തരം കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണം. എല്ലാ മേഖലയിലും ഈ പ്രശ്നമുണ്ട്. പാറ മാറ്റുന്നതിനെക്കുറിച്ച് സൂചിപ്പിച്ചു. പാറയും അതിന്റെ പരിധിയിൽപ്പെടും.

നിലവിലുള്ള നിയമത്തിന്റെയും ചട്ടത്തിന്റെയും അടിസ്ഥാനത്തിലുള്ള ഉത്തരവിന്റെ പശ്ചാത്തലത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടനുസരിച്ച് കളക്ടർ പുറപ്പെടുവിക്കുന്ന അധികാരം ഉപയോഗിച്ചുകൊണ്ട് ഇത്തരം കാര്യങ്ങൾ ധൈര്യമായി ചെയ്യാൻ എല്ലാവരെയും തയ്യാറെടുപ്പിക്കേണ്ട ചുമതലകൂടി ഈ സഭയ്ക്കുണ്ട്. കഴിഞ്ഞ കാലങ്ങളിലുണ്ടായ മഹാപ്രളയത്തിൽനിന്ന് കേരളത്തെ മോചിപ്പിക്കാൻ പര്യാപ്തമായ നടപടിയുടെ ഭാഗമായ ഇത്തരം കാര്യങ്ങളിൽ വളരെ ഗൗരവപൂർവ്വമായ സമീപനം സ്വീകരിക്കാനാണ് ശ്രമിച്ചിട്ടുള്ളത്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഇക്കാര്യത്തിൽ മനുഷ്യസാധ്യമായ രീതിയിൽ, അതായത് മാൻപവർ ഉപയോഗിച്ച് ചെയ്യാവുന്ന കാര്യങ്ങളൊക്കെ ജനകീയ മൂവ്മെന്റിന്റെ ഭാഗമായി ഗവൺമെന്റ് ബന്ധപ്പെട്ട വകുപ്പുകളുടെ സഹായത്തോടെ ചെയ്യുന്നുണ്ട്. പക്ഷേ ഞാനിവിടെ സൂചിപ്പിച്ച പാറപോലുള്ളവ നീക്കം ചെയ്യുന്നതാണ് ഏറ്റവും ഗൗരവമായ വിഷയം. പ്രത്യേകിച്ച് കൂട്ടിക്കലിലെ പുല്ലകയാറിൽ ഏതാണ്ട് ആറുകിലോമീറ്റർ ദൂരം പൂർണ്ണമായും പാറക്കല്ലുകൾ നിറഞ്ഞുകിടക്കുകയാണ്. അവിടെയുള്ളവർ ഭയാശങ്കയിലാണ് കഴിയുന്നത്. അതിലുപരി തീരമാകെ പുഴയെടുത്തുപോയിരിക്കുകയുമാണ്. ധാരാളം വീടുകൾ അപകടാവസ്ഥയിൽ

തീരത്ത് സ്ഥിതി ചെയ്യുന്നു. മലയോര പ്രദേശമായതിനാൽ വാഹനങ്ങൾക്ക് പുഴയിലിറങ്ങി പാറകൾ നീക്കം ചെയ്യാൻ സാധിക്കുന്നില്ല. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ: മലമ്പുഴയുൾപ്പെടെയുള്ള ഡാമുകളിലെ മാലിന്യം നീക്കം ചെയ്യുന്നതുസംബന്ധിച്ച് ഞാൻ പറഞ്ഞുകഴിഞ്ഞു. പാറ നീക്കം ചെയ്യുന്ന കാര്യം മനുഷ്യസാധ്യമായി ചെയ്യാവുന്ന പ്രവൃത്തിയല്ലെന്ന് ഇവിടെ സൂചിപ്പിച്ചു. ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഭാഗമായതുകൊണ്ടുതന്നെ റവന്യൂ വകുപ്പുമായി ആലോചിച്ച് ജലവിഭവ വകുപ്പിന്റെ സഹകരണത്തോടെ പാറ നീക്കം ചെയ്യുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ എന്തൊക്കെയാണെന്ന് ഗൗരവപൂർവ്വം പരിശോധിക്കാം.

## (2) ആശ്വാസകിരണം പദ്ധതി ഗുണഭോക്താക്കളും ഹീമോഫീലിയ രോഗികളും നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. നജീബ് കാന്തപുരം: സർ, അങ്ങുൾപ്പെടെ ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും കേരളത്തിലെ ഭിന്നശേഷിക്കാരായ കുട്ടികളെ പരിചരിക്കുന്ന കുടുംബാംഗങ്ങളുടെ സംഘടനയായ 'പരിവാർ കേരള'യുടെ ഒരു കത്ത് ലഭിച്ചിട്ടുണ്ടാവും. അത് വായിച്ചപ്പോൾ എനിക്ക് വളരെ ദുഃഖം തോന്നി. പ്രത്യേകിച്ച് ജനപ്രതിനിധികളെന്നനിലയിൽ ഇത്തരത്തിലുള്ള നിരവധി

കുട്ടികളെ കാണുന്നവരും അവരെ സന്ദർശിക്കുന്നവരും ആശ്വാസം പകരുന്നവരുമൊക്കെയാണ് നാം. നമുക്കൊക്കെ സ്വാഭാവികമായും ചില പരിമിതികളുണ്ട്. പക്ഷേ ഇവരെ എല്ലാ ദിവസവും പരിചരിക്കുന്ന, അവരുടെ എല്ലാ കാര്യങ്ങളും നോക്കുന്ന നാൽപ്പതുലക്ഷത്തോളം ആളുകൾ ഉൾപ്പെടുന്ന കുടുംബങ്ങൾ ഈ സംസ്ഥാനത്തുണ്ടെന്നത് നാം തിരിച്ചറിയേണ്ട കാര്യമാണ്. ഈ ശ്രദ്ധക്ഷണിക്കലിലൂടെ അവരുടെ സങ്കടകരമായിട്ടുള്ള ജീവിത സാഹചര്യത്തെക്കുറിച്ച് പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. നേരത്തെ പ്രതിപക്ഷനേതാവ് വലതുനയ വ്യതിയാനത്തെക്കുറിച്ച് പറഞ്ഞപ്പോൾ ഭരണപക്ഷത്തുള്ള ആളുകൾ ക്ഷോഭിക്കുകയുണ്ടായി. ഈ സങ്കടകരമായ കാര്യങ്ങൾ കാണുമ്പോൾ വലതുനയ വ്യതിയാനം മാത്രമല്ല തീവ്ര വലതുപക്ഷത്തെപ്പോലും നാണിപ്പിക്കുന്ന തരത്തിലേയ്ക്ക് ഈ സർക്കാർ മാറിയിട്ടുണ്ടോ എന്നാണ് എനിക്ക് തോന്നുന്നത്. ഓട്ടിസം, സെറിബ്രൽ പാൾസി ബാധിച്ചവരുൾപ്പെടെയുള്ള ഭിന്നശേഷിക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന 'ആശ്വാസ കിരണം' പദ്ധതി മുടങ്ങിയിട്ട് ഏതാണ്ട് 20 മാസത്തോളമായി. 2020 മുതൽ പദ്ധതിസഹായം ലഭിക്കുന്നില്ല. സാമൂഹ്യക്ഷേമത്തിലും സുരക്ഷയിലും നിന്നുമൊക്കെ ഈ സർക്കാർ പൂർണ്ണമായും പിൻവാങ്ങുന്നതിന്റെ ഏറ്റവും വലിയ അടയാളമാണിത്. ഇന്നലെ

വളരെ തെറ്റിദ്ധാരണാജനകമായ ഒരു കാര്യം ഈ സഭയിൽ നടന്നു. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് പെൻഡിംഗ് ഒന്നുമില്ല, അറുന്നൂറുരൂപയുടെ ധനസഹായം അവർക്ക് കൊടുക്കുന്നുണ്ടെന്നാണ്. ഞാൻ ഇന്നലെയും ആ കുടുംബങ്ങളോട് സംസാരിച്ചു. അവരിൽ പലരും പറയുന്നത് 2020-നുശേഷം നയാപൈസ അവർക്ക് ലഭിച്ചിട്ടില്ലെന്നാണ്. നമ്മൾ മനസ്സിലാക്കേണ്ട പ്രധാനപ്പെട്ട കാര്യം ഭിന്നശേഷിക്കാരെ പരിചരിക്കുന്ന 1,13,000 ആളുകൾ മാത്രമാണ് ഇത്രയും കാലം ഓരോ മാസവും 600 രൂപ വാങ്ങിക്കൊണ്ടിരുന്നത്. ധനസഹായത്തിനുള്ള അറുപതിനായിരത്തോളം അപേക്ഷകൾ വർഷങ്ങളായി പെൻഡിംഗിലാണ്. അതിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. നിലവിലെ ഗുണഭോക്താക്കൾക്ക് അത് ലഭിക്കാനുള്ള സംവിധാനമില്ലെന്നു മാത്രമല്ല ബഡ്ജറ്റ് നിർദ്ദേശത്തിൽ ആശ്വാസ കിരണം പദ്ധതിയെക്കുറിച്ച് കൃത്യമായ ഒരു പരാമർശം പോലുമില്ലെന്നതും വളരെ സങ്കടകരമായ കാര്യമാണ്. സാമൂഹ്യസുരക്ഷയുമായി ബന്ധപ്പെട്ട് ക്ഷേമമെന്ന മേഖലയിൽ വിവിധ വകുപ്പുകൾക്കും ഏജൻസികൾക്കുമായി ആകെ നീക്കിവച്ചത് 679 കോടി രൂപയാണ്. സാമൂഹികക്ഷേമം സംബന്ധിച്ച ബഡ്ജറ്റ് പരാമർശം ഇതിൽമാത്രം ഒതുങ്ങിനിൽക്കുകയാണ്. രണ്ടുലക്ഷത്തോളം ആളുകൾ

ധനസഹായത്തിനായി കാത്തിരിക്കുമ്പോൾ വളരെ കൃത്യമായും സ്പഷ്ടമായുമുള്ള പദ്ധതി മുന്നോട്ടുവച്ച് പണം വകയിരുത്തുന്നതിൽ യാതൊരു ശ്രദ്ധയുമുണ്ടായിട്ടില്ലെന്നത് ഈ സഭയ്ക്കുമുമ്പാകെ പറയേണ്ടിവന്നതിൽ എനിക്ക് ദുഃഖമുണ്ട്. 2015-ലെ സെൻസസ് പ്രകാരം യഥാർത്ഥത്തിൽ ഭിന്നശേഷിക്കാരായ എട്ട് ലക്ഷം ആളുകൾ കേരളത്തിലുണ്ട്. അതിൽ രണ്ടുലക്ഷം ആളുകൾ മാത്രമാണിപ്പോൾ ഈ പരിധിയിൽ വരുന്നത്. ഐക്യരാഷ്ട്രസഭ പതിനാറ് തരത്തിലുള്ള ആളുകളെയാണ് ഭിന്നശേഷി ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നത്. അതിപ്പോൾ വിപുലീകരിച്ച് ഇരുപത്തിയൊന്നാക്കി മാറ്റിയിരിക്കുന്നു. ഇനിയും കൂടുതൽ ആളുകൾ ഇതിലേയ്ക്ക് കടന്നുവരേണ്ടതുണ്ട്. ഭിന്നശേഷിക്കാരെ പരിചരിക്കുന്നവരുടെ വീടുകളിലെ അവസ്ഥ എന്താണ്? അവരുടെ ജീവിതം നിങ്ങൾ ഓർക്കണം. അവർക്ക് പുറത്തേയ്ക്കുപോകാനോ ഒരു പരിപാടിയിൽ പങ്കെടുക്കാനോ ജോലിക്ക് പോകാനോ കഴിയില്ല. എല്ലാ സമയത്തും ഈ വ്യക്തികളെ പരിചരിക്കേണ്ട വളരെ സങ്കടകരമായ അവസ്ഥയാണ്. ഈ സഭയിൽ അവരുടെ പ്രതിനിധികൾ ഉണ്ടായില്ലെന്നു വന്നേയ്ക്കാം. പക്ഷേ നമുക്ക്ഒരു സാമൂഹ്യബാദ്ധ്യതയുണ്ട്. അവർക്കുവേണ്ടി സംസാരിക്കാൻകൂടി

തെരഞ്ഞെടുക്കപ്പെട്ടവരാണ് നമ്മളെന്ന ബോധ്യത്തോടുകൂടി സർക്കാർ ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തണം.

ഹീമോഫീലിയ രോഗികളെക്കുറിച്ചുകൂടി ഒരു വാക്ക് പറയേണ്ടതുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ സമയത്ത് ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയും ഡോ. എം. കെ. മുനീർ സാമൂഹ്യനീതി വകുപ്പുമന്ത്രിയുമായിരുന്നപ്പോൾ ജീവകാരുണ്യ മേഖലയിൽ ഒട്ടേറെ ശ്രദ്ധേയമായ പദ്ധതികൾ നടപ്പിലാക്കി. ഏതൊരു കാരുണ്യ ഫാർമസിയിൽ പോയാലും ഹീമോഫീലിയ രോഗികൾക്ക് മരുന്ന് ലഭിക്കുമായിരുന്നു. അന്ന് ഒരു ഡോസ് മരുന്നെങ്കിലും കൈവശം വയ്ക്കാനുള്ള അനുവാദവും സ്വന്തമായി ഇഞ്ചക്ട് ചെയ്യാനുള്ള പരിശീലനവും അവർക്ക് നൽകിയിരുന്നു. പക്ഷേ ഇന്നത്തെ സ്ഥിതി എന്താണ്? അവർ സർക്കാർ ഹോസ്പിറ്റലിലെ കാഷ്വാലിറ്റിയിൽ കാത്തുനിന്ന് ഇഞ്ചക്ഷൻ എടുക്കേണ്ട ഗതികേടിലാണ്. കഴിഞ്ഞയാഴ്ച ഞാൻ സഭയിലേയ്ക്കുവരുമ്പോൾ ഒരനുഭവമുണ്ടായി. ജുനൈദ്, ഉണ്ണികൃഷ്ണൻ എന്നീ രണ്ട് ചെറുപ്പക്കാർ എന്റെ അരികിൽ വന്ന് അവരുടെ നീരുവച്ച് വീർത്തിരിക്കുന്ന കൈകളും കാലുകളും കാണിച്ചു. എന്തൊരു സങ്കടകരമായ അവസ്ഥയാണ്. അവരുടെ കാലുകളിൽ കറുത്തപാടുകളുമുണ്ട്. അവർക്ക് സ്വയം ഇഞ്ചക്ഷൻ എടുക്കാൻ അറിയാം. പക്ഷേ അതിനുള്ള മരുന്ന്

കാരുണ്യ ഫാർമസിയിൽ ലഭ്യമല്ല. അർദ്ധരാത്രിയിലായിരിക്കും രക്തസ്രാവമുണ്ടാകുക. ആ സമയത്ത് ഇഞ്ചക്ഷൻ എടുക്കേണ്ടതുണ്ട്. ഈ ഗവൺമെന്റ് തീർച്ചയായും ഇക്കാര്യങ്ങളിൽ വളരെ ഗൗരവമായി ഇടപെടണം. ഒന്നാമതായി ആശ്വാസകിരണം പദ്ധതിയിൽ മുടങ്ങിക്കിടക്കുന്ന ആനുകൂല്യങ്ങൾ നൽകാൻ തയ്യാറാകണം. മറ്റൊന്ന്, സുപ്രീംകോടതിയുടെ പരാമർശമുണ്ടായിട്ടുള്ള കാര്യംകൂടിയാണ്; ആയതിനാൽ ഹീമോഫീലിയ രോഗികൾക്കാവശ്യമായ മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 2010-ൽ എൽ.ഡി.എഫ്. സർക്കാർ ആരംഭിച്ചതാണ് 'ആശ്വാസ കിരണം' പദ്ധതി. ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമായ വിധത്തിൽ തീവ്രമായ ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്നവരെയും പ്രായാധിക്യംകൊണ്ടോ ക്യാൻസർ മുതലായ ഗുരുതര രോഗങ്ങളാലോ കിടപ്പിലാവുകയും ചെയ്യുന്നവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. 2010-ൽ ആരംഭിച്ച 'ആശ്വാസകിരണം' പദ്ധതിയിൽ അംഗമാകുന്ന ഗുണഭോക്താവിന് പദ്ധതിയുടെ ആരംഭ ഘട്ടത്തിൽ പ്രതിമാസം 250 രൂപയായിരുന്നു

നൽകിയിരുന്നത്. വിവിധ ഘട്ടങ്ങളിലായി പ്രസ്തുത തുക വർദ്ധിപ്പിച്ച് നിലവിൽ 600 രൂപയാണ് നൽകിവരുന്നത്. 2011 മുതൽ 2016 മാർച്ചുവരെ കെട്ടിക്കിടന്ന 23,804 അപേക്ഷകളടക്കം 1,20,301 ഗുണഭോക്താക്കൾക്കുവരെ ധനസഹായം നൽകാൻ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് സാധിച്ചിട്ടുണ്ട്. 11-10-2012-ലെ സർക്കാർ ഉത്തരവുപ്രകാരം ഈ പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, നൂറ് ശതമാനം അന്ധതയുള്ളവർ എന്നിവർക്കുപുറമേ പ്രായാധിക്യംകൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതര രോഗങ്ങളാലും കിടപ്പിലായവരും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാകുന്ന അവസ്ഥയിലുള്ളവരുമായ മുഴുവൻ ആളുകളുടെയും പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തുടർന്ന് വർഷംതോറും ഈ പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം കൂടിവരികയും തന്മൂലം ബഡ്ജറ്റ് വിഹിതത്തേക്കാൾ കൂടിയ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. ബഡ്ജറ്റ് വിഹിതംകൊണ്ട് കുടിശ്ശിക പൂർണ്ണമായും നൽകാൻ കഴിയാതിരുന്ന സാഹചര്യത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം ബഡ്ജറ്റ്

വിഹിതത്തിനുപുറമേ 58.12 കോടി രൂപ അധിക ധനാഭ്യർത്ഥനയിലൂടെ ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം 2021-22-ലെ ബഡ്ജറ്റ് വിഹിതമായ 40 കോടി രൂപയിൽനിന്ന് 39.65 കോടി രൂപ ചെലവഴിച്ച് കൊല്ലം, പത്തനംതിട്ട, ഇടുക്കി, കോട്ടയം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ മാസംവരെയുള്ള ധനസഹായം 2022 മാർച്ച് മാസത്തിലും മറ്റ് എട്ട് ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 ആഗസ്റ്റ് മാസംവരെയുള്ള ധനസഹായം 2021 ഡിസംബർ മാസത്തിലും അനുവദിക്കുകയുണ്ടായി. അവശേഷിക്കുന്ന കുടിശ്ശിക തീർക്കുന്നതിനാവശ്യമായ തുക അധിക ധനാനുമതിയിലൂടെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആശ്വാസ കിരണം പദ്ധതിക്ക് നിലവിൽ 92412 ഗുണഭോക്താക്കളാണുള്ളത്. 2018 ഏപ്രിൽ മുതൽ 2022 ഫെബ്രുവരി മാസംവരെ ലഭിച്ച 62282 അപേക്ഷകൾ പദ്ധതി മാനദണ്ഡങ്ങൾപ്രകാരം പരിശോധിച്ച് അർഹരായവരെ കണ്ടെത്തി ആനുകൂല്യം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും വർദ്ധിച്ചുവരുന്നതിനാൽ അധിക ധനവിനിയോഗം ആവശ്യമായിവരുന്നുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആശ്വാസ കിരണം പദ്ധതിക്ക് 42.5 കോടി രൂപ

വകയിരുത്തിയിട്ടുണ്ട്. സർക്കാരിന് ഈ പദ്ധതിയുടെ ഗുണഭോക്താക്കളോട് തികഞ്ഞ അനുഭാവമാണുള്ളത്. ഹീമോഫീലിയ രോഗികൾക്ക് സാമൂഹ്യസുരക്ഷാ മിഷൻ മുഖേന സമാശ്വാസ പദ്ധതിയിലുൾപ്പെടുത്തി പ്രതിമാസം 1,000/- രൂപ ധനസഹായം നൽകിവരുന്നു. പ്രസ്തുത പദ്ധതിപ്രകാരം നിലവിലുള്ള ഗുണഭോക്താക്കൾക്ക് 2022 ഫെബ്രുവരി മാസംവരെയുള്ള ധനസഹായം നൽകിയിട്ടുണ്ട്. ഹീമോഫീലിയ രോഗത്തിനുള്ള ചികിത്സ ആരോഗ്യ വകുപ്പ് 'ആശാധാര' പദ്ധതി മുഖാന്തരമാണ് നടപ്പാക്കിവരുന്നത്. ഇതിന്റെ ഭാഗമായി ഹീമോഫീലിയ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ സർക്കാർ മെഡിക്കൽ കോളേജുകൾ, തെരഞ്ഞെടുത്ത ജില്ലാ ജനറൽ ആശുപത്രികൾ, താലൂക്കാശുപത്രികൾ തുടങ്ങിയ 72 സർക്കാർ ആശുപത്രികളിലൂടെ ലഭ്യമാക്കുന്നുണ്ട്. രോഗികൾക്ക് രക്തസ്രാവം ഉണ്ടാകുന്ന മുറയ്ക്ക്, ചികിത്സ ആവശ്യമാകുന്ന എല്ലാഘട്ടങ്ങളിലും ഈ സ്ഥാപനങ്ങളിൽനിന്ന് 24 മണിക്കൂറും യാതൊരു തടസ്സവുമില്ലാതെ മരുന്ന് ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ടെന്നാണ് ആരോഗ്യ വകുപ്പിൽനിന്ന് അറിയിച്ചിട്ടുള്ളത്.

ശ്രീ. നജീബ് കാന്തപുരം: സർ, ഇതിൽനിന്നും രണ്ട് കാര്യങ്ങൾ വ്യക്തമാണ്. ഇത്രയും കാലമായി ആകെ നാല് ജില്ലകളിൽ മാത്രമാണ്

ധനസഹായം വിതരണം ചെയ്തതെന്ന് ബഹുമാന്യയായ മന്ത്രിയുടെ വിശദീകരണത്തിൽനിന്നും വ്യക്തമായിരിക്കുകയാണ്. മറ്റുജില്ലകളിൽ എന്ന് ധനസഹായം കൊടുത്തുതീർക്കാൻ സാധിക്കും? നിലവിൽ നൽകുന്ന 600 രൂപ വളരെ കുറഞ്ഞ തുകയാണ്. ഇത് വർദ്ധിപ്പിക്കാനും അവരെ സഹായിക്കാനും സർക്കാരിന് ഉദ്ദേശ്യമുണ്ടോ? അതോടൊപ്പം, ഹീമോഫീലിയയുമായി ബന്ധപ്പെട്ട ഗുരുതരമായ ഒരു വിഷയം, രക്തസ്രാവമുണ്ടാകുന്ന സമയത്ത് രോഗികൾക്ക് എടുക്കേണ്ട ഇഞ്ചക്ഷനെ സംബന്ധിച്ചാണ്. അർദ്ധരാത്രിയിൽ രോഗിക്ക് ആശുപത്രിയിൽ പോയി ഇഞ്ചക്ഷൻ എടുക്കാൻ സാധിക്കില്ല. അതുകൊണ്ട് അവർക്ക് ഇഞ്ചക്ഷനുള്ള മരുന്ന് സ്റ്റോക്ക് ചെയ്യുന്നതിനുള്ള അനുവാദം നൽകുമോ?

ഡോ. ആർ. ബിന്ദു: സർ, ആശ്വാസകിരണം പദ്ധതിയെ സംബന്ധിച്ചിടത്തോളം നടപ്പുസാമ്പത്തിക വർഷം എല്ലാ ജില്ലകളിലെയും കുടിശ്ശിക തീർത്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം മറുപടി ശ്രദ്ധിച്ച് കേട്ടില്ലെന്ന് തോന്നുന്നു. കൊല്ലം, പത്തനംതിട്ട, ഇടുക്കി, കോട്ടയം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ മാസംവരെയുള്ള ധനസഹായം 2022 മാർച്ച് മാസത്തിലും മറ്റ് എട്ടുജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 ആഗസ്റ്റ് മാസംവരെയുള്ള

ധനസഹായം 2021 ഡിസംബർ മാസത്തിലും വിതരണം ചെയ്തു. 2020 വരെയുള്ളതാണ് ഈ നടപ്പുസാമ്പത്തിക വർഷം നൽകിയത്. മാസങ്ങളായി നൽകാനുള്ള കുടിശ്ശികയുണ്ടായിരുന്നു. അധിക ധനാഭ്യർത്ഥന നേടിയെടുത്തുകൊണ്ട് പൂർണ്ണമായും ധനസഹായം വിതരണം ചെയ്യാനുള്ള എല്ലാനടപടികളും പൂർത്തീകരിച്ചിട്ടുണ്ട്. ആശ്വാസകിരണം പദ്ധതിക്ക് മുൻഗണന നൽകിക്കൊണ്ടാണ് സാമൂഹ്യനീതി വകുപ്പ് പ്രവർത്തിക്കുന്നത്. ആശാധാര പദ്ധതി യാതൊരു പിഴവുകളുമില്ലാതെ തുടരുന്നുണ്ടെന്നാണ് ആരോഗ്യ വകുപ്പിൽനിന്നും അറിയിച്ചിട്ടുള്ളത്.

**11.24 a.m]**

## V സബ്മിഷൻ

(1) ഒഴിവുകൾക്കാനുപാതികമായി പി.എസ്.സി. ലിസ്റ്റ്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വിവിധ തസ്തികകളിലേയ്ക്കുള്ള നിയമനത്തിനായി പി.എസ്.സി. പരീക്ഷ നടത്തി പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റുകൾ, മുൻറാങ്ക് ലിസ്റ്റിൽനിന്നും നടന്ന നിയമന ശിപാർശകൾക്കും പരീക്ഷാ തീയതിവരെ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾക്കും ആനുപാതികമായി ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ചാണ് സബ്മിഷൻ ഉന്നയിക്കുന്നത്.

പി.എസ്.സി. പ്രസിദ്ധീകരിക്കുന്ന സാധ്യതാ പട്ടിക, ചുരുക്കപ്പട്ടിക, റാങ്ക് പട്ടിക എന്നിവയിൽ ഉൾപ്പെടുത്തേണ്ട ഉദ്യോഗാർത്ഥികളുടെ എണ്ണം നിശ്ചയിക്കുന്നത് പി.എസ്.സി.-യുടെ സർക്കുലറിലുള്ള വ്യവസ്ഥകൾ പ്രകാരമാണ്. പരീക്ഷാ തീയതിവരെ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളുടെ എണ്ണമോ മുൻലിസ്റ്റിൽനിന്നും ഒരുവർഷം ശരാശരി നടന്ന നിയമനങ്ങളുടെ എണ്ണമോ കണക്കാക്കി അതിൽ ഏതാണോ കൂടുതൽ അതിന്റെ മൂന്നുമടങ്ങ് ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാണ് വ്യവസ്ഥ. എന്നാൽ പി.എസ്.സി. പലപ്പോഴും ആ വ്യവസ്ഥ പാലിക്കുന്നില്ല. പരമാവധിയാളുകൾക്ക് ജോലി ലഭിക്കാനുള്ള സാദ്ധ്യത ഉറപ്പാക്കുന്ന രീതിയിൽ റാങ്ക് പട്ടികകൾ ക്രമീകരിക്കാൻവേണ്ടിയാണ് ഈ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പി.എസ്.സി. പല റാങ്ക് ലിസ്റ്റുകളും തയ്യാറാക്കുമ്പോൾ ഈ വ്യവസ്ഥയുടെ സ്പിരിറ്റ് ഉൾക്കൊള്ളാതെ സാങ്കേതികത്വം പറഞ്ഞ് കൂടുതൽ ഉദ്യോഗാർത്ഥികളെ ഒഴിവാക്കാൻ ശ്രമിക്കുകയാണ്. അതിനുദാഹരണമാണ് മലപ്പുറം ജില്ലയിലെ എൽ.പി.എസ്.ടി. തസ്തികയുടെ റാങ്ക് ലിസ്റ്റ്. ഏറ്റവും കൂടുതൽ വിദ്യാലയങ്ങളുള്ള ജില്ലയാണ് മലപ്പുറം. അവിടെ ഒരുവർഷം 1181 നിയമനങ്ങൾ നടക്കുന്നു. യഥാർത്ഥത്തിൽ നിലവിലുള്ള വേക്കൻസി

കണക്കാക്കി അതിന്റെ മൂന്നുമടങ്ങ് ഉദ്യോഗാർത്ഥികൾ ഉൾക്കൊള്ളുന്ന ലിസ്റ്റാണ് പ്രസിദ്ധീകരിക്കേണ്ടത്. എന്നാൽ കഴിഞ്ഞ പ്രാവശ്യം എൽ.പി.എസ്.ടി. തസ്തികയ്ക്ക് ആയിരത്തിന് താഴെ നമ്പരുള്ള റാങ്ക് ലിസ്റ്റാണ് പ്രസിദ്ധീകരിച്ചത്. ഈ റാങ്ക് ലിസ്റ്റ് വേഗത്തിൽ അവസാനിക്കും. അതുകഴിഞ്ഞ് രണ്ടുവർഷം ഇവർക്ക് നിയമനത്തിന് യാതൊരു സാദ്ധ്യതകളുമില്ല. അതിനാൽ റാങ്ക് ലിസ്റ്റ് വിപുലീകരിക്കണമെന്നതാണ് പ്രധാന ആവശ്യം. പി.എസ്.സി.യുടെ സർക്കുലറിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് യഥാർത്ഥത്തിൽ നിയമനം നടത്താനാവശ്യമായ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കണം. മൂന്നുവർഷത്തേയ്ക്കാണ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്. വർഷാവർഷം റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ച് നിയമനം നടത്താൻ കഴിയുന്ന രീതിയിലുള്ള ഒരു സംവിധാനം നാളിതുവരെ പി.എസ്.സി.-യിൽ ഉണ്ടായിട്ടില്ല. ഈ വർഷം പരീക്ഷ നടത്തി ഈ വർഷംതന്നെ ലിസ്റ്റ് പ്രസിദ്ധീകരിക്കില്ല. ഉദ്യോഗാർത്ഥികളുടെ എണ്ണം കുറച്ചുകൊണ്ട് റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുകയും അടുത്ത പരീക്ഷയ്ക്കുള്ള നടപടിക്രമങ്ങൾ സമയബന്ധിതമായി പാലിക്കാൻ കഴിയാതിരിക്കുന്നതിലൂടെയും ഉദ്യോഗാർത്ഥികൾ മുഴുവൻ ബുദ്ധിമുട്ടുകയാണ്. മലപ്പുറം ജില്ലയിലെ

എൽ.പി.എസ്.ടി. ഉദ്യോഗാർത്ഥികൾ തിരുവനന്തപുരത്തുവന്ന് സെക്രട്ടേറിയറ്റിന്റെ മുമ്പിൽ സമരം നടത്തുകയാണ്. മൂന്നുവർഷത്തേയ്ക്കുള്ള ലിസ്റ്റ് ആദ്യ വർഷംതന്നെ തീർന്നുപോകുകയാണ്. പിന്നെ രണ്ടുവർഷത്തേയ്ക്ക് നിയമനം നടത്താൻ ലിസ്റ്റിൽ ആരുമില്ല. ആദ്യത്തെ നിയമനം എത്രയാണ് നടന്നിരിക്കുന്നതെന്ന് കണക്കാക്കി അതിന്റെ മൂന്നുമടങ്ങുള്ള ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്നാണ് വ്യവസ്ഥ. എന്നാലിത് ചെയ്യുന്നില്ല. അതിനുവേണ്ടി സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കണം. അതുകൊണ്ട് മലപ്പുറം ജില്ലയിലെ എൽ.പി.എസ്.ടി. ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് വിപുലീകരിക്കണം. മലപ്പുറം ജില്ലയിലെ കേസ് ഒരുദാഹരണമായി പറഞ്ഞതാണ്. നിലവിലുള്ള കേസ്സാണത്. അതിന് ഫസ്റ്റ് പ്രയോരിറ്റി നൽകണമെന്നും അതേയവസരത്തിൽ ഇനി വരാൻപോകുന്ന റാങ്ക് ലിസ്റ്റുകളിലും ഈ മാനദണ്ഡം കൃത്യമായി പാലിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, വിവിധ തസ്തികകളിലേയ്ക്കുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന നടപടികൾ സ്വീകരിക്കുന്നത് കേരള

പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജ്യർ അനുസരിച്ചാണ്. അതനുസരിച്ചാണ് ചുരുക്കപ്പട്ടികയിലും സാധ്യതാ പട്ടികയിലും റാങ്ക് ലിസ്റ്റിലും ഉൾപ്പെടുത്തേണ്ട ഉദ്യോഗാർത്ഥികളുടെ എണ്ണം നിശ്ചയിക്കുന്നത്. ഇത് പൂർണ്ണമായും പബ്ലിക് സർവ്വീസ് കമ്മീഷന്റെ അധികാരപരിധിയിൽ വരുന്നതാണ്. മുൻ റാങ്ക് ലിസ്റ്റുകളിൽനിന്ന് നടത്തിയ നിയമന ശിപാർശകളുടെ എണ്ണം അല്ലെങ്കിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഒഴിവുകളുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ ഒരുവർഷത്തെ സാധ്യതാ നിയമനങ്ങളുടെ എണ്ണം കണക്കാക്കിയാണ് യഥാർത്ഥത്തിൽ ഉദ്യോഗാർത്ഥികളുടെ എണ്ണം നിശ്ചയിക്കുന്നത്. ഇപ്രകാരം ഒരുവർഷത്തെ ആകെ എണ്ണം കണക്കാക്കിയും പരീക്ഷാ തീയതിവരെ റിപ്പോർട്ട് ചെയ്യപ്പെടുന്ന  ഒഴിവുകളുടെ എണ്ണവുംകൂടി പരിശോധിച്ച് അതിൽ ഏതാണോ കൂടുതൽ  അതാണ് ഒരു വർഷത്തെ നിയമനത്തിനുള്ള എണ്ണമായി കണക്കാക്കുന്നത്. ഇപ്രകാരം റാങ്ക് ലിസ്റ്റുകളിലെ ഉദ്യോഗാർത്ഥികളുടെ എണ്ണം കണക്കാക്കുമ്പോൾ ജനറൽ ലിസ്റ്റിലേയ്ക്ക് പൊതുവെ മൂന്നുവർഷംവരെ കാലാവധി ഉണ്ടാവുമെന്നുകൂടി കണ്ടാണ് മുഖ്യപട്ടികയിലെ ഉദ്യോഗാർത്ഥികളുടെ എണ്ണം നിശ്ചയിക്കുന്നത്. മലപ്പുറം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ എൽ.പി.എസ്.ടി. തസ്തികയിലേയ്ക്കുള്ള നിയമനത്തിന്

കാറ്റഗറി നമ്പർ 516/2019 പ്രകാരം 26-08-2021-ൽ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചു. 14 ജില്ലകളിലും തയ്യാറാക്കിയ എൽ.പി.എസ്.ടി. ഷോർട്ട് ലിസ്റ്റിൽ ഏറ്റവും കൂടുതൽപേർ ഉൾപ്പെട്ടിട്ടുള്ളത് മലപ്പുറം ജില്ലയിലാണ്. മെയിൻ ലിസ്റ്റിൽ 997 പേരെയും അതിനനുസൃതമായ എണ്ണം സപ്ലിമെന്ററി ലിസ്റ്റിലും ഉൾപ്പെടുത്തി 2312 ഉദ്യോഗാർത്ഥികളുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിരുന്നു. വർഷങ്ങളായി ചുരുക്കപ്പട്ടിക തയ്യാറാക്കാൻ അവലംബിച്ചുവരുന്ന അതേ മാനദണ്ഡം തന്നെയാണ് ഇക്കാര്യത്തിലും കമ്മീഷൻ സ്വീകരിച്ചത്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വ്യവസ്ഥകൾക്ക് വിധേയമായിട്ടല്ലാതെ എണ്ണം ചുരുക്കുകയോ വർദ്ധിപ്പിക്കുകയോ ചെയ്തിട്ടില്ല. ചുരുക്കപ്പട്ടിക വിപുലീകരിക്കുന്നതിനായി ബന്ധപ്പെട്ട ചില ഉദ്യോഗാർത്ഥികൾ ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചിരുന്നു. 08-12-2021-ലെ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായത്തിൽ ചുരുക്കപ്പട്ടിക തയ്യാറാക്കിയ രീതി ശരിവച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളുടെ മൂന്നിരട്ടി ഉദ്യോഗാർത്ഥികളെ മെയിൻ ലിസ്റ്റിൽ ഉൾപ്പെടുത്തി ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ച നടപടിയിൽ അപാകതയില്ലെന്നാണ് കമ്മീഷൻ അറിയിച്ചിട്ടുള്ളത്.

## (2) പേരാമ്പ്രയിലെ ഭൂനികുതി പട്ടയപ്രശ്നം

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, പേരാമ്പ്ര നിയോജകമണ്ഡലത്തിൽ നൊച്ചാട് വില്ലേജിലെ കൽപ്പത്തൂർ മേഖലയിൽ 58 കുടുംബങ്ങൾ ഭൂമിയുടെ രേഖ ലഭ്യമാകാതെ വിഷമിക്കുകയാണ്. ഇവരെല്ലാം അവരുടെ കൈവശമുള്ള രേഖവച്ച് 2004 വരെ നികുതി അടച്ചിരുന്നു. 2004 മുതൽ വ്യത്യസ്തഘട്ടങ്ങളിലായി 58 കുടുംബങ്ങളിൽനിന്നും നികുതി ഈടാക്കുന്നില്ല. ഇതിൽ 29 കുടുംബങ്ങൾ 15 സെന്റിനുതാഴെയുള്ളവരും 20 സെന്റിൽ കവിയാത്തവരുമാണ്. ഈ കുടുംബങ്ങളുടെ പ്രശ്നങ്ങൾക്ക് അടിയന്തരമായി പരിഹാരമുണ്ടാക്കണം. അവർക്ക് പട്ടയരേഖ നൽകി നികുതി ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ചങ്ങരോത്ത് വില്ലേജിൽ ജാനകിവയലിൽ വർഷങ്ങളായി താമസിച്ചുവരുന്നതും സർവ്വേ നടത്തി ഭൂമി വ്യവസ്ഥപ്പെടുത്തിക്കഴിഞ്ഞിട്ടുള്ളതുമായ നൂറിലധികം കുടുംബങ്ങൾക്ക് പട്ടയമില്ല. ഈ കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ചെമ്പനോട വില്ലേജിൽ 15 എസ്.സി. കുടുംബങ്ങൾക്കും ഇതുവരെ പട്ടയം ലഭിച്ചിട്ടില്ല. അവർക്കും പട്ടയം ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ചക്കിട്ടപ്പാറ വില്ലേജിൽ ഏകദേശം ആയിരത്തോളം കുടുംബങ്ങൾക്ക് ഭൂനികുതി പട്ടയ

പ്രശ്നങ്ങളും ഭൂമിയുടെ ആവശ്യമായ രേഖ ലഭിക്കേണ്ടതുമായ വിഷയങ്ങളുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പലഘട്ടങ്ങളിലായി ഉത്തരവാദപ്പെട്ട അധികൃതരുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് തീരുമാനമെടുത്തിട്ടുള്ളതാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഈ പ്രശ്നം ഒരുകാരണവശാലും നീട്ടിക്കൊണ്ടുപോകാതെ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട ശ്രീ. ടി. പി. രാമകൃഷ്ണൻ, എം.എൽ.എ. ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമേറിയതാണ്. കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര നിയോജകമണ്ഡലത്തിൽ ചങ്ങരോത്ത്, ചെമ്പനോട, ചക്കിട്ടപ്പാറ, നൊച്ചാട് എന്നീ വില്ലേജുകളിലെ ഭൂപ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ അവതരിപ്പിച്ചത്. നൊച്ചാട് വില്ലേജിലെ രാമല്ലൂർ ദേശത്ത് റീസർവ്വേ 12/1, 12/4; കൽപ്പത്തൂർ ദേശത്ത് റീസർവ്വേ 49/1, 49/2, 30/2, 30/3, 65 എന്നിവയിലുൾപ്പെട്ട ഭൂമിയിൽ വർഷങ്ങളായി താമസിക്കുന്നവർക്ക് പട്ടയം ലഭ്യമല്ലാത്തതും ക്രയസർട്ടിഫിക്കറ്റ് കൈവശമുള്ളവർക്ക് കരമടയ്ക്കാൻ കഴിയാത്തതുമായ വിഷയം നേരത്തെതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നൊച്ചാട്

വില്ലേജിൽ 15 സെന്റിനുതാഴെ വിസ്തീർണ്ണമുള്ള ഭൂമിയിൽ വീടുവച്ച് താമസിക്കുന്ന 12 പേരും 15 സെന്റിൽ കൂടുതൽ ഭൂമി കൈവശംവച്ച് താമസിക്കുന്ന 17 കുടുംബങ്ങളും മറ്റ് സ്ഥലത്ത് ഭൂമിയുള്ള 29 കുടുംബങ്ങളുമുൾപ്പെടെ 58 കുടുംബങ്ങളെയാണ് ആകെ രേഖയിൽ കാണാനുള്ളത്. വില്ലേജ് രേഖകളിൽ മേൽപ്പറഞ്ഞ ഭൂമി ഗവൺമെന്റ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും കൈവശക്കാരുടെ പക്കൽ ആധാരവും ചിലരുടെ കയ്യിൽ ലാൻഡ് ട്രിബ്യൂണൽ പട്ടയവുമുണ്ട്. ഇതിൽ 49/2, 30/2, 65 എന്നീ സർവ്വേ നമ്പരുകൾ ബി.ടി.ആർ. പ്രകാരം ജന്മി കൈവശമാണെങ്കിലും ബി.ടി.ആർ. അപ്പെന്റിക്സ് പ്രകാരം ഗവൺമെന്റ് ഭൂമി എന്നാണ് കാണുന്നത്. പ്രസ്തുത സാഹചര്യം വിലയിരുത്തി അങ്ങ് നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ 16-01-2021-ൽ ഡി.സി.കെ.കെ.ഡി/16988/2017/എൽ.2 നമ്പർ കത്ത് പ്രകാരം ഈ ഭൂമിയിൽ താമസിക്കുന്ന അർഹരായ കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിനും പട്ടയം കൈവശമുള്ളവരിൽനിന്ന് ഭൂനികുതി സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർ കൊയിലാണ്ടി തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അങ്ങ് ആവശ്യപ്പെട്ടതനുസരിച്ച് വീണ്ടും സ്ഥലം സർവ്വേ ചെയ്ത് മഹസർ സഹിതമുള്ള റിപ്പോർട്ട് തഹസീൽദാർ

29-12-2021-ൽ ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

കൊയിലാണ്ടി താലൂക്കിലെ ചങ്ങരോത്ത് വില്ലേജിലെ ജാനകിവയൽ എന്നറിയപ്പെടുന്ന 56 ഏക്കർ ഭൂമിയിൽ കുടിയേറിയ 98 കൈവശക്കാരുടെ വിഷയവും ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചു. ചങ്ങരോത്ത് വില്ലേജിൽ ചങ്ങരോത്ത് ദേശത്ത് റീസർവ്വേ 11, 17, 18, 19 എന്നിവയിലുൾപ്പെട്ട 56 ഏക്കർ ജാനകിവയൽ എന്നറിയപ്പെടുന്ന ഭൂമി ജന്മിയായിരുന്ന കൂത്താളി മൂത്തവരിൽനിന്ന് വി. കെ. കൃഷ്ണമേനോന്റെ സഹോദരി ജാനകിയമ്മയ്ക്ക് സിദ്ധിച്ചിട്ടുള്ളതും കൈമാറ്റം കഴിഞ്ഞ് ശേഷിച്ചതുമായ ഭൂമിയാണ്. ഏകദേശം 40 വർഷമായി അന്യംനിന്നുപോയ ഈ ഭൂമി 98 കുടുംബങ്ങൾ കൃഷിചെയ്തും വീടുവച്ചും കൈവശംവച്ച് പോരുകയാണ്. ഈ ഭൂമി 15-03-2010-ലെ 17565/ജി.1/10/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം അന്യംനിന്നുപോയ ഭൂമിയായി (എസ്ചീറ്റ്) ഏറ്റെടുക്കുന്നതിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സർക്കാരിലേയ്ക്ക് ഏറ്റെടുത്ത് വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. സർക്കാരിലേയ്ക്ക് ഏറ്റെടുത്തശേഷം നടപടിക്രമങ്ങൾ പാലിച്ച് നിയമാനുസരണം കൈവശക്കാർക്ക് പതിച്ചു

നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ചക്കിട്ടപ്പാറയിൽ 72 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതാണ് മറ്റൊരു വിഷയം. ചക്കിട്ടപ്പാറ വില്ലേജിൽ പിള്ളപെരുവണ്ണദേശത്ത് അൺ-സർവ്വേയ്ഡ് ലാൻഡിൽപ്പെട്ട ഫോറസ്റ്റ്, റവന്യൂ പുറമ്പോക്ക് എന്നിവയിൽ കുടിയേറി താമസിച്ചുവരുന്ന 72 കുടുംബങ്ങളുണ്ട്. ഇവർക്ക് പട്ടയം നൽകുന്ന വിഷയം ഗൗരവമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർവ്വേയ്ഡ് ലാൻഡിൽപ്പെട്ട 11 കുടുംബങ്ങൾക്ക് അർഹതയുടെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. അൺ-സർവ്വേയ്ഡ് ലാൻഡിൽപ്പെട്ട ബാക്കി അംഗങ്ങളുടെ പട്ടയവിഷയത്തിൽ ഡിജിറ്റൽ സർവ്വേ പൂർത്തിയാകുന്നതോടെ പരിഹാരമാകും. ഡിജിറ്റൽ സർവ്വേ ആരംഭിക്കുമ്പോൾ പ്രഥമ പരിഗണന നൽകി ഈ പ്രദേശങ്ങൾ സർവ്വേ ചെയ്യുന്നതിനും അതിലൂടെ പട്ടയ നടപടികൾ പൂർത്തീകരിക്കുന്നതിനും കഴിയും. ചെമ്പനോട വില്ലേജിൽ പന്നിക്കോട്ട് പ്രദേശത്ത് അൺ-സർവ്വേയ്ഡ് ലാൻഡിൽപ്പെട്ട 3.6 ഏക്കർ റവന്യൂ പുറമ്പോക്കിൽ താമസിച്ചുവരുന്ന 11 കുടുംബങ്ങളുടെ പട്ടയവിഷയമാണ് ബഹുമാനപ്പെട്ട അംഗം മൂന്നാമതായി ഉന്നയിച്ചത്. പ്രസ്തുത ഭൂമിയിൽ ഒരേക്കർ ഭൂമി പഞ്ചായത്തിന് ശ്മശാനത്തിനായി മാറ്റിവച്ചിട്ടുള്ളതും ശേഷിക്കുന്ന 2 ഏക്കർ

ഭൂമി നേരത്തെ കുറുമ്പാത്ത് നാരായണൻ എന്നയാൾക്ക് പതിച്ച് നൽകിയിട്ടുള്ളതുമാണ്. പതിച്ചുകിട്ടിയ ആൾ മരണപ്പെട്ടുകയും ജീവിച്ചിരിക്കുന്ന അവകാശികൾക്ക് ഈ ഭൂമിയിൽ കൈവശം ഇല്ലാത്തതുമാണ്. ഒരിക്കൽ പട്ടയം അനുവദിച്ച ഭൂമിയായതിനാൽ പട്ടയം റദ്ദ് ചെയ്യാതെ നിലവിലുള്ള പുതിയ കൈവശക്കാർക്ക് അനുവദിക്കാൻ വ്യവസ്ഥയില്ല. പട്ടയ വ്യവസ്ഥ ലംഘിച്ചിട്ടുണ്ടെന്ന് കണ്ടെത്തിയാൽ നിലവിലുള്ള പട്ടയം റദ്ദ് ചെയ്ത് കൈവശക്കാർക്ക് പുതിയ പട്ടയം നൽകാനാകും. കൂടാതെ പോക്കുവരവ് ചട്ടത്തിലെ ചട്ടം 28 പ്രകാരം കൈവശത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി പോക്കുവരവ് ചെയ്ത് കരം സ്വീകരിക്കാവുന്നതാണോയെന്നും പരിശോധിച്ചുവരികയാണ്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന തലവാചകത്തോടെ പ്രവർത്തിക്കുന്ന റവന്യൂ വകുപ്പ് അർഹരായ, ഭൂരഹിതരായ മുഴുവനാളുകൾക്കും ഭൂമി നൽകുന്നതിനുള്ള വിപുലമായ ഒരുക്കങ്ങൾ നടത്തിവരികയാണ്. ഇതിനായി എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ അതാത് നിയോജകമണ്ഡലങ്ങളിൽ ഭൂപ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം നിർദ്ദേശിക്കുന്ന പട്ടയം ഡാഷ് ബോർഡ് തയ്യാറാക്കിവരികയാണ്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം

പരിഹരിക്കുന്നതിനും ആ പ്രവർത്തനങ്ങൾക്ക് വേഗത വർദ്ധിപ്പിക്കുന്നതിനും അങ്ങ് ഇവിടെ അവസാനം സൂചിപ്പിച്ചതുപോലെ എന്നേയ്ക്ക് ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയുമെന്നത് സംബന്ധിച്ച് സമയബന്ധിതമായ കലണ്ടർ തയ്യാറാക്കുന്നതിനും ബഹുമാനപ്പെട്ട അംഗത്തിന്റെ സാന്നിദ്ധ്യത്തിൽ മന്ത്രിയെന്ന നിലയിൽ ഞാൻതന്നെ പങ്കെടുത്തുകൊണ്ട് ഒരു യോഗം വിളിച്ചുചേർക്കുന്നതാണെന്ന് അറിയിക്കുന്നു.

(3) ഷണ്മുഖപുരം കോളനി നിവാസികളുടെ പട്ടയം

ശ്രീ. ടി. ജെ. വിനോദ്: സർ, എറണാകുളം നിയോജകമണ്ഡലത്തിലെ പട്ടയപ്രശ്നവുമായി ബന്ധപ്പെട്ട ഒരു വിഷയമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. എറണാകുളം നിയോജകമണ്ഡലത്തിൽ കണയന്നൂർ താലൂക്കിൽ ചേരാനല്ലൂർ വില്ലേജിലെ 42 കുടുംബങ്ങളും എറണാകുളം വില്ലേജിലെ 17 കുടുംബങ്ങളും ഏകദേശം 50 വർഷക്കാലമായി ഷണ്മുഖപുരം കോളനിയിൽ താമസിക്കുകയാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇടപെട്ട് അവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളുമായി ബന്ധപ്പെട്ട വാർത്തകൾ വരുമ്പോൾ യഥാർത്ഥത്തിൽ ഇവരും പട്ടയം ലഭ്യമാകുമെന്നുള്ള വലിയ ആശയിൽ കഴിയുകയാണ്. പക്ഷേ അവർക്ക് പട്ടയം ലഭിക്കുന്നതിന് കഴിയാത്ത ഒരു സാഹചര്യം നിലനിൽക്കുകയാണ്. ഇവർക്ക് സ്വന്തമായി

വീട്, റേഷൻ കാർഡ്, ആധാർ കാർഡ്, ഇലക്ഷൻ ഐ.ഡി. എന്നിവയുണ്ട്. കൂടാതെ ബി.എസ്.സി.പി. (Building Sustainable Communities Programme), എൻ.എസ്.ജി.പി. (Non-profit Security Grant Programme), ജനകീയാസൂത്രണ പദ്ധതി തുടങ്ങിയവ മുഖാന്തരം സാമ്പത്തിക സഹായം ലഭ്യമാക്കിയതിലൂടെ അവർ വീടും വച്ചിട്ടുണ്ട്. പക്ഷേ ഷണ്മുഖപുരം പ്രദേശത്തെ മത്സ്യത്തൊഴിലാളികളായ ആളുകൾക്ക് ഭൂമി പണയപ്പെടുത്താനോ ക്രയവിക്രയം ചെയ്യാനോ കഴിയുന്നില്ലെന്നതാണ് യാഥാർത്ഥ്യം. പുഴ പുറമ്പോക്ക് പതിച്ചുകൊടുക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 1996-ലെ ഒരു വിധിയാണ് ഇതിന് തടസ്സമായി പറയുന്നത്. പക്ഷേ 2016-ൽ ഇതേ താലൂക്കിൽ ചേരാനല്ലൂർ വില്ലേജിലെ പുഴ പുറമ്പോക്കിലെ ഏകദേശം അഞ്ച് ഏക്കർ ഭൂമി 173 കുടുംബങ്ങൾക്കായി പട്ടയം നൽകിയിട്ടുണ്ട്. പുഴ പുറമ്പോക്ക്, റവന്യൂ പുറമ്പോക്കായി ഡീവെസ്റ്റ് ചെയ്തതിനുശേഷമാണ് പട്ടയം നൽകിയിട്ടുള്ളത്. അതേ മാതൃക സ്വീകരിച്ച് ഷണ്മുഖപുരം കോളനി നിവാസികൾക്കും പട്ടയം നൽകണമെന്ന് നിരന്തരമായി ആവശ്യപ്പെടുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയെയും കളക്ടറെയും എം.എൽ.എ.-യെയും കണ്ടിരുന്നെങ്കിലും നാളിതുവരെ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സാദ്ധ്യമായിട്ടില്ലെന്നത് ഒരു

യാഥാർത്ഥ്യമാണ്. ചേരാനല്ലൂർ പഞ്ചായത്തിലെ വടുതല ജനകീയ റോഡിൽ നേരത്തെ 179 കുടുംബങ്ങളിൽ 173 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. ബാക്കിയുള്ള 6 പേർക്കുകൂടി പട്ടയം നൽകാനുണ്ട്. കൂടാതെ കോതേരി റോഡിൽ 9 കുടുംബങ്ങൾക്കും ജനകീയ റോഡിൽ വിവിധ പ്രദേശങ്ങളിൽ താമസിക്കുന്ന 18 കുടുംബങ്ങൾക്കും ഷണ്മുഖപുരം കോളനിയിലെ 59 കുടുംബങ്ങൾക്കുമടക്കം 92 കുടുംബങ്ങൾക്ക് പട്ടയം നൽകേണ്ടതായിട്ടുണ്ട്. പുഴ പുറമ്പോക്കായതിനാൽ പട്ടയം നൽകാൻ കഴിയില്ലെന്ന് പറഞ്ഞാണ് എപ്പോഴും നിരസിക്കുന്നത്. ഇതേ പുഴ പുറമ്പോക്കിൽ താമസിക്കുന്ന ആളുകൾക്ക് 2016-ൽ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലഘട്ടത്തിൽ പട്ടയം നൽകിയിട്ടുണ്ട്. ഞാൻ നേരത്തെ പറഞ്ഞതുപോലെ, അന്ന് റവന്യൂ പുറമ്പോക്ക് ഡീവെസ്റ്റ് ചെയ്തതിനുശേഷമാണ് പട്ടയം നൽകിയത്. അതേ മാതൃകയിൽ ഈ പാവപ്പെട്ടവരെക്കൂടി പരിഗണിക്കണം. ഷണ്മുഖപുരം കോളനിയിലെ മത്സ്യത്തൊഴിലാളികൾ വർഷങ്ങളായി അനുഭവിക്കുന്ന ദുരിതത്തിന് പരിഹാരമുണ്ടാക്കണം. എല്ലാ കാലഘട്ടത്തിലും അവർ ഈ ആവശ്യവുമായി മുട്ടാത്ത വാതിലുകളില്ല. ഈ പ്രശ്നത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് പരിഹാരമുണ്ടാക്കിത്തരണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. ജെ. വിനോദ് ഉന്നയിച്ച പ്രശ്നം വളരെ ഗൗരവത്തോടുകൂടിയാണ് സർക്കാർ കാണുന്നത്. കണയന്നൂർ താലൂക്കിലെ ചേരാനല്ലൂർ, എറണാകുളം എന്നീ വില്ലേജുകളിൽ ഉൾപ്പെട്ടിരിക്കുന്ന ഷണ്മുഖപുരം കോളനി നിവാസികളുടെയും ചേരാനല്ലൂർ വില്ലേജിലെ ജനകീയ റോഡ് കോളനി നിവാസികളുടെയും പട്ടയം സംബന്ധിച്ച വിഷയമാണ് ഇവിടെ ഉന്നയിക്കപ്പെട്ടിരിക്കുന്നത്. സംസ്ഥാനത്ത് അർഹരായ മുഴുവൻ പേർക്കും പട്ടയം നൽകുകയെന്നതുതന്നെയാണ് സർക്കാരിന്റെ നയം. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച എറണാകുളം, ചേരാനല്ലൂർ വില്ലേജുകളിൽ ഉൾപ്പെട്ടുവരുന്ന ഷണ്മുഖപുരം കോളനി നിവാസികൾ പതിവിന് അപേക്ഷിച്ചിട്ടുള്ള ഭൂമി പുഴ പുറമ്പോക്കിൽ ഉൾപ്പെട്ടുവരുന്നതാണ്. പുഴ പുറമ്പോക്ക് പതിവിന് വിധേയമല്ലാത്തതിനാൽ 07-07-1997-ലെ സ.ഉ. (എം.എസ്.)നം. 511/97/റവന്യൂ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്ന പുഴ പുറമ്പോക്കിലെ കൈവശക്കാർക്ക് കൈവശരേഖ നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരികയാണ്. പുഴ പുറമ്പോക്കിൽ ഉൾപ്പെട്ടുവരുന്ന ഭൂമിയിൽ പ്രളയ കാലത്തുപോലും വെള്ളം കയറാത്തതും പതിറ്റാണ്ടുകളായി ജനങ്ങൾ വീടുവച്ച് താമസിക്കുന്നതുമായ ധാരാളം

സ്ഥലങ്ങളുണ്ട്. ഇവിടെ മാത്രമല്ല സംസ്ഥാനത്തുതന്നെ ധാരാളം സ്ഥലങ്ങളുണ്ട്. ഏതോ ഒരു രേഖയിൽ അങ്ങനെ വന്നതാണ്. അത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. 1964-നുശേഷം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ഇത്തരം സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്ന വിഷയം റവന്യൂ സെക്രട്ടേറിയറ്റ് ചർച്ച ചെയ്യുകയും ആയത് സംബന്ധിച്ച് വിശദമായ ശിപാർശ സമർപ്പിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ നടപടി സ്വീകരിക്കാൻതന്നെയാണ് വകുപ്പ് തീരുമാനിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും റവന്യൂ വകുപ്പിലേയ്ക്ക് ഡീവെസ്റ്റ് ചെയ്തതിനുശേഷം മാത്രമേ പട്ടയം നൽകാൻ കഴിയൂ എന്നതാണ് പ്രശ്നം. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുമായി നേരത്തെ ഇക്കാര്യം സംസാരിച്ചിരുന്നു. ഈ പ്രശ്നം മാത്രമല്ല, സംസ്ഥാനത്തെ ഇത്തരത്തിലുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ഒരു യോഗം വിളിച്ചുകൂട്ടാമെന്ന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. സഭാ സമ്മേളനത്തിനുശേഷം അതിന്റെ തീയതി നിശ്ചയിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച രണ്ടാമത്തെ

വിഷയം ചേരാനല്ലൂർ വില്ലേജിലെ വടുതല ജനകീയ റോഡ് കോളനിയിലെ താമസക്കാരുടെ വിഷയമാണ്. 26-03-2018-ലെ സ.ഉ.(കൈ) നം. 124/2018/റവന്യൂ പ്രകാരം ജനകീയ റോഡ് കോളനിയിലെ 179 കുടുംബങ്ങളിലെ അർഹരായ കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ അർഹരായ 167 കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പുഴ പുറമ്പോക്ക് കൈവശം വച്ചിരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി WP(C) No.23709/2014 എന്ന കേസിൽ 11-11-2014-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ, അർഹിക്കുന്ന കേസുകളിൽ പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ ഇങ്ങനെയുള്ള പുഴ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് സ്റ്റാറ്റ്യൂട്ടറി അധികാരികൾക്ക് അധികാരം വിനിയോഗിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിലാണ് ടി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അന്യസംസ്ഥാനക്കാരുടെയും വളരെ കുറച്ച് വർഷങ്ങളായി മാത്രം ഭൂമി കൈവശം വച്ചുവരുന്നവരുടേതുമാണ് ജനകീയ റോഡ് കോളനിയിലെ മറ്റ് അപേക്ഷകൾ. ടി ആളുകളുടെ പതിവ് അപേക്ഷയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് തഹസീൽദാർക്ക് ഇപ്പോൾ

നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ളതുപോലെ അപേക്ഷകർ പതിവിന് അർഹരാണെങ്കിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(4) ആക്കുളം കായൽ പുനരുജ്ജീവനവും നീർത്തട സംരക്ഷണവും

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, തലസ്ഥാന നഗരിയിലെ ഏറ്റവും പ്രധാന ജലാശയമാണ് ആക്കുളം കായൽ. 64 ഹെക്ടറിലേറെ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്ന ഈ കായൽ പ്രസിദ്ധമായ ഒരു ടൂറിസ്റ്റ് കേന്ദ്രം കൂടിയാണ്. കയ്യേറ്റങ്ങളും മലിനീകരണവും മാലിന്യനിക്ഷേപവും കുളവാഴ ശല്യവും നിമിത്തം ഈ ജലാശയം നശിച്ചുകൊണ്ടിരിക്കുകയാണ്. പ്രകൃതി രമണീയമായ ഈ ജലാശയം പുനരുജ്ജീവിപ്പിച്ച് പ്രകൃതിദത്ത മാർഗ്ഗങ്ങളിലൂടെ ജലത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും മാലിന്യ വിമുക്തമാക്കി ജലാശയത്തിന്റെ നഷ്ടപ്പെട്ടുപോയ പ്രതാപം വീണ്ടെടുക്കുന്നതിനും ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ നേതൃത്വത്തിൽ സംസ്ഥാന ടൂറിസം വകുപ്പ് കിഫ്ബി ധനസഹായത്തോടെ 64.13 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി. ഡി.പി.ആർ. തയ്യാറാക്കിയത് ബാർട്ടൺഹിൽ എഞ്ചിനീയറിംഗ് കോളേജാണ്. ചില വിദേശരാജ്യങ്ങളിലെ പുനരുജ്ജീവന പദ്ധതിയുടെ മാതൃകയാണ് ഡി.പി.ആർ.-ന് അവർ

അവലംബിച്ചത്. ജലാശയത്തിലെ ചെളിമാറ്റി ആഴം കൂട്ടൽ, കുളവാഴ നിയന്ത്രണം, മാലിന്യങ്ങൾ നിക്ഷേപിക്കൽ തടയൽ എന്നിവയ്ക്കുപുറമേ പ്രവേശന കവാടം, നടപ്പാത, ഫുഡ് കോർട്ട്, വെറ്റ്ലാൻഡ് പാർക്ക്, ഓപ്പൺ എയർ തിയേറ്റർ, എക്സിബിഷൻ സെന്റർ, സർവ്വീസ് റോഡ്, നടപ്പാലം, ഇക്കോ സോൺ, ഔട്ട് ഡോർ ജിം, കുട്ടികളുടെ പാർക്ക്, ടോയ്‌ലറ്റ് ബ്ലോക്ക് തുടങ്ങിയവ ഉൾപ്പെട്ടതായിരുന്നു ഈ പ്രോജക്ട്. വിനോദസഞ്ചാര വകുപ്പ് ബി.ഒ.ടി. വ്യവസ്ഥയിൽ 15 വർഷത്തെ പരിപാലനമുൾപ്പെടുത്തിയാണ് ടി പ്രവൃത്തിക്ക് ടെണ്ടർ വിളിച്ചത്. ഈ പ്രോജക്ടിന്റെ എസ്.പി.വി. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ WAPCOS (Water and Power Consultancy Services Limited) ആണ്. ടെണ്ടർ നടപടികൾക്ക് യോഗ്യത നേടിയ സ്ഥാപനങ്ങൾ ക്വാട്ട് ചെയ്തത് 100 ശതമാനം അധികരിച്ച തുകയായ 125 കോടി രൂപയായിരുന്നു. ഭീമമായ ഈ വർദ്ധനവ് സംസ്ഥാന ടൂറിസം വകുപ്പ്, എസ്.പി.വി, കിഫ്ബി തുടങ്ങിയവർ പരിശോധിക്കുകയും ടി വർദ്ധനവ് പരമാവധി കുറയ്ക്കുകയെന്ന ലക്ഷ്യത്തോടുകൂടി അത്യാവശ്യമല്ലാത്ത ചില ഘടകങ്ങളൊഴിവാക്കി കരാർ തുക 96 കോടി രൂപയായി നിജപ്പെടുത്തുകയും ചെയ്തു. കിഫ്ബിയുടെ മാനദണ്ഡമനുസരിച്ച് 10 ശതമാനത്തിലധികം വർദ്ധനവിന് ക്യാബിനറ്റിന്റെ അനുമതി ആവശ്യമാണ്. സർക്കാരിന്റെയും

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ടോപ്പ് പ്രയോരിറ്റി പ്രോജക്ടുകളിലൊന്നായി പരിഗണിക്കുന്നതാണ് ഇതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപെട്ട് ആക്കുളം കായലിന്റെ പഴയ പ്രതാപം വീണ്ടെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, തിരുവനന്തപുരം ജില്ലയിലെ മാത്രമല്ല സംസ്ഥാനത്തെ തന്നെ വളരെ പ്രാധാന്യമർഹിക്കുന്ന പദ്ധതിയെക്കുറിച്ചാണ് ബഹുമാനപ്പെട്ട ശ്രീ. കടകംപള്ളി സുരേന്ദ്രൻ സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. ഒരു പ്രദേശത്തെ അടയാളപ്പെടുത്തുന്ന കായലിന്റെ വീണ്ടെടുപ്പിനുള്ള പദ്ധതിയാണിത്. അദ്ദേഹം ഇവിടെ കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്. കായലിന്റെ വീണ്ടെടുപ്പെന്നാൽ ആ നാടിന്റെ പൈതൃകത്തെ തിരിച്ചെത്തിക്കാൻ ശ്രമിക്കുന്നുവെന്നതാണ് നാം പൊതുവായി കാണേണ്ടത്. പരിസ്ഥിതിയുടെ വീണ്ടെടുപ്പിന് ടൂറിസം വകുപ്പും പൊതുവേ വലിയ പ്രാധാന്യം നൽകുന്നുണ്ട്. ആക്കുളം കായലും അനുബന്ധ തോടുകളും ശുദ്ധീകരിച്ച് ടൂറിസം പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ രീതിയിലുള്ള

സുസ്ഥിരവും പരിസ്ഥിതി സൗഹാർദ്ദവുമായ വികസനമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ആക്കുളം കായലിന്റെ സംരക്ഷണത്തിനായി 'Rejuvenation of Akkulam Lake and Its Watershed Rebuilding Kerala the Sustainable Way' എന്ന പദ്ധതിക്ക് 13-12-2018-ൽ 128.68 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിരുന്നു. 19-10-2019-ൽ പദ്ധതിക്ക് 185.23 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുകയുണ്ടായി. ഇവിടെ സൂചിപ്പിച്ചതുപോലെ പദ്ധതിയുടെ എസ്റ്റിമേറ്റ് കിഫ്ബിക്ക് സമർപ്പിക്കുകയും ഒന്നാംഘട്ടമായി 64.13 കോടി രൂപയ്ക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി ടെണ്ടർ ചെയ്തപ്പോൾ കിഫ്ബി അംഗീകരിച്ച തുകയിൽനിന്നും 113.25 ശതമാനമാണ് തെരഞ്ഞെടുത്ത ഏജൻസി ക്വാട്ട് ചെയ്തിരുന്നത്. ഈ ഏജൻസിയുമായി നിരവധി തവണ നെഗോസിയേഷൻ നടത്തിയതിന്റെ ഫലമായി അത് 96 കോടി രൂപയായി കുറച്ചുകൊണ്ടുവന്നിട്ടുണ്ട്. ഇത് പരിശോധിച്ചുവരികയാണ്. നടപടിക്രമങ്ങൾ വേഗത്തിലാക്കി പദ്ധതിക്ക് സാമ്പത്തികാനുമതി ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തും. ടൂറിസം വകുപ്പിലെ ഒരു പ്രധാനപ്പെട്ട ഉദ്യോഗസ്ഥനെത്തന്നെ ഇക്കാര്യം ശ്രദ്ധിക്കാൻ ചുമതലപ്പെടുത്തും. പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കുന്നുവെന്ന് ഉറപ്പാക്കുവാൻ ഒരു

ഉന്നത ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താൻ ടൂറിസം ഡയറക്ടറേറ്റ് അടിയന്തര നിർദ്ദേശം നൽകുന്നതാണ്.

(5) <u>പയ്യന്നൂർ നഗരസഭാ കുടിവെള്ള പദ്ധതി</u>

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പയ്യന്നൂർ നഗരസഭയുടെ കുടിവെള്ള പദ്ധതി വലിയ പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നത്. യുഡിസ്മാറ്റ്-ൽ ഉൾപ്പെടുത്തി 2007-ൽ ഭരണാനുമതി ലഭിച്ച പദ്ധതിയാണിത്. തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ ചപ്പാരപ്പടവ് പഞ്ചായത്തിലെ ചപ്പാരപ്പടവ് പുഴയോട് ചേർന്ന് കിണർ നിർമ്മിച്ച് പയ്യന്നൂരിലേയ്ക്ക് വെള്ളം പമ്പ് ചെയ്യുകയെന്നതാണ് ഈ പദ്ധതിയുടെ ഉള്ളടക്കം. കിണർ നിർമ്മാണമൊഴികെ പ്രാദേശിക തലംവരെയുള്ള പൈപ്പിടലും മറ്റ് പ്രവൃത്തികളുമെല്ലാം 2007-ൽ പൂർത്തിയായിട്ടുണ്ട്. എന്നാൽ ഇതുവരെ കിണർ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. പട്ടുവം വരെ എത്തിയിട്ടുള്ള ജപ്പാൻ കുടിവെള്ള പദ്ധതിയിൽനിന്ന് 2016 ഫെബ്രുവരി 1-ന് വെള്ളം പമ്പ് ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. പക്ഷേ അത് ദീർഘകാലയളവിൽ മുന്നോട്ടു കൊണ്ടുപോകാൻ കഴിയില്ലെന്നുള്ളതാണ് ഇപ്പോഴത്തെ സ്ഥിതി. സംസ്ഥാന പ്ലാൻ ഫണ്ടിലുൾപ്പെടുത്തി കിണറിനും അനുബന്ധ പ്രവൃത്തികൾക്കുമായി 610

ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ടെണ്ടർ നടപടികൾ പൂർത്തിയായതുമാണ്. എന്നാൽ പഞ്ചായത്ത്, പദ്ധതി തുടങ്ങാനനുവദിക്കാത്ത സ്ഥിതിയാണ് തുടരുന്നത്. കുപ്പംപുഴയിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കണമെന്ന ആവശ്യമാണ് കിണർ നിർമ്മാണം അനുവദിക്കുന്നതിന്റെ ഭാഗമായി ചപ്പാരപ്പടവ് പഞ്ചായത്ത് വച്ചിട്ടുള്ള വ്യവസ്ഥ. ഇതിനായി സർക്കാർ 25.7 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ഇറിഗേഷൻ വകുപ്പിനുകീഴിലുള്ള KIIDC (Kerala Irrigation Infrastructure Development Corporation)-യ്ക്കാണ് പദ്ധതിയുടെ മേൽനോട്ട ചുമതല. ആർ.സി.ബി. നിർമ്മാണ കരാർ ഏറ്റെടുത്ത കമ്പനി എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ കേസ് നൽകിയതിന്റെ പശ്ചാത്തലത്തിൽ പ്രവൃത്തി നിർത്തിവച്ചു. ഈ കേസ് പരിഹരിച്ചാൽ മാത്രമേ കിണർ നിർമ്മിക്കാനനുവദിക്കുകയുള്ളൂവെന്നാണ് പഞ്ചായത്ത് പറയുന്നത്. അതിനാൽ പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തര നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, പയ്യന്നൂർ മുനിസിപ്പാലിറ്റിക്കുവേണ്ടിയുള്ള യുഡിസ്മാറ്റ് കുടിവെള്ള പദ്ധതിക്ക് 2007-ൽ

40.19 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിരുന്നു. പദ്ധതിയുടെ സ്രോതസ് ചപ്പാരപ്പടവ് പഞ്ചായത്തിലെ കുപ്പംപുഴയിൽ അപ്പാച്ചിക്കയം എന്ന സ്ഥലത്തായിരുന്നു. എന്നാൽ ചപ്പാരപ്പടവ് പഞ്ചായത്തിൽനിന്നും പയ്യന്നൂർ നഗരസഭയ്ക്കുവേണ്ടി വെള്ളം കൊണ്ടുപോകുന്നതിന് പഞ്ചായത്തും പരിസരവാസികളും തുടക്കം മുതൽ എതിർപ്പ് പ്രകടിപ്പിക്കുകയും പദ്ധതിയുടെ പ്രവർത്തനം തടസ്സപ്പെടുത്തുകയും ചെയ്തതായാണ് മനസ്സിലാക്കുന്നത്. പഞ്ചായത്തിന്റെയും പരിസരവാസികളുടെയും ആവശ്യം പരിഗണിച്ച് പഞ്ചായത്തിലെ കാട്ടാമ്പള്ളിക്കടവിൽ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കാനും സ്രോതസ് അപ്പാച്ചിക്കയത്തിൽനിന്നും കൊട്ടുംകയം എന്ന സ്ഥലത്തേയ്ക്ക് മാറ്റാനും തീരുമാനിച്ചു. അതിനുശേഷം പദ്ധതിയുടെ പ്രവർത്തനമാരംഭിക്കുകയും ശുദ്ധീകരണശാല ഒഴിച്ചുള്ള ഘടകങ്ങൾ ഉപയോഗപ്പെടുത്തി ജിക്ക പട്ടുവം പദ്ധതിയിൽനിന്നും വെള്ളം ടാപ്പ് ചെയ്ത് ശുദ്ധജലവിതരണം നടത്തിവരുന്നു. പയ്യന്നൂർ കുടിവെള്ള പദ്ധതി 01-02-2016-ന് കമ്മീഷൻ ചെയ്തു. പിന്നീട് സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി ബാക്കിവരുന്ന ഘടകങ്ങളായ കിണർ, പമ്പ് ഹൗസ്, ട്രാൻസ്ഫോർമർ, പമ്പിംഗ് മെയിൻ, ഇന്റർകണക്ഷൻ എന്നിവയ്ക്കുവേണ്ടി 610 ലക്ഷം രൂപയുടെ

ഭരണാനുമതി നൽകുകയും പ്രവൃത്തി ടെണ്ടർ ചെയ്ത് 29-04-2020-ന് ഉത്തരവാകുകയും ചെയ്തു. പ്രവൃത്തി ഉത്തരവ് നൽകിയതിനുശേഷം കിണർ നിർമ്മാണത്തിന്റെ ഭാഗമായി ഏകദേശം 800M³ പാറ പൊട്ടിക്കാനായി 25-11-2021-ൽ ജില്ലാ ഭരണകൂടത്തിന്റെ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 03-01-2022-ന് കരാറുകാർ പ്രവൃത്തി ആരംഭിച്ചു. പക്ഷേ നാട്ടുകാരുടെ എതിർപ്പുമൂലം പ്രവൃത്തി താൽക്കാലികമായി നിർത്തിവയ്ക്കേണ്ടിവന്നു. എന്നാൽ പ്രസ്തുത പ്രവൃത്തി എത്രയും വേഗം പുനരാരംഭിക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തികൾക്ക് നാട്ടുകാരുടെ എതിർപ്പ് ഒഴിവാക്കുന്നതിന് കാട്ടാമ്പള്ളിയിൽ ആർ.സി.ബി.-യുടെ നിർമ്മാണം നടത്തേണ്ടതായിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള KIIDC-യുടെ മേൽനോട്ടത്തിൽ കിഫ്ബിയിലുൾപ്പെടുത്തി 07-11-2019-ന് പ്രവൃത്തി ആരംഭിച്ചെങ്കിലും 2018, 2019 എന്നീ വർഷങ്ങളിലെ വെള്ളപ്പൊക്കം കണക്കിലെടുത്ത് ഡിസൈൻ പുതുക്കേണ്ട ആവശ്യമുണ്ടായി. പുതിയ എസ്റ്റിമേറ്റ് പ്രകാരം എഗ്രിമെന്റ് വയ്ക്കുന്നതിനും ബാങ്ക് ഗ്യാരണ്ടി പുതുക്കുന്നതിനും വിസമ്മതം പ്രകടിപ്പിച്ച കരാറുകാരൻ കോടതിയെ സമീപിച്ച് നിലവിലുള്ള എല്ലാ നടപടികളും സ്റ്റേ ചെയ്തു. കോടതിയുടെ 26-11-2021-ലെ ഇടക്കാല ഉത്തരവുപ്രകാരം

KIIDC-യുടെയും കരാറുകാരന്റെയും വാദം കേട്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കിഫ്ബിയോട് കോടതി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വാദം കേൾക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 10-02-2022-ലെ കോടതി ഉത്തരവുപ്രകാരം ഡിസൈൻ വിംഗ്, ഐ.ഡി.ആർ.ബി. (ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ്)-യോട് രണ്ടാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കോടതിയുടെ അന്തിമവിധി ലഭിച്ചാൽ അടിയന്തരമായി തുടർനടപടി സ്വീകരിക്കുന്നതാണ്.

(6) ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട്

ശ്രീമതി കെ. കെ. രമ: സർ, മലയാള സിനിമാ വ്യവസായ മേഖലയിൽ സ്ത്രീപ്രവർത്തകർ നേരിടുന്ന ഗുരുതരമായ ചൂഷണങ്ങളെയും വിവേചനങ്ങളെയും ദുരിതങ്ങളെയും കുറിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച ജസ്റ്റിസ് ഹേമ കമ്മിറ്റി തങ്ങളുടെ അന്വേഷണ റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ട് രണ്ട് വർഷവും രണ്ട് മാസവും കഴിഞ്ഞിരിക്കുന്നു. ചിത്രീകരണ സ്ഥലങ്ങളിലും സിനിമാ വ്യവസായത്തിന്റെ പിന്നാമ്പുറങ്ങളിലുമെല്ലാം വനിതാ പ്രവർത്തകർ അനുഭവിച്ചുകൊണ്ടിരിക്കുന്ന കൊടിയ ചൂഷണങ്ങളെയും കടുത്ത മനുഷ്യാവകാശ ലംഘനങ്ങളെയും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവങ്ങളെയുമെല്ലാം സംബന്ധിച്ച് ജസ്റ്റിസ്

ഹേമ കമ്മിറ്റി നടത്തിയ ഗൗരവമേറിയ കണ്ടെത്തലുകൾ കൃത്യമായ തെളിവുകൾ സഹിതം 2019 ഡിസംബർ 31-ന് 300 പേജുകളുള്ള അന്വേഷണ റിപ്പോർട്ടായി ഈ സർക്കാരിന് സമർപ്പിച്ചിട്ടും അത് പുറത്തുവിടാനോ അതിന്മേൽ സത്വര നടപടി സ്വീകരിക്കാനോ തയ്യാറാകാതെ റിപ്പോർട്ട് മൂടിവച്ചിരിക്കുകയാണ്. അഭിനയമടക്കമുള്ള സിനിമാ വ്യവസായത്തിലെ വിവിധ തൊഴിൽ മേഖലകളിൽ വനിതാ പ്രവർത്തകർ നേരിടുന്ന ലൈംഗിക ചൂഷണ അനുഭവങ്ങളെക്കുറിച്ച് കമ്മീഷന് മുന്നിൽ നിരവധിപേർ മൊഴി നൽകിയ വിവരങ്ങൾ ഇതിനോടകംതന്നെ വെളിപ്പെട്ടുകഴിഞ്ഞു. സിനിമയിൽ അവസരങ്ങൾ ലഭിക്കുന്നതിന് ലൈംഗിക ചൂഷണത്തിന് വിധേയയാകാൻ നിർബന്ധിക്കുന്ന കാസ്റ്റിംഗ് കൗച്ച് അടക്കമുള്ള സെക്സ് റാക്കറ്റ് പ്രവർത്തനങ്ങൾ മലയാള സിനിമാ വ്യവസായത്തിനുള്ളിൽ സജീവമാണെന്ന അതിഗുരുതരമായ ആരോപണങ്ങൾ ചലച്ചിത്ര മേഖലയിലെ പ്രമുഖ നടികൾതന്നെ നമ്മുടെ മീഡിയാ ചർച്ചകളിൽ പരസ്യമായി ഉന്നയിച്ചുകഴിഞ്ഞു. ഇതുസംബന്ധിച്ച് ജസ്റ്റിസ് ഹേമ കമ്മീഷനുമുന്നിൽ മൊഴി കൊടുത്തിട്ടുണ്ടെന്നും ജീവഭയം കാരണമാണ് വിശദാംശങ്ങൾ പുറത്തുപറയാത്തതെന്നും പ്രമുഖ വനിതാ ചലച്ചിത്ര പ്രവർത്തകർതന്നെ വെളിപ്പെടുത്തിയിട്ടുള്ള ഗുരുതരമായ

സാഹചര്യത്തിൽ 1,06,55,000/- രൂപ ചെലവഴിച്ച് തയ്യാറാക്കിയ ഈ റിപ്പോർട്ട് മൂടിവയ്ക്കാൻ നടത്തുന്ന ശ്രമങ്ങൾ കുറ്റവാളികൾക്ക് കുടപിടിക്കുന്നതല്ലാതെ മറ്റെന്താണ്? ഈ ഞെട്ടിപ്പിക്കുന്ന കണ്ടെത്തലുകളെ പലതിനെയും സാധൂകരിക്കുന്നതിനുള്ള രേഖകളും മൊബൈൽ സ്ക്രീൻ ഷോട്ടുകളും ഓഡിയോ ക്ലിപ്പുകളുമടങ്ങുന്ന ഒരു ജുഡീഷ്യൽ കമ്മീഷൻ റിപ്പോർട്ട് കയ്യിൽ കിട്ടിയിട്ടും സർക്കാർ പ്രതികരിക്കുന്നില്ല. മൊഴി നൽകിയവരുടെ പേരുവിവരങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അത് ഒഴിവാക്കണമെങ്കിൽ ഒഴിവാക്കിക്കൊണ്ട് കമ്മീഷൻ കുറ്റകരമായി ചൂണ്ടിക്കാട്ടിയവരുടെ കൃത്യമായ വിവരങ്ങൾ ഉൾപ്പെട്ടിട്ടുള്ള റിപ്പോർട്ട് പുറത്തുവിടാൻ സർക്കാർ തയ്യാറാകണം. നിരോധിത ലഹരി ഉൽപ്പന്നങ്ങളുടെയും മയക്കുമരുന്നുകളുടെയും ഉപയോഗം മലയാള സിനിമാ വ്യവസായത്തിന് പിന്നാമ്പുറത്ത് വ്യാപകമാണെന്ന ഗൗരവമായ കണ്ടെത്തലുകളും ബഹുമാനപ്പെട്ട ജസ്റ്റിസ് ഹേമയുടെ അന്വേഷണ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. കൊഗ്നിസിബിളായ ഇത്തരം ഒഫൻസുകൾ തെളിവുകൾ സഹിതം ഉൾപ്പെടുത്തിയിട്ടുള്ള റിപ്പോർട്ടിന്മേൽ യാതൊരു നടപടിയും സ്വീകരിക്കാതെ കേവലം സാങ്കേതിക കാരണങ്ങളുടെ പേരിൽ ഈ അന്വേഷണ റിപ്പോർട്ട് മൂടിവയ്ക്കാൻ

ശ്രമിക്കുന്നത് തീർച്ചയായും ഒരു ജനാധിപത്യ സർക്കാരിന് ഭൂഷണമല്ല. അടിയന്തരമായി ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട് പുറത്തുവിടാൻ തയ്യാറായില്ലെങ്കിൽ അത് സ്ത്രീകളുടെ അന്തസ്സിനും ആത്മാഭിമാനത്തിനും വിലകൽപ്പിക്കാത്ത നിലപാടായി വ്യാഖ്യാനിക്കപ്പെടുമെന്നത് തീർച്ചയാണ്. സ്ത്രീപക്ഷ കേരളമെന്ന് നാഴികതോറും ഊറ്റംകൊള്ളുന്നവർതന്നെ പെൺവേട്ടക്കാർക്കായി ഒരു ജുഡീഷ്യൽ കമ്മീഷൻ റിപ്പോർട്ടിന് ചരമക്കുറിപ്പെഴുതാൻ ശ്രമിക്കുന്നത് കേരളവും കേരളത്തിലെ സ്ത്രീസമൂഹവും പൊറുക്കുകയില്ല. റിപ്പോർട്ടിന്മേൽ ഫലപ്രദവും ആത്മാർത്ഥവുമായ സത്വരനടപടികൾ സ്വീകരിക്കാൻ സർക്കാർ അടിയന്തരമായി തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് നേരിടേണ്ടിവരുന്ന പ്രശ്നങ്ങളെയും തൊഴിൽ സാഹചര്യങ്ങളെയും കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 01.07.2017-ലെ ഉത്തരവ് പ്രകാരം റിട്ടയേർഡ് ജസ്റ്റിസ് കെ. ഹേമ അദ്ധ്യക്ഷയും ശ്രീമതി ശാരദ, ശ്രീമതി കെ. ബി. വത്സലകുമാരി എന്നിവർ അംഗങ്ങളുമായി ഒരു വിദഗ്ദ്ധസമിതിയെ സർക്കാർ നിയോഗിച്ചു. ഇത് ഒന്നാം

പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് നിയോഗിച്ച കമ്മീഷനാണെന്ന് ഓർക്കണം. പ്രസ്തുത സമിതി 31-12-2019-ന് സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു. പ്രത്യേക പ്രാധാന്യം നൽകി പ്രസ്തുത റിപ്പോർട്ടിലെ ശിപാർശയിന്മേൽ തുടർനടപടി സ്വീകരിച്ചുവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം 13-07-2021-ൽ സാംസ്കാരിക വകുപ്പുമന്ത്രിയായ എന്റെ അദ്ധ്യക്ഷതയിൽ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ (കെ.എസ്.എഫ്.ഡി.സി.), സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്നിവയുടെ പ്രതിനിധികൾ, നിയമ വകുപ്പ് സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി ഒരു യോഗം ചേരുകയും ജസ്റ്റിസ് ഹേമ സമിതി റിപ്പോർട്ടിലെ ശിപാർശകളിൽ സ്വീകരിക്കാവുന്ന തുടർനടപടികൾ സംബന്ധിച്ച് വിശദമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. ജസ്റ്റിസ് ഹേമ സമിതി റിപ്പോർട്ടിലെ ശിപാർശകളിൽ ഭരണപരമായ നടപടി സ്വീകരിക്കാവുന്ന വിഷയങ്ങളിൽ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമ സമിതി എന്നിവ മുഖേന തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ജസ്റ്റിസ് ഹേമ

സമിതി റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനായി സിനിമാരംഗത്ത് പ്രവർത്തിക്കുന്ന ഡബ്ല്യൂ.സി.സി. ഉൾപ്പെടെയുള്ള സംഘടനകളുടെ യോഗം ചേരുന്നതിന് കെ.എസ്.എഫ്.ഡി.സി., ചലച്ചിത്ര അക്കാദമി എന്നിവരുടെ നേതൃത്വത്തിൽ തീരുമാനിച്ച് തീയതി നിശ്ചയിക്കുകയും സാമൂഹ്യനീതി വകുപ്പ്, വനിതാ കമ്മീഷൻ എന്നിവരെ യോഗത്തിൽ പങ്കെടുപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ദിവസം നീണ്ടുനിൽക്കുന്ന യോഗത്തിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ കെ.എസ്.എഫ്.ഡി.സി.-യും ചലച്ചിത്ര അക്കാദമിയുംകൂടി ക്രോഡീകരിച്ച് സർക്കാരിന് സമർപ്പിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിന്മേൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കും. ജസ്റ്റിസ് ഹേമ സമിതി, കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്റ്റിന്റെ പരിധിയിൽ വരുന്നില്ല. ബഹുമാനപ്പെട്ട അംഗം റിപ്പോർട്ട് പുറത്തുവിടണമെന്ന് പറഞ്ഞതിനെക്കുറിച്ചുള്ള ഭാഗമാണ് ഞാൻ വിശദീകരിക്കുന്നത്. സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ തങ്ങളുടെ സ്വകാര്യ അനുഭവങ്ങൾ ജസ്റ്റിസ് ഹേമ സമിതിയോട് വെളിപ്പെടുത്തിയത് സമിതിയുടെ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചതിനാൽ റിപ്പോർട്ട് കോൺഫിഡൻഷ്യലായി സൂക്ഷിക്കണമെന്ന് ജസ്റ്റിസ് കെ. ഹേമ തന്നെ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ വ്യക്തികളുടെ സ്വകാര്യ

വിവരങ്ങൾ ഉൾക്കൊള്ളുന്നതിനാൽ റിപ്പോർട്ട് അതേപടി പൊതുരേഖയായി പ്രസിദ്ധീകരിക്കാൻ കഴിയില്ലെന്ന് 22-10-2020-ലെ 236(1)2020/SIC നടപടിക്രമം വഴി സംസ്ഥാന വിവരാവകാശ കമ്മീഷൻ ഉത്തരവായിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നത്തിന്റെ ഗൗരവം വളരെ മെച്ചപ്പെട്ട നിലയിൽ സർക്കാർ ഉൾക്കൊണ്ടുകൊണ്ടാണ് നടപടികളുമായി മുന്നോട്ടുപോകുന്നത്. ഇതിനൊരു നിയമനിർമ്മാണം അനിവാര്യമാണ്. എന്നാൽ ഈ നിയമം നിർമ്മിക്കണമെങ്കിൽ അതിനാധാരമായ എല്ലാ കാര്യങ്ങളും പരിശോധിച്ച് സഭയുടെ മുമ്പിൽ ആ വിഷയം വരേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ധൃതിപിടിച്ച് ഒരു നിയമം നിർമ്മിക്കാനുള്ള കാര്യങ്ങളിൽ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. എന്നാൽ ഒരു നിയമം നിർമ്മിക്കുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. വരാൻ പോകുന്ന സഭാസമ്മേളനങ്ങളിൽ അത്തരമൊരു നിയമം അവതരിപ്പിക്കുന്നതിനുള്ള നടപടികൾ പരമാവധി പൂർത്തീകരിക്കുമെന്ന് സഭയ്ക്ക് ഞാൻ ഉറപ്പുനൽകുന്നു.

(7) <u>ചേറ്റുവ ഹാർബർ സബ്ഡിവിഷൻ ഓഫീസ്</u>

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: സർ, തൃശ്ശൂർ ജില്ലയിൽ അഞ്ച് തീരദേശ മണ്ഡലങ്ങളുണ്ട്. ചേറ്റുവ ഫിഷിംഗ് ഹാർബറിന്റെ പ്രവൃത്തിയും കയ്പമംഗലവും വലപ്പാട്ടും ഫിഷിംഗ് ഹാർബറായി വികസിപ്പിക്കാനുള്ള ഇൻവെസ്റ്റിഗേഷൻ

പ്രവൃത്തികളും 31 റോഡുകളുടെ പ്രവൃത്തികളും നടന്നുവരികയാണ്. വലിയ കടലാക്രമണങ്ങൾ നേരിടുന്ന മേഖലയായ കയ്പമംഗലം, നാട്ടിക മണ്ഡലങ്ങളുൾപ്പെടെയുള്ള പ്രദേശങ്ങളിൽ പുലിമുട്ട് നിർമ്മാണവും ഗ്രോയിൻസ് നിർമ്മാണവും നടന്നുവരുന്നു. സംസ്ഥാനത്ത് 9 തീരദേശ ജില്ലകളുള്ളതിൽ തൃശ്ശൂർ ജില്ലയിൽ മാത്രമാണ് ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തിന് ഡിവിഷൻ ഓഫീസില്ലാത്തത്. ഇപ്പോൾ ജില്ലയിലാകെ വകുപ്പിന്റെ കീഴിൽ ചേറ്റുവയിലുള്ള ഒരു സബ്ഡിവിഷൻ ഓഫീസ് മാത്രമാണുള്ളത്. ഈ ഓഫീസിൽ ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, രണ്ട് അസിസ്റ്റന്റ് എഞ്ചിനീയർ, ഒരു ഫസ്റ്റ് ഗ്രേഡ് ഓവർസിയർ, ഒരു സെക്കൻഡ് ഗ്രേഡ് ഓവർസിയർ, രണ്ട് തേർഡ് ഗ്രേഡ് ഓവർസിയർ, ഒരു ക്ലാർക്ക്, ഒരു ഓഫീസ് അറ്റൻഡന്റ് എന്നീ നിലയിലാണ് ജീവനക്കാരുള്ളത്. ഈ ഓഫീസിന് ഒരു വലിയ ജില്ലയിലെ മേൽ സൂചിപ്പിച്ച പ്രവൃത്തികൾക്ക് കൃത്യമായി മേൽനോട്ടം വഹിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. അതുകൊണ്ട് തൃശ്ശൂർ ജില്ലയിലെ തീരദേശ സംരക്ഷണ പ്രവൃത്തികൾ കാര്യക്ഷമമായി നടത്തുന്നതിന് മിനിമം ഒരു സബ്ഡിവിഷൻ ഓഫീസുകൂടി അനുവദിക്കേണ്ടത് അടിയന്തര പ്രാധാന്യമുള്ള വസ്തുതയാണ്. ജില്ലയിൽ ഈ സ്ഥിതിയായിരിക്കെ ചേറ്റുവയിൽ ആകെയുള്ള

സബ്ഡിവിഷൻ ഓഫീസിന്റെ തുടർച്ചാനുമതി പരിഗണിക്കാൻ കഴിയില്ലെന്ന് 12-01-2022-ൽ കത്ത് ലഭിച്ചിട്ടുണ്ട്. അതുകൊണ്ട് ചേറ്റുവ സബ്ഡിവിഷൻ ഓഫീസ് നിലനിർത്തുകയും മേൽപ്പറഞ്ഞ കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിൽ ഒരു സബ്ഡിവിഷൻ ഓഫീസുകൂടി അനുവദിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്. ഓഫീസ് പ്രവർത്തിക്കാനാവശ്യമായ കെട്ടിട സൗകര്യങ്ങളൊരുക്കുവാൻ തയ്യാറാണ്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ചേറ്റുവ, ചെറുവത്തൂർ, ചെല്ലാനം ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായാണ് ചേറ്റുവ, ചെറുവത്തൂർ, ചെല്ലാനം എന്നീ സബ്ഡിവിഷനുകളും തസ്തികകളും, പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് നിർത്തൽ ചെയ്യണമെന്ന വ്യവസ്ഥയിൽ താൽക്കാലികമായി രണ്ടുവർഷത്തേയ്ക്ക് 2011-ൽ സൃഷ്ടിച്ച് ഉത്തരവായിട്ടുള്ളത്. തുടർന്ന് പദ്ധതിപ്രവർത്തനം വിലയിരുത്തി യാതൊരു കാരണവശാലും കാലാവധി ദീർഘിപ്പിക്കില്ലെന്ന വ്യവസ്ഥയോടെ 2016 വരെ തുടർച്ചാനുമതി നൽകിയിരുന്നു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കീഴിൽ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ മുതൽ ചാവക്കാട് വരെയുള്ള തീരദേശ മേഖലകളിൽ നിരവധി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ചേറ്റുവ ഫിഷിംഗ്

ഹാർബർ, മുനക്കക്കടവ് ഫിഷ് ലാൻഡിംഗ് സെന്റർ എന്നിവിടങ്ങളിലെയും തീരദേശ റോഡുകളുടെയും നിർമ്മാണ പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുന്നത് ചേറ്റുവ ഹാർബർ എഞ്ചിനീയറിംഗ് സബ്ഡിവിഷനാണ്. 60 കിലോമീറ്ററോളം തീരദേശമുള്ള തൃശ്ശൂർ ജില്ലയിലെ വിവിധ പ്രവൃത്തികൾ നടപ്പാക്കുന്നതിന് കൊടുങ്ങല്ലൂരിൽ ഒരു സബ്ഡിവിഷൻ ഓഫീസ് അനുവദിക്കുകയോ നിലവിൽ ചേറ്റുവയിലുള്ള സബ്ഡിവിഷൻ ഓഫീസിന് തുടർച്ചാനുമതി ലഭ്യമാക്കുകയോ ചെയ്യേണ്ടതുണ്ട്. കോവിഡ്-19 മഹാമാരിയുടെ വ്യാപനത്തെത്തുടർന്ന് ഏർപ്പെടുത്തിയ നിയന്ത്രണ നിർദ്ദേശങ്ങളുടെ ഭാഗമായി പദ്ധതികൾക്കായി നിയമിക്കപ്പെട്ട ജീവനക്കാരുടെ വിവരങ്ങൾ കണ്ടെത്തി അധിക ജീവനക്കാരെ പുനർവിന്യസിക്കാൻ വ്യവസ്ഥ ചെയ്തതനുസരിച്ച് ചേറ്റുവ സബ്ഡിവിഷന് കീഴിലുള്ള തസ്തികകൾക്ക് തുടർച്ചാനുമതി നൽകണമെന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ച ശിപാർശയിന്മേൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി കൂടിയാലോചിച്ച് അന്തിമ തീരുമാനമെടുക്കുന്നതാണ്.

## (8) മലപ്പുറം കെ.എസ്.ആർ.ടി.സി. ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ്

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ്

ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എത്രയുംവേഗം പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത സഭയുടെയും ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 2016 ജനുവരി മാസത്തിലാണ് പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. 7.90 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന നാലുനില കെട്ടിടത്തിന്റെ സിവിൽ പ്രവൃത്തിയുടെ കരാർ ചുമതല M/s മലബാർ അസോസിയേറ്റ്സ്, മഞ്ചേരി എന്ന കമ്പനിക്കായിരുന്നു. 18 മാസമായിരുന്നു കാലാവധി. ഒന്നും രണ്ടും ഘട്ടങ്ങളിലെ ജോലി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ നൽകാനുള്ള തുക കരാറുകാരന് ലഭിക്കാത്തതുമൂലം നിർമ്മാണ ജോലികൾ പകുതിവഴിയിൽ മുടങ്ങിക്കിടക്കുകയാണ്. നയാപൈസപോലും കൊടുത്തിട്ടില്ല. പഴകി ദ്രവിച്ച് വീഴാറായ കെട്ടിടങ്ങളും കാറ്റ് ആഞ്ഞുവീശിയാൽ നിലംപൊത്തുന്ന ഷെഡ്ഡുകളുമായിരുന്നു ഈ ഡിപ്പോയ്ക്കുണ്ടായിരുന്നത്. ജില്ലാ ആസ്ഥാനങ്ങളിൽ നിലവിലുള്ള ഏക സബ്ഡിപ്പോയും മലപ്പുറമാണ്. ടൗണിന്റെ ഹൃദയഭാഗത്താണ് ഈ ഡിപ്പോ സ്ഥിതി ചെയ്യുന്നത്. ആധുനിക സൗകര്യങ്ങളോടുകൂടിയ ബസ്ബേയും വാണിജ്യാവശ്യങ്ങൾക്കുള്ള കടമുറികളും വിശാലമായ പാർക്കിംഗ്

സൗകര്യവുമുള്ള പുതിയ ടെർമിനലാണ് നിർദ്ദിഷ്ട പദ്ധതിയിൽ വിഭാവന ചെയ്തത്. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2021 ജൂൺ 8-ന് നിയമസഭാ കോംപ്ലക്സിൽ ചേർന്ന ഉന്നതതല യോഗത്തിൽ 2021 ഡിസംബർ 31-നകം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിക്കാനും ജനുവരിയിൽ ഉദ്ഘാടനം ചെയ്യാനും തീരുമാനിച്ചിരുന്നു. നിലവിൽ ട്രാൻസ്പോർട്ട് ഓഫീസ് പ്രവർത്തിക്കുന്ന സ്ഥലത്ത് യാർഡ് നിർമ്മിക്കുന്നതിനുവേണ്ടി പണി നടന്നുകൊണ്ടിരിക്കുന്ന കെട്ടിടത്തിലെ താല്ക്കാലിക സംവിധാനത്തിലേയ്ക്ക് ഓഫീസ് മാറ്റിയതൊഴിച്ചാൽ ഈ എട്ട് മാസക്കാലയളവിൽ നിർമ്മാണ പ്രവർത്തനങ്ങളിൽ യാതൊരു പുരോഗതിയുമുണ്ടായിട്ടില്ല. ഡിസംബർ 31-നകം പ്രവൃത്തി പൂർത്തീകരിച്ച് ജനുവരി ആദ്യം ഉദ്ഘാടനം ചെയ്യണമെന്ന് ബഹുമാനപ്പെട്ട മന്ത്രി അന്ന് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിരുന്നു. എട്ട് മാസമായിട്ടും ഒരു വ്യത്യാസവുമില്ല. ഇതുവരെ 70% പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഇലക്ട്രിക്കൽ വർക്ക്, യാർഡ്, ഫ്ലോറിംഗ്, പെയിന്റിംഗ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം, പെട്രോൾ/ഡീസൽ/സി.എൻ.ജി. യൂണിറ്റുകളുടെ നിർമ്മാണം തുടങ്ങിയവ പൂർത്തീകരിക്കാനായി പ്രവൃത്തികളുടെ കൺസൾട്ടിംഗ് ഏജൻസിയായ

എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിന്റെ നേതൃത്വത്തിൽ സ്ഥലം സർവ്വേ ചെയ്ത് മാസ്റ്റർപ്ലാനും റിവൈസ്ഡ് എസ്റ്റിമേറ്റും 2021 ജൂൺ 30-നകം തയ്യാറാക്കി ബോർഡിന് സമർപ്പിച്ചു. അതിനുശേഷം ഒരു നടപടിയുമുണ്ടായിട്ടില്ല. ജൂൺ 8-നുചേർന്ന ഉന്നതതല യോഗ തീരുമാനപ്രകാരം ഞാനും കെ.എസ്.ആർ.ടി.സി.-യിലെ ഉദ്യോഗസ്ഥരും ഡിപ്പോ സന്ദർശിച്ചു. കഴിഞ്ഞയാഴ്ച ബഹുമാനപ്പെട്ട സി.എം.ഡി.-യും ഈ ഡിപ്പോ സന്ദർശിക്കുകയുണ്ടായി. കെ.എസ്.ആർ.ടി.സി.-ക്ക് ഏറ്റവും നല്ല വരുമാനം ലഭിക്കാൻ സാദ്ധ്യതയുള്ള ഒന്നാണ് ജില്ലാ ആസ്ഥാനത്ത് നിർമ്മിക്കാൻ പോകുന്ന പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സ്. ഇന്ന് രാവിലെ കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടവുമായി ബന്ധപ്പെട്ട കാര്യങ്ങളൊക്കെ ഇവിടെ ചർച്ച ചെയ്തിരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം നികത്താൻ ഒരു പരിധിവരെ സഹായകരമാകുന്ന തരത്തിലുള്ള ഈ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, 2013-ൽ വിഭാവന ചെയ്ത മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ

സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. ഈ പ്രവൃത്തിക്ക് സർക്കാർ 2013-ൽ ഒരു കോടി രൂപ അനുവദിച്ചിരുന്നു. 2015-ൽ 7.90 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 2016-ൽ 7.45 കോടി രൂപയുടെ കരാർ ഒപ്പുവച്ച് പ്രവൃത്തി M/s മലബാർ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയുമുണ്ടായി. ഒരു കോടി രൂപയുടെ സർക്കാർ ഫണ്ടിനുപുറമെ ബാക്കി വേണ്ടിവരുന്ന തുക പലിശരഹിത നിക്ഷേപംവഴി ശേഖരിക്കാനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ അതുവഴി ഉദ്ദേശിച്ച തുക ശേഖരിക്കാൻ കഴിയാത്തതു കാരണം കരാറുകാരന്റെ ബിൽതുക സമയത്ത് നൽകാൻ സാധിക്കാത്തതിനാൽ 2014-ലെ പി.ഡബ്ല്യു.ഡി. നിരക്കുകൾ പ്രകാരം അംഗീകരിച്ച എസ്റ്റിമേറ്റ് തുകയെ ആധാരമാക്കി ബാക്കി പ്രവൃത്തികൾ ചെയ്യാൻ കരാറുകാരൻ തയ്യാറായില്ല. തുടർന്ന് 31-12-2019-ൽ പ്രവൃത്തി നിർത്തിവയ്ക്കുകയും ടി പ്രവൃത്തിയിൽനിന്നും ഒഴിവാക്കി ബാക്കി നൽകാനുള്ള തുക നൽകണമെന്നാവശ്യപ്പെട്ട് കരാറുകാരൻ ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യുകയും ചെയ്തു. അദ്ദേഹത്തിന് നൽകാനുള്ള തുക നൽകുന്നതിനും നേരിൽ കേട്ട് പ്രവൃത്തിയിൽനിന്ന് ഒഴിവാക്കണമെന്ന അപേക്ഷ പരിഗണിക്കാനും ഹൈക്കോടതി ഉത്തരവിടുകയും അപ്രകാരം 2020-ന് ടിയാനെ പ്രവൃത്തിയിൽനിന്ന് ഒഴിവാക്കാൻ തീരുമാനിക്കുകയും

ചെയ്തിട്ടുണ്ട്. ഫെബ്രുവരി 2021-ന് കരാറുകാരന് കൊടുക്കാനുള്ള തുക മുഴുവൻ നൽകി. ഈ പ്രവൃത്തിയുടെ ആദ്യത്തെ എസ്റ്റിമേറ്റിൽ കെട്ടിടത്തിനാവശ്യമായ ഇലക്ട്രിക്കൽ, ഫയർ ആൻഡ് സേഫ്റ്റി, ലിഫ്റ്റ് തുടങ്ങിയ സംവിധാനങ്ങൾ ഉൾപ്പെട്ടിരുന്നില്ല. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അഭ്യർത്ഥനയനുസരിച്ച് ഗതാഗത വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 08-06-2021-ൽ ചേർന്ന യോഗത്തിൽ കെട്ടിടത്തിന്റെ ബാക്കി പ്രവൃത്തികൾ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പണി പൂർത്തിയാക്കാനുള്ള നടപടികൾ കൈക്കൊള്ളാൻ തീരുമാനിച്ചു. കെട്ടിടത്തിന്റെ ബാക്കി പ്രവൃത്തികൾക്ക് 2016-ലെ ഡി.എസ്.ആർ. നിരക്കുകൾ പ്രകാരം പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് തയ്യാറാക്കിയ എസ്റ്റിമേറ്റിന് 11-08-2021-ൽ 8.16 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. അതായത് 08-06-2021-ന് യോഗം ചേരുകയും 11-08-2021-ന് ഭരണാനുമതി ലഭിക്കുകയും ചെയ്തു. പഴയ കെട്ടിടത്തിൽ പ്രവർത്തിച്ചുവന്ന ഡിപ്പോയുടെ ഓഫീസ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള അത്യാവശ്യ പ്രവൃത്തികൾ പൂർത്തിയാക്കുകയും 01-09-2021-ന് ഓഫീസ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട എം.എൽ.എ. അവിടെ

സന്ദർശിക്കണം. 144.48 ലക്ഷം രൂപയ്ക്ക് കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ M/s Helsa Electricals-മായി കരാർ ഉറപ്പിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ബാക്കി സിവിൽ വർക്കുകൾ പഴയ കരാറുകാരൻ 15 ശതമാനം അധികനിരക്കും 12 ശതമാനം ജി.എസ്.ടി.-യും ഉൾപ്പെടുത്തി ചെയ്യുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കി കെട്ടിടം അടിയന്തരമായി ഉപയോഗപ്രദമാക്കാൻ കെ.എസ്.ആർ.ടി.സി. സത്വര നടപടി സ്വീകരിച്ചുവരുന്നു.

(9) അരിവാൾകോശ രോഗികളുടെ പ്രശ്നങ്ങൾ

ശ്രീ. ഒ. ആർ. കേളു: സർ, അരിവാൾകോശ രോഗം സംബന്ധിച്ച വിഷയമാണ് ഞാൻ ഉന്നയിക്കുന്നത്. വയനാട് ജില്ലയിൽ ഏകദേശം 1002-ഓളം അരിവാൾകോശ രോഗികളാണ് നിലവിലുള്ളത്. അതുപോലെതന്നെ പാലക്കാട് ജില്ലയിൽ 128-ഉം നിലമ്പൂർ പ്രദേശത്ത് 50-ഓളം രോഗികളും കണക്കിൽപ്പെടാത്ത മറ്റിതര രോഗികളുമുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഈ രോഗത്തിന്റെ പ്രത്യേകത എല്ലാവർക്കുമറിയാം. ഈ രോഗത്തിന് പ്രത്യേകിച്ച് ഒരു മരുന്നുമില്ല. അതുകൊണ്ടുതന്നെ ഈ രോഗം ബാധിച്ച ആൾക്കാർ വളരെ പെട്ടെന്ന് മരണത്തിന് കീഴടങ്ങുകയാണ്

ചെയ്യുന്നത്. രണ്ടാമത്തെ കാര്യം സൂചിപ്പിക്കാനുള്ളത്, ഇത്തരം രോഗികൾ സമൂഹത്തിൽ വലിയ പ്രയാസങ്ങൾ നേരിടുന്നുണ്ട്. ആശുപത്രികളിലും സർക്കാർ ഓഫീസുകളിലും ചെന്നുകഴിഞ്ഞാൽ ഇവർക്ക് ആവശ്യമായ പരിഗണന ലഭിക്കുന്നില്ല. ഇവർക്ക് കൂടുതൽനേരം നിൽക്കുന്നതിനോ ഇരിക്കുന്നതിനോ സാധിക്കില്ല. അതുകൊണ്ട് സർക്കാർ ഓഫീസുകളിൽ ഇവർക്ക് പ്രത്യേക പരിഗണന നൽകണം. കൂടാതെ, ഇവർക്ക് നൽകുന്ന സമാശ്വാസ പെൻഷൻ പലപ്പോഴും മാസങ്ങളോളം തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് മുടക്കംവരാതെ കൊടുക്കേണ്ടതുണ്ട്. ഈ രോഗം കണ്ടുപിടിക്കുന്നതിനുവേണ്ടി വയനാട് ജില്ലയിൽ ഒരു ഹീമോ ഗ്ലോബിനോപ്പതി റിസർച്ച് & കെയർ സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചിരുന്നു. അക്കാര്യങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടിയുമുണ്ടാകണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാന്യനായ അംഗം ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ജനിതക കാരണങ്ങളാൽ ചുവന്ന രക്തകോശങ്ങൾക്കുണ്ടാകുന്ന അസാധാരണ രൂപമാറ്റത്താൽ സംഭവിക്കുന്നതോ ശരീരത്തിലെ ചുവന്ന രക്താണുക്കൾ രൂപംമാറി അരിവാൾ

രൂപത്തിലായി ഇലാസ്ഥിതിക നഷ്ടപ്പെട്ടുണ്ടാകുന്നതോ ആയ രോഗാവസ്ഥയെയാണ് അരിവാൾകോശ രോഗം എന്നുപറയുന്നത്. പാരമ്പര്യമായി ഈ രോഗഘടന സിദ്ധിച്ചിട്ടുള്ള വ്യക്തിക്ക് മഴയോ തണുപ്പോ ഏറ്റാൽ ശക്തമായ പനിയും അസഹ്യമായ വേദനയുമുണ്ടാകുന്നു. നല്ല ആരോഗ്യവും കായികശേഷിയുമുണ്ടെന്ന് പുറമെ തോന്നിക്കുന്നവർക്കുപോലും രോഗികളായാൽ പെട്ടെന്ന് മരണം സംഭവിക്കുന്ന സ്ഥിതിയുണ്ട്. ഗുരുതരമായ മറ്റ് പല രോഗങ്ങളും ഇവരെ ബാധിക്കുന്നു. സ്ഥിരമായുള്ള വേദനസംഹാരികളുടെ ഉപയോഗംമൂലം പിന്നീട് അവയുടെ ഫലം ഏൽക്കാതെവരികയും രോഗിയുടെ അന്ത്യനാളുകളിൽ തീവ്രവേദനയുണ്ടാകുകയും ചെയ്യുന്നു. ആദിവാസി സമൂഹത്തിൽ ഇടുക്കി, വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലാണ് അരിവാൾകോശ രോഗം നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. വയനാട്ടിലും അട്ടപ്പാടിയിലും നിലമ്പൂരിലുമുള്ള ആദിവാസി ഗോത്രവർഗ്ഗത്തിൽപ്പെട്ടവർക്ക് ഈ രോഗം കൂടുതലായി കാണപ്പെടുന്നത്. രോഗനിർണ്ണയം നടത്തുന്നതിനുള്ള സൗകര്യം കേരളത്തിലെ കോഴിക്കോട് മെഡിക്കൽ കോളേജ്, മാനന്തവാടി ജില്ലാ ആശുപത്രി, സുൽത്താൻബത്തേരി താലൂക്കാശുപത്രി എന്നിവിടങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം

പറഞ്ഞതുപോലെ, അരിവാൾകോശ രോഗം പൂർണ്ണമായി ചികിത്സിച്ച് ഭേദമാക്കാൻ കഴിയില്ല. ഫോളിക് ആസിഡ് മരുന്നാണ് രോഗത്തിന്റെ തീവ്രത കുറയ്ക്കാൻ നൽകുന്നത്. കുട്ടികളിൽ അസ്ഥി, മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഫലം കണ്ടിട്ടുണ്ട്. നിക്കോസാൻ പോലുള്ള ഹൈഡ്രോകെമിക്കലുകൾ ഉപയോഗിച്ചുള്ള ചികിത്സ പ്രാഥമിക ഘട്ടത്തിലാണ്. ജീൻ തെറാപ്പി ചികിത്സ സാദ്ധ്യമാണെങ്കിലും ഈ സാങ്കേതികവിദ്യയും പരീക്ഷണഘട്ടത്തിലാണ്. നിലവിൽ വയനാട് ജില്ലയിൽ 1004 അരിവാൾകോശ രോഗികളാണുള്ളത്. ജില്ലയിൽ ഈ രോഗികൾക്കായി മാനന്തവാടി ജില്ലാ ആശുപത്രിയിൽ ഹൈ ഡിപ്പൻഡൻസി യൂണിറ്റ് നിലവിലുണ്ട്. അവർക്കാവശ്യമായ ഹൈഡ്രോക്സിയൂറിയ, ഫോളിക് ആസിഡ് എന്നീ മരുന്നുകൾ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്. രോഗികളുടെ പോഷകനിലവാരം മെച്ചപ്പെടുത്തുന്നതിനായി ആരോഗ്യവകുപ്പ് എൻ.എച്ച്.എം. മുഖേന എല്ലാ മാസവും പയറുവർഗ്ഗങ്ങൾ ഉൾപ്പെടുത്തിയ ഭക്ഷ്യക്കിറ്റുകൾ നൽകിവരുന്നു. നിലവിൽ ട്രൈബൽ വിഭാഗത്തിൽപ്പെട്ട 637 രോഗികൾക്ക് ട്രൈബൽ ഡിപ്പാർട്ടുമെന്റുവഴി 2500/- രൂപയും ട്രൈബൽ വിഭാഗത്തിൽപ്പെടാത്ത 204 രോഗികൾക്ക് കെ.എസ്.എസ്.എം. (കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ)

മുഖേന 2000/- രൂപയും സമാശ്വാസം പദ്ധതി IV-ൽ ഉൾപ്പെടുത്തി ധനസഹായം നൽകിവരുന്നു. ഇവർക്ക് 2021 ഡിസംബർ മാസം വരെയുള്ള ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പ് അരിവാൾകോശ രോഗികൾക്കായി ഹെൽത്ത് അവെയർനെസ്സ് ക്ലാസ്സ് നൽകുന്നുണ്ട്. ഇതുകൂടാതെ എസ്.ടി. ഡിപ്പാർട്ടുമെന്റും ട്രൈബൽ പ്രൊമോട്ടേഴ്സിനെ ഉപയോഗിച്ച് ബോധവൽക്കരണ പ്രവർത്തനം നടത്തുന്നുണ്ട്. Rights of Persons with Disabilities Act, 2016 പ്രകാരം അരിവാൾകോശ രോഗികളെ ഭിന്നശേഷി വിഭാഗത്തിലുൾപ്പെടുത്തിയിട്ടുണ്ട്. ഈ രോഗികൾ തിരിച്ചറിയൽ കാർഡ് കാണിക്കുന്ന മുറയ്ക്ക് സർക്കാർ ആശുപത്രികളിൽ ക്യൂ ഒഴിവാക്കുന്നതിനും ചികിത്സയ്ക്ക് പ്രത്യേക പരിഗണന നൽകുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ട്രൈബൽ വിഭാഗങ്ങളെ കൂടാതെ മറ്റ് ചില വിഭാഗങ്ങളിലും ഈ രോഗം കണ്ടുവരുന്നുണ്ട്. രോഗനിർണ്ണയത്തിനായി കോഴിക്കോട് മെഡിക്കൽ കോളേജ് സോലുബിലിറ്റി ടെസ്റ്റ് കിറ്റ് രൂപകല്പന ചെയ്ത് വികസിപ്പിച്ചെടുക്കുകയും എല്ലാ ആരോഗ്യപ്രവർത്തകർക്കും വ്യക്തിഗതമായി നൽകുകയും ആരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എൻ.എച്ച്.എം. മുഖേന സ്റ്റേറ്റ് ബ്ലഡ് സെൽ പ്രവർത്തിക്കുന്നുണ്ട്. 'ആശാധാര' എന്ന പേരിൽ പദ്ധതി

നടപ്പാക്കാൻ എൻ.എച്ച്.എം. സംസ്ഥാന മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. രോഗികളുടെ ഡിജിറ്റൽ രജിസ്റ്റർ തയ്യാറാക്കുകയും എല്ലാ രോഗികളെയും അതിൽ രജിസ്റ്റർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഇപ്പോൾ അരിവാൾകോശ രോഗ സ്ക്രീനിംഗ് ആരംഭിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ മൂന്നിടങ്ങളിലായി പൈലറ്റ് സ്ക്രീനിംഗ് ആരംഭിച്ചു. ലാബ് ടെക്നീഷ്യൻ, ഫീൽഡ് സ്റ്റാഫ്, ഡോക്ടർമാർ എന്നിവർക്കുള്ള പരിശീലനം പൂർത്തിയായിവരുന്നു. സംസ്ഥാനത്ത് മറ്റിടങ്ങളിലും സ്ക്രീനിംഗ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. രോഗികൾക്ക് പ്രതിമാസ രക്തപരിശോധനകൾ നടത്തേണ്ടതിന്റെയും മരുന്ന് നൽകുന്നതിന്റെയും പ്രോട്ടോകോളുകൾ നാഷണൽ ഗൈഡ്‌ലൈൻസിനനുസൃതമായി തയ്യാറാക്കി ഡോക്ടർമാർക്ക് പരിശീലനം നൽകിവരുന്നു. നാഷണൽ ഗൈഡ്‌ലൈൻസ് അനുസരിച്ച് രോഗം നേരത്തെ കണ്ടെത്തൽ, തുടർചികിത്സ ഉറപ്പാക്കൽ, മറ്റ് രോഗങ്ങളുടെ സങ്കീർണ്ണതകൾ ഉണ്ടാകുന്നത് തടയുന്നതിനുള്ള വാക്സിനേഷൻ, കൃത്യമായ ഇടവേളകളിലുള്ള ആരോഗ്യ പരിശോധന, അവശ്യഘട്ടങ്ങളിലുള്ള രക്തം നൽകൽ, ബ്ലഡ് ട്രാൻസ്ഫ്യൂഷൻ, ഹൈഡ്രോക്സിയൂറിയ/ഫോളിക് ആസിഡ് മരുന്നുകൾ നൽകൽ, രക്തപരിശോധനകൾവഴി സങ്കീർണ്ണതകൾ കാലേക്കൂട്ടി

കണ്ടെത്തൽ, സിക്കിൾസെൽ ക്രൈസിസ് ഉണ്ടായാൽ കൃത്യമായ ചികിത്സ എന്നിവയാണ് പ്രോട്ടോകോളിലുള്ളത്. അരിവാൾകോശ രോഗം ഉൾപ്പെടെയുള്ള ജനിതക രക്തജന്യരോഗങ്ങളെക്കുറിച്ചുള്ള പഠനത്തിനും ഗവേഷണത്തിനും ചികിത്സയ്ക്കുമായി വയനാട് മെഡിക്കൽ കോളേജിന്റെ ഭാഗമായി ഒരു ഹീമോ ഗ്ലോബിനോപ്പതി റിസർച്ച് & കെയർ സെന്റർ സ്ഥാപിക്കുമെന്ന് 2021-22-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ പ്ലാൻ തയ്യാറാക്കുന്നതുൾപ്പെടെയുള്ള നടപടി പുരോഗമിച്ചുവരികയാണ്.

(10) അരുവിക്കരയിലെ ആരോഗ്യ സ്ഥാപനങ്ങളുടെ സമഗ്ര വികസനം

ശ്രീ. ജി. സ്റ്റീഫൻ: സർ, അരുവിക്കര നിയോജകമണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങളിലെ പരിമിതികൾ പരിഹരിക്കുന്നത് സംബന്ധിച്ചുള്ള സബ്മിഷനാണ് ഞാൻ അവതരിപ്പിക്കുന്നത്. ആരോഗ്യരംഗത്ത് ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ ഇടപെടലുകളുടെ ഭാഗമായി സംസ്ഥാനത്തെമ്പാടുമുള്ള ആശുപത്രികൾ ആധുനികവൽക്കരിക്കപ്പെട്ടുവെങ്കിലും ആദിവാസി മേഖലയുൾപ്പെടുന്ന അരുവിക്കര നിയോജകമണ്ഡലത്തിലെ നിരവധി ആരോഗ്യ സ്ഥാപനങ്ങളിൽ ചില പരിമിതികൾ ഇപ്പോഴും അവശേഷിക്കുന്നുണ്ട്.

നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാന ആശുപത്രികളിലൊന്നായ കാട്ടാക്കട സി.എച്ച്.സി. കാട്ടാക്കട താലൂക്കാസ്ഥാനത്ത് പൂവച്ചൽ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഈ സ്ഥാപനം 1977-ലാണ് സ്ഥാപിതമായത്. 1997 മുതൽ പി.എച്ച്.സി. കാട്ടാക്കട (ഓൾഡ്) എന്ന പേരിലാണ് അറിയപ്പെടുന്നത്. 6-11-2008-ലെ സർക്കാർ ഉത്തരവുപ്രകാരം ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ഒ.പി.-യും ഐ.പി.-യുമുള്ള സ്ഥാപനമായി ഇത് മാറ്റപ്പെട്ടിട്ടുണ്ട്. തുടർന്ന് 02-03-2009-ലെ സർക്കാർ ഉത്തരവുപ്രകാരം ഈ ആശുപത്രിയെ സി.എച്ച്.സി.-യായി ഉയർത്തി ഉത്തരവായി. ഇപ്പോൾ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി 16-06-2018-ലെ സർക്കാർ ഉത്തരവുപ്രകാരം എഫ്.എച്ച്.സി.-യായി ഉയർത്തി ഒരു അസിസ്റ്റന്റ് സർജനെക്കൂടി അനുവദിച്ചിട്ടുണ്ട്. നിലവിലെ സർക്കാർ ഉത്തരവുപ്രകാരം ഈ ആശുപത്രി സി.എച്ച്.സി. പദവിയിലാണെങ്കിലും ജീവനക്കാരുടെ അപര്യാപ്തത കാരണം സി.എച്ച്.സി. എന്ന നിലയിൽ പൂർണ്ണമായും പ്രവർത്തിക്കുന്നതിന് കഴിയുന്നില്ല. വളരെ പരിമിതമായ അവസ്ഥയിലാണ് ഈ ആശുപത്രി ഇപ്പോൾ പ്രവർത്തിക്കുന്നത്. താലൂക്കാസ്ഥാനമായ കാട്ടാക്കട ടൗണിൽ സ്ഥിതി ചെയ്യുന്ന സർക്കാർ ആശുപത്രിയായതിനാൽ ധാരാളം ജനങ്ങൾ

ചികിത്സയ്ക്കായി ഇവിടെ വന്നെത്തുന്നുണ്ട്. ഈ പ്രദേശത്ത് കിടത്തി ചികിത്സയുള്ള ഏക സർക്കാർ ആശുപത്രിയാണ് കാട്ടാക്കട സി.എച്ച്.സി. ഡ്യൂട്ടി ചെയ്യാൻ ഡോക്ടർമാരുൾപ്പെടെയുള്ള ജീവനക്കാരില്ലാത്തതിനാൽ മെഡിക്കൽ കോളേജിൽനിന്നും ജനറൽ ആശുപത്രിയിൽനിന്നും ബാക്ക് റഫറൽ ചെയ്തുവരുന്ന രോഗികളെ അഡ്മിറ്റ് ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണ്. ദിവസേന ഒ.പി.-യിലും കാഷ്വാലിറ്റിയിലും ഉൾപ്പെടെ നാന്നൂറോളം രോഗികൾ വരുന്ന ഈ ആശുപത്രിയിൽ ഇപ്പോൾ 20 കിടക്കകളാണുള്ളത്. ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന സി.എച്ച്.സി.-കൾക്കുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരം ഒരു സിവിൽ സർജനും ഏഴ് അസിസ്റ്റന്റ് സർജന്മാരും അതിനാവശ്യമായ നഴ്സിംഗ്, പാരാമെഡിക്കൽ, ക്ലറിക്കൽ സ്റ്റാഫ് ഉൾപ്പെടെയുള്ള ജീവനക്കാരും ആവശ്യമാണ്. എന്നാൽ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി എഫ്.എച്ച്.സി.-യാക്കി മാറ്റിയതിനുശേഷവും നിലവിൽ ഈ ആശുപത്രിയിൽ രണ്ട് അസിസ്റ്റന്റ് സർജന്മാരും രണ്ട് എൻ.എച്ച്.എം. ഡോക്ടർമാരും അനുബന്ധ ജീവനക്കാരും മാത്രമാണുള്ളത്. ഏരിയ തിരിച്ച് ഫീൽഡ് ആക്ടിവിറ്റീസ് ജീവനക്കാരെയോ പോപ്പുലേഷൻ അനുസരിച്ചുള്ള ജീവനക്കാരെയോ നൽകിയിട്ടില്ല. സി.എച്ച്.സി. പാറ്റേണിലുള്ള ജീവനക്കാരെ നിയമിക്കുന്നതിനാവശ്യമായ

നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ആവശ്യമായ സൗകര്യമില്ലാത്തതു കാരണം നിലവിലുള്ള നാമമാത്രമായ ഡിപ്പാർട്ടുമെന്റുകൾക്കുപോലും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പ്രവർത്തിക്കാൻ കഴിയുന്ന സാഹചര്യമില്ല. ഇത് ഇവിടെ ചികിത്സയ്ക്കെത്തുന്ന പാവപ്പെട്ട രോഗികളെ വളരെയധികം ദുരിതത്തിലാക്കുകയാണ്. നിലവിലെ പഴയ കെട്ടിടം പൊളിച്ചുനീക്കി ബഹുനില കെട്ടിടം നിർമ്മിക്കാനും പുതിയ ബ്ലോക്കുകൾ നിർമ്മിക്കാനും ഇവിടെ സൗകര്യമുണ്ട്. ആവശ്യമെങ്കിൽ നിലവിലെ ഭൂമിയോടുചേർന്ന് തടസ്സമില്ലാതെ കൂടുതൽ ഭൂമി ഏറ്റെടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാണെന്നും അറിയിച്ചിട്ടുണ്ട്. ഒട്ടനവധി ആധുനിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കേണ്ട താലൂക്ക് കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ഈ ആശുപത്രിയിൽ സി.എച്ച്.സി. പാറ്റേണിലുള്ള ജീവനക്കാരെ അനുവദിക്കേണ്ടതുണ്ട്. അതുപോലെതന്നെ നിയോജകമണ്ഡലത്തിലെ വിതുര താലൂക്കാശുപത്രിയും സമാനമായ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. ആർദ്രം പദ്ധതിയിലുൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയ വീരണകാവ്, കുറ്റിച്ചൽ, തൊളിക്കോട്, മലയടി എന്നിവിടങ്ങളിലൊന്നുംതന്നെ ആർദ്രം പദ്ധതി വിഭാവന ചെയ്യുന്ന ഒൻപത് മണി മുതൽ ആറ് മണി വരെയുള്ള സേവനം

ജനങ്ങൾക്ക് നിലവിൽ ലഭ്യമാകുന്നില്ല. ആർദ്രം പദ്ധതി പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ ഒരിടത്തും ഇല്ലെന്നതാണ് ഇതിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. തൊളിക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ മുൻ സർക്കാരിന്റെ കാലത്ത് താൽക്കാലികമായി കിടത്തി ചികിത്സ അനുവദിച്ചിരുന്നു. പത്ത് കിടക്കകളുള്ള ആശുപത്രിയിൽ സ്റ്റാഫുകളുടെ കുറവുകൊണ്ടുതന്നെ ക്രമേണ കിടത്തി ചികിത്സ നിർത്തേണ്ടതായി വന്നു. അതുപോലെ തൊളിക്കോട്, മലയടി എന്നീ ആശുപത്രികൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പേര് മാറ്റൽ മാത്രമേ നടന്നിട്ടുള്ളൂ. സ്റ്റാഫ് പാറ്റേണോ മറ്റു സൗകര്യങ്ങളോ ഇല്ല. വീരണകാവ് ആശുപത്രിയിൽ പുതിയതായി ഒരു ഒ.പി. ബ്ലോക്ക് ആവശ്യമാണ്. അടിസ്ഥാന സൗകര്യ വികസനം ഇവിടെയും കൃത്യമായി ലഭിച്ചിട്ടില്ല. ഉഴമലയ്ക്കൽ, അരുവിക്കര എന്നീ കേന്ദ്രങ്ങളിലും വികസനം എത്തേണ്ടതായിട്ടുണ്ട്. പല പഞ്ചായത്തുകളിലും പാലിയേറ്റീവ് കെയർ രോഗികളുടെ എണ്ണം വളരെയധികമാണ്. പാലിയേറ്റീവ് കെയർ പദ്ധതി തുടങ്ങുമ്പോൾ നൂറ് രോഗികൾക്ക് ഒരു നഴ്സ് എന്നതായിരുന്നു ഘടന. എന്നാൽ എല്ലാ പഞ്ചായത്തിലും രണ്ടാം പാലിയേറ്റീവ് കെയർ യൂണിറ്റ് തുടങ്ങേണ്ട സാഹചര്യമാണ് നിലവിലുള്ളത്. അതിനാൽ അരുവിക്കര നിയോജകമണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ സമഗ്ര

വികസനത്തിലും സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാരുടെ നിയമനത്തിലും അടിയന്തര ശ്രദ്ധ പതിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, തിരുവനന്തപുരം ജില്ലയിലെ അരുവിക്കര നിയോജകമണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളെ സംബന്ധിച്ചുള്ള കാര്യങ്ങളാണ് ബഹുമാന്യനായ അംഗം ഈ സബ്മിഷനിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. വിതുര താലൂക്കാശുപത്രി- സാമൂഹ്യാരോഗ്യകേന്ദ്രം, ആര്യനാട് - ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രം, വെള്ളനാട്- അരുവിക്കര, ഉഴമലയ്ക്കൽ, തൊളിക്കോട്, മലയടി, വീരണകാവ്, കുറ്റിച്ചൽ, കാട്ടാക്കട എന്നിവിടങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങി പത്ത് ആരോഗ്യകേന്ദ്രങ്ങളാണ് അരുവിക്കര നിയോജകമണ്ഡലത്തിലുള്ളത്.

ഈ സബ്മിഷന് വളരെ വിശദമായ മറുപടിയാണ് തയ്യാറാക്കിയിട്ടുള്ളത്. സമയ പരിമിതികൊണ്ട് എല്ലാം വായിക്കാൻ സാധിക്കുകയില്ല. ബഹുമാന്യനായ അംഗം ചൂണ്ടിക്കാട്ടിയ കാട്ടാക്കട എഫ്.എച്ച്.സി.-യുടെ കാര്യംമാത്രം പറയാം. കാട്ടാക്കട സാമൂഹ്യാരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ

കേന്ദ്രമാക്കി മാറ്റി ഒരു അസിസ്റ്റന്റ് സർജന്റെ തസ്തിക പുതിയതായി സൃഷ്ടിക്കുകയുണ്ടായി. ഇരുപത്തിനാല് മണിക്കൂറും സേവനം നൽകുന്ന ഐ.പി.-യുള്ള ഈ ആശുപത്രിയിൽ ദിനംപ്രതി ശരാശരി നാന്നൂറ്റിയൻപതോളം രോഗികൾ ചികിത്സതേടി വരുന്നുണ്ട്. ഇവിടെ സ്ഥിരം തസ്തികയിൽ ജോലി ചെയ്യുന്ന രണ്ട് അസിസ്റ്റന്റ് സർജന്മാരുൾപ്പെടെ 19 സ്ഥിരം ജീവനക്കാരുടെ സേവനത്തോടൊപ്പം എൻ.എച്ച്.എം. മുഖാന്തരം നിയമിക്കപ്പെട്ട മൂന്ന് ഡോക്ടർമാരുടെ സേവനംകൂടി ലഭ്യമാക്കിയിട്ടുണ്ട്. എൻ.എച്ച്.എം. മുഖാന്തരം നിയമിക്കപ്പെട്ട എട്ടുപേരും എച്ച്.എം.സി. മുഖാന്തരം നിയമിക്കപ്പെട്ട നാലുപേരുമുൾപ്പെടെ 12 താൽക്കാലിക ജീവനക്കാരുടെ സേവനം ഇവിടെ ലഭ്യമാണ്. എൻ.സി.ഡി. ക്ലിനിക്, ഇ.സി.ജി., ഫാർമസി, ലാബ്, പാലിയേറ്റീവ് കെയർ, മെന്റൽ ഹെൽത്ത്, ഐ. ക്ലിനിക്, ശ്വാസ് ക്ലിനിക്, ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം എന്നിവയൊക്കെ ഇവിടെ വളരെ ഫലപ്രദമായി നടന്നുവരുന്നുണ്ട്. ബഹുമാന്യനായ അംഗം ഉന്നയിച്ച കാട്ടാക്കട സാമൂഹ്യാരോഗ്യ കേന്ദ്രമുൾപ്പെടെയുള്ള വിഷയങ്ങളിൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ചുകൊണ്ട് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം ജില്ലയിൽ ആദിവാസി വിഭാഗങ്ങൾ കൂടുതലായി താമസിക്കുന്നതും കാർഷിക മേഖലയിലൂൾപ്പെടെ ജോലി ചെയ്യുന്ന സാധാരണക്കാർ അധിവസിക്കുന്നതുമായ അരുവിക്കര നിയോജകമണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും ഡോക്ടർമാരുൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തകരെ ആവശ്യകതയ്ക്കനുസരിച്ച് അധികമായി നിയമിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം സർക്കാരിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതിയനുസരിച്ച് പരിശോധിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

**12.25 p.m]**

## VI റിപ്പോർട്ട് സമർപ്പണം

1. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ ഒന്നാമത്തെയും രണ്ടാമത്തെയും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

+ അനുബന്ധമായി ചേർത്തിട്ടുണ്ട്

2. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. ഒ. ആർ. കേളു: സർ, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

3. പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

ശ്രീ. എ. സി. മൊയ്തീൻ: സർ, പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

4. ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ

ശ്രീ. മാത്യു ടി. തോമസ്: സർ, ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

5. മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ മൂന്നും നാലും റിപ്പോർട്ടുകൾ

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മൂന്നും നാലും

റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

**12.26 p.m.]**

## VII ധനകാര്യം

### 2021-2022 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെയും 2011-12, 2012-13, 2013-14, 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 51,57,26,000/- രൂപയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 96,33,25,000/- രൂപയുടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 724,20,48,000/- രൂപയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,58,80,000/- രൂപയുടെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,40,01,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ

അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 41,00,00,000/- രൂപയുടെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 87,88,15,000/- രൂപയുടെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 24,19,19,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1689,52,51,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1788,77,40,000/- രൂപയുടെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 129,29,99,000/- രൂപയുടെയും

ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1560,01,31,000/- രൂപയുടെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 197,00,00,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 51,97,23,000/- രൂപയുടെയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 300,00,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 39,01,00,000/- രൂപയുടെയും

ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 36,15,40,000/- രൂപയുടെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,39,07,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 19,22,56,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 832,87,54,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,62,43,000/- രൂപയുടെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25,66,12,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ

അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 239,15,57,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 17,00,00,000/- രൂപയുടെയും നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 125,06,93,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 56,37,13,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ശുദ്ധജല

വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1511,22,37,000/- രൂപയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 80,51,78,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 110,48,14,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 143,92,01,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വനം

എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,00,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 27,27,57,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 34,50,00,000/- രൂപയുടെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1813,03,40,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വം പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, സാമ്പത്തിക വികസനത്തിന്റെ ആത്യന്തിക വിഭവം ജനങ്ങളാണ്. ഒരു സമ്പദ്വ്യവസ്ഥയെ വികസിപ്പിക്കുന്നത് മൂലധനമോ അസംസ്കൃത വസ്തുക്കളോ അല്ല, ആ നാട്ടിലെ ജനങ്ങളാണെന്ന വികസന സങ്കൽപ്പത്തെക്കുറിച്ച് പ്രശസ്ത എഴുത്തുകാരനും സാമ്പത്തിക മാനേജ്മെന്റ് വിദഗ്ദ്ധനുമായ പീറ്റർ ഫെർഡിനാൻഡ് ഡ്രക്കർ പറഞ്ഞിട്ടുണ്ട്. നവകേരള നിർമ്മിതി എന്ന വാക്കിന് ഒരു നാടിന്റെയാകെ പ്രതീക്ഷകൾക്ക് ചിറക് നൽകുന്ന സ്വപ്ന സൗന്ദര്യമുണ്ട്. ജനങ്ങളുടെ ജീവൽപ്രശ്നങ്ങളും അടിസ്ഥാന ജനതയുടെ ആശങ്കകളും പരിസ്ഥിതി പ്രശ്നങ്ങളുമൊക്കെ പരിഹരിക്കപ്പെടുമ്പോഴാണ് കേരളം സമഗ്രക്ഷേമത്തിലെത്തുകയെന്ന ഉത്തമ ബോധ്യത്തോടെ എല്ലാ അർത്ഥത്തിലും നവകേരളം കെട്ടിപ്പടുക്കുന്നതിനുള്ള എൽ.ഡി.എഫ്. സർക്കാരിന്റെ ദൃഢപ്രതിജ്ഞ ആവർത്തിച്ച് പ്രഖ്യാപിക്കുന്ന കൃത്യവും വ്യക്തവുമായ പദ്ധതിയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റ്. ഈ ബഡ്ജറ്റിനെ ഞാൻ സ്വാഗതം ചെയ്യുന്നു; ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. സ്കൂളുകളിൽ പ്രഭാതഭക്ഷണം നൽകുന്നതിനുള്ള തുകകൂടി ഇതിലുൾപ്പെടുത്തണമെന്ന അഭിപ്രായമാണ് ഞാൻ മുന്നോട്ടുവയ്ക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഡി. കെ. മുരളി)

ഏത് സാമ്പത്തിക വൈഷമ്യത്തിന് നടുവിലും സമ്പൂർണ്ണ സാമൂഹ്യസുരക്ഷ, സുസ്ഥിര വികസനം, സമഗ്ര പശ്ചാത്തല സൗകര്യ വികസനം എന്നിവ ബഹുമാനപ്പെട്ട ശ്രീ. പിണറായി വിജയൻ നയിക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ മുഖമുദ്രയാണെന്ന് 2022-23 വർഷത്തേയ്ക്കുള്ള സംസ്ഥാന ബഡ്ജറ്റ് വ്യക്തമാക്കുകയാണ്. കേരളത്തിന്റെ മണ്ണും ജലവും പ്രകൃതിയും കൃഷിയും വ്യവസായവും സർവ്വോപരി നവോത്ഥാന പാരമ്പര്യവും സംരക്ഷിച്ച് നാടിനെ മുന്നോട്ടുകൊണ്ടുപോകാൻ ദീർഘവീക്ഷണത്തോടെ ചുവടുവയ്ക്കുന്ന രജതരേഖയാണ് ഈ ബഡ്ജറ്റ്. നവോത്ഥാന പാരമ്പര്യം ഉയർത്തിപ്പിടിക്കുന്ന കൂട്ടത്തിൽ തിരുവിതാംകൂറിന്റെ ഭാഗമായി ഒരു കാലത്ത് നവോത്ഥാന ആശയങ്ങൾ ഉയർത്തിക്കൊണ്ടുവന്ന അയ്യാ വൈകുണ്ഠസ്വാമിയെ സംബന്ധിച്ച് പരാമർശിക്കാൻ നമുക്ക് കഴിഞ്ഞില്ല. ജാതി ഒൺറെ, മതം ഒൺറെ, വേഷം ഒൺറെ, ഭാഷ ഒൺറെ, ഉലകം ഒൺറെ തുടങ്ങിയ ആശയങ്ങൾ ഒരുകാലത്ത് ഉയർത്തിപ്പിടിച്ച അയ്യാ വൈകുണ്ഠസ്വാമിക്കുവേണ്ടി ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിക്കാൻ കഴിയുമെങ്കിൽ അത് ചെയ്യണം. കേന്ദ്ര സർക്കാർ സൃഷ്ടിച്ച സാമ്പത്തിക വിപത്തുകളെയും ആവർത്തിച്ചുപെയ്ത പെരുമഴ, പ്രളയം തുടങ്ങിയ പ്രകൃതി

ദുരന്തങ്ങളെയും ഒറ്റക്കെട്ടായി അതിജീവിച്ച്, കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ ലോകത്തിനാകെ മാതൃകയായി സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും ജീവജാലങ്ങൾക്കും ഭക്ഷണം ഉറപ്പാക്കിയ സർക്കാരിന്റെ തുടർച്ചയാണ് ഈ സർക്കാർ. പ്രതിസന്ധികളെ അതിജീവിച്ച് നമ്മുടെ സംസ്ഥാനത്തെ വികസിത രാജ്യങ്ങൾക്കൊപ്പമെത്തിക്കുന്നതിന് ദിശാബോധം പകരുന്ന വികസന രേഖയാണ് ഈ ബഡ്ജറ്റെന്നതിൽ തർക്കമില്ല. കോവിഡ് മഹാമാരിയെത്തുടർന്ന് ലോകമെങ്ങും രൂപപ്പെട്ട കടുത്ത പ്രതിസന്ധികൾക്കും കേന്ദ്രസർക്കാരിന്റെ സാമ്പത്തിക നയങ്ങൾ സൃഷ്ടിച്ച ആഘാതങ്ങൾക്കും മുന്നിൽ പതറിപ്പോകാതെ ആത്മവിശ്വാസത്തോടെ മുന്നോട്ടുപോകാൻ ജനങ്ങൾക്ക് കരുത്തേകുന്ന ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. ഭാവിയെക്കുറിച്ച് ജനങ്ങൾക്ക് ശുഭപ്രതീക്ഷ പുലർത്താൻ രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ ആദ്യ സമ്പൂർണ്ണ ബഡ്ജറ്റ് വഴിയൊരുക്കുകയാണ്. ഓരോ വ്യക്തിയെയും കുടുംബത്തെയും ഭാവിതലമുറകളെയും മുന്നിൽക്കണ്ട് ഏവരുടെയും ഉന്നമനവും സാമൂഹ്യനീതിയിലൂന്നിയ വികസനക്രമവും ഉറപ്പുവരുത്തുന്നുണ്ട്. കേന്ദ്രത്തിന്റെ വിനാശകരമായ നയങ്ങൾക്കുപകരം ശക്തമായ ജനക്ഷേമ തൊഴിലാളിപക്ഷ ബദൽ ഉയർത്തി മാതൃകയായ

കേരളം പ്രതിസന്ധിമുഖത്തും പ്രത്യാശ പകരുകയാണ്. കേന്ദ്രത്തിന്റെ ജനവിരുദ്ധ നയങ്ങൾ താങ്ങാനാകാത്ത ദുരിതങ്ങളിലേയ്ക്കും ദുരന്തങ്ങളിലേയ്ക്കും ജനങ്ങളെ തള്ളിനീക്കുമ്പോഴാണ് നാടിന്റെയും ജനങ്ങളുടെയും താൽപ്പര്യം സംരക്ഷിച്ച വിവിധ ജനക്ഷേമ പദ്ധതികൾ നടപ്പാക്കി പിണറായി വിജയൻ സർക്കാർ മുന്നോട്ടുപോകുന്നത്. മുൻ അമേരിക്കൻ പ്രസിഡന്റ് ജോൺ എഫ്. കെന്നഡിയുടെ അഭിപ്രായത്തിൽ സാമൂഹ്യ പുരോഗതിയില്ലാത്ത സാമ്പത്തിക വളർച്ച ബഹുഭൂരിപക്ഷം ആളുകളെയും ദാരിദ്ര്യത്തിൽ തുടരാൻ അനുവദിക്കുകയും പ്രത്യേക അവകാശമുള്ള ചുരുക്കം ചിലർ വർദ്ധിച്ചുവരുന്ന സമൃദ്ധിയുടെ നേട്ടങ്ങൾ കൊയ്യുകയും ചെയ്യുന്നു. ഇതിന്റെ ഉത്തമ ഉദാഹരണമാണ് കേന്ദ്രധനമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ പാർലമെന്റിൽ അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റ്. കോവിഡ് മഹാമാരിമൂലം തകർന്നടിഞ്ഞ സാധാരണക്കാരുടെ ജീവിതം തിരികെപ്പിടിക്കാനോ സമ്പദ്വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാനോ നിർദ്ദേശങ്ങളില്ലാത്ത കേന്ദ്ര ബഡ്ജറ്റ് ഊന്നൽ നൽകുന്നത് കോർപ്പറേറ്റുവൽക്കരണത്തിനും ദേശീയ ആസ്തികൾ വിറ്റഴിക്കുന്നതിനും മാത്രമാണ്. രാജ്യത്തെ പട്ടിണിപ്പാവങ്ങളുടെ അന്നന്നത്തെ അന്നത്തിന് വകനൽകുന്ന, എല്ലുമുറിയെ പണിയെടുക്കുന്നവനും സമൂഹത്തിലെ നിർദ്ധനരുമായ ജനങ്ങളുടെ പ്രതീക്ഷയും

പ്രത്യാശയുമായിരുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഒരു വർഷത്തിൽ നൂറ് ദിവസം ലഭിക്കുന്ന തൊഴിലും കൂലിയും ഈ പാവങ്ങൾക്ക് ഏറെ ആശ്വാസം പകർന്നിരുന്നു. 2021-22-ൽ കേന്ദ്ര സർക്കാർ തൊഴിലുറപ്പ് പദ്ധതിക്കായി 98,000 കോടി രൂപയാണ് നീക്കിവച്ചതെങ്കിൽ ഇത്തവണ അത് 73,000 കോടി രൂപയായി വെട്ടിക്കുറച്ചിരിക്കുന്നു. 25,000 കോടി രൂപയുടെ കുറവാണ് വന്നിട്ടുള്ളത്. ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ നിലപാട് വ്യക്തമാക്കണം. തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്ര ബഡ്ജറ്റ് അട്ടിമറിക്കുമ്പോൾ അശരണർക്കും നിരാലംബർക്കുമായി പടപൊരുതിയ അയ്യങ്കാളിയുടെ നാമധേയത്തിൽ നഗര മേഖലയിലെ സാധാരണക്കാരായ പാവങ്ങൾക്കുവേണ്ടി രാജ്യത്ത് ആദ്യമായി കേരളത്തിൽ ഇടതുപക്ഷ സർക്കാർ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പാക്കി. പ്രസ്തുത പദ്ധതിയിൽ 50 ലക്ഷം തൊഴിൽ ദിനങ്ങൾ സംരക്ഷിക്കാൻ 125 കോടി രൂപയാണ് ഈ വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത്. മാത്രമല്ല, രാജ്യത്ത് ആദ്യമായി അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാനുള്ള പദ്ധതിയും സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിരിക്കുന്നു. ആയതിലേയ്ക്കായി ആദ്യഘട്ടത്തിൽ നൂറ് കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതുവഴി

60,000-ത്തിലധികം കുടുംബങ്ങളെ നിത്യദാരിദ്ര്യത്തിൽനിന്നും കൈ പിടിച്ചുയർത്തുന്നത് ഇന്ന് രാജ്യത്തിനുതന്നെ മാതൃകയാണ്. കോർപ്പറേറ്റ് കുത്തകകൾക്ക് സർച്ചാർജ്ജ് ഇളവ് നൽകുന്നതിലേയ്ക്കായി സാധാരണക്കാരന്റെ ആനുകൂല്യങ്ങൾ കവർന്നെടുക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ ജനവിരുദ്ധ നയങ്ങളിൽ പൊറുതിമുട്ടിയ സാധാരണ ജനങ്ങൾക്ക് പ്രതീക്ഷയുടെ പൊൻകിരണമാണ് സംസ്ഥാന സർക്കാരിന്റെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയും അതിദാരിദ്ര്യ ലഘൂകരണ പദ്ധതിയുമെന്നത് അടിവരയിട്ട് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നാടിന്റെ സമസ്ത മേഖലകളെയും ഗുണപരമായി സ്വാധീനിക്കുകയും സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും ഗുണമേന്മയുള്ള ജീവിതം ഉറപ്പുവരുത്തുകയും ചെയ്യുകയാണ് ഒരു മികച്ച സർക്കാരിന്റെ മുഖമുദ്ര. അത്തരമൊരു സമീപനത്തിൽ ഈ സർക്കാർ പദ്ധതികൾ ആവിഷ്കരിക്കുകയും പ്രഖ്യാപിക്കുകയും മാത്രമല്ല, അവയുടെ നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും കൃത്യമായ വിലയിരുത്തൽ ഉറപ്പാക്കുകയും ചെയ്യുന്നു. കഴിഞ്ഞ സർക്കാർ തുടങ്ങിവയ്ക്കുകയും ഈ സർക്കാർ ഫലപ്രദമായി തുടരുകയും ചെയ്യുന്ന നൂറ് ദിന കർമ്മ പരിപാടി അതിന്റെ മികവുറ്റ ഒരുദാഹരണമാണ്. അമർത്യാസെന്നിനെപോലുള്ള

വിഖ്യാത സാമ്പത്തിക ശാസ്ത്രജ്ഞർ കേരളത്തിന്റെ ക്ഷേമോന്മുഖമായ വികസന മാതൃകയെ പ്രകീർത്തിച്ചിട്ടുണ്ട്. വികസിത രാജ്യങ്ങൾക്ക് തുല്യമായി സാമൂഹ്യനീതിയിലധിഷ്ഠിതമായ ക്ഷേമ പ്രവർത്തനങ്ങൾ ദൃശ്യമായ ആ വികസന മാതൃകയുടെ വിജയകരമായ നടപ്പാക്കലാണ് ഈ സർക്കാരിന് വീണ്ടും ജനകീയ അംഗീകാരം നേടിക്കൊടുത്തത്. കോവിഡ് വ്യാപനം ഉയർത്തിയ സാമ്പത്തിക പ്രതിസന്ധിക്കിടയിലും സർക്കാരിന്റെ ചിട്ടയോടെയുള്ള ക്ഷേമ പ്രവർത്തനങ്ങൾ ജനങ്ങൾക്ക് പകരുന്ന ആശ്വാസം ചെറുതല്ല. ഈ ക്ഷേമമാതൃകയ്ക്കൊപ്പം യുവത്വത്തിന്റെ പ്രതീക്ഷകളും സ്വപ്നങ്ങളും യാഥാർത്ഥ്യമാക്കാൻ ഭാവികേരളത്തെ സജ്ജമാക്കുന്ന ദീർഘദർശനത്തോടെയുള്ള അടിസ്ഥാന സൗകര്യ വികസനവും ലക്ഷ്യംവയ്ക്കുകയെന്നത് ഒരു മികച്ച സർക്കാരിന്റെ കടമയാണ്. ഗതാഗതക്കുരുക്കും റോഡപകടങ്ങളും അന്തരീക്ഷ മലിനീകരണവും ഉയർത്തുന്ന ആശങ്ക അവസാനിപ്പിക്കാനും അതിവേഗത്തിൽ സംസ്ഥാനത്തിന്റെ രണ്ടറ്റങ്ങളെയും ബന്ധിപ്പിക്കാനുമുതകുന്ന ഒരു യാത്രാമാർഗ്ഗം ഇന്ന് കേരളത്തിന് അനിവാര്യമാണ്. ആഗോള വിനോദസഞ്ചാര ഭൂപടത്തിൽ ഇടം നേടിയ സംസ്ഥാനമാണ് കേരളം. ഇവിടെയാണ് സംസ്ഥാനം വിഭാവന ചെയ്ത അർദ്ധ അതിവേഗ റെയിൽ

പദ്ധതിയായ സിൽവർ ലൈനിന്റെ പ്രസക്തി. തലസ്ഥാന നഗരത്തിൽനിന്നും 85 മിനിട്ടുകൊണ്ട് എറണാകുളത്തും നാലുമണിക്കൂർ കൊണ്ട് കാസർഗോഡും എത്തിച്ചേരാവുന്ന പാത, ഹൈ സ്പീഡ് റെയിലിനെക്കാൾ ചെലവ് കുറഞ്ഞതാണ്. ലോക വ്യാപകമായി പാരിസ്ഥിതികമായ ആശങ്ക ഉയർത്തുന്ന കാർബൺ പുറന്തള്ളൽ ഭീഷണി കുറഞ്ഞ പദ്ധതിയാണ് ഇതെന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്. സിൽവർ ലൈൻ നടപ്പിലാകുകയും റോഡ് ഗതാഗതത്തിനുള്ള ആശ്രിതത്വം കുറയുകയും ചെയ്യുമ്പോൾ കാർബൺ ബഹിർഗമനത്തിന്റെ തോത് ഗണ്യമായി കുറയ്ക്കാൻ സാധിക്കുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. സർക്കാർ മേഖലയിലും മറ്റിതര തൊഴിൽ മേഖലയിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് എല്ലാ ദിവസവും കേരളത്തിലെ ഏതു ജില്ലയിലും പോയി ജോലി ചെയ്ത് വീട്ടിലെത്താവുന്ന തരത്തിൽ സിൽവർ ലൈൻ പദ്ധതിയിലൂടെ സംസ്ഥാന സർക്കാർ ജീവിത സുരക്ഷയും ഗതാഗത സുരക്ഷയും ഒരുക്കുകയാണ്. ലോംഗ് ഇക്കണോമിക് കോവിഡ് എന്നറിയപ്പെടുന്ന ദീർഘകാല സാമ്പത്തിക പ്രതിസന്ധിക്കുമുന്നിൽ ലോകമാകെ പകച്ചുനിൽക്കുമ്പോൾ കേരളം ബദൽ നയങ്ങൾ നടപ്പാക്കുകയാണ്. കോവിഡാനന്തര ലോക സാമ്പത്തികക്രമം എങ്ങനെയാകണമെന്ന് ആഗോളതലത്തിൽ സാമ്പത്തിക വിദഗ്ദ്ധർ ചർച്ച

ചെയ്തുവരുന്ന ഈ കാലയളവിൽ കോവിഡാനന്തര ധനനയ സമീപനം എങ്ങനെയാകണമെന്ന് ലോകത്തിനുതന്നെ മാതൃകയാക്കാവുന്ന കേരള മോഡലാണ് ഇക്കൊല്ലത്തെ സംസ്ഥാന ബഡ്ജറ്റെന്ന് പറയാൻ ഈ സന്ദർഭത്തിൽ ആഗ്രഹിക്കുന്നു. ജനക്ഷേമവും മെച്ചപ്പെട്ട ജീവിത നിലവാരവും ഉറപ്പുവരുത്താനുള്ള എൽ.ഡി.എഫ്. ഗവൺമെന്റിന്റെ വിശാല കാഴ്ചപ്പാട് പ്രതിഫലിക്കുന്ന ഈ ബഡ്ജറ്റ്, കേരളം നേരിടുന്ന എല്ലാ പ്രശ്നങ്ങളെയും വെല്ലുവിളികളെയും അഭിമുഖീകരിക്കുകയും അവയ്ക്ക് പ്രതിവിധി കണ്ടെത്തുകയും ചെയ്യുന്നതോടൊപ്പം ദീർഘകാലത്തേയ്ക്കുള്ള വളർച്ചാ പാക്കേജ് മുന്നോട്ടുവയ്ക്കുകയും ചെയ്യുന്നു. ഉൽപ്പാദന മേഖലകൾ സജീവമാക്കിയും ഉൽപ്പാദനക്ഷമതയും തൊഴിലവസരങ്ങളും വർദ്ധിപ്പിച്ചും സമ്പദ്ഘടന അഭിമുഖീകരിക്കുന്ന പ്രതിസന്ധി മറികടക്കുകയാണ് ലക്ഷ്യം. വിശപ്പുരഹിത കേരളമെന്ന ആശയം മുൻനിർത്തി കഴിഞ്ഞ സർക്കാർ നടപ്പാക്കിയ പദ്ധതികൾ ലോകത്തിന് മാതൃകയാണ്. കേരളത്തിൽ ഒരാൾപോലും പട്ടിണി കിടക്കരുതെന്ന് സർക്കാർ ആഗ്രഹിക്കുന്നു. സാമൂഹിക പിന്തുണയോടെ ഇതിനായി നടത്തിയ ഇടപെടലുകൾ മാനവികതയുടെ അടയാളമായി മാറി. വിലക്കയറ്റം തടയാനും പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താനും ഭക്ഷ്യസുരക്ഷ

ഉറപ്പാക്കുന്നതിനുമായി 2,000 കോടി രൂപയാണ് ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത്. ലൈഫ് മിഷൻ വഴി ഇതിനകം 276465 കുടുംബങ്ങൾ സ്വന്തം വീടിന്റെ ഉടമകളായി. 2022-23 സാമ്പത്തിക വർഷത്തിൽ 106000 വ്യക്തിഗത വീടുകളും 2950 ഫ്ലാറ്റുകളും നിർമ്മിക്കുമെന്ന പ്രഖ്യാപനം തികച്ചും സ്വാഗതാർഹമാണ്. എന്നാൽ കോർപ്പറേറ്റുകൾക്ക് വാരിക്കോരി കൊടുക്കുന്ന കേന്ദ്ര സർക്കാർ കേരളത്തിന് അർഹമായ നികുതി വിഹിതം, ജി.എസ്.ടി. നഷ്ടപരിഹാരം, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ കൃത്യമായി ലഭ്യമാക്കുന്നതിൽ കാണിക്കുന്ന അവഗണനയ്ക്കെതിരെയുള്ള പ്രതിഷേധം രാഷ്ട്രീയമായി ഉയരണമെന്ന ആഹ്വാനവും ഈ ബഡ്ജറ്റിലൂടെ മുന്നോട്ടുവച്ചിട്ടുണ്ട്. കേരളത്തെ അറിവിന്റെ സമൂഹമാക്കി മാറ്റാനും വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേയ്ക്ക് നയിക്കാനും സവിശേഷമായ ഒട്ടേറെ നടപടികൾ പ്രഖ്യാപിച്ച ഈ ബഡ്ജറ്റ് ചരിത്രത്തിലെ മായാമുദ്രയായി മാറും. തൊഴിലില്ലായ്മ പരിഹരിക്കൽ മുൻനിർത്തി ഉന്നത വിദ്യാഭ്യാസത്തിലടക്കം വമ്പിച്ച അഴിച്ചുപണികൾക്കും മാറ്റങ്ങൾക്കും പദ്ധതി രൂപപ്പെടുത്തുന്നുണ്ട്. അറിവും പ്രതിഭയും സർഗ്ഗശേഷിയുമെല്ലാം സമന്വയിപ്പിച്ചുള്ള മുന്നേറ്റത്തിനൊപ്പം ഒരുതരത്തിലുമുള്ള വ്യത്യാസമില്ലാതെ എല്ലാവരെയും ചേർത്തുനിർത്തുന്ന ആരോഗ്യസുരക്ഷ, ഭക്ഷ്യസുരക്ഷ, സാമൂഹ്യസുരക്ഷ,

വിദ്യാഭ്യാസ സൗകര്യം എന്നിവ ഉറപ്പാക്കുന്ന നടപടികൾക്കും ഈ വർഷത്തെ സംസ്ഥാന ബഡ്ജറ്റ് ലക്ഷ്യമിടുന്നുണ്ട്. എന്നാൽ ഇതിൽനിന്നൊക്കെ വിഭിന്നമായിരുന്നു കേന്ദ്ര ബഡ്ജറ്റ്. കേരളമുന്നയിച്ച പല ആവശ്യങ്ങളും അംഗീകരിച്ചില്ലെങ്കിലും സംസ്ഥാനം നടപ്പാക്കിയ പദ്ധതികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തി രാജ്യത്തിന് മാതൃകയാക്കുമെന്ന് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമം, വികസനം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ വിവിധ രംഗങ്ങളിൽ കേരളം കൈവരിച്ച പ്രഥമ സ്ഥാനങ്ങൾ നിലനിർത്തുകയും പുതിയ നേട്ടങ്ങൾ ആർജ്ജിക്കുകയും വേണം. നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികപ്രകാരം ഒട്ടേറെ സുപ്രധാന മേഖലകളിൽ കേരളം തുടർച്ചയായി രാജ്യത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുകയാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ ഇച്ഛാശക്തിയും ജനകീയ പ്രതിബദ്ധതയും വികസന കാഴ്ചപ്പാടുമാണ് അഭിമാനകരമായ ഈ നേട്ടങ്ങളുടെ അടിസ്ഥാന ശില. സാമൂഹികക്ഷേമത്തിനൊപ്പം സാമ്പത്തിക വളർച്ചയും സുസ്ഥിര വികസനവും ഉറപ്പുനൽകുന്ന നവകേരള സൃഷ്ടിയുടെ രണ്ടാം ഘട്ടം സമ്പൂർണ്ണ വിജയമാക്കാൻ തുടർഭരണം അനിവാര്യമാണെന്ന് തിരിച്ചറിഞ്ഞാണ് ജനങ്ങൾ എൽ.ഡി.എഫ്.-നെ വീണ്ടും അധികാരമേൽപ്പിച്ചത്. പദ്ധതികൾ തടസ്സപ്പെടുത്താനുള്ള നീക്കങ്ങൾക്കും

വിവാദങ്ങൾക്കും കീഴ്പ്പെടാതെ ജനങ്ങളോടുള്ള ഉത്തരവാദിത്വം പൂർണ്ണമായി നിറവേറ്റുമെന്ന പ്രഖ്യാപനമാണ് ബഡ്ജറ്റിൽ മുഴങ്ങുന്നത്. രാഷ്ട്രീയ വ്യത്യാസമില്ലാതെ ഇത് യാഥാർത്ഥ്യമാക്കുന്നതിൽ പങ്കാളികളാകുകയാണ് കേരളത്തെ സ്നേഹിക്കുന്നവരുടെ കടമയെന്ന കാര്യം ഈ സന്ദർഭത്തിൽ ഓർമ്മിപ്പിക്കുകയാണ്. 'വെറും ഭരണത്തിലല്ല, ഭരിക്കുന്നവെന്ന് ജനങ്ങൾക്ക് ബോദ്ധ്യപ്പെടുമ്പോഴാണ് ഏതൊരു ഗവൺമെന്റും അർത്ഥവത്താകുന്നത്' എന്ന് മഹാനായ കാറൽ മാർക്സ് പറയുകയുണ്ടായി. കേരളത്തിൽ സഖാവ് പിണറായി വിജയൻ സർക്കാരിന്റേത് വെറും ഭരണമല്ലെന്ന് ജനങ്ങൾക്ക് ബോദ്ധ്യമായി. അങ്ങനെ ഈ ഗവൺമെന്റ് അർത്ഥമുള്ളൊരു ഗവൺമെന്റായി മാറുകയാണെന്ന കാര്യംകൂടി അറിയിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ലെനിന്റെ ഭരണകാലത്ത് 'ബാക്കു' എന്നുപറയുന്ന സ്ഥലത്തെ കമ്മ്യൂണിസ്റ്റുകൾ സ്കൂൾകുട്ടികളെ ഒരു പാർക്കിലേയ്ക്ക് കൊണ്ടുപോയിട്ട് ഭക്ഷണത്തിനുവേണ്ടി ബൈബിളിൽ തൊട്ട് പ്രാർത്ഥിക്കാൻ പറഞ്ഞു. കാരണം ബൈബിളിലുള്ള വിശ്വാസം കുറയ്ക്കുക എന്നുള്ളതായിരുന്നു ആ കാലഘട്ടത്തിലെ ഉദ്ദേശ്യം. ബൈബിൾ തൊട്ട് കുട്ടികൾ ഭക്ഷണത്തിനുവേണ്ടി പ്രാർത്ഥിച്ചു, ഭക്ഷണം വന്നില്ല.

അതിനുശേഷം ലെനിനെ വിളിച്ച് പ്രാർത്ഥിക്കാൻ കുട്ടികളോട് പറഞ്ഞു. ലെനിനെ വിളിച്ച് പ്രാർത്ഥിച്ചപ്പോൾ അവിടെ തടഞ്ഞുവച്ചിരുന്ന എല്ലാ വാഹനങ്ങളും അകത്തേയ്ക്ക് കയറ്റിവിട്ടു. എന്നിട്ട് കുട്ടികൾക്ക് റൊട്ടിയും ചീസും പഴവർഗ്ഗങ്ങളുമൊക്കെ കൊടുത്തു. എന്നിട്ട് നിങ്ങൾക്ക് ആരാണ് അന്നം തന്നതെന്ന് അവരോട് ചോദിച്ചു. ലെനിനാണെന്ന് കുട്ടികൾ പറഞ്ഞു. അപ്പോൾ ആരാണ് ദൈവം? ദൈവം ജീസസ് അല്ല, ലെനിനാണെന്ന് ചരിത്രത്തിൽ നിന്ന് നമുക്ക് വായിച്ചെടുക്കാൻ കഴിയും. പച്ചീരി വിഷ്ണുക്ഷേത്രത്തിനുമുന്നിൽ 'അന്നം തരുന്നവനാണ് ദൈവം' എന്നുപറഞ്ഞുകൊണ്ട് ഒരു വലിയ ചിത്രം വയ്ക്കുകയുണ്ടായി. അത് ശ്രീ. പിണറായി വിജയന്റെ ചിത്രമാണ്. അന്നം തരുന്നവനാണ് ദൈവം എന്നാണ് ലെനിന്റെ കാലഘട്ടത്തിലും കമ്മ്യൂണിസ്റ്റുകൾ പറഞ്ഞത്. ഇപ്പോഴും അന്നം തരുന്നവനാണ് ദൈവം. അന്ന് റൊട്ടിയും വെണ്ണയുമാണ് നൽകിയതെങ്കിൽ ഇപ്പോൾ കിറ്റാണ് എന്നുള്ള ഒരൊറ്റ വ്യത്യാസമേയുള്ളൂ. അന്ന് കുട്ടികളാണ് ഇത് വിശ്വസിച്ചതെങ്കിൽ ഇന്ന് എം.എൽ.എ.-മാരാണ് ശ്രീ. പിണറായി വിജയൻ ദൈവമാണെന്ന് വിശ്വസിക്കുന്നത് എന്നൊരു വ്യത്യാസം കൂടിയുണ്ട്. എത്ര വലുതായാലും ഇവർക്ക് കുട്ടികളുടെ ബുദ്ധിയാണെന്നതിന്റെ ഏറ്റവും വലിയ തെളിവാണിത്.

2021-22-ലെ ബഡ്ജറ്റിൽ പ്രതിപാദിച്ച സ്മാർട്ട് കിച്ചൺ, മലബാർ ലിറ്ററി സർക്യൂട്ട്, ബയോഡൈവേഴ്സിറ്റി സർക്യൂട്ട്, കശുമാവിൽ നിന്നും മദ്യം ഉൽപ്പാദിപ്പിക്കൽ, വാക്സിൻ നിർമ്മാണ കേന്ദ്രം എന്നിവയൊക്കെ എവിടെപ്പോയി; അതൊക്കെ എവിടെയെത്തി എന്നുള്ളത് അങ്ങ് പരിശോധിക്കണം. എന്നാൽ ഈ വർഷത്തെ ബഡ്ജറ്റിൽ ചെറിയ മാറ്റങ്ങളുണ്ടായി. കശുമാവിൽനിന്നും മദ്യം ഉണ്ടാക്കുന്നതിനുപകരം ഇനി മുതൽ മരച്ചീനിയിൽനിന്നുമാണ് ഉണ്ടാക്കുന്നത്. ബയോഡൈവേഴ്സിറ്റി സർക്യൂട്ട് ഇപ്രാവശ്യം തീർത്ഥാടന സർക്യൂട്ടായി മാറി. അങ്ങനെ ചിലതൊക്കെ മാറി എന്നുള്ളതല്ലാതെ ഇവിടെ പറഞ്ഞ കാര്യങ്ങൾ എന്തെങ്കിലും നടപ്പായിട്ടുണ്ടോ എന്ന് ഭരണപക്ഷത്തുള്ളവർതന്നെ ആലോചിക്കട്ടെ. യു.എൻ.ഡി.പി. (യുണൈറ്റഡ് നാഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം) ഒരു ബഡ്ജറ്റ് അവതരിപ്പിച്ചുകഴിഞ്ഞാൽ അതിൽ പറഞ്ഞകാര്യം ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ അതിനെ ലോൺട്രി ലിസ്റ്റ് എന്നൊരു ലിസ്റ്റാക്കി മാറ്റും. ഇവിടെ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് മുഴുവനും ലോൺട്രി ലിസ്റ്റായി മാറിയിരിക്കുന്നുവെന്നുള്ളതാണ് സത്യം. അങ്ങനെ വരുമ്പോൾ ലോൺട്രി ലിസ്റ്റെടുത്ത് വീണ്ടും ഓഡിറ്റ് ചെയ്യുകയെന്നുള്ളത് പ്രതിപക്ഷത്തിന്റെ ചുമതലയാണ്. അതാണ് ഞങ്ങൾ ഇപ്പോൾ

ചെയ്തുകൊണ്ടിരിക്കുന്നത്. പ്രതിപക്ഷത്തിന്റെ കടമയാണ് ഞങ്ങൾ നിർവ്വഹിക്കുന്നത്. എന്റെ പ്രിയപ്പെട്ട എ. എൻ. ഷംസീറേ, നിങ്ങൾക്ക് മാൻഡേറ്റ് കിട്ടിയെന്ന് താങ്കൾ പറഞ്ഞല്ലോ. ഞങ്ങൾക്കും മാൻഡേറ്റ് കിട്ടിയിട്ടുണ്ട്. ഭൂരിപക്ഷം വോട്ടിലല്ല നിങ്ങൾ മാൻഡേറ്റ് ചെയ്തുകൊണ്ടിരിക്കുന്നത്. 45 ശതമാനമാണ് നിങ്ങൾക്ക് കിട്ടിയതെങ്കിൽ 40 ശതമാനം മാൻഡേറ്റ് ഞങ്ങൾക്കുമുണ്ട്. ഇൻഡ്യൻ നാഷണൽ കോൺഗ്രസിന് 25.12%, സി.പി.ഐ.(എം.)-ന് 25.38%. അതായത് രണ്ട് പോയിന്റിന്റെ വ്യത്യാസമേയുള്ളൂ. ഐ.യു.എം.എൽ.-ന് - 8.27%, സി.പി.ഐ.-ക്ക് 7.58%. ഇവിടെ ഇരിക്കാനും ജനങ്ങൾ ഞങ്ങൾക്ക് മാൻഡേറ്റ് നൽകിയിട്ടുണ്ട്. അത് എന്തിനുവേണ്ടിയാണ്? നിങ്ങൾ പറയുന്നത് കേട്ടിരിക്കാനും നിങ്ങൾ മിണ്ടരുത്, ഞങ്ങൾക്ക് മാൻഡേറ്റുണ്ട് എന്നുപറയുന്നത് കേട്ട് പോകാനുമാണോ; അല്ല. നിങ്ങളുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നതിന് വേണ്ടിയുള്ള മാൻഡേറ്റാണ് ഞങ്ങൾക്ക് ലഭിച്ചിട്ടുള്ളത്. അതുകൊണ്ടാണ് പ്രതിപക്ഷം എന്നൊരു ഘടകം ജനാധിപത്യത്തിലുള്ളത്. ശ്രീ. എ. എൻ. ഷംസീർ, ജനാധിപത്യത്തിലെ പ്രതിപക്ഷം എന്തെങ്കിലുമൊന്ന് മിണ്ടിയാൽ 'മിണ്ടിപ്പോകരുത്, നിങ്ങളുടെ നെഞ്ചത്തുകൂടി ഞങ്ങളിത് ചെയ്യും' എന്നൊരിക്കലും പറയാൻ പാടില്ല.

അതുകൊണ്ട് അങ്ങേയ്ക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കും. നമ്മുടെ ബഹുമാനപ്പെട്ട കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിയോട് ഞാനൊരു ചോദ്യം ചോദിച്ചു. ആറേഴ് ദിവസം മുമ്പുള്ള വഖഫ് ബോർഡ് മീറ്റിംഗിലെ അജണ്ടയിൽ ഒരു കാര്യം വന്നിരുന്നു. അതുസംബന്ധിച്ച് അറിഞ്ഞില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. പക്ഷേ ആ അജണ്ട ഇതാണ് (ഒരു പേപ്പർ ഉയർത്തിക്കാട്ടി). അതിലെ നാലാമത്തെ ഇനം, കേരളാ സ്റ്റേറ്റ് വഖഫ് ബോർഡിനുവേണ്ടി പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് സ്ഥാപിക്കുന്നതിനുള്ള സർക്കാർ കത്ത് സംബന്ധിച്ചാണ്. റിക്രൂട്ട്മെന്റ് ബോർഡ് സ്ഥാപിക്കുന്നത് സംബന്ധിച്ച അഭിപ്രായം ചോദിച്ചുകൊണ്ട് സർക്കാരിന്റെ പേരിൽ ആരോ ഒരു കത്തയച്ചിട്ടുണ്ട്. പക്ഷേ അന്നുരാവിലെ ആളുകൾ മീറ്റിംഗിന് വന്നപ്പോൾ ഇക്കാര്യം അജണ്ടയിലില്ല. അത് പിൻവലിച്ചിരിക്കുന്നു. ശ്രീ. സുരേഷ് ഗോപിയുടെ ഭാഷയിൽ പറഞ്ഞാൽ 'ദാ വന്നു, ദേ പോയി'. അതുകൊണ്ട് ഇത് ആരാണ് പിൻവലിച്ചത്; ഏത് മിന്നൽ മുരളിയാണ് ഇതെടുത്ത് മാറ്റിയത് എന്നുള്ളത് കണ്ടുപിടിക്കണം. ഇതുസംബന്ധിച്ച് മന്ത്രിക്കുപോലും അറിയില്ല. അതിനെപ്പറ്റി ധാരണയില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. നിങ്ങളിലാരോ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കണമെന്ന് ആഗ്രഹിക്കുന്നുണ്ട്. പക്ഷേ ആരോ റിക്രൂട്ട്മെന്റ്

ബോർഡ് രൂപീകരിക്കാൻ സമ്മതിക്കില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഫലമാണ് ഒരാഴ്ചമുമ്പ് വന്ന അജണ്ടയിലെ ഇനം അപ്രത്യക്ഷമായതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

നിലവിലുള്ള കേന്ദ്ര ആക്ട് അനുസരിച്ച് ഭിന്നശേഷിക്കാർക്ക് 25 ശതമാനമെങ്കിലും കൂടുതൽ പെൻഷൻ കൊടുക്കണം. എന്നാൽ അത് നിലനിൽക്കെ നിങ്ങൾ എല്ലാ പെൻഷനുകളും സംയോജിപ്പിച്ച് ഒറ്റ പെൻഷനാക്കി മാറ്റിയിരിക്കുകയാണ്. പാർലമെന്റ് പാസ്സാക്കിയ ഭിന്നശേഷി അവകാശ നിയമത്തിലെ അദ്ധ്യായം 5, അനുച്ഛേദം 24(1) പ്രകാരം എല്ലാ സാമൂഹ്യ സുരക്ഷാ പദ്ധതികളും സാധാരണ നൽകുന്ന ആനുകൂല്യങ്ങളേക്കാൾ 25 ശതമാനമെങ്കിലും കൂട്ടി ഭിന്നശേഷിക്കാർക്ക് നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പക്ഷേ നിങ്ങൾ ആ വ്യവസ്ഥകളെ മുഴുവൻ കാറ്റിൽപ്പറത്തിക്കൊണ്ട് നടപ്പാക്കാതിരിക്കുകയാണ്. ഇപ്പോൾ പൊതുകടം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അക്കാര്യത്തിൽ കേരളം ഇന്ത്യയിൽ 9-ാം സ്ഥാനത്ത് എത്തിയിരിക്കുകയാണ്. 3.29 ലക്ഷം കോടി രൂപയാണ് കേരളത്തിലെ ഇപ്പോഴത്തെ പൊതുകടം. ഓരോ വർഷത്തെയും കടങ്ങളെക്കുറിച്ച് ഞാൻ പറയുന്നില്ല. കടം കൂടിക്കൂടി വരികയാണ്. കഴിഞ്ഞ ബഡ്ജറ്റും ഈ ബഡ്ജറ്റും തമ്മിലുള്ള ഒറ്റവ്യത്യാസം അന്നത്തെ ബഡ്ജറ്റിൽ

കുറെ കവിതകളുണ്ടായിരുന്നു എന്നതാണ്. ഇപ്പോൾ വരണ്ടുപോയ ഒരു ബഡ്ജറ്റായി മാറി. അദ്ദേഹം കാര്യം മാത്രം പറഞ്ഞുപോകുകയാണ് ചെയ്യുന്നത്. മുമ്പ് കഥാപ്രസംഗങ്ങളൊക്കെ ഉണ്ടായിരുന്നു. അതൊക്കെ മാറി നല്ല അക്ഷരസ്ഫുടതയോടുകൂടിയുള്ള പ്രസംഗം കേട്ടു എന്നുള്ളതല്ലാതെ അതിൽ എന്തെങ്കിലും നടക്കുമോ എന്നുള്ളതിനെക്കുറിച്ച് യാതൊരു ധാരണയുമില്ല. ഇവിടെ ശ്രീ. സി. കെ. ഹരീന്ദ്രൻ ഹൈസ്പീഡ് റെയിലിനെക്കുറിച്ച് പറഞ്ഞു. അങ്ങ് 'പീപ്പിൾസ് ഡെമോക്രസി'-യിലെ ലേഖനത്തിലെ ഒറ്റവരി വായിച്ചാൽ മതിയാകും. അതായത്, High Speed Rail in India would be a massively expensive white elephant involving enormous public expenditure that India can ill afford, detracting from badly needed public investment in social infrastructure and poverty eradication. അത് വൈറ്റ് എലിഫന്റ് ആകുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഞങ്ങൾ തിരുത്തുന്നതാണല്ലോ ഈ ലേഖനം. ഞങ്ങൾ തിരുത്തുന്ന ലേഖനംപോലും നിങ്ങൾ വായിക്കുന്നില്ല എന്നുപറഞ്ഞാൽ എന്താണ് ചെയ്യുക? ഞങ്ങൾ തിരുത്തുന്ന ലേഖനത്തിൽ പറഞ്ഞിരിക്കുന്നത് it's a very bad idea എന്നാണ്. അതുകഴിഞ്ഞ് 'Gangster State: The Rise and Fall of the CPI(M) in West Bengal' എന്നൊരു പുസ്തകമിറങ്ങി. അത് എഴുതിയത്

ശ്രീ. സൗർജിയ ഭൗമിക് ആണ്. അത് ആരാണെന്ന് അറിയാമോ? അവിടത്തെ എസ്.എഫ്.ഐ.-യുടെ പ്രവർത്തകനായി, പ്രസിഡൻസി കോളേജിൽ ഒരുപാട് വർഷം പഠിച്ച ഒരാളാണ് അവസാനം 'Gangster State' എന്ന പുസ്തകം എഴുതിയത്. എങ്ങനെയാണ് ഗുണ്ടായിസത്തിലൂടെ സിംഗൂർ ഗ്രാമമുണ്ടാക്കാൻ വേണ്ടി ബുദ്ധദേവ് ഭട്ടാചാര്യ ശ്രമിച്ചത്; എങ്ങനെ കാലാകാലത്തേയ്ക്കും കമ്മ്യൂണിസം ഇല്ലാതായി എന്നത് സംബന്ധിച്ചുള്ള ബുക്കാണത്. ഇത് വായിച്ചുനോക്കിയിട്ട് കെ-റെയിൽ വേണോ വേണ്ടയോ എന്നുള്ളത് നിങ്ങൾ തീരുമാനിച്ചാൽ മതി. ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. കാരണം കമ്മ്യൂണിസം ഈ കോലത്തിൽ ആകുന്നുണ്ടെങ്കിൽ അതിന്റെ അന്ത്യ പ്രാർത്ഥനയ്ക്കുവേണ്ടി ഞങ്ങൾ കാത്തിരിക്കുകയാണ് എന്നുമാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീമതി സി. കെ. ആശ: സർ, 2021-2022-ലെ അന്തിമ ഉപധനാഭ്യർത്ഥനകളേയും വിവിധ വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളേയും പൂർണ്ണമായും പിന്തുണയ്ക്കുന്നു. സംസ്കൃതത്തിൽ ഒരു ചൊല്ലുണ്ട്: 'മിതംച, സാരംച, വചോഹി വാഗ്മിത'- മിതമായ ഭാഷയിൽ സാരാംശത്തോടെ സംസാരിക്കുന്നവരെയാണ് വാഗ്മികൾ എന്നുപറയുന്നത്. ആ ഒരർത്ഥത്തിൽ നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി

ശ്രീ. കെ. എൻ. ബാലഗോപാൽ ഒരു തികഞ്ഞ വാഗ്മിയാണ് എന്നുപറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. കേരളത്തിന്റെ ഇരുപത്തിയഞ്ച് വർഷത്തെ വികസനം മുന്നിൽക്കണ്ടുകൊണ്ട് പ്രഖ്യാപനങ്ങൾ നടത്തിയ ബഡ്ജറ്റ് പ്രസംഗവും കാര്യമാത്രപ്രസക്തമായ ഇന്നലത്തെ മറുപടി പ്രസംഗവും മിതമായും സാരമായും എങ്ങനെ കാര്യങ്ങളെ അവതരിപ്പിക്കാമെന്നതിന്റെ ഉത്തമ ഉദാഹരണങ്ങളാണ്. ഇപ്പോൾ നമുക്കുമുമ്പിൽ രണ്ട് ബഡ്ജറ്റുകളാണുള്ളത്. ഒന്ന്, മാർച്ച് മാസം 11-ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച കേരളത്തിന്റെ ബഡ്ജറ്റ്. ആ ബഡ്ജറ്റിൽ എന്തെങ്കിലും അത്ഭുതമുണ്ടാകുമെന്ന് ആരും പ്രതീക്ഷിച്ചിരുന്നതായി തോന്നുന്നില്ല. എന്നാൽ ജനങ്ങൾക്കും കേരളത്തിനും ഗുണകരമാകുന്ന കുറച്ചുകാര്യങ്ങൾ അതിലുണ്ടാകുമെന്ന് ഉറപ്പായിരുന്നു. എന്നാൽ ഫെബ്രുവരി മാസം 1-ന് ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ രാജ്യത്തെ സാധാരണ ജനങ്ങൾക്കും തൊഴിലാളികൾക്കും വളരെ ആശങ്കയായിരുന്നു. ജനങ്ങളുടെ ആശങ്ക ശരിയായിരുന്നുവെന്ന് ആ ബഡ്ജറ്റ് തെളിയിക്കുകയും ചെയ്തു. ഇവിടെ കാര്യങ്ങൾ വ്യക്തമാണ്. ശ്രീമതി നിർമ്മലാ സീതാരാമൻ

അവതരിപ്പിച്ചത് കോർപ്പറേറ്റുകളുടെ ബഡ്ജറ്റ് ആയിരുന്നുവെങ്കിൽ ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചത് ജനങ്ങൾക്കുവേണ്ടി നവകേരളം സൃഷ്ടിക്കുന്നതിനുള്ള ബഡ്ജറ്റായിരുന്നു. കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപനങ്ങളുടെ ഘോഷയാത്രയായിരുന്നു. ജി.ഡി.പി. വളർച്ച 9.2 ആയി ഉയരുമെന്നും 80 ലക്ഷം പേർക്ക് വീടുവച്ച് നൽകുമെന്നും 60 ലക്ഷം കുടുംബങ്ങൾക്ക് ശുദ്ധജലമെത്തിക്കുമെന്നും 400 ട്രെയിനുകൾ പുതുതായി ഓടിക്കുമെന്നും തുടങ്ങി ഒട്ടേറെ പ്രഖ്യാപനങ്ങൾ ആ ബഡ്ജറ്റിലുണ്ടായിരുന്നു. എന്നാൽ 2014 മുതലുള്ള ശ്രീ. നരേന്ദ്ര മോദിയുടെ വാഗ്ദാനങ്ങൾക്ക് എന്ത് സംഭവിച്ചുവെന്ന് പരിശോധിച്ചാൽ, ആ ബഡ്ജറ്റിലെ പൊള്ളത്തരം ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. ഇതൊക്കെയാണെങ്കിലും ബി.ജെ.പി. സർക്കാർ പറയുന്നത് പ്രവർത്തിക്കുകയും അതിൽ വിജയിക്കുകയും ചെയ്യുന്ന ഒട്ടേറെ കാര്യങ്ങൾ നമുക്ക് അംഗീകരിക്കാതിരിക്കാനും തരമില്ല. കോർപ്പറേറ്റുകൾക്ക് ആനുകൂല്യം നൽകുന്നതിൽ അവർക്ക് നല്ല ജാഗ്രതയാണ്. യൂണിയൻ ബഡ്ജറ്റിൽ കോർപ്പറേറ്റ് നികുതി 30 ശതമാനത്തിൽനിന്നും 22 ശതമാനമായി കുറച്ച് 1.45 ലക്ഷം കോടി രൂപ അവർക്ക് നേട്ടമുണ്ടാക്കിക്കൊടുത്തുവെന്നത് നാം ശ്രദ്ധിക്കണം. ദേശസാൽകൃത ബാങ്കുകളിൽനിന്നും കോർപ്പറേറ്റുകൾ എടുത്ത 8.75 കോടി രൂപയുടെ വായ്പ

എഴുതിത്തള്ളാൻ കാര്യക്ഷമമായി പ്രവർത്തിച്ചു. റിസർവ് ബാങ്കിന്റെ ലാഭവിഹിതം പൂർണ്ണമായും ഊറ്റിയെടുക്കാൻ ആവശ്യമായതെല്ലാം ചെയ്തുകൊടുത്തു. ഒരു ലിറ്റർ പെട്രോളിൽനിന്ന് 33 രൂപയും ഡീസലിൽനിന്ന് 32 രൂപയും ടാക്സിനത്തിൽ കേന്ദ്ര സർക്കാരിന് ലഭിക്കാൻ നടപടി സ്വീകരിച്ചുവെന്ന് മാത്രമല്ല അതിന്റെ ആനുപാതിക വിഹിതം സംസ്ഥാന സർക്കാരുകൾക്ക് ലഭിക്കാതിരിക്കാൻ അഡീഷണൽ എക്സൈസ് ഡ്യൂട്ടിയെന്ന് പേരുമാറ്റാൻ ജാഗ്രത കാണിക്കുകയും ചെയ്തു. കിട്ടുന്ന വിലയ്ക്ക് പൊതുമേഖല സ്ഥാപനങ്ങൾ കോർപ്പറേറ്റുകൾക്ക് കൈമാറാൻ അവർ മിടുക്കരാണെന്ന് ഇപ്പോൾ തെളിയിച്ചുകൊണ്ടിരിക്കുകയാണ്. ജി.ഡി.പി.-യുടെ മൂന്നുശതമാനത്തിൽ കൂടുതൽ വായ്പയെടുക്കുന്നതിന് സംസ്ഥാനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയ കേന്ദ്ര സർക്കാർ ജി.ഡി.പി.-യുടെ 6.9 ശതമാനം വായ്പ കേന്ദ്രത്തിന് എടുക്കാനാവശ്യമായ നടപടികളെല്ലാം സ്വീകരിച്ചു. കുറുക്കുവഴിയിലൂടെ സമ്പന്നരെ അതിസമ്പന്നരാക്കുന്ന നയമാണ് ബി.ജെ.പി.-യുടേത് എന്നാണ് ഇതിലൂടെ നാം മനസ്സിലാക്കുന്നത്. കൂടാതെ ഇതേ ബഡ്ജറ്റിൽത്തന്നെ പരിഗണിക്കപ്പെടാതെ പോയ ഒട്ടേറെ ഘടകങ്ങളുമുണ്ട്. തൊഴിലുറപ്പ് പദ്ധതി, കാർഷിക മേഖല, വിദ്യാഭ്യാസം, ഗ്രാമ വികസനം, വനിതകളുടെ സുരക്ഷ, ഭക്ഷ്യ സബ്സിഡി, വളം

സബ്സിഡി എന്നിവയ്ക്കെല്ലാം മുൻവർഷത്തേക്കാൾ ബഡ്ജറ്റ് വിഹിതം കുറച്ചുവെന്നത് നാം മനസ്സിലാക്കണം. ഇവിടെയാണ് നമ്മുടെ സംസ്ഥാനത്തെ 2022-23 വർഷത്തെ ബഡ്ജറ്റിനെ നോക്കിക്കാണേണ്ടത്. കേരളം നേരിടുന്ന ഏറ്റവും വലിയ വിഷയം സാമ്പത്തിക പ്രതിസന്ധിയാണെന്ന് നമുക്കെല്ലാവർക്കുമറിയാം. കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധി എന്തുകൊണ്ടാണിത്ര രൂക്ഷമായതെന്ന് ഈ സഭാതലത്തിൽത്തന്നെ നിരവധി തവണ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. 2016-ലെ നോട്ട് നിരോധനം, 2017-ലെ ജി.എസ്.ടി. പരിഷ്കാരം എന്നിവ ഒരു ഗൃഹപാഠവും കൂടാതെയാണ് കേന്ദ്രസർക്കാർ നടപ്പാക്കിയത്. ജി.എസ്.ടി. നടപ്പാക്കുന്നതുവരെ ഓരോവർഷവും വിൽപ്പന നികുതിയിലും തുടർന്ന് വാറ്റിലും 18-20 ശതമാനം വരെ വർദ്ധനവുണ്ടാകുമായിരുന്നു. ജി.എസ്.ടി. വന്നപ്പോൾ അത് 11 ശതമാനമായി കുറഞ്ഞു. 14 ശതമാനം വർദ്ധനവ് കണക്കാക്കിയുള്ള ഇതിന്റെ നഷ്ടപരിഹാരം ജൂൺ മാസത്തിൽ അവസാനിക്കുമെന്നതും ഏറെ ആശങ്കയുളവാക്കുന്ന കാര്യമാണ്. 2018-2019 വർഷങ്ങളിലെ വെള്ളപ്പൊക്ക ദുരന്തങ്ങൾ സർക്കാരിന്റെ ബാധ്യത ഇരട്ടിയാക്കിയെന്നത് നമുക്കറിയാം. 2020-21 വർഷക്കാലം കോവിഡ് മഹാമാരിയുടെ കാലഘട്ടമായിരുന്നു. ഈ സമയങ്ങളിലെല്ലാം വരുമാനം കുത്തനെ കുറയുകയും ചെലവ് കുതിച്ചുയരുകയും

ചെയ്തു. പുതിയ സാമ്പത്തിക വർഷത്തിൽ സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കൂടുതൽ രൂക്ഷമാകുമോ എന്ന ആശങ്ക നമുക്കില്ലാതില്ല. കാരണം ജനസംഖ്യാനുപാതികമായി കേരളത്തിന് 2.77 ശതമാനം കേന്ദ്രവിഹിതം ലഭ്യമാകേണ്ടതാണ്. എന്നാൽ 1.92 ശതമാനം മാത്രമാണ് കേന്ദ്രസർക്കാർ വകയിരുത്തിയിരിക്കുന്നത്. ഇതിലൂടെ ഒരു വർഷം 9,000 കോടി രൂപയുടെ നഷ്ടമാണുണ്ടാകുന്നത്. ജി.എസ്.ടി. നഷ്ടപരിഹാരം അവസാനിക്കുന്നതിലൂടെ ഒരുവർഷം 12,000 കോടിയിലധികം രൂപയുടെ വരുമാനം ഇല്ലാതാകും. കമ്മി നികത്തുന്നതിനുള്ള സഹായം കിട്ടാതെയും കൂടിയാകുമ്പോൾ 4,000 കോടി രൂപ കുറയും. വായ്പാപരിധി 5 ശതമാനമാക്കി ഉയർത്തണമെന്ന സർക്കാരിന്റെ ആവശ്യം കേന്ദ്രസർക്കാർ ഇതുവരെ അംഗീകരിച്ചിട്ടില്ല. അങ്ങനെ ആകെ വരുമാനത്തിൽ 25,000-ത്തിലധികം കോടി രൂപയുടെ കുറവ് അടുത്ത സാമ്പത്തിക വർഷത്തിലുണ്ടാകുമെന്നാണ് ഏകദേശം കണക്കാക്കുന്നത്. ഈ പ്രതിസന്ധികൾക്കിടയിൽ നിന്നുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് ഇത്രയും നല്ലൊരു ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. ജനങ്ങൾക്ക് ഗുണകരമായ ഒട്ടേറെ പ്രഖ്യാപനങ്ങൾ ഉണ്ടായിരുന്നുവെന്നതാണ് അതിന്റെ സവിശേഷത. ബഡ്ജറ്റിൽ നവകേരളം സൃഷ്ടിക്കുകയെന്നത് വലിയ ലക്ഷ്യമായി അവതരിപ്പിച്ചിട്ടുണ്ട്. 25 വർഷം

മുന്നിൽ കണ്ടുകൊണ്ടുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. വിജ്ഞാന സമ്പദ്ഘടനയിലൂടെ കേരളത്തിന് ബഹുദൂരം മുന്നോട്ടുപോകാനാകുമെന്നുതന്നെ ബഡ്ജറ്റ് കണക്കുകൂട്ടുന്നു. ദാരിദ്ര്യത്തിൽ കഴിയുന്നവരെ കണ്ടെത്തി അവരെ അതിൽനിന്നും മോചിപ്പിക്കുന്നതിന് 100 കോടി രൂപ ചെലവഴിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. വീടില്ലാത്തവർക്ക് വീട് വച്ചുനൽകാൻ 1871 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഒന്നുരണ്ട് കാര്യങ്ങൾകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ആദരപൂർവ്വം അറിയിക്കുകയാണ്. കേരളത്തിലെ ആദ്യ ജനകീയ ഭവന നിർമ്മാണ പദ്ധതിയാണ് എം. എൻ. ഗോവിന്ദൻ നായരുടെ നേതൃത്വത്തിൽ ആരംഭിച്ച ലക്ഷം വീട് പദ്ധതി. പ്രസ്തുത പദ്ധതി ആരംഭിച്ചതിന്റെ 50-ാം വാർഷികമാണ് 2022-ൽ നടക്കുന്നത്. ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കാനുള്ള പ്രവർത്തനത്തിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 5 കോടി രൂപ വക മാറ്റിയത് സ്വാഗതാർഹമാണ്. ഏഴായിരത്തോളം പേർ ഇപ്പോഴും ഈ ആനുകൂല്യത്തിന് അർഹരാണ്. ഒരിക്കൽ ലക്ഷം വീട് പദ്ധതിപ്രകാരം വീട് ലഭിച്ച കുടുംബത്തിന് പിന്നീട് ലൈഫ് ഉൾപ്പെടെയുള്ള ഒരു ഭവനപദ്ധതിയിലും അപേക്ഷിക്കാനാകില്ല. ഈ വീടിലെ ഒരൊറ്റ ചുവരിന് ഇരുവശങ്ങളിലായി രണ്ട് കുടുംബങ്ങൾ

താമസിക്കുന്ന സ്ഥിതി വളരെ ദയനീയമാണ്. അതുകൊണ്ട് അനുവദിച്ച തുക നടപ്പ് സാമ്പത്തിക വർഷംതന്നെ വർദ്ധിപ്പിച്ച് നൽകാനും അവ സമ്പൂർണ്ണമായി ഒറ്റ വീടുകളാക്കാനും ഈ സർക്കാരിന്റെ കാലത്തുതന്നെ ഒരു പ്രത്യേക പദ്ധതി തയ്യാറാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ആശാവർക്കർ, അങ്കണവാടി വർക്കർ, ഹെൽപ്പർ എന്നിവർ കോവിഡ് കാലത്ത് ഏറ്റവും ശ്ലാഘനീയമായ പ്രവർത്തനങ്ങളാണ് കാഴ്ചവച്ചത്. ഈ പ്രവർത്തനങ്ങളെ പരിഗണിച്ചുകൊണ്ട് ഇവരുടെ വേതനം വർദ്ധിപ്പിക്കണമെന്നും മറ്റ് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള പ്രഖ്യാപനങ്ങൾകൂടി ബഡ്ജറ്റിന്റെ ഭാഗമായുണ്ടാകണമെന്നും വളരെ വിനീതമായി അഭ്യർത്ഥിക്കുകയാണ്. കാർഷിക പരിഷ്കരണം പൂർത്തീകരിച്ചാൽ ആധുനിക വ്യവസായവൽകൃത സമൂഹമായി കേരളത്തെ ഉയർത്താനാകും. ആധുനിക വിജ്ഞാനത്തെ, ഐ.ടി. സാധ്യതകളെ, മനുഷ്യനും ജീവികളും പരിസ്ഥിതിയും തമ്മിലുള്ള പരസ്പരബന്ധത്തെ, ഗ്രാഫീൻ ഗവേഷണത്തെയടക്കം എല്ലാം പഠിപ്പിക്കാനും പഠിക്കാനും പ്രയോഗിക്കാനും സാധ്യമായ പുതിയ കാഴ്ചപ്പാട് അവതരിപ്പിക്കുന്നതിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിജയിച്ചുവെന്നത് ഏറെ അഭിനന്ദനാർഹമാണ്. രാജ്യത്തെ സമ്പത്തുൽപ്പാദനം

വർദ്ധിപ്പിക്കുമ്പോഴുണ്ടാകുന്ന നേട്ടം രാജ്യത്തെ ഭൂരിപക്ഷ ജനതയിലും എത്തിക്കുകയെന്ന കർമ്മമാണ് യഥാർത്ഥത്തിൽ ബഡ്ജറ്റ് നിർവ്വഹിക്കുന്നത്. നിരവധി രാഷ്ട്രങ്ങൾ ഈ ദിശയിലാണ് പ്രവർത്തിക്കുന്നതെന്ന് നമുക്കറിയാം. എന്നാൽ ഇന്ത്യയിൽ നേർ വിപരീത ദിശയിലാണ് ബഡ്ജറ്റുകൾ സഞ്ചരിക്കുന്നത്. അതുകൊണ്ടാണ് കോവിഡ് കാലത്ത് 84 ശതമാനം കുടുംബങ്ങളുടെ വരുമാനത്തിൽ വൻകുറവുണ്ടായപ്പോൾ ഒരുശതമാനത്തിൽ താഴെവരുന്ന കോർപ്പറേറ്റുകളുടെ വരുമാനത്തിൽ 46 ശതമാനം വർദ്ധനവുണ്ടായത്. ഈ രീതി തുടർന്നാൽ ലോകത്ത് ഏറ്റവും കൂടുതൽ പട്ടിണിക്കാരുള്ള രാജ്യമായി, ഏറ്റവും കൂടുതൽ ആളുകൾ നേരത്തേ മരിക്കുന്ന രാജ്യമായി ഇന്ത്യ മാറുമെന്നതിൽ യാതൊരു സംശയവുമില്ല. ഈ സാഹചര്യത്തിലാണ് കേരള ബഡ്ജറ്റ് ദിശാബോധവും ആശ്വാസവും കരുണയുമുള്ളതായി വിലയിരുത്തപ്പെടുന്നത്. ആയതിനാൽ ബഡ്ജറ്റിനെയും ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും ഒരിക്കൽക്കൂടി പൂർണ്ണമായി പിന്തുണച്ചുകൊണ്ട് എന്റെ പ്രസംഗം ചുരുക്കുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനകളേയും ശക്തമായി എതിർക്കുകയാണ്. കേരളത്തിലെ യുവാക്കളെ വഞ്ചിച്ച ഒരു ബഡ്ജറ്റാണിത്. കേരളത്തിൽ

ഏകദേശം 30% യുവാക്കളുണ്ടെന്നാണ് കണക്ക്. അതിന്റെ ശരിയായ കണക്ക് എത്രയാണെന്നുള്ളത് സംബന്ധിച്ച് വിശകലനം നടത്തേണ്ടിവരും. 2021-ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് വാല്യം-1 പേജ് നമ്പർ 334-ൽ, 2020-ൽ കേരളത്തിലെ തൊഴിൽരഹിതർ 34.3 ലക്ഷമായിരുന്നത് 2021-ൽ 38.3 ലക്ഷമായി ഉയർന്നിട്ടുള്ളതായി പറയുന്നു. കഴിഞ്ഞ വർഷം ഡിസംബർ മാസം 29-ന് പൂർത്തിയാക്കിയ കേന്ദ്ര സർക്കാരിന്റെ Periodic Labour Force Survey (PLFS) പ്രകാരം തൊഴിലില്ലായ്മ നിരക്ക് 21 ശതമാനമായിരുന്നു. എന്നാൽ 2020 ജനുവരി മുതൽ മാർച്ച് മാസം വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്ത് 15-നും 29-നും ഇടയിൽ പ്രായമുള്ള യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക് 40.5 ശതമാനമായി ഉയർന്നിട്ടുണ്ട്. അതായത്, കഴിഞ്ഞ വർഷത്തേക്കാൾ ഇരട്ടിയാണ്. ഇവരെ ഈ ബഡ്ജറ്റ് അഡ്രസ് ചെയ്തില്ലെന്നതാണ് ഏറ്റവും വലിയ വിരോധാഭാസം. മാനവ വിഭവശേഷി ഫലപ്രദമായി ഉപയോഗിക്കുന്നതിലും ചെറുപ്പക്കാർക്ക് തൊഴിൽ സംരക്ഷണം ഉറപ്പാക്കുന്നതിലും ഈ ബഡ്ജറ്റ് സമ്പൂർണ്ണ പരാജയമാണ്. 15-നും 29-നും ഇടയിൽ പ്രായമുള്ള യുവാക്കളുടെ തൊഴിലില്ലായ്മയുടെ നിരക്കിൽ കേരളം രണ്ടാംസ്ഥാനത്ത് എത്തിയിട്ടും ധനകാര്യ വകുപ്പുമന്ത്രി അതറിഞ്ഞിട്ടില്ല. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ

എന്ത് പദ്ധതിയാണ് ഈ ബഡ്ജറ്റിൽ മുന്നോട്ടുവയ്ക്കുന്നത്? ഒന്നുമില്ല. യുവാക്കൾക്ക് തൊഴിൽ നിഷേധിക്കുന്നതിനെക്കുറിച്ച് നമുക്കറിയാം. 2021 ആഗസ്റ്റ് മാസത്തിനുശേഷം എൽ.ഡി. ക്ലാർക്ക്, ഓഫീസ് അസിസ്റ്റന്റ്, പോലീസ്, ഫയർമാൻ തുടങ്ങിയ അഞ്ഞൂറിലധികം പ്രധാന തസ്തികകൾക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലില്ല. 22-02-2022-ൽ ഞാൻ ചോദിച്ച 35-ാം നമ്പർ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി ഇതിന്റെ ഗൗരവം വ്യക്തമാക്കുന്നതാണ്. പക്ഷേ, പി.എസ്.സി. നിയമനം നടക്കേണ്ട പല തസ്തികകളിലും താൽക്കാലികക്കാർ ജോലി ചെയ്യുന്നുണ്ട്. ഇതാണ് ഞങ്ങളും ഉദ്യോഗാർത്ഥികളും തത്വത്തിൽ പറഞ്ഞ നിയമന നിരോധനം. കഴിഞ്ഞ ഇരുപത് വർഷത്തിനിടയിൽ പ്രധാന തസ്തികകളിൽ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത അവസ്ഥയുണ്ടായിട്ടില്ല. പക്ഷേ ഈ കാലഘട്ടത്തിലാണ് അത് കൂടുതൽ കാണുന്നത്. യുവാക്കൾക്ക് തൊഴിൽ നൽകുന്ന സംരംഭം ആരംഭിക്കുന്നതിനെക്കുറിച്ച് ബഡ്ജറ്റിൽ യാതൊരു പരാമർശവുമില്ല. പി.എസ്.സി. വഴി ലഭിക്കേണ്ട അർഹമായ തൊഴിലവസരങ്ങൾകൂടി നിഷേധിക്കപ്പെടുന്നു. ഇത് കേരളത്തിലെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരോടുള്ള വെല്ലുവിളിയാണ്. ഇവിടെയിരിക്കുന്ന ഡി.വൈ.എഫ്.ഐ./എസ്.എഫ്.ഐ. നേതാക്കന്മാർക്ക് ഇതിനെക്കുറിച്ച്

എന്താണ് പറയാനുള്ളതെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. നിങ്ങളുടെ പ്രതികരണശേഷി നഷ്ടപ്പെട്ടോ? ലോകായുക്തയുടെ പല്ലും നഖവും പിണറായി വിജയൻ ഗവൺമെന്റ് എടുത്തുകളഞ്ഞു. അതുപോലെ ഇവിടെയുള്ള ഡി.വൈ.എഫ്.ഐ./എ.ഐ.വൈ.എഫ്. നേതാക്കന്മാരുടെ പല്ലും നഖവും എടുത്ത് കളഞ്ഞോയെന്ന് ഞാൻ സംശയിക്കുന്നു. ഇതിന് തക്കതായ മറുപടി പറയാനുള്ള ആർജ്ജവമെങ്കിലും നിങ്ങൾ കാണിക്കണം. 'ലൈഫ് മിഷൻ' പദ്ധതിപ്രകാരം സ്വീകരിച്ച അപേക്ഷയിന്മേൽ ഒന്നരവർഷമായി നടപടിയെടുത്തിട്ടില്ല. പുതിയ പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നിട്ടും ലൈഫ് മിഷൻ പദ്ധതിവഴി ഒരു വീടുപോലും കൊടുക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഫെബ്രുവരി മാസം 28-ന് പഞ്ചായത്ത് അവസാന ലിസ്റ്റ് തരുമെന്നാണ് സർക്കാർ പറഞ്ഞത്. പക്ഷേ ഇപ്പോൾ വീണ്ടും മാർച്ച് 15 വരെ അപേക്ഷാ തീയതി നീട്ടിയിരിക്കുകയാണ്. ഗവൺമെന്റിന് സാമ്പത്തിക ബുദ്ധിമുട്ടുള്ളതുകൊണ്ട് അപേക്ഷകൾ ക്ഷണിക്കുന്നതിന്റെ കാലാവധി മനഃപൂർവ്വം നീട്ടിക്കൊണ്ടിരിക്കുകയാണെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ലൈഫ് മിഷൻ പദ്ധതിയിൽ സാധാരണയായി ഗ്രാമസഭകളിൽ നിന്നാണ് ആളുകളെ തെരഞ്ഞെടുക്കുന്നത്. എന്നാൽ ഇവിടെ ഉദ്യോഗസ്ഥരാണ് തെരഞ്ഞെടുക്കുന്നത്. ജനാധിപത്യത്തിൽ

തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ജനപ്രതിനിധികളെ നോക്കുകുത്തികളാക്കി ഉദ്യോഗസ്ഥരിലേയ്ക്ക് ഇന്ന് ഈ സമ്പ്രദായം കൊണ്ടെത്തിക്കുമ്പോൾ അവിടെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഗ്രാമസഭകളും നോക്കുകുത്തികളാകുന്നു. ഇതൊരിക്കലും അംഗീകരിക്കാൻ കഴിയില്ല. മറ്റൊരു കാര്യം പറയാനുള്ളത്, പഞ്ചായത്തുകളിലെ ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തണം. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരകർഷകരെ ഉൾപ്പെടുത്തിയിട്ടുണ്ട്. രാവുംപകലും കഷ്ടപ്പെടുന്ന പഞ്ചായത്തുകളിലെ ക്ഷീരകർഷകരെക്കൂടി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള സാഹചര്യമുണ്ടാക്കണമെന്ന് പ്രിയങ്കരനായ ധനകാര്യ വകുപ്പുമന്ത്രിയെ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു. കാരണം, അവർ അത്രമാത്രം കഷ്ടപ്പെടുന്നുണ്ട്. കേരള ഹൈക്കോടതി ആലുവയിൽ ഒരു കുടുംബകോടതി അനുവദിച്ചിട്ടുണ്ട്; അതിന് സാമ്പത്തികാനുമതി ലഭ്യമാക്കണം. വർഷങ്ങൾ പഴക്കമുള്ള കോടതിയാണ് ആലുവ കോടതി. 1811-ൽ കേരളത്തിൽ രൂപീകരിച്ച അഞ്ച് കോടതികളിലൊന്നാണ് ആലുവ കോടതി എന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് ആലുവ കോടതിയിൽ കുടുംബകോടതി അനുവദിക്കാൻ സാമ്പത്തികാനുമതി നൽകണം. ഇക്കാര്യം നിയമ വകുപ്പുമന്ത്രിയുടെ

ശ്രദ്ധയിൽപ്പെടുത്താനും ഞാൻ ആഗ്രഹിക്കുകയാണ്. കോടതി നിലവിൽ വന്നാൽ ആ പ്രദേശത്തുള്ള ആളുകൾക്ക് അത് വലിയ പ്രയോജനമായിരിക്കും. നിർഭയ പദ്ധതി അനുസരിച്ച് നിർഭയമായി പോലീസ് സ്റ്റേഷനിൽ കയറി ചെല്ലാമെന്നാണ് ഈ ഗവൺമെന്റും പോലീസും പറയുന്നത്. പക്ഷേ, അവിടെനിന്നും ഭയത്തോടുകൂടിയാണ് പരാതിക്കാർ പുറത്തേയ്ക്ക് വരുന്നത്. എനിക്കറിയാവുന്ന ഒരനുഭവം ഞാൻ പറയാം. ഇത് എല്ലാവരും ശ്രദ്ധിച്ചതാണ്. മോഫിയ പർവീൺ എന്നൊരു പെൺകുട്ടി പരാതിയുമായി പോലീസ് സ്റ്റേഷനിൽ ചെന്നപ്പോൾ അവിടെയുണ്ടായ ദുരവസ്ഥ കാരണം പിന്നീടവർ ആത്മഹത്യ ചെയ്യേണ്ട സാഹചര്യമുണ്ടായി. സി.ഐ.-യുടെ ഭാഗത്തുനിന്നുമുണ്ടായ മോശമായ പെരുമാറ്റമാണ് ആ കുട്ടിയെ ആത്മഹത്യയിലേയ്ക്ക് നയിച്ചത്. പിന്നീട് ആ സി.ഐ.-യെ സസ്പെന്റ് ചെയ്തു. വലിയ സമരങ്ങളിലേയ്ക്ക് പോകേണ്ട സാഹചര്യമുണ്ടായി; പോലീസ് സ്റ്റേഷന്റെ മുമ്പിൽ കുത്തിയിരിക്കേണ്ട സാഹചര്യത്തിലേയ്ക്ക് ഈ ഗവൺമെന്റും പോലീസും ഞങ്ങളെ വലിച്ചിറക്കി. അന്ന് പോലീസ് സ്റ്റേഷനിലേയ്ക്ക് നിർഭയമായി ചെന്ന കുട്ടി പിന്നീട് ആത്മഹത്യ ചെയ്തു. ഇന്നും ആ സി.ഐ.-യ്ക്കെതിരെ കേസ്സെടുത്തിട്ടില്ല. സ്ത്രീ സുരക്ഷയെക്കുറിച്ച് പറയുന്ന ഗവൺമെന്റ്, സ്ത്രീകൾക്ക് എന്ത് സുരക്ഷയാണ്

കൊടുക്കുന്നത്? കഴിഞ്ഞ ദിവസം സഫ്ന യാക്കോബ് എന്ന കെ.എസ്.യു. വിദ്യാർത്ഥി നേതാവിനെ അതിക്രൂരമായാണ് ഇവിടെയുള്ള എസ്.എഫ്.ഐ.-ക്കാർ തല്ലിച്ചതച്ചത്. ഇതുവരെയും ആ പ്രതികളെ അറസ്റ്റ് ചെയ്യാൻ പോലീസ് തയ്യാറായിട്ടില്ല. എ.ഐ.വൈ.എഫ്. നേതാക്കളെപ്പോലും ക്രൂരമായി മർദ്ദിച്ച എസ്.എഫ്.ഐ.ക്കെതിരെ ചെറുവിരൽത്തുമ്പെങ്കിലും അനക്കാൻ കേരളത്തിലെ സ്ത്രീ സുരക്ഷയെക്കുറിച്ച് പറയുന്ന ഇവിടെയുള്ള വനിതാ നേതാക്കൻമാർക്ക് കഴിഞ്ഞിട്ടുണ്ടോ? അതാണ് ഞങ്ങൾ പറയുന്നത്. കേരളത്തിലെ പോലീസ് ഇന്ന് ജനപക്ഷത്തല്ല, ഇവിടെയുള്ള ഗുണ്ടകളുടെയും കൊള്ളക്കാരുടെയും ഒപ്പമാണ്. അതിൽ കേരളത്തിലെ ജനങ്ങൾക്ക് ശക്തമായ പ്രതിഷേധമുണ്ട്; അത് ഒരുകാരണവശാലും അനുവദിക്കാൻ സാധിക്കില്ല. കെ.എസ്.യു.-ലെ വനിതാ നേതാക്കളെ ക്രൂരമായി മർദ്ദിച്ചതിന് ശക്തമായ പ്രതിഷേധം രേഖപ്പെടുത്തികൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെയും അധികധനാഭ്യർത്ഥനകളെയും ഒരിക്കൽക്കൂടി എതിർക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ ഈ അധിക ധനാഭ്യർത്ഥനകളെയും ഉപധനാഭ്യർത്ഥനകളെയും പിന്തുണയ്ക്കുന്നു. എനിക്ക് തൊട്ടുമുമ്പ് സംസാരിച്ച ആലുവ അംഗം ശ്രീ. അൻവർ സാദത്തിന്റെ പ്രസംഗം

കേട്ടപ്പോൾ എനിക്ക് തോന്നിയത്, നമ്മുടെ നാട്ടിലൊരു പദപ്രയോഗമുണ്ട്, XXXXXXXXXX+. ഞാൻ ബഡ്ജറ്റ് പ്രസംഗത്തിലെ ചില ഹെഡ്ഡിംഗുകൾ മാത്രം വായിക്കാം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ. രണ്ട് കാര്യങ്ങളാണ് ചൂണ്ടിക്കാണിക്കാനുള്ളത്. ശ്രീ. അൻവർ സാദത്തിന്റെ പ്രസംഗം ഒരു പ്രയോഗത്തിന്റെ അടിസ്ഥാനത്തിലാണ് പറഞ്ഞത്. ആ പ്രയോഗംതന്നെ പൊളിറ്റിക്കലി കറക്ടല്ല. ഇപ്പോൾ ആരും അങ്ങനെ പറയാറില്ല. അതുകൊണ്ടാണ് ഞാൻ ആ പ്രയോഗം ആവർത്തിക്കാത്തത്. ആ പ്രയോഗം പൊളിറ്റിക്കലി കറക്ടല്ല, ശ്രീ. അൻവർ സാദത്തിനെക്കുറിച്ച് പറഞ്ഞ പരാമർശവും രേഖയിലുണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: അക്കാര്യം പരിശോധിച്ച് വേണ്ടത് ചെയ്യാം.+

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, അക്കാര്യം ശ്രീ. അൻവർ സാദത്ത് പറയട്ടെ. ഞാൻ എന്റെ പരാമർശത്തിൽ ഉറച്ചുനിൽക്കുന്നു. നാട്ടിലുള്ളൊരു പ്രയോഗത്തെ അതിനേക്കാൾ തെറ്റായ രീതിയിൽ ഇവിടെ പറഞ്ഞതുകൊണ്ടാണ്.

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 4909/ഇ.ബി/2022/നി.സെ തീയതി 17-03-2022) സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 4909/ഇ.ബി/2022/നി.സെ തീയതി 17-03-2022) സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

കേരള ജിനോമിക്സ് ഡാറ്റാ സെന്റർ, മെഡിക്കൽ ടെക്നോളജി കൺസോർഷ്യം, മൈക്രോബയോമുകളിലെ മികവിന്റെ കേന്ദ്രം, ന്യൂട്രാസ്യൂട്ടിക്കൽസിൽ മികവിന്റെ കേന്ദ്രം, ഗ്രാഫീൻ എന്നിവയടക്കം ഭാവി തലമുറയെ മുന്നിൽക്കണ്ടുകൊണ്ട് 25 വർഷത്തെ ദിശാബോധത്തോടുകൂടി ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിനെ ഇത്ര വികലമായി ചിത്രീകരിച്ചതുകൊണ്ടാണ് അങ്ങനെയൊരു പരാമർശത്തിലേയ്ക്ക് പോയത്. രാവിലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവടക്കം സംസാരിച്ചപ്പോൾ വലതുപക്ഷ നയവ്യതിയാനത്തെക്കുറിച്ച് വാചാലമായി പറയുകയുണ്ടായി. കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിച്ചിട്ട് അധിക നാളായിട്ടില്ല. ആ ബഡ്ജറ്റും സംസ്ഥാന ബഡ്ജറ്റുമായി ചുരുക്കം ചില തലങ്ങളിൽ താരതമ്യം ചെയ്യാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കേന്ദ്ര ബഡ്ജറ്റിൽ ജി.ഡി.പി. ഗ്രോത്ത് 9 ശതമാനമാണെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും അടിസ്ഥാന മേഖലയായ കാർഷിക മേഖലയ്ക്ക് ഒരു പ്രാതിനിധ്യവും നൽകിയിട്ടില്ല. സെൻട്രലി സ്പോൺസേർഡ് സ്കീമുകൾക്ക് തൊട്ടുമുൻപത്തെ ബഡ്ജറ്റിൽ 17,408 കോടി രൂപയാണ് വകയിരുത്തിയതെങ്കിൽ ഇത്തവണത്തെ ബഡ്ജറ്റിൽ അത് 10,889 കോടി രൂപയാണ്. അടിസ്ഥാന സൗകര്യ വികസനത്തിനും ക്ഷേമപ്രവർത്തനങ്ങൾക്കുമായുള്ള കാര്യത്തിൽ 7,000

കോടി രൂപയുടെ കുറവാണ് വന്നത്. കാർഷിക ലോണുകളുടെ പലിശ സബ്സിഡി പൂർണ്ണമായും നിർത്തലാക്കി. വിള ഇൻഷ്വറൻസിന് 16,000 കോടി രൂപ വകയിരുത്തിയിരുന്നത് 15,500 കോടി രൂപയായി കുറവുചെയ്തു. കർഷക ക്ഷേമ പദ്ധതികൾക്ക് മുമ്പ് 300 കോടി രൂപയുണ്ടായിരുന്നത് കേവലം 9 കോടി രൂപയായി കുറച്ചു. ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളുമായി ബന്ധപ്പെട്ട സബ്സിഡിക്ക് 200 കോടി രൂപയുടെ കുറവുവന്നു. എന്തിന്, ഭക്ഷ്യസുരക്ഷാ മിഷനുവരെ 300 കോടി രൂപയുടെ കുറവുണ്ടായി.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ,... (മൈക്ക് ഓഫ്)...

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ വഴങ്ങുന്നില്ല. കേന്ദ്ര ഗവൺമെന്റിനെ സംരക്ഷിക്കാൻ ശ്രമിക്കുന്നതിന് വഴങ്ങാൻ ഉദ്ദേശിക്കുന്നില്ല. ശ്രീ. സനീഷ് കുമാർ ജോസഫിന്റെ ഇടപെടൽ കോൺഗ്രസ്സിന്റെ നയത്തിന്റെ തെളിവാണെന്നതുകൊണ്ട് ഞാൻ വഴങ്ങാൻ ഉദ്ദേശിക്കുന്നില്ല.

25 വർഷത്തെ ദീർഘവീക്ഷണത്തോടുകൂടിയുള്ള ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നതെന്ന് ഞാൻ പറഞ്ഞു. കോവിഡ് ആഘാതത്തെയും വരുമാന നഷ്ടത്തെയും തൊഴിൽ നഷ്ടത്തെയുമൊക്കെ പരിഹരിക്കാനുള്ള ലക്ഷ്യത്തോടെയുള്ള ബഡ്ജറ്റാണിത്. കാർഷിക മേഖലയുമായി

ബന്ധപ്പെട്ടുമാത്രം റബ്ബർ സബ്സിഡിക്ക് 500 കോടി രൂപ വകയിരുത്തി. അതിലുപരി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി റോഡ് റബ്ബറൈസേഷൻ ഒരു നയമായി പ്രഖ്യാപിച്ചു. റബ്ബർ മേഖലയിൽനിന്നുള്ള ഒരു ജനപ്രതിനിധിയെന്ന നിലയിൽ ഇക്കാര്യത്തിൽ ഞാൻ അഭിമാനിക്കുന്നു. അതുപോലെതന്നെയാണ് കേരളാ റബ്ബർ ലിമിറ്റഡ് എന്ന കമ്പനിയുടെ രൂപീകരണം. സിയാൽ മോഡൽ റബ്ബർ കമ്പനിക്കുവേണ്ടിയുള്ള പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. അഗ്രിടെക് ഫെസിലിറ്റി സെന്ററുകൾക്കും ഫുഡ് പാർക്കുകൾക്കുമായി 275 കോടി രൂപയും കാർഷിക മേഖലയിലെ മൂല്യവർദ്ധിത ഉത്പന്നങ്ങൾക്ക് മാർക്കറ്റിംഗ് സ്ട്രാറ്റജിക്കുവേണ്ടി 100 കോടി രൂപയും നെല്ലുത്പാദനം വർദ്ധിപ്പിക്കാനായി 10 കോടി രൂപയും വകയിരുത്തി. നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ചു. പച്ചക്കറി കൃഷി, കശുവണ്ടി, നാളികേരം, കയർ  തുടങ്ങി എല്ലാമേഖലകളേയും സംരക്ഷിച്ച ഒരു ബഡ്ജറ്റാണിത്.

നയവ്യതിയാനത്തെക്കുറിച്ചുകൂടി ഒരുവാക്ക് പറയാം. ആരാണ് ഈ രാജ്യത്ത് നയവ്യതിയാനത്തിന് തുടക്കം കുറിച്ചത്? ഗാട്ട് കരാർ, ആസിയാൻ കരാർ, ട്രിപ്സ് കരാർ, ആണവക്കരാർ, ജി.-7 തുടങ്ങിയവയ്ക്ക്  തുടക്കം കുറിച്ചത് ആരാണ്? എണ്ണക്കമ്പനികൾക്ക് ഇന്ധനവില നിയന്ത്രിക്കാനുള്ള അധികാരം

കൊടുത്തത് ആരാണ്; റബ്ബർ ഇറക്കുമതിക്ക് തുടക്കം കുറിച്ചതാരാണ്; ഇറക്കുമതി ചുങ്കം എടുത്തുകളഞ്ഞതാരാണ്? നിങ്ങൾ തെളിച്ച വഴിയാണത്. നിങ്ങൾ നട്ടുനനച്ചതിൽനിന്നും ബി.ജെ.പി. ഫലം കൊയ്യുമ്പോൾ അസഹിഷ്ണുത പ്രകടിപ്പിച്ചിട്ട് കാര്യമില്ല. നിങ്ങളാണ് ഇതിന് തുടക്കം കുറിച്ചവരെന്ന് സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. അതുകൊണ്ടുതന്നെ ഈ ബഡ്ജറ്റും ധനകാര്യ നയവും ഇന്ത്യയ്ക്ക് പ്രതീക്ഷയുടെ തുരുത്താണ് നൽകുന്നത്. ഈ നയം ഭാരതത്തിന് ദിശാസൂചികയാണ്. അതൊരിക്കലും വലതുപക്ഷ നയവ്യതിയാനമല്ല, ഇടതുപക്ഷ നയത്തിലധിഷ്ഠിതമായി ക്ഷേമരാഷ്ട്ര സങ്കൽപ്പത്തിനുപകരിക്കുന്നതും ജനങ്ങളെ ചേർത്തുപിടിക്കുന്നതുമാണെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകൾക്ക് എല്ലാ പിന്തുണയും നൽകുന്നു. ഒന്നുരണ്ട് നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാനുണ്ട്. റബ്ബർ മേഖലയുമായി ബന്ധപ്പെട്ട് ഒരുപാട് കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിലും റബ്ബറിന്റെ താങ്ങുവില 250 രൂപയാക്കി വർദ്ധിപ്പിക്കണം. സാമ്പത്തികനില അനുകൂലമാകുന്ന ഘട്ടത്തിലെങ്കിലും അത് പരിഗണിക്കണം. വന്യജീവി-മനുഷ്യ സംഘർഷവുമായി ബന്ധപ്പെട്ട് വകയിരുത്തിയിരിക്കുന്ന തുക ആശ്വാസകരമാണെങ്കിലും ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ അത് വർദ്ധിപ്പിക്കണം. ഇത്തരത്തിൽ കർഷക

ക്ഷേമ അനുകൂല നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ അധിക ധനാഭ്യർത്ഥനകളെയും ഉപധനാഭ്യർത്ഥനകളെയും പൂർണ്ണമായി പിന്തുണച്ചുകൊണ്ട് ഞാനെന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മഞ്ഞളാംകുഴി അലി)

ശ്രീ. പി. പി. സുമോദ്: സർ, ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും ഞാൻ പിന്തുണയ്ക്കുന്നു. ആവർത്തിച്ചുപെയ്ത പെരുമഴ, പ്രളയം, ഓഖി തുടങ്ങിയ പ്രകൃതി ദുരന്തങ്ങളെയും കേന്ദ്ര സർക്കാർ സൃഷ്ടിച്ച ജി.എസ്.ടി., നോട്ട് നിരോധനം എന്നീ സാമ്പത്തിക വിപത്തുകളെയുമെല്ലാം അതിജീവിച്ച് കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ ലോകത്തിനാകെ മാതൃകയായ നമ്മുടെ സംസ്ഥാനത്തെ വികസിത രാജ്യങ്ങൾക്കൊപ്പമെത്തിക്കുന്നതിന് ദിശാബോധം പകരുന്ന വികസന രേഖയാണ് ഈ ബഡ്ജറ്റെന്നത് തർക്കമില്ലാത്ത കാര്യമാണ്. വരുന്ന 25 വർഷത്തേയ്ക്ക് കേരളം രൂപപ്പെടുത്തിയെടുക്കേണ്ടതിന്റെ സർവ്വതോന്മുഖമായ വികസന പ്രവർത്തനങ്ങളും കാഴ്ചപ്പാടുകളുമെല്ലാം ഈ ബഡ്ജറ്റിലൂടനീളം നമുക്ക് കാണാൻ സാധിക്കും. കേരളത്തിന്റെ വിദ്യാഭ്യാസ മേഖല കഴിഞ്ഞ അഞ്ച് വർഷക്കാലം വളരെ മെച്ചപ്പെട്ടു; പ്രത്യേകിച്ച് പൊതുവിദ്യാഭ്യാസ മേഖല.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 10 ലക്ഷം വിദ്യാർത്ഥികൾ ഒന്നാം ക്ലാസ്സിലേയ്ക്ക് ഒഴുകിയെത്തുന്ന കാഴ്ച കേരളത്തിലുണ്ടായി. പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് 1016.74 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിൽ ആർജ്ജിച്ചെടുത്ത മുന്നേറ്റത്തോടൊപ്പംതന്നെ ഉന്നത വിദ്യാഭ്യാസ മേഖലയെ കേന്ദ്രീകരിച്ചുള്ള വികസന പ്രവർത്തനങ്ങളും ഈ ബഡ്ജറ്റിൽ നമുക്ക് കാണാൻ സാധിക്കും. ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് 698 കോടി രൂപ വകയിരുത്തി. കേരള സർവ്വകലാശാലകൾക്ക് ഈ ബഡ്ജറ്റിൽ 200 കോടി രൂപയാണ് മാറ്റിവച്ചിട്ടുള്ളത്. സർവ്വകലാശാലാ കാമ്പസ്സുകളിൽ 1500 പുതിയ ഹോസ്റ്റൽ മുറികളും 250 ഇന്റർനാഷണൽ ഹോസ്റ്റൽ മുറികളും നിർമ്മിക്കുന്നതിന് തുക വകയിരുത്തി. വിദേശ വിദ്യാർത്ഥികളെവരെ ആകർഷിക്കാൻ കഴിയുന്ന നിലയിലേയ്ക്ക് ഉന്നത വിദ്യാഭ്യാസ മേഖലയിൽ വരുത്തുന്ന മാറ്റം നമുക്ക് കാണാൻ സാധിക്കും. നാളെയുടെ അത്ഭുത പദാർത്ഥമെന്നാണ് ഗ്രാഫീനെ വിശേഷിപ്പിക്കുന്നത്. ശാസ്ത്രലോകത്ത് വളരെ പുതിയൊരു പ്രതിഭാസമായി കാണുന്ന ഗ്രാഫീനിന്റെ സാധ്യതയ്ക്കും അതിന്റെ ഗവേഷണ താൽപര്യത്തിനുംവേണ്ടി 'ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ' എന്ന പദ്ധതിക്ക് 15 കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നത്. ഐ.ടി.,

ഡിജിറ്റൽ മേഖലകളിൽ കേരളത്തിലുൾപ്പെടെ നല്ല മാറ്റം വരാൻ പോകുകയാണ്. ഇവിടെയാണ് സർക്കാർ കെ-ഫോണിന്റെ സാദ്ധ്യത ആവിഷ്കരിച്ചിരിക്കുന്നത്. ഡൽഹി കഴിഞ്ഞാൽ ഇന്റർനെറ്റ് മൊബൈൽ വ്യാപനത്തിന് ഏറ്റവും കൂടുതൽ സാദ്ധ്യതയുള്ള രണ്ടാമത്തെ സംസ്ഥാനമാണ് കേരളം. ഒന്നാം പിണറായി വിജയൻ സർക്കാർ തുടങ്ങിവച്ച ഒപ്റ്റിക്കൽ ഫൈബർ ശൃംഖല കേരളത്തിലെ സർക്കാർ ഓഫീസുകളിലാകെ വ്യാപിപ്പിച്ചിട്ടുണ്ട്. രണ്ടാം നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി 20 ലക്ഷം കുടുംബങ്ങളിലേയ്ക്ക് ഇന്റർനെറ്റ് കണക്ഷൻ എത്തിക്കാനാവശ്യമായ നടപടിക്രമങ്ങൾ സർക്കാർ നടപ്പിലാക്കി. കേരളത്തിലെ എല്ലാ അസംബ്ലി നിയോജകമണ്ഡലങ്ങളിലും കെ-ഫോൺ കമ്മീഷൻ ചെയ്യാനാവശ്യമായ നിലയിലേയ്ക്കുള്ള പ്രഖ്യാപനങ്ങളാകെ വരാൻ പോകുകയാണ്. അടുത്ത നാലര വർഷങ്ങൾകൊണ്ട് വ്യവസായ മേഖലയിൽ വലിയ മാറ്റങ്ങളുണ്ടാകാൻ പോകുകയാണ്. അതുപോലെ കൊച്ചി-പാലക്കാട് ഹൈടെക് വ്യവസായ ഇടനാഴിയിൽ ഉൾപ്പെടുന്ന കണ്ണമ്പ്രയിലെ വ്യവസായ പാർക്ക് എന്റെ നിയോജകമണ്ഡലത്തിലാണ്. ഉടമകൾക്ക് പൊന്നുംവില കൊടുത്ത് 270 ഏക്കർ ഭൂമി ഈ സർക്കാർ ഏറ്റെടുത്തു. ഹൈടെക് വ്യവസായ ഇടനാഴിയിൽ ഗിഫ്റ്റ് സിറ്റി, ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ ഉൾപ്പെടെ

രൂപപ്പെടുത്താൻ പോകുകയാണ്. തീർച്ചയായും വരുംവർഷങ്ങളിൽ 22000 പേർക്ക് നേരിട്ടും 80000 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്ന നിലയിലേയ്ക്ക് കേരളത്തിന്റെ വ്യവസായ മേഖല മാറാൻ പോകുകയാണ്.

ജീവിതത്തിന്റെ ഒരു സംസ്കാരമാണ് കൃഷി എന്ന നിലയിൽ കാർഷിക മേഖലയിൽ മുന്നേറ്റം കൊണ്ടുവരുന്നതിന് ഈ സർക്കാരിന് കഴിഞ്ഞു. ബഡ്ജറ്റിന്റെ ഭാഗമായി കാർഷിക മേഖലയിൽ പുതിയ പദ്ധതികൾ കൊണ്ടുവന്നിട്ടുണ്ട്. 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്നൊരു ജനകീയ പ്രചരണ പരിപാടിക്ക് തുടക്കംകുറിക്കാൻ പോകുകയാണ്. നെല്ലിന്റെ താങ്ങുവില 28.20 രൂപയായി വർദ്ധിപ്പിച്ചു. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് തൊഴിലാളികൾക്ക് നൽകുന്ന കയറ്റിറക്കുകൂലി (ഹാൻഡ്ലിംഗ് ചാർജ്) കാലോചിതമായി വർദ്ധിപ്പിക്കണം. വരുംവർഷങ്ങളിൽ കാർഷിക മേഖലയിലെ മൂല്യവർദ്ധിത ഉത്പന്നങ്ങൾക്ക് വലിയ സ്വീകാര്യതയും സാദ്ധ്യതയും വരാൻ പോകുകയാണ്. ഉദാഹരണത്തിന് പാലക്കാട് ജില്ലയിൽ ബ്രാൻഡ് ചെയ്യപ്പെടുന്ന പ്രധാനപ്പെട്ട ഒരു ഉത്പന്നമാണ് പാലക്കാടൻ മട്ട അരി. അതുപോലെ നമ്മുടെ കുട്ടികൾ കഴിക്കുന്ന ബിസ്കറ്റുകൾ പലപ്പോഴും മൈദ കൊണ്ടുണ്ടാക്കിയതാണ്. അതുകൊണ്ട് നമുക്ക് അരിയിൽ നിന്ന് ബിസ്കറ്റുൾപ്പെടെയുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ

രൂപപ്പെടുത്തിയെടുക്കാൻ സാധിക്കണം. ഈ മേഖലയിൽ മാത്രമല്ല മറ്റെല്ലാ മേഖലകളിലും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കാൻ സാധിക്കണം. കർഷകരെ സദസ്സിലല്ല, മറിച്ച് വേദിയിലിരുത്തുന്ന ഒരു സർക്കാരിനെയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. വ്യത്യസ്ത കൃഷിരീതികൾ പരിചയപ്പെടുന്നതിനുവേണ്ടി കർഷകരെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും വിദേശത്തേയ്ക്കും അയയ്ക്കാൻ സാധിക്കുന്ന തരത്തിലുള്ള പ്രോജക്ടുകൾ ഈ ബഡ്ജറ്റിന്റെ ഭാഗമായി വരുന്നത് സ്വാഗതാർഹം തന്നെയാണ്. ബഡ്ജറ്റിൽ പട്ടികജാതി മേഖലയുടെ മികച്ച മുന്നേറ്റത്തിന് തുടക്കംകുറിക്കുന്നതിനാവശ്യമായ തുക മാറ്റിവച്ചിട്ടുണ്ട്. പട്ടികജാതി മേഖലയുമായി ബന്ധപ്പെട്ട് ഭൂമി, പാർപ്പിടം മറ്റ് വികസന പദ്ധതികൾ എന്നിവയ്ക്കായി 1935.38 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഇതിൽ ഏറ്റവും പ്രധാനം പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹ ധനസഹായവുമായി ബന്ധപ്പെട്ട കാര്യമാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി ഈ വിഭാഗത്തിൽപ്പെട്ടവരുടെ മക്കളുടെ വിവാഹാവശ്യത്തിനായി സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുക്കുന്ന സ്ഥിതിയായിരുന്നു കണ്ടുവന്നിരുന്നത്. അതിനൊരു ആശ്വാസമെന്ന നിലയിലേയ്ക്ക് ഒരു ലക്ഷം രൂപ വരെ വാർഷിക

വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് വിവാഹ ധനസഹായമായി 1,25,000 രൂപ വരെ നൽകുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം ഏറെ സ്വാഗതാർഹമാണ്.

പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 70 കോടി രൂപ മാറ്റിവച്ചിരിക്കുന്നു. കേരളത്തിലെ റെസ്റ്റ് ഹൗസുകളിൽ വലിയ മാറ്റം വരികയാണ്. 2021 നവംബർ 1 മുതൽ സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസുകൾ പൊതുജനങ്ങൾക്ക് താമസസൗകര്യത്തിന് നൽകുന്ന ഏറ്റവും ധീരമായ തീരുമാനമുണ്ടായി. അതിനായി ഓൺലൈൻ ബുക്കിംഗ് ഉൾപ്പെടെയുള്ള സൗകര്യങ്ങളൊരുക്കി. ആദ്യം മാസം 4604 ബുക്കിംഗിലൂടെ 27,84,213 രൂപ ലഭിച്ചു. ആ മേഖലയിൽനിന്നും മൂന്ന് മാസം കൊണ്ട് ഒരു കോടി രൂപയിലേറെ വരുമാനം കിട്ടുന്ന സാഹചര്യമുണ്ടായി. രണ്ടാം പിണറായി വിജയൻ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം 1,71,733 പുതിയ റേഷൻ കാർഡുകളാണ് അനുവദിച്ചത്. ജനുവരി 31 വരെ ലഭിച്ച അപേക്ഷകൾ പരിശോധിച്ച് ജനങ്ങൾക്ക് കാർഡുകൾ നൽകാൻ സാധിച്ചു. കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും സഞ്ചരിക്കുന്ന റേഷൻ കടകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം നടപ്പായാൽ പട്ടികജാതി/പട്ടികവർഗ്ഗ

വിഭാഗങ്ങൾക്കുൾപ്പെടെ റേഷൻ സാധനങ്ങൾ വാതിൽപ്പടി വിതരണം നടത്താൻ സാധിക്കുന്ന സാഹചര്യത്തിലേയ്ക്ക് വരും. കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം മെച്ചപ്പെടുത്തുന്നതിനും 'വിശപ്പുരഹിത ബാല്യം' എന്ന സുസ്ഥിര വികസന ലക്ഷ്യം കൈവരിക്കുന്നതിനുമായി അങ്കണവാടി മെനുവിൽ ആഴ്ചയിൽ രണ്ട് ദിവസം പാലും രണ്ടുദിവസം കോഴിമുട്ടയും ഉൾപ്പെടുത്താൻ തീരുമാനിച്ചതും ഏറെ സ്വാഗതാർഹമാണ്. കഴിഞ്ഞ 5 വർഷക്കാലം കൊണ്ട് ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് നല്ല നിലയിലുള്ള മുന്നേറ്റമുണ്ടായി. ഇത്തവണ 1,06,000 വീടുകൾ നിർമ്മിക്കുമെന്ന് ഈ ഗവൺമെന്റ് ബഡ്ജറ്റിന്റെ ഭാഗമായി പ്രഖ്യാപിച്ചിരിക്കുന്നു. കഴിഞ്ഞ ഒന്നുരണ്ട് മാസമായി തദ്ദേശസ്വയംഭരണ വകുപ്പ് നടത്തുന്ന 'മനസ്സോടിത്തിരി മണ്ണ്' എന്ന ക്യാമ്പയിനിന്റെ ഭാഗമായി പ്രസിദ്ധ സംവിധായകൻ ശ്രീ. അടൂർ ഗോപാലകൃഷ്ണൻ ഭൂരഹിതർക്കുവേണ്ടി പതിമൂന്നര സെന്റ് സ്ഥലം വകുപ്പിന് കൈമാറി. കേരളത്തിലെ ഫെഡറൽ ബാങ്ക് ഏകദേശം ഒന്നര ഏക്കർ ഭൂമി ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നൽകി. ഏപ്രിൽ മാസത്തോടുകൂടി കേരളത്തിലാകെ ഈ പദ്ധതി നല്ല നിലയിൽ വരാൻ പോകുകയാണ്. അത്തരത്തിലുള്ള ഉജ്ജ്വലമായ പ്രഖ്യാപനങ്ങളാണ് നടപ്പിലാക്കാൻ പോകുന്നത്.

ബഹുമാനപ്പെട്ട അംഗം ശ്രീ. അൻവർ സാദത്ത് സംസാരിച്ചപ്പോൾ 'എസ്.എഫ്.ഐ./ഡി.വൈ.എഫ്.ഐ. നേതാക്കന്മാരുടെ പല്ലും നഖവും എടുത്തുകളഞ്ഞു" എന്ന് പറഞ്ഞു. കഴിഞ്ഞ നാല് പതിറ്റാണ്ടുകളായി കേരളത്തിന്റെ തെരുവോരങ്ങളിൽ അതിശക്തമായ സമരങ്ങളും പോരാട്ടങ്ങളും നടത്തിയ സംഘടനകളാണ് എസ്.എഫ്.ഐ.യും ഡി.വൈ.എഫ്.ഐ.യും. കേരളത്തിലെ ഏറ്റവും വലിയ യുവജനസംഘടന ഏതെന്ന് ചോദിച്ചാൽ ഡി.വൈ.എഫ്.ഐ.യാണ്. കേരളത്തിലെ ഏറ്റവും വലിയ വിദ്യാർത്ഥി സംഘടന ഏതെന്ന് ചോദിച്ചാൽ എസ്.എഫ്.ഐ. ആണ്. കേരളത്തിൽ സമാനതകളില്ലാത്ത സമരങ്ങളിലൂടെയും പോരാട്ടങ്ങളിലൂടെയും വളർന്നുവന്ന സംഘടനകളാണ് എസ്.എഫ്.ഐ.യും ഡി.വൈ.എഫ്.ഐ.യും. എന്നാൽ കേരളത്തിലെ യൂത്ത് കോൺഗ്രസ്സ് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന സംഘടനയാണ്. കെ.എസ്.യു.-വിന്റെ സ്ഥിതിയും വ്യത്യസ്തമല്ല. ആ നിലയിലേയ്ക്ക് കേരളത്തിലെ പ്രതിപക്ഷ യുവജന സംഘടനകളും വിദ്യാർത്ഥി സംഘടനകളും മാറുന്ന കാഴ്ച നമുക്ക് കാണാൻ സാധിക്കും. ഒരിക്കൽക്കൂടി അന്തിമ ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിഷമിക്കുന്ന രണ്ട് വിഭാഗങ്ങളുടെ കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ബഡ്ജറ്റിൽ പരിഗണന ലഭിക്കാതെ പോയ രണ്ട് പ്രധാനപ്പെട്ട വിഭാഗങ്ങളാണ് വിധവകളും ഭിന്നശേഷിക്കാരും. മരുന്ന് വാങ്ങാൻപോലും വിഷമിക്കുന്ന ഈ രണ്ട് വിഭാഗങ്ങൾക്കും പ്രതിമാസം 2500 രൂപയെങ്കിലും ഈ കോവിഡ് സാഹചര്യത്തിൽ ധനസഹായം നൽകണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു. ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുൾപ്പെടെ ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്. ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കാൻ അക്ഷയ കേന്ദ്രങ്ങളെ സമീപിക്കുമ്പോൾ ഗവൺമെന്റ് അനുവാദം നൽകിയിട്ടില്ലെന്ന് പറഞ്ഞ് പൊതുജനങ്ങളെ പറഞ്ഞുവിടുകയാണ്. ഇതുമൂലം ആയിരക്കണക്കിന് രോഗികൾക്ക് ചികിത്സ നിഷേധിക്കപ്പെടുന്ന സാഹചര്യം വളരെ ഗൗരവമായി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആരോഗ്യ ഇൻഷ്വറൻസ് കാർഡുകൾ പുതുക്കുന്നതിന് ഒരവസരം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം; അതിനാവശ്യമായ ഇടപെടലുകൾ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിക്കാരുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട രണ്ട് കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയാണ്. ഒന്നാമത്തേത് റബ്ബർ കർഷകരുമായി ബന്ധപ്പെട്ടാണ്. റബ്ബർ വിലസ്ഥിരതാ ഫണ്ട് 280 രൂപയാക്കുകയെന്ന ആവശ്യമാണ് കർഷകർ ഉന്നയിക്കുന്നത്. ബഡ്ജറ്റിൽ പഴയ നിരക്കുതന്നെ നിലനിർത്തിയിരിക്കുകയും ഇതിനായി 500 കോടി രൂപ മാറ്റിവച്ചിരിക്കുകയുമാണ്. കേൾക്കുമ്പോൾ 500 കോടി രൂപയുണ്ടല്ലോയെന്ന് തോന്നുമെങ്കിലും ഗവൺമെന്റിന് ഒരു രൂപപോലും നഷ്ടം വരുന്നില്ലെന്നുള്ളതാണ് സത്യം. കാരണം വിലസ്ഥിരതാ ഫണ്ട് 170 രൂപയായിരിക്കുമ്പോഴും മാർക്കറ്റിൽ ഇപ്പോൾ റബ്ബറിന് 170.50 രൂപ ലഭിക്കുന്നുണ്ട്. അതുകൊണ്ട് ഗവൺമെന്റിന് നഷ്ടമുണ്ടാകുന്നില്ല, എപ്പോഴെങ്കിലും വില കുറഞ്ഞാലേ പ്രശ്നമുള്ളൂ. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരിക്കുമ്പോൾ ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണി ആദ്യം റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ട് പ്രഖ്യാപിക്കുന്ന സമയത്ത് മാർക്കറ്റിൽ 60 രൂപയാണുണ്ടായിരുന്നത്. 180 രൂപ വിലസ്ഥിരതാ ഫണ്ടായി പ്രഖ്യാപിച്ചപ്പോൾ 90 രൂപ ഗവൺമെന്റാണ് നൽകിയത്. ഇവിടെ 280 രൂപ ആക്കുകയാണെങ്കിൽ ഗവൺമെന്റിന് അത്രയും ചെലവ് വരുന്നില്ല. അതുകൊണ്ട് 280 രൂപയാക്കാൻ

കഴിയുന്നില്ലെങ്കിൽ 200 രൂപയെങ്കിലുമാക്കി മാറ്റാനുള്ള പ്രത്യേകമായ പരിഗണന ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി നൽകണം. ഈ കാലഘട്ടത്തിലെ റബ്ബർ കർഷകർക്ക് അങ്ങനെയൊരു സഹായം നൽകുന്നതിന് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. രണ്ടാമത്തേത് ക്ഷീരകർഷകരുടെ പ്രശ്നമാണ്. അക്കാര്യം പല ദിവസങ്ങളിലായി സഭയിൽ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഉത്പാദനച്ചെലവ് വർദ്ധിച്ചതുകാരണം ക്ഷീരകർഷക മേഖലയിൽനിന്നും കൃഷിക്കാർ പിന്നോട്ട് പോകുകയാണ്. ക്ഷീരകർഷകരുടെ ഉത്പാദനച്ചെലവ് 50 രൂപ വരുന്ന സാഹചര്യമുള്ളതുകൊണ്ട് ഒരു ലിറ്റർ പാലിന് 45 രൂപയെങ്കിലും ലഭിക്കുന്ന വിധത്തിൽ പാൽവില പുന:ക്രമീകരിക്കാൻ കഴിയുന്ന സാഹചര്യം സംസ്ഥാനത്തുണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. കാലിത്തീറ്റയുടെ വിലവർദ്ധനവുകാരണം ക്ഷീര മേഖല വലിയ പ്രതിസന്ധി നേരിടുകയാണ്. അതിനാൽ കാലിത്തീറ്റയ്ക്ക് സബ്സിഡി കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. കേരളത്തിലെ ക്ഷീരകാർഷിക മേഖല തകരുന്നൊരു സ്ഥിതിയിലേയ്ക്ക് പോയാൽ പാലിന്റെ കാര്യത്തിലും നമ്മുടെ സംസ്ഥാനം മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടതായി വരും. 2019-ലെ പാൽവില പുതുക്കി നിശ്ചയിക്കുന്ന ഒരു സാഹചര്യം ഉറപ്പുവരുത്തണം. പുല്ലിന്റേയും

വൈക്കോലിന്റേയും ദൗർലഭ്യം, കാലിത്തീറ്റയുടെ വില വർദ്ധനവ് തുടങ്ങിയ പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. അതുകൊണ്ട് ക്ഷീരകർഷകരെ സഹായിക്കാൻ കഴിയുംവിധം ഗവൺമെന്റ് പാൽവില പുന:ക്രമീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം, വായ്പ തിരിച്ചടവുമായി ബന്ധപ്പെട്ട് മാർച്ച് 31 കണക്കാക്കി എല്ലാ ബാങ്കുകളും നോട്ടീസ് നൽകുകയാണ്. ഇവിടെ വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടെന്ന് ഗവൺമെന്റ് പറയുന്നു. പക്ഷേ മൊറട്ടോറിയം എവിടെ? ബാങ്കുകാർ നോട്ടീസുമായി സർവ്വ വീടുകളിലും കയറിയിറങ്ങുകയാണ്. കേരള ബാങ്ക് പോലും മന:സാക്ഷിയില്ലാതെ ഇറങ്ങിത്തിരിച്ചിരിക്കുകയാണ്. പാവപ്പെട്ട ആളുകൾ ആത്മഹത്യയുടെ വക്കിലാണ്. അവരെങ്ങനെ പണമടയ്ക്കാനാണ്? ആർക്കും ഒരു രക്ഷയുമില്ല. അതുകൊണ്ട് കേരള ബാങ്ക് അടക്കമുള്ള ബാങ്കുകളുടെ കാര്യത്തിൽ ഗവൺമെന്റ് ഇടപെടണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. വായ്പകളിന്മേൽ ഒരു വർഷത്തേയ്ക്കുകൂടി മൊറട്ടോറിയം പ്രഖ്യാപിക്കാൻ തയ്യാറാകണം. കൂടാതെ ജപ്തി നടപടികൾ നിർത്തിവയ്ക്കണമെന്ന നിർദ്ദേശം ബാങ്കുകൾ പാലിക്കുന്നുണ്ടെന്ന് ഗവൺമെന്റ് ഉറപ്പുവരുത്തണമെന്നും അഭ്യർത്ഥിക്കുകയാണ്.

മറ്റൊരു പ്രധാനകാര്യം നിർമ്മാണമേഖലയുടെ പ്രതിസന്ധിയാണ്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിവിധ ചർച്ചകൾ നടത്തിയിട്ടുണ്ടെങ്കിലും ഫലമുണ്ടായിട്ടില്ല. അക്കാര്യത്തിൽ അങ്ങ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിന്റെ വികസന കാര്യങ്ങൾ സ്തംഭിക്കുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. എസ്റ്റിമേറ്റ് റേറ്റ് പ്രകാരം ഒരു ബാരൽ ടാറിന്റെ വില 6,000 രൂപയാണ്. നിലവിൽ ഒരു ബാരൽ ടാർ ലഭിക്കണമെങ്കിൽ 11,000 രൂപ കൊടുക്കണം. അത്രയും രൂപ കൊടുത്ത് ടാർ വാങ്ങിയിട്ട് ഗവൺമെന്റ് റേറ്റായ 6,000 രൂപയ്ക്ക് ഏത് കോൺട്രാക്ടർ പ്രവൃത്തി ഏറ്റെടുക്കും? കോസ്റ്റ് ഡിഫറൻസ് നൽകിയ ചരിത്രം കേരളത്തിനുണ്ട്, അത് ഗവൺമെന്റ് പരിശോധിക്കേണ്ടതായിട്ടുണ്ട്. കമ്പി, സിമന്റ് തുടങ്ങിയ നിർമ്മാണ സാമഗ്രികളുടെ രൂക്ഷമായ വിലക്കയറ്റം സംസ്ഥാനത്തിന്റെ നിർമ്മാണരംഗത്തുണ്ടാക്കുന്ന പ്രതിസന്ധി പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാകണം. പൊതുമരാമത്ത്, പഞ്ചായത്ത്, ജലവിഭവം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഇടപെടൽ നടത്തിയാൽ മാത്രമേ നിർമ്മാണപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയുള്ളൂ.

കെ-റെയിലിന് ഈ ബഡ്ജറ്റിൽ വലിയ പരിഗണന കൊടുത്തിട്ടുണ്ട്. കേരളത്തിലെ സിൽവർ ലൈൻ പദ്ധതിയുടെ പാരിസ്ഥിതിക-സാങ്കേതിക വിഷയങ്ങൾ സംബന്ധിച്ച് വ്യക്തത വരാതെ മുന്നോട്ടുള്ള അനുമതി നൽകാനാവില്ലന്ന് ഇന്നലെ കേന്ദ്ര റെയിൽവേ മന്ത്രി ശ്രീ. അശ്വനി വൈഷ്ണവ് പാർലമെന്റിൽ പറഞ്ഞത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിച്ചിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. കെ-റെയിൽ-സിൽവർ ലൈൻ പദ്ധതി ഇതുവരെ റെയിൽവേ മന്ത്രാലയം അംഗീകരിച്ചിട്ടില്ല. സിൽവർ ലൈൻ സംബന്ധിച്ച് ഉന്നയിക്കപ്പെടുന്ന ആശങ്കകൾ വസ്തുതാപരമാണെന്ന് ലോക്സഭയിലെ ചോദ്യോത്തരവേളയിലും കേന്ദ്രമന്ത്രി ആവർത്തിക്കുന്നുണ്ട്. പദ്ധതി ചെലവ് സംബന്ധിച്ച കണക്കുകൾ യാഥാർത്ഥ്യത്തിന് നിരക്കുന്നതല്ലെന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കുന്നു. കേന്ദ്രറെയിൽവേ മന്ത്രാലയം ഈ പദ്ധതി അംഗീകരിച്ചിട്ടില്ല. ഇതുമുഴുവൻ അയാഥാർത്ഥ്യമാണ്, ഇത് പരിശോധിക്കേണ്ട വിഷയമാണെന്നൊക്കെ കേന്ദ്ര റെയിൽവേ മന്ത്രി കേന്ദ്രസർക്കാരിനുവേണ്ടി വ്യക്തമാക്കിയ സാഹചര്യത്തിൽ കെ-റെയിൽ പദ്ധതിക്ക് ബദലായി ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ള വിവിധ നിർദ്ദേശങ്ങൾ പരിശോധിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ

ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. കേരളത്തെ ലോകത്തിന് മുമ്പിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള പുതിയ കാഴ്ചപ്പാടുകളിൽ പഴയതിന്റെ തുടർച്ചകളെല്ലാം ഉൾക്കൊള്ളുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഇവിടെ അവതരിപ്പിച്ചത് വളരെ മാതൃകാപരമായ ബഡ്ജറ്റാണ്. അതിന്റെ സാമ്പത്തിക കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടിയുള്ള ധനാഭ്യർത്ഥനകളാണ് ഈ സഭയുടെ മുമ്പിൽ വന്നിട്ടുള്ളത്. ആഗോളതലത്തിൽ ചിന്തിക്കുകയും പ്രാദേശിക തലത്തിൽ പ്രവർത്തിക്കുകയും അതിനനുസൃതമായി ശാസ്ത്രീയമായ ആസൂത്രണവഴികളിലൂടെ കേരളത്തെ മുന്നോട്ടുകൊണ്ടുപോകുകയും ചെയ്യുകയെന്ന ഗവൺമെന്റിന്റെ കാഴ്ചപ്പാടിനെ സമ്പൂർണ്ണമായി ഉൾക്കൊള്ളുന്നതാണ് ഈ ബഡ്ജറ്റെന്ന് നമുക്ക് അഭിമാനത്തോടെ പറയാൻ സാധിക്കും. ഗവൺമെന്റിന്റെ കാഴ്ചപ്പാടുകളെ ലെനിനെ ഉദ്ധരിച്ചുകൊണ്ട് ഏതെങ്കിലും തരത്തിൽ ക്ഷീണിപ്പിക്കാൻ പറ്റുമോയെന്ന് ഡോ. എം. കെ. മുനീർ പരീക്ഷിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞത് ലെനിൻ ഭക്ഷണം കൊടുക്കുന്ന ആളാണെന്നാണ്. എല്ലാവർക്കും അതിശയം

വരുത്തുന്ന മാറ്റങ്ങൾ സാമൂഹ്യജീവിതത്തിലുണ്ടാക്കിയ ഒരു രാജ്യമായിരുന്നു സോവിയറ്റ് യൂണിയൻ. എല്ലാവർക്കും ഭക്ഷണവും സമ്പൂർണ്ണ പരിരക്ഷയും നൽകി, സോഷ്യലിസത്തിന്റെ വഴിയിലൂടെ സോവിയറ്റ് യൂണിയനെ ഉയർത്തിപ്പിടിച്ച് ലോകത്തിന് അത്ഭുതവും മാതൃകയുമാക്കി തീർത്തിട്ടുള്ളത് ലെനിന്റെ സാമ്പത്തിക നിലപാടുകളും കാഴ്ചപ്പാടുകളുമാണ്. അത്രയൊന്നുമെത്താൻ കേരളത്തിന് സാധിച്ചിട്ടില്ലെങ്കിലും എല്ലാ പ്രയാസങ്ങൾക്കും ബുദ്ധിമുട്ടുകൾക്കുമിടയിലും കേരളത്തിലെ ജനങ്ങൾക്ക് ആത്മവിശ്വാസം നൽകാൻ സാധിക്കുന്ന നിലയിൽ നല്ല നിലപാടുകൾ സ്വീകരിച്ച് മുന്നോട്ടുപോകാൻ സഖാവ് പിണറായി വിജയൻ നയിക്കുന്ന ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടെന്നത് ഡോ. എം. കെ. മുനീർ തന്നെ ഇവിടെ പറഞ്ഞിട്ടുണ്ട്. അദ്ദേഹം നല്ല ഡോക്ടർ ആണ്, അല്ലെങ്കിൽ നല്ല ഡോക്ടർ ആകണം. എൽ.ഡി.എഫ്.-ന്റെ എം.എൽ.എ.-മാർ ഇതെല്ലാം നിഷ്കളങ്കമായി അംഗീകരിച്ച് പോകുകയാണെന്നും സഖാവ് പിണറായി വിജയനെ ദൈവമായി കാണുന്നുവെന്നും പറഞ്ഞു.  ഞങ്ങൾ ദൈവമായി കാണുകയല്ല, ഏറ്റവും മനുഷ്യസ്നേഹിയായ, കേരളത്തിന്റെ ഭാവിയെ ഉറ്റുനോക്കുന്ന, അതിന് വഴികാട്ടിയായി നിൽക്കുന്ന കേരളത്തിന്റെ അഭിമാനമായ മുഖ്യമന്ത്രിയാണ് സഖാവ് പിണറായി വിജയൻ എന്നതിൽ ഞങ്ങൾ അഭിമാനംകൊള്ളുന്നു.

ഞങ്ങളുടെ മനസ്സിൽ ഒരു കാപട്യവുമില്ല. അതുകൊണ്ട് സഖാവ് പിണറായി വിജയനെ അങ്ങനെ കാണുന്നതിൽ ഞങ്ങൾക്ക് യാതൊരു മടിയുമില്ല. ഡോ. എം. കെ. മുനീർ ബുദ്ധിമുട്ടിയിട്ട് ഒരു കാര്യവുമില്ല. നിങ്ങളുടെ കാര്യമെല്ലാം കുറച്ച് ബുദ്ധിമുട്ടിലാണെന്നുള്ളത് ഞങ്ങൾ മനസ്സിലാക്കുന്നുണ്ട്. ഈ ബഡ്ജറ്റിലെ കാര്യങ്ങളെല്ലാം ലോൺട്രിയിൽ എത്തിക്കേണ്ട കാര്യമാണെന്നാണ് നിങ്ങൾ പറഞ്ഞത്. നിങ്ങൾ ആലോചിച്ച് നോക്കണം, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഞങ്ങൾ അഞ്ച് വർഷംകൊണ്ട് നടപ്പാക്കുമെന്ന് പറഞ്ഞിട്ടുള്ളത് 600 കാര്യങ്ങളാണ്. അതിൽ 580 കാര്യങ്ങൾ പൂർത്തീകരിച്ചു. 20 കാര്യങ്ങൾ പൂർത്തീകരണത്തിന്റെ പാതയിലാണ്. അതിന്റെ സമ്പൂർണ്ണ രേഖകൾ സമൂഹത്തിന്റെ മുമ്പിൽ അവതരിപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കുന്നതിനുവേണ്ടി ജനങ്ങളോട് തുറന്ന സംവാദത്തിന് സന്നദ്ധമായ ഒരു മുന്നണിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി. ഇപ്രാവശ്യത്തെ പ്രകടനപത്രികയിൽ തൊള്ളായിരത്തിലധികം കാര്യങ്ങൾ ജനങ്ങളുടെ മുമ്പിൽ വച്ചിട്ടുണ്ട്. അക്കാര്യങ്ങൾ കൃത്യമായി നടപ്പാക്കുന്നതിന് യാതൊരു മടിയും ആശങ്കയും പ്രതിബന്ധവും ഞങ്ങളുടെ മുമ്പിലില്ലെന്ന ആത്മവിശ്വാസത്തോടുകൂടിയാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ച് എൽ.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

ലോൺട്രിയിൽ നിങ്ങൾ ചെന്നുവീഴും എന്നുള്ളതിൽ ഒരു സംശയവുമില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജനങ്ങൾ അത് പഠിപ്പിച്ചിട്ടുണ്ട്. ഇനിയും മനസ്സിലാക്കുന്നില്ലെങ്കിൽ നിങ്ങൾ ആ വഴിയിൽത്തന്നെ എത്തുമെന്നുള്ളത് തർക്കമില്ലാത്ത കാര്യമാണ്. എന്റെ ഓർമ്മയിൽ വരുന്നത് സന്തോഷ് ഏച്ചിക്കാനം എന്ന പ്രസിദ്ധ കഥാകൃത്ത് എഴുതിയ 'സുഖവിരേചനം' എന്ന കഥയാണ്. ഞാൻ ഇവിടെ കഥയൊന്നും പറയുന്നില്ല. കൊച്ചി കോർപ്പറേഷനിലെ മുൻ ഭരണകാലത്തെ ഒരു വലതുപക്ഷ പ്രതിനിധിയുടെയടുത്ത് സാധാരണഗതിയിൽ ആവശ്യങ്ങളുമായി ധാരാളം ജനങ്ങൾ വരും. ഒരു ഘട്ടം കഴിഞ്ഞു, ചില പ്രശ്നങ്ങൾ പരിഹരിച്ചുകൊടുത്തപ്പോൾ ജനങ്ങളൊന്നും അദ്ദേഹത്തെ കാണാൻ വരാതെയായി. അതിൽ ഏറ്റവും പ്രധാനം സ്ട്രീറ്റ് ലൈറ്റ് ആയിരുന്നു. ജനങ്ങൾ വരാത്തതിന്റെ വേവലാതിയിൽ ആ സ്ട്രീറ്റ് ലൈറ്റ് എറിഞ്ഞുപൊളിച്ച് അതിന്റെ ചില്ല് കഷണങ്ങൾ പോക്കറ്റിലിട്ടുകൊണ്ട് ജനങ്ങൾ വരുന്നുണ്ടോയെന്ന് നോക്കി അദ്ദേഹം വീട്ടിലിരുന്നു. വെളിച്ചം കെടുത്തുന്ന നിലപാട് സ്വീകരിക്കുന്നവരുടെയടുത്തേയ്ക്ക് ഒരാളും തിരിഞ്ഞുനോക്കില്ലെന്ന് വ്യക്തമാക്കുന്നതാണ് കേരളത്തിന്റെ അനുഭവങ്ങൾ. യു.ഡി.എഫ്. രാഷ്ട്രീയം അത്രമാത്രം ഗതികെട്ട നിലയിലേയ്ക്ക് ചെന്നെത്തിയിരിക്കുന്നു.

എ.ഐ.സി.സി.-യുടെ ഏറ്റവും പ്രധാനപ്പെട്ട നേതാവ് ശ്രീ. കബിൽ സിബൽ ഞങ്ങളുടെ നേതാവല്ലല്ലോ? മുൻ കേന്ദ്രമന്ത്രിസഭയിലെ ഏറ്റവും പ്രധാനപ്പെട്ട മന്ത്രിയായിരുന്നു അദ്ദേഹം. അദ്ദേഹം രണ്ട് ദിവസം മുമ്പ് എഴുതിയ ലേഖനത്തിൽ, 2014-നുശേഷം 177 എം.പി.-മാരും എം.എൽ.എ.-മാരും കുടുംബവാഴ്ചയുടെ ഫലമായി കോൺഗ്രസ് വിട്ടുപോയെന്നാണ് പറയുന്നത്. ഇപ്പോൾ യുക്രൈനിൽ ജനങ്ങൾ ബങ്കറുകളിലാണ് നിൽക്കുന്നതെന്ന് പറയുന്നുണ്ട്. അതുപോലെ കോൺഗ്രസ് (ഐ)-ക്കാർ സ്ഥാനാർത്ഥികളെ നിശ്ചയിച്ചുകഴിഞ്ഞാൽ അവരെ ബങ്കറുകളിൽ കൊണ്ടുപോയി സൂക്ഷിക്കേണ്ടിവരുന്ന ഒരു ഗതികെട്ട അവസ്ഥയിലേയ്ക്ക് കോൺഗ്രസ് അധഃപതിച്ചിരിക്കുന്നു. 222 കോൺഗ്രസ് സ്ഥാനാർത്ഥികൾ മറ്റ് പാർട്ടികളിലേയ്ക്ക് പോയെന്നാണ് ശ്രീ. കബിൽ സിബൽ പറയുന്നത്. ഉത്തർപ്രദേശിൽ കോൺഗ്രസ് 399 സീറ്റിൽ മത്സരിച്ചുവെന്ന് വലിയരീതിയിൽ പറയുന്നുണ്ടല്ലോ; എത്ര സീറ്റിലാണ് കെട്ടിവച്ച തുക ലഭിച്ചത്? 12 സീറ്റുകളിൽ കെട്ടിവച്ച തുക ലഭിച്ചെന്ന് ശ്രീ. കബിൽ സിബൽ ലേഖനത്തിൽ പറയുന്നുണ്ട്. ഇത്രമാത്രം ദേശാഭിമാന പ്രചോദിതരായ ഒരു പാർട്ടിയുണ്ടെന്ന് പറയാൻ പറ്റുമോ; നാടിന്റെ ഖജനാവിലേയ്ക്ക് പണം സംഭാവന ചെയ്യുന്ന ഒരു പാർട്ടി. 2.4 ശതമാനം വോട്ടാണ് കോൺഗ്രസിന്റെ

ആരൂഢത്തിൽ ബാക്കിയായി നിൽക്കുന്നതെന്ന തിരിച്ചറിവുണ്ടാകണം. ഇവിടെനിന്ന് മുസ്ലീംലീഗും കുറച്ച് പഠിക്കണം. മുസ്ലീംലീഗ് ഇങ്ങനെ നടന്നിട്ട് എന്തെങ്കിലും കാര്യമുണ്ടോ? മുസ്ലീംലീഗുകാർ കെ-റെയിലിനെതിരായി പറയുന്നുണ്ട്, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഇവിടെയുണ്ട്. ഇന്ന് ശ്രീ. രമേശ് ചെന്നിത്തല എഴുതിയ ഒരു പുസ്തകം പുറത്തിറക്കിയെന്നാണ് പറയുന്നത്. അദ്ദേഹത്തിന്റെ പുസ്തകത്തിന്റെ പേര് 'ആർക്കും വേണ്ടാത്ത കെ-റെയിൽ' എന്നാണ്. ഞങ്ങൾ വളരെ വിനയത്തോടുകൂടി പറയുകയാണ്, സ്കൂളിൽ പോകാൻ പറഞ്ഞുവിട്ട കുട്ടി സ്കൂളിൽ പോകാതെ, പഠിക്കാതെ അലഞ്ഞുതിരിഞ്ഞ് നടന്നാൽ ഒന്നും മനസ്സിലാകാത്ത ഒരു തലത്തിലേയ്ക്കെത്തുമെന്നുള്ളതിന് ഒരു തർക്കവും വേണ്ട. ഈ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കെ-റെയിലിനെക്കുറിച്ച് വിശദമായി പറഞ്ഞു. ഇനിയും എന്തെങ്കിലും സംശയമുണ്ടോ എന്ന് ചോദിക്കുകയും നിങ്ങൾക്ക് ഒരു ക്ലാസ് തരാൻ ഇവിടെ തീരുമാനിച്ച് നിങ്ങളെ എല്ലാവരേയും ക്ഷണിക്കുകയും ചെയ്തു. നിങ്ങൾ വന്ന് ആ ക്ലാസ്സിലിരുന്ന് കാര്യങ്ങൾ ശ്രവിച്ചിരുന്നെങ്കിൽ 'ആർക്കും വേണ്ടാത്ത കെ-റെയിൽ' എന്നൊരു പുസ്തകം എഴുതുമായിരുന്നോ? ആർക്ക് വേണ്ടാത്തതാണ്? നിങ്ങൾ ആലോചിക്കണം 99 ഇടതുപക്ഷ ജനാധിപത്യ മുന്നണി അംഗങ്ങൾ ഈ സഭയിലുണ്ട്. ഞങ്ങൾക്കെങ്കിലും

വേണമെന്ന് പറയാൻ മുൻപ്രതിപക്ഷ നേതാവായ ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് സാധിക്കണ്ടേ? എന്റെ നിയോജകമണ്ഡലത്തിലൂടെ 12 കിലോമീറ്റർ കെ-റെയിൽ പോകുന്നുണ്ട്. ഒരു സ്ഥലത്തും കുഴിച്ചിട്ട കല്ല് പിഴുതുമാറ്റാൻ ആരും വന്നിട്ടില്ല. വന്നാൽ അവരെ കൈകാര്യം ചെയ്യുന്ന നിലയിലേയ്ക്ക് ജനങ്ങൾ മുന്നോട്ടുവന്നിട്ടുണ്ട്. കെ-റെയിൽ ഈ നാടിനുവേണ്ടിയുള്ളതാണ്. കാസർഗോഡുനിന്നും മഞ്ചേശ്വരത്തുനിന്നും വരുന്ന എം.എൽ.എ.-മാർ ഇവിടെയുണ്ടല്ലോ. ജീവിതത്തിൽ എത്രകാലം ട്രെയിനിൽ കഴിയേണ്ടിവന്നിട്ടുണ്ടെന്ന് കണക്കുകൂട്ടി നോക്കിയിട്ടുണ്ടോയെന്ന് 11 വർഷമായി കാസർഗോഡ് എം.എൽ.എ. ആയി തുടരുന്ന ബഹുമാന്യനായ അംഗത്തോട് ഞാൻ ചോദിച്ചു. കാസർഗോഡുനിന്ന് തിരുവനന്തപുരത്തെത്താൻ 12 മണിക്കൂർ വേണം. കെ-റെയിൽ വന്നാൽ 4 മണിക്കൂർകൊണ്ട് തിരുവനന്തപുരത്തെത്താൻ സാധിക്കുമെങ്കിൽ അവരുടെ ജീവിതത്തിൽ എത്ര സമയം ബാക്കി കിട്ടുമെന്നുള്ളത് ആലോചിക്കുന്നുണ്ടെന്നുതന്നെയാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. പക്ഷേ അവർക്കിവിടെ ഇതിനെ എതിർക്കാതെ പോകാൻ സാധിക്കില്ല, കാരണം യു.ഡി.എഫ്.-ന്റെ ഭാഗമാണ് മുസ്ലീംലീഗ്. നിങ്ങൾക്ക് വികസന വിരുദ്ധ കുപ്പായമിട്ട് കോൺഗ്രസിന് മുമ്പിൽ നിൽക്കാതിരിക്കാൻ സാധിക്കില്ല.

പക്ഷേ ആത്മാർത്ഥമായി കാര്യങ്ങൾ പരിശോധിച്ചാൽ നിങ്ങൾക്ക് കെ-റെയിലിനെതിരായി സംസാരിക്കാൻ സാധിക്കുകയില്ലെന്നുള്ളത് തർക്കമില്ലാത്ത കാര്യമാണ്. ആരെയും ബുദ്ധിമുട്ടിക്കാതിരിക്കാനാണ് അതിനെ അനുകൂലിക്കുന്നവരുടെ പേരുകൾ ഞാൻ പരാമർശിക്കാത്തത്. അനുകൂലിക്കുന്നവർക്ക് പ്രയാസമുണ്ടാകാൻ പാടില്ല. കാരണം ഞങ്ങളുടെ മനസ്സെല്ലാം ഒരുപോലെയാണ്. അവർക്കും ഞങ്ങൾക്കും വേഗത്തിൽ തിരുവനന്തപുരത്ത് എത്തണം. ഞങ്ങൾ സഹചാരികളാണ്, തുല്യ ദുഃഖിതരാണ്. ഇവിടെ ആ പുസ്തകം പ്രകാശനം ചെയ്തത് ശ്രീ. ഉമ്മൻ ചാണ്ടിയാണ്. അതും ആശ്ചര്യകരമായ കാര്യമാണ്. അതിവേഗ പാത വേണമെന്ന് പറയുകയും അതിനായി നിലപാടെടുക്കുകയും ചെയ്ത അന്നത്തെ മുഖ്യമന്ത്രിയായ ശ്രീ. ഉമ്മൻ ചാണ്ടിക്കുതന്നെ ഈ പുസ്തകം പ്രകാശനം ചെയ്യുന്നതിനുള്ള ചുമതല നൽകിയത് അദ്ദേഹത്തെ കരുതിക്കൂട്ടി അപമാനിക്കാനാണോയെന്ന് ഏതായാലും ഞങ്ങൾ സംശയിക്കുന്നില്ല, മറ്റാരെങ്കിലും സംശയിച്ചുപോയാൽ അത് തെറ്റാണെന്ന് പറയാനും കഴിയില്ല. കോൺഗ്രസ് എങ്ങോട്ടാണ് പോകുന്നത്? ശ്രീ. കെ. സി. വേണുഗോപാലിനെക്കുറിച്ച് ഞങ്ങളൊന്നും പറയുന്നില്ല. നിങ്ങൾ ഉപ്പ് വച്ച കലംപോലെയായിക്കൊണ്ടിരിക്കുന്നുവെന്ന് പറയാതിരിക്കാൻ കഴിയില്ല. ആ

അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. അതുകൊണ്ടാണ് ജീവിതം മുഴുവനും ഞാൻ കോൺഗ്രസുകാരനായിരിക്കും എന്നുപറഞ്ഞ ഞങ്ങളുടെയൊക്ക പ്രിയപ്പെട്ട എഴുത്തുകാരനായ ടി. പദ്മനാഭൻ ഇങ്ങനെ പറഞ്ഞത്, " ഈ കോൺഗ്രസ് നാശത്തിന്റെ വഴിയിലാണ്. നിങ്ങളിനി ആരെയാണ് ഇറക്കാൻ ബാക്കിയുള്ളത്" . റോബർട്ട് വധേരയെയല്ലാതെ നിങ്ങളിനി ആരെയാണ് ഇറക്കാൻ ബാക്കിയുള്ളതെന്ന് നിങ്ങളുടെ വേദിയിൽവന്നാണ് അദ്ദേഹം ചോദിച്ചത്.

ഈ ഉപധനാഭ്യർത്ഥനയിൽ വളരെ ശ്രദ്ധേയമായ ചില കാര്യങ്ങളുണ്ട്, ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഭക്ഷണം കൊടുക്കുന്നതിനും ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനും നടപടി സ്വീകരിച്ച സർക്കാരാണിത്. കേരളമാണ് ഇന്ത്യയിൽ പട്ടിണിയില്ലാത്ത സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നതെന്നത് കേന്ദ്രഗവൺമെന്റിന്റെ നീതിആയോഗിന്റെ കണക്കാണ്. 0.71% മാത്രമാണ് കേരളത്തിൽ പട്ടിണിയുള്ളത്. എന്നാൽ ഇതിൽ ഏറ്റവും അറ്റത്ത് നിൽക്കുന്ന ബീഹാറിൽ പട്ടിണിനിരക്ക് 51.9 ശതമാനവും രാജസ്ഥാനിൽ 45 ശതമാനവുമാണ്. അതായത് കേരളത്തിൽ പട്ടിണി ഒരു ശതമാനത്തിൽ താഴെമാത്രമാണ്. കേരളവും രാജസ്ഥാനും തമ്മിൽ താരതമ്യപ്പെടുത്തി

പട്ടിണി എവിടെ നിൽക്കുന്നുവെന്ന് പറയാൻ കോൺഗ്രസ് (ഐ)യുടെ സ്നേഹിതന്മാർക്ക് സാധിക്കുമോ? ഞാൻ അവസാനിപ്പിക്കുകയാണ്, സ്വന്തം ശരീരം സഹജീവികളുടെ ജീവിതത്തിലേയ്ക്കുള്ള ചവിട്ടുപടിയായി സമർപ്പിച്ച മത്സ്യത്തൊഴിലാളികൾ കേരളത്തിന്റെ സൈന്യമാണ്. മത്സ്യബന്ധനം എന്ന ഡിമാന്റിൽ 233.26 കോടി രൂപയുടെ ഉപധനാഭ്യർത്ഥനയാണുള്ളത്. കാലാവസ്ഥ പ്രതികൂലമാകുന്നതു കാരണം കടലിൽ പോകാൻ കഴിയാത്തവർക്ക് 47.84 കോടി രൂപ അനുവദിക്കുന്നതിനായി ഗവൺമെന്റ് മുമ്പോട്ടുവന്നിരിക്കുകയാണ്. അതിദാരിദ്ര്യമില്ലാത്ത കേരളമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ലക്ഷ്യം വയ്ക്കുന്നത്. വിജ്ഞാന മേഖലയിലും ആരോഗ്യ പരിപാലനത്തിലും കേരളം ഒന്നാം സ്ഥാനത്താണ്. ക്രമസമാധാനത്തിന്റെ കാര്യത്തിൽ ഇന്ത്യയിൽ കേരളം ഒന്നാം സ്ഥാനത്താണ്. കേരളത്തിന് വെളിച്ചമായി, വഴികാട്ടിയായി ഈ ഗവൺമെന്റ് മുന്നിൽ നിൽക്കുമ്പോൾ കേരളം ഒറ്റക്കെട്ടായി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് പിന്നിലുണ്ടാകുമെന്നതിൽ ഞങ്ങൾക്ക് യാതൊരു സംശയവുമില്ല. അതിൽ നിങ്ങൾക്ക് വേവലാതികളുണ്ടാകും, അതെങ്കിലും നിങ്ങളെ കാര്യം പഠിപ്പിക്കാൻ സഹായിക്കുമെങ്കിൽ വളരെ നല്ലത് എന്നു സൂചിപ്പിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കോൺഗ്രസിനെക്കുറിച്ച് വിമർശനാത്മകമായി ബഹുമാന്യനായ എഴുത്തുകാരൻ ടി. പത്മനാഭൻ ചില കാര്യങ്ങൾ പറഞ്ഞുവെന്ന് ബഹുമാനപ്പെട്ട പയ്യന്നൂർ അംഗം ശ്രീ. ടി. ഐ. മധുസൂദനൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ശരിയാണ്, വിമർശനാത്മകമായ അദ്ദേഹത്തിന്റെ നിലപാടുകളെ ഞങ്ങൾ വളരെ പോസിറ്റീവായിത്തന്നെയാണ് കാണുന്നത്. പക്ഷേ അദ്ദേഹം ഒരു കാര്യംകൂടി പറഞ്ഞിരുന്നത് "ഞാൻ എന്നുമൊരു കോൺഗ്രസുകാരനായിത്തന്നെ ജീവിക്കും" എന്നായിരുന്നു. ഇതുപോലെയുള്ള ലക്ഷക്കണക്കിന് പ്രവർത്തകരുടെ ആവേശമായി ഇന്നും കോൺഗ്രസ് നിലനിൽക്കുന്നുവെന്നത് ബഹുമാനപ്പെട്ട അംഗത്തെ ഞാൻ ഓർമ്മിപ്പിക്കുകയാണ്. പിണറായി വിജയൻ ഗവൺമെന്റിന്റെ ഒന്നാം ബഡ്ജറ്റായി പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നടത്തിയ 67 പേജുള്ള പ്രസംഗം വെറും പ്രസംഗമായിത്തന്നെ ഇന്നും നിലനിൽക്കുകയാണ്. അന്ന് പ്രഖ്യാപിച്ച പദ്ധതികൾ നടപ്പാക്കുന്നതിൽ ഗൗരവമായ വീഴ്ചയാണുണ്ടായിട്ടുള്ളത്. നമുക്കറിയാം കാലാകാലങ്ങളിൽ സംസ്ഥാനവും ജനസമൂഹവും നേരിടുന്ന

പ്രയാസങ്ങളും വെല്ലുവിളികളും ലഘൂകരിക്കുന്നതിനും വികസന ലക്ഷ്യങ്ങൾ നേടുന്നതിനുംവേണ്ടിയുള്ള ക്രിയാത്മകമായ ഒരുപകരണമാണ് ബഡ്ജറ്റ്. അതുകൊണ്ടുതന്നെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഒരു വ്യക്തത അനിവാര്യമാണ്. നമ്മുടെ സംസ്ഥാനം ഇപ്പോൾ കടക്കെണിയിൽപ്പെട്ടിരിക്കുകയാണ്; സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി തകർന്ന് തരിപ്പണമായി നിൽക്കുകയാണ്. കേരളം രൂപംകൊണ്ട നാൾമുതൽ പിണറായി വിജയൻ സർക്കാർ അധികാരമേറ്റെടുക്കുന്ന 2016 ഏപ്രിൽ മാസംവരെയുണ്ടായിരുന്ന പൊതുകടം 1,57,370 കോടി രൂപയായിരുന്നു. എന്നാൽ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ ഭരണം കഴിയുമ്പോൾ, അതായത്, 2021 മേയ് മാസം ആയപ്പോഴേയ്ക്കും കടം 3,01,642 കോടി രൂപയായി വർദ്ധിച്ചു. അതായത് 59 വർഷം കൊണ്ടുണ്ടായ കടം 1,57,370 കോടി രൂപയായിരുന്നുവെങ്കിൽ പിന്നീടുള്ള 5 വർഷം കൊണ്ട് 1,40,000 കോടി രൂപയിൽക്കൂടുതൽ വർദ്ധിച്ചുവെന്നാണ് മനസ്സിലാക്കേണ്ടത്. മറ്റൊരുതരത്തിൽപ്പറഞ്ഞാൽ രണ്ടാം പിണറായി വിജയൻ സർക്കാർ അധികാരത്തിൽ കയറുമ്പോൾ ഓരോ കേരളീയനും 55,000 രൂപയുടെ കടക്കാരനായി മാറിയിരിക്കുന്നു. ഇപ്പോഴത് വീണ്ടും വർദ്ധിക്കുകയാണ്. ഇതിനിടയിലാണ് കെ-റെയിൽ പദ്ധതിക്കുവേണ്ടി

വായ്പയെടുക്കാൻ പോകുന്നത്. കടമെടുക്കുന്നതിലെ ശരി കണക്കാക്കപ്പെടുന്നത് തിരിച്ചടയ്ക്കാനുള്ള കഴിവുണ്ടോ എന്നുനോക്കിയാണെന്ന് മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞിട്ടുണ്ട്. കടം തിരിച്ചടയ്ക്കുന്നതിനും കടമെടുക്കേണ്ടി വരുന്നുവെന്നതാണ് നമ്മുടെ മുമ്പിലുള്ള യാഥാർത്ഥ്യം. ഇങ്ങനെ ചെയ്യുന്നത് കൂടുതൽ കടത്തിലേയ്ക്ക് നയിക്കുന്നു. പ്രതിദിനം ഏകദേശം ശരാശരി 100 കോടി രൂപ കടമെടുത്ത് കാര്യങ്ങൾ തള്ളിനീക്കേണ്ട അവസ്ഥയിലാണ് ഇന്ന് കേരളം. 2021-22-ലെ പുതുക്കിയ ബഡ്ജറ്റ് അനുസരിച്ച് സംസ്ഥാനത്തിന്റെ കടവും ജി.എസ്.ഡി.പി.-യും തമ്മിലുള്ള അനുപാതം 36.98 ശതമാനവും ധനകമ്മി 4.1 ശതമാനവുമാണ്. ഇത് രാജ്യത്തെ ഒട്ടുമിക്ക സംസ്ഥാനങ്ങളെക്കാളും കൂടുതലാണ്. സംസ്ഥാനം വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. വായ്പയൊഴികെയുള്ള വരുമാനവും ചെലവും തമ്മിലുള്ള അന്തരം അനുദിനം വർദ്ധിക്കുകയാണ്. 2011 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തിൽ ഇത് 19 ശതമാനമാണ്. ഇപ്പോഴത് 48 ശതമാനമായി ഉയരുന്നു. ഈ അന്തരം നികത്താനാണ് സർക്കാർ കൂടുതലായി വായ്പയെടുക്കുന്നത്. വായ്പയിൽത്തന്നെ വലിയൊരു തുക പലിശയടയ്ക്കാനും കാലാവധി കഴിഞ്ഞ വായ്പകൾ തീർക്കാനുമാണ്

ഉപയോഗിക്കുന്നത്. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച വൻപദ്ധതികളെല്ലാം ഇന്ന് താളംതെറ്റി നിൽക്കുകയാണ്. ലൈഫ് മിഷൻ, കെ-ഫോൺ, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് തുടങ്ങിയ പദ്ധതികളുടെയെല്ലാം പ്രവർത്തനം നിലച്ച സാഹചര്യത്തിലൂടെയാണ് കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. 2021 അവസാനത്തോടെ ഭവന രഹിതരില്ലാത്ത കേരളം എന്നതായിരുന്നു ലൈഫ് മിഷൻ പദ്ധതിയുടെ ലക്ഷ്യം. എന്നാൽ ഏറ്റവും അവസാനം 2020 ജൂലൈ 1 വരെ ലഭിച്ച 9,20,261 അപേക്ഷകളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കാൻപോലും സർക്കാരിന് ഇതുവരെ കഴിഞ്ഞിട്ടില്ല. 06-01-2021 വരെ പരിശോധിച്ച 5,83,676 അപേക്ഷകളിൽ 3,76,701 പേർ അർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്ത് വീടും സ്ഥലവുമില്ലാത്തവർക്ക് ഭവനമുണ്ടാക്കിക്കൊടുക്കുമെന്ന് പറഞ്ഞ ലൈഫ് മിഷന്റെ എല്ലാ പദ്ധതികളും പാളി. സർക്കാർ കൊട്ടിഘോഷിച്ച് തുടങ്ങിയ 36 ഭവനസമുച്ചയങ്ങളിൽ ഒരു ഫ്ലാറ്റുപോലും ഇതുവരെ കൈമാറാൻ കഴിഞ്ഞിട്ടില്ലെന്നാണ് വിവരാവകാശ നിയമപ്രകാരം ലഭിച്ച മറുപടി. ഉദാഹരണത്തിന് കൊച്ചി നഗരത്തിൽ വീടും സ്ഥലവുമില്ലാത്ത 12000 പേരാണ് അപേക്ഷ കൊടുത്തിട്ടുള്ളത്. 2017-ൽ 5380 പേരും 2020-ൽ 3375 പേരുമുൾപ്പെടെ ഏകദേശം 9000

അപേക്ഷകളാണ് അർഹതയുള്ളതായി കണ്ടെത്തിയത്. ലൈഫ് പദ്ധതി പ്രകാരം മൂന്ന് സെന്റ് ഭൂമി വാങ്ങുന്നതിന് നഗരസഭയിൽ അഞ്ചേകാൽ ലക്ഷം രൂപയും മുനിസിപ്പാലിറ്റിയിൽ രണ്ടേമുക്കാൽ ലക്ഷം രൂപയും പഞ്ചായത്തുകളിൽ രണ്ട് ലക്ഷം രൂപയുമാണ് നൽകുന്നത്. എറണാകുളം പോലെയുള്ള പ്രദേശത്ത് ഈ പദ്ധതി എങ്ങനെ പ്രായോഗികമായി നടപ്പാക്കാൻ സാധിക്കുമെന്ന് സർക്കാർ ആലോചിച്ചിട്ടുണ്ടോ? അതുകൊണ്ട് നഗരസഭകളിലും മുനിസിപ്പാലിറ്റികളിലും മൂന്ന് സെന്റ് ഭൂമി എന്നുള്ളത് ഒന്നര സെന്റായി കുറയ്ക്കാനും ഭൂമി വാങ്ങുന്നതിന് നൽകുന്ന തുക വർദ്ധിപ്പിച്ച് നൽകാനും സർക്കാർ തയ്യാറാകണം. കൊച്ചി നഗരസഭയിൽമാത്രം പി.എം.എ.വൈ. പദ്ധതിയിലൂൾപ്പെടെ, സ്വന്തമായി സ്ഥലമുള്ളവരിൽനിന്നും 9051 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 3000 പേർക്കുമാത്രമേ നാലുലക്ഷം രൂപവച്ച് നൽകാൻ കഴിഞ്ഞിട്ടുള്ളൂ. യഥാർത്ഥത്തിൽ ഈ നാലുലക്ഷം രൂപയിൽ ഒന്നര ലക്ഷം രൂപ കേന്ദ്രഗവൺമെന്റും അൻപതിനായിരം രൂപ സംസ്ഥാന ഗവൺമെന്റും രണ്ട് ലക്ഷം രൂപ നഗരസഭ വായ്പ എടുത്തുമാണ് നൽകുന്നത്. കൊച്ചി നഗരസഭ ഹഡ്കോയിൽനിന്ന് 81 കോടി 58 ലക്ഷം രൂപ വായ്പയെടുത്താണ് മൂവായിരം പേർക്ക് ധനസഹായം നൽകിയത്. ഇതിൽ കേന്ദ്ര വിഹിതമായ 23 കോടി

രൂപയും സംസ്ഥാന വിഹിതമായ 7 കോടി രൂപയുമുൾപ്പെടെ 31.56 കോടി രൂപ കഴിഞ്ഞ അഞ്ച് മാസക്കാലമായി സംസ്ഥാന സർക്കാർ നൽകിയിട്ടില്ലെന്ന കാരണത്താൽ ഈ പദ്ധതി നിർത്തിവച്ചിരിക്കുകയാണ്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കൊച്ചിയിൽവന്ന് പൗരപ്രമുഖരെ കണ്ടപ്പോൾ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണമെന്ന് മേയറും എം.എൽ.എ എന്ന നിലയിൽ ഞാനും ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അന്ന് ഉറപ്പുനൽകിയതനുസരിച്ച് ഈ ബഡ്ജറ്റിൽ അതിന് തുക അനുവദിക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചു. നിർഭാഗ്യവശാൽ ഈ ബഡ്ജറ്റിൽ കേവലം 100 രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇടപെട്ട് ഇതിനൊരു പരിഹാരമുണ്ടാക്കി നഗരത്തിന്റെ മുഖമായ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ലിന്റോ ജോസഫ്:</u> സർ, അന്തിമ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട എറണാകുളം അംഗം

സംസാരിക്കുന്നതിനിടയിൽ 2016 മുതൽ 2021 വരെയുള്ള പൊതുകടത്തെക്കുറിച്ച് സൂചിപ്പിച്ചു. 2011-ൽ 78,673 കോടി രൂപ പൊതുകടമുണ്ടായിരുന്ന കേരളത്തിൽ, ഉമ്മൻ ചാണ്ടി സർക്കാരിന്റെ അഞ്ച് വർഷംകൊണ്ട് 2016-ൽ 1,57,370 കോടി രൂപയുടെ കടം എങ്ങനെ വന്നുവെന്നുകൂടി സൂചിപ്പിക്കുന്നത് നന്നായിരിക്കും. 600 രൂപയുണ്ടായിരുന്ന ക്ഷേമപെൻഷൻപോലും കൃത്യമായി കൊടുക്കാനോ എൽ.പി., യു.പി. സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ പാഠപുസ്തകങ്ങൾ കൃത്യമായി അച്ചടിച്ച് നൽകാനോ നിങ്ങൾക്ക് കഴിഞ്ഞിരുന്നില്ല. ഒരു പ്രതിസന്ധിയും ഇല്ലാതിരുന്നിട്ടും ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് പൊതുകടം വർദ്ധിച്ചതെങ്ങനെയാണെന്ന് സൂചിപ്പിക്കുന്നത് നന്നായിരിക്കും. നവകേരളത്തെ മുന്നിൽനിന്ന് നയിക്കുന്ന ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. നാടിന്റെ വികസനത്തിന് ഉത്പാദനത്തെയും വിജ്ഞാനത്തെയും ബന്ധിപ്പിക്കുന്നതാണ് ബഡ്ജറ്റ്. ഉത്പാദന മേഖലയുടെ സമഗ്ര വളർച്ചയാണ് ഈ ബഡ്ജറ്റിലൂടെ ലക്ഷ്യമിടുന്നത്. കിഫ്ബി നാടിന്റെ പശ്ചാത്തല മേഖലയിൽ വലിയ രൂപത്തിലുള്ള കുതിച്ചുചാട്ടമാണ് നടത്തിയത്. കിഫ്ബിയെ എതിർത്തവരാണ് പ്രതിപക്ഷനിരയിലുള്ളത്. കിഫ്ബി വേണ്ടെന്ന നിലപാട് സ്വീകരിച്ച

യു.ഡി.എഫ്. അംഗങ്ങൾ ഇപ്പോൾ കിഫ്ബി ഫണ്ടിനുവേണ്ടി പുറകെ നടക്കുന്നു. ഈ ബഡ്ജറ്റിൽ കാർഷിക മേഖലയ്ക്കുവേണ്ടി നീക്കിവച്ചിട്ടുള്ള ബൃഹത് പദ്ധതികൾ നമ്മുടെ നാടിന്റെ മുഖം മാറ്റുമെന്ന കാര്യത്തിൽ സംശയമില്ല. എല്ലാകാർഷിക പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കുന്നതിന് ബഡ്ജറ്റിന്റെ ഭാഗമായി ദിശാബോധത്തോടെയുള്ള പദ്ധതികൾ ഉൾക്കൊള്ളിക്കാൻ പ്രിയപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് സാധിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ വലിയ തകർച്ചയുണ്ടായ ഒരു കാലഘട്ടംകൂടിയാണിത്. വനാതിർത്തി പങ്കിടുന്ന മേഖലകളിൽ വന്യമൃഗ ശല്യം, കാർഷികവിളകളുടെ കുറവ്, കേന്ദ്ര സർക്കാരിന്റെ സമീപനങ്ങളുടെ ഭാഗമായി വിളകൾക്ക് കൃത്യമായി വില ലഭിക്കാത്ത പ്രശ്നം, ആസിയാൻ കരാറിന്റെ ഭാഗമായുണ്ടായ പ്രതിസന്ധി എന്നിങ്ങനെ നിരവധി പ്രശ്നങ്ങളുള്ള ഈ കാലഘട്ടത്തിൽ കാർഷിക മേഖലയെ കൈപിടിച്ചുയർത്തുന്നതിനുള്ള വ്യത്യസ്തമായ പദ്ധതികൾ സർക്കാർ ഈ ബഡ്ജറ്റിലൂടെ നടപ്പാക്കുകയാണ്. ഫാം ടൂറിസത്തിന്റെ സാദ്ധ്യതകളുമായി ബന്ധപ്പെട്ട് കാർഷിക മേഖലയിൽ നൂതനമായ ആശയങ്ങൾ മുന്നോട്ടുവയ്ക്കുന്ന ഒരുപാട് കർഷകർ എന്റെ നാട്ടിലുണ്ട്. കാർഷികോത്പന്നങ്ങൾ ഏത് രൂപത്തിലാണ് മാർക്കറ്റ്

ചെയ്യേണ്ടതെന്നറിയാത്ത ഒരുപാട് ആളുകളുമുണ്ട്. ഈ ബഡ്ജറ്റ് അവർക്ക് സ്വപ്ന തുല്യമായ പ്രതീക്ഷകൾ നൽകുകയാണ്. താൻ ഉത്പാദിപ്പിക്കുന്ന ഉത്പന്നം മൂല്യവർദ്ധിത ഉത്പന്നമാക്കി എങ്ങനെ മാറ്റാൻ കഴിയും; അതെങ്ങനെയാണ് വിപണനം ചെയ്യേണ്ടത്; അതിന് എങ്ങനെ മാർക്കറ്റ് കണ്ടുപിടിക്കാൻ കഴിയും; അധികമായി വരുന്ന ഉത്പന്നം എങ്ങനെ സംഭരിച്ച് വയ്ക്കാൻ കഴിയും എന്നീ കാര്യങ്ങളെല്ലാം ഇക്കഴിഞ്ഞ നാൾവരെ നമുക്കൊരു മായാജാലമായി നിൽക്കുകയായിരുന്നു. എന്നാൽ ഈ ബഡ്ജറ്റിലൂടെ ഇതിനെല്ലാം കൃത്യമായി ഉത്തരം നൽകുകയാണ്. ഒരു മാങ്ങ വില്പനയ്ക്ക് വച്ചാൽ അതിന് അഞ്ച് രൂപയാണ് കിട്ടുന്നത്. പക്ഷേ മാങ്ങമുറിച്ച് ഉപ്പിലിട്ട് വിൽക്കുമ്പോൾ, അതിന്റെ ചെറിയൊരു കഷണത്തിന് പത്ത് രൂപകിട്ടും. ഇത് അടിസ്ഥാനപരമായ സത്യമാണ്. മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനവുമായി ബന്ധപ്പെട്ട് കേരളത്തിലെ 140 നിയമസഭാമണ്ഡലങ്ങളിലും ഓരോ വിദ്യാഭ്യാസ സ്ഥാപനം കേന്ദ്രീകരിച്ചുകൊണ്ട് ഒരു പദ്ധതി ആവിഷ്കരിക്കാനുള്ള തീരുമാനം ബഡ്ജറ്റിന്റെ ഭാഗമായുണ്ട്. ഓരോ നിയോജകമണ്ഡലത്തിലും സ്കിൽ കോഴ്സുകളുള്ള ഒരു വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുകയാണ്. പലവിധ വസ്തുക്കളുള്ള ഒരു മേഖലയാണ് എന്റെ നിയോജകമണ്ഡലം. അവിടെ

പാഷൻ ഫ്രൂട്ട്, ജാതിക്ക എന്നിവയിൽനിന്ന് ജ്യൂസ്, സ്ക്വാഷ് ഉൾപ്പെടെയുള്ള വ്യത്യസ്തമായ ഉത്പന്നങ്ങൾ ഉണ്ടാക്കാനും കാപ്പിക്കുരുവിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങളുണ്ടാക്കാനും അവയെ ബ്രാൻഡാക്കി മാറ്റാനും വേണ്ടിയുള്ള മാർക്കറ്റിംഗ് കമ്പനികൾ സ്ഥാപിക്കാൻ പോകുകയാണ്. ബഡ്ജറ്റിന്റെ ഭാഗമായി ഇതിനാവശ്യമായ സഹായം സർക്കാർ നൽകുകയാണ്. അങ്ങനെ കാർഷിക മേഖലയ്ക്ക് മുന്നോട്ടുകുതിക്കാൻ കഴിയുന്ന നിലയിലുള്ള വലിയ പദ്ധതികൾ രൂപീകരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ പുതുപ്പാടിയിൽ സീഡ് ഫാമിന്റെ ഭാഗമായി ഒരുപാട് സ്ഥലങ്ങളുണ്ട്. അവിടെ ഈ പദ്ധതികൾ നടപ്പാക്കാനാവശ്യമായ മാർക്കറ്റിംഗ് സൊസൈറ്റി, സംഭരണ കേന്ദ്രം, കോൾഡ് സ്റ്റോറേജ് എന്നിവ സ്ഥാപിക്കാനാവശ്യമായ നിലയിലുള്ള അനുഭാവപൂർണ്ണമായ പരിഗണനയുണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്. റബ്ബർ കർഷകർക്കുവേണ്ടി ബഡ്ജറ്റിൽ 500 കോടി രൂപ മാറ്റിവച്ചുവെന്നുള്ളത് വളരെ പ്രതീക്ഷയുള്ള കാര്യമാണ്. ഏറ്റവും മികച്ച നിലയിൽ കർഷകരെ സഹായിക്കാനുള്ള നിരവധി പദ്ധതികൾ ഈ ബഡ്ജറ്റിൽ കാണാൻ കഴിയും. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങളുടെ ഭാഗമായി കേരളത്തിൽ വലിയ സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുകയാണ്.

ഒരുമിച്ചുനിന്ന് അതിനെ നന്നായി പ്രതിരോധിക്കേണ്ട 19 എം.പി.-മാരിൽ 18 പേരും കേരളത്തിനൊന്നും നൽകേണ്ടതില്ലെന്ന നിലപാട് സ്വീകരിക്കുകയാണ്. കിഫ്ബി, കെ-റെയിൽ, കെ-ഫോൺ, ഗെയിൽ തുടങ്ങിയ പദ്ധതികൾ നടപ്പാക്കേണ്ടതില്ലെന്ന സമീപനമാണ് അവർ സ്വീകരിക്കുന്നത്. 'വേണ്ടാ, വേണ്ടാ' എന്ന നിലപാട് സ്വീകരിച്ചുകൊണ്ട് കേരളത്തെ പടുകുഴിയിൽ തള്ളിയിടാനുള്ള ആലോചനയിൽ തിരുത്തൽ വരുത്തിയില്ലെങ്കിൽ നിങ്ങൾക്ക് വിനാശമുണ്ടാകുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല.

കഴിഞ്ഞദിവസങ്ങളിലാണ് അഞ്ച് സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പ് ഫലം വന്നത്. അതിൽ കോൺഗ്രസിന് ഉത്തരേന്ത്യയിൽ വലിയ രീതിയിലുള്ള പരാജയമാണ് അനുഭവപ്പെട്ടത്. ഇവിടെനിന്ന് ജി-23 എന്നുപറഞ്ഞുകൊണ്ട് കുറച്ചുപേർ ശ്രീമതി സോണിയാ ഗാന്ധി ഉൾപ്പെടെയുള്ള ആളുകളെ കാണാൻ പോയി. 'ആറാം തമ്പുരാൻ' എന്ന സിനിമയിൽ ഉത്സവം നടത്താൻവേണ്ടി കൊളപ്പുള്ളി തറവാട്ടിൽനിന്ന് തിരുവാഭരണം കൊണ്ടുവരുന്നതിനുവേണ്ടി സംഘാടകരായിട്ടുള്ള കുറച്ച് ആളുകൾ പോകുന്നുണ്ട്. അതുപോലെയാണ് ജി 23-ലെ കുറച്ചാളുകൾ കേന്ദ്രത്തിലേയ്ക്കുപോയത്. കൊളപ്പുള്ളി അപ്പനും സഹോദരിയുമുള്ള

സദസ്സിൽപോയി അവർ ചോദിക്കുകയാണ് 'ഞങ്ങൾക്ക് ആ തിരുവാഭരണം തരണം, തിരുവാഭരണം തന്നാലേ ഉത്സവം നടത്താൻ പറ്റുകയുള്ളൂ' എന്ന്. അപ്പോൾ അദ്ദേഹം പറയുന്നത്, 'തിരുവാഭരണം തരാൻ പറ്റില്ല, തിരുവാഭരണം തരണമെങ്കിൽ ഞങ്ങളുടെ ട്രസ്റ്റ് തീരുമാനിക്കണം' എന്നാണ്. അപ്പോൾ 'ആരാണ് ട്രസ്റ്റ്' എന്ന് അവർ ചോദിച്ചു. ' ട്രസ്റ്റ് എന്നുപറഞ്ഞാൽ ഞാനും അപ്പനും അപ്പന്റെ പെങ്ങൾ സുഭദ്രയും' എന്നാണ് മറുപടി നൽകുന്നത്. അതുപോലെ ഞാനും എന്റെ കുടുംബവുമാണ് ഇവിടെയുള്ളത്. അതുകൊണ്ട് മറ്റ് മാറ്റങ്ങളൊന്നും ഉണ്ടാക്കാനില്ലെന്ന നിലപാട് അങ്ങ് സ്വീകരിക്കുകയാണ്. ജി-23-ൽ പറഞ്ഞത് പിൻവലിച്ച് തിരിച്ചുവരേണ്ട ഗതികേടുണ്ടാകുകയാണ്. ഞാൻ കഴിഞ്ഞ ദിവസം മലയാളമനോരമ പത്രം വായിച്ചു. അതിൽ മൂന്നുദിവസത്തെ ഒരു ലേഖന പരമ്പരയുണ്ടായിരുന്നു, 'തെളിയുമോ കൈരേഖ'യെന്നാണ് തലക്കെട്ട്. യു.ഡി.എഫ്.-ന്റെ കൈരേഖ തെളിയുമോയെന്ന് മലയാള മനോരമപോലും ചൂണ്ടിക്കാണിക്കുകയാണ്. കൈരേഖ തെളിയണമെങ്കിൽ നിങ്ങളുടെ നയങ്ങളിൽ കാതലായ മാറ്റം വരണം. ഗാന്ധി കുടുംബമെന്നാണ് പറയുന്നത്. ഗാന്ധി കുടുംബം അല്ല, ഗണ്ഡി കുടുംബമാണ്. ജഹാംഗീർ ഗണ്ഡിയുടെ മകൻ ഫിറോസ് ഗണ്ഡി,

ഇന്ദിരാ ഗാന്ധിയെ വിവാഹം കഴിച്ചതിനുശേഷമാണ് ഗണ്ഡിയെന്ന പേര് അടിച്ചുപരത്തി ഗാന്ധിയാക്കി ഉപയോഗിക്കുന്നത്. പിന്നീടാണ് രാജീവ് ഗാന്ധി വരുന്നത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ. വളരെ സങ്കടമുണ്ട്. സംഘപരിവാർ വളരെക്കാലമായി കോൺഗ്രസ് നേതാക്കന്മാരെയും ഇന്ദിരാ ഗാന്ധിയെയും രാജീവ് ഗാന്ധിയെയുമൊക്കെ അധിക്ഷേപിക്കാൻ ഉപയോഗിക്കുന്നതിന്റെ ഭാഗമായിത് വരികയാണ്. ഫിറോസ് ഗാന്ധി, മഹാത്മാ ഗാന്ധിയോടുള്ള സ്നേഹവും ഇഷ്ടവും ആരാധനയും കൊണ്ട് അദ്ദേഹത്തിന്റെ പേരിൽ അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ഗാന്ധിയെന്നുതന്നെയാണ് ചേർത്തത്. ഫിറോസ് സ്വാതന്ത്ര്യസമര സേനാനിയായിരുന്ന ആളാണ്. അദ്ദേഹം ഇന്ദിരയെ വിവാഹം ചെയ്തു. അങ്ങനെയാണ് ഇന്ദിരാ ഗാന്ധിയായത്. ഇന്ദിരാ ഗാന്ധിയുടെ മകൻ രാജീവ് ഗാന്ധി സോണിയയെ വിവാഹം ചെയ്തു. അങ്ങനെയാണ് സോണിയാ ഗാന്ധിയായത്. ഇതൊക്കെ എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. പക്ഷേ അത് ഗണ്ഡിയാണെന്ന് പറയുന്നത് സംഘപരിവാറിന്റെ പ്രചാരവേലയാണ്. ആ പ്രചാരവേല ഒരു ഡി.വൈ.എഫ്.ഐ.-ക്കാരൻ ഏറ്റെടുത്തതിൽ ലജ്ജിക്കുന്നു. ..(ബഹളം)....

<u>മി. ചെയർമാൻ</u>: അത് പരിശോധിച്ചശേഷം വേണ്ടത് ചെയ്യാം.* Please carry on.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, ഞാൻ സൂചിപ്പിച്ചത്, ജവഹർലാൽ നെഹ്റുവിന്റെ മകളുടെ പേര് ഇന്ദിരാ പ്രിയദർശിനി നെഹ്റുവെന്നാണ്. എങ്ങനെയാണ് ഗണ്ഡി കൂടെ ഇതിൽ വരുന്നത്. ആ ഗണ്ഡിയെ അടിച്ചുപരത്തിയാണ് ഗാന്ധിയാക്കിയത്. ഗാന്ധി കുടുംബം എന്നുപറഞ്ഞ് ഇന്ത്യയുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയെ യഥേഷ്ടം ഉപയോഗിക്കുകയെന്ന പൊളിറ്റിക്കൽ തന്ത്രമാണ് കോൺഗ്രസ്സിനുള്ളത്. ഇത് കാലം തിരിച്ച് ചോദിക്കുമെന്ന കാര്യത്തിൽ സംശയമില്ല. കോൺഗ്രസ്സെന്ന രാഷ്ട്രീയ പ്രസ്ഥാനം മതനിരപേക്ഷതയ്ക്കുവേണ്ടി കാവൽ നിൽക്കേണ്ടവരാണെന്ന് വിശ്വസിക്കുന്നവരാണ് ഞങ്ങൾ. പക്ഷേ ഉത്തർപ്രദേശിൽ തെരഞ്ഞെടുപ്പ് നടന്നപ്പോൾ കോൺഗ്രസ്സിന്റെ നിലപാടിന്റെ ഭാഗമായിട്ടാണ് 22 സീറ്റുകളിൽ എസ്.പി. (സമാജ്‌വാദി പാർട്ടി) തോറ്റത്. ഇവിടെ മുസ്ലീംലീഗുണ്ട്. ഈ രാജ്യത്ത് കോൺഗ്രസ്സിനൊപ്പം നിൽക്കാത്ത എസ്.പി. എന്ന വലിയ സഖ്യത്തെ പരാജയപ്പെടുത്താനായി ലോക്‌സഭാംഗമായ അസാദുദീൻ ഒവൈസിയുടെ

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 4910/ഇ.ബി./2022/നി.സെ. തീയതി 17-03-2022) രേഖയിൽ നിലനിർത്തി.

കൂടെനിന്ന് മതനിരപേക്ഷ വോട്ടുകൾ ഭിന്നിപ്പിക്കാനാവശ്യമായ നിലപാട് സ്വീകരിച്ച പാർട്ടിയാണ് കോൺഗ്രസ്. എല്ലാ തെരഞ്ഞെടുപ്പുകളിലും ബി.ജെ.പി.-യെന്ന രാഷ്ട്രീയ പ്രസ്ഥാനം വിജയിച്ചുവരുന്നില്ല. എ.എ.പി. (ആം ആദ്മി പാർട്ടി) പഞ്ചാബിൽ വിജയിച്ചുവന്നു. എന്തുകൊണ്ടാണ് എ.എ.പി. വിജയിച്ചത്? കോൺഗ്രസ് പ്രസ്ഥാനത്തെ വിശ്വസിക്കാൻ കഴിയാത്തതുകൊണ്ട് ആ നാട്ടിലെ ജനങ്ങൾ എ.എ.പി.-യെ തെരഞ്ഞെടുത്തതാണ്. ബി.ജെ.പി.-ക്കെതിരായ നിലപാട് സ്വീകരിച്ച ഒരുപാട് സംസ്ഥാനങ്ങൾ നമുക്കുണ്ടായിരുന്നു. അരുണാചൽ പ്രദേശിൽ 60 സീറ്റിൽ 44 സീറ്റും നേടിയത് കോൺഗ്രസ്സായിരുന്നു. അവിടെ ബി.ജെ.പി. വേണ്ടെന്ന നിലപാട് സ്വീകരിച്ചുകൊണ്ട് ജനങ്ങൾ കോൺഗ്രസ്സിനെ വിജയിപ്പിച്ചു. എന്നാൽ 43 എം.എൽ.എ.മാർ ബി.ജെ.പി.-യോടൊപ്പം ചേർന്നപ്പോൾ ആ ഗവൺമെന്റ് താഴെപ്പോയി. 12 എം.എൽ.എ.-മാർ കൂറുമാറിയതിനുശേഷമാണ് ഗോവയിലെ ഭരണം പോയത്. കർണ്ണാടകയിൽ ഇലക്ഷൻ റിസൾട്ട് വന്നപ്പോൾ കോൺഗ്രസ്സും ജനതാദളുമായിരുന്നു ഏറ്റവും വലിയ സഖ്യം. എന്നാൽ കോൺഗ്രസ്സിലെ 17 എം.എൽ.എ.-മാർ രാജി വച്ചപ്പോൾ അല്ലെങ്കിൽ ബി.ജെ.പി.-യോടൊപ്പം ചേർന്നപ്പോഴാണ് അവിടത്തെ ഭരണം പോയത്.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്.......

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, തുടർച്ചയായി ബി.ജെ.പി. ഭരിച്ച സംസ്ഥാനമാണ് മദ്ധ്യപ്രദേശ്. കോൺഗ്രസ്സിൽ പ്രതീക്ഷ അർപ്പിച്ചുകൊണ്ടാണ് അവിടത്തെ ജനങ്ങൾ കോൺഗ്രസ്സിനെ അധികാരത്തിലേറ്റിയത്. എന്നാൽ ജ്യോതിരാദിത്യ സിന്ധ്യ ഉൾപ്പെടെ 23 എം.എൽ.എ.-മാർ മാറി ചിന്തിച്ചപ്പോഴാണ് അവിടത്തെ ഭരണം കോൺഗ്രസ്സിന് നഷ്ടമായത്. പുതുച്ചേരിയിൽ ബി.ജെ.പി. വട്ടപ്പൂജ്യമായിരുന്നു. എങ്ങനെയാണ് 5 എം.എൽ.എ.-മാർ മറുകണ്ടം ചാടുന്ന സ്ഥിതിയുണ്ടായത്? മതനിരപേക്ഷ നിലപാടിൽ നിങ്ങൾ വെള്ളം ചേർക്കുന്നത് അവസാനിപ്പിച്ചില്ലെങ്കിൽ ഈ രാജ്യത്ത് സ്വയം കുത്തി മരിക്കുന്നവരായി കോൺഗ്രസ് തീരുമെന്ന കാര്യം മാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം നിർത്തുന്നു.

<u>ശ്രീ. ആന്റണി ജോൺ:</u> സർ, അന്തിമ ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും ഞാൻ പിന്തുണയ്ക്കുന്നു. സാമ്പത്തിക ബാദ്ധ്യതയുണ്ടായാലും ജനക്ഷേമത്തിനും വികസന പദ്ധതികൾക്കും യാതൊരു കുറവും വരുത്തില്ലെന്ന ഉറച്ച നിലപാടായിരുന്നു ഒന്നാം പിണറായി

വിജയൻ സർക്കാരിനുണ്ടായിരുന്നത്. അതേ പാത തന്നെയാണ് ഇപ്പോൾ രണ്ടാം പിണറായി വിജയൻ സർക്കാരും പിന്തുടരുന്നത്. കഴിഞ്ഞ രണ്ടുവർഷമായി ലോകത്താകെ പിടിമുറുക്കിയിരിക്കുന്ന കോവിഡും അതിനും മുമ്പ് സംസ്ഥാനത്തുണ്ടായ പ്രകൃതി ദുരന്തങ്ങളും ഒരുപക്ഷേ കേരള പിറവിക്കുശേഷം അധികാരത്തിൽ വന്നിട്ടുള്ള മറ്റൊരു സർക്കാരിനും നേരിടേണ്ടി വരാത്ത പ്രതിസന്ധികളായിരുന്നു. ആ പ്രതിസന്ധി ഘട്ടങ്ങളിലും കേരളത്തിന്റെ വികസനത്തിനുനേരെ പുറംതിരിഞ്ഞു നിൽക്കുന്ന സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. എന്നാൽ ആ ഘട്ടത്തിലും ഇവിടത്തെ ജനങ്ങളെ ചേർത്തുനിർത്തി ജനപക്ഷ നിലപാടുകൾ സ്വീകരിച്ചുകൊണ്ടുതന്നെയാണ് ഈ രണ്ട് സർക്കാരുകളും മുന്നോട്ടുപോയിട്ടുള്ളത്. സർവ്വതോമുഖമായ വികസനമാണ് സംസ്ഥാനത്തുണ്ടായത്. പശ്ചാത്തല സൗകര്യ വികസനവും ദരിദ്ര ജനവിഭാഗങ്ങളുടെ ഉന്നതിയും വ്യത്യസ്തമായ ബദൽ വികസന പരിപ്രേക്ഷ്യവും രാജ്യത്തിന് മാതൃകയായ കോവിഡുകാല സഹായങ്ങളും ആരോഗ്യപരമായ വ്യവസായാന്തരീക്ഷവും പരിസ്ഥിതി സൗഹൃദമായ പദ്ധതികളുമെല്ലാം ഈ സർക്കാരിന്റെ നേട്ടങ്ങളാണ്. പ്രതിസന്ധികൾക്ക് മുമ്പിൽ കേരളം പകച്ചുനിൽക്കുകയല്ല ചെയ്തിട്ടുള്ളത്. സംസ്ഥാനത്തിന്റെ

പരിമിതികളെ എങ്ങനെ മുറിച്ചുകടക്കാമെന്നുള്ള പ്രായോഗിക സമീപനമാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. ബദൽ കാഴ്ചപ്പാടുകൾ മുന്നോട്ടുവച്ച വികസന സമീപനത്തോടെ കേരളത്തെ നയിക്കുകയെന്നതാണ് രണ്ടാം പിണറായി വിജയൻ സർക്കാരും ലക്ഷ്യംവയ്ക്കുന്നത്. യഥാർത്ഥത്തിൽ ഇടതുപക്ഷത്തിന് തുടർഭരണമുണ്ടായത് കഴിഞ്ഞ ഗവൺമെന്റിന്റെ വികസന നേട്ടങ്ങളെ വിലയിരുത്തിയാണെന്ന് മനസ്സിലാക്കിയതുകൊണ്ടാണ് കോൺഗ്രസ് ആ പ്രവർത്തനങ്ങളെ തടയുകയെന്ന രാഷ്ട്രീയ അജണ്ട വികസിപ്പിച്ചെടുത്തിരിക്കുന്നത്. ഒരു വശത്ത് ആർ.എസ്.എസ്-ഉം ബി.ജെ.പി.-യുമാണെങ്കിൽ മറ്റൊരു വശത്ത് ജമാഅത്തെ ഇസ്ലാമിയും വെൽഫെയർ പാർട്ടിയും എസ്.ഡി.പി.ഐ.-യും അടക്കമുള്ള ശക്തികളാണുള്ളത്. ഈ രണ്ട് ശക്തികളോടൊപ്പമാണ് കേരളത്തിലെ കോൺഗ്രസും വികസന പ്രവർത്തനങ്ങളെയാകെ തടയാനുള്ള സമീപനം സ്വീകരിക്കുന്നത്. രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് മാത്രമല്ല, കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിലും ഇതുതന്നെയായിരുന്നു സ്ഥിതി. ഇവിടെയൊന്നും നടക്കില്ലെന്ന കാഴ്ചപ്പാടിനെയും മനോഭാവത്തെയും പൊളിച്ചെഴുതിക്കൊണ്ട് ഇവിടെയും കാര്യങ്ങൾ നടക്കുമെന്ന നിലയിലേയ്ക്ക് കേരളത്തെ എത്തിച്ചുവെന്നതാണ് രണ്ടാം പിണറായി വിജയൻ സർക്കാർ

ഉൾപ്പെടെയുള്ള ഈ രണ്ട് ഗവൺമെന്റുകളുടെയും നേട്ടമെന്നുള്ളത് എടുത്തുപറയേണ്ടതുണ്ട്. ഈ ഗവൺമെന്റ് ഇച്ഛാശക്തിയോടുകൂടിയ നിലപാട് സ്വീകരിച്ചതുകൊണ്ടാണ് കേരളത്തിൽ നടക്കില്ലെന്ന് കരുതിയിരുന്ന ദേശീയപാതാ വികസനം, ജലപാത, തീരദേശ-മലയോര ഹൈവേകൾ, ഗെയിൽ പൈപ്പ് ലൈൻ, പവർ ഹൈവേ, കെ-ഫോൺ, കെ-റെയിൽ ഉൾപ്പെടെയുള്ള വൻകിട പദ്ധതികൾ കൊണ്ടുവരാൻ കഴിഞ്ഞത്. കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിലെ പ്രതിപക്ഷം എന്താണ് ചെയ്തുകൊണ്ടിരുന്നത്? കേരളത്തിൽ ഒരു വശത്ത് വലിയ പ്രതിസന്ധികളും മറ്റൊരു വശത്ത് കേന്ദ്രഗവൺമെന്റ് കേരളത്തെ അവഗണിക്കുന്ന സമീപനവുമാണ് സ്വീകരിക്കുന്നത്. അത്തരമൊരു ഘട്ടത്തിലും ഒരുകാലത്തുമുണ്ടാകാത്ത തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ കേരളത്തിൽ കൊണ്ടുവന്നിട്ടുണ്ട്. കേരളത്തിൽ ജനക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ഇതിന് എത്രയോ ഉദാഹരണങ്ങളുണ്ട്. എന്തിനേറെ, ലൈഫ് പദ്ധതിയെക്കുറിച്ച് നമുക്കറിയാം.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഡി. കെ. മുരളി]

ഒരു മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ആഹാരം, വസ്ത്രം എന്നതുപോലെതന്നെ കിടന്നുറങ്ങാൻ ഒരു വീട് പ്രധാനമാണ്.

അടച്ചുറപ്പുള്ളൊരു വീട് ഏതൊരു മനുഷ്യന്റെയും വലിയ സ്വപ്നമാണ്. ആ ലൈഫ് പദ്ധതിയെപ്പോലും തകർക്കാനുള്ള സമീപനം സ്വീകരിച്ച ആളുകളല്ലേ കേരളത്തിലെ പ്രതിപക്ഷം. രണ്ടേമുക്കാൽ ലക്ഷം വീടുകളാണ് ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് കേരളത്തിലെ പാവപ്പെട്ട ആളുകൾക്ക് നിർമ്മിച്ചുകൊടുത്തത്. അടുത്ത ഒരു വർഷക്കാലംകൊണ്ട് ഒരു ലക്ഷം വീടുകൾ കൂടി കൊടുക്കാൻ തീരുമാനിക്കുന്നുവെന്ന് ഇപ്പോൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുകയാണ്. മൂവായിരത്തോളം ഫ്ലാറ്റുകൾ ആളുകൾക്ക് നിർമ്മിച്ചുകൊടുക്കാൻ തീരുമാനിക്കുന്നു. ആ നിലയ്ക്കെല്ലാമുള്ള സമീപനം സ്വീകരിക്കുമ്പോഴും ഉത്തരവാദിത്വപ്പെട്ട പ്രതിപക്ഷമെന്ന നിലയിൽ കേരളത്തിലെ പ്രതിപക്ഷം സ്വീകരിക്കുന്ന സമീപനമെന്താണ്? ചില കാര്യങ്ങളിൽ ഒപ്പം നില്ക്കുന്നുവെന്ന് നടിച്ചുകൊണ്ട് ഇവർ പിന്നിൽനിന്ന് കുത്തുകയാണ്. കേരളത്തിന്റെ മുഖം മാറുകയാണ്. മാറുന്ന കേരളം, മാറാത്ത പ്രതിപക്ഷം എന്നാണ് ഇന്ന് ജനങ്ങൾ പറയുന്നത്. ഇവർ ഇനിയെങ്കിലും ഈ സമീപനം തിരുത്താൻ തയ്യാറാകണം. കേരളാ മോഡലിനെക്കുറിച്ച് സംസാരിക്കാറുണ്ട്. കേരളാ മോഡലിന്റെ സവിശേഷതകളാണല്ലോ വിദ്യാഭ്യാസവും ആരോഗ്യവും. വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിലെ പ്രവർത്തനങ്ങൾ ദൃഢീകരിച്ച്

മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള വലിയ ഇടപെടലാണ് ഒന്നാം പിണറായി വിജയൻ സർക്കാർ സ്വീകരിച്ചത്. അതിന്റെ ഭാഗമായി എല്ലാ നിയോജകമണ്ഡലങ്ങളിലും വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ട്. അറിവിന്റെയും കഴിവിന്റെയും കാര്യത്തിൽ ലോകത്തെവിടെയുമുള്ള സമാനപ്രായക്കാരായ കുട്ടികൾക്കൊപ്പം കേരളത്തിലെ കുട്ടികളെ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. മറ്റൊരുതരത്തിൽ പറഞ്ഞാൽ ലോകത്തെവിടെയുമുള്ള സമാനപ്രായക്കാരായ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിൽ ലഭിക്കുന്ന സൗകര്യവും സാഹചര്യവും കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കും സർക്കാർ സാധ്യമാക്കി. പശ്ചാത്തലസൗകര്യ വികസനത്തിൽ വലിയ മാറ്റംവന്നു. വിദ്യാഭ്യാസ മേഖലയിൽ ശാസ്ത്രീയമായ സമീപനം സ്വീകരിച്ചു. ഉന്നതവിദ്യാഭ്യാസ മേഖലയിലും വലിയ മാറ്റങ്ങൾ കൊണ്ടുവരികയാണ്. കേവലം പഠിച്ചിറങ്ങുന്ന, ബിരുദം നേടിയ ആളുകൾ എന്നതിനപ്പുറത്ത് ജോലി ചെയ്യാൻ കഴിയുന്ന ഒരു ജനതയെ സൃഷ്ടിച്ചെടുക്കുന്ന തരത്തിലുള്ള പുതിയ നയസമീപനങ്ങൾ വിദ്യാഭ്യാസ മേഖലയിലടക്കം സർക്കാർ സ്വീകരിക്കുകയാണ്. ആരോഗ്യമേഖലയിൽ വലിയ മാറ്റം വന്നില്ലേ; കേരളാ മോഡലിന്റെ ഭാഗമായി ഉയർത്തിക്കാണിക്കുന്ന പ്രധാന മേഖലയാണ്

ആരോഗ്യമേഖല. ആരോഗ്യമേഖലയിലെ ചെറിയ പോരായ്മകൾ ആർദ്രം പദ്ധതിയുടെ ഭാഗമായി സർക്കാർ പരിഹരിച്ചില്ലേ; പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആരോഗ്യശൃംഖല കൂടുതൽ ദൃഢീകരിച്ചുകൊണ്ട് മുന്നോട്ടുപോയി. ഹൃദയമാറ്റ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വലിയ സർജറികൾ പലപ്പോഴും സർക്കാർ സംവിധാനങ്ങളിൽ നടത്താൻ സാധിച്ചിരുന്നില്ല. അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ ഉൾപ്പെടെയുള്ളവ നമ്മുടെ മെഡിക്കൽ കോളേജുകളിൽ നടത്താൻ കഴിയുന്ന തരത്തിലുള്ള ഉന്നത നിലവാരത്തേയ്ക്ക് ആരോഗ്യമേഖലയെ എത്തിക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. മെഡിക്കൽ കോളേജുകളിലും കാൻസർ ചികിത്സ ഉൾപ്പെടുത്തിക്കൊണ്ട് പൊതുമേഖലയിൽ ജനങ്ങൾക്ക് ചികിത്സാ സൗകര്യമൊരുക്കിക്കൊടുക്കുന്ന സമീപനം സ്വീകരിച്ചു. ജീവിതശൈലീ രോഗങ്ങളാൽ ബുദ്ധിമുട്ടുന്ന ആളുകൾക്ക് സൗജന്യമായി മരുന്ന് നൽകുന്നതിനുള്ള സമീപനം സ്വീകരിച്ചു. താലൂക്കാശുപത്രികളിൽ വരെ സർക്കാർ ഡയാലിസിസ് സംവിധാനം നടപ്പാക്കാനുള്ള പ്രവർത്തനം ഉറപ്പുവരുത്തി. കഴിഞ്ഞ സർക്കാരും ഈ സർക്കാരും കേരളാ മോഡലിന്റെ സവിശേഷതകളായിരുന്ന ആരോഗ്യമേഖലയെയും വിദ്യാഭ്യാസ മേഖലയെയും കൂടുതൽ

ദൃഢീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ആ പ്രവർത്തനങ്ങൾ തുടരുകയുമാണ്. അത്തരം പ്രവർത്തനങ്ങളിലൂടെ മുന്നോട്ടുപോകുമ്പോഴാണ് അതിനെയെല്ലാം ഇല്ലായ്മ ചെയ്യുന്നതിനുള്ള വലിയ ശ്രമം ഇന്ന് കേരളത്തിൽ നടക്കുന്നത്. യഥാർത്ഥത്തിൽ കേരളത്തിലെ പ്രതിപക്ഷത്തിന്റെ പ്രശ്നമെന്താണ്? കിടന്നിട്ട് ഉറക്കം വരാത്തതാണ് ഇവരുടെ പ്രശ്നം. എന്തുകൊണ്ടാണ് ഇവർക്ക് ഉറക്കം വരാത്തത്? ഒരു പ്രത്യേക മാനസികാവസ്ഥയിലേയ്ക്ക് ഇവർ എത്തിപ്പെടുകയാണ്. ഇപ്പോൾ 6 വർഷക്കാലമായി പ്രതിപക്ഷത്തിരിക്കുന്നു. ഇനിയും 4 വർഷം അവശേഷിക്കുന്നു. അത് കഴിയുമ്പോൾ വീണ്ടും 5 വർഷം കൂടിയെന്ന് ചിന്തിക്കുമ്പോൾ വലിയ മാനസിക വിഭ്രാന്തിയിലേയ്ക്ക് കേരളത്തിലെ പ്രതിപക്ഷം മാറുകയാണ്. അതുകൊണ്ടാണ് ഇടതുപക്ഷം കൊണ്ടുവരുന്ന ഏതൊരു നടപടിയേയും എതിർക്കുന്നത്. നിങ്ങൾ ഞങ്ങളെ ഇനിയും ഇങ്ങനെ കൂടുതൽ ആക്രമിക്കരുതെന്നാണ് പ്രിയപ്പെട്ട പ്രതിപക്ഷാംഗങ്ങളോട് സൂചിപ്പിക്കാനുള്ളത്. നിങ്ങൾ ആക്രമിച്ചതുകൊണ്ടാണ് ഞങ്ങൾ 90-ൽനിന്ന് 99-ലേയ്ക്ക് എത്തിയത്. ഇനിയും നിങ്ങൾ ആക്രമിച്ചാൽ ഞങ്ങളുടെ സ്ഥിതി കൂടുതൽ മെച്ചപ്പെട്ട നിലയിലേയ്ക്ക് മാറും. ഇവിടത്തെ പ്രതിപക്ഷത്തിന് ഞങ്ങളോട് സ്നേഹമുണ്ടെങ്കിൽ ആ നിലയിലുള്ള സമീപനം ഇനി

സ്വീകരിക്കരുത്. യഥാർത്ഥത്തിൽ ഇന്നത്തെ പ്രതിപക്ഷം ഈ സഭയിലെ പ്രതിപക്ഷമല്ല, മറിച്ച് കേരളത്തിന്റെ പ്രതിപക്ഷമായി മുന്നോട്ടുപോകുകയാണ്. ലോകത്ത് എവിടെയൊക്കെ പശ്ചാത്തലസൗകര്യം വികസിച്ചിട്ടുണ്ടോ അവിടെയെല്ലാമാണ് വ്യവസായങ്ങൾ വന്നിട്ടുള്ളതും ഉത്പാദനം മെച്ചപ്പെട്ടിട്ടുള്ളതും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതും. കേരളത്തിലെ ജനങ്ങൾക്ക് അതൊന്നും വേണ്ടെന്ന, കേരളത്തിനെതിരായി നിൽക്കുന്ന സമീപനമാണ് ഇവർ സ്വീകരിക്കുന്നത്. കേരളത്തിലെ ജനങ്ങളുടെ ജീവിതനിലവാരം ഉയരരുതെന്ന് കരുതുന്നവരാണ് നമ്മുടെ പ്രതിപക്ഷം. ഇതിനെയൊക്കെയാണോ ക്രിയാത്മകമെന്നും പ്രൊഡക്റ്റീവ് പൊളിറ്റിക്സെന്നും പ്രതിപക്ഷ നേതാവുൾപ്പെടെ വിശേഷിപ്പിക്കുന്നതെന്നറിഞ്ഞാൽ കൊള്ളാം. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലഘട്ടത്തിലും രണ്ടാം സർക്കാരിന്റെ കാലഘട്ടത്തിലും എല്ലാ വിഷയങ്ങളെക്കുറിച്ചും ജനങ്ങളുടെ അഭിപ്രായം സ്വരൂപിച്ചുകൊണ്ടുതന്നെയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് മുന്നോട്ട് പോയിട്ടുള്ളത്. ഇവർ തിരുത്താൻ തയ്യാറാകുന്നില്ല. 5 സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പിനുശേഷം ഇന്ത്യയിൽ കോൺഗ്രസ്സ് തകർന്നടിഞ്ഞ് നിൽക്കുന്ന സമയത്തും ഇവർ

നിലപാട് തിരുത്താൻ തയ്യാറാകുന്നില്ല. ഇപ്പോൾ കേരളത്തിൽ പുതിയ നേതൃത്വം വന്നതിനുശേഷം പുതിയ പ്രഖ്യാപനങ്ങൾ നടത്തുകയാണ്. സെമി കേഡർ സംവിധാനത്തിലേയ്ക്ക് മാറുമെന്നാണ് പറയുന്നത്. അതിൽ ഞങ്ങൾക്ക് തർക്കമില്ല, സന്തോഷമേയുള്ളൂ. നിങ്ങൾ നന്നായി വരണം; വർഗ്ഗീയതയെ എതിർക്കണം. നിങ്ങൾ രാജ്യത്ത് മുന്നോട്ട് വരണമെന്ന ഉറച്ച നിലപാടുള്ള വ്യക്തികളാണ് ഞങ്ങൾ. ഒരു വാർത്ത കൂടി സൂചിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുകയാണ്. കഴിഞ്ഞ ഫെബ്രുവരി മാസം 26-ാം തീയതി മലയാളത്തിലെ പ്രമുഖ പത്രങ്ങളിൽ വന്ന മിന്നലാക്രമണത്തെ സംബന്ധിച്ച വാർത്തയാണിത്. ഇതുകാണുമ്പോൾ യുക്രെയിനിൽ നടന്ന മിന്നലാക്രമണമാണോയെന്ന് നമുക്ക് തോന്നും.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്.... കൂടുതൽ സമയം അനുവദിക്കാൻ കഴിയില്ല, അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

<u>ശ്രീ. ആന്റണി ജോൺ</u>: സർ, ഇത് നടന്നത് തിരുവനന്തപുരത്താണ്. തിരുവനന്തപുരത്ത് കെ.പി.സി.സി.-യുടെ മിന്നലാക്രമണം. അതായത് കൂടെയുള്ളവരെ വിട്ട് രഹസ്യം പിടിക്കാൻ പോകുന്നതാണോ ഈ പറയുന്ന സെമി കേഡർ എന്ന് വിശദീകരിച്ചാൽ നന്നായിരിക്കും.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്......

<u>ശ്രീ. ആന്റണി ജോൺ</u>: സർ, ഞാൻ മറ്റുകാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല ....(മൈക്ക് ഓഫ്)... ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഉപധനാഭ്യർത്ഥനകളെ ഞാൻ അംഗീകരിക്കുകയാണ്, അനുകൂലിക്കുകയാണ്. ഈ സഭയിൽ നിരവധി അഭിഭാഷകരുണ്ട്. യാതൊരു കാരണവശാലും ജയിക്കാത്ത, തീർച്ചയായും തോൽക്കുന്ന കേസുകൾ മാത്രം വാദിക്കാൻ കിട്ടുന്ന, ജയിക്കാൻ എന്തെങ്കിലും സാദ്ധ്യതയുണ്ടെങ്കിലും അവർ വാദിച്ചാൽ തോൽക്കുന്ന വക്കീലന്മാരുടെ അവസ്ഥയിലാണ് കേരളത്തിലെ പ്രതിപക്ഷം ഇന്ന് എത്തിനിൽക്കുന്നത്. നേരത്തെ കിഫ്ബിയെ എതിർത്തു. കിഫ്ബി ഇപ്പോൾ കോടിക്കണക്കിന് രൂപയുടെ പ്രവൃത്തികൾ വിജയകരമായി നടപ്പാക്കുന്നു. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ നമ്മുടെ നിയോജകമണ്ഡലങ്ങളിലെ ജനങ്ങൾക്ക് അതിന്റെ പ്രയോജനം ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ അവർ കെ-റെയിലിനെ എതിർക്കുകയാണ്. അവർ എതിർക്കുന്നതുകൊണ്ടുതന്നെ ഇത് യാഥാർത്ഥ്യമായിത്തീരുമെന്നത് കേരളത്തിലെ ജനങ്ങൾ തിരിച്ചറിഞ്ഞുകഴിഞ്ഞിരിക്കുന്നു. "Heard melodies are sweet, but those

unheard are sweeter" എന്നുപറയാറുണ്ട്. ബഡ്ജറ്റ് പ്രസംഗത്തേക്കാൾ മധുരതരമായ ഒരു മറുപടി പ്രസംഗമാണ് ബഡ്ജറ്റിന്റെ ചർച്ചയ്ക്കുശേഷം ഇന്നലെ നിയമസഭയിൽ നമ്മൾ കേട്ടത്. പ്രശ്നങ്ങളിലും അതിന്റെ സങ്കീർണ്ണതകളിലും ആശങ്കപ്പെടുകയും കടത്തിന്റെയും മുരടിപ്പുകളുടേയും മുഷിപ്പൻ കഥ പറയുകയും ചെയ്യുകയല്ല, മറിച്ച് പ്രശ്നങ്ങളെ കീറി മുറിച്ച് അവിടെ പ്രത്യാശ വിതറുന്ന ഒരു സമീപനമാണ് ബഡ്ജറ്റ് പ്രസംഗത്തിലുണ്ടായിരുന്നത്, അതിലേറെയായി അതിന്റെ മറുപടി പ്രസംഗത്തിലും ഉണ്ടായിരുന്നുവെന്നതാണ് ഈ ദിവസങ്ങളിൽ നമുക്ക് കാണാൻ കഴിയുന്നത്. സംസ്ഥാനത്ത് വികസന സന്തുലിതാവസ്ഥ കൈവരിക്കാൻ കഴിഞ്ഞു. ക്ഷേമപ്രവർത്തനങ്ങൾ മുടക്കം കൂടാതെ നടക്കുകയാണ്. ക്ഷേമപെൻഷൻ വർദ്ധിപ്പിച്ച് മുൻവർഷത്തേക്കാൾ ഫലപ്രദമായി നടപ്പാക്കുന്നു. പുത്തൻവികസന സംരംഭങ്ങൾ ഏറ്റെടുക്കുമ്പോൾ താഴെത്തട്ടിലുള്ള ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നില്ലെന്ന് മാത്രമല്ല, എങ്ങനെ അവർക്കത് പ്രയോജനപ്രദമാക്കി മാറ്റാൻ കഴിയുമെന്ന ചിന്തയാണ് ഇവിടെ പങ്കുവയ്ക്കപ്പെടുന്നത്. പുതിയ ഉത്പാദന മേഖലകളിലേയ്ക്ക് കടക്കണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്നലെ ആഹ്വാനം ചെയ്യുകയുണ്ടായി. പ്രധാനമായും അദ്ദേഹം ഫുഡ് ഇൻഡസ്ട്രിയെയാണ്

ഉന്നംവച്ചത്. ഫുഡ് ടെക്നോളജി വളർന്നുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ നാട്ടിൽ ലഭ്യമായിരിക്കുന്ന ഭക്ഷ്യ ഉത്പന്നങ്ങളെ സംസ്കരിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി വിപണിയിലെത്തിച്ച് വിദേശരാജ്യങ്ങളിലേയ്ക്കുപോലും കയറ്റുമതി ചെയ്യുന്ന അവസ്ഥയിലേയ്ക്കെത്തുമ്പോൾ നമ്മുടെ സമ്പദ്ഘടന വികസിക്കുമെന്നു മാത്രമല്ല, ഉത്പാദന പ്രക്രിയയുമായി ബന്ധപ്പെട്ട് നിൽക്കുന്ന സാധാരണക്കാരുടെ ജീവിതവും മെച്ചപ്പെടുകയാണ്. അത്തരത്തിലൊരു കാഴ്ചപ്പാടിൽനിന്നുകൊണ്ടുള്ള നടപടികളാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സ്വീകരിച്ചത്. ഇന്നത്തെ പ്രശ്നങ്ങളിൽ ആകുലപ്പെട്ടും വ്യസനപ്പെട്ടും ഇരിക്കുകയല്ല, നമ്മുടെ സാദ്ധ്യതകളെ മുഴുവൻ പ്രയോജനപ്പെടുത്തി കേരളത്തെ വളർച്ചയുടെ കുതിപ്പിലേയ്ക്ക് കൊണ്ടെത്തിക്കാനുള്ള ബോധപൂർവ്വമായ പരിശ്രമങ്ങളാണ് ഈ ബഡ്ജറ്റിലും അതിനോടൊപ്പമുള്ള നിലപാടുകളിലും കാണുന്നത്. കേന്ദ്രസർക്കാരിന്റെ വികസന മാതൃകകൾ വ്യത്യസ്തമാണ്. സ്വകാര്യ വ്യക്തികൾക്ക് വലിയ ലാഭമുണ്ടാക്കാൻ തക്കവണ്ണം പൊതുമേഖലയെ മുഴുവൻ അവർ വിറ്റഴിക്കുകയാണ്. കേന്ദ്രനയങ്ങളെ നമ്മൾ കൂട്ടായി എതിർക്കുന്നുണ്ട്. ഇന്നലെ എൽ.ഐ.സി. വിൽക്കുന്നതിനെതിരെ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കാൻ നമുക്ക് കഴിഞ്ഞു. പക്ഷേ വികലമായ നയങ്ങൾ രാജ്യത്ത്

കൊണ്ടുവന്നത് കോൺഗ്രസ് ഗവൺമെന്റാണെന്നത് നാം വിസ്മരിക്കരുത്. ആഗോളീകരണ നവലിബറൽ സാമ്പത്തിക നയങ്ങൾ ഇവിടെ ഉദ്ഘാടനം ചെയ്തത് കോൺഗ്രസ് ഗവൺമെന്റാണ്. അതേസമയംതന്നെ ഇന്ത്യയിലെ മതേതരത്വത്തിന് സംഭാവന നൽകാൻ കഴിയുന്ന, സ്വാതന്ത്ര്യത്തിനുവേണ്ടി പ്രവർത്തിച്ച ഒരു പ്രസ്ഥാനമെന്ന നിലയിൽ ജനങ്ങൾ പ്രതീക്ഷയോടുകൂടി കണ്ടിരുന്ന ഒരു പ്രസ്ഥാനമായിരുന്നു ഇന്ത്യൻ നാഷണൽ കോൺഗ്രസ്. പക്ഷേ കോൺഗ്രസിന്റെ  സാമ്പത്തിക നയങ്ങൾ ബി.ജെ.പി.-യിൽനിന്ന് വ്യത്യസ്തമല്ലായിരുന്നു. വർഗ്ഗീയതയെ താലോലിക്കുന്ന കാര്യത്തിൽ, ആ മാതൃക അനുകരിച്ചാൽ തങ്ങൾക്ക് കുറച്ച് വോട്ട് കിട്ടുമോയെന്ന് പരിശോധന നടത്തിയതിന്റെ അനന്തരഫലമാണ് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നടന്ന തെരഞ്ഞെടുപ്പുകളിൽ കണ്ടത്. ഏറ്റവും വലിയ സംസ്ഥാനമായ ഉത്തർപ്രദേശിൽ അവർ രണ്ട് സീറ്റിലൊതുങ്ങി. രണ്ട് സീറ്റെന്നുള്ളതല്ല, കിട്ടിയ വോട്ടുകൾ 2.33 ശതമാനമെന്നതാണ് പ്രശ്നം. ഒരു സീറ്റുമാത്രം കിട്ടിയ ബഹുജൻ സമാജ് പാർട്ടി (ബി.എസ്.പി.)-ക്ക് അവിടെ 12 ശതമാനവും സമാജ്‌വാദി പാർട്ടി (എസ്.പി.)-ക്ക് 32 ശതമാനവും വോട്ടുണ്ട്. കോൺഗ്രസ്സിന്റെ സാമ്പത്തിക നയങ്ങൾ ബി.ജെ.പി. അനുകരിച്ചുവെന്നാണ് മനസ്സിലാക്കേണ്ടത്. വർഗ്ഗീയതയെ താലോലിക്കുന്ന ബി.ജെ.പി.-യുടെ

നയങ്ങളെ അനുകരിക്കാൻ കോൺഗ്രസ് ശ്രമിച്ചതുകാരണം ഉണ്ടായിരുന്ന ജനകീയ അടിത്തറകൂടി നഷ്ടപ്പെട്ടു. അയോദ്ധ്യ വിഷയത്തിൽ ശ്രീ. രാഹുൽ ഗാന്ധിയുടെ നിലപാട് അതായിരുന്നില്ലേ; പ്രചാരണ സമയത്ത് ഏതെല്ലാം വേഷങ്ങൾ കെട്ടിയാണ് നേതാക്കന്മാർ അവിടെ പര്യടനം നടത്തിയത്? ബി.ജെ.പി.-യെ അനുകരിച്ചാൽ വോട്ട് കിട്ടുമോ എന്ന പരിശോധന ആത്മഹത്യാപരമായി എന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കൂടുതൽ രാഷ്ട്രീയ പ്രശ്നങ്ങളിലേയ്ക്കൊന്നും ഞാൻ ഇപ്പോൾ കടക്കുന്നില്ല.

ചില നിർദ്ദേശങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കണമെന്ന് എനിക്ക് താത്പര്യമുണ്ട്. ഒന്ന്, നമ്മുടെ നാട്ടിൽ നിലവിലുള്ള നിയമങ്ങൾ ചിലതൊക്കെ കാര്യക്ഷമമാക്കാനുണ്ടെന്നതന്നെയാണ് എന്റെ വിശ്വാസം. ബഹുമാനപ്പെട്ട മന്ത്രിമാരിൽ അധികമാളുകളും ഇപ്പോൾ ഇവിടെയില്ല. ഇവിടെ ഇപ്പോഴുള്ളത് കൃഷി വകുപ്പുമന്ത്രിയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പാസ്സാക്കിയ പ്രധാനപ്പെട്ട നിയമമാണ് 2018-ലെ കേരള കർഷക ക്ഷേമനിധി നിയമം. ഞാൻ അതുമായി ബന്ധപ്പെട്ട സെലക്ട് കമ്മിറ്റിയിലെ അംഗമായിരുന്നതുകൊണ്ട് പറയുകയാണ്, കാർഷികോത്പന്നങ്ങളെ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റി വ്യാപാരം നടത്തുന്ന വ്യാപാരികൾ ലാഭത്തിന്റെ ഒരു വിഹിതം ഈ ക്ഷേമനിധിയിലേയ്ക്ക് നൽകണമെന്നാണ്

അതിലെ പ്രധാനപ്പെട്ട വ്യവസ്ഥ. അത് നമുക്ക് നടപ്പാക്കാൻ കഴിഞ്ഞോ? അതുമാത്രമല്ല, ഞാൻ ഗതാഗത വകുപ്പുമന്ത്രിയായിരുന്നപ്പോൾ പാസ്സാക്കിയ നിയമമാണ് 'കേരള റോഡ് സേഫ്റ്റി അതോറിറ്റി ആക്ട് '. കേരളത്തിലെ റോഡ് സുരക്ഷയ്ക്കുവേണ്ടി വൺ ടൈം സെസ്സ് പിരിച്ച് വലിയൊരു തുക നമ്മുടെ ട്രഷറിയിലേയ്ക്ക് വരുന്നുണ്ട്. ആ തുക പൂർണ്ണമായും റോഡ് സേഫ്റ്റി അതോറിറ്റിക്ക് കിട്ടുന്നില്ല. കിട്ടിയാൽത്തന്നെ അത് പോലീസ് ഡിപ്പാർട്ടുമെന്റിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും ഉദ്യോഗസ്ഥർക്ക് വാഹനം വാങ്ങുന്നതിനും മറ്റുകാര്യങ്ങൾക്കുമായി ചെലവഴിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. അല്ലാതെ അത് ലക്ഷ്യത്തിലേയ്ക്ക് നീങ്ങുന്നില്ല. ഞാൻ ജലവിഭവ വകുപ്പുമന്ത്രിയായിരുന്നപ്പോൾ പാസ്സാക്കിയതാണ് കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ (ഭേദഗതി) ആക്ട്. നമ്മുടെ ജലാശയങ്ങൾ മലിനമാക്കുന്നവരെ ജാമ്യമില്ലാ കുറ്റം ചുമത്തി ശിക്ഷിക്കുന്നതിന് ആ നിയമത്തിൽ വ്യവസ്ഥയുണ്ട്. വരട്ടാർ മലിനപ്പെടുത്തിയതിന് എന്റെ നിയോജകമണ്ഡലത്തിലെ ഒരാളെ ജയിലിലടച്ചതല്ലാതെ നാലഞ്ച് വർഷം കഴിഞ്ഞിട്ടും ആ നിയമം പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. പോലീസ് സ്റ്റേഷൻ കണ്ടാൽ ആക്രിക്കടയാണെന്ന് തോന്നിപ്പോകുമെന്നതുകൊണ്ട് പോലീസ് സ്റ്റേഷനിൽ

കിടക്കുന്ന വാഹനങ്ങളെല്ലാം ഡിസ്പോസ് ചെയ്യാനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പോലീസ് ആക്ടിൽ ഭേദഗതി കൊണ്ടുവന്നു. പക്ഷേ ഇന്നും വാഹനങ്ങൾ അവിടെ കെട്ടിക്കിടക്കുകയാണ്. അതുപോലെ കൃത്യസമയത്തിനുള്ളിൽ ജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിനുവേണ്ടി സേവനാവകാശ നിയമം പാസ്സാക്കി. അതും ഫലപ്രദമായി നടപ്പാക്കുന്നില്ല. ഇങ്ങനെയുള്ള നിയമങ്ങളിലെ വ്യവസ്ഥകളെ ജനങ്ങൾക്ക് പ്രയോജനപ്രദമാക്കുന്ന രൂപത്തിലേയ്ക്ക് മാറ്റിയെടുക്കാൻ നടപടിയുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. രണ്ടാമത്തെ കാര്യം, മരാമത്ത് പ്രവൃത്തികളെ സംബന്ധിച്ച് ശ്രീ. മോൻസ് ജോസഫ് ഇവിടെ സൂചിപ്പിച്ചു. ഞാൻ അതിനെ പിന്തുണയ്ക്കുകയാണ്. നടപടിക്രമങ്ങളുടെ ബാഹുല്യം വളരെ കൂടുതലാണ്. എസ്റ്റിമേറ്റെടുത്ത് എ.എസ്./ടി.എസ്. എന്നിവ ലഭ്യമാക്കിയതിനുശേഷം ടെണ്ടർ ക്ഷണിച്ച് പ്രവൃത്തികൾ കൊടുക്കുമ്പോഴേയ്ക്കും ആദ്യത്തെ നിരക്ക് മാറുകയാണ്. അതുമൂലം കരാറുകാരൻ പണികൾ ചെയ്യാൻ പ്രയാസപ്പെടുകയാണ്. ശ്രീ. മോൻസ് ജോസഫ് ഉന്നയിച്ച പ്രശ്നവുമുണ്ട്. നിരവധി നിർമ്മാണ സാമഗ്രികളുടെ വില വർദ്ധിച്ചിരിക്കുകയാണ്. ടാറിന് സർക്കാരിന്റെ നിരക്ക് 6000 രൂപയാണ്. എന്നാൽ 9000 രൂപയ്ക്കല്ലാതെ ടാർ കിട്ടില്ല. 50 രൂപയ്ക്ക്

താഴെയാണ് കമ്പിയുടെ സർക്കാർ വില, എന്നാൽ 91 രൂപയാണ് കമ്പിക്ക് ഇപ്പോഴുള്ള വില. നിർമ്മാണ മേഖല സ്തംഭിക്കാതിരിക്കാനാവശ്യമായ ഇടപെടൽ നടത്തണമെന്ന് പറയുമ്പോൾ അത് കോൺട്രാക്ടർമാർക്ക് വേണ്ടിയല്ല, ഈ നാട്ടിലെ വികസന പ്രവർത്തനങ്ങളുടെ പ്രയോജനം അനുഭവിക്കുന്ന ജനങ്ങൾക്കുവേണ്ടിയുള്ള ശബ്ദമായിരിക്കണം. ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. നവകേരള സൃഷ്ടിക്കുവേണ്ടിയുള്ള തയ്യാറെടുപ്പിൽ യുവകേരളത്തെ നാം വിസ്മരിച്ചിരിക്കുകയാണ്. ഡി.വൈ.എഫ്.ഐ.-യുടെ സമര പോരാട്ടത്തെക്കുറിച്ച് നേരത്തെ സംസാരിച്ച യുവ എം.എൽ.എ. പറയുകയുണ്ടായി. അതിൽ ഞങ്ങൾക്കാർക്കും സംശയമില്ല, വലിയ സമര പോരാട്ട പാരമ്പര്യമുള്ള യുവജന പ്രസ്ഥാനമാണത്. എന്നാൽ ഡി.വൈ.എഫ്.ഐ. പ്രതിനിധാനം ചെയ്യുന്ന യുവജന വിഭാഗത്തിനുവേണ്ടി ഈ ബഡ്ജറ്റിൽ എന്തെങ്കിലും നിർദ്ദേശം വന്നിട്ടുണ്ടോയെന്ന് പരിശോധിക്കണം. തൊഴിൽരഹിതനായ ഒരാൾക്ക് തൊഴിൽ നൽകാനുള്ള എന്തെങ്കിലുമൊരു നിർദ്ദേശമുണ്ടോ? അഞ്ച് വർഷം ഒന്നാം പിണറായി വിജയൻ സർക്കാർ ഭരിച്ചു. ആ കാലത്ത് എത്ര പേർക്ക് തൊഴിൽ

കൊടുത്തുവെന്ന് പറയാൻ സാധിക്കുമോ? ഒരാൾക്കും തൊഴിൽ കൊടുത്തിട്ടില്ല. ടാബ്‌ലെറ്റിലാണ് ബഡ്ജറ്റ് അവതരിപ്പിച്ചത് എന്നതാണ് ഈ വർഷത്തെ പ്രത്യേകത. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ടാബ്‌ലെറ്റിൽ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ അത് സ്ഥിരമായി ഉപയോഗിക്കുന്ന ന്യൂ ജനറേഷനെ ഓർക്കേണ്ടിയിരുന്നു. അവരെക്കുറിച്ച് മന്ത്രിക്ക് ഒരു ധാരണയുമുണ്ടായില്ല. വാചക കസർത്ത് മാത്രമാണ് ഇവിടെ നടക്കുന്നത്. കോവിഡിനെ അതിജീവിച്ച് നാം സാധാരണ ജീവിതത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടന പരിപോഷിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുള്ള പ്രവാസികൾ ഇപ്പോഴും നടുക്കടലിൽ കഴിയുകയാണ്. പ്രവാസികൾക്കുവേണ്ടി ഈ ബഡ്ജറ്റിൽ എന്തെങ്കിലും പുതിയ പദ്ധതിയുണ്ടോ? കോടിക്കണക്കിന് രൂപ ചെലവഴിച്ചാണ് രണ്ട് ലോക കേരള സഭകൾ നടത്തിയത്. അതിന്റെ റിസൾട്ടെന്താണ്; അതിന് എന്തെങ്കിലുമൊരു ഫലം കാണുണ്ടോ? അതുണ്ടായില്ല. അവിടെ കുറച്ച് ഫർണിച്ചറുകൾ ബാക്കിയായിട്ടുണ്ടെന്നതൊഴിച്ചാൽ പ്രവാസികൾക്ക് ലോക കേരള സഭകൊണ്ട് ഒരു നേട്ടവുമുണ്ടായിട്ടില്ല. കോവിഡ് കാരണം ഏറ്റവുമധികം പ്രവാസികൾ തിരിച്ചെത്തിയത് കേരളത്തിലാണ്. ഫെബ്രുവരി

മാസംവരെയുള്ള കണക്കനുസരിച്ച് 14.71 ലക്ഷം പേരാണ് തിരിച്ചെത്തിയത്. ഇതിൽ 3.32 ലക്ഷം പേർക്ക് തിരികെ പോകാൻ കഴിഞ്ഞിട്ടില്ലെന്നാണ് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് നടത്തിയ സർവ്വേയിൽ കണ്ടെത്തിയത്. ഇങ്ങനെ നാട്ടിൽ കഴിയുന്നവരിൽ 71 ശതമാനം പേരും തൊഴിൽരഹിതരായി നിൽക്കുകയാണ്. ലക്ഷക്കണക്കിന് പ്രവാസികൾക്ക് അവരുടെ ജീവിതമാർഗ്ഗം പൂർണ്ണമായും കൊട്ടിയടയ്ക്കപ്പെട്ട സ്ഥിതിയാണ്. പ്രവാസികൾക്കുവേണ്ടിയുള്ള പദ്ധതികൾ പ്രഖ്യാപനങ്ങളിൽ മാത്രമൊതുങ്ങുകയാണ്. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കുറച്ചു ദിവസം മുമ്പ് യു.എ.ഇ.-യിൽ പോകുകയുണ്ടായി. തൊഴിൽ നഷ്ടപ്പെട്ട് യു.എ.ഇ.-യിൽനിന്ന് നാട്ടിലെത്തുന്നവർക്ക് ആറ് മാസം ശമ്പളം കൊടുക്കുമെന്നാണ് അവിടെപ്പോയി അദ്ദേഹം പറഞ്ഞത്. ആറ് മാസത്തെ ശമ്പളം പോയിട്ട് ആദ്യം പ്രഖ്യാപിച്ച 5,000 രൂപ പോലും പ്രവാസികൾക്ക് കൊടുക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഇപ്പോൾ യുക്രൈനിൽനിന്ന് തിരിച്ചുവന്ന കുട്ടികൾക്ക് പഠിക്കാൻ അവസരമൊരുക്കുമെന്ന് പറയുമ്പോൾ അത് കേട്ടിട്ട് അവർ ചിരിക്കുകയാണ്. ഗൾഫിലെ മലയാളികൾക്ക് ആറ് മാസത്തെ ശമ്പളം കൊടുക്കുമെന്ന പ്രഖ്യാപനം പോലെയാകുമോയെന്ന ധാരണയിൽ അവർ ചിരിച്ചുകൊണ്ടാണ് അതിനെ സ്വീകരിച്ചത്. ഇതാണ്

നമ്മുടെ സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ. പരിഗണിക്കപ്പെടേണ്ട ആളുകളെ പരിഗണിക്കാതെ, യുവാക്കളെയും പ്രവാസികളെയും സമൂഹത്തിലെ പരിഗണന അർഹിക്കുന്ന മുഴുവൻ ആളുകളെയും അവഗണിച്ചുകൊണ്ടുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജി. എസ്. ജയലാൽ)

എസ്.ഡി.പി.ഐ.-ബി.ജെ.പി. കൂട്ടുകെട്ടിനെക്കുറിച്ചൊക്കെ നേരത്തെ വലിയ വർത്തമാനം പറഞ്ഞു. അതിനെക്കുറിച്ച് പറയാൻ സി.പി.ഐ.(എം.)-ന് സാധിക്കുമോ? സി.പി.ഐ.(എം.)-ന്റെ ആത്യന്തിക ലക്ഷ്യം ഭരണമല്ലെന്ന് ഇന്നലെ പ്രസംഗിച്ച ആരോ പറഞ്ഞു. എന്നാൽ ഭരണത്തിനുവേണ്ടി ആരുമായും കൂട്ടുകൂടുമെന്നതാണ് സി.പി.ഐ.(എം.)-ന്റെ സമീപനം. 1957-ൽ ഒറ്റയ്ക്ക് അധികാരത്തിൽ വന്ന പാർട്ടി ഇപ്പോൾ പന്ത്രണ്ട് കക്ഷികളെ കൂട്ടുപിടിച്ചാണ് ഭരിക്കുന്നത്. അധികാരത്തിനുവേണ്ടി ആരുമായും കൂട്ടുകൂടും. എന്റെ പുറകിൽ മഞ്ചേശ്വരം എം.എൽ.എ. ശ്രീ. എ. കെ. എം. അഷ്റഫ് ഇരിക്കുകയാണ്. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ മഞ്ചേശ്വരം, കുമ്പള പഞ്ചായത്തുകളിൽ ഇപ്പോഴും സി.പി.ഐ.(എം.)-ഉം ബി.ജെ.പി.-യും ഒന്നിച്ചുഭരിക്കുകയാണ്. ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ നിയോജകമണ്ഡലത്തിലെ ബദിയടുക്ക പഞ്ചായത്തിൽ കേവലം സ്റ്റാൻഡിംഗ്

കമ്മിറ്റി ചെയർമാൻ സ്ഥാനത്തിനുവേണ്ടിയാണ് സി.പി.ഐ.(എം.) ബി.ജെ.പി.യുമായി കൂട്ടുചേർന്നത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ നിയോജകമണ്ഡലത്തിലെ കോട്ടയം മുനിസിപ്പാലിറ്റിയിൽ യു.ഡി.എഫ്.-നെ താഴെയിറക്കുന്നതിനുവേണ്ടി സി.പി.ഐ.(എം.) ബി.ജെ.പി.-യുമായി കൂട്ടുചേർന്നു.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, പോയിന്റ് ഓഫ് ഓർഡർ. മലപ്പുറത്തെ അംഗം ഇവിടെ സൂചിപ്പിച്ചത് മഞ്ചേശ്വരം അസംബ്ലി സെഗ്മെന്റിലെ ചില പഞ്ചായത്തുകളിൽ ബി.ജെ.പി.-യുമായി സി.പി.ഐ.(എം.) യോജിച്ചുവെന്നുള്ളതാണ്. അത്തരം പരാമർശങ്ങൾ തെറ്റാണ്. 307 പ്രകാരം അത് രേഖയിൽ ഉണ്ടാകാൻ പാടില്ല. ......(ബഹളം)......

<u>മി. ചെയർമാൻ</u>: അത് പരിശോധിക്കാം. പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കാം.+

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, അതിന്റെ വസ്തുത പരിശോധിച്ച് ബഹുമാനപ്പെട്ട ചെയറിന് എന്തു നടപടിയും സ്വീകരിക്കാവുന്നതാണ്. ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ ആരുമായിട്ടാണ് സഖ്യം? എസ്.ഡി.പി.ഐ.-യുമായിട്ടാണ് സഖ്യം. മലപ്പുറം ജില്ലയിലെ പറപ്പൂർ പഞ്ചായത്തിൽ എസ്.ഡി.പി.ഐ.-യുമായി ചേർന്ന് ഭരിച്ചു. തൊട്ടടുത്ത

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നം. 4911/ഇ.ബി. /2022/നി.സെ തീയതി 17.03.2022) രേഖയിൽ നിലനിർത്തി.

മങ്കടയിലെ കൂട്ടിലങ്ങാടി പഞ്ചായത്തിൽ ആരുമായിട്ടാണ് സഖ്യമെന്നുള്ളത് പരിശോധിക്കണം. എന്നിട്ടും ഭരണം ഞങ്ങൾക്ക് ആത്യന്തിക ലക്ഷ്യമല്ലെന്ന് പറയുന്നവർ കേവലം ഒരു പഞ്ചായത്തിലെ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനത്തിനുവേണ്ടി തീവ്രവാദികളുമായി, വർഗ്ഗീയവാദികളുമായി കൂട്ടുകൂടുന്നു. അവസരവാദ രാഷ്ട്രീയ നിലപാടാണ് സി.പി.ഐ.(എം.) എല്ലാക്കാലത്തും സ്വീകരിച്ചിട്ടുള്ളത്. .....(ബഹളം)... ശ്രീ. എ. എൻ. ഷംസീർ, തെറ്റാണെങ്കിൽ താങ്കൾ പറയൂ.

<u>മി. ചെയർമാൻ</u>: പ്ലീസ്... അങ്ങയുടെ പ്രസംഗം പൂർത്തിയാക്കണം. അധികം സമയമില്ല. ബഹുമാനപ്പെട്ട അംഗം ചെയറിനെ നോക്കി സംസാരിക്കണം.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, വസ്തുതയുടെ അടിസ്ഥാനത്തിലാണ് ഞാൻ സംസാരിച്ചത്. ഇത് നിയമസഭയാണ്, ഇവിടെ എന്തും പറയാമെന്ന് കരുതി പറഞ്ഞതല്ല.

<u>മി. ചെയർമാൻ</u>: ഇന്ന് സമയം കൂടുതൽ അനുവദിക്കാൻ കഴിയില്ല. ഇന്നത്തെ ദിവസത്തിന്റെ പ്രത്യേകത അറിയാമല്ലോ. ദയവുചെയ്ത് സഹകരിക്കണം.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഇതാണ് സി.പി.ഐ.(എം)-ന്റെ നിലപാട്.

ഒരു ഭാഗത്ത് ഞങ്ങൾ ന്യൂനപക്ഷ സംരക്ഷകരാണെന്ന് പറയും. എന്നിട്ടെന്താണ് സ്ഥിതി? വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടതിനെതിരെ പ്രക്ഷോഭമുണ്ടായപ്പോൾ അത് പുനഃപരിശോധിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി സഭയിൽ പറഞ്ഞത് അത് പുനഃപരിശോധിക്കാൻ പോകുന്നില്ലെന്നാണ്. വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടതിനെതിരായി ഇന്ന് മുസ്ലീംലീഗ് തിരുവനന്തപുരത്ത് അതിശക്തമായ സമരം സംഘടിപ്പിക്കുകയാണ്. ഈ തീരുമാനം സർക്കാർ പിൻവലിച്ചില്ലെങ്കിൽ തുടർന്നും പ്രക്ഷോഭ പരിപാടികളുമായി മുന്നോട്ടുപോകാനാണ് ഞങ്ങളുടെ തീരുമാനം. ന്യൂനപക്ഷ വിരുദ്ധ സമീപനങ്ങളും ജനവിരുദ്ധ നിലപാടുകളും തുടരുന്ന ഈ സർക്കാരിന്റെ തെറ്റായ നയങ്ങളിൽ പ്രതിഷേധിച്ചുകൊണ്ട് ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. വി. ശശി: സർ, 2021-2022 സാമ്പത്തിക വർഷത്തെ അന്തിമ ഉപധനാഭ്യർത്ഥനകളെയും 2011-2012, 2012-2013, 2013-2014, 2014-2015, 2015-2016 എന്നീ സാമ്പത്തിക വർഷങ്ങളിലേയ്ക്കുള്ള അധിക ധനാഭ്യർത്ഥനകളെയും ഞാൻ പിന്താങ്ങുകയാണ്. 2021-2022 സാമ്പത്തിക വർഷത്തെ അന്തിമ ഉപധനാഭ്യർത്ഥനകൾ നാല് ഡിമാന്റുകളിലായി റവന്യൂ

ഹെഡ്ഡിൽ 13,68,75,896/- രൂപയും ക്യാപിറ്റൽ ഹെഡ്ഡിൽ 5,65,83,875/- രൂപയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതെല്ലാം ധനകാര്യവകുപ്പ് യഥാസമയം പരിശോധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ ചെലവഴിച്ചിട്ടുള്ളവയാണ്. എന്നാൽ 2011-2012 മുതൽ 2015-2016 വരെയുള്ള അഞ്ചുവർഷത്തെ അധിക ധനാഭ്യർത്ഥനകളിൽ കാണുന്ന ചെലവുകൾ ബഡ്ജറ്റിലോ ഉപധനാഭ്യർത്ഥനകളിലോ ഉൾപ്പെടുത്തിയിട്ടുള്ളവയല്ല. ഈ ചെലവുകൾ നടത്തുന്നതിന് ധനകാര്യ വകുപ്പ് മുൻകൂർ ഉത്തരവോ ബന്ധപ്പെട്ട വകുപ്പദ്ധ്യക്ഷന്മാർ പ്രൊസിഡീംഗ്സോ പുറപ്പെടുവിച്ചിട്ടുള്ളതായി ചൂണ്ടിക്കാണിക്കുന്നുമില്ല. ചില വകുപ്പുകൾ പ്ലാൻ/നോൺ പ്ലാൻ ഹെഡ്ഡുകളിൽ പരസ്പരം മാറി ചെലവുകളിൽ ക്രമക്കേടുകൾപോലും നടത്തിയിരിക്കുന്നതായി കാണുന്നു. ഇതൊന്നും യഥാസമയം ബന്ധപ്പെട്ട വകുപ്പുകളിലെ ഇന്റേണൽ ഓഡിറ്റ് വിഭാഗത്തിനോ ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ സംവിധാനത്തിനോ കണ്ടെത്താനായിട്ടില്ല. എ.ജി. കണ്ടെത്തിയിട്ടുള്ളവ പരിശോധിച്ച് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ശിപാർശ ചെയ്ത തുകയാണ് അധിക ധനാഭ്യർത്ഥനകളായി നമ്മൾ ഇപ്പോൾ പരിഗണിക്കുന്നത്. എന്തായാലും ഇത്തരം അൺ-ആതറൈസ്ഡ്

എക്സ്പെൻഡിച്ചർ ഉണ്ടാകാതിരിക്കാനായി ബഡ്ജറ്റ് അലോക്കേഷൻ മോണിറ്ററിംഗ് സിസ്റ്റവും ബിൽ ഇൻഫർമേഷൻ ആൻഡ് മാനേജ്മെന്റ് സിസ്റ്റവും 2016-2017 മുതൽ ധനകാര്യ വകുപ്പ് നടപ്പാക്കിത്തുടങ്ങിയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് ഒഴിച്ചുകൂടാനാവാത്ത സാഹചര്യത്തിലല്ലാതെ ഇതുപോലുള്ള അധിക ധനാഭ്യർത്ഥനകൾ ഭാവിയിലുണ്ടാകില്ലെന്നാണ് കരുതുന്നത്. 2022-2023-ലെ ബഡ്ജറ്റിനെക്കുറിച്ച് മൂന്നുദിവസം നടത്തിയ പൊതുചർച്ച ഇന്നലെ സമാപിച്ചിരുന്നു. ചർച്ചയിൽ ഉയർന്നുവന്ന സംശയങ്ങൾക്കും വിമർശനങ്ങൾക്കും ആരോപണങ്ങൾക്കുമെല്ലാം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വളരെ സമർത്ഥമായി മറുപടി നൽകി. ആ മറുപടിയിൽ പ്രതിപക്ഷവും തൃപ്തരായിരുന്നുവെന്നാണ് എനിക്ക് തോന്നിയത്. ഫെബ്രുവരി 1-ന് അവതരിപ്പിച്ച 2022-2023-ലെ കേന്ദ്ര ബഡ്ജറ്റ് നമ്മുടെ മുന്നിലുണ്ട്. 2022-2023-ലെ കേരളത്തിന്റെ ബഡ്ജറ്റിനെക്കുറിച്ചും ഇപ്പോൾ നമ്മൾ വിശദമായി ചർച്ച ചെയ്തു. ഏത് ബഡ്ജറ്റാണ് നമുക്ക് പ്രതീക്ഷ നൽകുന്നത്; കേന്ദ്ര ബഡ്ജറ്റിൽ നമുക്ക് എന്ത് പ്രതീക്ഷയാണുള്ളത്? ലോംഗ് ഇക്കണോമിക് കോവിഡ് ബാധിച്ച സമ്പദ്ഘടനയെ ഉത്തേജിപ്പിക്കാൻ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ ധനയാഥാസ്ഥിതികത്വം

അനുവദിക്കുന്നില്ലെന്നത് അവരുടെ ബഡ്ജറ്റിൽ നമുക്ക് കാണാൻകഴിയും. അസമത്വം ക്രമാതീതമായി വർദ്ധിച്ചിട്ടും വരുമാന നികുതി, കോർപ്പറേറ്റ് നികുതി, സ്വത്ത് നികുതി എന്നിവ ഉയർത്താൻ കേന്ദ്രസർക്കാർ തയ്യാറായിട്ടില്ല. സാധാരണജനങ്ങളുടെ ജീവിതം തുലയ്ക്കുന്ന, അതിനിടയാക്കുന്ന പരോക്ഷ നികുതി ഈടാക്കാനാണ് കേന്ദ്ര ബഡ്ജറ്റിലൂടെ ശ്രമിക്കുന്നത്. എൽ.ഐ.സി. ഉൾപ്പെടെയുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും വിറ്റുതുലയ്ക്കുന്ന കേന്ദ്രസർക്കാർ ഇപ്പോൾ എല്ലാ പൊതുആസ്തികളും നാഷണൽ മോണിറ്റൈസേഷൻ സ്കീമിലൂടെ ആറുലക്ഷം രൂപയ്ക്ക് കൈമാറുകയാണ്. ഇതെല്ലാം ചെയ്ത് ദ്രോഹിക്കുന്ന കേന്ദ്രസർക്കാർ ജനങ്ങളെ അടക്കിനിർത്താൻ പാഴ്‌വാഗ്ദാനങ്ങളുടെ ഘോഷയാത്രയും അവതരിപ്പിച്ച് നമ്മുടെ മുമ്പിലെത്തുന്നുണ്ട്. ജി.ഡി.പി. 9.2 ശതമാനമാക്കി ഉയർത്തി, എൺപതുലക്ഷം വീടുകൾ, അറുപതുലക്ഷം കുടുംബങ്ങൾക്ക് തൊഴിൽ, നാനൂറ് പുതിയ ട്രെയിനുകൾ ഇങ്ങനെ നീണ്ടുപോകുന്ന വാഗ്ദാനങ്ങളുടെ പട്ടിക നമ്മൾ 2014 മുതൽ കാണുന്നതാണ്. ഒരിക്കലും നടക്കാത്ത നീണ്ട വാഗ്ദാന പട്ടിക. എന്നാൽ ചിലകാര്യങ്ങളിൽ അവർ നല്ല ജാഗ്രത പുലർത്തുന്നുവെന്നുള്ളതും നമുക്ക് കാണാൻ സാധിക്കും. കോർപ്പറേറ്റുകളെ സഹായിക്കുന്നതിലും അവരുടെ കടങ്ങൾ എഴുതിത്തള്ളുന്ന

കാര്യത്തിലും അവർ പ്രത്യേക ജാഗ്രത കാണിക്കുന്നുണ്ട്. അതേസമയം തൊഴിലുറപ്പ് പദ്ധതി, കൃഷി, വിദ്യാഭ്യാസം, ഗ്രാമവികസനം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, വനിതകളുടെ സുരക്ഷ, ഭക്ഷ്യ സബ്സിഡി, വളം സബ്സിഡി തുടങ്ങി ജനങ്ങളുടെ നിത്യജീവിതത്തെ ബാധിക്കുന്ന മേഖലകൾക്കുള്ള കേന്ദ്ര പദ്ധതി വിഹിതങ്ങളിലെല്ലാം കഴിഞ്ഞ വർഷത്തേക്കാൾ ഗണ്യമായ തുക കുറച്ചിരിക്കുന്നു. ഇതിലൂടെ തെളിയുന്നത് കേന്ദ്ര ബഡ്ജറ്റ് ജനവിരുദ്ധ, സമ്പന്ന അനുകൂല, കോർപ്പറേറ്റ് പ്രീണന ബഡ്ജറ്റാണെന്നാണ്. ഇതിന് ബദലായ കേരള മാതൃകയാണ് ധനകാര്യ വകുപ്പുമന്ത്രിയുടെ ആദ്യത്തെ സമ്പൂർണ്ണ ബഡ്ജറ്റ്. ഒട്ടേറെ പ്രതിസന്ധികളും കാലാവസ്ഥാ ദുരന്തങ്ങളുയർത്തുന്ന വെല്ലുവിളികളും നമ്മുടെ മുന്നിലുണ്ട്. കേന്ദ്രസർക്കാർ അടിച്ചേൽപ്പിക്കുന്ന അവഗണനയും നമുക്ക് നേരിടേണ്ടതായിട്ടുണ്ട്. അവയെല്ലാം കൂട്ടായി നേരിട്ട് മുന്നോട്ടുപോകാമെന്ന ആത്മവിശ്വാസം പകരുന്നതാണ് കേരള ബഡ്ജറ്റ്. വൈജ്ഞാനിക സമ്പദ് വ്യവസ്ഥ ഉപയോഗിച്ച് കൂടുതൽ തൊഴിലും ഉത്പാദന വർദ്ധനവും വിഭാവന ചെയ്യുന്നു. അടിസ്ഥാന സൗകര്യവികസനത്തിന് കാര്യമായ തുക വകയിരുത്തി. വിലക്കയറ്റം തടയാനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും 2,000 കോടി രൂപയാണ് അനുവദിച്ചത്. ആരോഗ്യ മേഖലയ്ക്ക് 1,690 കോടി രൂപയും

വ്യവസായ മേഖലയ്ക്ക് 1,266.66 കോടി രൂപയും പട്ടികജാതി വിഭാഗങ്ങൾക്ക് 2,979.4 കോടി രൂപയും പട്ടികവർഗ്ഗ വികസനത്തിന് 859.50 കോടി രൂപയും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പാവപ്പെട്ടവർക്കും ഇടത്തരക്കാർക്കും കർഷകർക്കും തൊഴിലാളികൾക്കും വിദ്യാർത്ഥികൾക്കും അഭ്യസ്തവിദ്യർക്കുമെല്ലാം കേരള ബഡ്ജറ്റ് താങ്ങുംതണലുമായി മാറുകയും പ്രതീക്ഷാ നിർഭരമായിത്തീരുകയും ചെയ്യുമ്പോൾ കേന്ദ്ര ബഡ്ജറ്റ് ഈ വിഭാഗങ്ങളെ അവഗണിക്കുന്നുവെന്ന് മാത്രമല്ല മുൻവർഷം നൽകിയ പരിഗണനപോലും നൽകുന്നില്ലെന്നതാണ് യാഥാർത്ഥ്യം. രാജ്യത്തിന്റെ ഉത്പാദനം വർദ്ധിപ്പിക്കുമ്പോൾ അതിന്റെ നേട്ടം ഭൂരിപക്ഷം ജനതയ്ക്കുകൂടി എത്തിക്കുകയെന്ന കർമ്മമാണ് ബഡ്ജറ്റിലൂടെ നിർവ്വഹിക്കേണ്ടത്. നേരെ വിപരീത ദിശയിലേയ്ക്കാണ് കേന്ദ്ര ബഡ്ജറ്റ് സഞ്ചരിക്കുന്നതെന്ന് നമുക്ക് മനസ്സിലാകും. ഈ രീതിയിലുള്ള സാമ്പത്തിക നയമാണ് കേന്ദ്രസർക്കാർ തുടരുന്നതെങ്കിൽ 25 വർഷം കഴിഞ്ഞാലും രാജ്യത്തിന്റെ സ്ഥിതിയിൽ ഒരു മാറ്റവുമുണ്ടാകില്ല. ഈ സാഹചര്യത്തിലാണ് കേരള ബഡ്ജറ്റ് ദിശാബോധവും ആശ്വാസവും കരുണയുമുള്ള ഒരു ബഡ്ജറ്റായി വിലയിരുത്തപ്പെടുന്നത്. പട്ടികവിഭാഗങ്ങൾക്ക് ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന തുകയുടെ 40 ശതമാനത്തോളം തുക പ്രാദേശിക സർക്കാരുകൾ മുഖേന

വിനിയോഗിക്കപ്പെടേണ്ടതാണ്. ഈ വിഹിതം വകമാറ്റി ചെലവഴിക്കുന്നത് തടയുന്നതിനും ഫണ്ടുകൾ നഷ്ടപ്പെടുത്തുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ജനകീയാസൂത്രണത്തിന്റെ തുടക്കം മുതൽ കർശന വ്യവസ്ഥകൾ ഏർപ്പെടുത്തിയിരുന്നു. എസ്.സി.പി./ടി.എസ്.പി. തുക നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പാക്കുന്നതിന് ചെലവ് ശതമാനത്തിലുണ്ടാകുന്ന കുറവ് പൊതുവിഭാഗം ഫണ്ടിൽനിന്നും പരിഹരിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ വികസന ഫണ്ട് വിഹിതം പബ്ലിക് അക്കൗണ്ട്സ് മുഖേന ചെലവഴിച്ചിരുന്ന രീതിക്കുപകരം സഞ്ചിതനിധി മുഖേന ചെലവഴിക്കുന്ന സമ്പ്രദായത്തിലേയ്ക്ക് മാറിയ 2015-16 മുതൽ മേൽപ്പറഞ്ഞ വ്യവസ്ഥ ഇല്ലാതെയായി. ഇത് പുനഃസ്ഥാപിക്കണമെന്ന ആവശ്യം അന്ന് ശക്തമായി ഉയർത്തിയിരുന്നുവെങ്കിലും അന്നത്തെ ഗവൺമെന്റ് അത് അനുവദിച്ചില്ല. ഈ വ്യവസ്ഥ പുനഃസ്ഥാപിക്കണമെന്ന ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശ ഇപ്പോൾ സർക്കാർ അംഗീകരിച്ചത് സന്തോഷകരമാണ്. ആ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഉത്തരവ് ഇതിനകംതന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. ഞാൻ അതിനെ പൂർണ്ണമായും സ്വാഗതം ചെയ്യുന്നു. എസ്.സി.പി./ടി.എസ്.പി. ഫണ്ട് ലാപ്സാകാതെ സമയബന്ധിതമായി ചെലവഴിക്കുന്നുവെന്ന് ഉറപ്പാക്കാൻ ഈ തീരുമാനം

വഴിവയ്ക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെയും പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയെയും ഈ സന്ദർഭത്തിൽ അഭിനന്ദിക്കുന്നു. 2021-22 വർഷത്തെ അന്തിമ ഉപധനാഭ്യർത്ഥനകളെയും വിവിധ വർഷങ്ങളിലെ അധികധനാഭ്യർത്ഥനകളെയും ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, 2021-22 വർഷത്തെ അന്തിമ ഉപധനാഭ്യർത്ഥനകളെയും വിവിധ വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളെയും ശക്തമായി പിന്തുണയ്ക്കുന്നു. കേരളത്തിന്റെ വികസനത്തിന് ഏറ്റവും വലിയ വിലങ്ങുതടിയായി യു.ഡി.എഫ്. രാഷ്ട്രീയം ഇന്ന് മാറിക്കൊണ്ടിരിക്കുകയാണ്. ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഭരണകക്ഷി അംഗങ്ങളുടെ കണ്ണുകളിൽ നല്ല തിളക്കമായിരുന്നു. നാടിന്റെ വികസന സ്വപ്നം സാക്ഷാത്കരിക്കുമെന്ന പ്രത്യാശയുടെയും പ്രതീക്ഷയുടെയും തിളക്കമായിരുന്നു അത്. എന്നാൽ പ്രതിപക്ഷ ബഞ്ചുകളിലെ ബഹുമാന്യരായ അംഗങ്ങളുടെ കണ്ണുകളിൽ ഒരാഹ്ലാദവുമുണ്ടായിരുന്നില്ല. നിരാശയുടെയും ഉത്കണ്ഠയുടെയും പ്രതികരണമാണത്. കാരണം ബഡ്ജറ്റ് അവതരിപ്പിച്ച് നടപ്പാക്കിക്കഴിഞ്ഞാൽ അവരുടെ ഭാവിയോർത്തുള്ള ഉത്കണ്ഠയാണ് ആ

കണ്ണുകളിൽ കണ്ടത്. ഓരോ വികസന പ്രശ്നങ്ങൾ വരുമ്പോഴും പ്രതിപക്ഷത്തിന്റെ നിലപാടെന്താണ്? 'അമ്മാവി ഉടച്ചാൽ മൺചട്ടി, മരുമകൾ ഉടച്ചാൽ പൊൻചട്ടി' എന്നതല്ലേ നിങ്ങളുടെ നിലപാട്? അതിവേഗ റെയിൽ പാതയെക്കുറിച്ചും കിഫ്ബിയെക്കുറിച്ചും ചർച്ച ചെയ്തവരാണ്. എന്നാൽ പ്രതിപക്ഷത്തിന് അത് നടപ്പാക്കാൻ സാധിച്ചില്ല; അതിന് സാധിക്കുകയുമില്ല. അതിവിടെ വളരെ സമർത്ഥമായി നടപ്പാക്കിക്കൊണ്ട് ഈ സർക്കാർ മുന്നോട്ടുപോകുകയാണ്. എന്തിനാണ് നിങ്ങൾക്ക് ഇത്രയും അസൂയയും അസഹിഷ്ണുതയുമുണ്ടാകുന്നത്? പ്രതിപക്ഷത്തിന് സങ്കൽപ്പിക്കാൻപോലും കഴിയാത്തവിധം ഉയരങ്ങളിലാണ് ഈ ഗവൺമെന്റിന്റെ വികസന കാഴ്ചപ്പാട്. അതാണ് ഈ സർക്കാരിന്റെ പ്രത്യേകത. കാലത്തോടൊപ്പമല്ല, അതിനും ഒരുപടി മുന്നിലാണ് ഈ സർക്കാർ സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ കോൺഗ്രസിന്റെ അവസ്ഥ എന്താണ്? ഇപ്പോൾ നിങ്ങൾ ഐ.സി.യു.-വിലാണ്. കുറെക്കാലമായി ഏണിചാരി വയ്ക്കുന്ന മുസ്ലീം ലീഗ് തൊട്ടടുത്ത് ബൈസ്റ്റാൻഡറായി ഒരു സ്റ്റൂളുമിട്ട് ഇരിക്കുകയാണ്. രോഗിക്ക് അനങ്ങാനും കഴിയുന്നില്ല, ബൈസ്റ്റാൻഡർക്ക് എഴുന്നേറ്റ് പുറത്തേയ്ക്ക് പോകാനും കഴിയുന്നില്ല. നിങ്ങൾ ഈയൊരവസ്ഥയിലല്ലേ? നാടിന്റെ സാമൂഹിക-സാമ്പത്തിക മേഖലകളുടെ

സമഗ്ര വളർച്ചയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ബഡ്ജറ്റാണിതെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. അങ്ങനെയൊരു ക്രിയാത്മകമായ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ അന്യഗ്രഹജീവികളെപ്പോലെയാണ് നിങ്ങളുടെ സമീപനവും പെരുമാറ്റവും. ബഹുമാനപ്പെട്ട എം. കെ മുനീർ സാഹിബിന്റെയടക്കം പ്രതികരണം കേട്ടപ്പോൾ എനിക്ക് അങ്ങനെയാണ് തോന്നിയത്. നവകേരള നിർമ്മിതി ലക്ഷ്യംവച്ചുകൊണ്ടുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. അതിന് ദിശാബോധവും ഗതിവേഗവും പകരുന്നവിധം രൂപം നൽകിയിരിക്കുന്ന ധനകാര്യ നിലപാട് ഈ സർക്കാരിന്റെ വികസനോന്മുഖ കാഴ്ചപ്പാട് വിളിച്ചോതുന്നതാണ്. ഓരോ മേഖലയിലും അതിവേഗം പുതിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നതിനാൽ നാം വളരെ ജാഗ്രതയുള്ളവരായിരിക്കണമെന്ന തിരിച്ചറിവാണ് ഈ സർക്കാരിനുള്ളത്. നവകേരളത്തിൽ നവീന പദ്ധതികളുമായുള്ള ജനപ്രിയ ബഡ്ജറ്റ് കേരള നിയമസഭയിൽ അവതരിപ്പിച്ചപ്പോൾ ഇന്ത്യൻ പാർലമെന്റിനകത്തും ഒരു ബഡ്ജറ്റ് അവതരിപ്പിച്ച കാര്യം നമ്മൾ മറന്നുകൂടാ. ജനവിരുദ്ധതയുടെയും കാർഷിക വിരുദ്ധതയുടെയും ദേശവിരുദ്ധതയുടെയും പ്രതീകമായ ബഡ്ജറ്റാണ് കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ചത്. നിരാശാജനകമായ

ബഡ്ജറ്റായിരുന്നു അത്. ഇന്ത്യൻ വികസന നയങ്ങൾക്ക് ശവമഞ്ചമൊരുക്കുന്ന ബഡ്ജറ്റായിരുന്നു കേന്ദ്രസർക്കാർ അവതരിപ്പിച്ചത്. നിങ്ങളാരെങ്കിലും ഇവിടെ പ്രസംഗിച്ചപ്പോൾ ആ കേന്ദ്ര ഗവൺമെന്റിന്റെ ജനവിരുദ്ധ ബഡ്ജറ്റിനെതിരെ ഒരക്ഷരം ഉരിയാടാൻ തയ്യാറായോ? ഇവിടെ അവതരിപ്പിച്ച സംസ്ഥാന ബഡ്ജറ്റ് പ്രതീക്ഷാനിർഭരവും ജനപക്ഷവും വികസനസ്വപ്ന സാക്ഷാത്കാരത്തിന്റെ രേഖയുമാണ്. സാമ്പത്തിക വൈഷമ്യങ്ങളുടെ നടുവിൽ നിന്നുകൊണ്ടാണ് എൽ.ഡി.എഫ്. സർക്കാർ ഈ വർഷം ബഡ്ജറ്റ് രൂപപ്പെടുത്തിയത്. എന്നാൽ പരിമിതികൾ തടസ്സമാകുന്നില്ല. ജനങ്ങൾക്കുള്ള ആശ്വാസ നടപടികളുടെയോ സംസ്ഥാന വികസനത്തിനുള്ള സാമ്പത്തിക നടപടികളുടെയോ കാര്യങ്ങളിൽ തടസ്സമുണ്ടായിക്കൂടെന്ന നിർബന്ധം ഈ സർക്കാരിനുണ്ട്. കാരണം ജനപ്രിയതയുടെ ഒരു ഹൃദയമുള്ള സർക്കാരാണ് ഇന്ന് കേരളം ഭരിച്ചുകൊണ്ടിരിക്കുന്നത്. എക്കാലത്തും ഇടതുപക്ഷത്തിന്റെ പ്രഥമ വികസന മുൻഗണന പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും ക്ഷേമവും സുരക്ഷിതത്വവുമാണ്. പാവപ്പെട്ടവരോടുള്ള പക്ഷപാതിത്വത്തിനായിരിക്കും ഇനിയും എൽ.ഡി.എഫ്. ഗവൺമെന്റിന്റെ വികസന നയത്തിൽ പ്രഥമസ്ഥാനം. അതോടൊപ്പം ക്ഷേമ പ്രവർത്തനങ്ങളിൽ ഒരുകുറവും

വരുത്താതെ പശ്ചാത്തല സൗകര്യമൊരുക്കുകയെന്നത് ഇന്നത്തെ കേരളത്തിന്റെ മുൻഗണനകളിൽപ്പെടുന്ന ഒരു കാര്യമാണ്. സംസ്ഥാന സർക്കാരിനെ സംബന്ധിച്ചിടത്തോളം നികുതി വരുമാനം പോലെതന്നെ വ്യവസ്ഥാപിതമായ ഒരു വരുമാന മാർഗ്ഗമാണ് വായ്പകൾ അഥവാ മൂലധന വരുമാനം. വായ്പയെടുക്കുന്നതിനെ നിങ്ങൾ ഇങ്ങനെ അപലപിക്കുന്നത് എന്തിനാണ്; അതിൽ പരിതപിക്കുന്നതെന്തിനാണ്? അനുവദനീയമായ വായ്പകളെടുത്ത് ചെലവാക്കാതിരിക്കുന്നത് തികച്ചും വികസന വിരുദ്ധമാണ്. അത് ഫെഡറൽ സംവിധാനത്തെക്കുറിച്ചുള്ള തിരിച്ചറിവില്ലായ്മയാണ്. ഇന്നത്തെ ആവശ്യം മാത്രമല്ല, ദീർഘദൃഷ്ടിയോടെ നാളത്തെ ആവശ്യംകൂടി കണക്കിലെടുത്തുകൊണ്ട് കൃത്യമായ ഒരു അജണ്ടയാണ് ഈ സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. കേരളത്തിന്റെ വരുമാനം നിത്യനിദാന ചെലവുകൾക്ക് തികയുന്നില്ല. അതുകൊണ്ട് റോഡുകളും പാലങ്ങളും നിർമ്മിക്കാനെടുക്കുന്ന വായ്പയുടെ ഒരുഭാഗം സാധാരണ ചെലവിന് ഉപയോഗിക്കേണ്ടിവരുന്നു. യു.ഡി.എഫ്. ആയാലും എൽ.ഡി.എഫ്. ആയാലും നമ്മുടെ സംസ്ഥാനത്തിന്റെ സവിശേഷത ഇതിനൊരു കാരണമാണ്. കേരളത്തിൽ നല്ല സ്കൂളുകളും ആശുപത്രികളും മറ്റ് സേവന സംവിധാനങ്ങളുമുണ്ട്. അതിന്റെ ഗുണം നമ്മുടെ ജീവിതത്തിലുമുണ്ട്. പക്ഷേ അവിടെയൊക്കെ നല്ല

ശമ്പളച്ചെലവുമുണ്ട്. അതിനാൽ നല്ലറോഡുകളും പാലങ്ങളും ആശുപത്രികളും മറ്റ് പശ്ചാത്തല സൗകര്യങ്ങളും നിർമ്മിക്കാൻ നാം എന്ത് ചെയ്യണം; ഏതെങ്കിലും മിച്ചമുള്ള തുക ഉപയോഗിച്ച് ചെയ്യാമെന്നുവെച്ചാൽ വർഷങ്ങളെടുക്കും; അപ്പോൾ കാലതാമസമുണ്ടാകും. ഇവയൊക്കെ ഇന്ന് നിർമ്മിക്കണം. കാരണം വ്യവസായവും തൊഴിലും വരാൻ നല്ല റോഡുകളും പാലങ്ങളും സ്കൂളുകളും ആശുപത്രികളുമെല്ലാം വേണം. അതിനുള്ള പണം കണ്ടെത്താനുള്ള ഉത്തരം തേടിയുള്ള യാത്രയിലാണ് ഇന്നത്തെ കിഫ്ബി രൂപപ്പെട്ടത്. എന്തിനാണ് നിങ്ങൾ കിഫ്ബിയെ അപമാനിക്കുന്നത്? സർക്കാരിന്റെ ഭാവിയിലെ നികുതി വരുമാനത്തിന്റെ ഒരു പങ്ക് തിരിച്ചടവിന് നീക്കിവച്ചുകൊണ്ട് ഇന്ന് വായ്പയെടുക്കുന്നു. അതുപയോഗിച്ച് ഇപ്പോൾത്തന്നെ നല്ലസൗകര്യങ്ങൾ ഒരുക്കുന്നത് തെറ്റാണോ? സർക്കാരിന് ഉറപ്പുള്ള രണ്ട് വരുമാനങ്ങളാണ് മോട്ടോർ വാഹന നികുതിയും ഇന്ധന സെസ്സും. ഇതിന്റെ ഒരുഭാഗം തിരിച്ചടവിന് മാറ്റിവച്ചുകൊണ്ട് അതിന്റെ ഉറപ്പുകാട്ടി വായ്പയെടുക്കുന്നു. അതല്ലാതെ മറ്റെന്ത് പ്രതിവിധിയാണുള്ളത്? നിങ്ങൾ കിഫ്ബിയെ എതിർക്കുന്നത് എന്തിനാണ്? ഇടതുപക്ഷ സർക്കാരുകൾ ക്ഷേമ പദ്ധതികൾ മാത്രം നടപ്പാക്കുകയും അടിസ്ഥാന വികസനം അവഗണിക്കുകയും ചെയ്യുന്നുവെന്നാണല്ലോ യു.ഡി.എഫ്.

ഇടതുപക്ഷത്തിനെതിരെ ഉയർത്തുന്ന ആക്ഷേപം. എന്നാലിന്ന് പശ്ചാത്തല സൗകര്യ വികസനത്തിൽ കേരളക്കര വിസ്മയകരമായ പുരോഗതി കൈവരിച്ചപ്പോൾ ഇത്തരം വിമർശനങ്ങളുടെ മുനയൊടിക്കുന്ന രീതിയിലേയ്ക്ക് കാര്യങ്ങളെത്തി. കേരളത്തിൽ സമഗ്രമായ വികസനമാണ് നടക്കുന്നത്. ധനകാര്യ മേഖലയിലെ പ്രതിസന്ധിക്ക് പ്രധാന കാരണം കേന്ദ്ര അവഗണനകൂടിയാണ്. നമ്മുടെ ഭരണഘടനപ്രകാരം സംസ്ഥാനങ്ങൾക്കുള്ള നികുതി പിരിവ് പങ്കുവയ്ക്കൽ, അധികാരങ്ങൾ എന്നിവയിൽ കുറവുവന്നിരിക്കുകയാണ്. ആഗോളവത്കരണ നയങ്ങൾ നടപ്പാക്കുന്ന കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്കുള്ള അധികാരം വൻതോതിൽ കുറയ്ക്കുകയാണ്. ജി.എസ്.ടി. നിലവിൽവന്നതോടെ മദ്യത്തിന്റെയും പെട്രോളിയം ഉത്പന്നത്തിന്റെയും കാര്യത്തിലൊഴിച്ച് നികുതി നിരക്കിൽ സംസ്ഥാനങ്ങൾക്ക് ചെറിയ വ്യത്യാസങ്ങൾപോലും വരുത്താൻ കഴിയാത്ത സ്ഥിതിയായി. കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശപ്രകാരം കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ (2021-2026) 1.92 ശതമാനമാണ്. പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശപ്രകാരം 2.50 ശതമാനവും പത്താം ധനകാര്യ കമ്മീഷന്റെ ശിപാർശപ്രകാരം 3.857 ശതമാനവുമായിരുന്നു. ഇത്തരത്തിൽ

തുടർച്ചയായ കുറവാണ് സംസ്ഥാന സർക്കാർ അഭിമുഖീകരിക്കുന്നത്. നമ്മുടെ വരുമാനത്തിന് ഇടിവുവരാൻ പോകുകയാണ്. റവന്യൂ കമ്മിയിനത്തിൽ ഈ വർഷം 19,000 കോടി രൂപയാണ് കേരളത്തിന് ലഭിച്ചത്. അടുത്ത വർഷം അത് 13,000 കോടി രൂപയാകുകയാണ്. അതിന്റെ അടുത്ത വർഷമാകട്ടെ 4,700 കോടി രൂപയായി കുറയും. 2022 ജൂൺ 30-ന് ജി.എസ്.ടി. നഷ്ടപരിഹാരവും ഇല്ലാതാകും. കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്നുള്ള പങ്കും ഇതുപോലെ കുറയും. ഈ സാഹചര്യത്തിലാണ് നമ്മുടെ താത്പര്യങ്ങളെ ഹനിക്കാത്തവിധം വായ്പകളെയുൾപ്പെടെ ആശ്രയിച്ച് നാം മുന്നോട്ടുപോകുന്നത്. രാജ്യത്തെ ബാങ്കുകളുടെ പക്കൽ ജനങ്ങളുടെ സമ്പാദ്യമായി ഏകദേശം 165 ലക്ഷം കോടി രൂപയുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇന്ത്യയുടെ ധനമേഖല വലിയതോതിൽ സമ്പന്നമാണെന്ന് ചുരുക്കം. ലാഭാർത്തിയോടെ പരക്കംപായുന്ന ആഗോള ധനമൂലശക്തികളും ഇന്ത്യൻ കോർപ്പറേറ്റ് മുതലാളിമാരും എപ്പോഴും കണ്ണുവയ്ക്കുന്നത് ഈ പണത്തിലാണ്. ഈ പണം കോർപ്പറേറ്റ് മുതലാളിമാർക്ക് കൊള്ളയടിക്കാൻ വഴിയൊരുക്കുന്ന ഒരു ഗവൺമെന്റുകൂടി ഉണ്ടെങ്കിൽ അവരുടെ ലക്ഷ്യം അനായാസം സാധിച്ചെടുക്കാം. കോൺഗ്രസ് ഭരിച്ചപ്പോഴും കഴിഞ്ഞ 8 വർഷത്തോളമായി ബി.ജെ.പി. ഭരിക്കുമ്പോഴും ഈ

കൊള്ള ഇന്ത്യയിൽ തുടർക്കഥയാണ്. അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് ഗുജറാത്തിലെ സ്വകാര്യ കപ്പൽ നിർമ്മാണ കമ്പനിയായ എബിജി ഷിപ്പ്‌യാർഡ് 22,842 കോടി രൂപയുടെ വായ്പാ തട്ടിപ്പും ദേശീയ ഓഹരി വിപണിയിലെ കോടിക്കണക്കിന് രൂപയുടെ തിരിമറിയും നടത്തിയത്. കമ്പോളത്തെ ചലിപ്പിക്കുന്നത് അദൃശ്യകരങ്ങളാണെന്ന് ധനതത്വ ശാസ്ത്രത്തിന്റെ പിതാവ് ആഡംസ്മിത്ത് പറഞ്ഞിട്ടുണ്ട്. ഇപ്പോൾ മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഇന്ത്യയുടെ ദേശീയ ഓഹരി വിപണിയെ വർഷങ്ങളായി നിയന്ത്രിച്ചത് അദൃശ്യകരമാണെന്ന് തെളിയിക്കുന്ന സംഭവവികാസങ്ങളാണിവ. നരേന്ദ്ര മോദി ഗവൺമെന്റിന്റെ ധനകാര്യ നിലപാട് എന്താണ്? വർത്തമാനകാല മോദി ഭരണം കൂടുതൽ അസഹിഷ്ണുതയും വർഗ്ഗീയതയും ഭിന്നതയും ജനങ്ങൾക്കിടയിൽ വളർത്തിയെന്ന് മാത്രമല്ല, നവലിബറൽ സാമ്പത്തികനയങ്ങൾ നന്നായി നടപ്പാക്കുകയും ചെയ്യുന്ന ഒരു ഗവൺമെന്റായി മാറിയിരിക്കുകയാണ്. കോവിഡ് കാലത്ത് തങ്ങളുടെ കോർപ്പറേറ്റ് ചങ്ങാതിമാർക്ക് സ്വതന്ത്രമായി വിഹരിക്കാനുള്ള അവസരമൊരുക്കുകയായിരുന്നു. ജനങ്ങളുടെ വരുമാനം വൻതോതിൽ ഇടിഞ്ഞുകൊണ്ടിരിക്കുമ്പോഴും കോർപ്പറേറ്റുകൾ ഇവിടെ സമ്പത്തുകൾ വാരിക്കൂട്ടുകയാണ്. ലോക്ഡൗണിനുശേഷം മുകേഷ്

അംബാനിക്ക് മാത്രം മണിക്കൂറിൽ 90 കോടി രൂപയുടെ അധിക വരുമാനം ലഭിക്കുന്നുവെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. കർഷകർ ലോക്ഡൗണിൽ കഴിയുമ്പോൾ കോർപ്പറേറ്റ് കൊള്ളയ്ക്ക് വാതിലുകൾ തുറന്നുകൊടുക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. സാമ്പത്തിക മാന്ദ്യത്തെ അതിജീവിക്കാൻ കേന്ദ്ര സർക്കാർ ഇടപെടുന്നുമില്ല, സംസ്ഥാനങ്ങളെ ഇടപെടുന്നതിൽനിന്നും വിലക്കുകയും ചെയ്തു. വിഭവങ്ങളെല്ലാം കേന്ദ്രത്തിനും വികസനക്ഷേമ ഉത്തരവാദിത്വങ്ങളെല്ലാം സംസ്ഥാനങ്ങൾക്കുമെന്ന മട്ടിൽ കേന്ദ്ര-സംസ്ഥാന ധനകാര്യവൃന്ദങ്ങൾ മാറിയിരിക്കുന്നു. ചരക്കുസേവന നികുതി നടപ്പാക്കിയതോടുകൂടി സംസ്ഥാനങ്ങളുടെ നികുതിയധികാരം ഏതാണ്ട് പൂർണ്ണമായും ഇല്ലാതായി. കേന്ദ്രപൂളിൽ നിന്നുള്ള നമ്മുടെ നികുതി വിഹിതം കുറച്ചു. അങ്ങനെ എല്ലാതലത്തിലും ജനവിരുദ്ധതയുടെ ഒരു സമീപനമാണ് ഇക്കാലത്ത് നമുക്ക് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്.

കോൺഗ്രസ്സിന്റെ തോൽവിയെക്കുറിച്ച് എനിക്കുമുമ്പ് സംസാരിച്ച സമാദരണീയരായ അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചു. ഇതിൽ ഒറ്റക്കാര്യമേയുള്ളൂ; ഗോവയിൽ എന്താണ് നിങ്ങൾ ചെയ്തത്; ഗോവയിൽ തെരഞ്ഞെടുപ്പ് നടക്കുന്നതിനുമുമ്പുതന്നെ ദൈവ പ്രതിജ്ഞ എടുപ്പിച്ചില്ലേ? നിങ്ങൾ ആലോചിച്ച് നോക്കൂ. ജയിച്ചാൽ കൂറുമാറില്ലെന്ന് ദൈവത്തിന്റെ

പേരിൽ പ്രതിജ്ഞ ചെയ്യിച്ച് തെരഞ്ഞെടുപ്പിനുമുമ്പുതന്നെ കോൺഗ്രസ്സ് സ്ഥാനാർത്ഥികളുടെ വിശ്വാസ്യത കളഞ്ഞ് കുളിച്ചില്ലേ; ഇങ്ങനെയുണ്ടോ ഒരു പാർട്ടി; എന്ത് മതേതര പാർട്ടിയാണ്? കോൺഗ്രസ്സിനുപോലും വിശ്വാസമില്ലാത്തവരെ എന്തിന് ജയിപ്പിക്കണമെന്നായിരുന്നു ഗോവയിലെ ജനങ്ങൾ തീരുമാനിച്ചത്. പ്രിയങ്കാ ഗാന്ധിക്ക് ഇന്ദിരാഗാന്ധിയുടെ മുഖസാദൃശ്യമുള്ളതുകൊണ്ടും ഗാന്ധിമാരുള്ളതുകൊണ്ടും കോൺഗ്രസ്സ് രക്ഷപ്പെടുകയില്ലെന്ന് മനസ്സിലായില്ലേ; അതല്ലേ നമ്മൾ കണ്ടത്. നിങ്ങളുടെ നയങ്ങളും നിലപാടുകളുമാണ് പ്രശ്നം. പഞ്ചാബിലും നിങ്ങൾ പഞ്ചറായി. ഇന്ത്യൻ രാഷ്ട്രീയത്തിൽ വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾ നഗ്നമായി അഴിഞ്ഞാടുമ്പോൾ അതിനെ പ്രതിരോധിക്കാനും മുന്നണിപ്പടയായി നിൽക്കാനും പ്രതിപക്ഷത്തിന് കഴിയുന്നില്ല. ഇന്ത്യൻ ഭരണഘടനയെ നിരാകരിച്ചുകൊണ്ടുള്ള മോദി വാഴ്ച അനുസ്യൂതം തുടരുകയാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ പ്രധാനമന്ത്രി പ്രത്യേക മതവിശ്വാസത്തിന്റെ ദേവാലയത്തിന് തറക്കല്ലിട്ടതോടെ തകർച്ച നേരിട്ടത് ഇന്ത്യൻ മതേതരത്വത്തിനാണ്. വൈവിദ്ധ്യങ്ങളുടെ നന്മകളെ സ്വാംശീകരിച്ച് രൂപീകരിച്ച ഇന്ത്യൻ ഭരണഘടനയെ മാറ്റി നിർത്തി വിഭാഗീയമായ തീവ്ര മതബോധങ്ങളെ താലോലിക്കുന്ന നിലപാടാണ് ശ്രീ. നരേന്ദ്ര മോദി

സ്വീകരിക്കുന്നത്. വിദ്യാഭ്യാസ പരിപ്രേക്ഷ്യം ഏറെക്കുറെ മതാധിഷ്ഠിതമായിക്കഴിഞ്ഞു. സർവ്വകലാശാലകളുടെ പാഠ്യവിഷയങ്ങളിൽ മാറ്റംവരുത്തിക്കൊണ്ടിരിക്കുന്നു. അങ്ങനെ എല്ലാതലത്തിലും ജനവിരുദ്ധതയുടെയും മതേതര വിരുദ്ധതയുടെയും രാഷ്ട്രീയമാണ് മോദി കൈകാര്യം ചെയ്യുന്നത്. സ്വാതന്ത്ര്യസമര ചരിത്രത്തിൽ ബ്രിട്ടീഷുകാരെ വാഴ്ത്തി അവർക്കുമുമ്പിൽ തലതാഴ്ത്തി നിന്ന എല്ലാ പഴയ ആർ.എസ്.എസ്.-കാരും ധീരവീര പരാക്രമികളായി ഇന്ന് വേഷം മാറുകയാണ്. മുസ്ലീംലീഗ് നിങ്ങളുടെ കൂടെയുണ്ടല്ലോ; അടുത്തകാലത്തായി ഇന്ത്യയിൽ നടത്തുന്ന ഫാസിസ്റ്റ് നീക്കങ്ങളെന്താണ്? മുസ്ലീം-ക്രിസ്ത്യൻ ജനതയ്ക്കെതിരെ സംഘപരിവാറിന്റെ കടുത്ത ആക്രമണമാണ് നടക്കുന്നത്. സോഷ്യൽ മീഡിയ വഴി കടുത്ത വർഗ്ഗീയ പ്രചരണവും നടക്കുന്നുണ്ട്. ബി.ജെ.പി. ഭരിക്കുന്നിടത്ത് അതിന് ഗവൺമെന്റിന്റെ പിന്തുണയുമുണ്ട്. ഇരകളുടെ പേരിൽ കള്ളക്കേസ്സുകളെടുക്കുന്നു. 2021-ലെ ആദ്യ ഒമ്പതുമാസത്തിൽ ക്രിസ്ത്യൻ ജനതയുടെ ആരാധനാലയങ്ങൾക്കെതിരെ മുന്നൂറ് തവണ ആക്രമണം നടന്നു. ആദിവാസി ദളിത് വിഭാഗത്തിനെതിരെ വലിയ അക്രമങ്ങൾ നടക്കുന്നു. പ്രാർത്ഥനായോഗങ്ങൾ കയ്യേറ്റം ചെയ്യപ്പെടുന്നു. ഡൽഹി നഗരത്തിനടുത്ത് ഗുരുഗ്രാമിൽ 21 ഹിന്ദു സംഘടനകൾ ഉൾപ്പെട്ട

സംയുക്ത ഹിന്ദു സംഘർഷ സമിതി മുസ്ലീങ്ങൾ വെള്ളിയാഴ്ച നടത്തിവരാറുള്ള നിസ്കാരം തടയുകയും ഗോവർദ്ധന പൂജ നടത്തുകയും ചെയ്തു. ത്രിപുരയിലെ ഗുർഗോണിൽ സംഘപരിവാർ മുസ്ലീങ്ങളുടെ പ്രാർത്ഥന തടസ്സപ്പെടുത്തി. ആസാമിൽ വർഷങ്ങളായി വീടുകെട്ടി താമസിക്കുന്ന ദരിദ്രരായ കുടുംബങ്ങൾ അടിച്ചിറക്കപ്പെട്ടു. കുറ്റം ഒന്നേയുള്ളൂ, അവർ മുസ്ലീങ്ങളായിപ്പോയി. ആസാമിലെ ദരാംഗ് ജില്ലയിലെ ധോൽപ്പൂരിൽ പോലീസിന്റെ വെടിയേറ്റ് വീണ മൊയ്നുൽ ഹഖിന്റെ നെഞ്ചത്ത് ചവിട്ടുന്ന ഒരാളിന്റെ ചിത്രം മാധ്യമങ്ങൾ പുറത്തുവിട്ടു. ഫോട്ടോഗ്രാഫറായ ബിജോയ് ബനിയയാണ് അത് ചെയ്തത്. അദ്ദേഹത്തിന്റേത് മുസ്ലീംവിരുദ്ധ മനസ്സായിരുന്നു. ശാരീരിക ആക്രമണങ്ങളും കൊലപാതകങ്ങളും മാത്രമല്ല സാംസ്കാരികവും ചരിത്രപരവുമായിട്ടുള്ള ആക്രമണങ്ങളും വ്യാപകമാണ്. മുഗൾകാലത്തെ എല്ലാ അവശിഷ്ടങ്ങളും നീക്കം ചെയ്യുകയും ഇന്ത്യാ ചരിത്രത്തെ മാറ്റിയെഴുതാനുള്ള നീക്കം നടത്തുകയും ചെയ്തു. 2019-നു ശേഷം പേര് മാറ്റങ്ങൾ വ്യാപകമായി. 2019 ഒക്ടോബറിൽ ചെനാനി-നഷ്റി ടണൽ, ഡോ. ശ്യാമ പ്രസാദ് മുഖർജി ടണൽ എന്ന് പുനർനാമകരണം ചെയ്തു. അത് കാശ്മീർ ജനതയുടെ ആവശ്യപ്രകാരമായിരുന്നില്ല. ഇന്ത്യ-പാക്ക് വിഭജനാനന്തരം കാശ്മീർ കയ്യടക്കാൻ പാക്കിസ്ഥാൻ ശ്രമിച്ചപ്പോൾ അതിനെ ധീരോദാത്തം ചെറുത്ത

നേതാവായിരുന്ന നാഷണൽ കോൺഫറൻസിന്റെ സ്ഥാപകനും കാശ്മീർ മുഖ്യമന്ത്രിയുമായിരുന്ന ഷെയ്ഖ് അബ്ദുള്ള. അദ്ദേഹത്തിന്റെ ദേശസ്നേഹം മുൻനിർത്തി ജനങ്ങൾ നൽകിയ പേരാണ് ഷേർ-ഇ-കാശ്മീർ - കാശ്മീർ സിംഹം. ഷേർ-ഇ-കാശ്മീർ എന്ന ക്രിക്കറ്റ് സ്റ്റേഡിയത്തിന്റെ പേര് മാറ്റി സർദാർ വല്ലഭായ് പട്ടേൽ സ്റ്റേഡിയം എന്ന് പേരിട്ടു. ഷേർ-ഇ-കാശ്മീർ കൺവെൻഷൻ സെന്ററിന്റെ പേരിൽനിന്ന് ഷേർ-ഇ വെട്ടിമാറ്റി. ന്യൂനപക്ഷ അവകാശ സംരക്ഷണവുമായി ഇറങ്ങിത്തിരിച്ച കോൺഗ്രസ്സിന്റെ പ്രതികരണം എവിടെയായിരുന്നു; മതന്യൂനപക്ഷങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ഇറങ്ങിപ്പുറപ്പെട്ട മുസ്ലീംലീഗിന്റെ ഇതിനോടുള്ള പ്രതികരണം എന്തായിരുന്നു? ഇവിടെ മതേതരത്വം സംരക്ഷിക്കാനും മതനിരപേക്ഷത കാത്തുരക്ഷിക്കാനും ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് മാത്രമേ കഴിയുകയുള്ളൂ. കോൺഗ്രസ്സിന്റെ യു.പി. ഇലക്ഷൻ നിലപാട് ചർച്ച ചെയ്യപ്പെടേണ്ടതാണ്. തെരഞ്ഞെടുപ്പ് ഗോദയിലുണ്ടായിരുന്ന രാഷ്ട്രീയപാർട്ടികളെ ഒന്നിപ്പിച്ച് നിർത്തി വർഗ്ഗീയ ഫാസിസത്തെ പ്രതിരോധിക്കാതെ വോട്ടുകൾ ഛിന്നഭിന്നമാക്കുന്ന സമീപനമാണ് അവിടെ സ്വീകരിച്ചത്. ഇവിടെ മുസ്ലീം ലീഗിന്റെ സുഹൃത്തുക്കൾ ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ചാവക്കാട് മുനിസിപ്പാലിറ്റിയിൽ 2000 മുതൽ 2005

വരെ ബി.ജെ.പി.-യോടൊപ്പമായിരുന്ന മുസ്ലീംലീഗിന്റെ അന്തിയുറക്കം. അത് മറന്നുപോയോ; കോലീബി സഖ്യത്തിന് പേരു കേട്ട നാടാണ് കേരളം. ആരാണ് ബേപ്പൂർ മോഡലും വടകര മോഡലും സൃഷ്ടിച്ചത്? എത്രയെത്ര ഉദാഹരണങ്ങളാണുള്ളത്. കഴിഞ്ഞ കാലങ്ങളൊന്നും ഞങ്ങളാരും മറന്നിട്ടില്ല. ഇവിടെ വഖഫ് എന്ന് കേൾക്കുമ്പോൾ ഗവൺമെന്റ് വിരുദ്ധവും മറ്റ് രീതിയിലേയ്ക്കുമൊക്കെ പ്രചരണങ്ങൾ പോകുകയാണ്. വഖഫ് ബോർഡിന്റെ നിയമനവുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യേണ്ട രീതിയിൽ ചർച്ച ചെയ്യട്ടെ; അതിനൊന്നും എതിരല്ല. പക്ഷേ കേരളത്തിന്റെ മുസ്ലീം മതന്യൂനപക്ഷങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കാനായി സച്ചാർ കമ്മീഷൻ റിപ്പോർട്ട് വന്നപ്പോൾ കേരളത്തിൽ പാലോളി കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചു. അതിൽ വഖഫുമായി ബന്ധപ്പെട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട നിർദ്ദേശങ്ങളുണ്ട്. വഖഫ് സ്വത്ത് പരിപാലനത്തിനും സേവനത്തിനും പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും റൂൾസ് പരിഷ്കരണത്തിന് നടപടി സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്യുക, അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ തിരിച്ചെടുക്കാനാവശ്യമായ നടപടി സ്വീകരിക്കുക, വഖഫ് സ്ഥാപനങ്ങളുടെ കാര്യക്ഷമതയ്ക്കായി വഖഫ് കേഡറിന് രൂപം നൽകുക, വഖഫ് സ്വത്തുക്കളെ സംബന്ധിച്ച് സമയബന്ധിത സർവ്വേ നടത്തി ആസ്തി

രജിസ്റ്റർ കാലോചിതമാക്കുക, സ്വത്തുക്കൾ പ്രത്യുത്പാദനപരമായ കാര്യങ്ങൾക്കുകൂടി ഉപയോഗപ്പെടുത്തുക, വഖഫ് വികസന കോർപ്പറേഷൻ രൂപീകരിക്കുക തുടങ്ങിയ കുറെയധികം നിർദ്ദേശങ്ങളുണ്ട്. സമയപരിമിതിമൂലം കൂടുതൽ പറയുന്നില്ല. 2008 മേയ് മാസത്തിൽ സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ അണ്ടർ സെക്രട്ടറിയുടെ കീഴിൽ ന്യൂനപക്ഷ സെൽ രൂപീകരിച്ചത് ഏത് ഗവൺമെന്റിന്റെ കാലത്താണ്? അന്നത്തെ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്താണ്. സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പ് രൂപീകരിക്കുന്നതിന് 29-12-2011-ന് മന്ത്രിസഭായോഗം തീരുമാനമെടുത്തു. ജില്ലാ കളക്ടറേറ്റുകളിൽ ന്യൂനപക്ഷ സെക്ഷൻ രൂപീകരിച്ചു.

മി. ചെയർമാൻ: ദയവുചെയ്ത് ചുരുക്കണം. ഇന്ന് അധികം സമയമെടുക്കാനാവില്ല.

ശ്രീ. എം. രാജഗോപാലൻ: സർ, 2009 ഫെബ്രുവരിയിൽ മുസ്ലീം ക്ഷേമനിധി ഓഫീസ് കോഴിക്കോട് പ്രവർത്തനമാരംഭിക്കുകയും കരുതൽ നിക്ഷേപമായി 1 കോടി രൂപ നൽകുകയും ചെയ്തു. ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളുടെ സമഗ്രവികസനത്തിന് കേന്ദ്ര ന്യൂനപക്ഷ പദ്ധതിയിൽ കേരളത്തിൽ നിന്ന് വയനാട് ജില്ല മാത്രമാണുണ്ടായിരുന്നത്. മലപ്പുറം, കോഴിക്കോട്, കണ്ണൂർ, എറണാകുളം ജില്ലകൾ ഉൾപ്പെടുത്തി മുസ്ലീം

പെൺകുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനായി സംസ്ഥാന സർക്കാർ വക സ്കോളർഷിപ്പ് ഏർപ്പെടുത്തി. അങ്ങനെ ഏറ്റവും ശ്രദ്ധേയമായ രീതിയിൽ മതന്യൂനപക്ഷ താത്പര്യങ്ങളും ക്ഷേമങ്ങളും ഉറപ്പുവരുത്തിക്കൊണ്ടുള്ള അലിഗഡ് യൂണിവേഴ്സിറ്റി ക്യാമ്പസ്സ് മലപ്പുറത്ത് ആരംഭിച്ചു. അങ്ങനെ ഒട്ടേറെ കാര്യങ്ങളിൽ ഇടപെട്ടത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരാണ്. മതന്യൂനപക്ഷങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻ ഇടത് കരുത്ത് വർദ്ധിപ്പിക്കേണ്ടത് എല്ലാമത ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവരുടെയുംകൂടി ഉത്തരവാദിത്വമാണെന്ന് മാത്രം ഈ അവസരത്തിൽ ഓർമ്മപ്പെടുത്തിക്കൊണ്ടും വരുംനാളുകളിൽ എല്ലാതലത്തിലും ഈ ഗവൺമെന്റിന്റെ വികസന പ്രവർത്തനങ്ങളെ അനുകൂലിക്കാൻ തയ്യാറാകണമെന്നും സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ ഈ അന്തിമ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇവിടെ ഗവൺമെന്റിന്റെ കണക്കും യാഥാർത്ഥ്യവും തമ്മിൽ ഒരു പൊരുത്തവുമില്ല. കഴിഞ്ഞ കാലഘട്ടത്തിൽ ഉണ്ടായിരുന്നതിനേക്കാൾ അതായത് 2011-2016-ലെ ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്നതിനെക്കാൾ 45,025 കോടി രൂപയുടെ

കുറവാണ് നികുതി വരുമാനത്തിലുണ്ടായത്. അങ്ങേയ്ക്ക് തർക്കമുണ്ടെങ്കിൽ ഞാൻ എന്റെ കയ്യിലുള്ള പേപ്പർ തരാം. ഓരോ വർഷവും കുറഞ്ഞുകുറഞ്ഞാണ് വരുന്നത്. നമുക്ക് രക്ഷപ്പെടാനുള്ള മാർഗ്ഗമില്ലാതെപോയി. അതേസമയം നമ്മൾ ചില സാങ്കൽപ്പിക രേഖകളിൽ നിൽക്കുകയാണ്. വിശ്വശാന്തിക്കുവേണ്ടി രണ്ട് കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. രണ്ട് കോടി രൂപയ്ക്ക് എന്ത് വിശ്വശാന്തിയാണ്?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, പിന്നെ എത്ര കോടി രൂപ വേണം?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, കോടിക്കണക്കിന് രൂപയെടുത്തുകൊള്ളൂ, എനിക്കതുവേണ്ട. പക്ഷേ ഇവിടത്തെ പ്രശ്നം ലോക കേരള സഭയുടെ സമ്മേളനത്തിന് എത്ര കോടി രൂപ ചെലവായെന്ന് ആലോചിച്ചാൽ മതി. ലോകത്തുള്ള മലയാളികളെ വിളിച്ചുകൂട്ടാൻ എത്ര കോടി രൂപയായി? രണ്ട് കോടി രൂപയിൽ ലിമിറ്റ് ചെയ്യാൻ കഴിയുന്നതാണോ ഇത്. ലോകത്തിന്റെ പലഭാഗത്തുനിന്നും ആളുകളെ വിളിച്ചുവരുത്തുമ്പോൾ അവരുടെ വണ്ടിക്കൂലിക്കുപോലും ഇത് തികയുകയില്ലെന്നുള്ളത് സത്യമല്ലേ. ബഡ്ജറ്റിനകത്ത് ഒരു ഐറ്റംകൂടി ഇരിക്കട്ടെ എന്നുകരുതി വെറുതെ എഴുതിയതാണ്; അതിനുവേണ്ടി എഴുതിക്കൂട്ടിയെന്നല്ലാതെ അതിനപ്പുറത്തേയ്ക്ക് ഒന്നുമില്ലല്ലോ. എനിക്ക് ഒരു

വാക്കുകൂടി ചോദിക്കാനുണ്ട്. യുക്രൈനിൽനിന്നും വന്ന പാവപ്പെട്ട കുട്ടികൾക്ക് സംരക്ഷണം നൽകാനായി നൂറ് കോടി രൂപ മാറ്റിവയ്ക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കാതിരുന്നത് എന്തുകൊണ്ടാണ്? ഈ സാധുക്കളുടെ കാര്യത്തിൽ നമ്മളെല്ലാവരും ദുഃഖിച്ചതല്ലേ. യുക്രൈനിലെ ഓരോ പട്ടണങ്ങളിലും താമസിക്കുന്ന ആളുകളെ നമ്മൾ ഫോൺ വിളിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും വിളിച്ചിട്ടുണ്ട്. അവർ ഇങ്ങോട്ടും വിളിച്ചിട്ടുണ്ട്. ഞങ്ങളെക്കൊണ്ടാകുന്നത് ഞങ്ങളും ചെയ്തു. അവരിൽ കുറച്ചാളുകൾ മടങ്ങിവന്നു. അവർക്കെന്തെങ്കിലും സഹായം ചെയ്യുന്നതിന് നടപടിയുണ്ടാകണ്ടേ? ബഡ്ജറ്റിന്മേലുള്ള അവസാനത്തെ പ്രസംഗം നടക്കുന്നതിനുമുമ്പ് യുക്രൈനിൽനിന്നും മടങ്ങിയെത്തിയ കുട്ടികളുടെ തുടർപഠനത്തിനാവശ്യമായ സാമ്പത്തിക സഹായം കേരളം നൽകുമെന്ന് അങ്ങ് പ്രഖ്യാപിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ആരോഗ്യമേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് ആദ്യത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വാക്സിൻ ഗവേഷണ കേന്ദ്രം നടപ്പാക്കിയോ; ആ കേന്ദ്രത്തിൽ നിന്ന് വാക്സിനെന്തെങ്കിലും നമുക്ക് കിട്ടിയോ; അതുമായി ബന്ധപ്പെട്ട ഗവേഷണമെന്തെങ്കിലും നടന്നിട്ടുണ്ടോ? ഒന്നും നടന്നില്ല. ആംനസ്റ്റി സ്കീം ചെറുതായി പാളിപ്പോയെന്ന് അങ്ങ്

പറഞ്ഞു. എന്നാൽ വല്യതായി പാളിപ്പോയെന്ന് ഞാൻ പറയും. ആംനസ്റ്റി സ്കീം പ്രകാരം എതാണ്ട് 9642 കോടി രൂപ പിരിച്ചെടുക്കണമെന്ന് ലക്ഷ്യമിട്ടെങ്കിലും കിട്ടിയത് 270 കോടി രൂപയാണ്. നമ്മൾ വളരെ താഴോട്ടുപോയെന്നുള്ള യാഥാർത്ഥ്യം നിലനിൽക്കുകയല്ലേ. ഞാൻ ഓരോരോ കണക്കായി പറയുന്നില്ല. പ്രളയത്തിൽ ദുരിതമനുഭവിച്ച ആളുകൾക്കുള്ള സാമ്പത്തിക സഹായത്തെക്കുറിച്ച് എന്താണ് പറയുന്നത്? ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ വലിയ വീറോടും വാശിയോടുംകൂടി ഇവിടെ പ്രസംഗിച്ചു. നിയമസഭയായതുകൊണ്ട് നല്ല പ്രൊട്ടക്ഷനുണ്ട്. അദ്ദേഹത്തിന് ഇത് കാഞ്ഞിരപ്പള്ളിയിൽപ്പോയി പ്രസംഗിക്കാൻ കഴിയുകയില്ല. പ്രളയം കഴിഞ്ഞതിനുശേഷം കൂട്ടിക്കലിലെ പാവപ്പെട്ടയാളുകൾ ജപ്തി ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. ശ്രീ. വി. എൻ. വാസവൻ ഓർക്കാൻ വേണ്ടി പറയുകയാണ്. ഇന്ന് ഈ പ്രസംഗം അവസാനിക്കുമ്പോൾ ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നുവെന്നും അവരുടെ വായ്പ പലിശ രഹിതമായി മാറ്റുന്നുവെന്നും പറയുന്നതിനുള്ള ആത്മാർത്ഥത കാണിക്കണമെന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. 'പ്രളയത്തിൽ വീട് എടുത്തിട്ട് 5 മാസമായി' - ഇന്നത്തെ പത്രത്തിലെ വാർത്തയാണ്. (ഒരു പത്രം ഉയർത്തിക്കാണിച്ചു). വെള്ളത്തിൽ വരച്ച വരപോലെ അത് കിടക്കുന്നുവെന്നാണ് ഇതിലെ

വിമർശനം. വിമർശനത്തിന്റെ ഭാഗം വിട്ടാലും ആ യാഥാർത്ഥ്യം നമ്മൾ കാണണ്ടേ? പ്രളയത്തിൽ നഷ്ടപ്പെട്ട വീടുകൾക്ക് പകരം വീട് വയ്ക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കേണ്ടേ? ഈ രൂപത്തിൽ നമ്മുടെ സമൂഹത്തിൽ ചെയ്യേണ്ട പല കാര്യങ്ങളും ചെയ്യാതെപോയി എന്നുള്ളതിനെയാണ് ഞങ്ങൾ വിമർശിക്കുന്നത്. വിമർശിക്കുന്നതിനുവേണ്ടി വിമർശിക്കുന്നതല്ല. നമ്മുടെ സംസ്ഥാനത്ത് 64006 കുടുംബങ്ങൾ അതീവ ദരിദ്ര കുടുംബങ്ങളായി കഴിയുന്നുവെന്നാണ് ഗവൺമെന്റിന്റെ കണക്ക്. ഈ അടുത്ത സമയത്തെടുത്ത കണക്കിലാണ് അത് പറഞ്ഞത്. ബഡ്ജറ്റിൽ അതീവ ദാരിദ്ര്യം കുറയ്ക്കുന്നതിനുവേണ്ടി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ഇതുമൊരു പ്രഖ്യാപനത്തിലൊതുങ്ങുന്ന രൂപത്തിലാണ് പോകുന്നതെങ്കിൽ ദുഃഖകരമല്ലേ? സംസ്ഥാനത്തെ ഓരോ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാതെ അതെല്ലാം നീണ്ടുനീണ്ടു പോകുന്നുവെന്നുള്ളതാണ് ഞങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം.

അവസാന ദിവസമായതുകൊണ്ട് രണ്ടുവാക്ക് രാഷ്ട്രീയം കൂടി പറയാതെ പറ്റുകയില്ല. ശ്രീ. എം. രാജഗോപാലിന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് തോന്നിയത്, ഇവിടെ ഇരിക്കുന്ന ഞങ്ങളൊക്കെ നിസ്സാരന്മാർ, അങ്ങിപ്പോൾ ഇന്ത്യയുടെ ഭരണം പിടിച്ചുകളയുമെന്നാണ്. അതിൽ കാര്യമൊന്നുമില്ല,

നമ്മൾ ഒരുമിച്ച് മണിപ്പൂരിൽ മത്സരിച്ചു. നിങ്ങൾ നിങ്ങളുടേതായി മത്സരിച്ചിട്ട് എത്ര വോട്ട് ലഭിച്ചു? 0.0008 ശതമാനമാണ് നിങ്ങൾക്ക് കിട്ടിയ വോട്ട്. നിങ്ങളുടെ കൂട്ടത്തിലുള്ള ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കിട്ടിയത് 0.028 ശതമാനം. രണ്ടുംകൂടി ചേർത്താൽ എത്രയുണ്ടാകും? അതാണ് ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മണിപ്പൂരിലെ ശക്തി. ഞങ്ങൾ ബി.ജെ.പി.-ക്ക് താഴെയാണ്; ബി.ജെ.പി.-യിലേയ്ക്ക് എല്ലാവരും പോയി എന്നുപറഞ്ഞ്, കോൺഗ്രസ്സിൽ നിന്ന് ബി.ജെ.പി.-യിലേയ്ക്ക് പോകുന്നവരെ പിടിക്കാൻ വലയുമായി നടക്കുകയാണ് നിങ്ങൾ. ബി.ജെ.പി.-ക്ക് ഇന്ത്യയിൽ 1300 എം.എൽ.എ.-മാരുണ്ട്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് 700 എം.എൽ.എ.-മാർ ഉണ്ടെന്ന യാഥാർത്ഥ്യം മറക്കരുതെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഞങ്ങളില്ലാതെ ഒരു ബദലില്ല. ഞങ്ങളില്ലാതെ ഒരു നോൺ ബി.ജെ.പി. ഗവൺമെന്റുമുണ്ടാകില്ല. അതുകൊണ്ട് നിങ്ങളുടെ നിലപാട് മാറ്റിയെങ്കിൽ മാത്രമേ രക്ഷയുണ്ടാകുകയുള്ളൂ എന്നുള്ളത് സത്യമാണ്. ഞാൻ സി.പി.ഐ.-യെക്കുറിച്ച് പറഞ്ഞതുകൊണ്ടാകും അങ്ങ് ബെല്ലടിച്ചതെന്ന് തോന്നുന്നു.

മി. ചെയർമാൻ: ഒരിക്കലുമല്ല. ചെയറിനങ്ങനെ പക്ഷപാതമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വാണിജ്യ വ്യാപാര

മേഖലയിലുള്ളവർക്ക് 20,000 കോടി രൂപയും 20,000 കോടി രൂപ കോവിഡ് പാക്കേജിനും പ്രഖ്യാപിച്ചിരുന്നു. 381 വ്യാപാര വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്കായി കെ.എഫ്.സി. വഴി നൽകിയത് 176.27 കോടി രൂപയാണ്, കേവലം 0.88 ശതമാനം. നമ്മളിപ്പോൾ ഇവരെയെല്ലാം രക്ഷിക്കാൻ ഇറങ്ങിയിരിക്കുകയാണ്. ഇല്ലാത്ത സ്ഥലത്ത് നടക്കാത്തൊരു പദ്ധതിക്കുവേണ്ടി 20,000 കോടി രൂപ മാറ്റിവച്ചു. ഇത് വെറും ഫിഗർ ഹെഡ്ഡല്ലേ? അതിനകത്തൊന്നും നടത്തേണ്ടിവരില്ലെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. പണ്ട് വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റിൽ ഒരു രീതിയുണ്ടായിരുന്നു. ശ്രീ. കെ. കൃഷ്ണൻകുട്ടി മന്ത്രിയായി വരുന്നതിനൊക്കെ മുമ്പാണ്. ജപ്പാൻ കുടിവെള്ള പദ്ധതിയിൽനിന്നും കിട്ടുന്ന തുക എല്ലാവർഷവും വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റിന്റെ തുകയായി പ്രൊജക്ട് ചെയ്യും. പ്രൊജക്ട് ചെയ്താൽ മതി, ഒരു രൂപയും ചെലവാക്കേണ്ട. ഇതുപോലെ ബഡ്ജറ്റിൽ എല്ലാം പ്രൊജക്ട് ചെയ്തുവച്ചിരിക്കുകയാണ്. ഒരു രൂപപോലും ചെലവഴിക്കേണ്ട കാര്യമില്ല. കോവിഡ്-19 ചികിത്സയ്ക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടി 500 കോടി രൂപ മാറ്റിവച്ചിരുന്നു. എന്റെ വൊക്കാബുലറിയിൽ വാക്കുകളില്ലാത്തതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് വിശദീകരിക്കുന്നില്ല. പക്ഷേ, നടന്നതെല്ലാം നടപടി

പിശകാണെന്നുള്ള യാഥാർത്ഥ്യം കേരളം കണ്ടുകൊണ്ടിരിക്കുകയാണ്. അതിൽ 465 കോടി രൂപയും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ്. ആ രൂപയുടെ കഥ എന്തായെന്നുള്ളത് നോക്കിയാൽ മതി. ഈ രംഗത്ത് സംസ്ഥാനത്തുണ്ടായിരിക്കുന്ന മാറ്റം നമുക്ക് ഉൾക്കൊള്ളാതിരിക്കാൻ പറ്റില്ല.

ഒരു പ്രധാനപ്പെട്ട കാര്യം എനിക്ക് പറയാതെ നിവൃത്തിയില്ല. ഇവിടെ ശ്രീ. ലിന്റോ ജോസഫ് ഇന്ദിരാ ഗാന്ധി ഗണ്ഡിയാണെന്ന് പറഞ്ഞു. അങ്ങേയ്ക്ക് അതിന്റെ പരിഭാഷ അറിയുമോ എന്നറിയില്ല. പരിഭാഷ അറിഞ്ഞാൽ അങ്ങിതുപറയുമോ എന്ന വിശ്വാസവും എനിക്കില്ല. ശ്രീ. രാഹുൽ ഗാന്ധിയും രാജീവ് ഗാന്ധിയും ഗണ്ഡിയാണോ? ഗണ്ഡി എന്നതിന്റെ പരിഭാഷ നോക്കണം. ഞാൻ വേണമെങ്കിൽ പരിഭാഷ പറയാം. പക്ഷേ സഭയിൽ അതുപറയുന്നത് ശരിയല്ല, അതുകൊണ്ട് ഞാൻ പറയുന്നില്ല. രാജ്യത്തിന്റെ അഖണ്ഡതയ്ക്കുവേണ്ടി സ്വന്തം ജീവനർപ്പിച്ചിട്ടും വെടിവച്ച് കൊലപ്പെടുത്തിയ സാഹര്യമുണ്ടായിട്ടും ഇന്ധിരാ ഗാന്ധി ഗണ്ഡിയാണെന്ന് പറയാൻ നിങ്ങളുടെ നാവെങ്ങനെ ഉയർന്നു. ... (ബഹളം)...

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞവസാനിപ്പിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീലങ്കയിൽ നിന്ന് ആളുകൾ വന്ന് ഈ രാജ്യത്തെ കീഴ്പ്പെടുത്തുമെന്ന് വന്നപ്പോൾ ഒരു വംശീയ

വിഷമത്തിന്റെ ഘട്ടത്തിൽ രാജീവ് ഗാന്ധിയെ വെടിവച്ചുകൊന്നു.

<u>മി. ചെയർമാൻ</u>: ദയവുചെയ്ത് അങ്ങ് അവസാനിപ്പിക്കണം. ഇന്നത്തെ ദിവസം നമുക്ക് അധികം സമയമെടുക്കാനില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, .....(ബഹളം)..... അത് ഗണ്ഡിയെന്ന് പറയാൻ പറ്റുമോ? അവർ ഈ രാജ്യത്തിന്റെ വളർച്ചയ്ക്കുവേണ്ടി ശ്രമിച്ചതാണ്. ഈ നാട് ഇന്നും നിൽക്കുന്നത് ഇന്ദിരാ ഗാന്ധിയുടെ രക്തത്തിന്റെ പുറത്താണെന്നുള്ള യാഥാർത്ഥ്യം മറക്കേണ്ട. എനിക്കങ്ങയോട് വാത്സല്യമുണ്ട്. എന്റെ പ്രായവുമായി നോക്കിയാൽ അങ്ങ് കൊച്ചുകുട്ടിയാണ്. നാളെ ഇത് പറയാതിരിക്കാൻ വേണ്ടിയുള്ള ഒരു ഉപദേശമായി കരുതിയാൽ മതി. നമ്മുടെ നാട്ടിൽ പറയാവുന്ന കാര്യങ്ങളുണ്ട്. പറയാവുന്ന കാര്യങ്ങൾ എന്തും പറയട്ടെ. ഞങ്ങളെ വിമർശിക്കട്ടെ. പക്ഷേ ഇന്ധിരാ ഗാന്ധിയും രാജീവ് ഗാന്ധിയും ഗണ്ഡിയാണെന്ന് പറയുവാൻ ശ്രമിച്ച ആ നാവ് ഒരിക്കലും നന്നാവാൻ സാദ്ധ്യതയില്ലെന്ന വിശ്വാസത്തോടുകൂടി ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, ഞാൻ പറഞ്ഞത് ജവഹർലാൽ നെഹ്റുവിന്റെ മകളായ പ്രിയദർശിനി നെഹ്റു എങ്ങനെയാണ് ഇന്ദിരാ ഗാന്ധി ആയതെന്നുള്ളതാണ്. ഫിറോസ് ഗണ്ഡിയെ വിവാഹം

കഴിച്ചതിനുശേഷം അദ്ദേഹത്തിന്റെ പേര് ഗണ്ഡിയെന്നുള്ളത് അടിച്ചുപരത്തി ഗാന്ധിയാക്കി എന്നുള്ളതാണ് എന്റെ വിമർശനം. അത് ശരിയാണെന്നുള്ളതിൽ ഉറച്ച് നിൽക്കുന്നു. അതിനകത്ത് ഒരു തെറ്റുമില്ല. *

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, രാജ്യത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാ ഗാന്ധിയെക്കുറിച്ചുള്ള വളരെ ദൗർഭാഗ്യകരമായ ഒരു പരാമർശമാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ ഭാഗത്തുനിന്നും രണ്ടാമതുമുണ്ടായത്. അദ്ദേഹം അവസാനം പറഞ്ഞ വാക്ക് ഞാൻ വീണ്ടും ആവർത്തിക്കുന്നില്ല; എനിക്കതിന് കഴിയില്ല. ആ വാക്ക് ഈ രാജ്യത്തെ സംഘപരിവാർ അജണ്ടയിലുള്ള കാര്യമാണ്. ഗാന്ധിയുടെ പാരമ്പര്യം ആ കുടുംബത്തിനില്ല എന്നുപറഞ്ഞുകൊണ്ട് വ്യാപകമായി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെയും മഹാത്മാഗാന്ധിയെയും ഫിറോസ് ഗാന്ധിയെയും ഇന്ദിരാ ഗാന്ധിയെയുമെല്ലാം അപകീർത്തിപ്പെടുത്തിക്കൊണ്ട് സോഷ്യൽ മീഡിയയിലും മറ്റ് പ്രചരണമാധ്യമങ്ങളിലും കൂടി നിരന്തരമായി നടത്തുന്ന സംഘപരിവാർ ക്യാമ്പയിനിലെ വാചകം ഒരു സി.പി.ഐ.(എം) അംഗം നിയമസഭയിൽ ആവർത്തിച്ചത് മനസ്സിലാകുന്നില്ല. ഇവരെല്ലാം ഈ

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം.4910 /ഇ.ബി./2022/നി.സെ. തീയതി 17-3-2022) സഭാരേഖകളിൽ നിലനിർത്തി.

അജണ്ട ഏറ്റെടുത്തു സംസാരിക്കുകയാണ്. ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ഒരാളുടെ പേരിനോടുകൂടെയുള്ള സർനെയിമിനെയാണ് ചോദ്യം ചെയ്തിരിക്കുന്നത്. ഈ ദൗർഭാഗ്യകരമായ പരാമർശം നടത്താനിടയായ സാഹചര്യത്തെക്കുറിച്ച് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത് അങ്ങ് ഇത് പറഞ്ഞ അംഗത്തിനെ ശാസിക്കണം എന്നാണ്. ഇത് സംഘപരിവാർ അജണ്ടയാണ്. എവിടെയാണ് ക്യാമ്പയിൻ ഇല്ലാത്തതെന്ന് നിങ്ങൾ നോക്കിക്കോളൂ. ഇതറിയാൻ പാടില്ലാത്ത ആരെങ്കിലും ഈ ഭൂമിയിലുണ്ടോ; സംഘപരിവാറിന്റെ അജണ്ട, അവരുടെ ക്യാമ്പയിൻ ഏറ്റെടുത്തുകൊണ്ട് നിയമസഭയിൽ സംസാരിച്ചത് രേഖയിൽനിന്നും നീക്കം ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.*

മി. ചെയർമാൻ: സഭാരേഖ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കും.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചകളാണ് ഇവിടെ നടന്നത്. ഈ വർഷത്തേയ്ക്ക് തുടർന്ന് നടപ്പാക്കേണ്ട, അല്ലെങ്കിൽ ഇതിന് തൊട്ടുമുമ്പ് മുതൽ നടപ്പാക്കിത്തുടങ്ങിയവയ്ക്കുള്ള ഉപധനാഭ്യർത്ഥനകളാണ്. ഏതായാലും

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം.4910 /ഇ.ബി./2022/നി.സെ. തീയതി 17-3-2022) സഭാരേഖകളിൽ നിലനിർത്തി.

ബഡ്ജറ്റ് ചർച്ചയുടെ തുടർച്ചയായിട്ടാണ് ബഹുഭൂരിപക്ഷവും സംസാരിച്ചത്. ഇന്നലെ ബഡ്ജറ്റ് സംബന്ധിച്ച ചർച്ചകളിൽ വളരെ വിശദമായി കാര്യങ്ങൾ പറഞ്ഞതുകൊണ്ട് കൂടുതൽ കാര്യങ്ങൾ പറയാൻ സമയമെടുക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. കാരണം ഇന്നലെപ്പറഞ്ഞ കാര്യങ്ങളുൾപ്പെടെ വിസ്താരഭയവും ആവർത്തന വിരസതയുമെല്ലാമുള്ള വിഷയം തന്നെയാണ്. അതുകൊണ്ട് അക്കാര്യങ്ങൾ ഓരോന്നുമെടുത്ത് ഇവിടെപ്പറയുന്നില്ല. എങ്കിലും ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങൾ ചെയ്തിട്ടില്ലെന്നുപറഞ്ഞ് നിരവധി പ്രാവശ്യം ഒരേ കാര്യം ആവർത്തിച്ചുകഴിഞ്ഞാൽ ആളുകൾക്ക് സംശയമുണ്ടാകും. ഈ അസംബ്ലിയുടെ ഫ്ലോറിൽ കൊടുത്ത മറുപടികളിൽ ഇരുപതിനായിരം കോടി രൂപയുടെ രണ്ട് പാക്കേജിന് നൽകിയ തുകകളുടെ വിശദമായ കണക്കുകൾ പറഞ്ഞിട്ടുള്ളതിനാൽ ആവർത്തിക്കുന്നില്ല.

പുതിയ നിർമ്മാണ കാര്യങ്ങൾ സംബന്ധിച്ച് ഇന്നലെ പറഞ്ഞു. എന്തായി വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്; അവിടെ വല്ല വാക്സിനും കണ്ടെത്തിയോ എന്നാണ് ചോദിക്കുന്നത്. വാക്സിൻ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയിട്ട് ചായയടിക്കുന്നതുപോലെ വാക്സിൻ കോരിയൊഴിക്കുന്നതാണെന്നൊന്നും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെയൊരാൾ ധരിക്കരുത്. വാസ്തവത്തിൽ അതിന്റെ എല്ലാ പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. വാക്സിൻ

ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടിയുള്ള സ്ഥലം അനുവദിച്ചു, അതിനകത്ത് പുതിയ പാർട്ട്നേഴ്സിനെ കൊണ്ടുവന്നു, അതിനാവശ്യമായ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിച്ചു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കോവിഡ് മാറിയാലെങ്കിലും വാക്സിൻ എത്തുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കോവിഡിനുവേണ്ടി മാത്രമല്ല; അങ്ങാണെങ്കിൽ എന്തു ചെയ്യും? അങ്ങാണെങ്കിൽ കോവിഡിനുവേണ്ടി മാത്രം വാക്സിനുണ്ടാക്കും. കോവിഡിനുവേണ്ടി മാത്രമല്ല വാക്സിനുണ്ടാക്കുന്നത്; വാക്സിൻ ഇൻസ്റ്റിറ്റ്യൂട്ടെന്നുപറഞ്ഞാൽ വിവിധതരത്തിലുള്ള വാക്സിനുകളുണ്ടാക്കാൻ വേണ്ടിയുള്ളതാണ്. മൂന്ന് മാസം കൊണ്ട് വിത്തെടുക്കാൻ ഇത് പച്ചക്കറികൃഷിയല്ലല്ലോ. അതുകൊണ്ട് അങ്ങയെപ്പോലെയൊരാൾ പ്രാസത്തിനും തമാശയ്ക്കും വേണ്ടിപ്പറയുന്നതായിരിക്കും. പക്ഷേ ഇത്തരമൊരു വേദിയിൽ നമ്മൾ വാക്സിൻ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചില്ല എന്നുള്ള കാര്യങ്ങൾ പറയരുത്. ഞാൻ അഞ്ചു മിനിട്ടുകൊണ്ട് പ്രസംഗം നിർത്താൻ ആഗ്രഹിക്കുന്നു. ആറ് ബില്ലുകൾ ഇന്നുതന്നെ പാസ്സാക്കേണ്ടതുള്ളതുകൊണ്ടാണ് ഞാൻ അധികസമയമെടുക്കാത്തത്.

കർഷകരുടെ ചില പ്രശ്നങ്ങൾ ശ്രീ. മാത്യു ടി. തോമസ് പറഞ്ഞിട്ടുണ്ടായിരുന്നു. അത് പരിശോധിക്കേണ്ടതാണ്. കാർഷികോത്പന്നങ്ങളെ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുമ്പോൾ ലഭിക്കുന്ന ലാഭത്തിന്റെ ഒരു വിഹിതം കർഷക ക്ഷേമനിധിയിലേയ്ക്ക് നൽകണമെന്ന കർഷക ക്ഷേമനിധി നിയമത്തിലെ വ്യവസ്ഥ വളരെ ഫലപ്രദമായി നടപ്പാക്കേണ്ടതുതന്നെയാണ്. ശ്രീ. പി. ഉബൈദുള്ള ചർച്ച ചെയ്ത വിഷയത്തിന് മറുപടി കേൾക്കാൻ അദ്ദേഹത്തെ ഇവിടെക്കാണുന്നില്ല. അദ്ദേഹം സൂചിപ്പിച്ചതുപോലെ യുവകേരളം എന്നൊന്നില്ല. ടാബിൽ ബഡ്ജറ്റ് അവതരിപ്പിക്കുകയും എന്നാൽ ടാബ് ഉപയോഗിക്കുന്ന യുവജനങ്ങൾക്ക് ബഡ്ജറ്റിൽ ഒന്നും നീക്കിവച്ചിട്ടില്ലെന്നുമാണ് അദ്ദേഹം പറഞ്ഞത്. നേരം വെളുക്കുന്നതുവരെ രാമായണം വായിച്ചിട്ട് രാവിലെ എഴുന്നേറ്റ് സീത രാമന്റെ ആരാണെന്ന് ചോദിക്കുന്നതുപോലെയായിപ്പോയി ശ്രീ. പി. ഉബൈദുള്ളയുടെ കാര്യം. ചെറുപ്പക്കാർക്ക് ഏറ്റവും കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കാനുള്ള കാര്യങ്ങളാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചത്. അപ്പോൾ ചെറുപ്പക്കാർക്ക് ഒരു പരിഗണനയും കൊടുത്തിട്ടില്ലെന്ന് പറയുന്നത് ശരിയല്ല; വാസ്തവത്തിൽ ധാരാളം പദ്ധതികൾ ആ മേഖലയിലുണ്ട്. യുക്രൈനിൽ നിന്നെത്തിയവരുടെ കാര്യങ്ങൾ ഇവിടെ പറഞ്ഞു. അവരെ പരിഗണിക്കുന്നതിന്റെ ഭാഗമായി ചില

നടപടികളെടുത്ത സംസ്ഥാനമെന്ന നിലയിൽ കേരളത്തിൽ മാത്രമല്ല കേരളത്തിനുപുറത്തും ഇന്റർനാഷണൽ മീഡിയയിലൂൾപ്പെടെ വാർത്തകൾ വന്നു. യുക്രൈനിൽ നിന്നെത്തിയ വിദ്യാർത്ഥികളെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സഹായിക്കാം എന്നുപറഞ്ഞാൽ, അവിടെ പഠിപ്പിക്കുക എന്നല്ല; ഇത്തരമൊരു സംഭവമുണ്ടാകുമ്പോൾ അവരുടെ സർട്ടിഫിക്കറ്റുകൾക്കും മറ്റു കാര്യങ്ങൾക്കുംവേണ്ടി ഇന്ത്യാ ഗവൺമെന്റെടുക്കുന്ന സമീപനത്തെ കോ-ഓർഡിനേറ്റ് ചെയ്യുകയെന്നത് ചെറിയ കാര്യമല്ല. അക്കാര്യത്തിലെടുക്കുന്ന നിലപാടിനെപ്പോലും അതിനപ്പുറമായി പറയുന്നൊരു സമീപനമാണ് ഇവിടെയുണ്ടായത്. അതുകൊണ്ട് അതിനെ അപഹസിക്കുകയല്ല, അക്കാര്യത്തിലുള്ള ഗവൺമെന്റിന്റെ നല്ല ഇന്റൻഷനെ മനസ്സിലാക്കുകയാണ് വേണ്ടത്.

നെല്ലിന്റെ ഹാൻഡ്‌ലിംഗ് ചാർജ്ജ് വർദ്ധിപ്പിക്കുന്നതാണ് ചർച്ചയിലുയർന്നുവന്ന മറ്റൊരു പ്രധാന കാര്യം. അതുസംബന്ധിച്ച് സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിക്കുന്നതാണ്. പി.എസ്.സി. നിയമനം സംബന്ധിച്ച് പറഞ്ഞു. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു വർഷത്തിനുള്ളിൽ പി.എസ്.സി. വഴി ഇരുപതിനായിരത്തിലധികം അഡ്വൈസ് മെമ്മോ നൽകുകയും

താൽക്കാലികമായി 2951 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. എംപ്ലോയ്മെന്റിന്റെ കാര്യത്തിൽ അത്രയും കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ലൈഫ് മിഷൻ പദ്ധതി മുഖേന ഇതുവരെ 2.79 ലക്ഷം വീടുകൾ പൂർത്തിയാക്കിയെന്ന കാര്യം ഇതുസംബന്ധിച്ച് ആരോപണം ഉന്നയിച്ച അംഗങ്ങൾക്കുതന്നെ അറിയാം. അവർ അതിന്റെ ഉദ്ഘാടനത്തിനുംമറ്റും പോയിട്ടുള്ളതാണ്.

ശ്രീ. അൻവർ സാദത്ത്: സർ, ഒന്നര വർഷമായി ലൈഫ് മിഷന്റെ ഒരു വീടുപോലും കൊടുത്തിട്ടില്ല.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അതൊക്കെ അങ്ങയുടെ തെറ്റായ ധാരണയാണ്; ഇതൊക്കെ എവിടെനിന്നാണ് കിട്ടുന്നതെന്ന് അറിയില്ല. എന്തായാലും അത് പൂർത്തീകരിച്ചുകൊണ്ടിരിക്കുകയും പുതിയ പദ്ധതികൾ നടന്നുകൊണ്ടിരിക്കുകയുമാണ്. 2.79 ലക്ഷം വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനെല്ലാം കണക്കുണ്ട്. അങ്ങയുടെ സ്ഥലത്ത് എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുള്ളതെന്നുള്ളതിന്റെ കണക്ക് നൽകാം. കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിലാണ് ഞാനിത് പറയുന്നത്.

മൊറട്ടോറിയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സൂചിപ്പിച്ചു. മൊറട്ടോറിയം ദീർഘിപ്പിക്കുന്നതിൽ തീരുമാനമെടുക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ നേരിട്ട് മൊറട്ടോറിയം

സംബന്ധിച്ചുള്ള കാര്യങ്ങൾ ആലോചിക്കുകയും കേന്ദ്രഗവൺമെന്റിനെ അറിയിക്കുകയും ചെയ്തെങ്കിലും അനുകൂലമായ സമീപനമല്ല വന്നിട്ടുള്ളത്. ആ മേഖലയെ പരമാവധി സഹായിക്കാൻ ശ്രമിക്കുകയാണ്. വ്യാപാരി വ്യവസായികൾക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പ അനുവദിക്കുന്നതിനുള്ള സമീപനം സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം ഒരു കാര്യംകൂടി പറയുകയാണ്. നമ്മൾ വായ്പ കൊടുക്കാമെന്ന് തീരുമാനിച്ചാലും സ്കീമുകളനുസരിച്ചേ നൽകാൻ കഴിയൂ. 2000 കോടി രൂപയുടെ ലോൺ കൊടുക്കുമ്പോൾ അതിൽ രണ്ടോ മൂന്നോ ശതമാനം പലിശ ഇളവുകൊടുക്കാമെന്നു പറഞ്ഞാലും സ്കീമനുസരിച്ച് അവർ ഏറ്റെടുക്കാൻ വരിക എന്നുള്ളത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. ഗവൺമെന്റ് ഇപ്പോൾ മുന്നോട്ടുവച്ചിട്ടുള്ള കാര്യങ്ങളും അതുതന്നെയാണ്. കെ.എഫ്.സി. വഴി ലോൺ കൊടുത്തതിന്റെ കണക്കുകൾ പറഞ്ഞത് പൂർണ്ണമായും ശരിയല്ല. അതിൽക്കൂടുതൽ കൊടുത്തിട്ടുണ്ട്. ഉപധനാഭ്യർത്ഥന സംബന്ധിച്ച ചർച്ചയിൽ മറ്റു കാര്യങ്ങൾ അധികം വന്നിട്ടില്ല. ബഡ്ജറ്റിലെ കാര്യങ്ങളിൽ വന്ന ആവർത്തനത്തിന് ഞാൻ മറുപടി പറയുന്നില്ല.

നമ്മളിങ്ങനെ പരസ്പരം ചർച്ച ചെയ്യുമ്പോൾ സി.പി.ഐ.(എം)-നും സി.പി.ഐ.-ക്കും ലഭിച്ച വോട്ട് 0.0008 ശതമാനം, 0.028 ശതമാനം

എന്നൊക്കെ പറഞ്ഞ് സന്തോഷിച്ചിട്ടെന്ത് കാര്യം? ഞങ്ങൾ പറയുന്നത് കേൾക്കേണ്ട; ശ്രീ. കബിൽ സിബൽ ഇപ്പോഴും അങ്ങയുടെ പാർട്ടിയുടെ പ്രവർത്തക സമിതിയംഗമാണോ; അതോ അതിന് പുറത്തുനിൽക്കുന്നതാണോ എന്നൊന്നുമറിഞ്ഞുകൂടാ, അദ്ദേഹം കഴിഞ്ഞ ദിവസം പറഞ്ഞത്, " It is really interesting to note that since 2014, about 177 Mps and MLAs and 222 candidates have left the Congress Party. No other political party has seen such a kind of exodus" എന്നാണ്. ഞാൻ അതിന്റെ മലയാളം പറയേണ്ടല്ലോ. ഇങ്ങനെയൊരു അപകടമുണ്ടായി. കോൺഗ്രസ് തകരുന്നതിൽ നിങ്ങൾക്കുള്ളതിനെക്കാളും കൂടുതൽ സങ്കടവും വിഷമവും ഞങ്ങൾക്കുണ്ടെന്നത് ആത്മാർത്ഥതയോടെ പറയുകയാണ്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, അമേഠിയിൽ കോൺഗ്രസിന്റെ വോട്ട് 0.0008 ആണെന്നുള്ളത് അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഞാൻ കോൺഗ്രസിനെ കുത്തി പറയാനല്ല ഉദ്ദേശിച്ചത്. ബി.ജെ.പി.-യെ എതിർക്കാൻ ഇന്ത്യയിലെ പ്രതിപക്ഷം എല്ലായിടത്തും സംയുക്തമായും ശക്തമായും നിൽക്കണം. തന്ത്രപരമായ തെറ്റുകൾ കോൺഗ്രസ് പാർട്ടിയുടെ ഭാഗത്തുനിന്നും

വന്നുവെന്ന് പറയുന്നത് ഞാനല്ല, നിങ്ങളുടെ നേതൃത്വംതന്നെയാണ്. കോൺഗ്രസ് മറ്റ് മുന്നണിയുണ്ടാക്കി യു.പി.-യിൽ മത്സരിച്ചില്ലായിരുന്നെങ്കിൽ സ്ഥിതി ഇതിനേക്കാളും മെച്ചമായിരുന്നേനെ എന്ന നിലയിൽ വാർത്തകൾ വരുന്നുണ്ട്; ഞാൻ ആ കണക്കുകൾ പറയണോ? ബംഗാളിലും ത്രിപുരയിലും കോൺഗ്രസ് ശക്തികാണിച്ചു. അവസാനം ബംഗാളിലും ത്രിപുരയിലും ഇടതുപക്ഷം അല്പം പുറകോട്ട് പോയപ്പോൾ നിങ്ങൾ സന്തോഷിച്ചു. ഇപ്പോൾ എന്താണ് സ്ഥിതി? ആ ഒരു സന്തോഷമല്ല, അവസാനത്തെ കുറ്റിയാണ് കേരളം എന്നുനിങ്ങൾ ഓർക്കണം. കേരളത്തിലെ ഇടതുപക്ഷത്തെയും ജനാധിപത്യത്തെയും സംരക്ഷിക്കാൻ ശ്രമിക്കുകയാണ് വേണ്ടത്. നിങ്ങൾ അങ്ങോട്ടുമിങ്ങോട്ടും കുത്തി പറഞ്ഞതുകൊണ്ട് മാത്രം ഞാൻ പറഞ്ഞതാണ്, ഇങ്ങനെ പറയണമെന്ന് ആഗ്രഹിച്ചതല്ല. രാജ്യസഭാ സീറ്റിന്റെ കാര്യത്തിലുൾപ്പെടെ തർക്കങ്ങളും ചർച്ചകളും വാർത്തകളും വന്നുകൊണ്ടിരിക്കുകയല്ലേ?

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഒരു ജനാധിപത്യ പാർട്ടിക്കകത്ത് തർക്കമുണ്ടാകും; ചർച്ച നടക്കും, അതിന്റെയടിസ്ഥാനത്തിൽ തീരുമാനം വരും. ഒരു ജനാധിപത്യ പാർട്ടി അതല്ലേ; നിങ്ങൾക്കും അതൊക്കെ ഇല്ലേ;

ഞങ്ങൾ ചോദിക്കുന്നില്ലല്ലോ? അതെല്ലാം നിങ്ങളുടെ പാർട്ടിയുടെ ആഭ്യന്തര കാര്യമാണ്, അത് അങ്ങനെ നടന്നോട്ടെ. പക്ഷേ, ഞങ്ങളുടേതുമാത്രം ഒരു മഹാസംഭവം എന്ന് പറയാതിരുന്നാൽ മതി.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, യഥാർത്ഥത്തിൽ ഏതുതരം ജനാധിപത്യത്തെക്കുറിച്ചാണ് നിങ്ങൾ സംസാരിക്കുന്നത്? കോൺഗ്രസിനകത്ത് ജനാധിപത്യം നഷ്ടപ്പെട്ടിട്ട് എത്രയോ പതിറ്റാണ്ട് കഴിഞ്ഞിരിക്കുന്നു. എന്ത് ജനാധിപത്യമാണ് കോൺഗ്രസ് പാർട്ടിക്കകത്തുള്ളത്; ഏത് ജനാധിപത്യത്തെക്കുറിച്ചാണ് നിങ്ങൾ സംസാരിക്കുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നിങ്ങളുടെ രൂപവും ഞങ്ങളുടെ രൂപവും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല. ഞങ്ങളുടെ കൂട്ടത്തിൽനിന്ന് ഞങ്ങൾ നോമിനേറ്റ് ചെയ്യും. നിങ്ങൾ എന്തുചെയ്യും? നിങ്ങൾ നാമനിർദ്ദേശം ചെയ്യും. രണ്ടും ഒരേ കാര്യംതന്നെയാണ്. നിങ്ങൾ നാമനിർദ്ദേശം പാനലായി വായിക്കും. പണ്ട് മത്സരമുണ്ടായിരുന്നു. ഇപ്രാവശ്യം അതില്ല. പക്ഷേ ഞങ്ങളുടെ കൂട്ടത്തിൽ അതുണ്ട്. അതുകൊണ്ട് എന്താണ് തർക്കം? അത് ഞങ്ങൾ അംഗീകരിക്കുന്നു, ഞങ്ങളുടെ ഭരണഘടന അംഗീകരിക്കുന്നു. ഞങ്ങളുടെ ഭരണഘടന അംഗീകരിക്കുന്നതനുസരിച്ച് ഞങ്ങൾ

പൊയ്ക്കോട്ടെ.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, നമുക്കിവിടെ അവസാനിപ്പിക്കാമെന്ന് തോന്നുന്നു. ഇക്കാര്യങ്ങൾ നന്നായി പോകണമെന്നുള്ളതുകൊണ്ട് കേരളത്തിന്റെ താത്പര്യമാണ് പ്രധാനം. ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചർച്ച ചെയ്യുമ്പോൾ ആവശ്യമുള്ളതും ഇല്ലാത്തതുമായ കാര്യങ്ങൾ അങ്ങ് പറഞ്ഞതുകൊണ്ടാണ് എനിക്ക് തിരിച്ച് പറയേണ്ടിവന്നത്. അല്ലെങ്കിൽ ഞങ്ങളത് പറയില്ലായിരുന്നു. ഏതായാലും കൂടുതൽ കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഈ ഉപധനാഭ്യർത്ഥനകൾ സംബന്ധിച്ച് വിശദമായ ചർച്ച നടന്നിട്ടുണ്ട്. ഇത് പാസ്സാക്കിത്തരണമെന്നുള്ള അഭ്യർത്ഥനയാണ് മുന്നോട്ടുവയ്ക്കുന്നത്.

<u>മി. സ്പീക്കർ</u>: സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 51,57,26,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ശബ്ദവോട്ട് രേഖപ്പെടുത്തിയാൽ പോരേ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): മതി.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 96,33,25,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 724,20,48,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,58,80,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,40,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

<u>മി. സ്പീക്കർ</u>: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 41,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

<u>മി. സ്പീക്കർ</u>: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 87,88,15,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന

പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 24,19,19,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

1689,52,51,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1788,77,40,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 129,29,99,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

<u>മി. സ്പീക്കർ</u>: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1560,01,31,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

<u>മി. സ്പീക്കർ</u>: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ്

അനുവദിച്ചിരിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 197,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 51,97,23,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

<u>മി. സ്പീക്കർ</u>: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

<u>മി. സ്പീക്കർ</u>: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 39,01,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 36,15,40,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,39,07,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

<u>മി. സ്പീക്കർ</u>: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 19,22,56,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

<u>മി. സ്പീക്കർ</u>: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 832,87,54,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,62,43,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25,66,12,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 239,15,57,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 17,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന

പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

<u>മി. സ്പീക്കർ</u>: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

<u>മി. സ്പീക്കർ</u>: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 125,06,93,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന

പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 56,37,13,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ 1511,22,37,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

<u>മി. സ്പീക്കർ</u>: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 80,51,78,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

<u>മി. സ്പീക്കർ</u>: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 110,48,14,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.......

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

<u>മി. സ്പീക്കർ</u>: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 143,92,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 27,27,57,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 34,50,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1813,03,40,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

<u>മി. സ്പീക്കർ</u>: പ്രമേയം ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ചർച്ചകൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ**

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 16,03,10,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4998,24,49,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ 1056,75,33,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,50,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## 2011-12 സാമ്പത്തിക വർഷത്തേയ്ക്കുള്ള അധിക ധനാഭ്യർത്ഥനകൾ

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അധികമായി ചെലവായ 14,90,73,882 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അധികമായി ചെലവായ 9,58,81,595 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ............

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## 2012-13 സാമ്പത്തിക വർഷത്തേയ്ക്കുള്ള അധിക ധനാഭ്യർത്ഥനകൾ

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അധികമായി ചെലവായ 80,65,569 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ............

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അധികമായി ചെലവായ 30,90,30,518 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ............

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അധികമായി ചെലവായ 4,79,92,489 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ............

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അധികമായി ചെലവായ 3,92,53,979 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## 2013-14 സാമ്പത്തിക വർഷത്തേയ്ക്കുള്ള അധിക ധനാഭ്യർത്ഥനകൾ

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അധികമായി ചെലവായ 32,74,452 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അധികമായി ചെലവായ 2,10,27,603 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ............

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അധികമായി ചെലവായ 3,74,75,050 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ............

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അധികമായി ചെലവായ 72,52,76,458 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ...........

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അധികമായി ചെലവായ 371,23,54,719 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ...........

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അധികമായി ചെലവായ 19,774 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ...........

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

(2014-15 സാമ്പത്തിക വർഷത്തേയ്ക്ക് ചാർജ്ഡ് ഇനത്തിൽ മാത്രമേ അധിക ധനാഭ്യർത്ഥനയുള്ളൂ)

## 2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള അധിക ധനാഭ്യർത്ഥനകൾ

പൊതുമരാമത്തുകൾ എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അധികമായി ചെലവായ 69,23,18,442/- രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ...........

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**3.45 p.m]**

## VIII നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും

(1) 2022-ലെ കേരള ധനവിനിയോഗ ബിൽ
(2) 2022-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ
(3) 2022-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ
(4) 2022-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ
(5) 2022-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ
(6) 2022-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ)ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2022-ലെ കേരള ധനവിനിയോഗ ബില്ലും 2022-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലും 2022-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലും 2022-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബില്ലും 2022-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബില്ലും 2022-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബില്ലും ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2022-ലെ കേരള ധനവിനിയോഗ ബില്ലും 2022-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലും 2022-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലും 2022-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബില്ലും 2022-ലെ

കേരള ധനവിനിയോഗ (5-ാം നമ്പർ) ബില്ലും 2022-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഒരു കാര്യം മാത്രമേ പറയാനുള്ളൂ. നേരത്തെ അംഗീകരിച്ച ഉപധനാഭ്യർത്ഥന പാസ്സാക്കണമെന്നുള്ളത് സംബന്ധിച്ച ബില്ലാണ് ഒന്നാമത്തേത്. മറ്റുള്ളത് എക്സസ് ഗ്രാന്റുകൾ സംബന്ധിച്ചുള്ളതാണ്. 2011-12, 2012-13, 2013-14, 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിൽ അധികമായി ചെലവഴിച്ച തുക സഭ അംഗീകരിക്കണമെന്നുള്ള ബില്ലുകളാണ്. എ.ജി. പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2019-21-ലെ പബ്ലിക്സ് അക്കൗണ്ട്സ് കമ്മിറ്റി ശിപാർശ ചെയ്തതനുസരിച്ച് തയ്യാറാക്കി വന്ന ബില്ലുകളാണ് ചർച്ചയ്ക്കായി വയ്ക്കുന്നത്. ഈ ബില്ലുകൾ ചർച്ച ചെയ്ത് പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ഡി. കെ. മുരളി: സർ, 2022-ലെ കേരള ധനവിനിയോഗ

ബില്ലുകളെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, കേരളത്തിന് ഒരു ദിശാബോധം നൽകിയ ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. വരുംകാല ധനവിനിയോഗത്തെ കേരളത്തിന്റെ ഭാവിയിൽ താത്പര്യമുള്ള ആർക്കും എതിർക്കാനാകില്ലെന്നതാണ് എന്റെ അഭിപ്രായം. നമ്മുടെ ബഡ്ജറ്റ് അവതരിപ്പിച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, മികച്ച പാർലമെന്റേറിയനും വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങളിലൂടെ പൊതുരംഗത്തുവന്ന് പ്രാഗൽഭ്യം തെളിയിച്ച ആളുമാണ്. അദ്ദേഹം കേരള നിയമസഭയിൽ ആദ്യമായി കടന്നുവന്നിരിക്കുകയാണ്. ധനകാര്യ വകുപ്പിന്റെ ചുമതല വഹിക്കാനുള്ള അവസരവും അദ്ദേഹത്തിന് ലഭിച്ചു. അദ്ദേഹത്തിന്റെ ആദ്യത്തെ സമ്പൂർണ്ണ ബഡ്ജറ്റിലൂടെ ചരിത്രത്തിൽ തിളക്കമാർന്ന ഒരു അടയാളപ്പെടുത്തൽ, ബഡ്ജറ്റ് അവതരണത്തിലൂടെയും അതിനെക്കാൾ മനോഹരമായ മറുപടി പ്രസംഗത്തിലൂടെയും രേഖപ്പെടുത്തപ്പെട്ടു. ഒരു മികച്ച ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ തീർച്ചയായും ചരിത്രം അദ്ദേഹത്തെ ഓർമ്മിക്കുമെന്നുള്ളതിന് യാതൊരു തർക്കവുമില്ല. നമുക്കേവർക്കുമറിയാവുന്നതുപോലെ ബഡ്ജറ്റ് എന്നുപറയുന്നത് ഭരിക്കുന്ന മുന്നണിയുടെ ഒരു കാഴ്ചപ്പാടുകൂടിയാണ്. സാമ്പത്തിക-സാമൂഹികരംഗത്തെ ഇടപെടലിനെ സംബന്ധിച്ചുള്ള കാഴ്ചപ്പാടാണ്.

കേന്ദ്രബഡ്ജറ്റും മറ്റ് സംസ്ഥാനങ്ങളുടെ ബഡ്ജറ്റും നമ്മുടെ മുന്നിലുണ്ട്. ഇതിലെല്ലാം ഗവൺമെന്റുകളുടെ പരിപ്രേക്ഷ്യം നിഴലിക്കുന്നു. ഞങ്ങളുടെ ഇക്കാര്യത്തിലുള്ള നിലപാട് സുവ്യക്തമാക്കുന്നതും ഞങ്ങളുടെ പ്രയോറിറ്റി വിളിച്ചുപറയുന്നതുമാണ് ഈ ബഡ്ജറ്റ് എന്നതിന് തർക്കമില്ല. ഇത് സാധാരണക്കാരെ ചേർത്തുപിടിക്കുന്ന ബഡ്ജറ്റാണെന്ന് നിസ്സംശയം പറയാനാകും. കോവിഡ് മഹാമാരിയും മറ്റു ദുരന്തങ്ങളും സൃഷ്ടിച്ച സാമ്പത്തിക പ്രത്യാഘാതങ്ങളിൽനിന്നും കരകയറുന്നതിനാവശ്യമായ പാക്കേജുകൾ ഈ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചിരിക്കുകയാണ്. നമ്മുടെ നാട്ടിലെ അതിദരിദ്ര ജനവിഭാഗത്തെ സഹായിക്കുന്നതിനായി നല്ലൊരു തുകയാണ് ഈ ബഡ്ജറ്റിൽ മാറ്റിവച്ചിരിക്കുന്നത്. 64,006 കുടുംബങ്ങളെ നിത്യദാരിദ്ര്യത്തിൽനിന്നും കരകയറ്റാൻവേണ്ടി 100 കോടി രൂപ വകയിരുത്തിയ ബഡ്ജറ്റാണിത്. അതുകൊണ്ടാണിത് സാധാരണക്കാരുടെയും അതിദരിദ്രരുടെയും പാവപ്പെട്ടവരുടെയും ബഡ്ജറ്റായി മാറുന്നതും ഈ സർക്കാർ അവർക്കൊപ്പമാണെന്ന് അവർക്കുകൂടി മനസ്സിലാകുന്നതും. ഒന്നാം പിണറായി വിജയൻ ഗവൺമെന്റിന്റെ കാലത്തെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ അത് മനസ്സിലാക്കാൻ സാധിക്കും. ഉദാഹരണത്തിന്, 16-03-2022-ന് ശ്രീമതി

കെ. കെ. ശൈലജ ടീച്ചറുടെ ചോദ്യത്തിന് നൽകിയ മറുപടിയിൽ 2016 മേയ് മുതൽ 2022 ജനുവരി വരെയുള്ള കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 597868 പേർക്ക് ചികിത്സാ സഹായമായി 1106,44,33,159/- രൂപ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. ഉമ്മൻ ചാണ്ടി സർക്കാർ ജനസമ്പർക്ക പരിപാടി നടത്തിയതൊക്കെ നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. പ്രായാധിക്യമുള്ളവർ, വികലാംഗർ എന്നിവർ രാവിലെ മുതൽ വൈകുന്നേരം വരെ എരിപൊരിയുന്ന വെയിലത്തിരുന്നാൽ 2,000 രൂപയാണ് ധനസഹായമായി നൽകുന്നത്. അതിൽനിന്നും സ്ഥിതിഗതികൾ മാറിയിരിക്കുകയാണ്. ഇപ്പോൾ ചികിത്സാ സർട്ടിഫിക്കറ്റുമായി സഹായത്തിന് അപേക്ഷ നൽകിയാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 48 മണിക്കൂറിനുള്ളിൽ അവരുടെ അക്കൗണ്ടിലേയ്ക്ക് ഫണ്ട് എത്തും. ഒരു പ്രചരണവും വേണ്ട; ഈയൊരു സമീപനമാണ് നിസ്വവർഗ്ഗത്തോട് ഞങ്ങൾ സ്വീകരിക്കുന്നത്. അത് ഇടതുപക്ഷ കാഴ്ചപ്പാടാണ്, അതുകൊണ്ടാണ് ഞങ്ങൾ ഇടതുപക്ഷമാകുന്നത്.

ശ്രീ. പി. ജെ. ജോസഫിനെപ്പോലെ കൃഷി ഒരു പാഷനായി കൊണ്ടുനടക്കുന്ന മഹത് വ്യക്തിയാണ് വൈദ്യുതി വകുപ്പുമന്ത്രിയായ

ശ്രീ. കെ. കൃഷ്ണൻകുട്ടി. ഇന്നലെ നടന്ന സ്വകാര്യ സംഭാഷണത്തിൽ പൊട്ടാഷിന് 500 രൂപയായിരുന്നിടത്ത് ഇപ്പോൾ 1,700 രൂപയായിരിക്കുകയാണെന്നാണ് അദ്ദേഹം പറഞ്ഞത്. എല്ലാ അടിസ്ഥാന രാസവളങ്ങൾക്കും സമാനമായ വിലവർദ്ധനവാണുണ്ടായിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന കർഷക വിരുദ്ധ നിലപാടുകൾ നമ്മൾ കണ്ടതാണ്. കർഷകരെ കൃഷിയിടങ്ങളിൽനിന്നും അന്യവൽക്കരിക്കുന്ന സമീപനം സ്വീകരിക്കുന്ന രാജ്യത്താണ് നമ്മൾ മികച്ച രീതിയിൽ മുന്നോട്ടുപോകുന്നത്. കേരളത്തിലെ പ്രതിപക്ഷം അതിനെയെങ്കിലും അനുകൂലിക്കണ്ടേ? കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; നിരവധി പ്രഖ്യാപനങ്ങളിലൂടെ ഈ ബഡ്ജറ്റ് കർഷക സൗഹൃദ ബഡ്ജറ്റായി മാറുകയാണ്. ഒന്നുംരണ്ടും പ്രഖ്യാപനങ്ങളല്ല, കർഷകരെ സഹായിക്കുന്നതിനായി ഒട്ടേറെ ഇന്നൊവേറ്റീവായ പ്രഖ്യാപനങ്ങളാണ് ഈ ബഡ്ജറ്റിൽ നമുക്ക് കാണാൻ സാധിക്കുന്നത്. കൃഷിയുടെ മൂല്യവർദ്ധിത ഉത്പാദനം, കാർഷിക രംഗത്ത് യുവാക്കളെ ആകർഷിക്കുന്നതിനുള്ള പദ്ധതി, കർഷകക്ഷേമ പെൻഷൻ യഥാവിധി വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ തുടങ്ങിയ പ്രഖ്യാപനങ്ങളെല്ലാം

ബഡ്ജറ്റിലുള്ളതാണ്. ഞാൻ ഓരോന്നായി പറയുന്നില്ല. കൃഷിക്കാരെ കൃഷിയിൽ ഉറപ്പിച്ച് നിർത്തുക മാത്രമല്ല കാർഷിക സൗഹൃദ നാടാക്കി മാറ്റുന്നതിലൂടെ പാൽ-പച്ചക്കറി-ഭക്ഷ്യധാന്യ ഉത്പാദനമെല്ലാം വർദ്ധിപ്പിക്കാനുതകുന്ന സാഹചര്യം സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. അങ്ങനെയാണ് ഇതൊരു കർഷക സൗഹൃദ ബഡ്ജറ്റായി മാറുന്നത്. നാട്ടിലെ കൃഷിക്കാരെ കൂടെ നിർത്തുകയെന്ന ഇടതുപക്ഷ സമീപനം ഈ ബഡ്ജറ്റിലൂടെ ഞങ്ങൾ സ്വീകരിക്കുകയാണ്.

ബഹുമാനപ്പെട്ട പ്രതിപക്ഷം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്വീകരിച്ച സമീപനമെന്താണെന്ന് നമുക്കെല്ലാവർക്കും അറിയാം, അതിവിടെ ഒരുപാട് ചർച്ച ചെയ്തിട്ടുമുണ്ട്. ഏത് വികസന പ്രവർത്തനത്തെയും പദ്ധതികളെയും പ്രതിപക്ഷം കണ്ണടച്ച് എതിർക്കുകയാണ്. രണ്ടാം പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പ്രതിപക്ഷ നേതൃത്വസ്ഥാനത്തിന് മാറ്റം വന്നു. ഞങ്ങൾ ഇനി സർഗ്ഗാത്മക പ്രതിപക്ഷമാകാൻ പോകുകയാണെന്ന് പറഞ്ഞ് അദ്ദേഹം നടത്തിയ മനോഹരമായൊരു പ്രസംഗമുണ്ട്. നാളിതുവരെയുള്ള പ്രതിപക്ഷ സമീപനം നോക്കിയാൽ എന്ത് സർഗ്ഗാത്മകതയാണ് സ്വീകരിച്ചതെന്ന് നമുക്ക് മനസ്സിലാകും. അദ്ദേഹത്തിന്റെ വിശകലന പാടവത്തെയും ഏത് കാര്യവും

ബോധ്യപ്പെടുത്തുവാനുള്ള പ്രതിഭയെയും ബഹുമാനിച്ചുകൊണ്ടുതന്നെ ചോദിക്കട്ടെ, ഈ ഗവൺമെന്റ് കൊണ്ടുവന്ന നാടിനുഗുണകരമായ ഏത് പദ്ധതിയാണ് അദ്ദേഹവും അദ്ദേഹത്തിന്റെ പ്രസ്ഥാനവും അനുകൂലിച്ചത്? അനുഭവങ്ങളിൽനിന്നും ഒന്നും പഠിക്കുന്നില്ലെന്നതാണ് കോൺഗ്രസ്സിന്റെ പ്രധാനപ്പെട്ട ദോഷമെന്ന് ആവർത്തിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

പരിസ്ഥിതി സൗഹൃദ ബഡ്ജറ്റാണെന്നതാണ് ഈ ബഡ്ജറ്റിന്റെ മറ്റൊരു സവിശേഷത. നമ്മുടെ പുഴകളെ നവീകരിക്കാൻ പ്രത്യേക പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ആനുഷംഗികമായി പറയട്ടെ, എന്റെ നിയോജകമണ്ഡലത്തിലൂടെ മാത്രമല്ല ജില്ലയിലെ പ്രധാനപ്പെട്ട നാല് നിയോജകമണ്ഡങ്ങളിലൂടെ ഒഴുകുന്ന ഏറ്റവും വലിയ നദിയായ വാമനപുരം നദീശുചീകരണ പദ്ധതിക്ക് രണ്ട് കോടി രൂപ അനുവദിച്ചതിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഒരു ജില്ലയെ മാത്രമല്ല സംസ്ഥാനത്താകെയുള്ള പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടു മാത്രമേ ഇനിയുള്ള കാലങ്ങളിൽ മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂവെന്ന തിരിച്ചറിവാണ് ഈ ഗവൺമെന്റിനുള്ളത്. ആഹ്ലാദകരമായി ജീവിക്കാൻ കഴിയുന്നൊരു നാടാക്കി നമ്മുടെ നാടിനെ മാറ്റണം. 'ഇനിയും മരിക്കാത്ത ഭൂമിയുടെ ആസന്നമൃതിക്ക് ആത്മശാന്തി

നേരുന്ന' കവിയുടെ നിസ്സഹായതയല്ല, പുത്തൻ ഉണർവ്വിന്റെ മൃതസഞ്ജീവനി നൽകി ഈ നാടിന്റെ ഹരിതാഭയെ, ജലസമൃദ്ധിയെ വീണ്ടെടുക്കുന്ന പ്രതീക്ഷയാണ് ഈ ബഡ്ജറ്റിലൂടെ ധനകാര്യ വകുപ്പുമന്ത്രി ജനങ്ങൾക്ക് മുന്നിൽ വയ്ക്കുന്നത്. അതാണ് ഈ ഗവൺമെന്റിന്റെ പരിപ്രേക്ഷ്യം, അതാണ് ഇടതുപക്ഷ കാഴ്ചപ്പാട്.

മൂലധനം കൊണ്ടുവരുന്നത് സംബന്ധിച്ച് എന്തോ പുതിയ കാര്യം ചെയ്യുകയാണെന്ന രീതിയിലുള്ള വിവാദമാണ് ഉയർത്തുന്നത്. അത് വലതുപക്ഷ വ്യതിയാനമാണെന്നും കപട ഇടതുപക്ഷക്കാരും തീവ്ര ഇടതുപക്ഷക്കാരും കുറെ പത്രങ്ങളും വലതുപക്ഷ മാധ്യമങ്ങളും യു.ഡി.എഫ്.-ഉം എല്ലാം ചേർന്ന് പ്രചരിപ്പിക്കുകയാണ്. ഇന്നത്തെ മലയാള മനോരമ ദിനപത്രത്തിൽ കുറച്ച് കളിയാക്കിയാണെങ്കിലും ഒരു ചരിത്ര സംഭവം വിശദീകരിച്ചിട്ടുണ്ട്. 1956-ൽ കേരളത്തിന്റെ ഭാവി വികസനത്തെ സംബന്ധിച്ച് അന്നത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സമ്മേളനത്തിൽ ഒരു രേഖ അവതരിപ്പിച്ചു. ഞങ്ങളന്ന് ഒരു പാർട്ടിയാണ്. ആ രേഖയിൽ പൊതുമേഖലയെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പംതന്നെ സ്വകാര്യ മൂലധനത്തെ ഈ നാടിന്റെ വികസനത്തിനുവേണ്ടി പ്രയോജനപ്പെടുത്തണമെന്ന സൂചന നൽകിയിട്ടുണ്ട്, അത് ചർച്ച

ചെയ്തിട്ടുമുണ്ട്. ഞങ്ങൾ എല്ലാ കാലത്തും അത് ചർച്ച ചെയ്യുകയാണ്. പൊതുമേഖലയിൽ സാമൂഹികാടിസ്ഥാനത്തിൽ ഉത്പാദനവും വിതരണവും നടത്തുന്ന ഒരു സോഷ്യലിസ്റ്റ് സാമൂഹ്യ വ്യവസ്ഥയിലല്ല ഞങ്ങളെന്ന തിരിച്ചറിവ് നന്നായുണ്ട്. ഈ മുതലാളിത്ത സമൂഹത്തിൽ സാധാരണക്കാരെയും തൊഴിലാളികളെയും കൃഷിക്കാരെയും സഹായിക്കുന്നതിന് എന്തിനെയെല്ലാം പ്രയോജനപ്പെടുത്തണം, സ്വകാര്യ മൂലധനത്തെ ഉൾപ്പെടെ എങ്ങനെ പ്രയോജനപ്പെടുത്തണമെന്ന നല്ല കാഴ്ചപ്പാടാണുള്ളത്. അത് ഇടതുപക്ഷ കാഴ്ചപ്പാടാണ്. എന്റെ നാട്ടിലുള്ള കവിയാണ് പ്രൊഫ. ആർ. രമേശൻ നായർ. 'ഇടതുപക്ഷത്തിന്റെ ഇടത്തേയ്ക്ക് സഞ്ചരിച്ചാൽ വലതുപക്ഷത്തിന്റെ വലത്തേ അറ്റത്തെത്തുമെന്ന് അദ്ദേഹത്തിന്റെ ഒരു ചെറുകവിതയിൽ പറയുന്നു. അതാണ് ഇവിടെയുള്ള കൂട്ടുകെട്ട്. യഥാർത്ഥ ഇടതുപക്ഷ കാഴ്ചപ്പാടുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത് എന്നതിൽ യാതൊരു സംശയവുമില്ല. ഇത്തരം പ്രവർത്തനങ്ങളെ അംഗീകരിക്കാൻ തയ്യാറാകാതെ മുന്നോട്ടുപോയാൽ ഈ നാട്ടിൽ വളർന്നുവരുന്ന ആപത്തിനെ നേരിടാൻ ബഹുമാനപ്പെട്ട പ്രതിപക്ഷത്തിന് കഴിയുമോ? ഒരു മുതിർന്ന കോൺഗ്രസ്സ് നേതാവാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ. മണിപ്പൂരിൽ സി.പി.ഐ.-യുടെയും

സി.പി.ഐ.(എം.)-ന്റെയും വോട്ടുകൾ അദ്ദേഹം താരതമ്യം ചെയ്യുകയാണ്. അദ്ദേഹം യു.പി. മറന്നുപോകുന്നത് എന്തുകൊണ്ടാണ്? നിങ്ങൾ ചിന്തൻ ശിബിരം നടത്താൻ പോകുകയാണല്ലോ; മൂന്നെണ്ണം നടത്തിക്കഴിഞ്ഞു. എന്താണ് ചിന്തൻ ശിബിരത്തിലൂടെ നിങ്ങൾ ചെയ്യാൻ പോകുന്നത്; ഏതെങ്കിലും പ്രസിഡന്റിനെ മാറ്റുന്നുണ്ടോ? ഇനി ബഹുമാനപ്പെട്ട ടി. പത്മനാഭൻ ആശങ്കപ്പെട്ടതുപോലെ റോബർട്ട് വധേരയെത്തന്നെ കൊണ്ടുവന്ന് പ്രസിഡന്റാക്കിയാൽ പ്രശ്നം പരിഹരിക്കാൻ കഴിയുമോ? നിങ്ങൾ ആരെ വേണമെങ്കിലും പ്രസിഡന്റാക്കിക്കൊള്ളൂ, അതൊക്കെ നിങ്ങളുടെ ആഭ്യന്തര കാര്യം, പക്ഷേ നിങ്ങളുടെ നിലപാടുകളിലും നയങ്ങളിലും മാറ്റം വരണം. അമേഠിയും റായ് ബറേലിയുമുൾപ്പെടെയുള്ള നിയോജകമണ്ഡലങ്ങളടങ്ങുന്ന യു.പി.-യിൽ ദയനീയമായി പരാജയപ്പെട്ടതിന്റെ, 2.4 ശതമാനം വോട്ടായി മാറിയതിന്റെ കാര്യകാരണങ്ങൾ വിശകലനം ചെയ്ത് അതിന് തിരുത്തൽ വരുത്താതെ നിങ്ങൾക്ക് മുന്നോട്ടുപോകാനാകില്ല. ഇപ്പോൾ അവസാനം വരുന്ന വാർത്ത ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെയാണ്. ശ്രീ. അഖിലേഷ് യാദവിന്റെ പ്രസ്ഥാനത്തിന് 500 മുതൽ 2000 വരെ വോട്ടുകൾക്കാണ് കുറെയധികം സീറ്റ് നഷ്ടപ്പെട്ടത്. അഖിലേഷ് യാദവിന്റെ

പാർട്ടിയെ പിന്തുണച്ചുകൊണ്ട് ഒരു മതേതര മുന്നണി കെട്ടിപ്പടുക്കുവാനുള്ള യാഥാർത്ഥ്യബോധം യു.പി.-യിൽ കോൺഗ്രസ്സിനുണ്ടായിരുന്നുവെങ്കിൽ ഒരുപക്ഷേ ഒരു മതേതര മുന്നണി യു.പി.-യിൽ ഭരണം നടത്തുമായിരുന്നു. നിങ്ങൾക്ക് കുറ്റബോധം തോന്നണ്ടേ; ഇന്ത്യയിൽ വളർന്നുവരുന്ന ഈ ഫാസിസ്റ്റ് ഭീഷണിയെ നേരിടാൻ ഒന്നിച്ച് നിൽക്കേണ്ടത് ആരാണ്? അതിൽ അധികാരത്തേക്കാളുപരി ഈ നാടിന്റെ ഭാവിയാണെന്ന് സംയമനത്തോടെ ചിന്തിക്കാനുള്ള ബോധം നിങ്ങൾക്കുണ്ടായാൽ മാത്രമേ നാടിന് മാറ്റം വരികയുള്ളൂ. ഞങ്ങൾ മണിപ്പൂരിൽ ചെറിയ പാർട്ടിയാണ്, പലയിടത്തും ചെറിയ പാർട്ടിയാണ്, ഞങ്ങൾക്ക് വീഴ്ച വന്നിട്ടുണ്ട്. പക്ഷേ ഞങ്ങളതെല്ലാം ഗൗരവമായി ചർച്ച ചെയ്യുകയാണ്, ഞങ്ങളുടെ തെറ്റുകൾ തിരുത്താൻ നോക്കുകയാണ്. ഇതെല്ലാം ഭാവിയിൽ നിങ്ങളുടെ ചിന്തയിലുണ്ടാകണമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനവിനിയോഗ ബില്ലുകളെ അനുകൂലിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

**4.06 p.m]**

## IX പ്രത്യേക പരാമർശം

<u>ചങ്ങനാശ്ശേരിയിൽ നടന്ന പോലീസ് അതിക്രമം</u>

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഒരു വിഷയം അങ്ങയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. സിൽവർ ലൈൻ സമരവുമായി ബന്ധപ്പെട്ട് ചങ്ങനാശ്ശേരി മാടപ്പള്ളിയിൽ സ്ത്രീകളും കുട്ടികളുമടങ്ങുന്ന സമരക്കാർക്കുനേരെ ക്രൂരമായ പോലീസ് അതിക്രമം നടന്നിരിക്കുകയാണ്. സിൽവർ ലൈൻ സംബന്ധിച്ച ചർച്ചാവേളയിൽ ഇത് സമാധാനപരമായി കൈകാര്യം ചെയ്യുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ നൽകിയ ഉറപ്പിന്റെ ലംഘനമാണ്. അക്ഷരാർത്ഥത്തിൽ നരനായാട്ടാണ് അവിടെ നടന്നത്. സ്ത്രീകളെ ബലംപ്രയോഗിച്ച് റോഡിലൂടെ വലിച്ചിഴച്ച് കൊണ്ടുപോയി. ഇതിൽ ഞങ്ങളുടെ അതിശക്തമായ പ്രതിഷേധം പ്രകടിപ്പിക്കുകയാണ്. ഈ സമരത്തെ ചോരയിൽ മുക്കിക്കൊല്ലാനുള്ള എല്ലാ ശ്രമത്തെയും ഞങ്ങൾ ചെറുത്തുനിൽക്കുമെന്ന് പറയാൻ ആഗ്രഹിക്കുന്നു. ഈ സഭയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ ഉറപ്പിന്റെ ലംഘനമാണ് അവിടെ നടന്നത്. അതിൽ

ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ സഭാനടപടികൾ ബഹിഷ്കരിക്കുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ ബഹിഷ്കരിച്ചു.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കെ-റെയിലുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും വളരെ സമാധാനപരമായാണ് നടക്കുന്നത്. ഏതെങ്കിലും തരത്തിലുള്ള വലിയ പ്രതിഷേധങ്ങളൊന്നും അവിടെ ഉയർന്നുവരുന്നില്ല. എന്നാൽ അതിന്റെ ഭാഗമായി വലിയ പ്രശ്നം ഇതിനെതിരെ പ്രക്ഷോഭം നടത്താൻ തയ്യാറായവർക്കുണ്ടായി. എങ്ങനെയെല്ലാം പ്രകോപനമുണ്ടാക്കാൻ കഴിയുമോ അത്തരത്തിലെല്ലാം പ്രശ്നമുണ്ടാക്കാൻ പ്രതിപക്ഷം ശ്രമിക്കുകയാണ്. അതിന്റെ ഭാഗമായി നിരവധി തെറ്റായ ഇടപെടലും പ്രകോപനം സൃഷ്ടിക്കലും പോലീസിനെ ആക്രമിക്കലും സർവ്വേപ്രവർത്തനവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും തഹസിൽദാരെയുമടക്കം തടഞ്ഞുവയ്ക്കലും ആക്രമിക്കലും അതുപോലുള്ള കാര്യങ്ങളും സംഭവിക്കുകയാണ്. ഇത്തരം കാര്യങ്ങളിൽനിന്ന് പ്രതിപക്ഷം പിൻവാങ്ങണം. ഇന്ന് ഇതിന് നേതൃത്വം കൊടുക്കുന്നത് കോൺഗ്രസ്സാണ്, കോൺഗ്രസ് എന്ന പാർട്ടി ഏത് രീതിയിലേയ്ക്ക് മാറുന്നുവെന്നതിന്റെ

തെളിവുകൂടിയാണിത്. അവരുടെ ഇടയിൽ ധാരാളം ചിന്തിക്കുന്നവരുണ്ട്. അവരുടെയെല്ലാമിടയിൽ വലിയ അഭിപ്രായവ്യത്യാസമുണ്ട്. യു.ഡി.എഫ്.-നകത്തുതന്നെ വ്യത്യസ്തതകളുണ്ട്. അത്തരമൊരു സാഹചര്യത്തിൽ അക്രമത്തിലൂടെ വിയോജിപ്പുണ്ടാക്കാൻ ശ്രമിക്കരുത്. അത് നാടിന് വിനാശകരമാണ്. തെറ്റായ ഈ രീതിയിൽനിന്നും പിന്മാറണമെന്നാണ് പ്രതിപക്ഷത്തോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ ആറ് ധനവിനിയോഗ ബില്ലുകളെയും പിന്തുണയ്ക്കുന്നു. ഇന്നലെ ബഹുമാന്യനായ മുഖ്യമന്ത്രി അവതരിപ്പിച്ച എൽ.ഐ.സി. സ്വകാര്യവത്കരണത്തിനെതിരെയുള്ള പ്രമേയം ഐകകണ്ഠ്യേന ഈ സഭ പാസ്സാക്കുകയുണ്ടായി. യഥാർത്ഥത്തിൽ, പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾകൂടി പ്രതിപക്ഷം കാണേണ്ടതാണ്. കോൺഗ്രസ്സാണ് അതിന് തുടക്കം കുറിച്ചത്. നമ്മൾ മുമ്പ് അതിനെ വിളിച്ചിരുന്നത് പുത്തൻ സാമ്പത്തിക നയമെന്നാണ്. പക്ഷേ സാമ്രാജ്യത്വ സാമ്പത്തിക വികസനനയം രാജീവ് ഗാന്ധി മുതൽ ഡോ. മൻമോഹൻ സിംഗിലൂടെ, വ്യാപകമായി ഉദാരവത്കരണത്തിന്റെയും സ്വകാര്യവത്കരണത്തിന്റെയും

നയം നടപ്പാക്കുകയാണ്. ഇന്ത്യയിലെ തൊഴിലാളികൾ ഈ മാസം 28, 29 തീയതികളിൽ പണിമുടക്കുകയാണ്. സ്വകാര്യവത്കരണത്തിന്റെ ഭാഗമായി രാജ്യത്ത് സാമൂഹ്യനീതിയിലൂടെ ലഭിക്കേണ്ട സംവരണം ഇല്ലാതാകുന്നുവെന്ന വസ്തുത കൂടിയുണ്ടെന്നുള്ളത് അത് നടപ്പാക്കിയ കോൺഗ്രസ് കൂടി ആലോചിക്കണം. നമ്മുടെ രാജ്യത്തിലെ നവരത്നങ്ങളെന്നറിയപ്പെടുന്ന സ്ഥാപനങ്ങളുൾപ്പെടെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യമേഖലയിലേയ്ക്ക് പോകുമ്പോൾ രാജ്യത്ത് സംവരണാനുകൂല്യം ലഭിക്കുന്ന ജനവിഭാഗങ്ങൾക്കും അവയിലെ ലക്ഷക്കണക്കിന് ചെറുപ്പക്കാർക്കും ചെറുപ്പക്കാരികൾക്കും തൊഴിൽ നിഷേധിക്കപ്പെടുന്നു. അതിന് തുടക്കം കുറിച്ചത് കോൺഗ്രസ്സാണ്. പൊതുമേഖലകൾ സംരക്ഷിക്കപ്പെടേണ്ട സമീപനത്തെക്കുറിച്ച് അർത്ഥശങ്കയ്ക്കിടയില്ലാതെ കേരളാ ഗവൺമെന്റ് പ്രഖ്യാപിച്ചു. വി. പി. സിംഗിന്റെ ഭരണകാലത്ത് സംവരണത്തിനെതിരെ തുടക്കം കുറിച്ചത് ബി.ജെ.പി. ആണ്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കരുതെന്ന് പറഞ്ഞുകൊണ്ട് എ.ബി.വി.പി. (അഖില ഭാരതീയ വിദ്യാർത്ഥി പരിഷത്ത്)യുടെ നേതൃത്വത്തിൽ ബി.ജെ.പി./ആർ.എസ്.എസ്-കാർ വലിയ സമരം നടത്തി. അന്ന് ഒരു കുട്ടി അഗ്നിയിലേയ്ക്ക് ചാടിയെന്ന വാർത്തവന്നു. അത് പരിശോധനയ്ക്ക്

വിധേയമാക്കിയപ്പോഴാണ് റോഡിലൂടെ നടന്നുപോകുന്ന എസ്.സി. വിഭാഗത്തിൽപ്പെട്ട ഒരു വിദ്യാർത്ഥിയെ എ.ബി.വി.പി.-ക്കാർ എടുത്ത് അഗ്നികുണ്ഡത്തിലേയ്ക്ക് എറിഞ്ഞതായിരുന്നുവെന്ന് വ്യക്തമായത്. അതുകൊണ്ട് ജനാധിപത്യ സംവിധാനത്തെ ഉപയോഗപ്പെടുത്തി കോൺഗ്രസ് തുടങ്ങിവച്ച, പൊതുമേഖലകളെ സ്വകാര്യ മേഖലയിലേയ്ക്ക് എത്തിക്കുന്ന നിലപാടിലേയ്ക്ക് പോകുമ്പോൾ ആ തിരിച്ചറിവ് നേരത്തെയുണ്ടാകേണ്ടതായിരുന്നു. ഏതായാലും ഇന്നലെ ആ പ്രമേയത്തെ അനുകൂലിക്കാൻ പ്രതിപക്ഷംകൂടി ഉണ്ടായിരുന്നുവെന്നത് സന്തോഷകരമാണ്. എന്റെ ഓർമ്മയിൽ കേരളത്തിൽ കോൺഗ്രസ്സിൽനിന്ന് ആകെ ഒരാൾ മാത്രമേ ഇതിനെ എതിർത്തിരുന്നുള്ളൂ. അത് ശ്രീ. വയലാർ രവിയാണ്. ഈ നയം ശരിയല്ലെന്ന് വയലാർ രവി അന്ന് പറഞ്ഞിരുന്നു. എന്നാലിന്ന് സഭയിലുള്ള കോൺഗ്രസ്സുകാരായിരുന്നാലും മറ്റുനേതാക്കന്മാരായിരുന്നാലും അതിനെ എതിർക്കാനുണ്ടായിരുന്നില്ല. അതുപോലെ ഇവിടെ കമ്മ്യൂണിസ്റ്റുകാരെ എപ്പോഴും എതിർക്കുന്നതിന്റെ ഭാഗമായി, അതിന്റെ തുടർച്ചയെന്ന നിലയ്ക്ക് ബഹുമാന്യനായ ഡോ. എം. കെ. മുനീർ ലെനിനെ പരിഹസിച്ചുകൊണ്ട്, കോവിഡ് കാലയളവിലെ കേരളത്തിലെ ഭക്ഷണ വിതരണവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയെയുൾപ്പെടെ

അപഹസിക്കാൻവേണ്ടി, ലെനിനുവേണ്ടി മുദ്രാവാക്യം വിളിച്ചാൽ ഭക്ഷണം കിട്ടുമെന്ന് പറഞ്ഞു. യഥാർത്ഥത്തിൽ സാർ ചക്രവർത്തിയുടെ കാലയളവിൽ അവിടത്തെ അടിമകൾക്ക്, അടിമപോലെ ജീവിതം നയിച്ച ജനങ്ങൾക്ക് ലഭിച്ചത് ജീവിക്കാൻ വേണ്ടി ഒരു കഷണം അപ്പമാണ്. 1917-ലെ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തെ തുടർന്നാണ് അവിടത്തെ മനുഷ്യർക്ക് ഭക്ഷണം ലഭിച്ചത്. ലെനിന് മുദ്രാവാക്യം വിളിച്ചു, സിന്ദാബാദ് വിളിച്ചു. കേരളത്തിന്റെ മുൻമുഖ്യമന്ത്രിയായിരുന്ന സി. എച്ച്. മുഹമ്മദ്കോയ സാഹിബ് സോവിയറ്റ് യൂണിയൻ സന്ദർശിച്ച് 'സോവിയറ്റ് യൂണിയനിൽ' എന്നൊരു പുസ്തകം 1974-ൽ രചിച്ചു. സോവിയറ്റ് യൂണിയനെക്കുറിച്ച് അദ്ദേഹം എഴുതിയ പുസ്തകം ഡോ. എം. കെ. മുനീർ സാഹിബിന്റെ വീട്ടിൽ ഉണ്ടായിരിക്കുമല്ലോ? അതാണ് വസ്തുത. എങ്ങനെയെങ്കിലും കമ്മ്യൂണിസത്തെ എതിർക്കുകയെന്ന സമീപനം വരുമ്പോൾ ഓർക്കേണ്ടത്, ഇത് ലോകത്ത് നശിച്ചുപോകുന്ന പ്രസ്ഥാനമല്ലെന്നാണ്. സോവിയറ്റ് യൂണിയൻ തകർന്നു. അതൊരു മോഡലിന്റെ തകർച്ചയാണ്. എന്നാലിപ്പോൾ അടുത്തദിവസമായി ചിലിയിൽ വന്ന മാറ്റം നാം കാണണം. ലോകത്ത് സോഷ്യലിസമാണ് സാമ്രാജ്യത്വത്തിനുപകരമായി ഉള്ളതെന്ന് തെളിയിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ കടന്നുവരികയാണ്. അതിന്റെ ഭാഗമായാണ് ഗബ്രിയേൽ

ബോറിക് ചിലിയിലെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്.

ലോകസമാധാനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് രണ്ട് കോടി രൂപ നീക്കിവയ്ക്കുന്നുവെന്ന് ധനകാര്യ വകുപ്പുമന്ത്രി പറയുമ്പോൾ കോൺഗ്രസ്സുകാർ ആലോചിക്കണം, ലോകസമാധാനത്തിനുവേണ്ടിയുള്ള പ്രവർത്തനം നടത്തുന്നതിന്റെ ഭാഗമായി ഡീഗോ ഗാർഷ്യ ദ്വീപിലേയ്ക്ക് അമേരിക്കയുടെ താവളംവരുന്നുവെന്ന് പറഞ്ഞപ്പോൾ എതിർത്തവരാണ് ഇന്ത്യാക്കാരും കേരളീയരും. എന്നാൽ ഇന്നത് അവരുടെ താവളമായി മാറിയിരിക്കുകയാണ്. അതുകൊണ്ട് ആ ചർച്ച ഇവിടെ അനിവാര്യമാണ്. ഇന്നലെ ധനകാര്യ വകുപ്പുമന്ത്രി മനോഹരമായി അത് സൂചിപ്പിച്ചിട്ടുണ്ട്. മറ്റുവിഷയങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ഈ ബില്ലുകളെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: മറ്റ് അംഗങ്ങൾ ചർച്ചയിൽ പങ്കെടുക്കുന്നില്ലെന്ന് അറിയിച്ചതിനാൽ ബഹുമാനപ്പെട്ട മന്ത്രിക്ക് സംസാരിക്കാം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ധനവിനിയോഗ ബില്ലുകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 2022-ലെ കേരള ധനവിനിയോഗ ബില്ലും 2022-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലും 2022-ലെ കേരള

ധനവിനിയോഗ (3-ാം നമ്പർ) ബില്ലും 2022-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബില്ലും 2022-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബില്ലും 2022-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചു. ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

(1) 2022-ലെ കേരള ധനവിനിയോഗ ബിൽ

രണ്ടും മൂന്നും വകുപ്പുകൾ

(ഭേദഗതിയില്ല)

മി. സ്പീക്കർ: രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പട്ടിക</u>

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ,

2022-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പാസ്സായിരിക്കുന്നു.

(2) 2022-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ

രണ്ടും മൂന്നും വകുപ്പുകൾ

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പട്ടിക</u>

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2022-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പാസ്സായിരിക്കുന്നു.

(3) 2022-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ

രണ്ടും മൂന്നും വകുപ്പുകൾ

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2022-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പാസ്സായിരിക്കുന്നു.

(4) 2022-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ

രണ്ടും മൂന്നും വകുപ്പുകൾ

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പട്ടിക</u>

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2022-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പാസ്സായിരിക്കുന്നു.

## (5) 2022-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ

### രണ്ടും മൂന്നും വകുപ്പുകൾ

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

### പട്ടിക

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2022-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പാസ്സായിരിക്കുന്നു.

(6) 2022-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ

രണ്ടും മൂന്നും വകുപ്പുകൾ

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2022-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ

പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ........ ഓർഡർ....... സഭ ഇപ്പോൾ പരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 മാർച്ച് മാസം 18-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.20-ന് പിരിഞ്ഞു.)

**അനുബന്ധം - I**

(നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 2(* 182)-ന്റെ 'ബി' പിരിവിലെ
ഉത്തരത്തിലെ അനുബന്ധം)

GOVERNMENT OF KERALA
Abstract

Transport Department – Policy on Electric Vehicles for the State of Kerala-approved-Orders Issued.

---

Transport (B) Department

GO(Ms)No.24/2019/Trans Dated, Thiruvananthapuram 10/03/2019

---

Read: 1. GO(Rt)No.242/2017/E&ITD dated 10/10/2017
2. GO(Ms) No. 58/2018/Trans dated 29/09/2018

ORDER

The Vehicular transport of the State predominantly depend on fossil fuels. The extensive use of fossil fuels leads to environmental pollution and health hazards, which necessitates the exploration of alternative energy. The over dependancy on fossil fuels badly affects the balance of payment of the country and the political instability of oil producing countries always remains as a threat to the economic stability of our nation.

In this alarming circumstance, the State of Kerala, which is a forefront runner in many reforms and innovations, initiated early steps in the direction of framing a road map of Electric Vehicle Policy for the State. As per the GO read as 1st paper above, Government had appointed a Special Task Force under the

chairmanship of Prof. Jhunjhunwala, Principal Advisor to the Minister for Power, Govt. of India, for framing a draft EV Policy for the state. The committee had prepared a draft policy and submitted before the Government. In light of the proposal of the committee a draft Electric Vehicle policy for the State of Kerala had been published as per the GO read as 2nd paper above.

After detailed discussion with the various stakeholders, the draft policy was modified according to the prevailing circumstances of the State incorporating various changes, the Government are pleased to approve the Electric Vehicle Policy for the State of Kerala as appended herewith+.

By Order of the Governor
Sd/-
K. R. JYOTHILAL
Principal Secretary to Government

**അനുബന്ധം - II**

(05-08-2021-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3504-ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകിയ പുതുക്കിയ മറുപടി)

**പെട്രോൾ-ഡീസൽ വിലയുടെ നികുതി ഘടന**

ശ്രീമതി. കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ-ഡീസൽ ഇന്ധനങ്ങളുടെ വില്പനവിലയിൽ കേന്ദ്ര നികുതി, സംസ്ഥാനനികുതി, മറ്റ് സെസുകൾ തുടങ്ങിയ ഘടകങ്ങളുടെ ശതമാനക്കണക്ക് വ്യക്തമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മേഖലകൾതോറും പെട്രോൾ-ഡീസൽ വില വ്യത്യാസപ്പെടുന്നതിന് കാരണമായ ഘടകങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(സി) പെട്രോൾ-ഡീസൽ വിലയിൽ അടിസ്ഥാനവിലയുടെ എത്ര ശതമാനം വീതമാണ് സംഭരണം, വിതരണം, പമ്പുകളുടെ കമ്മീഷൻ തുടങ്ങിയ ഇനങ്ങളിൽ ഉപഭോക്താക്കളിൽനിന്ന് ഈടാക്കുന്നത്, വിശദാംശങ്ങൾ നൽകുമോ;

(ഡി) ഇന്ധനവിലയെ ജി.എസ്.ടി.ക്ക് കീഴിൽ കൊണ്ടുവന്നാൽ ഉപഭോക്താക്കൾ നൽകേണ്ട വിലയിൽ കുറവുണ്ടാകുമെന്ന് കരുതുന്നുണ്ടോ, വ്യക്തമാക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ):

(എ) പെട്രോൾ-ഡീസൽ ഇന്ധനങ്ങളുടെ വില്പനവിലയിൽ 01-08-2021 തീയതി അനുസരിച്ചുള്ള കേന്ദ്ര നികുതി, സംസ്ഥാന നികുതി, മറ്റ് സെസ്സുകൾ തുടങ്ങിയ ഘടകങ്ങളുടെ പ്രതിലിറ്ററിന്മേലുള്ള കണക്ക് ചുവടെ ചേർക്കുന്നു.

പെട്രോൾ

| കേന്ദ്ര നികുതികൾ | |
|---|---|
| Basic Excise Duty | Rs.1.4/ലിറ്റർ |

| | |
|---|---|
| Road infrastructure cess | Rs.18/ലിറ്റർ |
| Special Additional Excise Duty | Rs.11/ലിറ്റർ |
| Agriculture & infrastructure development cess | Rs.2.5/ലിറ്റർ |

| | |
|---|---|
| സംസ്ഥാന വില്പന നികുതി | 30.08% |
| അധിക വില്പന നികുതി | Rs.1/ലിറ്റർ |
| സോഷ്യൽ സെക്യൂരിറ്റി സെസ്സ് | സംസ്ഥാന നികുതികളിന്മേൽ 1% |

<u>ഡീസൽ</u>

| കേന്ദ്ര നികുതികൾ | |
|---|---|
| Basic Excise Duty | Rs.1.8/ലിറ്റർ |
| Road infrastructure cess | Rs.18/ലിറ്റർ |
| Special Additional Excise Duty | Rs.8/ലിറ്റർ |
| Agriculture & infrastructure development cess | Rs.4/ലിറ്റർ |

| | |
|---|---|
| സംസ്ഥാന വില്പന നികുതി | 22.76% |
| അധിക വില്പന നികുതി | Rs.1/ലിറ്റർ |
| സോഷ്യൽ സെക്യൂരിറ്റി സെസ്സ് | സംസ്ഥാന നികുതികളിന്മേൽ 1% |

(ബി) മേഖലകൾതോറും ട്രാൻസ്പോർട്ടേഷൻ ചാർജ്ജിൽ വരുന്ന വ്യത്യാസമാണ് പെട്രോൾ-ഡീസൽ വില വ്യത്യാസപ്പെടുന്നതിന് കാരണമാകുന്നത്.

(സി) പെട്രോൾ-ഡീസൽ വിലയിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ദൂരവ്യത്യാസത്തിനനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു. എറണാകുളത്തെ വിലയനുസരിച്ചുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, കമ്മീഷൻ എന്നീ ഇനങ്ങളിൽ 01-08-2021-ലെ കണക്കനുസരിച്ച് പെട്രോളിന് പ്രതിലിറ്ററിൽ യഥാക്രമം 19 പൈസ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, 3.48 രൂപ കമ്മീഷൻ എന്നിങ്ങനെയും ഡീസലിന് പ്രതിലിറ്ററിന് യഥാക്രമം 19 പൈസ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, 2.23 രൂപ കമ്മീഷൻ എന്നിങ്ങനെയും ഉപഭോക്താക്കളിൽനിന്ന് ഈടാക്കുന്നു.

(ഡി) പെട്രോൾ, ഡീസൽ എന്നിവയ്ക്ക് സംസ്ഥാന സർക്കാർ ഇപ്പോൾ ചുമത്തുന്ന പൊതു വില്പന നികുതി നിരക്ക് യഥാക്രമം 30.08%, 22.76% എന്നിങ്ങനെയാണ്. പെട്രോൾ, ഡീസൽ എന്നിവയെ ചരക്കുസേവന നികുതിയുടെ കീഴിൽ കൊണ്ടുവന്നാൽ പരമാവധി ചുമത്താവുന്ന നികുതി നിരക്ക് 28% മാത്രമാണ്.

**അനുബന്ധം-III**

('അരുവിക്കരയിലെ ആരോഗ്യ സ്ഥാപനങ്ങളുടെ സമഗ്ര വികസനം' സംബന്ധിച്ച് ശ്രീ. ജി. സ്റ്റീഫൻ എം.എൽ.എ.യുടെ സബ്മിഷന് ബഹുമാനപ്പെട്ട ആരോഗ്യ വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ മറുപടിയിലെ വിശദാംശങ്ങൾ)

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര നിയോജകമണ്ഡലത്തിൽ ഒരു

താലൂക്കാശുപത്രി ഉൾപ്പെടെ താഴെപ്പറയുന്ന 10 ആരോഗ്യ സ്ഥാപനങ്ങളാണ് നിലവിലുള്ളത്.

താലൂക്കാശുപത്രി-വിതുര, സാമൂഹ്യാരോഗ്യ കേന്ദ്രം-ആര്യനാട്, ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രം (FHC)-വെള്ളനാട്, കുടുംബാരോഗ്യ കേന്ദ്രം-അരുവിക്കര, കുടുംബാരോഗ്യ കേന്ദ്രം-ഉഴമലയ്ക്കൽ, കുടുംബാരോഗ്യ കേന്ദ്രം-തൊളിക്കോട്, കുടുംബാരോഗ്യ കേന്ദ്രം-മലയടി, കുടുംബാരോഗ്യ കേന്ദ്രം-വീരണകാവ്, കുടുംബാരോഗ്യ കേന്ദ്രം-കുറ്റിച്ചൽ, കുടുംബാരോഗ്യ കേന്ദ്രം-കാട്ടാക്കട.

അരുവിക്കര പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയും ഉഴമലയ്ക്കൽ, തൊളിക്കോട്, വീരണകാവ്, കുറ്റിച്ചൽ, കാട്ടാക്കട എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയും വെള്ളനാട്, മലയടി പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്തിട്ടുള്ളതാണ്. ഇതിനെത്തുടർന്ന് ഒന്നും രണ്ടും ഘട്ടങ്ങളിലെ സ്ഥാപനങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ ആർദ്രം സ്റ്റാൻഡേർഡ് അനുസരിച്ചുള്ള അടിസ്ഥാന

സൗകര്യ വികസന പ്രവർത്തനങ്ങൾ പ്ലാൻ ഫണ്ട്, എൻ.എച്ച്.എം. ഫണ്ട്, എൽ.എസ്.ജി.ഐ. എന്നിവ വഴി നടത്തിവരുന്നുണ്ട്. ഇ-ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി ഇ-ഹെൽത്ത് സംവിധാനങ്ങളുമൊരുക്കുന്നുണ്ട്. മേൽപ്പറഞ്ഞ ആരോഗ്യസ്ഥാപനങ്ങളിലെല്ലാംതന്നെ പാലിയേറ്റീവ് രോഗികൾക്ക് മികച്ച സേവനം ലഭ്യമാക്കി വരുന്നു. ഓരോ സ്ഥാപനങ്ങളെയും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**താലൂക്കാശുപത്രി, വിതുര**

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി പ്രവർത്തിച്ചിരുന്ന ഈ ആരോഗ്യ സ്ഥാപനത്തെ 2016-ലാണ് താലൂക്കാശുപത്രിയായി ഉയർത്തിയത്. ഈ ആശുപത്രിയുടെ അംഗീകൃത ബെഡ് സ്ട്രെങ്ത് 65 ആണ്. ശരാശരി പ്രതിദിന ഒ.പി. 700-ഉം ശരാശരി ഐ.പി. 5 മുതൽ 8 വരെയുമാണ്. അസിസ്റ്റന്റ് സർജന്മാർ-4, കൺസൾട്ടന്റ് പീഡിയാട്രീഷൻ-1, ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രീഷൻ-1, കൺസൾട്ടന്റ് ഗൈനക്കോളജിസ്റ്റ്-1, ജൂനിയർ കൺസൾട്ടന്റ് ഗൈനക്കോളജിസ്റ്റ്-1, ജൂനിയർ കൺസൾട്ടന്റ് ജനറൽ മെഡിസിൻ-1, ജൂനിയർ കൺസൾട്ടന്റ് അനസ്തേഷ്യ-1, ദന്തൽ അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ്-14, ഹെഡ് നഴ്സ് - 4, ഫാർമസിസ്റ്റ് -3, ഫാർമസി സ്റ്റോർ കീപ്പർ-1, ഹോസ്പിറ്റൽ അറ്റൻഡന്റ്-6, നഴ്സിംഗ്

അസിസ്റ്റന്റ്-8, ലാബ് ടെക്സീഷ്യൻ -2 എന്നിങ്ങനെ വിവിധ തസ്തികകളിലായി 73 സ്ഥിരം ജീവനക്കാർ ഇവിടെ ജോലി ചെയ്തുവരുന്നുണ്ട്. എൻ.എച്ച്.എം. മുഖാന്തരം മൂന്ന് ഡോക്ടർമാരുടെ സേവനംകൂടി ലഭ്യമാക്കിയിട്ടുണ്ട്. എൻ.എച്ച്.എം., എച്ച്.എം.സി., കാസ്പ് എന്നിവ മുഖാന്തരം 30 താൽക്കാലിക ജീവനക്കാരുടെ സേവനംകൂടി ലഭ്യമാക്കിയിട്ടുണ്ട്. രോഗികൾക്ക് ഡയാലിസിസ് സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഈ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുകയും രോഗികൾക്ക് സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. 2011-12 കാലഘട്ടം മുതൽ വിതുര ഗ്രാമപഞ്ചായത്തിന്റെയും ആശുപത്രിയുടെയും മേൽനോട്ടത്തിൽ പാലിയേറ്റീവ് കെയർ പ്രവർത്തനം നടന്നുവരുന്നു. നിലവിൽ വിതുര താലൂക്കാശുപത്രിയുടെ കീഴിൽ 228 കിടപ്പുരോഗികളും 40 മെഡിസിൻ സപ്പോർട്ട് രോഗികളുമുണ്ട്. പ്രൈമറി പാലിയേറ്റീവിനായി ഒരു നഴ്സ് ജോലി നോക്കുന്നുണ്ട്. കൂടാതെ 2018 കാലഘട്ടം മുതൽ സെക്കണ്ടറി പാലിയേറ്റീവ് കെയർ രോഗികളെയും പരിചരിക്കുന്നുണ്ട്. കൂടാതെ ഈ ആശുപത്രിയിൽ 2 കോടി രൂപ ചെലവഴിച്ചുകൊണ്ടുള്ള ഒ.പി. ബ്ലോക്ക്, മോർച്ചറി എന്നിവ നിർമ്മിക്കുന്നതിനും ജനറേറ്റർ സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തികൾ

നടന്നുവരുന്നു.

**കുടുംബാരോഗ്യകേന്ദ്രം, അരുവിക്കര**

അരുവിക്കര പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ-1, ഫാർമസിസ്റ്റ്-1 എന്നീ തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ഇവിടെ രണ്ട് ഡോക്ടർമാരുൾപ്പെടെ 23 സ്ഥിരം ജീവനക്കാരുടെ തസ്തികകൾ നിലവിലുണ്ട്. കൂടാതെ എൽ.എസ്.ജി.ഡി. മുഖാന്തരം നിയമിക്കപ്പെട്ട രണ്ട് ഡോക്ടർമാരുൾപ്പെടെ 16 താൽക്കാലിക ജീവനക്കാരുടെ സേവനവും ലഭ്യമാണ്. നിയമിക്കപ്പെട്ട പ്രവർത്തനസമയം രാവിലെ 9.00 മണി മുതൽ വൈകുന്നേരം 6.00 മണി വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2019-ലെ പഞ്ചായത്ത് ഭരണ സമിതിയുടെ ചെലവിൽ നിർമ്മിച്ച പുതിയ കെട്ടിടത്തിൽ നിലവിൽ ഒ.പി. പ്രവർത്തിച്ചുവരുന്നു. 2019-ലെ എം.പി. ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ഒരു ആംബുലൻസും പഞ്ചായത്ത് വക ഒരു ആംബുലൻസും നിലവിലുണ്ട്. അരുവിക്കര കുടുംബാരോഗ്യ കേന്ദ്രത്തിനുകീഴിൽ നിലവിൽ തുടർ പരിചരണം ആവശ്യമായ 167 പാലിയേറ്റീവ് രോഗികൾക്ക് പരിചരണം നൽകിവരുന്നു. കൂടാതെ ശ്വാസ് ക്ലിനിക്, ആശ്വാസ് ക്ലിനിക്, എൻ.സി.ഡി.

ക്ലിനിക് എന്നീ സേവനങ്ങളും നടത്തിവരുന്നു. അരുവിക്കര കുടുംബാരോഗ്യ കേന്ദ്രത്തിൽ ഇ-ഹെൽത്ത് പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്.

**കുടുംബാരോഗ്യകേന്ദ്രം, ഉഴമലയ്ക്കൽ**

ഉഴമലയ്ക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി ഇവിടെ ഒരു ഡോക്ടറുടെയും ഒരു ലാബ് ടെക്നീഷ്യന്റെയും തസ്തികകൾ പുതുതായി സൃഷ്ടിച്ചു. ഈ ആശുപത്രിയിൽ രണ്ട് ഡോക്ടർമാരുൾപ്പെടെ 16 ജീവനക്കാരുടെ സ്ഥിരം തസ്തികകളുണ്ട്. ഇതുകൂടാതെ എൻ.എച്ച്.എം. മുഖാന്തരം ഒരു സ്റ്റാഫ് നഴ്സിന്റെയും എൽ.എസ്.ജി. മുഖാന്തരം ഒരു ഡോക്ടറുടെയും ഉൾപ്പെടെ 11 ജീവനക്കാരുടെ സേവനം അധികമായി ലഭ്യമാണ്. കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയതിന്റെ ഭാഗമായി എൻ.എച്ച്.എം. ഫണ്ടുപയോഗിച്ച് ഒ.പി. ബ്ലോക്ക് നവീകരണം, രോഗികൾക്ക് ഇരിപ്പിട സൗകര്യം ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ രാവിലെ 9.00 മണി മുതൽ വൈകുന്നേരം 6.00 മണി വരെ ഒ.പി. സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഇവിടെ നിലവിൽ ശരാശരി 150 പേർ ഒ.പി.-യിൽ ദിനംപ്രതി ചികിത്സ തേടി വരുന്നുണ്ട്. ഈ സ്ഥാപനത്തിന് കീഴിലുള്ള പാലിയേറ്റീവ് കെയർ വിഭാഗത്തിൽ 390-ഓളം കിടപ്പുരോഗികൾ

നിലവിലുണ്ട്. ആയതിലേയ്ക്ക് ഒരു പാലിയേറ്റീവ് കെയർ നഴ്സിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

**കുടുംബാരോഗ്യകേന്ദ്രം, തൊളിക്കോട്**

തൊളിക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി. ഇവിടെ സ്റ്റാഫ് നഴ്സിന്റെ ഒരു തസ്തിക പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഈ ആശുപത്രിയിൽ രണ്ട് ഡോക്ടർമാരുൾപ്പെടെ 15 ജീവനക്കാരുടെ സ്ഥിരം തസ്തികകളുണ്ട്. എൻ.എച്ച്.എം. മുഖാന്തരവും എം.എൽ.എസ്.പി. മുഖാന്തരവുമായി 4 സ്റ്റാഫ് നഴ്സുമാരുടെ സേവനം ഇതിനുപുറമേ ലഭ്യമാണ്. ആർദ്രം മിഷന്റെ ഭാഗമായി ഈ സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി എൻ.എച്ച്.എം. മുഖേന 15.50 ലക്ഷം രൂപ അനുവദിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കി. നിലവിൽ 100 മുതൽ 150 വരെ പ്രതിദിന ഒ.പി. ഉള്ള ഈ സ്ഥാപനത്തിനുകീഴിൽ 187-ഓളം കിടപ്പുരോഗികളെ വീടുകളിൽ ചെന്ന് ചികിത്സിക്കുന്ന പാലിയേറ്റീവ് കെയർ യൂണിറ്റും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.

**കുടുംബാരോഗ്യകേന്ദ്രം, മലയടി**

മലയടി പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതിയുടെ മൂന്നാം

ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഈ സ്ഥാപനത്തിൽ ഒരു ഡോക്ടർ ഉൾപ്പെടെ 12 സ്ഥിരം തസ്തികകൾ നിലവിലുണ്ട്. ഇതിനുപുറമേ എൻ.എച്ച്.എം., എൽ.എസ്.ജി.ഡി. എന്നിവ മുഖാന്തരം ഓരോ ഡോക്ടർമാരുൾപ്പെടെ 11 ജീവനക്കാരുടെ സേവനവും നിലവിൽ ലഭ്യമാണ്. പഞ്ചായത്ത് പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ഒ.പി ബ്ലോക്ക്, ലബോറട്ടറി എന്നിവയുടെ നവീകരണം നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ മാസവും മെഡിക്കൽ ഓഫീസർ ഇൻ-ചാർജ്ജിന്റെ നേതൃത്വത്തിൽ ട്രൈബൽ ഏരിയകളിൽ മെഡിക്കൽ പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. പി.എച്ച്.സി. മലയടിയുടെ ആഭിമുഖ്യത്തിൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. ഇ-ഹെൽത്ത് സംവിധാനം, എല്ലാ ബുധനാഴ്ചകളിലും കുട്ടികൾക്കായുള്ള പ്രതിരോധ കുത്തിവയ്പ്പ്, എൻ.സി.ഡി. ക്ലിനിക്ക് എന്നിവയെല്ലാം നിലവിൽ നടത്തിവരുന്നുണ്ട്. ഫീൽഡ് പ്രവർത്തനങ്ങളുടെ ഭാഗമായി വീടുവീടാന്തരമുള്ള ബോധവൽക്കരണം, അങ്കണവാടികൾ, നഴ്സറികൾ എന്നിവിടങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകൽ എന്നിവയെല്ലാം ചെയ്യുന്നുണ്ട്.

**കുടുംബാരോഗ്യ കേന്ദ്രം, വീരണകാവ് (കള്ളിക്കാട് Old)**

വീരണകാവ് ആശുപത്രി ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ

ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി. ഡോക്ടറുടേയും സ്റ്റാഫ് നഴ്സിന്റേയും ഓരോ തസ്തിക വീതം പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. 2 ഡോക്ടർമാർ ഉൾപ്പെടെ 18 സ്ഥിരം ജീവനക്കാരുടെ തസ്തിക ഈ ആശുപത്രിയിലുണ്ട്. എൻ.എച്ച്.എം., എൽ.എസ്.ജി.ഡി. മുതലായവ മുഖാന്തരം നിയമിക്കപ്പെട്ട 7 താൽക്കാലിക ജീവനക്കാരുടെ സേവനവും ലഭ്യമാണ്. കുടുംബാരോഗ്യ കേന്ദ്രത്തിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ച 15.50 ലക്ഷം രൂപ, പഞ്ചായത്ത് പ്രോജക്ടിൽ ഉൾപ്പെടുത്തി അനുവദിച്ച 6 ലക്ഷം രൂപ എന്നിവ ചെലവഴിച്ച് ഒ.പി. നവീകരണം, ഫാർമസി നവീകരണം എന്നിവ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനത്തിൽ ലബോറട്ടറി, ഫാർമസി, ഇ.സി.ജി. എന്നീ സേവനങ്ങൾ ലഭ്യമാണ്. പാലിയേറ്റീവ് കെയർ യൂണിറ്റിൽ 396 രോഗികളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഈ രോഗികളെ പരിചരിക്കുന്നതിന് ഒരു പാലിയേറ്റീവ് കെയർ നഴ്സിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. പാലിയേറ്റീവ് രോഗികൾക്കാവശ്യമായ മരുന്നുകളും മറ്റ് അവശ്യ വസ്തുക്കളും വീടുകളിലെത്തിച്ച് നൽകുന്നുണ്ട്.

**കുടുംബാരോഗ്യ കേന്ദ്രം, കുറ്റിച്ചൽ**

കുറ്റിച്ചൽ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം രണ്ടാം ഘട്ടത്തിൽ

ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി. ഇവിടെ ഡോക്ടറുടേയും സ്റ്റാഫ് നഴ്സിന്റേയും ഓരോ തസ്തിക വീതം പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ ആദിവാസി മേഖലയിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനായി എൻ.എച്ച്.എം. മുഖേന ഒരു ഡോക്ടറുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. 2 ഡോക്ടർമാരുൾപ്പെടെ 15 സ്ഥിരം ജീവനക്കാരുടെ തസ്തിക ഈ ആശുപത്രിയിലുണ്ട്. എൻ.എച്ച്.എം, എൽ.എസ്.ജി. മുതലായവ മുഖാന്തരം 10 താൽക്കാലിക ജീവനക്കാരുടെ സേവനവും ഇവിടെ ലഭ്യമാണ്. കുടുംബാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി അനുവദിച്ച 15.50 ലക്ഷം രൂപയും പഞ്ചായത്ത് പ്രോജക്റ്റ് പ്രകാരമുള്ള ഫണ്ടും ഉപയോഗിച്ച് ഒ.പി. ബ്ലോക്ക്, ഫാർമസി, രോഗികൾക്കുള്ള കാത്തിരിപ്പ് കേന്ദ്രം എന്നിവ നവീകരിക്കുകയും മറ്റ് അടിസ്ഥാന സൗകര്യം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ രാവിലെ 9 മണി മുതൽ വൈകിട്ട് വരെയുള്ള ഒ.പി സേവനം നൽകിവരുന്നു. പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കെട്ടിട സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഒരു പുതിയ കെട്ടിടം നിർമ്മിച്ച് നൽകുകയുണ്ടായി. എം.എൽ.എ. ഫണ്ട് 50 ലക്ഷം രൂപ ഉപയോഗിച്ചുകൊണ്ടുള്ള പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയായി വരുന്നു.

**ബ്ലോക്ക് എഫ്.എച്ച്.സി., വെള്ളനാട്**

വെള്ളനാട് സി.എച്ച്.സി.യെ ആർദ്രം പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്തിട്ടുള്ളതാണ്. കുടുംബാരോഗ്യ കേന്ദ്രമായി മാറ്റുന്നതിന്റെ ഭാഗമായി ഈ ആശുപത്രിക്ക് 44 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 24 മണിക്കൂറും ഒ.പി., ഐ.പി. എന്നീ സേവനങ്ങളുള്ള ഇവിടെ ശരാശരി പ്രതിദിന ഒ.പി. 350-400 ആണ്. ശരാശരി ഐ.പി. 12 ആണ്. ഈ സ്ഥാപനത്തിൽ നിലവിൽ ഇ-ഹെൽത്ത് പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. എൻ.സി.ഡി. ക്ലിനിക്ക്, ശ്വാസ് ക്ലിനിക്ക് എന്നിവയും ഫലപ്രദമായി നടത്തിവരുന്നുണ്ട്. 2017 മുതൽ ഇവിടെ ജീറിയാട്രിക് ഒ.പി. നടത്തിവരുന്നുണ്ട്. കൂടാതെ മാനസിക വൈകല്യമുള്ളവർക്ക് പ്രത്യേക ക്ലിനിക്കും ലഭ്യമാക്കി വരുന്നുണ്ട്. വെള്ളനാട് ബ്ലോക്ക് ലെവൽ എഫ്.എച്ച്.സി.യുടെ കീഴിൽ നിലവിൽ 396 പാലിയേറ്റീവ് രോഗികൾക്ക് പരിചരണം നൽകിവരുന്നുണ്ട്. കൂടാതെ 19-ഓളം കിടപ്പുരോഗികൾക്ക് ഹോം കെയർ നൽകുകയും ചെയ്യുന്നുണ്ട്. എക്സ്-റേ യൂണിറ്റ് പ്രവർത്തിക്കുന്നതിനാവശ്യമായ ഇലക്ട്രിഫിക്കേഷൻ വർക്കുകൾ നടന്നുവരുന്നു. വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ആശുപത്രി പരിസരത്ത് ഓക്സിജൻ പ്ലാന്റിന്റെ പ്രവർത്തനം

ആരംഭിക്കുന്നതിനുള്ള നടപടികളും അർബൻ മിഷൻ ഫണ്ട്, എം.എൽ.എ. ഫണ്ട് എന്നിവ ഉപയോഗിച്ച് മൂന്ന് നിലകളിലായി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിലേയ്ക്ക് ലിഫ്റ്റ് നിർമ്മിക്കാനാവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**സാമൂഹ്യാരോഗ്യ കേന്ദ്രം, ആര്യനാട്**

വെള്ളനാട് ബ്ലോക്കിന് കീഴിലുള്ള ആരോഗ്യ സ്ഥാപനമാണ് ആര്യനാട് സാമൂഹ്യാരോഗ്യ കേന്ദ്രം. 3 ഡോക്ടർമാരുൾപ്പെടെ 28 സ്ഥിരം ജീവനക്കാരുടെ തസ്തികകൾ ഈ ആശുപത്രിയിലുണ്ട്. എൻ.എച്ച്.എം. മുഖാന്തരം ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. എൻ.എച്ച്.എം, എൽ.എസ്.ജി., എച്ച്.എം.സി. എന്നിവ മുഖാന്തരം 13 താൽക്കാലിക ജീവനക്കാരുടെ സേവനവും ഇവിടെ ലഭ്യമാണ്. നിലവിൽ 24 മണിക്കൂറും സേവനം നൽകി വരുന്ന ഈ സ്ഥാപനത്തിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ RNTCP, Cancer Control, Blindness control, NCD Clinic, Swas/Aswas Clinic എന്നിവയും മികച്ച രീതിയിൽ നടത്തി വരുന്നുണ്ട്. ട്രൈബൽ ഏരിയയിൽ സ്ഥിതിചെയ്യുന്ന ഈ ആശുപത്രി വഴി ട്രൈബൽ മെഡിക്കൽ ക്യാമ്പും നടത്തിവരുന്നുണ്ട്. കൂടാതെ ഈ സ്ഥാപനത്തിൽ ലബോറട്ടറി സൗകര്യം, ഇ.സി.ജി. സൗകര്യം എന്നിവയും

നിലവിലുണ്ട്. ആര്യനാട് ഇ.ഒ.ഇ.യുടെ കീഴിൽ നിലവിൽ 185 പാലിയേറ്റീവ് രോഗികൾക്ക് ചികിത്സ നൽകി വരുന്നുണ്ട്. ഇതിൽ 16 കിടപ്പ് രോഗികൾക്ക് ഹോം കെയർ നൽകി വരുന്നുണ്ട്.